# ലോകചരിത്രത്തിലെ പ്രമേയങ്ങൾ

XI


കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

കേരളം 2019

*First Edition*
*March 2006 Chaitra 1928*

***Reprinted***
*June 2014*

**PD 45T MJ**

***© National Council of Educational Research and Training, 2006***

*Printed on 80 GSM paper*

Published by the SCERT, Thiruvananthapuram
Department of Education,
Government of Kerala
&
Printed at:
Centre for Advanced Printing and Training (C-apt),
(Government of Kerala), Thiruvananthapuram

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമ മാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# FOREWORD

The National Curriculum Framework (NCF), 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the Advisory Group in Social Science, Professor Hari Vasudevan, *Chief Advisor*, History, Professor Neeladri Bhattacharya and the Advisor for this book, Professor Narayani Gupta, for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations, which have generously permitted us to draw upon their resources, material and personnel. We are especially

grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G. P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*
National Council of Educational
Research and Training

# ON READING WORLD HISTORY

How is it possible, you may ask, to study the history of the world within one year? There is so much that has happened in different countries and so much that has been written about each country. How can we choose a few themes for study from a vast and boundless corpus?

These are valid questions. Before we read any book on world history we need answers to such questions. A syllabus needs to make clear how it is organised. A book should explain what it is seeking to do.

We need to remember that in studying or writing history the historian is always involved in a process of selection. This is a point that E. H. Carr made many decades ago in a wonderful small book *What is History?* After wading through an enormous pile of records in a musty archive, a historian notes down those facts which appear important to him. He relates them to other evidence that he has similarly collected from some other archive, from some other place. He cannot possibly copy down everything he has read, nor use all the evidence he has collected. The evidence that does not make sense to the historian goes unnoticed. At a later date, some other historian reads the same records with new questions in mind. She now discovers evidence that had earlier gone unnoticed. She interprets this evidence, makes new connections, and writes a new book of history.

History writing cannot do away with this element of selectivity. So in reading history we need to see what events a historian chooses to focus on and how he interprets them. We need to understand the larger argument the historian is developing, the broader framework through which he makes sense of particular events.

Till recently the history of the world that we read was often a story of the rise of the modern West. It was a story of continuous progress and development: the expansion of technology and science, markets and trade, reason and rationality, freedom and liberty. Individual histories of specific events were very often structured within this larger story of the triumphal march of the West. Imperial domination of the world was premised on this conception of the past. The West saw itself as the bearer of progress: civilising the world, introducing reforms, educating natives, expanding trades and markets.

Should we not question this perception today? To do that we need to re-look at world history, travel across continents and long chronological periods, and see whether we can think of this history in a new way. *Themes in World History* will help you in this journey.

It will do so in three different ways.

First: it will introduce you to the darker histories that lie behind the glorious stories of development and progress. You will see how the arrival of explorers and traders in South America in the fifteenth and sixteenth centuries did not simply open up the place for western commerce and culture; it led to the spread of disease, destruction of civilisations and the decimation of populations (Theme 8). Later, when white settlers moved into North America and Australia, what we had was not just progress (Theme 10). Behind the history of the development of modern capitalist societies in these places lie the disturbing stories of displacements of indigenous populations, and even genocide.

Second: when you read about the making of states and empires in Section II, you will see that the drama unfolds not only in Rome (Theme 3), that is in Europe, but in the Central Islamic states (Theme 4), and the land of the Mongols (Theme 5). These chapters will tell you about the very different ways in which society and polity are organised in these places.

Third: in reading Section IV you will see that there are different paths to modernisation. There was a time when it was believed that industrialisation first occurred in Britain and other countries tried to replicate this model in various ways. So the developments of all countries were judged in relation to the British model. Such an argument once again sees the West as the centre of the world. But we know today that it is certainly not true that all creativity flowed in only from the West. In opposition to this, however, we cannot simply assert that the West had no influence on what was happening elsewhere, or that historical developments in each country have to be seen in isolation, that we should only look at the indigenous roots of all developments. That would be a narrow and limited perspective, a form of parochialism. Instead we need to recognise that in different countries people act creatively to shape the world in which they live, and these developments in turn have impact on other countries and continents, including Europe. Theme 7 will help you see how even the cultural developments in Renaissance Europe were so significantly influenced by developments in other parts of the world.

Your journey will begin with the evolution of early human societies (Theme1) and the early cities (Theme 2). You will then see how large states and empires developed in three different parts of the world, and how these societies were organised (Section II). In the next section, you will have a close look at how European society and culture changed between the ninth and the fifteenth centuries, and what European expansion meant for the people of South America (Section III). Finally, you will read about the complex history of the making of the modern world (Section IV). Many of the themes will introduce you to the debates in the field and show how historians continuously rethink old issues.

Each section begins with an Introduction and a Timeline. These timelines are not for you to memorise for exams. They are meant to give you some idea of what was happening in different places at any one point of time. They will help you situate the history of one place in relation to another.

Constructing a timeline is always difficult. How do we choose the dates to focus on? Not all historians would agree on the choices made. In fact, if you compare different timelines, given in different books, for the same period, you may find that the issues highlighted in them are different. So we need to read each timeline critically, see what it tells us and what it does not. Timelines frame history in particular ways.

This year you are not reading about the history of South Asia. The book you read next year will be on 'Themes in Indian History'. Over these two years (Classes XI and XII) you will learn not only about some of the critical events and processes in the history of the world, you will also discover how historians come to know about the past. You will see what sources they use and how they make sense of these; you will see how historical knowledge develops through re-interpretations and debates.

NEELADRI BHATTACHARYA
*Chief Advisor,* History

# TEXTBOOK DEVELOPMENT COMMITTEE

**Chairperson, Advisory Group for Textbooks in Social Science for the Secondary Stage**

Hari Vasudevan, *Professor,* Department of History, Calcutta University, Kolkata

**Chief Advisor**

Neeladri Bhattacharya, *Professor,* Centre for Historical Studies, School of Social Sciences, Jawaharlal Nehru University, New Delhi

**Advisor**

Narayani Gupta, *Professor* (Retd), Department of History, Jamia Millia Islamia, New Delhi (Theme 10)

**Members**

Jairus Banaji, *Visiting Professor,* Jawaharlal Nehru University, New Delhi (Theme 3)

Arup Banerji, *Professor,* Department of History, Delhi University, Delhi (Theme 9)

Bhaskar Chakravarty, *Professor,* Department of History, Calcutta University, Kolkata (Theme 7)

Rajat Datta, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 6)

Najaf Haider, *Associate Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 4)

Sunil Kumar, *Associate Professor,* Department of History, Delhi University, Delhi (Theme 5)

Shereen Ratnagar, *Professor* (Retd), Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 2)

Anil Sethi, *Professor,* DESS, NCERT, New Delhi

Reetu Singh, *Assistant Professor,* DESS, NCERT, New Delhi

Beeba Sobti, *Sr Teacher,* Modern School, New Delhi

Chitra Srinivasan, *Sr Teacher,* Sardar Patel Vidyalaya, New Delhi

Lakshmi Subramanian, *Professor,* Centre for the Study of Social Sciences, Kolkata (Theme 8)

Brij Tankha, *Professor,* Department of East Asian Studies, Delhi University, Delhi (Theme 11)

Supriya Verma, *Associate Professor,* Department of History, University of Hyderabad, Hyderabad (Theme 1)

**Member–Coordinator**

Pratyusa Kumar Mandal, *Professor,* DESS, NCERT, New Delhi

## ACKNOWLEDGEMENTS

Many individuals contributed to the production of this book, by way of providing written and pictorial material, reading chapters, visualising its design, and with editing and proofreading.

Kumkum Roy helped in many different ways in the preparation of the book. Niharika Gupta gave crucial inputs and literary references. Alan Mayne, Dan O' Connor, Jaya Menon, Partho Datta, Peter Mayer and Philip Oldenburg offered comments on specific chapters.

Shinjini Chatterjee and Shyama Warner gave unstintingly of their time for copy-editing, and Devika Sethi helped with the preparation of the maps. The typesetting and design were done with good humour and patience by Animesh Roy and Ritu Topa of Arrt Creations. Achin Jain and Albinus Tirkey worked on the corrections with speed and efficiency.

Those who gave generously of their time to do arduous proofreading include Akhila Yechury, Anish Vanaik, Dipasree Baul, Pallavi Raghavan and Parth Shil. In the recent edition of the book, 'The Story of Korea' has been added. For this, we thank Lee War Bom, *Professor* of Politics, Center for International Affairs, The Academy of Korean Studies, Seoul, Republic of Korea, and Cho Young Jun, *Professor* of Economics, Center for International Affairs, The Academy of Korean Studies, Republic of Korea.

Our grateful thanks to all of them.

## PICTURE CREDITS

William A. Turnbaugh, Robert Jurmain, Lynn Kilgore, Harry Nelson, *Understanding Physical Anthropology and Archaeology*, Wadsworth/Thomson Learning, Belmont, 2002 (for visuals on pp. 1, 9, 11, 19 and 28)

J. Boardman, J.Griffin, O.Murray, *Oxford History of the Classical World*, Oxford University Press,1991 (for visuals on pp. 61, 63, 66 and 69)

Barbara Brend, *Islamic Art*, British Museum Press, 1991 (for visuals on pp. 80 and 96)

Bernard Lewis, *Islam*, Thames and Hudson, 1992 (for visuals on pp. 79, 91, 92 and 97)

M.Hattstein and P.Delius (eds) *Islam: Art and Architecture*, Konemann, 2000 (for visuals on pp. 90, 95, 100, 101, 121)

P. Gay and the Editors of Time-Life Books, *Age of Enlightenment*, Amsterdam, 1985 (for visuals on pp. 186 and 187)

P.B. Ebrey, *The Cambridge Illustrated History of China*, Cambridge University Press, 1996 (for visual on p. 244)

Jonathan D. Spence, *The Search for Modern China*, Century Hutchinson, 1990 (for visuals on pp. 247, 250 and 252)

J.Colton and the Editors of Time-Life Books, *Twentieth Century*, Amsterdam, 1985 (for visuals on pp. 186 and 187)

Library of Congress Prints and Photographs Division Washington D.C. (for visuals on pp. 224, 139)

*National Geographic*, December 1996, February 1997 (for visuals on pp. 108, 110, 113, 116, 121)

# പാഠപുസ്തക വിവർത്തനം

## ശിൽപ്പശാലയിൽ പങ്കെടുത്തവർ

**അജു എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., വെച്ചൂച്ചിറ കോളനി, പത്തനംതിട്ട
**ആലീസ് ജോസഫ്** (റിട്ട.)
എച്ച്.എസ്.എസ്.ടി. മലയാളം, ഗവ.എസ്.എസ്.എസ്., വിതുര, തിരുവനന്തപുരം
**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി, കോട്ടയം
**പ്രൊഫ. എം. ജലാലുദ്ദീൻ** (റിട്ട.)
സി.കെ.ജി. മെമ്മോറിയൽ ഗവ.കോളേജ്, പേരാമ്പ്ര, കോഴിക്കോട്
**മടവൂർ ശശി**
**ഡോ. ബി.വി. നന്ദകുമാർ**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.വി.എച്ച്.എസ്.എസ്., ആര്യനാട്, തിരുവനന്തപുരം
**ഡോ.കെ.കെ. രാധ**
പ്രിൻസിപ്പൽ (റിട്ട.), ഗവ. കോളേജ് ഫോർ വിമിൻ, തിരുവനന്തപുരം
**സജീവ് ഡി.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എം.എച്ച്.എസ്.എസ്., വെഞ്ഞാറമൂട്, തിരുവനന്തപുരം
**സജീവ് കുമാർ ജി.എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., കടയ്ക്കൽ, കൊല്ലം
**ഡി.യേശുദാസ്**
എച്ച്.എസ്.എസ്.ടി. മലയാളം, ഗവ.എച്ച്.എസ്.എസ്., അയ്യന്തോൾ, തൃശ്ശൂർ
**യൂസഫ് കുമാർ എസ്.എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., പകൽക്കുറി, തിരുവനന്തപുരം
**വിനോദ് എം.എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.ജി.എച്ച്.എസ്.എസ്., മാവേലിക്കര, ആലപ്പുഴ

## അക്കാദമിക് കോർഡിനേറ്റർമാർ

**കെ. രമേശ്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**അഞ്ജന വി.ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം

**മുഖവുര**

**ആമുഖം**

**ഭാഗം I ആദ്യകാല സമൂഹങ്ങൾ**

ആമുഖം

കാലരേഖ I (ആറ് ദശലക്ഷം വർഷങ്ങൾക്ക് മുൻപ് മുതൽ ബി.സി.ഇ. ഒന്ന് വരെ)

പ്രമേയം 1 : കാലത്തിന്റെ ആരംഭം മുതൽ

പ്രമേയം 2 : എഴുത്തും നഗരജീവിതവും

**ഭാഗം II സാമ്രാജ്യങ്ങൾ**

ആമുഖം

കാലരേഖ II (ഏകദേശം ബി.സി.ഇ. 100 മുതൽ സി.ഇ. 1300 വരെ)

പ്രമേയം 3 : മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ച് കിടന്ന ഒരു സാമ്രാജ്യം

പ്രമേയം 4 : മധ്യ ഇസ്ലാമിക പ്രദേശങ്ങൾ

പ്രമേയം 5 : നാടോടി സാമ്രാജ്യങ്ങൾ

**ഭാഗം III മാറുന്ന പാരമ്പര്യങ്ങൾ**

ആമുഖം

കാലരേഖ III (ഏകദേശം 1300 മുതൽ 1700 വരെ)

പ്രമേയം 6 : മൂന്ന് വിഭാഗങ്ങൾ

പ്രമേയം 7 : മാറുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ

പ്രമേയം 8 : സംസ്കാരങ്ങളുടെ ഏറ്റുമുട്ടൽ

**ഭാഗം IV ആധുനികവൽക്കരണത്തിലേക്ക്**

ആമുഖം

കാലരേഖ IV (ഏകദേശം 1700 മുതൽ 2000 വരെ)

പ്രമേയം 9 : വ്യാവസായിക വിപ്ലവം

പ്രമേയം 10 : തദ്ദേശീയ ജനതയുടെ സ്ഥാനഭ്രംശം

പ്രമേയം 11 : ആധുനികവൽക്കരണത്തിലേക്കുള്ള പാതകൾ

**ഉപസംഹാരം**



G4H1Z7

# I

# ആദ്യകാല സമൂഹങ്ങൾ
## (EARLY SOCIETIES)

### കാലത്തിന്റെ ആരംഭം മുതൽ
### (From the Beginning of Time)

### എഴുത്തും നഗരജീവിതവും
### (Writing and City Life)



[redacted]

# ആദ്യകാല സമൂഹങ്ങൾ
# (EARLY SOCIETIES)

ഈ വിഭാഗത്തിൽ, ആദ്യകാല സമൂഹങ്ങളുമായി ബന്ധപ്പെട്ട രണ്ടു പ്രമേയങ്ങളാണ് നാം ചർച്ച ചെയ്യുന്നത്. മനുഷ്യജീവിതം ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പുള്ള വിദൂര ഭൂതകാലത്തിൽ എങ്ങനെ ആരംഭിച്ചു എന്നാണ് ഒന്നാം പ്രമേയത്തിലുള്ളത്. മനുഷ്യൻ ആഫ്രിക്കയിൽ ആദ്യമായി എങ്ങനെയാണ് ഉദയം ചെയ്തതെന്നും അസ്ഥികളുടെയും ശിലായുപകരണങ്ങളുടെയും അവശിഷ്ടങ്ങളിൽ നിന്ന് ഈ ആദ്യകാല ചരിത്രഘട്ടത്തെക്കുറിച്ച് പുരാവസ്തു ഗവേഷകർ എങ്ങനെയാണ് പഠനം നടത്തിയതെന്നും നിങ്ങൾ മനസ്സിലാക്കും.

ഏതു രീതിയിലുള്ള വാസസ്ഥലങ്ങളിലാണ് ആദിമ ജനങ്ങൾ വസിച്ചിരുന്നതെന്നും എപ്രകാരമാണ് സസ്യോൽപ്പന്നങ്ങൾ ശേഖരിച്ചും മൃഗങ്ങളെ വേട്ടയാടിയും അവർ ഭക്ഷണം കഴിച്ചിരുന്നതെന്നും അവർ സ്വയം ആവിഷ്കരിച്ചതെങ്ങനെയെന്നും കണ്ടെത്താൻ ശ്രമിച്ചുകൊണ്ട് ആദ്യകാല ജനങ്ങളുടെ ജീവിതങ്ങളെ പുനർനിർമ്മിക്കാൻ പുരാവസ്തു ഗവേഷകർ പല ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ഭാഷയുടെയും തീയുടെയും ഉപയോഗമാണ് മറ്റു പ്രധാന വികസനങ്ങളിൽ ഉൾപ്പെടുന്നത്. അവസാനമായി വേട്ടയാടലും ശേഖരണവും കൊണ്ട് ഇന്നും ഉപജീവനം നടത്തുന്ന ജനങ്ങളുടെ ജീവിതങ്ങളിൽ നിന്നും ഭൂതകാലത്തെ മനസ്സിലാക്കാൻ നമുക്ക് കഴിയുമോയെന്ന് നിങ്ങൾ കണ്ടെത്താൻ പോവുകയാണ്.

രണ്ടാമത്തെ പ്രമേയം ഇന്ന് ഇറാഖ് എന്നറിയപ്പെടുന്ന മെസൊപ്പൊട്ടേമിയയിലെ ചില ആദ്യകാല നഗരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ക്ഷേത്രങ്ങൾക്ക് ചുറ്റുമായി വികാസം പ്രാപിച്ച ഈ നഗരങ്ങൾ വിദൂരവ്യാപാരത്തിന്റെ കേന്ദ്രങ്ങളായിരുന്നു. പുരാവസ്തു തെളിവുകൾ - പഴയ വാസസ്ഥലങ്ങളുടെ അവശിഷ്ടങ്ങൾ - ധാരാളമായി ലഭിച്ച ലിഖിതങ്ങൾ എന്നിവ ഉപയോഗിച്ചു കൊണ്ട് കൈത്തൊഴിലുകാർ, പകർത്തെഴുത്തുകാർ, തൊഴിലാളികൾ, പുരോഹിതർ, രാജാക്കന്മാർ, രാജ്ഞിമാർ തുടങ്ങി അവിടെ വസിച്ചിരുന്ന വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതത്തെ പുനർനിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവയിൽ ചില നഗരങ്ങളിൽ ഇടയജനത പ്രധാനപ്പെട്ട പങ്ക് വഹിച്ചതെങ്ങനെയെന്നും നിങ്ങൾ മനസ്സിലാക്കും. എഴുത്തുവിദ്യ വികസിച്ചില്ലായിരുന്നെങ്കിൽ നഗരങ്ങളിലുണ്ടായ ഒട്ടനവധി പ്രവർത്തനങ്ങൾ സാധ്യമാകുമായിരുന്നോ എന്നും ചിന്തിക്കേണ്ടതുണ്ട്.

ദശലക്ഷക്കണക്കിന് വർഷങ്ങളായി വനങ്ങളിലും ഗുഹകളിലും അഥവാ താൽക്കാലിക വാസസ്ഥലങ്ങളിലും വസിച്ചിരുന്ന മനുഷ്യൻ എങ്ങനെയാണ് ഒടുവിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും വസിക്കുവാൻ തുടങ്ങിയത് എന്ന് നിങ്ങൾ ആശ്ചര്യപ്പെട്ടേക്കാം. ഈ കഥ വളരെ നീണ്ടതും ആദ്യ നഗരങ്ങളുടെ രൂപീകരണത്തിനും കുറഞ്ഞത് 5000 വർഷങ്ങൾക്കുമുമ്പുള്ള പലതരം വികാസങ്ങളുമായി ബന്ധപ്പെട്ടതുമാണ്.

നാടോടി ജീവിതത്തിൽ നിന്ന് സ്ഥിരവാസ കൃഷിയിലേക്കുള്ള മാറ്റമായിരുന്നു ഏറ്റവും പ്രധാനപ്പെട്ട മാറ്റം. ഇത് ഏകദേശം 10000 വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയതാണ്. കൃഷിസമ്പ്രദായം സ്വീകരിക്കുന്നതിന് മുമ്പ് സസ്യങ്ങളിൽ നിന്ന് ശേഖരിക്കുന്ന വസ്തുക്കളെയാണ് ഭക്ഷിച്ചിരുന്നത് എന്ന് പ്രമേയം ഒന്നിൽ നിങ്ങൾക്ക് കാണാൻ കഴിയും. ക്രമേണ, അവർ വ്യത്യസ്ത തരത്തിലുള്ള സസ്യങ്ങൾ എവിടെയാണ് വളരുന്നതെന്നും ഏത് കാലങ്ങളിലാണ് അവയിൽ നിന്ന് ഫലങ്ങൾ ലഭിക്കുന്നതെന്നും കൂടുതൽ പഠിച്ചു. ഈ അറിവിന്റെ അടിസ്ഥാനത്തിൽ അവർ സസ്യങ്ങളെ നട്ടുവളർത്തുവാൻ പഠിച്ചു. ഗോതമ്പ്, ബാർലി, വിവിധതരം പയറുവർഗങ്ങൾ എന്നിവ പശ്ചിമേഷ്യയിൽ നട്ടുവളർത്തി. തിനയും നെല്ലുമായിരുന്നു കിഴക്കൻ, തെക്കുകിഴക്കൻ ഏഷ്യയിൽ എളുപ്പത്തിൽ വളരുന്ന വിളകൾ. തിന ആഫ്രിക്കയിലും കൃഷിചെയ്തിരുന്നു. ഏകദേശം അതേ സമയത്ത് തന്നെ, ചെമ്മരിയാട്, ആട്, കന്നുകാലികൾ, പന്നി, കഴുത മുതലായ

മൃഗങ്ങളെ ഇണക്കി വളർത്തുന്നത് എങ്ങനെയെന്ന് മനുഷ്യൻ പഠിച്ചു. പരുത്തി, ചണം എന്നീ ചെടികളുടെ നാരും മൃഗങ്ങളുടെ രോമവും ഉപയോഗിച്ച് വസ്ത്രങ്ങൾ നെയ്യുകയുണ്ടായി. പിന്നീട് കുറച്ച് കാലത്തിന് ശേഷം ഏകദേശം 5000 വർഷങ്ങൾക്ക്മുമ്പ്, വളർത്തുമൃഗങ്ങളായ കന്നുകാലികൾ, കഴുതകൾ തുടങ്ങിയവയെ കലപ്പയോടും ചക്രവണ്ടികളോടും കൂട്ടിയിണക്കി നിലം ഉഴുന്നതിനും വണ്ടി വലിക്കുന്നതിനും ഉപയോഗിക്കുവാൻ തുടങ്ങി.

ഈ വികസനങ്ങൾ മറ്റു മാറ്റങ്ങളിലേക്കും നയിച്ചു. ജനങ്ങൾ വിളകൾ വളർത്തിയപ്പോൾ അവ പാകമാകുന്നതുവരെ അതേ സ്ഥലത്തു തന്നെ താമസിക്കേണ്ടി വന്നു. അതോടെ, സ്ഥിരവാസം കൂടുതൽ സാധാരണമായി. അതോടെ താമസിക്കുവാനായി മനുഷ്യർ കൂടുതൽ സ്ഥിരനിർമ്മാണങ്ങൾ നടത്തുകയും ചെയ്തു.

ഈ സമയത്തുതന്നെയാണ് ചില ജനവിഭാഗങ്ങൾ മൺപാത്രങ്ങൾ എങ്ങനെ നിർമ്മിക്കാമെന്ന് പഠിച്ചത്. ധാന്യങ്ങളും മറ്റ് ഉൽപ്പന്നങ്ങളും സംഭരിക്കാനും കൃഷി ചെയ്തുണ്ടാക്കുന്ന ധാന്യങ്ങളിൽ നിന്ന് തയാറാക്കുവാൻ കഴിയുന്ന വ്യത്യസ്തമായ ഭക്ഷ്യവിഭവങ്ങൾ പാചകം ചെയ്യുന്നതിനും ഈ മൺപാത്രങ്ങൾ ഉപയോഗിച്ചു. വാസ്തവത്തിൽ ആഹാരം തയാറാക്കുമ്പോൾ അതിന്റെ രുചിയും ദഹനശേഷിയും വർധിപ്പിക്കുന്നതിൽ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ശിലകൾ കൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന രീതികളിലും മാറ്റം വന്നു. ആദ്യകാല രീതിയിലുള്ള ഉപകരണങ്ങളുടെ നിർമ്മാണം തുടരവേ തന്നെ, ചില ഉപകരണങ്ങളും ആയുധങ്ങളും ഉരസൽ പ്രക്രിയയിലൂടെ മിനുസപ്പെടുത്തുകയും ചെയ്തു. അരകല്ലും, ഉലക്കയും ഉൾപ്പെടെയുള്ള പുതിയ ഉപകരണങ്ങൾ ധാന്യങ്ങൾ തയാറാക്കുന്നതിനും, കല്ലുകൊണ്ടുള്ള മഴുവും കൈക്കോട്ടും കൃഷിക്ക് വേണ്ടിയുള്ള ഭൂമി ഒരുക്കുന്നതിനും വിത്തുകൾ വിതയ്ക്കുന്നതിനായി നിലത്ത് കുഴികുത്തുന്നതിനും ഉപയോഗിക്കുവാൻ തുടങ്ങി.

ചില പ്രദേശങ്ങളിൽ, ചെമ്പ്, വെളുത്തീയം (ടിൻ) തുടങ്ങിയ ലോഹങ്ങളുടെ അയിരുകൾ കണ്ടെത്തുവാൻ ജനങ്ങൾ പഠിച്ചു. ചിലപ്പോൾ, ചെമ്പിന്റെ അയിര് ശേഖരിക്കുകയും സവിശേഷമായ നീലകലർന്ന പച്ച നിറത്തിനായി അവയെ ഉപയോഗിക്കുകയും ചെയ്തു. ഈ അറിവ് പിന്നീട് ആഭരണങ്ങൾക്കും ഉപകരണങ്ങൾക്കും വേണ്ടിയുള്ള ലോഹങ്ങളുടെ വ്യാപകമായ ഉപയോഗത്തിലേക്ക് വഴികാട്ടി.

വിദൂരമായ പ്രദേശങ്ങളിലും (കടലുകളിലും) ഉള്ള ഉൽപ്പന്നങ്ങൾ കൂടുതൽ പരിചിതമായി. തടികൾ, വിലപിടിപ്പുള്ളതും ഭാഗികമായി വിലപിടിപ്പുള്ളതുമായ കല്ലുകൾ, ലോഹങ്ങൾ, ചിപ്പികൾ, ഉറച്ച അഗ്നിപർവത ലാവകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഉൽപ്പന്നങ്ങളും ആശയങ്ങളും വഹിച്ചുകൊണ്ട് ജനങ്ങൾ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിച്ചുവെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

വ്യാപാരം വർധിച്ചതോടെ, നഗരങ്ങളും ഗ്രാമങ്ങളും വളർന്നതോടെ, ജനങ്ങളുടെ സഞ്ചാരവും വർധിച്ചു. ആദ്യകാല ജനങ്ങളുടെ ചെറിയ സമൂഹങ്ങളുടെ സ്ഥാനത്ത് ചെറിയ രാഷ്ട്രങ്ങൾ വളർന്നുവന്നു. സാവധാനത്തിൽ ആയിരക്കണക്കിന് വർഷങ്ങളിലൂടെയാണ് ഈ മാറ്റങ്ങൾ നടന്നത്. എന്നാൽ ആദ്യനഗരങ്ങളുടെ വളർച്ചയോടു കൂടി അതിന്റെ വേഗത വർധിച്ചു. കൂടാതെ ഈ മാറ്റങ്ങൾ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കി. ചില പണ്ഡിതന്മാർ ഇതിനെ ഒരു വിപ്ലവമായിട്ടാണ് വിശേഷിപ്പിക്കുന്നത്, കാരണം ജനജീവിതം തിരിച്ചറിയാനാകാത്ത വിധമുള്ള മാറ്റത്തിനു വിധേയമായി. ആദ്യകാല ചരിത്രത്തിന്റെ പരസ്പരവിരുധങ്ങളായ ഈ രണ്ട് പ്രമേയങ്ങൾ പഠിക്കുന്നതിനോടൊപ്പം അതിന്റെ തുടർച്ചയേയും മാറ്റങ്ങളേയും കൂടി കണ്ടെത്തുക.

ആദ്യകാല സമൂഹങ്ങളുടെ ചില ഉദാഹരണങ്ങൾ മാത്രമാണ് വിശദമായ പഠനത്തിനുവേണ്ടി ഞങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളത് എന്നും നിങ്ങൾ ഓർത്തിരിക്കേണ്ടതുണ്ട്. കാർഷിക സമുദായങ്ങളും ഇടയന്മാരായ ജനങ്ങളും ഉൾപ്പെടെയുള്ള മറ്റുതരത്തിലുള്ള ആദ്യകാല സമൂഹങ്ങളും അവിടെ ഉണ്ടായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ഉദാഹരണങ്ങൾക്കു പുറമെ വേട്ടയാടി ഭക്ഷണശേഖരണം നടത്തുന്ന മറ്റുജനവിഭാഗങ്ങളും നഗരവാസികളും അവിടെ ഉണ്ടായിരുന്നു.

# കാലരേഖ I
# (Timeline I)

## 6 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് മുതൽ ബി.സി.ഇ 1 വരെ (6 MYA TO 1 BCE)



മനുഷ്യന്റെ ആവിർഭാവത്തെയും സസ്യങ്ങളുടെയും മൃഗങ്ങളുടെയും ഇണക്കി വളർത്തലിനെയും കേന്ദ്രീകരിച്ചുള്ളതാണ് ഈ കാലരേഖ. തീയുടെ ഉപയോഗം, ലോഹങ്ങൾ, കലപ്പ ഉപയോഗിച്ചുള്ള കൃഷി, ചക്രം മുതലായ ചില പ്രധാന സാങ്കേതിക വിദ്യകളുടെ കണ്ടുപിടിത്തങ്ങൾക്ക് ഇത് ഊന്നൽ നൽകുന്നു. നഗരങ്ങളുടെ ഉദയം, എഴുത്തുവിദ്യയുടെ ഉപയോഗം മുതലായ പ്രക്രിയകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും ആദ്യത്തെ ചില സാമ്രാജ്യങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും നിങ്ങൾക്കിവിടെ കാണാം. രണ്ടാം കാലരേഖയിൽ ആ പ്രമേയം കൂടുതൽ വികസിപ്പിക്കപ്പെടും.

### കാലരേഖകൾ പഠിക്കേണ്ടതെങ്ങനെ
### [How to Read Timelines]

അടുത്ത താളിൽ ചേർത്തിരിക്കുന്നതുപോലെയുള്ള ഓരോ കാലരേഖ ഈ പുസ്തകത്തിന്റെ ഓരോ വിഭാഗത്തിലും നിങ്ങൾ കാണും.
ഇവയോരോന്നും ലോകചരിത്രത്തിലെ ചില പ്രധാന പ്രക്രിയകളെയും സംഭവങ്ങളെയും സൂചിപ്പിക്കുന്നു.
ഈ കാലരേഖകൾ പഠിക്കുമ്പോൾ ഇനിപ്പറയുന്ന കാര്യങ്ങൾ മനസ്സിൽ സൂക്ഷിക്കണം-

- രാജാക്കന്മാർ തമ്മിലുണ്ടായ യുദ്ധങ്ങളുടെ കാലം രേഖപ്പെടുത്തുന്നതിനേക്കാൾ വളരെ ബുദ്ധിമുട്ടാണ് സാധാരണ സ്ത്രീകളും പുരുഷന്മാരും ചരിത്രത്തെ രൂപീകരിച്ച പ്രക്രിയകളുടെ കാലഗണന.
- ചിലപ്പോൾ ഒരു പ്രക്രിയ തുടങ്ങിയ കാലമാകാം സൂചിപ്പിച്ചിരിക്കുന്നത്. മറ്റു ചിലപ്പോൾ അതിന്റെ പൂർത്തീകരണ കാലമായിരിക്കും സൂചിപ്പിച്ചിരിക്കുന്നത്.
- പുതിയ തെളിവുകളുടെയോ പഴയ വിവരങ്ങളെ പുതിയ രീതിയിൽ വിലയിരുത്തുന്നതിന്റെയോ അടിസ്ഥാനത്തിൽ ചരിത്രകാരന്മാർ നിരന്തരമായി കാലഗണന പുതുക്കാറുണ്ട്.
- സൗകര്യത്തിനുവേണ്ടി ഞങ്ങൾ കാലരേഖകളെ ഭൂമിശാസ്ത്രാടിസ്ഥാനത്തിൽ വിഭജിച്ചിട്ടുണ്ടെങ്കിലും യഥാർഥ ചരിത്രത്തിന്റെ വികാസം ഈ വിഭജനങ്ങളെ കവിഞ്ഞു നിൽക്കുന്നതാണ്.
- കൂടാതെ ചരിത്രപ്രക്രിയകൾ നടക്കുന്ന കാലഘട്ടങ്ങൾ പരസ്പരം കവിഞ്ഞു കിടക്കുന്നവയാണ്.
- മാനവ ചരിത്രത്തിന്റെ ഏതാനും ചില നാഴികക്കല്ലുകൾ മാത്രമാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ഓരോ പ്രമേയത്തിലും സൂചിപ്പിച്ചിട്ടുള്ള പ്രക്രിയകളാണ് അതിന്റെ ആരംഭത്തിലെ കാലരേഖ വ്യക്തമാക്കുന്നത്. പ്രമേയത്തിൽ ഉൾപ്പെട്ട പ്രക്രിയകൾക്ക് പ്രത്യേക കാലരേഖകൾ വേറെ ചേർത്തിട്ടുണ്ട്.
- നക്ഷത്രചിഹ്നം (*) കാണുന്ന ഇടങ്ങളിലെല്ലാം ആശയം വിശദീകരിക്കുന്ന ഒരു ചിത്രീകരണം നിങ്ങൾക്കു കാണാം.
- കാലരേഖയിലെ ശൂന്യസ്ഥലങ്ങൾ അക്കാലയളവിൽ ഒന്നും സംഭവിച്ചിട്ടില്ല എന്നല്ല സൂചിപ്പിക്കുന്നത്. ചിലപ്പോൾ അതു സൂചിപ്പിക്കുന്നത് അക്കാലയളവിലെ സംഭവവികാസങ്ങൾ ഇനിയും നമുക്ക് അറിവായിട്ടില്ല എന്നാണ്.
- ദക്ഷിണേഷ്യൻ ചരിത്രത്തെക്കുറിച്ച് പൊതുവായും ഇന്ത്യാചരിത്രത്തെക്കുറിച്ച് പ്രത്യേകമായും നിങ്ങൾ അടുത്ത വർഷം പഠിക്കും. ദക്ഷിണേഷ്യയുടെ കാലരേഖകളിൽ സൂചിപ്പിച്ചിട്ടുള്ള കാലഘട്ടങ്ങൾ ഉപഭൂഖണ്ഡത്തിലെ ചില സംഭവ വികാസങ്ങളെ മാത്രം സൂചിപ്പിക്കുന്നവയാണ്.

| കാലയളവ് | ആഫ്രിക്ക | യൂറോപ്പ് |
|---|---|---|
| 6 എം.വൈ.എ-500,000 ബി.പി | ആസ്ട്രേലോപിത്തേക്കസിന്റെ ഫോസിലുകൾ (5.6 എം.വൈ.എ), തീയുടെ ഉപയോഗത്തിന്റെ തെളിവ് (1.4 എം.വൈ.എ) | |
| 500,000-150,000 ബി.പി | ഹോമോ സാപിയൻസിന്റെ ഫോസിലുകൾ (195,000 ബി.പി) | തീയുടെ ഉപയോഗത്തിന്റെ തെളിവ് (400,000 ബി.പി) |
| 150,000-50,000 ബി.പി | | |
| 50,000-30,000 | | ഹോമോ സാപിയൻസിന്റെ ഫോസിലുകൾ (40,000) |
| 30,000-10,000 | ഗുഹകൾ/ശിലാ നിർമ്മിത വാസസ്ഥലങ്ങളിലെ ചിത്രങ്ങൾ (27,500) | ഗുഹകൾ/ശിലാ നിർമ്മിത വാസസ്ഥലങ്ങളിലെ ചിത്രങ്ങൾ (പ്രത്യേകിച്ചും ഫ്രാൻസ്, സ്പെയിൻ) |
| 8000-7000 ബി.സി.ഇ. | | |
| 7000-6000 | കന്നുകാലികളെയും നായ്ക്കളെയും ഇണക്കി വളർത്തൽ | |
| 6000-5000 | | ഗോതമ്പ്, ബാർലി എന്നിവയുടെ കൃഷി (ഗ്രീസ്) |
| 5000-4000 | | |
| 4000-3000 | കഴുതയെ ഇണക്കി വളർത്തൽ, തിനക്കൃഷി, ചെമ്പിന്റെ ഉപയോഗം | ചെമ്പിന്റെ ഉപയോഗം (ക്രീറ്റ്) |
| 3000-2000 | ഉഴുത് കൃഷി, ആദ്യരാജ്യങ്ങൾ, നഗരങ്ങൾ, പിരമിഡുകൾ, കലണ്ടർ, ഹൈറോഗ്ലിഫിക് ലിപി*, പേപ്പിറസിൽ എഴുതുന്നു. (ഈജിപ്ത്) | കുതിരകളെ ഇണക്കി വളർത്തൽ (കിഴക്കൻ യൂറോപ്പ്) |
| 2000-1900 |  | നഗരങ്ങൾ, കൊട്ടാരങ്ങൾ, വെങ്കലത്തിന്റെ ഉപയോഗം, കുശവന്റെ ചക്രം, വ്യാപാര പുരോഗതി (ക്രീറ്റ്) |
| 1900-1800 | | |
| 1800-1700 | | |
| 1700-1600 | | ലിപിയുടെ വികാസം (ക്രീറ്റ്)* |
| 1600-1500 | |  |
| 1500-1400 | സ്ഫടിക കുപ്പികളുടെ ഉപയോഗം (ഈജിപ്ത്) | |
| 1400-1300 |  | |
| 1300-1200 | | |
| 1200-1100 | | |
| 1100-1000 | | ഇരുമ്പിന്റെ ഉപയോഗം |
| 1000-900 | | |
| 900-800 | പശ്ചിമേഷ്യയിൽ നിന്നുള്ള ഫിനീഷ്യക്കാർ വടക്കൻ ആഫ്രിക്കയിൽ കാർത്തേജ് നഗരം സ്ഥാപിക്കുന്നു. മെഡിറ്ററേനിയനു ചുറ്റുമായി വ്യാപാരം വളരുന്നു. | |
| 800-700 | ഇരുമ്പിന്റെ ഉപയോഗം (സുഡാൻ) | ആദ്യത്തെ ഒളിമ്പിക് ഗെയിമുകൾ (ഗ്രീസ് 776 ബി.സി.ഇ.) |
| 700-600 | ഇരുമ്പിന്റെ ഉപയോഗം (ഈജിപ്ത്) | |
| 600-500 | | നാണയങ്ങളുടെ ഉപയോഗം* (ഗ്രീസ്), റോമൻ റിപ്പബ്ലിക്കിന്റെ സ്ഥാപനം. (510 ബി.സി.ഇ.) |
| 500-400 | പേർഷ്യക്കാർ ഈജിപ്ത് ആക്രമിക്കുന്നു. | ഏഥൻസിൽ 'ജനാധിപത്യം' സ്ഥാപിക്കപ്പെടുന്നു. (ഗ്രീസ്) |
| 400-300 | ഈജിപ്തിൽ അലക്സാൺഡ്രിയയുടെ സ്ഥാപനം. (332 ബി.സി.ഇ.), ഇത് ഒരു പ്രധാന പഠനവിജ്ഞാന കേന്ദ്രമായി മാറുന്നു. | മാസിഡോണിയയിലെ അലക്സാണ്ടർ ഈജിപ്തും പശ്ചിമേഷ്യയുടെ ഭാഗങ്ങളും പിടിച്ചടക്കുന്നു. (336-323 ബി.സി.ഇ.) |
| 300-200 | |  |
| 200-100 | | |
| 100-1 ബി.സി.ഇ. | | |

| കാലയളവ് | ഏഷ്യ | ദക്ഷിണേഷ്യ |
|---|---|---|
| 6എം.വൈ.എ-500,000 ബി.പി | തീയുടെ ഉപയോഗം (700,000 ബി.പി, ചൈന) | റിവാട്ടിലെ ശിലായുഗസ്ഥലം (1,900,000 ബി.പി., പാകിസ്ഥാൻ) |
| 500,000-150,000ബി.പി | | |
| 150,000-50,000 ബി.പി | ഹോമോ സാപ്പിയൻസിന്റെ ഫോസിലുകൾ (100,000 ബി.പി, പശ്ചിമേഷ്യ | |
| 50,000-30,000 ബി.പി | | |
| 30,000-10,000 ബി.പി | നായയെ ഇണക്കി വളർത്തൽ (പശ്ചിമേഷ്യ (14,000) | ഭിംബേഡ്ക്കയിലെ ഗുഹാചിത്രങ്ങൾ (മധ്യപ്രദേശ്). ഹോമോ സാപ്പിയൻസിന്റെ ഫോസിലുകൾ (25,500 ബി.പി, ശ്രീലങ്ക) |
| 8000-7000 ബി.സി.ഇ. | ആടിനെയും ചെമ്മരിയാടിനെയും ഇണക്കി വളർത്തൽ. ഗോതമ്പ്, ബാർലി കൃഷി (പശ്ചിമേഷ്യ) | |
| 7000-6000 | പന്നിയെയും കന്നുകാലികളെയും ഇണക്കി വളർത്തൽ (പശ്ചിമ - പൂർവേഷ്യ) | ആദ്യകാല കാർഷിക സ്ഥിരവാസ കേന്ദ്രങ്ങൾ (ബലൂചിസ്ഥാൻ) |
| 6000-5000 | കോഴികളെ വളർത്തൽ, ചേന, തിന എന്നിവയുടെ കൃഷി (പൂർവേഷ്യ) | |
| 5000-4000 | പരുത്തിക്കൃഷി (ദക്ഷിണേഷ്യ), ചെമ്പിന്റെ ഉപയോഗം (പശ്ചിമേഷ്യ) | |
| 4000-3000 | കുശവന്റെ ചക്രം ഉപയോഗിക്കുന്നു, ഗതാഗതത്തിന് ചക്രം ഉപയോഗിക്കുന്നു. (3600 ബി.സി.ഇ.) എഴുത്ത്വിദ്യ (3200 ബി.സി.ഇ., മെസൊപ്പൊട്ടേമിയ), വെങ്കലത്തിന്റെ ഉപയോഗം | ചെമ്പിന്റെ ഉപയോഗം |
| 3000-2000 | ഉഴുത് കൃഷി, നഗരങ്ങൾ (മെസൊപ്പൊട്ടേമിയ); പട്ടു നിർമ്മാണം (ചൈന), കുതിരകളെ ഇണക്കി വളർത്തൽ (മധ്യേഷ്യ), നെല്ല് കൃഷി ചെയ്യുന്നു. (ദക്ഷിണ - പൂർവ്വേഷ്യ) | ഹാരപ്പൻ സംസ്കാരത്തിലെ നഗരങ്ങൾ, ലിപിയുടെ* ഉപയോഗം (സി 2700 ബി.സി.ഇ.)  |
| 2000-1900 | പോത്തിനെ ഇണക്കി വളർത്തൽ (പൂർവ്വേഷ്യ) | |
| 1900-1800 | | |
| 1800-1700 | | |
| 1700-1600 | | |
| 1600-1500 | നഗരങ്ങൾ, എഴുത്തുവിദ്യ, രാജ്യങ്ങൾ (ഷാംങ് രാജവംശം), വെങ്കലത്തിന്റെ ഉപയോഗം (ചൈന)*. | |
| 1500-1400 | ഇരുമ്പിന്റെ ഉപയോഗം (പശ്ചിമേഷ്യ)  | ഋഗ്വേദം രൂപം കൊള്ളുന്നു. |
| 1400-1300 | | |
| 1300-1200 | | |
| 1200-1100 | | ഇരുമ്പിന്റെ ഉപയോഗം, മഹാശിലകൾ (ഡക്കാനിലും ദക്ഷിണേന്ത്യയിലും) |
| 1100-1000 | ഒറ്റ മുഴയുള്ള ഒട്ടകത്തെ ഇണക്കി വളർത്തൽ (അറേബ്യ) | |
| 1000-900 | | |
| 900-800 | | |
| 800-700 | | |
| 700-600 | | |
| 600-500 | നാണയങ്ങളുടെ ഉപയോഗം (തുർക്കി), പെഴ്സിപോളിസ് തലസ്ഥാനമായ പേർഷ്യൻ സാമ്രാജ്യം (546 ബി.സി.ഇ.); ചൈനീസ് തത്വചിന്തകനായ കൺഫ്യൂഷ്യസ് (സി.551 ബി.സി.ഇ.) | പല പ്രദേശങ്ങളിൽ രാഷ്ട്രങ്ങളും നഗരങ്ങളും, ആദ്യകാല നാണയങ്ങൾ, ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും വ്യാപനം |
| 500-400 | | |
| 400-300 | | മൗര്യസാമ്രാജ്യം സ്ഥാപിക്കുന്നു. (സി. 321 ബി.സി.ഇ.) |
| 300-200 | ചൈനയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നു. (221 ബി.സി.ഇ.) വൻമതിലിന്റെ നിർമ്മാണത്തിന്റെ ആരംഭം | |
| 200-100 | | |
| 100-1 ബി.സി.ഇ. | | |

| കാലയളവ് | അമേരിക്കകൾ | ആസ്ത്രേലിയ/പസഫിക്ദ്വീപുകൾ |
|---|---|---|
| 6 എം.വൈ.എ -500,000 ബി.പി | | |
| 500,000-150,000 ബി.പി | | |
| 150,000-50,000 ബി.പി | | |
| 50,000-30,000 ബി.പി | | ഹോമോ സാപ്പിയൻസിന്റെ ഫോസിലുകൾ, സമുദ്രയാത്രയുടെ ആദ്യസൂചനകൾ 45000 ബി.പി. |
| 30,000-10,000 ബി.പി | ഹോമോ സാപ്പിയൻസിന്റെ ഫോസിലുകൾ (12,000 ബി.പി) | ചിത്രങ്ങൾ (20,000 ബി.പി.) |
| 8000-7000 ബി.സി.ഇ. | | |
| 7000-6000 | കുമ്പളം കൃഷി (Squash) | |
| 6000-5000 | | |
| 5000-4000 | അമരയുടെ കൃഷി | |
| 4000-3000 | പരുത്തിക്കൃഷി, ചുരക്കക്കൃഷി | |
| 3000-2000 | ഗിനിയ പന്നി, ടർക്കി എന്നിവയെ ഇണക്കി വളർത്തൽ, ചോളത്തിന്റെ കൃഷി. | |
| 2000-1900 | ഉരുളക്കിഴങ്ങ്, മുളക്, കപ്പ, കപ്പലണ്ടി എന്നിവയുടെ കൃഷി. ഇലാമ*, അൽപാക്ക എന്നീ മൃഗങ്ങളെ ഇണക്കി വളർത്തുന്നു. | |
| 1900-1800 | | |
| 1800-1700 | | |
| 1700-1600 | | |
| 1600-1500 | | |
| 1500-1400 | | |
| 1400-1300 | | |
| 1300-1200 | | |
| 1200-1100 | മെക്സിക്കോ ഉൾക്കടലിനു ചുറ്റും ഓൾമെക്കുകളുടെ സ്ഥിരവാസം, ആദ്യകാല ക്ഷേത്രങ്ങളും ശില്പങ്ങളും | പോളിനേഷ്യയിലും മൈക്രോനേഷ്യയിലും ജനങ്ങളുടെ സ്ഥിരവാസം |
| 1100-1000 | | |
| 1000-900 | ഹൈറോഗ്ലിഫിക് ലിപിയുടെ വികാസം | |
| 900-800 | | |
| 800-700 | | |
| 700-600 | | |
| 600-500 | | |
| 500-400 | | |
| 400-300 | | |
| 300-200 | | |
| 200-100 | | |
| 100-1 ബി.സി.ഇ. | | |





**പ്രവർത്തനം**

നൽകിയിട്ടുള്ള ആറ് കോളങ്ങളിൽ ഏതെങ്കിലും ഒരു കാലയളവിലെ ഓരോ പ്രദേശത്തും താമസിച്ചിരുന്ന സ്ത്രീയുടെയും പുരുഷന്റെയും പ്രവർത്തനങ്ങളുടെയോ സംഭവങ്ങളുടെയോ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക.

പ്രമേയം

1

# കാലത്തിന്റെ ആരംഭം മുതൽ

## (FROM THE BEGINNING OF TIME)

*മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ചാണ് ഈ അധ്യായം അന്വേഷിക്കുന്നത്. മനുഷ്യസദൃശ്യരായ ജീവജാലങ്ങൾ ഭൂമിയുടെ ഉപരിതലത്തിൽ ആദ്യം പ്രത്യക്ഷപ്പെട്ടത് 5.6 ദശലക്ഷം വർഷങ്ങൾക്ക് മുമ്പായിരുന്നു. അതിനുശേഷം മനുഷ്യനോട് സാദൃശ്യമുള്ള നിരവധി രൂപങ്ങൾ ആവിർഭവിക്കുകയും വംശനാശം സംഭവിക്കുകയും ചെയ്തു. നമ്മോട് സാമ്യമുള്ള മനുഷ്യർ ('ആധുനിക മനുഷ്യർ') രൂപം കൊണ്ടത് ഏകദേശം 160,000 വർഷങ്ങൾക്ക് മുമ്പായിരുന്നു. മനുഷ്യന്റെ ഈ ദീർഘചരിത്രത്തിലുടനീളം മൃഗങ്ങളെ വേട്ടയാടിയും ചത്ത മൃഗങ്ങളെ ഭക്ഷിച്ചും, കായ്കനികൾ ശേഖരിച്ചുമാണ് മനുഷ്യർ കഴിഞ്ഞത്. അതോടൊപ്പം ശിലായുധങ്ങൾ എങ്ങനെ നിർമിക്കണമെന്നും മറ്റുള്ളവരുമായി എങ്ങനെ ആശയവിനിമയം നടത്തണമെന്നും അവർ മനസ്സിലാക്കിയിരുന്നു.*

L4C9M3

*ഭക്ഷണം നേടാനുള്ള പുതിയ മാർഗങ്ങൾ പിന്നീട് സ്വീകരിക്കപ്പെട്ടെങ്കിലും വേട്ടയാടലും ശേഖരണവും തുടർന്നു. ഇന്നും ലോകത്തിന്റെ ചില ഭാഗങ്ങളിൽ വേട്ടയാടൽ – ശേഖരണ സമൂഹങ്ങൾ (hunter - gatherer societies) നിലനിൽക്കുന്നുണ്ട്. വർത്തമാനകാലത്തെ ഈ വേട്ടയാടൽ-ശേഖരണ സമൂഹത്തിന്റെ ജീവിതരീതി ഭൂതകാലത്തെ കുറിച്ച് പല വിവരങ്ങളും നൽകുന്നു എന്നുള്ളത് നമ്മെ അൽഭുതപ്പെടുത്തുന്ന ഒന്നാണ്.*

ശിലയായിത്തീർന്ന പുരാതന സസ്യം, മൃഗം, മനുഷ്യൻ എന്നിവയുടെ ശേഷിപ്പുകളോ മുദ്രകളോ ആണ് ഫോസിലുകൾ. മിക്കവാറും പാറകളിൽ പതിഞ്ഞിരിക്കുന്ന ഇവ ദശലക്ഷക്കണക്കിന് വർഷങ്ങളായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

പ്രത്യുൽപ്പാദനശേഷിയുള്ള അനന്തര തലമുറയെ സൃഷ്ടിക്കുന്നതിനായി പ്രജനനം നടത്തുന്ന ജീവജാലങ്ങളുടെ കൂട്ടമാണ് ഒരു വർഗം (species). ഒരു വർഗത്തിലെ അംഗങ്ങൾക്ക് അടുത്തതലമുറയെ സൃഷ്ടിക്കാനായി മറ്റൊരു വർഗത്തിലെ അംഗങ്ങളുമായി ഇണചേരാൻ കഴിയില്ല.

മനുഷ്യഫോസിലുകൾ, ശിലായുധങ്ങൾ, ഗുഹാചിത്രങ്ങൾ എന്നിവയുടെ കണ്ടുപിടിത്തം ആദിമ മനുഷ്യന്റെ ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. ഈ ഓരോ കണ്ടുപിടിത്തത്തിനും അതിന്റേതായ ചരിത്രമുണ്ട്. ഇവ ആദ്യമായി കണ്ടെത്തിയപ്പോൾ മിക്കവാറും പണ്ഡിതരും ഈ ഫോസിലുകളെ ആദിമ മനുഷ്യരുടെ അവശിഷ്ടങ്ങളായി അംഗീകരിക്കാൻ തയാറായില്ല. അവർ ശിലായുധങ്ങൾ നിർമിക്കാനും ചിത്രങ്ങൾ വരയ്ക്കാനുമുള്ള ആദിമമനുഷ്യന്റെ കഴിവിലും സംശയം പ്രകടിപ്പിച്ചു. പിന്നീട് ഒരു കാലഘട്ടത്തിന് ശേഷം മാത്രമാണ് ഇവയുടെ യഥാർഥ പ്രാധാന്യം അംഗീകരിക്കപ്പെട്ടത്.

വംശനാശം സംഭവിച്ച മനുഷ്യ ജീവിവർഗത്തിന്റെ ഫോസിലുകളിൽ നിന്നുമാണ് മനുഷ്യപരിണാമത്തിന്റെ തെളിവുകൾ ലഭിക്കുന്നത്. ഫോസിലുകളെ നേരിട്ട് രാസവിശകലനം ചെയ്യുന്ന പ്രത്യക്ഷ രീതിയിലോ ഫോസിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്ന അവശിഷ്ടങ്ങളുടെ കാലപ്പഴക്കം കണ്ടെത്തിക്കൊണ്ടുള്ള പരോക്ഷരീതിയിലോ ഫോസിലുകളുടെ കാലപ്പഴക്കം നിർണയിക്കാവുന്നതാണ്. ഒരിക്കൽ ഫോസിലുകളുടെ കാലപ്പഴക്കം നിർണയിച്ച് കഴിഞ്ഞാൽ മനുഷ്യ പരിണാമത്തിന്റെ ഒരു പരമ്പര തന്നെ കണ്ടെത്താവുന്നതാണ്.

ഏകദേശം 200 വർഷങ്ങൾക്ക് മുൻപ് ഈ കണ്ടുപിടിത്തങ്ങൾ ആദ്യമായി നടത്തിയപ്പോൾ മിക്കവാറും പണ്ഡിതരും ഫോസിലുകൾക്കും ശിലായുധങ്ങൾക്കും ചിത്രങ്ങൾക്കും മനുഷ്യന്റെ ആദിമ രൂപങ്ങളുമായി ബന്ധമുണ്ടെന്ന് അംഗീകരിക്കാൻ തയാറായില്ല. അവരുടെ ഈ വൈമനസ്യം ബൈബിളിലെ പഴയ നിയമത്തിലുള്ള വിശ്വാസത്തിന്റെ ഫലമായിരുന്നു. ആ വിശ്വാസ പ്രകാരം മനുഷ്യന്റെ ഉൽഭവം ദൈവത്തിന്റെ സൃഷ്ടിയാണ്.

ഉദാഹരണത്തിന് 1856 ആഗസ്റ്റിൽ ജർമ്മൻ നഗരമായ ഡസ്സൽഡോർഫിന് സമീപമുള്ള മലയിടുക്കായ നിയാണ്ടർ താഴ്‌വരയിൽ (പേജ് 18, ഭൂപടം 2 കാണുക) ചുണ്ണാമ്പുകല്ലുകൾക്ക് വേണ്ടി ഖനനം നടത്തിക്കൊണ്ടിരുന്ന തൊഴിലാളികൾ ഒരു തലയോട്ടിയും കുറച്ച് അസ്ഥികൂടാവശിഷ്ടങ്ങളും കണ്ടെത്തി. ഇവ പ്രകൃതി ചരിത്രകാരനും പ്രാദേശിക സ്കൂൾ അധ്യാപകനുമായിരുന്ന കാൾഫുൾറോട്ട് എന്നയാൾക്ക് കൈമാറി. അദ്ദേഹം ആ അവശിഷ്ടങ്ങൾ ആധുനിക മനുഷ്യന്റേതല്ലെന്ന് തിരിച്ചറിഞ്ഞു. അദ്ദേഹം

**ഫോസിലുകളെ വീണ്ടെടുക്കുന്നു (RECOVERING FOSSILS)**

ശ്രമകരമായ ഒരു പ്രക്രിയ. കാലഗണനയക്ക് വസ്തുക്കൾ കണ്ടെത്തിയ സ്ഥലത്തിന്റെ കൃത്യമായ സ്ഥാനം പ്രധാനപ്പെട്ടതാണ്.



*വസ്തുക്കളെ കണ്ടെത്തിയ സ്ഥാനം രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന ഉപകരണത്തെ കാണിക്കുന്നു. പുരാവസ്തു ഗവേഷകന്റെ ഇടതുഭാഗത്തുള്ള ചതുരചട്ടക്കൂട് 10 സെന്റിമീറ്ററിന്റെ ചതുരങ്ങളായി തിരിച്ച ഒരു ഗ്രിഡാണ്. വസ്തുവിനെ കണ്ടെത്തിയ സ്ഥലത്തിന് മുകളിൽ ഇത് സ്ഥാപിക്കുന്നതിലൂടെ വസ്തുവിന്റെ തിരശ്ചീനസ്ഥാനം രേഖപ്പെടുത്താൻ കഴിയുന്നു. വലതുവശത്തു കാണുന്ന ത്രികോണാകൃതിയായ ഉപകരണം വസ്തുവിന്റെ ലംബമായ സ്ഥാനം രേഖപ്പെടുത്താനും സഹായിക്കുന്നു.*



*ചുറ്റുമുള്ള കല്ലിൽ നിന്ന് എങ്ങനെയാണ് ഒരു ഫോസിലിന്റെ ഭാഗം വേർതിരിക്കുന്നത് എന്ന് ചിത്രത്തിൽ കാണാം. ഇവിടെ ഒരു തരം ചുണ്ണാമ്പുകല്ലിൽ നിന്നാണ് ഫോസിൽ വേർതിരിക്കുന്നത്. വളരെ വൈദഗ്ധ്യവും ക്ഷമയും ആവശ്യമുള്ള ജോലിയാണ് ഇതെന്നു നിങ്ങൾക്കു കാണാം.*

ആ തലയോട്ടിയുടെ ഒരു കുമ്മായമാതൃക തയാറാക്കി ബോൺ സർവകലാശാലയിലെ ശരീരശാസ്ത്ര പ്രൊഫസറായ ഹെർമൻ ഷഫ്താസന് അയച്ചു കൊടുത്തു. അടുത്ത വർഷം അവർ സംയുക്തമായി ഒരു ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിച്ചു. ആ തലയോട്ടി വംശനാശം സംഭവിച്ച ഒരു മനുഷ്യ വിഭാഗത്തിന്റേതാണെന്ന് അവർ അതിലൂടെ അവകാശപ്പെട്ടു. എന്നാൽ അപ്പോൾ ആ വാദം അംഗീകരിക്കാൻ പണ്ഡിതർ തയാറായില്ല. മറിച്ച് ആ തലയോട്ടി സമീപകാല മനുഷ്യന്റേതാണെന്ന് അവർ പ്രഖ്യാപിച്ചു.

1859 നവംബർ 24 ന് ചാൾസ് ഡാർവിൻ 'ഓൺ ദ ഒറിജിൻ ഓഫ് സ്പീഷീസ്' എന്ന തന്റെ പുസ്തകം പ്രസിദ്ധീകരിച്ചു. അത് പരിണാമ ചരിത്ര പഠനത്തിലെ ഒരു നാഴികക്കല്ലായിരുന്നു. ആദ്യം അച്ചടിച്ച 1250 കോപ്പികളും പ്രസിദ്ധീകരിച്ച അന്നേ ദിവസം തന്നെ വിറ്റുപോയി. മനുഷ്യർ ദീർഘകാലം മുമ്പ് മൃഗങ്ങളിൽ നിന്ന് രൂപപ്പെട്ട് വന്നതാണെന്ന് ഇതിലൂടെ ഡാർവിൻ വാദിച്ചു.


**പ്രവർത്തനം 1**

മിക്കവാറും മതങ്ങൾക്കും മനുഷ്യസൃഷ്ടിയെ സംബന്ധിച്ച വിവരണങ്ങളുണ്ട്. അവ മിക്കപ്പോഴും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുമായി പൊരുത്തപ്പെടാറില്ല. അത്തരത്തിലുള്ള ചില വിവരണങ്ങൾ കണ്ടെത്തി ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്ന മനുഷ്യ പരിണാമത്തിന്റെ ചരിത്രവുമായി താരതമ്യം ചെയ്യുക.



*നിയാണ്ടർതാൽ മനുഷ്യന്റെ തലയോട്ടി. ഇതിന്റെ പൗരാണികത തള്ളിക്കളഞ്ഞവർ ഇതിനെ മൃഗത്തിന്റെയോ വെറും വിഡ്ഢിയുടെയോ ('Pathological idiot') തലയോട്ടി എന്നു കരുതി.*

## മനുഷ്യ പരിണാമത്തിന്റെ കഥ
## (The Story of Human Evolution)
### (എ) ആധുനിക മനുഷ്യരുടെ മുൻഗാമികൾ
### (a) (The Precursors of Modern Human Beings)




ഈ നാല് തലയോട്ടികൾ ശ്രദ്ധിക്കുക.

A ഒരു കുരങ്ങിന്റേത്.

B ആസ്ട്രലോപിത്തേക്കസ് എന്ന ജീവിവർഗത്തിൽപ്പെട്ടത്.

C ഹോമോ ഇറക്ടസ് എന്ന വംശത്തിൽപ്പെട്ടവയുടേത്. ('നിവർന്നു നിൽക്കുന്ന മനുഷ്യൻ' എന്നാണ് പേരിന്റെ അർഥം)

D ഇന്നത്തെ എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന ഹോമോസാപ്പിയൻസ് എന്ന വംശത്തിൽപ്പെട്ടത്. ('ചിന്താ ശേഷിയുള്ള/ബുദ്ധിയുള്ള മനുഷ്യൻ' എന്നാണ് വാക്കിന്റെ അർഥം).

ഇവയുടെ തലച്ചോറിന്റെ വലുപ്പം, താടിയെല്ല്, പല്ല് എന്നിവ ശ്രദ്ധാപൂർവം നോക്കി നിങ്ങൾ കണ്ടെത്തിയ സാമ്യങ്ങളും വ്യത്യാസങ്ങളും പട്ടികപ്പെടുത്തുക.

തന്നിട്ടുള്ള തലയോട്ടികളുടെ ചിത്രീകരണങ്ങളിൽ നിങ്ങൾ കണ്ടെത്തിയ വ്യത്യാസങ്ങളിൽ പലതും മനുഷ്യപരിണാമത്തിന്റെ ഭാഗമായി ഉണ്ടായതാണ്. മനുഷ്യപരിണാമത്തിന്റെ കഥ ദീർഘവും കുറച്ചൊക്കെ സങ്കീർണവുമാണ്. ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങൾ ഇപ്പോഴും അവശേഷിക്കുന്നു. പുതിയ വിവരങ്ങളുടെ കണ്ടെത്തലുകൾ മുൻധാരണകളെ മാറ്റിമറിക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുന്നു. ഇനി ചില സംഭവവികാസങ്ങളും അവയുടെ അനന്തരഫലങ്ങളും കൂടുതൽ അടുത്തറിയാം.

ഒരു വലിയ വിഭാഗം സസ്തനികളുടെ ഒരു ഉപവിഭാഗത്തെയാണ് പ്രിമേറ്റുകൾ എന്നു വിളിക്കുന്നത്. അവയിൽ കുരങ്ങുകൾ, ആൾക്കുരങ്ങുകൾ, മനുഷ്യർ എന്നിവ ഉൾപ്പെടുന്നു. അവരുടെ ശരീരത്തിൽ രോമങ്ങളുണ്ടായിരുന്നു. കൂടാതെ താരതമ്യേന ദീർഘമായ ഗർഭകാലം, സ്തനഗ്രന്ഥി, വ്യത്യസ്ത തരം പല്ലുകൾ, ശരീരോഷ്മാവ് സ്ഥിരമായി നിലനിർത്താനുള്ള ശേഷി എന്നിവയും അവയ്ക്കുണ്ടായിരുന്നു.

പരിണാമത്തിന്റെ ഭാഗമായുള്ള മാറ്റങ്ങൾ തിരക്കി 36 മുതൽ 24 വരെ ദശലക്ഷം വർഷങ്ങൾ (Million of years) പിന്നോട്ട് പോകാൻ കഴിയും. എന്നാൽ പലപ്പോഴും അത്രയും ദീർഘമായൊരു കാലത്തെ മനസ്സിലാക്കുക എന്നത് അത്ര എളുപ്പമല്ല. നിങ്ങളുടെ പുസ്തകത്തിലെ ഒരു പേജ് 10000 വർഷങ്ങൾക്ക് തുല്യമായികാണുക. അങ്ങനെയെങ്കിൽ 10 പേജുകൾ ചേരുമ്പോൾ 1 ലക്ഷം വർഷങ്ങളാകും. 100 പേജുകൾ ഒരു ദശലക്ഷം വർഷങ്ങളെ പ്രതിനിധീകരിക്കും. അങ്ങനെയെങ്കിൽ 36 ദശലക്ഷം വർഷങ്ങളെ പ്രതിനിധീകരിക്കാൻ 3600 പേജുള്ള പുസ്തകം വേണം. അത്രയും വർഷങ്ങൾ മുൻപാണ് സസ്തനികളിൽ ഒരു വിഭാഗമായ പ്രൈമേറ്റുകൾ ഏഷ്യയിലും ആഫ്രിക്കയിലും രൂപം കൊണ്ടത്. പിന്നീട് 24 ദശലക്ഷം വർഷങ്ങൾ മുൻപ് പ്രൈമേറ്റുകളിലെ ഉപവിഭാഗമായ ഹൊമിനോയിഡുകൾ നിലവിൽവന്നു. ഇവയിൽ ആൾക്കുരങ്ങുകളും ഉൾപ്പെട്ടിരുന്നു. ഒരുപാട് കാലങ്ങൾക്ക് ശേഷം ഏകദേശം 5.6 ദശലക്ഷം വർഷങ്ങൾക്ക് മുൻപാണ് ആദ്യത്തെ ഹൊമിനിഡുകളെ കുറിച്ചുള്ള തെളിവുകൾ ലഭിക്കുന്നത്.

ഹൊമിനിഡുകൾ ഹൊമിനോയിഡുകളിൽ നിന്ന് രൂപപ്പെട്ട് വന്നതുകൊണ്ടു തന്നെ അവയ്ക്ക് ചില പൊതു സവിശേഷതകളും എന്നാൽ വ്യത്യാസങ്ങളും ഉണ്ടായിരുന്നു. ഹൊമിനോയിഡുകൾക്ക് ഹൊമിനിഡുകളേക്കാൾ ചെറിയ തലച്ചോറാണ് ഉണ്ടായിരുന്നത്. അവർ നാല് കാലുകളിലാണ് നടന്നിരുന്നത്. എന്നാൽ മുൻകാലുകൾ അയവുള്ളതായിരുന്നു. നേരേ മറിച്ച് ഹൊമിനിഡുകൾ നിവർന്ന് നിൽക്കുകയും ഇരുകാലുകളിൽ നടക്കുകയും ചെയ്തു. കൈകൾകൊണ്ട് അവർ ഉപകരണങ്ങൾ നിർമിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്നു. അത്തരത്തിൽ നിർമിക്കപ്പെട്ട ഉപകരണങ്ങളെയും അവയുടെ പ്രാധാന്യത്തെയും കുറിച്ച് നമ്മൾ പിന്നീട് കൂടുതൽ പരിശോധിക്കും.

ഹൊമിനിഡുകൾ ആഫ്രിക്കയിൽ രൂപപ്പെട്ടുവെന്നതിന് രണ്ട് തെളിവുകൾ ഉണ്ട്. ആഫ്രിക്കയിലെ ആൾക്കുരങ്ങ് വിഭാഗങ്ങൾക്ക് ഹൊമിനിഡുകളോട് അടുത്ത ബന്ധമുണ്ട് എന്നതാണ് അതിൽ ആദ്യത്തേത്. രണ്ടാമതായി, ഏകദേശം 5.6 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് കിഴക്കേ ആഫ്രിക്കയിൽ നിന്ന് ആസ്ട്രാലോപിത്തേക്കസ് വിഭാഗത്തിൽപ്പെട്ട ആദ്യകാല ഹൊമിനിഡുകളുടെ ഫോസിലുകൾ ലഭിച്ചു. മാത്രമല്ല ആഫ്രിക്കയ്ക്ക് പുറത്ത് നിന്നും കണ്ടെത്തിയിട്ടുള്ള ഫോസിലുകൾക്ക് 1.8 ദശലക്ഷം വർഷത്തിൽ കൂടുതൽ പഴക്കവുമില്ല.

**കൈകളുടെ പരിണാമം (THE EVOLUTION OF THE HAND)**

A ചിമ്പൻസിയുടെ മുറുക്കിപ്പിടിത്തത്തെ കാണിക്കുന്നു.
B ഹൊമിനിഡിന്റെ കൈയുടെ ബലം പിടിത്തത്തെകാണിക്കുന്നു.
C മനുഷ്യന്റെ മുറുക്കിപ്പിടിത്തത്തെ കാണിക്കുന്നു.

മിക്കവാറും ബലം പിടുത്തത്തെ തുടർന്നായിരിക്കണം മുറുക്കിപ്പിടിത്തം വികസിച്ചത്.

ചിമ്പൻസിയുടെ മുറുക്കിപ്പിടിത്തത്തെ മനുഷ്യന്റെ കൈയുടെ മുറുക്കി പിടിത്തവുമായി താരതമ്യം ചെയ്യുക.

വിരലിന്റെ അഗ്രംകൊണ്ട് മുറുകെപ്പിടിച്ച് (precision grip) നിങ്ങൾ ചെയ്യുന്ന കാര്യങ്ങളുടെ ഒരു പട്ടിക തയാറാക്കുക.

കൈകൊണ്ട് ചുറ്റിപ്പിടിച്ച് (power grip) നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?




ഹോമിനിഡെ എന്നറിയപ്പെടുന്ന കുടുംബത്തിൽ ഉൾപ്പെടുന്നതാണ് ഹൊമിനിഡുകൾ. എല്ലാ രൂപത്തിലുമുള്ള മനുഷ്യരും ഈ കുടുംബത്തിൽ ഉൾപ്പെടുന്നു. വലുപ്പമുള്ള തലച്ചോറ്, നിവർന്ന് നിൽക്കൽ, ഇരുകാലുകളിലെ നടത്തം, കൈകളുടെ സവിശേഷമായ ഉപയോഗം എന്നിവയെല്ലാം ഹൊമിനിഡുകളുടെ പ്രത്യേകതകളാണ്.

ഹൊമിനോയിഡുകൾ പലതരത്തിൽ കുരങ്ങൻമാരിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. അവയ്ക്ക് നീളമുള്ള ശരീരമാണുള്ളത്. വാലില്ല. കൂടാതെ ഹൊമിനിഡുകളുടെ ശൈശവ വികാസത്തിന്റെയും ആശ്രിതത്വത്തിന്റെയും കാലയളവ് നീണ്ടതാണ്.

ഹൊമിനിഡുകളെ ജീനസ് എന്നറിയപ്പെടുന്ന ശാഖകളായി തിരിച്ചിരിക്കുന്നു. ആസ്ട്രലോപിത്തേക്കസ്, ഹോമോ എന്നിവയാണ് ഈ ശാഖകളിൽ പ്രധാനപ്പെട്ടവ. ഇവയോരോന്നും നിരവധി ജീവി വംശങ്ങളെ ഉൾക്കൊള്ളുന്നു. ആസ്ട്രലോപിത്തേക്കസും ഹോമോയും തമ്മിലുള്ള പ്രധാനവ്യത്യാസം തലച്ചോറിന്റെ വലുപ്പം, താടിയെല്ല്, പല്ല് എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആസ്ട്രലോപിത്തേക്കസിന് ഹോമോയേക്കാൾ വലുപ്പം കുറഞ്ഞ തലച്ചോറും വലിയ താടിയെല്ലും നീളം കൂടിയ പല്ലുകളുമാണ് ഉള്ളത്.

ശാസ്ത്രജ്ഞന്മാർ എല്ലാ ജീവി വംശങ്ങൾക്കും നൽകിയിട്ടുള്ള പേരുകൾ ലാറ്റിൻ, ഗ്രീക്ക് വാക്കുകളിൽ നിന്ന് ഉത്ഭവിച്ചവയാണ്. ഉദാഹരണത്തിന്



*കിഴക്കനാഫ്രിക്കയിലുള്ള റിഫ്റ്റ് താഴ്‌വരയിലെ ഓൾഡുവായി മലയിടുക്കിന്റെ (Olduvai Gorge) ഒരു ദൃശ്യമാണിത്. ആദിമ മനുഷ്യചരിത്രത്തിന്റെ തെളിവുകൾ കണ്ടെത്തിയ സ്ഥലങ്ങളിലൊന്നാണിത്. (ഭൂപടം 1b, പേജ് 14 കാണുക.) ചിത്രത്തിന്റെ നടുക്ക് കാണുന്ന ഭൂമിയുടെ വ്യത്യസ്ത തട്ടുകൾ ശ്രദ്ധിക്കുക. അവയോരോന്നും ഓരോ വ്യത്യസ്ത ഭൗമഘട്ടത്തെ പ്രതിനിധീകരിക്കുന്നു.*

'ആസ്ട്രൽ' (ദക്ഷിണം) എന്ന ലത്തീൻ വാക്കിൽ നിന്നും 'പിത്തേക്കസ്' (ആൾക്കുരങ്ങ്) എന്ന ഗ്രീക്ക് വാക്കിൽ നിന്നുമാണ് ആസ്ട്രലോപിത്തേക്കസ് എന്ന പേരുണ്ടായത്. ഈ ഗ്രൂപ്പിൽപ്പെട്ട ആദ്യ കാല മനുഷ്യർ ഇപ്പോഴും ആൾക്കുരങ്ങുകളുടെ ചില സവിശേഷകൾ നിലനിർത്തുന്നതുകൊണ്ടാണ് ഇവയ്ക്ക് ഈ പേര് ലഭിച്ചത്. ഹോമോയോട് താരതമ്യം ചെയ്യുമ്പോൾ ആസ്ട്രലോപിത്തേക്കസിന് വലുപ്പം കുറഞ്ഞ തലച്ചോറും നീളം കൂടിയ പല്ലുകളുമാണുള്ളത്. മാത്രമല്ല അവയുടെ കൈകളുടെ ചലനത്തിന് പരിമിതിയുണ്ട്. അവ കൂടുതൽ നേരവും മരങ്ങളിൽ ചെലവിട്ടതിനാൽ നിവർന്നുള്ള നടത്തത്തിന് ബുദ്ധിമുട്ട് നേരിട്ടു. അവ നിലനിർത്തിയ ശാരീരിക സവിശേഷതകളായ നീളം കൂടിയ മുൻകാലുകൾ, വളഞ്ഞ കൈകൾ, കാൽപ്പാദത്തിലെ എല്ലുകൾ എന്നിവ മരത്തിന് മുകളിലുള്ള ജീവിതത്തിന് അനുയോജ്യമായിരുന്നു. കാലാന്തരത്തിൽ ഉപകരണ നിർമാണവും ദീർഘദൂര നടത്തവും വർധിച്ചതോടെ ധാരാളം മനുഷ്യസ്വഭാവ സവിശേഷതകൾ ആസ്ട്രലോപിത്തേക്കസിൽ രൂപപ്പെട്ടു.

## ആസ്ട്രലോ പിത്തേക്കസിന്റെ കണ്ടു പിടിത്തം, ഓൾഡുവായി മലയിടുക്ക്, 1959 ജൂലൈ 17 (The Discovery of Australopithecus, Olduvai Gorge, 17 July 1959)

ചിത്രശലഭങ്ങളെ ശേഖരിക്കുന്ന ഒരു ജർമൻകാരനാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഓൾഡുവായി മലയിടുക്ക് ആദ്യമായി കണ്ടെത്തിയത്. എന്നാൽ ഇവിടെ നാൽപ്പതിലധികം വർഷങ്ങൾ പ്രവർത്തിച്ച മേരി, ലൂയി ലിക്കേ എന്നിവരുമായി ബന്ധപ്പെടുത്തിയാണ് ഓൾഡുവായി അറിയപ്പെടുന്നത്. ഓൾഡുവായി, ലയെറ്റോളി എന്നിവിടങ്ങളിൽ പുരാവസ്തു ഖനനങ്ങൾക്ക് നേതൃത്വം നൽകിയ മേരി ലീക്കേ ചില ആശ്ചര്യജനകമായ കണ്ടുപിടിത്തങ്ങൾ നടത്തുകയുണ്ടായി. ലൂയിലീക്കേ തങ്ങളുടെ ഏറ്റവും ശ്രദ്ധേമായ കണ്ടുപിടിത്തങ്ങളിലൊന്നിനെക്കുറിച്ചെഴുതുന്നു.



'അന്നു രാവിലെ ഞാൻ ഉറക്കമെണീറ്റത് തലവേദനയും ചെറിയ പനിയുമായിട്ടായിരുന്നു. വൈമനസ്യത്തോടെ അന്നേദിവസം ക്യാമ്പിൽത്തന്നെ ചെലവിടാൻ ഞാൻ തീരുമാനിച്ചു. ഞങ്ങളുടെ അനിശ്ചിതത്വമാർന്ന ഏഴാഴ്ചക്കാലം അതിവേഗം തീർന്നു കൊണ്ടിരിക്കെ ഒരാൾ പ്രവൃത്തിയിലല്ലാത്തത് മറ്റേയാൾ ജോലി തുടരേണ്ടതിനെ കൂടുതൽ അനിവാര്യമാക്കിത്തീർത്തു. അതിനാൽ മേരി ഉൽഖനനത്തിനായി സാലി, ടൂട്സ് (അവരുടെ രണ്ട് നായകൾ) എന്നിവരോടൊപ്പം ഒരു ലാൻഡ്-റോവറിൽ (ജീപ്പ് പോലുള്ള വാഹനം) പോവുകയും ഞാൻ അധ്വാനമില്ലാത്ത ഒരു വിശ്രമദിനത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു.

കുറച്ച് സമയം കഴിഞ്ഞപ്പോൾ - ഞാനൊന്ന് മയങ്ങിയെന്ന് തോന്നുന്നു - ലാൻഡ്-റോവർ വേഗത്തിൽ ക്യാമ്പിലേക്ക് വരുന്ന ശബ്ദം കേട്ടു. മേരിയെ നമ്മുടെ നൂറുകണക്കിന് തേളുകളിൽ ഒന്ന് കുത്തുകയോ നായകളുടെ പിടിയിൽ നിന്നും രക്ഷപ്പെട്ട പാമ്പുകളിൽ ഒന്ന് കടിക്കുകയോ ചെയ്തിട്ടുണ്ടെന്ന നൈമിഷികമായ ഒരു തോന്നൽ എന്നിലുണ്ടായി.

ലാൻഡ്-റോവർ ഒരു ശബ്ദത്തോടെ നിന്നു. "എനിക്കവനെ കിട്ടി, എനിക്കവനെകിട്ടി, എനിക്കവനെക്കിട്ടി" എന്ന ആവർത്തിച്ചുള്ള മേരിയുടെ വിളി കേട്ടു. തലവേദനയുടെ ആലസ്യത്തിലായിരുന്ന ഞാൻ അവളോട് ചോദിച്ചു. "എന്തുകിട്ടി? നിനക്ക് പരിക്ക് പറ്റിയോ?" "അവനെ, ആ മനുഷ്യനെ! നമ്മുടെ മനുഷ്യനെ" മേരി പറഞ്ഞു. "നമ്മൾ 23 വർഷങ്ങളായി തിരയുകയായിരുന്ന മനുഷ്യൻ. പെട്ടന്ന് വാ, അവന്റെ പല്ല് ഞാൻ കണ്ടെടുത്തു!" '


എൽ.എസ്.ബി. ലീക്കേയുടെ "ഫൈൻഡിംഗ് ദ വേൾഡ്സ് ഏർലിയസ്റ്റ് മാൻ" എന്നഗ്രന്ഥത്തിൽ നിന്ന്, *നാഷണൽ ജ്യോഗ്രാഫിക്,* 118 (സെപ്തംബർ - 1960)

ആദിമ മനുഷ്യന്റെ അവശിഷ്ടങ്ങളെ വ്യത്യസ്ത ജീവിവർഗങ്ങളായി വേർതിരിച്ചിട്ടുണ്ട്. എല്ലുകളുടെ ഘടനയുടെ അടിസ്ഥാനത്തിലാണ് ഇവയോരോന്നും മറ്റുള്ളവയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നത്. ഉദാഹരണത്തിന് ആദ്യകാല മനുഷ്യ ജീവിവർഗം തലയോട്ടിയുടെയും താടിയെല്ലിന്റെയും വലുപ്പം കൊണ്ട് വ്യത്യാസപ്പെട്ടിരിക്കുന്നു. (പേജ് 20 ലെ ചിത്രം കാണുക) ഈ സവിശേഷതകളെല്ലാം രൂപപ്പെട്ടത് പോസിറ്റീവ് ഫീഡ്ബാക്ക് മെക്കാനിസത്തിലൂടെയാണ്.

**പോസിറ്റീവ് ഫീഡ്ബാക്ക് മെക്കാനിസം**

**(THE POSITIVE FEEDBACK MECHANISM)**

ശരീരത്തിന്റെ ഓരോ പ്രത്യേക ഭാഗത്തിന്റെയും വളർച്ചയെ സ്വാധീനിച്ച ഘടകങ്ങളെ സൂചിപ്പിക്കുന്ന ബോക്സിലേക്കാണ് അമ്പടയാളങ്ങൾ വിരൽചൂണ്ടുന്നത്.




ഒരു ബോക്സിൽ നിന്നും ദൂരേയ്ക്കു പോകുന്ന അമ്പടയാളങ്ങൾ ആ ബോക്സിൽ പറയുന്ന മാറ്റങ്ങൾ മറ്റ് പ്രവർത്തനങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് സൂചിപ്പിക്കുന്നു.

ഉദാഹരണത്തിന്, ഇരുകാലിലെ നടത്തം കുഞ്ഞുങ്ങളെയും വസ്തുക്കളെയും എടുക്കാൻ കൈകളെ സ്വതന്ത്രമാക്കുന്നു. തിരിച്ച് കൈകളുടെ കൂടുതലായ ഉപയോഗം നിവർന്നുള്ള നടത്തത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നു. അപ്പോൾ കൈകൾ വ്യത്യസ്ത ആവശ്യങ്ങൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാമെന്ന സൗകര്യത്തിന് പുറമെ നാല് കാലിലുള്ള നടത്തത്തേക്കാൾ ഊർജം കുറച്ച് മാത്രം മതിയാവുകയും ചെയ്തു. എന്നാൽ നടത്തത്തിന് പകരം ഓടുമ്പോൾ ധാരാളം ഊർജം ആവശ്യമായി വരുന്നു. ഏകദേശം 3.6 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് രണ്ട് കാലിലുള്ള നടത്തത്തിന് പരോക്ഷ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ടാൻസാനിയയിലെ ലയെറ്റോളിയിൽ നിന്ന് ലഭിച്ച ഹൊമിനിഡുകളുടെ ഫോസിൽ പാദമുദ്ര ഇതിന് തെളിവാണ്. എത്യോപ്യയിലെ ഹഡാറിൽ നിന്നും ലഭിച്ച എല്ലുകൾ ഇരുകാലിലുള്ള നടത്തയ്ക്ക് കൂടുതൽ പ്രത്യക്ഷമായ തെളിവാണ്.

ഏകദേശം 2.5 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് ഹിമയുഗത്തിന്റെ കടന്നുവരവോടെ ഭൂമിയുടെ ഭൂരിഭാഗവും മഞ്ഞ് കൊണ്ട് മൂടപ്പെടുകയും കാലാവസ്ഥയിലും സസ്യലതാദികളിലും ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു.

ഊഷ്മാവിലും മഴയിലുമുണ്ടായ കുറവ് മൂലം, വനങ്ങൾ കുറയുകയും അവിടങ്ങളിൽ പുൽമേടുകൾ വളരുകയും ചെയ്തു. തൽഫലമായി വനങ്ങളോട് ഇഴുകിക്കഴിഞ്ഞിരുന്ന ആസ്ട്രലോപിത്തേക്കസിന്റെ ആദിമരൂപങ്ങൾക്ക് വംശനാശം സംഭവിച്ചു. അവയുടെ സ്ഥാനത്ത് വരണ്ട കാലാവസ്ഥയോട് കൂടുതൽ ഇണങ്ങിയ ജീവിവർഗങ്ങൾ ആവിർഭവിച്ചു. ഇവയിൽ പ്രധാനപ്പെട്ടതായിരുന്നു ഹോമോ എന്ന ജീവജാതിയുടെ ആദിമരൂപങ്ങൾ.


സ്ത്രീകളുമുണ്ടെങ്കിലും 'പുരുഷൻ' എന്നാണ് 'ഹോമോ' എന്ന ലത്തീൻ വാക്കിന്റെ യർഥം. ശാസ്ത്രജ്ഞന്മാർ ഹോമോയെ പലതായിതിരിക്കുന്നു. അവയ്ക്കോരോന്നിനും നൽകിയിട്ടുള്ള പേരുകൾ അവയുടെ തനതായ സ്വഭാവസവിശേഷതകളിൽ നിന്ന് രൂപപ്പെട്ടുവന്നതാണ്. അതിനാൽ ഹോമോയുടെ ഫോസിലുകളെ ഹോമോഹബിലിസ് (ഉപകരണ നിർമാതാവ്) ഹോമോ ഇറക്ടസ് (നിവർന്ന മനുഷ്യൻ), ഹോമോ സാപ്പിയൻസ് (വിവേകിയായ/ചിന്തിക്കുന്ന മനുഷ്യൻ) എന്നിങ്ങനെ വേർതിരിച്ചിരിക്കുന്നു.

ഹോമോ ഹബിലിസിന്റെ ഫോസിലുകൾ എത്യോപ്യയിലെ ഒമോ, ടാൻസാനിയയിലെ ഓൾഡുവായി മലയിടുക്ക് എന്നീ സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഹോമോ ഇറക്ടസിന്റെ ആദ്യ ഫോസിലുകൾ ആഫ്രിക്കയിൽ നിന്നും

ഭൂപടം 1 (എ) : ആഫ്രിക്ക




ഭൂപടം 1 (ബി) കിഴക്കനാഫ്രിക്കൻ റിഫ്റ്റ് താഴ്‌വര



ഏഷ്യയിൽ നിന്നും (കൂബി ഫോറ, പശ്ചിമ തുർക്കാന, കെനിയ, മോഡ്ജോ കെർത്തൊ, സംഗിരം, ജാവ) ലഭിച്ചിട്ടുണ്ട്. ഏഷ്യയിൽ നിന്നും കിട്ടിയ അവശിഷ്ടങ്ങൾക്ക് ആഫ്രിക്കയിൽ നിന്ന് ലഭിച്ചതിനേക്കാൾ കാലപ്പഴക്കം കുറവാണ്. എന്തുകൊണ്ടെന്നാൽ ഹൊമിനിഡുകൾ കിഴക്കേ ആഫ്രിക്കയിൽ നിന്നും ദക്ഷിണ, ഉത്തര ആഫ്രിക്കൻ ഭാഗങ്ങളിലേക്കും തെക്കൻ ഏഷ്യയിലേക്കും, വടക്കു കിഴക്കൻ ഏഷ്യയിലേക്കും, ഒരു പക്ഷേ യൂറോപ്പിലേക്കും ഏകദേശം 2 മുതൽ 1.5 ദശലക്ഷം വർഷങ്ങൾക്കിടയിലുള്ള കാലത്ത് കുടിയേറിയവരാണ്. ഈ ജീവിവർഗം ഏകദേശം ഒരു ദശലക്ഷം വർഷങ്ങൾ അതിജീവിച്ച് നിന്നു.

ഫോസിലുകൾ ആദ്യമായി കണ്ടെത്തിയ സ്ഥലവുമായി ബന്ധപ്പെട്ടും ഫോസിലുകൾക്ക് പേര് നൽകിയിട്ടുണ്ട്. ജർമനിയിലെ ഹൈഡൽബർഗ് എന്ന സ്ഥലത്ത് നിന്നും കണ്ടെത്തിയ ഫോസിലുകളെ ഹോമോ ഹൈഡൽബർജൻസിസ് എന്ന് വിളിക്കുന്നു. നിയാണ്ടർ താഴ്വരയിൽ നിന്നും കണ്ടെത്തിയവയെ ഹോമോനിയാണ്ടർതാലൻസിസ് എന്ന ഗണത്തിലുംപെടുത്തുന്നു.

യുറോപ്പിൽ നിന്നും ലഭിച്ച ആദ്യകാല ഫോസിലുകൾ ഹോമോഹൈഡൻബർജൻസിസിന്റേതും ഹോമോ നിയാണ്ടർതാലൻസിസിന്റേതും ആയിരുന്നു. ഇവ രണ്ടും പഴയ ഹോമോ സാപ്പിയൻസ് ജീവിവർഗത്തിൽപ്പെട്ടതാണ്. ഹോമോ ഹൈഡൻബർജൻസിസിന്റെ ഫോസിലുകൾ (0.8 മുതൽ 0.1 വരെ ദശലക്ഷം വർഷങ്ങൾ മുൻപ്) ആഫ്രിക്ക, ഏഷ്യ, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്നും വ്യാപകമായി ലഭിച്ചിട്ടുണ്ട്. 1,30,000 വർഷം മുൻപ് മുതൽ 35,000 വർഷം മുൻപ് വരെയുള്ള കാലഘട്ടത്തിനിടയിലാണ് നിയാണ്ടർതാലുകൾ യൂറോപ്പ്, പശ്ചിമേഷ്യ, മധ്യേഷ്യ എന്നിവിടങ്ങളിൽ ആധിപത്യം സ്ഥാപിച്ചത്. 35,000 വർഷങ്ങൾക്ക് മുൻപ് അവ പൊടുന്നനെ പശ്ചിമ യൂറോപ്പിൽ നിന്നും അപ്രത്യക്ഷമായി.

ആസ്ട്രേലോപിത്തേക്കസുമായി താരതമ്യം ചെയ്യുമ്പോൾ ഹോമോയ്ക്ക് പൊതുവെ വലിയ തലച്ചോറും പുറത്തേക്ക് പരിമിതമായി മാത്രം ഉന്തിയ താടിയെല്ലും ചെറിയ പല്ലുകളുമാണുള്ളത്. (പേജ് 20 ലെ ചിത്രങ്ങൾ കാണുക) തലച്ചോറിന്റെ വലുപ്പത്തിലുള്ള വർധനവ് ബുദ്ധിയുടെ വർധനവിനെയും മെച്ചപ്പെട്ട ഓർമശക്തിയേയും സൂചിപ്പിക്കുന്നു. താടിയെല്ലിലും പല്ലിലുമുണ്ടായ മാറ്റങ്ങൾക്ക് ഭക്ഷണ രീതിയിലുണ്ടായ മാറ്റങ്ങളുമായി ബന്ധമുണ്ടായിരിക്കാം.

### ലോകത്തെ ജനവ്യാപനം (PEOPLING OF THE WORLD)

| എപ്പോൾ | എവിടെ | ആര് |
|---|---|---|
| 5 – 1 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | സബ് – സഹാറൻ ആഫ്രിക്ക | *ആസ്ട്രേലോപിത്തേക്കസ്, ആദിമ ഹോമോ, ഹോമോ ഇറക്ടസ്* |
| 1 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് മുതൽ 40,000 വർഷങ്ങൾ മുൻപ് വരെ | ആഫ്രിക്ക, മധ്യ അക്ഷാംശത്തിലെ ഏഷ്യയും യൂറോപ്പും | *ഹോമോ ഇറക്ടസ്, പ്രാചീന ഹോമോ സാപ്പിയൻസ്, നിയാണ്ടർതാലുകൾ, ഹോമോ സാപ്പിയൻസ് സാപ്പിയൻസ് / ആധുനിക മനുഷ്യൻ* |
| 45,000 വർഷങ്ങൾ മുൻപ് | ആസ്ട്രേലിയ | ആധുനിക മനുഷ്യൻ |
| 40,000 വർഷങ്ങൾ മുൻപ് മുതൽ ഇപ്പോൾ വരെ | ഉയർന്ന അക്ഷാംശങ്ങളിലെ യൂറോ-ഏഷ്യ-പസഫിക് ദ്വീപുകൾ. ഉത്തര, ദക്ഷിണ അമേരിക്കൻ മരുപ്രദേശങ്ങൾ, മഴക്കാടുകൾ | പിൽക്കാല നിയാണ്ടർതാലുകൾ, ആധുനിക മനുഷ്യൻ |

**പ്രവർത്തനം 2**

ലോകത്തിന്റെ രൂപരേഖയിൽ മുകളിലെ ചാർട്ടിൽ സൂചിപ്പിച്ചിട്ടുള്ള മാറ്റങ്ങൾ രേഖപ്പെടുത്തുക. നാല് കാലഘട്ടങ്ങൾ രേഖപ്പെടുത്തുന്നതിന് വ്യത്യസ്ത വർണങ്ങൾ ഉപയോഗിക്കുക. പട്ടികപ്പെടുത്തുന്ന വൻകരകളിൽ (a) യ്ക്ക് ഒരു വർണവും (b) യ്ക്ക് രണ്ട് വർണങ്ങളും (c) യ്ക്ക് രണ്ടിൽ കൂടുതൽ വർണങ്ങളും നൽകുക.
(a) ഒരു നിറം മാത്രം കാണപ്പെടുന്ന ഭൂഖണ്ഡങ്ങൾ (b) രണ്ടു നിറം കാണപ്പെടുന്നവ (c) രണ്ടിലേറെ നിറങ്ങൾ കാണപ്പെടുന്ന ഭൂഖണ്ഡങ്ങൾ എന്നിവയുടെ പട്ടിക തയാറാക്കുക.

**ആധുനിക മനുഷ്യന്റെ ആദ്യകാല ഫോസിലുകൾ (THE EARLIEST FOSSILS OF MODERN HUMANS)**

| എവിടെ | എപ്പോൾ (വർഷങ്ങൾ മുൻപ്) |
|---|---|
| **എത്യോപ്യ**<br>ഒമോ കിബിഷ് | 195,000 - 160,000 |
| **ദക്ഷിണാഫ്രിക്ക**<br>ബോർഡർ ഗുഹ,<br>ഡീ കെൽഡേർസ്,<br>ക്ലേസിസ് നദീ മുഖം | 120,000 - 50,000 |
| **മൊറോക്കോ**<br>ഡാർ എസ് സോൽത്താൻ | 70,000 - 50,000 |
| **ഇസ്രയേൽ**<br>ഖാഫ്സെ സ്ഖുൾ | 100,000 - 80,000 |
| **ആസ്ട്രേലിയ**<br>മുൻഗോ തടാകം | 45,000 - 35,000 |
| **ബോർണിയോ**<br>നിയാ ഗുഹ | 40,000 |
| **ഫ്രാൻസ്**<br>ക്രൊ മാഗ്നൻ,<br>ലെസ് ഐസീസിന് സമീപം | 35,000 |

## മനുഷ്യ പരിണാമത്തിന്റെ കഥ (The Story of Human Evolution)

### (ബി) ആധുനിക മനുഷ്യർ (Modern Human Beings)

ഈ ചാർട്ടിലേക്ക് നോക്കുമ്പോൾ ഹോമോസാപ്പിയൻസിന്റെ ചില ആദ്യകാലതെളിവുകൾ ലഭിച്ചത് ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നാണെന്ന് നിങ്ങൾക്ക് മനസ്സിലാകും. ഇത് മനുഷ്യോൽഭവത്തിന്റെ കേന്ദ്രത്തെ സംബന്ധിച്ച ചോദ്യം ഉയർത്തുന്നു. മനുഷ്യൻ ഉൽഭവിച്ചത് ഏക കേന്ദ്രത്തിലാണോ അതോ വിവിധ കേന്ദ്രങ്ങളിലായാണോ എന്നതാണ് ആ ചോദ്യം.


ആധുനിക മനുഷ്യന്റെ ഉൽഭവസ്ഥലത്തെ സംബന്ധിച്ച പ്രശ്നം ധാരാളം ചർച്ച ചെയ്തതാണ്. രണ്ട് വ്യത്യസ്താഭിപ്രായങ്ങൾ അതിൽ ഉയർന്നു വന്നിട്ടുണ്ട്. ഒന്ന് പ്രാദേശിക തുടർച്ചാ മാതൃകയ്ക്ക് (Regional Continuity Model - ഉൽഭവം വിവിധ സ്ഥലങ്ങളിലാണ്) വേണ്ടി വാദിക്കുമ്പോൾ മറ്റൊന്ന് പകരംവയ്ക്കൽ മാതൃകയ്ക്ക് (Replacement Model - ഉൽഭവം ആഫ്രിക്കയിലാണ്) വേണ്ടിയും നിലകൊള്ളുന്നു.

പ്രാദേശിക തുടർച്ചാ മാതൃകയനുസരിച്ച് പുരാതന ഹോമോസാപ്പിയൻസ് വിവിധ പ്രദേശങ്ങളിൽ ക്രമേണ രൂപം കൊള്ളുകയും വ്യത്യസ്ത കാലങ്ങളിൽ ആധുനിക മനുഷ്യരായി മാറുകയും ചെയ്തു. ഈ വ്യത്യസ്തത മൂലമാണ് ആധുനിക മനുഷ്യന്റെ ആദ്യത്തെ പ്രത്യക്ഷപ്പെടലിന് ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ വ്യത്യാസമുണ്ടായത്. ഓരോ പ്രദേശത്തെയും ഇന്നത്തെ മനുഷ്യരുടെ സവിശേഷതകളിലുള്ള വ്യത്യസ്തതകളാണ് ഈ വാദത്തിന്റെ അടിസ്ഥാനം. ഈ കാഴ്ചപ്പാടിന് വേണ്ടി വാദിക്കുന്നവരുടെ അഭിപ്രായത്തിൽ ഈ വൈജാത്യങ്ങൾ രൂപപ്പെട്ടത് ഹോമോ സാപ്പിയൻസിന് മുമ്പ് ഈ പ്രദേശങ്ങളിൽ നിലനിന്ന ഹോമോ ഇറക്ടസും ഹോമോ ഹൈഡൽബർജൻസിസും തമ്മിലുള്ള വ്യത്യാസം മൂലമാണ്.

### പകരംവയ്ക്കൽ മാതൃകയും പ്രാദേശിക തുടർച്ചാ മാതൃകയും (The Replacement and Regional Continuity Models)

പകരംവയ്ക്കൽ മാതൃക മുന്നോട്ടു വയ്ക്കുന്നത് എല്ലായിടത്തും എല്ലാ പഴയ രൂപത്തിലുള്ള മനുഷ്യരെയും പൂർണ്ണമായും മാറ്റി ആധുനിക മനുഷ്യർ പകരം വയ്ക്കപ്പെട്ടു എന്ന കാഴ്ചപ്പാടാണ്. ആധുനിക മനുഷ്യന്റെ ജനിതകവും

ശരീരശാസ്ത്രപരവുമായ ഏകാത്മകതയും ഈ കാഴ്ചപ്പാടിനുള്ള തെളിവും പിന്തുണയുമാണ്. ഈ വാദത്തെ പിന്താങ്ങുന്നവരുടെ അഭിപ്രായത്തിൽ, ആധുനിക മനുഷ്യർക്കിടയിലുള്ള പരിധിയില്ലാത്ത സാമ്യങ്ങൾ ആഫ്രിക്ക എന്ന ഒരു പ്രദേശത്ത് ജീവിച്ചിരുന്ന ജനതയിൽ നിന്ന് ആധുനിക മനുഷ്യൻ ഉത്ഭവിച്ചത് മൂലം ഉണ്ടായതാണ്. ആധുനിക മനുഷ്യന്റെ ആദ്യകാല ഫോസിലുകളും (എത്യോപ്യയിലെ ഒമോയിൽ നിന്ന് ലഭിച്ചത്) ഈ അഭിപ്രായത്തെ സാധൂകരിക്കുന്നു. ഈ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്ന പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ആധുനിക മനുഷ്യർക്കിടയിൽ കാണാൻ കഴിയുന്ന ശാരീരികമായ വ്യത്യാസങ്ങൾ ഇന്ന് അവർ അധിവസിക്കുന്ന പ്രദേശങ്ങളിലേക്ക് കുടിയേറിയ ശേഷം അവിടത്തെ പരിതസ്ഥിതിക്കനുസരിച്ച് അവരിൽ മാറ്റങ്ങൾ (ആയിരക്കണക്കിന് വർഷങ്ങൾകൊണ്ടുള്ള മാറ്റങ്ങൾ) ഉണ്ടായതിന്റെ ഫലമാണ്.



പകരംവയ്ക്കൽ മാതൃക    പ്രാദേശിക തുടർച്ചാ മാതൃക

## ആദിമ മനുഷ്യർ : ഭക്ഷണ സമ്പാദന രീതികൾ
### (Early Humans : Ways of Obtaining Food)

അസ്ഥികൂട അവശിഷ്ടങ്ങളായ തെളിവുകളെയും അവ ഉപയോഗിച്ച് വൻകരകളിലൂടെയുള്ള ജനങ്ങളുടെ യാത്രയുടെ ചരിത്രത്തെയും എങ്ങനെ പുനസൃഷ്ടിക്കാം എന്നതാണ് ഇതുവരെ നമ്മുടെ പരിഗണനയിലുണ്ടായിരുന്നത്. പക്ഷേ, അവയ്ക്ക് പുറമെ മനുഷ്യരുടെ ദൈനംദിന ജീവിതത്തിന്റെ മറ്റ് ചിലഘടകങ്ങൾ കൂടിയുണ്ട്. അവയെ എങ്ങനെ പഠന വിധേയമാക്കാം എന്ന് നോക്കാം.

ഭക്ഷ്യശേഖരണം, വേട്ടയാടൽ, മാംസാവശിഷ്ടങ്ങൾ ഭക്ഷിക്കൽ, മത്സ്യബന്ധനം തുടങ്ങിയ മാർഗങ്ങളിലൂടെയായിരുന്നു ആദ്യകാല മനുഷ്യർ ഭക്ഷണം സമ്പാദിച്ചിരുന്നത്. വിത്തുകൾ, കുരുക്കൾ, പഴങ്ങൾ, കിഴങ്ങുകൾ എന്നിവയാണ് സസ്യാഹാരങ്ങളായി ശേഖരിച്ചിരുന്നത്. ഭക്ഷ്യശേഖരണം നിലനിന്നിരുന്നു എന്നതിന് പ്രത്യക്ഷമായ തെളിവുകൾ പരിമിതമായതിനാൽ അത് പൂർണമായും സ്ഥാപിക്കപ്പെട്ടിട്ടില്ല. മറിച്ച് ചില ഊഹങ്ങളാണ് അതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നത്. ഫോസിൽ എല്ലുകൾ ധാരാളമായി ലഭിക്കുമ്പോൾത്തന്നെ ഫോസിലായ സസ്യാവശിഷ്ടങ്ങൾ താരതമ്യേന കുറവാണ്. സസ്യങ്ങളെ ഭക്ഷിച്ചിരുന്നതിനെ കുറിച്ച് വിവരം ലഭിക്കുന്നതിനുള്ള ഒരേയൊരു മാർഗം ഏതെങ്കിലും സസ്യാവശിഷ്ടങ്ങൾക്ക് യാദൃശ്ചികമായി തീപിടിക്കുക എന്നതാണ്. ഇത് കാർബണീകരണത്തിന് കാരണമാകുന്നു. കത്തിക്കരിഞ്ഞ രൂപത്തിൽ ജൈവ വസ്തുക്കളെ ദീർഘകാലം സംരക്ഷിക്കാൻ കഴിയും. പക്ഷേ, ഇതുവരെയും പുരാവസ്തുശാസ്ത്ര

ജ്ഞർ ആദിമകാലത്തെ കാർബണീകരിക്കപ്പെട്ട വിത്തുകൾക്ക് ഏറെയൊന്നും തെളിവുകൾ കണ്ടെത്തിയിട്ടില്ല.

സമീപകാലത്ത് വേട്ടയാടലിനെ സംബന്ധിച്ചും ചില ചർച്ചകൾ പണ്ഡിതന്മാർ ഉയർത്തുന്നുണ്ട്. ആദ്യകാല ഹൊമിനിഡുകൾ മാംസാവശിഷ്ടങ്ങൾ ഭക്ഷിക്കുകയോ, സ്വാഭാവികമായി ചത്തതോ അല്ലെങ്കിൽ മറ്റ് ഹിംസ്രജന്തുക്കൾ കൊന്നതോ ആയ മൃഗങ്ങളുടെ ശവത്തിൽ നിന്ന് മാംസവും മജ്ജയും അന്വേഷിച്ച് കണ്ടെത്തി ഭക്ഷിക്കുകയോ ചെയ്തിരിക്കാം എന്നാണ് അവർ അഭിപ്രായപ്പെടുന്നത്. അതുപോലെ എലിയെപ്പോലുള്ള ചെറിയ സസ്തനികൾ, പക്ഷികൾ (അവയുടെ മുട്ടകൾ), ഇഴജന്തുക്കൾ, ചിതലിനെപ്പോലുള്ള ചെറുപ്രാണികൾ എന്നിവയേയും ആദ്യകാല ഹൊമിനിഡുകൾ ഭക്ഷിച്ചിരിക്കാം.

വേട്ടയാടൽ ആരംഭിച്ചത് ഏകദേശം 500,000 വർഷങ്ങൾക്ക് മുൻപാണ്. ബോധപൂർവവും ആസൂത്രിതവുമായ മനുഷ്യന്റെ വേട്ടയ്ക്കും വലിയ സസ്തനികളെ കശാപ്പ് ചെയ്തതിനുമുള്ള ആദ്യകാല തെളിവുകൾ ലഭിക്കുന്നത് ദക്ഷിണ ഇംഗ്ലണ്ടിലെ ബോക്സ്ഗ്രോവ് (500,000 വർഷങ്ങൾ മുൻപ്), ജർമനിയിലെ സ്കോനിൻജൻ (400,000 വർഷങ്ങൾ മുൻപ്) എന്നീ രണ്ട് കേന്ദ്രങ്ങളിൽ നിന്നാണ് (ഭൂപടം 2 കാണുക). വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നും മത്സ്യത്തിന്റെ മുള്ളുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും മത്സ്യബന്ധനത്തിന് പ്രാധാന്യമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാം.

ഭൂപടം 2 : യൂറോപ്പ്




ഏകദേശം 35,000 വർഷങ്ങൾ മുൻപ് ആസൂത്രിതമായ വേട്ടയാടൽ നടന്നതിനുള്ള തെളിവുകൾ ചില യൂറോപ്യൻ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഒരു നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഡോൾനി വെസ്റ്റോണിസ് (ചെക്ക് റിപ്പബ്ലിക്കിൽ) പോലുള്ള ചില സ്ഥലങ്ങൾ ബോധപൂർവ്വം ആദിമ മനുഷ്യർ തിരഞ്ഞെടുത്തതായി മനസ്സിലാക്കാവുന്നതാണ്. ധ്രുവ മേഖലയിലെ കലമാൻ, കുതിര തുടങ്ങിയ മൃഗങ്ങൾ കൂട്ടത്തോടെ ശരത്, വസന്ത കാലങ്ങളിൽ ഈ നദി മുറിച്ച് കടക്കുകയും വൻതോതിൽ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥലങ്ങ

ളുടെ തിരഞ്ഞെടുക്കൽ സൂചിപ്പിക്കുന്നത് ഇതുവഴിയുള്ള മൃഗങ്ങളുടെ പലായനത്തെക്കുറിച്ച് ആദിമ മനുഷ്യർക്ക് അറിയാമായിരുന്നു എന്നാണ്. മാത്രമല്ല ദ്രുതഗതിയിൽ വൻതോതിൽ മൃഗങ്ങളെ കൊല്ലാനുള്ള മാർഗവും അവർക്കറിയാമായിരുന്നു.

ഭക്ഷ്യശേഖരണം, മാംസാവശിഷ്ടങ്ങൾ ഭക്ഷിക്കൽ, വേട്ടയാടൽ, മത്സ്യബന്ധനം എന്നിവയിലെല്ലാം സ്ത്രീക്കും പുരുഷനും വ്യത്യസ്ത പങ്കാണോ ഉണ്ടായിരുന്നത്? നമുക്കത് കൃത്യമായി അറിഞ്ഞുകൂടാ. ഇന്ന് വേട്ടയാടൽ, ഭക്ഷ്യശേഖരണം എന്നിവ നിലനിൽക്കുന്ന സമൂഹങ്ങളിൽ സ്ത്രീയും പുരുഷനും വ്യത്യസ്ത പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. പക്ഷേ, അതിനെ ഭൂതകാലത്തോട് സാമ്യപ്പെടുത്താൻ എപ്പോഴും കഴിയില്ലായെന്ന് നമ്മൾ ഈ അധ്യായത്തിന്റെ അവസാനം മനസ്സിലാക്കും.

## ആദിമ മനുഷ്യർ (Early Humans)

### മരങ്ങളിൽ നിന്ന് ഗുഹകളിലേക്ക്, പിന്നീട് തുറന്ന സ്ഥലങ്ങളിലേക്ക് (From Trees, to Caves and Open-air Sites)

*ഇടതുഭാഗത്ത് : ഒലോർഗിസൈലിയെ എന്ന സ്ഥലം. നിരീക്ഷകർക്കുപയോഗിക്കുന്നതിനായി അവിടെ ഉൽഖനനം നടത്തിയ മേരിയും ലൂയി ലീക്കേയും ആ സൈറ്റിനു ചുറ്റും ഒരു ഇടുങ്ങിയ നടപ്പാത നിർമിച്ചിരുന്നു.*
*വലതുഭാഗത്ത് : ഈ സൈറ്റിൽ കണ്ടെത്തിയ കൈമഴു അടക്കമുള്ള ഉപകരണങ്ങളുടെ ചിത്രം.*

വാസസ്ഥലത്തിന്റെ രീതിയെ സംബന്ധിച്ച തെളിവുകൾ പുനസൃഷ്ടിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ നമുക്ക് ഉറപ്പുണ്ട്. അതിനുള്ള ഒരു വഴി ആദിമ മനുഷ്യരുടെ വിവിധ സ്ഥലങ്ങളിലെ ശേഷിപ്പുകൾ കണ്ടെടുക്കുക എന്നതാണ്. ഉദാഹരണത്തിന്, ആയിരക്കണക്കിന് കൽപ്പാളി ഉപകരണങ്ങളും കൈക്കോടാലികളും, കിലൊംബെ, ഒലോർഗെസൈലി (കെനിയ) എന്നിവിടങ്ങളിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെടുക്കപ്പെട്ടവയ്ക്ക് 700,000 മുതൽ 500,000 വരെ വർഷങ്ങളുടെ പഴക്കമുണ്ട്.







ഈ ഉപകരണങ്ങളെല്ലാം ഒരു സ്ഥലത്ത് എങ്ങനെയാണ് കേന്ദ്രികരിക്കപ്പെട്ടത്? ഭക്ഷ്യ വിഭവങ്ങൾ യഥേഷ്ടം ലഭിക്കുന്ന ചില സ്ഥലങ്ങളിലാണ് മനുഷ്യർ ആവർത്തിച്ച് സന്ദർശിച്ചിട്ടുണ്ടാവുക. അത്തരം സ്ഥലങ്ങളിൽ ജനങ്ങൾ അവരുടെ സാന്നിധ്യത്തിന്റെയും പ്രവർത്തനങ്ങളുടെയും തെളിവുകൾ അവശേഷിപ്പിച്ചിട്ടുണ്ടായിരിക്കും. ഭൂമിയിൽ നിക്ഷേപിക്കപ്പെട്ട അത്തരം വസ്തുക്കൾ (artefacts) ഭൂമിയുടെ ഉപരിതലത്തിൽ തുണ്ടുകൾ പോലെ പ്രത്യക്ഷപ്പെടും. മനുഷ്യർ താരതമ്യേന കുറച്ച് സന്ദർശിച്ച സ്ഥലങ്ങളിൽ വളരെക്കുറച്ച് വസ്തുക്കൾ മാത്രമേ ഉപരിതലത്തിൽ ചിതറികിടപ്പുള്ളൂ.

മനുഷ്യ നിർമ്മിതമായ പുരാവസ്തുക്കളെയാണ് ആർടിഫാക്ട്സ് (Artefacts) എന്നു വിളിക്കുന്നത്. ഉപകരണങ്ങൾ, ചിത്രങ്ങൾ, ശില്പങ്ങൾ, മുദ്രണങ്ങൾ മുതലായ അനവധി രൂപങ്ങളിൽ ഇവ കാണാം.

ഒരേ സ്ഥലങ്ങൾ തന്നെ ഹൊമിനിഡുകൾക്കും, മറ്റ് പ്രിമേറ്റുകൾക്കും, മാംസഭുക്കുകൾക്കും പങ്കുവയ്ക്കാൻ കഴിഞ്ഞിരുന്നു എന്നതും പ്രാധാന്യത്തോടെ ഓർക്കേണ്ടതാണ്. ഇതെങ്ങനെയാണ് പ്രവർത്തിച്ചതെന്നറിയാൻ താഴെത്തന്നിട്ടുള്ള ചിത്രം നോക്കുക.




*ഹോമോ ഹബിലിസുകൾ മിക്കവാറും ഇരയുടെ സിംഹഭാഗവും അതിനെ പിടിച്ചിടത്തുവച്ചു തന്നെ ഭക്ഷിക്കുകയും, വ്യത്യസ്ത ഇടങ്ങളിൽ ഉറങ്ങുകയും ഏറിയസമയവും മരങ്ങളിൽ ചെലവഴിക്കുകയും ചെയ്തു എന്ന് പുരാവസ്തു ശാസ്ത്രജ്ഞർ പറയുന്നു. അസ്ഥികൾ ഈ സ്ഥലത്തേക്ക് എങ്ങനെ എത്തിച്ചേർന്നു? കല്ലുകൾ എങ്ങനെ ഇവിടെയെത്തി? അസ്ഥികൾ മാറ്റം കൂടാതെ അവശേഷിച്ചിട്ടുണ്ടാകുമോ?*



*ടെറാ അമാറ്റയിലെ ഒരു കുടിലിന്റെ പുനർനിർമിതിയാണിത്. കുടിലിന്റെ വശങ്ങളെ താങ്ങിനിർത്തുന്നത് വലിയ കൽപ്പാളികളാണ്. ആളുകൾ കല്ലുപകരണങ്ങൾ നിർമ്മിച്ചിടങ്ങളിലാണ് ചെറിയ കല്ലിന്റെ അവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്നത്. അമ്പടയാളം കാണിച്ചിരിക്കുന്ന കറുത്ത ബിന്ദുവിൽ നെരിപ്പോട് ഉണ്ടായിരുന്നു. മരങ്ങളിൽ ജീവിച്ചിരുന്ന ഹൊമിനിഡുകളുടേതിൽ നിന്ന് ഇവരുടെ ജീവിതം എങ്ങനെ വ്യത്യാസപ്പെട്ടിരുന്നു എന്നാണ് നിങ്ങൾ കരുതുന്നത്?*

400,000 വർഷങ്ങൾക്ക് മുൻപ് മുതൽ 125,000 വർഷങ്ങൾക്ക് മുൻപ് വരെ ഗുഹകളും തുറന്ന സ്ഥലങ്ങളും ഉപയോഗിക്കാൻ തുടങ്ങി. ഇതിനുള്ള തെളിവുകൾ യൂറോപ്പിലെ ഉൽഖനന സ്ഥലങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. ദക്ഷിണ ഫ്രാൻസിലെ ലസാരറ്റ് ഗുഹയിൽ ഗുഹാഭിത്തിക്ക് എതിരായി 12 x 4 മീറ്റർ വലുപ്പമുള്ള ഒരു വാസസ്ഥലം നിർമ്മിക്കപ്പെട്ടിരുന്നു. അതിനുള്ളിൽ നിന്ന് രണ്ട് നെരിപ്പോടുകളും പഴങ്ങൾ, പച്ചക്കറികൾ, വിത്തുകൾ, കുരുക്കൾ, പക്ഷികളുടെ മുട്ടകൾ, ശുദ്ധജല മത്സ്യങ്ങൾ എന്നീ ഭക്ഷണ സാധനങ്ങളുടെ അവശിഷ്ട തെളിവുകളും ലഭിച്ചിട്ടുണ്ട്. ദക്ഷിണ ഫ്രാൻസിൽ സമുദ്ര തീരത്തെ മറ്റൊരു കേന്ദ്രമായ ടെറാ അമാറ്റയിൽ പുല്ലുകളും തടിയും കൊണ്ടുണ്ടാക്കിയ മേൽക്കൂരകളുള്ള ബലഹീനമായ വാസസ്ഥലങ്ങൾ കാണാൻ കഴിയും. ഇവ ഹ്രസ്വകാലത്തേക്കുള്ളതും ഒരു പ്രത്യേക സീസണിൽ സന്ദർശിക്കാനുള്ളതുമായിരുന്നു.

ചുട്ട കളിമണ്ണിന്റെയും വെന്ത എല്ലിന്റെയും കഷണങ്ങൾ 1.4 മുതൽ 1 ദശലക്ഷം വരെ വർഷങ്ങൾ പഴക്കമുള്ള ശിലായുധങ്ങളോടൊപ്പം ദക്ഷിണാഫ്രിക്കയിലെ സ്വർത്ക്രാൻസ്, കെനിയയിലെ ചെസോവാഞ്ജ എന്നിവിടങ്ങളിൽ

നിന്നും കണ്ടെത്തിയിട്ടുണ്ട്. ഇവയൊക്കെ കാട്ടുതീയുടെയോ അഗ്നിപർവത സ്ഫോടനത്തിന്റെയോ ഫലമാണോ? അതോ ഇവ ബോധപൂർവവും നിയന്ത്രിതവുമായ തീയുടെ ഉപയോഗത്തിലൂടെ ഉൽപ്പാദിപ്പിക്കപ്പെട്ടതാണോ എന്നു നമുക്കറിഞ്ഞുകൂട.

നെരിപ്പോടുകൾ നേരേ മറിച്ച് നിയന്ത്രിതമായ തീയുടെ ഉപയോഗത്തിനുള്ള സൂചനയാണ്. ഇതിന് നിരവധി നേട്ടങ്ങളുണ്ട്. തീ ഗുഹയ്ക്കുള്ളിൽ ചൂടും വെളിച്ചവും നൽകി. പാചകത്തിനും തീ ഉപയോഗിക്കാം. മാത്രമല്ല, കുന്തത്തിന്റെ മുന കൂട്ടാൻ എന്നപോലെ തടിയുടെ കട്ടികൂട്ടാനും തീ ഉപയോഗിച്ചിരുന്നു. ചൂട് ഉപയോഗിച്ച് ഉപകരണങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യാം. അപകടകാരികളായ മൃഗങ്ങളെ ഭയപ്പെടുത്തിയോടിക്കാനും തീ ഉപയോഗിക്കാവുന്നതാണ്.

## ആദിമ മനുഷ്യർ: ഉപകരണങ്ങൾ നിർമ്മിക്കുന്നു (Early Humans : Making Tools)



ഉപകരണങ്ങളുടെ നിർമ്മാണവും ഉപയോഗവും മനുഷ്യരുടെ ഇടയിൽ മാത്രമല്ല ഒതുങ്ങിനിന്നത് എന്നകാര്യം ഓർമ്മയിലിരിക്കുന്നത് നന്നായിരിക്കും. പക്ഷികൾക്ക് ഭക്ഷണം തേടാനും ശുചിത്വത്തിനും ഏറ്റുമുട്ടലുകൾക്ക് സഹായിക്കുന്ന ഉപകരണങ്ങൾ നിർമ്മിക്കാനും അറിയാമായിരുന്നു. ഭക്ഷണം തേടി നടക്കുമ്പോൾ ചിമ്പൻസികൾ അവർ നിർമ്മിച്ച ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു.



എന്നിരുന്നാലും മനുഷ്യരുടെ ഉപകരണ നിർമ്മാണത്തിന്റെ ചില സവിശേഷതകൾ ആൾക്കുരങ്ങുകൾക്ക് അറിഞ്ഞുകൂടായിരുന്നു. നമ്മൾ നേരത്തേ കണ്ടതുപോലെ ശരീരശാസ്ത്രപരവും നാഡീവ്യൂഹ സംബന്ധിയുമായി പരിതസ്ഥിതിക്കനുയോജ്യമായുണ്ടായ ചില മാറ്റങ്ങൾ കൈകളുടെ വിദഗ്ധമായ ഉപയോഗത്തിന് കാരണമായി. മനുഷ്യജീവിതത്തിൽ ഉപകരണങ്ങളുടെ ഉപയോഗത്തിനുള്ള വലിയ പങ്കാണ് ഇതിലേക്ക് നയിച്ചത്. മാത്രമല്ല മനുഷ്യർ ഉപകരണങ്ങൾ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന രീതിക്ക് വൻതോതിൽ ഓർമ്മശക്തിയും സങ്കീർണമായ സംഘാടന വൈദഗ്ധ്യവും ആവശ്യമാണ്. ഇവ രണ്ടും ആൾക്കുരങ്ങുകളിലില്ല.

*ചില ആദിമ ഉപകരണങ്ങൾ. ഒൾഡുവായിയിലാണ് ഈ ഉപകരണങ്ങൾ കണ്ടെത്തിയത്. മുകളിൽ കാണുന്നത് വെട്ടാൻ ഉപയോഗിക്കുന്ന കല്ലുപകരണമാണ് (Chopper). ഒരു വലിയ കല്ലിൽ നിന്ന് കുറച്ചുഭാഗം അടർത്തിക്കളഞ്ഞ് മൂർച്ചയുള്ള അഗ്രം രൂപീകരിച്ചാണ് ഇത് നിർമ്മിക്കുന്നത്. താഴെ കാണുന്നത് ഒരു കൈമഴുവാണ്. ഈ ഉപകരണങ്ങൾ എന്ത് ആവശ്യത്തിന് ഉപയോഗിച്ചിരിക്കാം എന്ന് ഊഹിക്കാമോ?*

ശിലകൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണത്തിനും ഉപയോഗത്തിനുമുള്ള ആദ്യകാലതെളിവുകൾ ലഭിക്കുന്നത് കെനിയ, എത്യോപ്യ എന്നിവിടങ്ങളിലെ ഉൽഖനന സ്ഥലങ്ങളിൽ നിന്നാണ് (ഭൂപടം 1 കാണുക). ആദ്യത്തെ ശിലായുപകരണ നിർമ്മാതാക്കൾ ആസ്ട്രലോപിത്തേക്കസ് ആയിരുന്നു.

മറ്റ് പ്രവർത്തനങ്ങൾ പോലെ തന്നെ ഉപകരണങ്ങളുടെ നിർമ്മാണവും നടത്തിയത് പുരുഷന്മാരാണോ അതോ സ്ത്രീകളാണോ അതോ രണ്ടു പേരും ചേർന്നാണോ എന്ന് നമുക്കറിയില്ല. ശിലകൊണ്ടുള്ള ഉപകരണങ്ങൾ സ്ത്രീകളും പുരുഷന്മാരും ചേർന്ന് നിർമിച്ചിരിക്കാനാണ് സാധ്യത. തങ്ങൾക്ക് ഭക്ഷണം നേടാനും മുലകുടി മാറിയ കുഞ്ഞുങ്ങൾക്കുള്ള ഭക്ഷണം തേടാനുമുള്ള ഉപകരണങ്ങളായിരിക്കാം സ്ത്രീകൾ നിർമിച്ചിട്ടുണ്ടാവുക.


ഏകദേശം 35,000 വർഷങ്ങൾ മുൻപ് മൃഗങ്ങളെ കൊല്ലുന്ന തന്ത്രങ്ങളിൽ മെച്ചപ്പെടുത്തലുകളുണ്ടായി. കുന്തം, അമ്പ്, വില്ല് എന്നീ നൂതനായുധങ്ങൾ ഇത് വ്യക്തമാക്കുന്നു. അപ്രകാരം ലഭിക്കുന്ന മാംസത്തെ എല്ല് മാറ്റിയും ഉണക്കിയും പുകയേൽപ്പിച്ചും സംഭരിക്കുന്നു. അങ്ങനെ ഭക്ഷണത്തെ പിന്നീടുള്ള ഉപയോഗത്തിനായി സൂക്ഷിക്കാൻ കഴിഞ്ഞു.



*ഒരു സ്പിയർ ത്രോവർ (കുന്തം - എറിയുന്നതിനുള്ള ലഘു ഉപകരണം). സ്പിയർ ത്രോവറിന്റെ പിടിയിലെ കൊത്തുപണി ശ്രദ്ധിക്കു. കൂടുതൽ ദൂരത്തിലും ശക്തിയിലും കുന്തം പായിക്കാൻ ഈ ഉപകരണം വേട്ടക്കാരെ സഹായിച്ചു. ഇത്തരം ഉപകരണങ്ങളുടെ ഉപയോഗം മൂലമുള്ള നേട്ടങ്ങൾ കണ്ടെത്താമോ?*

മറ്റ് ചില മാറ്റങ്ങളും ഈ കാലത്തുണ്ടായി. രോമങ്ങളുള്ള മൃഗങ്ങളെ കെണിയിൽ വീഴ്ത്തൽ (വസ്ത്ര നിർമാണത്തിന് രോമം ഉപയോഗിക്കാൻ), തുന്നൽ സൂചിയുടെ കണ്ടുപിടിത്തം എന്നിവയായിരുന്നു അവ. തുന്നിയ വസ്ത്രത്തെക്കുറിച്ച് ലഭിച്ച ആദ്യത്തെ തെളിവ് ഏകദേശം 21,000 വർഷങ്ങൾക്ക് മുൻപുള്ള കാലത്തേതാണ്. ചെറിയ ഉളിപോലുള്ള ഉപകരണങ്ങളുടെ നിർമാണത്തിനായി കല്ല് കുത്തിത്തുളയ്ക്കുന്ന സാങ്കേതികവിദ്യ കടന്നു വന്നതോടെ എല്ലുകൾ, മാൻകൊമ്പ്, ആനക്കൊമ്പ്, തടി എന്നിവയിൽ കൊത്തുപണികൾ ചെയ്യാൻ കഴിഞ്ഞു.

**പഞ്ച് ബ്ലേഡ് സാങ്കേതിക രീതി**
**(THE PUNCH BLADE TECHNIQUE)**




*(a) ഒരു ചുറ്റികക്കല്ലുപയോഗിച്ച് വലിയൊരു ഉരുളൻകല്ലിന്റെ മേൽഭാഗം തട്ടിക്കളയുന്നു.*
*(b) അപ്പോൾ അവിടെ സ്ട്രൈക്കിങ്ങ് പ്ലാറ്റ്ഫോം എന്നു വിളിക്കപ്പെടുന്ന ഒരു പരന്ന പ്രതലം രൂപപ്പെടുന്നു.*
*(c) തുടർന്ന് അസ്ഥിയോ മാൻകൊമ്പോ കൊണ്ടു നിർമിച്ച ഒരു ചുറ്റികയും ഉളിയും ഉപയോഗിച്ച് അതിന്റെ അരികുകൾ തട്ടിക്കളയുന്നു.*
*(d) അങ്ങനെ കത്തിയായി ഉപയോഗിക്കാവുന്ന ബ്ലേഡുകൾ രൂപം കൊള്ളുന്നു. തടി, ആനക്കൊമ്പ്, മാൻകൊമ്പ് എന്നിവയിൽ കൊത്തുന്നതിനുള്ള കല്ലുളികളോ കൊത്തുളികളോ ആയി ഇവയെ മാറ്റാവുന്നതാണ്.*
*(e) എല്ലിൽ കൊത്തുപണി നടത്തുന്നതിന്റെ ഒരുദാഹരണം. അതിൽ മൃഗങ്ങളുടെ ചിത്രങ്ങൾ കൊത്തിയിരിക്കുന്നതു ശ്രദ്ധിക്കുക.*

## ആശയവിനിമയ രീതികൾ : ഭാഷയും കലയും (Modes of Communication : Language and Art)

ജീവജാലങ്ങളുടെ ഇടയിൽ മനുഷ്യന് മാത്രമാണ് ഒരു സംസാരഭാഷയുള്ളത്. ഭാഷയുടെ വികസനത്തെ സംബന്ധിച്ച് നിരവധി കാഴ്ചപ്പാടുകൾ നിലനിൽക്കുന്നുണ്ട്: (1) ഹോമിനിഡ് ഭാഷയിൽ ആംഗ്യങ്ങളും കൈച്ചലനങ്ങളും ഉൾപ്പെട്ടിരുന്നു: (2) സംസാരഭാഷയ്ക്ക് മുൻപായി വാക്കുകളില്ലാത്ത ആലാപനം പോലെയും ഹമ്മിംഗ് പോലെയുമുള്ള ശബ്ദ ഭാഷ നിലനിന്നിരുന്നു: (3) പ്രൈമേറ്റുകൾ പുറപ്പെടുവിച്ചിരുന്ന ശബ്ദങ്ങളിൽ നിന്നുമാകാം മനുഷ്യഭാഷ ഉത്ഭവിച്ചത്. ആദ്യഘട്ടത്തിൽ മനുഷ്യർ കുറച്ച് സംസാര ശബ്ദങ്ങൾ വശത്താക്കിയിരുന്നിട്ടുണ്ടാകാം. അതാണ് ക്രമേണ ഭാഷയായി വികസിച്ചിട്ടുണ്ടാവുക.

സംസാര ഭാഷ എപ്പോഴാണ് ആവിർഭവിച്ചത്? ഹോമോ ഹബിലിസിന്റെ തലച്ചോറിനുണ്ടായിരുന്ന ചില സവിശേഷതകളാകാം സംസാരം സാധ്യമാക്കിയത്. അങ്ങനെ ഏകദേശം 2 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് ഭാഷ ആവിർഭവിച്ചിട്ടുണ്ടാകാം. സ്വനപേടകത്തിന്റെ (Vocal tract) പരിണാമവും തുല്യപ്രാധാന്യമുള്ള കാര്യമാണ്. അത് ഏകദേശം 200,000 വർഷങ്ങൾക്ക് മുൻപാണ് സംഭവിച്ചത്. അത് കൂടുതലും ആധുനിക മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഏകദേശം 40,000 - 35,000 വർഷങ്ങൾ മുൻപ് കല വികസിച്ച അതേ കാലഘട്ടത്തിൽ ഭാഷ വികസിച്ചുവെന്നതാണ് മൂന്നാമത്തെ നിർദേശം. സംസാരഭാഷയുടെ വളർച്ചയ്ക്ക് കലയുമായി അടുത്ത ബന്ധമുണ്ട്. കാരണം രണ്ടും ആശയവിനിമയത്തിന് ഉപയോഗിക്കുന്ന മാധ്യമങ്ങളാണ്.

### അൾട്ടാമിറയിലെ ഗുഹാചിത്രങ്ങൾ (Cave Paintings at Altamira)

സ്പെയിനിലെ ഒരു ഗുഹയാണ് അൾട്ടാമിറ. 1879 നവംബറിൽ ഒരു പ്രാദേശിക ഭൂവുടമയും അമച്വർ പുരാവസ്തു ഗവേഷകനുമായ മാർസെലിനൊ സാൻസ് ഡി സൗതുഓളയുടെ മകൾ മരിയയാണ് ഗുഹയുടെ മേൽക്കൂരയിലെ ചിത്രങ്ങൾ ആദ്യമായി മാർസെലിനോയുടെ തന്നെ ശ്രദ്ധയിൽ കൊണ്ടുവന്നത്. തന്റെ പിതാവ് ഗുഹയുടെ തറയിൽ ഉൽഖനനം നടത്തുമ്പോൾ ഗുഹാമുഖത്ത് ഓടിക്കളിക്കുകയായിരുന്നു ആ പെൺകുട്ടി. പെട്ടെന്ന് അവളുടെ ശ്രദ്ധ മേൽക്കൂരയിലെ ചിത്രത്തിൽ പതിഞ്ഞു. 'പപ്പാ നോക്കൂ കാളകൾ!' ആദ്യം അവളുടെ പിതാവ് ചിരിച്ചെങ്കിലും പെയിന്റിന് പകരം എന്തോ കുഴമ്പ് ചിത്രീകരണത്തിനുപയോഗിച്ചിട്ടുള്ളതായി ആദ്ദേഹം മനസ്സിലാക്കി. പെട്ടെന്നുള്ള ഉല്ലാസത്താൽ ആദ്ദേഹത്തിന് കുറച്ച് നേരത്തേക്ക് ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. അടുത്തവർഷം അദ്ദേഹം ഒരു ബുക്ക്ലെറ്റ് പ്രസിദ്ധീകരിച്ചു. പക്ഷെ അടുത്ത രണ്ട് പതിറ്റാണ്ടോളം അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളെ യൂറോപ്യൻ പുരാവസ്തു ശാസ്ത്രജ്ഞർ അംഗീകരിച്ചില്ല. ആ ചിത്രങ്ങൾ പുരാതനമാകാൻ സാധ്യതയില്ലാത്തവിധം മികച്ചവയാണ് എന്നാണവർ കരുതിയത്.



*വടക്കൻ സ്പെയിനിലെ അൾട്ടാമിറയിൽ കാണുന്ന ഒരു കാട്ടുപോത്തിന്റെ ചിത്രം.*

നൂറ് കണക്കിന് മൃഗങ്ങളുടെ ചിത്രങ്ങൾ (30,000 മുതൽ 12,000 വരെ വർഷങ്ങൾ മുൻപ് വരച്ചത്) ഫ്രാൻസിലെ ലസ്കോ (Lascaux), ഷോവെ (Chauvet) ഗുഹകളിൽ നിന്നും സ്പെയിനിലെ ആൾട്ടാമിറ (Altamira) ഗുഹയിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. കാട്ടുപോത്ത്, കുതിരകൾ, മലയാട്, മാൻ, മാമത്തുകൾ, കാണ്ടാമൃഗം, സിംഹങ്ങൾ, കരടി, പുള്ളിപ്പുലി, കഴുതപ്പുലി, മൂങ്ങ എന്നിവയുടെ ചിത്രങ്ങളാണ് ഇവയിലുൾപ്പെട്ടിട്ടുള്ളത്.

ഈ ചിത്രങ്ങളെ സംബന്ധിച്ച് ഉത്തരങ്ങളേക്കാൾ കൂടുതൽ ചോദ്യങ്ങളാണ് ഉയർന്നു വന്നിട്ടുള്ളത്. ഉദാഹരണത്തിന്, എന്തുകൊണ്ടാണ് ഗുഹകളുടെ ചില ഭാഗങ്ങളിൽ മാത്രം ചിത്രങ്ങൾ വരയ്ക്കുകയും മറ്റ് ഭാഗങ്ങളിൽ വരയ്ക്കാതിരിക്കുകയും ചെയ്തത്? എന്തു കൊണ്ടാണ് ചില മൃഗങ്ങളെ മാത്രം വരയ്ക്കുകയും മറ്റുള്ളവയെ വരയ്ക്കാതിരിക്കുകയും ചെയ്തത്? എന്തുകൊണ്ടാണ് പുരുഷന്മാരെ ഒറ്റയ്ക്കും സംഘങ്ങളായും ചിത്രീകരിച്ചത്? അതേ സമയം സ്ത്രീകളെ സംഘങ്ങളായി മാത്രമാണല്ലോ ചിത്രീകരിച്ചിട്ടുള്ളത്? എന്തുകൊണ്ടാണ് പുരുഷന്മാരെ മാത്രം മൃഗങ്ങളുടെ സമീപത്തായി ചിത്രീകരിച്ചതും സ്ത്രീകളെ അങ്ങനെ ചിത്രീകരിക്കാത്തതും? ഗുഹകളിൽ ശബ്ദം നന്നായി കടന്നു വരുന്ന സ്ഥലങ്ങളിൽ മാത്രം മൃഗങ്ങളുടെ സംഘങ്ങളെ വരച്ചതെന്തുകൊണ്ട്?

ഇവയ്ക്ക് നിരവധി വിശദീകരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. വേട്ടയ്ക്കുണ്ടായിരുന്ന പ്രാധാന്യം മൂലം മൃഗങ്ങളുടെ ചിത്രങ്ങളെ അനുഷ്ഠാനങ്ങളും മാന്ത്രികതയുമായി ബന്ധപ്പെടുത്തി ചിത്രീകരിച്ചു എന്നതാണ് ഒരു വിശദീകരണം. വിജയകരമായ ഒരു വേട്ടയെ ഉറപ്പാക്കുന്നതിനുള്ള അനുഷ്ഠാനമായിരുന്നിരിക്കാം ചിലപ്പോൾ ചിത്രം വരയ്ക്കൽ. ഈ ഗുഹകൾ ചെറു സംഘങ്ങളുടെ കൂടിക്കാഴ്ചാ കേന്ദ്രമോ സംഘപ്രവർത്തനങ്ങളുടെ കേന്ദ്രമോ ആയിരുന്നിരിക്കാം എന്നതാണ് മറ്റൊരു വിശദീകരണം. ഈ സംഘങ്ങൾ വേട്ടയുടെ തന്ത്രങ്ങളും അറിവും പങ്കുവച്ചിരുന്നിരിക്കാം. ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്ക് അറിവുകളും തന്ത്രങ്ങളും കൈമാറാനുള്ള മാധ്യമമായി ഈ ചിത്രങ്ങളും കൊത്തു പണികളും മാറുകയുണ്ടായി.

ആദിമ സമൂഹത്തെക്കുറിച്ച് മുകളിൽ നൽകിയ വിവരങ്ങളെല്ലാം പുരാവസ്തു തെളിവുകളുടെ അടിസ്ഥാനത്തിലുള്ളതാണ്. പക്ഷെ വലിയൊരളവോളം കാര്യങ്ങൾ നമുക്കിപ്പോഴും വ്യക്തമായി അറിഞ്ഞുകൂടാ. ഈ അധ്യായത്തിന്റെ ആദ്യം പരാമർശിച്ചതുപോലെ വേട്ടയാടൽ-ശേഖരണ സമൂഹങ്ങൾ ഇന്നും നിലനിൽക്കുന്നു. ഇന്നത്തെ വേട്ടയാടൽ-ശേഖരണ സമൂഹത്തിൽ നിന്നും ഒരാൾക്ക് ഭൂതകാലത്തെക്കുറിച്ച് പഠിക്കാൻ കഴിയുമോ? ഈ ചോദ്യമാണ് അടുത്ത ഭാഗത്ത് നമ്മൾ ചർച്ച ചെയ്യുന്നത്.

## ആഫ്രിക്കയിലെ വേട്ടയാടൽ-ശേഖരണ ജനതയുമായുള്ള ആദ്യകാല ഏറ്റുമുട്ടലുകൾ

## (Early Encounters with Hunter-Gatherers in Africa)

കലഹാരി മരുഭൂമിയിൽ ജീവിച്ചിരുന്ന കുങ്സാൻ എന്ന ഒരു വേട്ടയാടൽ - ശേഖരണ സമൂഹവുമായി 1870 ൽ തനിക്കുണ്ടായിരുന്ന ബന്ധത്തെകുറിച്ച് ഒരു ആഫ്രിക്കൻ ഇടയ സംഘത്തിലെ അംഗം നൽകുന്ന വിവരണമാണ് തന്നിട്ടുള്ളത്.

ഈ പ്രദേശത്ത് ആദ്യമായി വരുമ്പോൾ, ഞങ്ങൾ ഇവിടെ കണ്ടത് മണലിലെ അപരിചിതമായ കാൽപ്പാടുകൾ മാത്രമായിരുന്നു. ഇത് എന്ത് തരം ആളുകളാണെന്ന് നമ്മൾ അത്ഭുതപ്പെട്ടുപോയി. നമ്മളെക്കണ്ട് ഭയന്ന അവർ ഒളിച്ചിരിക്കുകയായിരിക്കാം. നമ്മൾ അവരുടെ ഗ്രാമങ്ങൾ കണ്ടെത്തിയെങ്കിലും അവ ശൂന്യമായിരുന്നു. എന്തുകൊണ്ടെന്നാൽ ചില അപരിചിതർ കടന്നുവരുന്നത് കണ്ടതോടെ അവർ ചിതറിപ്പോവുകയും കുറ്റിച്ചെടികളുടെ ഇടയിൽ മറയുകയും ചെയ്തിരിക്കാം. അപ്പോൾ നമ്മൾ പറഞ്ഞു: 'ഓ, ഇത് കൊള്ളാം; ഇവർ നമ്മളെകണ്ട് ഭയന്നിരിക്കുന്നു. അവർ ദുർബലരാണ് അതിനാൽ നമുക്ക് എളുപ്പത്തിൽ അവരെ ഭരിക്കാൻ കഴിയും. അങ്ങനെ നമ്മൾ അവരെ ഭരിച്ചു. യുദ്ധമോ കൊലപാതകങ്ങളോ ഒന്നുമുണ്ടായില്ല.

വേട്ടയാടൽ-ശേഖരണ സമൂഹവുമായുള്ള ഏറ്റുമുട്ടലുകളെകുറിച്ച് എട്ട്, ഒൻപത് പ്രമേയങ്ങളിൽ നിങ്ങൾ കൂടുതൽ മനസ്സിലാക്കും.

മനുഷ്യ പരിണാമവുമായി ബന്ധപ്പെട്ട വംശങ്ങളേയും മനുഷ്യ സംസ്കാരത്തേയും കുറിച്ച് പഠിക്കുന്ന വിജ്ഞാന ശാഖയാണ് നരവംശ ശാസ്ത്രം. (Anthropology)

## ഹഡ്സ (The Hadza)

'ഭ്രംശ താഴ്‌വരയിലെ ഉപ്പുതടാകമായ എയാസിയുടെ സമീപത്ത് ജീവിച്ചിരുന്ന വേട്ടയാടൽ - ശേഖരണ സമൂഹമായിരുന്നു ഹഡ്സ എന്ന ചെറിയ ജനവിഭാഗം. കിഴക്കൻ പ്രദേശത്തെ ഹഡ്സകളുടെ രാജ്യം, വരണ്ട പാറകളും പുൽമേടുകളുമുള്ള, മുള്ളുള്ള കുറ്റിച്ചെടികളും അക്കേഷ്യ മരങ്ങളും നിറഞ്ഞ... വന വിഭവങ്ങളാൽ സമ്പന്നമായ പ്രദേശമായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇവിടെ മൃഗങ്ങൾ ഏറെ സാധാരണവും വളരെ അധികവുമായിരുന്നു. ആന, കാണ്ടാമൃഗം, കാള, ജിറാഫ്, സീബ്ര, മാൻ, ചെറുമാൻ, പന്നി, കുരങ്ങ്, സിംഹം,പുള്ളിപ്പുലി, കഴുതപ്പുലി തുടങ്ങിയവയും ചെറു മൃഗങ്ങളായ മുള്ളൻപന്നി, മുയൽ, കുറുക്കൻ ആമ തുടങ്ങിയവയും സാധാരണമായിരുന്നു. ഈ മൃഗങ്ങളിൽ ആന ഒഴികെ എല്ലാത്തിനെയും ഹഡ്സ ജനവിഭാഗം വേട്ടയാടുകയും ഭക്ഷിക്കുകയും ചെയ്തു. ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെ ഭാവിയെ അപകടപ്പെടുത്താതെ ദിവസേന തിന്നാവുന്ന മാംസത്തിന്റെ ലഭ്യത ലോകത്തെ മറ്റേതുഭാഗത്തേക്കാളും ഇവിടെ കൂടുതലായിരുന്നു.

സസ്യ ഭഷണം - വേരുകൾ, ബെറിപ്പഴങ്ങൾ, ബവൊബാബ് മരത്തിന്റെ പഴങ്ങൾ മുതലായവ - സാധാരണ നിരീക്ഷകന് മിക്കപ്പോഴും വ്യക്തമായി കാണാൻ കഴിയില്ലെങ്കിലും വേനൽക്കാലത്തിലെ ഏറ്റവും വരണ്ടസമയത്തുപോലും ധാരാളമായി ലഭിച്ചിരുന്നു. വരണ്ടകാലത്തേതിൽ നിന്ന് വ്യത്യസ്തമായി സസ്യഭക്ഷ്യ വിഭവങ്ങളാണ് ആറ് മാസക്കാലത്തെ ഈർപ്പമുള്ള സമയത്ത് ലഭിച്ചത്. അവയുടെ ലഭ്യതക്കുറവുള്ള കാലം ഉണ്ടായിരുന്നില്ല. കാട്ടിലെ എഴുതരം തേനീച്ച വർഗങ്ങളുടെ തേനും തേനീച്ചയും അവർ ഭക്ഷിച്ചിരുന്നു. എന്നാൽ ഇവയുടെ ലഭ്യത ഓരോ കാലഘട്ടത്തിലും ഓരോ വർഷത്തിലും വ്യത്യാസപ്പെട്ടിരുന്നു.

രാജ്യത്തുടനീളം മഴക്കാലത്ത് ജലത്തിന്റെ സ്രോതസുകൾ രൂപം കൊണ്ടിരുന്നു. എന്നാൽ വേനൽക്കാലത്ത് അവ വളരെ കുറയുകയും ചെയ്തിരുന്നു. ജലം ശേഖരിച്ച് കൊണ്ടുവരാനുള്ള പരമാവധി ദൂരമായി 5 മുതൽ 6 കിലോമീറ്റർ വരെ ദൂരത്തെയാണ് ഹഡ്സകൾ പരിഗണിച്ചിരുന്നത്. ജലസ്രോതസിന്റെ ഒരു കിലോമീറ്റർ ദൂരപരിധിക്കുള്ളിലാണ് സാധാരണയായി അവർ വാസസ്ഥലങ്ങൾ സ്ഥാപിച്ചിരുന്നത്.

രാജ്യത്തിന്റെ ഒരു ഭാഗത്ത് തുറന്ന പുൽമേടുകൾ ഉണ്ടായിരുന്നെങ്കിലും ഹഡ്സകൾ അവിടെ താവളങ്ങൾ സ്ഥാപിച്ചിരുന്നില്ല. അവർ പൊതുവെ തങ്ങളുടെ താവളങ്ങൾ സ്ഥാപിച്ചത് മരങ്ങൾക്കിടയിലോ പാറകൾക്കിടയിലോ അല്ലെങ്കിൽ അവയ്ക്ക് രണ്ടിനും ഇടയിലോ ആയിരുന്നു.

**പ്രവർത്തനം 3**

ഭൂമിയുടെയും വിഭവങ്ങളുടെയും മേൽ ഹഡ്സജനവിഭാഗം അവകാശം സ്ഥാപിക്കാതിരുന്നതെന്തുകൊണ്ട്? വാസസ്ഥലങ്ങളുടെ വലുപ്പവും സ്ഥാനവും കാലാകാലങ്ങളിൽ മാറിക്കൊണ്ടിരുന്നതെന്തുകൊണ്ട്? വേനൽക്കാലത്ത് പോലും ഭക്ഷണ സാധനങ്ങൾക്ക് ദൗർലഭ്യം നേരിടാതിരുന്നതെന്തുകൊണ്ട്? ഇതുപോലത്തെ ഏതെങ്കിലും വേട്ടയാടൽ - ശേഖരണ സമൂഹത്തിന്റെ പേര് ഇന്നത്തെ ഇന്ത്യയിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ?

കിഴക്കൻ പ്രദേശത്തെ ഹഡ്സകൾ ഭൂമിയുടെയോ വിഭവങ്ങളുടെയോ മേൽ ഒരവകാശവും സ്ഥാപിച്ചിരുന്നില്ല. അവരുടെ രാജ്യത്ത് ഏതൊരാൾക്കും ഇഷ്ടമുള്ളിടത്ത് താമസിക്കാനും ഇഷ്ടമുള്ള മൃഗങ്ങളെ വേട്ടയാടാനും പഴങ്ങളും, കിഴങ്ങുകളും തേനും വെള്ളവും ശേഖരിക്കാനും നിയന്ത്രണങ്ങളില്ലായിരുന്നു...

തങ്ങളുടെ പ്രദേശത്ത് ധാരാളം ഭക്ഷ്യയോഗ്യമൃഗങ്ങൾ ഉണ്ടായിരുന്നെങ്കിലും ഹഡ്സകൾ ഭക്ഷണത്തിന് കാട്ടിലെ സസ്യഭക്ഷ്യ വിഭവങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. അവരുടെ ഭക്ഷണത്തിന്റെ 80 ശതമാനവും പച്ചക്കറിയായിരുന്നു. ബാക്കി 20 ശതമാനം മാംസവും തേനുമായിരുന്നു.

മഴക്കാലത്ത് ഹഡ്സകളുടെ താവളങ്ങൾ ചെറുതും വിവിധയിടങ്ങളിൽ ചിതറിക്കിടക്കുന്നതുമായിരുന്നു. എന്നാൽ വേനൽക്കാലത്ത് ചുരുക്കം ചില ജലസ്രോതസ്സുകളുടെ സമീപത്ത് മാത്രമാണ് അവർ തങ്ങളുടെ താവളങ്ങൾ സ്ഥാപിച്ചിരുന്നത്. അപ്പോൾ ഈ താവളങ്ങൾ താരതമ്യേന വലുതായിരിക്കും.

വേനൽക്കാലത്ത് പോലും അവർക്കൊരിക്കലും ഭക്ഷണത്തിന്റെ ദൗർലഭ്യം ഉണ്ടായിരുന്നില്ല’.

– നരവംശ ശാസ്ത്രജ്ഞനായ ജെയിംസ് വുഡ്ബൺ 1960 ൽ എഴുതിയത്

## വേട്ടയാടൽ - ശേഖരണ സമൂഹങ്ങൾ (Hunter-Gatherer Societes) വർത്തമാനകാലത്ത് നിന്ന് ഭൂതകാലത്തിലേക്ക് (From the Present to the Past)

സമകാലിക വംശീയ സംഘങ്ങളെ കുറിച്ചുള്ള പഠനമാണ് വംശീയ ശാസ്ത്രം (Ethnography). ഇതിൽ അവരുടെ ഉപജീവന മാതൃകൾ, സാങ്കേതികവിദ്യ, സ്ത്രീകളുടേയും പുരുഷന്മാരുടേയും പങ്ക്, അനുഷ്ഠാനങ്ങൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ, സാമൂഹികാചാരങ്ങൾ എന്നിവയുടെ പരിശോധന ഉൾപ്പെടുന്നു.

നരവംശ ശാസ്ത്രജ്ഞന്മാരുടെ പഠനത്തിലൂടെ ഇന്നത്തെ വേട്ടയാടൽ-ശേഖരണ സമൂഹത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് വർധിച്ചതോടെ, ഇന്ന് ജീവിച്ചിരിക്കുന്ന വേട്ടയാടൽ-ശേഖരണ സമൂഹത്തെക്കുറിച്ചുള്ള ഈ അറിവ് കഴിഞ്ഞകാല സമൂഹങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കാമോ എന്ന ചോദ്യം ഉയർന്നു വരുന്നുണ്ട്. ഈ പ്രശ്നത്തെ സംബന്ധിച്ച് നിലവിൽ രണ്ട് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്.

ഇന്നത്തെ വേട്ടയാടൽ-ശേഖരണ സമൂഹത്തിന്റെ ചില പ്രത്യേക വിവരണങ്ങൾ കഴിഞ്ഞ കാലത്തെ പുരാവസ്തു ശേഷിപ്പുകളുടെ വ്യാഖ്യാനത്തിന് നേരിട്ട് ഉപയോഗിച്ച പണ്ഡിതരാണ് ഒരു വശത്ത് നിൽക്കുന്നത്. ഉദാഹരണത്തിന്, ചില പുരാവസ്തു ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നത് തുർക്കാന തടാകക്കരയിൽ 2 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് ഹൊമിനിഡുകൾ അധിവസിച്ചിരുന്ന സ്ഥലങ്ങൾ ആദിമ മനുഷ്യന്റെ വരണ്ട കാലാവസ്ഥക്കാലത്തെ അധിവാസ കേന്ദ്രമായിരുന്നിരിക്കാം എന്നാണ്. എന്തുകൊണ്ടെന്നാൽ അത്തരം പ്രവണത ഹഡ്സ, കുങ്സാൻ ജനവിഭാഗങ്ങൾക്കിടയിൽ നിലനിന്നിരുന്നതായി കാണുന്നു.

അതേസമയം മറ്റൊരു വിഭാഗം പണ്ഡിതരുടെ അഭിപ്രായം വംശീയവിവരങ്ങൾ ഭൂതകാല സമൂഹങ്ങളെകുറിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കാൻ പാടില്ല എന്നാണ്. എന്തുകൊണ്ടെന്നാൽ രണ്ട് സമൂഹങ്ങളും പൂർണമായും വ്യത്യസ്തങ്ങളാണ്. ഉദാഹരണത്തിന്, ഇന്നത്തെ വേട്ടയാടൽ-ശേഖരണ സമൂഹങ്ങൾ വേട്ടയാടലിനും ശേഖരണത്തിനും പുറമെ മറ്റനേകം സാമ്പത്തിക പ്രവർത്തനങ്ങളിലും ഏർപ്പെടുന്നുണ്ട്. വനവിഭവങ്ങളുടെ കൈമാറ്റം, കച്ചവടം, സമീപത്തെ കർഷകരുടെ കൃഷിഭൂമിയിൽ ശമ്പളത്തിനായി പണിയെടുക്കൽ എന്നിവ ഇത്തരം സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്. മാത്രമല്ല ഈ

സമൂഹങ്ങൾ എല്ലാ അർഥത്തിലും പൂർണമായും - ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും സാമൂഹികമായും-പാർശ്വവൽക്കരിക്കപ്പെട്ടവരാണ്. അവർ ജീവിക്കുന്ന സാഹചര്യം ആദിമ മനുഷ്യന്റേതിൽ നിന്ന് പൂർണമായും വ്യത്യസ്തമാണ്.

മറ്റൊരു പ്രശ്നം ഇന്നത്തെ വേട്ടയാടൽ-ശേഖരണ സമൂഹങ്ങൾക്കിടയിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളാണ്. അതുപോലെ വേട്ടയാടലിനും ശേഖരണത്തിനും നൽകിയിരുന്ന ആപേക്ഷിക പ്രാധാന്യം, സംഘങ്ങളുടെ വലുപ്പം, ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്കുള്ള സഞ്ചാരം എന്നിവയെ സംബന്ധിച്ച വിവരങ്ങളിൽ ഒരുപാട് വൈരുധ്യങ്ങൾ നിലനിൽക്കുന്നുണ്ട്.

അതുപോലെ ഭക്ഷണ ശേഖരണത്തിലെ അധ്വാന വിഭജനത്തെക്കുറിച്ച് അഭിപ്രായ ഐക്യമില്ല. ഇന്ന് പൊതുവെ സ്ത്രീകൾ ശേഖരിക്കുകയും പുരുഷന്മാർ വേട്ടയാടുകയുമാണ് ചെയ്യുന്നത്. എന്നാൽ സ്ത്രീകളും പുരുഷന്മാരും വേട്ടയാടുകയും, ശേഖരിക്കുകയും ഉപകരണങ്ങളുണ്ടാക്കുകയും ചെയ്തിരുന്ന സമൂഹങ്ങളുമുണ്ടായിരുന്നു. എന്നിരുന്നാലും അത്തരം സമൂഹങ്ങളിൽ ഭക്ഷണ ശേഖരണത്തിൽ സ്ത്രീകൾ നൽകിയ സംഭാവനകളെ തള്ളിക്കളയാൻ കഴിയില്ല. ഈ ഘടകമാണ് ഒരു പക്ഷെ ഇന്നത്തെ വേട്ടയാടൽ-ശേഖരണ സമൂഹത്തിൽ, ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിലും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യപങ്ക് ഉറപ്പാക്കുന്നത്. ഇന്നത്തെ സാഹചര്യം ഇതായിരിക്കെ ഭൂതകാലത്തെ കുറിച്ച് ധാരണകൾ രൂപപ്പെടുത്തുക അത്ര എളുപ്പമുള്ള കാര്യമല്ല.

**പ്രവർത്തനം 4**

ആദിമ മനുഷ്യന്റെ ജീവിതം പുനസൃഷ്ടിക്കാൻ വംശീയ ശാസ്ത്രത്തിന്റെ വിവരണങ്ങൾ ഉപയോഗിക്കുന്നത് കൊണ്ടുള്ള ഗുണങ്ങളെയും ദോഷങ്ങളെയും കുറിച്ചുള്ള നിങ്ങളുടെ ചിന്തകൾ പങ്കുവയ്ക്കുക.

## ഉപസംഹാരം (Epilogue)

അനേക ദശലക്ഷം വർഷങ്ങളായി മനുഷ്യർ ജീവിച്ചത് വന്യമൃഗങ്ങളെ വേട്ടയാടിയും വനസസ്യങ്ങൾ ശേഖരിച്ചുമാണ്. പിന്നീട് 10,000 വർഷങ്ങൾക്ക് മുൻപ് മുതൽ 4500 വർഷങ്ങൾക്ക് മുൻപ് വരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ജനങ്ങൾ ചില സസ്യങ്ങളെയും മൃഗങ്ങളെയും ഇണക്കി വളർത്താൻ പഠിച്ചു. ഇത് കാലിവളർത്തലും കൃഷിയും ഒരു ജീവിതരീതിയായി വളർന്നുവരുന്നതിന് കാരണമായി. ഭക്ഷ്യ ശേഖരണത്തിൽ നിന്നും കൃഷിയിലേക്കുള്ള മാറ്റം മനുഷ്യ ചരിത്രത്തിലെ നിർണായക വഴിത്തിരിവായിരുന്നു. എന്തുകൊണ്ടാണ് ആ പ്രത്യേക സമയത്ത് അത്തരം ഒരു മാറ്റമുണ്ടായത്?

ഒടുവിലത്തെ ഹിമയുഗം 13,000 വർഷങ്ങൾക്ക് മുൻപാണ് അവസാനിക്കുന്നത്. അപ്പോൾ ഊഷ്മാവടങ്ങിയ ഈർപ്പമുള്ള കാലാവസ്ഥ അവിടെ നിലനിന്നു. തൽഫലമായി ബാർലി, ഗോതമ്പ് (wild wheat and wild barley) എന്നിവയുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം രൂപപ്പെട്ടു. അതേസമയം തുറന്ന വനങ്ങളും പുൽമേടുകളും കൂടുതൽ വ്യാപകമായി. ചെമ്മരിയാട്, കോലാട്, പന്നി, കഴുത എന്നീ വന്യജീവികളുടെ എണ്ണം വർധിച്ചു. തുടർന്ന് പുൽമേടുകളും മൃഗങ്ങളും ധാരാളമുള്ള സ്ഥലങ്ങൾ മനുഷ്യസമൂഹം ഇഷ്ടപ്പെടാൻ തുടങ്ങി. വൻതോതിലല്ലെങ്കിൽപ്പോലും സ്ഥിരതാമസക്കാരായ സമൂഹങ്ങൾ ഇത്തരം സ്ഥലങ്ങൾ വർഷത്തിന്റെ ഭൂരിഭാഗവും കൈയടക്കാൻ തുടങ്ങി. ചില സ്ഥലങ്ങളെ മനുഷ്യർ കൂടുതലായി ഇഷ്ടപ്പെടാനും തിരഞ്ഞെടുക്കാനും തുടങ്ങിയതോടെ അവിടെ ഭക്ഷണ ലഭ്യത വർധിപ്പിക്കേണ്ടതിന്റെ സമ്മർദം രൂപപ്പെട്ടു. ഇത് ചില സസ്യങ്ങളെയും മൃഗങ്ങളെയും പരിപാലിക്കുന്ന പ്രക്രിയയ്ക്ക് ആക്കം കൂട്ടി. കാലാവസ്ഥാ മാറ്റം, ജനസംഖ്യാ സമ്മർദം, ചില സസ്യവർഗങ്ങളെയും (ഗോതമ്പ്, ബാർലി,

നെല്ല്, ചോളം) ജീവിവർഗങ്ങളെയും (പന്നി, ചെമ്മരിയാട്, കോലാട്, കാലികൾ, കഴുത) കുറിച്ചുള്ള അറിവ്, അവയുടെ മേലുള്ള കൂടുതൽ ആശ്രയത്വം തുടങ്ങിയ ഘടകങ്ങളുടെ ഒത്തു ചേർന്നുള്ള പ്രവർത്തനം ഈ മാറ്റത്തിൽ പ്രധാന പങ്ക്‌വഹിച്ചു.

ഏകദേശം 10,000 വർഷങ്ങൾക്ക് മുൻപ് ഇത്തരത്തിൽ കൃഷിയും കാലിവളർത്തലും ആരംഭിച്ച പ്രദേശമായിരുന്നു മെഡിറ്ററേനിയൻ സമുദ്രതീരം മുതൽ ഇറാനിലെ സാഗ്രോസ് പർവതങ്ങൾ വരെ വ്യാപിച്ചിരുന്ന 'ഫലഭൂയിഷ്ടമായ ചന്ദ്രക്കല' (Fertile Crescent) എന്നറിയപ്പെടുന്ന പ്രദേശം. കൃഷിയുടെ കടന്നുവരവോടെ ജനങ്ങൾ ഒരേ സ്ഥലത്തുതന്നെ മുൻപത്തേക്കാൾ കൂടുതൽ സമയം സ്ഥിരമായി താമസിക്കാൻ തുടങ്ങി. അങ്ങനെ ചെളികൊണ്ടും ചെളിക്കട്ടകൊണ്ടും കല്ലുകൾ കൊണ്ടും ഉള്ള നശിക്കാത്ത വീടുകൾ നിർമ്മിക്കാൻ തുടങ്ങി. പുരാവസ്തു ശാസ്ത്രജ്ഞർ കണ്ടെത്തിയ ആദ്യകാല ഗ്രാമങ്ങളിൽ ചിലത് ഇതായിരുന്നു.

ധാന്യങ്ങളും മറ്റുൽപ്പന്നങ്ങളും സംഭരിക്കാനും ഭക്ഷണം പാകം ചെയ്യാനുമുള്ള മൺപാത്രങ്ങളുടെ നിർമ്മാണം പോലുള്ള നിരവധി മാറ്റങ്ങൾക്ക് കൃഷിയും കാലിവളർത്തലും വഴിതെളിച്ചു. കൂടാതെ പുതിയതരം ശിലായുധങ്ങളും ഉപയോഗത്തിൽ വന്നു. കലപ്പ പോലുള്ള പുതിയ ഉപകരണങ്ങളും കൃഷിക്ക് ഉപയോഗിക്കാൻ തുടങ്ങി. ക്രമേണ ജനങ്ങൾ ചെമ്പ്, തകരം തുടങ്ങിയ ലോഹങ്ങളുമായി പരിചയത്തിലായി. മൺപാത്ര നിർമ്മാണത്തിനും ഗതാഗതത്തിനുമുള്ള ചക്രങ്ങളും ഉപയോഗത്തിൽ വന്നു.

ഏകദേശം 5000 വർഷങ്ങൾക്ക് മുൻപ് വൻതോതിൽ ജനങ്ങൾ നഗരങ്ങളിൽ ഒത്തു ചേർന്ന് ജീവിക്കാൻ തുടങ്ങി. അതെങ്ങനെയാണ് സംഭവിച്ചത്? നഗരങ്ങളും മറ്റ് അധിവാസ കേന്ദ്രങ്ങളും തമ്മിലുള്ള വ്യത്യാസം എന്തൊക്കെയാണ്? ഇവയുടെ ഉത്തരങ്ങൾക്കും മറ്റ് ചോദ്യങ്ങൾക്കുമായി രണ്ടാമത്തെ പ്രമേയം നോക്കുക.

| കാലരേഖ I (ദശലക്ഷം വർഷങ്ങൾ മുൻപ്) (TIMELINE I (mya)) | |
|---|---|
| 36–24 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | പ്രൈമേറ്റുകൾ; ഏഷ്യയിലെയും ആഫ്രിക്കയിലെയും കുരങ്ങന്മാർ |
| 24 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | ഹൊമിനോയിഡുകൾ; വാലില്ലാക്കുരങ്ങൻ, ഏഷ്യൻ ഒറാങ്ഗുട്ടനും ആഫ്രിക്കൻ ആൾക്കുരങ്ങും (ഗറില്ല, ചിമ്പാൻസി, ബൊനൊബൊ അഥവാ 'പിഗ്മി', ചിമ്പാൻസി) |
| 6.4 ദശ ലക്ഷം വർഷങ്ങൾക്ക് മുൻപ് | ഹൊമിനോയിഡുകളും ഹൊമിനിഡുകളും രണ്ട് ശാഖകളാകുന്നു |
| 5.6 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | ആസ്ട്രലോപിത്തേക്കസ് |
| 2.6 – 2.5 | ആദ്യകാലത്തെ ശിലായുപകരണങ്ങൾ |
| 2.5 – 2.0 | ആഫ്രിക്കയിൽ തണുപ്പും വരണ്ട കാലാവസ്ഥയും വ്യാപകമാവുന്നു. വനങ്ങൾ കുറയുകയും പുൽമേടുകൾ വർധിക്കുകയും ചെയ്യുന്നു |
| 2.5 – 2.0 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | ഹോമോ |
| 2.2 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | ഹോമോ ഹബിലിസ് |
| 1.8 ദശ ലക്ഷം വർഷങ്ങൾക്ക് മുൻപ് | ഹോമോ ഇറക്ടസ് |
| 1.3 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | ആസ്ട്രലോപിത്തേക്കസിന്റെ വംശനാശം |
| 0.8 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | പ്രാചീന സാപ്പിയൻസ്, ഹോമോ ഹൈഡൽബർജൻസിസ് |
| 0.19 – 0.16 ദശലക്ഷം വർഷങ്ങൾ മുൻപ് | ഹോമോ സാപ്പിയൻസ് സാപ്പിയൻസ് (ആധുനിക മനുഷ്യർ) |

| കാലരേഖ II (വർഷങ്ങൾ മുൻപ്) (TIMELINE II (years ago)) | |
|---|---|
| ശവമടക്കിന്റെ ആദ്യകാല തെളിവുകൾ | 300,000 |
| ഹോമോ ഇറക്ടസിന്റെ വംശനാശം | 200,000 |
| ശബ്ദപേടകത്തിന്റെ വികാസം | 200,000 |
| പ്രാചീന ഹോമോ സാപ്പിയൻസിന്റെ തലയോട്ടി ഇന്ത്യയിലെ നർമ്മദ താഴ്‌വരയിൽ | 200,000 - 130,000 |
| ആധുനിക മനുഷ്യന്റെ ആവിർഭാവം | 195,000 - 160,000 |
| നിയാണ്ടർതാളുകളുടെ ആവിർഭാവം | 130,000 |
| നെരിപ്പോടുകളുടെ ആദ്യകാല തെളിവുകൾ | 125,000 |
| നിയാണ്ടർതാളുകളുടെ വംശനാശം | 35,000 |
| ചുട്ടെടുത്ത കളിമണ്ണിൽ നിർമ്മിച്ച രൂപങ്ങളുടെ ആദ്യകാല തെളിവുകൾ | 27,000 |
| തുന്നൽ സൂചികളുടെ കണ്ടുപിടിത്തം | 21,000 |


റിഫ്റ്റ് താഴ്‌വര, കിഴക്കനാഫ്രിക്ക

## അഭ്യാസങ്ങൾ (Exercises)

### ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1. പേജ് 13 ൽ തന്നിട്ടുള്ള പോസിറ്റീവ് ഫീഡ്ബാക്ക് മെക്കാനിസത്തെ കാണിക്കുന്ന ചിത്രം നോക്കുക. ഉപകരണ നിർമ്മാണത്തിന് വഴിതെളിച്ച ഘടകങ്ങളെ പട്ടികപ്പെടുത്താമോ? ഉപകരണ നിർമ്മാണത്തിലൂടെ ശാക്തീകരിക്കപ്പെട്ട പ്രക്രിയകൾ ഏതെല്ലാമാണ്?

2. പെരുമാറ്റത്തിലും ശരീര ശാസ്ത്രത്തിലും മനുഷ്യനും കുരങ്ങ്, ആൾക്കുരങ്ങ് തുടങ്ങിയ സസ്തനികളും തമ്മിൽ ചില സാമ്യങ്ങൾ ഉണ്ട്. മനുഷ്യൻ ആൾക്കുരങ്ങിൽ നിന്നും രൂപപ്പെട്ടിരിക്കാനുള്ള സാധ്യതയാണ് ഇത് സൂചിപ്പിക്കുന്നത്. പെരുമാറ്റം, ശരീരശാസ്ത്രം എന്നിങ്ങനെ രണ്ട് തലക്കെട്ടുകൾക്ക് കീഴിലായി ഈ സാമ്യങ്ങൾ പട്ടികപ്പെടുത്തുക. ഇവർക്കിടയിലുള്ള എന്തെങ്കിലും വ്യത്യാസം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ?

3. മനുഷ്യന്റെ ഉത്ഭവത്തെ സംബന്ധിച്ച പ്രാദേശിക തുടർച്ചാമാതൃകയ്ക്ക് അനുകൂലമായ വാദഗതികൾ ചർച്ച ചെയ്യുക. പുരാവസ്തു ശാസ്ത്രത്തിന്റെ കണ്ടെത്തലുകളെ ഈ സിദ്ധാന്തം ഫലപ്രദമായി വിശദീകരിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?

4. ചുവടെതന്നിട്ടുള്ളതിൽ പുരാവസ്തു ശാസ്ത്രത്തിൽ ഏറ്റവും നന്നായി രേഖപ്പെടുത്തിയിട്ടുള്ളതേത്?

   (എ) ഭക്ഷ്യശേഖരണം (ബി) ഉപകരണ നിർമ്മാണം
   (സി) തീയുടെ ഉപയോഗം.

### ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

(5) ഭാഷയുടെ ഉപയോഗം വേട്ടയാടലിനും വാസസ്ഥലങ്ങളുടെ നിർമ്മാണത്തിനും എത്ര മാത്രം സഹായകമായിട്ടുണ്ടാകും എന്ന് ചർച്ച ചെയ്യുക. ഈ പ്രവർത്തനങ്ങൾക്ക് മറ്റേതെല്ലാം ആശയവിനിമയ രീതികൾ ഉപയോഗിക്കാൻ കഴിയും?

(6) അധ്യായത്തിന്റെ അവസാനം നൽകിയിട്ടുള്ള രണ്ട് കാലരേഖകളിൽ ഓരോന്നിൽ നിന്നും ഈരണ്ട് സംഭവ വികാസങ്ങൾ തിരഞ്ഞെടുക്കുക. അവ എന്തുകൊണ്ട് പ്രാധാന്യമർഹിക്കുന്നു എന്ന് സൂചിപ്പിക്കുക.

പ്രമേയം 2

# എഴുത്തും നഗരജീവിതവും

## (WRITING AND CITY LIFE)

*ഇന്നത്തെ ഇറാഖ് റിപ്പബ്ലിക്കിന്റെ ഭാഗമായ യൂഫ്രട്ടീസ്, ടൈഗ്രിസ് നദികൾക്കിടയിലെ ഭൂപ്രദേശമായ മെസൊപ്പൊട്ടേമിയ*യിലാണ് നഗര ജീവിതം ആരംഭിച്ചത്. സമ്പൽസമൃദ്ധി, നഗരജീവിതം, ബൃഹത്തും സമ്പന്നവുമായ സാഹിത്യം, ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം എന്നിവയുടെ പേരിൽ മെസൊപ്പൊട്ടേമിയൻ നാഗരികത പ്രശസ്തമാണ്. മെസൊപ്പൊട്ടേമിയയുടെ എഴുത്തുവിദ്യയും സാഹിത്യവും കിഴക്കൻ മെഡിറ്ററേനിയൻ പ്രദേശങ്ങൾ, ഉത്തരസിറിയ, തുർക്കി എന്നിവിടങ്ങളിലേക്ക് ബി.സി.ഇ. 2000 ന് ശേഷം വ്യാപിച്ചു. തൽഫലമായി, ആ പ്രദേശത്തെ രാജ്യങ്ങളെല്ലാം പരസ്പരവും, ഈജിപ്തിലെ ഫറവോയുമായും മെസൊപ്പൊട്ടേമിയയിലെ ഭാഷയും ലിപിയും ഉപയോഗിച്ച് ബന്ധപ്പെട്ടിരുന്നു. ഇവിടെ നമ്മൾ കണ്ടെത്താൻ ശ്രമിക്കുന്നത് നഗരജീവിതവും എഴുത്തും തമ്മിലുള്ള ബന്ധമാണ്. അതിനുശേഷം, അവിടെ പരിപോഷിപ്പിക്കപ്പെട്ട പാരമ്പര്യ എഴുത്തുവിദ്യയുടെ നേട്ടങ്ങളും ചർച്ച ചെയ്യാവുന്നതാണ്.*

*എഴുതപ്പെട്ട ചരിത്രത്തിന്റെ ആരംഭകാലത്തിൽ, ഈ ഭൂപ്രദേശം, പ്രധാനമായും നഗരവൽകരിക്കപ്പെട്ട തെക്കൻ പ്രദേശം, (താഴെ കൊടുത്തിരിക്കുന്ന ചർച്ചകൾ കാണുക) സുമേർ, അക്കാഡ് എന്നീ പേരുകളിലാണറിയപ്പെട്ടത്. ബി.സി.ഇ. 2000 ന് ശേഷം ബാബിലോൺ ഒരു പ്രധാന നഗരമായി മാറിയതോടെ ദക്ഷിണഭാഗത്തിന് ബാബിലോണിയ എന്ന പദം ഉപയോഗിക്കാൻ തുടങ്ങി. ഏകദേശം ബി.സി.ഇ. 1100 ൽ ഈ ഭാഗത്ത് അസ്സീറിയന്മാർ തങ്ങളുടെ രാജ്യം സ്ഥാപിച്ചതോടെ ഇവിടം അസ്സീറിയ എന്നറിയപ്പെടാൻ തുടങ്ങി. ഈ പ്രദേശത്തെ ആദ്യത്തെ അറിയപ്പെടുന്ന ഭാഷ സുമേറിയൻ ആയിരുന്നു. ബി.സി.ഇ. 2400 ഓടെ അക്കാഡിയൻ ഭാഷ സംസാരിക്കുന്നവരുടെ കടന്നു വരവോടെ ക്രമേണ സുമേറിയന് പകരം അക്കാഡിയൻ ഭാഷ സ്ഥാപിക്കപ്പെട്ടു. അലക്സാണ്ടറുടെ കാലഘട്ടം (336 – 323 ബി.സി.ഇ.) വരെ ഈ ഭാഷ പുഷ്ടിപ്പെടുകയും അതിൽ പ്രാദേശികമായ ചില മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു. ബി.സി.ഇ. 1400 മുതൽ അറമായ ഭാഷയും സാവധാനം കടന്നുവന്നു. ഹീബ്രു ഭാഷയ്ക്ക് (Hebrew) സമാനമായ ഈ ഭാഷ ബി.സി.ഇ. 1000 ന്ശേഷം വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ഇറാഖിന്റെ ചില ഭാഗങ്ങളിൽ ഈ ഭാഷ ഇപ്പോഴും ജനങ്ങൾ സംസാരിക്കുന്നുണ്ട്.*

1840 കളിലാണ് മെസൊപ്പൊട്ടേമിയയിൽ പുരാവസ്തു ശാസ്ത്രപഠനം ആരംഭിക്കുന്നത്. ഒന്നോ രണ്ടോ നഗരങ്ങളിൽ (ഈ അധ്യായത്തിൽ ചർച്ചചെയ്യുന്ന ഉറുക്ക്, മാരി ഉൾപ്പെടെ) പതിറ്റാണ്ടുകളോളം ഉൽഖനനം തുടർന്നു. (ഇന്ത്യയിലെ ഒരു സ്ഥലത്തും ഇത്രയും ദീർഘമായ പദ്ധതികൾ കാണാൻ കഴിയില്ല.) മെസൊപ്പൊട്ടേമിയയിൽ നൂറുകണക്കിന് കെട്ടിടങ്ങൾ, പ്രതിമകൾ, ആഭരണങ്ങൾ, ശവക്കല്ലറകൾ, ഉപകരണങ്ങൾ, മുദ്രകൾ എന്നിവ മാത്രമല്ല പഠനത്തിനുള്ള സ്രോതസ്സുകളായി ഉള്ളത്, മറിച്ച് ആയിരക്കണക്കിന് എഴുതപ്പെട്ട രേഖകളുമുണ്ട്.

ബൈബിളിന്റെ ആദ്യഭാഗമായ പഴയ നിയമത്തിൽ (Old Testament) പരാമർശമുള്ളതുകൊണ്ടു യൂറോപ്യൻമാർക്ക് വളരെ പ്രധാനപ്പെട്ട നാടായിരുന്നു മെസൊപ്പൊട്ടേമിയ എന്ന് മനസ്സിലാക്കാം. ഉദാഹരണത്തിന് പഴയ നിയമത്തിലെ ഉൽപ്പത്തി പുസ്ത

*മധ്യത്തിലുള്ളത് എന്നർഥം വരുന്ന *'മെസൊസ്'*, നദി എന്നർഥം വരുന്ന *'പൊട്ടാമോസ്'* എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് മെസൊപ്പൊട്ടേമിയ എന്ന പേര് ഉൽഭവിച്ചത്.


X6P2E9

കത്തിൽ മൺകട്ടകൊണ്ട് നിർമ്മിച്ച നഗരങ്ങളുടെ നാടായ 'ഷിമാർ' നെ കുറിച്ച് പരാമർശിക്കുന്നു. ഇതിന്റെ അർഥം 'സുമേർ' എന്നാണ്. യൂറോപ്പിലെ സഞ്ചാരികളും പണ്ഡിതന്മാരും മെസൊപ്പൊട്ടാമിയയെ നോക്കിക്കണ്ടത് ഒരു തരം പൈതൃകഭൂമിയായിട്ടാണ്. ഈ പ്രദേശത്ത് പുരാവസ്തു ഉൽഖനനം ആരംഭിച്ചപ്പോൾ പഴയ നിയമത്തിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ അക്ഷരാർഥത്തിൽ സത്യമാണെന്ന് തെളിയിക്കാനുള്ള ശ്രമവും ഉണ്ടായി.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യകാലം മുതൽ മെസൊപ്പൊട്ടേമിയയുടെ പ്രാചീന കാലത്തെ കുറിച്ചുള്ള പര്യവേക്ഷണങ്ങൾ ഉത്സാഹപൂർവം നടന്നു. 1873 – ൽ ഒരു ബ്രിട്ടീഷ് വർത്തമാന പത്രം ബൈബിളിലെ പ്രളയകഥയെക്കുറിച്ച് വിവരിക്കുന്ന ഫലകം അന്വേഷിച്ച് പര്യവേക്ഷണം നടത്താൻ ബ്രിട്ടീഷ് മ്യൂസിയത്തിന് സാമ്പത്തിക സഹായം നൽകുകയുണ്ടായി.

പഴയ നിയമത്തിലെ കഥകൾ അക്ഷരാർഥത്തിൽ എടുക്കേണ്ടവയല്ലെന്നും, ചരിത്രത്തിലെ സുപ്രധാന മാറ്റങ്ങളെ സംബന്ധിച്ച ഓർമകളുടെ പ്രകാശനമാർഗമായിരുന്നിരിക്കാം അവയെന്നും 1960 കളോടെ വ്യക്തമായി. ക്രമേണ പുരാവസ്തുതന്ത്രങ്ങൾ കൂടുതൽ പരിഷ്കരിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്തു. പിന്നീട് സാധാരണ ജനങ്ങളുടെ ജീവിതത്തെ പുനസൃഷ്ടിക്കുന്നതടക്കമുള്ള വ്യത്യസ്ത പ്രശ്നങ്ങളിലേക്ക് ശ്രദ്ധതിരിഞ്ഞു. ബൈബിളിലെ വിവരണങ്ങളെ അക്ഷരാർഥത്തിൽ തെളിയിക്കുക എന്ന കാര്യം പശ്ചാത്തലത്തിലേക്ക് പിന്മാറി. ഈ അധ്യായത്തിൽ നമ്മൾ ചർച്ചചെയ്യുന്ന മിക്ക കാര്യങ്ങളും ഈ പിൽക്കാല പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്.

ബൈബിളനുസരിച്ച്, ഭൂമിയിലെ എല്ലാ ജീവനും നശിപ്പിക്കാനുള്ളതായിരുന്നു പ്രളയം. എന്നിരുന്നാലും പ്രളയത്തിന് ശേഷവും ജീവന്റെ തുടർച്ച ഉറപ്പാക്കുന്നതിനായി ദൈവം നോഹ എന്ന മനുഷ്യനെ തിരഞ്ഞെടുത്തു. നോഹ ഒരു വലിയ പെട്ടകം നിർമ്മിച്ചു. സകല പക്ഷികളുടെയും മൃഗങ്ങളുടെയും വർഗങ്ങളിൽ നിന്നു ഓരോ ജോഡികളെ വീതം ആ പെട്ടകത്തിൽ കയറ്റുകയും പ്രളയത്തെ അതിജീവിക്കുകയും ചെയ്തു. ഇതിന് തികച്ചും സമാനമായ ഒരു കഥ മെസൊപ്പൊട്ടേമിയൻ പാരമ്പര്യത്തിലുമുണ്ട്. അതിലെ പ്രധാന കഥാപാത്രം സിയുസുദ്ര അല്ലെങ്കിൽ ഉത്നാപിഷ്ടിം എന്നാണറിയപ്പെട്ടത്.




*ഭൂപടം 1 : പശ്ചിമേഷ്യ*


**പ്രവർത്തനം 1**

നിരവധി സമൂഹങ്ങളിൽ പ്രളയത്തെ സംബന്ധിച്ച് ഐതിഹ്യങ്ങൾ നിലനിൽക്കുന്നുണ്ട്. അവ മിക്കവാറും ചരിത്രത്തിലെ സുപ്രധാനമായ മാറ്റങ്ങൾ സംബന്ധിച്ച ഓർമ്മകളുടെ സംരക്ഷണത്തിന്റെയും വെളിവാക്കലിന്റെയും മാർഗങ്ങളാണ്. പ്രളയത്തിന് മുമ്പും ശേഷവും മനുഷ്യ ജീവിതം എങ്ങനെയായിരുന്നു എന്ന് പരിശോധിച്ച് ഇതെക്കുറിച്ച് കൂടുതൽ കണ്ടെത്തലുകൾ നടത്തുക.

## മെസൊപ്പൊട്ടേമിയയും അതിന്റെ ഭൂമിശാസ്ത്രവും (Mesopotamia and its Geography)

വ്യത്യസ്ത ഭൂപ്രകൃതികളുടെ നാടാണ് ഇറാഖ്. വടക്കു – കിഴക്ക് നിമ്നോന്നതങ്ങളായ ഹരിത സമതലങ്ങളാണ്. ഉയരങ്ങളിൽ വൃക്ഷനിബിഡമായ പർവ്വതനിര

കളും തെളിഞ്ഞ തടാകങ്ങളും കാട്ടുപൂക്കളും ഉള്ള ഈ പ്രദേശത്ത് വിളകളുടെ ഉൽപ്പാദനത്തിന് ആവശ്യാനുസരണം മഴ ലഭിക്കുന്നു. ബി.സി.ഇ. 7000 നും ബി.സി.ഇ. 6000 നും ഇടയിലുള്ള കാലഘട്ടത്തിൽ ഇവിടെ കൃഷി ആരംഭിച്ചു. വടക്ക് സ്റ്റെപ്പി എന്നു വിളിക്കുന്ന ഉയർന്ന പുൽമേടുകളാണുള്ളത്. ഇവിടെ കൃഷിയെക്കാൾ കൂടുതൽ മനുഷ്യന്റെ ദൈനംദിന ജീവിതത്തിന് സഹായകമായത് മൃഗപരിപാലനമാണ്. ശൈത്യകാലത്തിലെ മഴയ്ക്ക് ശേഷം ചെമ്മരിയാടുകളും ആടുകളും ഇവിടെ വളരുന്ന പുല്ലും കുറ്റിച്ചെടികളും ഭക്ഷിക്കുന്നു. കിഴക്ക് ടൈഗ്രിസ് നദിയുടെ പോഷകനദികൾ ഇറാനിലെ പർവതനിരകളിലേക്ക് ഗതാഗതമൊരുക്കുന്നു. തെക്കൻ പ്രദേശം മരുഭൂമിയാണ്. ഇവിടെയാണ് ആദ്യ നഗരങ്ങളും എഴുത്തുവിദ്യയും ആവിർഭവിച്ചത്. (താഴത്തെ ചിത്രം കാണുക) വടക്കൻ പർവത നിരകളിൽ നിന്നുത്ഭവിച്ച് എക്കൽ മണ്ണുമായി താഴേക്കൊഴുകുന്ന യൂഫ്രട്ടീസ്, ടൈഗ്രിസ് നദികൾ മരുഭൂമിയിലെ നഗരങ്ങൾക്ക് സഹായമേകുന്നു. ഈ നദികളിൽ വെള്ളപ്പൊക്കമുണ്ടാകുമ്പോഴോ അവയിലെ വെള്ളം പാടങ്ങളിലേക്ക് ഒഴുക്കുമ്പോഴോ അവിടങ്ങളിൽ ഫലഭൂയിഷ്ടമായ എക്കൽ മണ്ണ് നിക്ഷേപിക്കപ്പെടുന്നു.




ചിത്രം 2 : മെസൊപ്പൊട്ടേമിയ : പർവതങ്ങൾ, പുൽമേട്, മരുഭൂമി, തെക്കൻ ജലസേചന മേഖല.

മരുഭൂമിയിലേക്ക് കടന്നശേഷം യൂഫ്രട്ടീസ് നദിയിലെ വെള്ളം ചെറു കൈവഴികളായി ഒഴുകുന്നു. ഈ കൈവഴികൾ അവയുടെ തീരങ്ങൾക്ക് വെള്ളമേകുന്നു. പ്രാചീന കാലങ്ങളിൽ ഇവ ജലസേചനകനാലുകളായി പ്രവർത്തിച്ചിരുന്നു. അവ ഗോതമ്പ്, ബാർലി, പയർ, തുവരപ്പരിപ്പ് തുടങ്ങിയവയുടെ കൃഷിസ്ഥലത്തേക്ക് ആവശ്യമുള്ളപ്പോൾ വെള്ളം നൽകി. റോമാ സാമ്രാജ്യത്തിലേതടക്കമുള്ള (പ്രമേയം 3) പ്രാചീന കാർഷിക സമ്പ്രദായങ്ങളിൽ ഏറ്റവും ഉൽപ്പാദനക്ഷമമായത് ദക്ഷിണ മെസൊപ്പൊട്ടേമിയയിലേതായിരുന്നു. എന്നാൽ വിളകൾക്ക് വളരാനാവശ്യമായ മഴ ഈ പ്രദേശത്ത് ലഭ്യമായിരുന്നതുമില്ല.


കൃഷിക്കു പുറമേ, മെസൊപ്പൊട്ടേമിയൻ ജനത പുൽമേടുകളിലും വടക്കു – കിഴക്കൻ സമതലത്തിലും മലഞ്ചരിവുകളിലും ആടുകളെ മേയ്ക്കുകയും മാംസം, പാൽ,

മെസെപ്പൊട്ടോമിയയിലെ ആദ്യ നഗരങ്ങളുടെ കാലം ഏകദേശം ബി.സി.ഇ. 3000 ത്തിൽ വെങ്കല യുഗത്തിലാണ്. ചെമ്പ്, വെളുത്തീയം എന്നിവയുടെ മിശ്രിതമാണ് വെങ്കലം. വെങ്കലം ഉപയോഗിക്കുക എന്ന് പറഞ്ഞാൽ വിദൂരത്ത് നിന്നും ഈ ലോഹങ്ങൾ ശേഖരിച്ച് കൊണ്ടുവരുക എന്നാണർഥം. കൃത്യതയാർന്ന തടിപ്പണി, മുത്തുകളിൽ ദ്വാരമിടൽ, ശിലാമുദ്രകളിൽ കൊത്തുപണി ചെയ്യൽ, വീട്ടുപകരണങ്ങളുടെ അലങ്കാരപ്പണികൾക്കായി ചിപ്പികൾ മുറിച്ചെടുക്കൽ തുടങ്ങിയവയ്ക്കെല്ലാം ലോഹത്തിലെ ഉപകരണങ്ങൾ ആവശ്യമാണ്. മെസൊപ്പൊട്ടേമിയൻ ജനതയുടെ ആയുധങ്ങളും വെങ്കലത്തിലുള്ളതായിരുന്നു. **പേജ് 38** ലെ ചിത്രത്തിലെ കുന്തത്തിന്റെ മുന ഉദാഹരണമാണ്.

കമ്പിളി എന്നിവ ധാരാളമായി ഉൽപ്പാദിപ്പിക്കുകയും ചെയ്തു. (അതായത് നദികൾക്ക് വെള്ളപ്പൊക്കത്തിലൂടെ ഫലഭൂയിഷ്ടമാക്കാൻ കഴിയാത്ത ഉയർന്ന പ്രദേശങ്ങളിൽ). ഇതിനു പുറമേ നദികളിൽ നിന്ന് മത്സ്യങ്ങൾ ലഭിച്ചു. വേനൽക്കാലത്ത് ഈന്തപ്പനകൾ പഴങ്ങൾ നൽകി. എന്നാൽ നഗരങ്ങൾ വളർന്നുവന്നത് ഗ്രാമങ്ങളുടെ സമ്പൽസമൃദ്ധി കൊണ്ട് മാത്രമാണെന്ന് കരുതരുത്. മറ്റ് ഘടകങ്ങൾ ഒന്നൊന്നായി ചർച്ച ചെയ്യുന്നതിന് മുൻപ് നമുക്ക് നഗരജീവിതത്തെക്കുറിച്ച് വ്യക്തമായ ധാരണ നേടാം.

## നഗരജീവിതത്തിന്റെ പ്രാധാന്യം (The Significance of Urbanism)

നഗരങ്ങളും പട്ടണങ്ങളും വൻതോതിൽ ജനങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങൾ മാത്രമല്ല. സമ്പദ്‌വ്യവസ്ഥയിൽ ഭക്ഷ്യോൽപ്പാദനത്തിനു പുറമേയുള്ള മേഖലകൾ വികസിക്കുമ്പോൾ ജനങ്ങൾക്ക് പട്ടണങ്ങളിൽ ചേക്കേറുന്നത് കൂടുതൽ ഗുണകരമായിത്തീരുന്നു. ഭക്ഷ്യോൽപ്പാദനത്തിന് പുറമേ നഗര സമ്പദ്ഘടനയിൽ വ്യാപാരം, ഉൽപ്പാദനം, സേവനങ്ങൾ എന്നിവയും ഉൾപ്പെടുന്നു. നഗരവാസികൾ സ്വയംപര്യാപ്തരല്ലാതായിതീരുകയും അവർ സാധനങ്ങൾക്കും സേവനങ്ങൾക്കും മറ്റ് ജനങ്ങളെ (നഗരത്തിലെയോ ഗ്രാമത്തിലെയോ) ആശ്രയിക്കുകയും ചെയ്യുന്നു. അവർക്കിടയിൽ നിരന്തരമായ പരസ്പര ഇടപെടലുകൾ നടക്കുന്നുണ്ട്. ഉദാഹരണത്തിന് ശിലയിൽ മുദ്രകൾ കൊത്തിയുണ്ടാക്കുന്ന വ്യക്തിക്ക് തനിക്കാവശ്യമുള്ള വെങ്കല ഉപകരണങ്ങൾ നിർമ്മിക്കാൻ കഴിയില്ല. അതുപോലെ വർണാഭമായ ശിലകൾ എവിടെനിന്ന് കിട്ടുമെന്നും അയാൾക്കറിയില്ല. കാരണം അയാൾ വ്യാപാരത്തിലല്ല മറിച്ച് കൊത്തുപണിയിലാണ് വൈദഗ്ധ്യം നേടിയിട്ടുള്ളത്. വെങ്കല ഉപകരണ നിർമ്മാതാവ് ചെമ്പ്, ഈയം, തുടങ്ങിയ ലോഹങ്ങൾ നേടുന്നതിനായി പുറത്തേക്ക് പോകുന്നതുമില്ല. അതിനു പുറമേ അയാൾക്ക് ഇന്ധനമായി മരക്കരി സ്ഥിരമായി ആവശ്യമാണ്. തൊഴിൽ വിഭജനം നഗര ജീവിതത്തിന്റെ ഒരു മുഖമുദ്രയാണ്.



### വാർക്കയുടെ തല (The Warka Head)

ബി.സി.ഇ 3000 ന് മുൻപ് ഉറുക്ക് നഗരത്തിൽ വെളുത്ത മാർബിളിൽ കൊത്തിയെടുത്ത ഒരു സ്ത്രീയുടെ തലയുടെ രൂപമാണിത്. അതിന്റെ കണ്ണുകളും പുരികങ്ങളും യഥാക്രമം ലാപ്പിസ് ലസൂലി (നീലം), ചിപ്പി (വെള്ള), കൻമദം (കറുപ്പ്) എന്നിവ ഉപയോഗിച്ച് തയ്യാറാക്കിയതായിരിക്കാം. തലയ്ക്ക് മുകളിലൂടെയുള്ള ചാല് ഒരു പക്ഷേ, ആഭരണമണിയുവാനായിരിക്കാം. ഒരു സ്ത്രീയുടെ വായ, കീഴ്ത്താടി, കവിളുകൾ എന്നിവയുടെ സൂക്ഷ്മമായ ചിത്രീകരണത്താൽ പുകഴ്ത്തപ്പെട്ട ലോകപ്രശസ്തമായ ശില്പമാണിത്. വളരെ ദൂരത്ത് നിന്നും കൊണ്ടുവന്നിരിക്കാവുന്ന കട്ടിയുള്ള ശിലയിലാണ് ഈ ശില്പം കൊത്തിവച്ചിട്ടുള്ളത്.

*ഇത്തരം ഒരു ശില്പത്തിന്റെ സൃഷ്ടിയിൽ ശിലാശേഖരണം മുതൽ പങ്കാളികളായ എല്ലാ വിദഗ്ദ്ധരുടെയും പട്ടിക തയ്യാറാക്കുക.*

**പ്രവർത്തനം 2**

ലോഹങ്ങളുടെ ഉപയോഗമില്ലാതെ നഗരജീവിതം സാധ്യമാകുമായിരുന്നോ എന്ന് ചർച്ച ചെയ്യുക.

ഒരു സാമൂഹികവ്യവസ്ഥ ഏതൊരു പ്രദേശത്തിനും അനിവാര്യമാണ്. നഗരങ്ങളിലെ നിർമാതാക്കൾക്ക് ഇന്ധനം, ലോഹങ്ങൾ, വിഭിന്നങ്ങളായ ശിലകൾ, തടി തുടങ്ങിയവ ലഭിച്ചിരുന്നത് വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നാണ്. അതിനാൽ സംഘടിത വ്യാപാരവും സംഭരണവും ആവശ്യമായിവന്നു. ധാന്യങ്ങളും മറ്റ് ഭക്ഷ്യവിഭവങ്ങളും ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് കൊണ്ടുപോകേണ്ടതുണ്ട്. ഇവ സംഭരിച്ച് വിതരണം ചെയ്യുകയും വേണം. കൂടാതെ മറ്റ് വ്യത്യസ്ത പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണമായിരുന്നു. മുദ്രപ്പണിക്കാർക്ക് ശിലമാത്രമല്ല വെങ്കല ഉപകരണങ്ങളും മൺപാത്രങ്ങളും ലഭിക്കണമായിരുന്നു. ഇത്തരം ഒരു വ്യവസ്ഥയിൽ വ്യക്തമായി ചിലർ കൽപ്പനകൾ നൽകുമ്പോൾ മറ്റുള്ളവർ അവ അനുസരിച്ചു. മാത്രമല്ല നാഗരിക സമ്പദ്ഘടനയ്ക്ക് മിക്കപ്പോഴും എഴുതപ്പെട്ട (written records) രേഖകളുടെ സൂക്ഷിക്കൽ അനിവാര്യമായിത്തീർന്നു.

## നഗരങ്ങളിലേക്കുള്ള ചരക്കുനീക്കം (Movement of Goods into Cities)


മെസൊപ്പൊട്ടേമിയയിൽ ഭക്ഷ്യവിഭവങ്ങൾ ധാരാളമുണ്ടായിരുന്നെങ്കിലും ധാതുവിഭവങ്ങൾ വളരെ പരിമിതമായിരുന്നു. ദക്ഷിണ മേഖലയിലെ ഭൂരിഭാഗം പ്രദേശത്തും ഉപകരണങ്ങളും മുദ്രകളും ആഭരണങ്ങളും നിർമ്മിക്കാനുള്ള ശിലകൾ ഇല്ലായിരുന്നു. ഇറാഖിലെ ഈന്തപ്പഴ മരത്തിന്റെയും പോപ്ലാർമരത്തിന്റെയും തടി വാഹനം, വാഹനത്തിന്റെ ചക്രം, വള്ളങ്ങൾ എന്നിവ നിർമ്മിക്കാൻ പര്യാപ്തമായിരുന്നില്ല. ഉപകരണങ്ങൾ, മുദ്രകൾ, ആഭരണങ്ങൾ എന്നിവ നിർമിക്കാനുള്ള ലോഹങ്ങളും അവിടെ ഉണ്ടായിരുന്നില്ല. അങ്ങനെയെങ്കിൽ പ്രാചീന മെസൊപ്പൊട്ടേമിയൻ ജനത തടി, ചെമ്പ്, ഈയം, വെള്ളി, സ്വർണം, ചിപ്പി, കൂടാതെ തുർക്കി, ഇറാൻ, ഗൾഫ് പ്രദേശങ്ങൾ എന്നിവിടങ്ങളിലെ വ്യത്യസ്ത ശിലകൾ എന്നിവയ്ക്കു വേണ്ടി തങ്ങളുടെ സമൃദ്ധമായ തുണിത്തരങ്ങളും കാർഷികോൽപ്പന്നങ്ങളും കൈമാറ്റം ചെയ്തതായി അനുമാനിക്കാം. ഒടുവിൽ പറഞ്ഞ പ്രദേശങ്ങളിൽ ധാരാളം ധാതുവിഭവങ്ങൾ ഉണ്ടായിരുന്നെങ്കിലും കൃഷിക്കുള്ള സാധ്യത വളരെ കുറവായിരുന്നു. വിദേശ പര്യടനങ്ങൾ സജ്ജമാക്കുന്നതിനും ഇടപാടുകൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ പതിവ് വിനിമയങ്ങൾ നടത്തുന്നതിന് മുൻകയ്യെടുത്തിരുന്നത് ദക്ഷിണ മെസൊപ്പൊട്ടോമിയയിലെ ജനങ്ങളായിരുന്നു.- ഒരു സംഘടിത സാമൂഹ്യ വ്യവസ്ഥയിൽ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.

കരകൗശലം, വ്യാപാരം, സേവനങ്ങൾ എന്നിവയ്ക്ക് പുറമെ കാര്യക്ഷമമായ ഗതാഗതത്തിനും നഗര വികസനത്തിൽ പ്രാധാന്യമുണ്ട്. ധാന്യങ്ങളും മരക്കരിയും മൃഗങ്ങളുടെ ചുമലിൽ കയറ്റിയോ, കാളവണ്ടിയിൽ കയറ്റിയോ, നഗരങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് കൂടുതൽ സമയമോ മൃഗങ്ങൾക്ക് കൂടുതൽ തീറ്റയോ ആവശ്യമായി വന്നാൽ ആ നഗര സമ്പദ്വ്യവസ്ഥ വിജയപ്രദമായിരിക്കില്ല. എല്ലായിടത്തും ഏറ്റവും ചെലവ് കുറഞ്ഞ ഗതാഗതം ജലമാർഗമാണ്. ചാക്കുകണക്കിന് ധാന്യങ്ങൾ നദിയിലൂടെ ജലത്തിന്റെ ഒഴുക്കോ കാറ്റോ ഇവ രണ്ടും കൂടിയോ മുന്നോട്ടു പായിക്കുന്ന വള്ളത്തിലോ ചങ്ങാടത്തിലോ കൊണ്ടുപോകാൻ കഴിയും. എന്നാൽ സാധനങ്ങൾ കൊണ്ടു പോകാനായി മൃഗങ്ങളെ ഉപയോഗിക്കുമ്പോൾ അവയ്ക്ക് തീറ്റ കൊടുക്കണം. പ്രാചീന മെസൊപ്പൊട്ടോമിയയിലെ തോടുകളും പ്രകൃതിദത്തമായ നീർച്ചാലുകളും ഫലത്തിൽ വലുതും ചെറുതമായ ജനവാസ കേന്ദ്രങ്ങൾക്കിടയിലുള്ള നല്ല ഗതാഗത പാതകളായിരുന്നു. ഈ അധ്യായത്തിൽ തന്നെ മാരി നഗരത്തെക്കുറിച്ചുള്ള വിവരണം പരിശോധിക്കുമ്പോൾ ഒരു 'ലോകപാത' എന്ന നിലയിൽ യൂഫ്രട്ടീസ് നദിക്കുള്ള പ്രാധാന്യം മനസ്സിലാകും.

## എഴുത്തിന്റെ വികാസം (The Development of Writing)

ഏകദേശം 3200 ബി.സി.ഇ. യിലെ കളിമൺ ഫലകങ്ങൾ. ഓരോന്നിനും 3.5 സെന്റീമീറ്ററോ അതിൽ കുറവോ ഉയരം, ചിത്രസമാനമായ അടയാളങ്ങളും (കാള, മത്സ്യം, ധാന്യം, വഞ്ചി) അക്കങ്ങളും ( ( )


കാള



ധാന്യം


മത്സ്യം


അക്കങ്ങൾ, വഞ്ചി

എല്ലാ സമൂഹങ്ങൾക്കും ചില അർഥങ്ങൾ കൈമാറുന്ന സംസാരശബ്ദങ്ങളുള്ള ഭാഷകളുണ്ട്. ഇതാണ് വാചിക ആശയവിനിമയം. എഴുത്ത് വ്യത്യസ്തമായ വഴിയിലൂടെയുള്ള വാചികമായ ആശയവിനിമയം തന്നെയാണ്. എഴുത്ത് വിദ്യയേയോ ലിപിയേയോ കുറിച്ച് പറയുമ്പോൾ നമ്മൾ അർഥമാക്കുന്നത് അടയാള മുദ്രകളാൽ പ്രതിനിധീകരിക്കപ്പെടുന്ന ചില സംസാര ശബ്ദങ്ങൾ തന്നെയാണ്.

ഏകദേശം 3200 ബി.സി.ഇ. യിൽ എഴുതപ്പെട്ട ആദ്യത്തെ മെസൊപ്പൊട്ടേമിയൻ ഫലകത്തിൽ ചിത്രരൂപത്തിലുള്ള മുദ്രകളും സംഖ്യകളും അടങ്ങിയിരിക്കുന്നു. അയ്യായിരത്തോളം വരുന്ന പട്ടികയിൽ കാളകൾ, മത്സ്യം, റൊട്ടി തുടങ്ങിയവയുടെയെല്ലാം രൂപങ്ങൾ ഉൾപ്പെടുന്നു. ഈ വസ്തുക്കളെല്ലാം ദക്ഷിണഭാഗത്തുള്ള ഉറൂക്കിലെ ക്ഷേത്രത്തിലേക്ക് കൊണ്ടു വന്നതോ അവിടെ നിന്നും വിതരണം ചെയ്തതോ ആയിരുന്നു. കൈമാറ്റങ്ങളുടെ രേഖകൾ സമൂഹങ്ങൾ സൂക്ഷിക്കാൻ തുടങ്ങിയതോടെയാണ് എഴുത്ത് കൃത്യമായി ആരംഭിച്ചത്. എന്തുകൊണ്ടെന്നാൽ നഗര ജീവിതത്തിലെ വ്യത്യസ്ത വസ്തുക്കളുടെ വിനിമയങ്ങൾ വ്യത്യസ്തസമയങ്ങളിൽ അനവധി ആളുകളാണ് നടത്തിയത്.



ക്യൂണിഫോം ഏകസ്വരവ്യഞ്ജന അടയാളങ്ങൾ

മെസൊപ്പൊട്ടോമിയൻ ജനത കളിമൺ ഫലകങ്ങളിലാണ് എഴുതിയിരുന്നത്. എഴുത്തുകാരൻ കളിമണ്ണ് നനച്ചശേഷം തനിക്ക് സൗകര്യപ്രദമായി ഒരു കൈയിൽ പിടിക്കാവുന്ന ഒരു ഫലകം ഉണ്ടാക്കുന്നു. പിന്നീടതിന്റെ ഉപരിതലം ശ്രദ്ധാപൂർവം മിനുസപ്പെടുത്തുന്നു. ആപ്പിന്റെ ആകൃതിയിൽ ചരിച്ചു

*രണ്ട് ഭാഗത്തും ക്യൂണിഫോമിൽ എഴുതിയ ഒരു കളിമൺ ഫലകം. ഇത് ഒരു ഗണിത അഭ്യാസമാണ്. മറുവശത്ത് മുകൾ ഭാഗത്ത് ഒരു ത്രികോണവും വിലങ്ങനെ വരകളും കാണാം. അക്ഷരങ്ങൾ കളിമണ്ണിൽ മുദ്രണം ചെയ്തതായി നിങ്ങൾക്ക് കാണാം.*



മുറിച്ച ഒരു ഈറയുടെ മുനയുള്ള അറ്റംകൊണ്ട് നനഞ്ഞ ഫലകത്തിന്റെ മുകളിൽ ആപ്പിന്റെ ആകൃതിയിലുള്ള (ക്യൂണിഫോം*) മുദ്രകൾ പതിപ്പിക്കുന്നു. സൂര്യപ്രകാശത്തിൽ വച്ച് ഉണക്കിയാൽ ഇത് കട്ടിയാവുകയും പിന്നെ മൺപാത്രങ്ങൾ പോലെ തന്നെ നശിപ്പിക്കാൻ കഴിയാതാവുകയും ചെയ്യുന്നു. ഉദാഹരണമായി, ലോഹങ്ങളുടെ വിതരണത്തെക്കുറിച്ചുള്ള ഒരു രേഖയുടെ കാലാവധി കഴിയുമ്പോൾ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ആ ഫലകത്തിന്റെ പ്രധാന്യം നഷ്ടപ്പെടുകയും അത് ഉപേക്ഷിക്കപ്പെടുകയും ചെയ്തിരുന്നു. ഉപരിതലം ഉണങ്ങിക്കഴിഞ്ഞാൽ അതിൽ മുദ്രകൾ പതിക്കാൻ കഴിയില്ല. അതിനാൽ ചെറുതായാലും വലുതായാലും ഓരോ വിനിമയത്തിനും ഓരോ ഫലകം ആവശ്യമായി വന്നു. അതുകൊണ്ടാണ് മെസൊപ്പൊട്ടേമിയയിലെ ഓരോ സ്ഥലത്ത് നിന്നും നൂറുകണക്കിന് ഫലകങ്ങൾ ലഭിച്ചിട്ടുള്ളത്. അതിനാൽ അന്നത്തെ ഇന്ത്യയുടേതിൽ നിന്ന് വ്യത്യസ്തമായി മെസൊപ്പൊട്ടേമിയയുടെ ചരിത്രത്തെക്കുറിച്ചറിയാൻ ധാരാളം സ്രോതസ്സുകൾ നമുക്ക് ലഭ്യമാകുന്നുണ്ട്.

* ലത്തീൻ പദങ്ങളായ 'ക്യൂണിയസ്' (അർഥം – ആപ്പ്)' 'ഫോർമ' (അർഥം – ആകൃതി) എന്നിവയിൽ നിന്നാണ് 'ക്യൂണിഫോം' എന്ന വാക്ക് ഉണ്ടായത്.

ബി.സി.ഇ. 2600 ഓടെ അക്ഷരങ്ങൾ ക്യൂണിഫോമും ഭാഷ സുമേറിയനുമായി. അതോടെ രേഖകൾ സൂക്ഷിക്കുന്നതിനു പുറമേ നിഘണ്ടുക്കൾ തയാറാക്കുക, ഭൂമി കൈമാറ്റത്തിന് നിയമപരമായ അംഗീകാരം നൽകുക, രാജാവിന്റെ പ്രവർത്തനങ്ങളെ വിവരിക്കുക, രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളിൽ രാജാവ് വരുത്തിയ മാറ്റങ്ങൾ ജനങ്ങളെ അറിയിക്കുക എന്നിവയ്ക്കെല്ലാം എഴുത്ത് വിദ്യ ഉപയോഗിക്കാൻ തുടങ്ങി. ബി.സി.ഇ 2400 ഓടെ മെസൊപ്പൊട്ടേമിയയിലെ ആദ്യത്തെ അറിയപ്പെട്ട ഭാഷയായ സുമേറിയന്റെ സ്ഥാനത്ത് അക്കാഡിയൻ ഭാഷ കടന്നുവന്നു. സി.ഇ. ഒന്നാം നൂറ്റാണ്ട് വരെ, ഏകദേശം രണ്ടായിരത്തിലധികം വർഷങ്ങൾ, അക്കാഡിയൻ ഭാഷയിലെ ക്യൂണിഫോം എഴുത്ത് ഉപയോഗത്തിലുണ്ടായിരുന്നു.

## എഴുത്ത് രീതി (The System of Writing)

ഒരു ക്യൂണിഫോം മുദ്ര പ്രതിനിധീകരിക്കുന്നത് ഒരു വ്യഞ്ജനാക്ഷരത്തെയോ സ്വരാക്ഷരത്തേയോ, (അതായത് ഇംഗ്ലീഷ് അക്ഷരമാലയിലെ 'm' അല്ലെങ്കിൽ 'a' പോലെ) അല്ല, മറിച്ച് ഒരു ശബ്ദം സൃഷ്ടിക്കുന്ന അക്ഷരക്കൂട്ടങ്ങളെയാണ്. (ഉദാഹരണമായി 'പുട് (put)', 'ലാ (la)', 'ഇൻ (in)'). അതിനാൽ മെസൊപ്പൊട്ടേമിയയിലെ ഒരു എഴുത്തുകാരന് നൂറുകണക്കിന് മുദ്രകൾ പഠിക്കേണ്ടിവരും. അയാൾ ഒരു ഈർപ്പമുള്ള ഫലകം കൈകാര്യം ചെയ്യുന്നതിനും അത് ഉണങ്ങുന്നതിന് മുൻപ് എഴുതുന്നതിനും വൈദഗ്ധ്യമുള്ളയാളായിരിക്കണം. അതിനാൽ എഴുത്ത് വളരെയധികം വൈദഗ്ധ്യം വേണ്ട ഒരു കരകൗശലമായിരുന്നു. അതിനേക്കാളുപരി ഒരു പ്രത്യേക ഭാഷയിലെ ശബ്ദസമ്പ്രദായത്തെ ദൃശ്യരൂപത്തിൽ വിനിമിയം ചെയ്യുന്ന വലിയ ഒരു ബൗദ്ധിക നേട്ടം കൂടിയായിരുന്നു മെസൊപ്പൊട്ടേമിയയിലെ എഴുത്ത് രീതി.

## സാക്ഷരത (Literacy)

വളരെക്കുറച്ച് മെസൊപ്പൊട്ടേമിയക്കാർക്ക് മാത്രമേ എഴുതാനും വായിക്കാനും കഴിയുമായിരുന്നുള്ളൂ. അവർക്ക് പഠിക്കാനായി നൂറു കണക്കിന് മുദ്രകൾ ഉണ്ടായിരുന്നു എന്ന് മാത്രമല്ല അവ പലതും സങ്കീർണവുമായിരുന്നു (**പേജ് 33 കാണുക**). ഒരു രാജാവിന് വായിക്കാനറിയാമായിരുന്നുവെങ്കിൽ, അദ്ദേഹം, അക്കാര്യം തന്റെ ആത്മപ്രശംസാപരമായ ലിഖിതങ്ങളിലൊന്നിൽ രേഖപ്പെടുത്തി എന്ന് ഉറപ്പാക്കിയേനേ! എന്നിരുന്നാലും മിക്കവാറും ഭാഗങ്ങളിലും എഴുത്ത് സംസാരരീതിയെ പ്രതിഫലിപ്പിച്ചു.

ഒരുദ്യോഗസ്ഥന്റെ കത്ത് രാജാവിനെ വായിച്ച് കേൾപ്പിക്കണമായിരുന്നു. അതിനാൽ അത് ആരംഭിക്കുന്നത് ഇങ്ങനെയായിരിക്കണമായിരുന്നു.

"എന്റെ പ്രഭു, ആയ 'എ' യോട് സംസാരിക്കുന്നു: ....... താങ്കളുടെ ഭൃത്യൻ ആയ 'ബി' ഇങ്ങനെ പറയുന്നു: ...... 'എന്നെ ഏൽപ്പിച്ച പണി ഞാൻ തീർത്തിട്ടുണ്ട്.....'

സൃഷ്ടിയെകുറിച്ചുള്ള ഒരു ദീർഘമായ ഐതിഹ്യ കവിത ഇങ്ങനെയാണ് അവസാനിക്കുന്നത്.

"ഈ കാവ്യശകലങ്ങൾ ഓർമ്മയിലിരിക്കട്ടെ
അവ മുതിർന്നവർ അവരെ പഠിപ്പിക്കട്ടെ;
ജ്ഞാനികളും പണ്ഡിതരും അതിനെക്കുറിച്ച് ചർച്ചചെയ്യട്ടെ;
പിതാവ് തന്റെ ആൺമക്കളോട് അത് ആവർത്തിക്കട്ടെ;
ഇടയന്മാരുടെ പോലും കാതുകൾ അവയിലേക്ക് തുറന്നിരിക്കട്ടെ.'

## എഴുത്തിന്റെ ഉപയോഗങ്ങൾ (The Uses of Writing)

നഗരജീവിതം, കച്ചവടം എന്നിവയ്ക്ക് എഴുത്തുമായുള്ള ബന്ധം ഉറുക്കിലെ ആദ്യകാല ഭരണാധികാരികളിലൊരാളായ എൻമർക്കറെ കുറിച്ചുള്ള ദീർഘമായ ഒരു സുമേറിയൻ ഇതിഹാസ കാവ്യത്തിൽ സ്പഷ്ടമാക്കപ്പെടുന്നുണ്ട്. മെസൊപ്പൊട്ടേമിയൻ പാരമ്പര്യത്തിൽ 'നഗരം' എന്നറിയപ്പെടുന്ന അതിവിശിഷ്ടമായ ഒരു നഗരമായിരുന്നു ഉറുക്ക്.

സുമേറിലെ ആദ്യത്തെ വ്യാപാരത്തിന്റെ സംഘാടനവുമായാണ് എൻമർക്കർ ബന്ധപ്പെട്ടിരിക്കുന്നത്. ആദ്യകാലങ്ങളിൽ 'വ്യാപാരം എന്തെന്നറിയില്ലായിരുന്നു' എന്നാണ് ഇതിഹാസം പറയുന്നത്. എൻമർക്കർ നഗരക്ഷേത്രത്തിന്റെ മനോഹാരിത വർധിപ്പിക്കുന്നതിനായി ഇന്ദ്രനീലവും അമൂല്യ ലോഹങ്ങളും കൊണ്ട് നഗരക്ഷേത്രം മോടി പിടിപ്പിക്കാനായി ആഗ്രഹിക്കുകയും അവ ലഭിക്കാനായി വിദൂര പ്രദേശമായ അറാട്ടയിലെ മുഖ്യന്റെ അടുത്തേക്ക് തന്റെ സന്ദേശവാഹകനെ അയയ്ക്കുകയും ചെയ്തു. സന്ദേശവാഹകൻ ഭരണാധികാരിയുടെ വാക്കുകൾ അനുസരിച്ചു. നക്ഷത്രങ്ങളെ നോക്കി അദ്ദേഹം രാത്രിയിൽ യാത്രതിരിച്ചു. പകൽ സ്വർഗത്തിലെ സൂര്യന്റെ വിശുദ്ധിയിലും അദ്ദേഹം യാത്ര ചെയ്തു. അദ്ദേഹത്തിന് പർവതനിരകളുടെ ഉയരങ്ങളിലേക്ക് പോവുകയും തിരിച്ച് താഴേക്കു വരുകയും ചെയ്യണമായിരുന്നു. പർവതങ്ങളുടെ താഴ്‌വാരത്തിലുള്ള സുസയിലെ (ഒരു നഗരം) ജനങ്ങൾ ചുണ്ടെലികളെപ്പോലെ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു*. തുടർന്നദ്ദേഹം അഞ്ചും ആറും ഏഴും പർവതനിരകൾ തരണം ചെയ്തു.

* സന്ദേശവാഹകൻ കുന്നിന്റെ ഉയരങ്ങളിൽ കയറിക്കഴിയുമ്പോൾ താഴെ താഴ്‌വാരങ്ങളിലുള്ള സർവ്വതും വളരെ ചെറുതായിട്ടാണ് ദൃശ്യമായതെന്നാണ് കവി അർത്ഥമാക്കുന്നത്.

സന്ദേശവാഹകന് അറാട്ടയിലെ മുഖ്യനെക്കൊണ്ട് ഇന്ദ്രനീലമോ വെള്ളിയോ അനുവദിപ്പിക്കാൻ കഴിഞ്ഞില്ല. അതിനാൽ അദ്ദേഹം ദീർഘമായ ആ യാത്ര അങ്ങോട്ടും ഇങ്ങോട്ടും വീണ്ടും വീണ്ടും തുടർന്നു കൊണ്ടേയിരുന്നു. ഉറുക്കിലെ രാജാവിൽ നിന്ന് ഭീഷണിയും, ഒപ്പം വാഗ്ദാനങ്ങളും അയാൾ കൈമാറിക്കൊണ്ടിരുന്നു. അന്തിമമായി, സന്ദേശവാഹകൻ 'സംസാരിച്ച് വായ് കഴച്ചു.' മാത്രമല്ല സന്ദേശങ്ങൾ അദ്ദേഹത്തിന് ആശയക്കുഴപ്പമുണ്ടാക്കുകയും ചെയ്തു. തുടർന്ന് എൻമാർക്കർ ഒരു കളിമൺ ഫലകമുണ്ടാക്കുകയും അത് കൈയിൽ പിടിച്ച് അതിലെഴുതുകയും ചെയ്തു. അക്കാലത്ത് കളിമണ്ണിൽ എഴുതുന്ന രീതി നിലവിലില്ലായിരുന്നു.

തനിക്ക് ലഭിച്ച കളിമൺ ഫലകം അറാട്ടയിലെ ഭരണാധികാരി പരിശോധിച്ചു. വാക്കുകൾ ആണികൾ** പോലെയായിരുന്നു. 'അദ്ദേഹം കോപാകുലനായി ഫലകത്തിൽ ത്തന്നെ നോക്കിക്കൊണ്ടിരുന്നു.'

** ക്യൂണിഫോം അക്ഷരങ്ങൾ ആപ്പിന്റെ ആകൃതിയിൽ ആയതിനാൽ അവ ആണികളെപ്പോലെയിരുന്നു.


ഇത് അക്ഷരംപ്രതി സത്യമാണെന്ന് കരുതാൻ കഴിയില്ല. എന്നാൽ, മെസൊപ്പൊട്ടേമിയക്കാരുടെ ഈ ധാരണയിൽ നിന്ന് രാജവാഴ്ചയാണ് വ്യാപാരവും എഴുത്തും സംഘടിപ്പിച്ചതെന്ന് നമുക്ക് അനുമാനിക്കാം. വിവരങ്ങൾ ശേഖരിക്കുന്നതിനും സന്ദേശങ്ങൾ വിദൂരങ്ങളിലേക്ക് അയയ്ക്കുന്നതിനുമുള്ള മാധ്യമം എന്നതിന് പുറമെ എഴുത്ത് വിദ്യ മെസൊപ്പൊട്ടേമിയയിലെ നാഗരിക സംസ്കാരത്തിന്റെ പ്രതാപത്തിന്റെ ഒരു പ്രതീകമായിരുന്നു എന്നും ഈ കവിത നമ്മോട് പറയുന്നു.

## ദക്ഷിണ മെസൊപ്പൊട്ടേമിയയിലെ നഗരവൽക്കരണം: ക്ഷേത്രങ്ങളും രാജാക്കന്മാരും

## (Urbanisation in Southern Mesopotamia: Temples and Kings)

ബി.സി.ഇ. 5000 മുതൽ ദക്ഷിണ മെസൊപ്പൊട്ടേമിയയിൽ മനുഷ്യാധിവാസ കേന്ദ്രങ്ങൾ വികസിച്ചു വരാൻ തുടങ്ങി. ഈ വാസസ്ഥലങ്ങളിൽ ചിലതിൽ നിന്നാണ് ആദിമ നഗരങ്ങൾ രൂപപ്പെട്ടത്. ഇവ തന്നെ പലതരത്തിലുണ്ടായിരുന്നു. ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റി ക്രമേണ വളർന്നുവന്ന നഗരങ്ങൾ; വാണിജ്യ കേന്ദ്രങ്ങളായി വളർന്നുവന്ന നഗരങ്ങൾ; സാമ്രാജ്യത്വ നഗരങ്ങൾ എന്നിവയാണവ. ഇതിൽ ആദ്യത്തെ രണ്ട് തരം നഗരങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യാൻ പോകുന്നത്.


ആദ്യകാലതാമസക്കാർ (അവരുടെ ഉത്ഭവം അജ്ഞാതമാണ്) ഗ്രാമങ്ങളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ക്ഷേത്രങ്ങൾ നിർമ്മിക്കുകയും പുനർനിർമ്മിക്കുകയും ചെയ്തു. ചുട്ടെടുക്കാത്ത ഇഷ്ടിക കൊണ്ടു നിർമ്മിച്ച ഒരു ചെറിയ ദേവാലയമായിരുന്നു ആദ്യത്തെ ക്ഷേത്രം. ക്ഷേത്രങ്ങൾ വ്യത്യസ്ത ദൈവങ്ങളുടെ വാസസ്ഥലങ്ങളായിരുന്നു. ഉർ പട്ടണത്തിലെ ചാന്ദ്രദേവൻ, സ്നേഹത്തിന്റെയും യുദ്ധത്തിന്റെയും ദേവതയായ ഇനന്ന എന്നിങ്ങനെ വിവിധ ദൈവങ്ങളുടെയെല്ലാം വാസസ്ഥലങ്ങളായിരുന്നു അവ. ഇഷ്ടികകൊണ്ടു നിർമിച്ച ഈ ക്ഷേത്രങ്ങൾക്കൊപ്പം കാലാന്തരത്തിൽ നടുമുറ്റവും അതിനുചുറ്റും മുറികളും കൂട്ടിച്ചേർക്കപ്പെട്ടതോടെ അവ വിശാലമായിത്തീർന്നു. ആദ്യകാലത്തെ ക്ഷേത്രങ്ങളിൽ പലതും സാധാരണ വീടുകളിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. കാരണം ക്ഷേത്രം ഒരു ദൈവത്തിന്റെ ഭവനമായിരുന്നു. പക്ഷേ, ക്ഷേത്രങ്ങൾക്ക് എപ്പോഴും സാധാരണ കെട്ടിടങ്ങളിൽ നിന്ന് വ്യത്യസ്തമായി പുറം മതിലുകൾ ഉണ്ടായിരുന്നു. അവയിൽ അകത്തേക്കും പുറത്തേക്കും പോകാനായി ഇടയ്ക്കിടയ്ക്ക് വഴികൾ ഉണ്ടായിരുന്നു.




*ദക്ഷിണേഷ്യയിലെ അറിയപ്പെടുന്ന ആദ്യ ക്ഷേത്രം, ഏകദേശം 5000 ബി.സി.ഇ. (രൂപരേഖ).*

ആരാധനയുടെ കേന്ദ്രമായിരുന്ന ദൈവത്തിന് ജനങ്ങൾ ധാന്യങ്ങൾ, തൈര്, മത്സ്യങ്ങൾ എന്നിവ സമർപ്പിച്ചു. (ചില ക്ഷേത്രങ്ങളുടെ തറയിൽ നിന്ന് ധാരാളം മീൻമുള്ളുകൾ ലഭിച്ചിട്ടുണ്ട്). തത്ത്വത്തിൽ ഒരു പ്രദേശത്തെ ജനങ്ങളുടെ കൃഷിപ്പാടങ്ങൾ, മത്സ്യസമ്പത്ത്, നാൽക്കാലിക്കൂട്ടം എന്നിവയുടെയെല്ലാം ഉടമ ദൈവമായിരുന്നു. കാലാന്തരത്തിൽ ഉൽപ്പന്നങ്ങളുടെ സംസ്കരണവും (ഉദാഹരണത്തിന് എണ്ണയാട്ട്, ധാന്യങ്ങൾ പൊടിക്കൽ, നെയ്ത്ത്, കമ്പിളി വസ്ത്രങ്ങളുടെ തുന്നൽ എന്നിവ) ക്ഷേത്രങ്ങളിൽ വച്ച് ചെയ്യാൻ തുടങ്ങി. ഭവനങ്ങൾക്കപ്പുറമുള്ള ഉൽപ്പാദനത്തിന്റെ സംഘാടകൻ, കച്ചവടക്കാരുടെ തൊഴിൽ ദാതാവ്, മത്സ്യം, ധാന്യങ്ങളിൽ നിന്ന് ലഭിക്കുന്ന ലഹരി പാനീയം, റൊട്ടി, നിലമുഴാനുള്ള മൃഗങ്ങൾ, ധാന്യങ്ങളുടെ പങ്കിടൽ, വിതരണം എന്നിവയുടെ എഴുതപ്പെട്ട രേഖകൾ സൂക്ഷിക്കുന്ന സ്ഥലം തുടങ്ങിയ നിലകളിൽ ക്ഷേത്രങ്ങൾ അവയുടെ പ്രവർത്തനമേഖല വ്യാപിപ്പിക്കുകയും സുപ്രധാന നാഗരികസ്ഥാപനമായി മാറുകയും ചെയ്തു. പക്ഷേ, ഇതോടൊപ്പം മറ്റൊരു ഘടകം കൂടി അവിടെ കാണാനുണ്ടായിരുന്നു.

പ്രകൃതി ദത്തമായ ഫലഭൂയിഷ്ടത ഉണ്ടായിരുന്നെങ്കിലും കൃഷിക്ക് ചില അപകട സാധ്യതകൾ ഉണ്ടായിരുന്നു. യൂഫ്രട്ടീസ് നദിയുടെ സ്വാഭാവിക കൈവഴികൾ വർഷം തോറും വെള്ളപ്പൊക്കത്താൽ കരകവിഞ്ഞൊഴുകുകയും ചിലപ്പോൾ ദിശമാറി ഒഴുകുകയും ചെയ്യുമായിരുന്നു. പുരാവസ്തുരേഖകൾ പറയുന്നത് മെസൊപ്പൊട്ടേമിയയുടെ ചരിത്രത്തിൽ പലപ്പോഴും ഗ്രാമങ്ങൾ മാറ്റി സ്ഥാപി



*ഏകദേശം 3000 ബി.സി.ഇ.യിൽ നിർമിച്ച ഒരു 'പിൽക്കാലക്ഷേത്രം'. തുറന്ന മുറ്റവും ഇരുവശത്തേക്കും മുഖപ്പുകളും കാണാം. (ഉത്ഖനനം നടത്തിയ നിലയിലുള്ള ചിത്രം)*

ക്കപ്പെട്ടിട്ടുണ്ടെന്നാണ്. ഇതിനുപുറമെ മനുഷ്യൻ സൃഷ്ടിച്ച പ്രശ്നങ്ങളുമുണ്ടായിരുന്നു. കൈവഴിയുടെ ഉയർന്ന തീരപ്രദേശങ്ങളിൽ താമസിക്കുന്നവർ തങ്ങളുടെ കൃഷിപ്പാടത്ത് കൂടുതൽ വെള്ളം ലഭിക്കുന്നതിനായി കൈവഴിയുടെ ഗതിതിരിച്ച് വിടും. അപ്പോൾ ഗ്രാമത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വെള്ളം ലഭിക്കില്ല. അല്ലെങ്കിൽ മുകളിൽ താമസിക്കുന്നവർ ചെളിനിറഞ്ഞ കൈവഴി വൃത്തിയാക്കാൻ തയാറാകാതിരിക്കുമ്പോൾ താഴേക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടും. തൽഫലമായി ആദ്യകാല മെസൊപ്പൊട്ടേമിയയുടെ ഗ്രാമപ്രദേശങ്ങളിൽ ഭൂമിക്കും ജലത്തിനും വേണ്ടിയുള്ള സംഘർഷങ്ങൾ നിരന്തരമായി നടന്നിരുന്നു.

ഒരു പ്രദേശത്ത് നിരന്തരം യുദ്ധങ്ങൾ നടന്നാൽ വിജയിക്കുന്ന മുഖ്യൻമാർ തങ്ങളുടെ അനുയായികൾക്ക് യുദ്ധത്തിൽ പിടിച്ചെടുത്ത സമ്പത്ത് വീതം വച്ച് കൊടുക്കണമായിരുന്നു. മാത്രമല്ല പരാജയപ്പെട്ട വിഭാഗക്കാരെ തടവുകാരായി പിടിച്ച് തങ്ങളുടെ പരിചാരകരും അംഗരക്ഷകരും ആയി നിയമിക്കുകയും ചെയ്യാമായിരുന്നു. അങ്ങനെ മുഖ്യന്മാർക്ക് അവരുടെ സ്വാധീനവും ശക്തിയും വർധിപ്പിക്കാം. സമൂഹത്തിന്റെ നന്മയ്ക്കായുള്ള പുതിയ സ്ഥാപനങ്ങൾ നിലവിൽ വരുന്നതുവരെ ഇത്തരം യുദ്ധനേതാക്കൾ വരുകയും പോവുകയും ചെയ്തുകൊണ്ടിരുന്നു. വിജയികളായ മുഖ്യന്മാർ യുദ്ധത്തിൽ പിടിച്ചെടുത്ത അമൂല്യവസ്തുക്കൾ ദൈവത്തിന് സമർപ്പിക്കുകയും അവരുടെ സമുദായ ക്ഷേത്രങ്ങൾ മനോഹരമാക്കുകയും ചെയ്തു. ദൈവത്തിന്റെയും സമൂഹത്തിന്റെയും നേട്ടത്തിനായി വിലയേറിയ ശിലകളും ലോഹങ്ങളും ശേഖരിക്കാനായി അവർ തങ്ങളുടെ ആളുകളെ പലസ്ഥലങ്ങളിലേക്ക് അയച്ചു. ക്ഷേത്രങ്ങളിലേക്കുള്ള വരവും ചെലവും കൃത്യമായി കണക്കാക്കി അവർ ക്ഷേത്ര സമ്പത്ത് സമർത്ഥമായ രീതിയിൽ വിതരണം ചെയ്തു. എൻമർക്കറെ കുറിച്ചുള്ള കവിത സൂചിപ്പിക്കുന്നത് പോലെ ഇത്തരം പ്രവർത്തനങ്ങൾ രാജാവിന് ഉയർന്ന പദവിയും സമൂഹത്തിന്റെ മേൽ ആജ്ഞാധികാരവും നൽകി.

അവിടെ പരസ്പരം ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളുടെ ഒരു ശൃംഖല നിലനിന്നിരുന്നതായി കണക്കാക്കാം. ഗ്രാമവാസികളെ തങ്ങളുടെ സമീപത്ത് വസിക്കാൻ നേതാക്കൾ പ്രേരിപ്പിച്ചു. അങ്ങനെയാണെങ്കിൽ ആവശ്യം വരുമ്പോൾ അവരെ കൂട്ടി ഒരു സൈന്യമുണ്ടാക്കാം. മാത്രമല്ല, അടുത്തടുത്ത് താമസിക്കുന്ന

താണ് എല്ലാവർക്കും സുരക്ഷിതവും. ആദ്യകാല ക്ഷേത്ര നഗരങ്ങളിലൊന്നായ ഉറുക്കിൽ ആയുധധാരികളായ വീരൻമാരുടെയും അവരുടെ ഇരകളുടെയും ചിത്രീകരണങ്ങൾ കാണാൻ കഴിയും. ഏകദേശം ബി.സി.ഇ. 3000 ത്തോടെ ഉറുക്ക് 250 ഹെക്ടർ വിസ്താരമുള്ള വിശാലമായ പട്ടണമായി–പിൽക്കാല നൂറ്റാണ്ടുകളിൽ മോഹൻജൊദാരോയെക്കാൾ രണ്ടിരട്ടി വലുപ്പമുള്ളതായി–വളർന്നുവെന്ന് സൂക്ഷ്മമായ പുരാവസ്തു വിശകലനങ്ങളിൽ തെളിയുന്നു. അതോടെ ഡസൻകണക്കിന് ചെറിയ ഗ്രാമങ്ങളെ ജനങ്ങൾ ഉപേക്ഷിച്ചു നഗരങ്ങളിലേക്കു പോയി. അതൊരു വലിയ ജനസംഖ്യയുടെ ഒഴിഞ്ഞുപോക്കായിരുന്നു. മറ്റൊരു പ്രധാന കാര്യം വളരെ പഴയകാലം മുതൽക്ക് തന്നെ ഉറുക്കിൽ ഒരു പ്രതിരോധ മതിൽ ഉണ്ടായിരുന്നു എന്നതാണ്. ബി.സി.ഇ. 4200 മുതൽ ഏകദേശം സി.ഇ. 400 വരെ ഈ പ്രദേശത്തെ തുടർച്ചയായി ജനങ്ങൾ കൈയടക്കിയിരുന്നു. ഏകദേശം ബി.സി.ഇ. 2800 ഓടെ ഈ പ്രദേശം 400 ഹെക്ടർ വിസ്തൃതിയിലേക്ക് വ്യാപിച്ചിരുന്നു.



ബസാൾട്ട് സ്റ്റീലി* (Basalt stele). ഒരു താടിമീശക്കാരനെ രണ്ടുവട്ടം ചിത്രീകരിക്കുന്ന കൃഷ്ണശിലാഫലകം. അയാളുടെ തലക്കെട്ട്, മുടി, അരക്കച്ച, നീളമുള്ള കുപ്പായത്തിന്റെ കീഴ്ഭാഗം എന്നിവ ശ്രദ്ധിക്കുക. വലിയ ഒരു അമ്പും വില്ലുമായി ഒരു സിംഹത്തെ ആക്രമിക്കുന്ന രംഗമാണ് താഴെ. മുകളിലത്തെ രംഗത്ത് നായകൻ കുന്തമുപയോഗിച്ച് ആക്രമാസക്തമായ സിംഹത്തെ കൊല്ലുന്ന രംഗമാണ്. (ഏകദേശം 3200 ബി.സി.ഇ.)

യുദ്ധത്തടവുകാരും പ്രദേശവാസികളും ക്ഷേത്രത്തിനോ അല്ലെങ്കിൽ നേരിട്ട് ഭരണാധികാരിക്കോ വേണ്ടി പണിയെടുക്കുവാൻ നിയോഗിക്കപ്പെട്ടിരുന്നു. ഇത് കാർഷിക നികുതി നൽകുന്നതിനേക്കാൾ നിർബന്ധമായിരുന്നു. പണിയെടുക്കാൻ നിയോഗിക്കപ്പെടുന്നവർക്ക് റേഷൻ നൽകിയത് സംബന്ധിച്ച് നൂറുകണക്കിന് പട്ടികകൾ കണ്ടെത്തിയിട്ടുണ്ട്. ആ പട്ടികയിൽ ഓരോരുത്തരുടെയും പേരിന് നേർക്ക് അവർക്ക് അനുവദിച്ചിട്ടുള്ള ധാന്യം, തുണി, എണ്ണ എന്നിവയുടെ അളവ് രേഖപ്പെടുത്തിയിരുന്നു. ഒരുക്ഷേത്രം നിർമ്മിക്കുന്നതിന് 1500 ആളുകൾ ദിവസം 10 മണിക്കൂർ വച്ച് അഞ്ച് വർഷം പണിയെടുത്തതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ശിലകളും ലോഹ അയിരുകളും ശേഖരിക്കാനും കട്ടകൾ നിർമിക്കാനും അവ ക്ഷേത്രങ്ങളിൽ പാകാനും വിദൂരനാടുകളിൽ പോയി അനുയോജ്യമായ വസ്തുക്കൾ ശേഖരിക്കാനും ഭരണാധികാരികൾ ജനങ്ങളോട് ആജ്ഞാപിച്ചു. അതോടൊപ്പം ഏകദേശം ബി.സി.ഇ. 3000 ത്തോടെ ഉറുക്കിൽ സാങ്കേതികമായ പുരോഗതിയുമുണ്ടായി. വ്യത്യസ്ത കരകൗശല പണികൾക്കായി വെങ്കലത്തിൽ തീർത്ത ഉപകരണങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. വിശാലമായ തളങ്ങളുടെ മേൽക്കൂരയുടെ ഭാരംതാങ്ങാൻ അനുയോജ്യമായ തടിത്തൂണുകൾ ഇല്ലാതിരുന്നതിനാൽ ഇഷ്ടികകൾകൊണ്ട് തൂണുകൾ നിർമിക്കാൻ ശില്പികൾ പഠിച്ചു.

നൂറുകണക്കിന് ആളുകൾ കളിമണ്ണ് ചുട്ട് കൂർത്ത ഗോപുരങ്ങൾ നിർമിക്കാൻ നിയോഗിക്കപ്പെട്ടു. അവ പിന്നീട് ക്ഷേത്രങ്ങളുടെ ഭിത്തികളാക്കി മാറ്റി. അവയിൽ വിവിധവർണങ്ങൾ പൂശി മൊത്തത്തിൽ വർണാഭമാക്കി. യഥേഷ്ടം ലഭ്യമായിരുന്ന കളിമണ്ണിൽ മാത്രമല്ല ഇറക്കുമതി ചെയ്ത ശിലയിലും അവർ ശ്രദ്ധേയങ്ങളായ ശില്പങ്ങൾ നിർമിച്ചു. കുശവന്റെ ചക്രത്തിന്റെ കണ്ടുപിടിത്തം നഗര സമ്പദ്ഘടനയ്ക്ക് അനുയോജ്യമായ സാങ്കേതിക രംഗത്തെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു. ഒരേ പോലത്തെ ഡസൻ കണക്കിന് മൺപാത്രങ്ങൾ ഒരേ സമയം നിർമിക്കാൻ ഇത് പിൽക്കാലത്ത് കുശവൻമാരെ സഹായിച്ചു.

*ലിഖിതങ്ങളും കോറിവരച്ച ചിത്രങ്ങളുമടങ്ങിയ ശിലാഫലകങ്ങളാണ് സ്റ്റീലികൾ.

സിലിണ്ടർ സീലിന്റെ മുദ്രണം : ഏകദേശം 3200 ബി.സി.ഇ. താടിവച്ച, ആയുധമേന്തി നിൽക്കുന്ന രൂപം. വസ്ത്രധാരണത്തിലും കേശാലങ്കാര രീതിയിലും മുകളിലെ ശിലാഫലകത്തിലെ രൂപവുമായി സാമ്യമുണ്ട്. കൈകൾ ബന്ധിപ്പിക്കപ്പെട്ട മൂന്ന് യുദ്ധത്തടവുകാർ, നാലാമത്തെയാൾ യുദ്ധ നേതാവിനോട് കേണപേക്ഷിക്കുന്നു.



## മുദ്ര - ഒരു നാഗരിക കരകൗശല ഉൽപ്പന്നം
## (The Seal – An Urban Artefact)

ഇന്ത്യയിലെ ആദ്യകാല മുദ്രകൾ പതിച്ച് വയ്ക്കപ്പെട്ടവയായിരുന്നു. ബി.സി.ഇ. ആദ്യ സഹസ്രാബ്ദത്തിന്റെ അന്ത്യംവരെ മെസൊപ്പൊട്ടേമിയയിൽ ഗോളസ്തംഭാകൃതിയിലുള്ള ശിലാ മുദ്രകൾ, മധ്യഭാഗത്ത് ദ്വാരമിട്ടശേഷം ഒരു വടിയോട് ചേർത്ത്വെച്ച് കെട്ടി നനഞ്ഞ കളിമണ്ണിലൂടെ ഉരുട്ടി തുടർചിത്രം സൃഷ്ടിച്ചെടുത്തു. വിദഗ്ധരായ കരകൗശലപ്പണിക്കാർ അവ കൊത്തിയെടുത്തു. ചിലപ്പോഴൊക്കെ അവയിൽ ഉടമസ്ഥന്റെ പേര്, അയാളുടെ ദൈവം, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം തുടങ്ങിയവ എഴുതിവച്ചിരുന്നു. മൺപാത്രം കൊണ്ടോ കുരുക്കിട്ട് കെട്ടിയ തുണികൊണ്ടോ ആവരണം ചെയ്ത് ഉള്ളടക്കം സുരക്ഷിതമാക്കിയ ശേഷം, മുദ്ര കളിമണ്ണിന് മുകളിലൂടെ ഉരുട്ടിയിരുന്നു. കളിമൺ ഫലകത്തിലെഴുതിയ അക്ഷരത്തിന്റെ മുകളിലൂടെ അമർത്തി ഉരുട്ടുമ്പോൾ അത് ഒരു ആധികാരിക മുദ്രയായി മാറ്റപ്പെടും. അങ്ങനെ മുദ്ര പൊതു ജീവിതത്തിൽ നഗരവാസികൾക്കുള്ള പങ്കിന്റെ പ്രതീകമായി മാറി.



*അഞ്ച് ആദ്യകാല സിലിണ്ടറുകളും അവയിലെ മുദ്രണങ്ങളും.*

മുദ്രണങ്ങളിലോരോന്നിലും നിങ്ങൾ കാണുന്നതെന്താണെന്ന് വിവരിക്കുക. ക്യൂണിഫോം അക്ഷരം അതിൽ കാണുന്നുണ്ടോ?

## നഗര ജീവിതം (Life in the City)

ഭരണവുമായി ബന്ധപ്പെട്ട ഒരു വരേണ്യവർഗം ഉയർന്നുവന്നു എന്നു നാം കണ്ടു. സമ്പത്തിന്റെ സിംഹഭാഗവും സമൂഹത്തിന്റെ ഈ ചെറുവിഭാഗത്തിന്റെ കൈവശമായിരുന്നു. ഉറിലെ ചില രാജക്കൻമാരെയും രാജ്ഞിമാരെയും മറവു ചെയ്യുമ്പോൾ വിലപിടിപ്പുള്ള സമ്പത്തുകൾ (ആഭരണങ്ങൾ, സ്വർണപ്പാത്രങ്ങൾ, വെള്ളച്ചിപ്പികൾ പതിപ്പിച്ച തടികൊണ്ടുള്ള വാദ്യോപകരണങ്ങൾ, ഇന്ദ്രനീലം (ലാപ്പിസ് ലസൂലി), സ്വർണത്തിലുള്ള ആചാരപരമായ കത്തികൾ) മുതലായവ നിക്ഷേപിച്ചിരുന്നു എന്നതിൽ നിന്നും ഇക്കാര്യം സുവ്യക്തമാണ്. എന്നാൽ സാധാരണക്കാരന്റെ കാര്യമോ?

*അണുകുടുംബം എന്നത് ഒരു പുരുഷനും അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളുമടങ്ങുന്നതാണ്.

അണുകുടുംബം* ആയിരുന്നു മെസൊപ്പൊട്ടേമിയൻ സമൂഹത്തിന്റെ വ്യവസ്ഥ എന്ന് നിയമ ഗ്രന്ഥങ്ങളിൽ നിന്നും (തർക്കങ്ങൾ, പൈതൃക വസ്തുക്കൾ എന്നിവ) നമുക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാലും വിവാഹിതനായ മകനും കുടുംബവും പലപ്പോഴും രക്ഷകർത്താക്കൾക്കൊപ്പവും താമസിച്ചിരുന്നു. പിതാവാണ് കുടുംബനാഥൻ. വിവാഹ നടപടി ക്രമങ്ങളെക്കുറിച്ച് നമുക്ക് കുറച്ച് മാത്രമെ അറിയുകയുള്ളൂ. വിവാഹത്തിനുള്ള സമ്മതം അറിയിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനം ഉണ്ടായിരുന്നു. വധുവിന്റെ മാതാപിതാക്കൾ വിവാഹത്തിനുള്ള സമ്മതം നൽകുന്നു. അതിനുശേഷം വരന്റെ ബന്ധുക്കൾ വധുവിന്റെ ബന്ധുക്കൾക്ക് സമ്മാനം നൽകുന്നു. വിവാഹം നടന്നു കഴിഞ്ഞാൽ രണ്ടു വിഭാഗക്കാരും പരസ്പരം സമ്മാനങ്ങൾ കൈമാറുകയും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ക്ഷേത്രത്തിൽ വഴിപാടുകൾ നടത്തുകയും ചെയ്യുന്നു. അമ്മായിയമ്മ വധുവിനെ കൂട്ടിക്കൊണ്ടു പോകാൻ വരുമ്പോൾ വധുവിന്റെ അച്ഛൻ പാരമ്പര്യസ്വത്തിന്റെ ഒരു വിഹിതം വധുവിന് നൽകുന്നു. അച്ഛന്റെ വീട്, കന്നുകാലികൾ, കൃഷിയിടങ്ങൾ എന്നിവയെല്ലാം പുത്രൻമാർക്ക് പിന്തുടർച്ചാവകാശമായി ലഭിച്ചിരുന്നു.

ഉൽഖനനം നടത്തിയ ആദ്യകാല നഗരങ്ങളിലൊന്നായ 'ഉർ'ലേക്ക് നമുക്ക് നോക്കാം. 1930- കളിൽ 'ഉർ' നഗരത്തിലെ സാധാരണ വീടുകൾ ചിട്ടയോടുകൂടി ഉത്ഖനനം ചെയ്യപ്പെട്ടു. പല വീടുകളിലും ചക്രവണ്ടികൾക്ക് എത്തിച്ചേരാൻ കഴിഞ്ഞിരുന്നില്ല എന്നാണ് ഇടുങ്ങിയതും വളഞ്ഞതുമായ തെരുവുകൾ സൂചിപ്പിക്കുന്നത്. ധാന്യങ്ങളും വിറകുകളും ചാക്കുകളിലാക്കി കഴുതപ്പുറത്താണ് വീടുകളിൽ എത്തിച്ചിട്ടുണ്ടാവുക. നഗരാസൂത്രണത്തിന്റെ അഭാവത്തെയാണ് ഇടുങ്ങിയതും വളഞ്ഞതുമായ തെരുവുകളും വീടുകൾ നിൽക്കുന്ന ക്രമരഹിതമായ ആകൃതിയിലുള്ള സ്ഥലങ്ങളും സൂചിപ്പിക്കുന്നത്. സമകാലികമായ മൊഹൻജൊദാരോയിൽ നമ്മൾ കണ്ടിട്ടുള്ള രീതിയിലുള്ള അഴുക്കു ചാലുകൾ ഇവിടെയില്ല. ഉറിലെ വീടുകളിലെ അകത്തുള്ള നടുമുറ്റങ്ങളിലാണ് അഴുക്കുചാലുകളും കളിമണ്ണുകൊണ്ടുള്ള പൈപ്പുകളും പകരം കാണപ്പെടുന്നത്.

*ഏകദേശം ബി.സി.ഇ. 2000 ത്തിൽ ഉർ–ലെ (Ur) ഒരു താമസസ്ഥലം. വളഞ്ഞ തെരുവുകൾ കൂടാതെ രണ്ടോ മൂന്നോ ഇടുങ്ങിയ ഒറ്റയടിപ്പാതകൾ അഥവാ ഇടവഴികൾ കണ്ടെത്താമോ?*



ഇവിടത്തെ വീടിന്റെ മേൽക്കൂരകൾക്ക് അകത്തേക്ക് ചരിവ് നൽകുകയും തൽഫലമായി agsh Å wA I ¯ pÅ \ Spapä-¯ nÅ Ø nþ ñ nen¸ ¸ï I pgr f n(Sumps*) ലേക്ക് ഓവുവഴി വഴിതിരിച്ച് വിടുകയും ചെയ്തിരിക്കാം. ഇത് കനത്ത മഴയ്ക്കുശേഷം പാകി ഒരുക്കാത്ത പാതകളിൽ അമിതമായി ചെളി കെട്ടുന്നത് തടയുന്നതിനായി സ്വീകരിച്ച ഒരു മാർഗമായിരുന്നു.


* ജലവും മലിനജലവും ഒഴുകിയെത്തുന്ന നിലത്ത് സ്ഥിതി ചെയ്യുന്ന മൂടപ്പെട്ട ജലസംഭരണിയാണ് സംപ് (Sump).

എന്നിട്ടും ജനങ്ങൾ ഗാർഹിക മാലിന്യങ്ങൾ തെരുവിലേയ്ക്ക് തൂത്തിടുകയും ആളുകൾ അതിനു മീതെ ചവിട്ടി നടക്കുകയും ചെയ്തിരുന്നു. ക്രമേണ തെരുവിന്റെ ഉയരം കൂടുന്നതിനനുസരിച്ച് മഴയ്ക്കുശേഷമുള്ള ചെളി വീടുകൾക്കുള്ളിൽ കയറാതിരിക്കാൻ വാതിൽപ്പടിയുടെ ഉയരം കൂട്ടേണ്ടിവന്നു. പ്രകാശം മുറികൾക്കുള്ളിലേക്ക് കടന്നു വരുന്നത് ജനലിലൂടെയല്ല മറിച്ച് അങ്കണത്തിലേക്ക് തുറന്നിരിക്കുന്ന വാതിലിലൂടെയാണ്. ഇത് കുടുംബങ്ങൾക്ക് കൂടുതൽ സ്വകാര്യത നൽകുന്നു. അവിടത്തെ വീടുകളെക്കുറിച്ച് അന്ധവിശ്വാസങ്ങൾ ഉണ്ടായിരുന്നതായി ഉർ-ലെ ശകുന ഫലകങ്ങളിൽ (omen tablets) രേഖപ്പെടുത്തിയിട്ടുണ്ട്. ഉയർന്ന വാതിൽപ്പടി സമ്പത്ത് കൊണ്ടുവരുമെന്നും വീടിന്റെ മുൻവാതിൽ മറ്റൊരു വീടിനുനേരെ തുറക്കാതിരിക്കുന്നത് ഭാഗ്യമാണെന്നും കരുതിയിരുന്നു. എന്നാൽ ഒരു വീടിന്റെ തടികൊണ്ടുള്ള പ്രധാന വാതിൽ പുറത്തേയ്ക്ക് തുറന്ന് ഇരിക്കുകയാണെങ്കിൽ (അകത്തേയ്ക്ക് തുറന്ന് ഇരിക്കുന്നതിനു പകരം) ഭാര്യ ഭർത്താവിന് യാതനയായിരിക്കുമെന്നായിരുന്നു വിശ്വാസം.

ഉർ- ൽ ഒരു നഗര ശ്മശാനം ഉണ്ടായിരുന്നു. അതിൽ രാജകുടുംബാംഗങ്ങളുടെയും സാധാരണക്കാരുടെയും ശവക്കല്ലറകൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ചുരുക്കം ചില വ്യക്തികളെ സാധാരണ വീടുകൾക്കുള്ളിൽ അടക്കിയിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

## ഇടയമേഖലയിലെ ഒരു വ്യാപാര നഗരം (A Trading Town in a Pastoral Zone)

ഭൂപടം 3 : മാരിയുടെ സ്ഥാനം




ബി.സി.ഇ. 2000 ത്തിനു ശേഷം മാരി എന്ന രാജകീയ തലസ്ഥാനനഗരം അഭിവൃദ്ധിപ്പെട്ടു. ഉയർന്ന രീതിയിൽ കാർഷികോൽപ്പാദനം നടക്കുന്ന തെക്കൻ സമതലത്തിലല്ല, മറിച്ച് യൂഫ്രട്ടീസ് നദിയുടെ ഉപരിഭാഗത്തായിട്ടാണ് മാരി സ്ഥിതിചെയ്യുന്നത് എന്നത് ശ്രദ്ധിച്ചു കാണുമല്ലോ (ഭൂപടം 2 കാണുക). ഭൂപടം 3 ലെ നിറങ്ങൾ കാണിക്കുന്നത് ഈ പ്രദേശത്ത് കൃഷിയും കന്നുകാലിവളർത്തലും ഇടകലർന്നു നടന്നിരുന്നു എന്നതാണ്. മാരി രാജ്യത്തെ ചില സമുദായങ്ങളിൽ കൃഷിക്കാരും ഇടയൻമാരും ഉണ്ടായിരുന്നു. എങ്കിലും ഭൂരിഭാഗം പ്രദേശങ്ങളും ചെമ്മരിയാടുകളെയും ആടുകളെയും വളർത്തുന്നതിനു വേണ്ടി ഉപയോഗിച്ചിരുന്നു.

കർഷകരും ഇടയരും തമ്മിൽ അവരുടെ ഉൽപ്പന്നങ്ങൾ കൈമാറ്റം ചെയ്തിരുന്നു. മൃഗക്കുഞ്ഞുങ്ങൾ, വെണ്ണ, തുകൽ, മാംസം എന്നിവ ഇടയർ ലോഹോപകരണങ്ങൾക്കും ധാന്യത്തിനും പകരം കൈമാറ്റം ചെയ്തു. കെട്ടിയിട്ട മൃഗങ്ങളിൽ നിന്നു ശേഖരിച്ച ചാണകവും കർഷകർക്ക് വളരെ ആവശ്യമുള്ളതായിരുന്നു. അതേസമയം തന്നെ സംഘർഷങ്ങളും ഉണ്ടായിരുന്നിരിക്കാം. ആട്ടിടയൻ തന്റെ ആട്ടിൻ പറ്റവുമായി ജലസ്രോതസ്സുകൾ തേടി വിത

യ്ക്കപ്പെട്ട പാടങ്ങളിലൂടെ കൊണ്ടു പോകുന്നത് വിളകളുടെ നാശത്തിന് കാരണമാകും. ഇത് കൂടാതെ, ഒരിടുത്തുനിന്ന് മറ്റൊരിടത്തേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ആട്ടിടയൻമാർക്ക് കാർഷികഗ്രാമങ്ങളെ ആക്രമിക്കുവാനും അവിടത്തെ കൃഷിക്കാർ ശേഖരിച്ച് വച്ചിരിക്കുന്ന ധാന്യങ്ങൾ കവർന്നെടുക്കാനും സാധിക്കുമായിരുന്നു. അതിനാൽ സറിരതാമസക്കാർ ആട്ടിടയരെ നദികളിലേക്കും തോടുകളിലേക്കുമുള്ള ചില പാതകൾ ഉപയോഗിക്കാൻ അനുവദിച്ചിരുന്നില്ല.




നീളൻ കുന്തവും ചുരൽ പരിചയുമായി നിൽക്കുന്ന ഒരു യോദ്ധാവ്. അദ്ദേഹത്തിന്റെ വസ്ത്രം ശ്രദ്ധിക്കൂ. അമോറൈറ്റുകളുടെ സവിശേഷമാർന്ന ഈ വസ്ത്രം പേജ് 42 ലെ ചിത്രത്തിൽ കാണിച്ചിരിക്കുന്ന സുമേറിയൻ പോരാളിയുടേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഏകദേശം ബി.സി.ഇ. 2600–ൽ ഒരു ചിപ്പിയിൽ കൊത്തിയതാണ് ഈ ചിത്രം.


മെസൊപ്പൊട്ടേമിയയുടെ ചരിത്രത്തിലുടനീളം പശ്ചിമ മരുപ്രദേശത്തുള്ള നാടോടി സമൂഹങ്ങൾ കാർഷികാഭിവൃദ്ധിയുടെ കേന്ദ്രങ്ങളിലേക്ക് ക്രമാനുഗതമായി കടന്നുവന്നിരുന്നു. വേനൽക്കാലങ്ങളിൽ ആട്ടിടയൻമാർ മൃഗങ്ങളെ വിതയ്ക്കപ്പെട്ട പ്രദേശങ്ങളിൽ കൊണ്ടുവരാറുണ്ട്. ഇടയൻമാർ, വിളവെടുപ്പുതൊഴിലാളികൾ, കൂലിപ്പട്ടാളക്കാർ തുടങ്ങിയ രീതികളിൽ ഇത്തരം വിഭാഗങ്ങൾ ഇവിടെ എത്തിച്ചേരുകയും ചിലപ്പോൾ ഇവരിൽ ചിലർ സമ്പന്നരായിത്തീരുകയും, അവർ സറിരതാമസമാക്കുകയും ചെയ്തിരുന്നു. അവരിൽ കുറച്ചുപേർക്ക് കരുത്താർജിക്കുവാനും അവരുടേതായ ഭരണം സറാപിക്കുവാനും സാധിച്ചു. അക്കാഡിയന്മാർ, അമോറൈറ്റുകൾ, അസ്സീരിയൻമാർ, അറാമയിനുകൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. (ഈ ഇടയ സമൂഹത്തിലെ ഭരണാധികാരികളെ കുറിച്ച് പ്രമേയം 5–ൽ നിങ്ങൾക്ക് വായിക്കാവുന്നതാണ്). മാരിയിലെ രാജാക്കൻമാർ അമോറൈറ്റുകളായിരുന്നു. അവരുടെ വസ്ത്രധാരണം തദ്ദേശിയരിൽ നിന്ന് വ്യത്യസ്തമായിരുന്നു. മെസൊപ്പൊട്ടേമിയയിലെ ദൈവത്തെ ആദരിച്ചതിനു പുറമെ പുൽമേടിലെ ദേവനായ ദാഗനുവേണ്ടി ഒരു ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. മെസൊപ്പൊട്ടേമിയൻ സമൂഹവും സംസ്കാരവും അങ്ങനെ വ്യത്യസ്ത ജനങ്ങൾക്കും സംസ്കാരങ്ങൾക്കുമായി തുറന്നിടപ്പെട്ടു. ഈ സമ്മിശ്രതയാണ് ഒരു പക്ഷേ ഈ സംസ്കാരത്തിന്റെ ഊർജസ്വലതയ്ക്ക് കാരണം.


മാരിയിലെ രാജാക്കൻമാർ പലപ്പോഴും ജാഗരൂകരാകേണ്ടിയിരുന്നു. വ്യത്യസ്ത ഗ്രോത്രങ്ങളിലെ ഇടയൻമാരെ രാജ്യത്തിനുള്ളിലൂടെ സഞ്ചരിക്കാൻ അനുവദിച്ചുവെങ്കിലും അവരെ നിരീക്ഷിച്ചു കൊണ്ടിരുന്നു. ഇടയ സങ്കേതങ്ങളെക്കുറിച്ച് രാജാക്കൻമാരും ഉദ്യോസറരും തമ്മിലുള്ള കത്തിടപാടുകളിൽ നിരന്തരം പരാമർശിച്ചിരുന്നു. ഒരുദ്യോഗസറൻ രാജാവിനെഴുതിയ കത്തിൽ ‘രാത്രികാലങ്ങളിൽ നിരന്തരം തീ ഉപയോഗിച്ച് ഒരു താവളത്തിൽ നിന്നും മറ്റൊരു താവളത്തിലേക്ക് മുന്നറിയിപ്പ് നൽകുന്നതായി കാണുന്നു’ എന്ന് രേഖപ്പെടുത്തിയിരുന്നു. ഇത് മിന്നാലാക്രമണത്തിനുള്ള പദ്ധതി ആസൂത്രണം ചെയ്യുക ആയിരിക്കാമെന്ന് അദ്ദേഹം സംശയിക്കുന്നു.


യൂഫ്രട്ടീസിന്റെ തീരത്ത് വ്യാപാരത്തിന് ഏറ്റവും മികവുറ്റ സ്ഥാനത്ത് സ്ഥിതി ചെയ്യുന്ന മാരി, വ്യാപാരം കൊണ്ട് അഭിവൃദ്ധി പ്രാപിച്ച നാഗരിക കേന്ദ്രത്തിന് ഉത്തമോദാഹരണമാണ്. തടി, ചെമ്പ്, കറുത്തീയം, എണ്ണ, വീഞ്ഞ് തുടങ്ങിയവയും പലതരം ഉൽപന്നങ്ങളും ബോട്ടുകളിൽ യൂഫ്രട്ടീസിലൂടെ ദക്ഷിണ സിറിയ, ലെബനോൻ എന്നിവിടങ്ങളിലേക്കും എത്തിച്ചിരുന്നു. ധാന്യങ്ങൾ പൊടിക്കുന്ന ഉരകല്ലുകൾ, തടി, വീഞ്ഞ്, എണ്ണ ഭരണികൾ, എന്നിവ വഹിച്ചുകൊണ്ടുപോകുന്ന ബോട്ടുകൾ തെക്കൻനഗരങ്ങളിലേക്കുള്ള മാർഗമദ്ധ്യേ മാരിയിൽ നിർത്തുമായിരുന്നു. മാരി നഗരത്തിലെ ഉദ്യോഗസ്ഥൻ അതിനുള്ളിൽ കയറുകയും ചരക്കുകൾ പരിശോധിക്കുകയും ചെയ്തിരുന്നു. (ഒരു ബോട്ടിന് 300 വീഞ്ഞ് ഭരണികൾ വഹിക്കാൻ കഴിയും) താഴ്ന്ന ഭാഗത്തേക്ക് തുടർന്നുള്ള യാത്ര അനുവദിക്കണമെങ്കിൽ ചരക്കുകളുടെ മൂല്യത്തിന്റെ പത്തിലൊന്ന് നികുതിയായി നൽകുകയും വേണമായിരുന്നു. പ്രത്യേക ധാന്യബോട്ടുകളിലാണ് ബാർലി ഇവിടെ എത്തിയിരുന്നത്. ഇന്നത്തെ സൈപ്രസ് ദ്വീപായ അലാഷിയിൽ നിന്നുള്ള ചെമ്പിനെക്കുറിച്ച് ഫലകങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. വെളുത്തീയം ഒരു പ്രധാന വ്യാപാര ഉൽപ്പന്നമായിരുന്നു. ആയുധങ്ങൾക്കും ഉപകരണങ്ങൾക്കുമുള്ള പ്രധാന വ്യാവസായിക അസംസ്കൃത വസ്തുവായി വെങ്കലം മാറിയപ്പോൾ, ഈ വ്യാപാരത്തിന് വമ്പിച്ച പ്രാധാന്യമുണ്ടായി. സൈനികമായി ശക്തമല്ലാതിരുന്നിട്ടും അസാധാരണമാംവിധം അഭിവൃദ്ധിയുള്ള രാജ്യമായിരുന്നു മാരി.

**മാരിയിലെ രാജാവായ സിമ്രിലിമിന്റെ കൊട്ടാരം (1810 -1760 ബി.സി.ഇ.)**
**(The Palace at Mari of King Zimrilim (1810-1760 BCE))**







മുൻമുറ്റം (131)


പകർപ്പെഴുത്തുകാരുടെ കാര്യാലയം. ബെഞ്ചുകളും കളിമൺഫലകങ്ങൾ സൂക്ഷിക്കാനുള്ള തൊട്ടികളും കാണാം.



അടുക്കള



ശൗചാലയവും കുളിമുറിയും



132-ാം ഭിത്തിയിലെ ചുവർ ചിത്രങ്ങൾ

## മാരിയിലെ രാജാവായ സിമ്രിലിമിന്റെ കൊട്ടാരം (ബി.സി.ഇ. 1810 -1760)
## The Palace at Mari of King Zimrilim (B.C.E. 1810-1760)

മാരിയിലെ മഹത്തായകൊട്ടാരം രാജകുടുംബത്തിന്റെ വാസസ്ഥലവും ഭരണകേന്ദ്രവും വിലപിടിപ്പുള്ള ലോഹ ആഭരണങ്ങളുടെ ഉൽപാദന കേന്ദ്രവുമായിരുന്നു. ഇക്കാലത്ത് വളരെ പ്രശസ്തമായിരുന്ന ഈ കൊട്ടാരം കാണുന്നതിന് മാത്രമായി വടക്കൻ സിറിയയിൽ നിന്ന് ഒരു ഇളയ രാജകുമാരൻ ഇവിടെ വന്നു. മാരിയിലെ രാജാവായ സിമ്രിലിമിന്റെ രാജകീയ സുഹൃത്തിൽനിന്നും പരിചയപ്പെടുത്തുന്നതിനുള്ള ഒരു കത്തും അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നു. മാവ്, റൊട്ടി, മാംസം, മത്സ്യം, പഴങ്ങൾ, ബിയർ, വീഞ്ഞ് തുടങ്ങിയ വലിയ അളവിലുള്ള ഭക്ഷണങ്ങൾ ദിനംപ്രതി രാജാവിന്റെ മേശപ്പുറത്ത് സന്നിഹിതമായിരുന്നുവെന്ന് ദൈനംദിന പട്ടികകൾ വെളിപ്പെടുത്തുന്നു. വെള്ള പാകിയ നടുമുറ്റത്തിനകത്തോ (106) ചുറ്റുമായോ ആണ് അദ്ദേഹം മിക്കവാറും മറ്റു പലരോടുമൊപ്പം ഇരുന്ന് ഭക്ഷണം കഴിച്ചിരുന്നത്. വടക്കു ഭാഗത്തായി ഒരു പ്രവേശന കവാടം മാത്രമേ കൊട്ടാരത്തിനുണ്ടായിരുന്നുള്ളുവെന്ന് രൂപരേഖയിൽ നിന്നും നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. 131 പോലുള്ള വലുതും തുറന്നതുമായ അങ്കണങ്ങൾ മനോഹരമായി പാകിയിരുന്നു. 132-ൽ ആയിരിക്കാം. രാജാവ് വിദേശത്തെ വിശിഷ്ടവ്യക്തികളെയും തന്റെ തന്നെ ജനങ്ങളെയും സ്വീകരിച്ചിരുന്നത്. ചുമർ ചിത്രങ്ങളോടുകൂടിയ ഈ മുറികൾ സന്ദർശകരിൽ ഭയഭക്തി ബഹുമാനം സൃഷ്ടിക്കുന്നു. 2.4 ഹെക്ടർ സ്ഥലത്ത് 260 മുറികളിലായി ഈ കൊട്ടാരം വ്യാപിച്ചു കിടന്നിരുന്നു.

### പ്രവർത്തനം 3

പ്രവേശന കവാടം മുതൽ നടുമുറ്റം വരെയുള്ള പാത കണ്ടുപിടിക്കുക. സംഭരണ മുറികളിൽ സൂക്ഷിച്ചിരുന്നത് എന്താണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? അടുക്കളയെ തിരിച്ചറിയുന്നത് എങ്ങനെ?

## മെസൊപ്പൊട്ടേമിയൻ നഗരങ്ങളെ ഉൽഖനനം ചെയ്യുന്നു (Excavating Mesopotamian Towns)

ഇന്ന്, മെസൊപ്പൊട്ടേമിയൻ ഉൽഖനനക്കാർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ പഴയ നാളുകളെക്കാൾ ഉയർന്ന നിലവാരത്തിലുള്ള കൃത്യതയും ശ്രദ്ധയും പാലിക്കുന്നു. അതിനാൽ ഉർ-ലെ ഉൽഖനനം പോലെ വിശാലമായ പ്രദേശങ്ങളിൽ ആരും തന്നെ ഖനനത്തിൽ ഏർപ്പെടുന്നില്ല. അതിലുപരി, ഏതാനും പുരാവസ്തു ഗവേഷകർക്ക് ഉൽഖനനക്കാരുടെ വലിയ സംഘങ്ങളെ നിയമിക്കാനുള്ള ഫണ്ടുകൾ (തുകകൾ) ഉണ്ടായിരുന്നില്ല. തൽഫലമായി, വിവരങ്ങൾ ലഭിക്കുന്ന രീതിയിൽ മാറ്റങ്ങൾ ഉണ്ടായി.

2500 ബി.സി.ഇ. യിൽ 10 ഹെക്ടർ വിസ്തൃതിയും 10000 ത്തിന് താഴെ ജനസംഖ്യയുമുള്ള അബൂ സലാബിക്ക് (Abu Salabikh) എന്ന ചെറുനഗരമെടുക്കാം. പ്രതലങ്ങളെ ചുരണ്ടിയതിലൂടെയാണ് ഭിത്തികളുടെ രൂപരേഖകൾ ആദ്യമായി അടയാളപ്പെടുത്താനായത്. മൂർച്ചയേറിയതും വീതിയിൽ അഗ്രവുമുള്ളതുമായ വലിയ കരണ്ടിയോ മറ്റ് ഉപകരണങ്ങളോ ഉപയോഗിച്ച് മേടിന്റെ മുകൾഭാഗം കുറച്ചു മില്ലിമീറ്റർ ചുരണ്ടുന്ന പ്രക്രിയയാണ് ഇതിൽ ഉൾപ്പെടുന്നത്. അപ്പോൾ അതിനടിയിലുള്ള മണ്ണിന് ചെറിയ രീതിയിൽ ഈർപ്പമുണ്ടായിരുന്നു. വ്യത്യസ്ത നിറങ്ങൾ, ഘടനാരീതികൾ, ഇഷ്ടികച്ചുമരുകളുടെ വരികൾ, കുഴികൾ മുതലായ സവിശേഷതകൾ മനസ്സിലാക്കുവാൻ പുരാവസ്തു ഗവേഷകർക്ക് കഴിഞ്ഞു. കണ്ടെത്തിയ ഏതാനും വീടുകളിൽ ഉൽഖനനം നടത്തി. ടൺകണക്കിന് മണ്ണ് അരിച്ചതിലൂടെയാണ് പുരാവസ്തു ഗവേഷകർക്ക് സസ്യങ്ങളുടെയും ജന്തുക്കളുടെയും അവശിഷ്ടങ്ങൾ വീണ്ടെടുക്കാൻ കഴിഞ്ഞത്. ഈ പ്രക്രിയയിലൂടെ ധാരാളം മൃഗങ്ങളുടെയും സസ്യങ്ങളുടെയും വർഗങ്ങളെ തിരിച്ചറിഞ്ഞു. തെരുവിലേക്ക് വലിച്ചെറിയപ്പെട്ട കരിഞ്ഞ മത്സ്യങ്ങളുടെ മുള്ളുകൾ വലിയ അളവിൽ കണ്ടെത്തിയിട്ടുണ്ട്. ചാണകത്തെ (dung cake) ഇന്ധനമായി കത്തിച്ചതിനുശേഷം അവശേഷിച്ച സസ്യങ്ങളുടെ വിത്തുകകളിൽ നിന്നും നാരിൽ നിന്നും അടുക്കളകൾ തിരിച്ചറിയുവാൻ കഴിഞ്ഞു. പൊതു ആവശ്യങ്ങൾക്കുള്ള മുറികളെക്കുറിച്ചുള്ള അറിവുകൾ കുറവാണ്. തെരുവിൽ നിന്ന് പന്നിക്കുഞ്ഞുങ്ങളുടെ പല്ലിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയതിനാൽ മറ്റുള്ള മെസൊപ്പൊട്ടേമിയൻ നഗരങ്ങളിലെന്നപോലെ പന്നികൾ ഇവിടെയും സ്വതന്ത്രമായി സഞ്ചരിച്ചിരുന്നതായി പുരാവസ്തു ഗവേഷകർ നിഗമനത്തിലെത്തിയിട്ടുണ്ട്. യഥാർഥത്തിൽ ഒരു വീട്ടിലെ ശവക്കല്ലറയിൽ കുറച്ച് പന്നികളുടെ എല്ലുകൾ കണ്ടെത്തിയിട്ടുണ്ട്. മരിച്ച വ്യക്തിക്ക് മരണാനന്തര ജീവിതത്തിൽ, പരിപോഷണത്തിനായി പന്നിയിറച്ചി തീർച്ചയായും നൽകപ്പെട്ടിരിക്കാം! ഒരു വീടിന്റെ ഏത് മുറികൾക്കാണ് മേൽക്കൂര ഉണ്ടായിരുന്നതെന്നും (നീണ്ടുമെലിഞ്ഞ വൃക്ഷത്തിന്റെ തടി, പന ഓലകൾ, വയ്ക്കോൽ മുതലായവ കൊണ്ട്) മേൽക്കൂര ഇല്ലാത്തത് ഏതിനാണെന്നും നിർണയിക്കുന്നതിനായി വീടുകളുടെ നിലത്തെക്കുറിച്ച് പുരാവസ്തു ഗവേഷകർ സൂക്ഷ്മമായ പഠനം നടത്തി.

## നഗരങ്ങൾ മെസൊപ്പൊട്ടോമിയൻ സംസ്കാരത്തിൽ (Cities in Mesopotamian Culture)

മെസൊപ്പൊട്ടേമിയക്കാർ നഗര ജീവിതത്തിന് മൂല്യം കൽപ്പിക്കുകയും പല സമൂഹങ്ങളിലെയും സംസ്കാരങ്ങളിലെയും ജനങ്ങൾ അവിടെ ഒരുമിച്ച് ജീവിക്കുകയും ചെയ്തു. നഗരങ്ങൾ യുദ്ധങ്ങളിൽ നശിപ്പിക്കപ്പെട്ടപ്പോൾ അതിനെ കവിതയിലൂടെ അവർ ഓർത്തെടുത്തു.

മെസോപ്പൊട്ടേമിയക്കാർ തങ്ങളുടെ നഗരങ്ങളെ ചൊല്ലി എത്രമാത്രം അഭിമാനിച്ചിരുന്നു എന്നതിനെ 12 ഫലകങ്ങളിലായി എഴുതപ്പെട്ട ഗിൽഗമേഷിന്റെ ഇതിഹാസത്തിന്റെ

അവസാന ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. എൻമെർക്കറിന്റെ ഭരണത്തിന് കുറച്ചു കാലത്തിനുശേഷം, ഉറൂക്ക് നഗരം ഗിൽഗമേഷ് ഭരിച്ചിരുന്നതായി പറയപ്പെടുന്നു. വിദൂര പ്രദേശങ്ങളിലെ ജനങ്ങളെ കീഴ്പ്പെടുത്തിയ മഹാനും ധീരനുമായിരുന്നു അദ്ദേഹം. എന്നാൽ തന്റെ ധീര യോദ്ധാവായ സുഹൃത്ത് മരണപ്പെട്ടപ്പോൾ ഉണ്ടായ ആഘാതത്തിനുശേഷം അദ്ദേഹം അനശ്വരതയുടെ രഹസ്യം കണ്ടെത്തുവാൻ പുറപ്പെടുകയും ലോകത്തെ ചുറ്റിക്കിടക്കുന്ന ജലാശയങ്ങളെല്ലാം മുറിച്ച് കടക്കുകയും ചെയ്തു. ഈ ധീരമായ ശ്രമത്തിൽ പരാജയപ്പെട്ടപ്പോൾ അദ്ദേഹം ഉറുക്കിലേക്ക് മടങ്ങി. അവിടെ, നഗരത്തിന്റെ മതിലിൽ കൂടി മുന്നോട്ടും പിന്നോട്ടും നടന്നുകൊണ്ട് അദ്ദേഹം സ്വയം ആശ്വസിപ്പിച്ചു. താൻ അവിടെ ചുടുകല്ലുകൾ കൊണ്ട് നിർമ്മിച്ച അടിത്തറയെ അദ്ദേഹം വിസ്മത്തോടെ നോക്കി. ധീരതയുടെ നീണ്ട കഥകളും വിഫലമായ പരിശ്രമങ്ങളും ഉറുക്കിലെ നഗരമതിലിൽ നിന്നുമാണ് ഉണ്ടായത്. സാധാരണ ഒരു ഗോത്രവീരനെ പോലെ ഗിൽഗമേഷ് താൻ മരണപ്പെട്ടാലും തന്റെ പുത്രൻമാർ തന്നെ അതിജീവിക്കുമെന്ന് പറഞ്ഞില്ല. പകരം തന്റെ ജനത നിർമ്മിച്ച നഗരത്തിലാണ് അദ്ദേഹം ആശ്വാസം കണ്ടെത്തിയത്.

## എഴുത്തിന്റെ പൈതൃകം (The Legacy of Writing)

പ്രചാരത്തിലിരിക്കുന്ന ആഖ്യാനങ്ങൾ വാമൊഴിയിലൂടെ കൈമാറാൻ കഴിയുന്നതാണ്. എന്നാൽ, പണ്ഡിതരുടെ തലമുറകൾക്ക് വായിക്കാനും നിർമ്മിക്കുവാനും കഴിയുന്ന എഴുതപ്പെട്ട ഗ്രന്ഥങ്ങൾ ശാസ്ത്രത്തിന് ആവശ്യമാണ്. മെസൊപ്പൊട്ടോമിയക്കാർ ലോകത്തിനു നൽകിയ ഏറ്റവും മഹത്തായ സംഭാവനകളാണ് കാലഗണന, ഗണിതശാസ്ത്രം എന്നിവയിലെ അവരുടെ പണ്ഡിത പാരമ്പര്യം.

ഏകദേശം 1800 ബി.സി.ഇ കാലഘട്ടങ്ങളിലുള്ള ഫലകങ്ങളിൽ ഗുണന–ഹരണ പട്ടികകളും വർഗ–വർഗമൂല പട്ടികകളും കൂട്ടുപലിശ പട്ടികകളും കാണാൻ കഴിയും.

2 ന്റെ വർഗമൂലം ചുവടെ തന്നിരിക്കുന്നു.

$$1 + 24/60 + 51/60^2 + 10/60^3$$

നിങ്ങൾ ഇത് കണക്കുകൂട്ടുകയാണെങ്കിൽ നിങ്ങൾക്ക് ലഭിക്കുന്ന ഉത്തരം 1.41421296 ആണ്. ശരിയുത്തരമായ 1.41421356 – ൽ നിന്ന് നേരിയ വ്യത്യാസമേ ഇതിനുള്ളു. വിദ്യാർഥികൾ ചുവടെ നൽകിയിരിക്കുന്നതുപോലുള്ള പ്രശ്നങ്ങൾക്ക് ഉത്തരം കാണണമായിരുന്നു. "നിശ്ചിത വ്യാപ്തിയുള്ള ഒരു പാടത്തിൽ ഒരു വിരൽ ആഴത്തിൽ വെള്ളം നിറഞ്ഞിരിക്കുകയാണ്; വെള്ളത്തിന്റെ വ്യാപ്തം കണ്ടുപിടിക്കുക."

ചന്ദ്രൻ ഭൂമിയെ പ്രദക്ഷിണം വയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ വർഷത്തെ 12 മാസങ്ങളായും മാസത്തെ നാല് ആഴ്ചകളായും ദിവസത്തെ 24 മണിക്കൂറുകളായും മണിക്കൂറിനെ 60 മിനിറ്റായും തിരിച്ചിരുന്നു. ഇന്ന് നമ്മുടെ ദൈനംദിന ജീവിതത്തിൽ സ്വീകരിച്ചിരിക്കുന്ന ഇതെല്ലാം നമുക്ക് ലഭിച്ചത് മെസൊപ്പൊട്ടേമിയക്കാരിൽ നിന്നുമാണ്. ഈ സമയ വിഭജനത്തെ അലക്സാണ്ടറിന്റെ പിൻഗാമികൾ സ്വീകരിച്ചു. അവിടെ നിന്ന് റോമൻ ലോകത്തിലേക്കും ഇസ്ലാമികലോകത്തിലേക്കും മധ്യകാല യൂറോപ്പിലേക്കും ഇത് കൈമാറ്റം ചെയ്തു. (ഇത് എപ്രകാരം സംഭവിച്ചു എന്ന് അറിയാൻ പ്രമേയം 7 കാണുക).

സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും നിരീക്ഷിക്കപ്പെട്ടപ്പോഴൊക്കെ വർഷം, മാസം, ദിവസം എന്നിവയ്ക്കനുസരിച്ച് അവ ഉണ്ടാകുന്നത് രേഖപ്പെടുത്തി. അതുപോലെ രാത്രിയിൽ ആകാശത്തിലെ നക്ഷത്രങ്ങളുടെയും നക്ഷത്രക്കൂട്ടങ്ങളുടെയും സ്ഥാനങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്തിയിരുന്നു.

എഴുത്തു വിദ്യയും നാഗരിക സ്കൂൾ സ്ഥാപനങ്ങളും ഇല്ലാതിരുന്നെങ്കിൽ സുപ്രധാനമായ ഈ മെസൊപ്പൊട്ടേമിയൻ നേട്ടങ്ങൾ സാധ്യമാകുമായിരുന്നില്ല. ഈ നാഗ

രിക സ്ഥാപനങ്ങളായ വിദ്യാലയങ്ങളിൽ വിദ്യാർഥികൾ ആദ്യകാലങ്ങളിൽ എഴുതപ്പെട്ട ഫലകങ്ങൾ വായിക്കുകയും പകർത്തുകയും ചെയ്തു. ചില ആൺകുട്ടികളെ ഭരണത്തിനുവേണ്ടിയുള്ള വെറും രേഖകൾ സൂക്ഷിക്കാനുള്ളവരായിട്ടല്ല പരിശീലിപ്പിച്ചത്, പകരം തങ്ങളുടെ മുൻഗാമികളുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു മുന്നോട്ടു കൊണ്ടുപോകാനുള്ള ബുദ്ധിജീവികളായിട്ടാണ്.

മെസൊപ്പൊട്ടേമിയൻ നാഗരിക ലോകത്തെക്കുറിച്ചുള്ള ചിന്താഗതി ഒരു ആധുനിക പ്രതിഭാസമാണെന്ന് ചിന്തിച്ചാൽ നമുക്ക് തെറ്റ് സംഭവിക്കും. അവസാനമായി ഗ്രന്ഥങ്ങളും ഭൂതകാലത്തെ പാരമ്പര്യങ്ങളും കണ്ടെത്തി സംരക്ഷിക്കുന്നതിന്റെ രണ്ടു ആദ്യകാല ശ്രമങ്ങൾ നമുക്കു പരിശോധിക്കാം.

## ഒരു ആദ്യകാല ഗ്രന്ഥശാല (An Early Library)

ഇരുമ്പുയുഗത്തിൽ, വടക്കുള്ള, അസീരിയൻമാർ ഒരു സാമ്രാജ്യം സ്ഥാപിച്ചു. ബി.സി.ഇ. 720 നും 610 നുമിടയിൽ ഈ സാമ്രാജ്യം അതിന്റെ ഉന്നതിയിൽ എത്തുകയും പടിഞ്ഞാറ് ഈജിപ്തു വരെ വ്യാപിക്കുകയും ചെയ്തു. ഈ രാഷ്ട്രത്തിന്റെ സമ്പദ്‌വ്യവസ്ഥ കവർച്ചയിൽ അധിഷ്ഠിതമായിരുന്നു. അധീനതയിലുള്ള വിശാല ജനസമൂഹത്തിൽ നിന്നും തൊഴിൽ ശക്തി പിഴിഞ്ഞെടുക്കുകയും ഭക്ഷണം, മൃഗങ്ങൾ, ലോഹങ്ങൾ, കരകൗശല വസ്തുക്കൾ എന്നീ രൂപങ്ങളിൽ കപ്പം ശേഖരിക്കുകയും ചെയ്തു.

വിശ്രുതരായ അസീരിയൻ രാജാക്കന്മാർ കുടിയേറി വന്നവരാണെങ്കിലും, ഉന്നത സാംസ്കാരിക കേന്ദ്രമായി തെക്കൻ പ്രദേശമായ ബാബിലോണിയയെ അംഗീകരിച്ചു. അവരിൽ അവസാനത്തെ ഭരണാധികാരിയായ, അസ്സുർബാനിപാൽ (ബി.സി.ഇ. 668– 627), തന്റെ തലസ്ഥാനമായ വടക്ക് നിനേവേയിൽ ഒരു ഗ്രന്ഥശാല സ്ഥാപിച്ചു. ചരിത്രം, ഇതിഹാസങ്ങൾ, ജ്യോതിഷം, ശകുനസാഹിത്യം, ശ്ലോകങ്ങൾ, കവിതകൾ എന്നിവയുടെ ഫലകങ്ങൾ ശേഖരിക്കുവാൻ അദ്ദേഹം വലിയ ശ്രമങ്ങൾ നടത്തി. പഴയ ഫലകങ്ങൾ കണ്ടെത്തുവാൻ അദ്ദേഹം പകർത്തെഴുത്തുകാരെ തെക്കോട്ട് അയച്ചു. തെക്കുള്ള പകർത്തെഴുത്തുകാർക്ക് എഴുതുവാനും വായിക്കാനും സ്കൂളിൽ പരിശീലനം നേടുന്നതിന്റെ ഭാഗമായി ഡസൺകണക്കിന് ഫലകങ്ങൾ പകർത്തണമായിരുന്നു. അങ്ങനെ ഫലകങ്ങളുടെ വലിയ ശേഖരങ്ങൾ നിർമ്മിക്കുകയും പ്രശസ്തി നേടുകയും ചെയ്ത ഒട്ടനവധി പട്ടണങ്ങൾ ബാബിലോണിയയിലുണ്ടായിരുന്നു. ഏകദേശം ബി.സി.ഇ 1800 നുശേഷം സുമേറിയൻ ഭാഷ സംസാരിക്കുന്നത് അവസാനിച്ചു. എങ്കിലും പദഗ്രന്ഥങ്ങൾ, ചിഹ്നങ്ങളുടെ പട്ടിക, ദ്വിഭാഷാ (സുമേറിയനും അക്കാഡിയനും) ഫലകങ്ങൾ എന്നിവയിലൂടെ ഇത് സ്കൂളുകളിൽ തുടർന്നും പഠിപ്പിക്കപ്പെട്ടിരുന്നു. അതിനാൽ ബി.സി.ഇ. 650–ൽ പോലും, ബി.സി.ഇ. 2000–ൽ എഴുതിയ ക്യൂണിഫോം ഫലകങ്ങൾ വേഗത്തിൽ മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. ഇവയുടെ പകർപ്പുകളും ആദ്യകാല ഫലകങ്ങളും എവിടെ അന്വേഷിക്കണമെന്ന് അസുർബാനിപാലിന്റെ ജനങ്ങൾക്ക് അറിയാമായിരുന്നു.

ഗിൽഗമേഷിന്റെ ഇതിഹാസങ്ങൾ പോലുള്ള പ്രധാന ഗ്രന്ഥങ്ങൾക്കാണ് പകർപ്പുകൾ നിർമ്മിച്ചത്. അതിൽ പകർത്തെഴുത്തുകാരൻ അദ്ദേഹത്തിന്റെ പേരും എഴുതിയ ദിവസവും പ്രസ്താവിച്ചിട്ടുണ്ട്. ചില ഫലകങ്ങൾ അസൂർബാനിപാലിനെക്കുറിച്ചുള്ള സൂചനയോടുകൂടിയാണ് അവസാനിച്ചത്.

'ഞാൻ അസ്സുർബാനിപാൽ, പ്രപഞ്ചത്തിന്റെ രാജാവ്, അസീരിയയുടെ രാജാവ്, ദൈവം അപാരമായ ബുദ്ധി ചൊരിഞ്ഞിട്ടുള്ള, പണ്ഡിതജ്ഞാനത്തിന്റെ നിഗൂഢമായ വിശദാംശങ്ങളെ ആർജിക്കുവാൻ കഴിയുന്ന ഞാൻ ദൈവജ്ഞാനത്തെക്കുറിച്ച് ഫലകങ്ങളിൽ എഴുതിയിട്ടുണ്ട്...... ഫലകങ്ങളെ ഞാൻ പരിശോധിക്കുകയും ഒത്തുനോക്കുകയും ചെയ്തിട്ടുണ്ട്. നിനേവേയിലെ എന്റെ ദൈവമായ നബുവിന്റെ ക്ഷേത്രത്തിലെ ഗ്രന്ഥശാലയിൽ ഭാവികാലത്തേക്കായി എന്റെ ജീവിതത്തിനും എന്റെ ആത്മാവിന്റെ ക്ഷേമത്തിനും എന്റെ രാജകീയ സിംഹാസനത്തിന്റെ അടിത്തറ ഭദ്രമായി നിലനിർത്തുന്നതിനും വേണ്ടി അവ സൂക്ഷിച്ചിരിക്കുന്നു.......'

ഗ്രന്ഥവിവരപ്പട്ടിക ഉണ്ടായിരുന്നു എന്നത് കൂടുതൽ പ്രാധാന്യമർഹിക്കുന്നു: ഒരു കൂട ടാബ്ലറ്റുകൾക്ക് ഒരു കളിമൺ ലേബൽ ഫലകമുണ്ടാവും. അത് വായിക്കുന്നത് ഇപ്രകാരമാണ്; ബാധ ഒഴിപ്പിക്കലിനെക്കുറിച്ചുള്ള 'II' എണ്ണം ടാബ്ലറ്റുകൾ X നാൽ എഴുതപ്പെട്ടത്. അസുർബാനിപാലിന്റെ ഗ്രന്ഥശാലയിൽ ഏകദേശം 30,000 ഫലകങ്ങളുള്ള വിഷയാടിസ്ഥാനത്തിൽ തരംതിരിച്ച് സൂക്ഷിച്ചിട്ടുള്ള 1000 ഗ്രന്ഥങ്ങൾ ആകെയുണ്ടായിരുന്നു.

## ഒരു ആദ്യകാല പുരാവസ്തു ഗവേഷകനും!
## (And, an Early Archaeologist!)

തെക്കൻ ചതുപ്പു പ്രദേശത്തു നിന്നുള്ള നബോപൊലാസ്സർ (Nabapolassar) എന്ന ആൾ ബാബിലോണിയയെ 625 ബി.സി.ഇ. യിൽ അസീറിയൻ ആധിപത്യത്തിൽ നിന്ന് മോചിപ്പിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികൾ അവരുടെ ഭൂപ്രദേശങ്ങൾ വർധിപ്പിക്കുകയും ബാബിലോണിയയിൽ നിർമ്മാണ പദ്ധതികൾ സംഘടിപ്പിക്കുകയും ചെയ്തു. അന്നുമുതൽ, ബി.സി.ഇ. 539-ൽ ഇറാനിലെ അക്കാമിനിഡുകൾ ബാബിലോൺ കീഴടക്കിയതിനുശേഷവും അലക്സാണ്ടർ ബി.സി.ഇ. 331 ൽ ബാബിലോൺ കീഴടക്കുന്നതു വരെയും ലോകത്തിലെ പ്രഥമസ്ഥാനമുള്ള നഗരമായിരുന്നു ബാബിലോൺ. 850 ഹെക്ടറിനു മേൽ വിസ്തൃതിയും മൂന്നുവശവും ചുറ്റു മതിലുകളോടു കൂടിയതും, മഹത്തായ കൊട്ടാരങ്ങളും ക്ഷേത്രങ്ങളും, സിഗ്ഗുറത്ത് (Ziggurat) അല്ലെങ്കിൽ പടിക്കെട്ടുള്ള ഗോപുരവും ആരാധനാ കേന്ദ്രത്തിലേക്കുള്ള പ്രദക്ഷിണ പാതയും ഉള്ള നഗരമായിരുന്നു ഇത്. ഇവിടത്തെ വ്യാപാരകേന്ദ്രങ്ങൾക്ക് വ്യാപകമായ ഇടപാടുകൾ ഉണ്ടായിരുന്നു. അതുപോലെ ഇവിടത്തെ ഗണിത ശാസ്ത്രജ്ഞൻമാരും ജ്യോതി ശാസ്ത്രൻജ്ഞമാരും ചില പുതിയ കണ്ടുപിടുത്തങ്ങളും നടത്തി.

സ്വതന്ത്ര ബാബിലോണിന്റെ അവസാനത്തെ ഭരണാധികാരിയായിരുന്നു നബോനിഡസ്. ഒരു സ്വപ്നത്തിലൂടെ ഊറിലെ ദേവൻ തന്റെ മുന്നിലെത്തിയതായും തെക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന പുരാതന നഗരത്തിലെ ആരാധനയുടെ ചുമതല നൽകുന്നതിനായി ഒരു പുരോഹിതയെ നിയമിക്കണമെന്ന് അദ്ദേഹത്തോട് കൽപ്പിച്ചതായും അദ്ദേഹം എഴുതുന്നു. "മഹാപുരോഹിത എന്ന ഔദ്യോഗിക സ്ഥാനം ദീർഘകാലം വിസ്മൃതമായിപ്പോയി. അവരുടെ നൈസർഗികമായ സ്വഭാവ സവിശേഷതകൾ ഒരിടത്തും സൂചിപ്പിച്ചിട്ടില്ല, ഞാൻ ദിനം പ്രതി ഇതു തുടരെ ചിന്തിച്ചു......"

അതിനുശേഷം താൻ ഒരു ആദികാല രാജാവിന്റെ ശവക്കല്ലറ കണ്ടുവെന്നും, ഇന്ന് 1150 ബി.സി.ഇ. യാണ് കാലഗണന ചെയ്യപ്പെട്ടിരിക്കുന്നതായ് അതിനു മുകളിൽ പുരോഹിതയുടെ കൊത്തിവച്ച രൂപം ഉണ്ടായിരുന്നു എന്നും അദ്ദേഹം പറയുന്നു. അതിൽ ചിത്രീകരിച്ചിരിക്കുന്ന ആഭരണങ്ങളും വസ്ത്രങ്ങളും അദ്ദേഹം നിരീക്ഷിച്ചു. ഇത് തന്റെ പുത്രിയുടെ പൗരോഹിത്യ ആരോഹണ ചടങ്ങിൽ വസ്ത്രധാരണം നടത്തുന്നതിന് അദ്ദേഹത്തെ സഹായിച്ചു.

മറ്റൊരു സന്ദർഭത്തിൽ, അക്കാഡ് രാജാവായ സാർഗന്റെ നാമം പതിപ്പിച്ച ഒരു തകർന്ന പ്രതിമ നബോനിഡസിന്റെ ആൾക്കാർ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. (ഏകദേശം 2370 ബി.സി.ഇ. യിലാണ് സാർഗൻ ഭരിച്ചിരുന്നതെന്ന് നമുക്ക് അറിയാം). നബോനിഡസും കുറെ ബുദ്ധിജീവികളും വിദൂര കാലത്തിലെ ഈ രാജാവിനെക്കുറിച്ച് കേട്ടിട്ടുണ്ട്. പ്രതിമയെ നന്നാക്കണമെന്ന് നബോനിഡനിനു തോന്നി. 'ദൈവത്തോടുള്ള ആദരവും രാജാധികാരത്തോടുള്ള ബഹുമാനവും കൊണ്ടാണ് ഞാൻ വൈദഗ്ധ്യമുള്ള കരകൗശലക്കാരെ വിളിക്കുകയും തകർക്കപ്പെട്ട പ്രതിമയുടെ തല മാറ്റി വയ്ക്കുകയും ചെയ്തത്' എന്നു അദ്ദേഹം എഴുതുന്നു.

**പ്രവർത്തനം 4**

ആദ്യകാല മെസൊപ്പൊട്ടേമിയൻ പാരമ്പര്യത്തെ അസ്സർബാനിപാലും നബോനിഡസും പരിപോഷിപ്പിച്ചത് എന്തുകൊണ്ടെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

| കാലരേഖ (TIMELINE) | |
|---|---|
| ഏകദേശം ബി.സി.ഇ. 7000 - 6000 | വടക്കൻ മെസൊപ്പൊട്ടേമിയൻ സമതലങ്ങളിൽ കൃഷിയുടെ ആരംഭം |
| ഏകദേശം ബി.സി.ഇ. 5000 | തെക്കൻ മെസൊപ്പൊട്ടേമിയിൽ ആദ്യകാലക്ഷേത്രങ്ങൾ നിർമിച്ചു |
| ഏകദേശം ബി.സി.ഇ. 3200 | മെസൊപ്പൊട്ടേമിയിലെ ആദ്യ എഴുത്ത് |
| ഏകദേശം ബി.സി.ഇ. 3000 | മഹാനഗരമായി ഉറുക്ക് വികസിക്കുന്നു, വെങ്കല ഉപകരണങ്ങളുടെ വർധിച്ചുവരുന്ന ഉപയോഗം |
| ഏകദേശം ബി.സി.ഇ. 2700 - 2500 | ആദ്യകാല രാജാക്കൻമാർ - ഐതിഹാസിക ഭരണാധികാരിയായ ഗിൽഗമേഷ് ഉൾപ്പെടെ. |
| ഏകദേശം ബി.സി.ഇ. 2600 | ക്യൂണിഫോം ലിപിയുടെ പുരോഗതി |
| ഏകദേശം ബി.സി.ഇ. 2400 | അക്കാഡിയൻമാർ സുമേരിയൻമാരെ മാറ്റി തങ്ങളെ സ്ഥാപിക്കുന്നു |
| ഏകദേശം ബി.സി.ഇ. 2370 | സാർഗൻ, അക്കാഡ് രാജാവ് |
| ഏകദേശം ബി.സി.ഇ. 2000 | ക്യൂനിഫോം എഴുത്ത്‌വിദ്യ സിറിയ, തുർക്കി, ഈജിപ്ത് എന്നിവിടങ്ങളിലേക്ക് വ്യാപിക്കുന്നു. പ്രധാനപ്പെട്ട നാഗരികകേന്ദ്രങ്ങളായി മാരിയും, ബാബിലോണും ഉദയം ചെയ്യുന്നു |
| ഏകദേശം ബി.സി.ഇ. 1800 | ഗണിത ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. സുമേറിയൻ ഭാഷ പിന്നീട് സംസാരിക്കപ്പെട്ടില്ല |
| ഏകദേശം ബി.സി.ഇ. 1100 | അസീറിയൻ രാജവംശത്തിന്റെ സ്ഥാപനം |
| ഏകദേശം ബി.സി.ഇ. 1000 | ഇരുമ്പിന്റെ ഉപയോഗം |
| ഏകദേശം ബി.സി.ഇ. 720 - 610 | അസീറിയൻ സാമ്രാജ്യം |
| ഏകദേശം ബി.സി.ഇ. 668 - 627 | അസ്സുർബാനിപാലിന്റെ ഭരണം |
| ഏകദേശം ബി.സി.ഇ. 331 | അലക്സാണ്ടർ ബാബിലോൺ കീഴടക്കുന്നു |
| ഏകദേശം സി.ഇ. ഒന്നാം നൂറ്റാണ്ട് | അക്കാഡിയൻ, ക്യൂണിഫോം എന്നിവയുടെ ഉപയോഗം തുടരുന്നു |
| 1850 കൾ | ക്യൂണിഫോം ലിപി വായിച്ചെടുക്കുന്നു |

## അഭ്യാസങ്ങൾ (Exercises)

### ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1. സ്വാഭാവിക ഫലപുഷ്ടിയോ ഉയർന്ന തോതിലുള്ള ഭക്ഷ്യോൽപ്പാദനമോ അല്ലായിരുന്നു ആദ്യകാല നഗരവൽക്കരണത്തിന്റെ കാരണങ്ങളായി നമ്മൾ പറയുന്നത്, എന്തുകൊണ്ട്?
2. തന്നിരിക്കുന്നതിൽ അനിവാര്യമായ അവസ്ഥ ഏതെന്നും ആദ്യകാല നഗരവൽക്കരണത്തിന്റെ കാരണങ്ങൾ ഏതെന്നും നഗരങ്ങളുടെ വളർച്ചയുടെ ഫലങ്ങൾ ഏതെല്ലാമെന്നും പറയുക.
   - എ) ഉയർന്ന ഉൽപ്പാദനക്ഷമമായ കൃഷി
   - ബി) ജലഗതാഗതം
   - സി) ശിലകളുടെയും ലോഹങ്ങളുടെയും അഭാവം
   - ഡി) തൊഴിൽ വിഭജനം
   - ഇ) മുദ്രകളുടെ ഉപയോഗം
   - എഫ്) തൊഴിലെടുക്കൽ നിർബന്ധമാക്കിയ രാജാക്കന്മാരുടെ സൈനികശക്തി.
3. നാടോടികളായ മൃഗപാലകർ നാഗരിക ജീവിതത്തിന് ഭീഷണിയാകാത്തത് എന്തുകൊണ്ടായിരുന്നു?
4. ആദ്യകാലക്ഷേത്രം വീടുപോലെയായിരുന്നത് എന്തുകൊണ്ട്?

### ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

5. നഗരജീവിതം ആരംഭിച്ചപ്പോൾ പുതുതായി നിലവിൽ വന്ന സ്ഥാപനങ്ങളിൽ രാജാവിന്റെ താൽപ്പര്യത്തെ മുൻനിർത്തി ഉണ്ടായത് ഏതാണ്?
6. മെസൊപ്പൊട്ടേമിയൻ സംസ്കാരത്തെക്കുറിച്ച് പുരാതന കഥകളിൽ പറയുന്നത് എന്താണ്?

# II

# സാമ്രാജ്യങ്ങൾ (EMPIRES)

## മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ച് കിടന്ന ഒരു സാമ്രാജ്യം (An Empire Across Three Continents)

## മധ്യ ഇസ്ലാമിക പ്രദേശങ്ങൾ (The Central Islamic Lands)

## നാടോടി സാമ്രാജ്യങ്ങൾ (Nomadic Empires)



# സാമ്രാജ്യങ്ങൾ
# (EMPIRES)

മെസൊപ്പൊട്ടേമിയയിൽ സാമ്രാജ്യങ്ങളുടെ സ്ഥാപനത്തിനെ തുടർന്നുവന്ന രണ്ട് സഹസ്രാബ്ദങ്ങളിൽ ആ പ്രദേശം മുഴുവനും, അതിനു പടിഞ്ഞാറും കിഴക്കും കിടക്കുന്ന പ്രദേശത്തും  സാമ്രാജ്യരൂപീകരണത്തിനുള്ള നിരവധി ശ്രമങ്ങൾ നടക്കുകയുണ്ടായി.

ബി.സി.ഇ. ആറാം നൂറ്റാണ്ടോടെ, അസീറിയൻ സാമ്രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇറാനിയൻകാർ നിയന്ത്രണം സ്ഥാപിച്ചിരുന്നു. വ്യാപാരശൃംഖലകൾ കരമാർഗവും അതുപോലെ തന്നെ മെഡിറ്ററേനിയന്റെ തീരപ്രദേശങ്ങളിലും പരിപുഷ്ടമായി.

ഈ മാറ്റങ്ങളുടെ ഫലമായുണ്ടായ കച്ചവടാഭിവൃദ്ധി കിഴക്കൻ മെഡിറ്ററേനിയനിലെ, ഗ്രീക്ക് നഗരങ്ങൾക്കും അവരുടെ കോളനികൾക്കും പ്രയോജനപ്പെട്ടു. കരിങ്കടലിന് വടക്ക്, നാടോടികളുമായുള്ള അവരുടെ അടുത്ത വ്യാപാരവും അവർക്ക് നേട്ടം ഉണ്ടാക്കിക്കൊടുത്തു. ഗ്രീസിൽ മിക്കപ്പോഴും, പൗരജീവിതത്തിന്റെ പ്രധാന കേന്ദ്രങ്ങൾ ആതൻസും, സ്പാർട്ടയും പോലെയുള്ള നഗര രാഷ്ട്രങ്ങളായിരുന്നു. ഗ്രീക്ക് രാജ്യങ്ങളിൽ നിന്ന്, ബി.സി.ഇ. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മാസിഡോൺ രാജ്യത്തിലെ ഭരണാധികാരിയായ അലക്സാണ്ടർ സൈനികാക്രമണങ്ങളുടെ ഒരു പരമ്പര തന്നെ അഴിച്ചുവിടുകയും, വടക്കെ ആഫ്രിക്ക, പശ്ചിമേഷ്യ, ഇറാൻ എന്നിവിടങ്ങളിലെ പ്രദേശങ്ങൾ കീഴടക്കുകയും ബിയാസ് നദി വരെ എത്തിച്ചേരുകയും ചെയ്തു. അവിടെ നിന്ന് കൂടുതൽ കിഴക്കോട്ട് മുന്നേറാൻ അദ്ദേഹത്തിന്റെ സൈന്യം വിസമ്മതിച്ചു. അലക്സാണ്ടറുടെ സൈന്യം പിൻവാങ്ങിയെങ്കിലും കുറെയധികം ഗ്രീക്കുകാർ അവിടെ തങ്ങുകയുണ്ടായി.

അലക്സാണ്ടറുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിലുടനീളം ഗ്രീക്കുകാരും, പ്രാദേശിക ജനതയും തങ്ങളുടെ ആശയങ്ങളും, സാംസ്കാരിക പാരമ്പര്യങ്ങളും പരസ്പരം പങ്കുവച്ചു. ഈ പ്രദേശം മുഴുവനായി ഗ്രീക്ക് സംസ്കാരം വ്യാപിക്കുകയും, (ഹെല്ലനൈസ്ഡ്–ഗ്രീക്കുകാരെ വിളിച്ചിരുന്നത് ഹെലനസ് എന്നാണ്). ഗ്രീക്കുഭാഷ ഈ മേഖലയാകെ അറിയപ്പെടുന്ന ഭാഷയായിത്തീരുകയും ചെയ്തു. അലക്സാണ്ടറുടെ മരണത്തോടെ സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ഐക്യം പൊടുന്നനെ തകർന്നെങ്കിലും, ഏതാണ്ട് മൂന്നു നൂറ്റാണ്ടുകൾക്കു ശേഷവും ഹെലനിസ്റ്റിക്ക് സംസ്കാരം ഈ പ്രദേശത്ത് പ്രാധാന്യത്തോടെ നിലനിന്നിരുന്നു. ഈ പ്രദേശത്തിന്റെ ചരിത്രത്തിൽ ഈ കാലഘട്ടത്തെ പലപ്പോഴും 'ഹെലനിസ്റ്റിക് കാലഘട്ടം' എന്നാണ് പരാമർശിക്കുന്നത്. എന്നാൽ മറ്റു സംസ്കാരങ്ങളും (ഉദാഹരണമായി പുരാതന ഇറാനിയൻ സാമ്രാജ്യവുമായി ബന്ധപ്പെട്ട ഇറാനിയൻ സംസ്കാരം) ഗ്രീക്ക് സംസ്കാരത്തിനൊപ്പമോ അതിലധികമോ ഈ പ്രദേശത്തിന്റെ സംസ്കാരത്തെ സ്വാധീനിച്ചിരുന്നു. ഈ വസ്തുതയെ അവഗണിക്കുന്നതാണ് 'ഹെലനിസ്റ്റിക്ക് കാലഘട്ടം' എന്ന പ്രയോഗം.


ഇതേ തുടർന്നുണ്ടായ പ്രധാന സംഭവങ്ങളെക്കുറിച്ചാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്.

ചെറുതെങ്കിലും, സുസംഘടിതസൈനിക ശക്തിയായ മധ്യ ഇറ്റാലിയൻ നഗരമായ റോം, അലക്സാണ്ടറിന്റെ സാമ്രാജ്യത്തിന്റെ ശിഥിലീകരണത്തെ തുടർന്നുള്ള രാഷ്ട്രീയ ഭിന്നതകൾ മുതലെടുത്തുകൊണ്ട് നേട്ടങ്ങൾ ഉണ്ടാക്കി. ഇതിന്റെ ഫലമായി വടക്കെ ആഫ്രിക്കയിലും, കിഴക്കൻ മെഡിറ്ററേനിയൻ പ്രദേശങ്ങളും ബി.സി.ഇ. രണ്ടാം നൂറ്റാണ്ടു മുതൽ റോമിന്റെ നിയന്ത്രണം സ്ഥാപിക്കപ്പെട്ടു. അക്കാലത്ത് റോം ഒരു

റിപ്പബ്ലിക് ആയിരുന്നു. ഭരണക്രമം ഒരു സങ്കീർണ സംവിധാനത്തിലൂടെയുള്ള തിരഞ്ഞെടുപ്പിനെ അടിസ്ഥാനമാക്കി ഉള്ളതായിരുന്നു. എന്നാൽ ഭരണസ്ഥാപനങ്ങളെല്ലാം ജന്മം, സ്വത്ത് എന്നിവയ്ക്ക് പ്രധാന്യം നൽകിയിരുന്നു. സമൂഹം അടിമ സമ്പ്രദായത്തിൽ നിന്ന് നേട്ടമുണ്ടാക്കിയിരുന്നു. റോമൻ സൈന്യം ഒരിക്കൽ അലക്സാണ്ടറുടെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന രാഷ്ട്രങ്ങളുമായുള്ള ഒരു വ്യാപാര ശൃംഖല തന്നെ സ്ഥാപിക്കുകയുണ്ടായി. ബി.സി.ഇ. ഒന്നാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഒരു ഉന്നത കുല ജാതനായ സൈനിക കമാൻഡറായ ജൂലിയസ് സീസറിന്റെ കീഴിൽ ഈ 'റോമാ സാമ്രാജ്യം' ഇന്നത്തെ ബ്രിട്ടനും, ജർമ്മനിയും വരെ വ്യാപിച്ചു.

ലത്തീൻ (റോമിൽ സംസാരിച്ചിരുന്ന) ആയിരുന്നു സാമ്രാജ്യത്തിന്റെ മുഖ്യ ഭാഷ. എന്നാൽ കിഴക്കൻ പ്രദേശങ്ങളിൽ ധാരാളം പേർ ഗ്രീക്കുഭാഷ തുടർന്നും ഉപയോഗിച്ചു പോന്നു. ഹെലനിക് സംസ്കാരത്തോട് റോമാക്കാർക്ക് വലിയ ആദരവും ഉണ്ടായിരുന്നു. ബി.സി.ഇ. ഒന്നാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ഘടനയിൽ മാറ്റങ്ങൾ സംഭവിച്ചു. സി.ഇ. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതോടെ, സാമ്രാജ്യം ഗണ്യമായി ക്രിസ്തീയവൽക്കരിക്കപ്പെടുകയും ചെയ്തു.

ഭരണസൗകര്യാർഥം, സി.ഇ. നാലാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തെ കിഴക്കും, പടിഞ്ഞാറുമായി വിഭജിച്ചിരുന്നു. എന്നാൽ, പടിഞ്ഞാറൻ പ്രദേശങ്ങളിൽ, റോമും, അതിർത്തി പ്രദേശങ്ങളിലെ ഗോത്രവർഗക്കാരും (ഗോത്തുകൾ, വിസിഗോത്തുകൾ, വാൻഡലുകൾ മുതലായവർ) തമ്മിൽ നിലനിന്നിരുന്ന പരസ്പരധാരണ തകർന്നു. ഈ ധാരണകൾ വ്യാപാരം, സൈനിക നിയമനം, അധിവാസം എന്നിവയെ സംബന്ധിക്കു


കോറിന്ത് എന്ന ഗ്രീക്ക് നഗരത്തിന്റെ അവശിഷ്ടങ്ങൾ

ന്നതായിരുന്നു. ഈ ഗോത്രങ്ങൾ റോമാഭരണത്തെ കൂടുതൽ കൂടുതൽ ആക്രമിച്ചു തുടങ്ങി. സംഘർഷങ്ങൾ വൻതോതിൽ വർധിച്ചതും അതോടൊപ്പം സാമ്രാജ്യത്തിൽ ആഭ്യന്തര കലഹങ്ങൾ പൊട്ടിപ്പുറപ്പെട്ടതും, സി.ഇ. അഞ്ചാം നൂറ്റാണ്ടിൽ സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളെ പതനത്തിലേക്ക് നയിച്ചു. മുൻ സാമ്രാജ്യത്തിനകത്ത് ഗോത്രങ്ങൾ തങ്ങളുടേതായ രാജവംശങ്ങൾ സ്ഥാപിച്ചു. സഭയുടെ പ്രേരണയുടെ ഫലമായി സി.ഇ. ഒമ്പതാം നൂറ്റാണ്ടിൽ ചില രാജ്യങ്ങളിൽ നിന്ന് ഒരു വിശുദ്ധ റോമാസാമ്രാജ്യം രൂപം കൊണ്ടു. ഇത് റോമാ സാമ്രാജ്യത്തിന്റെ തുടർച്ചയാണെന്ന് അവകാശപ്പെട്ടു.

ഏഴാം നൂറ്റാണ്ടിനും, പതിനഞ്ചാം നൂറ്റാണ്ടിനും മധ്യേ, കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ മിക്കവാറും എല്ലാ ഭൂപ്രദേശങ്ങളും (കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമായുള്ള) അറബ് സാമ്രാജ്യം പിടിച്ചെടുത്തു. ഏഴാം നൂറ്റാണ്ടിൽ ഇസ്‌ലാം മതം സ്ഥാപിച്ച പ്രവാചകനായ മുഹമ്മദോ, ദമാസ്കസ് കേന്ദ്രമായി ഭരിച്ച അനുയായികളോ പിന്നീട് ബാഗ്ദദിൽ നിന്ന് ഭരിച്ച പിൻഗാമികളോ ആണ് ഈ പ്രദേശങ്ങൾ പിടിച്ചെടുത്തത്. ഈ പ്രദേശത്തെ ഗ്രീക്ക്, ഇസ്‌ലാമിക് പാരമ്പര്യങ്ങൾ തമ്മിൽ ഗാഢമായ പരസ്പരബന്ധം പുലർത്തിയിരുന്നു. ഈ പ്രദേശത്തിന്റെ വാണിജ്യശൃംഖലകളും, സമൃദ്ധിയും വടക്കോട്ട് ഇടയജനതയുടെയും, വിവിധ തുർക്കി ഗോത്രങ്ങളുടെയും ശ്രദ്ധ ആകർഷിച്ചു. ഇവർ പലപ്പോഴും ഈ മേഖലയിലെ പട്ടണങ്ങളെ ആക്രമിക്കുകയും നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. ഈ പ്രദേശങ്ങളിൽ അവസാനമായി ആക്രമണം നടത്തുകയും, ഇവയെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തവർ ചെങ്കിസ് ഖാന്റെയും അദ്ദേഹത്തിന്റെ പിൻമുറക്കാരുടെയും കീഴിലുള്ള മംഗോളിയരാണ്. പതിമൂന്നാം നൂറ്റാണ്ടിൽ അവർ പശ്ചിമേഷ്യ, യൂറോപ്പ്, മധ്യേഷ്യ, ചൈന എന്നിവിടങ്ങളിലേക്ക് മുന്നേറ്റം നടത്തി.

സാമ്രാജ്യസ്ഥാപനത്തിനും അവ നിലനിർത്താനുമുള്ള എല്ലാ ശ്രമങ്ങൾക്കും പിന്നിൽ ഈ മേഖലയിൽ മുഴുവൻ നിലനിന്നിരുന്ന കച്ചവടശൃംഖലകളെ കണ്ടെത്തി അതിലൂടെ വിഭവങ്ങളെ നിയന്ത്രിക്കുക എന്ന ലക്ഷ്യം ഉണ്ടായിരുന്നു. ഈ മേഖലയക്ക്

ഡമാസ്ക്കസിലെ വലിയ പള്ളി, 714 ൽ നിർമ്മാണം പൂർത്തിയായി.



മറ്റു പ്രദേശങ്ങളുമായി– ഇന്ത്യ, ചൈന എന്നിവയെപ്പോലെ– ഉള്ള ബന്ധങ്ങളിൽ നിന്നും നേട്ടമുണ്ടാക്കുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നു. ഈ സാമ്രാജ്യങ്ങളെല്ലാം വ്യാപാരത്തിന് സ്ഥിരത നൽകാനായി ഭരണസംവിധാനങ്ങൾ രൂപീകരിക്കുകയും ചെയ്തു. ക്രമാനുഗതമായി അവർ വിവിധതരത്തിലുള്ള സൈനികസംഘാടനവും രൂപപ്പെടുത്തിയെടുത്തു. ഒരു സാമ്രാജ്യത്തിന്റെ നേട്ടങ്ങൾ പലപ്പോഴും അതിന്റെ പിൻഗാമികൾ ഏറ്റെടുക്കാറുണ്ടായിരുന്നു. ഈ പ്രദേശത്ത് നിലവിലുണ്ടായിരുന്ന സംസാര, ലിഖിത ഭാഷകൾക്കു മേൽ കാലക്രമത്തിൽ പേർഷ്യൻ, ഗ്രീക്ക്, ലത്തീൻ, അറബിക് ഭാഷകൾ തങ്ങളുടെ സ്വാധീനം പ്രകടമാക്കി.

സാമ്രാജ്യങ്ങൾ വളരെ സുസ്ഥിരമായിരുന്നില്ല. ഇത് ഭാഗീകമായും വിവിധ പ്രദേശങ്ങളിലെ വിഭവങ്ങൾക്കുവേണ്ടിയുള്ള തർക്കങ്ങളും, സംഘട്ടനങ്ങളും മൂലമായിരുന്നു. സാമ്രാജ്യങ്ങളും, വടക്കൻ പ്രദേശങ്ങളിലെ ഇടയജനതയും തമ്മിലുള്ള ബന്ധങ്ങളിൽ ഉടലെടുത്ത സംഘർഷങ്ങളും ഇതിന് കാരണമായി. ഈ ഇടയരിൽ നിന്നുമാണ് സാമ്രാജ്യങ്ങൾക്ക് അവരുടെ സുഗമമായ വ്യാപാരത്തിന് പിന്തുണ ലഭിച്ചിരുന്നത്. ഇവർ തന്നെയാണ് സൈന്യത്തിനും, ഉൽപ്പാദന ആവശ്യങ്ങൾക്കുമുള്ള തൊഴിലാളികളെ പ്രദാനം ചെയ്തിരുന്നതും. എല്ലാ സാമ്രാജ്യങ്ങളും നഗരകേന്ദ്രീകൃതമായിരുന്നില്ലെന്നത് ശ്രദ്ധേയമാണ്. ഒരു ഇടയ ജനതയ്ക്ക് ദീർഘകാലാടിസ്ഥാനത്തിലും, വിജയകരമായും ഒരു സാമ്രാജ്യം എങ്ങനെ പരിപാലിക്കാനാകുമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ചെങ്കിസ് ഖാന്റെയും, പിൻഗാമികളുടെയും നേതൃത്വത്തിലുള്ള മംഗോൾ സാമ്രാജ്യം.

പലപ്പോഴും ഭിന്നഭാഷകൾ സംസാരിച്ചിരുന്ന, വ്യത്യസ്ത വംശജരായ ജനങ്ങളെ ആകർഷിച്ച മതങ്ങളും ബൃഹത്തായ സാമ്രാജ്യങ്ങളുടെ രൂപീകരണത്തിൽ സുപ്രധാനമായിത്തീർന്നു. ഇത് ക്രിസ്തുമതത്തിന്റെയും (സി.ഇ. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പാലസ്തീനിൽ ആരംഭിച്ചു), ഇസ്ലാം മതത്തിന്റെയും (സി.ഇ. ഏഴാം നൂറ്റാണ്ടിൽ ആരംഭിച്ചു) കാര്യത്തിൽ ശരിയായിരുന്നു.

# കാലരേഖ II (Timeline II)

## (ഏകദേശം 100 ബി.സി.ഇ. മുതൽ 1300 സി.ഇ. വരെ)
## (C. 100 BCE TO 1300 CE)



ഈ കാലരേഖ രാജ്യങ്ങളെയും, സാമ്രാജ്യങ്ങളെയും കുറിച്ചാണ് തയാറാക്കിയിരിക്കുന്നത്. ഇതിൽ ചിലത് – മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചു കിടന്ന റോമാസാമ്രാജ്യം പോലുള്ളവ – വളരെ വലുതായിരുന്നു. ഈ കാലഘട്ടത്തിലാണ് ലോകത്തിലെ പ്രധാനപ്പെട്ട മത–സാംസ്കാരിക പാരമ്പര്യങ്ങളിൽ ചിലത് വികസിക്കപ്പെട്ടതും ബൗദ്ധിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ ഉയർന്നു വന്നതും. ഗ്രന്ഥങ്ങൾ എഴുതപ്പെട്ടതും, ആശയങ്ങൾ ഭൂഖണ്ഡങ്ങൾക്കപ്പുറം പ്രചരിച്ചതും ഈ കാലഘട്ടത്തിലാണ്. ഇന്ന് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായ പല കാര്യങ്ങളും ആദ്യമായി ഉപയോഗിച്ചത് ഈ കാലഘട്ടത്തിൽ ആണ്.

| തീയതി | ആഫ്രിക്ക | യൂറോപ്പ് |
|---|---|---|
| 100-50 ബി.സി.ഇ. | കിഴക്കൻ ഏഷ്യയിൽ നിന്നുമുള്ള വാഴപ്പഴങ്ങൾ കടൽ മാർഗേണ കിഴക്കൻ ആഫ്രിക്കയിൽ പരിചയപ്പെടുത്തി | ഒരു ലക്ഷത്തോളം വരുന്ന അടിമകളെ സ്പാർട്ടക്കസ് കലാപത്തിലേക്ക് നയിച്ചു (73 ബി.സി.ഇ.) |
| 50-1 | ഈജിപ്തിലെ രാജ്ഞിയായ ക്ലിയോപാട്ര (51-30 ബി.സി.ഇ.) | റോമിൽ കൊളോസിയം പണി കഴിപ്പിച്ചു  |
| 1-50 സി.ഇ. | | |
| 50-100 | | |
| 100-150 | അലക്സാഡ്രിയയിലെ ഹീറോ നീരാവിയിൽ പ്രവർത്തിക്കുന്ന ഒരു യന്ത്രം നിർമ്മിക്കുന്നു | റോമൻ സാമ്രാജ്യം അതിന്റെ ഉച്ചസ്ഥായിയിൽ* |
| 150-200 | അലക്സാൺഡ്രിയയിലെ ടോളമി ഭൂമിശാസ്ത്രത്തിൽ ഒരു ഗ്രന്ഥം രചിക്കുന്നു | |
| 200-250 | | |
| 250-300 | | |
| 300-350 | അക്സമിൽ ക്രിസ്തുമതത്തിന്റെ വരവ്* (330) | കോൺസ്റ്റന്റൈൻ ചക്രവർത്തിയാകുന്നു, കോൺസ്റ്റാന്റിനോപ്പിൾ നഗരം സ്ഥാപിക്കുന്നു |
| 350-400 | | റോമാസാമ്രാജ്യം കിഴക്കും പടിഞ്ഞാറുമായി രണ്ടായി വിഭജിക്കപ്പെടുന്നു |
| 400-450 | യൂറോപ്പിലെ വാൻഡലുകൾ ഉത്തര ആഫിക്കയിൽ ഒരു രാജ്യം സ്ഥാപിക്കുന്നു (429) | റോമൻ സാമ്രാജ്യം, വടക്കൻ യൂറോപ്പിലെയും മധ്യ യൂറോപ്പിലെയും ഗോത്രവർഗക്കാരാൽ ആക്രമിക്കപ്പെടുന്നു |
| 450-500 |  | ഗൗളിലെ ക്ലോവിസിനെ (ഫ്രാൻസ്) ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നു (496) |
| 500-550 | | സെന്റ് ബെനഡിക്ട് ഇറ്റലിയിൽ ഒരു ആശ്രമം സ്ഥാപിക്കുന്നു (526), സെന്റ് അഗസ്റ്റിൻ ഇംഗ്ലണ്ടിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നു (596), മഹാനായ ഗ്രിഗറി (590) റോമൻ കത്തോലിക്കാ സഭയ്ക്ക് ശക്തമായ അടിത്തറ ഇടുന്നു |
| 550-600 | | |
| 600-650 | അബിസീനിയയിലേക്ക് ചില മുസ്ലീങ്ങൾ കുടിയേറ്റം നടത്തുന്നു. (ഹിജ്റ - 615) | |
| 650-700 | ഈജിപ്തിലെ തെക്കൻ പ്രദേശമായ നുബിയയുമായി മുസ് ലീം അറബികൾ ഒരു കരാറിൽ ഒപ്പുവയ്ക്കുന്നു (652) | ബീഡ്, 'ഹിസ്റ്ററി ഓഫ് ദി ഇംഗ്ലീഷ് ചർച്ച് ആൻഡ് പീപ്പിൾ' എന്ന പുസ്തകം രചിക്കുന്നു |
| 700-750 | | |
| 750-800 | | |
| 800-850 | ഘാനയിൽ രാജവംശത്തിന്റെ ഉദയം | ഫ്രാങ്കുകളുടെ രാജാവായ ചാർലിമെയ്ൻ, പരിശുദ്ധ റോമൻ ചക്രവർത്തിയായി കിരീടധാരണം ചെയ്തു (800) |
| 850-900 | | കീവിലും, നാവ്ഗോറോഡിലും ആദ്യത്തെ റഷ്യൻ രാജ്യങ്ങൾ സ്ഥാപിക്കപ്പെട്ടു |
| 900-950 | | വൈക്കിങ്ങുകൾ പടിഞ്ഞാറൻ യൂറോപ്പിലുടനീളം കടന്നാക്രമണം നടത്തി |
| 950-1000 | | |
| 1000-50 | | ഇറ്റലിയിലെ സലെർനോയിൽ മെഡിക്കൽ സ്കൂൾ സ്ഥാപിക്കപ്പെട്ടു (1030). |
| 1050-1100 | ഘാന മുതൽ തെക്കൻ സ്പെയിൻ വരെ അൽമോറവിഡ് സാമ്രാജ്യം (1056 - 1147) വ്യാപിക്കുന്നു | വില്യം ഓഫ് നോർമണ്ടി ബ്രിട്ടനെ ആക്രമിക്കുകയും രാജാവാകുകയും ചെയ്യുന്നു (1066); ആദ്യ കുരിശു യുദ്ധത്തിന്റെ പ്രഖ്യാപനം (1095) |
| 1100-50 | സിംബാബ്വെ (1120 - 1450) ദീർഘദൂര കച്ചവടത്തിന്റെയും സ്വർണം, ചെമ്പ് എന്നിവ കൊണ്ട് മനുഷ്യകരങ്ങളാൽ നിർമ്മിക്കുന്ന വസ്തുക്കളുടെ ഉൽപ്പാദനകേന്ദ്രമായും ഉയർന്നുവരുന്നു | |
| 1150-1200 | | നോസ്റ്റർ ഡാമിലെ കത്തീഡ്രൽ നിർമ്മാണം തുടങ്ങുന്നു (1163) |
| 1200-50 | എത്യോപ്യയിൽ ക്രിസ്ത്യൻ പള്ളികൾ സ്ഥാപിക്കപ്പെട്ടു. (1200) പശ്ചിമാഫ്രിക്കയിലെ മാലി രാജ്യത്തെ തിംബുക്തു വിജ്ഞാന കേന്ദ്രമായി മാറി | അസ്സീസിയിലെ സെന്റ് ഫ്രാൻസിസ്, ആർഭാടരാഹിത്യത്തിലും, അനുകമ്പയ്ക്കും ഊന്നൽ നൽകികൊണ്ട് ഒരു സന്യാസിമഠം സ്ഥാപിക്കുന്നു (1209); ഇംഗ്ലണ്ടിൽ പ്രഭുക്കന്മാരുടെ കലാപത്തെത്തുടർന്ന് നിയമാനുസൃതം ഭരിക്കാനുള്ള അംഗീകാരം നൽകുന്ന മാഗ്നാകാർട്ടയിൽ രാജാവ് ഒപ്പുവയ്ക്കുന്നു |
| 1250-1300 | | 1918 വരെ ആസ്ട്രിയയെ ഭരിച്ച ഹപ്സ്ബർഗ് രാജവംശത്തിന്റെ സ്ഥാപനം |

| തീയതി | ഏഷ്യ | ദക്ഷിണേഷ്യ |
|---|---|---|
| 100-50 ബി.സി.ഇ. | ചൈനയിൽ ഹാൻ സാമ്രാജ്യം, ഏഷ്യയിൽ നിന്ന് യൂറോപ്പ് വരെ സിൽക്ക് റൂട്ടിന്റെ വികസനം | വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ ബാക്ട്രിയൻ ഗ്രീക്കുകാരും, ശാകൻമാരും രാജവംശങ്ങൾ സ്ഥാപിക്കുന്നു; ഡക്കാനിൽ ശതവാഹനൻമാരുടെ ഉദയം |
| 50-1 | | പശ്ചിമേഷ്യ, ദക്ഷിണേഷ്യ, പൂർവ്വേഷ്യ, യൂറോപ്പ് - ഇവക്കിടയിൽ വ്യാപാരം വളരുന്നു |
| 1-50 സി.ഇ. | യേശു ക്രിസ്തു റോമൻ സാമ്രാജ്യത്തിലെ പ്രവിശ്യയായ യെഹൂദ്യയിൽ; അറേബ്യയിൽ റോമൻ ആക്രമണം (24) | |
| 50-100 | | വടക്കു പടിഞ്ഞാറൻ ഏഷ്യയിലും, മധ്യേഷ്യയിലും കുഷാന രാജവംശത്തിന്റെ സ്ഥാപനം |
| 100-150 | ചൈനയിൽ പേപ്പർ കണ്ടുപിടിച്ചു (118); ആദ്യത്തെ ഭൂകമ്പ മാപിനി വികസിപ്പിച്ചു (132) |  |
| 150-200 | | |
| 200-250 | ഹാൻ സാമ്രാജ്യത്തിന്റെ അന്ത്യം (221); പേർഷ്യയിൽ സസാനിദ് ഭരണം (226) | |
| 250-300 | ചൈനയിലെ രാജസദസ്സിൽ ചായ സത്കാരം (262); ചൈനയിൽ വടക്കു നോക്കി യന്ത്രത്തിന്റെ ഉപയോഗം (270) | |
| 300-350 | കുതിര സവാരിക്കാരൻ കാൽ ചവിട്ടുന്ന പടിയുടെ ഉപയോഗം ചൈനയിൽ | ഗുപ്ത രാജവംശത്തിന്റെ സ്ഥാപനം (320) |
| 350-400 |  | ഫാ സിയാൻ ചൈനയിൽ നിന്ന് ഇന്ത്യയിലേക്ക് സഞ്ചരിച്ചു (399) |
| 400-450 | | |
| 450-500 | | ജ്യോതിശാസ്ത്രജ്ഞനും, ഗണിതാചാര്യനുമായിരുന്ന ആര്യഭട്ടൻ |
| 500-550 | | |
| 550-600 | ജപ്പാനിൽ ബുദ്ധ മതത്തിന്റെ വരവ് (594); ചൈനയിൽ 34 വർഷം കൊണ്ട് അഞ്ച് ലക്ഷം തൊഴിലാളികൾ ധാന്യം കൊണ്ടു പോകാൻ ബൃഹത്തായ ജലപാത നിർമ്മിച്ചു. (584 - 618) | ബദാമിയിലും, ഐഹോളിലും ചാലൂക്യ ക്ഷേത്രങ്ങൾ |
| 600-650 | ചൈനയിൽ ടാങ് രാജവംശം (618); പ്രവാചകനായ മുഹമ്മദ് മദീനയിലേക്ക് പോകുന്നു; ഹിജ്റ വർഷത്തിന്റെ ആരംഭം (622); സസാനിയൻ സാമ്രാജ്യത്തിന്റെ തകർച്ച (642) | ഹുവാൻ സാങ് ചൈനയിൽ നിന്ന് ഇന്ത്യയിലേക്ക് സഞ്ചരിച്ചു; നളന്ദ ഒരു പ്രധാന വിദ്യാഭ്യാസ കേന്ദ്രമായി ഉയർന്നു വരുന്നു |
| 650-700 | ഉമയ്യദ് ഖലീഫാ ഭരണം (661 - 750) | |
| 700-750 | ഉമയ്യദുകളുടെ ഒരു ശാഖ സ്പെയിൻ ആക്രമിച്ച് കീഴടക്കുന്നു; ചൈനയിൽ ടാങ് രാജവംശം സ്ഥാപിതമായി | അറബികളുടെ സിന്ധ് ആക്രമണം (712) |
| 750-800 | അബ്ബാസിയ ഖാലിഫേറ്റ് സ്ഥാപിക്കപ്പെട്ടു. ബാഗ്ദാദ് ഒരു പ്രധാന സാംസ്കാരിക, വാണിജ്യ കേന്ദ്രമായി മാറുന്നു |  |
| 800-850 | കംബോഡിയയിൽ ഖമർ രാജ്യം സ്ഥാപിതമായി (802) | |
| 850-900 | ചൈനയിൽ ആദ്യത്തെ അച്ചടി ഗ്രന്ഥം (868) | |
| 900-950 | | |
| 950-1000 | ചൈനയിൽ കറൻസി നോട്ടുകളുടെ ഉപയോഗം | |
| 1000-50 | പേർഷ്യൻ ഭിഷഗ്വരനായ ഇബിൻ സിന, അദ്ദേഹത്തിനു ശേഷവും നൂറ്റാണ്ടുകൾ പിൻതുടർന്ന ഒരു വൈദ്യശാസ്ത്ര ഗ്രന്ഥം രചിക്കുന്നു | വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ മഹമ്മൂദ് ഗസ്നിയുടെ മിന്നലാക്രമണം; അൽബറൂണി ഇന്ത്യയിലെത്തിച്ചേർന്നു; രാജരാജേശ്വരക്ഷേത്രം തഞ്ചാവൂരിൽ പണികഴിപ്പിച്ചു |
| 1050-1100 | അൽപ് അർസലൻ തുർക്കി സാമാജ്യം സ്ഥാപിക്കുന്നു (1075) | |
| 1100-50 | രേഖപ്പെടുത്തപ്പെട്ട ആദ്യ കരിമരുന്ന് (വെടിമരുന്ന്) പ്രയോഗത്തിന്റെ പ്രദർശനം, ചൈനയിൽ | കൽഹണൻ രാജതരംഗിണി രചിച്ചു |
| 1150-1200 | കംബോഡിയയിലെ അങ്കോർ സാമ്രാജ്യം അതിന്റെ ഉച്ചസ്ഥായിയിൽ (1180), അങ്കോർ വാട്ടിലെ ക്ഷേത്ര സമുച്ചയം | |
| 1200-50 | ചെങ്കിസ് ഖാൻ അധികാരം ഏകീകരിക്കുന്നു (1206) | ഡൽഹി സൽത്തനത്ത് സ്ഥാപിച്ചു (1206) |
| 1250-1300 | ചെങ്കിസ് ഖാന്റെ പേരക്കുട്ടിയായ കുബ്ലൈ ഖാൻ ചൈനയുടെ ചക്രവർത്തിയായിത്തീരുന്നു | അമീർഖുസ്രു (1253 - 1325), സംഗീതവും, കാവ്യവും പുതിയ രൂപങ്ങളിൽ ആവിഷ്ക്കരിച്ചു; കൊണാർക്കിലെ സൂര്യക്ഷേത്രം |

| തീയതി | അമേരിക്കകൾ | ആസ്ട്രേലിയ/പസഫിക് ദ്വീപുകൾ |
|---|---|---|
| 100-50 ബി.സി.ഇ. |  | |
| 50-1 | | |
| 1-50 സി.ഇ. | | |
| 50-100 | | |
| 100-150 | | |
| 150-200 | | |
| 200-250 | | |
| 250-300 | | |
| 300-350 | മെക്സികോയിൽ ടെയോതിഹാകാൻ എന്ന നഗരരാഷ്ട്രം സ്ഥാപിതമായി. ഇവിടെ മായൻ ആരാധനാ കേന്ദ്രങ്ങളായ പിരിമിഡ് ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്നു*, ജ്യോതിശ്ശാസ്ത്രം, ചിത്ര ലിപി* എന്നിവയുടെ വികാസം | |
| 350-400 |  | |
| 400-450 | | |
| 450-500 | | |
| 500-550 | | |
| 550-600 | | |
| 600-650 | | |
| 650-700 | | |
| 700-750 | | |
| 750-800 | | |
| 800-850 | | |
| 850-900 | | |
| 900-950 | | |
| 950-1000 | വടക്കേ അമേരിക്കയിൽ ആദ്യത്തെ നഗരം നിർമ്മിക്കപ്പെടുന്നു (ഏകദേശം 990) | പോളിനേഷ്യയിൽ നിന്നുള്ള മയോറി നാവികൻ ന്യൂസിലാൻഡ് കണ്ടെത്തുന്നു |
| 1000-50 | | |
| 1050-1100 | | പോളിനേഷ്യൻ ദ്വീപസമൂഹങ്ങളിൽ മധുരക്കിഴങ്ങ് (ഉൽഭവം ദക്ഷിണാഫ്രിക്കയിൽ നിന്ന്) കൃഷി ചെയ്യുന്നു |
| 1100-1150 | | |
| 1150-1200 | | |
| 1200-50 | | |
| 1250-1300 | | |

**പ്രവർത്തനം**

ഭൂഖണ്ഡങ്ങൾക്കും പ്രദേശങ്ങൾക്കും കുറുകെ ജനങ്ങൾ നടത്തുന്ന പ്രയാണങ്ങൾ ഉൾപ്പെട്ട അഞ്ച് സംഭവങ്ങൾ/പ്രക്രിയകൾ കണ്ടെത്തുക. ഈ സംഭവങ്ങളുടെ/പ്രക്രിയകളുടെ പ്രാധാന്യം എന്തായിരുന്നിരിക്കാം?

പ്രമേയം
3

# മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ച് കിടന്ന ഒരു സാമ്രാജ്യം

## (AN EMPIRE ACROSS THREE CONTINENTS)

B1R3T7

*ഇന്നത്തെ യൂറോപ്പിന്റെ ഭൂരിഭാഗം പ്രദേശത്തും, ഫെർട്ടൈൽ ക്രെസെന്റ് എന്നറിയപ്പെടുന്ന പ്രദേശങ്ങളിലും, വടക്കെ ആഫ്രിക്കൻ പ്രദേശങ്ങളിലുമായി വ്യാപിച്ചുകിടന്ന സാമ്രാജ്യമാണ് റോമൻ സാമ്രാജ്യം. ഏതൊക്കെ വഴികളിലൂടെയാണ് സാമ്രാജ്യം സുസംഘടിതമായതെന്നും, അതിന്റെ വിധി നിർണയിച്ച രാഷ്ട്രീയ ശക്തികൾ ഏതൊക്കെയെന്നും, ജനങ്ങൾക്കിടയിലെ സാമൂഹിക വിഭാഗങ്ങളെക്കുറിച്ചും ഈ അധ്യായത്തിൽ നമുക്ക് ചർച്ച ചെയ്യാം. സാമ്രാജ്യം വ്യത്യസ്ത പ്രാദേശിക സംസ്കാരങ്ങളെയും, ഭാഷകളെയും ഉൾക്കൊണ്ടിരുന്നു എന്ന് കാണാം. ഇന്ന് പല രാജ്യങ്ങളിലും ഉള്ളതിനേക്കാൾക്കൂടുതൽ സ്ത്രീകൾക്ക് ശക്തമായ നിയമപരിരക്ഷയുണ്ടായിരുന്നു. വലിയൊരു വിഭാഗം ജനങ്ങൾക്ക് സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് അടിമവേലയുടെ ബലത്തിലാണ് സമ്പദ് വ്യവസ്ഥ നിലനിന്നു പോന്നത്. അഞ്ചാം നൂറ്റാണ്ട് മുതൽ പടിഞ്ഞാറൻ റോമൻ സാമ്രാജ്യം നാശോന്മുഖമായെങ്കിലും, കിഴക്കൻ പ്രദേശങ്ങളിൽ സാമ്രാജ്യം ഭദ്രമായും, അസാധാരണമാംവിധം സമ്പൽ സമൃദ്ധമായും നിലകൊണ്ടു. ഈ സമ്പൽസമൃദ്ധിയിലും, അതിന്റെ നാഗരികവും, മതപരവുമായ പാരമ്പര്യത്തിലും രൂപപ്പെട്ട ഖലീഫാ ഭരണത്തെക്കുറിച്ചാണ് നിങ്ങൾ അടുത്ത അധ്യായത്തിൽ പഠിക്കാൻ പോകുന്നത്.*

ചരിത്ര രചനയ്ക്കായി റോമിന്റെ ചരിത്രകാരന്മാർക്ക് ധാരാളം സ്രോതസ്സുകൾ ഉണ്ടായിരുന്നു, അവയെ നമുക്ക് മൂന്ന് വിഭാഗങ്ങളായി തിരിക്കാം: (a) കൃതികൾ (b) പ്രമാണങ്ങൾ (c) ഭൗതികാവശിഷ്ടങ്ങൾ. കൃതികൾ എന്ന സ്രോതസ്സുകളിൽ ഉൾപ്പെട്ടിരുന്നത്, സമകാലിക ചരിത്രകാരന്മാരുടെ രചനകൾ, (അവയെ അനാൽസ് എന്നാണ് വിളിച്ചിരുന്നത്, കാരണം അതിലെ വിവരണങ്ങൾ ഓരോ വർഷത്തെയും അടിസ്ഥാനമാക്കിയാണ്) കത്തുകൾ, പ്രസംഗങ്ങൾ, പ്രഭാഷണങ്ങൾ, നിയമങ്ങൾ തുടങ്ങിയവയായിരുന്നു. പ്രമാണ സ്രോതസ്സുകളിൽ ഉൾപ്പെട്ടിരുന്നത് പ്രധാനമായും ശിലയിൽ കൊത്തിയെടുത്തിരുന്ന ലിഖിതങ്ങളും പാപ്പിറസ് ചുരുളിലെ ലിഖിതങ്ങളുമാണ്. ലിഖിതങ്ങൾ സാധാരണയായി ശിലയിൽ കൊത്തിയെടുക്കപ്പെട്ടവയായിരുന്നു. അതിനാൽത്തന്നെ ഗ്രീക്ക്, ലത്തീൻ ഭാഷകളിലുള്ള ലിഖിതങ്ങൾ ധാരാളം ഇന്നും നിലനിൽക്കുന്നു. ഈറ പോലെയുള്ള ഒരു ചെടിയായ പാപ്പിറസ് ഈജിപ്തിലെ നൈൽ നദിയുടെ തീരത്ത് വളർന്നിരുന്നു. നിത്യ ജീവിതത്തിൽ എഴുത്ത്സാമഗ്രിയായി സംസ്കരിച്ചെടുത്ത പാപ്പിറസ് ചുരുളുകൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. ആയിരക്കണക്കിന് കരാറുകൾ, കണക്കുകൾ, കത്തുകൾ, ഔദ്യോഗിക പ്രമാണങ്ങൾ എന്നിവ എഴുതിയ പാപ്പിറസ് ചുരുളുകൾ പണ്ഡിതൻമാർ കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്, ഇവരെ "പാപ്പിറോളജിസ്റ്റുകൾ" (papyrologists) എന്ന് വിളിച്ചിരുന്നു. ഖനനം നടത്തിയ (ഖനനത്തിലൂടെയും, ഫീൽഡ് സർവ്വെയിലൂടെയും) പുരാവസ്തുക്കളാണ് ഭൗതികാവശിഷ്ടങ്ങളിൽ ഉൾപ്പെടുന്നത്. ഉദാഹരണമായി കെട്ടിടങ്ങൾ, സ്മാരകങ്ങൾ, മറ്റു നിർമ്മിതികൾ, കളിമൺ പാത്രങ്ങൾ, നാണയങ്ങൾ, മൊസൈക്ക്, ചിലപ്പോൾ മുഴുവൻ ഭൂപ്രകൃതിയും (ഏരിയൽ ഫോട്ടോഗ്രാഫി വഴിയെടുത്തത്) ഭൗതികാവശിഷ്ടങ്ങളിൽ ഉൾപ്പെട്ടിരുന്നു. ഓരോ സ്രോതസ്സും ഭൂതകാലത്തെക്കുറിച്ച് വിവരം നൽകുന്നു. ഇവയെ സമന്വയിപ്പിച്ച് ഫലവത്തായ പ്രയത്നത്തിലൂടെ യഥാർഥ ചരിത്രം സൃഷ്ടിക്കുക എന്നത് ചരിത്രകാരരുടെ കഴിവുകളെ ആശ്രയിച്ചിരിക്കും.



*പാപ്പിറസ് ചുരുളുകൾ*

ക്രിസ്തുവിന്റെ ജനനം മുതൽ ഏഴാം നൂറ്റാണ്ടിന്റെ പ്രാരംഭകാലഘട്ടം വരെ (ഏകദേശം 630 വരെ) യൂറോപ്പിന്റെയും, വടക്കെ ആഫ്രിക്കയുടെയും, മധ്യേഷ്യയുടെയും ഭൂരിഭാഗം പ്രദേശങ്ങളും ഭരിച്ചിരുന്നത് രണ്ട് പ്രബല സാമ്രാജ്യങ്ങളാണ്. റോമൻ സാമ്രാജ്യവും, ഇറാൻ സാമ്രാജ്യവുമായിരുന്നു ഇവ. പരസ്പര വൈരികളായിരുന്ന റോമാക്കാരും, ഇറാൻകാരും തങ്ങളുടെ ചരിത്രത്തിൽ ഏറിയ പങ്കും നിരന്തരം പോരാടിയിരുന്നു. അടുത്തടുത്ത് സ്ഥിതിചെയ്തിരുന്ന ഈ സാമ്രാജ്യങ്ങളെ വേർതിരിച്ചിരുന്നത് യൂഫ്രട്ടീസ് നദിക്ക് സമാന്തരമായ ഇടുങ്ങിയ പ്രദേശമാണ്. റോമാ ചരിത്രത്തെ നോക്കിക്കാണുന്ന ഈ അധ്യായത്തിൽ അവരുടെ ചിരവൈരികളായ ഇറാനെയും പരാമർശിക്കുന്നു.

പടിഞ്ഞാറ് സ്പെയിൻ മുതൽ കിഴക്ക് സിറിയ വരെ വ്യാപിച്ച് കിടക്കുന്ന ഒരു സമുദ്രം, ഭൂഖണ്ഡങ്ങളായ യൂറോപ്പിനെയും ആഫ്രിക്കയെയും വേർതിരിക്കുന്നത് ഭൂപടത്തിൽ നോക്കിയാൽ നിങ്ങൾക്ക് കാണാൻ കഴിയും. മെഡിറ്ററേനിയൻ (Mediterranean) എന്ന് പേരുള്ള ഈ സമുദ്രം, റോമാ സാമ്രാജ്യത്തിന്റെ ഹൃദയം എന്നറിയപ്പെടുന്നു. മെഡിറ്ററേനിയനുമേൽ ആധിപത്യമുണ്ടായിരുന്ന റോമിന്, സമുദ്രത്തിന്റെ

ഭൂപടം 1: യൂറോപ്പും വടക്കേ ആഫ്രിക്കയും




വടക്ക്, തെക്ക് ദിശകളിലെ മുഴുവൻ പ്രദേശങ്ങളുടെ മേലും മേധാവിത്വം ഉണ്ടായിരുന്നു. വടക്ക് റൈൻ, ഡാന്യൂബ് നദികളും, തെക്ക് വിശാലമായ സഹാറ മരുഭൂമിയുമാണ് സാമ്രാജ്യത്തിന്റെ അതിരുകൾ തീർത്തിരുന്നത്. ഈ വിശാലമായ ഭൂപ്രദേശമാണ് റോമൻ സാമ്രാജ്യം എന്നറിയപ്പെട്ടിരുന്നത്. കാസ്പിയൻ സമുദ്രത്തിന്റെ തെക്കു മുതൽ കിഴക്കേ അറേബ്യവരെയുള്ള മുഴുവൻ പ്രദേശവും, ചിലപ്പോഴൊക്കെ അഫ്ഗാനിസ്ഥാന്റെ വലിയൊരു ഭാഗവും ഇറാന്റെ നിയന്ത്രണത്തിലായിരുന്നു. ലോകത്തിന്റെ ഏറിയ ഭാഗവും, ഈ വൻശക്തികൾ വീതിച്ചെടുത്തു. ഈ പ്രദേശത്തെ പൊതുവേ 'പടിഞ്ഞാറ്' എന്ന അർഥത്തിൽ 'ടാചിൻ' (Ta Ch' in) അഥവാ ഗ്രേറ്റർ ചിൻ ('greater Ch'in') എന്നാണ് ചൈനക്കാർ വിളിച്ചിരുന്നത്.

## ആദ്യകാല സാമ്രാജ്യം (The Early Empire)

സി.ഇ. മൂന്നാം നൂറ്റാണ്ടിലെ ചരിത്രസംഭവങ്ങളുടെ അടിസ്ഥാനത്തിൽ റോമൻ സാമ്രാജ്യത്തെ രണ്ടു ഘട്ടങ്ങളായി തിരിക്കാം – ആദ്യകാല റോമൻ സാമ്രാജ്യവും, പിൽക്കാല റോമൻ സാമ്രാജ്യവും. മറ്റൊരർഥത്തിൽ പറഞ്ഞാൽ സി. ഇ. മൂന്നാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തെ ആദ്യകാല സാമ്രാജ്യമെന്നും, അതിനുശേഷമുള്ള ഘട്ടത്തെ പിൽക്കാല സാമ്രാജ്യം എന്നും വിളിക്കുന്നു.

റോമൻ സാമ്രാജ്യത്തിന് ഇറാനിലുള്ളതിനെക്കാൾ കൂടുതൽ സാംസ്ക്കാരിക വൈവിധ്യം ഉണ്ടായിരുന്നു എന്നതാണ് ഈ വൻശക്തികൾ തമ്മിലുള്ള പ്രധാന വ്യത്യാസം. ഈ കാലഘട്ടത്തിൽ ഇറാൻ ഭരിച്ച പാർഥിയന്മാരും, പിൽക്കാലത്ത് സസാനിയൻമാരും, ജനസംഖ്യയിൽ ഭൂരിപക്ഷമായ ഇറാനിയൻ വർഗക്കാരെയാണ് ഭരിച്ചത്. ഇതിന് വിരുദ്ധമായി ഒരു പൊതു ഭരണ സമ്പ്രദായത്തിന്റെ കീഴിൽ വ്യത്യസ്ത പ്രദേശങ്ങളും സംസ്ക്കാരങ്ങളും സമന്വയിക്കപ്പെട്ട ഭരണരീതിയായിരുന്നു റോമാ സാമ്രാജ്യത്തിന്റേത്. സാമ്രാജ്യത്തിൽ പല ഭാഷകൾ സംസാരിച്ചിരുന്നെങ്കിലും ഗ്രീക്കും, ലത്തീനും മാത്രമായിരുന്നു ഭരണത്തിനായി വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നത്. കിഴക്കു ഭാഗത്തുള്ള ഉപരിവർഗക്കാർ ഗ്രീക്ക് ഭാഷയിലും, പടിഞ്ഞാറുള്ളവർ ലത്തീൻ ഭാഷയിലും ആശയവിനിമയം നടത്തിയിരുന്നു. ലത്തീൻ സംസാരിച്ചിരുന്ന ട്രിപ്പോളിറ്റാനിയയിലെ ആഫ്രിക്കൻ പ്രവിശ്യകൾക്കും, ഗ്രീക്ക് സംസാരിച്ചിരുന്ന സൈറേനിക്കയ്ക്കും ഇടയിൽ മെഡിറ്ററേനിയന്റെ നടുവിൽ എവിടെയോ ആയിരുന്നു ഈ രണ്ടു ഭാഷാപ്രദേശങ്ങൾ തമ്മിലുള്ള അതിർ വരമ്പ്. റോമാ സാമ്രാജ്യത്തിൽ ജീവിച്ചിരുന്ന ജനങ്ങൾ ദേശ – ഭാഷാ വ്യത്യാസങ്ങൾക്കതീതമായി ഒരു ഏക ഭരണാധികാരിയുടെ പ്രജകളായിരുന്നു.

റോമാ സാമ്രാജ്യത്തിലെ ആദ്യ ചക്രവർത്തി അഗസ്റ്റസ് (27 ബി.സി.ഇ.) സ്ഥാപിച്ച ഭരണം 'പ്രിൻസിപ്പേറ്റ്' (Principate) എന്നറിയപ്പെട്ടു. റോമാ സാമ്രാജ്യത്തിലെ ഏകഭരണാധികാരിയും യഥാർഥ അധികാര കേന്ദ്രവും അഗസ്റ്റസ് ആയിരുന്നെങ്കിലും, അദ്ദേഹം ഏകാധിപതി അല്ലായിരുന്നെന്നും, 'നായക പൗരൻ' ('leading citizen'); അഥവാ ലത്തീൻ ഭാഷയിൽ *പ്രിൻസെപ്സ്* മാത്രമായിരുന്നുവെന്നും ഒരു ധാരണ സജീവമായിരുന്നു. റോം റിപ്പബ്ലിക്കാ* യിരുന്ന കാലം മുതൽ റോമിനെ നിയന്ത്രിച്ചിരുന്ന സെനറ്റിനോടുള്ള ആദരവുകൊണ്ടാണ് അങ്ങനെ ചെയ്തിരുന്നത്. നൂറ്റാണ്ടുകളായി റോമിൽ നിലനിന്നിരുന്ന സെനറ്റ് റോമൻ (പിന്നീട് ഇറ്റാലിയൻ) വംശജരായ ഏറ്റവും സമ്പന്നരായ ഭൂവുടമകളെ പ്രതിനിധാനം ചെയ്യുന്ന സമിതിയായാണ് നിലകൊണ്ടിരുന്നത്. ഗ്രീക്കിലും, ലത്തീനിലും നിലനിൽക്കുന്ന റോമൻ ചരിത്രത്തിന്റെ ഭൂരിഭാഗവും എഴുതിയിരിക്കുന്നത് സെനറ്റിന്റെ പശ്ചാത്തലമുള്ളവരാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് സെനറ്റിനോടുള്ള പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിലാണ് ചക്രവർത്തിമാർ വിലയിരുത്തപ്പെട്ടിരുന്നത് എന്നാണ്. സെനറ്റിനോട് ശത്രുതയും, സംശയവും അതിക്രമവും കാണിച്ച ചക്രവർത്തിമാരെല്ലാം ഏറ്റവും മോശക്കാരായി അറിയപ്പെട്ടു. പല സെനറ്റർമാരും പഴയ റിപ്പബ്ലിക്കൻ കാലഘട്ടത്തിലേക്ക് തിരികെ പോകണമെന്നാഗ്രഹിച്ചെങ്കിലും, അത് സാധ്യമല്ലെന്ന് ഭൂരിഭാഗം പേരും തിരിച്ചറിഞ്ഞിരിക്കാം.

ചക്രവർത്തിയും, സെനറ്റും കഴിഞ്ഞാൽ രാജകീയ ഭരണത്തിലെ പ്രമുഖ സ്ഥാനം സൈന്യത്തിനായിരുന്നു. നിർബന്ധിതമായാണ് ** തങ്ങളുടെ എതിരാളിയായ പേർഷ്യൻ സാമ്രാജ്യത്തിൽ സൈനികരെ നിയമിച്ചിരുന്നതെങ്കിൽ അതിൽ നിന്ന് വ്യത്യസ്തമായി ചുരുങ്ങിയത് ഇരുപത്തിയഞ്ച് വർഷമെങ്കിലും സേവനം അനുഷ്ഠിക്കേണ്ടിയിരുന്നതും വേതനം കൈപ്പറ്റുന്നതുമായ പ്രൊഫഷണൽ സൈന്യമായിരുന്നു റോമിന്റേത്. തീർച്ചയായും ഈ വേതനം പറ്റുന്ന പട്ടാളത്തിന്റെ സാന്നിധ്യം റോമൻ സാമ്രാജ്യത്തിന്റെ വേറിട്ട സവിശേഷതയാണ്. സാമ്രാജ്യത്തിലെ ഏറ്റവും വലിയ സംഘടിത

*യഥാർഥ അധികാരം സെനറ്റിൽ നിക്ഷിപ്തമായ ഒരു ഭരണസംവിധാനമായിരുന്നു റിപ്പബ്ലിക്ക്. സെനറ്റിൽ ആധിപത്യം സ്ഥാപിച്ചത് ഒരു ചെറിയ വിഭാഗം സമ്പന്ന കുടുംബങ്ങളാണ്. ഇവർ പ്രഭുവർഗം എന്നറിയപ്പെടുന്നു. പ്രായോഗികമായി റിപ്പബ്ലിക്ക് പ്രതിനിധാനം ചെയ്യുന്നത് സെനറ്റിലൂടെ നിർവഹിക്കപ്പെടുന്ന പ്രഭുവർഗത്തിന്റെ ഭരണത്തെയാണ്. ബി.സി.ഇ. 509 മുതൽ ബി.സി.ഇ. 27 വരെ നിലനിന്നിരുന്ന റിപ്പബ്ലിക്കൻ ഭരണത്തെ കടപുഴക്കിയെറിഞ്ഞത് ജൂലിയസ് സീസറിന്റെ ദത്തുപുത്രനും, അനന്തരാവകാശിയുമായ ഒക്ടേവിയനാണ്. ഒക്ടേവിയൻ പിൽക്കാലത്ത് അഗസ്റ്റസ് എന്ന പേര് സ്വീകരിക്കുകയുണ്ടായി. സെനറ്റിലെ അംഗത്വം ആജീവനാന്തമായിരുന്നു. പദവിയും, സമ്പത്തുമായിരുന്നു ജനത്തെക്കാൾ പ്രധാനമായി പരിഗണിച്ചിരുന്നത്.

**ജനങ്ങളെ ബലമായി സൈന്യത്തിൽ ചേർത്തുണ്ടാക്കുന്ന സേനയാണ് നിർബന്ധിത സേന. സമൂഹത്തിലെ ചില വിഭാഗങ്ങൾക്ക് സൈനിക സേവനം നിർബന്ധിതമായിരുന്നു.

ശക്തി എന്ന് വിശേഷിപ്പിക്കാവുന്ന സുസംഘടിതമായ ഈ സൈന്യത്തിന് (നാലാം നൂറ്റാണ്ടിൽ ആറ് ലക്ഷം പേർ) ചക്രവർത്തിമാരുടെ വിധി നിർണയിക്കാനുള്ള ശക്തിപോലും ഉണ്ടായിരുന്നു. തങ്ങളുടെ സേവന–വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ഇടയ്ക്കിടെ സൈനികർ നടത്തിയിരുന്നു. തങ്ങളുടെ ആവശ്യം ജനറൽമാരോ, ചക്രവർത്തിതന്നെയോ നിരാകരിക്കുമ്പോൾ ചില അവസരങ്ങളിൽ അവർ സൈനിക കാലാപത്തിന് മുതിർന്നിട്ടുണ്ട്. സെനറ്റിനോട് മമതയുള്ള ചരിത്രകാരന്മാരുടെ രചനകളിൽ നിന്നാണ് പലപ്പോഴും റോമൻ സൈന്യത്തെക്കുറിച്ച് നമുക്ക് അറിയാൻ കഴിയുന്നത് എന്ന് പറയേണ്ടതുണ്ട്. പ്രവചനാതീതമായ അതിക്രമങ്ങളുടെ ഉറവിടമായിരുന്ന സൈന്യത്തെ പലപ്പോഴും സെനറ്റ് വെറുക്കുകയും ഭയപ്പെടുകയും ചെയ്തു, പ്രത്യേകിച്ച് വർധിച്ചു വരുന്ന സൈനികച്ചെലവുകൾ നേരിടുന്നതിനായി ഭരണകൂടം അധിക നികുതി ചുമത്താൻ നിർബന്ധിതമായ മൂന്നാം നൂറ്റാണ്ടിൽ.



*റോമിലെ ഫോറം ജൂലിയത്തിലെ കടകൾ : ബി.സി.ഇ. 51 ൽ തൂണുകളോടുകൂടിയ ഈ വ്യാപാരചത്വരം പണികഴിപ്പിച്ചത് പഴയ റോമൻ ഫോറം വികസിപ്പിക്കാൻ വേണ്ടിയാണ്.*

ചുരുക്കത്തിൽ, ചക്രവർത്തി, പ്രഭുവർഗം, സൈന്യം എന്നിവരായിരുന്നു സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ മൂന്ന് പ്രധാനികൾ. സൈന്യത്തെ എത്രകണ്ട് നിയന്ത്രിക്കാൻ സാധിച്ചിരുന്നു എന്നതിനെ ആശ്രയിച്ചാണ് ഓരോ ചക്രവർത്തിയുടെയും വിജയം. സൈന്യം ഭിന്നിക്കപ്പെട്ടപ്പോഴൊക്കെ അതിന്റെ ഫലം ആഭ്യന്തര യുദ്ധങ്ങളായിരുന്നു.* നാല് ചക്രവർത്തിമാർ ഒന്നിനു പുറകേ ഒന്നായി അധികാരത്തിലേറിയ സി.ഇ. 69 എന്ന കുപ്രസിദ്ധ വർഷം മാറ്റി നിർത്തിയാൽ, ആദ്യ രണ്ട് നൂറ്റാണ്ടുകളും പൊതുവെ ആഭ്യന്തര യുദ്ധങ്ങളിൽ നിന്ന് സ്വതന്ത്രവും ആ അർഥത്തിൽ സുസ്ഥിരമായ അവസ്ഥയിലുമായിരുന്നു. കുടുംബ പിൻതുടർച്ചയോ, ദത്തവകാശമോ ആയിരുന്നു അധികാരകൈമാറ്റത്തിന്റെ അടിസ്ഥാനം. സൈന്യം പോലും ഇതിനെ പിന്തുണച്ചിരുന്നു. ഉദാഹരണത്തിന് രണ്ടാമത്തെ റോമൻ ചക്രവർത്തിയായിരുന്ന ടൈബീരിയസ് (സി.ഇ. 14–37), പ്രിൻസിപ്പേറ്റിന്റെ സ്ഥാപകനായ അഗസ്റ്റസിന്റെ സ്വന്തം പുത്രനായിരുന്നില്ല മറിച്ച് ദത്തുപുത്രനായിരുന്നു. സുതാര്യമായ അധികാരക്കൈമാറ്റം ഉറപ്പിക്കാനായിരുന്നു അഗസ്റ്റസിന്റെ ഈ ദത്തെടുക്കൽ.

ആദ്യ രണ്ട് നൂറ്റാണ്ടുകളിൽ വൈദേശികാക്രമണങ്ങൾ നന്നേ കുറവായിരുന്നു. ടൈബീരിയസ്സിന് അഗസ്റ്റസ് ചക്രവർത്തിയിൽ നിന്ന് പൈതൃകമായി കിട്ടിയ സാമ്രാജ്യം അതീവ വിസ്തൃതമായിരുന്നതിനാൽ, വീണ്ടും സാമ്രാജ്യവ്യാപനത്തിന്റെ ആവശ്യകതയില്ലായിരുന്നു. സത്യത്തിൽ പതിറ്റാണ്ടുകളായി നടന്ന ആഭ്യന്തര കലഹങ്ങൾക്കും, നൂറ്റാണ്ടുകൾ നീണ്ട ആക്രമണങ്ങൾക്കും ശേഷം കൈവന്ന സമാധാനത്തിന്റെ പേരിലാണ് 'അഗസ്റ്റസ് യുഗം' സ്മരിക്കപ്പെടുന്നത്. യൂഫ്രട്ടീസ് നദികടന്നുള്ള ട്രാജന്റെ വിഫലമായ ആക്രമണമായിരുന്നു ആദ്യകാല സാമ്രാജ്യത്തിന്റെ കാലഘട്ടത്തിലുണ്ടായ ഒരേയൊരു പ്രധാന ആക്രമണം, സി.ഇ. 113–117 കാലത്ത് അദ്ദേഹത്തിന്റെ പിൻഗാമികൾ ഈ ഉദ്യമം ഉപേക്ഷിക്കുകയും ചെയ്തു.

*ഒരു രാജ്യത്തിനുള്ളിൽ അധികാരത്തിനു വേണ്ടി പരസ്പരം നടത്തുന്ന സായുധ പോരാട്ടങ്ങളെയാണ് ആഭ്യന്തര യുദ്ധം എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളിൽ നിന്ന് വ്യത്യസ്തമാണിത്.

സമീപ പൗരസ്ത്യം (The Near East) റോമൻ മെഡിറ്ററേനിയനിൽ ജീവിച്ചിരുന്ന ആരുടെയോ കാഴ്ചപ്പാടിൽ നിന്നുണ്ടായ പ്രയോഗമാണിത്. മെഡിറ്ററേനിയനു കിഴക്കുള്ള റോമൻ പ്രവിശ്യകളായ സിറിയ, പാലസ്തീൻ, മെസൊപ്പൊട്ടേമിയ തുടങ്ങിയവയാണ് യൂറോപ്പിന്റെ തൊട്ടുകിഴക്കുള്ള (Near East) രാജ്യങ്ങൾ എന്നറിയപ്പെടുന്നത്. അതിന്റെ ചുറ്റുമുള്ള അറേബ്യ പോലെയുള്ള പ്രദേശങ്ങളെയും ഇതിൽ ഉൾപ്പെടുത്തിയിരുന്നു.

* റോമിന്റെ ഇടപാടുകാരായ (clients) പ്രാദേശിക രാജവംശങ്ങളാണിവ. യുദ്ധസമയങ്ങളിൽ തങ്ങളുടെ സേനയെ റോമിനു വേണ്ടി വിട്ടുകൊടുത്തിരുന്ന ഇവർക്ക്, പകരം രാജ്യങ്ങളായി നിലനിൽക്കുന്നതിനുള്ള സ്വാതന്ത്ര്യം റോം അനുവദിച്ചിരുന്നു.

## ട്രാജൻ ചക്രവർത്തിയുടെ സ്വപ്നം – ഇന്ത്യയെ കീഴടക്കൽ?
### (The Emperor Trajan's Dream - A conquest of India)

'ഒരു ഭൂകമ്പത്താൽ സ്മരിക്കപ്പെടുന്ന അന്ത്യോക്യയിലെ ശൈത്യകാലത്ത് (115/16), 116 ൽ ട്രാജൻ യൂഫ്രട്ടീസ് വഴി പാർഥിയൻ തലസ്ഥാനമായ ടെസിഫോണിലേക്ക് മുന്നേറുകയും, പേർഷ്യൻ ഗൾഫിന്റെ മുനമ്പിൽ എത്തിച്ചേരുകയും ചെയ്തു. താൻ അലക്സാണ്ടറെപ്പോലെ ചെറുപ്പമായിരുന്നെങ്കിൽ എന്നു മോഹിച്ചുകൊണ്ട്, ഇന്ത്യയിലേക്കു പുറപ്പെടാൻ ഒരുങ്ങുന്ന ഒരു വ്യാപാരക്കപ്പലിനെ അദ്ദേഹം ആശാപൂർവം നോക്കി നിന്നതായി (ചരിത്രകാരനായ) കാഷ്യസ് ദിയോ വിവരിക്കുന്നു.'
– ഫെർഗൂസ് മില്ലർ, *ദി റോമൻ നിയർ ഈസ്റ്റ്.*

സുപ്രധാനമായ ഒരു സവിശേഷത റോമിന്റെ നേരിട്ടുള്ള ഭരണത്തിന്റെ ക്രമേണയുള്ള വ്യാപനമാണ്. ഒട്ടേറെ ആശ്രിതരാജ്യങ്ങളെ റോമൻ പ്രവിശ്യകളിലേക്ക് ലയിപ്പിച്ചാണ് ഇത് പൂർത്തീകരിച്ചത്. കിഴക്കൻ പ്രദേശത്തും, യൂഫ്രട്ടീസ് നദിയുടെ പടിഞ്ഞാറു ഭാഗത്തുമുള്ള അനേകം രാജ്യങ്ങൾ * രണ്ടാം നൂറ്റാണ്ടിന്റെ ആദ്യ കാലഘട്ടത്തിൽ റോമിനോട് കൂട്ടിച്ചേർക്കപ്പെട്ട് അപ്രത്യക്ഷമായി. (സാന്ദർഭികമായി ഇതിൽ ചില രാഷ്ട്രങ്ങൾ അതിരറ്റ സമ്പത്തിന് ഉടമകളായിരുന്നു. ഉദാഹരണത്തിന് ഹെറോദിന്റെ രാജ്യം പ്രതിവർഷം 5.4 ദശലക്ഷം ദിനാറിക്ക് തുല്യമായ ആദായമുണ്ടാക്കിയിരുന്നു. ഇത് 125000 കിലോ സ്വർണത്തിന് തുല്യമായിരുന്നു. ദിനാറിയസ് എന്നത് $4\frac{1}{2}$ ഗ്രാം ശുദ്ധ വെള്ളിയടങ്ങിയ റോമൻ നാണയമായിരുന്നു).

യഥാർഥത്തിൽ ഈ കാലഘട്ടത്തിൽ പ്രവിശ്യയായി കണക്കാക്കാതിരുന്ന ഇറ്റലി ഒഴിച്ച് ബാക്കിയുള്ള പ്രദേശങ്ങൾ എല്ലാം തന്നെ പ്രവിശ്യകളായി (*provinces*) സംഘടിപ്പിക്കപ്പെട്ടു, അവ നികുതിക്ക് വിധേയമാവുകയും ചെയ്തു. രണ്ടാം നൂറ്റാണ്ടോടെ വിസ്തൃതിയുടെ ഉച്ചസ്ഥായിലായ റോമാസാമ്രാജ്യം, സ്കോട്ട്ലണ്ടു മുതൽ അർമീനിയായുടെ അതിർത്തികൾ വരെയും, സഹാറ മുതൽ യൂഫ്രട്ടീസ് വരെയും, ചില അവസരങ്ങളിൽ അതിനപ്പുറത്തേക്കും വ്യാപിച്ചു. കാര്യങ്ങൾ സുഗമമായി മുന്നോട്ട് നയിക്കുന്ന ആധുനിക അർഥത്തിലുള്ള ഒരു ഭരണക്രമം ഇല്ലാതിരുന്നിട്ടും, രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ അതിവിപുലവും, വൈവിധ്യമാർന്ന അനേകം പ്രദേശങ്ങൾ ഉള്ളതുമായ, 60 ദശലക്ഷം ജനങ്ങളുള്ള റോമാസാമ്രാജ്യത്തെ നിയന്ത്രിക്കാനും ഭരിക്കാനും ചക്രവർത്തിക്ക് കഴിഞ്ഞതെങ്ങനെയാണെന്ന് നിങ്ങൾ ചോദിക്കും. അതിനുള്ള ഉത്തരം സാമ്രാജ്യത്തിന്റെ നഗരവൽക്കരണമാണ്.

*പോൺഡു ഡ്യു ഗാർഡ്, ഫ്രാൻസിലെ നൈംസിനടുത്ത്, ബി.സി.ഇ. ആദ്യ നൂറ്റാണ്ട്. റോമൻ എഞ്ചിനീയർമാർ മൂന്ന് ഭൂഖണ്ഡങ്ങളിലും വെള്ളം കൊണ്ടുപോകാനുള്ള വലിയ കനാലുകൾ നിർമ്മിച്ചിരുന്നു.*



മെഡിറ്ററേനിയൻ തീരങ്ങളിലെ (കാർത്തേജ്, അലക്സാൻഡ്രിയ, അന്ത്യോക്യ) മഹാ നഗര കേന്ദ്രങ്ങളായിരുന്നു യഥാർഥത്തിൽ സാമ്രാജ്യ വ്യവസ്ഥിതിയുടെ ഉറച്ച അടിത്തറ. സാമ്രാജ്യത്തിന്റെ സമ്പത്തിൽ ഏറിയ പങ്കും ഉൽപ്പാദിപ്പിച്ചിരുന്ന പ്രവിശ്യകളുടെ മേൽ നികുതി ചുമത്തിയിരുന്നത് ഈ നഗരകേന്ദ്രങ്ങൾ വഴിയായിരുന്നു. ഇത് അർഥമാക്കുന്നത് പ്രവിശ്യകളിലെ ഉപരിവർഗങ്ങൾ തങ്ങളുടെ പ്രദേശങ്ങളിലെ ഭരണം കാര്യക്ഷമമാക്കുന്നതിനും നികുതി പിരിക്കുന്നതിനുമായി റോമൻ ഭരണകൂടവുമായി

കൈകോർത്ത് പ്രവർത്തിച്ചിരുന്നു എന്നാണ്. യഥാർഥത്തിൽ റോമൻ ചരിത്രത്തിലെ ശ്രദ്ധേയമായ വസ്തുത ഇറ്റലിയും, പ്രവിശ്യകളും തമ്മിലുള്ള നാടകീയമായ അധികാരക്കൈമാറ്റമാണ്. രണ്ടും മൂന്നും നൂറ്റാണ്ടുകൾ മുഴുവൻ, പ്രവിശ്യകളിലെ ഉപരിവർഗക്കാരാണ് പ്രവിശ്യാഭരണത്തിനുള്ള പ്രധാനികളെയും, സൈനിക മേധാവികളെയും നൽകിപ്പോന്നത്. ചക്രവർത്തിമാരുടെ പിന്തുണയുള്ളതിനാൽ സെനറ്റർമാരെക്കാൾ കരുത്തുള്ള ഭരണാധികാരികളുടെയും സൈനിക മേധാവികളുടെയും ഒരു പുതിയ വരേണ്യവർഗമായി അവർ മാറുകയും ചെയ്തു. ഗല്ലീനസ് ചക്രവർത്തി (253–268) സൈനിക മേധാവിത്വത്തിൽ നിന്ന് സെനറ്റർമാരെ ഒഴിവാക്കി, ഈ പുതിയ ഉപരിവർഗത്തിന്റെ അധികാരങ്ങളെ ശക്തിപ്പെടുത്തി. സെനറ്റർമാരെ സൈന്യത്തിലേക്കുള്ള പ്രവേശനത്തിൽ നിന്നും, സൈനിക സേവനത്തിൽ നിന്നും തടഞ്ഞ ഗല്ലീനസ് ശ്രമിച്ചത് സാമ്രാജ്യത്തിന്റെ നിയന്ത്രണം അവരുടെ കൈകളിലാവാതിരിക്കാനാണ്.

ചുരുക്കത്തിൽ, ഒന്നാം നൂറ്റാണ്ടിന്റെ അവസാനവും, രണ്ടാം നൂറ്റാണ്ടിലും, മൂന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശയിലും, ഭരണത്തിലും, സൈന്യത്തിലുമുള്ള പങ്കാളിത്തം ഭൂരിപക്ഷവും പ്രവിശ്യകളിൽ നിന്നായിരുന്നു, ഇറ്റലിയിൽ നിന്ന് മാത്രമായിരുന്നില്ല. മൂന്നാം നൂറ്റാണ്ടുവരെയെങ്കിലും ഇറ്റാലിയൻ വംശജർ സെനറ്റിലുള്ള ആധിപത്യം നിലനിർത്തി. അതിനുശേഷം പ്രവിശ്യകളിൽ നിന്നുള്ളവർ സെനറ്റിൽ ഭൂരിപക്ഷം നേടുകയും ചെയ്തു. കാരണം റോമൻ പൗരത്വം ഇവിടങ്ങളിലേക്ക് വ്യാപിച്ചിരുന്നു. സാമ്രാജ്യത്തിനകത്ത് ഇറ്റലിയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ തകർച്ചയാണ് ഇവിടെ പ്രതിഫലിച്ചത്. ഒപ്പം ദക്ഷിണ സ്പെയിൻ, കിഴക്കൻ പ്രദേശങ്ങൾ, ആഫ്രിക്ക എന്നിവിടങ്ങളിൽ സമ്പന്നരും, നഗരവൽകൃതരുമായ പുതിയ വരേണ്യവർഗത്തിന്റെ ഉയർച്ചയും കണ്ടു. സ്വന്തമായ മജിസ്ട്രേട്ടുമാരും, നഗരസഭയും ഉള്ള നഗരകേന്ദ്രങ്ങളും, അതിന്റെ കീഴിൽ വരുന്ന ഗ്രാമങ്ങളും ഉൾപ്പെടുന്ന പ്രദേശങ്ങളെയാണ് റോമാക്കാർ പട്ടണം എന്ന് വിളിച്ചിരുന്നത്. അതിനാൽ ഒരു നഗരം മറ്റൊരു നഗരത്തിന്റെ ഭരണ പരിധിയിൽ വരില്ല. എന്നാൽ ഗ്രാമങ്ങൾക്ക് ഇത് ബാധകവുമല്ല. ഗവൺമെന്റിന്റെ പ്രീതിയോ, അപ്രീതിയോ അനുസരിച്ച് ഗ്രാമങ്ങൾ പട്ടണങ്ങളുടെ പദവിയിലേക്ക് ഉയരുകയോ മറിച്ച് പട്ടണങ്ങൾ ഗ്രാമങ്ങളായി തരം താഴുകയോ ചെയ്തിരുന്നു. ഭക്ഷ്യക്ഷാമത്തിന്റെ കാലത്ത് നഗരങ്ങളിലെ ഭക്ഷ്യവിതരണം ഗ്രാമങ്ങളെക്കാൾ മെച്ചപ്പെട്ടതായിരുന്നു എന്നതാണ് നഗരങ്ങളിൽ ജീവിച്ചിരുന്നതിന്റെ സുപ്രധാന നേട്ടം.

**പ്രവർത്തനം 1**

റോമൻ സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ മൂന്ന് പ്രധാനികൾ ആരൊക്കെയായിരുന്നു? ഒന്നോ, രണ്ടോ വാക്യങ്ങളിൽ അവരെക്കുറിച്ചെഴുതുക. ഇത്ര വിശാലമായ പ്രദേശത്തെ ഭരിക്കാൻ റോമൻ ചക്രവർത്തിമാർക്ക് കഴിഞ്ഞതെങ്ങനെ? ആരുടെ സഹകരണമാണ് നിർണായകമായിരുന്നത്?

### റോമൻ നഗരങ്ങൾ ഗ്രാമപ്രദേശങ്ങളെ പരിഗണിച്ചിരുന്നതെങ്ങനെയെന്ന് ഡോക്ടർ ഗാലൻ വിവരിക്കുന്നു
### (Doctor Galen on how Roman Cities Treated the Countryside)

'രോഗം സൃഷ്ടിക്കുന്നതിൽ പോഷകാഹാരക്കുറവിന്റെ പങ്ക് എന്താണെന്ന് വർഷങ്ങളോളം തുടരുന്ന ക്ഷാമങ്ങൾ ഏതു സാധാരണക്കാരനും വ്യക്തമാക്കിക്കൊടുത്തിരിക്കുന്നു. നഗരവാസികൾക്ക്, കൊയ്ത്ത് കഴിഞ്ഞാലുടൻ തന്നെ അടുത്ത വർഷത്തേക്കുള്ള മുഴുവൻ ധാന്യങ്ങളും സംഭരിക്കുന്ന പതിവുണ്ടായിരുന്നു. ഗോതമ്പ്, ബാർലി, ബീൻസ്, ലെന്റിൽ എന്നിവ മുഴുവനായും, പയറു വർഗങ്ങളുടെ നല്ലൊരു പങ്കും നഗരവാസികൾ കൊണ്ടുപോയിരുന്നു. ബാക്കിയുള്ള പയറിനങ്ങൾ മാത്രമാണ് ഗ്രാമവാസികൾക്കു ലഭിച്ചിരുന്നത്. ശൈത്യകാലത്ത് ഗ്രാമവാസികൾ കൈയിൽ അവശേഷിക്കുന്ന ആഹാരം ഉപയോഗിച്ചു തീർക്കുന്നു. വസന്തകാലത്ത് അനാരോഗ്യകരമായ ഭക്ഷണ സാധനങ്ങളെ അവർക്ക് ആശ്രയിക്കേണ്ടി വരുന്നു. മരങ്ങളുടെ തണ്ടുകളും, ചില്ലകളും, കുറ്റിച്ചെടികളും, കിഴങ്ങുകളും, വേരുകളും തുടങ്ങി ഭക്ഷണയോഗ്യമല്ലാത്ത സസ്യങ്ങൾ പോലും അവർ ആഹാരമാക്കുന്നു...'

*– ഗാലൻ, ഓൺ ഗുഡ് ആൻഡ് ബാഡ് ഡയറ്റ്.*



സി.ഇ. ഒന്നാം നൂറ്റാണ്ടിൽ ആധുനിക സ്വിറ്റ്സർലന്റിലെ വിൻഡൊനീസ പട്ടണത്തിലെ റോമൻ പട്ടാളക്ക്യാമ്പിലുണ്ടായിരുന്ന നടനശാല (Amphi theatre). സൈനിക പരിശീലനത്തിനും അവർക്ക് വേണ്ടി വിനോദ പരിപാടികൾ അരങ്ങേറുന്നതിനും ഉപയോഗിച്ചിരുന്നു.

പൊതുകുളിമുറികൾ റോമൻ നഗരജീവിതത്തിന്റെ മറ്റൊരു ശ്രദ്ധേയമായ സവിശേഷതയായിരുന്നു. (ഒരു ഇറാനിയൻ ഭരണാധികാരി ഇത് തന്റെ രാജ്യത്ത് നടപ്പിലാക്കാൻ ശ്രമിച്ചതിന് പുരോഹിതന്മാരിൽ നിന്ന് ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നു. വെള്ളം പരിപാവനമാണെന്നും പൊതു സ്നാനത്തിലൂടെ അതിന്റെ പരിശുദ്ധി നഷ്ടമാവുമെന്നായിരുന്നു അവരുടെ ധാരണ). റോമൻ നഗരജനത ഉയർന്ന നിലവാരത്തിലുള്ള വിനോദങ്ങൾ ആസ്വദിച്ചിരുന്നു. ഉദാഹരണത്തിന് ഒരു വർഷത്തിലെ 176 ദിവസങ്ങളും പ്രദർശനങ്ങൾക്കായി (സ്പെക്റ്റാകൂള) നീക്കിവെച്ചിരുന്നുവെന്ന് ഒരു റോമൻ കലണ്ടർ പറയുന്നു!

## മൂന്നാം നൂറ്റാണ്ടിലെ പ്രതിസന്ധി (The Third-Century Crisis)

ഒന്നും രണ്ടും നൂറ്റാണ്ടുകൾ പൊതുവെ സമാധാനത്തിന്റെയും സമ്പന്നതയുടെയും സാമ്പത്തിക വികാസത്തിന്റെയും കാലഘട്ടമായിരുന്നു. എന്നാൽ മൂന്നാം നൂറ്റാണ്ടു മുതൽ രാജ്യം ആഭ്യന്തര ഞെരുക്കത്തിന്റെ ആദ്യ ലക്ഷണങ്ങൾ പ്രകടിപ്പിക്കാൻ തുടങ്ങി. സി.ഇ. 230 മുതൽ പലതരത്തിലുള്ള ചെറുത്തുനിൽപ്പുകളും ഒരേ സമയം സാമ്രാജ്യത്തിന് നടത്തേണ്ടി വന്നു. 225-ൽ ഇറാനിൽ ഒരു പുതിയ അക്രമോത്സുകരായ രാജവംശം ഉദയം ചെയ്യുകയും (അവർ സ്വയം വിളിച്ചിരുന്നത് സസാനിയൻമാർ എന്നാണ്), വെറും പതിനഞ്ചു വർഷങ്ങൾക്കുള്ളിൽ യൂഫ്രട്ടീസിന്റെ ദിശയിലേക്ക് അവർ രാജ്യവിസ്തൃതി വർധിപ്പിക്കുകയും ചെയ്തു. മൂന്ന് ഭാഷകളിൽ എഴുതപ്പെട്ട പ്രശസ്തമായ ഒരു ശിലാശാസനത്തിൽ, ഇറാനിയൻ രാജാവായ ഷാപൂർ ഒന്നാമൻ 60,000 വരുന്ന റോമൻ സൈന്യത്തെ നശിപ്പിച്ചതായും കിഴക്കൻ തലസ്ഥാനമായ അന്ത്യോക്യ പിടിച്ചെടുത്തതായും അവകാശപ്പെടുന്നുണ്ട്. അതേസമയം, ഒരു വലിയ കൂട്ടം ജർമാനിക് ഗോത്രവർഗക്കാർ അഥവാ അവരുടെ ഗോത്രസംഘങ്ങൾ (പ്രധാനമായും അലമാനി, ഫ്രാങ്കുകൾ, ഗോത്തുകൾ) റൈൻ-ഡാന്യൂബ് അതിർത്തികൾക്ക് നേരെ നീങ്ങുകയും, 233 മുതൽ 280 വരെയുള്ള കാലഘട്ടത്തിൽ കരിങ്കടൽ മുതൽ ആൽപ്സിലേക്കും തെക്കൻ ജർമ്മനി വരെയും നീണ്ടുകിടക്കുന്ന റോമൻ പ്രദേശങ്ങളെ തുടർച്ചയായി ആക്രമിക്കുകയും ചെയ്തു. ഡാന്യൂബ് നദിക്കപ്പുറമുള്ള പ്രദേശങ്ങളിൽ ഭൂരിഭാഗവും ഉപേക്ഷിക്കാൻ റോമാക്കാർ നിർബന്ധിതരായി. ഈ സമയത്ത്, റോമൻ ചക്രവർത്തിമാർക്ക്, റോമാക്കാർ 'അപരിഷ്കൃതർ' (barbarians) എന്നുവിളിച്ച ഈ ജനതയ്ക്കെതിരെ നിരന്തരമായി യുദ്ധക്കളത്തിലേക്കിറങ്ങേണ്ടിവന്നു. മൂന്നാം നൂറ്റാണ്ടിൽ ചക്രവർത്തിമാർ ഒന്നിനു പുറകെ ഒന്നായി ദ്രുതഗതിയിൽ സിംഹാസനത്തിലെത്തിയത് (47 വർഷത്തിനുള്ളിൽ 25 ചക്രവർത്തിമാർ) സാമ്രാജ്യം ഇക്കാലത്ത് നേരിട്ട പ്രതിസന്ധിയുടെ പ്രകടമായ ലക്ഷണമാണ്.

## ലിംഗഭേദം, സാക്ഷരത, സംസ്ക്കാരം [Gender, Literacy, Culture]

റോമൻ സമൂഹത്തിൽ കാണുന്ന ആധുനികമായ ഒരു സവിശേഷതയാണ് ധാരാളമായുള്ള അണുകുടുംബങ്ങളുടെ വ്യാപനം. പ്രായപൂർത്തിയായ ആൺമക്കൾ അവരുടെ മാതാപിതാക്കളോടൊപ്പം താമസിച്ചിരുന്നില്ല. പ്രായപൂർത്തിയായ സഹോദരൻമാർ ഒരുമിച്ച് താമസിച്ചിരുന്നത് അപൂർവമായിരുന്നു. അതേസമയം കുടുംബങ്ങളിൽ അടിമ

കളെക്കൂടി ഉൾപ്പെടുത്തിയിരുന്നു. പിൽക്കാല റിപ്പബ്ലിക്കിൽ (ബി.സി.ഇ. ഒന്നാം നൂറ്റാണ്ടിൽ) നിലനിന്നിരുന്ന മാതൃകാപരമായ വിവാഹരീതിയിൽ, ഭാര്യ ഭർത്താവിന്റെ അധികാരക്കീഴിലേക്ക് വരുന്നില്ല. അവളുടെ കുടുംബ സ്വത്തിൻമേലുള്ള പൂർണ അവകാശം അവൾ സ്വന്തമായി നിലനിർത്തിപ്പോന്നു. എങ്കിലും വൈവാഹിക ജീവിത കാലയളവിൽ അവളുടെ സ്ത്രീധനം ഭർത്താവിന് ലഭിക്കും. സ്വപിതാവിന്റെ പ്രാഥമിക അവകാശിയായി തുടരുന്ന സ്ത്രീ, പിതാവിന്റെ മരണത്തെത്തുടർന്ന് സ്വത്തുക്കളിൽ ഒരു സ്വതന്ത്ര ഉടമസ്ഥയായിത്തീരുകയും ചെയ്തു. ഇത്തരത്തിൽ ഭൂമി സ്വന്തമായി വയ്ക്കാനും, കൈകാര്യം ചെയ്യാനുമുള്ള നിയമപരമായ അവകാശം സ്ത്രീകൾക്ക് ഉണ്ടായിരുന്നു. മറ്റൊരർഥത്തിൽ പറഞ്ഞാൽ, ഭാര്യാഭർത്താക്കൻമാരുടെ സാമ്പത്തിക നിലനിൽപ്പ് വെവ്വേറെ ആയിരുന്നു. ഭാര്യ പൂർണമായ നിയമസ്വാതന്ത്ര്യം ആസ്വദിച്ചിരുന്നു. വിവാഹമോചനം താരതമ്യേന എളുപ്പമായിരുന്നു. തങ്ങളുടെ ഉദ്ദേശ്യം വ്യക്തമാക്കിക്കൊണ്ടുള്ള ഒരു നോട്ടീസ് നൽകി ഭാര്യയ്ക്കോ ഭർത്താവിനോ വിവാഹമോചനം നേടാമായിരുന്നു. അതേസമയം ഇരുപതുകളുടെ അവസാനത്തിലോ മുപ്പതുകളുടെ തുടക്കത്തിലോ ആണ് പുരുഷൻമാർ വിവാഹം കഴിച്ചിരുന്നത്. പെൺകുട്ടികളെ കൗമാരത്തിലോ, ഇരുപതുകളുടെ തുടക്കത്തിലോ വിവാഹം കഴിപ്പിക്കുമായിരുന്നു. അതിനാൽ ഭർത്താവിനും ഭാര്യയ്ക്കുമിടയിൽ കാര്യമായ പ്രായവ്യത്യാസം ഉണ്ടായിരുന്നത് അവർക്കിടയിൽ ചില അസമത്വങ്ങൾ സൃഷ്ടിച്ചിരുന്നിരിക്കാം. പൊതുവേ വിവാഹങ്ങൾ മാതാപിതാക്കൾ ആലോചിച്ച് ഉറപ്പിച്ചവ ആയിരുന്നതിനാൽ പലപ്പോഴും ഭാര്യയുടെ മേൽ ഭർത്താവ് മേധാവിത്വം പുലർത്തിയിരുന്നു എന്നതിന് സംശയമില്ല. തന്റെ മാതാവിനെ പിതാവ് സ്ഥിരമായി മർദിച്ചിരുന്നുവെന്നും, താൻ വളർന്നുവന്ന ആ നഗരത്തിലെ മിക്ക സ്ത്രീകൾക്കും ഈ അവസ്ഥ ഉണ്ടായിരുന്നുവെന്നും വടക്കെ ആഫ്രിക്കയിൽ തന്റെ ജീവിതത്തിന്റെ മുഴുവൻ സമയവും ചെലവഴിച്ച കത്തോലിക്ക ബിഷപ്പ് സെന്റ് അഗസ്റ്റിൻ* പറഞ്ഞിട്ടുണ്ട്. പിതാക്കൻമാർക്ക് അവരുടെ കുട്ടികളുടെ മേൽ ഗണ്യമായ നിയമാധികാരം ഉണ്ടായിരുന്നു. ചില അവസരത്തിൽ ഇഷ്ടമില്ലാത്ത കുട്ടികളെ കൊടും തണുപ്പിൽ മരണത്തിനു

*396 മുതൽ വടക്കേ ആഫ്രിക്കയിലെ ഹിപ്പോ എന്ന നഗരത്തിലെ ബിഷപ്പായിരുന്നു സെന്റ് അഗസ്റ്റിൻ (354–430). സഭയുടെ ബൗദ്ധിക ചരിത്രത്തിലെ അതികായനായിരുന്നു അദ്ദേഹം. ബിഷപ്പുമാർ ക്രൈസ്തവ സമുദായത്തിലെ പ്രധാനികളും, അതീവ ശക്തരുമായിരുന്നു.



*ഏദേസ്സയിലെ മൊസൈക്. സി.ഇ. രണ്ടാം നൂറ്റാണ്ട്. അബ്ഗർ രാജാവിന്റെ ഭാര്യയും അവരുടെ കുടുംബവുമാണ് ചിത്രത്തിലുള്ളതെന്ന് സുറിയാനി ലിഖിതങ്ങൾ സൂചിപ്പിക്കുന്നു.*



*പോംപെ : ഒരു വീഞ്ഞ് വ്യാപാരിയുടെ ഭക്ഷണമുറി. ഇതിന്റെ ചുവരുകളിൽ ഐതിഹ്യങ്ങളിലെ (പുരാവൃത്തങ്ങളിലെ) മൃഗങ്ങളെ ചിത്രീകരിച്ചിരിക്കുന്ന രംഗങ്ങൾ കാണാം.*

വിട്ടുകൊടുക്കാനുള്ള നിയമാധികാരം പോലും പിതാക്കന്മാർക്കുണ്ടായിരുന്നു എന്ന വസ്തുത ഞെട്ടലുളവാക്കുന്നതാണ്.

*ദൈനംദിന ജീവിതസാഹചര്യങ്ങളിൽ – പ്രത്യേകിച്ച് നിസ്സാരകാര്യങ്ങളിൽ – വായനയുടെയും എഴുത്തിന്റെയും ഉപയോഗം.

പോംപെയിൽ കണ്ടെത്തിയ അതീവ രസകരമായ ഒരു ചുവരെഴുത്തിൽ പറയുന്നു: 'ഇത്രയേറെ വിരസമായ എഴുത്തുകൾ താങ്ങേണ്ടി വന്നിട്ടും തവിടുപൊടിയാകാതെ നിലനിൽക്കുന്ന ഭിത്തീ, നിന്നെ ഞാൻ സമ്മതിച്ചു തന്നിരിക്കുന്നു.'

ഇനി സാക്ഷരതയോ? സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലെയും പ്രാഥമിക സാക്ഷരതാനിരക്കിൽ* വലിയ വ്യത്യാസമുണ്ടായിരുന്നു. ഉദാഹരണമായി സി.ഇ. 79–ൽ അഗ്നിപർവത സ്ഫോടനത്തിൽ മൺമറഞ്ഞുപോയ പോംപെ എന്ന നഗരത്തിൽ പ്രാഥമിക സാക്ഷരതാ നിരക്ക് വ്യാപകമായിരുന്നു എന്നതിന് ശക്തമായ തെളിവുകൾ ഉണ്ട്. പോംപെ നഗരത്തിലെ മുഖ്യ തെരുവീഥികളിലെ മതിലുകളിൽ മിക്കയിടത്തും ചുമരെഴുത്തുകളും, പരസ്യവും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

ഇതിൽ നിന്ന് വ്യത്യസ്തമായി ധാരാളമായി പാപ്പിറസ് ചുരുളുകൾ കണ്ടെടുക്കപ്പെട്ടിട്ടുള്ള ഈജിപ്തിൽ കരാറുകൾ പോലെയുള്ള ഔപചാരിക പ്രമാണങ്ങളിൽ ഭൂരിഭാഗവും എഴുതിയിരുന്നത് പ്രൊഫഷണൽ എഴുത്തുകാരാണെന്ന് മനസ്സിലാവും. ചില ആളുകൾ നിരക്ഷരരായിരുന്നു എന്നും ഈ രേഖകൾ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ ഇവിടെപ്പോലും പടയാളികൾ, സൈനികോദ്യോഗസ്ഥന്മാർ, എസ്റ്റേറ്റ് മാനേജർമാർ തുടങ്ങി ചില വിഭാഗങ്ങൾക്കിടയിൽ സാക്ഷരത തീർച്ചയായും വ്യാപകമായിരുന്നു.


സാമ്രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യം വലുതായിരുന്നു. അത് പല രീതികളിലും തലങ്ങളിലും പ്രതിഫലിച്ചിരുന്നു: അത്യന്തം വൈവിധ്യമാർന്ന മതവിശ്വാസങ്ങളിൽ, പ്രാദേശിക ആരാധനാ മൂർത്തികളിൽ, വിവിധതരം ഭാഷകളിൽ, വസ്ത്രാലങ്കാര രീതികളിൽ, ഭക്ഷണ രീതികളിൽ, സാമൂഹ്യ ഘടനാ രീതികളിൽ (ഗോത്ര/ഗോത്രേതര), ആവാസ മാതൃകകളിൽ എല്ലാറ്റിലും വൈവിധ്യമുണ്ടായിരുന്നു. സമീപ പൗരസ്ത്യ പ്രദേശങ്ങളിൽ (near east), കുറഞ്ഞത് യൂഫ്രട്ടീസിന് പടിഞ്ഞാറെങ്കിലും അറമായ ആയിരുന്നു പ്രധാന ഭാഷ. കോപ്റ്റിക് ഭാഷ ഈജിപ്തിലും, പ്യൂണിക്ക്, ബെർബർ എന്നിവ വടക്കെ ആഫ്രിക്കയിലും, സെൽറ്റിക് സ്പെയിനിലും, വടക്ക് പടിഞ്ഞാറും സംസാരിച്ചിരുന്നു. പക്ഷേ പിൽക്കാലത്ത് ലിപി കണ്ടെത്തുന്നതുവരെ ഇവയിലെ മിക്ക ഭാഷാ – സംസ്കാരങ്ങളും വാചികം മാത്രമായിരുന്നു. ഉദാഹരണത്തിന് അർമേനിയൻ ഭാഷ ലിഖിതരൂപത്തിൽ പ്രാബല്യത്തിൽ വന്നത് അഞ്ചാം നൂറ്റാണ്ടിൽ മാത്രമാണ്. എന്നാൽ മൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തിൽത്തന്നെ കോപ്റ്റിക് ഭാഷയിൽ ബൈബിൾ തർജിമ ചെയ്യപ്പെട്ടിരുന്നു. ലത്തീൻ ഭാഷയുടെ പ്രചാരത്തിലൂടെ ലിഖിത രൂപത്തിലുള്ള ഇതര ഭാഷകളെല്ലാം പുറന്തള്ളപ്പെട്ടു. പ്രത്യേകിച്ചും, ഒന്നാം നൂറ്റാണ്ടിന് ശേഷം, സെൽറ്റിക് ഭാഷ തീരെ എഴുതപ്പെടാതെയായി.

**പ്രവർത്തനം 2**

റോമൻ കാലഘട്ടത്തിലെ സ്ത്രീകൾ എത്രമാത്രം സ്വതന്ത്രരായിരുന്നു? റോമൻ കുടുംബത്തിന്റെ സാഹചര്യങ്ങളെ ഇന്നത്തെ ഇന്ത്യൻ കുടുംബവുമായി താരതമ്യം ചെയ്യുക.

## സാമ്പത്തിക വിപുലീകരണം (Economic Expansion)

സാമ്രാജ്യത്തിൽ അടിസ്ഥാന സൗകര്യങ്ങളായ തുറമുഖങ്ങൾ, ഖനികൾ, ക്വാറികൾ, ഇഷ്ടികക്കളങ്ങൾ, ഒലിവെണ്ണ നിർമ്മാണശാലകൾ തുടങ്ങിയവ ധാരാളം ഉണ്ടായിരുന്നു. വൻതോതിൽ വിൽക്കപ്പെടുകയും, ഉപയോഗിക്കപ്പെടുകയും ചെയ്തിരുന്ന ഗോതമ്പ്, വീഞ്ഞ്, ഒലിവെണ്ണ എന്നിവ പ്രധാനമായും വന്നിരുന്നത് ഈ വിളകൾ സമൃദ്ധമായി കൃഷി ചെയ്തിരുന്ന സ്പെയിൻ, ഗാലിക് പ്രവിശ്യകൾ, വടക്കെ ആഫ്രിക്ക, ഈജിപ്ത്, ഒരളവുവരെ ഇറ്റലി എന്നിവിടങ്ങളിൽ നിന്നായിരുന്നു. ദ്രാവക അവസ്ഥയിലുണ്ടായിരുന്ന വീഞ്ഞും, ഒലിവെണ്ണയും കൊണ്ടുവന്നിരുന്നത് അംഫോറെ (amphorae) എന്ന് വിളിക്കപ്പെടുന്ന വലിയ മൺഭരണികളിലാണ്. ഇത്തരം ഭരണികളുടെ തുണ്ടുകളും, അവശിഷ്ടങ്ങളും (റോമിലെ മോൺഡെ ടെസ്റ്റാഷിയോയിൽ 50 ദശലക്ഷം ഭരണികളുടെ അവശിഷ്ടം ഉണ്ടെന്ന് പറയപ്പെടുന്നു) ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം അവശിഷ്ടങ്ങളിൽ നിന്ന് ഈ ഭരണികളുടെ യഥാർഥ രൂപം പുനർനിർമ്മിക്കാൻ പുരാവസ്തുഗവേഷകർക്ക് സാധിച്ചിട്ടുണ്ട്. എന്താണ് ഈ ഭരണികളിൽ കൊണ്ടുവന്നതെന്നും,



*ഫ്രാൻസിന്റെ തെക്കൻതീരത്തെ കപ്പൽച്ചേതം-ബി.സി.ഇ. ഒന്നാം നൂറ്റാണ്ട്. ഇറ്റാലിയൻ അംഫോറെകളാണ്. അതിന്മേൽ ലേക്ക് ഓഫ് ഫോണ്ടിയിലെ ഉൽപ്പാദകന്റെ മുദ്ര പതിപ്പിച്ചിരിക്കുന്നു.*

എവിടെയാണവ നിർമ്മിക്കപ്പെട്ടതെന്നും അവർ കണ്ടെത്തിയിട്ടുണ്ട്. മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ കളിമൺ കുഴികളിലെ മണ്ണുമായി ഈ പാത്രങ്ങളുടെ കളിമണ്ണ് താരതമ്യപഠനം നടത്തിയാണ് പുരാവസ്തു ഗവേഷകർ ഈ കണ്ടെത്തൽ നടത്തിയത്. ഇതിൽ നിന്ന് നമുക്ക് ഉറപ്പിച്ച് പറയാൻ കഴിയുന്നത് സ്പാനിഷ് ഒലിവെണ്ണ വ്യാപാരം (ഒരു ഉദാഹരണം മാത്രമാണിത്) മികച്ച പുരോഗതി നേടിയിരുന്നുവെന്നും സി.ഇ. 140–160 കാലത്ത് ഇതിന്റെ വ്യാപാരം അതിന്റെ വളർച്ചയുടെ ഉച്ചസ്ഥായിലെത്തിച്ചേർന്നുവെന്നുമാണ്. ഇക്കാലഘട്ടത്തിൽ സ്പാനിഷ് ഒലിവെണ്ണ കൊണ്ടുപോയിരുന്നത് 'ഡ്രെസ്സൽ 20'(അതിന്റെ രൂപം ആദ്യമായി സ്ഥാപിച്ചെടുത്ത പുരാവസ്തു ഗവേഷകന്റെ പേരിൽ) എന്ന കളിമൺ ഭരണികളിലാണെന്ന് മനസ്സിലാക്കാം. മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ നിന്ന് ധാരാളമായി ഡ്രെസ്സൽ 20 ന്റെ അവശിഷ്ടം ലഭിച്ചതിൽ നിന്ന് സ്പാനിഷ് ഒലിവെണ്ണ വ്യാപകമായി വിതരണം ചെയ്യപ്പെട്ടിരുന്നുവെന്ന് അനുമാനിക്കാം. ഈ തെളിവുകൾ ഉപയോഗിച്ച് (വ്യത്യസ്ത തരം ഭരണികളുടെ അവശിഷ്ടങ്ങളും, അവയുടെ വിതരണ മാപ്പുകളും) സ്പെയിനിലെ ഉൽപ്പാദകർക്ക് അവരുടെ പ്രതിയോഗികളായ ഇറ്റലിക്കാരിൽ നിന്ന് ഒലിവെണ്ണയുടെ വിപണികൾ പിടിച്ചെടുക്കാൻ കഴിഞ്ഞുവെന്ന് പുരാവസ്തുഗവേഷകർ സമർഥിക്കുന്നു. കുറഞ്ഞ വിലയ്ക്ക്, ഗുണമേന്മയുള്ള ഒലിവെണ്ണ വിതരണം ചെയ്തതു കൊണ്ട് മാത്രമാണ് സ്പാനിഷ് ഉൽപ്പാദകർക്ക് ഇത് സാധ്യമായതെന്ന് അനുമാനിക്കാം. മറ്റൊരർഥത്തിൽ പറഞ്ഞാൽ, തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കളുടെ വിപണികൾ പിടിച്ചെടുക്കാൻ സമ്പന്ന ഭൂവുടമകൾ മത്സരിച്ചിരുന്നു. സ്പാനിഷ് ഒലിവെണ്ണ ഉൽപ്പാദകരുടെ വിജയം പിന്നീട് വടക്കെ ആഫ്രിക്കയിലെ ഉൽപ്പാദകർ ആവർത്തിക്കുകയുണ്ടായി. മൂന്നും നാലും നൂറ്റാണ്ടുകളിൽ വിപണി കയ്യടക്കിയത് ഈ ഭാഗത്തുള്ള എസ്റ്റേറ്റുകളാണ്. പിന്നീട് സി.ഇ. 425 ന് ശേഷം വടക്കെ ആഫ്രിക്കൻ മേധാവിത്വം കിഴക്കൻ രാജ്യങ്ങളായ ഈജിയൻ, ദക്ഷിണ ഏഷ്യാമൈനർ (തുർക്കി), സിറിയ, പാലസ്തീൻ എന്നിവർ തകർക്കുകയും അഞ്ചും ആറും നൂറ്റാണ്ടുകളിൽ വീഞ്ഞിന്റെയും, ഒലിവെണ്ണയുടെയും പ്രധാന കയറ്റുമതിക്കാരാവുകയും ചെയ്തു. ഇതിന്റെ ഫലമായി ആഫ്രിക്കൻ ഭരണികളുടെ സാന്നിധ്യം മെഡിറ്ററേനിയൻ കമ്പോളങ്ങളിൽ നാടകീയമായി കുറഞ്ഞു. ഉൽപ്പന്നത്തിന്റെ ഫലപ്രദമായ നിർമ്മാണവും, വിതരണവും ഗുണമേന്മയും ആശ്രയിച്ചായിരുന്നു പല പ്രദേശങ്ങളുടെയും അഭിവൃദ്ധിയുടെ ഉയർച്ച താഴ്ചകൾ നിർണയിക്കപ്പെട്ടിരുന്നത്.

പ്രവർത്തനം 3

മൺപാത്രങ്ങളുടെ അവശിഷ്ട ങ്ങളെക്കുറിച്ച് പഠി ക്കുന്ന പുരാവസ്തു ഗവേഷകർ ഒരു തര ത്തിൽ കുറ്റാന്വേഷക രെപ്പോലെയാണ്. എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് വിശദീകരി ക്കാമോ? റോമൻ കാലഘട്ടത്തിലെ മെഡിറ്ററേനിയൻ ജന തയുടെ സാമ്പത്തിക ജീവിതത്തെക്കുറിച്ച് അംഫോറെകളിൽ (amphorae) നിന്ന് നമുക്ക് എന്തൊക്കെ വിവരങ്ങൾ ലഭിക്കും?

അതിഫലഭൂയിഷ്ഠതകൊണ്ട് പ്രസിദ്ധമായ അനേകം പ്രദേശങ്ങൾ സാമ്രാജ്യത്തിലുണ്ടായിരുന്നു. ഇറ്റലിയിലെ കമ്പാനിയയും, സിസിലിയും, ഈജിപ്റ്റിലെ ഫെയമും, ഗലീലി, ബൈസാസിയം (ടുണീഷ്യ) ദക്ഷിണ ഗൗൾ (ഗാലിയ നാർബൊണെൻസിസ്), ബേറ്റിക്ക (ദക്ഷിണ സ്പെയിൻ) എന്നിവയും സാമ്രാജ്യത്തിലെ ജനസാന്ദ്രതയുള്ള ഏറ്റവും സമ്പന്നമായ ഭാഗങ്ങളായിരുന്നുവെന്ന് എഴുത്തുകാരായ സ്ട്രാബോയും (Strabo) പ്ലിനിയും (Pliny) രേഖപ്പെടുത്തുന്നു. ഏറ്റവും മെച്ചപ്പെട്ട വീഞ്ഞ് കമ്പാനിയയിൽ നിന്നാണ് എത്തിയിരുന്നത്. സിസിലിയും, ബൈസാസിയവും റോമിലേക്ക് വൻതോതിൽ ഗോതമ്പ് കയറ്റുമതി ചെയ്തിരുന്നു. ഗലീലിയയിൽ സമൃദ്ധമായി കൃഷി ചെയ്തിരുന്നു. ('ഓരോ ഇഞ്ചു ഭൂമിയും ജനങ്ങൾ കൃഷി ചെയ്തിരുന്നു' എന്ന് ജോസഫസ് (Josephus) എന്ന ചരിത്രകാരൻ എഴുതിയിരിക്കുന്നു). സ്പാനിഷ് ഒലിവെണ്ണ പ്രധാനമായും വന്നിരുന്നത് ദക്ഷിണ സ്പെയിനിലെ ഗ്വാഡൽക്വിവർ (Guadalquivir) നദിയുടെ തീരത്തുള്ള എസ്റ്റേറ്റുകളിൽ (*fundi*) നിന്നാണ്.

അതേസമയം, റോമൻ സാമ്രാജ്യത്തിലെ പല പ്രദേശങ്ങളും മെച്ചപ്പെട്ട വികാസം നേടിയിരുന്നില്ല. ഉദാഹരണത്തിന് ന്യൂമീഡിയായിൽ (ആധുനിക അൽജീരിയയിൽ) വ്യാപകമായി നിലനിന്നിരുന്ന രീതിയാണ് ട്രാൻസ്ഹ്യൂമൻസ് (transhumance)*. ഇടയൻമാരും, അർധ നാടോടികളുമായിരുന്ന ഇവർ മിക്കപ്പോഴും അണ്ഡാകൃതിയിലുള്ള അവരുടെ കുടിലുകളും (മപാലിയ) വഹിച്ചുകൊണ്ട് തങ്ങളുടെ കന്നുകാലിപ്പറ്റങ്ങൾക്കായുള്ള മേച്ചിൽപ്പുറങ്ങൾ തേടി സഞ്ചരിച്ചു കൊണ്ടിരുന്നു. റോമൻ എസ്റ്റേറ്റുകൾ വടക്കെ ആഫ്രിക്കയിലേക്ക് വ്യാപിച്ചപ്പോൾ, ഇവരുടെ മേച്ചിൽ സ്ഥലങ്ങളുടെ വലുപ്പം ക്രമാതീതമായി കുറയുകയും, അവരുടെ ചലനങ്ങൾ കർശനമായി നിയന്ത്രിക്കപ്പെടുകയും ചെയ്തു. സ്പെയിനിൽ പോലും വടക്കൻ ഭാഗങ്ങൾ പുരോഗതിയിൽ പിന്നിലായിരുന്നു. വടക്കൻ സ്പെയിനിലെ കുന്നിൻ മുകളിലുള്ള ഗ്രാമങ്ങളാണ് കാസ്റ്റല്ലകൾ (Castella). ഏറെ വികസിക്കാത്ത ഈ ഗ്രാമങ്ങളിൽ അധിവസിച്ചിരുന്നത് സെൽറ്റിക് ഭാഷ സംസാരിച്ചിരുന്ന കർഷകരാണ്. റോമൻ സാമ്രാജ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഈ അന്തരങ്ങൾ നാം ഒരിക്കലും വിസ്മരിക്കാൻ പാടില്ല.

*ഇടയൻമാർക്ക് അവരുടെ കന്നുകാലിപ്പറ്റങ്ങൾക്ക് മേച്ചിൽപ്പുറങ്ങൾ തേടിക്കൊണ്ട് ഉയർന്ന മലമ്പ്രദേശങ്ങൾക്കും, താഴ്വരകൾക്കും ഇടയിൽ വർഷം തോറും യാത്ര ചെയ്യേണ്ടതായി വന്നു. ഈ സമ്പ്രദായത്തെ ആണ് ട്രാൻസ്ഹ്യൂമൻസ് എന്ന് വിളിച്ചിരുന്നത്.

ഇതൊക്കെയാണെങ്കിലും റോമാ സാമ്രാജ്യം പുരാതന ലോകമായതിന്റെ പേരിൽ അവിടത്തെ സാംസ്ക്കാരിക സാമ്പത്തിക ജീവിത രീതികൾ അപരിഷ്കൃതമോ പിന്നോക്കാവസ്ഥയിലുള്ളതോ ആയിരുന്നെന്നു നമ്മൾ കരുതരുത്. മറിച്ച് മെഡിറ്ററേനിയയിൽ വൈവിധ്യമുള്ള രീതികളിൽ ജലോർജത്തിന്റെ ഉപയോഗം, ജലോർജം ഉപയോഗിച്ചുകൊണ്ടുള്ള മില്ലുകൾ പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യ, സ്പെയിനിലെ സ്വർണ്ണ-വെള്ളി ഖനികളിൽ ജലോർജം ഉപയോഗിച്ച് ഖനനം നടത്തുന്ന സാങ്കേതിക വിദ്യ, ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ഈ ഖനി പ്രവർത്തിച്ചിരുന്ന വമ്പിച്ച വാണിജ്യ നിലവാരം, സുസജ്ജമായ വാണിജ്യ-ബാങ്കിംഗ് ശൃംഖലകളുടെ വ്യാപനം, പണത്തിന്റെ വ്യാപകമായ ഉപയോഗം എന്നിവയെല്ലാം റോമൻ സാമ്പത്തിക മേഖലയെ വിലകുറച്ച് കാണേണ്ടതില്ലായെന്നതിന്റെ സൂചകങ്ങളാണ്. (ഈ നേട്ടങ്ങളിൽ പലതും പിന്നീട് 1700 വർഷങ്ങൾ കഴിയും വരേക്ക് എത്തിപ്പിടിക്കാൻ കഴിയാത്തവയായിരുന്നു.) ഇത് തൊഴിൽ പ്രശ്നങ്ങൾക്കും അടിമകളുടെ ഉപയോഗം സംബന്ധിച്ച വിഷയങ്ങൾക്കും കാരണമായി.

## തൊഴിലാളികളെ നിയന്ത്രിക്കൽ (Controlling Workers)

പ്രാചീന ലോകത്ത് മെഡിറ്ററേനിയനിലും, സമീപ പൂർവ ദേശത്തും ആഴത്തിൽ വേരോടിയിരുന്ന ഒരു സ്ഥാപനമാണ് അടിമത്തം. ക്രിസ്തുമതം ആവിർഭവിക്കുകയും രാജ്യത്തിന്റെ ഔദ്യോഗിക മതമായി മാറുകയും ചെയ്തിട്ടു (നാലാം നൂറ്റാണ്ടിൽ) പോലും അടിമത്തത്തെ വെല്ലുവിളിക്കാൻ പ്രാപ്തമായില്ല. എന്നിരുന്നാലും റോമൻ സമ്പദ്വ്യവ

സ്ഥയിലെ എല്ലാ അധ്വാനവും നിർവഹിച്ചിരുന്നത് അടിമകളാണ് എന്ന് കരുതുന്നത് ശരിയല്ല. റിപ്പബ്ലിക്കൻ കാലഘട്ടത്തിൽ ഇറ്റലിയുടെ ഭൂരിഭാഗം പ്രദേശങ്ങളെ സംബന്ധിച്ച് ഈ വസ്തുത ശരിയാണ്. (ഇറ്റലിയുടെ ജനസംഖ്യ 7.5 ദശലക്ഷമായിരുന്ന അഗസ്റ്റസിന്റെ കാലഘട്ടത്തിൽ അവിടെ മൂന്ന് ദശലക്ഷം അടിമകളുണ്ടായിരുന്നു എന്നതൊരു വസ്തുതയാണ്). എന്നാൽ സാമ്രാജ്യം മുഴുവനായി എടുക്കുകയാണെങ്കിൽ ഈ വസ്തുത ശരിയല്ലെന്ന് കാണാൻ കഴിയും. അടിമകളെ ഒരു നിക്ഷേപമായിട്ടാണ് കണ്ടിരുന്നത്. എന്നാൽ കൂടുതൽ പേരുടെ അധ്വാനം ആവശ്യമുള്ള കൊയ്ത്തുപോലുള്ള തൊഴിലുകളിലും, അവരുടെ ആരോഗ്യം തകരുന്ന സാഹചര്യങ്ങളിലും (ഉദാഹരണം, മലേറിയ ബാധിച്ച്) അടിമകളെ ഉപയോഗിക്കരുതെന്ന് ഒരു കാർഷിക എഴുത്തുകാരൻ ഭൂവുടമകളോട് ഉപദേശിക്കുന്നുണ്ട്. അടിമകളോടുള്ള ഈ പരിഗണന അവരോടുള്ള സഹതാപം കൊണ്ടല്ല മറിച്ച് കൃത്യമായ സാമ്പത്തിക കണക്കുകൂട്ടലുകൾ കൊണ്ടായിരുന്നു. അതേസമയം മറുവശത്ത് റോമൻ ഉപരി വർഗക്കാർ മിക്കപ്പോഴും മൃഗീയമായാണ് അടിമകളോട് പെരുമാറിയിരുന്നതെങ്കിൽ സാധാരണ ജനം അവരോട് ചിലപ്പോഴൊക്കെ അങ്ങേയറ്റം ദയാവായ്പ് കാണിച്ചിരുന്നു. നീറോ ചക്രവർത്തിയുടെ കാലത്ത് നടന്ന പ്രസിദ്ധമായ ഒരു സംഭവം ഒരു ചരിത്രകാരൻ വിവരിക്കുന്നത് കാണുക.

**അടിമകളോടുള്ള പെരുമാറ്റത്തെക്കുറിച്ച്**
**(On the Treatment of Slaves)**


'നഗര മേലുദ്യോഗസ്ഥനായ ലൂസിയസ് പെടാനിയസ് സെകൂൺഡസിനെ (Lucius Pedanius Secundus) അദ്ദേഹത്തിന്റെ ഒരു അടിമ തന്നെ വധിച്ചു. വധത്തിനു പിന്നിൽ പ്രവർത്തിച്ച അടിമയോടൊപ്പം ഒരു കൂരയ്ക്ക് കീഴെ കഴിഞ്ഞിരുന്ന എല്ലാ അടിമകളെയും വധിക്കണമെന്നാണ് പ്രാചീന ആചാരം നിഷ്കർഷിക്കുന്നത്. എന്നാൽ ഒരു ജനാവലി ഒത്തുകൂടുകയും, നിഷ്കളങ്കരായ അടിമകളെ രക്ഷപ്പെടുത്തണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് കലാപം ആരംഭിക്കുകയും, ജനങ്ങൾ സെനറ്റ് ഹൗസ് ഉപരോധിക്കുകയും ചെയ്തു. കടുത്ത തീരുമാനങ്ങൾ എടുക്കുന്നതിനെ ചിലർ എതിർത്തെങ്കിലും, ഭൂരിപക്ഷവും നിലവിലുള്ള സമ്പ്രദായം തുടരണമെന്ന് സെനറ്റിൽ അഭിപ്രായപ്പെട്ടു. വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട സെനറ്റമാർ മേൽക്കൈ നേടി. ഇതിനെതിരെ വൻ ജനക്കൂട്ടം കല്ലുകളും, തീപ്പന്തങ്ങളുമായി നിലയുറപ്പിച്ചു. ഉത്തരവ് നടപ്പാക്കുന്നതിനെ അവർ എതിർത്തു. രാജശാസനത്തിലൂടെ നീറോ ജനക്കൂട്ടത്തെ ശാസിക്കുകയും, കുറ്റാരോപിതരെ വധശിക്ഷ നടപ്പിലാക്കാൻ കൊണ്ടുപോകുന്ന വഴിനീളെ സൈന്യത്തെ നിലയുറപ്പിക്കുകയും ചെയ്തു.'

– റ്റാസിറ്റസ് (55–117) ആദ്യകാല സാമ്രാജ്യത്തിലെ ചരിത്രകാരൻ.

ഒന്നാം നൂറ്റാണ്ടിൽ രാജ്യത്ത് സമാധാനം പുലർന്നതോടെ യുദ്ധത്തിന്റെ സാധ്യതകുറയുകയും, ഇത് അടിമകളുടെ ലഭ്യതകുറയാൻ കാരണമാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഒന്നുകിൽ അടിമകൾക്കിടയിൽ ശിശു ഉൽപ്പാദനം വർധിപ്പിക്കുക* അല്ലെങ്കിൽ അടിമകൾക്കു പകരം കൈകാര്യം ചെയ്യാൻ എളുപ്പത്തിലുള്ള കൂലിവേലക്കാരെ ഉപയോഗപ്പെടുത്തുക എന്നീ രണ്ട് മാർഗങ്ങൾ മാത്രമേ അടിമകളുടെ അധ്വാനം ഉപയോഗിച്ചിരുന്നവർക്ക് ഉണ്ടായിരുന്നുള്ളൂ. യഥാർഥത്തിൽ, അടിമപ്പണി ഏറെ ചെലവേറിയതിനാൽ റോമിലെ പൊതുമരാമത്ത് പണികളിൽ കൂലിവേലക്കാരെയാണ് വ്യാപകമായി ഉപയോഗിച്ചിരുന്നത്. കൂലി വേലക്കാരിൽ നിന്ന് വ്യത്യസ്തമായി അടിമകളെ തീറ്റിപ്പോറ്റുകയും, വർഷം മുഴുവൻ നിലനിർത്തുകയും വേണമായിരുന്നു. അത് കൂടുതൽ ചെലവേറിയ കാര്യമാണല്ലോ. ഒരു പക്ഷേ, ഇതുകൊണ്ടാവാം പിൽക്കാലത്ത് കിഴക്കൻ പ്രവിശ്യകളിലെങ്കിലും കാർഷിക മേഖലകളിൽ അടിമകളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞത്. അടിമകളെ തീറ്റിപ്പോറ്റാൻ അധികച്ചെലവായതിനാൽ കുറേയാളുകൾ അവരെ മോചിപ്പിച്ചു. ഇങ്ങനെ സ്വാതന്ത്രരായവരിൽ പലരെയും ബിസിനസ് നോക്കിനടത്തിപ്പുകാരായി നിയമിച്ചു. അത്തരത്തിൽ നിയമിക്കപ്പെടേണ്ടവരുടെ എണ്ണം കുറവായിരിക്കുമല്ലോ. സ്വന്തമായോ, തങ്ങളുടെ പേരിലോ ബിസിനസ്സുകൾ തുടങ്ങാനുള്ള മൂലധനം യജമാനൻമാർ പലപ്പോഴും അടിമകൾക്കും, സ്വാതന്ത്രരാക്കപ്പെട്ടവർക്കും നൽകിയിരുന്നു.

*സ്ത്രീ അടിമകളെയും, അവരുടെ പങ്കാളികളെയും കൂടുതൽ കുട്ടികളെ ജനിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന രീതി. തീർച്ചയായും ഇങ്ങനെ ജനിക്കുന്ന കുട്ടികളും അടിമകളായിത്തീരും.

തൊഴിൽ നടത്തിപ്പിന് റോമിലെ കാർഷിക എഴുത്തുകാർ വലിയ ശ്രദ്ധപതിപ്പിച്ചിരുന്നു. ആവശ്യമുള്ളതിന്റെ ഇരട്ടിയോളം സാമഗ്രികളും പണിയായുധങ്ങളും ഭൂവുടമകൾ കരുതിവയ്ക്കണമെന്ന് ഒന്നാം നൂറ്റാണ്ടിലെ കോളുമല്ല (Columella) എന്ന തെക്കൻ സ്പാനിഷ് എഴുത്തുകാരൻ ശുപാർശ ചെയ്യുന്നു. കാരണം, പണിയായുധമില്ലാതെ അടിമത്തൊഴിലാളികളുടെ പണി മുടങ്ങിയാൽ ഉപകരണച്ചെലവിനെക്കാൾ കനത്ത



*അൾജീരിയയിലെ ചർച്ചെൽ എന്ന പ്രദേശത്തെ മൊസൈക്ക്-സി.ഇ. മൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ കാർഷിക രംഗങ്ങൾ. മുകളിൽ : ഉഴുന്നതും വിതയ്ക്കുന്നതും താഴെ : മുന്തിരിത്തോട്ടത്തിൽ പണിയെടുക്കുന്നത്.*

നഷ്ടം നേരിടും. മേൽനോട്ടമില്ലെങ്കിൽ ഒരു പണിയും നടക്കില്ലെന്ന് തൊഴിലുടമകൾ വിശ്വസിച്ചിരുന്നു. സ്വതന്ത്രതൊഴിലാളികളായാലും, അടിമകളായാലും മേൽനോട്ടം പരമപ്രധാനമാണെന്ന് അവർ കരുതിയിരുന്നു. മേൽനോട്ടം എളുപ്പമാക്കുന്നതിനുവേണ്ടി തൊഴിലാളികളെ സംഘങ്ങളായും, ചെറുടീമുകളായും തിരിച്ചിരുന്നു. കോളുമല്ല ശുപാർശ ചെയ്യുന്നത് പത്തുപേരടങ്ങിയ സംഘത്തെയാണ്. ഇങ്ങനെ തിരിച്ചാൽ ഓരോ സംഘത്തിലെയും എത്ര പേർ പണിയെടുക്കുന്നുണ്ടെന്നും, എത്രപേർ വെറുതെയിരിക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ കഴിയുമെന്ന് അദ്ദേഹം അവകാശപ്പെടുന്നു. തൊഴിൽ നടത്തിപ്പിന് വിശദമായ പരിഗണന നൽകിയിരുന്നുവെന്ന് ഇത് കാണിക്കുന്നു. പ്രസിദ്ധമായ 'നാച്ചുറൽ ഹിസ്റ്ററി' ('Natural History') യുടെ രചയിതാവായ പ്ലിനി ഉൽപ്പാദനത്തിനായി അടിമകളുടെ സംഘങ്ങളെ ഉപയോഗിക്കുന്നതിനെ ഏറ്റവും മോശമായ രീതി എന്ന് അപലപിക്കുന്നുണ്ട്, കാരണം സംഘങ്ങളായി ജോലി ചെയ്തിരുന്ന അടിമകളുടെ കാലുകളിൽ ചങ്ങലയിട്ട് പരസ്പരം ബന്ധിപ്പിച്ചിരുന്നു.

ഇവയൊക്കെ ഡ്രാക്കോയുടെ നിയമങ്ങളെ* അനുസ്മരിപ്പിച്ചേക്കാം. പക്ഷേ ഇന്നും ലോകത്തിലെ വ്യവസായ ശാലകളിൽ ഇത്തരത്തിലുള്ള തൊഴിലാളി നിയന്ത്രണ വ്യവസ്ഥകളുണ്ടെന്ന് നാം വിസ്മരിക്കരുത്. തീർച്ചയായും, സാമ്രാജ്യത്തിലെ ചില വ്യവസായ സ്ഥാപനങ്ങളിൽ കുറേക്കൂടി കടുപ്പമേറിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അലക്സാൻഡ്രിയായിലെ കുന്തിരിക്ക** നിർമ്മാണശാലയിലെ അവസ്ഥയെക്കുറിച്ച് പ്ലിനി വിശദീകരിക്കുന്നുണ്ട്. അവിടെ മേൽനോട്ടം കർശനമായിരുന്നു. 'തൊഴിലാളികളുടെ ഉപരിവസ്ത്രത്തിൽ ഒരു മുദ്രപതിപ്പിച്ചിരുന്നു. മുഖംമൂടിയോ, സുക്ഷിരങ്ങളോടുകൂടിയ വലയോ അവർ ശിരസ്സിൽ ധരിക്കണമായിരുന്നു; തങ്ങളുടെ എല്ലാ വസ്ത്രവും അഴിച്ചു നീക്കിയാൽ മാത്രമേ അവരെ ഫാക്ടറി പരിസരം വിടുന്നതിന് അനുവദിക്കുമായിരുന്നുള്ളൂ'. കാർഷികജോലി കഠിനവും, മുഷിപ്പിക്കുന്നതും ആയിരുന്നിരിക്കണം. 'കാർഷികവൃത്തിയിൽ ഏർപ്പെടാതിരിക്കാനായി' ഈജിപ്ഷ്യൻ കർഷകർ ഗ്രാമങ്ങൾ ഉപേക്ഷിച്ച് പോകുന്നുവെന്ന് മൂന്നാം നൂറ്റാണ്ടിന്റെ ആദ്യം എഴുതപ്പെട്ട ഒരു ലിഖിതം സൂചിപ്പിക്കുന്നു. ഭൂരിപക്ഷം വ്യവസായശാലകളുടെയും, തൊഴിൽ ശാലകളുടെയും അവസ്ഥ സമാനമായിരുന്നിരിക്കാം. 398-ലെ ഒരു നിയമം തൊഴിലാളികളുടെ ദേഹത്ത്

*ഡ്രാകോണിയൻ : കർക്കശം. (ബി.സി.ഇ. ആറാം നൂറ്റാണ്ടിന്റെ പ്രാരംഭ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഗ്രീക്ക് നിയമജ്ഞനായ ഡ്രാകോയുടെ പേരിൽ നിന്നാണ് ഈ വാക്കുണ്ടാകുന്നത്. മിക്കവാറും കുറ്റങ്ങൾക്ക് വധശിക്ഷയാണ് അദ്ദേഹം വ്യവസ്ഥ ചെയ്തിരുന്നത്!).

**കുന്തിരിക്കം : സാമ്പ്രാണികളിലും, സുഗന്ധലേപനങ്ങളിലും ചേർത്തിരുന്ന ഒരു തരം മരക്കറയുടെ യൂറോപ്യൻ പേര്. ബോസ്‌വെല്ലിയ മരങ്ങളുടെ തോട് കീറിയാണ് ഈ മരക്കറ ശേഖരിച്ചിരുന്നത്. ഈ കറ ഉറഞ്ഞ് കട്ടിയാകുമായിരുന്നു. ഏറ്റവും ഗുണമേന്മയുള്ള കുന്തിരിക്കം അറേബ്യൻ ഉപദ്വീപിൽ നിന്നാണ് വന്നിരുന്നത്.

മുദ്രകുത്തിയിരുന്നുവെന്ന് സൂചിപ്പിക്കുന്നു. വ്യവസായ ശാലകളിൽ നിന്ന് ഓടിപ്പോയാലോ, ഒളിക്കാൻ ശ്രമിച്ചാലോ തിരിച്ചറിയുന്നതിനുവേണ്ടിയായിരുന്നു ഇത്. പല സ്വകാര്യതൊഴിലുടമകളും കടബാധ്യത കാണിക്കുന്ന കരാറുകൾ തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കുകയും അവരെ അതു വഴി നിയന്ത്രിച്ചു വരുതിയിൽ നിർത്തുകയും ചെയ്തിരുന്നു. 'സ്വതന്ത്രരായിരുന്നിട്ടു പോലും, അടിമപ്പണി ചെയ്യാൻ ആയിരങ്ങൾ സ്വമേധയാ കീഴടങ്ങി' എന്ന് രണ്ടാം നൂറ്റാണ്ടിലെ ഒരു എഴുത്തുകാരൻ ചൂണ്ടിക്കാണിക്കുന്നു. നിലനിൽപ്പിനായി അനേകം ദരിദ്രകുടുംബങ്ങൾ തൊഴിലുടമകളുടെ കടക്കെണിയിൽപ്പെട്ടു. സമീപകാലത്ത് കണ്ടെത്തിയ അഗസ്റ്റിന്റെ കത്തുകളിൽ ഒന്നിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയുന്നത് മാതാപിതാക്കൾ ചിലപ്പോൾ അവരുടെ മക്കളെ 25 വർഷം വരെ കാലാവധിയിൽ അടിമകളായി വിറ്റിരുന്നുവെന്നാണ്. പിതാവിന്റെ മരണത്തോടെ ഈ കുട്ടികൾ സ്വതന്ത്രരാക്കപ്പെടുമോ എന്ന് അഗസ്റ്റിൻ തന്റെ വക്കീൽ സുഹൃത്തിനോട് ആരായുന്നുണ്ട്. ഗ്രാമീണ ഋണബാധ്യതയും അങ്ങേയറ്റം വ്യാപകമായിരുന്നു. ഒരു ഉദാഹരണം പറയുകയാണെങ്കിൽ സി.ഇ. 66 ലെ ജൂതകലാപത്തിൽ*, കലാപകാരികൾ ജനപിന്തുണ നേടുന്നതിനായി പണം വായ്പ കൊടുക്കുന്നവരുടെ കടപ്പത്രങ്ങൾ നശിപ്പിക്കുകയുണ്ടായി.

അതേസമയം തൊഴിലാളികളിൽ ഭൂരിഭാഗത്തെയും ബലപ്രയോഗത്തിലൂടെയാണ് നിയന്ത്രിച്ചിരുന്നതെന്ന നിഗമനത്തിൽ നാം എത്തുന്നതും കരുതലോടെ വേണം. കാരണം അഞ്ചാം നൂറ്റാണ്ടിന്റെ അവസാനം ചക്രവർത്തിയായ അനസ്തേഷ്യസ് കിഴക്കൻ അതിർത്തിയിൽ ദാര എന്നൊരു നഗരം മൂന്നാഴ്ചക്കുള്ളിൽ പണികഴിപ്പിച്ചത് ഉയർന്ന വേതനം വാഗ്ദാനം നൽകി കിഴക്കൻ പ്രദേശങ്ങളിലെ ജനങ്ങളെ ആകർഷിച്ചാണ്. പാപ്പിറസ് ചുരുളുകളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആറാം നൂറ്റാണ്ടിൽ മെഡിറ്ററേനിയൻ ഭാഗങ്ങളിൽ, പ്രത്യേകിച്ച് കിഴക്ക്, കൂലിവേല വ്യാപകമായി നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കാം.

*റോമൻ ആധിപത്യത്തിനെതിരെ ജൂഡെയിൽ നടന്ന കലാപം. 'ജൂതയുദ്ധം' നടത്തിക്കൊണ്ട് ഈ കലാപത്തെ റോമാക്കാർ നിഷ്ക്കരുണം അടിച്ചമർത്തി.

**പ്രവർത്തനം 4**

ഈ പാഠഭാഗത്ത് പരാമർശിക്കുന്ന മൂന്ന് എഴുത്തുകാരുടെ രചനകളിലൂടെ റോമാക്കാർ തങ്ങളുടെ തൊഴിലാളികളെ എങ്ങനെ കൈകാര്യം ചെയ്തിരുന്നുവെന്ന് ഒരളവിൽ നമുക്ക് പറയാൻ കഴിയും. അവരെ കണ്ടെത്താമോ? പാഠഭാഗം പുനർവായിച്ച് റോമാക്കാർ തൊഴിലാളികളെ നിയന്ത്രിക്കാൻ ഉപയോഗിച്ച രണ്ട് രീതികളെക്കുറിച്ച് വിവരിക്കുക.

## സാമൂഹ്യ ശ്രേണികൾ (Social Hierarchies)

വിശദാംശങ്ങളിലേക്ക് പോകാതെ റോമാസാമ്രാജ്യത്തിന്റെ സാമൂഹ്യ ഘടനകളെക്കുറിച്ച് ഒരു പൊതുധാരണ കൈവരിക്കാൻ നമുക്ക് ശ്രമിക്കാം. ചരിത്രകാരനായ റ്റാസിറ്റസ് ആദിമ സാമ്രാജ്യത്തിലെ പ്രധാന സാമൂഹ്യവിഭാഗങ്ങളെ താഴെപറയും വിധം വിവരിച്ചിരിക്കുന്നു: സെനറ്റർമാർ (പാത്റ് = പിതാവ് എന്നർത്ഥം) അശ്വാരൂഢ വർഗത്തിലെ പ്രമുഖർ; ജനങ്ങളിലെ ആദരണീയ വിഭാഗം, സമ്പന്ന വീടുകളുമായി ബന്ധപ്പെട്ടവർ; രംഗകലകളോടും, സർക്കസിനോടും ആസക്തരായ താഴേത്തട്ടിലുള്ളവർ (പ്ലെബ്സ് സോർഡിഡ); അവസാനമായി അടിമകളും. മൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആയിരം സെനറ്റർമാർ ഉണ്ടായിരുന്നതിൽ, പകുതിയോളം പേർ അപ്പോഴും ഇറ്റാലിയൻ കുടുംബങ്ങളിൽ നിന്ന് വന്നവരായിരുന്നു. കോൺസ്റ്റന്റൈൻ ഒന്നാമൻ ചക്രവർത്തിയുടെ ഭരണം ആരംഭിച്ച പിൽക്കാല റോമൻ സാമ്രാജ്യത്തിന്റെ കാലത്ത്, (നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ) റ്റാസിറ്റസ് പരാമർശിച്ച ആദ്യരണ്ട് വിഭാഗങ്ങളും (സെനറ്റർമാരും, ഇക്വൈറ്റുകളും)* ലയിച്ചു ചേർന്ന് ഒരു ഏകീകൃത പ്രഭുവർഗമായി മാറി. അവരിൽ ഏകദേശം പകുതിയോളം കുടുംബങ്ങൾ ആഫ്രിക്കയിൽ നിന്നോ, കിഴക്കൻ പ്രദേശത്തു നിന്നോ ഉള്ളവരായിരുന്നു. ഈ 'പിൽക്കാല റോമൻ' പ്രഭുവർഗം വമ്പിച്ച സമ്പത്തുള്ളവരായിരുന്നെങ്കിലും, പലവിധത്തിലും അവർക്ക് സമ്പന്നരല്ലാത്ത സൈനിക വരേണ്യവർഗത്തിന്റെയത്ര ശക്തി ഉണ്ടായിരുന്നില്ല. സാമ്രാജ്യത്തിന്റെ ഉദ്യോഗസ്ഥ വൃന്ദം, സൈന്യം എന്നിവയിലെ ഗണ്യമായ ഒരു വിഭാഗത്തോടൊപ്പം, കിഴക്കൻ പ്രവിശ്യകളിൽ ധാരാളമുണ്ടായിരുന്ന സമ്പന്നരായ വ്യാപാരികൾ, കർഷകർ എന്നിവരാണ് മധ്യവർഗത്തിൽ ഉൾപ്പെട്ടിരുന്നത്. ഈ കുടുംബങ്ങളിൽ

**ഇക്വൈറ്റുകൾ* (നൈറ്റുകൾ അഥവാ അശ്വാരൂഢർ) പരമ്പരാഗതമായി രണ്ടാമത്തെ ശക്തവും സമ്പന്നവുമായ വർഗമായിരുന്നു. പേരുപോലെ തന്നെ സ്വത്തിന്റെ അടിസ്ഥാനത്തിൽ കുതിരപ്പടയിൽ സേവനം നടത്തിയിരുന്ന കുടുംബങ്ങളായിരുന്നു അവർ. സെനറ്റ് അംഗങ്ങളെ പോലെ നൈറ്റുകളും ഭൂപ്രഭുക്കൻമാരായിരുന്നു. സെനറ്റർമാരിൽ നിന്ന് വ്യത്യസ്തമായി ഇവർ കപ്പൽ ഉടമസ്ഥരും, വണിക്കുകളും, ബാങ്കുടമകളും, അതായത് കച്ചവട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമായിരുന്നു.

പലതിനെയും നിലനിർത്തിപ്പോന്നത് സർക്കാർ സേവനവും, രാജ്യത്തിനുമേലുള്ള ആശ്രയത്വവുമായിരുന്നു. ഈ ആദരണീയരായ മധ്യവർഗം വലിയ സെനറ്റർ കുടുംബങ്ങളുടെ സംരക്ഷണയിലായിരുന്നുവെന്ന് റ്റാസിറ്റസ് വിവരിക്കുന്നു. മധ്യവർഗത്തിന്റെയും താഴെയാണ് ഹ്യൂമിലിയോറസ് (താഴ്ന്ന) എന്നറിയപ്പെടുന്ന, ഭൂരിപക്ഷം വരുന്ന താഴ്ന്ന ജനവിഭാഗങ്ങളുടെ സ്ഥാനം. സ്ഥിരമായി വലിയ എസ്റ്റേറ്റുകളിൽ പണിയെടുത്തിരുന്ന ഗ്രാമീണർ, വ്യവസായങ്ങളിലെയും ഖനികളിലെയും തൊഴിലാളികൾ, ഒലിവിന്റെയും ധാന്യങ്ങളുടെയും മറ്റും വിളവെടുപ്പ് നടത്താനെത്തിയിരുന്ന കുടിയേറ്റക്കാരായ തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരുന്ന കൂലിത്തൊഴിലാളികളേക്കാൾ മെച്ചപ്പെട്ട ജീവിതം നയിച്ച കൈവേലക്കാർ, വൻകിട നഗരങ്ങളിൽ പണിയെടുത്തിരുന്ന വലിയ വിഭാഗം താൽക്കാലികത്തൊഴിലാളികൾ, പ്രത്യേകിച്ച് സാമ്രാജ്യത്തിന്റെ പടിഞ്ഞാറു ഭാഗങ്ങളിൽ കാണപ്പെട്ടിരുന്ന അടിമകളായ ആയിരങ്ങൾ എന്നിവർ അടങ്ങിയതാണ് താഴ്ന്ന വർഗം.

### റോമൻ പ്രഭുവർഗത്തിന്റെ വരുമാനം, അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിൽ (Incomes of the Roman Aristocracy, Early Fifth Century)

'ഇടത്തരം വലുപ്പത്തിലുള്ള ഒരു പട്ടണത്തിൽ ഉൾക്കൊള്ളാവുന്ന എല്ലാ സൗകര്യങ്ങളും റോമൻ സമ്പന്ന ഭവനങ്ങളിൽ ദൃശ്യമാണ്. കുതിരപ്പന്തയമൈതാനം, സസ്യജാലങ്ങൾ, ക്ഷേത്രങ്ങൾ, ജലധാരായന്ത്രങ്ങൾ, വ്യത്യസ്തതരം കുളിപ്പുരകൾ എന്നിങ്ങനെ എല്ലാം... റോമിലെ പല കുടുംബങ്ങൾക്കും 4000 പൗണ്ട് സ്വർണം വാർഷിക വരുമാനമായി ഭൂസ്വത്തിൽ നിന്ന് കിട്ടിയിരുന്നു. ധാന്യങ്ങൾ, വീഞ്ഞ്, മറ്റുൽപ്പന്നങ്ങൾ എന്നിവ വിൽക്കുകയാണെങ്കിൽ ഇതിന്റെ മൂന്നിൽ ഒന്ന് വരുമാനംകൂടെ ഉണ്ടാകും. രണ്ടാംനിര കുടുംബങ്ങളുടെ വരുമാനം ആയിരം അല്ലെങ്കിൽ 1500 പൗണ്ട് സ്വർണമായിരിക്കും.'

– തീബ്സിലെ ഒളിംപിഡോറസ്

അഞ്ചാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിച്ചിരുന്ന ചരിത്രകാരനും, രാജ്യപ്രതിനിധിയുമായ (അംബാസിഡർ) ഒളിംപിഡോറസ് വിവരിക്കുന്നത്, റോമാനഗരത്തിലെ പ്രഭുക്കൾക്ക് അവരുടെ എസ്റ്റേറ്റുകളിൽ നിന്ന് വാർഷിക വരുമാനമായി 4000 പൗണ്ട് സ്വർണം ലഭിക്കുന്നുവെന്നാണ്. അവർ സ്വയം ചെലവഴിച്ചത് കൂടാതെയാണ് ഈ വരുമാനം കണക്കാക്കിയിരുന്നത്.

സ്പെയിനിലെ വെള്ളി ഖനികൾ ശൂന്യമായതോടെ, സുസ്ഥിരമായൊരു വെള്ളിനാണയ വ്യവസ്ഥ നിലനിർത്താനാവശ്യമായ ലോഹശേഖരം സർക്കാരിന് ഇല്ലാതായി. ഇത് പിൽക്കാല റോമാ സാമ്രാജ്യത്തിന്റെ ആദ്യമൂന്ന് നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന വെള്ളി അടിസ്ഥാനമാക്കിയുള്ള നാണയ സമ്പദ്വ്യവസ്ഥയുടെ തകർച്ചയ്ക്കു വഴിയൊരുക്കി. കോൺസ്റ്റന്റൈയിൻ ചക്രവർത്തി സ്വർണത്തെ അടിസ്ഥാനമാക്കി പുതിയൊരു നാണയ വ്യവസ്ഥ ആരംഭിച്ചു. റോമാ സാമ്രാജ്യത്തിന്റെ അന്തിമ ഘട്ടത്തിൽ മുഴുവൻ ഈ സ്വർണ നാണയങ്ങൾ രാജ്യത്തുടനീളം പ്രചരിച്ചിരുന്നു.

ഉയർന്നവരും ഇടത്തരക്കാരും ഉൾപ്പെട്ട അന്തിമ റോമൻ കാലഘട്ടത്തിലെ ഉദ്യോഗസ്ഥർ തങ്ങളുടെ ശമ്പളത്തിന്റെ മുഖ്യഭാഗവും സ്വർണത്തിന്റെ രൂപത്തിൽ വാങ്ങുകയും, ഇവ ഉപയോഗിച്ച് സ്ഥിര സമ്പാദ്യമായി ഭൂമി അടക്കമുള്ള സ്വത്തുക്കൾ വാങ്ങികൂട്ടുകയും ചെയ്യുക വഴി താരതമ്യേന സമ്പന്നരായിത്തീർന്നു. എന്നാൽ തീർച്ചയായും നീതിന്യായ വ്യവസ്ഥയിലും, സൈനിക സാമഗ്രികളുടെ വിതരണത്തിലും വൻ അഴിമതി നിലനിന്നിരുന്നു. ഉന്നത ഉദ്യോഗസ്ഥരുടെ പിടിച്ചു പറിയും, പ്രവിശ്യാ ഗവർണർമാരുടെ അത്യാർത്തിയും കുപ്രസിദ്ധമായിരുന്നു. എല്ലാത്തരത്തിലുമുള്ള വ്യാപകമായ അഴിമതിയെ ഇല്ലാതാക്കുന്നതിന് ഭരണകൂടം തുടർച്ചയായി ഇടപെട്ടിരുന്നു. അഴിമതി ഇല്ലാതാക്കാനായി നിയമങ്ങൾ പാസ്സാക്കിയതും, ചരിത്രകാരന്മാരും മറ്റ് ബുദ്ധിജീവികളും അഴിമതി പോലുള്ള പ്രവർത്തനങ്ങളെ തള്ളിപ്പറഞ്ഞതുമായ കാര്യങ്ങളാണ് ഈ വിഷയത്തെക്കുറിച്ചറിയാൻ നമ്മെ സഹായിച്ചത്. ഇത്തരം വിമർശനങ്ങൾ ക്ലാസ്സിക്കൽ ലോകത്തിന്റെ ഒരു ശ്രദ്ധേയമായ സവിശേഷതയാണ്. റോമൻ ഭരണകൂടം ഒരു സ്വേച്ഛാധികാര ഭരണകൂടമായിരുന്നു. മറ്റൊരർഥത്തിൽ പറഞ്ഞാൽ എതിരഭിപ്രായങ്ങളെ അംഗീകരിക്കാത്ത, പ്രതിഷേധങ്ങളെ ഹിംസകൊണ്ട് നേരിടുന്ന രാഷ്ട്രം (പ്രത്യേകിച്ചും ചക്രവർത്തിമാരെ പരിഹസിക്കാൻ ഭയപ്പെടാത്ത ജനങ്ങളുള്ള കിഴക്കൻ നഗരങ്ങളിൽ). എന്നിട്ടും നാലാം നൂറ്റാണ്ടിൽ റോമൻ നിയമത്തിന്റെ ശക്തമായൊരു പാരമ്പര്യം ഉയർന്നു

വന്നു. ഇത് ക്രൂരൻമാരായ ചക്രവർത്തിമാരുടെ പ്രവർത്തനങ്ങൾക്ക് പോലും വിഘാതമായി നിന്നു. അവരുടെ ചക്രവർത്തിമാർക്ക് തന്നിഷ്ട പ്രകാരമുള്ള നടപടികൾ എടുക്കാൻ കഴിഞ്ഞില്ല; എന്ന് മാത്രമല്ല, പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് റോമൻ നിയമം സജീവമായി നിലകൊള്ളുകയും ചെയ്തു. അതുകൊണ്ടാണ് നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പൗരന്മാരോട് ക്രൂരമായി പെരുമാറുകയും, അവരെ അടിച്ചമർത്താൻ ശ്രമിക്കുകയും ചെയ്ത ചക്രവർത്തിമാരെ നേരിടാൻ അംബ്രോസിനെപ്പോലെയുള്ള കരുത്തരായ ബിഷപ്പുമാർക്ക് സാധിച്ചത്.

## പിൽക്കാല പൗരാണികത (Late Antiquity)



*കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ വലിയ പ്രതിമയുടെ ഒരു ഭാഗം, 313 സി.ഇ.*

റോമൻ സാമ്രാജ്യത്തിന്റെ അന്തിമകാലഘട്ടത്തിലെ സാംസ്ക്കാരിക മാറ്റത്തെ നോക്കിക്കണ്ടുകൊണ്ട് നമുക്ക് ഈ അധ്യായം ഉപസംഹരിക്കാം. ഏകദേശം നാലാം നൂറ്റാണ്ട് മുതൽ ഏഴാം നൂറ്റാണ്ടുവരെ നീണ്ടുനിന്ന കാലഘട്ടത്തെയാണ് പിലക്കാല പൗരാണികത എന്ന് വിവക്ഷിച്ചിരിക്കുന്നത്. ഈ കാലഘട്ടം റോമൻ സാമ്രാജ്യത്തിന്റെ പരിണാമത്തിനും, വിഘടനത്തിനും സാക്ഷ്യം വഹിച്ചു. നാലാം നൂറ്റാണ്ട് സാംസ്കാരിക, സാമ്പത്തിക തലങ്ങളിൽ ആകെ ഇളകിമറിഞ്ഞ ഒരു കാലഘട്ടമായിരുന്നു. സാംസ്ക്കാരിക തലത്തിൽ ഈ കാലഘട്ടം അതിപ്രധാനമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. കോൺസ്റ്റന്റൈൻ (Constantine) ചക്രവർത്തി ക്രിസ്തുമതത്തെ രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചു. മാത്രമല്ല ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം മതം ഉദയം ചെയ്യുകയും ചെയ്തു. ഇതിനോടൊപ്പം ഡയോക്ലീഷ്യൻ (Diocletian, 284–305) ചക്രവർത്തിയുടെ കീഴിൽ രാഷ്ട്രത്തിന്റെ ഘടനയിലും തുല്യപ്രാധാന്യമുള്ള മാറ്റങ്ങൾ ഉണ്ടായി. ഈ കാര്യങ്ങളിൽ നിന്ന് തുടങ്ങുന്നതായിരിക്കും നല്ലത്.

തന്ത്രപരമല്ലാത്തതും, സാമ്പത്തിക മൂല്യമില്ലാത്തതുമായ പ്രവിശ്യകളെ 'അടർത്തിമാറ്റി' ഡയോക്ലീഷ്യൻ, സാമ്രാജ്യ വിസ്തൃതി കുറച്ചു. ഡയോക്ലീഷ്യൻ അതിർത്തികളെ കോട്ട കെട്ടി സംരക്ഷിക്കുകയും, പ്രവിശ്യകളുടെ അതിരുകൾ പുനസംഘടിപ്പിക്കുകയും, പൗരന്മാരെ സൈനിക ചുമതലകളിൽ നിന്ന് ഒഴിവാക്കുകയും, സൈനിക കമാന്റർമാർക്ക് (ഡ്യൂസസ്, അന്നത്തെ ശക്തമായ വിഭാഗം) ഗണ്യമായ സ്വയംഭരണാധികാരം നൽകുകയും ചെയ്തു. ഇതോടെ ഈ സൈനിക കമാന്റർമാർ വളരെ ശക്തരായി. കോൺസ്റ്റന്റൈൻ ഈ മാറ്റങ്ങളിൽച്ചിലതിനെ ഉറപ്പിക്കുകയും പുതിയവ സ്വന്തം നിലയ്ക്ക് കൂട്ടിച്ചേർക്കുകയും ചെയ്തു. ധനപരമായ മേഖലയിലായിരുന്നു പ്രധാനമായും കോൺസ്റ്റന്റൈന്റെ പരിഷ്കാരങ്ങൾ. 4½ ഗ്രാം തൂക്കമുള്ള ശുദ്ധമായ സ്വർണമടങ്ങിയ സൊളിഡസ് (Solidus) എന്ന പുതിയ നാണയം അദ്ദേഹം പുറത്തിറക്കി. ഈ നാണയം റോമാ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു ശേഷവും നിലനിന്നുപോന്നു. സോളിഡി ധാരാളമായി അടിച്ചിറക്കുകയും, ദശലക്ഷക്കണക്കിന് സ്വർണനാണയങ്ങൾ രാജ്യത്ത് പ്രചാരത്തിലുണ്ടാവുകയും ചെയ്തു. തുർക്കിയിലെ ആധുനിക ഇസ്താംബൂളിന്റെ സ്ഥാനത്ത് (പഴയ ബൈസാൻഷ്യം) കോൺസ്റ്റാന്റിനോപ്പിളിൽ, സാമ്രാജ്യത്തിന്റെ രണ്ടാം തലസ്ഥാനം സ്ഥാപിച്ചതായിരുന്നു മറ്റൊരു പുതിയ നടപടി. മൂന്നു വശവും സമുദ്രത്താൽ ചുറ്റപ്പെട്ടതായിരുന്നു ഈ സ്ഥലം. പുതിയ തലസ്ഥാനത്തിന് ഒരു പുതിയ സെനറ്റ് ആവ

ശ്യമായിരുന്നു. ഇത് ഭരണവർഗത്തിന്റെ ദ്രുതഗതിയിലുള്ള വികാസത്തിന് വഴിതെളിച്ചു. ധനപരമായ സ്ഥിരതയും, വളർന്നുകൊണ്ടിരിക്കുന്ന ജനസംഖ്യയും സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനം നൽകി. ഗ്രാമീണ മേഖലകളിൽ ഗണ്യമായ നിക്ഷേപങ്ങൾ ഉണ്ടായതായി പുരാവസ്തു പഠനങ്ങൾ തെളിയിക്കുന്നു – എണ്ണ മില്ലുകളിലും, സ്ഫടിക നിർമ്മാണ ഫാക്ടറികളിലും, പുത്തൻ സാങ്കേതിക വിദ്യകളായ സ്ക്രൂ പ്രെസ്സുകളിലും, ധാരാളം ജലമില്ലുകളിലും, കൂടാതെ, കിഴക്കുമായുള്ള വിദൂര വാണിജ്യത്തിന്റെ വീണ്ടെടുക്കലിലും – എല്ലാം ഇതു ദൃശ്യമായി.

ഇവയെല്ലാം നഗരങ്ങളുടെ ശക്തമായ സമ്പന്നതയ്ക്ക് കാരണമായി. ഇത് നൂതനമായ വാസ്തു വിദ്യാ രീതികളിലും, അത്യധികമായ ആഡംബരത്തിലും ദൃശ്യമായി. ഭരണവർഗം എന്നത്തെതിലുമധികം സമ്പന്നരും കരുത്തരുമായിരുന്നു. ഈജിപ്തിൽ നിന്നും കണ്ടെടുക്കപ്പെട്ട ഈ അവസാന നൂറ്റാണ്ടുകളിലെ നൂറ് കണക്കിന് പാപ്പിറസ് ചുരുളുകളിൽ നിന്ന് സമൂഹത്തിൽ പണം വ്യാപകമായി ഉപയോഗിച്ചിരുന്നുവെന്നും, ഗ്രാമത്തിലെ എസ്റ്റേറ്റുകൾ വലിയ വരുമാനം സ്വർണത്തിന്റെ രൂപത്തിൽ ഉണ്ടാക്കിയിരുന്നുവെന്നും വ്യക്തമാകുന്നു. ഉദാഹരണത്തിന് ജസ്റ്റീനിയൻ ഭരിച്ച ആറാം നൂറ്റാണ്ടിൽ നികുതി ഇനത്തിൽ ഈജിപ്തിന്റെ സംഭാവന വർഷത്തിൽ 2½ ദശലക്ഷം സോളിഡി (ഏകദേശം 35000 പൗണ്ട് സ്വർണം) ആയിരുന്നു. യഥാർഥത്തിൽ ഇരുപതാം നൂറ്റാണ്ടിൽ പോലും ഉണ്ടാകാവുന്നതിനേക്കാൾ റോമിന്റെ കിഴക്കൻ പ്രദേശങ്ങൾ അഞ്ചും ആറും നൂറ്റാണ്ടുകളിൽ വൻതോതിൽ വികസിതവും, ജനസാന്ദ്രത കൂടിയതുമായിരുന്നു. ഈ സാമൂഹിക പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം ഇക്കാലഘട്ടത്തിലെ സാംസ്കാരിക പുരോഗതികൾ നാം വിലയിരുത്താൻ.

ക്ലാസിക്കൽ ലോകത്തിലെ (ഗ്രീക്കും, റോമനും) പരമ്പരാഗത മതസംസ്കാരം ഒരുപോലെ, ബഹുദൈവാരാധനയായിരുന്നു. റോമൻ, ഇറ്റാലിയൻ ദൈവങ്ങളായ ജൂപ്പിറ്റർ, ജൂണോ, മിനർവ, മാഴ്സ് തുടങ്ങിയ അനേകം ദൈവങ്ങളെ ആരാധിച്ചിരുന്ന വിവിധതരം മതവിശ്വാസങ്ങളുൾപ്പെട്ട അവർ ആയിരകണക്കിന് ക്ഷേത്രങ്ങളും, ദേവാലയങ്ങളും, സങ്കേതങ്ങളും സാമ്രാജ്യത്തിലുടനീളം പണികഴിപ്പിച്ചിരുന്നു. ബഹുദൈവാരാധകരുടെ മതവിശ്വാസത്തിന് പൊതുവായൊരു പേരോ, ലേബലോ (അടയാളം) ഉണ്ടായിരുന്നില്ല. സാമ്രാജ്യത്തിൽ ഉണ്ടായിരുന്ന മറ്റൊരു മതപാരമ്പര്യമാണ്

*കൊളോസിയം–സി.ഇ. 79–ൽ പണികഴിപ്പിച്ചത്. ഗ്ലാഡിയേറ്റർ (ദ്വന്ദയുദ്ധം നടത്തുന്ന പോരാളി) വന്യമൃഗങ്ങളോട് ഏറ്റുമുട്ടുന്നത് ഇവിടെ വച്ചായിരുന്നു. 60,000 ജനങ്ങളെ ഉൾക്കൊള്ളാൻ ഇതിന് കഴിയും.*



യഹൂദമതം. അക്കാലത്തെ ജൂത സമുദായങ്ങൾക്കിടയിൽ അനേകം വൈവിധ്യങ്ങൾ നിലനിന്നിരുന്നതിനാൽ ജൂതമതവും ഏകശിലാത്മകം* ആയിരുന്നില്ല . അതിനാൽ സാമ്രാജ്യത്തിന്റെ ക്രിസ്തീയവൽക്കരണം** നാലും അഞ്ചും നൂറ്റാണ്ടുകളിൽ ക്രമാനുഗതവും, അതീവ സങ്കീർണവുമായാണ് സംഭവിച്ചത്. ക്രൈസ്തവ ബിഷപ്പുമാർ തങ്ങൾ എതിർത്തിരുന്ന വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമെതിരെ പോരാടിയിരുന്ന പടിഞ്ഞാറൻ പ്രവിശ്യകളിൽ ഒറ്റ രാത്രികൊണ്ട് ബഹുദൈവാരാധന അപ്രത്യക്ഷമായില്ല. നാലാം നൂറ്റാണ്ടിൽ മത സമുദായങ്ങളുടെ അതിരുകൾ കർക്കശമായിരുന്നില്ല. എന്നാൽ തുടർന്ന് പള്ളികൾ ഭരിച്ച ശക്തരായ ബിഷപ്പുമാർ അവരുടെ അനുയായികളെ (ലെയിറ്റി)*** നിയന്ത്രിച്ചു ഭരിക്കുന്നതിനു വേണ്ടി കർക്കശമായ വിശ്വാസങ്ങളും, അനുഷ്ഠാനങ്ങളും നടപ്പിലാക്കി.

540 കളിൽ മെഡിറ്ററേനിയനെ ബാധിച്ച പ്ലേഗിനെപ്പോലും അതിജീവിച്ച് കിഴക്കൻ പ്രദേശങ്ങളിൽ പ്രത്യക്ഷമായ സമൃദ്ധി നിലനിന്നിരുന്നുവെന്നു മാത്രമല്ല അവിടെ ജനസംഖ്യ വളർന്നു കൊണ്ടുമിരുന്നു. എന്നാൽ പടിഞ്ഞാറു ദിക്കിൽ ഇതിനു വിരുദ്ധമായി സാമ്രാജ്യത്തിന്റെ വടക്കേ അതിർത്തിയിലുള്ള ജർമ്മാനിക് വിഭാഗങ്ങൾ (ഗോത്തുകൾ, വാൻഡലുകൾ, ലൊംബാർഡുകൾ തുടങ്ങിയവർ) പശ്ചിമറോമാ സാമ്രാജ്യത്തിന്റെ പ്രധാന പ്രവിശ്യകളെല്ലാം ആക്രമിച്ച് കൈവശപ്പെടുത്തുകയും, 'ഉത്തര റോമൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന ചില രാജവംശങ്ങൾ' സ്ഥാപിക്കുകയും ചെയ്തു. ഇതിൽ പ്രധാനപ്പെട്ടവ വിസിഗോത്തുകൾ സ്പെയിനിലും (ഇത് 711–720 കാലഘട്ടത്തിൽ അറബികൾ പൂർണമായി നശിപ്പിച്ചു), ഫ്രാങ്കുകൾ ഗൗളിലും (സി. 511–687), ലൊംബാർഡുകൾ ഇറ്റലിയിലും (568–774) സ്ഥാപിച്ച രാജ്യങ്ങളാണ്. പൊതുവേ മധ്യയുഗം എന്നു വിവക്ഷിക്കപ്പെടുന്ന വേറിട്ടൊരു കാലഘട്ടത്തിന്റെ തുടക്കമാണ് ഈ രാജ്യങ്ങൾ കുറിച്ചത്. കിഴക്കൻ റോമാസാമ്രാജ്യം ഏകീകൃതമായി നിലകൊള്ളുകയും, ജസ്റ്റീനിയൻ ചക്രവർത്തിയുടെ കീഴിൽ അഭിവൃദ്ധിപ്പെട്ട് സാമ്രാജ്യത്വമോഹങ്ങൾ യാഥാർഥ്യമാക്കുകയും ചെയ്തു. ജസ്റ്റീനിയൻ, വാൻഡലുകളിൽ നിന്ന് ആഫ്രിക്ക തിരിച്ചു പിടിച്ചു (533). എന്നാൽ അദ്ദേഹം ഇറ്റലിയെ തിരിച്ചുപിടിച്ചത് (ഓസ്ട്രോഗോത്തുകളിൽ നിന്ന്) ആ രാജ്യത്തിന്റെ നാശത്തിലേക്കും, ലൊംബാർഡുകളുടെ ആക്രമണത്തിലേക്കുമാണ് വഴിതെളിച്ചത്. ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ, റോമും ഇറാനും തമ്മിലുള്ള യുദ്ധങ്ങൾ പുനരാരംഭിച്ചിരുന്നു. ഇറാനിൽ മൂന്നാം നൂറ്റാണ്ടു വരെ ഭരിച്ചിരുന്ന സസാനിയൻമാർ വ്യാപകമായ ഒരു ആക്രമണം ഈജിപ്ത് ഉൾപ്പെടെയുള്ള കിഴക്കൻ പ്രവിശ്യകളിൽ അഴിച്ചു വിടുകയും ചെയ്തു. 'ബൈസാന്റയിൻ സാമ്രാജ്യം' എന്നറിയപ്പെട്ട റോമാ സാമ്രാജ്യം 620 കളിൽ ഈ പ്രദേശങ്ങളൊക്കെ തിരിച്ചുപിടിച്ചെങ്കിലും, അധികം വൈകാതെ തന്നെ, ആ സാമ്രാജ്യത്തിന്, തെക്കു–കിഴക്കേ ദേശത്തു നിന്നും ശക്തമായ അവസാന പ്രഹരം നേരിടേണ്ടി വന്നു.


''പ്രാചീനലോകത്ത് സംഭവിച്ച സമാനതകളില്ലാത്ത ഏറ്റവും വലിയ രാഷ്ട്രീയ വിപ്ലവമായാണ്'' അറേബ്യയിൽ ആരംഭിച്ച ഇസ്ലാമിന്റെ വികാസത്തെ വിശേഷിപ്പിക്കുന്നത്. സി.ഇ. 642–ൽ, പ്രവാചകന്റെ മരണത്തിനു കഷ്ടിച്ച് പത്ത് വർഷത്തിനുശേഷം, അതിശയകരമായ ഏറ്റുമുട്ടലുകൾക്കൊടുവിൽ കിഴക്കൻ റോമൻ സാമ്രാജ്യത്തിന്റെയും, സസാനിയൻ സാമ്രാജ്യത്തിന്റെയും വലിയൊരു ഭാഗം അറബികളുടെ നിയന്ത്രണത്തിൻ കീഴിൽ വന്നു. ഈ യുദ്ധങ്ങൾ, ഒടുവിൽ സ്പെയിൻ, സിന്ധ്, മധ്യേഷ്യ എന്നിവിടങ്ങളിലേക്ക് വ്യാപിച്ചു. പക്ഷേ ഒരു വസ്തുത നമ്മൾ ഓർക്കണം. പുതുതായി രൂപം കൊണ്ട ഇസ്ലാമിക രാജ്യം, അറേബ്യയ്ക്കകത്തും, പിന്നീട് സിറിയൻ മരുഭൂമിയിലും, ഇറാഖ് വരെയും, അറബ് ഗോത്രവർഗങ്ങളെ അധീനതയിൽ കൊണ്ടു വന്നതോടെയാണ് ഈ ആക്രമണങ്ങളും, കീഴടക്കലുകളും തുടങ്ങിയത്. ഈ ഏകീകരണത്തിലൂടെ ഇസ്ലാമിക രാഷ്ട്രത്തിന്റെ ഉദയത്തിന് വഴി തെളിക്കുകയും ചെയ്തു. അറേബ്യൻ ഉപദ്വീപിന്റെയും, വ്യത്യസ്ത ഗോത്രവിഭാഗങ്ങളുടെയും ഏകീകരണമാണ് ഇസ്ലാമിക രാഷ്ട്രത്തിന്റെ വികാസത്തിന് പ്രധാന കാരണമായി വർത്തിച്ചതെന്ന് പ്രമേയം 4–ൽ നമുക്ക് കാണാൻ കഴിയും.

*മൊണോലിത്ത് (ഏകശിലാത്മകം) – അക്ഷരാർഥത്തിൽ ഒരു വലിയ കല്ല്. എന്നാൽ വൈവിധ്യമില്ലാത്തതും ഒരേ പോലെ ഇരിക്കുന്നതുമായ എന്തിനെ സൂചിപ്പിക്കാനും ഈ വാക്ക് ഉപയോഗിക്കുന്നു. (ഉദാ : ഒരു സംസ്കാരം അല്ലെങ്കിൽ സമൂഹം)

**ക്രിസ്തീയവൽക്കരണം – ക്രിസ്തുമതം ജനസംഖ്യയുടെ വിവിധ വിഭാഗങ്ങൾക്കിടയിൽ വ്യാപിച്ച് മേധാവിത്വമുള്ള പ്രധാന മതമായി മാറിയ പ്രക്രിയ.

***ലെയിറ്റി – (സാമാന്യ ജനങ്ങൾ)– സമുദായത്തിനുള്ളിൽ ഔദ്യോഗിക സ്ഥാനമാനങ്ങളുള്ള പുരോഹിത വർഗത്തിൽ നിന്ന് വിഭിന്നമായി ഒരു മതത്തിലുള്ള സാധാരണക്കാരായ അംഗങ്ങളാണിവർ.

ഭൂപടം 2 : പശ്ചിമേഷ്യ


Black Sea
Constantinople
ARMENIA
Caspian Sea
Bukhara
Samarqand
AFGHANISTAN
Edessa
Antioch
Mediterranean Sea
Damascus
SYRIA
Baghdad
Ctesiphon
PERSIA
(IRAN)
PALESTINE
JUDAEA
Sahara Desert
Persian Gulf
Medina
Red Sea
Mecca
ARABIA
Arabian Sea

| ഭരണാധികാരികൾ | | സംഭവങ്ങൾ |
|---|---|---|
| 27 ബി.സി.ഇ. -14 സി.ഇ. അഗസ്റ്റസ്, ആദ്യ റോമൻ ചക്രവർത്തി | 27 ബി.സി.ഇ. | ഒക്ടേവിയൻ പ്രിൻസിപ്പേറ്റ് സ്ഥാപിച്ചു, അപ്പോൾ മുതൽ അഗസ്റ്റസ് എന്ന് സ്വയം വിളിച്ചു |
| | സി. 24-79 | പ്ലിനിയുടെ ജീവിതകാലം; വെസൂവിയസ്സിലെ അഗ്നിപർവതസ്ഫോടനത്തിൽ അദ്ദേഹം മരണമടഞ്ഞു, ഈ സ്ഫോടനത്തിൽ റോമൻ പട്ടണമായ പോംപെയും മൺമറഞ്ഞുപോയി |
| 14-37 ടൈബീരിയസ് | 66-70 | ജൂത വിപ്ലവം, റോമൻ സൈന്യം ജറുസലേം പിടിച്ചെടുക്കുന്നു |
| 98-117 ട്രാജൻ | സി. 115 | കിഴക്കൻ പ്രദേശങ്ങളിലേക്കുള്ള ട്രാജന്റെ ആക്രമണത്തെ തുടർന്ന് റോമാസാമ്രാജ്യത്തിന്റെ വിസ്തൃതി ഏറ്റവും വർധിച്ചകാലം |
| 117-38 ഹാഡ്രിയൻ | 212 | സാമ്രാജ്യത്തിനകത്തുള്ള സ്വതന്ത്രരായ ജനങ്ങളെയെല്ലാം റോമൻ പൗരന്മാരാക്കുന്നു |
| | 224 | ഇറാനിൽ പൂർവികനായ സസാന്റെ പേരിലറിയപ്പെടുന്ന പുതിയ രാജവംശജമായ 'സസാനിയൻമാർ' അധികാരത്തിൽ വരുന്നു |
| 193 - 211 സെപ്ടിമിയസ് സെവറസ് | 250 കൾ | യൂഫ്രട്ടീസിന് പടിഞ്ഞാറുള്ള റോമൻ പ്രദേശങ്ങൾ പേർഷ്യാക്കാർ ആക്രമിക്കുന്നു |
| 241 - 72 ഷാപ്പൂർ ഒന്നാമന്റെ ഭരണം ഇറാനിൽ | 258 | കാർത്തേജിലെ സൈപ്രിയൻ ബിഷപ്പ് വധിക്കപ്പെടുന്നു |
| | 260 കൾ | ഗല്ലീനസ് സൈന്യത്തെ പുനസ്സംഘടിപ്പിക്കുന്നു |
| 253 - 68 ഗല്ലീനസ് | 273 | പൽമീരയിലെ കാരവൻ നഗരം റോമാക്കാർ നശിപ്പിക്കുന്നു |
| | 297 | ഡയോക്ലീഷ്യൻ സാമ്രാജ്യത്തെ 100 പ്രവിശ്യകളായി പുനസ്സംഘടിപ്പിക്കുന്നു |
| 284 - 305 ടെട്രാർക്കി പ്രധാന രാജാവ് ഡയോക്ലീഷ്യൻ | സി. 310 | കോൺസ്റ്റന്റൈൻ പുതിയ സ്വർണനാണയം ഇറക്കുന്നു ('സോളിഡസ്') |
| | 312 | കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നു |
| 312 - 37 കോൺസ്റ്റന്റൈൻ | 324 | കോൺസ്റ്റന്റൈൻ, സാമ്രാജ്യത്തിന്റെ ഏക ഭരണാധികാരി, കോൺസ്റ്റാന്റിനോപ്പിൾ എന്ന നഗരം സ്ഥാപിക്കുന്നു |
| 309 -79 ഇറാനിൽ ഷാപൂർ II-ാമന്റെ ഭരണകാലം | 354-430 | ഹിപ്പോയിലെ ബിഷപ്പ് സെന്റ് അഗസ്റ്റിന്റെ ജീവിതകാലം |
| | 378 | ഗോത്തുകൾ അഡ്രിയാനോപ്പിളിൽ വച്ച് റോമൻ സൈന്യത്തെ അമ്പേ പരാജയപ്പെടുത്തുന്നു |
| 408-50 തിയോഡോഷിയസ് II (പ്രസിദ്ധമായ തിയോഡോഷ്യൻ കോഡി (നിയമ ഗ്രന്ഥം)ന്റെ സമാഹർത്താവ്) | 391 | അലക്സാൻഡ്രിയയിലെ സെറാപിയം (സെറാപിസിന്റെ ക്ഷേത്രം) തകർക്കപ്പെടുന്നു |
| | 410 | വിസിഗോത്തുകൾ റോമിനെ തകർക്കുന്നു |
| | 428 | വാൻഡലുകൾ ആഫ്രിക്ക പിടിച്ചെടുക്കുന്നു |
| | 434-53 | ഹൂണനായ ആറ്റിലയുടെ സാമ്രാജ്യം |
| 490 - 518 അനസ്തേഷ്യസ് | 493 | ഓസ്ട്രോഗോത്തുകൾ ഇറ്റലിയിൽ രാജ്യം സ്ഥാപിക്കുന്നു |
| 527 - 65 ജസ്റ്റീനിയൻ | 533-50 | ജസ്റ്റീനിയൻ ആഫ്രിക്കയും ഇറ്റലിയും വീണ്ടെടുക്കുന്നു |
| 531 -79 ഇറാനിൽ ഖുസ്റോ I -ാമന്റെ ഭരണകാലം | 541-70 | ബ്യൂബണിക് പ്ലേഗ് പൊട്ടിപ്പുറപ്പെടുന്നു |
| | 568 | ലൊംബാർഡുകൾ ഇറ്റലിയെ ആക്രമിക്കുന്നു |
| 610 - 41 ഹെറാക്ലിയസ് | സി. 570 | പ്രവാചകനായ മുഹമ്മദിന്റെ ജനനം |
| | 614-19 | പേർഷ്യൻ രാജാവായ ഖുസ്റോ രണ്ടാമൻ കിഴക്കൻ റോമൻ പ്രദേശങ്ങൾ ആക്രമിച്ച് കീഴ്പ്പെടുത്തുന്നു |
| | 622 | മുഹമ്മദും അനുയായികളും മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്യുന്നു |
| | 633-42 | അറബ് ആക്രമണങ്ങളുടെ ആദ്യ, നിർണായക ഘട്ടം; സിറിയ, പാലസ്തീൻ, ഈജിപ്ത്, ഇറാഖ്, ഇറാന്റെ ഭാഗങ്ങൾ എന്നിവ മുസ്ലീം സൈന്യം അധീനപ്പെടുത്തുന്നു |
| | 661-750 | സിറിയയിൽ വിയ്യ വംശം |
| | 698 | അറബികൾ കാർത്തേജ് പിടിച്ചെടുക്കുന്നു |
| | 711 | അറബികൾ സ്പെയിൻ ആക്രമിക്കുന്നു |




*രാവെണ്ണയിലെ മൊസൈക് സി.ഇ. 547, ജസ്റ്റീനിയൻ ചക്രവർത്തിയുടെ ചിത്രം.*

## അഭ്യാസങ്ങൾ (Exercises)

### ചുരുക്കി ഉത്തരം എഴുതുക (Answer in Brief)

1. നിങ്ങൾ റോമാസാമ്രാജ്യത്തിൽ ജീവിച്ചിരുന്നുവെങ്കിൽ നഗരങ്ങളിലാണോ, ഗ്രാമ പ്രദേശങ്ങളിലാണോ ജീവിക്കാൻ ആഗ്രഹിക്കുക? എന്തുകൊണ്ടാണ്? വിശദീകരിക്കുക.
2. ഈ അധ്യായത്തിൽ പരാമർശിക്കുന്ന കുറച്ച് നഗരങ്ങൾ, പട്ടണങ്ങൾ, നദികൾ, സമുദ്രങ്ങൾ, പ്രവിശ്യകൾ എന്നിവയുടെ ഒരു പട്ടിക ശേഖരിക്കുക. ഭൂപടത്തിൽ നിങ്ങൾ തയാറാക്കിയ പട്ടികയിലെ സ്ഥലങ്ങൾ കണ്ടെത്തുക. നിങ്ങൾ പട്ടികപ്പെടുത്തിയ സ്ഥലങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തെക്കുറിച്ച് വിശദാംശങ്ങൾ അവതരിപ്പിക്കാമോ?
3. ഗാർഹികാവശ്യങ്ങളുടെ പട്ടിക തയാറാക്കേണ്ടിവരുന്ന ഒരു റോമൻ വീട്ടമ്മയാണ് നിങ്ങളെന്ന് സങ്കൽപ്പിക്കുക. എന്തൊക്കെയായിരിക്കും നിങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തുക?
4. വെള്ളി നാണയങ്ങൾ പുറത്തിറക്കുന്നത് റോമൻ ഗവൺമെന്റ് നിർത്തി വച്ചതെന്തുകൊണ്ട്? പകരം, നാണയങ്ങളുണ്ടാക്കാൻ ഏതു ലോഹമാണ് ഉപയോഗിച്ചു തുടങ്ങിയത്?

### ലഘു ഉപന്യാസം എഴുതുക (Answer in a short essay)

5. യഥാർഥത്തിൽ ട്രാജൻ ചക്രവർത്തിക്ക് ഇന്ത്യ കീഴടക്കാൻ കഴിഞ്ഞു എന്നും, റോമാക്കാർ അനവധി നൂറ്റാണ്ടുകൾ ഇന്ത്യയിൽ ഉണ്ടായിരുന്നു എന്നും സങ്കൽപ്പിക്കുക. അങ്ങനെയെങ്കിൽ ഇന്ന് ഇന്ത്യ, ഏതെല്ലാം കാര്യങ്ങളിൽ വ്യത്യസ്തമായിരിക്കും?
6. അധ്യായം ശ്രദ്ധാപൂർവ്വം വായിച്ച് റോമിന്റെ സാമൂഹിക, സാമ്പത്തിക സവിശേഷതകളിൽ തികച്ചും ആധുനികമെന്ന് തോന്നുന്നവ തിരഞ്ഞെടുക്കുക.

പ്രമേയം

4

# മധ്യ ഇസ്‌ലാമിക പ്രദേശങ്ങൾ
## (THE CENTRAL ISLAMIC LANDS)

D2G4A4

*ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് നാം പ്രവേശിക്കുമ്പോൾ, ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി ഏകദേശം നൂറു കോടി മുസ്‌ലീങ്ങൾ വസിക്കുന്നതായി കാണാം. അവർ വ്യത്യസ്ത രാജ്യങ്ങളിലെ പൗരൻമാരും വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിഭിന്നമായ വസ്ത്രങ്ങൾ ധരിക്കുന്നവരുമാണ്. വ്യത്യസ്തമായ പ്രക്രിയകളിലൂടെയാണ് അവർ മുസ്‌ലീങ്ങളായിത്തീർന്നത്. വിവിധസാഹചര്യങ്ങളിൽ അവർ വിവിധപാതകളിലൂടെ സഞ്ചരിച്ചു. എങ്കിലും ഇസ്‌ലാമിക സമൂഹത്തിന്റെ ഏകീകൃതമായ ഭൂതകാല ഘട്ടത്തിന്റെ വേരുകൾ ഏകദേശം 1400 വർഷങ്ങൾക്ക് മുമ്പ് അറേബ്യൻ ഉപദ്വീപിൽ രൂപം കൊണ്ടു. ഈ അധ്യായത്തിൽ ഇസ്‌ലാമിന്റെ ഉദയത്തെക്കുറിച്ചും ഈജിപ്ത് മുതൽ അഫ്ഗാനിസ്ഥാൻ വരെയുള്ള വിശാലമായ ഭൂപ്രദേശത്ത് അത് വ്യാപിച്ചതിനെക്കുറിച്ചുമാണ് നാം പഠിക്കാൻ പോകുന്നത്. ഈ പ്രദേശമായിരുന്നു സി.ഇ. 600 മുതൽ 1200 വരെയുള്ള കാലത്തെ ഇസ്‌ലാമിക സംസ്കാരത്തിന്റെ ഹൃദയം. ഈ നൂറ്റാണ്ടുകളിൽ ഇസ്‌ലാമിക സമൂഹം അനേകം രാഷ്ട്രീയ സാംസ്കാരിക മാതൃകകൾ കാഴ്ചവച്ചു. 'ഇസ്‌ലാമികം' എന്ന പദം പൂർണമായും മതപരമായ കാഴ്ചപ്പാടിൽ മാത്രമല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മറിച്ച് ചരിത്രപരമായി ഇസ്‌ലാമുമായി ബന്ധപ്പെട്ട മുഴുവൻ സമൂഹത്തെയും സംസ്ക്കാരത്തെയും സൂചിപ്പിക്കുവാൻ കൂടിയാണ്. ഈ സമൂഹത്തിൽ സംഭവിച്ചതെല്ലാം തന്നെ നേരിട്ട് മതത്തിൽ നിന്നല്ല ഉത്ഭവിച്ചത്. എന്നാൽ മുസ്‌ലീങ്ങൾക്കും അവരുടെ വിശ്വാസത്തിനുമുള്ള സാമൂഹിക മേധാവിത്വം അംഗീകരിക്കപ്പെട്ട ഒരു സമൂഹത്തിലാണ് ഇത് സംഭവിച്ചത്. ക്രൈസ്തവലോകത്ത് ജൂതരെന്നപോലെ, അമുസ്‌ലീങ്ങൾ ഇസ്‌ലാമിക ലോകത്ത് ഒരു അവിഭാജ്യ ഘടകമായിരുന്നു.*

പുരാവൃത്തങ്ങൾ അഥവാ *തവാരീഖ്* (സംഭവങ്ങളെ കാലക്രമമനുസരിച്ച് വിവരിക്കുന്നവ), അർധ ചരിത്രഗ്രന്ഥങ്ങളായ ജീവചരിത്രങ്ങൾ (*സീറ*), പ്രവാചകന്റെ പ്രവർത്തനങ്ങളുടെയും വചനങ്ങളുടെയും രേഖകൾ (*ഹദീസ്*), ഖുറാന്റെ വ്യാഖ്യാനങ്ങൾ (*തഫ്സീർ*) മുതലായവയുടെ അടിസ്ഥാനത്തിലാണ് സി.ഇ. 600 മുതൽ 1200 വരെയുള്ള മധ്യ ഇസ്‌ലാമിക പ്രദേശത്തിന്റെ ചരിത്രം മനസ്സിലാക്കുവാൻ നമുക്ക് കഴിയുന്നത്. വാമൊഴിയായോ വരമൊഴിയായോ ഒരു നീണ്ടകാലയളവിൽ കൈമാറ്റം ചെയ്യപ്പെട്ടുവന്ന ദൃക്സാക്ഷി വിവരണങ്ങ (*അഖ്ബാർ*) ളുടെ ഒരു വലിയ ശേഖരത്തിൽ നിന്നാണ് ഈ ഗ്രന്ഥങ്ങളുടെ നിർമിതിയ്ക്കായുള്ള വിവരങ്ങൾ ലഭിച്ചത്. ഓരോ വിവരണത്തിന്റെയും ആധികാരികത *(ഖബർ)* ഒരു വിമർശനാത്മക രീതിശാസ്ത്രത്തിലൂടെ പരിശോധിച്ചിരുന്നു. ഇതിനായി വിവരണങ്ങൾ കൈമാറിവന്ന കണ്ണികൾ (*ഇസ്നാദ്*) മുഴുവൻ കണ്ടെത്തുകയും ആഖ്യാതാവിന്റെ വിശ്വാസ്യത തെളിയിക്കുകയും ചെയ്തു. ഇത് പഴുതുകളില്ലാത്ത രീതിയായിരുന്നില്ല. എന്നിരുന്നാലും മധ്യകാല മുസ്‌ലീം എഴുത്തുകാർ വിവരങ്ങൾ ശേഖരിക്കുന്നതിലും അറിവുകൾ നൽകുന്നവരുടെ ഉദ്ദേശ്യങ്ങൾ മനസ്സിലാക്കുന്നതിലും അന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായിരുന്ന തങ്ങളുടെ സമകാലീനരെക്കാൾ ശ്രദ്ധിച്ചിരുന്നു. വിവാദവിഷയങ്ങളിൽ ഒരു സംഭവത്തിന്റെ സ്രോതസുകൾക്കനുസരിച്ച് അവർ വ്യത്യസ്ത കാഴ്ചപ്പാടുകൾ പുനർനിർമ്മിക്കുകയും വിധിനിർണയിക്കാനുള്ള ദൗത്യം വായനക്കാർക്ക് നൽകുകയും ചെയ്തിരുന്നു. അവരുടെ കാലഘട്ടത്തോടടുത്ത് നിൽക്കുന്ന സംഭവങ്ങളെ, അഖ്ബാറുകളുടെ (ദൃക്സാക്ഷി വിവരണങ്ങൾ) വെറും ശേഖരണം എന്നതിലുപരി, അടുക്കും ചിട്ടയോടും വിശകലനാത്മക

*ഹീബ്രുവുമായും അറബിയുമായും ബന്ധപ്പെട്ട ഭാഷയാണ് അറാമായ അശോകന്റെ ശാസനങ്ങളിലും ഇത് ഉപയോഗിച്ചിരുന്നു.

മായ രീതിയിലും അവർ വിവരിക്കുന്നു. ഭൂരിഭാഗം പുരാവൃത്തങ്ങളും അർധചരിത്ര ഗ്രന്ഥങ്ങളും അറബിയിലാണ് രചിച്ചിട്ടുള്ളത്. തബരി (Tabari, മരണം 923) യുടെ *താരിഖ്* (*Tarikh*) ആണ് ഇതിൽ ഏറ്റവും മികച്ചത്, ഇത് 38 വാല്യങ്ങളായി ഇംഗ്ലീഷ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പേർഷ്യൻ പുരാവൃത്തങ്ങൾ വളരെ ചുരുക്കമാണ്; എന്നാൽ അവ മധ്യ ഏഷ്യയുടെയും ഇറാന്റെയും ചരിത്രം വളരെ വിശദമായിട്ടാണ് പ്രതിപാദിക്കുന്നത്. സുറിയാനി (അറമായ* ഭാഷയുടെ ഒരു പ്രാദേശിക രൂപം) ഭാഷയിൽ എഴുതിയ ക്രിസ്ത്യൻ പുരാവൃത്തങ്ങൾ കുറവാണെങ്കിലും ആദ്യകാല ഇസ്ലാമിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. പുരാവൃത്തങ്ങളെക്കൂടാതെ നിയമ ഗ്രന്ഥങ്ങൾ, ഭൂമിശാസ്ത്ര ഗ്രന്ഥങ്ങൾ, യാത്രാവിവരണങ്ങൾ, സാഹിത്യകൃതികളായ കഥകൾ, കവിതകൾ എന്നിവയും നമുക്കു ലഭ്യമാണ്.

രേഖപ്പെടുത്തിയ തെളിവുകൾ (പൂർണമല്ലാത്ത ചില ഔദ്യോഗിക ഉത്തരവുകൾ, സ്വകാര്യ കത്തിടപാടുകൾ എന്നിവ പോലെ) ചരിത്രരചനയ്ക്ക് ഏറ്റവും മൂല്യമുള്ളവയാണ്, എന്തെന്നാൽ ഇവ സംഭവങ്ങളെ ബോധപൂർവമല്ല സൂചിപ്പിക്കുന്നത്. അറബ്-ഗ്രീക്ക് പേപ്പറി (papyri) യിൽ നിന്നും (ഭരണചരിത്രത്തിന് ഉപകാരപ്രദം) ജനിസ (Geniza) രേഖകളിൽ നിന്നുമാണ് ഇവ പ്രധാനമായും ലഭിക്കുന്നത്. ചില തെളിവുകൾ പുരാവസ്തുക്കൾ (മരുഭൂമിയിലെ കൊട്ടാരങ്ങളിൽ നടന്ന ഉൽഖനനങ്ങൾ), നാണയപഠനം (ന്യൂമിസ്മാറ്റിക്സ്), ശിലാലിഖിതങ്ങൾ (എപ്പിഗ്രാഫി) തുടങ്ങിയ സ്രോതസുകളിൽ നിന്നുമാണ് ലഭിക്കുന്നത്. അവയ്ക്ക് സാമ്പത്തികചരിത്രം, കലാചരിത്രം, എന്നിവ നിർമ്മിക്കുന്നതിലും പേരുകളും ദിനങ്ങളും നിർണയിക്കുന്നതിലും വളരെ പ്രാധാന്യമുണ്ട്.

ശരിയായ രീതിയിലുള്ള ഇസ്ലാമിക ചരിത്രരചനയ്ക്ക് തുടക്കം കുറിച്ചത് പത്തൊൻപതാം നൂറ്റാണ്ടിൽ നെതർലന്റിലെയും ജർമ്മനിയിലെയും സർവകലാശാല അധ്യാപകരാണ്. മധ്യേഷ്യയുടെയും വടക്കൻ ആഫ്രിക്കയുടേയും മേലുള്ള കൊളോണിയൽ താൽപ്പര്യങ്ങളാണ് ഇസ്ലാമിനെക്കുറിച്ച് പഠിക്കുവാൻ ഫ്രഞ്ച്-ഇംഗ്ലീഷ് ഗവേഷകരെ പ്രേരിപ്പിച്ചത്. ക്രിസ്തുമതവുമായി ഇസ്ലാമിനെ താരതമ്യം ചെയ്യുകയെന്നതായിരുന്നു ക്രിസ്ത്യൻ പുരോഹിതൻമാരുടെ പ്രധാന ലക്ഷ്യമെങ്കിലും ഇസ്ലാമികചരിത്രം പഠിക്കുവാൻ അവരും പ്രത്യേകം ശ്രദ്ധകൊടുക്കുകയും ചില നല്ല ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. മൂലകൃതികളുടെ വിമർശനാത്മക പഠനത്തിനും അറബിക്-പേർഷ്യൻ ഭാഷകളിലെ അവഗാഹത്തിനും പ്രശസ്തരായിരുന്നു പൗരസ്ത്യവാദികളിൽ (Orientalist) പ്പെടുന്ന ഈ പണ്ഡിതർ. ഹംഗേറിയൻ ജൂതനായിരുന്ന ഇഗ്നസ് ഗോൾഡ്സീഹർ (Ignaz Goldziher) കെയ്റോയിലെ ഇസ്ലാമിക കോളേജിൽ (അൽ-അസ്ഹർ) പഠിക്കുകയും ജർമ്മൻ ഭാഷയിൽ ഇസ്ലാമിക നിയമത്തെയും മതത്തെയും കുറിച്ച് നൂതനമായ പാത തുറക്കുന്ന പഠനങ്ങൾ നടത്തുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിലെ ചരിത്രകാരർ പൗരസ്ത്യവാദികളുടെ രീതികളും താൽപ്പര്യങ്ങളുമാണ് പൊതുവെ പിൻതുടർന്നത്. പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും സാമ്പത്തികശാസ്ത്രം, നരവംശശാസ്ത്രം, സ്ഥിതിവിവരക്കണക്കുകൾ മുതലായ അനുബന്ധവിഷയങ്ങൾ ഉപയോഗപ്പെടുത്തിയും അവർ ഇസ്ലാമിക ചരിത്രത്തിന്റെ സാധ്യതകൾ വർധിപ്പിക്കുകയും പൗരസ്ത്യ പഠനങ്ങളുടെ പല കാഴ്ചപ്പാടുകളെയും പരിഷ്ക്കരിക്കുകയും ചെയ്തു. തങ്ങളുടെ പഠന വിഷയമായ ജനതയുടെ ആചാരങ്ങളും വിശ്വാസങ്ങളും പങ്കുവയ്ക്കുന്നവരാണെങ്കിലും ചരിത്രകാരർ ആധുനിക ചരിത്ര രീതിശാസ്ത്രം ഉപയോഗിച്ച് മതത്തെ പഠിക്കേണ്ടതെങ്ങനെ എന്നതിന് മികച്ച ഉദാഹരണമാണ് ഇസ്ലാം ചരിത്രരചനാശാസ്ത്രം.

## അറേബ്യയിൽ ഇസ്‌ലാമിന്റെ ഉദയം : വിശ്വാസം, സമുദായം, രാഷ്ട്രീയം (The Rise of Islam in Arabia : Faith, Community and Politics)

സി.ഇ. 612–32 കാലഘട്ടത്തിൽ പ്രവാചകനായ മുഹമ്മദ് (Prophet Muhammad) അല്ലാഹു (Allah) എന്ന ഏകദൈവത്തോടുള്ള ആരാധനയും വിശ്വാസികളുടെ ഏകസമൂഹത്തിലെ (*umma*) അംഗത്വത്തെക്കുറിച്ചും പഠിപ്പിച്ചു. ഇതായിരുന്നു ഇസ്‌ലാമിന്റെ തുടക്കം. മുഹമ്മദ് ഭാഷയും സംസ്കാരവും കൊണ്ട് ഒരു അറബിയും തൊഴിൽകൊണ്ട് ഒരു വ്യാപാരിയുമായിരുന്നു. ആറാം നൂറ്റാണ്ടിലെ അറബ് സംസ്കാരം അറേബ്യൻ ഉപദ്വീപിലും, തെക്കൻ സിറിയ, മെസൊപ്പൊട്ടേമിയ എന്നീ പ്രദേശങ്ങളിലും ഒതുങ്ങി നിന്നിരുന്നു. അറബികൾ ഗോത്രങ്ങളായി* (*ഖബീല*) ആയി വിഭജിക്കപ്പെട്ടിരുന്നു. ഗോത്രത്തലവൻമാരെ തിരഞ്ഞെടുത്തിരുന്നത് കുടുംബ ബന്ധങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ വ്യക്തിപരമായ ധീരത, ജ്ഞാനം, ഉദാരമനസ്കത (*മുറാവ്വ*) എന്നിവ കൂടുതൽ പ്രധാനമായിരുന്നു. ഓരോ ഗോത്രത്തിനും അവരുടേതായ ദേവനും ദേവതകളുമുണ്ടായിരുന്നു. ആരാധനാലയങ്ങളിൽ വിഗ്രഹങ്ങൾ (*സനം*) വച്ച് ആരാധിച്ചിരുന്നു. കൂടുതൽ അറബ് ഗോത്രങ്ങളും നാടോടികൾ (ബദവികൾ) (Bedouins) ആയിരുന്നു. തങ്ങളുടെ ഭക്ഷണം (പ്രധാനമായും ഈന്തപ്പഴം) അന്വേഷിച്ചും ഒട്ടകങ്ങളുടെ തീറ്റയ്ക്കായും മരുഭൂമിയിലെ വരണ്ട പ്രദേശങ്ങളിൽ നിന്ന് മരുപ്പച്ചകളിലേക്ക് ഇവർ സഞ്ചരിച്ചുകൊണ്ടിരുന്നു. ചിലർ നഗരങ്ങളിൽ സ്ഥിരമായി വസിച്ചുകൊണ്ട് വ്യാപാരമോ കൃഷിയോ ചെയ്തുപോന്നു. മുഹമ്മദിന്റെ ഗോത്രക്കാരായ ഖുറൈഷി (Quraysh) കൾ മക്കയിൽ വസിക്കുകയും ക്യൂബിന്റെ ആകൃതിയിലുള്ള പ്രധാന ആരാധനാലയമായ കഅബയെ (Kaba) നിയന്ത്രിക്കുകയും ചെയ്തിരുന്നു. ഇവിടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ടായിരുന്നു. മക്കയ്ക്ക് പുറത്തുള്ള ഗോത്രങ്ങൾപോലും കഅബയെ വിശുദ്ധമായി കരുതുകയും തങ്ങളുടേതായ വിഗ്രഹങ്ങൾ ഈ ആരാധനാലയത്തിൽ പ്രതിഷ്ഠിക്കുകയും വർഷം തോറും ഇവിടേക്ക് തീർഥാടനം (*ഹജ്ജ്*) നടത്തുകയും ചെയ്തിരുന്നു. സിറിയയെയും യമനെയും ബന്ധിപ്പിക്കുന്ന വ്യാപാരപാതയുടെ സംഗമസ്ഥാനത്താണ് മക്ക സ്ഥിതിചെയ്യുന്നത്. ഇതും ഈ നഗരത്തിന്റെ പ്രാധാന്യം വർധിപ്പിച്ചു (പേജ് 98 ഭൂപടം കാണുക). അക്രമം വിലക്കപ്പെടുകയും എല്ലാ സന്ദർശകർക്കും സംരക്ഷണം നൽകുകയും ചെയ്യുന്ന ഒരു പുണ്യസങ്കേത (*ഹറം*) ആയിരുന്നു മക്കയിലെ ആരാധനാലയം. നാടോടികളും സ്ഥിരവാസികളുമായ ഗോത്രങ്ങൾക്ക് തീർഥാടനവും വാണിജ്യവും പരസ്പരം ആശയവിനിമയം നടത്തുവാനും വിശ്വാസങ്ങളും ആചാരങ്ങളും പങ്കിടുവാനുമുള്ള അവസരമൊരുക്കി. ബഹുദൈവ വിശ്വാസികളായിരുന്ന അറബികൾക്ക് അല്ലാഹുവെന്ന പരമോന്നത ദൈവത്തെക്കുറിച്ചുള്ള അവ്യക്തമായ ഒരു ധാരണ ഉണ്ടായിരുന്നുവെങ്കിലും (ഈ ധാരണയുണ്ടായത് അവർക്കിടയിൽ ജീവിച്ചിരുന്ന ജൂത, ക്രിസ്തീയ ഗോത്രങ്ങളുടെ സ്വാധീനത്താലാവണം) വിഗ്രഹത്തോടും ആരാധനാലയങ്ങളോടുമുള്ള അവരുടെ അടുപ്പം കൂടുതൽ ശക്തമായിരുന്നു.

ഏകദേശം 612–ൽ, അല്ലാഹുവിനെ മാത്രമെ ആരാധിക്കാൻ പാടുള്ളൂ എന്ന് പ്രബോധനം നൽകുവാൻ ദൈവകല്പന ലഭിച്ച സന്ദേശവാഹകനാണ് (*റസൂൽ*) താനെന്ന് മുഹമ്മദ് പ്രഖ്യാപിച്ചു. മുഹമ്മദ് പഠിപ്പിച്ച ആരാധനാരീതി വളരെ ലളിതമായിരുന്നു. ദൈനംദിന പ്രാർഥനയും (*സലാത്ത്*) സാന്മാർഗിക തത്വങ്ങളും (ദാനം, ധർമ്മം, മോഷ്ടിക്കാതിരിക്കൽ മുതലായവ) ഇതിൽ ഉൾപ്പെടുന്നു. ഒരേ മതവിശ്വാസസംഹിതയാൽ പരസ്പരം ബന്ധിതരായ ഒരു വിശ്വാസസമുദായം (*ഉമ്മ*) സ്ഥാപിക്കുവാൻ മുഹമ്മദ് ലക്ഷ്യം വച്ചു. ദൈവത്തിന്റെ മുന്നിലും മറ്റു മതസമുദായങ്ങൾക്ക് മുന്നിലും ഈ മതത്തിന്റെ നിലനിൽപ്പിന് ഈ സമുദായം സാക്ഷിയായിരിക്കും (*ഷഹാദ*). വ്യാപാരം, മതം എന്നിവയിൽ നിന്നുമുള്ള നേട്ടങ്ങൾ നിഷേധിക്കപ്പെടുകയും പുതിയൊരു സാമു

*രക്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട സമൂഹങ്ങളാണ് ഗോത്രങ്ങൾ. കുലങ്ങളുടെയോ അല്ലെങ്കിൽ വലിയ കുടുംബങ്ങളുടെ സംയോജനത്തിലൂടെയോ ആണ് അറബ് ഗോത്രങ്ങൾ രൂപീകരിക്കപ്പെട്ടിരുന്നത്. ഗോത്രത്തെ ശക്തമാക്കുവാനായി ബന്ധമില്ലാത്ത കുലങ്ങളും ഒരുമിച്ചു. പ്രമുഖ ഗോത്രവർഗക്കാരുടെ പിന്തുണയോടു കൂടി അറബികളല്ലാത്ത വ്യക്തികളും (*മവാലികൾ*) ഇതിൽ അംഗങ്ങളായി. ഇസ്‌ലാമിലേക്ക് കടന്നുവന്നതിനു ശേഷവും *മവാലികൾ* പ്രത്യേക ആരാധനാലയങ്ങളിൽ പ്രാർത്ഥിച്ചിരുന്നു.

ദായിക സ്വത്വത്തെ അന്വേഷിക്കുകയുമായിരുന്ന മക്ക നിവാസികളെയാണ് മുഹമ്മദിന്റെ സന്ദേശങ്ങൾ പ്രത്യേകിച്ചും ആകർഷിച്ചത്. ഈ തത്വങ്ങൾ സ്വീകരിച്ചവർ മുസ്‌ലീങ്ങളെന്ന് വിളിക്കപ്പെട്ടു. മുസ്‌ലീങ്ങൾക്ക് വളരെപ്പെട്ടെന്നു തന്നെ സമ്പന്നരായ മക്ക ജനതയിൽ നിന്നും ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു. കാരണം തങ്ങളുടെ ദൈവങ്ങളെ തള്ളിക്കളയുന്നത് അവരെ പ്രകോപിപ്പിച്ചു. പുതിയ മതം തങ്ങളുടെ ഐശ്വര്യത്തിനും പദവിക്കും ഭീഷണിയാകുമെന്ന് അവർ കരുതി. സി.ഇ. 622 -ൽ മുഹമ്മദിന് തന്റെ അനുയായികളുമായി മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്യേണ്ടി വന്നു. മക്കയിൽ നിന്നുള്ള മുഹമ്മദിന്റെ യാത്ര (*ഹിജ്റ*) ഇസ്ലാമിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു. മദീനയിൽ അദ്ദേഹം എത്തിയ വർഷം മുസ്‌ലീം കലണ്ടറിന് ആരംഭം കുറിച്ചു.

### ഇസ്‌ലാമിക കലണ്ടർ (Islamic Calendar)

ഖലീഫയായ ഉമ്മറിന്റെ കാലത്താണ് ഹിജ്റ വർഷം സ്ഥാപിക്കപ്പെട്ടത്. അതിന്റെ ഒന്നാം വർഷം സി.ഇ. 622-ൽ ആരംഭിച്ചു. ഹിജ്റ കലണ്ടറിലെ ഓരോ തീയതിയ്ക്ക് ശേഷവും AH എന്ന അക്ഷരങ്ങൾ വരും.

ഹിജ്റ വർഷം 354 ദിനങ്ങളുള്ള ചന്ദ്രവർഷമാണ്, ഇതിൽ 29 അല്ലെങ്കിൽ 30 ദിവസങ്ങൾ ഉൾപ്പെടുന്ന (മുഹറം മുതൽ ദുൽഹജ്ജ് വരെ) 12 മാസങ്ങളുണ്ട്. ഓരോ ദിവസവും സൂര്യാസ്തമയത്തോടു കൂടി ആരംഭിക്കുന്നു. ഓരോ മാസവും ചന്ദ്രക്കലയുടെ കാഴ്ചയോടു കൂടി തുടങ്ങുന്നു. സൗരവർഷത്തെക്കാൾ 11 ദിവസം കുറവാണ് ഹിജ്റ വർഷം. അതുകൊണ്ട്, റംസാൻ വ്രതം, ഈദ്, ഹജ്ജ് എന്നിവ ഉൾപ്പെടെയുള്ള ഇസ്‌ലാമിക ആഘോഷങ്ങളൊന്നും തന്നെ സ്ഥിരമായി ഏതെങ്കിലും ഒരു ഋതുവുമായി ഒത്തുചേർന്ന് പോകുന്നില്ല. അതുപോലെ ഹിജ്റ കലണ്ടറിലെ ദിനങ്ങളെ ഗ്രിഗറിയൻ (സി.ഇ 1582 പോപ്പ് ഗ്രിഗറി പതിമൂന്നാമൻ സ്ഥാപിച്ചത്) ദിനങ്ങളുമായി പൊരുത്തപ്പെടുവാൻ എളുപ്പമായ മാർഗമൊന്നുമില്ല. ചുവടെ തന്നിരിക്കുന്ന സൂത്രവാക്യം ഉപയോഗിച്ച് ഗ്രിഗറിയൻ ക്രിസ്തുവർഷവും (C) ഇസ്‌ലാമിക വർഷവും (H) തമ്മിലുള്ള ഏകദേശം തുല്യത ഒരാൾക്ക് കണക്കു കൂട്ടാൻ കഴിയും.

$$(H \times 32/33)+622 = C$$

$$(C-622) \times 33/32 = H$$



*തീർഥാടകർ കഅബ യിൽ, പതിനൊന്നാം നൂറ്റാണ്ടിലെ പേർഷ്യൻ കൈയെഴുത്ത് പ്രതിയിൽ നിന്നുള്ള വിവരണം*


ഒരു മതത്തിന്റെ അതിജീവനം ആ വിശ്വാസി സമുദായത്തിന്റെ അതിജീവനത്തെ ആശ്രയിച്ചിരിക്കുന്നു. സമുദായത്തെ ആഭ്യന്തരമായി ഏകീകരിക്കുകയും ബാഹ്യമായ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുകയും വേണം. ഏകീകരണത്തിനും സംരക്ഷണത്തിനും രാഷ്ട്രവും ഭരണകൂടവും പോലുള്ള രാഷ്ട്രീയ സ്ഥാപനങ്ങൾ ആവശ്യമാണ്. ഇവ ഭൂതകാലത്തിൽ നിന്ന് പൈതൃകമായി നേടുകയോ, പുറമെനിന്ന് കടമെടുക്കുകയോ അല്ലെങ്കിൽ പുതുതായി സൃഷ്ടിക്കുകയോ ചെയ്തതാകാം. മദീനയിൽ ഈ മൂന്നു സ്രോതസുകളിൽ നിന്നും ഒരു രാഷ്ട്രീയ വ്യവസ്ഥ സൃഷ്ടിക്കുവാൻ മുഹമ്മദിന് കഴിഞ്ഞു. അതിലൂടെ അനുയായികൾക്ക് ആവശ്യമായ സംരക്ഷണം നൽകാനും നഗരത്തിൽ നടന്നുകൊണ്ടിരിക്കുന്ന പൗരന്മാരുടെ കലഹങ്ങളെ ലഘൂകരിക്കാനും കഴിഞ്ഞു. മുഹമ്മദിന്റെ രാഷ്ട്രീയ നേതൃത്വത്തിൻ കീഴിൽ മദീനയിലെ ജൂതരെയും ബഹുദൈവാരാധകരെയും ഉൾപ്പെടുത്തിക്കൊണ്ട് *ഉമ്മ* (*umma*) യെ കൂടുതൽ വിപുലീകരിച്ചു. അനുഷ്ഠാനങ്ങളും (ഉപവാസം പോലുള്ള) സന്മാർഗതത്വങ്ങളും കൂട്ടിച്ചേർത്തും പരിഷ്ക്കരിച്ചും മുഹമ്മദ് തന്റെ അനുയായികൾക്കായി മതത്തെ സുസംഘടിതമാക്കി. കൃഷി, വ്യാപാരം, ദാനനികുതികൾ (*സക്കാത്ത്*) എന്നിവകൊണ്ടാണ് സമുദായം നിലനിന്നത്. മക്കയുടെ നിയന്ത്രണം ലഭിച്ചതോടെ മുഹമ്മദ് പ്രശസ്തനായി തീർന്നു.

വിശ്വാസം സ്വീകരിച്ചുകൊണ്ട് ആളുകൾക്ക് സമുദായത്തിലേക്ക് കടന്നുവരാമെന്നായിരുന്നു മുഹമ്മദിന്റെ നിലപാട്. മരുഭൂമിയിലെ കഠിനമായ പരിസ്ഥിതിയിൽ അറബികൾ ഐക്യത്തിനും ശക്തിക്കും മൂല്യം കല്പിച്ചു. പല ഗോത്രങ്ങളും, പ്രത്യേകിച്ച് ബദവികൾ ഇസ്ലാമിലേക്ക് കടന്നുവരികയും സഖ്യങ്ങൾ അറേബ്യമുഴുവനായി ഉൾക്കൊള്ളുവാൻ തക്കവണ്ണം വളർന്നുവരികയും ചെയ്തു. മദീന, ഉയർന്നുവന്ന ഇസ്ലാമിക രാഷ്ട്രത്തിന്റെ ഭരണ തലസ്ഥാനവും മക്ക അതിന്റെ മതകേന്ദ്രവുമായി മാറി. മുസ്ലീങ്ങൾ കഅബയെ അഭിമുഖീകരിച്ച് പ്രാർത്ഥനകൾ നടത്തിയിരുന്നു. ആരാധനയ്ക്ക് എതിരായിരുന്നതിനാൽ വിഗ്രഹങ്ങളെ നിർമ്മാർജനം ചെയ്തു. വളരെ ചുരുങ്ങിയ കാലംകൊണ്ട് അറേബ്യയിലെ വലിയ ഒരു ഭാഗം പ്രദേശത്തെ പുതിയ വിശ്വാസത്തിന്റെയും രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും കീഴിൽ ഏകീകരിക്കുവാൻ മുഹമ്മദിന് കഴിഞ്ഞു. എങ്കിലും ആദ്യകാല ഇസ്ലാമിക രാഷ്ട്രം ദീർഘകാലം അറബ് ഗോത്രങ്ങളുടെയും വർഗങ്ങളുടെയും ഒരു കൂട്ടായ്മയായിത്തന്നെ തുടർന്നു.

## ഖലീഫ ഭരണം : വ്യാപനം, ആഭ്യന്തരയുദ്ധങ്ങൾ, വിഭാഗങ്ങളുടെ രൂപീകരണം (The Caliphate: Expansion, Civil Wars and Sect Formation)

സി.ഇ. 632-ൽ മുഹമ്മദിന്റെ മരണത്തിനുശേഷം, അദ്ദേഹത്തിന്റെ രാഷ്ട്രീയാധികാരം *ഉമ്മ*യിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. ഇത് നൂതനമായ പരീക്ഷണങ്ങൾക്ക് അവസരം സൃഷ്ടിച്ചുവെങ്കിലും മുസ്ലീങ്ങൾക്കിടയിൽ ആഴത്തിലുള്ള വിഭജനത്തിനും കാരണമായി. ഖലീഫ ഭരണരീതിയായിരുന്നു ഏറ്റവും വലിയ നൂതനമായ സൃഷ്ടി. ഇതിൽ സമുദായത്തിന്റെ നേതാവ് (*അമീർ അൽ മുഉ്മിനീൻ*) (*amir al-muminin*) പ്രവാചകന്റെ നിയുക്ത (*ഖലീഫ*) നായിത്തീർന്നു. ആദ്യത്തെ നാലു ഖലീഫമാരും (632–61) പ്രവാചകൻ നൽകിയ പൊതുവായ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തുടർന്നു. *ഉമ്മ*യുടെ ഭാഗങ്ങളായ ഗോത്രങ്ങളുടെമേലുള്ള നിയന്ത്രണം നിലനിർത്തുക, രാഷ്ട്രത്തിനുവേണ്ട വിഭവങ്ങൾ സമാഹരിക്കുക എന്നിവയായിരുന്നു ഖലീഫ ഭരണത്തിന്റെ രണ്ട് ലക്ഷ്യങ്ങൾ.

മുഹമ്മദിന്റെ മരണത്തെ തുടർന്ന്, അനേകം ഗോത്രങ്ങൾ ഇസ്ലാമിക രാഷ്ട്രത്തിൽ നിന്ന് വിട്ടുപോയി. *ഉമ്മ*യുടെ മാതൃകയിൽ സമുദായങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി പലരും അവരുടേതായ പ്രവാചകൻമാരെ ഉയർത്തികൊണ്ടുവന്നു. ഒന്നാമത്തെ ഖലീഫയായ അബുബക്കർ (Abu Bakr) തുടർച്ചയായ നടപടികളിലൂടെ ഈ കലാപങ്ങൾ അടിച്ചമർത്തി. രണ്ടാമത്തെ ഖലീഫയായ ഉമർ *ഉമ്മ*യുടെ വിപുലീകരണത്തിന് നേതൃത്വം നൽകി. ഇതിന്റെ ഭാഗമായി ഖലീഫയും അദേഹത്തിന്റെ സൈനിക തലവന്മാരും ഗോത്രശക്തിയെ ഏകീകരിച്ച് പടിഞ്ഞാറ് ബൈസാന്റിയൻ സാമ്രാജ്യങ്ങളിലേക്കും കിഴക്ക് സാസാനിയൻ സാമ്രാജ്യ ഭാഗങ്ങളിലേക്കും സ്വാധീനം വ്യാപിപ്പിച്ചു. ബൈസാന്റിയൻ, സാസാനിയൻ സാമ്രാജ്യങ്ങൾ അവരുടെ അധികാരത്തിന്റെ പാരമ്യത്തിൽ വിശാലമായ പ്രദേശങ്ങൾ ഭരിക്കുകയും വമ്പിച്ച വിഭവങ്ങളുടെ ആധിപത്യം നേടിക്കൊണ്ട് അറേബ്യയിൽ അവരുടെ രാഷ്ട്രീയ-വാണിജ്യ താൽപ്പര്യങ്ങൾ നിലനിർത്തുകയും ചെയ്തിരുന്നു. ബൈസാന്റൈൻ സാമ്രാജ്യം ക്രിസ്തുമതത്തെയും സസാനിയൻ സാമ്രാജ്യം ഇറാനിലെ പുരാതന മതമായ സൊറാസ്ട്രിയൻ (Zorastrianism) മതത്തേയുമാണ് പ്രോത്സാഹിപ്പിച്ചത്. എന്നാൽ അറബികളുടെ അധികാര വിപുലീകരണ കാലത്ത് ഈ രണ്ട് സാമ്രാജ്യങ്ങളുടെയും ശക്തി ക്ഷയിച്ചുകഴിഞ്ഞിരുന്നു. പ്രഭുക്കൻമാരുടെ കലാപങ്ങളും, മതപരമായ ഏറ്റുമുട്ടലുകളുമായിരുന്നു ബൈസാന്റൈൻ, സസാനിയൻ സാമ്രാജ്യങ്ങളുടെ അധപതനത്തിനുകാരണം. ഈ സാമ്രാജ്യങ്ങളുടെ ശക്തി




ഭൂപടം 1 : ഇസ്ലാമിക പ്രദേശങ്ങൾ

ക്ഷയിച്ചതിനാൽ അറബികൾക്ക് ഈ പ്രദേശങ്ങൾ എളുപ്പത്തിൽ കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. അങ്ങനെ സിറിയ, ഇറാഖ്, ഇറാൻ, ഈജിപ്ത് എന്നീ പ്രദേശങ്ങൾ മദീനയുടെ നിയന്ത്രണത്തിൽ വന്നു. സൈനികതന്ത്രം, എതിരാളികളുടെ ദൗർബല്യം എന്നിവയാണ് അറബികളുടെ വിജയത്തെ സഹായിച്ചത്; മൂന്നാമത്തെ ഖലീഫയായ ഉസ്മാൻ (Uthman) മധ്യേഷ്യവരെ നിയന്ത്രണം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. മുഹമ്മദിന്റെ മരണത്തിനുശേഷമുള്ള ഒരു ദശാബ്ദത്തിനുള്ളിൽ നൈലിനും, ഓക്സസിനുമിടയിലുള്ള വിശാലമായ പ്രദേശങ്ങൾ അറബ്-ഇസ്ലാമിക രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലായി. ഈ ഭൂപ്രദേശങ്ങൾ ഇന്നും മുസ്ലീം ഭരണത്തിൻ കീഴിലാണ്.

കീഴടക്കിയ മുഴുവൻ പ്രദേശങ്ങളിലും ഗവർണർമാരുടെയും (*അമീറുകൾ*) ഗോത്രത്തലവൻമാരുടെയും (*അഷറഫ്*) നേതൃത്വത്തിൽ ഒരു പുതിയ ഭരണവ്യവസ്ഥ ഖലീഫമാർ നടപ്പിലാക്കി. മുസ്ലീങ്ങൾ നൽകുന്ന നികുതികളും യുദ്ധത്തിലൂടെ ശേഖരിക്കുന്ന വിഭവത്തിന്റെ ഒരു പങ്കുമായിരുന്നു കേന്ദ്രഖജനാവിന്റെ (*ബയത്ത് അൽ-മാൽ*) പ്രധാന വരുമാനം. ഖലീഫയുടെ സൈനികർ, പ്രത്യേകിച്ചും ബദവികൾ, കുഫ (Kufa) ബസ്റ (Basra) മുതലായ മരുഭൂമിയോടു ചേർന്നു കിടക്കുന്ന നഗരതാവളങ്ങളിൽ വസിച്ചിരുന്നു. ഖലീഫയുടെ നിയന്ത്രണത്തിൻകിഴീലും അതേസമയം തങ്ങളുടെ സ്വാഭാവിക വാസസ്ഥാനത്തോട് ചേർന്നും തുടരുന്നതിനുവേണ്ടിയായിരുന്നു ഇത്. ഭരണവർഗത്തിനും സൈനികർക്കും പിടിച്ചെടുക്കുന്ന വിഭവങ്ങളുടെ പങ്കും പ്രതിമാസവേതനവും (*ata*) ലഭിച്ചിരുന്നു. അമുസ്ലീം ജനവിഭാഗങ്ങൾ *ഖറാജ് (Kharaj), ജിസ്യാ (Jiziya)* എന്നീ നികുതികൾ നൽകികൊണ്ട് അവരുടെതായ സ്വത്തിനും മതാനുഷ്ഠാനങ്ങൾക്കും ഉള്ള അവകാശം നിലനിർത്തി. ജൂതൻമാരെയും ക്രിസ്ത്യാനികളെയും രാഷ്ട്രത്തിന്റെ സംരക്ഷിത പ്രജകളായി പ്രഖ്യാപിക്കുകയും (*ധിമ്മിയ്യ്*) സാമുദായിക കാര്യങ്ങളിൽ അവർക്ക് വലിയൊരളവ് സ്വയംഭരണം നൽകുകയും ചെയ്തു.

രാഷ്ട്രവ്യാപനവും ഏകീകരണവും, അറബ് ഗോത്രങ്ങൾക്ക് അത്ര എളുപ്പമായി നേടിയെടുക്കാൻ കഴിഞ്ഞില്ല. രാഷ്ട്രത്തിന്റെ അതിരുകൾ വിപുലമായപ്പോൾ വിഭവങ്ങളും സ്ഥാനമാനങ്ങളും പങ്കിടുന്നതിലുണ്ടായ തർക്കങ്ങൾ *ഉമ്മ*യുടെ ഐക്യത്തിന് ഭീഷണിയായിത്തീർന്നു. ആദ്യകാല ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭരണവർഗം ഏതാണ്ട് മുഴുവനായും മക്കയിലെ ഖുറൈഷികൾ ഉൾപ്പെട്ടതായിരുന്നു. മൂന്നാമത്തെ ഖലീഫയായ ഉസ്മാനും (644–56) ഒരു ഖുറൈഷിയായിരുന്നു. ഭരണത്തിൽ തന്റെ നിയന്ത്രണം ഉറപ്പിക്കുന്നതിനായി അദ്ദേഹം സ്വന്തം വിഭാഗക്കാരെ വളരെയധികമായി നിയമിച്ചു. ഇത് രാഷ്ട്രത്തിന്റെ മക്ക കേന്ദ്രീകൃതമായ സ്വഭാവത്തെ കൂടുതൽ ശക്തമാക്കുകയും മറ്റു ഗോത്രങ്ങളുമായുള്ള സംഘർഷത്തിലേക്ക് നയിക്കുകയും ചെയ്തു. മദീനയിലെ എതിർപ്പിനോടൊപ്പം ഇറാഖിലും ഈജിപ്തിലും ഉണ്ടായ എതിർപ്പുകൾ ഉസ്മാന്റെ വധത്തിലേക്ക് നയിച്ചു. ഉസ്മാന്റെ വധത്തോടു കൂടി അലി നാലാമത്തെ ഖലീഫയായി.


അലി (656–61) മക്കൻ പ്രഭുത്വത്തെ പ്രതിനിധീകരിക്കുന്നവരുമായി രണ്ട് യുദ്ധങ്ങൾ നടത്തിയതോടുകൂടി മുസ്‌ലീങ്ങളുടെ ഇടയിലുള്ള വിള്ളലിന് ആഴമേറി. അലിയെ അനുകൂലിച്ചവരും ശത്രുക്കളും പിൽക്കാലത്ത് ഇസ്‌ലാമിന്റെ രണ്ട് വിഭാഗങ്ങളായി രൂപം കൊണ്ടു : ഷിയയും (Shias) സുന്നിയും (Sunni). കൂഫയിൽ അലി സ്വയം അധികാരം ഉറപ്പിക്കുകയും മുഹമ്മദിന്റെ ഭാര്യ ആയിഷയുടെ നേതൃത്വത്തിലുള്ള സൈന്യത്തെ ഒട്ടകയുദ്ധ (Battle of Camel, 657) ത്തിൽ പരാജയപ്പെടുത്തുകയും ചെയ്തു. എന്നാൽ സിറിയയിലെ ഗവർണറും ഉസ്മാന്റെ ബന്ധുവുമായ മുആവിയ (Muawiya) യുടെ നേതൃത്വത്തിൽ നടന്ന വിഭാഗീയതയെ അടിച്ചമർത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. സിഫീനിൽ (വടക്കൻ മെസൊപ്പൊട്ടേമിയ) നടന്ന അലിയുടെ രണ്ടാമത്തെ യുദ്ധം താൽക്കാലികമായി അവസാനിച്ചുവെങ്കിലും അദ്ദേഹത്തിന്റെ അനുയായികൾ രണ്ട് വിഭാഗങ്ങളായി പിരിയുകയും ഒരു വിഭാഗം അദ്ദേഹത്തോട് കൂറ് പുലർത്തുകയും മറുവിഭാഗം പാളയം വിട്ടുപോകുകയും ചെയ്തു. വിട്ടുപോയവർ ഖവാരിജ് (Kharjis) എന്ന് അറിയപ്പെട്ടു. വൈകാതെ കൂഫയിലെ പള്ളിയിൽ വച്ച് ഒരു ഖവാരിജിയാൽ അലി വധിക്കപ്പെട്ടു. അലിയുടെ മരണത്തിനുശേഷം, അദ്ദേഹത്തിന്റെ അനുയായികൾ മകനായ ഹുസൈനോടും പിൻഗാമികളോടും കൂറ് പുലർത്തി. 661 –ൽ മുആവിയ അടുത്ത ഖലീഫയായി സ്വയം പ്രഖ്യാപിച്ചുകൊണ്ട് ഉമവിയ്യ രാജവംശം (Umayyad dynasty) സ്ഥാപിക്കുകയും അത് 750 വരെ തുടരുകയും ചെയ്തു.

ആഭ്യന്തര യുദ്ധങ്ങൾക്കുശേഷം, അറബികളുടെ ആധിപത്യം ശിഥിലമായേക്കും എന്ന തോന്നലുളവായി. ഗോത്ര ആക്രമണകാരികൾ, കീഴടക്കിയ ജനതയുടെ കൂടുതൽ പരിഷ്കൃതമായ സംസ്ക്കാരം സ്വീകരിച്ചിരുന്നതായി ചില സൂചനകളുണ്ട്. ഖുറൈഷി ഗോത്രത്തിലെ ഒരു സമ്പന്ന ഉപവിഭാഗമായ ഉമവിയ്യകളുടെ കീഴിലാണ് രണ്ടാംഘട്ട ഏകീകരണം നടക്കുന്നത്.

## ഉമവിയ്യകളും രാഷ്ട്രവ്യവസ്ഥയുടെ കേന്ദ്രീകരണവും (The Umayyads and the Centralisation of Polity)

വിശാലമായ ഭൂപ്രദേശങ്ങൾ കീഴടക്കിയതോടെ മദീനയിൽ കേന്ദ്രീകൃതമായ ഖലീഫാഭരണം ദുർബലമായി. അതിനു ബദലായി ഒരു സമഗ്രാധിപത്യ രാഷ്ട്രവ്യവസ്ഥ രൂപം കൊള്ളുകയും ചെയ്തു. ഉമവിയ്യകൾ രാഷ്ട്രീയ പരിഷ്ക്കാര പരമ്പരയിലൂടെ *ഉമ്മ*യിൽ അവരുടെ നേതൃത്വത്തെ ഭദ്രമാക്കി. ഒന്നാമത്തെ ഉമവിയ്യ ഖലീഫയായ മുആവിയ, അദ്ദേഹത്തിന്റെ തലസ്ഥാനം ദമാസ്കസിലേക്ക് (Damascus) മാറ്റി. ബൈസാന്റൈൻ സാമ്രാജ്യത്തിലെ ഭരണസ്ഥാപനങ്ങളും രാജസദസ്സിലെ ആഘോഷങ്ങളും സ്വീകരിച്ചു. അദ്ദേഹം പരമ്പരാഗതമായ പിൻതുടർച്ചാ സമ്പ്രദായം നടപ്പിലാക്കുകയും തന്റെ മകനെ

*അബദ് അൽ-മാലിക് ഒരു പാറയുടെ മുകളിൽ നിർമ്മിച്ച ഡോം ഓഫ് ദി റോക്ക്, ഇസ്‌ലാമിക് നിർമ്മാണ കല യുടെ ഏറ്റവും ആദ്യത്തെ സൃഷ്ടിയാണ്. ജറുസലേം നഗരത്തിൽ മുസ്‌ലീം സാന്നി ധ്യത്തിന്റെ സ്മാരകമായി ഇത് നിർമ്മിക്കപ്പെട്ടു. ഈ സ്മാരകം പ്രവാചകന്റെ സ്വർഗത്തിലേക്കുള്ള രാത്രി യാത്ര (ഇസ്റാഉ്) യുമായി ബന്ധപ്പെട്ടതാണ്.*



അവകാശിയായി അംഗീകരിക്കാൻ പ്രമുഖരായ മുസ്‌ലീങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. ഈ നൂതനാശയങ്ങൾ അദ്ദേഹത്തെ പിൻതുടർന്നുവന്ന ഖലീഫമാരും സ്വീക രിച്ചു. ഇത് ഉമവിയ്യകളെ തൊണ്ണൂറ് വർഷത്തോളവും അബ്ബാസിയകളെ (Abbasid) രണ്ട് നൂറ്റാണ്ടും അധികാരം നിലനിർത്താൻ സഹായിച്ചു.

ഉമവിയ്യ രാഷ്ട്രം ഒരു സാമ്രാജ്യ ശക്തിയായിത്തീർന്നു. അതിന്റെ നേരിട്ടുള്ള അടിസ്ഥാനം ഇസ്‌ലാമായിരുന്നില്ല. മറിച്ച് രാഷ്ട്രഭരണ വൈദഗ്ധ്യവും സിറിയൻ സൈന്യ ത്തിന്റെ കൂറുമായിരുന്നു. ഭരണത്തിൽ ക്രിസ്ത്യൻ ഉപദേശകരും, ഒപ്പം സൊറാസ്ട്രി യൻ പകർപ്പെഴുത്തുകാരും ഉദ്യോഗസ്ഥരും ഉണ്ടായി. എന്നിരുന്നാലും ഇസ്‌ലാം തുടർന്നും അവരുടെ ഭരണത്തിന് സാധുത നൽകിക്കൊണ്ടിരുന്നു. ഇസ്‌ലാമിന്റെ പേരിൽ തന്നെ യാണ് ഉമവിയ്യകൾ ഐക്യത്തിന് ആഹ്വാനം നൽകിയതും കലാപങ്ങളെ അടിച്ചമർത്തി യതും. അവർ തങ്ങളുടെ അറബ്-സാമൂഹിക സ്വത്വത്തെയും നിലനിർത്തി. അബദ് അൽ-മാലിക്കിന്റെയും (Abd al -Malik, 685-705) അദ്ദേഹത്തിന്റെ പിൻഗാമികളുടെയും ഭരണകാലത്ത് അറബ് ഇസ്‌ലാമിക സ്വത്വങ്ങൾക്ക് ശക്തമായ ഊന്നൽ നൽകപ്പെട്ടു. അറബി ഭരണഭാഷയാക്കിയതും ഇസ്‌ലാമിക നാണയവ്യവസ്ഥ നടപ്പിലാക്കിയതും അബദ് അൽ-മാലിക്കിന്റെ പരിഷ്ക്കാരങ്ങളായിരുന്നു. ഖലീഫ ഭരണത്തിൽ പ്രചരിച്ചി രുന്ന സ്വർണനാണയമായ *ദീനാറും (dinar)* വെള്ളിനാണയമായ *ദിർഹമും (dirham)* ഇറാനിയൻ-ബൈസാന്റൈൻ നാണയങ്ങളുടെ (*ദിനാറിയസ്, ഡ്രാക്കം*) മാതൃകയിലാ യിരുന്നു. ഈ നാണയങ്ങളിൽ കുരിശിന്റെയും ബലിപീഠത്തിന്റെ അടയാളങ്ങളും ഗ്രീക്ക്, പഹലവി (ഇറാനിലെ ഭാഷ) ലിഖിതങ്ങളും ഉണ്ടായിരുന്നു. ഇത്തരം അടയാളങ്ങളെ മാറ്റി അറബി ലിഖിതങ്ങൾ ഉൾപ്പെടുത്തി. ജറുസലേമിൽ ഡോം ഓഫ് ദി റോക്ക് (Dome of the Rock) നിർമ്മിച്ചുകൊണ്ട് അറബ് ഇസ്‌ലാമിക സ്വത്വത്തിന്റെ വികസനത്തിന് അബദ് അൽ-മാലിക് വളരെ പ്രകടമായ സംഭാവന നൽകി.

### അബദ് അൽ-മാലിക്കിന്റെ നാണയ പരിഷ്കരണം (Abd al-Malik's Coinage Reform)

ഈ മൂന്നു നാണയങ്ങളുടെ മാതൃകകൾ ബൈസാന്റിയത്തിൽ നിന്ന് അറബ് - ഇസ്ലാമിക നാണയത്തിലേക്കുള്ള മാറ്റത്തെ കാണിക്കുന്നു. ഇതിൽ രണ്ടാമത്തെ നാണയത്തിൽ താടിയും നീണ്ടമുടിയുമുള്ള ഖലീഫ പാരമ്പരാഗതമായ അറബ് വസ്ത്രം ധരിക്കുകയും ഒരു വാൾ പിടിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ പിൽക്കാലത്ത് ജീവനുള്ള വസ്തുക്കളെ കലകളിലും കരകൗശലങ്ങളിലും ചിത്രീകരിക്കുന്നതിന് അവർക്കിടയിൽ അനിഷ്ടം വളർന്നു വന്നു. അബദ്-അൽ-മാലിക്കിന്റെ നാണയ പരിഷ്കരണം അദ്ദേഹത്തിന്റെ രാജ്യധനകാര്യത്തിന്റെ പുനസംഘടനയുമായി ബന്ധപ്പെട്ടിരുന്നു. ഈ സമ്പ്രദായം വമ്പിച്ച വിജയമായിരുന്നു. അതിനാൽത്തന്നെ മൂന്നാമത്തെ ചിത്രത്തിന്റെ രീതിയും ഭാരവും മാതൃകയാക്കിക്കൊണ്ട് നൂറ്റാണ്ടുകളോളം നാണയങ്ങൾ അടിച്ചിറക്കപ്പെട്ടു.



*ഹെറാക്ലിയസ് ചക്രവർത്തിയുടെയും അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരുടെയും ചിത്രം മുദ്രണം ചെയ്തിട്ടുള്ള ബൈസാന്റിയൻ സ്വർണനാണയം (ദെനേരിയസ് ഒരേയൂസ്)*



*അബദ് അൽ-മാലിക് തന്റെ പേരും രൂപവും മുദ്രണം ചെയ്ത സ്വർണ ദിനാർ*



*ഈ നവീകൃത ദിനാർ തികച്ചും ലിപ്യാലേഖിതമാണ്. അത് ഈ വിശ്വാസവചനം വഹിക്കുന്നു: 'അല്ലാഹുവല്ലാതെ വേറൊരു ദൈവമില്ല, അദ്ദേഹത്തിന് പങ്കാളികളില്ല (ഷരീക്)'*

## അബ്ബാസിയ വിപ്ലവം (The Abbasid Revolution)

മുസ്ലീം ഭരണസംവിധാനത്തെ കേന്ദ്രീകൃതമാക്കുന്നതിൽ ഉമവിയ്യകൾ വിജയിച്ചെങ്കിലും അവർ അതിന് വലിയ വിലനൽകേണ്ടി വന്നു. *ദഅ്‌വാ (dawa)* എന്ന് വിളിക്കപ്പെട്ട ഒരു സംഘടിത പ്രസ്ഥാനം ഉമവിയ്യകളെ പുറത്താക്കുകയും മറ്റൊരു മക്കൻ വംശത്തിൽപ്പെട്ട അബ്ബാസിയകളെ 750 -ൽ അധികാരത്തിൽ കൊണ്ടുവരികയും ചെയ്തു. ഉമവിയ്യ ഭരണം തിന്മയാണെന്ന് അബ്ബാസിയകൾ ചിത്രീകരിക്കുകയും പ്രവാചകന്റെ യഥാർഥ ഇസ്ലാമിനെ പുനസ്ഥാപിക്കുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ വിപ്ലവം രാജവംശത്തിന്റെ മാറ്റത്തിലേക്ക് മാത്രമല്ല നയിച്ചത്. ഇത് ഇസ്ലാമിന്റെ രാഷ്ട്രീയ ഘടനയിലും സംസ്കാരത്തിലും മാറ്റങ്ങൾക്ക് വഴിതെളിച്ചു.

അബ്ബാസിയ കലാപം വിദൂരപ്രദേശമായ ഖുറാസനിലാണ് (കിഴക്കൻ ഇറാൻ) പൊട്ടിപ്പുറപ്പെട്ടത്. ഖുറാസനിലേക്ക് വേഗതയുള്ള കുതിരപ്പുറത്ത് ദമാസ്കസിൽ നിന്നും 20 ദിവസത്തെ യാത്രാദൂരമുണ്ടായിരുന്നു. പലകാരണങ്ങളാൽ സംഘടിതമാക്കി നയിക്കാൻ കഴിയുന്ന ഒരു അറബ്-ഇറാനിയൻ സമ്മിശ്രജനതയായിരുന്നു ഖുറാസനിൽ ഉണ്ടായിരുന്നത്. ഇവിടത്തെ അറബ് സൈനികർ ഭൂരിഭാഗവും ഇറാഖിൽ നിന്നുള്ളവരായിരുന്നു. ഇവർ സിറിയൻ ആധിപത്യത്തെ എതിർത്തിരുന്നു. നികുതിയിളവുകളും പ്രത്യേക ആനുകൂല്യങ്ങളും നൽകാമെന്ന വാഗ്ദാനം നിറവേറ്റാതിരുന്നതിനാൽ ഖുറാസനിലെ സാധാരണക്കാരായ അറബികൾ ഉമവിയ്യ ഭരണത്തെ വെറുത്തിരുന്നു. വംശബോധമുള്ള അറബികളുടെ അവഹേളനത്തിന് ഇരയായ ഇറാനിയൻ മുസ്ലീങ്ങളാകട്ടെ *(മവാലികൾ)*, ഉമവിയ്യകളെ പുറത്താക്കുന്നതിനുള്ള ഏത് നീക്കത്തിനോടും പങ്കുചേരാൻ തയാറായിരുന്നു.

അബ്ബാസിയകൾ (പ്രവാചകന്റെ അമ്മാവനായ അബ്ബാസിന്റെ പിൻഗാമികൾ) വ്യത്യസ്ത വിമത വിഭാഗങ്ങളെ ഒരുമിച്ചു കൂട്ടിയും പ്രവാചകന്റെ കുടുംബത്തിൽ നിന്നും (*അഹ്ൽ അൽ-ബൈത്ത്*) ഒരു മിശിഹ (*മഹ്ദി*) കടന്നുവന്ന് ഉമവിയ്യകളുടെ അടിച്ചമർത്തൽ ഭരണത്തിൽ നിന്നും അവരെ സ്വതന്ത്രരാക്കുമെന്ന് വാഗ്ദാനം ചെയ്തുകൊണ്ടും അധികാരം നേടുവാനുള്ള തങ്ങളുടെ ശ്രമങ്ങൾക്ക് നിയമസാധുത നേടിയെടുത്തു. ഇറാനിയൻ അടിമയായ അബുമുസ്‌ലീം (Abu Muslim) നയിച്ച അബ്ബാസിയകളുടെ സൈന്യം അവസാനത്തെ ഉമവിയ്യ ഖലീഫയായ മർവാനെ (Marwan) സാബ് നദിക്കരയിൽ (Zab river) വച്ചു നടന്ന യുദ്ധത്തിൽ പരാജയപ്പെടുത്തി.

സമാറയിൽ (രണ്ടാം അബ്ബാസിയ തലസ്ഥാനം) 850 – ൽ നിർമ്മിക്കപ്പെട്ട അൽ-മുത്തവ്വക്കിലിന്റെ മഹത്തായ പള്ളി (മോസ്ക്). ഇതിന്റെ 80 മീറ്റർ ഉയരമുള്ള മിനാരം ഇഷ്ടികയാൽ നിർമ്മിച്ചതാണ്. മെസൊപ്പൊട്ടേമിയൻ നിർമ്മാണ പാരമ്പര്യത്തിന്റെ പ്രചോദനത്തിൽ നിർമ്മിക്കപ്പെട്ട ഈ പള്ളി നൂറ്റാണ്ടുകളോളം ലോകത്തിലെ ഏറ്റവും വലിയ പള്ളി ആയിരുന്നു.



അബ്ബാസിയ ഭരണത്തിൻകീഴിൽ അറബ് സ്വാധീനം കുറയുകയും ഇറാനിയൻ സംസ്കാരത്തിന്റെ പ്രാധാന്യം വർധിക്കുകയും ചെയ്തു. പുരാതന ഇറാനിയൻ ആസ്ഥാന നഗരമായ ടെസിഫോണിന്റെ (Ctesiphon) അവശിഷ്ടങ്ങൾക്ക് സമീപമായി അബ്ബാസിയകൾ അവരുടെ തലസ്ഥാനമായ ബാഗ്ദാദ് സ്ഥാപിച്ചു. ഇറാഖികൾക്കും ഖുറാസനികൾക്കും കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്താനായി സൈന്യത്തെയും ഉദ്യോഗസ്ഥവൃന്ദത്തെയും ഗോത്ര അടിസ്ഥാനത്തിലല്ലാതെ പുനസംഘടിപ്പിച്ചു. അബ്ബാസിയ ഭരണാധികാരികൾ ഖലീഫ ഭരണത്തിന്റെ മത പദവിയെയും പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുകയും ഇസ്‌ലാമിക സ്ഥാപനങ്ങളെയും പണ്ഡിതരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എന്നാൽ ഭരണകൂടത്തിന്റെയും സാമ്രാജ്യത്തിന്റെയും ആവശ്യങ്ങളാൽ നിർബന്ധിതരായി അവർക്ക് രാഷ്ട്രത്തിന്റെ കേന്ദ്രീകൃത സ്വഭാവം നിലനിർത്തേണ്ടി വന്നു. ഉമവിയ്യകളുടെ അതിമനോഹരമായ സാമ്രാജ്യത്വ വാസ്തുവിദ്യയും രാജസദസ്സിലെ വിപുലമായ ആഘോഷങ്ങളും അവർ നിലനിർത്തി. രാജഭരണത്തെ താഴെയിറക്കിയെന്ന് അഭിമാനിച്ചിരുന്ന ഇവർ അതേ രാജഭരണം തന്നെ വീണ്ടും സ്ഥാപിക്കുവാൻ നിർബന്ധിതരായി.

## ഖലീഫ ഭരണത്തിന്റെ തകർച്ചയും സൽത്തനത്തുകളുടെ ഉദയവും (Break-up of the Caliphate and the Rise of Sultanates)

ബാഗ്ദാദിന് വിദൂരപ്രദേശങ്ങളിന്മേലുള്ള നിയന്ത്രണം നഷ്ടപ്പെട്ടതും സൈന്യത്തിലും ഉദ്യോഗസ്ഥവൃന്ദത്തിലും ഉണ്ടായിരുന്ന അറബ്-ഇറാനിയൻ അനുകൂല വിഭാഗങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകളുമാണ് ഒൻപതാം നൂറ്റാണ്ടിൽ അബ്ബാസിയ രാഷ്ട്രം ക്ഷയിക്കാനുള്ള കാരണങ്ങൾ. സി.ഇ. 810 -ൽ ഖലീഫ ഹറൂൺ അൽ-റഷീദിന്റെ (Harun al-Rashid) പുത്രൻമാരായ അമീനെ (Amin) യും മാമുനെയും (Mamun) പിന്തുണയ്ക്കുന്നവർ തമ്മിലുണ്ടായ ആഭ്യന്തരയുദ്ധം വിഭാഗീയത വർധിപ്പിച്ചു. തൽഫലമായി തുർക്കി

അടിമ ഉദ്യോഗസ്ഥരുടെ പുതിയൊരു അധികാരകേന്ദ്രം (*മംലൂക്*) സൃഷ്ടിക്കപ്പെട്ടു. ഷിയാ വിഭാഗം യാഥാസ്ഥിതിക സുന്നികളുമായി അധികാരത്തിനുവേണ്ടി ഒരിക്കൽക്കൂടി മത്സരിച്ചു. തൽഫലമായി ഒരു കൂട്ടം ചെറുരാജവംശങ്ങൾ ഉദയം ചെയ്തു. ഖുറാസനിലെയും ട്രാൻസ് ഓക്സിയാനയിലെയും (തുറാൻ അല്ലെങ്കിൽ ഓക്സസിന് അപ്പുറമുള്ള പ്രദേശങ്ങൾ) തഹ്റിദുകൾ (Tahridis) സമാനിദുകൾ (Samanids) ഈജിപ്തിലെയും സിറിയയിലെയും തുളിനിദുകൾ (Tulunids) എന്നിവയായിരുന്നു ഇതിൽ ചിലത്. പെട്ടെന്നു തന്നെ അബ്ബാസിയ അധികാരം മധ്യഇറാഖിലും പടിഞ്ഞാറൻ ഇറാനിലുമായി പരിമിതപ്പെട്ടു. ഇറാനിലെ കാസ്പിയൻ പ്രദേശത്തു (ദെയ്‌ലാം) നിന്നുള്ള ഷിയാവിഭാഗമായ ബൈദുകൾ (Buyids) 945 -ൽ ബാഗ്ദാദ് കീഴടക്കിയതോടുകൂടി അതും നഷ്ടപ്പെട്ടു. പുരാതന ഇറാനിയൻ സ്ഥാനപ്പേരുകളായ *ഷഹൻഷാ (Shahansha)* (രാജാക്കൻമാരുടെ രാജാവ്) ഉൾപ്പെടെയുള്ള സ്ഥാനപേരുകൾ ബൈദ് ഭരണകർത്താക്കൾ സ്വീകരിച്ചുവെങ്കിലും ഖലീഫ എന്ന പദം ഉപയോഗിച്ചില്ല. അബ്ബാസിയ ഖലീഫയെ സുന്നി വിഭാഗത്തിന്റെ പ്രതീകാത്മക തലവനായി അവർ നിലനിറുത്തി.

ഖലീഫാ ഭരണം നിലനിർത്തുവാനുള്ള ബൈദുകളുടെ തീരുമാനം തന്ത്രപരമായിരുന്നു. കാരണം മറ്റൊരു ഷിയാരാജവംശമായ ഫാത്തിമിയ്യാകൾക്ക് (Fatimids) ഇസ്‌ലാമിക ലോകം ഭരിക്കാനുള്ള ആഗ്രഹമുണ്ടായിരുന്നു. ഷിയവിഭാഗത്തിലെ ഉപവിഭാഗമായ ഇസ്മയിലി (Ismaili) യിൽ ഉൾപ്പെട്ട ഫാത്തിമിയ്യാകൾ പ്രവാചകന്റെ മകളായ ഫാത്തിമയുടെ പിൻഗാമികളാണെന്ന് അവകാശപ്പെട്ടു. അതുകൊണ്ട് ഭരണത്തിന്റെ ഏക പിന്തുടർച്ചാവകാശികൾ തങ്ങളാണെന്ന് അവർ വാദിച്ചു. വടക്കൻ ആഫ്രിക്ക ആസ്ഥാനമാക്കിയിരുന്ന അവർ 969 -ൽ ഈജിപ്ത് പിടിച്ചെടുക്കുകയും ഫാത്തിമിയ്യാ ഖലീഫ ഭരണത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഈജിപ്തിന്റെ പഴയ തലസ്ഥാനമായ ഫുസ്തത് (Fustat) ന്റെ സ്ഥാനത്ത് ഖാഹിറ (Qahira) എന്ന പുതിയ നഗരം സ്ഥാപിച്ചു (ഇപ്പോഴത്തെ കെയ്റോ); ചൊവ്വ (*മിരീഖ്/അൽഖാഹിർ* എന്നും അറിയപ്പെടുന്നു) ഗ്രഹത്തിന്റെ ഉദയദിവസത്തിലാണ് ഈ പുനസ്ഥാപനം നടത്തിയത്. പ്രതിയോഗികളായ ഈ രണ്ട് രാജവംശങ്ങളും ഷിയ ഉദ്യോഗസ്ഥരെയും കവികളെയും പണ്ഡിതരെയും സംരക്ഷിച്ചു.

950-നും 1200-നും ഇടയിൽ ഇസ്‌ലാമിക സമൂഹത്തെ ഒന്നിപ്പിച്ച് നിർത്തിയത് ഏകമായ രാഷ്ട്രീയ വ്യവസ്ഥയോ ഭാഷാസംസ്കാരമോ (അറബി) അല്ല, മറിച്ച് പൊതുവായ സാമ്പത്തിക സാംസ്കാരിക രീതികളായിരുന്നു. രാഷ്ട്രീയവിഭജനങ്ങളെ മറികടന്ന് ഐക്യം നിലനിർത്തുവാൻ സഹായിച്ചത് മൂന്ന് ഘടകങ്ങളായിരുന്നു. രാഷ്ട്രവും സമൂഹവും തമ്മിലുള്ള വേർതിരിക്കലും, ഉന്നത ഇസ്‌ലാമിക സംസ്കാരത്തിന്റെ ഭാഷയായി പേർഷ്യൻ ഭാഷയുടെ പുരോഗതിയും, ബൗദ്ധികപാരമ്പര്യങ്ങൾ തമ്മിലുള്ള പക്വതയാർന്ന സംവാദങ്ങളുമായിരുന്നു ഇവ. പണ്ഡിതൻമാരും കലാകാരൻമാരും കച്ചവടക്കാരും മധ്യ ഇസ്‌ലാമിക പ്രദേശങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കുക വഴി ആശയങ്ങളുടെയും ശൈലികളുടെയും പ്രചരണം ഉറപ്പാക്കി. ഇവയിൽ ചിലത് മതപരിവർത്തനത്തിന്റെ ഫലമായി ഗ്രാമീണമേഖലയിലേക്കും എത്തിച്ചേർന്നു. ഉമവിയ്യകളുടെയും ആദ്യകാല അബ്ബാസിയകളുടെയും കാലത്ത് പത്ത് ശതമാനത്തിൽ താഴെ മാത്രം ഉണ്ടായിരുന്ന മുസ്‌ലീം ജനസംഖ്യ ഗണ്യമായി വർധിച്ചു. ഒരു മതമെന്ന നിലയ്ക്കും ഇതരമതങ്ങളിൽ നിന്നും വ്യതിരിക്തമായ ഒരു സാംസ്കാരിക സംവിധാനം എന്ന നിലയ്ക്കുള്ള ഇസ്‌ലാമിന്റെ സവിശേഷ സ്വത്വം പരിവർത്തനം സാധ്യവും അർത്ഥവത്തുമാക്കി.

പത്ത്-പതിനൊന്ന് നൂറ്റാണ്ടുകളിൽ ഉദയം ചെയ്ത തുർക്കി സൽത്തനത്തുകളായിരുന്നു അറബികൾക്കും ഇറാനികൾക്കും ശേഷം ഇസ്‌ലാമിനോട് കൂട്ടിച്ചേർക്കപ്പെട്ട മൂന്നാമത്തെ വംശീയ വിഭാഗം. തുർക്കിസ്താനിലെ (ആരൽ കടലിന്റെ വടക്കു കിഴക്കു മുതൽ ചൈനയുടെ അതിർത്തി വരെ) മധ്യേഷ്യൻ പുൽമേടുകളിലെ നാടോടി ഗോത്ര

**പ്രവർത്തനം 1**

ഖലീഫ ഭരണത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന തലസ്ഥാനകേന്ദ്രങ്ങൾ തിരിച്ചറിയുക. ഇതിൽ ഏറ്റവും കേന്ദ്രസ്ഥാനീയമായത് ഏതെന്നാവും നിങ്ങൾ പറയുക?

ങ്ങളായിരുന്നു തുർക്കികൾ. ഇവർ ക്രമേണ ഇസ്‌ലാം മതത്തിലേക്ക് പരിവർത്തനം ചെയ്തു (പ്രമേയം 5 കാണുക). വൈദഗ്ധ്യമുള്ള അശ്വാരൂഢന്മാരും യോദ്ധാക്കളുമായിരുന്ന അവർ അബ്ബാസിയ, സമാനിദ്, ബൈദ് ഭരണകൂടങ്ങളിൽ അടിമകളായും സൈനികരായും പ്രവേശിക്കുകയും തങ്ങളുടെ വിശ്വസ്തതയുടെയും സൈനികമായ കഴിവുകളുടെയും അടിസ്ഥാനത്തിൽ ഉയർന്ന സ്ഥാനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. അൽപ്തജിൻ (Alptegin, 961) ആണ് ഗസ്നി സൽത്തനത്ത് സ്ഥാപിച്ചത്. അത് ഏകീകരിച്ചത് ഗസ്നിയിലെ മഹമൂദാണ് (Mahmud, 998-1030). ബൈദുകളെപ്പോലെ തന്നെ ഗസ്നാവിദുകളും ഒരു സൈനിക രാജവംശമായിരുന്നു. അവരുടെ സൈന്യം തുർക്കി -ഇന്ത്യൻ സൈനികർ ഉൾപ്പെട്ടതായിരുന്നു. (മഹമൂദിന്റെ ഒരു സൈനിക ജനറൽ തിലക് (Tilak) എന്നുപേരായ ഒരു ഇന്ത്യക്കാരനായിരുന്നു). ഖുറാസനും അഫ്ഗാനിസ്ഥാനുമായിരുന്നു അവരുടെ അധികാര കേന്ദ്രം. ഇവരെ സംബന്ധിച്ചിടത്തോളം അബ്ബാസിയ്യ ഖലീഫ എതിരാളിയായിരുന്നില്ല. പകരം അധികാരത്തിന് നിയമസാധുത നൽകുന്ന സ്രോതസ്സായിരുന്നു. താനൊരു അടിമയുടെ മകനാണെന്ന് മഹമൂദിന് ബോധ്യമുണ്ടായിരുന്നതുകൊണ്ട് ഖലീഫയിൽ നിന്ന് സുൽത്താൻ എന്ന സ്ഥാനപ്പേര് സ്വീകരിക്കുവാൻ പ്രത്യേകം തൽപ്പരനായിരുന്നു. ഷിയ അധികാരത്തിന് ഒരു എതിർ ശക്തി എന്ന നിലയ്ക്ക് സുന്നികളായ ഗസ്നികളെ പിന്തുണയ്ക്കുവാൻ ഖലീഫ സന്നദ്ധനായിരുന്നു.

സമാനിദുകളുടെയും ഖരഖാനിദുകളുടെയും (Qarakhanids) (കിഴക്കിൽ നിന്നുള്ള അമുസ്‌ലീം തുർക്കികൾ) സൈന്യത്തിൽ പടയാളികളായിട്ടാണ് സൽജുക്ക് തുർക്കികൾ തുറാനിൽ എത്തിച്ചേരുന്നത്. സഹോദരങ്ങളായ തുഗ്രിലി (Tughril) ന്റെയും ഛഗരി ബഗി (Chaghri Beg) ന്റെയും നേതൃത്വത്തിൻ കീഴിൽ ശക്തമായ ഒരു വിഭാഗമായി പിൽക്കാലത്ത് അവർ മാറി. മഹമൂദ് ഗസ്നിയുടെ മരണത്തെ തുടർന്നുണ്ടായ ക്രമരാഹിത്യം മുതലാക്കിക്കൊണ്ട് 1037-ൽ സൽജുക്കുകൾ ഖുറാസൻ പിടിച്ചെടുക്കുകയും നിഷാപൂരി* നെ (Nishapur) അവരുടെ ആദ്യ തലസ്ഥാനമാക്കുകയും ചെയ്തു. സൽജുക്കുകൾ അടുത്തതായി അവരുടെ ശ്രദ്ധ പടിഞ്ഞാറൻ പേർഷ്യയിലേക്കും ഇറാഖിലേക്കും (ബൈദുകൾ ഭരിക്കുന്ന സ്ഥലം) തിരിക്കുകയും, 1055-ൽ ബാഗ്ദാദിൽ സുന്നിഭരണം പുനസ്ഥാപിക്കുകയും ചെയ്തു. ഖലീഫയായ അൽ-ഖയിം (al-Qaim) സൽജുക്ക് ഭരണാധികാരിയായിരുന്ന തുഗ്രിൽ ബഗിന് സുൽത്താൻ എന്ന സ്ഥാനപ്പേര് നൽകുകയും ഈ നീക്കത്തിലൂടെ മതാധികാരത്തെയും രാഷ്ട്രീയാധികാരത്തെയും വേർതിരിക്കുകയും ചെയ്തു. കുടുംബമാകെ ഒന്നിച്ച് ഭരിക്കുക എന്നുള്ള ഗോത്ര വർഗനിയമത്തിനനുസൃതമായാണ് ഈ രണ്ട് സൽജുക്ക് സഹോദരങ്ങളും ഭരണം നടത്തിയിരുന്നത്. തുഗ്രിലിനെ (മരണം 1064) തുടർന്ന് അദ്ദേഹത്തിന്റെ അനന്തരവനായ അൽപ് അർസലൻ (Alp Arsalan) അധികാരത്തിൽ വന്നു. അൽപ് അർസലന്റെ കാലഘട്ടത്തിൽ സൽജുക്ക് സാമ്രാജ്യം അനറ്റോലിയ (Anatolia) (ആധുനിക തുർക്കി) വരെ വ്യാപിച്ചു.

**ഒരു പ്രധാന പേർഷ്യോ - ഇസ്‌ലാമിക പഠനകേന്ദ്രവും ഒമർ ഖയ്യാമിന്റെ ജന്മസ്ഥലവും.*




*ഒമർ ഖയ്യാമിനുള്ള സ്മാരകം, നിഷാപൂർ*

പതിനൊന്നാം നൂറ്റാണ്ട് മുതൽ പതിമൂന്നാം നൂറ്റാണ്ടുവരെ, അറബ്-രാഷ്ട്രങ്ങളും യൂറോപ്യൻ ക്രിസ്ത്യാനികളും തമ്മിൽ തുടർച്ചയായ ഏറ്റുമുട്ടലുകൾ ഉണ്ടായി. അതാണ് ചുവടെ ചർച്ച ചെയ്യുന്നത്. പിന്നീട് പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മുസ്‌ലീം ലോകം തങ്ങൾ ഒരു മഹാദുരന്തത്തിന്റെ വക്കിലാണെന്ന് തിരിച്ചറിഞ്ഞു. അത് മംഗോളിയരുടെ ഭീഷണിയായിരുന്നു. ഇത് സ്ഥിരവാസി നാഗരികതയുടെമേൽ നാടോടികൾ നടത്തിയ ആക്രമണങ്ങളിൽ ഏറ്റവും അവസാനത്തേതും എന്നാൽ ഏറ്റവും നിർണായകവുമായിരുന്നു (പ്രമേയം 5 കാണുക).

## കുരിശുയുദ്ധങ്ങൾ (The Crusades)

*അലെപ്പോ, ഒരു ഹിറ്റൈറ്റ്, അസീറിയൻ, ഹെലനിസ്റ്റിക് ആസ്ഥാനം. 636-ൽ അറബികൾ അലെപ്പോ കീഴടക്കി. അടുത്ത ആയിരം വർഷക്കാലം ഈ സ്ഥലത്തിനു വേണ്ടി പോരാട്ടങ്ങൾ നടന്നു; ചിത്രത്തിൽ കുരിശുയുദ്ധക്കാർ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നതു കാണാം. – നസൂഹ് അൽ – മത്രാക്കി വരച്ച ചിത്രം, (1534-36).*

ക്രിസ്ത്യാനികൾക്ക് അവരുടേതായ വിശുദ്ധ ഗ്രന്ഥം (പുതിയനിയമം അഥവാ *ഇൻജിൽ*) ഉള്ളതുകൊണ്ട് മധ്യകാല ഇസ്‌ലാമിക സമൂഹങ്ങൾ, ക്രിസ്ത്യാനികളെ ഗ്രന്ഥത്തിന്റെ ജനതയായി കരുതിയിരുന്നു (*അഹ്ൽ അൽ-കിതാബ്*). കച്ചവടക്കാർ, തീർഥാടകർ, സ്ഥാനപതികൾ, സഞ്ചാരികൾ തുടങ്ങിയ നിലകളിൽ മുസ്‌ലീം രാഷ്ട്രങ്ങളിൽ എത്തിയിരുന്ന ക്രിസ്ത്യാനികൾക്ക് പ്രവർത്തന സുരക്ഷ (*അംൻ, (Aman)*) നൽകപ്പെട്ടിരുന്നു. ഒരിക്കൽ ബൈസാന്റൈൻ സാമ്രാജ്യത്തിന്റെ കൈവശമായിരുന്ന പ്രദേശങ്ങളും, പ്രത്യേകിച്ച് വിശുദ്ധ ഭൂമിയായ പാലസ്തീനും ഈ സ്ഥലങ്ങളിൽ ഉൾപ്പെട്ടിരുന്നു. 638-ൽ അറബികൾ ജറുസലേം കീഴടക്കി. പക്ഷെ, ഇവിടം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ കുരിശുമരണവും പുനരുത്ഥാനവും നടന്ന സ്ഥലമായിരുന്നു. യൂറോപ്പിലെ ക്രിസ്ത്യാനികൾക്ക് മുസ്‌ലീങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ ഇത് ഒരു പ്രധാന ഘടകമായിരുന്നു.



പതിനൊന്നാം നൂറ്റാണ്ടിലാണ് മുസ്‌ലീംലോകത്തോടുള്ള ശത്രുത കൂടുതൽ സ്പഷ്ടമാകുന്നത്. നോർമനുകളും ഹംഗേറിയനുകളും ചില സ്ലാവുകളും ക്രിസ്തുമതം സ്വീകരിച്ചതോടെ മുസ്‌ലീങ്ങൾ മാത്രം പ്രധാന ശത്രുക്കളായി അവശേഷിച്ചു. പതിനൊന്നാം നൂറ്റാണ്ടിൽ പാശ്ചാത്യ യൂറോപ്പിലെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതികളിലുണ്ടായ മാറ്റങ്ങളും ക്രൈസ്തവലോകവും ഇസ്‌ലാമിക ലോകവും തമ്മിലുള്ള ശത്രുതയ്ക്ക് കാരണമായി. പുരോഹിത-യോദ്ധാ വിഭാഗങ്ങൾ (ആദ്യത്തെ രണ്ട് സാമൂഹിക വിഭാഗങ്ങൾ-പ്രമേയം 6 കാണുക) കൃഷിയെയും വ്യാപാരത്തെയും അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയ സ്ഥിരതയും സാമ്പത്തിക വളർച്ചയും ഉറപ്പുവരുത്താൻ പരിശ്രമിക്കുകയായിരുന്നു. പരസ്പരം മത്സരിക്കുന്ന ഫ്യൂഡൽ മണ്ഡലങ്ങൾ തമ്മിലുള്ള സൈനികമായ ഏറ്റുമുട്ടലിന്റെ സാധ്യതകളെയും കൊള്ള അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വ്യവസ്ഥിതിയിലേക്കുള്ള തിരിച്ചുപോക്കിനെയും തടഞ്ഞുനിർത്തിയത് ദൈവസമാധാന പ്രസ്ഥാനം (The Peace of God Movement) ആയിരുന്നു. ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്ന ചില പ്രദേശങ്ങളിലും സഭാ കലണ്ടറിലെ വിശുദ്ധകാലങ്ങളിലും സൈനികാക്രമണം നിരോധിക്കപ്പെട്ടിരുന്നു. പള്ളിയുമായി ബന്ധപ്പെട്ടവർ,

സാധരണക്കാർ മുതലായ പ്രത്യേക സാമൂഹിക വിഭാഗങ്ങളെയും ആക്രമിക്കാൻ പാടി ല്ലായിരുന്നു. ദൈവസമാധാന പ്രസ്ഥാനം ഫ്യൂഡൽ സമൂഹത്തിന്റെ ആക്രമണോൽസു കതയെ ക്രൈസ്തവ ലോകത്ത് നിന്ന് അകറ്റിക്കളയുകയും ദൈവത്തിന്റെ ശത്രുക്കളി ലേക്ക് അതിനെ വഴിതിരിച്ചുവിടുകയും ചെയ്തു. അവിശ്വാസികൾക്കെതിരെയുള്ള പോരാട്ടം അനുവദനീയം മാത്രമല്ല പ്രശംസനീയവുമായി മാറിയ ഒരു അന്തരീക്ഷമാണ് ഇത് സൃഷ്ടിച്ചത്.

1092-ൽ ബാഗ്ദാദിലെ സൽജുക്ക് സുൽത്താനായ മാലിക്ക്ഷാ (Malik Shah) യുടെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ സാമ്രാജ്യം തകർന്നു. ബൈസാന്റിയൻ ചക്രവർത്തിയായ അലക്സിയസ് ഒന്നാമന് (Alexius I) ഏഷ്യാ മൈനറും വടക്കൻ സിറി യയും തിരിച്ചുപിടിക്കാൻ ഇത് ഒരു അവസരം നൽകി. മാർപാപ്പയായ അർബൻ രണ്ടാ മൻ (Urban II) ഇത് ക്രൈസ്തവ സ്വത്വം പുനരുജ്ജീവിപ്പിക്കാനുള്ള ഒരവസരമാക്കി. 'വിശുദ്ധ ഭൂമിയെ' (Holy Land) മോചിപ്പിക്കുന്നതിന് ദൈവനാമത്തിൽ യുദ്ധം ചെയ്യു വാൻ ബൈസാന്റിയൻ ചക്രവർത്തിയുമായി കൈകോർത്തുകൊണ്ട് 1095-ൽ മാർപാപ്പ ആഹ്വാനം ചെയ്തു. 1095-നും 1291-നും ഇടയിൽ പടിഞ്ഞാറൻ യൂറോപ്പിലെ ക്രിസ്ത്യാ നികൾ കിഴക്കൻ മെഡിറ്ററേനിയൻ തീരപ്രദേശങ്ങളിലെ (Levant) മുസ്ലീം നഗര ങ്ങൾക്കെതിരായി യുദ്ധങ്ങൾ ആസൂത്രണം ചെയ്യുകയും പോരാടുകയും ചെയ്തു. ഈ യുദ്ധങ്ങൾ പിൽക്കാലത്ത് കുരിശുയുദ്ധങ്ങൾ* (Crusades) എന്ന് വിളിക്കപ്പെട്ടു.

**പോരാട്ടത്തിനു പ്രതിജ്ഞ യെടുത്തവർക്ക് മാർപാപ്പയുടെ ഉത്തരവിൻപ്രകാരം ആചാരാനു മതിയായി കുരിശു രൂപങ്ങൾ നൽകി.*

ഒന്നാം കുരിശുയുദ്ധത്തിൽ (1098–99) ഫ്രാൻസിലും ഇറ്റലിയിലും നിന്നുള്ള സൈനികർ സിറിയയിലെ അന്ത്യോക്യ (Antioch) പിടിച്ചെടുക്കുകയും ജറുസലേം അവ കാശപ്പെടുകയും ചെയ്തു. അവരുടെ വിജയത്തെത്തുടർന്ന് നഗരത്തിലെ മുസ്ലീങ്ങ ളെയും ജൂതരെയും കൂട്ടക്കൊല ചെയ്തതായി ക്രിസ്ത്യൻ -മുസ്ലീം പുരാവൃത്തങ്ങ ളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്ലീം എഴുത്തുകാർ ക്രിസ്ത്യാനികളുടെ (*ഇഫ്രിഞ്ചി* അഥവാ *ഫിരങ്കി* എന്നു വിളിച്ചിരുന്നു) ആഗമനത്തെ, ഫ്രാങ്കിഷ് ആക്രമണമെന്നാണ് പരാമർശിച്ചത്. ഫ്രാങ്കുകൾ വേഗത്തിൽ സിറിയ-പാലസ്തീൻ പ്രദേശത്ത് നാല് കുരി ശുയുദ്ധരാഷ്ട്രങ്ങൾ സ്ഥാപിച്ചു. ഈ പ്രദേശങ്ങൾ മൊത്തത്തിൽ ഔട്ട്റീമർ (Outremer) (കടലിനക്കരെയുള്ള ഭൂമി) എന്നാണ് അറിയപ്പെട്ടിരുന്നത്. ഔട്ട്റീമറിനെ നിലനിർത്തു വാനും വികസിപ്പിക്കുവാനുമാണ് പിൽക്കാല കുരിശുയുദ്ധങ്ങൾ ലക്ഷ്യമിട്ടത്.

ഔട്ട്റീമർ കുറച്ച് കാലം നല്ല രീതിയിൽ നിലനിന്നു. എന്നാൽ തുർക്കികൾ 1144 -ൽ എദ്രേസ്സ (Edessa) പിടിച്ചടക്കിയപ്പോൾ മാർപാപ്പ രണ്ടാം കുരിശുയുദ്ധത്തിന് (1145–49) ആഹ്വാനം ചെയ്തു. ഫ്രഞ്ച്-ജർമ്മൻ സംയുക്തസൈന്യം ദമാസ്കസ് പിടി ച്ചെടുക്കാൻ ശ്രമം നടത്തി. എന്നാൽ അവർ പരാജയപ്പെട്ട്, സ്വദേശത്തേക്ക് തിരിച്ചു പോകുവാൻ നിർബന്ധിതരാവുകയാണുണ്ടായത്. ഇതിനുശേഷം ഔട്ട്റീമറിന്റെ ശക്തി ക്രമാനുഗതമായി ക്ഷയിച്ചു. പിന്നീട് കുരിശുദ്ധത്തിന്റെ ആവേശം ആഡംബരജീവി തത്തിനും ക്രിസ്ത്യൻ ഭരണാധികാരികൾ തമ്മിലുള്ള ഭൂപ്രദേശങ്ങൾക്കുവേണ്ടിയുള്ള യുദ്ധങ്ങൾക്കും വഴിമാറി. സലാഹ് അൽ-ദിൻ (സലാദിൻ) ഒരു ഈജിപ്ഷ്യൻ സിറി യൻ സാമ്രാജ്യം സ്ഥാപിച്ച് ക്രിസ്ത്യാനികൾക്കെതിരെ വിശുദ്ധയുദ്ധം അല്ലെങ്കിൽ *ജിഹാദിന് (Jihad)* ആഹ്വാനം ചെയ്യുകയും അവരെ 1187-ൽ പരാജയപ്പെടുത്തുകയും ചെയ്തു. ഒന്നാം കുരിശുയുദ്ധം കഴിഞ്ഞ് ഏതാണ്ട് ഒരു നൂറ്റാണ്ടിനുശേഷം അദ്ദേഹം ജറുസലേം വീണ്ടെടുത്തു. ക്രിസ്ത്യൻ ജനതയോട് മനുഷ്യത്വപരമായാണ് സലാഹ് അൽ-ദിൻ പെരുമാറിയത് എന്ന് ആ കാലഘട്ടത്തിലെ രേഖകൾ സൂചിപ്പിക്കുന്നു. അദ്ദേഹം തിരുക്കല്ലറപള്ളിയുടെ *(Holy Sepulchre)* സൂക്ഷിപ്പ് ക്രിസ്ത്യാനികൾക്ക് തിരികെനൽകിയെങ്കിലും ധാരാളം ക്രിസ്ത്യൻ പള്ളികൾ മുസ്ലീം പള്ളികളാക്കി മാറ്റപ്പെടു കയും ഒരിക്കൽ കൂടി ജറുസലേം മുസ്ലീം നഗരമായിത്തീരുകയും ചെയ്തു.

ജറുസലേം നഗരം നഷ്ടപ്പെട്ടത് 1189-ലെ മൂന്നാം കുരിശുയുദ്ധത്തിന് പ്രേരണ യായി. പക്ഷേ പാലസ്തീനിലെ ചില തീരപ്രദേശ നഗരങ്ങൾ സ്വന്തമാക്കാനും ജറുസലേമിലേക്കുള്ള ക്രിസ്ത്യൻ തീർഥാടനത്തിന് തടസ്സമില്ലാതെ പ്രവേശനാനുമതി

നേടിയെടുക്കുവാനും മാത്രമെ അവർക്ക് കഴിഞ്ഞുള്ളൂ. 1291-ൽ ഈജിപ്തിലെ ഭരണാധികാരികളായ മംലൂക്കുകൾ (Mamluks) കുരിശുയുദ്ധക്കാരെ പാലസ്തീനിലെ എല്ലാ പ്രദേശങ്ങളിൽ നിന്നും പുറത്താക്കി. ക്രമേണ ഇസ്‌ലാമിനോടുള്ള യൂറോപ്പിന്റെ സൈനിക താൽപ്പര്യം ഇല്ലാതാവുകയും അവർ സ്വന്തം ആഭ്യന്തര രാഷ്ട്രീയത്തിലേക്കും സാസ്കാരിക പുരോഗതിയിലേക്കും ശ്രദ്ധ തിരിക്കുകയും ചെയ്തു.

കുരിശുയുദ്ധങ്ങൾ ക്രിസ്ത്യൻ-മുസ്‌ലീം ബന്ധങ്ങളിലെ രണ്ട് തലങ്ങളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കി. ഒന്നാമതായി മുസ്‌ലീം ഭരണാധികാരികൾ അവരുടെ ക്രിസ്ത്യൻ പ്രജകളോട് കർക്കശമായ സമീപനം വച്ചുപുലർത്താൻ തുടങ്ങി. ഏറ്റുമുട്ടലിന്റെ കയ്പേറിയ ഓർമ്മകളും ജനങ്ങൾ സമ്മിശ്രമായി താമസിക്കുന്ന പ്രദേശങ്ങളിലെ സുരക്ഷയുടെ ആവശ്യകതയുമാണ് ഇതിലേക്ക് നയിച്ചത്. മുസ്‌ലീം അധികാരത്തിന്റെ പുനസ്ഥാപനത്തിനുശേഷവും ഇറ്റാലിയൻ വ്യാപാരസമൂഹങ്ങൾ (പിസ, ജെനോവ, വെനീസ് എന്നിവിടങ്ങളിലുള്ള) കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യാപാരത്തിൽ വലിയ സ്വാധീനം നേടിയതാണ് രണ്ടാമത്തേത്.

## സിറിയയിലെ ഫ്രാങ്കുകൾ (Franks in Syria)

കീഴടക്കപ്പെട്ട മുസ്‌ലീം ജനതയോടുള്ള സമീപനം വിവിധ ഫ്രാങ്കിഷ് പ്രഭുക്കൻമാരുടെയിടയിലും വ്യത്യസ്തമായിരുന്നു. പാലസ്തീനിലും സിറിയയിലും സ്ഥിരവാസമാക്കിയ ആദ്യകാല കുരിശുയുദ്ധക്കാർ പിൽക്കാലത്ത് വന്നവരെക്കാൾ മുസ്‌ലീം ജനതയോട് പൊതുവെ സഹിഷ്ണതയുള്ളവരായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിലെ സിറിയൻ മുസ്‌ലീമായ ഉസാമ ഇബ്നിൻ മുൻഹിത് തന്റെ ഓർമ്മക്കുറിപ്പുകളിൽ അദ്ദേഹത്തിന്റെ പുതിയ അയൽവാസികളെക്കുറിച്ച് താൽപ്പര്യമുണർത്തുന്ന ചില കാര്യങ്ങൾ പറയുന്നു:



*സിറിയയിലെ ഒരു കുരിശുയുദ്ധക്കോട്ട. കുരിശുയുദ്ധ കാലത്ത് (1110) നിർമ്മിക്കപ്പെട്ട ഈ കോട്ട അറബ് നിയന്ത്രിത പ്രദേശങ്ങളെ ആക്രമിക്കുന്നതിനുള്ള ഒരു താവളമായിരുന്നു. 1271 ൽ ഇവിടം കീഴടക്കിയ മാമ്‌ലൂക് സുൽത്താനായ ബേബാറാണ് ഇവിടുത്തെ ഗോപുരങ്ങളും കനാലുകളും നിർമ്മിച്ചത്.*

'ഫ്രാങ്കുകൾക്കിടയിൽ ഈ രാജ്യത്ത് സ്ഥിരവാസമാക്കുകയും മുസ്‌ലീങ്ങളുമായി സഹകരിക്കുകയും ചെയ്തവരുണ്ട്. ഇവർ പന്നീട് വന്നവരെക്കാൾ കൂടുതൽ നല്ലവരായിരുന്നു. എന്നാൽ എല്ലാവരും അങ്ങനെയായിരുന്നില്ല. അവരിൽ നിന്നും ഒരു പൊതുനിഗമനത്തിലെത്താൻ കഴിയില്ല. അവരിൽ നിന്നും ഒരു അനുമാന രൂപീകരണവും സാധിക്കുന്നതല്ല.

ഇവിടെ ഒരു ഉദാഹരണം പറയാം. ഒരു ദിവസം ഞാൻ ഒരാളെ വ്യാപാരത്തിനായി അന്ത്യോക്ക്യയിലേക്ക് അയച്ചു. ആ സമയത്ത്, മുഖ്യനായ തിയോദോർ സൊഫി ആനോസ് (അദ്ദേഹം പൗരസ്ത്യ ക്രിസ്ത്യാനിയായിരുന്നു) അവിടെ ഉണ്ടായിരുന്നു. അദ്ദേഹവും ഞാനും സുഹൃത്തുക്കളായിരുന്നു. അദ്ദേഹം അന്ന് അന്ത്യോക്ക്യയിലെ സർവാധികാരിയായിരുന്നു. ഒരു ദിവസം അദ്ദേഹം ഞാൻ അയച്ച ആളിനോട് പറഞ്ഞു ''എന്റെ ഫ്രാങ്ക് സുഹൃത്തുക്കളിൽ ഒരാൾ എന്നെ ക്ഷണിച്ചിട്ടുണ്ട്, എന്റെ കൂടെ വരു, അവർ എങ്ങനെയാണ് ജീവിക്കുന്നതെന്ന് കാണാം.'' ഞാനയച്ച ആൾ എന്നോട് പറഞ്ഞു "അങ്ങനെ ഞാൻ അദ്ദേഹത്തോടൊപ്പം പോവുകയും ഞങ്ങൾ പഴയ ഒരു യോദ്ധാവി (knights) ന്റെ വീട്ടിൽ എത്തുകയും ചെയ്തു. അവർ ആദ്യത്തെ ഫ്രാങ്കുകളുടെ ആക്രമണത്തോടൊപ്പം വന്നവരായിരുന്നു. അദ്ദേഹം ഇതിനകം രാഷ്ട്രത്തിന്റെയും സൈന്യത്തിന്റെയും സേവനത്തിൽ നിന്നും വിരമിക്കുകയും അന്ത്യോക്ക്യയിൽ ഉണ്ടായിരുന്ന സമ്പത്ത് കൊണ്ട് ജീവിക്കുകയുമായിരുന്നു. അദ്ദേഹം മനോഹരമായ ഒരു മേശയിൽ രുചിയും വൃത്തിയുമുള്ള ഭക്ഷണം ഒരുക്കി വയ്ക്കുകയും വെടിപ്പോടെ വിളമ്പുകയും ചെയ്തു. ഞാൻ ഭക്ഷണം കഴിക്കാൻ മടി കാണിക്കുന്നത് കണ്ട്, അദ്ദേഹം എന്നോടു പറഞ്ഞു. ''മതിയാവോളം കഴിക്കുക, കാരണം ഞാൻ ഫ്രാങ്ക് ഭക്ഷണം കഴിക്കാറില്ല. എനിക്ക് ഈജിപ്തുകാരായ പാചകക്കാരികളുണ്ട്. അവർ തയാറാക്കുന്നതല്ലാതെ മറ്റൊരു ഭക്ഷണവും കഴിക്കാറില്ല. അതുപോലെ പന്നിമാംസം ഒരിക്കലും എന്റെ വീട്ടിൽ പ്രവേശിപ്പിക്കുകയുമില്ല.'' അങ്ങനെ ചില കരുതലുകളോടു കൂടി ഞാൻ കഴിക്കുകയും ഞങ്ങൾ അവിടെ നിന്നും പോകുകയും ചെയ്തു.

പിന്നീട് ഒരിക്കൽ ഞാൻ കമ്പോളത്തിലൂടെ നടന്നു കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് എന്നെ ഒരു ഫ്രാങ്ക് സ്ത്രീ പിടിച്ചു നിർത്തുകയും അവരുടെ ഭാഷയിൽ എന്തൊക്കെയോ പുലമ്പുവാൻ തുടങ്ങുകയും ചെയ്തു. അവൾ പറഞ്ഞുകൊണ്ടിരുന്നത് എന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഫ്രാങ്കുകളുടെ ഒരു കൂട്ടം എനിക്കെതിരെ ഒരുമിച്ച് കൂടുകയും എന്റെ അവസാനമായെന്ന് ഞാൻ ഉറപ്പിക്കുകയും ചെയ്തു. ആ സമയത്ത്, മുൻപറഞ്ഞ യോദ്ധാവ് പെട്ടെന്ന് പ്രത്യക്ഷപ്പെടുകയും എന്നെ കാണുകയും ചെയ്തു. സ്ത്രീയുടെ അടുത്തേക്ക് വന്നിട്ട് അയാൾ അവരോട് ചോദിച്ചു: ''ഈ മുസ്‌ലീമിൽ നിന്ന് നിങ്ങൾക്ക് എന്താണ് വേണ്ടത്?'' അവൾ മറുപടി പറഞ്ഞു. ''അവൻ എന്റെ സഹോദരനായ ഹുർസോയെ വധിച്ചു.'' അഫാമിയിലെ ഒരു യോദ്ധാവായിരുന്ന ഹുർസോ ഹമ സൈന്യത്തിൽ നിന്നുള്ള ആരോ ഒരാളാൽ വധിക്കപ്പെട്ടിരുന്നു. അപ്പോൾ യോദ്ധാവ് അവളോട് ആക്രോശിച്ചു കൊണ്ട് പറഞ്ഞു. "ഈ മനുഷ്യൻ ഒരു ബുർജാസിയാണ് (ബൂർഷോസി - വ്യാപാരി). അദ്ദേഹം യുദ്ധത്തിനോ ഏറ്റുമുട്ടലിനോ പോകാറില്ല." അതിനുശേഷം അദ്ദേഹം ജനക്കൂട്ടത്തിനു നേരെ ആക്രോശിക്കുകയും അവർ പിരിഞ്ഞ് പോകുകയും ചെയ്തു. അതുകഴിഞ്ഞ് അദ്ദേഹം എന്റെ കൈ പിടിച്ചുകൊണ്ട് അവിടെ നിന്നും പോകുകയും ചെയ്തു. ഞാൻ കഴിച്ച ആ ഭക്ഷണത്തിന്റെ ഫലമാണ് എന്നെ മരണത്തിൽ നിന്നും രക്ഷിച്ചത്." '

*- കിതാബ് അൽ-ഇതിബാർ*

## സമ്പദ് വ്യവസ്ഥ : കൃഷി, നഗരവൽക്കരണം, വാണിജ്യം (Economy: Agriculture, Urbanisation and Commerce)

പുതുതായി കീഴടക്കപ്പെട്ട പ്രദേശങ്ങളിലെ സ്ഥിരവാസികളായ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. ഇസ്ലാമിക രാഷ്ട്രം ഇതിൽ യാതൊരു മാറ്റവും വരുത്തിയില്ല. ഭൂമി വലുതും ചെറുതുമായ കർഷകരുടെയും ചിലപ്പോൾ രാഷ്ട്രത്തിന്റെയും ഉടമസ്ഥതയിലായിരുന്നു. ഇറാനിലും ഇറാഖിലും കർഷകർ കൃഷിചെയ്തിരുന്ന ഭൂമി സാമാന്യം വലിയ യൂണിറ്റുകളായാണ് നിലനിന്നിരുന്നത്. ഇസ്ലാമിക-സസാനിയൻ കാലഘട്ടങ്ങളിൽ എസ്റ്റേറ്റ് ഉടമകളാണ് രാഷ്ട്രത്തിനു വേണ്ടി നികുതി പിരിച്ചിരുന്നത്. മേച്ചിൽ പ്രദേശങ്ങൾ സ്ഥിരവാസകൃഷിയിടങ്ങളായി മാറിയപ്പോൾ ഗ്രാമത്തിന്റെ പൊതുസ്വത്തായിത്തീർന്നു. ഉടമകൾ ഉപേക്ഷിച്ചുപോയ വൻകിട എസ്റ്റേറ്റുകൾ രാഷ്ട്രം ഏറ്റെടുത്തു. അവയെ ഭരണ വർഗത്തിലുള്ളവർക്ക് കൈമാറി.

കാർഷികഭൂമിയിൽ രാഷ്ട്രത്തിന് സമഗ്രനിയന്ത്രണം ഉണ്ടായിരുന്നു : കീഴടക്കലുകൾക്ക് ശേഷം വരുമാനത്തിന്റെ ഭൂരിഭാഗവും ഭൂനികുതിയിൽ നിന്നായിരുന്നു. അറബികൾ കീഴടക്കിയ ഭൂപ്രദേശങ്ങളിൽ ഉടമസ്ഥരുടെ കൈവശം തുടർന്ന ഭൂമിക്ക് അവർ *ഖറാജ് (Kharaj)* എന്ന ഭൂനികുതി നൽകണമായിരുന്നു. ഉയർന്നതോതിലുള്ള ഈ നികുതി സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരുന്നു. മുസ്ലീങ്ങളിൽ നിന്ന് *ഉഷ്ർ* എന്ന നികുതിയാണ് പിരിച്ചിരുന്നത്. ജനങ്ങളിൽ ചിലർ നികുതി ഭാരം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതോടെ ഖലീഫമാർ ഒരു പൊതുനികുതി നയം സ്വീകരിച്ചു. പത്താം നൂറ്റാണ്ട് മുതൽ ഉദ്യോഗസ്ഥരെ തങ്ങളുടെ വേതനം *ഇക്തകൾ (Iqtas)* എന്ന് വിളിക്കപ്പെട്ട പ്രദേശങ്ങളിൽ നിന്നുള്ള കാർഷിക വരുമാനത്തിൽ നിന്നും കൈപ്പറ്റുവാൻ രാഷ്ട്രം ചുമതലപ്പെടുത്തി.



*ധാന്യവിളവെടുപ്പ്: തൊഴിലാളിയുടെ ഉച്ചഭക്ഷണം ഒരു താലത്തിൽ കൊണ്ടുവരുന്നതു കാണാം.*
*– 1199 ൽ രചിക്കപ്പെട്ട ആന്റിയോ ഡോട്ട്, എന്ന സ്യൂഡോ – ഗാലന്റെ പുസ്തകത്തിന്റെ അറബി ഭാഷ്യം. (ഡോക്ടർ ഗാലന്റെ കഥ കാണുക, പേജ് 63).*

രാഷ്ട്രീയ സ്ഥിരതയ്ക്കൊപ്പം കാർഷിക പുരോഗതിയും ഉണ്ടായി. പലയിടങ്ങളിലും, പ്രത്യേകിച്ച് നൈൽ നദീതടങ്ങളിൽ രാഷ്ട്രം ജലസേചന സംവിധാനങ്ങൾ നിർമ്മിച്ചു. ജലസംഭരണികളും കനാലുകളും നിർമ്മിക്കുകയും കിണറുകൾ കുഴിക്കുകയും ചെയ്തു. കിണറുകൾക്ക് ജലചക്രസജ്ജീകരണം അഥവാ *നോറിയ* (*Noria*) ഉണ്ടായിരുന്നു ഇവയെല്ലാം നല്ല വിളവെടുപ്പിന് നിർണായകമായിരുന്നു. ഇസ്ലാമിക നിയമത്തിൽ ഭൂമിയെ കൃഷിക്ക് വിധേയമാക്കുന്ന ജനങ്ങൾക്ക് നികുതി ആനുകൂല്യങ്ങൾ നൽകുന്നതിന് വ്യവസ്ഥ ഉണ്ടായിരുന്നു. വലിയ സാങ്കേതിക മാറ്റങ്ങളുടെ അഭാവത്തിൽപ്പോലും കർഷകരുടെ പരിശ്രമങ്ങളും രാഷ്ട്രത്തിന്റെ പിന്തുണയുംമൂലം കൃഷിഭൂമികൾ വിപുലമാവുകയും ഉൽപ്പാദനം ഉയരുകയും ചെയ്തു. പരുത്തി, ഓറഞ്ച്, വാഴ, തണ്ണിമത്തൻ, ചീര, വഴുതന മുതലായ വിവിധതരം പുതിയ വിളകൾ കൃഷിചെയ്യുകയും യൂറോപ്പിലേക്ക് കയറ്റി അയക്കുകയും ചെയ്തു.

നഗരങ്ങളുടെ എണ്ണം ഗണ്യമായി വർധിച്ചപ്പോൾ ഇസ്ലാമിക സംസ്കാരം കൂടുതൽ ഇടങ്ങളിൽ വ്യാപിച്ചു. മുഖ്യമായും പ്രാദേശിക ഭരണത്തിന്റെ നട്ടെല്ലായ അറബ് സൈനികർക്ക് *(ജുൻദ്)* സ്ഥിരം വസിക്കുന്നതിനായി ധാരാളം പുതിയ നഗരങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇറാഖിലെ കുഫയും ബസ്റയും ഈജിപ്തിലെ ഫുസ്തതും കെയ്റോയും *മിസ്ർ* (*misr*) (അറബിയിൽ ഈജിപ്തിന്റെ പേര്) എന്നുവിളിക്കപ്പെട്ടിരുന്ന ഇത്തരം സൈനിക നഗരങ്ങളായിരുന്നു. അബ്ബാസിയ ഖലീഫ ഭരണ തലസ്ഥാനമായി ബാഗ്ദാദ് സ്ഥാപിക്കപ്പെട്ട് ഏകദേശം അരനൂറ്റാണ്ടുകൊണ്ട് അവിടത്തെ ജനസംഖ്യ ഒരു ദശലക്ഷത്തിൽ എത്തിച്ചേർന്നു. ഈ നഗരങ്ങൾക്കൊപ്പം തന്നെ ദമാസ്കസ്, ഇസ്ഫഹാൻ, സമർഖണ്ഡ് മുതലായ പഴയനഗരങ്ങൾക്ക് പുതിയൊരു ജീവൻകിട്ടുകയും ചെയ്തു. നാഗരത്തിലെ ഉൽപ്പാദകർക്ക് വേണ്ടിയുള്ള അസംസ്കൃത വസ്തുക്കളായ പരുത്തി, പഞ്ചസാര എന്നിവയുടെയും ഭക്ഷ്യവസ്തുക്കളുടെയും ഉൽപ്പാദനം വർധിച്ചു. ഇത് നഗരവിസ്തൃതിക്കും ജനസംഖ്യാവർധനവിനും കുതിപ്പു നൽകി. നഗരങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ചാക്രികപഥങ്ങൾ രൂപംകൊള്ളുകയും നഗരങ്ങളുടെ ഒരു വൻശൃംഖല വികസിച്ചു വരുകയും ചെയ്തു.

*ബസ്രയിലേക്കു യാത്ര ചെയ്യുന്ന ഒരു നൗക. യാത്രക്കാർ അറബികളും നാവിക സംഘം ഇന്ത്യക്കാരുമാണ്. ആധുനികപൂർവ കാലത്ത് യാത്രക്കാരെയും ചരക്കുകളും കടൽ മാർഗം കൊണ്ടുപോകുന്നതായിരുന്നു ചെലവു കുറഞ്ഞതും, വേഗതയേറിയതും കൂടുതൽ സുരക്ഷിതവും. ഹരീരീ രചിച്ച പന്ത്രണ്ടാം നൂറ്റാണ്ടിലെ കൈയെഴുത്തു കൃതിയായ മഖമാത്തിൽ നിന്നുള്ള ചിത്രീകരണം. ഒരു സൂത്രക്കാരന്റെയും അയാളുടെ സാഹസിക പ്രവൃത്തികളുടെയും കഥ ഒരു ആഖ്യാതാവ് പറയുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുള്ള ജനപ്രിയ അറബി സാഹിത്യ രൂപമാണ് മഖമാത്ത് (യോഗങ്ങൾ).*

നഗരത്തിന്റെ ഹൃദയഭാഗത്തായി സാമ്പത്തിക സാംസ്കാരിക അധികാരത്തെ പ്രസരിപ്പിക്കുന്ന രണ്ട് കെട്ടിട സമുച്ചയങ്ങൾ കാണപ്പെട്ടിരുന്നു: ഒന്നാമത്തേത് ദൂരെ നിന്നുതന്നെ കാണാൻ കഴിയുന്നത്ര വലുപ്പമുള്ള പ്രാർഥനായ്ക്കായുള്ള പള്ളി (*മസ്ജിദ് അൽ-ജമ*) ആയിരുന്നു. നിരനിരയായി കടകളും, കച്ചവടക്കാരുടെ താൽക്കാലിക വാസസ്ഥലങ്ങളും (*ഫന്ദുഖ്*) നാണയക്കൈമാറ്റക്കാരുടെ കാര്യാലയവും അടങ്ങിയ പ്രധാന കമ്പോളം (*സുഖ്*) ആയിരുന്നു രണ്ടാമത്തേത്. ഭരണകർത്താക്കൾ (*അയൻ* അഥവാ രാജ്യത്തിന്റെ കണ്ണുകൾ), പണ്ഡിതർ, കച്ചവടക്കാർ (*തുജ്ജാർ*) തുടങ്ങിയവരുടെ ഭവനങ്ങൾ നഗരഹൃദയഭാഗത്തിൽ തന്നെയായിരുന്നു. സാധാരണ പൗരൻമാരുടെയും സൈനികരുടെയും വസതികൾ നഗരത്തിനുപുറമെയുള്ള പ്രദേശങ്ങളിലാണ് ഓരോന്നിനും അതിന്റേതായ മുസ്ലീം പള്ളിയോ ക്രിസ്ത്യൻ പള്ളിയോ ജൂത ആരാധനാലയമോ (synagogue) ഉണ്ടായിരുന്നു. കൂടാതെ ചെറിയ കമ്പോളങ്ങളും ജനങ്ങളുടെ പ്രധാന സമാഗമസ്ഥലമായ പൊതുകുളിസ്ഥലവും ഉണ്ടായിരുന്നു. നഗരവാസികളായ ദരിദ്രരുടെ വീടുകൾ, ഗ്രാമപ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ചന്ത, സാർഥവാഹക സംഘത്തിന്റെ താവളങ്ങൾ, തുകൽ, വ്യാപാരം, കശാപ്പ് എന്നിവയ്ക്കുള്ള വൃത്തിയില്ലാത്ത കടകൾ തുടങ്ങിയവ നഗരങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽ കാണപ്പെട്ടു. നഗരങ്ങളുടെ മതിലുകൾക്കപ്പുറം നഗരങ്ങളുടെ പ്രവേശനകവാടം അടച്ചുകഴിഞ്ഞാൽ ജനങ്ങൾക്ക് വിശ്രമിക്കാനുള്ള സത്രങ്ങളും ശ്മശാനങ്ങളും കാണപ്പെട്ടിരുന്നു. ചരിത്രസംഭവങ്ങൾ, രാഷ്ട്രീയപാരമ്പര്യങ്ങൾ, ഭൂപ്രദേശങ്ങൾ എന്നിവയെ ആസ്പദമാക്കി ഈ നഗരസംവിധാനത്തിൽ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു.



രാഷ്ട്രീയ ഏകീകരണവും ഭക്ഷ്യോൽപ്പന്നങ്ങൾ, ആഡംബര വസ്തുക്കൾ എന്നിവയ്ക്ക് നഗരത്തിൽ നിന്നുണ്ടായ ആവശ്യകതയും വിനിമയ ശൃംഖലയെ വിപുലമാക്കി. ഇന്ത്യൻ മഹാസമുദ്രത്തിനും മെഡിറ്ററേനിയനും ഇടയിലെ വാണിജ്യമേഖല

**പ്രവർത്തനം 2**

ബസ്റയിലെ ഒരു പ്രഭാതദൃശ്യത്തെക്കുറിച്ച് വിവരിക്കുക.

യിൽ സ്ഥിതിചെയ്തിരുന്ന മുസ്ലീം സാമ്രാജ്യത്തിന്റെ വ്യാപാരവളർച്ചയ്ക്ക് ഭൂമിശാസ്ത്രം അനുകൂലമായിരുന്നു. അഞ്ചുനൂറ്റാണ്ടു കാലത്തേക്ക്, ചൈന, ഇന്ത്യ എന്നിവയ്ക്കും യൂറോപ്പിനും മധ്യേയുള്ള സമുദ്രവ്യാപാരത്തിന്റെ കുത്തക അറബികൾക്കും ഇറാനിയൻ വ്യാപാരികൾക്കുമായിരുന്നു. ചെങ്കടൽ, പേർഷ്യൻ ഉൾക്കടൽ എന്നീ രണ്ട് പ്രധാന പാതകളിലൂടെയാണ് ഈ വ്യാപാരം നടന്നുപോന്നത്. വിദൂര വ്യാപാരത്തിന് അനുയോജ്യമായ ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങളായ സുഗന്ധദ്രവ്യങ്ങൾ, തുണിത്തരങ്ങൾ, ചീന കളിമൺപാത്രങ്ങൾ, വെടിമരുന്ന് മുതലായവ ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നും ചെങ്കടൽ തുറമുഖങ്ങളായ ഏദനിലേക്കും (Aden) ഐദാബിലേക്കും (Aydhab), ഗൾഫ് തുറമുഖങ്ങളായ സിറാഫിലേക്കും (Siraf) ബസറയി (Basara) ലേക്കും കപ്പലുകളിൽ  എത്തിച്ചിരുന്നു. ഇവിടെ നിന്നും, ഈ കച്ചവട സാധനങ്ങൾ കരമാർഗമായി ഒട്ടകങ്ങളെ ഉപയോഗിച്ച് സാർഥവാഹകസംഘങ്ങൾ പ്രാദേശിക ഉപഭോഗത്തിനും വിതരണത്തിനുമായി ബാഗ്ദാദിലേയും ദമാസ്കസിലേയും സംഭരണശാലകളിലേക്ക് (*മഖേസിൻ* – ഇതിൽ നിന്നുമാണ് മാഗസിൻ (ലേഖനങ്ങളുടെ ശേഖരം) എന്ന പദം ഉണ്ടായത്) കൊണ്ടുപോയിരുന്നു. ഇന്ത്യൻമഹാസമുദ്രത്തിലെ സമുദ്രയാത്രാസമയങ്ങൾ ഹജ്ജ് യാത്രയുമായി (*മൗസിം*, മൺസൂൺ എന്ന വാക്കിന്റെ ആരംഭം) ഒത്തുചേരുമ്പോഴെല്ലാം മക്കയിലൂടെ കടന്നുപോകുന്ന സാർഥവാഹക സംഘത്തിന്റെ വലുപ്പം വർധിച്ചിരുന്നു. ഈ വാണിജ്യപാതകൾ മെഡിറ്ററേനിയൻ ഭാഗത്തെത്തുമ്പോൾ അലക്സാഡ്രിയ തുറമുഖത്തുനിന്നും യൂറോപ്പിലേക്കുള്ള കയറ്റുമതി വസ്തുക്കൾ കൈകാര്യം ചെയ്തത് ജൂതവ്യാപാരികളായിരുന്നു. അവരിൽ ചിലർ, ജനിസ ശേഖരത്തിന്റെ എഴുത്തുകളിൽ കാണുന്നതുപോലെ ഇന്ത്യയുമായി നേരിട്ട് കച്ചവടം നടത്തിയവരായിരുന്നു. കെയ്റോ വാണിജ്യത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രമായി ഉയർന്നതും കിഴക്കൻ ഉൽപ്പന്നങ്ങൾക്ക് ഇറ്റാലിയൻ വ്യാപാര നഗരങ്ങളിലുണ്ടായ വർധിച്ച ആവശ്യകതയുമാണ് പത്താം നൂറ്റാണ്ട് മുതൽ ചെങ്കടൽപ്പാതയ്ക്ക് ഉയർന്ന പ്രാധാന്യം നേടിക്കൊടുത്തത്.

കിഴക്കൻ അറ്റത്തിൽ ഇറാനിയൻ കച്ചവടക്കാരുടെ സാർഥവാഹകസംഘങ്ങൾ ബാഗ്ദാദിൽ നിന്ന് മരുപ്പച്ചനഗരങ്ങളായ ബുഖാറ, സമർഖണ്ഡ് (ട്രാൻസ് ഓക്സിയാന) എന്നിവിടങ്ങൾ വഴി പട്ടുപാതയിലൂടെ ചൈനയിലേക്ക്, കടലാസ് ഉൾപ്പെടെയുള്ള മധ്യേഷ്യൻ ഉൽപ്പന്നങ്ങളും ചൈനീസ് ഉൽപ്പന്നങ്ങളും കൊണ്ടുവരാൻ യാത്ര ചെയ്തു. വടക്ക് റഷ്യയും സ്കാന്റിനേവിയയും (Scandinavia) വരെയെത്തുന്ന ഈ വ്യാപാരശൃംഖലയുടെ മുഖ്യ കണ്ണിയായിരുന്നു ട്രാൻസ് ഓക്സിയാന. അവിടെ നിന്നും യൂറോപ്യൻ ഉൽപ്പന്നങ്ങളും (പ്രധാനമായി കമ്പിളി) സ്ലാവിക് തടവുകാരെയും (അങ്ങനെ സ്ലേവ് (Slave) എന്ന പദം ഉണ്ടായി) കൈമാറ്റം ചെയ്തിരുന്നു. ഈ ഉൽപ്പന്നങ്ങളുടെ കൈമാറ്റത്തിനായി ഉപയോഗിച്ച ഇസ്ലാമിക നാണയങ്ങളുടെ വൻ ശേഖരം വോൾഗ (Volga) നദിക്കരയിൽ നിന്നും ബാൾട്ടിക് (Baltic) പ്രദേശങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. പുരുഷൻമാരും സ്ത്രീകളുമായ തുർക്കി അടിമകളെ ഖലീഫമാരുടെയും സുൽത്താൻമാരുടെയും കൊട്ടാരങ്ങളിലേക്കായി ഈ വിപണികളിൽ നിന്ന് വാങ്ങിയിരുന്നു.

ധനകാര്യവ്യവസ്ഥയും (രാഷ്ട്രത്തിന്റെ വരവും ചെലവും) കൈമാറ്റവിപണനവും (market exchange) മധ്യ ഇസ്ലാമിക പ്രദേശങ്ങളിൽ പണത്തിന്റെ പ്രാധാന്യം വർധിപ്പിച്ചു. സ്വർണവും, വെള്ളിയും, ചെമ്പും കൊണ്ട് നാണയങ്ങൾ *(ഫുലസ്)* മുദ്രണം ചെയ്ത് വിതരണം ചെയ്തിരുന്നു. ഇവ മിക്കപ്പോഴും നാണയമാറ്റക്കാർ മുദ്രവച്ച സഞ്ചികളിലാണ് കൈമാറിയിരുന്നത്. ഇവ സാധനങ്ങൾക്കും സേവനങ്ങൾക്കും ഉള്ള വില നൽകുവാൻ ഉപയോഗിച്ചിരുന്നു. സ്വർണം ആഫ്രിക്കയിൽ നിന്നും (സുഡാൻ) വെള്ളി മധ്യേഷ്യയിൽ (സറഫ്ഷാൻ താഴ്വര) നിന്നുമാണ് എത്തിച്ചിരുന്നത്. വിലപിടിപ്പുള്ള ലോഹങ്ങളും നാണയങ്ങളും യൂറോപ്പിൽ നിന്നും കൊണ്ടുവന്നിരുന്നു. ഇത് കിഴക്കുള്ള അവരുടെ വ്യാപാരത്തിന് ഉപയോഗിക്കുകയും ചെയ്തു. നാണ്യത്തിന്റെ ആവശ്യകത

## പേപ്പർ, ജെനിസ രേഖകൾ, ചരിത്രം (Paper, Geniza Records and History)

മധ്യകാല ഇസ്‌ലാമിക പ്രദേശങ്ങളിൽ, പേപ്പറിന്റെ വരവിനുശേഷം, എഴുതപ്പെട്ട ഗ്രന്ഥങ്ങൾ വ്യാപകമായി പ്രചരിച്ചു. ഉൽപ്പാദന പ്രക്രിയ വളരെ ഗോപ്യമായി സൂക്ഷിക്കപ്പെട്ടിരുന്ന പേപ്പർ (ലിനനിൽ നിന്ന് നിർമിക്കുന്ന) ചൈനയിൽ നിന്നുമാണ് വന്നിരുന്നത്. സി.ഇ. 751 ൽ സമർഖണ്ഡിലെ മുസ്‌ലീം ഗവർണർ തടവുകാരായി പിടിച്ച 20000 ചൈനീസ് ആക്രമണകാരികളിൽ ചിലർ പേപ്പർ നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ളവരായിരുന്നു. അടുത്ത നൂറുവർഷത്തേക്ക്, സമർഖണ്ഡിലെ പേപ്പർ പ്രധാനപ്പെട്ട കയറ്റുമതി ഉൽപ്പന്നമായി നിലകൊണ്ടു. കുത്തകകളെ നിരോധിച്ചിരുന്നതിനാൽ ഇസ്‌ലാമിക ലോകത്തിലെ ബാക്കിയുള്ള പ്രദേശങ്ങളിലും പേപ്പർ ഉൽപ്പാദിപ്പിക്കുവാൻ തുടങ്ങി. പത്താം നൂറ്റാണ്ടോകൂടി പേപ്പർ പാപ്പിറസിന്റെ സ്ഥാനം സ്വന്തമാക്കി. നൈൽതാഴ്‌വാരങ്ങളിൽ യഥേഷ്ടം വളരുന്ന ചെടിയുടെ അകത്തെ കാണ്ഡത്തിൽ നിന്നുമാണ് പാപ്പിറിസ് ഉൽപ്പാദിപ്പിച്ചിരുന്നത്. പേപ്പറിന്റെ ആവശ്യം വർധിച്ചപ്പോൾ, ഈജിപ്റ്റിലെ കർഷകർ പേപ്പർ ഫാക്ടറികൾക്ക് വിൽക്കുന്നതിനായി മമ്മികളുടെ ലിനൻ കൊണ്ട് നിർമ്മിക്കപ്പെട്ട ആവരണങ്ങൾ ലഭിക്കുന്നതിനുവേണ്ടി ശവക്കല്ലറകളെ എങ്ങനെയാണ് കൊള്ളയടിച്ചതെന്ന് ബാഗ്ദാദുകാരനായ ഡോക്ടറും 1193–നും 1207–നും ഇടയിൽ ഈജിപ്തിലെ താമസക്കാരനുമായ അബദ് അൽ–ലത്തീഫ് പ്രസ്താവിച്ചിട്ടുണ്ട്.

വാണിജ്യസംബന്ധിയും വ്യക്തിഗതവുമായ എല്ലാത്തരം പ്രമാണങ്ങളുടെയും, രചനയെ പേപ്പർ എളുപ്പമാക്കിത്തിർത്തു. 1896–ൽ മധ്യകാലഘട്ടത്തിലെ ജൂതന്മാരുടെ രേഖകളുടെ ഒരു വൻശേഖരം ഫുസ്തതിലെ ബൻ ഇസ്ര ജൂതമത ദേവാലയത്തിലെ മുദ്ര ചെയ്ത മുറിയിൽ (ജെനിസ) നിന്ന് കണ്ടെത്തുകയുണ്ടായി. ദൈവത്തിന്റെ നാമം ഉൾപ്പെടുന്ന ഏതൊരു എഴുത്തിനെയും നശിപ്പിക്കുകയില്ലായെന്ന ജൂതന്മാരുടെ ആചാരംമൂലം ഈ രേഖകൾ സംരക്ഷിക്കപ്പെട്ടു. ഏകദേശം എട്ടാം നൂറ്റാണ്ടിന്റെ മധ്യംവരെ പഴക്കം അവകാശപ്പെടാവുന്ന രണ്ടരലക്ഷത്തിലധികം വരുന്ന കൈയെഴുത്ത് പ്രതികളും ശകലങ്ങളും ജനിസയിൽ നിന്ന് കണ്ടെത്തുകയായിരുന്നു. ഭൂരിഭാഗം രേഖകളുടെയും കാലം പത്ത് മുതൽ പതിനൊന്നാം നൂറ്റാണ്ടു വരെയാണ് അതായത്, ഫാത്തിമത്ത്, അയൂബിദ്, ആദ്യകാല മംലൂകുകൾ എന്നിവരുടെ കാലം. കച്ചവടക്കാർ തമ്മിലുള്ള കത്തുകൾ, കുടുംബവും സുഹൃത്തുക്കളും തമ്മിലുള്ള കത്തുകൾ, കരാറുകൾ, സ്ത്രീധന വാഗ്ദാനങ്ങൾ, വില്പനരേഖകൾ, അലക്കുവസ്ത്രങ്ങളുടെ പട്ടികകൾ എന്നിവയും, മറ്റു നിസ്സാരമായ കാര്യങ്ങളും ഇതിലുൾപ്പെടുന്നു. ഭൂരിഭാഗം രേഖകളും ജൂത–അറബിക്ക് ഭാഷയിലാണ് എഴുതപ്പെട്ടിരുന്നത്. ഇത് അറബി പദങ്ങൾ ഹീബ്രു ലിപികളിൽ എഴുതുന്ന, മധ്യമെഡിറ്ററേനിയനിലെ ജൂതസമൂഹം പൊതുവായി ഉപയോഗിച്ചിരുന്ന ഭാഷയായിരുന്നു. ജനിസ രേഖകൾ വ്യക്തിപരവും സാമ്പത്തികവുമായ അനുഭവങ്ങളെക്കുറിച്ചും മെഡിറ്ററേനിയൻ ഇസ്‌ലാമിക സംസ്കാരങ്ങളെക്കുറിച്ചും സമ്പന്നമായ ഉൾക്കാഴ്ചകൾ നൽകുന്നവയാണ്. മധ്യകാല ഇസ്‌ലാമിക ലോകത്തിലെ കച്ചവടക്കാരുടെ വാണിജ്യ നൈപുണിയും വാണിജ്യപരമായ സാങ്കേതികത്വവും യൂറോപ്പിലുള്ള കച്ചവടക്കാരുടേതിനേക്കാളും ഉയർന്നതായിരുന്നുവെന്ന് ഈ രേഖകൾ സൂചിപ്പിക്കുന്നു. ഗോയിറ്റെയിൻ (Goitein) ജനിസാ രേഖകളിൽ നിന്ന് അനേകം വാല്യങ്ങളുള്ള മെഡിറ്ററേനിയൻ ചരിത്രം രചിച്ചു. ജനിസാ രേഖകളിലെ ഒരു കത്തിൽ നിന്നും ഉത്തേജിതനായ അമിതാവ് ഗോഷ് (Amitav Gosh) *ഇൻ ആൻ ആന്റിക് ലാന്റ് (In an Antique Land)* എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലൂടെ ഒരു ഇന്ത്യൻ അടിമയുടെ കഥ പറയുകയും ചെയ്തു.

വർധിച്ചതോടെ ജനങ്ങൾ അവരുടെ സമ്പാദ്യശേഖരങ്ങളും ഉപയോഗിക്കാതെ സൂക്ഷിച്ചിരുന്ന സമ്പത്തും ക്രയവിക്രയങ്ങൾക്ക് ഉപയോഗിക്കുവാൻ നിർബന്ധിതരായി. വായ്പാസംവിധാനവും നാണ്യവ്യവസ്ഥയും ഒത്തു ചേർന്നത് വാണിജ്യത്തെ വളരെ സുഗമമാക്കി. കൂടുതൽ മികച്ച രീതിയിലുള്ള പണമൊടുക്കൽ രീതികളും വ്യാപാരസംഘാടനവുമാണ് മധ്യകാല സാമ്പത്തിക ജീവിതത്തിന് ഇസ്‌ലാമിക ലോകം നൽകിയ ഏറ്റവും വലിയ സംഭാവന. വ്യക്തികൾ തമ്മിലോ ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേക്കോ പണം കൈമാറുന്നതിന് കച്ചവടക്കാരും ബാങ്കുകാരും കടപ്പത്രവും (letters of credit) (*സ്വാക്ക്, Sakk*) –ഇതിൽ നിന്നുമാണ് ചെക്ക് എന്ന പദം രൂപം കൊണ്ടത്) വ്യവഹാര പത്രവും (Bills of exchange, *സഫ്തജ*) ഉപയോഗിച്ചു. വാണിജ്യപത്രങ്ങളുടെ

വ്യാപകമായ ഉപയോഗം കച്ചവടക്കാരെ എല്ലായിടത്തും പണം കൊണ്ടുപോകുന്നതിന്റെ ആവശ്യകതയിൽ നിന്നും സ്വതന്ത്രരാക്കുകയും അവരുടെ യാത്രകളെ സുരക്ഷിതമാക്കുകയും ചെയ്തു. വേതനങ്ങൾ നൽകുന്നതിനും കവികൾക്കും സ്തുതിപാഠകർക്കും ഉപഹാരങ്ങൾ നൽകുന്നതിനും ഖലീഫയും *സ്വാക്ക്* ഉപയോഗിച്ചു.

വ്യാപാരികൾ കുടുംബ ബിസിനസുകൾ സജ്ജമാക്കുന്നതും ചിലപ്പോൾ ബിസിനസ് നടത്തിപ്പ് അടിമകളെ ഏൽപ്പിക്കുന്നതും സാധാരണമായിരുന്നു. ഔപചാരിക ബിസിനസ് ഉടമ്പടികളും (*മുസാർബ*) പതിവായിരുന്നു. ഇതനുസരിച്ച് നിശബ്ദ പങ്കാളികൾ, മൂലധനം സഞ്ചരിക്കുന്ന കച്ചവടക്കാരെ വിശ്വസിച്ചേൽപ്പിക്കുകയും പിന്നീട് മുൻകൂട്ടി നിശ്ചയിച്ച അനുപാതത്തിൽ ലാഭനഷ്ടങ്ങൾ അവരുമായി പങ്കുവയ്ക്കുകയും ചെയ്തിരുന്നു. ഇസ്ലാം ജനങ്ങളെ സമ്പത്ത് ശേഖരിക്കുന്നതിൽ നിന്ന് വിലക്കിയിട്ടില്ല; ചില നിരോധനങ്ങളെ മാനിക്കുന്നിടത്തോളം ജനങ്ങൾ സമ്പത്ത് ആർജിക്കുന്നത് ഇസ്ലാം തടഞ്ഞില്ല. ഉദാഹരണത്തിന് പലിശചുമത്തുന്ന പണമിടപാടുകൾ (*രിബാ*) നിയമ വിരുദ്ധമാണ്. എന്നിരുന്നാലും ഈ നിരോധനത്തെ മറികടക്കുന്നതിന് ജനങ്ങൾ ബുദ്ധിപൂർവമായ പണയംവയ്പ് രീതികൾ (*ഹിയാൽ*) പ്രയോഗിച്ചു. ഉദാഹരണത്തിന് ഒരു രീതിയിലുള്ള നാണയം കടമായി വാങ്ങുകയും മറ്റൊരു രീതിയിലുള്ള നാണയം മടക്കി നൽകുകയും ചെയ്യുന്നു. അതേസമയം തങ്ങൾക്ക് കിട്ടേണ്ട പലിശ നാണയ വിനിമയത്തിന്റെ പ്രതിഫലമെന്ന രൂപേണ കൈപ്പറ്റുകയും ചെയ്തു (വ്യവഹാരപത്രത്തിന്റെ ആരംഭം).

*ആയിരത്തിയൊന്ന് രാവുകൾ (Thousand and One Nights) (അൽഫ് ലൈല വ ലൈല)* എന്ന പുസ്തകത്തിലെ പല കഥകളും മധ്യകാല ഇസ്ലാമിക സമൂഹത്തെക്കുറിച്ചുള്ള ചിത്രങ്ങൾ, നാവികർ, അടിമകൾ, കച്ചവടക്കാർ, നാണയമാറ്റക്കാർ എന്നീ കഥാപാത്രങ്ങളിലൂടെ നമുക്ക് നൽകുന്നു.

## അറിവും സംസ്ക്കാരവും (Learning and Culture)

ഇതര ജനവിഭാഗങ്ങളുമായുള്ള ബന്ധങ്ങളിലൂടെ മുസ്ലീങ്ങളുടെ മതപരവും സാമൂഹികവുമായ അനുഭവങ്ങൾക്ക് കൂടുതൽ ആഴം ഉണ്ടായി. തൽഫലമായി മുസ്ലീം സമുദായം തങ്ങളെക്കുറിച്ചുതന്നെ പുനർവിചിന്തനം നടത്തുവാനും ദൈവത്തെയും ലോകത്തെയും സംബന്ധിച്ച പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും ബാധ്യസ്ഥരായി. പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും ഒരു ഉത്തമ മുസ്ലീമിന്റെ പെരുമാറ്റം എന്തായിരിക്കണം? സൃഷ്ടിയുടെ ലക്ഷ്യം എന്താണെന്നും ദൈവം തന്റെ സൃഷ്ടികളിൽ നിന്നും

*1233-ൽ സ്ഥാപിതമായ ബാഗ്ദാദിലെ മുസ്താൻസിരിയ മദ്രസയുടെ അങ്കണം. മഖ്താബിൽ സ്കൂൾ പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ഉപരിപഠനം നടത്തുന്നതിനുള്ള കലാലയമായിരുന്നു ഈ മദ്രസ. മദ്രസകൾ പള്ളികളോട് ചേർത്തു നിർമ്മിക്കപ്പെട്ടിരുന്നു. പക്ഷേ, വലിയ മദ്രസകൾക്ക് അവയോട് ചേർന്നു നിർമ്മിക്കപ്പെട്ട പള്ളികൾ ഉണ്ടായിരുന്നു.*




എന്താണ് ആഗ്രഹിക്കുന്നതെന്നും ഒരാൾക്ക് എങ്ങനെ അറിയാനാകും? പ്രപഞ്ചത്തിന്റെ നിഗൂഢതകൾ ഒരാൾക്ക് എങ്ങനെ മനസ്സിലാക്കാൻ കഴിയും? തങ്ങളുടെ സാമൂഹിക സ്വത്വത്തെ ശക്തിപ്പെടുത്തുവാനും സ്വന്തം ബൗദ്ധിക ജിജ്ഞാസയെ സംതൃപ്തിപ്പെടുത്തുവാനുമായി പലതരം അറിവുകൾ ശേഖരിച്ച് ക്രമീകരിച്ച മുസ്‌ലീം പണ്ഡിതന്മാരിൽ നിന്നും ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചു.

## ഖുർആൻ (The Quran)

"ഭൂമിയിലുള്ള സർവ വൃക്ഷങ്ങളും പേനകളാവുകയും സമുദ്രം മഷിയാവുകയും ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല".

(ഖുർആൻ അധ്യായം – 31 വചനം : 27)



*ഒമ്പതാം നൂറ്റാണ്ടിൽ തുകലിലെഴുതിയ ഖുർആന്റെ ഒരു പുറം. പ്രവാചകനായ മൂസ, എഫേസൂസിലെ ഏഴു നിദ്രാധീനർ, അലക്സാണ്ടർ (സുൽക്കർ നായ്ൻ) എന്നിവരെക്കുറിച്ച് പരാമർശിക്കുന്ന അൽ-കഹ്ഫ് എന്ന പതിനെട്ടാം സൂറത്തിന്റെ ആരംഭമാണിത്. ഭാഷ കൃത്യമായി ഉച്ചരിക്കാൻ സഹായിക്കുന്നതിന് സ്വരാക്ഷരങ്ങൾ ചുവന്ന ചിഹ്നങ്ങളായി കൂഫി ലിപിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.*

അറബി ഗ്രന്ഥമായ ഖുർആനിൽ 114 അധ്യായങ്ങൾ (സൂറത്ത്) ഉണ്ട്. ഇവയെ ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ അവരോഹണക്രമത്തിൽ, ഏറ്റവും ചെറുത് അവസാനം വരുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. ഇതിന് ഒരേ ഒരപവാദം ആദ്യത്തെ സൂറത്താണ്, അതൊരു ചെറിയ പ്രാർഥനയാണ് (അൽ ഫാത്തിഅ – പ്രാരംഭം). മുസ്‌ലിം വിശ്വാസമനുസരിച്ച് ആദ്യം മക്കയിൽ വച്ചും അതിനുശേഷം മദീനയിൽ വച്ചും ദൈവം പ്രവാചകനായ മുഹമ്മദിന് 610-നും 632-നുമിടയിൽ അയച്ചു കൊടുത്ത വെളിപാടുകളുടെ ശേഖരമാണ് ഖുർആൻ. ഈ വെളിപ്പെടുത്തലുകളെ ക്രോഡീകരിക്കുന്ന ഉദ്യമം ഏകദേശം 650 -ലാണ് പൂർത്തിയാക്കിയത്. ഇന്ന് നമുക്ക് ലഭ്യമായിട്ടുള്ള ഏറ്റവും പഴക്കമേറിയ ഖുർആൻ തയാറാക്കപ്പെട്ടത് ഒമ്പതാം നൂറ്റാണ്ടിലാണ്. കൂടുതൽ പഴക്കമുള്ള നിരവധി ശകലങ്ങൾ ഉണ്ട്. അവയിൽ ഏറ്റവും ആദ്യത്തേത് ഏഴാം നൂറ്റാണ്ടിൽ ഡോം ഓഫ് ദി റോക്കിലും നാണയങ്ങളിലും കൊത്തി വച്ചിട്ടുള്ള വചനങ്ങളാണ്.

ഒരു വിശുദ്ധ ഗ്രന്ഥമായ ഖുർആനെ ചരിത്ര രചനയ്ക്കുള്ള സ്രോതസ്സായി ഉപയോഗിക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത് ദൈവത്തിന്റെ വചനമാണെന്ന് ദൈവശാസ്ത്രജ്ഞർവിശ്വസിച്ചിരുന്നു. എന്നാൽ അവരുടെയിടയിലെ യുക്തിചിന്തകർ ഖുർആൻ ന് വ്യാപകമായ വ്യാഖ്യാനങ്ങൾ നൽകി. ഖുർആൻ ദൈവത്തിന്റെ സൃഷ്ടിയാണെന്നും അല്ലാതെ ദൈവത്തിന്റെ വചനങ്ങളല്ലെന്നുമുള്ള കാഴ്ചപ്പാട് 833 -ൽ അബ്ബാസിയ ഖലീഫയായ അൽമാമൂൻ മുന്നോട്ട് വച്ചു. സാഹിത്യശൈലിയാണ് ഖുർആന്റെ രണ്ടാമത്തെ സവിശേഷത. പഴയ നിയമത്തിൽ (*തോറാ*) നിന്നും വ്യത്യസ്തമായി ഇത് സംഭവങ്ങളെ വിവരിക്കുകയല്ല, പരമർശിക്കുക മാത്രമെ ചെയ്യുന്നുള്ളൂ. അതിനാൽത്തന്നെ മധ്യകാല ഇസ്‌ലാമിക പണ്ഡിതന്മാർക്ക് പല വചനങ്ങളെയും മനസ്സിലാക്കാൻ *ഹദീസു*കളുടെ സഹായം തേടേണ്ടി വന്നു. ഖുർആന്റെ വായനയെ സഹായിക്കുന്നതിനാണ് പല *ഹദീസു*കളും എഴുതപ്പെട്ടത്.

മതപണ്ഡിതൻമാരുടെ വീക്ഷണത്തിൽ ദൈവഹിതമറിയുന്നതിനും ലോകജീവിതത്തിൽ മാർഗനിർദേശം നൽകുന്നതിനുമുള്ള ഏകമാർഗം ഖുർആനിൽ നിന്നുള്ള അറിവും (*ഇൽമ്*) പ്രവാചകന്റെ ജീവിതമാതൃകയും (*സുന്നത്ത്*) മാത്രമായിരുന്നു. മധ്യകാലത്തിലെ *ഉലമകൾ* തഫ്സീർ രചിക്കുന്നതിനും മുഹമ്മദിന്റെ ആധികാരികമായ *ഹദീസു*കളെ രേഖപ്പെടുത്തുന്നതിനുമായി സ്വയം സമർപ്പിച്ചു. അനുഷ്ഠാനങ്ങളിലൂടെ (*ഇബാദത്ത്*) ദൈവവുമായും സാമൂഹികകാര്യങ്ങളിലൂടെ (*മൂആമലത്ത്*) മാനവരാശിയുമായുള്ള മുസ്ലീങ്ങളുടെ ബന്ധത്തെ നിയന്ത്രിക്കുന്നതിന് ചില പണ്ഡിതർ ഒരു നിയമസംഹിത (*ശരിയത്ത്*–നേരായമാർഗം) എഴുതിയുണ്ടാക്കി. ഖുർആനിലെയും *ഹദീസി*ലെയും എല്ലാ കാര്യങ്ങളും പൂർണമായി മനസ്സിലാക്കാൻ കഴിയാതിരുന്നതിനാലും നഗരവൽക്കരണത്തോടെ ജീവിതം കൂടുതൽ സങ്കീർണമായി തീർന്നതിനാലും നിയമജ്ഞർ ഇസ്ലാമിക നിയമനിർമ്മാണത്തിന് യുക്തിചിന്ത *(ഖിയാസ്)* യെയും ഉപയോഗപ്പെടുത്തി. സ്രോതസ്സുകളുടെ വ്യാഖ്യാനത്തിലും നിയമശാസ്ത്രത്തിന്റെ രീതികളിലും ഉള്ള വ്യത്യാസങ്ങൾ എട്ട് – ഒൻപത് നൂറ്റാണ്ടുകളിൽ നാല് വിധത്തിലുള്ള നിയമ വീക്ഷണശാഖകൾക്ക് (Four schools of law) (*മദ്ഹബ്*) രൂപം നൽകി. ഇത് മാലിക്കി (Maliki), ഹനഫി (Hanafi), ഷാഫി (Shafi), ഹൻബലി (Hanbali) എന്നിവയായിരുന്നു. ഓരോ ശാഖയുടെയും പേര് ഓരോ പ്രധാനപ്പെട്ട നിയമജ്ഞന്റെ (*ഫഖിഹ്*) പേരിൽ നിന്നും വന്നതാണ്. അവസാനത്തെ ശാഖയായിരുന്നു ഏറ്റവും യാഥാസ്ഥിതികം. സുന്നിസമൂഹത്തിലെ സാധ്യമായ എല്ലാ നിയമപ്രശ്നങ്ങൾക്കും *ശരിയത്ത്* മാർഗനിർദേശം നൽകി. എന്നിരുന്നാലും വാണിജ്യ കാര്യങ്ങൾ, ശിക്ഷാപരവും ഭരണഘടനാപരവുമായ പ്രശ്നങ്ങൾ എന്നിവയെക്കാൾ വിവാഹം, വിവാഹമോചനം, സ്വത്ത്കൈമാറ്റം തുടങ്ങിയ വ്യക്തിപരമായ പ്രശ്നങ്ങൾക്കാണ് ശരിയത്ത് കൂടുതൽ കൃത്യമായ ഉത്തരം നൽകുന്നത്.

*ഏഴ് സൂഫിവര്യന്മാർമാർ ഒരു സ്വപ്നം ഒന്നിച്ച് കാണുന്നു*



വ്യത്യസ്ത പ്രദേശങ്ങളിലെ ആചാരനിയമങ്ങളും (*ഉർഫ്*) രാഷ്ട്രീയ–സാമൂഹിക വ്യവസ്ഥിതിയെ സംബന്ധിച്ച രാഷ്ട്രനിയമങ്ങളും കൂടി കണക്കിലെടുത്ത് ചില ക്രമീകരണങ്ങളോടെയാണ് അന്തിമമായി *ശരിയത്ത്* രൂപം കൊള്ളുന്നത്. എന്നിരുന്നാലും ആചാരനിയമങ്ങൾ പലപ്പോഴും ഗ്രാമങ്ങളിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ശക്തമായിത്തന്നെ നിലനിൽക്കുകയും പെൺമക്കളുടെ പിതൃസ്വത്തുപോലുള്ള വിഷയങ്ങളിൽ *ശരിയത്തി*നെ മറികടക്കുകയും ചെയ്ത്കൊണ്ടിരുന്നു. ഭൂരിഭാഗം ഭരണകാലങ്ങളിലും ഭരണാധികാരിയോ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥൻമാരോ ആണ് രാജ്യത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടർച്ചയായി കൈകാര്യം ചെയ്തിരുന്നത്. ഇവർ തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ മാത്രമെ *ഖാസി*ക്ക് (ജഡ്ജി) അയച്ചിരുന്നുള്ളൂ. ഓരോ നഗരത്തിലും പ്രദേശത്തിലും രാഷ്ട്രം *ഖാസി*യെ (*qazi*) നിയമിച്ചിരുന്നെങ്കിലും, പലപ്പോഴും തർക്കങ്ങളിലെ മധ്യസ്ഥൻമാരായി മാത്രമേ അവർ പ്രവർത്തിച്ചിരുന്നുള്ളൂ. പലപ്പോഴും ശക്തമായി *ശരിയത്ത്* നിയമം നടപ്പിലാക്കാൻ അവർക്ക് കഴിഞ്ഞില്ല.

മധ്യകാല ഇസ്ലാമിൽ മതത്തിനോട് കൂടുതൽ ആഭിമുഖ്യമുള്ള ഒരു വിഭാഗമായിരുന്നു സൂഫികൾ. ഇവർ സന്യാസത്തിലൂടെയും നിഗൂഢതാവാദത്തിലൂടെയും (mysticsm) (*റഹ്ബാനിയ*) ദൈവത്തെക്കുറിച്ച് കൂടുതൽ ആഴമേറിയതും വ്യക്തിപരവുമായ അറിവുകൾ നേടുവാൻ ശ്രമിച്ചു. സമൂഹം ഭൗതികതയിലും ലൗകികസുഖങ്ങളിലും എത്രയധികമായി മുഴുകിയോ (*സുഹ്ദ്*) അത്രയും അധികമായി സൂഫികൾ ഭൗതികലോകത്തെ ഉപേക്ഷിക്കുവാനും ദൈവത്തെമാത്രം (*തവക്കുൽ*) ആശ്രയിക്കുവാനും ശ്രമിച്ചു. ഈശ്വരമയവാദം (pantheism), സ്നേഹം എന്നീ ആശയങ്ങളിലൂടെ സന്യാസ പ്രവണതകളെ നിഗൂഢതാവാദത്തിന്റേതായ (*തസവ്വുഫ്*) ഉയർന്ന തലത്തിലേക്ക് സൂഫികൾ ഉയർത്തി. ദൈവവും അവിടുത്തെ സൃഷ്ടിയും ഒന്നുതന്നെയാണെന്നും അതിനാൽ മനുഷ്യന്റെ ആത്മാവ് അതിന്റെ സ്രഷ്ടാവിൽ ലയിക്കണമെന്നുമുള്ള ആശയമാണ് ഈശ്വരമയവാദം. വിശുദ്ധയായ ബസറയയിലെ റാബിയ (Rabia of Basra, മരണം – 891) അവരുടെ കവിതകളിലൂടെ പ്രബോധിപ്പിച്ചതുപോലെ തീവ്രമായ ദൈവസ്നേഹത്തിലൂടെ (*ഇഷ്ക്*) മനുഷ്യന് ദൈവവുമായി ഒന്നിക്കാൻ കഴിയും. ഇറാനിയൻ സൂഫിയായ ബയാസിദ് ബിസ്താമി (Bayazid Bistami, മരണം 874) യാണ് ആത്മാവിനെ (*ഫനാ*) ദൈവത്തിൽ നിമഗ്നമാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ആദ്യം പഠിപ്പിച്ചത്. ദിവ്യാനുഭൂതി ജനിപ്പിക്കുവാനും സ്നേഹം, അഭിനിവേശം എന്നീ വികാരങ്ങൾ ഉത്തേജിപ്പിക്കുവാനും സൂഫികൾ സംഗീതത്തെ (*സാമ*) ഉപയോഗിച്ചു.

മതം, പദവി, ലിംഗം എന്നിവയ്ക്കുപരിയായി സൂഫിസം എല്ലാവരേയും ഉൾക്കൊണ്ടു. യഥാർഥ ഇസ്ലാമിനെക്കുറിച്ച് ഒരു വൃദ്ധയിൽ നിന്നും യഥാർത്ഥ ധീരതയെക്കുറിച്ച് ഒരു ജലവാഹകനിൽ നിന്നുമാണ് താൻ പഠിച്ചതെന്ന് അബ്ബാസിയ ഖലീഫയായ അൽ–മുതവക്കിലിന് (al -Mutawakkil) മുൻപിൽ ദുൽനൻ മിസ്രി (Dhulnun Misri, മരണം 861) എന്ന സൂഫി വര്യൻ പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ ശവകുടീരം ഈജിപ്തിലെ പിരമിഡിന് സമീപമായി ഇപ്പോഴും കാണാൻ കഴിയും. മതത്തെ സ്ഥാപനവൽക്കരിക്കുന്നതിനെക്കാൾ അതിനെ കൂടുതൽ വ്യക്തിപരമാക്കികൊണ്ട് സൂഫിസം ജനപ്രീതി നേടുകയും യാഥാസ്ഥിതിക ഇസ്ലാമിന് വെല്ലുവിളി ഉയർത്തുകയും ചെയ്തു.

ഗ്രീക്ക് തത്ത്വചിന്തയുടെയും ശാസ്ത്രത്തിന്റെയും സ്വാധീനത്താലാണ് ഇസ്ലാമിക തത്ത്വചിന്തകരും ശാസ്ത്രജ്ഞരും പ്രപഞ്ചത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചുമുള്ള ഒരു ബദൽ കാഴ്ചപ്പാട് വികസിപ്പിച്ചെടുത്തു. ഏഴാം നൂറ്റാണ്ടിൽ, പിൽക്കാല ഗ്രീക്ക് സംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങൾ ബൈസാന്റൈൻ, സസാനിയൻ സാമ്രാജ്യങ്ങളിൽ നാശോൻമുഖമാണെങ്കിലും ദൃശ്യമായിരുന്നു. പക്ഷെ അവ ക്രമേണ നശിക്കുകയുണ്ടായി. ഒരുകാലത്ത് അലക്സാണ്ടറിന്റെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന മെസൊപ്പൊട്ടേമിയ, സിറിയ, അലക്സാഡ്രിയ എന്നിവിടങ്ങളിലെ വിദ്യാലയങ്ങളിൽ മറ്റു വിഷയങ്ങളോടൊപ്പം ഗ്രീക്ക് തത്ത്വശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയും പഠിപ്പിച്ചിരുന്നു. ഉമവിയ്യ, അബ്ബാസിയ ഖലീഫമാർ ഗ്രീക്ക് സുറിയാനി ഗ്രന്ഥങ്ങൾ അറബി ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് ക്രിസ്ത്യൻ പണ്ഡിതരെ ചുമതലപ്പെടുത്തി. അൽ–മാമൂൻ (al-Mamun) ബാഗ്ദാദിലെ പണ്ഡിതർ ജോലിചെയ്തിരുന്ന ഗ്രന്ഥാലയ-ശാസ്ത്രസ്ഥാപനത്തെ (Library cum Institute of Science) (*ബൈതുൽ-ഹിക്ക്മാ*) സംരക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ പരിഭാഷ എന്നത് ഒരു സുസംഘടിത പ്രവർത്തനമായി മാറി. അരിസ്റ്റോട്ടിലിന്റെ കൃതികൾ, യൂക്ളിഡിന്റെ *എലമെന്റ്സ്* (*Elements* of Euclid) ടോളമിയുടെ *അൽമജസ്റ്റ്* (Ptolemy's *Almagest*) എന്നിവ അറബ് പണ്ഡിതരുടെ ശ്രദ്ധ നേടിയിരുന്നു. ഇന്ത്യയുടെ ജ്യോതിശാസ്ത്ര, ഗണിതശാസ്ത്ര, വൈദ്യശാസ്ത്ര, ഗ്രന്ഥങ്ങളും അറബി ഭാഷയിലേക്ക് ഇതേ കാലയളവിൽ പരിഭാഷപ്പെടുത്തി. ഈ ഗ്രന്ഥങ്ങൾ യുറോപ്പിലെത്തുകയും ശാസ്ത്രത്തിലും തത്ത്വശാസ്ത്രത്തിലും അവരിൽ താൽപ്പര്യം ജനിപ്പിക്കുകയും ചെയ്തു.

### മാതൃകാ വിദ്യാർഥി (The Ideal Student)

പന്ത്രണ്ടാം നൂറ്റാണ്ടിലെ നിയമജ്ഞനും വൈദ്യശാസ്ത്ര പണ്ഡിതനുമായ ബാഗ്ദാദിലെ അബദ്-അൽ-ലത്തീഫ്, തന്റെ മാതൃകാ വിദ്യാർഥിയോട് സംസാരിക്കുന്നു.

'സ്വയം മനസ്സിലാക്കാനുള്ള നിന്റെ കഴിവിൽ നീ വിശ്വസിച്ചാൽ പോലും സഹായത്തോടു കൂടിയല്ലാതെ ഗ്രന്ഥങ്ങളിൽ നിന്നും നീ ശാസ്ത്രം പഠിക്കരുതെന്ന് ഞാൻ നിന്നോട് അഭിപ്രായപ്പെടുന്നു. നീ നേടുവാൻ ആഗ്രഹിക്കുന്ന ഓരോ ശാസ്ത്രത്തിനും വേണ്ടി അധ്യാപകരെ ആശ്രയിക്കുക; നിന്റെ അധ്യാപകന് നിനക്ക് നൽകുവാൻ കഴിയുന്ന അറിവ് പരിമിതമാണെങ്കിൽ അദ്ദേഹത്തേക്കാൾ സമർഥനായ മറ്റൊരാളെ നീ കണ്ടെത്തുന്നതുവരെ അദ്ദേഹത്തിന് നൽകാൻ കഴിയുന്നതെല്ലാം സ്വായത്തമാക്കണം. നീ തീർച്ചയായും അദ്ദേഹത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. നീ ഒരു പുസ്തകം വായിക്കുമ്പോൾ അത് ഹൃദിസ്ഥമാക്കാൻ പ്രയത്നിക്കുകയും അതിന്റെ അർഥം പൂർണതയിൽ മനസ്സിലാക്കുകയും വേണം. പുസ്തകം നഷ്ടപ്പെട്ടാൽ ആ നഷ്ടം ബാധിക്കാത്ത രീതിയിൽ അതിനെ പകർന്നു നൽകാൻ നിനക്ക് കഴിയണം. ഒരാൾ ചരിത്രങ്ങൾ വായിക്കുകയും ജീവചരിത്രങ്ങളും രാഷ്ട്രങ്ങളുടെ അനുഭവങ്ങളും പഠിക്കുകയും വേണം. ഇങ്ങനെ ചെയ്യുക വഴി ഒരുവന്റെ ചുരുങ്ങിയ ജീവിതകാലത്തിനുള്ളിൽ, ഭൂതകാല മനുഷ്യരുടെ സമകാലികരായി ജീവിക്കാൻ കഴിഞ്ഞതുപോലെയും അവരുമായി വളരെ അടുപ്പത്തിലായിരുന്നതുപോലെയും അവരുടെ ഇടയിലെ നല്ലതും മോശവുമായ കാര്യങ്ങൾ അറിയുവാൻ കഴിഞ്ഞതുപോലെയും അനുഭവപ്പെടും. നിന്റെ സ്വഭാവത്തെ ആദ്യകാല മുസ്ലീങ്ങളുടേതുപോലെയാക്കണം. അതിന്, പ്രവാചകന്റെ ജീവചരിത്രം വായിക്കുകയും അദ്ദേഹത്തിന്റെ പാതകൾ പിന്തുടരുകയും ചെയ്യണം. നീ സ്വന്തം സ്വഭാവ രീതികളിൽ അവിശ്വാസം വളർത്തുകയല്ലാതെ അതിനെക്കുറിച്ച് നല്ലൊരു അഭിപ്രായം ഉണ്ടാക്കരുത്. നിന്റെ ചിന്തകളെ പണ്ഡിതരിലും അവരുടെ ഗ്രന്ഥത്തിലും സമർപ്പിക്കുകയും ശ്രദ്ധയോടു കൂടി മുന്നോട്ടു പോകുകയും ധൃതി ഒഴിവാക്കുകയും വേണം. പഠനത്തിന്റെ സമ്മർദത്തെ അതിജീവിക്കാൻ കഴിയാത്ത ഒരാൾക്ക് അറിവിന്റെ സന്തോഷത്തെ ആസ്വദിക്കുവാൻ കഴിയില്ല. നീ നിന്റെ പഠനവും മനനവും പൂർത്തിയാക്കികഴിയുമ്പോൾ നിന്റെ നാവിനെ ദൈവനാമത്തിൽ വ്യാപൃതമാക്കുകയും ദൈവസ്തുതി ആലപിച്ചുകൊണ്ടിരിക്കുകയും ചെയ്യണം. ലോകം നിന്നോട് പുറംതിരിഞ്ഞ് നിൽക്കുക്കയാണെങ്കിൽ പരാതി പറയരുത്. ജ്ഞാനം അതിന്റെ ഉടമസ്ഥനെ വിളംബരം ചെയ്തു കൊണ്ട് ഒരു വഴിയും സുഗന്ധവും രൂപപ്പെടുത്തുകയും അതിന്റെ ഒരു പ്രകാശ കിരണവും ശോഭയും അദ്ദേഹത്തിൽ തിളങ്ങുകയും അദ്ദേഹത്തെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.'

– അഹമദ് ഇബിൻ അൽ ഖാസിം ഇബിൻ അബി ഉസൈബിയ, *ഉയുൻ അൽ അൻബ്.*

**പ്രവർത്തനം 3**

ഈ ഖണ്ഡികയെക്കുറിച്ച് അഭിപ്രായം പറയുക. ഇന്നത്തെ ഒരു വിദ്യാർഥിക്ക് ഇത് പ്രസക്തമാണോ?

പുതിയ വിഷയങ്ങളെക്കുറിച്ചുള്ള പഠനം വിമർശനാത്മക അന്വേഷണത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇത് ഇസ്ലാമിക ബൗദ്ധിക ജീവിതത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുകയും ചെയ്തു. മുതസിലയെന്ന വിഭാഗത്തെപ്പോലെ മതപഠനത്തിൽ ആഭിമുഖ്യമുള്ള പണ്ഡിതർ, ഇസ്ലാമിക വിശ്വാസങ്ങളെ പ്രതിരോധിക്കുവാൻ ഗ്രീക്ക് ന്യായവാദത്തെയും യുക്തിചിന്താരീതികളെയും ഉപയോഗിച്ചു. തത്വചിന്തകൻമാർ (*ഫലാസിഫ*) കൂടുതൽ വിശാലമായ ചോദ്യങ്ങൾ ഉയർത്തുകയും പുതുമയുള്ള ഉത്തരങ്ങൾ നൽകുകയും ചെയ്തു. തത്വചിന്തകനും തൊഴിൽ കൊണ്ട് ഭിഷഗ്വരനുമായിരുന്ന ഇബിൻ സിനാ (Ibn Sina) അന്ത്യദിനത്തിൽ ശരീരം ഉയിർത്തെഴുന്നേൽക്കുമെന്ന് വിശ്വസിച്ചിരുന്നില്ല. ഈ കാഴ്ചപ്പാടിന് പല എതിർപ്പുകളും നേരിടേണ്ടിവന്നു. അദ്ദേഹത്തിന്റെ വൈദ്യശാസ്ത്ര



പതിമൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഒരു അറബി കൈയെഴുത്തു ഗ്രന്ഥത്തിൽ കാണുന്ന ഈ ചെറു ചിത്രത്തിൽ ദിമ്ന ഒരു സിംഹത്തോട് (ആസദ്) സംസാരിക്കുന്നു.

ഗ്രന്ഥങ്ങൾ വ്യാപകമായി വായിക്കപ്പെട്ടിരുന്നു. ഇതിൽ ഏറ്റവും പ്രശസ്തമായ ഗ്രന്ഥം *അൽ-ഖാനുൻ ഫിത്തിബ്ബ്* (Canon of Medicine- വൈദ്യനിയമം) ആയിരുന്നു. ഒരു ദശലക്ഷം പദങ്ങളുള്ള കൈയെഴുത്ത് പ്രതിയായിരുന്ന ഈ പുസ്തകത്തിൽ തന്റെ കാലത്ത് ഔഷധ വിദഗ്ധർ വിറ്റിരുന്ന 750-ഓളം മരുന്നുകളുടെ പട്ടികയും ആശുപത്രിയിൽ *(ബിമാരിസ്താൻ)* അദ്ദേഹം നടത്തിയ പരീക്ഷണക്കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഭോജനക്രമീകരണ ശാസ്ത്രത്തിന്റെ (dietetics) (ഭക്ഷണം നിയന്ത്രിച്ച് രോഗശാന്തിനേടൽ) പ്രാധാന്യത്തെക്കുറിച്ചും ആരോഗ്യത്തിൽ കാലാവസ്ഥയുടെയും പരിസ്ഥിതിയുടെയും സ്വാധീനത്തെക്കുറിച്ചും ചില രോഗങ്ങളുടെ സാംക്രമിക സ്വഭാവത്തെക്കുറിച്ചും ഈ ഗ്രന്ഥം സൂചിപ്പിക്കുന്നു. ഖാനൂൻ യൂറോപ്പിൽ ഒരു പാഠപുസ്തകമായി ഉപയോഗിക്കുകയും ഗ്രന്ഥകാരൻ 'അവിസെന്ന' (Avicenna) യെന്ന് അറിയപ്പെടുകയും ചെയ്തു. ശാസ്ത്രജ്ഞനും കവിയുമായ ഉമർ ഖയാം (Umar Khayam) തന്റെ മരണത്തിന് തൊട്ടുമുൻപ് *ഖാനൂൻ* വായിച്ചുകൊണ്ടിരുന്നതായി പറയപ്പെടുന്നു. അദ്ദേഹത്തിന്റെ സ്വർണത്തിൽ തീർത്ത പല്ലുകുത്തി ഈ ഗ്രന്ഥത്തിലെ അതിഭൗതിക ശാസ്ത്രത്തെക്കുറിച്ചുള്ള അധ്യായത്തിന്റെ രണ്ട് പുറങ്ങൾക്കുമിടയിൽ കാണപ്പെടുകയുണ്ടായി.

മധ്യകാല ഇസ്ലാം സമൂഹങ്ങളിൽ ഒരു വ്യക്തിയുടെ ഏറ്റവും അഭിനന്ദനീയമായ ഗുണങ്ങളായി കരുതപ്പെട്ടിരുന്നത് പരിഷ്കൃതമായ ഭാഷയും സർഗാത്മക ഭാവനയുമാണ്. ഈ ഗുണങ്ങൾ ഒരു വ്യക്തിയുടെ ആശയവിനിമയത്തെ *അദബ്* ന്റെ തലത്തിലേക്ക് ഉയർത്തി. സാംസ്കാരികവും സാഹിത്യപരവുമായ പരിഷ്കൃതാവസ്ഥയെയാണ് *അദബ്* എന്ന പദം സൂചിപ്പിക്കുന്നത്. *അദബ്* രീതിയിലുള്ള ആവിഷ്ക്കാരങ്ങൾ പദ്യരൂപത്തിലും (*നള്മ്*- ക്രമീകരിച്ച വരികൾ) ഗദ്യരൂപത്തിലും (*നസ്ർ*-ചിന്നിച്ചിതറിയ പദങ്ങൾ) ഉണ്ടായിരുന്നു. ഇവ ഹൃദിസ്ഥമാക്കുകയും അവസരോചിതമായി ഉപയോഗിക്കുകയും ചെയ്യാനുള്ളവയായിരുന്നു. ഇസ്ലാമിക കാലത്തിന് മുമ്പ് രചിക്കപ്പെട്ടവയിൽ ഏറ്റവും ജനപ്രീതിയാർന്ന കാവ്യങ്ങൾ ഭാവഗീതങ്ങളായിരുന്നു (*ഖസീദ*). അബ്ബാസിയ കാലഘട്ടത്തിലെ കവികൾ അവരുടെ സംരക്ഷകരെ വാഴ്ത്തിക്കൊണ്ട് രചിച്ച കൃതികളാണ് ഇവ. പേർഷ്യക്കാരായ കവികൾ അറബിക്കവിതകൾക്ക് പുതുജീവനും ഊർജസ്വലതയും നൽകികൊണ്ട് അറബികളുടെ സംസ്കാരികാധിപത്യത്തെ വെല്ലുവിളിച്ചു. ഇസ്ലാം നിരോധിച്ച സുഖങ്ങൾ ആഘോഷിക്കുകയെന്ന ലക്ഷ്യത്തോടു കൂടി പുരുഷസ്നേഹത്തെയും വീഞ്ഞിനെയും പോലുള്ള പുതിയ പ്രമേയങ്ങളെക്കുറിച്ച് കവിതകൾ രചിച്ചുകൊണ്ട് അബു നുവാസ് (Abu Nuwas, മരണം -815) എന്ന പേർഷ്യൻ കവി പുതിയ പാത വെട്ടിത്തുറന്നു. അബു നുവാസിനു ശേഷമുള്ള കവികൾ തങ്ങളുടെ അഭിനിവേശപാത്രം ഒരു സ്ത്രീയാണെങ്കിൽപോലും അതിനെക്കുറിച്ച് പുല്ലിംഗത്തിൽ എഴുതി. അതേ പാരമ്പര്യം പിൻതുടർന്നുകൊണ്ട്, സൂഫികൾ, നിഗൂഢ സ്നേഹമാകുന്ന വീഞ്ഞ് നൽകുന്ന ലഹരിയെ വാഴ്ത്തി.

അറബികൾ ഇറാൻ കീഴടക്കിയപ്പോഴേക്കും, പുരാതന ഇറാനിലെ വിശുദ്ധഗ്രന്ഥങ്ങളുടെ ഭാഷയായിരുന്ന പഹ്ലവി ജീർണാവസ്ഥയിലായിരുന്നു. വലിയ ഒരു അറബി പദ ശേഖരം സ്വീകരിച്ചു കൊണ്ട് പഹ്ലവിയുടെ ഒരു പതിപ്പായി നവീന പേർഷ്യൻ ഭാഷ വികസിച്ചുവന്നു. ഖുറാസനിയിലെയും ട്രാൻസ് ഓക്സിയാനയിലെയും സൽത്ത

നത്തുകളുടെ രൂപീകണം പുതിയ പേർഷ്യൻ ഭാഷയെ മഹത്തായ സംസ്കാരിക ഔന്നി ത്യത്തിൽ എത്തിച്ചു. സമാനിദുകളുടെ രാജസദസിലെ ആസ്ഥാന കവിയായ റുദാക്കിയെ (Rudaki, മരണം -940) പുതിയ പേർഷ്യൻ കവിതയുടെ പിതാവായി കരുതിയിരുന്നു. ഈ കവിതയിൽ ചെറിയ ഭാവഗാനങ്ങളും (*ഗസൽ*) നാലുവരി കവിതകളും (*റുബായി,* ബഹുവചനം *റുബാഇയ്യാത്ത്*) ആണ് ഉൾപ്പെട്ടിരുന്നത്. *റുബായി* നാലുവരി ശ്ലോകമാ ണ്. ആദ്യത്തെ രണ്ട് വരികൾ പശ്ചാത്തലം ഒരുക്കുകയും മൂന്നാമത്തെ വരി ആശയം ഭംഗിയായി ഉന്നയിക്കുകയും നാലാമത്തെ വരി അത് അവതരിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ രൂപത്തിന് വിരുദ്ധമായി, *റുബായി* കവിതയുടെ വിഷയത്തിൻമേൽ യാതൊരു നിയന്ത്രണവും ഉണ്ടായിരുന്നില്ല. പ്രേയസിയുടെ സൗന്ദര്യത്തെ ആവിഷ്ക്കരിക്കാനും രക്ഷാധികാരിയെ പുകഴ്ത്തുന്നതിനും തത്ത്വചിന്തകന്റെ ചിന്തകളെ സൂചിപ്പിക്കുന്നതിനും 'റുബായി' ഉപയോഗിക്കുമായിരുന്നു. ഉമർ ഖയാമിന്റെ (Umar Khayyam,1048 -1131) കരങ്ങ ളിൽ റുബായി അതിന്റെ പാരമ്യത്തിൽ എത്തി. ജ്യോതിശാസ്ത്രജ്ഞനും ഗണിതശാ സ്ത്രജ്ഞനുമായിരുന്ന അദ്ദേഹം സമർഖണ്ഡ്, ഇസ്ഫഹാൻ, ബുഖാറ എന്നിവിടങ്ങ ളിലായി ജീവിച്ചിരുന്നു.

പതിനൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ഗസ്നി പേർഷ്യൻ സാഹിത്യ ലോകത്തിന്റെ കേന്ദ്രമായി മാറി. സാമ്രാജ്യ രാജസദസിന്റെ ശോഭയാൽ സ്വാഭാവിക മായും കവികൾ ഇവിടേക്ക് ആകർഷിക്കപ്പെട്ടു. ഭരണാധികാരികളും അവരുടെ കീർത്തി വർധിപ്പിക്കുന്നതിലേക്കായി കലകളെയും പഠനത്തെയും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു. ഗസ്നിയിലെ മഹമൂദ് തനിക്ക് ചുറ്റും പദ്യസമാഹരണങ്ങളും *(ദീവാൻ)* ഇതിഹാസങ്ങളും (*മസ്നവി*) രചിക്കുന്ന കവികളെ ഒരുമിച്ചു കൂട്ടി. ഇവരിൽ ഏറ്റവും പ്രഗൽഭനായ കവി ഫിർദൗസി (Firdausi, മരണം -1020) യായിരുന്നു. 30 വർഷം കൊണ്ടാണ് *ഷാനാമ* (*ബുക്ക് ഓഫ് കിംങ്സ്*) അദ്ദേഹം പൂർത്തീകരിച്ചത്. 50000 ഈര ടികളുള്ള ഈ ഇതിഹാസ കൃതി ഇസ്ലാമിക സാഹിത്യത്തിലെ ഏറ്റവും ശ്രേഷ്ഠമായ കവിതയായി കരുതപ്പെടുന്നു. പാരമ്പര്യങ്ങളുടെയും ഐതിഹ്യങ്ങളുടെയും ശേഖരമാണ് *ഷാനാമ* (ഏറ്റവും പ്രശസ്തമായ ഐതിഹ്യം റുസ്തമിനെ സംബന്ധിച്ച്). ഈ കൃതി സൃഷ്ടി മുതൽ അറബ് ആക്രമണം വരെയുള്ള ഇറാന്റെ ചരിത്രത്തെ കാവ്യാത്മക മായി വരച്ചു കാണിക്കുന്നു. ഗസ്നവിദ് പാരമ്പര്യത്തെ പിൻതുടർന്നുകൊണ്ടാണ് പിൽക്കാലത്ത് പേർഷ്യൻ, ഇന്ത്യയിൽ സംസ്ക്കാരത്തിന്റെയും ഭരണത്തിന്റെയും ഭാഷ യായി തീർന്നത്.

ബാഗ്ദാദിലെ പുസ്തക വ്യാപാരിയായിരുന്ന ഇബിൻ നദീമിന്റെ (Ibin Nadim, മരണം-895) പുസ്തക പട്ടിക (*കിതാബ് അൽ-ഫിഹിരിസ്റ്റ്*) ധാർമ്മിക വിദ്യാഭ്യാസ ത്തിനും വായനക്കാരുടെ വിനോദത്തിനും വേണ്ടി ഗദ്യ രൂപത്തിൽ എഴുതപ്പെട്ട ധാരാളം ഗ്രന്ഥങ്ങളെക്കുറിച്ച് വിവരിക്കുന്നു. ഇവയിൽ ഏറ്റവും പഴക്കമുള്ളത് *കലീല വ ദിംന* (*Kalila wa Dimna*) എന്നുപേരായ മൃഗങ്ങൾ കഥാപാത്രമായുള്ള പുസ്തകമാണ്. (രണ്ട് കുറു നരികളാണ് പ്രധാന കഥാപാത്രങ്ങൾ). ഇത് പഞ്ചതന്ത്രത്തിന്റെ പഹ്ലവി പതി പ്പിന്റെ അറബിക് പരിഭാഷയായിരുന്നു. അലക്സാണ്ടറിനെയും (അൽ -ഇക്സന്തർ) സിന്ദ്ബാദിനെയും (Sindabad) പോലുള്ള ധീരസാഹസികരുടെയും ഖയസി (Qays) നെ പോലുള്ള ദു:ഖിതരായ കമിതാക്കളുടെയും (മജ്നുൻ അല്ലെങ്കിൽ മദ്മാൻ) കഥക ളാണ് ഇവയിൽ ഏറ്റവും വ്യാപകമായി പ്രചരിച്ചതും എന്നും നിലനിൽക്കുന്നതുമായ സാഹിത്യ കൃതികൾ. ഇവ നൂറ്റാണ്ടുകളിലൂടെ വാമൊഴി വരമൊഴി പരമ്പരകളായി വളർന്നു വികസിച്ചു. ഷഹർസാദ് (Shahrzad) എന്ന ഒരേയൊരു വ്യക്തി ഓരോ രാത്രിയും അവളുടെ ഭർത്താവിനോട് പറയുന്ന കഥകളുടെ ശേഖരമാണ് *ആയിരത്തൊന്ന് രാവു കൾ* (*The Thousand and One Night*) എന്ന കഥാസമാഹാരം. ഇൻഡോ-പേർഷ്യൻ ഭാഷ യിൽ എഴുതപ്പെട്ട മൂലകൃതി എട്ടാം നൂറ്റാണ്ടിൽ ബാഗ്ദാദിൽ വച്ച് അറബിയിലേക്ക്

പരിഭാഷപ്പെടുത്തി. കെയ്റോയിൽ വച്ച് മംലൂകുകളുടെ (Mamluk) കാലഘട്ടത്തിൽ കൂടുതൽ കഥകൾ കൂട്ടിച്ചേർക്കപ്പെട്ടു. ഈ കഥകൾ, ഉദാരമനസ്കർ, വിഡ്ഢികൾ, വഞ്ചകർ, സൂത്രശാലികൾ തുടങ്ങിയ വിവിധതരം മനുഷ്യരെ ചിത്രീകരിക്കുന്നു. ഇവയുടെ ലക്ഷ്യം വിദ്യാഭ്യാസവും വിനോദവുമായിരുന്നു. തന്റെ *കിതാബ് അൽ-ബുഖലാഉ്* (*ബുക്ക് ഓഫ് മൈസേഴ്സ്*) എന്ന കൃതിയിലൂടെ ബസ്റയിലെ ജാഹിസ് (മരണം-368) പിശുക്കന്മാരെക്കുറിച്ചുള്ള രസകരമായ ചെറുകഥകൾ ശേഖരിച്ച് അവരുടെ അത്യാഗ്രഹത്തെ വിശകലനം ചെയ്യുന്നു.

ഒൻപതാം നൂറ്റാണ്ട് മുതൽ *അദബിന്റെ* മേഖലകൾ വിപുലമായി. അതിൽ ജീവചരിത്രങ്ങൾ, നീതിശാസ്ത്രങ്ങൾ, രാജതന്ത്രശാസന ഗ്രന്ഥങ്ങൾ എന്നിവയും സർവോപരി ചരിത്രവും ഭൂമിശാസ്ത്രവും ഉൾപ്പെടുത്തിത്തുടങ്ങി.

ചരിത്രരചനയുടെ പാരമ്പര്യം സാക്ഷരത നേടിയ മുസ്‌ലീം സമൂഹങ്ങളിൽ സുസ്ഥാപിതമായിരുന്നു. ചരിത്രഗ്രന്ഥങ്ങൾ, പണ്ഡിതന്മാരെയും പഠിതാക്കളെയും കൂടാതെ ധാരാളം പൊതുജനങ്ങളും വായിച്ചിരുന്നു. ഭരണാധികാരികളെയും ഉദ്യോഗസ്ഥരെയും സംബന്ധിച്ചിടത്തോളം ചരിത്രം ഒരു രാജവംശത്തിന്റെ നേട്ടങ്ങളെയും മഹത്വത്തെയും കുറിക്കുന്നതും ഭരണതന്ത്രത്തിന്റെ ഉദാഹണരങ്ങൾ നൽകുന്നതുമായ നല്ലൊരു രേഖയായിരുന്നു. ബലാദുരി (Baladhuri, മരണം-892) യുടെ *അൻസാബ് അൽ അഷറഫും* (*ജീനിയോളജീസ് ഓഫ് ദി നോബിൾസ്*) തബരിയുടെ *താരിഖ് അൽ-റുസൂൽ വൽ മുലൂക്കുമാണ്* (*ഹിസ്റ്ററി ഓഫ് പ്രോഫറ്റ് ആന്റ് കിങ്സ്*) രണ്ട് പ്രധാനപ്പെട്ട ചരിത്രഗ്രന്ഥങ്ങൾ. ഈ രണ്ട് പുസ്തകങ്ങളും ഇസ്‌ലാമിക കാലഘട്ടത്തെ കേന്ദ്രീകരിച്ചുകൊണ്ട് മനുഷ്യരാശിയുടെ ചരിത്രത്തെ കൈകാര്യം ചെയ്തിരുന്നു. ഖലീഫാഭരണത്തിന്റെ തകർച്ചയോടുകൂടി പ്രാദേശിക ചരിത്രരചനാ പാരമ്പര്യം വളർന്നുവന്നു. ഇസ്‌ലാമിക ലോകത്തിന്റെ ഐക്യത്തെയും വൈവിധ്യത്തെയും അറിയുന്നതിനായി പേർഷ്യൻ ഭാഷയിൽ രാജവംശങ്ങൾ, നഗരങ്ങൾ, പ്രദേശങ്ങൾ എന്നിവയെക്കുറിച്ച് ഗ്രന്ഥങ്ങൾ എഴുതപ്പെട്ടു.

ഭൂമിശാസ്ത്രവും സഞ്ചാരവും (*റിഹ്‌ല) അദബിന്റെ* ഒരു പ്രത്യേക ശാഖയായി രൂപം കൊണ്ടു. ഇവ കച്ചവടക്കാരുടെയും സഞ്ചാരികളുടെയും നിരീക്ഷണങ്ങളോടുകൂടിയ ഗ്രീക്ക്, ഇറാനിയൻ, ഇന്ത്യൻ ഗ്രന്ഥങ്ങളിലെ അറിവുകളെ സംയോജിപ്പിച്ചു. ഗണിത ഭൂമിശാസ്ത്രത്തിൽ അധിവാസലോകത്തെ (ഇനത്തെ മൂന്ന് ഭൂഖണ്ഡങ്ങളുടെ പ്രദേശത്തെ) ഭൂമധ്യരേഖയ്ക്ക് സമാന്തരമായ ഏഴ് ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ നഗരത്തിന്റെയും സ്ഥാനം ജ്യോതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി നിർണയിച്ചിരുന്നു. ലോകത്തിലുള്ള ജനങ്ങളെയും രാജ്യങ്ങളെയും കുറിച്ചുള്ള താരതമ്യപഠനവും അത്യന്തം കൗതുകകരമായ വസ്തുതകളുടെ ഒരു അമൂല്യശേഖരവുമാണ്, മുഖദാസിയുടെ വിവരണാത്മക ഭൂമിശാസ്ത്രമായ *അഹ്സൻ അൽ - തഖാസിം* (*ദി ബസ്റ്റ് ഡിവിഷൻ*). ലോകസംസ്കാരങ്ങളുടെ വിപുലമായ വൈവിധ്യത്തെക്കുറിച്ച് വിശദമാക്കുവാൻവേണ്ടി മസൂദി (Masudi) യുടെ *മുറൂജ് അൽ-ദഹാബ്* (*ഗോൾഡൻ മെഡോസ്*, 943-ൽ എഴുതപ്പെട്ടത്) എന്ന ഗ്രന്ഥം ഭൂമിശാസ്ത്രത്തെയും പൊതുവായ ചരിത്രത്തെയും ഒരുമിച്ച് കൊണ്ടുവന്നു. അൽബിറൂനി (Alberuni) യുടെ പ്രശസ്തമായ *തഹ്ഖീകു മാ ലിൽ-ഹിന്ദ്* (*ഹിസ്റ്ററി ഓഫ് ഇന്ത്യ*) എന്ന ഗ്രന്ഥം പതിനൊന്നാം നൂറ്റാണ്ടിൽ ഒരു മുസ്ലീം എഴുത്തുകാരൻ ഇസ്‌ലാമിക ലോകത്തിനുമപ്പുറത്തേക്ക് നോക്കുവാനും മറ്റൊരു സംസ്കാരിക പാരമ്പര്യത്തിൽ എന്തെല്ലാമാണ് വിലപ്പെട്ടതെന്ന് നിരീക്ഷിക്കുവാനും നടത്തിയ ഏറ്റവും മഹത്തായ ശ്രമമായിരുന്നു.

പത്താം നൂറ്റാണ്ടോടുകൂടി സഞ്ചാരികൾക്ക് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്ന ഒരു ഇസ്ലാമിക ലോകം ഉദയം ചെയ്തു കഴിഞ്ഞിരുന്നു. മതപരമായ സൗധങ്ങളായിരുന്നു ഈ ലോകത്തിന്റെ ഏറ്റവും മഹത്തരമായ ബാഹ്യ അടയാളം. സ്പെയിൻ മുതൽ മധ്യേഷ്യ വരെയുള്ള മുസ്ലീം പള്ളികളും ആരാധനാലയങ്ങളും ശവകുടീരങ്ങളുമെല്ലാം ഒരേ അടിസ്ഥാന ശില്പരീതിയെയാണ് സൂചിപ്പിച്ചത്. ആർച്ചുകൾ (കമാനങ്ങൾ), താഴികക്കുടങ്ങൾ, മിനാരങ്ങൾ (ഗോപുരങ്ങൾ), തുറന്ന നടുമുറ്റങ്ങൾ ഇവയെല്ലാം മുസ്ലീങ്ങളുടെ ആത്മീയവും രാഷ്ട്രീയവുമായ ആവശ്യങ്ങളുടെ ബാഹ്യ പ്രകടനമായിരുന്നു. ഇസ്ലാമിന്റെ ആദ്യ നൂറ്റാണ്ടിൽ മുസ്ലീം പള്ളികൾ വ്യത്യസ്തമായ വാസ്തുവിദ്യാരീതി കൈവരിച്ചു. അവ പ്രാദേശികമായ വൈവിധ്യങ്ങളെ മറികടന്ന് നിലനിന്നു. മുസ്ലീം പള്ളികൾക്ക് ഒരു കുളമോ അല്ലെങ്കിൽ നീരുറവയോ ഉള്ള നടുമുറ്റം (*സഹൻ*) ഉണ്ടായിരുന്നു. ഇവിടെ നിന്നും പ്രാർഥനാമുഖ്യനെയും (*ഇമാം*) വിശ്വാസികളുടെ നീണ്ട നിരകളെയും ഉൾക്കൊള്ളാൻ കഴിയുന്ന ഭിത്തികളുള്ള (തൂണുകളാൽ ഉറപ്പിച്ചിട്ടുള്ള മേൽക്കൂരകൾ) വിശാലമായ മുറിയിലേക്ക് കടക്കാം. രണ്ട് പ്രത്യേക സവിശേഷതകളാണ് ഈ മുറിക്കുള്ളിൽ ഉണ്ടായിരുന്നത്. ഒന്നാമത്തെത് ഒരു *മിഹ്റാബും* (ചുവരിലുള്ള ഭിത്തിമാടം) ഇത് മക്കയുടെ ദിശയെ (*ഖിബ്ലാ*) സൂചിപ്പിക്കുന്നു). രണ്ടാമത്തെത് പ്രസംഗവേദി അല്ലെങ്കിൽ *മിൻബറു* മാണ്. ഇവിടെ നിന്നുമാണ് വെള്ളിയാഴ്ച പ്രാർഥന വേളകളിൽ പ്രഭാഷണങ്ങൾ നടത്തുന്നത്. കെട്ടിടങ്ങളുമായി ചേർന്ന് ഒരു ഗോപുരം ഉണ്ടായിരുന്നു. നിശ്ചയിച്ചിരിക്കുന്ന പ്രാർഥനാ സമയങ്ങളിൽ വിശ്വാസികളെ വിളിച്ചറിയിക്കുന്നതിനും പുതിയ വിശ്വാസത്തിന്റെ സാന്നിധ്യത്തെ സൂചിപ്പിക്കുന്നതിനും ഈ ഗോപുരം ഉപയോഗിക്കുന്നു. ദിവസേനയുള്ള അഞ്ചുനേരത്തെ പ്രാർത്ഥനകളുടെയും ആഴ്ചകളിലെ പ്രഭാഷണങ്ങളുടെയും സമയമനുസരിച്ച് നഗരങ്ങളിലും ഗ്രാമങ്ങളിലും സമയം രേഖപ്പെടുത്തിയിരുന്നു.



*ഖിർബത് അൽ മഫ്ജാറിലെ മൊസൈക്ക് പ്രതലം*

നടുമുറ്റത്തിന് (*ഈവാൻ*) ചുറ്റുമായി നിർമ്മിച്ച കെട്ടിടങ്ങളുള്ള ഈ നിർമ്മാണരീതി മുസ്ലീം പള്ളികൾക്കും ശവകുടീരങ്ങൾക്കും പുറമെ സാർഥവാഹകരുടെ സത്രങ്ങളിലും ആശുപത്രികളിലും കൊട്ടാരങ്ങളിലും കാണപ്പെട്ടു. ഉമവിയ്യകൾ നിർമ്മിച്ച മരുപ്പച്ചയിലെ മരുഭൂമിക്കൊട്ടാരങ്ങളായ പാലസ്തീനിലെ കിർബത്ത് അൽ-മഫ്ജാറും (Khirabat al-mafjar) ജോർദാനിലെ ഖുസയിർ അംറ (Qusayr Amra) യും ആഡംബര ഭവനങ്ങളായും വേട്ടയ്ക്കും ഉല്ലാസത്തിനുമുള്ള വിശ്രമകേന്ദ്രങ്ങളായും പ്രവർത്തിച്ചിരുന്നു. സസാനിയൻ, റോമൻ വാസ്തുവിദ്യയെ മാതൃകയാക്കി നിർമ്മിച്ച കൊട്ടാരങ്ങൾ, ശില്പങ്ങൾ, കൽത്തൂണുകൾ, ജനങ്ങളുടെ ചിത്രമെഴുത്ത് എന്നിവകൊണ്ട് ധാരാളമായി അല

ങ്കരിച്ചിരുന്നു. സമാറയിൽ പൂന്തോട്ടങ്ങൾക്കും അരുവികൾക്കും ഇടയിലായി അബ്ബാസിയകൾ ഒരു പുതിയ സാമ്രാജ്യ നഗരം നിർമ്മിച്ചു. ഇത് ഹറൂൺ അൽ റഷീദു (Harunal Rashid) മായി ബന്ധപ്പെട്ട ഐതിഹ്യങ്ങളിലും കഥകളിലും സ്മരിക്കപ്പെടുന്നുണ്ട്. സാഹിത്യഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ മാത്രം അവശേഷിപ്പിച്ചുകൊണ്ട് അബ്ബാസിയ ഖലീഫമാരുടെ ബാഗ്ദാദിലെയും ഫാത്തിമിയ്യകളുടെ കെയ്റോയിലെയും മഹത്തായ കൊട്ടാരങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു.

ഇസ്‌ലാമിന്റെ മതപരമായ കലകളിൽ ജീവനുള്ള വസ്തുക്കളെ ചിത്രീകരിക്കുന്നത് നിഷേധിച്ചതുകൊണ്ട് രണ്ട് കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടു : കാലിഗ്രാഫിയും (മനോഹരമായ എഴുതുന്ന രീതി) അരബെസ്കും (Arbesque) (ജാമിതീയ രൂപങ്ങളും സസ്യങ്ങളുടെ രൂപങ്ങളും). വാസ്തുശില്പങ്ങളെ മോടിപിടിപ്പിക്കുവാൻ ചെറുതും വലുതുമായ ലിഖിതങ്ങൾ-പൊതുവെ മതപരമായ ഉദ്ധരണികൾ- ഉപയോഗിച്ചു. എട്ട് -ഒൻപത് നൂറ്റാണ്ടുമുതൽ തുടങ്ങിയ ഖുർആന്റെ കൈയെഴുത്തു പ്രതികളിലൂടെയാണ് കാലിഗ്രാഫി കലകൾ എറ്റവും നല്ല രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ളത്. സാഹിത്യഗ്രന്ഥങ്ങളായ *കിതാബ് അൽ-അഹാനി (ബുക്ക് ഓഫ് സോംഗ്സ്), കലീല വ ദിംന (Kalila wa Dimna),* ഹരീരീയുടെ *മക്കാമത്ത്* (*Maqamat*) തുടങ്ങിയ ഗ്രന്ഥങ്ങളിൽ ലഘുചിത്രങ്ങളോടു (miniature) കൂടിയ വിവരണങ്ങളുണ്ട്. ഇതിന് പുറമെ ഒരു ഗ്രന്ഥത്തിന്റെ സൗന്ദര്യം വർധിപ്പിക്കുന്നതിനായി പ്രകാശം പ്രസരിപ്പിക്കുന്ന വൈവിധ്യമാർന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിരുന്നു. കെട്ടിടങ്ങളിലും ഗ്രന്ഥങ്ങളിലെ വിവരണങ്ങളിലും പൂന്തോട്ടം എന്ന ആശയത്തെ അടിസ്ഥാനമാക്കിക്കൊണ്ട് സസ്യങ്ങളുടെയും പുഷ്പങ്ങളുടെയും രൂപങ്ങൾ ഉപയോഗിച്ചിരുന്നു.

മധ്യ ഇസ്‌ലാമിക പ്രദേശങ്ങളുടെ ചരിത്രം മാനവിക സംസ്ക്കാരത്തിന്റെ മൂന്ന് പ്രധാനപ്പെട്ട ഘടകങ്ങളായ മതം, സമുദായം, രാഷ്ട്രീയം എന്നിവയെ സമന്വയിപ്പിക്കുന്നു. ഇവയെ മൂന്ന് വൃത്തങ്ങളായും പിന്നീട് ഏഴാം നൂറ്റാണ്ടിൽ അവ ലയിച്ച് ഒന്നായി രൂപപ്പെടുന്നതായും നമുക്ക് കാണാൻ കഴിയും. തുടർന്നുള്ള അഞ്ചു നൂറ്റാണ്ടുകളിൽ ഈ വൃത്തങ്ങൾ വേർപിരിയുന്നു. ഈ കാലഘട്ടത്തിന്റെ അവസാനത്തിൽ, ഗവൺമെന്റിനും രാഷ്ട്രത്തിനും മേലുള്ള ഇസ്‌ലാമിന്റെ സ്വാധീനം പരിമിതമായിരുന്നു. മതത്തിന്റെ അനുമതി ലഭിക്കാത്ത പല കാര്യങ്ങളും (രാജാധികാരം, ആഭ്യന്തരയുദ്ധങ്ങൾ) രാഷ്ട്രീയത്തിൽ ഉൾപ്പെട്ടു. മത-രാഷ്ട്ര വൃത്തങ്ങൾ മേൽക്കുമേൽ കവിഞ്ഞു കിടന്നു. *ശരിയത്ത്* ആചാരങ്ങളും വ്യക്തികാര്യങ്ങളും അനുഷ്ഠിക്കുന്നതിൽ മുസ്‌ലീം സമുദായം ഒറ്റക്കെട്ടായിരുന്നു. അത് സ്വയം ഭരിക്കുകയായിരുന്നില്ല (രാഷ്ട്രീയം ഒരു പ്രത്യേക ഘടകമായിരുന്നു) മറിച്ച് അതിന്റെ മതപരമായ സ്വത്വത്തെ നിർവചിക്കുകയായിരുന്നു. മുസ്‌ലീം സമുദായത്തിന്റെ പടിപടിയായുള്ള മതേതരത്വത്തിലൂടെ മാത്രമേ മതവും സമുദായവുമെന്ന വൃത്തങ്ങളെ വേർതിരിക്കാൻ കഴിയുമായിരുന്നുള്ളൂ. തത്ത്വചിന്തകന്മാരും സൂഫികളും ഇതിന് വേണ്ടി വാദിക്കുകയും പൗരസമൂഹത്തെ സ്വയം ഭരണപരമാക്കണമെന്നും, അനുഷ്ഠാനങ്ങൾക്കു പകരം സ്വകാര്യ ആത്മീയത വേണമെന്നും നിർദേശിച്ചു.

**പ്രവർത്തനം 4**

ഈ അധ്യായത്തിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ചിത്രങ്ങൾ ഏതെല്ലാം.? എന്തുകൊണ്ട്?

*ഏറ്റവും നന്നായി പരിരക്ഷിക്കപ്പെട്ടിരിക്കുന്ന കലാസൃഷ്ടികളായ ലോഹവസ്തുക്കളുടെ നിർമ്മാണ കലയിലാണ് ഇസ്‌ലാമിക അലങ്കാര വൈഭവം അതിന്റെ പൂർണ വികാസം കൈവരിച്ചത്. പതിനാലാം നൂറ്റാണ്ടിലെ സിറിയയിൽ നിന്നുള്ള ഈ പള്ളി വിളക്കിൽ താഴെ ചേർത്തിരിക്കുന്ന ശ്ലോകം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.*

*'ദൈവം വാനലോകങ്ങളുടെയും പ്രകാശ (നൂർ) മാകുന്നു. അവന്റെ പ്രകാശത്തിനുള്ള ഉദാഹരണം ഇപ്രകാരമത്രെ. ഒരു വിളക്കുമാടം (മിഷ്കത്). അതിൽ വിളക്ക് (മിസ്ബ) വെച്ചിരിക്കുന്നു. വിളക്ക് ഒരു സ്ഫടിക കൂട്ടിലാണ്. സ്ഫടിക കൂടോ, വെട്ടിത്തിളങ്ങുന്ന നക്ഷത്രം പോലെയും. പാശ്ചാത്യമോ, പൗരസ്ത്യമോ അല്ലാത്ത അനുഗ്രഹീതമായ ഒലീവ് (സെയ്തൂൻ) മരത്തിൽ നിന്നുള്ള എണ്ണകൊണ്ട് ആ വിളക്ക് കത്തിക്കപ്പെടുന്നു. അതിന്റെ ഒലിവെണ്ണ സ്വയം പ്രകാശിക്കുമാറാകുന്നു; തീ തൊട്ടില്ലെങ്കിൽപോലും.'*
*(ഖുർആൻ അധ്യായം 24, വചനം 35)*



| | |
|---|---|
| 595 | ഇസ്ലാം മതത്തെ പിൽക്കാലത്ത് പിന്തുണച്ച ഒരു സമ്പന്നയായ മക്കൻ വ്യാപാരിയായ ഖദീജയെ മുഹമ്മദ് വിവാഹം ചെയ്യുന്നു |
| 610-12 | മുഹമ്മദിന്റെ ആദ്യത്തെ വെളിപാട്; ഇസ്ലാമിന്റെ ആദ്യത്തെ പൊതു മതപ്രഭാഷണം |
| 621 | ഇസ്ലാം മതത്തിലേക്ക് പുതുതായി കടന്നുവന്നവരുമായി അക്ബയിൽവച്ചുള്ള ആദ്യത്തെ കരാർ |
| 622 | മക്കയിൽ നിന്നും പാലായനം ചെയ്ത് മദീനയിലെത്തിയവർക്ക് (*മുഹജിർ*) അവിടത്തെ അറബ് (*അൻസർ*) ഗോത്രങ്ങൾ അഭയം നൽകുന്നു |
| 632-61 | ആദ്യകാല ഖലീഫഭരണം; സിറിയ, ഇറാഖ്, ഇറാൻ, ഈജിപ്ത് എന്നിവിടങ്ങളിലേക്കുള്ള വ്യാപനം; ആഭ്യന്തര യുദ്ധങ്ങൾ |
| 661-750 | ഉമവിയ്യ ഭരണം; ദമാസ്കസ് തലസ്ഥാനമാകുന്നു |
| 750-945 | അബ്ബാസിയ ഭരണം; ബാഗ്ദാദ് തലസ്ഥാനമായി മാറുന്നു |
| 945 | ബൈദുകൾ ബാഗ്ദാദ് പിടിച്ചെടുക്കുന്നു; സാഹിത്യത്തിന്റെയും സാംസ്കാരത്തിന്റെയും തഴച്ചുവളരൽ |
| 1063-92 | നിസാമുൾ മുൽക്കിന്റെ ഭരണം, ശക്തനായ സൽജുക്ക് *വസീറായ* അദ്ദേഹം നിസ്സാമിയ്യ എന്ന് വിളിക്കപ്പെടുന്ന *മദ്രസകളുടെ* ശൃംഖല സ്ഥാപിച്ചു; ഹാഷിഷായ്നാൽ വധിക്കപ്പെടുന്നു |
| 1095-1291 | കുരിശുയുദ്ധങ്ങൾ; മുസ്ലീമുകളും ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധങ്ങൾ |
| 1111 | ഗസാലിയുടെ മരണം, സ്വാധീനമുള്ള ഇറാനിയൻ പണ്ഡിതനായ അദ്ദേഹം ഹേതുവാദത്തെ എതിർത്തു |
| 1258 | മംഗോളിയർ ബാഗ്ദാദ് പിടച്ചടക്കുന്നു |

## അഭ്യാസങ്ങൾ (Exercises)

### ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1. ഏഴാം നൂറ്റാണ്ടിലെ ആദ്യകാലങ്ങളിൽ ബദവികളുടെ ജീവിതത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു.?
2. അബ്ബാസിയവിപ്ലവം എന്ന പദം അർഥമാക്കുന്നത് എന്താണ്?
3. അറബികൾ, തുർക്കികൾ ഇറാനികൾ എന്നിവർ സ്ഥാപിച്ച രാഷ്ട്രങ്ങളുടെ സാർവലൗകിക സവിശേഷതയ്ക്ക് ഉദാഹരണങ്ങൾ നൽകുക.
4. യൂറോപ്പിലും ഏഷ്യയിലും കുരിശുയുദ്ധങ്ങൾ ഉണ്ടാക്കിയ ഫലങ്ങൾ എന്തെല്ലാമായിരുന്നു?

### ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

5. ഇസ്ലാമിക വാസ്തുവിദ്യ രീതികൾ റോമാസാമ്രാജ്യത്തിലുള്ളവയുമായി എങ്ങനെയായിരുന്നു വ്യത്യാസപ്പെട്ടിരുന്നത്?
6. സഞ്ചാരപാതയിലുള്ള നഗരങ്ങളെ സൂചിപ്പിച്ചുകൊണ്ട്, സമർഖണ്ഡിൽ നിന്നും ദമാസ്കസിലേക്കുള്ള ഒരു യാത്ര വിവരിക്കുക.

പ്രമേയം

# 5

# നാടോടി സാമ്രാജ്യങ്ങൾ

## (NOMADIC EMPIRES)

I9M3A4

*'നാടോടി സാമ്രാജ്യങ്ങൾ' എന്ന പദപ്രയോഗം ഘടകവിരുദ്ധമെന്ന് തോന്നാം: നാടോടികൾ സ്ഥിരവാസമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്നവരാണ്. അവർ കുടുംബസഭകളുടെ അടിസ്ഥാനത്തിൽ സംഘടിച്ചവരാണ്. താരതമ്യേന വേർതിരിക്കാനാവാത്ത സാമ്പത്തിക ജീവിതം നയിച്ച ഇവരുടെ രാഷ്ട്രീയ സംഘടനാ സംവിധാനം ശൈശവദശയിലുള്ളതു മാത്രമായിരുന്നു. മറുവശത്ത്, സാമ്രാജ്യം എന്ന പദം നിയതമായ സ്ഥാനത്തെ സൂചിപ്പിക്കുന്നു. സങ്കീർണമായ സാമൂഹ്യ-സാമ്പത്തിക ഘടനകളിൽ നിന്നാണ് അതിന്റെ സ്ഥിരത ഉരുത്തിരിഞ്ഞത്. വിസ്തൃതമായ ഭൂപ്രദേശത്ത് ഭരണം നടത്തുവാൻ പ്രാപ്തിയുള്ള വിപുലമായ ഭരണസംവിധാനത്തിൽ നിന്നും ലഭ്യമായ ഒരു സ്ഥിരത അതിനുണ്ട്. എന്നാൽ എന്തൊക്കെ ചേർത്തുവച്ചാണോ ഈ നിർവചനങ്ങൾ ഉണ്ടാക്കിയത്, അവ തികച്ചും സങ്കുചിതവും, ചരിത്ര വിരുദ്ധവുമാണ്. നാടോടികൾ സൃഷ്ടിച്ച ചില സാമ്രാജ്യ രൂപീകരണങ്ങൾ പഠിക്കുമ്പോൾ മേൽ പ്രസ്താവിച്ച നിർവചനങ്ങൾ തീർച്ചയായും തകർന്നു വീഴുന്നത് നമുക്ക് കാണാൻ കഴിയും.*

*അറേബ്യൻ ഉപദ്വീപിൽ ജീവിച്ചിരുന്ന ബദവികളുടെ നാടോടി പാരമ്പര്യ ങ്ങളിൽ നിന്ന് മധ്യ ഇസ്‌ലാമിക പ്രദേശങ്ങളിലെ രാഷ്ട്രരൂപീകരണം നടന്നതിനെക്കുറിച്ച് പ്രമേയം നാലിൽ നമ്മൾ പഠിച്ചു കഴിഞ്ഞുവല്ലോ. ഈ അധ്യായത്തിൽ മറ്റൊരു നാടോടി വിഭാഗത്തെക്കുറിച്ചാണ് നമ്മൾ പഠിക്കുന്നത്: ചെങ്കിസ് ഖാന്റെ (Genghis Khan) നേതൃത്വത്തിൽ ഒരു ഭൂഖണ്ഡാന്തര സാമ്രാജ്യം സ്ഥാപിച്ച മധ്യേഷ്യയിലെ നാടോടി വിഭാഗങ്ങളായ മംഗോളിയരാണ് അവർ. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ യൂറോപ്പിനെയും, ഏഷ്യയെയും കോർത്തിണക്കിക്കൊണ്ടുള്ള സാമ്രാജ്യമായിരുന്നു ഇത്. ചൈനയുടെ കാർഷികാടിത്തറയുള്ള സാമ്രാജ്യത്വ ഘടനയുമായി താരതമ്യപ്പെടുത്തുമ്പോൾ, മംഗോളിയയിലെ നാടോടികൾ ലളിതവും, സങ്കീർണത കുറഞ്ഞതുമായ ഒരു സാമൂഹിക-സാമ്പത്തിക ലോകത്താണ് ജീവിച്ചിരുന്നത്. എന്നാൽ മധ്യേഷ്യൻ നാടോടി സമൂഹങ്ങൾ ഒറ്റപ്പെട്ട ദ്വീപുകൾ ആയിരുന്നില്ല. ചരിത്രപരമായ മാറ്റങ്ങൾക്ക് അവർ വിധേയരാകാതെയുമിരുന്നില്ല. പുറംലോകവുമായി ഈ സമൂഹങ്ങൾ സംവദിച്ചിരുന്നു. തങ്ങൾ കൂടി ഭാഗഭാക്കായ ഈ വലിയ ലോകത്തെ അവർ സ്വാധീനിക്കുകയും, അതിൽ നിന്ന് പലതും പഠിക്കുകയും ചെയ്തു.*

*ചെങ്കിസ് ഖാന്റെ കീഴിൽ മംഗോളിയൻമാർ തങ്ങളുടെ പരമ്പരാഗത സാമൂഹിക, രാഷ്ട്രീയ ആചാരങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തി, ഭീതി ജനിപ്പിക്കുന്ന ഒരു സൈനിക സംവിധാനവും, വളരെ പരിഷ്കൃതമായ ഭരണരീതിയും വികസിപ്പിച്ചെടുത്തതെങ്ങനെയെന്നാണ് ഈ അധ്യായത്തിൽ പഠിക്കുന്നത്. മംഗോളിയർ ഭരിക്കേണ്ടിയിരുന്നത് വൈവിധ്യമാർന്ന ജനങ്ങളും, സമ്പദ്‌വ്യവസ്ഥകളും മതവും രാഷ്ട്രീയവും കുടിക്കലർന്ന ഭരണകൂടങ്ങളുമുള്ള വിപുലമായ ഒരു പ്രദേശത്തെയായിരുന്നു. ഈ വെല്ലുവിളി നേരിടാൻ പുതുതായി കീഴടക്കിയ പ്രദേശങ്ങളുടെ മേൽ തങ്ങളുടെ പുൽമേട് പാരമ്പര്യങ്ങൾ അടിച്ചേൽപ്പിച്ചാൽ മാത്രം പോരായിരുന്നു. അവർ നൂതനാശയങ്ങൾ നടപ്പിൽ വരുത്തുകയും, വിട്ടുവീഴ്ചകൾക്ക് തയാറാവുകയും ചെയ്തു. അവർ സൃഷ്ടിച്ച നാടോടി സാമ്രാജ്യം യൂറേഷ്യയുടെ ചരിത്രത്തിൽ ശക്തമായ സ്വാധീനം ചെലുത്തുകയും അതേ സമയം സ്വന്തം സമൂഹത്തിന്റെ സ്വഭാവവും, ഘടനയും എന്നന്നേക്കുമായി മാറ്റി മറിക്കുകയും ചെയ്തു.*

പുൽമേടു നിവാസികൾ സാധാരണയായി സാഹിത്യ രചനകളൊന്നും സ്വയമായി നടത്താറില്ല. അതുകൊണ്ടു തന്നെ നാടോടി സമൂഹങ്ങളെക്കുറിച്ചുള്ള അറിവ് നമുക്ക് പ്രധാനമായി ലഭിക്കുന്നത് പുരാവൃത്തങ്ങൾ, സഞ്ചാര സാഹിത്യം, പ്രമാണങ്ങൾ തുടങ്ങിയ നഗര കേന്ദ്രീകൃത സാഹിത്യകാരൻമാരുടെ രചനകളിൽ നിന്നുമാണ്. ഇവരാകട്ടെ, പലപ്പോഴും തീർത്തും അജ്ഞത നിറഞ്ഞതും, പക്ഷപാതപരവുമായ കൃതികളായിരുന്നു നാടോടി സമൂഹങ്ങളെക്കുറിച്ച് എഴുതിയിരുന്നത്. എന്നിരുന്നാലും, മംഗോളിയരുടെ സാമ്രാജ്യത്വ വിജയങ്ങൾ ധാരാളം സാഹിത്യകാരൻമാരെ ആകർഷിച്ചിരുന്നു. അവരിൽ ചിലർ തങ്ങളുടെ അനുഭവങ്ങളിൽ നിന്നാണ് യാത്രാവിവരണങ്ങൾ തയാറാക്കിയത്. മറ്റു ചിലർ മംഗോൾ നേതാക്കൻമാർക്ക് സേവനം അനുഷ്ഠിക്കുവാൻ വേണ്ടി കൂടെ താമസിച്ചവരാണ്. അവരിൽ ബുദ്ധമതക്കാരും, കൺഫ്യൂഷ്യൻ മതക്കാരും, ക്രിസ്തുമതക്കാരും, തുർക്കികളും, മുസ്ലീങ്ങളും തുടങ്ങി വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള വ്യക്തികൾ ഉണ്ടായിരുന്നു. മംഗോളിയൻ ആചാരങ്ങളുമായി ഒരു പരിചയവുമില്ലെങ്കിലും അവരിൽ പലരും സഹാനുഭൂതിയോടെയാണ് വിവരണങ്ങൾ തയാറാക്കിയത്. സ്തുതിപാടലിന്റെ സ്വഭാവമുള്ള രചനകൾപോലും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അവ പുൽമേടുകളിൽ നിന്നുള്ള ഈ ആക്രമണകാരികളെക്കുറിച്ച് പട്ടണവാസികൾ രചിച്ച ശത്രുതയാർന്ന രചനകളെ വെല്ലുവിളിക്കുകയും പ്രശ്നവത്ക്കരിക്കുകയും ചെയ്തു. അതിനാൽത്തന്നെ സ്ഥിരതാമസം ശീലിച്ച ജനത സാധാരണയായി നാടോടികളെ 'അപരിഷ്കൃതർ' (barbarians)* എന്നു വിശേഷിപ്പിക്കുന്ന ശൈലിയെ ചോദ്യം ചെയ്യാൻ ആവശ്യമായ രസകരമായ വിവരങ്ങൾ മംഗോൾ ചരിത്രം നമുക്ക് നൽകുന്നു.

മധ്യേഷ്യയുടെ മേൽ സാർ ചക്രവർത്തിമാർ പൂർണ നിയന്ത്രണം സ്ഥാപിച്ചതിനെത്തുടർന്ന് പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളിൽ റഷ്യൻ പണ്ഡിതൻമാരായിരുന്നു ഒരു പക്ഷേ, മംഗോളിയരെക്കുറിച്ചുള്ള ഏറ്റവും മൂല്യവത്തായ ഗവേഷണങ്ങൾ നടത്തിയത്. കൊളോണിയൽ പശ്ചാത്തലത്തിനകത്ത് നിന്നുകൊണ്ടാണ് ഈ കൃതികൾ രചിക്കപ്പെട്ടത്. അവയിൽ മിക്കതും സഞ്ചാരികൾ, യോദ്ധാക്കൾ, കച്ചവടക്കാർ, പുരാവസ്തു പണ്ഡിതർ എന്നിവർ തയാറാക്കിയ സർവ്വേക്കുറിപ്പുകളായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ, ഈ പ്രദേശത്ത് സോവിയറ്റ് റിപ്പബ്ലിക്കുകളുടെ വ്യാപനത്തെ തുടർന്ന് ഒരു പുതിയ മാർക്സിസ്റ്റ് ചരിത്രരചനാശാസ്ത്രം രൂപപ്പെട്ടു. നിലവിലുള്ള ഉൽപ്പാദനരീതിയാണ് സാമൂഹിക ബന്ധങ്ങളുടെ സ്വഭാവം നിർണയിക്കുന്നതെന്ന് ഇത് വാദിച്ചു. ഇത് ചെങ്കിസ് ഖാനെയും, ഉയർന്നു വരുന്ന മംഗോളിയൻ സാമ്രാജ്യത്തെയും പ്രതിഷ്ഠിക്കുന്നത് മനുഷ്യപരിണാമത്തിന്റെ ഒരു ഘട്ടത്തിലാണ്. ഗോത്ര ഉൽപ്പാദന രീതിയിൽ നിന്നും ഫ്യൂഡൽ ഉൽപ്പാദന രീതിയിലേക്കുള്ള ഒരു മാറ്റത്തിന്റെ കാലഘട്ടമായി ഇത് വിശദീകരിക്കപ്പെട്ടു. ഇത്, താരതമ്യേന വർഗരഹിതമായ ഗോത്ര സമൂഹത്തിൽ നിന്ന് പ്രഭുവും ഭൂവുടമകളും കർഷകരും തമ്മിൽ വലിയ അന്തരമുള്ള സമൂഹത്തിലേക്കുള്ള മാറ്റമായും വിവരിക്കപ്പെട്ടു. ഇത്തരത്തിൽ നിയതമായ പൂർവ്വ നിശ്ചിതമായ ഒരു ചരിത്ര വ്യാഖ്യാന രീതി പിൻതുടർന്നെങ്കിലും, മംഗോളിയൻ ഭാഷകളെക്കുറിച്ചും, സമൂഹത്തെക്കുറിച്ചും, സംസ്ക്കാരത്തെക്കുറിച്ചും, മികച്ച ഗവേഷണം നടത്തിയ പണ്ഡിതൻമാരിൽ ഒരാളാണ് ബോറീസ് യാക്കോവ്ലെവിച്ച് വ്ളാഡിമിർസ്റ്റോവ് (Boris Yakovlevich Vladimirtsov). എന്നാൽ വാസിലി വ്ളാഡിമിറോവിച്ച് ബർതോൾഡ് (Vasily Vladimirovich Bartold) നെപ്പോലുള്ള മറ്റു ചിലർ ഔദ്യോഗിക ചരിത്രരചനാ രീതികളിൽ മാത്രം ഒതുങ്ങിനിന്നില്ല. സ്റ്റാലിനിസ്റ്റ് ഭരണകൂടം പ്രാദേശിക ദേശീയവാദത്തോട് അങ്ങേയറ്റത്തെ ജാഗ്രത പുലർത്തിയിരുന്ന ഘട്ടത്തിൽ പോലും, ചെങ്കിസ് ഖാന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും നേതൃത്വത്തിൽ മംഗോളിയൻ ജനത കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് ബർതോൾഡ് ക്രിയാത്മകമായും, അനുകമ്പാപൂർവമായും വിലയിരുത്തിയത്, അദ്ദേഹത്തെ വിഷമ സന്ധിയിലാക്കി. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന് സെൻസർഷിപ്പ് ഏർപ്പെടുത്തുന്നതിനും പുസ്തകത്തിന്റെ വിതരണത്തിൽ കടുത്ത നിയന്ത്രണം കൊണ്ടു

*'ഗ്രീക്കുകാരല്ലാത്തവർ' എന്നർഥമുള്ള ഗ്രീക്ക് പദമായ *ബാർബേറോസ്* എന്ന പദത്തിൽ നിന്നാണ് 'ബാർബേറിയൻ' എന്ന പദം ഉരുത്തിരിഞ്ഞത്. അവരുടെ ഭാഷ ക്രമരഹിതമായ 'ബാർബർ' എന്ന വാക്കുപോലെയാണ് ഗ്രീക്കുകാർക്ക് അനുഭവപ്പെട്ടത് എന്ന് സൂചിപ്പിക്കാനാണ് ഈ പദം തിരഞ്ഞെടുത്തത്. കുട്ടികൾ, സംസാരിക്കാൻ കഴിയാത്തവർ, ക്രൂരന്മാർ, കാര്യകാരണം ഫലിപ്പിക്കാനറിയാത്തവർ, ഭീരുക്കൾ, പൗരുഷമില്ലാത്തവർ, ആഡംബര പ്രേമികൾ, മടിയർ, അത്യാഗ്രഹികൾ, രാഷ്ട്രീയമായി സ്വയം ഭരിക്കാൻ കഴിയാത്തവർ എന്നിങ്ങനെയാണ് ഗ്രീക്ക് ഭാഷകളിലെ ഗ്രന്ഥങ്ങളിൽ ബാർബേറിയൻമാരെ ചിത്രീകരിച്ചിരിക്കുന്നത്. ഈ വാർപ്പുമാതൃക റോമാക്കാർ ഉപയോഗിച്ചിരുന്നത് ജർമാനിക് ഗോത്രങ്ങളായ ഗൗളിനെയും, ഹൂണൻമാരെയും സൂചിപ്പിക്കാനാണ്. പുൽമേടിലെ ബാർബേറിയൻമാരെ കുറിക്കാൻ ചൈനാക്കാർ നിരവധി പദങ്ങൾ ഉപയോഗിച്ചിരുന്നു. പക്ഷേ ഇവ ഒരെണ്ണം പോലും അനുകൂല അർഥത്തിലുള്ളതായിരുന്നില്ല.

വരുന്നതിനും ഇത് ഇടയാക്കുകയും ചെയ്തു. 1960 കളിൽ, ഉദാരചിന്താഗതിക്കാരനായ ക്രൂഷ്ചേവി (Khruschev) ന്റെ കാലത്തും അതിനുശേഷവും മാത്രമാണ് അദ്ദേഹത്തിന്റെ രചനകൾ ഒൻപത് വാല്യങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടത്.


മംഗോൾ സാമ്രാജ്യം ഭൂഖണ്ഡങ്ങളുടെ അതിരുകൾക്കപ്പുറവും വ്യാപിച്ചു കിടന്നതുകൊണ്ടു തന്നെ വ്യത്യസ്തമായ അനേകം ഭാഷകളിൽ എഴുതപ്പെട്ട സ്രോതസ്സുകൾ പണ്ഡിതൻമാർക്ക് ലഭ്യമാണ്. ഇവയിൽ ഏറ്റവും നിർണായകമായ സ്രോതസ്സുകൾ ചൈനീസ്, മംഗോളിയൻ, പേർഷ്യൻ, അറബി ഭാഷകളിലുള്ളവയാണ്. ഇറ്റാലിയൻ, ലത്തീൻ, ഫ്രഞ്ച്, റഷ്യൻ ഭാഷകളിലും പ്രധാനപ്പെട്ട സ്രോതസ്സുകൾ ഉണ്ട്. പലപ്പോഴും, ഒരേ കൃതി തന്നെ രണ്ട് ഭാഷകളിൽ പുറത്തിറക്കുമ്പോൾ ഉള്ളടക്കം വ്യത്യസ്തമായിരുന്നു. ഉദാഹരണത്തിന്, ചെങ്കിസ് ഖാനെക്കുറിച്ചുള്ള ഏറ്റവും പഴക്കം ചെന്ന വിവരണമായ മംഗോൾ-ഉൻ ന്യൂയിയ തോബിയ'അൻ (*Mongqol-un niuea tobea'an* [*The Secret History of the Mongols*]) എന്ന ഗ്രന്ഥത്തിന്റെ മംഗോളിയൻ, ചൈനീസ് പതിപ്പുകൾ തികച്ചും വ്യത്യസ്തങ്ങളാണ്. അതുപോലെ മാർക്കോപോളോയുടെ മംഗോൾ രാജസദസ്സിലേക്കുള്ള സഞ്ചാരങ്ങളെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഇറ്റാലിയൻ, ലത്തീൻ പതിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. മംഗോളിയർ അവരുടേതായ കൃതികൾ രചിച്ചിട്ടില്ല. പകരം അവരുടെ ചരിത്രം ഭൂരിഭാഗവും വിദേശ സാംസ്കാരിക പരിതസ്ഥിതികളിലുള്ളവരാൽ എഴുതപ്പെടുകയാണ് ഉണ്ടായത്. അതുകൊണ്ട് തന്നെ മംഗോളിയരുടെ ശൈലികളോട് യോജിച്ചു പോകുന്ന പദപ്രയോഗങ്ങളും, ശൈലികളും കണ്ടെത്താൻ ചരിത്രകാരൻമാർക്ക് ഭാഷാപണ്ഡിതരെപ്പോലെ കഠിനാധ്വാനം ചെയ്യേണ്ടിവരുന്നു. പണ്ഡിതരായ ഇഗോർ ദി റേച്ച് വിൽറ്റ്സി (Igor de Rachewiltz) ന്റെ *'ദി സീക്രട്ട് ഹിസ്റ്ററി ഓഫ് ദി മംഗോൾസ്'* (*The Secret History of the Mongols*) ഉം, ഗെർഹാർഡ് ഡോഫറിന്റെ (Gerhard Doerfer) പേർഷ്യൻ ഭാഷയിലേക്ക് കടന്നു കൂടിയ മംഗോൾ-തുർക്കി പദാവലികളെക്കുറിച്ചുള്ള കൃതിയും മധ്യേഷ്യൻ നാടോടികളുടെ ചരിത്രം പഠിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ പുറത്തു കൊണ്ടുവരുന്നു. ഇവരുടെയെല്ലാം അപാരമായ നേട്ടങ്ങളുണ്ടായിട്ടും, ചെങ്കീസ് ഖാനെക്കുറിച്ചും, മംഗോൾ സാമ്രാജ്യത്തെക്കുറിച്ചും ഇനിയും ഒരുപാടു വിവരങ്ങൾ, സൂക്ഷ്മദർശികളായ പണ്ഡിതരുടെ വിശകലനത്തിനായി കാത്തിരിപ്പുണ്ടെന്ന്, ഈ അധ്യായത്തിന്റെ ബാക്കിഭാഗത്തുകൂടെ കടന്നുപോകുമ്പോൾ നാം മനസ്സിലാക്കും.

## ആമുഖം (Introduction)

പതിമൂന്നാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ യൂറോ-ഏഷ്യൻ ഭൂഖണ്ഡത്തിലെ വൻ സാമ്രാജ്യങ്ങൾ മധ്യേഷ്യൻ പുൽമേടുകളിൽ ഒരു പുതിയ രാഷ്ട്രശക്തി ഉയർന്നു വന്നതിന്റെ അപകടം മനസ്സിലാക്കിയിരുന്നു: മംഗോൾ ജനതയെ ചെങ്കിസ് ഖാൻ (മരണം 1227) ഒറ്റക്കെട്ടാക്കി നിർത്തിയിരുന്നു. ഒരു പക്ഷേ മധ്യേഷ്യൻ പുൽമേടുകളിലെ മംഗോൾ ഗോത്രങ്ങളുടെ ഒരു സഖ്യമുണ്ടാക്കുന്നതിനും എത്രയോ അപ്പുറത്തേക്ക് പോയിരുന്നു ചെങ്കിസ് ഖാന്റെ രാഷ്ട്രീയ ദർശനം. ലോകത്തെ ഭരിക്കാൻ ദൈവത്തിൽ നിന്നുള്ള ഒരു കല്പന തനിക്കുണ്ടായിരുന്നുവെന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. തന്റെ ജീവിതകാലം മുഴുവൻ മംഗോൾ ഗോത്രക്കാരിൽ തന്റെ ആധിപത്യം ഉറപ്പിക്കുവാനും സമീപപ്രദേശങ്ങളായ ഉത്തരചൈന, ട്രാൻസ് ഓക്സിയാന, അഫ്ഗാനിസ്ഥാൻ, കിഴക്കൻ ഇറാൻ, റഷ്യൻ പുൽമേടുകൾ എന്നിവിടങ്ങളിലേക്കുള്ള ആക്രമണങ്ങൾ നയിക്കുവാനുമായി ചെലവഴിച്ചു. ചെങ്കിസ് ഖാന്റെ അനന്തരഗാമികൾ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളെ യാഥാർഥ്യമാക്കാൻ ബഹുദൂരം സഞ്ചരിക്കുകയും ലോകം കണ്ട ഏറ്റവും ബൃഹത്തായ സാമ്രാജ്യം സൃഷ്ടിക്കുകയും ചെയ്തു.

ചെങ്കിസ് ഖാന്റെ ആശയങ്ങളിൽ ആവേശഭരിതനായ അദ്ദേഹത്തിന്റെ ചെറുമകൻ മോങ്കെ (Monke, 1251-60) ഫ്രഞ്ച് ഭരണാധികാരിയായ ലൂയി ഒമ്പതാമനെ (Louis IX,1226 -70) താക്കീത് ചെയ്തു: 'സ്വർഗത്തിൽ ശാശ്വതമായ ഒരൊറ്റ ദേവലോകം മാത്രമേ ഉള്ളൂ, ഭൂമിയിൽ ഒരേ ഒരു നാഥനെയുള്ളൂ, ചെങ്കിസ് ഖാൻ, സ്വർഗപുത്രൻ ... നിത്യമായ സ്വർഗ

ഭൂപടം 1: മംഗോൾ സാമ്രാജ്യം




ത്തിന്റെ ശക്തിയാൽ സൂര്യൻ ഉദിക്കുന്നിടം മുതൽ അസ്തമിക്കുന്നിടം വരെ സകലവും സന്തോഷത്തിലും സമാധാനത്തിലും ഒന്നാകും. നമ്മൾ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അപ്പോൾ വ്യക്തമാകും. നീ നിത്യമായ സ്വർഗത്തിന്റെ കല്പന ഗ്രഹിച്ചിട്ടും അത് ശ്രദ്ധിക്കാനും വിശ്വസിക്കാനും മനസ്സില്ലാതെ ഇങ്ങനെ പറയുകയാണെങ്കിൽ "ഞങ്ങളുടെ രാജ്യം വളരെ അകലെയാണ്, ഞങ്ങളുടെ പർവതങ്ങൾ ഉന്നതങ്ങളാണ്, ഞങ്ങളുടെ കടലുകൾ വിസ്തൃതമാണ്"; ഈ വിശ്വാസത്തോടെ നീ ഞങ്ങളുടെ നേരെ ഒരു സൈന്യത്തെ അയയ്ക്കുകയാണെങ്കിൽ ഞങ്ങൾക്കറിയാം എന്ത് ചെയ്യണമെന്ന്. എന്താണോ പ്രയാസം അത് എളുപ്പമുള്ളതാക്കിത്തീർത്ത, വിദൂരമായതിനെ സമീപത്താക്കിത്തന്ന നിത്യമായ സ്വർഗത്തിനറിയാം.'

ഇത് വെറും പൊള്ളയായ ഭീഷണി ആയിരുന്നില്ല. ചെങ്കിസ് ഖാന്റെ മറ്റൊരു കൊച്ചുമകനായ ബതു (Batu) 1236 മുതൽ 1241 വരെ നടത്തിയ ആക്രമണങ്ങളിലൂടെ മോസ്കോ വരെയുള്ള റഷ്യൻ പ്രദേശങ്ങളെ തകർക്കുകയും പോളണ്ടും, ഹംഗറിയും കൈവശപ്പെടുത്തുകയും, വിയന്നയ്ക്കു പുറത്ത് തമ്പടിക്കുകയും ചെയ്തു. പതിമൂന്നാം നൂറ്റാണ്ടിൽ നിത്യമായ ആകാശം മംഗോളിയരുടെ വശത്തായിരുന്നു എന്നു തോന്നുംവണ്ണമായിരുന്നു സംഭവങ്ങൾ. ചൈനയുടെയും മധ്യ പൗരസ്ത്യ ദേശത്തിന്റെയും, യൂറോപ്പിന്റെയും പല പ്രദേശങ്ങളും ചെങ്കിസ് ഖാന്റെ ആക്രമണങ്ങളിലൂടെ ഭൂമിയിൽ 'ദൈവകോപ' ത്തെയും 'ന്യായവിധി ദിവസത്തിന്റെ' തുടക്കത്തെയും അനുഭവിച്ചു.

**ബുഖാറ പിടിച്ചെടുക്കൽ (The Capture of Bukhara)**

13-ാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇറാനിലെ മംഗോളിയൻ രാജാക്കൻമാരുടെ ദിനവൃത്താന്ത ചരിത്രകാരനായ ജുവൈനി (Juwaini) 1220-ലെ ബുഖാറയുടെ പിടിച്ചടക്കലിനെക്കുറിച്ച് ഒരു വിവരണം നൽകുന്നുണ്ട്. ജുവൈനിയുടെ വിവരണപ്രകാരം, നഗരം പിടിച്ചടക്കിയ ശേഷം, സമ്പന്നരായ നഗരവാസികൾ ഒത്തുകൂടിയ ആഘോഷ മൈതാനത്തിലേക്ക് ചെങ്കിസ് ഖാൻ എത്തുകയും അവരെ അഭിസംബോധന ചെയ്തു കൊണ്ട് ഇങ്ങനെ പറയുകയും ചെയ്തു. 'അല്ലയോ ജനങ്ങളേ, നിങ്ങൾ കടുത്ത പാപങ്ങൾ ചെയ്തിട്ടുള്ളവരാണ് എന്നറിയുവിൻ. നിങ്ങളിൽ പ്രധാനികളായ ചിലരാണ് പാപങ്ങൾ ചെയ്തിട്ടുള്ളത്. ഞാൻ പറഞ്ഞ വാക്കുകൾക്ക് എന്റെ പക്കൽ എന്തു തെളിവുകളാണുള്ളതെന്ന് നിങ്ങൾ ചോദിക്കുകയാണെങ്കിൽ ഞാൻ പറയും, ഞാൻ നിങ്ങൾക്കുള്ള ദൈവത്തിന്റെ ശിക്ഷയാണെന്ന്, നിങ്ങൾ കടുത്ത പാപങ്ങൾ ചെയ്തില്ലായിരുന്നുവെങ്കിൽ എന്നെപ്പോലൊരു ശിക്ഷയെ ദൈവം നിങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുമായിരുന്നില്ല'... ബുഖാറ കീഴടക്കപ്പെട്ടപ്പോൾ അവിടെ നിന്നു രക്ഷപ്പെട്ട ഒരാൾ ഖുരാസാനിൽ എത്തിച്ചേർന്നു. നഗരത്തിന്റെ അവസ്ഥയെക്കുറിച്ച് ആരാഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: 'അവർ വന്നു, അവർ [കോട്ടകൾ തകർത്തു], അവർ അഗ്നിക്കിരയാക്കി, അവർ കൊന്നൊടുക്കി, അവർ കൊള്ളയടിച്ചു, അവർ തിരികെ പോയി.'

**പ്രവർത്തനം 1**

ബുഖാറയെ കീഴ്പ്പെടുത്തി എന്നുള്ള ജുവൈനിയുടെ വിവരണങ്ങൾ കൃത്യമായിരുന്നുവെന്ന് അനുമാനിക്കുക. ബുഖാറയിലോ, ഖുരാസാനിലോ സ്ഥിരതാമസക്കാരനായിരുന്ന നിങ്ങൾ ഈ പ്രസംഗങ്ങൾ കേട്ടു എന്ന് സങ്കല്പിക്കുക. അത് നിങ്ങളിൽ എന്ത് സ്വാധീനം ചെലുത്തും?

മറ്റൊരു 'ലോക ജേതാവായ' അലക്സാണ്ടറുടെ നേട്ടങ്ങളെ നിഷ്പ്രഭമാക്കിക്കൊണ്ട് ഒരു സാമ്രാജ്യം സ്ഥാപിക്കാൻ മംഗോളിയർക്ക് കഴിഞ്ഞതെങ്ങനെ? പരിമിതമായ സാങ്കേതിക ആശയവിനിമയ രീതികൾ മാത്രമുണ്ടായിരുന്ന വ്യാവസായിക പൂർവ യുഗത്തിൽ വളരെ വിശാലമായ രാജ്യം ഭരിക്കാനും നിയന്ത്രിക്കാനും എന്തു നൈപുണികളാണ് മംഗോളിയർ പ്രയോജനപ്പെടുത്തിയത്? രാജാവകാശം ദൈവദത്തമാണെന്നും, ധാർമ്മികമാണെന്നും ഉറച്ച് വിശ്വസിച്ചിരുന്ന ചെങ്കിസ് ഖാൻ, തന്റെ രാജ്യത്തിലുൾപ്പെട്ട വിവിധ സാമൂഹിക-മത വിഭാഗങ്ങളെ എങ്ങനെയാണ് നേരിട്ടത്? അദ്ദേഹത്തിന്റെ സാമ്രാജ്യ രൂപീകരണത്തിൽ, ഈ ബഹുസ്വരതയ്ക്ക് എന്ത് സംഭവിച്ചു? മംഗോളിയരുടെയും, ചെങ്കിസ് ഖാന്റെയും സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തെ കൂടുതൽ മനസ്സിലാക്കുവാൻ കുറേക്കൂടി ലളിതമായ ചില ചോദ്യങ്ങളിലൂടെ നമ്മുടെ ചർച്ച ആരംഭിക്കേണ്ടതുണ്ട്: മംഗോളിയർ ആരായിരുന്നു? എവിടെയാണ് അവർ ജീവിച്ചിരുന്നത്? ആരുമായാണ് അവർ ഇടപെട്ടിരുന്നത്? അവരുടെ സമൂഹത്തെയും രാഷ്ട്രീയത്തെയും കുറിച്ച് നമുക്ക് എങ്ങനെ അറിയാൻ കഴിയും?

## സാമൂഹികവും, രാഷ്ട്രീയവുമായ പശ്ചാത്തലം (Social and Political Background)

ഭാഷയിലെ സാദൃശ്യങ്ങളാൽ പരസ്പരം ബന്ധിപ്പിക്കപ്പെട്ട വൈവിധ്യമാർന്ന ഒരു ജനതയാണ് മംഗോളിയർ. കിഴക്ക് ടറ്റാർ, ഖിറ്റാൻ, മഞ്ചുക്കൾ എന്നിവരും, പടിഞ്ഞാറ് ടർക്കിക്ക് ഗോത്രങ്ങളും അതിൽ ഉൾപ്പെടുന്നു. മംഗോളിയരിൽ ചിലർ ഇടയൻമാരും, മറ്റു ചിലർ വേട്ടക്കാരും, ഭക്ഷണം ശേഖരിക്കുന്നവരുമായിരുന്നു. ഇടയൻമാർ കുതിരകളെയും, ചെമ്മരിയാടിനെയും മേച്ചു നടന്നിരുന്നു. ചില അവസരങ്ങളിൽ കന്നുകാലികളെയും, ആടുകളേയും, ഒട്ടകങ്ങളേയും അവർ വളർത്തിയിരുന്നു. ആധുനിക മംഗോളിയ രാജ്യത്തുൾപ്പെട്ട മധ്യേഷ്യയിലെ പുൽമേടുകളിൽ അവർ നാടോടി ജീവിതം നയിച്ചു. വിശാലമായ ചക്രവാളങ്ങളും നീണ്ടു കിടക്കുന്ന സമതലങ്ങളുമുള്ള അതിസുന്ദരമായ ഭൂപ്രദേശമായിരുന്നു (ഇന്നും അതെ) അത്. അതിന്റെ പടിഞ്ഞാറു ഭാഗം മഞ്ഞു തൊപ്പിയണിഞ്ഞ അൽതായി (Altai) പർവത നിരകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. തെക്ക് ഗോബി (Gobi) മരുപ്രദേശമാണ്. ഒനൻ, സെലൻഗ നദികളും പടിഞ്ഞാറും വടക്കുമുള്ള കുന്നുകളിലെ മഞ്ഞുരുകിയുണ്ടാകുന്ന ധാരാളം അരുവികളും ഈ പ്രദേശത്തെ നനയ്ക്കുന്നു. തിങ്ങിയ സമൃദ്ധമായ മേച്ചിൽ പുറങ്ങളും, വേട്ടയാടിപ്പിടിക്കാവുന്ന ധാരാളം ചെറുമൃഗങ്ങളും നല്ല ഋതുക്കളിൽ ഇവിടെ ലഭ്യമായിരുന്നു. ഇടയൻമാരുടെ വാസസ്ഥാ

തുർക്കികളും, മംഗോൾ ജനതയും ചേർന്നുള്ള മഹത്തായ മധ്യേഷ്യൻ പുൽമേട് സഖ്യങ്ങളിൽ ചിലതാണ് താഴെകൊടുത്തിരിക്കുന്നത്. അവർ എല്ലാവരും ഒരേ പ്രദേശത്ത് അധിവസിച്ചവരല്ല. അവരുടെ ആന്തരിക സാമൂഹ്യഘടനയുടെ സങ്കീർണ്ണതയിലും വ്യത്യാസമുണ്ടായിരുന്നു. നാടോടി ജനസമൂഹത്തിന്റെ ചരിത്രത്തിൽ അവർക്ക് ഗണ്യമായ സ്വാധീനമുണ്ടായിരുന്നു. എന്നാൽ ചൈനയുടെയും, അവരുടെ സമീപ പ്രദേശങ്ങളുടെയും മേലുള്ള അവരുടെ സ്വാധീനം വ്യത്യാസപ്പെട്ടിരുന്നു.

സിയങ്-ന്യൂ (Hsiung - nu)
(ബി.സി.ഇ. 200)
(തുർക്കികൾ)

യുവാൻ - യുവാൻ
(Juan - juan) (സി.ഇ. 400)
(മംഗോളിയർ)

എപ്തലൈറ്റ് ഹൂണൻമാർ
(Epthalite Huns)
(സി.ഇ. 400)
(മംഗോളിയർ)

തു ച്യൂ (T' u-chueh)
(സി.ഇ. 550 ) (തുർക്കികൾ)

യൂഗൂറുകൾ (Uighurs)
(സി.ഇ. 740)
(തുർക്കികൾ)

ഖിറ്റാൻ (Khitan)
(സി.ഇ. 940)
(മംഗോളിയർ)



ഒനൻ നദീതടത്തിലെ വെള്ളപ്പൊക്കം

നത്തിന് വടക്ക് ഭാഗത്തുള്ള സൈബീരിയൻ വനങ്ങളിലായിരുന്നു വേട്ടയാടി ആഹാരം തേടുന്ന ജനതയുടെ താമസം. അവർ ഇടയൻമാരെ അപേക്ഷിച്ച് വളരെ എളിയ ജീവിതം നയിച്ചവരായിരുന്നു. വേനൽക്കാലത്ത് കെണിയിൽപ്പെടുത്തി പിടിച്ച മൃഗങ്ങളുടെ രോമം വിറ്റാണ് അവർ കഴിഞ്ഞിരുന്നത്. പ്രദേശത്ത് മുഴുവനും കാലാവസ്ഥ അങ്ങേയറ്റം ചൂടും കഠിനമായ തണുപ്പും മാറി മാറി വരുന്നതായിരുന്നു. ദൈർഘ്യമേറിയ കടുത്ത മഞ്ഞുകാലവും, ഹ്രസ്വമായ വരണ്ട വേനൽക്കാലവും അവർക്ക് അനുഭവിക്കേണ്ടിവന്നു. വർഷംതോറും ഹ്രസ്വകാലയളവിൽ മേച്ചിൽ പ്രദേശങ്ങളിൽ കൃഷി സാധ്യമായിരുന്നു. പക്ഷേ മംഗോളിയർ (പടിഞ്ഞാറോട്ടുള്ള തുർക്കികളിൽ നിന്ന് വ്യത്യസ്തമായി) കൃഷി ചെയ്തിരുന്നില്ല. ഇടയൻമാരുടെയോ, വേട്ടയാടി ഭക്ഷണം ശേഖരിക്കുന്നവരുടെയോ സമ്പദ്വ്യവസ്ഥയ്ക്ക് ജനസാന്ദ്രതയേറിയ അധിവാസ കേന്ദ്രങ്ങൾ നിലനിർത്താൻ കഴിയുമായിരുന്നില്ല. തൽഫലമായി അവർക്ക് നഗരങ്ങൾ ഉണ്ടായിരുന്നില്ല. കൂടാരങ്ങളിൽ (gers) താമസിച്ചിരുന്ന അവർ, തങ്ങളുടെ കാലിക്കൂട്ടങ്ങളുമായി ശൈത്യകാലത്തേയും വേനൽക്കാലത്തേയും മേച്ചിൽപ്പുറങ്ങൾ അന്വേഷിച്ച് സഞ്ചരിച്ചുകൊണ്ടിരുന്നു.

വംശീയവും ഭാഷാപരവുമായ ബന്ധമാണ് മംഗോളിയൻ ജനതയെ ഒന്നിച്ചു നിർത്തിയത്. ലഭ്യമായ ചുരുക്കം രേഖകൾ സൂചിപ്പിക്കുന്നത് അവരുടെ സമൂഹം പിതൃദായക്രമത്തിൽ അധിഷ്ഠിതമായ വംശപരമ്പരകളായി വിഭജിക്കപ്പെട്ടിരുന്നു എന്നാണ്; സമ്പന്ന കുടുംബങ്ങൾ കൂടുതൽ വലുതായിരുന്നു. അവർക്ക് കൂടുതൽ മൃഗങ്ങളും, മേച്ചിൽ സ്ഥലങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് ധാരാളം അനുയായികളും ഉണ്ടായിരുന്നു, മാത്രവുമല്ല പ്രാദേശിക രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്താനും അവർക്കു കഴിഞ്ഞിരുന്നു. കാലാനുക്രമമായി പ്രകൃതി ദുരന്തങ്ങൾ വന്നെത്തിയിരുന്നു. അസാധാരണമായ അതിശൈത്യത്തിൽ, സംഭരിച്ച ധാന്യങ്ങളും, ചെറുമൃഗങ്ങളും തീർന്നു പോകുമായിരുന്നു. കൊടും വരൾച്ചയിൽ മേച്ചിൽപ്പുറങ്ങൾ കരുഞ്ഞുണങ്ങിപ്പോകുമായിരുന്നു. ഇത് മേച്ചിൽ സ്ഥലങ്ങൾക്ക് വേണ്ടിയുള്ള ഏറ്റുമുട്ടലുകൾക്കും, കന്നു

കാലികളെ കവർച്ച ചെയ്യാനുള്ള മിന്നലാക്രമണങ്ങൾക്കും ഇടവരുത്തിയിരുന്നു. പ്രത്യാക്രമണത്തിനും, പ്രതിരോധത്തിനുമായി ചിലപ്പോഴൊക്കെ കുടുംബങ്ങൾ സമ്പന്നവും, ശക്തവുമായ വംശങ്ങളെ കേന്ദ്രീകരിച്ച് സഖ്യം കൂടാറുണ്ടായിരുന്നു. എന്നാൽ ഈ സഖ്യങ്ങൾ ചിലതൊഴികെ മിക്കതും ചെറുതും, അൽപ്പായുസ്സുള്ളവയുമായിരുന്നു. മംഗോളിയരെയും, തുർക്കി ഗോത്രങ്ങളെയും ഏകോപിപ്പിച്ച് ചെങ്കിസ് ഖാൻ രൂപീകരിച്ച സഖ്യത്തിന്റെ വലുപ്പത്തിന് ഒപ്പം നിൽക്കുന്നത് ഒരു പക്ഷേ അഞ്ചാം നൂറ്റാണ്ടിൽ ആറ്റിലയുടെ (Attila, മരണം 453) നേതൃത്വത്തിൽ രൂപീകരിച്ച സഖ്യം മാത്രമാണ്.

ആറ്റിലയിൽ നിന്ന് വ്യത്യസ്തമായി ചെങ്കിസ് ഖാന്റെ രാഷ്ട്രീയ സംവിധാനം കൂടുതൽ സ്ഥായിയായതും, അദ്ദേഹത്തിന്റെ മരണശേഷവും നിലനിന്നതുമാണ്. ചൈന, ഇറാൻ, കിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിലെ മേൽത്തരം ആയുധങ്ങളെയും വൻ സൈന്യങ്ങളെയും നേരിടാനുള്ള സുസ്ഥിരത അവർക്കുണ്ടായിരുന്നു. മംഗോളിയൻമാർ ഈ പ്രദേശങ്ങളുടെ മേൽ നിയന്ത്രണം സ്ഥാപിച്ചപ്പോൾ, സങ്കീർണമായ കാർഷിക സമ്പദ്ഘടനകളെയും നഗരാധിവാസ കേന്ദ്രങ്ങളെയും - ഇവയെല്ലാം തങ്ങളുടെ സാമൂഹിക അനുഭവങ്ങളിൽ നിന്നും, അധിവാസ വ്യവസ്ഥകളിൽ നിന്നും വിഭിന്നമായിരുന്നിട്ടും - ഭരിക്കാൻ അവർക്ക് സാധിച്ചു.

നാടോടികളുടെയും കാർഷിക സമ്പദ്‌വ്യവസ്ഥയുടെയും സാമൂഹിക- രാഷ്ട്രീയ സംവിധാനങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നെങ്കിലും ഈ രണ്ടു സമൂഹങ്ങളും പരസ്പരം അന്യരായിരുന്നില്ല. യഥാർഥത്തിൽ, പുൽമേടുകളിലെ വിഭവങ്ങളുടെ ദൗർലഭ്യം മംഗോളിയരെയും, മറ്റു മധ്യേഷ്യൻ നാടോടികളെയും ചൈനയിലെ സ്ഥിരവാസികളായ അയൽക്കാരുമായി കച്ചവടബന്ധം സ്ഥാപിക്കാനും, സാധന കൈമാറ്റത്തിനും പ്രേരിപ്പിച്ചു. ഇത് രണ്ട് കൂട്ടർക്കും പരസ്പരം ഗുണം ചെയ്തു. ചൈനയിലെ കാർഷികോൽപ്പന്നങ്ങൾക്കും, ഇരുമ്പുപാത്രങ്ങൾക്കും പകരം കുതിരകൾ, രോമം, പുൽമേടുകളിൽ കെണിയിൽപ്പെടുത്തി പിടിച്ച മൃഗങ്ങൾ എന്നിവ മംഗോളിയർ കൈമാറ്റം ചെയ്തു. ലാഭവിഹിതം വർധിപ്പിക്കാനായി ഇരുകൂട്ടരും നിസ്സങ്കോചം സൈനിക സമ്മർദം ഉപയോഗിച്ചിരുന്നതിനാൽ വ്യാപാരബന്ധത്തിൽ സംഘർഷങ്ങളുണ്ടായിരുന്നു. മംഗോൾ ഗോത്രങ്ങൾ സഖ്യം ചേർന്നപ്പോഴെല്ലാം, തങ്ങളുടെ ചൈനീസ് അയൽക്കാരെ സമ്മർദത്തിലാഴ്ത്തി മെച്ചപ്പെട്ട വ്യവസ്ഥകൾ നേടിയെടുക്കാൻ അവർക്ക് കഴിഞ്ഞിരുന്നു. ചില അവസരങ്ങളിൽ വ്യാപാര ബന്ധങ്ങൾ അവഗണിച്ചുകൊണ്ട് തുറന്ന കവർച്ച നടത്താനും അവർ മടിച്ചിരുന്നില്ല. മംഗോളിയർ തമ്മിൽ കലഹിച്ചപ്പോഴൊക്കെ ഇത് നേരെ വിപരീതമായി. അപ്പോഴൊക്കെ ചൈനക്കാർ തികഞ്ഞ ആത്മവിശ്വാസത്തോടെ പുൽമേടിൽ അവരുടെ സ്വാധീനം ഉറപ്പിക്കുമായിരുന്നു. ഈ അതിർത്തിയുദ്ധങ്ങൾ സ്ഥിരവാസികളെ കൂടുതൽ ദുർബലപ്പെടുത്തിയിരുന്നു. അവരുടെ കാർഷിക രംഗം താറുമാറാക്കപ്പെടുകയും, നഗരങ്ങൾ കൊള്ളയടിക്കപ്പെടുകയും ചെയ്തു. മറുവശത്ത്, നാടോടികൾക്ക് പോരാട്ട മേഖലയിൽ നിന്ന് നാമമാത്ര നഷ്ടത്തോടെ പിൻവാങ്ങാൻ കഴിഞ്ഞിരുന്നു. ചൈനയുടെ ചരിത്രത്തിലുടനീളം നാടോടികളുടെ കടന്നുകയറ്റത്താൽ അവർ ഏറെ ദുരിതം അനുഭവിച്ചു. ബി.സി.ഇ. എട്ടാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ തന്നെ തങ്ങളുടെ പ്രജകളെ സംരക്ഷിക്കാനായി വിവിധ ഭരണകൂടങ്ങൾ കോട്ടകൾ കെട്ടിയിരുന്നു. ബി.സി.ഇ. മൂന്നാം നൂറ്റാണ്ടു മുതൽ തന്നെ കോട്ടകളെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് ചൈന ഒരു പൊതു പ്രതിരോധശൃംഖല തീർത്തു തുടങ്ങിയിരുന്നു. ഇതാണ് ഇന്ന് ചൈനയിലെ പ്രശസ്തമായ 'വൻമതിൽ' ('Great wall of China') എന്നറിയപ്പെടുന്നത്. വടക്കൻ ചൈനയിലെ കാർഷിക സമൂഹങ്ങൾ നാടോടികളുടെ മിന്നലാക്രമണങ്ങൾ നിമിത്തം അനുഭവിച്ച കഷ്ടതകളുടെയും ഭീതിയുടെയും നാടകീയമായ ഒരു ദൃശ്യ സാക്ഷ്യപത്രമായി ഇന്നും ചൈനയിലെ വൻമതിൽ നിലനിൽക്കുന്നു.



ചൈനയിലെ വൻമതിൽ

## ചെങ്കിസ് ഖാന്റെ ജീവിതം (The Career of Genghis Khan)

ഏകദേശം 1162-ൽ, ഇന്നത്തെ മംഗോളിയയുടെ വടക്കുഭാഗത്തുള്ള ഒനൻ നദിയുടെ സമീപ പ്രദേശത്താണ് ചെങ്കിസ് ഖാൻ ജനിച്ചത്. അദ്ദേഹത്തിന്റെ പേര് ടെമുജിൻ (Temujin) എന്നായിരുന്നു. ബോർജിഗിൻ ഗോത്രത്തിന്റെ ഭാഗമായ കിയാത്ത് (Kiyat) എന്ന ഒരു കുടുംബക്കൂട്ടത്തിന്റെ തലവനായ യെസുഗി (Yesugei) ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. ടെമുജിന്റെ ചെറുപ്പത്തിൽത്തന്നെ പിതാവ് കൊല്ലപ്പെട്ടു. പിന്നീട് മാതാവായ ഒയിലുൻ- എക്കെ (Oelun-eke) ടെമുജിനെയും, സഹോദരൻമാരെയും വലിയ കഷ്ടതകൾ സഹിച്ച് വളർത്തിക്കൊണ്ട് വന്നു. തുടർന്നുള്ള ഒരു പതിറ്റാണ്ട് തിരിച്ചടികളുടെ കാലഘട്ടമായിരുന്നു. ടെമുജിൻ പിടിക്കപ്പെടുകയും, അടിമയാക്കപ്പെടുകയും ചെയ്തു. വിവാഹം കഴിഞ്ഞ് അധികം താമസിയാതെ അദ്ദേഹത്തിന്റെ ഭാര്യയായ ബോർട്ടി (Borte) തട്ടിക്കൊണ്ടു പോകപ്പെടുകയും അവരെ വീണ്ടെടുക്കാൻ വലിയ പോരാട്ടം നടത്തേണ്ടി വരികയും ചെയ്തു. ഈ കഷ്ടതകൾക്കിടയിലും, നല്ല സുഹൃത്തുക്കളെ സമ്പാദിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. യുവാവായ ബോഗുർച്ചു ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ സുഹൃത്ത്. അയാൾ വിശ്വസ്ത സുഹൃത്തായി എക്കാലവും നിലനിന്നു. അദ്ദേഹത്തിന്റെ കുല സഹോദരനായ (*anda*) ജമൂക്ക (Jamuqa) ആയിരുന്നു മറ്റൊരു സുഹൃത്ത്. അദ്ദേഹത്തിന്റെ പിതാവിന്റെ കുല സഹോദരനായ കെരെയിറ്റ്സിലെ ഭരണാധികാരിയുമായി (തുഗ്രിൽ/ഓങ് ഖാൻ) ഉണ്ടായിരുന്ന പഴയ സഖ്യങ്ങൾ ടെമുജിൻ പുനസ്ഥാപിച്ചു.

1180 കളിലും, 1190 കളിലും, ടെമുജിൻ, ഓങ് ഖാനുമായി ചേർന്നുള്ള സഖ്യം ഉപയോഗപ്പെടുത്തി ജമൂക്കയെ പോലുള്ള ശക്തരായ എതിരാളികളെ പരാജയപ്പെടുത്തി. പഴയ സുഹൃത്തായ ജമൂക്ക പിൽക്കാലത്ത് ടെമുജിന്റെ കടുത്ത ശത്രുവായി മാറിയിരുന്നു. ജമൂക്കയെ പരാജയപ്പെടുത്തിയതോടെ, മറ്റു ഗോത്രങ്ങൾക്കെതിരെ നീങ്ങുവാനുള്ള ആത്മധൈര്യം ടെമുജിന് കൈവന്നു. ടറ്റാർ ഗോത്രവും (തന്റെ പിതാവിന്റെ ഘാതകർ) കെരെയ്റ്റുകളും, ഓങ്ഖാനുമായിരുന്നു അവർ. 1203 ഓടെ ഇവരെയെല്ലാം പരാജയപ്പെടുത്തി. 1206-ൽ നെയ്മാൻ ജനതയെയും, ജമൂക്കയെയും അന്തിമമായി കീഴ്പ്പെടുത്തിയതോടെ പുൽമേട് പ്രദേശങ്ങളിലെ രാഷ്ട്രീയത്തിൽ ഏറ്റവും പ്രബലനായ വ്യക്തിയായി അദ്ദേഹം മാറി. അദ്ദേഹത്തിന്റെ സ്ഥാനത്തെ മംഗോളിയൻ ഗോത്രത്തലവൻമാരുടെ സഭ (*കുരിൽടെയ്*) അംഗീകരിക്കുകയും 'മംഗോളിയരിലെ മഹാനായ ഖാനായി'

അദ്ദേഹത്തെ പ്രഖ്യാപിക്കുകയും ചെയ്തു. ചെങ്കിസ് ഖാൻ, 'ഓഷ്യാനിക് ഖാൻ' അല്ലെങ്കിൽ 'ലോകത്തിന്റെ ഭരണാധികാരി' ('Universal Ruler') എന്നീ സ്ഥാനമാനങ്ങൾ അവർ അദ്ദേഹത്തിന് നൽകി.

1206-ലെ *കുരിൽടെയ്* (*Quriltai*) സഭയ്ക്ക് തൊട്ടു മുൻപ് ചെങ്കിസ് ഖാൻ, അച്ചടക്കമുള്ള കാര്യക്ഷമമായ ഒരു സൈനിക ശക്തിയായി മംഗോൾ ജനതയെ പുനസംഘടിപ്പിച്ചിരുന്നു. ഭാവി ആക്രമണങ്ങൾ വിജയത്തിലെത്തിക്കുന്നതിന് ഈ നടപടി സഹായകരമായി. ചൈനയെ ആക്രമിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദ്യ ലക്ഷ്യം. അക്കാലത്ത് ചൈന മൂന്ന് ഭരണമേഖലകളായി വിഭജിക്കപ്പെട്ടിരുന്നു: വടക്ക് പടിഞ്ഞാറൻ പ്രവിശ്യകളിലെ ടിബറ്റൻ വംശജരായ സി സിയ (Hsi Hsia) ജനത; പീക്കിങ്ങ് കേന്ദ്രമാക്കി വടക്കൻ ചൈന ഭരിച്ച ചിൻ രാജവംശത്തിന്റെ ജൂർചെൻ (Jurchen); തെക്കൻ ചൈനയെ നിയന്ത്രിക്കുന്ന സുങ് (Sung) രാജവംശം. 1209-ൽ സി സിയയെ പരാജയപ്പെടുത്തിയ അദ്ദേഹം 1213-ൽ ചൈനീസ് വൻമതിൽ ഭേദിച്ച് കടക്കുകയും, 1215-ൽ പീക്കിങ്ങിനെ നശിപ്പിക്കുകയും ചെയ്തു. ചിൻ (Chin) രാജവംശവുമായി നീണ്ടുനിന്ന യുദ്ധങ്ങൾ 1234 വരെ തുടർന്നു. തന്റെ ആക്രമണങ്ങളുടെ പുരോഗതിയിൽ തൃപ്തനായ അദ്ദേഹം, പിടിച്ചെടുത്ത പ്രദേശത്തിന്റെ സൈനിക കാര്യങ്ങൾ തന്റെ കീഴുദ്യോഗസ്ഥർക്ക് കൈമാറിക്കൊണ്ട് 1216-ൽ മംഗോളിയൻ മാതൃദേശത്തേക്ക് മടങ്ങിപ്പോയി.

ചൈനയുടെ വടക്കു പടിഞ്ഞാറുള്ള ടിയെൻഷാൻ (Tienshan) പർവതങ്ങളുടെ അധീശത്വം വഹിച്ചിരുന്ന ഖരാ ഖിത (Qara Khita) യെ 1218-ൽ പരാജയപ്പെടുത്തിയതോടെ മംഗോൾ അധിനിവേശം അമുദാര്യ, ട്രാൻസ് ഓക്സിയാന, ഖാരസാം എന്നീ പ്രദേശങ്ങൾ വരെ വ്യാപിച്ചു. ഖാരസാമിലെ രാജാവായ സുൽത്താൻ മുഹമ്മദ്, മംഗോൾ ദൂതന്മാരെ വധിച്ചതിന് ചെങ്കിസ് ഖാന്റെ ക്രോധത്തിന്റെ തിക്തഫലം അനുഭവിക്കേണ്ടി വന്നു. 1219-നും 1221 -നും ഇടയിൽ മഹാനഗരങ്ങളായ ഒത്റാർ, ബുക്കാറ, സമർഖണ്ഡ്, ബാൽഖ്, ഗുർഗൻജ്, മെർവ്, നിഷാപൂർ, ഹെറാത്ത് എന്നിവ മംഗോൾ ശക്തിക്ക് മുന്നിൽ കീഴടങ്ങി. ചെറുത്തു നിന്ന നഗരങ്ങൾ പൂർണമായും നിലംപരിശാക്കപ്പെട്ടു. നിഷാപൂരിലെ ഉപരോധത്തിനിടെ ഒരു മംഗോൾ രാജാകുമാരൻ വധിക്കപ്പെട്ടപ്പോൾ. 'ആ പട്ടണത്തെ ഇനി ഉഴുത് മറിക്കാൻ തക്കവണ്ണം പൂർണമായും ഉപയോഗശൂന്യമാക്കണമെന്നും, പ്രതികാരം വീട്ടുന്നതിനിടയിൽ (രാജകുമാരന്റെ മരണത്തിനെതിരെ) പൂച്ചകളെയും, നായ്ക്കളെയും പോലും ജീവനോടെ വിടരുതെന്നും' ചെങ്കിസ് ഖാൻ ആജ്ഞാപിക്കുകയുണ്ടായി.

## മംഗോൾ നശീകരണത്തിന്റെ വ്യാപ്തി
## (Estimated Extent of Mongol Destruction)

ചെങ്കിസ് ഖാൻ തന്റെ അധികാരത്തെ ചോദ്യം ചെയ്ത നഗരങ്ങളെ കീഴ്പ്പെടുത്തിയശേഷം കൊന്നൊടുക്കിയ ജനങ്ങളുടെ വലിയ എണ്ണത്തെപ്പറ്റി, അദ്ദേഹത്തിന്റെ ആക്രമണങ്ങളെക്കുറിച്ചുള്ള എല്ലാ രേഖകളും പറയുന്നു. നിരവധി ആളുകൾ കൊല്ലപ്പെട്ടതായി എല്ലാ രേഖകളും അംഗീകരിക്കുന്നു. അതിന്റെ കണക്കുകൾ അവിശ്വസനീയമാം വിധം വലുതാണ്. 1220-ൽ നിഷാപൂർ ആക്രമിച്ചപ്പോൾ 17,47,000 ജനങ്ങൾ കൂട്ടക്കൊല ചെയ്യപ്പെട്ടു. 1222 ലെ ഹെറാത് ആക്രമണത്തിൽ 16,00,000 പേർക്കും, 1258-ലെ ബാഗ്ദാദ് ആക്രമണത്തിൽ 8,00,000 പേർക്കും ജീവനാശം സംഭവിച്ചു. ചെറുപട്ടണങ്ങൾക്കും ആനുപാതികമായി നാശം സഹിക്കേണ്ടി വന്നു. നസയിൽ 70,000 പേരും ബൈഹഖ് ജില്ലയിൽ 70,000 പേരും, കൂഹിസ്ഥാൻ പ്രവിശ്യയിലെ ടൂണിൽ (Tun) 12,000 പേരും വധിക്കപ്പെട്ടു.

മധ്യകാല പുരാവൃത്ത എഴുത്തുകാർ അത്തരം കണക്കുകളിൽ എങ്ങനെയാണ് എത്തിയത്?

ഇൽഖാനികളുടെ പേർഷ്യൻ പുരാവൃത്തക്കാരനായ ജുവൈനി പ്രസ്താവിക്കുന്നത് മെർവ് എന്ന സ്ഥലത്ത് 13,00,000 ജനങ്ങൾ വധിക്കപ്പെട്ടുവെന്നാണ്. അദ്ദേഹം ഈ കണക്കിൽ എത്തിച്ചേർന്നത്, കൊല്ലപ്പെട്ടവരുടെ എണ്ണം പതിമൂന്ന് ദിവസംകൊണ്ട് എണ്ണിത്തിട്ടപ്പെടുത്തിയാണ്. ഓരോ ദിവസവും അവർ ഒരു ലക്ഷം ശവശരീരങ്ങളെ എണ്ണി തിട്ടപ്പെടുത്തിയിരുന്നു.

സുൽത്താൻ മുഹമ്മദിനെ പിൻതുടർന്ന മംഗോൾ സൈന്യം അസർബൈജാനിലേക്ക് അതിക്രമിച്ചു കയറുകയും, ക്രിമിയയിൽ വച്ച് റഷ്യൻ സൈന്യത്തെ പരാജയപ്പെടുത്തുകയും, കാസ്പിയൻ കടൽ വളയുകയും ചെയ്തു. മറ്റൊരു വിഭാഗം സൈന്യം സുൽത്താന്റെ മകനായ ജലാലുദ്ദീനെ പിൻതുടർന്ന് അഫ്ഗാനിസ്ഥാനിലും, സിന്ധ് പ്രവിശ്യയിലും എത്തിച്ചേർന്നു. സിന്ധു നദിയുടെ തീരങ്ങളിൽ വച്ച്, മംഗോളിയയിലേക്ക് തിരിച്ചു പോകുന്നത് വടക്കെ ഇന്ത്യയിലൂടെയും ആസ്സാമിലൂടെയും ആവണമെന്ന് ചെങ്കിസ് ഖാൻ കരുതി. എന്നാൽ അതികഠിനമായ ചൂടും, സ്വാഭാവിക ജന്തുജാലങ്ങളുടെ വാസസ്ഥലവും, തന്റെ മാന്ത്രിക ജോതിഷി ചൂണ്ടികാണിച്ച ദുശ്ശകുനങ്ങളും അദ്ദേഹത്തിന്റെ മനസ്സുമാറ്റി.

തന്റെ ജീവിതത്തിന്റെ ഏറിയ പങ്കും സൈനിക പോരാട്ടങ്ങളിലായി ചെലവഴിച്ച ചെങ്കിസ് ഖാൻ 1227-ൽ മരണപ്പെട്ടു. അദ്ദേഹത്തിന്റെ സൈനിക നേട്ടങ്ങൾ അത്ഭുതപ്പെടുത്തുന്നതാണ്. പുൽമേട് പോരാട്ടത്തിൽ നവീന ആശയങ്ങൾ കണ്ടുപിടിച്ച് അവയെ അങ്ങേയറ്റം ഫലപ്രദമായ സൈനിക തന്ത്രങ്ങളാക്കി മാറ്റാനുള്ള അദ്ദേഹത്തിന്റെ കഴിവിന്റെ ഫലമായിരുന്നു ഇതിൽ ഭൂരിഭാഗവും. മംഗോളിയരുടെയും, തുർക്കികളുടെയും കുതിരസവാരിയിലുള്ള സാമർഥ്യം സേനയ്ക്ക് വേഗതയും ചലനക്ഷമതയും നൽകി. അതിവേഗത്തിൽ കുതിരപ്പുറത്ത് സഞ്ചരിച്ച് ദ്രുതഗതിയിൽ കൃത്യമായി അമ്പെയക്കാനുള്ള കഴിവ് വില്ലാളികൾക്ക് ഉണ്ടായിരുന്നു. പതിവായുള്ള വേട്ടയാടൽ പര്യടനങ്ങളിലൂടെ തന്ത്രപരമായ സേനാമുന്നേറ്റത്തിനുതകും വിധം അവരുടെ കഴിവുകൾ തേച്ചുമിനുക്കപ്പെട്ടു. പുൽമേടിലെ കുതിരപ്പടയാളികൾ കുറഞ്ഞ ഭാരവുമായി നീങ്ങുകയും, ആവശ്യഘട്ടത്തിൽ ദ്രുതഗതിയിൽ നീക്കങ്ങൾ നടത്തുകയും ചെയ്തു. എന്നാലിപ്പോൾ അവർ, ഭൂപ്രദേശത്തെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചും ഉള്ള അവരുടെ എല്ലാ അറിവിനെയും പുറത്തെടുത്ത്, ചിന്തിക്കാൻ പോലും പറ്റാത്ത കാര്യങ്ങൾ നേടിയെടുത്തു. അതിശൈത്യകാലത്തുപോലും അവർ ആക്രമണങ്ങൾ നടത്തിയിരുന്നു. ശത്രുക്കളുടെ നഗരങ്ങളിലേക്കും, ക്യാമ്പുകളിലേക്കും എത്തിച്ചേരാനുള്ള പാതകളായിട്ടാണ് മഞ്ഞുറഞ്ഞ നദികളെ അവർ കണ്ടത്. പരമ്പരാഗതമായി കോട്ടകെട്ടിയ താവളങ്ങൾ കീഴടക്കാൻ സാധാരണഗതിയിൽ നാടോടികൾക്ക് അറിയുമായിരുന്നില്ല. എന്നാൽ കോട്ട ഉപരോധിക്കാനുള്ള യന്ത്രങ്ങളുടേയും നാഫ്ത എണ്ണ കൊണ്ടുള്ള ബോംബുകൾ ഉപയോഗിച്ചുള്ള മിന്നൽ ആക്രമണങ്ങളുടെയും ആവശ്യകതയെക്കുറിച്ച് ചെങ്കിസ് ഖാന് പെട്ടെന്ന് മനസ്സിലാക്കി. അദ്ദേഹത്തിന്റെ എഞ്ചിനീയർമാർ ഭാരംകുറഞ്ഞതും, എടുത്തുകൊണ്ടു പോകാൻ കഴിയുന്നതുമായ ഉപകരണങ്ങൾ നിർമ്മിച്ചു നല്കി. അത് ശത്രുക്കളുടെ മേൽ വിനാശകരമായി പ്രയോഗിക്കാൻ ചെങ്കിസ് ഖാന് കഴിഞ്ഞു.

| | |
|---|---|
| സി. 1167 | ടെമുജിന്റെ ജനനം |
| 1160കൾ-70കൾ | അടിമത്തത്തിന്റെയും, പോരാട്ടത്തിന്റെയും വർഷങ്ങൾ |
| 1180കൾ-90കൾ | സഖ്യ രൂപീകരണത്തിന്റെ കാലഘട്ടം |
| 1203-27 | സാമ്രാജ്യ വിപുലീകരണവും വിജയവും |
| 1206 | ടെമുജിൻ ചെങ്കിസ് ഖാനായി, മംഗോളിയരുടെ ലോക ഭരണാധികാരിയായി പ്രഖ്യാപിക്കപ്പെടുന്നു |
| 1227 | ചെങ്കിസ് ഖാന്റെ മരണം |
| 1227-60 | മഹാന്മാരായ മൂന്ന് ഖാൻമാരുടെ ഭരണവും, മംഗോൾ ഐക്യവും |
| 1227-41 | ഓഗൊദെയ്, ചെങ്കിസ് ഖാന്റെ പുത്രൻ |
| 1246-49 | ഗുയുക്, ഒഗൊദെയുടെ പുത്രൻ |
| 1251-60 | മോങ്കെ, ചെങ്കിസ് ഖാന്റെ ഇളയപുത്രനായ തൊലുയിയുടെ മകൻ |
| 1236-42 | ചെങ്കിസ് ഖാന്റെ മൂത്തപുത്രനായ ജോച്ചിയുടെ മകനായ ബതുവിന്റെ റഷ്യ, ഹംഗറി, പോളണ്ട്, ആസ്ട്രിയ എന്നിവിടങ്ങളിലേക്കുള്ള ആക്രമണങ്ങൾ |

'അംശിഷ്കൃതർ' ഒരു യൂറോപ്യൻ കലാകാരന്റെ ഭാവനയിൽ




| | |
|---|---|
| 1253-55 | മോങ്കെയുടെ നേതൃത്വത്തിൽ ഇറാനിലേക്കും ചൈനയിലേക്കുമുള്ള പുതിയ ആക്രമണങ്ങളുടെ തുടക്കം |
| 1258 | ബാഗ്ദാദ് പിടിച്ചെടുക്കലും അബ്ബാസിദ് ഖലീഫാ ഭരണത്തിന്റെ അന്ത്യവും. മോങ്കെയുടെ ഇളയ സഹോദരനായ ഹുലേഗുവിന്റെ കീഴിൽ ഇറാനിൽ ഇൽ -ഖാനിദ് രാജ്യത്തിന്റെ സ്ഥാപനം. ജോച്ചിഡുകളും ഇൽ-ഖാനിദുകളും തമ്മിലുള്ള സംഘർഷത്തിന്റെ ആരംഭം |
| 1260 | പീക്കിങ്ങിലെ മഹാനായ ഖാനായി കുബ്ലൈ ഖാന്റെ സ്ഥാനാരോഹണം; ചെങ്കിസ് ഖാന്റെ പിൻഗാമികൾ തമ്മിലുള്ള സംഘർഷം; മംഗോൾ വംശങ്ങൾ ചിന്നിച്ചിതറി സ്വതന്ത്ര വംശപരമ്പരകളായി മാറുന്നു-തൊലൂയ്, ചഘതായ്, ജോച്ചി (ഒഗൊദെയുടെ വംശം പരാജയപ്പെടുകയും തൊലുയിഡ്‌ലേക്ക് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു.) തൊലുയിഡ്: ചൈനയിലെ യുവാൻ വംശവും; ഇറാനിലെ ഇൽ -ഖാനിദ് രാജ്യവും;<br>ചഘതായിഡുകൾ ട്രാൻസ് ഓക്സിയാനയുടെ വടക്കൻ പുൽമേടുകളിലും 'തുർക്കിസ്ഥാനി'ലും<br>ജോച്ചിഡ് വംശം റഷ്യൻ പുൽമേടുകളിൽ, നിരീക്ഷകർ ഇതിനെ 'സുവർണ്ണസംഘം' ('ഗോൾഡൻ ഹോഡ്') എന്ന് വിശേഷിപ്പിച്ചു |
| 1257-67 | ബതുവിന്റെ പുത്രനായ ബർക്കിന്റെ ഭരണകാലം; സുവർണ്ണസംഘമേഖല, നെസ്തോറിയൻ ക്രിസ്തുമതത്തിൽ നിന്ന് ഇസ്ലാമിലേക്ക് പുനക്രമീകരിക്കപ്പെട്ടു. 1350 കളിൽ മാത്രമാണ് മതപരിവർത്തനം നടക്കുന്നത്. സുവർണ്ണസംഘവും (ഗോൾഡൻ ഹോഡ്) ഈജിപ്തും ഇൽ-ഖാനിനെതിരെ സഖ്യ രൂപീകരണം ആരംഭിക്കുന്നു |
| 1295-1304 | ഇറാനിൽ ഇൽ - ഖാനിദ് രാജാവായ ഗസൻ ഖാന്റെ ഭരണകാലം. അദ്ദേഹത്തിന്റെ ബുദ്ധമതത്തിൽ നിന്നും ഇസ്ലാമിലേക്കുള്ള പരിവർത്തനത്തെ തുടർന്ന് ക്രമേണ മറ്റ് ഇൽ-ഖാനിദ് തലവൻമാരും ഇതേ പാത സ്വീകരിച്ചു |
| 1368 | ചൈനയിൽ യുവാൻ രാജവംശത്തിന്റെ അന്ത്യം |
| 1370-1405 | തൈമൂറിന്റെ - ചഘതായ് വംശവഴിയിലൂടെ ചെങ്കിസ് ഖാന്റെ പാരമ്പര്യം അവകാശപ്പെടുന്ന ഒരു ബർലാസ് തുർക്കി - ഭരണകാലം. തൊലൂയ് (ചൈന ഒഴികെ) ചഘതായ്, ജോച്ചി എന്നിവരുടെ കുറെ പ്രദേശങ്ങൾ ഒരുമിച്ച് ചേർത്ത് ഒരു പുൽമേട് സാമ്രാജ്യം സ്ഥാപിച്ചു. 'ഗുർജിൻ' - 'രാജകീയ മരുമകൻ' - എന്ന് സ്വയം പ്രഖ്യാപിക്കുകയും, ചെങ്കിസ് ഖാന്റെ പരമ്പരയിൽപ്പെട്ട ഒരു രാജകുമാരിയെ വിവാഹം കഴിക്കുകയും ചെയ്തു |
| 1495-1530 | തൈമൂറിന്റെയും ചെങ്കിസ് ഖാന്റെയും വംശ പരമ്പരകളിൽ പെട്ട സഹീറുദ്ദീൻ ബാബർ, തൈമൂറിന്റെ പ്രദേശങ്ങളായ ഫർഗാനയിലും സമർഖണ്ഡിലും പിൻഗാമിയായി ഭരണം നടത്തുകയും പിന്നീട് അവിടെ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. തുടർന്ന് കാബൂൾ പിടിച്ചെടുക്കുകയും 1526-ൽ ഡൽഹിയും, ആഗ്രയും ആക്രമിച്ച് കീഴടക്കി ഇന്ത്യയിൽ മുഗൾ രാജവംശം സ്ഥാപിക്കുകയും ചെയ്തു |
| 1500 | ജോച്ചിയുടെ ഇളയമകനായ ഷിബാന്റെ പരമ്പരയിൽ പെടുന്ന ഷേയ്ബാനി ഖാൻ ട്രാൻസ് ഓക്സിയാന പിടിച്ചെടുത്തു. ട്രാൻസ് ഓക്സിയാനയിൽ ഷേയ്ബാനി ഭരണം (ഷേയ്ബാനിദുകളെ ഉസ്ബെക്കുകൾ എന്നും വിളിച്ചിരുന്നു, അവരിൽ നിന്നാണ് ഇന്നത്തെ ഉസ്ബെക്കിസ്ഥാൻ എന്ന പേര് ലഭിച്ചത്) സ്ഥാപിക്കുകയും, ബാബറിനെയും മറ്റ് തൈമൂറിഡ്കളെയും ആ പ്രദേശത്തു നിന്ന് പുറത്താക്കുകയും ചെയ്തു |
| 1759 | ചൈനയിലെ മഞ്ചുക്കൾ മംഗോളിയ കീഴടക്കുന്നു |
| 1921 | റിപ്പബ്ലിക്ക് ഓഫ് മംഗോളിയ |

## ചെങ്കിസ് ഖാന് ശേഷമുള്ള മംഗോളിയർ (The Mongols after Genghis Khan)

ചെങ്കിസ് ഖാന്റെ മരണത്തിനുശേഷമുള്ള മംഗോളിയരുടെ വിപുലീകരണത്തെ നമുക്ക് രണ്ട് ഘട്ടങ്ങളായി തിരിക്കാം: 1236 മുതൽ 42 വരെയുള്ള ഒന്നാം ഘട്ടത്തിൽ പ്രധാനമായും പിടിച്ചെടുത്തത് റഷ്യൻ പുൽമേടുകൾ, ബൾഗാർ, കീവ്, പോളണ്ട്, ഹംഗറി എന്നിവിടങ്ങളാണ്. 1255 മുതൽ 1300 വരെയുള്ള രണ്ടാം ഘട്ടത്തിൽ ചൈന പൂർണ മായും (1279), ഇറാൻ, ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളും കീഴടക്കി. ഈ യുദ്ധങ്ങൾക്കു ശേഷം സാമ്രാജ്യത്തിന്റെ അതിർത്തി ശക്തമായിത്തീർന്നു.

1203-നു ശേഷമുള്ള ദശകങ്ങളിൽ മംഗോൾ സൈന്യത്തിന് തിരിച്ചടികൾ നേരി ടേണ്ടിവന്നില്ല. എന്നാൽ 1260-കൾക്ക് ശേഷം പാശ്ചാത്യ നാടുകളുടെ നേരെ, മുമ്പുണ്ടാ യിരുന്ന ആക്രമണശക്തി നിലനിർത്താൻ അവർക്ക് കഴിഞ്ഞില്ല എന്നത് ശ്രദ്ധേയമാണ്. വിയന്നയും, അതിനുമപ്പുറം പടിഞ്ഞാറൻ യൂറോപ്പും, ഈജിപ്തും മംഗോൾ സൈന്യ ത്തിന്റെ കൈകളിൽ ഒതുങ്ങിയെങ്കിലും ഹംഗേറിയൻ പുൽമേടുകളിൽ നിന്നുള്ള പിൻവാ ങ്ങലും, ഈജിപ്ഷ്യൻ സൈന്യത്തിൽ നിന്നും ഏറ്റ പരാജയവും പുതിയ രാഷ്ട്രീയ പ്രവണതകളുടെ വരവിനെ അറിയിച്ചു. ഇതിന് രണ്ട് വശങ്ങളുണ്ടായിരുന്നു: ഇതിലാദ്യ ത്തേത് മംഗോൾ കുടുംബത്തിലെ പിൻതുടർച്ചാവകാശവുമായി ബന്ധപ്പെട്ടുണ്ടായ ആഭ്യ ന്തര രാഷ്ട്രീയ സംഭവങ്ങളുടെ അനന്തരഫലമായിരുന്നു. ഇവിടെ ചെങ്കിസ് ഖാന്റെ മക്കളായ ജോച്ചിയുടെയും, ഒഗൊദെയുടെയും പരമ്പരയിൽപ്പെട്ടവർ സഖ്യത്തിലേർപ്പെ ടുകയും രണ്ട് തലമുറയോളം ഖാൻ സ്ഥാനത്തെ (ഭരണപദവി) നിയന്ത്രിക്കുകയും ചെയ്തു. യൂറോപ്പിലെ ആക്രമണങ്ങൾ തുടരുന്നതിനേക്കാൾ ഇത്തരം താൽപ്പര്യ ങ്ങൾക്കായിരുന്നു അവർ കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്. ചെങ്കിസ് ഖാന്റെ മക നായ തൊലുയിന്റെ പരമ്പരയിൽപ്പെട്ടവർ അധികാരസ്ഥാനത്തേക്ക് ഉയർന്നു വരുകയും ജോച്ചി, ഒഗൊദെയ് വംശപരമ്പരയെ പാർശ്വവൽക്കരിക്കുകയും ചെയ്തതായിരുന്നു സമ്മർദമുളവാക്കിയ മറ്റൊരു സാഹചര്യം. ചെങ്കിസ് ഖാന്റെ ഇളയ പുത്രനായ തൊലൂ യിന്റെ പിൻഗാമിയായ മോങ്കേ അധികാരമേറ്റതോടെ 1250-കളിൽ ഇറാനിലേക്കുള്ള സൈനികാക്രമണങ്ങൾ ഊർജസ്വലതയോടെ തുടർന്നു. എന്നാൽ 1260-കളോടെ ചൈന ആക്രമിച്ച് കീഴടക്കണമെന്ന് തൊലുയിഡുകൾക്ക് താൽപ്പര്യം ഏറി വന്നതോടെ സൈന്യവും സന്നാഹങ്ങളുമെല്ലാം മംഗോൾ പ്രദേശത്തിന്റെ ഹൃദയഭാഗത്തേക്ക് തിരി ച്ചുവിടപ്പെട്ടു. ഇതിന്റെ ഫലമായി അംഗസംഖ്യ കുറഞ്ഞ ഒരു ചെറു സൈന്യത്തെ മാത്രമേ ഇവർക്ക് ഈജിപ്റ്റിനെതിരെ രംഗത്തിറക്കാൻ കഴിഞ്ഞുള്ളൂ. ഈ പരാജയവും ചൈന ആക്രമിച്ച് കീഴടക്കാനുള്ള തൊലൂയിഡുകളുടെ കൂടിവന്ന താൽപര്യവും മംഗോളിയ രുടെ പടിഞ്ഞാറൻ അധിനിവേശത്തിന് വിരാമമിട്ടു. അതേ സമയം റഷ്യൻ- ഇറാനി യൻ അതിർത്തികളിൽ ജോച്ചിയുടെയും, തൊലുയിന്റെയും പിൻഗാമികൾ തമ്മിലുണ്ടായ ഏറ്റുമുട്ടലുകൾ, ജോച്ചിഡുകളെ കൂടുതലായുള്ള യൂറോപ്യൻ ആക്രമണ പദ്ധതികളിൽ നിന്ന് പിൻതിരിപ്പിച്ചു.

പടിഞ്ഞാറൻ പ്രദേശങ്ങളിലേക്കുള്ള മംഗോളിയൻ ആക്രമണങ്ങൾ നിർത്തിവ യ്ക്കേണ്ടിവന്നു എങ്കിലും ചൈനയിലേക്കുള്ള അവരുടെ മുന്നേറ്റം തുടർന്നു. മംഗോളി യരുടെ കീഴിൽ ചൈന പുനരേകീകരിക്കപ്പെട്ടു. വിരോധാഭാസമെന്നു പറയട്ടെ, അതിന്റെ ഏറ്റവും മഹത്തായ വിജയത്തിന്റെ നിമിഷത്തിലാണ് മംഗോളിയൻ രാജകുടുംബാം ഗങ്ങൾ തമ്മിലുള്ള ആഭ്യന്തര പ്രശ്നങ്ങൾ പുറത്ത് വരാൻ തുടങ്ങിയത്. മംഗോളിയരെ, അവരുടെ ചില ഏറ്റവും വലിയ രാഷ്ട്രീയ വിജയങ്ങളിലേക്ക് നയിക്കുകയും അതേ സമയം അതിന്റെ പുരോഗതിക്ക് തടസ്സമായി നിൽക്കുകയും ചെയ്ത ഘടകങ്ങളെക്കുറി ച്ചാണ് അടുത്ത ഭാഗത്ത് നമ്മൾ ചർച്ച ചെയ്യുന്നത്.


## സാമൂഹിക, രാഷ്ട്രീയ, സൈനിക സംവിധാനം (Social, Political and Military Organisation)

മറ്റനേകം നാടോടി സമൂഹങ്ങളിൽ എന്നപോലെ മംഗോളിയൻമാർക്കിടയിലും ഗോത്രത്തിലെ കായിക ക്ഷമതയുള്ള എല്ലാ പുരുഷന്മാരും ആയുധങ്ങൾ കൊണ്ടുനടന്നിരുന്നു. ആവശ്യം വരുമ്പോൾ അവരാണ് സൈന്യമായിത്തീരുന്നത്. വിവിധ മംഗോൾ ഗോത്രങ്ങളെ ഏകീകരിച്ചതും തുടർന്ന് വ്യത്യസ്ത ജനവിഭാഗങ്ങൾക്കെതിരെ നടത്തിയ യുദ്ധങ്ങളും ചെങ്കിസ് ഖാന്റെ സൈന്യത്തിലേക്ക് പുതിയ അംഗങ്ങളെ കൂട്ടിച്ചേർക്കാൻ ഇടയാക്കി. തൽഫലമായി താരതമ്യേന ചെറുതും തരംതിരിവ് ഇല്ലാത്തതും ആയിരുന്ന ചെങ്കിസ് ഖാന്റെ സൈന്യം അവിശ്വസനീയമാം വിധം ഭിന്ന വർഗങ്ങൾ ഉൾപ്പെടുന്ന ഒരു ജനക്കൂട്ടം ആയി മാറി. സ്വമേധയാ ചെങ്കിസ് ഖാന്റെ മേധാവിത്വം അംഗീകരിച്ച തുർക്കി യുഗൂറുകൾ (Turkic Uighurs) ഇതിൽ ഉൾപ്പെടുന്നു. യുദ്ധത്തിൽ പരാജയപ്പെടുത്തി മുൻ കാല ശത്രുത മറന്ന് ചെങ്കിസ് ഖാൻ തന്റെ സഖ്യത്തിലേക്കു ചേർത്ത കെരെയിറ്റ്കളും (Kereyits) ഇതിൽ ഉൾപ്പെടും.

തന്റെ സഖ്യത്തിൽ ചേർന്ന വിവിധ വിഭാഗങ്ങളുടെ പഴയ ഗോത്ര വ്യക്തിത്വങ്ങളെ ഇല്ലാതാക്കുന്നതിനു ചെങ്കിസ് ഖാൻ ആസൂത്രിതമായി ശ്രമിച്ചു. അദ്ദേഹം തന്റെ സൈന്യത്തെ പത്തിനെ ആധാരമാക്കിയുള്ള ഘടകങ്ങളായി തിരിച്ചു. പത്തും, നൂറും, ആയിരവും, പതിനായിരവും പട്ടാളക്കാർ അടങ്ങുന്ന യൂണിറ്റുകൾ ആയിരുന്നു അവ. പണ്ടുകാലത്ത് പുൽമേടുകളിൽ നിലനിന്നിരുന്ന സമ്പ്രദായമായിരുന്നു ഇത്. ആ പഴയ സമ്പ്രദായ പ്രകാരം പത്തിന്റെ ഘടകങ്ങളിൽ കുലവും ഗോത്രവും ഒരുമിച്ച് നിലനിർത്തിയിരുന്നു. ഈ രീതി ചെങ്കിസ് ഖാൻ നിർത്തലാക്കി. പഴയ ഗോത്ര വിഭാഗങ്ങളെ വിഭജിച്ച് അവയിലെ അംഗങ്ങളെ പുതിയ സൈനിക ഘടകങ്ങളിൽ വിന്യസിച്ചു. അനുമതിയില്ലാതെ തങ്ങളുടെ നിർദിഷ്ട ഘടകത്തിൽ നിന്നും മാറിപ്പോകുന്നതിനു ശ്രമിച്ചിരുന്ന വ്യക്തികൾക്ക് (പുരുഷനോ സ്ത്രീയോ) കടുത്ത ശിക്ഷകൾ ലഭിച്ചിരുന്നു. അങ്ങനെ ഏകദേശം പതിനായിരത്തോളം വരുന്ന ഏറ്റവും വലിയ സൈനിക ഘടകത്തിൽ ഇപ്പോൾ ഉൾപ്പെട്ടത് വ്യത്യസ്ത കുലങ്ങളിലും ഗോത്രങ്ങളിലും നിന്നുള്ള ചിന്നിച്ചിതറിയ കൂട്ടങ്ങളാണ്. ഇത് പുൽമേടുകളിലെ പഴയ സാമൂഹ്യ വ്യവസ്ഥയെ മാറ്റി മറിച്ചു. വിവിധ കുലങ്ങളെയും ബന്ധുത്വ വിഭാഗങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് തങ്ങളുടെ പിതാമഹനായ ചെങ്കിസ് ഖാനിൽ നിന്നും കിട്ടിയ ഒരു പുതിയ വ്യക്തിത്വം അവർക്ക് നേടിക്കൊടുത്തു.

പുതുതായി രൂപീകരിച്ച സൈനിക വിഭാഗങ്ങൾ ചെങ്കിസ് ഖാന്റെ നാലു പുത്രന്മാർക്കും 'നോയൻ' ('noyan') എന്നറിയപ്പെട്ടിരുന്ന പ്രത്യേകമായി തിരഞ്ഞെടുത്ത സൈന്യതലവന്മാർക്കും കീഴിൽ സേവനം അനുഷ്ഠിക്കണമായിരുന്നു. ചെങ്കിസ് ഖാനോട് വളരെ കൂറോടെ കടുത്ത പ്രതിസന്ധികളിലും വർഷങ്ങളായി ഒപ്പം നിന്ന ഒരു പറ്റം അനുയായികളും വളരെ പ്രധാനമായിരുന്നു. ഇവരിൽ ചിലരെ തന്റെ രക്ത-സഹോദരർ (*അണ്ട - anda*) എന്ന് തുറന്ന് പ്രഖ്യാപിച്ച് ചെങ്കിസ് ഖാൻ ആദരിച്ചു. അല്പം താഴ്ന്ന പദവിയിൽ ഉണ്ടായിരുന്ന മറ്റു ചിലരെ ആകട്ടെ പ്രത്യേക പദവി നൽകി തന്റെ പരിചാരകരായും (നൗകർ/*naukar*) നിയമിച്ചു. തങ്ങളുടെ മേധാവിയുമായുള്ള അവരുടെ അടുത്ത ബന്ധത്തെയാണ് ഈ സ്ഥാനം സൂചിപ്പിച്ചിരുന്നത്. ഈ റാങ്കിങ് പഴയ ഗോത്രമുഖ്യൻമാരുടെ അവകാശങ്ങളെ സംരക്ഷിച്ചില്ല. ചെങ്കിസ് ഖാനുമായുള്ള അടുത്ത ബന്ധത്തിലൂടെയാണ് പുതിയ കുലീന വർഗത്തിന് അവരുടെ സ്ഥാനം ലഭിച്ചത്.

ഈ പുതിയ അധികാര ക്രമത്തിൽ, താൻ കീഴടക്കിയ പ്രദേശങ്ങളുടെ ഭരണച്ചുമതല ചെങ്കിസ് ഖാൻ തന്റെ നാലു മക്കളെ ഏൽപ്പിച്ചു. ഇവയിൽ നാല് *ഉലൂസ്/ulus*) ഉൾപ്പെടുന്നു. *ഉലൂസ്* എന്ന പദത്തിന് തുടക്കത്തിൽ ക്ലിപ്തമായ പ്രദേശങ്ങൾ എന്നർഥമുണ്ടായിരുന്നില്ല. അതിവേഗത്തിലുള്ള ആക്രമണങ്ങളുടെയും വിസ്തൃതി കൂടിക്കൊണ്ടിരിക്കുന്ന അധീനദേശങ്ങളുടെയും കാലമായിരുന്നു ചെങ്കിസ് ഖാന്റെത്. അതിനാൽ തന്നെ നിശ്ചിതമായ അതിർത്തികൾ ഉണ്ടായിരുന്നില്ല. ഉദാഹരണത്തിന്




ചെങ്കിസ് ഖാന് അനേകം ഭാര്യമാരും അവരിൽ ധാരാളം മക്കളും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രധാന ഭാര്യ ബോർട്ടെയിൽ ജനിച്ച നാലു പുത്രന്മാരെയാണ് അദ്ദേഹത്തിന്റെ വംശാവലി വൃക്ഷത്തിന്റെ ശാഖകളായി കണക്കാക്കുന്നത്. മൂത്ത പുത്രനായ ജോച്ചിയുടെ ശാഖയിൽ മഹാന്മാരായ ഖാൻമാരൊന്നും ജനിച്ചില്ലെങ്കിലും ആ ശാഖയ്ക്ക് വലിയ അധികാരമാണുണ്ടായിരുന്നത്. ഗുയുക്കിന്റെ മരണശേഷം ഓഗൊദെയിയുടെ ശാഖയെ പിന്തുണക്കാൻ ജോച്ചിയുടെ പുത്രനായ ബതു തയാറായില്ല. അങ്ങനെ ബതു തൊലൂയി കുടുംബത്തിൽ നിന്ന് അധികാരം നീക്കിക്കളഞ്ഞു. ഇത് മോങ്കെയ്ക്കും, കുബ്ലൈയ്ക്കും അധികാരപാത തുറന്നു. തൊലൂയി, ബർക്ക് അഥവാ അരിഖ് ബൊക്കെ എന്നിവരുടെ ചിത്രങ്ങൾ ലഭ്യമല്ല. തൊപ്പിവച്ച മഹാഖാൻമാരല്ലാത്ത ബാക്കിയെല്ലാവരും പരമ്പരാഗത ശൈലിയിൽ തല ക്ഷൗരം ചെയ്തിരുന്നതായി കാണാം

*ചെങ്കിസ് ഖാന്റെ വംശാവലി*
*(Family tree of Genghis Khan)*

അദ്ദേഹത്തിന്റെ മൂത്തമകൻ ജോച്ചിയുടെ കയ്യിലായിരുന്ന റഷ്യൻ പുൽമേടുകളുടെ അതിർത്തി അവ്യക്തമായിരുന്നു. അദ്ദേഹത്തിന്റെ കുതിരകൾക്ക് ചെന്നെത്താവുന്നിടത്തോളം പടിഞ്ഞാറോട്ട് അത് വ്യാപിച്ചിരുന്നു. രണ്ടാമത്തെ മകനായ ചഘതായ് ഭരിച്ചിരുന്നത് ട്രാൻസ് ഓകസിയാന പുൽമേടുകളും പാമീർ പർവതങ്ങളുടെ വടക്കുള്ള പ്രദേശങ്ങളുമായിരുന്നു. ഇതാകട്ടെ തന്റെ സഹോദരനായ ജോച്ചിയുടെ പ്രദേശത്തിനോട് ചേർന്നാണ് കിടന്നിരുന്നത്. സ്വാഭാവികമായും ജോച്ചി പടിഞ്ഞാറേക്ക് മുന്നേറുന്നതിനൊടൊപ്പം അതിർത്തികളിലും മാറ്റം വരുമായിരുന്നു. തന്റെ മൂന്നാമത്തെ പുത്രനായ ഓഗൊദെയെ ചെങ്കിസ് ഖാൻ തന്റെ പിൻഗാമിയായി പ്രഖ്യാപിച്ചിരുന്നു. അദ്ദേഹം സ്ഥാനാരോഹണം നടത്തിയപ്പോൾ കാറക്കോറം പ്രദേശത്ത് തന്റെ തലസ്ഥാനം സ്ഥാപിച്ചു. മംഗോളിയയിലെ പൂർവ്വിക ഭൂമിയാണ് ഇളയ പുത്രനായ തൊലൂയിക്ക് ലഭിച്ചത്. തന്റെ പുത്രന്മാർ സാമ്രാജ്യത്തെ സംയുക്തമായി ഭരിക്കുമെന്ന് ഖാൻ വിഭാവനം ചെയ്തു. ഇത് ദൃഢമാക്കുവാനായി ഓരോ രാജകുമാരനും പ്രത്യേക സൈനിക വിഭാഗങ്ങളെ ഓരോ *ഉലൂസിലും* നിയമിച്ചു. കുരിൽടെയ് എന്ന മുഖ്യൻമാരുടെ സഭയിൽ കുടുംബാംഗങ്ങൾ പങ്കുവയ്ക്കുന്ന ഭരണപ്രദേശത്തിന്റെ വിശദാംശങ്ങളെപ്പറ്റി ധാരണയുണ്ടായിരുന്നു. കുടുംബത്തെ സംബന്ധിച്ചും, രാഷ്ട്രത്തെ സംബന്ധിച്ചുമുള്ള പ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതും ഭാവികാല ആക്രമണങ്ങൾ, കൊള്ളമുതലിന്റെ പങ്കിടൽ, മേച്ചിൽപ്പുറങ്ങൾ, സിംഹാസനാരോഹണം എന്നിവയെല്ലാം സംയുക്തമായി തീരുമാനിക്കപ്പെടുന്നതും ഈ സഭയിൽ വച്ചായിരുന്നു.

തന്റെ സാമ്രാജ്യത്തിന്റെ വിദൂര പ്രവിശ്യകളെ ബന്ധിപ്പിച്ചുകൊണ്ട് ചെങ്കിസ് ഖാൻ ഇതിനകം ഒരു വേഗമേറിയ കൊറിയർ (തപാൽ) സംവിധാനം നടപ്പിലാക്കിയിരുന്നു. പുത്തൻ കുതിരകളെയും തപാൽ വിതരണത്തിനുള്ള സവാരിക്കാരേയും നിശ്ചിത അകലങ്ങളിലുള്ള കാവൽ പുരകളിൽ തയാറാക്കി നിർത്തിയിരുന്നു. ഈ ആശയവിനിമയ സംവിധാനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി മംഗോളിയൻമാർ തങ്ങളുടെ കാലി സമ്പത്തിന്റെ അല്ലെങ്കിൽ കുതിരകളുടെ പത്തിലൊന്ന് വിഹിതമായി നൽകിയിരുന്നു. *ക്യൂബ്ചർ* (*qubcur* tax) എന്നറിയപ്പെട്ടിരുന്ന ഈ നികുതി, നാടോടികൾ ഈ തപാൽ സംവിധാനം കൊണ്ടുണ്ടാകുന്ന ബഹുമുഖ നേട്ടങ്ങൾക്കായി സ്വമേധയാ നൽകിയ കരമായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ഈ സംവിധാനം കൂടുതൽ മെച്ചപ്പെടു

ത്തപ്പെട്ടു. ചെങ്കിസ് ഖാന്റെ, *യാം* (*yam*) എന്ന ഈ കൊറിയർ സംവിധാനത്തിന്റെ വേഗതയും വിശ്വാസ്യതയും സഞ്ചാരികളെ അത്ഭുതപ്പെടുത്തിയിരുന്നു. വിശാലമായി പരന്നു കിടക്കുന്ന രാജ്യത്തിന്റെ അങ്ങേയറ്റത്തെ പ്രവിശ്യകളിലെ സംഭവ വികാസങ്ങൾ പോലും കൃത്യമായി നിരീക്ഷിക്കാനും മനസ്സിലാക്കാനും ചക്രവർത്തിമാരെ ഇത് സഹായിച്ചു.


കീഴടക്കപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്ക് പുതിയ നാടോടി യജമാനന്മാരോട് വലിയ വിധേയത്വമൊന്നും ഉണ്ടായിരുന്നതേയില്ല. പതിമൂന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നടന്ന ആക്രമണങ്ങൾക്കിടയിൽ നിരവധി നഗരങ്ങൾ തകർക്കപ്പെട്ടു. കൃഷിഭൂമികൾ നശിപ്പിക്കപ്പെടുകയും വ്യാപാരവും കൈത്തൊഴിലും താറുമാറാക്കപ്പെടുകയും ചെയ്തിരുന്നു. പതിനായിരക്കണക്കിന് ആൾക്കാർ കൊല്ലപ്പെടുകയും അതിലേറെ പേർ അടിമകളാക്കപ്പെടുകയും ചെയ്തു. (അക്കാലത്ത് അതിശയോക്തി കലർന്ന വിവരണങ്ങളാകയാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല). കുലീനർ മുതൽ കർഷകർ വരെ എല്ലാവിഭാഗം ജനങ്ങളും വളരെയേറെ യാതനകൾ അനുഭവിച്ചു. ഇത്തരത്തിലുള്ള അരക്ഷിതാവസ്ഥകൾക്കിടയിൽ വരണ്ടു കിടക്കുന്ന ഇറാനിയൻ പീഠഭൂമിയിലെ *ഖാനറ്റ്സ്* (*Qanats*) എന്നറിയപ്പെട്ടിരുന്ന ഭൂഗർഭ കനാലുകൾ അറ്റകുറ്റപ്പണികൾ നടത്താതെ നശിക്കാൻ തുടങ്ങി. ഇതേത്തുടർന്ന് മരുഭൂമിയുടെ വ്യാപനം ആരംഭിച്ചു. തുടർന്നുണ്ടായ പാരിസറിതിക നാശത്തിൽനിന്ന് ഖുറസാന്റെ പല ഭാഗങ്ങളും ഒരിക്കലും കരകയറിയില്ല.

മംഗോളിയൻ ആക്രമണത്തിന്റെ പൊടിപടലങ്ങൾ അടങ്ങിയതോടെ യൂറോപ്പും ചൈനയുമായി ഭൂമിശാസ്ത്രപരമായി ബന്ധിക്കപ്പെട്ടു. ഈ ആക്രമണത്തിന് ശേഷം ഉണ്ടായ സമാധാന സമയത്ത് (പാക്സ് മംഗോളിയ) വ്യാപാരബന്ധങ്ങൾ ശക്തിപ്പെട്ടു. മംഗോളിയൻമാർക്ക് കീഴിൽ പട്ട്പാത വഴിയുള്ള വ്യാപാരവും സഞ്ചാരവും അതിന്റെ പാരമ്യത്തിലെത്തി. എന്നാൽ, ആ പാതകൾ മുൻകാലങ്ങളിലെപ്പോലെ ചൈനയിൽ അവസാനിച്ചില്ല.

അവ, വടക്ക് മംഗോളിയയും കടന്ന് പുതിയ സാമ്രാജ്യത്തിന്റെ ഹൃദയമായ കാറക്കോറം വരെയെത്തി. ആശയവിനിമയ സംവിധാനങ്ങളും സുഗമമായ യാത്രാ സാഹചര്യങ്ങളും മംഗോൾ രാജ്യത്തെ ബന്ധിപ്പിച്ചു നിർത്തുന്നതിൽ നിർണായകമായിരുന്നു. അതിനാൽ യാത്രക്കാർക്ക് സുരക്ഷിതമായ യാത്രയ്ക്കായി ഒരു പാസ് (പേർഷ്യനിൽ ഇത് *പെയ്സ* (*paiza*) എന്നും മംഗോളിയനിൽ *ഗെരേജ്* (*gerege*) എന്നും

**പ്രവർത്തനം 2**

പട്ട്പാത വഴി പോകുന്ന സറലങ്ങളും, വ്യാപാരികൾക്ക് ലഭ്യമാകുന്ന സാധനങ്ങളും ശ്രദ്ധിക്കുക. മംഗോൾ ശക്തിയുടെ ഉച്ചസ്ഥായിയിൽ പട്ട്പാതയിലെ കിഴക്കൻ ടെർമിനൽ പോയിന്റുകളിൽ ഒരു സറലത്തെ ഈ ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിട്ടുപോയ സ്ഥലത്തെ നിങ്ങൾക്ക് കണ്ടെത്താമോ? പന്ത്രണ്ടാം നൂറ്റാണ്ടിലെ പട്ട്പാതയിൽ ഈ സ്ഥലം ഉണ്ടായിരുന്നിരിക്കാം. എന്തുകൊണ്ട്?




*ഭൂപടം 2: മംഗോൾ ആക്രമണങ്ങൾ*

അറിയപ്പെടുന്നു) അനുവദിച്ച് നൽകി. ഈ ആവശ്യത്തിനായി വ്യാപാരികൾ നൽകിയിരുന്ന നികുതിയാണ് *ബാജ്* (*baj* tax). ഇതിലൂടെ മംഗോളിയൻ സാമ്രാജ്യത്തിന്റെ വ്യാപാരത്തിനായി എത്തുന്നവരെല്ലാം മംഗോൾ ഖാന്റെ മേൽക്കോയ്മ അംഗീകരിക്കുകയും ചെയ്തു.

പതിമൂന്നാം നൂറ്റാണ്ടിലുടനീളം മംഗോളിയൻ സാമ്രാജ്യത്തിലെ നാടോടികളും സ്ഥിരവാസികളും തമ്മിലുള്ള വൈരുധ്യങ്ങൾ കുറഞ്ഞു വന്നു. ഉദാഹരണത്തിന് 1230– കളിൽ മംഗോളിയൻമാർ ചൈനയിലെ ചിൻ രാജവംശത്തിന് എതിരെ വിജയകരമായി യുദ്ധം ചെയ്തപ്പോൾ, ചൈനയിലെ കൃഷിക്കാരെ മുഴുവൻ കൊന്നൊടുക്കി അവരുടെ കൃഷിഭൂമികളെ മുഴുവൻ മേച്ചിൽപ്പുറങ്ങൾ ആക്കി മാറ്റുന്നതിനെ പിന്തുണച്ചിരുന്ന ശക്തമായ ഒരു വിഭാഗം മംഗോളിയൻ നേതൃത്വത്തിനകത്തുണ്ടായിരുന്നു. എന്നാൽ 1270– കളായപ്പോഴേക്കും സുങ് രാജവംശത്തെ പരാജയപ്പെടുത്തി തെക്കൻ ചൈന പിടിച്ചെടുത്ത മംഗോളിയൻ ചക്രവർത്തിയും ചെങ്കിസ് ഖാന്റെ പൗത്രനുമായ കുബ്ലൈ ഖാൻ (മരണം 1294) കർഷകരുടെയും നഗരങ്ങളുടെയും രക്ഷകനായാണ് പ്രത്യക്ഷപ്പെട്ടത്. 1290–കളിൽ ഇറാനിലെ മംഗോളിയൻ ഭരണാധികാരിയും ചെങ്കിസ് ഖാന്റെ ഇളയ മകനായ തൊലുയിന്റെ പിന്മുറക്കാരനുമായിരുന്ന ഗസൻ ഖാൻ (മരണം 1304) കർഷകരെ കൊള്ളയടിക്കുന്നതിനെതിരെ കുടുംബാംഗങ്ങൾക്കും മറ്റ് സൈനിക മേധാവികൾക്കും മുന്നറിയിപ്പു നൽകിയിരുന്നു. ഇത് സുസ്ഥിരവും സമ്പൽസമൃദ്ധമായ ഒരു കാലഘട്ടത്തിലേക്ക് നയിക്കില്ല എന്ന് അദ്ദേഹം ഒരു പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ആ വാക്കുകളിലെ നാടോടി സ്വഭാവം വിട്ടുള്ള സ്ഥിരവാസ സ്വരം ചെങ്കിസ് ഖാനെപ്പോലും ഞെട്ടിപ്പിക്കുമായിരുന്നു.

**പ്രവർത്തനം 3**

ഇടയന്മാരും കർഷകരും തമ്മിൽ താൽപ്പര്യ വ്യത്യാസങ്ങൾ ഉണ്ടായിരുന്നതെന്തുകൊണ്ട്? തന്റെ നാടോടി കമാൻഡർമാരോടുള്ള പ്രസംഗത്തിൽ ഇത്തരത്തിലുള്ള മനോഭാവം ചെങ്കിസ്ഖാൻ പ്രകടിപ്പിച്ചിരുന്നോ?

### ഗസൻ ഖാന്റെ പ്രസംഗം (Ghazan Khan's Speech)

ഇസ്ലാമിലേക്ക് മതം മാറിയ ആദ്യത്തെ ഇൽ-ഖാനിദ് (Il - Khanid) ഭരണാധികാരിയായിരുന്നു ഗസൻ ഖാൻ (1295–1304). അദ്ദേഹം തന്റെ മംഗോൾ–തുർക്കി (Mongol- Turkish) നാടോടി കമാൻഡർമാരോട് ഇപ്രകാരം ഒരു പ്രസംഗം ചെയ്തു. 'ഞാൻ പേർഷ്യൻ കർഷകരുടെ പക്ഷത്തല്ല. അവരെയെല്ലാം കൊള്ളയടിക്കണം എന്ന ലക്ഷ്യമുണ്ടെങ്കിൽ അത് നിർവഹിക്കുവാനായി എന്നെക്കാൾ ശക്തനായ മറ്റൊരാൾ ഇല്ല. നമുക്ക് ഒന്നിച്ച് അവരെ കൊള്ളയടിക്കാം. പക്ഷേ, ഭാവിയിൽ നിങ്ങൾക്ക് ധാന്യം ശേഖരിക്കണമെന്നുണ്ടെങ്കിൽ, നിങ്ങളുടെ തീൻമേശയിലേക്ക് ആഹാരമെത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഞാൻ നിങ്ങളോട് പരുഷമായി പെരുമാറണം. നിങ്ങളെ വിവേകം പഠിപ്പിക്കണം. നിങ്ങൾ കർഷകരെ അപമാനിക്കുകയാണെങ്കിൽ, അവരുടെ കാളകളെയും വിത്തുകളെയും കൊള്ളയടിക്കുകയാണെങ്കിൽ, അവരുടെ വിളകളെ ചവിട്ടി മെതിക്കുകയാണെങ്കിൽ, നിങ്ങൾ ഭാവിയിൽ എന്തു ചെയ്യും?... അനുസരണയുള്ള കർഷകരെ കലാപകാരികളായ കർഷകരിൽ നിന്നും വേർതിരിച്ചറിയേണ്ടതുണ്ട്.' അദ്ദേഹത്തിന്റെ പേർഷ്യൻ *മന്ത്രി* (*wazir*) ആയിരുന്ന റാഷിദുദ്ദീൻ എഴുതി നൽകി എന്ന് കരുതുന്ന ഈ പ്രസംഗം മന്ത്രിയുടെ കത്തുകളിൽ (Minister's letters) ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെങ്കിസ് ഖാന്റെ ഭരണകാലം മുതൽ തന്നെ മംഗോളിയന്മാർ, തങ്ങൾ കീഴടക്കിയ സമൂഹങ്ങളിൽ നിന്ന് സിവിൽ ഭരണാധികാരികളെ നിയമിച്ചിരുന്നു. എന്നാൽ പലപ്പോഴും അവരെ സ്ഥലം മാറ്റിയാണ് നിയമിച്ചിരുന്നത്. ചൈനക്കാരായ സെക്രട്ടറിമാരെ ഇറാനിലും, പേർഷ്യക്കാരെ ചൈനയിലും നിയമിച്ചിരുന്നു. വിദൂര പ്രദേശങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്നതിന് ഇവർ സഹായിച്ചു. അവരുടെ പശ്ചാത്തലവും പരിശീലനവും സ്ഥിരവാസികളായ സമൂഹങ്ങൾക്ക് നേരെയുള്ള മംഗോളിയന്മാരുടെ നാടോടി ആക്രമണങ്ങളുടെ മൂർച്ച കുറയ്ക്കാൻ സഹായിച്ചു. തങ്ങൾക്കുവേണ്ടി നികുതി പിരിച്ചു നൽകുന്നിടത്തോളം കാലം മംഗോൾ ഖാൻമാർ ഇവരെ വിശ്വാസത്തിലെടുത്തിരുന്നു. ഇത്തരത്തി

ലുള്ള ഉദ്യോഗസ്ഥരിൽ ചിലർക്ക് മംഗോളിയൻ ഭരണാധികാരികളുടെ മേൽ വളരെയധികം സ്വാധീനം ചെലുത്താൻ സാധിച്ചിരുന്നു. 1230-കളിൽ ചൈനീസ് മന്ത്രിയായിരുന്ന യെ-ലു ചു-ത്സായ് (yeh-lu Ch'u-ts'ai) ഓഗൊദെ യുടെ ചില ദുർമോഹ ശ്രമങ്ങളെ അടക്കി നിർത്തിയിരുന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും അന്ത്യകാല ഘട്ടങ്ങളിലും ഇറാനിലെ ജുവൈനി (Juwaini) കുടുംബവും ഇതുപോലെ മംഗോൾ രാജാക്കന്മാരുടെ മേൽ സ്വാധീനം ചെലുത്തിയിരുന്നു. ജുവൈനി കുടുംബാംഗമായിരുന്ന മന്ത്രി റാഷിദുദ്ദീനാണ് കർഷകരെ ഉപദ്രവിക്കരുതെന്നും അവരെ സംരക്ഷിക്കണമെന്നും മംഗോൾ ജനതയോട് ആവശ്യപ്പെട്ടുകൊണ്ട് ഗസൻ ഖാൻ നടത്തിയ പ്രസംഗം തയാറാക്കി നൽകിയത്.

നാടോടികളുടെ ആദ്യകാല ആവാസകേന്ദ്രമായ പുൽമേടുകൾക്കകലെയുള്ള, പുതുതായി പിടിച്ചടക്കിയ വാസസ്ഥലങ്ങളിൽ സ്ഥിരതാമസമാക്കുവാനുള്ള സമ്മർദം ശക്തമായിത്തീർന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തോടെ സഹോദരന്മാർ തമ്മിൽ പങ്കിട്ടിരുന്ന പൊതു പൈതൃകം എന്ന ആശയം ക്രമേണ വ്യക്തിഗതരാജവംശങ്ങൾ രൂപീകരിക്കുന്നതിന് വഴിമാറി. വേർതിരിക്കപ്പെട്ട ഓരോ പ്രദേശത്ത് അഥവാ *ഉലുസുകളിൽ* വ്യത്യസ്ത ഭരണാധികാരികൾ ഭരിക്കുന്ന വെവ്വേറെ രാജവംശങ്ങൾ നിലവിൽ വന്നു. 'മഹാനായ ഖാൻ' (Great Khan) സ്ഥാനത്തിനും ഉയർന്ന മൂല്യമുള്ള പുൽമേടുകൾക്കുമായി ചെങ്കിസ് ഖാന്റെ പിൻഗാമികൾ നടത്തിയ പിന്തുടർച്ചാ തർക്കങ്ങളാണ് ഇതിന് ഒരു കാരണം. തൊലുയുവിന്റെ പിൻഗാമികൾ ചൈനയിലും ഇറാനിലും അധികാരം നേടുകയും അവിടെ യുവാൻ (yuan), ഇൽ-ഖാനിദ് (Il - khanid) രാജവംശങ്ങൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. ജോച്ചിയുടെ പിൻഗാമികൾ 'സുവർണ്ണ സംഘം' ('ഗോൾഡൺ ഹോഡ്') രൂപീകരിച്ച് റഷ്യൻ പുൽമേടുകളിൽ ഭരണം നടത്തി. ചഘതായ് യുടെ പിൻതലമുറക്കാർ ട്രാൻസ് ഓക്സിയാനയിലെ പുൽമേടുകളിലും ഇന്ന് തുർക്കിസ്ഥാൻ എന്നറിയപ്പെടുന്ന പ്രദേശങ്ങളിലും ഭരണം നടത്തി. നാടോടി പാരമ്പര്യം ഏറ്റവുമധികം കാലം നിലനിന്നത് മധ്യേഷ്യയിലെ പുൽമേടുകാർക്കിടയിലും (ചഘതായുടെ പിൻഗാമികൾ) റഷ്യയിലും (സുവർണ്ണ സംഘം) ആണെന്നത് ശ്രദ്ധേയമാണ്.

പ്രത്യേക വംശ പരമ്പരകളായി ചെങ്കിസ് ഖാന്റെ പിൻഗാമികൾ ക്രമേണ വേർപിരിഞ്ഞത് സൂചിപ്പിക്കുന്നത് അവരുടെ ഭൂതകാല കുടുംബ ഐക്യത്തിന്റെ സ്മരണയിലും പാരമ്പര്യവുമായുള്ള അവരുടെ ബന്ധങ്ങളിലും മാറ്റം വന്നു എന്നാണ്. സുവ്യക്തമായും, സഹോദരവംശങ്ങൾ തമ്മിലുണ്ടായ അധികാര മത്സരത്തിന്റെ അനന്തരഫലമാണിത്. ഇതിൽ തൊലുയിഡ് ശാഖയാണ് അവരുടെ സംരക്ഷണയിൽ എഴുതപ്പെട്ട ചരിത്രങ്ങളിലൂടെ കുടുംബപരമായ വിയോജിപ്പുകളെക്കുറിച്ചുള്ള അവരുടെ ഭാഷ്യം ശക്തമായ രീതിയിൽ അവതരിപ്പിച്ചത്. ഒരു വലിയ പരിധിവരെ ഇത് ചൈനയെയും ഇറാനെയും അവർ നിയന്ത്രിച്ചിരുന്നതിന്റെയും അവരുടെ കുടുംബങ്ങളിലേക്ക് ധാരാളം പണ്ഡിതന്മാരെ നിയമിക്കാൻ സാധിച്ചതിന്റെയും അനന്തരഫലമായിരുന്നു. കൂടുതൽ സങ്കീർണമായ തലത്തിൽ നോക്കിയാൽ, മുൻഗാമികളേക്കാൾ മികച്ചവരാണ് ഇപ്പോൾ ഭരണത്തിലിരിക്കുന്നവർ എന്ന് സ്ഥാപിക്കുക കൂടിയാണ് അവർ ചെയ്തിരുന്നത്. ഇത്തരത്തിലുള്ള താരതമ്യത്തിൽ ചെങ്കിസ് ഖാൻ പോലും ഒഴിവാക്കപ്പെട്ടിരുന്നില്ല. പതിമൂന്നാം നൂറ്റാണ്ടിൽ ഇൽ-ഖാനിദ് കാലഘട്ടത്തിൽ ഇറാനിൽ എഴുതപ്പെട്ട പേർഷ്യൻ പുരാവൃത്തങ്ങളിൽ ചെങ്കിസ് ഖാൻ നടത്തിയ രക്തപങ്കിലമായ കൊലകളെ അതിവിശദമായി വിവരിക്കുകയും കൊല ചെയ്യപ്പെട്ടവരുടെ എണ്ണം പെരുപ്പിച്ച് കാണിക്കുകയും ചെയ്തു. ഉദാഹരണത്തിന്, 400 പട്ടാളക്കാർ ബുക്കാറയിലെ കോട്ടയെ പ്രതിരോധിച്ചു എന്ന ദൃക്സാക്ഷി വിവരത്തിന് വിരുദ്ധമായി ഒരു ഇൽ-ഖാനിദ് പുരാവൃത്തത്തിൽ കോട്ടയുടെ മേലുണ്ടായ ആക്രമണത്തിൽ 30,000 പട്ടാളക്കാർ കൊല്ലപ്പെട്ടു എന്ന് വിവരിക്കുന്നു. ഇൽ-ഖാനിദ് വിവരണങ്ങളിൽ ചെങ്കിസ് ഖാനെ പ്രകീർത്തിക്കുന്നുണ്ടായിരുന്നെങ്കിലും, കാലം മാറിയെന്നും ഭൂതകാലഘട്ടത്തിലെ കൊലപാതകങ്ങൾക്ക് അവസാനമായി എന്നുമുള്ള

ആശ്വാസ പ്രസ്താവനകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചെങ്കിസ് ഖാന്റെ വംശീയ പാരമ്പര്യം പ്രാധാന്യമർഹിക്കുന്നതായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പിൻഗാമികൾ അവരുടെ സ്ഥിരവാസികളായ ജനതയുടെ മുന്നിൽ വീരനായകരന്മാരായി പ്രത്യക്ഷപ്പെട്ടാലും ഒരിക്കലും തങ്ങളുടെ പൂർവികനെപ്പോലെ അവർക്ക് പ്രത്യക്ഷപ്പെടാൻ കഴിഞ്ഞില്ല.

അടുത്ത കാലത്തായി ഡേവിഡ് അയലോൺ (David Ayalon) ചെങ്കിസ് ഖാൻ 1206 –ലെ *കുരിൽതായിൽ* വച്ച് പ്രഖ്യാപിച്ചു എന്ന് കരുതപ്പെടുന്ന നിയമ സംഹിതയായ *യാസ* (*yasa*) യെക്കുറിച്ച് ഒരു ഗവേഷണം നടത്തുകയുണ്ടായി. ചെങ്കിസ് ഖാനെക്കുറിച്ചുള്ള തങ്ങളുടെ സ്മരണകളെ അദ്ദേഹത്തിന്റെ പിൻഗാമികൾ സങ്കീർണമായ രീതിയിലാണ് രൂപപ്പെടുത്തിയതെന്ന് ഈ പഠനത്തിൽ വിശദീകരിക്കുന്നു. ഇത് ആദ്യം രൂപപ്പെടുത്തിയപ്പോൾ *യാസാഖ്* (*yasaq*) എന്ന വാക്കാണ് എഴുതിയിരുന്നത്. 'നിയമം', 'കല്പന' അല്ലെങ്കിൽ 'ഉത്തരവ്' എന്നാണ് ഇതിനതർഥം. ശരിയാണ്, നമുക്ക് ലഭ്യമായ പരിമിതമായ വിശദാംശങ്ങൾ അനുസരിച്ച് *യാസാഖ്* എന്നത് ഭരണപരമായ നിയന്ത്രണങ്ങൾ, അതായത് നായാട്ടിന്റെ സംഘാടനം, സൈന്യം, പോസ്റ്റൽ സംവിധാനം എന്നിവയെ സംബന്ധിച്ചതായിരുന്നു. എന്നാൽ പതിമൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തോടെ മംഗോളുകൾ *യാസ* എന്ന പദത്തെ 'ചെങ്കിസ് ഖാന്റെ നിയമസംഹിത' എന്ന പൊതുവായ അർഥത്തിൽ ഉപയോഗിക്കാൻ തുടങ്ങി.

ഈ വാക്കിന്റെ അർഥത്തിലും പ്രയോഗത്തിലുമുണ്ടായ മാറ്റങ്ങൾ അതേ കാലഘട്ടത്തിൽ നടന്ന മറ്റ് സംഭവ വികാസങ്ങൾ നോക്കിയാൽ മനസ്സിലാക്കുവാൻ സാധിക്കും. പതിമൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തോടെ മംഗോളിയന്മാർ ഒരു ഏകീകൃത ജനതയായി ഉയർന്നുവരുകയും ലോകം അതുവരെ കണ്ടതിൽ വച്ച് ഏറ്റവും വിശാലമായ സാമ്രാജ്യം കെട്ടിപ്പടുക്കുകയും ചെയ്തു. അവരവരുടേതായ ചരിത്രങ്ങളും സംസ്കാരങ്ങളും നിയമങ്ങളുമുണ്ടായിരുന്ന, അങ്ങേയറ്റം പരിഷ്കൃതരായ നഗരസമൂഹങ്ങളുടെ മേൽ അവർ ഭരണം നടത്തി. ഈ പ്രദേശങ്ങളുടെ മേൽ മംഗോളിയർ രാഷ്ട്രീയാധിപത്യം പുലർത്തിയിരുന്നെങ്കിലും, അംഗസംഖ്യയിൽ അവർ ന്യൂനപക്ഷമായിരുന്നു. അവരുടെ പൂർവികൻ അവർക്കു നൽകിയെന്ന് അവകാശപ്പെടുന്ന വിശുദ്ധ നിയമത്തിനെ കൂട്ടുപിടിക്കുക മാത്രമായിരുന്നു അവർക്ക് തങ്ങളുടെ സ്വത്വവും വ്യതിരിക്തതയും സംരക്ഷിക്കാനുള്ള ഒരേയൊരു മാർഗം. *യാസ* എല്ലാ അർഥത്തിലും മംഗോൾ ഗോത്രങ്ങളുടെ ആചാര പാരമ്പര്യങ്ങളുടെ സമാഹാരമായിരുന്നു. എന്നാൽ ഇതിനെ ചെങ്കിസ് ഖാന്റെ നിയമസംഹിത എന്ന് പ്രസ്താവിക്കുക വഴി മോസസിനെയും സോളമനെയും പോലെ തങ്ങൾക്കും ഒരു നിയമദാതാവുണ്ടെന്നും അദ്ദേഹത്തിന്റെ ആധികാരികമായ നിയമ സംഹിത ജനങ്ങൾക്ക് മേൽ പ്രയോഗിക്കാമെന്നും അവകാശപ്പെടുകയാണ് മംഗോളിയർ ചെയ്തത്. ഒരുകൂട്ടം വിശ്വാസങ്ങൾക്കു ചുറ്റും മംഗോളിയൻ ജനതയെ ഒന്നിപ്പിച്ചു നിർത്താൻ *യാസ* സഹായകമായി. ചെങ്കിസ് ഖാനോടും അദ്ദേഹത്തിന്റെ പിൻഗാമികളോടുമുള്ള അവരുടെ ബന്ധത്തിന് ഇത് അംഗീകാരം നൽകി. സ്ഥിരവാസ ജനതയുടെ ജീവിതശൈലിയുടെ വ്യത്യസ്തവശങ്ങൾ അവർ ഉൾക്കൊണ്ടപ്പോഴും അവരുടെ വംശീയ സ്വത്വം നിലനിർത്താനും ഒപ്പം കീഴടക്കപ്പെട്ട ജനതയുടെ മേൽ അവരുടെ 'നിയമം' അടിച്ചേൽപ്പിക്കുവാനും ഇവർക്ക് ആത്മധൈര്യം ലഭിച്ചു. ഇത് അത്യന്തം തീവ്രമായൊരു ശാക്തീകരണ പ്രത്യയശാസ്ത്രമായിരുന്നു. ചെങ്കിസ് ഖാന് ഇത്തരമൊരു നിയമസംഹിത രൂപീകരിക്കാനുള്ള പദ്ധതിയില്ലായിരുന്നെങ്കിൽ പോലും അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ ഇത്തരത്തിലൊരു നിയമ സംവിധാനത്തിന്റെ രൂപീകരണത്തിന് പ്രചോദനമാവുകയും മംഗോളിയർ സർവാധിപത്യം സ്ഥാപിക്കുന്നതിൽ നിർണായകമാവുകയും ചെയ്തു.

### യാസ (*Yasa*)

1221 ൽ ബുഖാറ കീഴടക്കിയതിനുശേഷം ആഘോഷ മൈതാനത്ത് വിളിച്ചു കൂട്ടിയ സമ്മേളനത്തിൽ സമ്പന്നരായ സമ്പന്ന മുസ്‌ലീങ്ങളെ ചെങ്കിസ് ഖാൻ ഗുണദോഷിച്ചു. അദ്ദേഹം അവരെ പാപികളെന്ന് വിളിക്കുകയും, തങ്ങളുടെ പൂഴ്ത്തിവയ്ക്കപ്പെട്ട സമ്പത്ത് വിട്ടു നൽകിക്കൊണ്ട് തങ്ങളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാൻ അവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു. വളരെ നാടകീയമായി ചിത്രീകരിക്കപ്പെട്ട ഈ സംഭവം ഏറെക്കാലത്തിനുശേഷവും ജനങ്ങളുടെ ഓർമ്മകളിൽ തങ്ങി നിന്നു. ചെങ്കിസ് ഖാന്റെ മൂത്തപുത്രനായ ജോച്ചിയുടെ അകന്ന ബന്ധപരമ്പരയിൽപ്പെട്ട അബ്ദുള്ള ഖാൻ (Abdullah Khan), പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ബുഖാറയിലെ ഈ ആഘോഷ മൈതാനം സന്ദർശിക്കുകയുണ്ടായി. ചെങ്കിസ് ഖാനിൽ നിന്ന് വ്യത്യസ്തമായി അബ്ദുള്ള ഖാൻ തന്റെ അവധിക്കാല പ്രാർഥനകൾ നടത്താനാണ് അവിടെ പോയത്. അദ്ദേഹത്തിന്റെ പുരാവൃത്ത ലേഖകനായ ഹാഫിസ്-ഈ-താനിഷ് (Hafiz-i-Tanish) തന്റെ യജമാനന്റെ ഭക്തിപ്രകടനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ഭക്തിസാന്ദ്രമായ പ്രാർഥനയ്ക്കൊടുവിൽ ആശ്ചര്യകരമായ ഒരു അഭിപ്രായ പ്രകടനം അദ്ദേഹം നടത്തുകയുണ്ടായി. അത് ഇപ്രകാരമാണ്. 'ഇത് ചെങ്കിസ് ഖാന്റെ യാസ പ്രകാരം ആയിരുന്നു.'


**പ്രവർത്തനം 4**

അബ്ദുള്ള ഖാനിൽ നിന്ന് ചെങ്കിസ് ഖാനെ വേർതിരിക്കുന്ന നാലു നൂറ്റാണ്ടുകൾക്കിടയിൽ യാസയുടെ അർഥത്തിൽ എന്തെങ്കിലും മാറ്റം സംഭവിച്ചോ? അബ്ദുള്ള ഖാന്റെ മുസ്‌ലീം ആഘോഷ മൈതാനത്തെ പ്രാർഥനയെ ബന്ധപ്പെടുത്തി ചെങ്കിസ് ഖാന്റെ യാസയെപ്പറ്റി ഹാഫിസ് - ഈ - താനിഷ് പരാമർശം നടത്തിയത് എന്തുകൊണ്ട്?

## ഉപസംഹാരം: ചെങ്കിസ് ഖാനും മംഗോളിയർക്കും ലോക ചരിത്രത്തിലുള്ള സ്ഥാനം (Conclusion: Situating Genghis Khan and the Mongols in World History)

ഇന്ന് ചെങ്കിസ് ഖാനെക്കുറിച്ചു ഓർക്കുമ്പോൾ നമ്മുടെ ഭാവനയിൽ പ്രത്യക്ഷപ്പെടുന്നത്, ഒരു ആക്രമണകാരിയുടെ, ഒരു നഗരധ്വംസകന്റെ, ആയിരക്കണക്കിന് ആളുകളുടെ മരണത്തിന് ഉത്തരവാദിയായ ഒരാളുടെ പ്രതിബിംബങ്ങൾ മാത്രമാണ്. പതിമൂന്നാം നൂറ്റാണ്ടിൽ ചൈന, ഇറാൻ, കിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിലെ നഗരവാസികൾ പുൽമേടുകളിൽ നിന്നുമെത്തിയ നാടോടി സംഘങ്ങളെ കണ്ടിരുന്നത് ഭീതിയോടും നീരസത്തോടുമായിരുന്നു. എന്നിരുന്നാലും മംഗോളിയർക്ക് ചെങ്കിസ് ഖാൻ അവരുടെ എക്കാലത്തേയും മഹാനായ നേതാവായിരുന്നു. മംഗോൾ ജനതയെ ഏകീകരിച്ച്, ഒടുങ്ങാത്ത ഗോത്രയുദ്ധങ്ങളിൽ നിന്നും ചൈനക്കാരുടെ ചൂഷണത്തിൽ നിന്നും അവരെ മോചിപ്പിച്ച്, സമ്പൽസമൃദ്ധി കൊണ്ടുവന്ന, ഭൂഖണ്ഡങ്ങളിൽ പരന്നു കിടന്ന മഹത്തായ സാമ്രാജ്യം സ്ഥാപിച്ച, മാർക്കോ പോളൊയെപോലുള്ള വിദൂര സഞ്ചാരികളെപ്പോലും ആകർഷിച്ച വ്യാപാര, വാണിജ്യപാതകളും, കമ്പോളങ്ങളും പുനസ്ഥാപിച്ച നേതാവായിട്ടാണ് മംഗോളിയർ അദ്ദേഹത്തെ കണ്ടിരുന്നത്. ഇതിന് വിരുദ്ധമായ ചിത്രങ്ങൾ, വ്യത്യസ്തമായ കാഴ്ചപ്പാടുകളിൽ നിന്നു മാത്രമുണ്ടായതല്ല. അവ നമ്മെ ഒരു നിമിഷം നിർത്തി ചിന്തിപ്പിക്കുക വഴി ഒരു (മേൽക്കൈയുള്ള) കാഴ്ചപ്പാടിന്, മറ്റെല്ലാറ്റിനെയും എങ്ങനെ തുടച്ചു മായ്ക്കാൻ സാധിക്കുമെന്ന് മനസ്സിലാക്കിത്തരുന്നു.

പരാജയപ്പെട്ട സഹിരനിവാസികളുടെ അഭിപ്രായങ്ങൾക്കുമപ്പുറം, പതിമൂന്നാം നൂറ്റാണ്ടിലെ മംഗോളിയരുടെ രാജ്യവിസ്തൃതിയും വൈവിധ്യമാർന്ന ജനവിഭാഗങ്ങളെയും, അവർ സ്വീകരിച്ച വിശ്വാസങ്ങളെയും ഒരു നിമിഷം പരിഗണിക്കുക. മംഗോൾ ഖാൻമാർ ഷാമൻ (മാന്ത്രിക/താന്ത്രിക), ബുദ്ധ, ക്രിസ്ത്യൻ എന്നീ മതങ്ങളിലും, അന്തിമമായി ഇസ്‌ലാംമതത്തിലും വിശ്വസിച്ചിരുന്നെങ്കിലും തങ്ങളുടെ വ്യക്തിഗത വിശ്വാസങ്ങളെ ഭരണനയങ്ങൾ തീരുമാനിക്കുവാൻ അനുവദിച്ചിരുന്നില്ല. മംഗോൾ ഭരണാധികാരികൾ എല്ലാ വംശീയ, മതവിഭാഗങ്ങളിൽപ്പെടുന്ന ജനങ്ങളെയും ഭരണകർത്താക്കളായും, സൈനീകരായും നിയമിച്ചിരുന്നു. അവരുടെത് ഒരു ബഹുവംശീയ, ബഹുഭാഷാ,



മംഗോളിയർ ബാഗ്ദാദ് പിടിച്ചടക്കുന്നു. റഷീദ് അൽ ദിന്റെ പുരാവൃത്തത്തിൽ നിന്നുള്ള ഒരു മിനിയേച്ചർ പെയ്ന്റിംഗ്, തബരീസ്, പതിനാലാം നൂറ്റാണ്ട്.

ബഹുമത ഭരണകൂടമായിരുന്നു. ബഹുസ്വരതയിൽ അധിഷ്ഠിതമായ ഭരണഘടന ഇതിന് ഒരിക്കലും ഭീഷണിയായില്ല. ഇത്തരമൊരു ഭരണം അക്കാലത്ത് തികച്ചും അസാധാരണമായിരുന്നു. ഏതൊക്കെ മാർഗങ്ങളിലൂടെയാണ് മംഗോളിയർ പിന്നീടുള്ള ഭരണകൂടങ്ങൾക്ക് പിന്തുടരുന്നതിന് പ്രത്യയശാസ്ത്ര മാതൃകകൾ (ഇന്ത്യയിലെ മുഗളൻമാരെ പോലെ) നൽകിയത് എന്നതിനെക്കുറിച്ച് ചരിത്രകാരൻമാർ പഠനങ്ങൾ നടത്തുന്നത് ഇപ്പോൾ മാത്രമാണ്.

മംഗോളുകളുടെ പ്രമാണ രേഖകളുടെ സ്വഭാവത്തിൽ നിന്ന് – അത് ഏത് നാടോടി സമൂഹമായാലും –ഒരു സാമ്രാജ്യം സ്ഥാപിക്കണമെന്ന കഠിനമായ ആഗ്രഹത്തോടെ, ചിന്നിച്ചിതറിയ ഗോത്ര സമൂഹങ്ങളെ കൂട്ടിച്ചേർത്ത് ഒരു സഖ്യമുണ്ടാക്കിയതിന്റെ പിന്നിലെ പ്രചോദനം മനസ്സിലാക്കുക തീർത്തും അസാധ്യമാണ്. അവസാനമായി, മംഗോൾ സാമ്രാജ്യം അതിന്റെ വ്യത്യസ്ത കാലഘട്ടങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമായിത്തീർന്നെങ്കിലും, അതിന്റെ സ്ഥാപകന്റെ പ്രചോദനം പ്രബലമായ ഒരു ശക്തിയായി അവശേഷിച്ചു. പതിനാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, സാർവദേശീയാധിപത്യത്തിന് ആഗ്രഹിച്ച തൈമൂർ, സ്വയം രാജാവായി പ്രഖ്യാപിക്കാൻ ഒന്ന് മടിച്ചു നിന്നു; കാരണം അദ്ദേഹം ചെങ്കിസ് ഖാന്റെ പിൻഗാമിയായിരുന്നില്ല എന്നതു തന്നെ. അദ്ദേഹം തന്റെ സ്വതന്ത്രപരമാധികാരം പ്രഖ്യാപിച്ചത് ചെങ്കിസ് ഖാൻ കുടുംബത്തിലെ മരുമകൻ (*guregen*) എന്ന നിലയിലാണ്.

ഇന്ന്, പതിറ്റാണ്ടുകളുടെ സോവിയറ്റു നിയന്ത്രണത്തിനുശേഷം മംഗോളിയ എന്ന രാജ്യം ഒരു സ്വതന്ത്ര രാഷ്ട്രമായി അതിന്റെ സ്വത്വം പുനസൃഷ്ടിക്കുകയാണ്. മഹാനായ ഒരു ദേശീയ നായകൻ എന്ന നിലയിൽ ചെങ്കിസ് ഖാനെ സ്വായത്തമാക്കിയ അവർ അദ്ദേഹത്തെ പ്രത്യക്ഷമായി ബഹുമാനിക്കുകയും, അദ്ദേഹത്തിന്റെ നേട്ടങ്ങൾ അഭിമാനത്തോടെ എണ്ണിയെണ്ണി സ്മരിക്കുകയും ചെയ്യുന്നു. മംഗോളിയയുടെ ചരിത്രത്തിന്റെ ഒരു നിർണായകഘട്ടത്തിൽ, മംഗോളിയൻ ജനതയുടെ ഒരു മാതൃകാ പുരുഷനായി അദ്ദേഹം പുനരവതരിച്ചിരിക്കുന്നു. മഹത്തായ ഭൂതകാല സ്മരണകളുണർത്തി ഒരു പുതിയ ദേശീയതാസ്വത്വത്തെ രൂപപ്പെടുത്തിക്കൊണ്ട് തങ്ങളുടെ രാഷ്ട്രത്തെ ഭാവിയിലേക്കു കൂട്ടികൊണ്ടു പോകാൻ കഴിയുന്ന ഒരു മാതൃകാ പുരുഷനായി ചെങ്കിസ് ഖാൻ മംഗോളിയരുടെ മനസ്സുകളിൽ പുനപ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.



*കുബ്ലൈ ഖാനും ചബിയും താവളത്തിൽ*

## അഭ്യാസങ്ങൾ (Exercises)

### ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1. മംഗോളിയർക്ക് കച്ചവടം വളരെ പ്രധാനമായതെന്തുകൊണ്ട്?
2. മംഗോൾ ഗോത്രങ്ങളെ പുതിയ സാമൂഹിക, സൈനിക വിഭാഗങ്ങളായി വിഭജിക്കേണ്ടതിന്റെ ആവശ്യകത ചെങ്കിസ് ഖാന് അനുഭവപ്പെട്ടത് എന്തുകൊണ്ട്?
3. *യാസ* നിയമസംഹിതയോടുള്ള പിൽക്കാല മംഗോളിയന്മാരുടെ പുനരാലോചനകൾ പരിശോധിക്കുമ്പോൾ, ചെങ്കിസ് ഖാനെക്കുറിച്ചുള്ള അവരുടെ സ്മരണകളിൽ പല അസ്വാരസ്യതകൾ രൂപപ്പെട്ടതായി കാണുന്നതെങ്ങനെയാണ്?
4. 'നഗര സാഹിത്യകാരൻമാരുടെ ചരിത്രരചനകളെ ആശ്രയിക്കുകയാണെങ്കിൽ നാടോടി സമൂഹങ്ങൾക്ക് എല്ലായ്പ്പോഴും ശത്രുതാപരമായ വർണനയെ ലഭിക്കുകയുള്ളൂ' എന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഇതുകൊണ്ടു തന്നെയാണോ പേർഷ്യൻ പുരാവൃത്തങ്ങൾ മംഗോളിയൻ ആക്രമണങ്ങളുടെ ഫലമായുണ്ടായ മരണനിരക്കുകൾ പെരുപ്പിച്ചു കാട്ടിയത്?

### ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

5. മംഗോളിയരുടെയും ബദവികളുടെയും ചരിത്രപരമായ അനുഭവങ്ങൾ എപ്രകാരം വ്യത്യസ്തമായിരുന്നെന്ന് അവരുടെ നാടോടി സ്വഭാവം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് വിശദീകരിക്കുക. ഈ വ്യത്യാസങ്ങൾക്ക് എന്താണ് കാരണം?
6. താഴെ കൊടുത്തിരിക്കുന്ന വിവരണങ്ങളിലൂടെ പതിമൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മംഗോളിയർ സൃഷ്ടിച്ച പാക്സ് മംഗോളിയയുടെ (മംഗോളിയൻ സമാധാനം) സവിശേഷതകൾ എങ്ങനെ മനസ്സിലാക്കാം?

*ഫ്രാൻസിലെ രാജാവായ ലൂയി ഒമ്പതാമൻ, മഹനായ മോങ്കെയുടെ രാജ്യസദസ്സിലേക്ക് ദൂതനായി ഫ്രാൻസിസ്കൻ സന്യാസിയായ റൂബർക്കിലെ വില്യമിനെ അയച്ചു. 1254 ൽ അദ്ദേഹം മോങ്കെയുടെ തലസ്ഥാനമായ കാറക്കോറത്തിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ഫ്രാൻസിലെ ലൊറെയ്നിൽ നിന്നുമുള്ള പാക്വെറ്റ് എന്ന സ്ത്രീയെ കണ്ടുമുട്ടി. അവർ, ഹംഗറിയിൽ നിന്നും കൊണ്ടു വരപ്പെട്ട, രാജകുമാരന്റെ നെസ്തോറിയൻ ക്രിസ്ത്യാനിയായ ഒരു ഭാര്യയുടെ സേവികയായിരുന്നു. രാജസദസ്സിൽ പാരീഷ്യൻ സ്വർണപ്പണിക്കാരനായ ഗില്ലാമെബോഷർ (Guillaume Boucher) എന്ന വ്യക്തിയെ അദ്ദേഹം കാണാൻ ഇടയായി. അദ്ദേഹത്തിന്റെ സഹോദരനാണ് 'ഗ്രാൻഡ് പോണ്ട്*

*ഇൻ പാരീസിൽ' താമസിച്ചിരുന്നത്. ഈ മനുഷ്യൻ ആദ്യം സേവനം അനുഷ്ഠിച്ചിരുന്നത് രാജ്ഞിയായ സർഗത്താനി (Sorghaqtani) യുടെ കീഴിലായിരുന്നു. പിന്നീട് മോങ്കെയുടെ ഇളയ സഹോദരന്റെ കീഴിലും പ്രവർത്തിച്ചിരുന്നു. രാജകൊട്ടാരത്തിലെ വലിയ ആഘോഷവേളയിൽ നെസ്തോറിയൻ പുരോഹിതന്മാരെ, അവരുടെ അധികാര ചിഹ്നങ്ങളോടെ, ആണ് ആദ്യമായി രാജസദസ്സിലേക്ക് പ്രവേശിപ്പിച്ചതെന്ന് റൂബർക്ക് കണ്ടു. അവർ മഹാനായ ഖാന്റെ ചഷകത്തെ (Grand Khan's cup) അനുഗ്രഹിച്ചതിനുശേഷം, അവരെ പിന്തുടർന്ന് മുസ്‌ലീം പുരോഹിതന്മാരും, ബുദ്ധസന്യാസിമാരും, താവോയിസ്റ്റ് സന്യാസിമാരും രാജസദസ്സിൽ പ്രവേശിച്ചു....*

# III

## മാറുന്ന പാരമ്പര്യങ്ങൾ (CHANGING TRADITIONS)

**മൂന്ന് വിഭാഗങ്ങൾ**
**(The Three Orders)**

**മാറുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ**
**(Changing Cultural Traditions)**

**സംസ്കാരങ്ങളുടെ ഏറ്റുമുട്ടൽ**
**(Confrontation of Cultures)**



# മാറുന്ന പാരമ്പര്യങ്ങൾ
## (CHANGING TRADITIONS)

**ഒ**ൻപതാം നൂറ്റാണ്ടോടെ ഏഷ്യയിലെയും അമേരിക്കയിലെയും ഭൂരിഭാഗം പ്രദേശങ്ങളിലും മഹാസാമ്രാജ്യങ്ങൾ വളർന്ന് വികസിക്കുന്നതായി നാം കണ്ടു. ഇതിൽ ചിലത് നാടോടി സാമ്രാജ്യങ്ങളായിരുന്നു. ചിലതാകട്ടെ പട്ടണങ്ങളെയും അവയെ കേന്ദ്രമാക്കിയുള്ള വ്യാപാരശൃംഖലകളെയും അടിസ്ഥാനമാക്കിയുള്ളവയായിരുന്നു. മാസിഡോണിയൻ, റോമൻ, അറബി സാമ്രാജ്യങ്ങളെ അവയ്ക്ക് മുൻപുണ്ടായിരുന്ന ഈജിപ്ഷ്യൻ, അസീറിയൻ, ചൈനീസ്, മൗര്യ സാമ്രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമാക്കിയ ഘടകം അവയ്ക്ക് കൂടുതൽ ഭൂവിസ്തൃതി ഉണ്ടായിരുന്നു എന്നതാണ്. ഈ പുതിയ സാമ്രാജ്യങ്ങൾ ഒന്നോ അതിലേറെയോ ഭൂഖണ്ഡങ്ങളിൽ വ്യാപിച്ച് കിടന്നിരുന്നു. മംഗോളിയൻ സാമ്രാജ്യവും ഇത്തരത്തിലുള്ളതായിരുന്നു.

മേൽപറഞ്ഞ സംഭവങ്ങളിലെല്ലാം തന്നെ, വ്യത്യസ്ത സംസ്കാരങ്ങളുടെ അഭിമുഖീകരണം വളരെ നിർണ്ണായകമായിരുന്നു. സാമ്രാജ്യങ്ങളുടെ വരവ് മിക്കപ്പോഴും വളരെ പെട്ടെന്നായിരുന്നു. എന്നാൽ അതിലേക്ക് നയിക്കുന്ന മാറ്റങ്ങൾ അവയുടെ കേന്ദ്രഭാഗത്ത് വളരെ മുൻപേ ആരംഭിച്ചിരിക്കും.

ലോകചരിത്രത്തിൽ പാരമ്പര്യങ്ങൾക്ക് മാറ്റം വരുന്നത് വിവിധ രീതികളിലാണ്. പടിഞ്ഞാറൻ യൂറോപ്പിൽ ആധുനിക കാലവുമായി നാം ബന്ധിപ്പിക്കുന്ന മിക്ക കാര്യങ്ങളും ഒൻപത് മുതൽ പതിനേഴ് വരെയുള്ള നൂറ്റാണ്ടുകളിൽ സാവധാനം ഉരുത്തിരിഞ്ഞവയാണ്. മതവിശ്വാസത്തേക്കാളുപരി പരീക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള ശാസ്ത്രജ്ഞാനത്തിന്റെ വികസനം, സിവിൽ സർവീസ്, പാർലമെന്റ്, നിയമസംഹിത എന്നിവ ഉൾപ്പെടുത്തിയുള്ള ഗവൺമെന്റിന്റെ സംഘാടനത്തെ സംബന്ധിച്ച ഗൗരവതരമായ വിചിന്തനം, കൃഷിയിലും വ്യവസായത്തിലും ഉപയോഗിക്കപ്പെട്ട സാങ്കേതിക വിദ്യയുടെ വളർച്ച എന്നിവ ഉദാഹരണങ്ങളാണ്. ഈ മാറ്റങ്ങളുടെ അനന്തരഫലങ്ങൾ യൂറോപ്പിന് പുറത്തും വളരെ ശക്തമായി അനുഭവപ്പെട്ടിരുന്നു.

നാം മുൻപേ കണ്ടതുപോലെ സി.ഇ. അഞ്ചാം നൂറ്റാണ്ടോടെ പടിഞ്ഞാറൻ റോമാസാമ്രാജ്യം നാശോൻമുഖമായി. മധ്യ യൂറോപ്പിലും പടിഞ്ഞാറൻ യൂറോപ്പിലും റോമാസാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങളിൽ ഗോത്രവിഭാഗങ്ങൾ പുതിയ രാജ്യങ്ങൾ സ്ഥാപിച്ചു. ഗോത്രങ്ങൾക്കും അവരുടെ ഭരണപരമായ ആവശ്യങ്ങൾക്കും ഉതകുന്ന രീതിയിൽ ഈ അവശിഷ്ടങ്ങളെ അവർ പരിവർത്തനപ്പെടുത്തിയെടുത്തു. എന്നിരുന്നാലും പടിഞ്ഞാറൻ യൂറോപ്പിൽ കിഴക്ക് ഭാഗത്തെ അപേക്ഷിച്ച് ചെറിയ നഗരങ്ങളാണുണ്ടായിരുന്നത്.

ഒൻപതാം നൂറ്റാണ്ടോടെ എയ്ക്സ്, റോം, ലണ്ടൻ, സിയന്ന എന്നിവ ചെറുതെങ്കിലും അവഗണിക്കാനാവാത്ത വാണിജ്യനഗര കേന്ദ്രങ്ങളായി വളർന്നു. ഒൻപത് മുതൽ പതിനൊന്നു വരെ നൂറ്റാണ്ടുകളിൽ യൂറോപ്പിലെ ഗ്രാമപ്രദേശങ്ങൾ വലിയ മാറ്റങ്ങൾക്ക് വിധേയമായി. റോമൻ സ്ഥാപനങ്ങളെയും ഗോത്രവർഗ ആചാരനിയമങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ശൈലി സഭയും രാജഭരണകൂടങ്ങളും വളർത്തിയെടുത്തു. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണം ഒൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ യൂറോപ്പിന്റെ മധ്യ-പടിഞ്ഞാറൻ ഭാഗങ്ങളിൽ നിലനിന്ന ഷാലമീൻ (Charlemagne) സാമ്രാജ്യമാണ്. സാമ്രാജ്യം പെട്ടെന്ന് തകർന്നെങ്കിലും ഹംഗറിക്കാരും, വൈക്കിംഗുകളും മറ്റും നടത്തിയ ശക്തമായ ആക്രമണത്തിന് ശേഷവും അതിലെ നഗര, വ്യാപാരകേന്ദ്രങ്ങൾ തുടർന്നും നിലനിന്നു.

പിന്നീട് സംഭവിച്ചത് 'ഫ്യൂഡലിസം' എന്ന് വിളിക്കപ്പെട്ടു. പ്രഭുക്കൻമാരുടെ കോട്ടമന്ദിരങ്ങളെയും മാനറുകളെയും (manor) കേന്ദ്രീകരിച്ചുള്ള കാർഷികോൽപ്പാദനമായിരുന്നു ഫ്യൂഡലിസത്തിന്റെ അടിസ്ഥാനം. പ്രഭുക്കന്മാരായിരുന്നു ഈ ഭൂമി കൈവശം വച്ചിരുന്നത്. സാധനങ്ങളും സേവനങ്ങളും പ്രഭുവിന് വിശ്വസ്തതയോടെ വിധേയപ്പെടുത്തിയ കർഷകരാണ് (serfs), മാനറിലെ ഭൂമി കൃഷി ചെയ്തിരുന്നത്. ഈ പ്രഭുക്കൻമാർ

രാജാവിന്റെ സാമന്തന്മാരരായ (വാസലുകൾ) കൂടുതൽ വലിയ പ്രഭുക്കൻമാരോട് വിധേയത്വം പ്രഖ്യാപിച്ചിരുന്നു. കത്തോലിക്കാസഭ ഈ സംവിധാനത്തെ പിന്തുണയ്ക്കുകയും ഭൂമി കൈവശം വയ്ക്കുകയും ചെയ്തു. ജീവിതത്തിന്റെ അനിശ്ചിതത്വങ്ങൾ, പരിമിതമായ വൈദ്യശാസ്ത്ര അറിവ്, കുറഞ്ഞ ആയുർദൈർഘ്യം എന്നിവ സാധാരണമായിരുന്ന അക്കാലത്ത് മരണാനന്തര ജീവിതമെങ്കിലും മെച്ചപ്പെടുത്തുന്നതിനുള്ള വഴി സഭ ജനങ്ങൾക്ക് കാട്ടിക്കൊടുത്തു. സന്യസ്തർക്കായി ആശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇവിടെ ദൈവഭയമുള്ള വ്യക്തികൾ തങ്ങളെത്തന്നെ ദൈവസേവനത്തിനായി സമർപ്പിച്ചു. കത്തോലിക്കാസഭാധികാരികൾക്ക് യുക്തമെന്നു തോന്നിയ രീതിയിലാണ് ഇതു ചെയ്തത്. സ്പെയിനിലെ മുസ്‌ലിം രാജ്യങ്ങൾ മുതൽ ബൈസാന്റിയം വരെയുള്ള ക്രിസ്ത്യൻ പള്ളികൾ പാണ്ഡിത്യ ശൃംഖലയുടെ ഭാഗമായിരുന്നു. ഇവ യൂറോപ്പിലെ ചെറുരാജാക്കൻമാർക്ക് കിഴക്കൻ മെഡിറ്ററേനിയനിലും അതിനപ്പുറത്തുമുള്ള പ്രദേശങ്ങളുടെ സമൃദ്ധിയെ സംബന്ധിച്ച് ഒരു ധാരണ നൽകി.

വെനീസിലേയും ജനോവയിലേയും മെഡിറ്ററേനിയൻ സംരഭകരുടെ പ്രോത്സാഹന ഫലമായാണ് ഫ്യൂഡലിസത്തിന്മേലുള്ള വാണിജ്യത്തിന്റേയും നഗരങ്ങളുടേയും സ്വാധീനം മാറിയതും രൂപപ്പെട്ടതും (പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ). കിഴക്കൻ റോമാസാമ്രാജ്യത്തിൽ അവശേഷിച്ച ഭാഗങ്ങളുമായും മുസ്‌ലിം രാഷ്ട്രങ്ങളുമായും അവരുടെ കപ്പലുകൾ വ്യാപാരം നടത്തിക്കൊണ്ടിരുന്നു. ഈ പ്രദേശങ്ങളുടെ സമ്പത്തിനാൽ വശീകരിക്കപ്പെട്ടും ക്രിസ്തുവുമായി ബന്ധപ്പെട്ട 'വിശുദ്ധ സ്ഥലങ്ങളെ' മോചിപ്പിക്കുക എന്ന ആശയത്താൽ പ്രചോദിതരായും യൂറോപ്യൻ രാജാക്കൻമാർ മെഡിറ്ററേനിയൻ പ്രദേശവുമായി കുരിശുയുദ്ധങ്ങളിലൂടെ ബന്ധങ്ങൾ ശക്തിപ്പെടുത്തി. ബാൾട്ടിക്, വടക്കൻ സമുദ്രങ്ങളുടെ തീരത്തുള്ള ജനസംഖ്യാ വളർച്ച മൂലം തുറമുഖ നഗരങ്ങളെയും അങ്ങാടികളെയും കേന്ദ്രീകരിച്ച് യൂറോപ്പിൽ വ്യാപാരം വളർന്നു.

ജീവിതത്തിന്റെ മൂല്യത്തെ സംബന്ധിച്ചുള്ള മാറിയ കാഴ്ചപ്പാടുകൾക്കൊപ്പം വാണിജ്യത്തിന്റെ വളർച്ചയ്ക്കുള്ള അവസരങ്ങളും വർധിച്ചുവന്നു. ഇസ്‌ലാമിക കലാസാഹിത്യങ്ങളിൽ മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും കൽപ്പിച്ചിരിക്കുന്ന ബഹുമാനവും, ബൈസന്റൈന്റെ കച്ചവടത്തിലൂടെ എത്തിച്ചേർന്ന ഗ്രീക്ക് കലയും ആശയങ്ങളും യൂറോപ്യരെ, പുതിയൊരു കാഴ്ചപ്പാടിലൂടെ ലോകത്തെ കാണാൻ പ്രേരിപ്പിച്ചു. പതിനാലാം നൂറ്റാണ്ട് മുതൽ (നവോത്ഥാന കാലം), പ്രത്യേകിച്ച് വടക്കേ ഇറ്റാലിയൻ പട്ടണങ്ങളിൽ, സമ്പന്നർ മരണാനന്തര ജീവിതത്തെക്കുറിച്ച് അധികം പരിഗണനയില്ലാത്തവരും ഇഹലോകജീവിതത്തിന്റെ അത്ഭുതങ്ങളിൽ ആകൃഷ്ടരുമായിത്തീർന്നു. ശിൽപ്പികളും ചിത്രകാരൻമാരും, എഴുത്തുകാരും മനുഷ്യനിലും ലോകത്തിന്റെ കണ്ടുപിടിത്തങ്ങളിലും വിശ്വാസമുള്ളവരായി.



*തെക്കൻ ഫ്രാൻസിലെ 14-ാം നൂറ്റാണ്ടിലെ ഒരു നഗരമായ അവിഗ്നോണിലെ പോപ്പിന്റെ കൊട്ടാരം.*



*വെനീസിലെ ഡോജിന്റെ കൊട്ടാരം - 15-ാം നൂറ്റാണ്ട്*

ഈ സ്ഥിതിവിശേഷം പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യാത്രയിലും ഭൂമിശാസ്ത്രാന്വേഷണങ്ങളിലും അഭൂതപൂർവമായ താൽപ്പര്യമുണർത്തുവാൻ കാരണമായി. കണ്ടുപിടിത്തങ്ങൾക്കായുള്ള കടൽയാത്രകൾ ഉണ്ടായി. ഉത്തരാഫ്രിക്കൻ രാജ്യങ്ങളുമായി കച്ചവടം നടത്തിപ്പോന്നിരുന്ന പോർച്ചുഗീസുകാരും സ്പെയിൻകാരും ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്തുകൂടി മുന്നോട്ട് പോയി ഗുഡ്ഹോപ്പ് മുനമ്പിലേക്കും തുടർന്ന് ഇന്ത്യയിലേക്കും യാത്രകൾ നടത്തി. സുഗന്ധദ്രവ്യങ്ങളുടെ നാട് എന്ന നിലയിൽ ഇന്ത്യയ്ക്ക് യൂറോപ്പിൽ വളരെയധികം പ്രസിദ്ധി ഉണ്ടായിരുന്നു. കൊളംബസ്, പടിഞ്ഞാറോട്ട് യാത്രചെയ്ത് ഇന്ത്യയിലെത്താനുള്ള വഴി കണ്ടുപിടിക്കാൻ പരിശ്രമിക്കുകയും യൂറോപ്യൻമാർ പിൽക്കാലത്ത് വെസ്റ്റ് ഇൻഡീസ് എന്ന് പേരിട്ട ദ്വീപുകളിൽ 1492 ൽ എത്തിച്ചേരുകയും ചെയ്തു. മറ്റു സമുദ്രയാത്രികർ ആർടിക് സമുദ്രത്തിലൂടെ ഇന്ത്യയിലും ചൈനയിലും എത്താനുള്ള വടക്കൻ പാത കണ്ടുപിടിക്കാൻ ശ്രമിച്ചു.

ഈ യാത്രകൾക്കിടയിൽ യൂറോപ്യൻമാർ പലതരത്തിലുള്ള നിരവധി ജനവിഭാഗങ്ങളെ കണ്ടുമുട്ടി. അവരിൽ നിന്ന് പഠിക്കാൻ യൂറോപ്യൻമാർക്ക് താൽപ്പര്യമുണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ലിയോ പത്താമൻ മാർപ്പാപ്പയ്ക്ക് വേണ്ടി ആഫ്രിക്കയുടെ ആദ്യ ഭൂമിശാസ്ത്ര ഗ്രന്ഥമെഴുതിയ യാത്രികനും ആഫ്രിക്കൻ ഭൂമിശാസ്ത്രകാരനുമായ ഹസൻ-അൽ-വസനെ (Hassan-Al-Wazzan) ക്രൈസ്തവസഭ പ്രോത്സാഹിപ്പിച്ചു (ഇദ്ദേഹം പിന്നീട് ലിയോ ആഫ്രിക്കാനൂസ് എന്നറിയപ്പെട്ടു). ഈശോസഭക്കാർ 16-ാം നൂറ്റാണ്ടിൽ ജപ്പാനെ നിരീക്ഷിക്കുകയും അതിനെക്കുറിച്ച് എഴുതുകയും ചെയ്തു. പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലീഷുകാരനായ വിൽ ആഡംസ് (Will Adams) ജാപ്പനീസ് ഷോഗണായ തൊക്കുഗാവ ഇയെയാസുവിന്റെ (Tokugawa Ieyasu) സുഹൃത്തും ഉപദേശകനുമായിത്തീർന്നു. ഹസൻ-അൽ-വസന്റെ കാര്യത്തിലെന്ന പോലെ അമേരിക്കൻ ഭൂഖണ്ഡങ്ങളിൽ യൂറോപ്യൻമാർ കണ്ടുമുട്ടിയ ജനങ്ങൾ ചിലപ്പോഴൊക്കെ യൂറോപ്യൻമാരോട് വലിയ താൽപ്പര്യം കാണിക്കുകയും അവർക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ഉദാഹരണമായി, പിൽക്കാലത്ത് ഡോണ മരീന (Dona Marina) എന്നറിയപ്പെട്ട ഒരു ആസ്ടെക് വനിത സ്പാനിഷ് പോരാളിയായ കോർട്ടസിന്റെ സുഹൃത്താവുകയും അയാൾക്ക് വേണ്ടി പരിഭാഷചെയ്യുകയും മധ്യസ്ഥത വഹിക്കുകയും ചെയ്തു.

1498– ൽ വാസ്കോ ഡ ഗാമ കോഴിക്കോട്ടെത്തിയതിനെത്തുടർന്ന് പോർച്ചുഗീസുകാർ തങ്ങളുടെ ആയുധശേഷി ഉപയോഗിച്ച് ഇന്ത്യൻ സമുദ്രമേഖലയിൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചതുപോലെ, തങ്ങൾ ചെല്ലുന്ന ഇടങ്ങളിൽ അധികാരവും വ്യാപാരക്കുത്തകയും സ്ഥാപിക്കുന്നതിനായി തുടരെത്തുടരെ ശ്രമിക്കുമ്പോഴും, യൂറോപ്യൻമാർ ചിലപ്പോഴൊക്കെ ജാഗ്രത പുലർത്തുകയും, സ്വയം മുഖം രക്ഷിക്കുകയും ചെയ്തിരുന്നു. മറ്റിടങ്ങളിൽ അവർ അടക്കിഭരിക്കുന്ന ക്രൂരന്മാരും ആക്രമണകാരികളുമാവുകയും, തങ്ങൾ കണ്ടുമുട്ടിയവരേക്കാൾ ശ്രേഷ്ഠരാണെന്ന മനോഭാവം പുലർത്തുകയും ചെയ്തു. ഈ ജനങ്ങളെ അവർ അജ്ഞരായാണ് കണക്കാക്കിയത്. കത്തോലിക്കാസഭ ഈ രണ്ടു മനോഭാവങ്ങളെയും പ്രോത്സാഹിപ്പിച്ചു. ഇതര സംസ്കാരങ്ങളും ഭാഷകളും പഠിക്കുന്നതിനുള്ള കേന്ദ്രമായിരുന്നു സഭ.

യൂറോപ്യൻമാരല്ലാത്ത ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് യൂറോപ്പുമായുള്ള അഭിമുഖീകരണം വ്യത്യസ്താനുഭവമായിരുന്നു. ഭൂരിഭാഗം ഇസ്ലാമിക പ്രദേശങ്ങളിലെയും ഇന്ത്യയിലെയും ചൈനയിലെയും കൂടുതൽ ജനങ്ങൾക്ക് പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യം വരെ യൂറോപ്യൻമാർ ഒരു കൗതുകമായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം യൂറോപ്യൻമാർ പരിശ്രമശാലികളായ വ്യാപാരികളും നാവികരുമായിരുന്നു. എന്നാൽ തങ്ങളുടെ ലോകാവബോധത്തിന് സംഭാവന ചെയ്യാൻ യൂറോപ്യൻമാരുടെ പക്കൽ ഒന്നുമില്ലെന്ന് അവർ കരുതി. യൂറോപ്യൻ സാങ്കേതികവിദ്യയുടെ ചില മേന്മകൾ ജപ്പാൻകാർ പെട്ടെന്ന് മനസ്സിലാക്കി. ഉദാഹരണത്തിന്, പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ജപ്പാൻകാർ യൂറോപ്യൻമാരെ അനുകരിച്ച് വൻതോതിൽ തോക്കുകളുണ്ടാക്കാൻ തുടങ്ങി. അമേരിക്കകളിൽ ആസ്ടെക്കുകളുടെ കരുത്തിനെ വെല്ലുവിളിക്കാൻ അവരുടെ ശത്രുക്കൾ യൂറോപ്യൻമാരെ ഉപയോഗപ്പെടുത്തി. അതേസമയം തന്നെ 16–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്യൻമാർ കൊണ്ടുവന്ന പകർച്ചവ്യാധികൾ ജനങ്ങളിൽ നാശം വിതച്ചു; ചിലയിടങ്ങളിൽ ജനസംഖ്യയുടെ 90 ശതമാനത്തോളം പേരും നിർമാർജനം ചെയ്യപ്പെട്ടു.

[redacted]


# കാലരേഖ III (Timeline III)


## (സി. 1300 -1700)



ഇവിടെ പരിഗണിക്കുന്ന കാലഘട്ടം യൂറോപ്പിൽ നിരവധി വൻപിച്ച മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. കാർഷിക മേഖലയിലും കർഷകരുടെ ജീവിതത്തിലും വന്ന മാറ്റങ്ങൾ ഇവയിൽ ഉൾപ്പെടും. നിരവധി സാംസ്കാരിക വികാസങ്ങൾക്കും ഈ കാലഘട്ടം സാക്ഷിയായി. പലപ്പോഴും വാണിജ്യ പുരോഗതിയാൽ പ്രചോദിതമായ, ഭൂഖണ്ഡങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ കാലരേഖ. ഈ സമ്പർക്കത്തിന്റെ അനന്തരഫലങ്ങൾ വിവിധങ്ങളായിരുന്നു. ആശയങ്ങളും കണ്ടുപിടിത്തങ്ങളും ചരക്കുകളും ഭൂഖണ്ഡങ്ങൾക്കിടയിൽ കൈമാറ്റം ചെയ്യപ്പെട്ടു. ഭൂപ്രദേശങ്ങൾക്കായും, വിഭവങ്ങൾക്കായും, വ്യാപാരപാതകളുടെ നിയന്ത്രണത്തിനായുമുള്ള നിരന്തര യുദ്ധങ്ങളിലേക്കും ഈ സമ്പർക്കം സാമ്രാജ്യങ്ങളെ കൊണ്ടെത്തിച്ചു. ഇവയുടെ ഫലമായി ജനങ്ങൾ ഉൻമൂലനം ചെയ്യപ്പെട്ടില്ലെങ്കിലും പലപ്പോഴും അവർക്ക് സ്ഥാനഭ്രംശം സംഭവിക്കുകയും അവർ അടിമകളാക്കപ്പെടുകയും ചെയ്തു. പലതലത്തിലും അവരുടെ ജീവിതം തിരിച്ചറിയാൻ കഴിയാത്തവിധം മാറ്റപ്പെട്ടു.

| കാലഘട്ടം | ആഫ്രിക്ക | യൂറോപ്പ് |
|---|---|---|
| 1300-25 | | അൽഹംബ്രയും ഗ്രാനഡയും സ്പെയിനിലെ പ്രധാന സംസ്കാരിക കേന്ദ്രങ്ങളായി ഉദയം ചെയ്യുന്നു |
| 1325-50 | ഈജിപ്തിൽ പ്ലേഗ് * (1348-55) | ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ ശതവത്സര യുദ്ധം (1337-1453); കറുത്ത മരണം (ഒരുതരം പ്ലേഗ്) യൂറോപ്പിൽ പടരുന്നു (1348) |
| 1350-75 | ഇബൻ ബത്തൂത്തയുടെ സഹാറ പര്യടനം | ഉയർന്ന നികുതിക്കെതിരെ ഫ്രഞ്ച് കർഷകരുടെ പ്രതിഷേധം (1358) |
| 1375-1400 |  | ബ്രിട്ടനിൽ കർഷക കലാപം (1381); ജോഫ്രിചോസർ ഇംഗ്ലീഷിലെ ആദ്യകാല രചനകളിലൊന്നായ *കാന്റർബറി ടെയ്ൽസ്* എഴുതുന്നു (1388) |
| 1400-25 | | |
| 1425-50 | പോർട്ടുഗീസുകാർ അടിമ വ്യാപാരം ആരംഭിക്കുന്നു (1442) | |
| 1450-75 | സഹാറയ്ക്ക് വിലങ്ങനെയുള്ള വ്യാപാര ശൃംഖലയെ അടിസ്ഥാനമാക്കി പടിഞ്ഞാറൻ ആഫ്രിക്കയിൽ സോങ്ഹായ് സാമ്രാജ്യം സ്ഥാപിച്ചു; ആഫ്രിക്കയുടെ പടിഞ്ഞാറേ തീരത്ത് പോർട്ടുഗീസ് ആക്രമണവും അധിനിവേശമുറപ്പിക്കലും (1471 മുതൽ) | യൂറോപ്പിൽ ആദ്യത്തെ അച്ചടിച്ച ഗ്രന്ഥം പ്രത്യക്ഷപ്പെടുന്നു; ലിയോനാഡോ ഡാവിഞ്ചി (1452-1519), ഇറ്റാലിയൻ പെയിന്റർ, ശിൽപി, ഉപജ്ഞാതാവ് |
| 1475-1500 | ബൊക്കാംഗോയിലെ രാജാവിനെ പോർച്ചുഗീസുകാർ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നു | ഇംഗ്ലണ്ടിൽ ടൂഡർ രാജവംശത്തിന്റെ സ്ഥാപനം (1485) |
| 1500-25 | അമേരിക്കയിലെ കരിമ്പിൻ തോട്ടങ്ങളിൽ ആഫ്രിക്കൻ അടിമകളെ കൊണ്ടുവരുന്നു (1510); ഓട്ടോമൻ തുർക്കികൾ ഈജിപ്ത് കീഴടക്കുന്നു (1517) | തെക്കേ അമേരിക്കയിൽ നിന്നുള്ള കോഫി യൂറോപ്യൻമാർ ആദ്യമായി രുചിക്കുന്നു (1517), പുകയില, ചോക്ലേറ്റ്, തക്കാളി, ടർക്കി തുടങ്ങിയവ യൂറോപ്പിൽ അവതരിപ്പിക്കുന്നു; കത്തോലിക്ക സഭയെ നവീകരിക്കാനുള്ള മാർട്ടിൻ ലൂഥറിന്റെ ശ്രമം (1521) |
| 1525-50 |  | കോപ്പർനിക്കസ് സൗരയൂഥ സിദ്ധാന്തം അവതരിപ്പിക്കുന്നു (1543) |
| 1550-75 | | ഇംഗ്ലണ്ടിലെ നാടകകൃത്തായ വില്യം ഷേക്സ്പിയറിന്റെ കാലം (1564-1616) |
| 1575-1600 | | സക്കറിയാസ് ജൻസെൻ മൈക്രോസ്കോപ്പ് കണ്ടുപിടിക്കുന്നു (1590കൾ) |
| 1600-25 | നൈജീരിയയിലെ ഒയോ സാമ്രാജ്യം അധികാരത്തിന്റെ ഉന്നതിയിൽ, ലോഹ സംസ്കരണ കേന്ദ്രം* | ആദ്യ നോവലുകളിലൊന്നായ ഡോൺ ക്വിക്സോട്ട് സ്പാനിഷ് ഭാഷയിൽ രചിക്കപ്പെട്ടു (1605) |
| 1625-50 | | ശരീരത്തിലുടനീളം രക്തം പമ്പ് ചെയ്യുന്നത് ഹൃദയമാണെന്ന് വില്യം ഹാർവി തെളിയിക്കുന്നു (1628) |
| 1650-75 | പോർച്ചുഗീസുകാർ കോംഗോ രാജ്യം നശിപ്പിക്കുന്നു (1662) | ഫ്രഞ്ച് രാജാവ് ലൂയി 14-ാമന്റെ കാലഘട്ടം (1638-1715) |
| 1675-1700 | | റഷ്യയെ ആധുനികവൽക്കരിക്കാൻ മഹാനായ പീറ്ററുടെ ശ്രമം (1682-1725) |

| കാലഘട്ടം | ഏഷ്യ | ദക്ഷിണേഷ്യ |
|---|---|---|
| 1300-25 | | |
| 1325-1350 | | വിജയനഗര സാമ്രാജ്യത്തിന്റെ* സ്ഥാപനം (1336) |
| 1350-75 | ചൈനയിൽ മിങ് രാജവംശം* (1368 മുതൽ) | |
| 1375-1400 | | |
| 1400-25 |  | പ്രാദേശിക സൽത്തനത്തുകളുടെ ആവിർഭാവം |
| 1425-50 | | |
| 1450-75 | ഓട്ടോമൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കുന്നു (1453) | |
| 1475-1500 | | വാസ്കോ ഡ ഗാമ ഇന്ത്യയിലെത്തുന്നു (1498) |
| 1500-25 | പോർച്ചുഗീസുകാരുടെ ചൈനപ്രവേശനം പ്രതിരോധിക്കപ്പെടുന്നു, മക്കാവോയിലേക്ക് അവർ തുരത്തപ്പെടുന്നു (1522) | |
| 1525-50 | | ഉത്തരേന്ത്യയിൽ ബാബറുടെ നേതൃത്വത്തിൽ മുഗൾ ആധിപത്യം, ഒന്നാം പാനിപ്പട്ട് യുദ്ധം (1526) |
| 1550-75 | | അക്ബർ (1556 - 1605) മുഗൾഭരണം ഏകീകരിക്കുന്നു |
| 1575-1600 | ആദ്യത്തെ ജപ്പാനീസ് നൃത്തഗാന നാടകം (കബുകി) അവതരിപ്പിക്കപ്പെടുന്നു, (1586); പേർഷ്യയിലെ ഷാ അബ്ബാസ് (1587 - 1629) യൂറോപ്യൻ രീതിയിലുള്ള സൈനികപരിശീലനം നടപ്പിലാക്കുന്നു | |
| 1600-25 | ജപ്പാനിൽ ടോക്കുഗവ ഷോഗണേറ്റ് സ്ഥാപിക്കപ്പെട്ടു (1603) | ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ സ്ഥാപനം (1600) |
| 1625-50 | ഡച്ചുകാരൊഴികെയുള്ള എല്ലാ യൂറോപ്യൻ വ്യാപാരികളും ജപ്പാനുമായി വ്യാപാരം നടത്തുന്നത് നിരോധിക്കപ്പെടുന്നു (1637); 300 വർഷം നീണ്ടുനിന്ന ചൈനയിലെ മഞ്ചുഭരണം (1644 മുതൽ); ചൈനീസ് തേയിലയ്ക്കും സിൽക്കിനും യൂറോപ്പിൽ ആവശ്യകത വർധിക്കുന്നു | താജ്മഹലിന്റെ നിർമ്മാണം (1632 - 53) |
| 1650-75 | | |
| 1675-1700 | |  |

| കാലഘട്ടം | അമേരിക്കൻ വൻകരകൾ | ആസ്ത്രേലിയ /പസഫിക് ദ്വീപുകൾ |
|---|---|---|
| 1300-25 | മെക്സിക്കോയിലെ ടെനോചിടിട്ലാൻ ആസ്ടെക് തലസ്ഥാനം (1325), ക്ഷേത്രനിർമ്മാണം, ജലസേചന സംവിധാനത്തിന്റെ വികാസം, കണക്കുകൂട്ടൽ സമ്പ്രദായം (ക്വിപ്പു)* |  |
| 1325-50 |  | |
| 1350-75 | | |
| 1375-1400 | | |
| 1400-25 | | |
| 1425-50 | | |
| 1450-75 | ഇൻകകൾ പെറുവിൽ ആധിപത്യമുറപ്പിക്കുന്നു (1465) | |
| 1475-1500 | കൊളംബസ് വെസ്റ്റ് ഇൻഡീസിലെത്തുന്നു (1492) | |
| 1500-25 | സ്പെയിൻകാർ മെക്സിക്കോ കീഴടക്കുന്നു (1521) | സ്പാനിഷ് നാവികനായ മെഗല്ലൻ ശാന്തസമുദ്രത്തിലെത്തുന്നു (1519) |
| 1525-50 | ഫ്രഞ്ച് പരിവേഷകർ കാനഡയിൽ എത്തുന്നു (1534) | |
| 1550-75 | സ്പെയിൻകാർ പെറു കീഴടക്കുന്നു (1572) | |
| 1575-1600 | | ഡച്ച് നാവികർ ആകസ്മികമായി ആസ്ത്രേലിയയിൽ എത്തിച്ചേരുന്നു |
| 1600-25 | വടക്കേ അമേരിക്കയിൽ ഇംഗ്ലണ്ട് അതിന്റെ ആദ്യ കോളനികൾ സ്ഥാപിക്കുന്നു (1607); പടിഞ്ഞാറൻ ആഫ്രിക്കയിൽ നിന്നും ആദ്യമായി അടിമകളെ വിർജീനിയയിലേക്ക് കൊണ്ടുവരുന്നു (1619) | സ്പാനിഷ് നാവികർ തഹിതിയിൽ എത്തിച്ചേരുന്നു (1606) |
| 1625-50 | ഡച്ചുകാർ ന്യൂ ആംസ്റ്റർഡാം (ഇന്നത്തെ ന്യൂയോർക്ക്) സ്ഥാപിക്കുന്നു (1626); ആദ്യത്തെ അച്ചടിയന്ത്രം മസാച്ചു സെറ്റ്സിൽ സ്ഥാപിക്കപ്പെടുന്നു (1635) | ഡച്ച് നാവികനായ ആബെൽ ടാസ്മാൻ ആസ്ത്രേലിയ ആണെന്ന് തിരിച്ചറിയാതെ അതിന് ചുറ്റും സഞ്ചരിക്കുന്നു. അദ്ദേഹം പിൽക്കാലത്ത് ടാസ്മാനിയ എന്നറിയപ്പെട്ട വാൻ ഡീമെൻസ് ലാൻഡിൽ എത്തിച്ചേരുന്നു. പിന്നീട് ന്യൂസിലാൻഡിലെത്തുന്നു. പക്ഷേ ഒരു വലിയ വൻകരയുടെ ഭാഗമാണതെന്ന് കരുതുന്നു! |
| 1650-75 | വെസ്റ്റ് ഇൻഡീസിൽ ആദ്യ കരിമ്പിൻതോട്ടങ്ങൾ സ്ഥാപിക്കപ്പെടുന്നു (1654) | |
| 1675-1700 | ഫ്രഞ്ചുകാർ മിസിസിപ്പി നദീതടത്തെ കോളനീകരിക്കുന്നു, ലൂയി XIV ന്റെ സ്മരണാർഥം ലൂസിയാന എന്ന് നാമകരണം ചെയ്യുന്നു (1682) | |

**പ്രവർത്തനം**

ആസ്ത്രേലിയ/പസഫിക് ദ്വീപുകൾ എന്നിവയ്ക്കായുള്ള കോളങ്ങളിൽ രേഖപ്പെടുത്തിയ തീയതികൾ വളരെ കുറവാണ് എന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. ഇതിനു കാരണം ഇവിടത്തെ ജനങ്ങൾ മറ്റു രീതികളിലുള്ള രേഖപ്പെടുത്തലുകൾ ഉപയോഗിച്ചതാണ്, ഉദാഹരണത്തിന് മുകളിൽ കൊടുത്തിട്ടുള്ള പോലുള്ള ചിത്രങ്ങൾ*. ഒരു ആസ്ത്രേലിയൻ ചിത്രകാരന് രേഖപ്പെടുത്തുവാൻ യോഗ്യം എന്നു തോന്നുന്ന ഒരു സംഭവമോ പ്രക്രിയയോ ഇതിന് തൊട്ട് മുകളിൽ പ്രതിപാദിച്ച അഞ്ചു കോളങ്ങൾ പരിശോധിച്ചു കണ്ടെത്തുക. ചിത്രകാരന് അപ്രസക്തം എന്ന് തോന്നിയേക്കാവുന്ന അഞ്ചു സംഭവങ്ങളോ, പ്രകിയകളോ ക്രമപ്പെടുത്തുക.

പ്രമേയം

6

# മൂന്ന് വിഭാഗങ്ങൾ

## (THE THREE ORDERS)

*പടിഞ്ഞാറൻ യൂറോപ്പിൽ ഒൻപത് മുതൽ പതിനാറ് വരെ നൂറ്റാണ്ടുകളിലുണ്ടായ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മാറ്റങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. റോമാ സാമ്രാജ്യത്തിന്റെ പതനത്തിനു ശേഷം യൂറോപ്പിന്റെ മധ്യ-പൗരസ്ത്യ പ്രദേശങ്ങളിൽ നിന്നുള്ള ജർമാനിക് ജനവിഭാഗങ്ങൾ ഇറ്റലി, സ്പെയിൻ, ഫ്രാൻസ് എന്നീ പ്രദേശങ്ങളിൽ അധിവാസമുറപ്പിച്ചു.*

F7L5K1

*ഒരു ഏകീകൃത രാഷ്ട്രീയശക്തിയുടെ അഭാവത്തിൽ സൈനിക പോരാട്ടങ്ങൾ തുടർക്കഥയാവുകയും, സ്വന്തം ഭൂമി സംരക്ഷിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് വളരെ പ്രധാനമാവുകയും ചെയ്തു. തൽഫലമായി ഭൂവുടമസ്ഥതയിൽ കേന്ദ്രീകരിച്ചുള്ള സാമൂഹ്യവ്യവസ്ഥിതി ഉടലെടുത്തു. പുരാതന റോമൻ പാരമ്പര്യങ്ങളിൽ നിന്നും ജർമ്മൻ ആചാരങ്ങളിൽ നിന്നുമാണ് ഈ സാമൂഹ്യ വ്യവസ്ഥിതിയുടെ സവിശേഷതകൾ ഉടലെടുത്തത്. നാലാം നൂറ്റാണ്ടുമുതൽ റോമിന്റെ ഔദ്യോഗിക മതമായിത്തീരുന്ന ക്രിസ്തുമതം, റോമാ സാമ്രാജ്യത്തിന്റെ തകർച്ചയെ അതിജീവിച്ചുകൊണ്ട് യൂറോപ്പിന്റെ മധ്യ-ഉത്തര ഭാഗങ്ങളിലേക്ക് വ്യാപിച്ചു. ക്രമേണ യൂറോപ്പിലെ പ്രധാന ഭൂവുടമയും രാഷ്ട്രീയ ശക്തിയുമായി കത്തോലിക്കാസഭ മാറി.*

*ഈ അധ്യായത്തിൽ മുഖ്യമായും പ്രതിപാദിക്കുന്ന 'മൂന്ന് വിഭാഗങ്ങൾ' യൂറോപ്പിലെ മൂന്ന് പ്രധാന സാമൂഹിക വിഭാഗങ്ങൾ ആണ്. ക്രൈസ്തവ പുരോഹിതന്മാർ, ഭൂപ്രഭുക്കന്മാർ, കർഷകർ – ഈ മൂന്ന് സാമൂഹിക വിഭാഗങ്ങൾ തമ്മിലുള്ള മാറി മാറിവന്ന ബന്ധങ്ങൾ നൂറ്റാണ്ടുകളോളമുള്ള യൂറോപ്പിന്റെ ചരിത്രത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു.*

കഴിഞ്ഞ നൂറു വർഷങ്ങൾക്കിടയിൽ യൂറോപ്യൻ ചരിത്രകാരർ ഒറ്റപ്പെട്ട ഗ്രാമങ്ങളുടേതുൾപ്പടെ നിരവധി പ്രദേശങ്ങളുടെ ചരിത്രം വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. മധ്യകാലം മുതലുള്ള നിരവധി ഉപദാനരേഖകൾ ലഭ്യമായതുകൊണ്ടാണ് ഈ ചരിത്രരചന സാധ്യമായത്. ഇവയിൽ പ്രമാണങ്ങൾ, ഭൂവുടമസ്ഥതയുടെ വിശദാംശങ്ങൾ, വിലവിവരം, നിയമവ്യവഹാര രേഖകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഉദാഹരണമായി ജനനം, വിവാഹം, മരണം തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ പള്ളികളിൽ രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നതിനാൽ കുടുംബങ്ങളുടെ ഘടനയെക്കുറിച്ചും, ജനസംഖ്യയെക്കുറിച്ചും പഠിക്കാൻ കഴിഞ്ഞു. പള്ളികളിൽ നിന്ന് ലഭിച്ച പുരാലിഖിതങ്ങൾ കച്ചവട സംഘങ്ങളെക്കുറിച്ച് വിവരം നൽകുന്നു. കൂടാതെ, പാട്ടുകളും കഥകളും ആ കാലഘട്ടത്തിലെ ഉത്സവങ്ങളെക്കുറിച്ചും സമുദായ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്നു.

ഇവയെല്ലാംതന്നെ സാമ്പത്തിക, സാമൂഹിക ജീവിതം എന്നിവയേയും ജനസംഖ്യാവർധനവ് പോലെയുള്ള ദീർഘകാല മാറ്റങ്ങൾ, കർഷകകലാപം പോലെയുള്ള ഹ്രസ്വകാലങ്ങളിലെ പ്രതിഭാസങ്ങൾ എന്നിവയേയും മനസ്സിലാക്കുന്നതിന് ചരിത്രകാരരെ സഹായിച്ചു.

ഫ്യൂഡലിസത്തെക്കുറിച്ച് ആധികാരികമായി പഠിച്ച ആദ്യ ഫ്രഞ്ച് പണ്ഡിതരിൽ പ്രമുഖനാണ് മാർക്ക് ബ്ലോക്ക് (Marc Bloch, 1886 -1944). ചരിത്രമെന്നത് വെറും രാഷ്ട്രീയ ചരിത്രമോ, അന്താരാഷ്ട്ര ബന്ധങ്ങളോ, മഹാന്മാരുടെ ജീവചരിത്രമോ മാത്രമല്ലെന്ന് വാദിച്ച ചരിത്രകാരന്മാരിൽ ഒരാളാണ് അദ്ദേഹം. മനുഷ്യചരിത്രം രൂപപ്പെടുത്തുന്നതിൽ ഭൂമിശാസ്ത്രത്തിനുള്ള പ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാണിച്ചു. ജനസമൂഹ

ങ്ങളുടെ കൂട്ടായ പെരുമാറ്റവും മനോഭാവവും മനസ്സിലാക്കേണ്ടതാണെന്ന് അദ്ദേഹം വാദിച്ചു.

അദ്ദേഹത്തിന്റെ പ്രസിദ്ധമായ പുസ്തകമാണ് *ഫ്യൂഡൽ സൊസൈറ്റി (Feudal Society)* സി.ഇ. 900 നും 1300 നും ഇടയിലുള്ള യൂറോപ്യൻ സമൂഹത്തിലെ, പ്രത്യേകിച്ച് ഫ്രഞ്ച് സമൂഹത്തിലെ, സാമൂഹിക ബന്ധങ്ങൾ, ശ്രേണികൾ, ഭൂവിനിയോഗം, ജനകീയ സംസ്കാരം എന്നിവയാണ് ഇതിലെ പഠനവിഷയങ്ങൾ.

രണ്ടാം ലോക യുദ്ധകാലത്ത് നാസികളുടെ വെടിയേറ്റായിരുന്നു മാർക് ബ്ലോക്കിന്റെ അകാലത്തിലുള്ള അന്ത്യം.

യൂറോപ്യൻ ചരിത്രത്തിലെ അഞ്ചുമുതൽ പതിനഞ്ചുവരെ നൂറ്റാണ്ടുകളടങ്ങുന്ന കാലഘട്ടത്തെയാണ് 'മധ്യകാലഘട്ടം' ('Medieval Era') എന്ന പദംകൊണ്ട് അർഥമാക്കുന്നത്.

## ഫ്യൂഡലിസത്തിന് ഒരു ആമുഖം (An Introduction to Feudalism)

മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നിലനിന്നിരുന്ന സാമ്പത്തിക, നിയമ, രാഷ്ട്രീയ, സാമൂഹ്യ ബന്ധങ്ങളെ വിശദീകരിക്കാനാണ് ചരിത്രകാരർ 'ഫ്യൂഡലിസം' എന്ന പദം ഉപയോഗിച്ചു വരുന്നത്. 'ഒരു തുണ്ട് ഭൂമി' എന്ന് അർഥം വരുന്ന 'ഫ്യൂഡ്' എന്ന ജർമ്മൻ




ഭൂപടം 1 : പടിഞ്ഞാറൻ യൂറോപ്പ്

പദത്തിൽനിന്നാണ് 'ഫ്യൂഡലിസം' എന്ന വാക്കുണ്ടായത്. മധ്യകാല ഫ്രാൻസിൽ ഉടലെടുക്കുകയും, പിന്നീട് ഇംഗ്ലണ്ട്, തെക്കേ ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ നിലവിൽ വരുകയും ചെയ്ത പ്രത്യേകതരം സമൂഹത്തെയാണ് 'ഫ്യൂഡലിസം' കൊണ്ട് അർഥമാക്കുന്നത്.

പ്രഭുവും കർഷകരും തമ്മിലുള്ള ബന്ധത്തിൽ അധിഷ്ഠിതമായ ഒരുതരം കാർഷികോൽപ്പാദന രീതിയാണ് ഫ്യൂഡലിസം എന്ന് സാമ്പത്തികാർഥത്തിൽ വിവക്ഷിക്കാം. കർഷകർ സ്വന്തം ഭൂമിയിലും അതോടൊപ്പം പ്രഭുവിന്റെ ഭൂമിയിലും കൃഷി ഇറക്കിയിരുന്നു. കർഷകർ പ്രഭുവിന് അധ്വാനശക്തി പ്രദാനം ചെയ്തിരുന്നു. പകരമായി പ്രഭു അവർക്ക് സൈനിക സംരക്ഷണം നൽകിയിരുന്നു. കർഷകരുടെ മേൽ വിപുലമായ നീതിന്യായ അധികാരങ്ങളും പ്രഭു ചെലുത്തിയിരുന്നു. അങ്ങനെ നോക്കുമ്പോൾ ഫ്യൂഡലിസത്തിൽ സാമ്പത്തികത്തിനു പുറമേ ജീവിതത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ മേഖലകൾ കൂടി ഉൾപ്പെട്ടിരുന്നുവെന്ന് കാണാം.

റോമാ സാമ്രാജ്യത്തിലും ഫ്രഞ്ച് ചക്രവർത്തിയായ ഷാലമീൻ (Charlemagne, 742 - 814) കാലഘട്ടത്തിലും നിലനിന്നിരുന്ന ആചാരങ്ങളിൽ ഫ്യൂഡലിസത്തിന്റെ വേരുകൾ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. പക്ഷേ, ഫ്യൂഡലിസം സുസ്ഥാപിതമായ ഒരു ജീവിതക്രമമായി യൂറോപ്പിന്റെ ഭൂരിഭാഗം മേഖലകളിലും വികസിച്ചത് പതിനൊന്നാം നൂറ്റാണ്ടിലാണ്.

## ഫ്രാൻസും ഇംഗ്ലണ്ടും (France and England)

റോമാ സാമ്രാജ്യത്തിലെ ഒരു പ്രവിശ്യയായിരുന്ന ഗൗൾ-ന് പരന്ന് കിടക്കുന്ന രണ്ട് കടൽ തീരങ്ങളും, പർവതനിരകളും, നീളമുള്ള നദികളും, വനങ്ങളും, സമതലപ്രദേശങ്ങളും ഉണ്ടായിരുന്നു. ഇവിടത്തെ വിസ്തൃതമായ സമതലങ്ങൾ കൃഷിക്ക് അനുയോജ്യമായിരുന്നു.

ജർമ്മാനിക് വംശക്കാരായ ഫ്രാങ്കുകൾ (Franks) ആണ് ഗൗളിന് തങ്ങളുടെ പേര് നൽകി ഫ്രാൻസ് ആക്കിയത്. ആറാം നൂറ്റാണ്ടുമുതൽ ക്രിസ്ത്യാനികളായ ഫ്രഞ്ച്/ഫ്രാങ്കിഷ് രാജാക്കന്മാർ ഭരിച്ചിരുന്ന രാജ്യമായിരുന്നു ഇത്. സി.ഇ. 800-ൽ ഷാലമീൻ രാജാവിന്റെ പിന്തുണ ഉറപ്പാക്കാൻ പോപ്പ് അദ്ദേഹത്തെ 'വിശുദ്ധ റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തി'യായി പ്രഖ്യാപിച്ചു. അതോടെ ഫ്രാൻസും കത്തോലിക്കാസഭയും തമ്മിൽ മുമ്പുണ്ടായിരുന്ന ബന്ധം കൂടുതൽ ദൃഢമായി.*

*കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമാക്കിയ കിഴക്കൻ സഭയ്ക്കും ഇതിന് സമാനമായ ഒരു ബന്ധം ബൈസാന്റൈൻ ചക്രവർത്തിയുമായി ഉണ്ടായിരുന്നു.

ഒരു ഇടുങ്ങിയ കടലിടുക്കിനപ്പുറമാണ് ഇംഗ്ലണ്ട്-സ്കോട്ട്ലൻഡ് ദ്വീപുകൾ സ്ഥിതിചെയ്യുന്നത്. ഫ്രഞ്ച് പ്രവിശ്യയായ നോർമണ്ടിയിലെ ഒരു ഡ്യൂക്ക് ഇവയെ ആക്രമിച്ച് കീഴ്പ്പെടുത്തി.

| ഫ്രാൻസിന്റെ ആദ്യകാല ചരിത്രം (Early History of France) | |
|---|---|
| 481 | ക്ലോവിസ് ഫ്രാങ്കുകളുടെ രാജാവാകുന്നു |
| 486 | ക്ലോവിസും ഫ്രാങ്കുകളും വടക്കൻ ഗൗൾ ആക്രമണം ആരംഭിക്കുന്നു |
| 496 | ക്ലോവിസും ഫ്രാങ്കുകളും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നു |
| 714 | ചാൾസ് മാർട്ടൽ കൊട്ടാരത്തിലെ മേയറാകുന്നു |
| 751 | മാർട്ടലിന്റെ പുത്രൻ പെപ്പിൻ ഫ്രാങ്കുകളുടെ രാജാവിനെ അധികാര ഭ്രഷ്ടനാക്കി രാജാവായിത്തീരുകയും, ഒരു രാജവംശം സ്ഥാപിക്കുകയും ചെയ്യുന്നു. ആക്രമണങ്ങളിലൂടെ രാജ്യവിസ്തൃതി ഇരട്ടിയാക്കുന്നു |
| 768 | പെപ്പിനെ തുടർന്ന് അദ്ദേഹത്തിന്റെ പുത്രൻ ഷാലമീൻ അഥവാ മഹാനായ ചാൾസ് അധികാരത്തിൽ വന്നു |
| 800 | പോപ്പ് ലിയോ മൂന്നാമൻ ഷാലമീൻ വിശുദ്ധ റോമാ സാമ്രാജ്യ ചക്രവർത്തിയായി കിരീടധാരണം ചെയ്യുന്നു |
| 840 മുതൽ | നോർവെയിലെ വൈക്കിംഗുകളുടെ മിന്നലാക്രമണങ്ങൾ |

## മൂന്ന് വിഭാഗങ്ങൾ (The Three Orders)

ചെയ്യുന്ന തൊഴിലിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ മൂന്ന് 'വിഭാഗങ്ങളി'ൽ ഒന്നിൽ ഉൾപ്പെടുമെന്ന് ഫ്രഞ്ച് പുരോഹിതർ വിശ്വസിച്ചിരുന്നു. ഒരു ബിഷപ്പിന്റെ പ്രസ്താവനയിൽനിന്നും ഇതു കൂടുതൽ വ്യക്തമാകും. 'ചിലർ പ്രാർഥിക്കുന്നു, ചിലർ പോരാടുന്നു, ചിലർ പണിയെടുക്കുന്നു...' പുരോഹിതർ, പ്രഭുക്കന്മാർ, കർഷകർ എന്നിവരായിരുന്നു മധ്യകാല യൂറോപ്യൻ സമൂഹത്തിലെ ഈ മുന്ന് വിഭാഗങ്ങൾ.

പന്ത്രണ്ടാം നൂറ്റാണ്ടിൽ ബിൻഗനിലെ (Bingen) ആബസ്സ് ഹിൽഡെഗാർഡ് (Abbess Hildegard) ഇങ്ങനെ എഴുതി: 'പശുക്കൾ, കഴുതകൾ, ചെമ്മരിയാടുകൾ, ആടുകൾ എന്നിവയെല്ലാം ഒരു വ്യത്യാസവും കൂടാതെ, ഒരേ തൊഴുത്തിൽ വളർത്താമെന്ന് ആരാണ് ചിന്തിക്കുക? അതിനാൽ മനുഷ്യരുടെ ഇടയിലും വ്യത്യാസങ്ങൾ ആവശ്യമാണ്. അങ്ങനെയായാലേ അവർ പരസ്പരം നശിപ്പിക്കാതിരിക്കുകയുള്ളു... ദൈവം അദ്ദേഹത്തിന്റെ സൃഷ്ടികളിൽ, ഭൂമിയിലും ഉള്ളതുപോലെ സ്വർഗത്തിലും വേർതിരിവ് വരുത്തിയിട്ടുണ്ട്. എല്ലാവരെയും അദ്ദേഹം സ്നേഹിക്കുന്നു. എന്നിരുന്നാലും അവർക്കിടയിൽ സമത്വമില്ല.'

'ആബി' (Abbey) എന്ന വാക്ക് *അബ്ബ (Abba)* എന്ന സിറിയൻ പദത്തിൽ നിന്നാണുണ്ടായത്. ഇതിനർഥം പിതാവ് എന്നാണ്. ഓരോ ആബിയും (സന്യാസി മഠവും) ഒരു മഠാധിപതിയുടെ/ മഠാധ്യക്ഷയുടെ (Abbot / Abbess) ഭരണത്തിലായിരുന്നു.

## രണ്ടാം വിഭാഗം: പ്രഭുവർഗം (The Second Order: The Nobility)

പുരോഹിതർ തങ്ങളെ സ്വയം ഒന്നാം സ്ഥാനത്തും, പ്രഭുക്കളെ രണ്ടാം സ്ഥാനത്തും അവരോധിച്ചു. ഭൂമിയുടെ നിയന്ത്രണാധികാരം കയ്യാളിയിരുന്ന പ്രഭുക്കന്മാർ ആയിരുന്നു രണ്ടാം വിഭാഗത്തിൽ ഉണ്ടായിരുന്നത്. യഥാർത്ഥത്തിൽ ഇവരാണ് മധ്യകാല യൂറോപ്പിലെ സാമൂഹിക പ്രക്രിയകളുടെ ചുക്കാൻ പിടിച്ചിരുന്നത്. 'ആശ്രിതാവസ്ഥ' അഥവാ 'വാസലേജ്' ('Vassalage') എന്ന സമ്പ്രദായത്തിന്റെ ഫലമായാണ് ഇവർക്ക് നിയന്ത്രണ സ്ഥാനം ലഭിച്ചത്.

ഫ്രാൻസിലെ രാജാക്കൻമാർക്കും ജനങ്ങൾക്കും ഇടയിലുള്ള ബന്ധം 'വാസലേജ്' എന്ന സമ്പ്രദായത്തിൽ ഊന്നിയുള്ളതായിരുന്നു. ഫ്രാങ്കുകൾ അടക്കമുള്ള ജർമ്മാനിക് വിഭാഗങ്ങളുടെ ഇടയിലുള്ള ഒരു സമ്പ്രദായമായിരുന്നു ഇത്. മുഖ്യ പ്രഭുക്കൻമാർ രാജാവിന്റെ ആശ്രിതരായിരുന്നു. ഭൂവുടമകളുടെ ആശ്രിതരായിരുന്നു കർഷകർ. പ്രഭു രാജാവിനെ തന്റെ യജമാനൻ (Seigneur/Senior . Seigneur എന്ന വാക്കിന്റെ അർഥം അന്നം നൽകുന്നവൻ എന്നാണ്) ആയി കണക്കാക്കുകയും അവർ തമ്മിൽ പരസ്പര ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. തനിക്ക് സംരക്ഷണം നൽകുന്ന രാജാവിനോട് പ്രഭു കൂറുപുലർത്തിയിരുന്നു. പള്ളിയിൽ ബൈബിളിൽ തൊട്ട് സത്യം ചെയ്യുന്നതടക്കമുള്ള വലിയ ചടങ്ങുകളിലൂടെയാണ് ഈ ബന്ധം ഉറപ്പിച്ചിരുന്നത്. ഈ ചടങ്ങിൽ വച്ച് യജമാനൻ തനിക്ക് സമ്മാനിച്ച ഭൂമിയുടെ പ്രതീകമായി എഴുതപ്പെട്ട ഒരു രേഖയോ ഒരു അധികാര ദണ്ഡോ ഒരു മൺകട്ടയോ ആശ്രിതൻ സ്വീകരിച്ചിരുന്നു.

പ്രഭുവിന് പ്രത്യേക ബഹുമതികളും തന്റെ ഭൂമിയിൽ ശാശ്വതമായ സമ്പൂർണാധികാരവും ഉണ്ടായിരുന്നു. അദ്ദേഹത്തിന് 'ഫ്യൂഡൽ ലെവീസ്' (feudal levies) എന്നറിയപ്പെട്ടിരുന്ന സൈന്യം രൂപീകരിക്കുന്നതിന് അധികാരമുണ്ടായിരുന്നു. അതിനുപുറമേ നീതിന്യായാധികാരങ്ങളും, സ്വന്തമായി നാണയം അച്ചടിക്കാനുള്ള അധികാരവും ഉണ്ടായിരുന്നു.

പ്രഭു തന്റെ ഭൂമിയിൽ താമസിച്ചിരുന്ന മുഴുവൻ ജനങ്ങളുടെയും യജമാനൻ ആയിരുന്നു. അദ്ദേഹം വിശാലമായ ഭൂസ്വത്തിന് ഉടമയായിരുന്നു. ആ ഭൂമിയിൽ അദ്ദേഹത്തിന്റെ കൊട്ടാരം, സ്വകാര്യ കൃഷിസ്ഥലം, മേച്ചിൽപ്പുറം എന്നിവയ്ക്കുപുറമേ തന്റെ കുടിയാന്മാരായ കർഷകരുടെ പുരകളും, കൃഷിയിടങ്ങളും




*വേട്ടക്ക് പുറപ്പെടുന്ന ഫ്രഞ്ച് പ്രഭുക്കന്മാർ, പതിനഞ്ചാം നൂറ്റാണ്ടിലെ ചിത്രം.*

സ്ഥിതി ചെയ്തിരുന്നു. പ്രഭുവിന്റെ ഭവനം മാനർ എന്നറിയപ്പെട്ടു. പ്രഭുവിന്റെ സ്വകാര്യ കൃഷിസ്ഥലത്ത് കൃഷി ചെയ്തിരുന്ന കർഷകർ തങ്ങളുടെ സ്വന്തം കൃഷിടിയങ്ങളിലും കൃഷിചെയ്യുകയും, ആവശ്യം വരുമ്പോൾ പ്രഭുവിന് വേണ്ടി കാലാൾപ്പടയാളികളായി യുദ്ധങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

## മാനോറിയൽ എസ്റ്റേറ്റ് (The Manorial Estate)

പ്രഭുവിന് മാനറുകൾ എന്നറിയപ്പെടുന്ന വസതികളുണ്ടായിരുന്നു. അതിനു ചുറ്റുമായി നൂറുകണക്കിനു ഗ്രാമങ്ങൾ പ്രഭുവിന്റെ അധികാരത്തിൻ കീഴിൽ ഉണ്ടായിരുന്നു. ഈ ഗ്രാമങ്ങളിലാണ് കർഷകർ ജീവിച്ചിരുന്നത്. ഇത്തരം മനോറിയൽ എസ്റ്റേറ്റുകളിൽ ചെറുതിൽ ഒരു ഡസനോളം കുടുംബങ്ങളും വലുതിൽ 50 മുതൽ 60 വരെ കുടുംബങ്ങളും താമസിച്ചിരുന്നു. ദൈനംദിന ജീവിതത്തിന് ആവശ്യമായതെല്ലാം മാനോറിയൽ എസ്റ്റേറ്റിൽ ലഭ്യമായിരുന്നു. പാടങ്ങളിൽ ധാന്യങ്ങൾ വിളയിച്ചു. കൊല്ലപ്പണിക്കാരും




*പതിമൂന്നാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ ഒരു മനോറിയൽ എസ്റ്റേറ്റ്.*

ആശാരിമാരും പ്രഭുവിന്റെ ഉപകരണങ്ങളും പണിയായുധങ്ങളും ഉണ്ടാക്കുകയും അറ്റ കുറ്റപ്പണികൾ തീർക്കുകയും ചെയ്തു. കല്ലാശാരിമാർ പ്രഭുവിന്റെ കൊട്ടാരം പരിപാലിച്ചു. സ്ത്രീകൾ നെയ്ത്തുശാലകളിലും കുട്ടികൾ വീഞ്ഞ് നിർമ്മാണ ശാലകളിലും പണിയെടുത്തു. മനോറിയൽ എസ്റ്റേറ്റിൽ ഉണ്ടായിരുന്ന വിശാല വനങ്ങളിൽ പ്രഭുക്കന്മാർ വേട്ടയാടുക പതിവായിരുന്നു. അദ്ദേഹത്തിന്റെ കാലികൾക്കും കുതിരകൾക്കും മേയുന്നതിനുള്ള മേച്ചിൽപ്പുറങ്ങളും മനോറിയൽ എസ്റ്റേറ്റിൽ ഉണ്ടായിരുന്നു. കൂടാതെ ഒരു പള്ളിയും സുരക്ഷയ്ക്കായി കോട്ടയാൽ ചുറ്റപ്പെട്ട ഒരു മന്ദിരവും അവിടെ ഉണ്ടായിരുന്നു.

പതിമൂന്നാം നൂറ്റാണ്ടുമുതൽ ചില കോട്ടമന്ദിരങ്ങൾ (castles) വലുതാക്കി ഒരു നൈറ്റിന്റെ (knight–ഫ്യൂഡൽ യോദ്ധാവ്) കുടുംബത്തിന്റെ വസതിയായി ഉപയോഗിക്കാൻ തുടങ്ങി. ഇംഗ്ലണ്ടിൽ നോർമൻ ആക്രമണത്തിന് മുമ്പ് കോട്ടമന്ദിരങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ഫ്യൂഡൽ വ്യവസ്ഥയ്ക്ക് കീഴിൽ രാഷ്ട്രീയ ഭരണകേന്ദ്രങ്ങളായും, സൈനികശക്തി കേന്ദ്രങ്ങളായും കോട്ടമന്ദിരങ്ങൾ വികാസം പ്രാപിച്ചു.

ഇങ്ങനെയൊക്കെയാണെങ്കിലും മനോറിയൽ എസ്റ്റേറ്റുകൾ പൂർണമായും സ്വയംപര്യാപ്തമായിരുന്നില്ല. കാരണം ഉപ്പ്, ആട്ടുകല്ല്, ലോഹപ്പാത്രങ്ങൾ തുടങ്ങിയവ പുറമേനിന്നാണ് കൊണ്ടു വരേണ്ടിയിരുന്നത്. കൂടാതെ ആഡംബരപ്രിയരായിരുന്ന പ്രഭുക്കന്മാർ വിലപിടിപ്പുള്ള ഗൃഹോപകരണങ്ങൾ, സംഗീതോപകരണങ്ങൾ, ആഭരണങ്ങൾ, എന്നിവ മറ്റു സ്ഥലങ്ങളിൽ നിന്നാണ് കൊണ്ടുവന്നിരുന്നത്.

**പ്രവർത്തനം 1**

**തൊഴിൽ, ഭാഷ, സമ്പത്ത്, വിദ്യാഭ്യാസം തുടങ്ങിയ വ്യത്യസ്ത മാന ദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള സമൂഹ്യ ശ്രേണികളെക്കുറിച്ച് ചർച്ച ചെയ്യുക. മധ്യകാല ഫ്രാൻസിനെ മെസൊപ്പൊട്ടേമിയയുമായും റോമാ സാമ്രാജ്യവുമായും താരതമ്യം ചെയ്യുക.**

## നൈറ്റുകൾ (The Knights)

ഒൻപതാം നൂറ്റാണ്ട് മുതൽ യൂറോപ്പിൽ പ്രാദേശിക യുദ്ധങ്ങൾ പതിവാകുകയും ഇതിന് കർഷകപ്പടയാളികൾ പോരാതെ വരുകയും ചെയ്തു. ഈ യുദ്ധങ്ങൾ നടത്തുന്നതിനായി മികച്ച കുതിരപ്പടയാളികൾ ആവശ്യമായി വന്നു. ഈ സാഹചര്യം പുതിയൊരു വിഭാഗം യോദ്ധാക്കളുടെ ആവിർഭാവത്തിന് വഴിയൊരുക്കി. അവർ നൈറ്റുകൾ എന്നറിയപ്പെട്ടു. പ്രഭു എപ്രകാരമാണോ രാജാവുമായി ബന്ധപ്പെട്ടിരുന്നത് അതുപോലെ നൈറ്റുകൾ പ്രഭുക്കന്മാരുമായി ബന്ധപ്പെട്ടിരുന്നു. പ്രഭുക്കന്മാർ 'ഫീഫ്' (fief) എന്നറിയപ്പെട്ടിരുന്ന ഭൂമി നൈറ്റുകൾക്ക് നൽകുകയും അത് സംരക്ഷിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തു. ഫീഫുകൾ പരമ്പരാഗതമായി കൈമാറ്റം ചെയ്യപ്പെടാമായിരുന്നു. ആയിരവും രണ്ടായിരവും ഏക്കർ വരുന്ന ഫീഫിൽ നൈറ്റിന്റെ ഭവനം, പള്ളി, ആശ്രിതർക്കുള്ള ഭവനങ്ങൾ, ജലമില്ല്, വീഞ്ഞുനിർമ്മാണശാല എന്നിവ ഉണ്ടായിരുന്നു. ഫ്യൂഡൽ മാനറിലെ പോലെ ഫീഫിലേയും ഭൂമി കൃഷി ചെയ്തിരുന്നത് കർഷകരായിരുന്നു. ഈ ഭൂമിക്ക് പകരമായി നൈറ്റുകൾ പ്രഭുവിന് ഒരു ക്രമീകൃതമായ ഫീസ് നൽകണമായിരുന്നു. കൂടാതെ യുദ്ധങ്ങളിൽ അദ്ദേഹത്തിനു വേണ്ടി പോരാടാമെന്നുള്ള ഉറപ്പും നൽകിയിരുന്നു. തങ്ങളുടെ ശാരീരികക്ഷമത നിലനിർത്തുന്നതിനായി നൈറ്റുകൾ ദിവസേന വാൾപ്പയറ്റ്, ബൊമ്മകളിൻമേൽ തന്ത്രങ്ങൾ പരിശീലിക്കൽ എന്നിവ നടത്തുമായിരുന്നു. ഒരു നൈറ്റിന് ഒന്നിലധികം പ്രഭുക്കൻമാരെ സേവിക്കാമായിരുന്നെങ്കിലും തന്റെ സ്വന്തം യജമാനനോടായിരുന്നു കൂടുതൽ കൂറുണ്ടായിരുന്നത്.

പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ ഫ്രാൻസിലെ നാടോടി ഗായകർ മാനറുകൾ തോറും സഞ്ചരിച്ച് ധീരരായ രാജാക്കന്മാരുടെയും നൈറ്റുകളുടെയും വീരകഥകൾ പാടിയിരുന്നു. ഇവ ഭാഗികമായി ചരിത്ര വസ്തുതകളും ഭാഗികമായി കെട്ടുകഥകളും ആയിരുന്നു. എഴുത്തും വായനയും കുറവായിരുന്ന അക്കാലത്ത് ഈ നാടോടി ഗായകർ വളരെ ജനപ്രീതി നേടിയിരുന്നു. എല്ലാ പ്രഭുഗൃഹങ്ങളുടെയും (മാനർ) ഭക്ഷണ ഹാളിന് മുകളിൽ ഒരു ഇടുങ്ങിയ ബാൽക്കണി ഉണ്ടായിരുന്നു. ഇവിടെയിരുന്നാണ് നാടോടി ഗായകർ സദ്യയ്ക്കിടയിൽ പ്രഭുക്കന്മാരെ പാട്ടുപാടി സന്തോഷിപ്പിച്ചിരുന്നത്.

എന്റെ പ്രിയപ്രഭു കൊല്ലപ്പെട്ടു എങ്കിൽ, ഞാൻ
ആ വിധി പങ്കുവയ്ക്കും,
അവിടുന്നു
തൂക്കിലേറ്റപ്പെടുന്നു
വെങ്കിൽ, അവന്റെ
പാർശ്വത്തിൽ
എന്നെയും തൂക്കിലേറ്റൂ.
അവിടുന്ന് ജീവനോടെ
ദഹിപ്പിക്ക
പ്പെടുകയാണെങ്കിൽ
അവനോടൊപ്പം
ദഹിക്കട്ടെ ഞാനും,
അവിടുന്ന്
ജലത്തിലാഴ്ത്തപ്പെടുന്ന
പക്ഷം എന്നെയും
അവനൊപ്പം
മുങ്ങിമരിക്കാനനുവദിക്കൂ.

*– ഡ്യൂൺ ഡി മേയെൻസ്*

യോദ്ധാക്കളുടെ (നൈറ്റുകളുടെ) സാഹസികതയെ വാഴ്ത്തിപ്പാടുന്ന പതിമൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഒരു ഫ്രഞ്ച് കവിത

## ഒന്നാം വിഭാഗം : പുരോഹിതർ (The First Order: The Clergy)

ക്രൈസ്തവസഭയ്ക്ക് അവരുടേതായ നിയമങ്ങൾ ഉണ്ടായിരുന്നു. രാജാക്കൻമാർ നൽകിയ ഭൂമിയും, ആ ഭൂമിയിൽ നികുതി ചുമത്താനുള്ള അവകാശവും സഭയ്ക്കുണ്ടായിരുന്നു. അങ്ങനെ സഭ രാജാക്കൻമാരെപ്പോലും ആശ്രയിക്കേണ്ടാത്ത നിലയിൽ ശക്തമായ സ്ഥാപനമായിരുന്നു. പാശ്ചാത്യ സഭയുടെ തലവൻ മാർപാപ്പ (Pope) ആയിരുന്നു. അദ്ദേഹം റോമിലാണ് താമസിച്ചിരുന്നത്. യൂറോപ്പിലെ ക്രൈസ്തവരെ നയിച്ചിരുന്ന ബിഷപ്പുമാരും പുരോഹിതന്മാരും ചേർന്നതായിരുന്നു ഒന്നാമത്തെ വിഭാഗം. ഭൂരിഭാഗം ഗ്രാമങ്ങൾക്കും അവരുടേതായ പള്ളികളുണ്ടായിരുന്നു. അവിടെ എല്ലാ ഞായറാഴ്ചകളിലും ആരാധനയ്ക്കും, പുരോഹിതന്മാരുടെ പ്രഭാഷണങ്ങൾ കേൾക്കുന്നതിനുമായി ജനങ്ങൾ ഒത്തുകൂടിയിരുന്നു.

എല്ലാവർക്കും പുരോഹിതരാകുവാൻ സാധിക്കുമായിരുന്നില്ല. അടിമകൾക്കും, അംഗപരിമിതർക്കും സ്ത്രീകൾക്കും പൗരോഹിത്യം നിഷിധമായിരുന്നു. പുരോഹിതന്മാർ വിവാഹം കഴിക്കാൻ പാടില്ലായിരുന്നു. ബിഷപ്പുമാർക്ക് മതത്തിൽ കുലീന സ്ഥാനമുണ്ടായിരുന്നു. അവർക്കും വലിയ എസ്റ്റേറ്റുകളും ആഡംബരകൊട്ടാരങ്ങളും ഉണ്ടായിരുന്നു. ക്രൈസ്തവസഭ കർഷകരുടെ ഒരു വർഷത്തെ ആകെ ഉൽപ്പാദനത്തിന്റെ പത്തിലൊന്ന് നികുതിയായി വാങ്ങിയിരുന്നു. ഈ നികുതി 'ടൈത്ത്' ('tithe') എന്നറിയപ്പെട്ടു. ധനികർ തങ്ങളുടെ ക്ഷേമത്തിനും മരണപ്പെട്ട ബന്ധുക്കളുടെ മരണാനന്തര ജീവിതത്തിലെ ക്ഷേമത്തിനുമായി നൽകുന്ന ദാനധർമ്മങ്ങളായും സഭയ്ക്ക് പണം ലഭിച്ചിരുന്നു.

> **പ്രവർത്തനം 2**
>
> മധ്യകാല മാനർ, കൊട്ടാരം, ആരാധനാലയം എന്നിവിടങ്ങളിൽ വിവിധ സാമൂഹിക വിഭാഗങ്ങളിൽ പെട്ടവർ തമ്മിലുള്ള പെരുമാറ്റം എങ്ങനെയായിരിക്കും എന്ന് ചർച്ച ചെയ്യുക.

പള്ളി നടത്തുന്ന പല മതകർമ്മങ്ങളിലും ഫ്യൂഡൽ വരേണ്യവർഗത്തിന്റെ പല ആചാരങ്ങളും പകർത്തിയിട്ടുണ്ട്. മുട്ടുകുത്തി, കൈകൂപ്പി, തലകുനിച്ചുള്ള പ്രാർഥനാരീതിക്ക് യോദ്ധാക്കൾ (knights) തങ്ങളുടെ പ്രഭുവിനോട് വിധേയത്വം പ്രകടിപ്പിക്കുമ്പോഴുള്ള ആചാരരീതിയുമായി ബന്ധമുണ്ട്. അതുപോലെ, ദൈവത്തെ 'പ്രഭോ' എന്ന് അഭിസംബോധന ചെയ്യുന്നതിലും ഈ സ്വാധീനം കാണാം. ഇത്തരത്തിൽ മതലോകവും ഫ്യൂഡലിസത്തിലെ ഭൗതിക ലോകവും പല ആചാരങ്ങളും പ്രതീകങ്ങളും പങ്കുവച്ചു.

## സന്യാസിമാർ (Monks)

ഭക്തരായ ക്രിസ്ത്യാനികൾക്ക് പള്ളി കൂടാതെ മറ്റൊരു സ്ഥാപനം കൂടി ഉണ്ടായിരുന്നു. പുരോഹിതർ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ജനമധ്യത്തിൽ വസിച്ചപ്പോൾ ചില വിശ്വാസികൾ ഏകാന്തജീവിതം സ്വീകരിച്ചു. ഇവർ മനുഷ്യവാസപ്രദേശങ്ങളിൽ നിന്ന് വളരെ അകന്നുമാറി താമസിക്കുകയും, സന്യാസിമഠങ്ങൾ അഥവാ ആശ്രമങ്ങൾ (abbeys or monasteries) എന്നറിയപ്പെട്ടിരുന്ന മത സമൂഹങ്ങളായി നിലകൊള്ളുകയും ചെയ്തു. ഇവയിൽ പ്രസിദ്ധമായ രണ്ട് ആശ്രമങ്ങളാണ് സി.ഇ. 529 ൽ വിശുദ്ധ ബനഡിക്ട് ഇറ്റലിയിലും സി.ഇ. 910 ൽ ക്ലൂണി ബർഗണ്ടിയിലും സ്ഥാപിച്ചവ.

> 'മൊണാസ്ട്രി' ('Monastery') എന്ന പദം ഗ്രീക്ക് പദമായ *'മൊണോസിൽ' ('monos')* നിന്നും ഉണ്ടായതാണ്. ഒറ്റയ്ക്ക് താമസിക്കുന്നവൻ എന്നാണിതിനർഥം

ആശ്രമങ്ങളിലെത്തുന്ന സന്യാസിമാർ ശിഷ്യകാലം അവിടെ പ്രാർഥനയും പഠനവും കൃഷി പോലുള്ള കായികാധ്വാനങ്ങളുമായി ചെലവഴിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്തിരുന്നു. പൗരോഹിത്യത്തിൽ നിന്നും വ്യത്യസ്തമായി ഈ ജീവിതത്തിലേക്ക് പുരുഷന്മാർക്കും സ്ത്രീകൾക്കും കടന്ന്വരാമായിരുന്നു. പുരുഷന്മാർ സന്യാസിമാരെന്നും (monks), സ്ത്രീകൾ കന്യാസ്ത്രീകൾ (nuns) എന്നും അറിയപ്പെട്ടു. സന്യാസിമഠങ്ങളിൽ അപൂർവം ചിലതൊഴികെ ഭൂരിഭാഗവും ഏകലിംഗ സമുദായങ്ങൾ ആയിരുന്നു. ആശ്രമങ്ങളിൽ പുരുഷന്മാരോ സ്ത്രീകളോ മാത്രമാണ് താമസിച്ചിരുന്നത്. പുരോഹിതന്മാരെപ്പോലെ തന്നെ സന്യാസിമാരും കന്യാസ്ത്രീകളും വിവാഹം കഴിച്ചിരുന്നില്ല.

ആദ്യകാലത്ത് പത്തോ ഇരുപതോ പേർ മാത്രമുണ്ടായിരുന്ന സന്യാസിമഠങ്ങൾ ക്രമേണ വളർന്ന് നൂറുകണക്കിന് വ്യക്തികളും, എസ്റ്റേറ്റുകളും, കെട്ടിടങ്ങളും, സ്കൂളുകളും, കോളേജുകളും, ആശുപത്രികളും ഒക്കെയുള്ള വലിയ പ്രസ്ഥാനങ്ങളായി മാറി.



*ഇംഗ്ലണ്ടിലെ ഫാൺബറോ യിലുള്ള സെന്റ് മൈക്കി ളിന്റെ ബനഡിക്ടിൻ സന്യാസി മഠം*

ബെനഡിക്ടൻ ആശ്രമങ്ങളിൽ 73 അധ്യായങ്ങളിലായി നിയമങ്ങൾ രേഖപ്പെടുത്തിയ കയ്യെഴുത്ത് പുസ്തകം ഉണ്ടായിരുന്നു. ഈ നിയമങ്ങൾ നൂറ്റാണ്ടുകളോളം സന്യാസിമാർ പാലിച്ചിരുന്നു. അതിൽ പ്രതിപാദിച്ചിരുന്ന ചില നിയമങ്ങൾ ചുവടെ ചേർക്കുന്നു:

അധ്യായം 6 : സന്യാസിമാർക്ക് സംസാരിക്കുവാനുള്ള അനുവാദം ആപൂർവ്വമായി മാത്രമേ നൽകാവു.

അധ്യായം 7 : വിനയം എന്നാൽ അനുസരണം

അധ്യായം 33 : ഒരു സന്യാസിയും സ്വകാര്യസ്വത്ത് ആർജിക്കരുത്.

അധ്യായം 47 : നിഷ്ക്രിയത്വം ആത്മാവിന്റെ ശത്രുവാണ്, ആയതിനാൽ സന്യാസിമാരും കന്യാസ്ത്രീകളും നിശ്ചിത സമയം കായികാധ്വാനത്തിലും മതഗ്രന്ഥങ്ങളുടെ വായനയിലും മുഴുകേണ്ടതാണ്.

അധ്യായം 48 : ആശ്രമങ്ങൾ രൂപകല്പന ചെയ്യുമ്പോൾ വെള്ളം, മിൽ , പൂന്തോട്ടം, പണിശാലകൾ എല്ലാം അതിനുള്ളിൽ ഉണ്ടാകണം.



ഒരു കൈയെഴുത്ത് പുസ്തകത്തിന്റെ പണിയിൽ ഏർപ്പെട്ടിരിക്കുന്ന ബനഡിക്ടൻ സന്യാസി; തടിയിൽ കൊത്തിയ രൂപം

അവ കലകളുടെ പുരോഗതിക്കായി സംഭാവനകൾ ചെയ്തു. മഠാധിപയായിരുന്ന ഹിൽഡെഗാർഡ് (പേജ് 127 കാണുക) മികച്ച ഒരു സംഗീതജ്ഞയായിരുന്നു.

പള്ളിയിലെ സമൂഹപ്രാർഥനകൾ വികസിപ്പിച്ചെടുക്കുന്നതിൽ അവർ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പതിമൂന്നാം നൂറ്റാണ്ടു മുതൽ ഫ്രയാർസ് (Friars) എന്നറിയപ്പെട്ട ഒരുകൂട്ടം സന്യാസിമാർ ആശ്രമം വിട്ട് ജനങ്ങൾക്കിടയിലേക്ക് വരുകയും, നാടുകൾ ചുറ്റിസഞ്ചരിച്ച് മതപ്രചാരണം നടത്തുകയും ദാനധർമ്മാദികളിലൂടെ ജീവിക്കുകയും ചെയ്തു.

പതിനാലാം നൂറ്റാണ്ടോടെ സന്യാസിമഠപ്രസ്ഥാനത്തിന്റെ മൂല്യവും ഉദ്ദേശവും സംബന്ധിച്ച് അനിശ്ചിതത്വം വളർന്ന് വന്നു. ഇംഗ്ലണ്ടിൽ ലാങ്ലണ്ടിന്റെ (Langland) *പിയേഴ്സ് പ്ലോമൻ (Piers Plowman*-സി.1360-70) എന്ന കവിത 'ദരിദ്രരായ കർഷകരുടെയും ഇടയരുടെ'യും 'ശുദ്ധമായ ഭക്തി'യെ ചില സന്യാസിമാരുടെ ആഡംബര ജീവിതവുമായി താരതമ്യം ചെയ്യുന്നതായിരുന്നു. ഇംഗ്ലണ്ടിലെ തന്നെ ചോസർ (Chaucer) എഴുതിയ *കാന്റർബറി ടെയ്ൽസ് (Canterbury Tales)* ഒരു കന്യാസ്ത്രീ, ഒരു സന്യാസി, ഒരു ഫ്രയാർ എന്നിവരെ പരിഹാസപൂർവം ചിത്രീകരിച്ചു. (കവിത അന്യത്ര ചേർത്തിരിക്കുന്നു)

## പള്ളിയും സമൂഹവും (The Church and Society)

ക്രൈസ്തവരായി മാറിയ യൂറോപ്യരിൽ പലരും മാന്ത്രികതയിലും നാടോടി പാരമ്പര്യങ്ങളിലും ഉള്ള പഴയ വിശ്വാസം നിലനിർത്തിപ്പോന്നു. നാലാം നൂറ്റാണ്ടോടെ ക്രിസ്തുമസും ഈസ്റ്ററും പ്രധാന ദിനങ്ങളായി മാറി. റോമൻ കാലഘട്ടത്തിന് മുമ്പുണ്ടായിരുന്ന സൗരകലണ്ടറിലെ ആഘോഷ ദിനമായിരുന്ന ഡിസംബർ 25 ക്രിസ്തുവിന്റെ ജന്മദിനമായി ആഘോഷിച്ചു തുടങ്ങി. ക്രിസ്തുവിന്റെ കുരിശു മരണത്തിന് ശേഷമുള്ള ഉയിർത്തെഴുന്നേൽപ്പിനെയാണ് ഈസ്റ്റർ പ്രതിനിധാനം ചെയ്യുന്നത്. ഈസ്റ്ററിന്റെ തീയതി ചന്ദ്രപൗർണമിയെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. നീണ്ട ശൈത്യത്തിന് ശേഷം എത്തുന്ന വസന്തത്തെ വരവേൽക്കാൻ പുരാതനകാലത്ത് ചാന്ദ്ര കലണ്ടറിനെ അടിസ്ഥാനപ്പെടുത്തി നടത്തിയിരുന്ന ഉത്സവത്തിന് പകരമായി ഈസ്റ്ററിനെ പ്രതിഷ്ഠിച്ചതിനാലാണ് ഇങ്ങനെ സംഭവിച്ചത്. പരമ്പരാഗതമായി ഈ ദിവസം ജനങ്ങൾ തങ്ങളുടെ ഗ്രാമഭൂമിയിൽ പര്യടനം നടത്തിയിരുന്നു. ക്രിസ്തുമതത്തിന്റെ വരവിനുശേഷവും അവർ ഇത് തുടർന്നു. എന്നാൽ ഗ്രാമങ്ങളെ അവർ 'ഇടവക' ('parish') - ഒരു പുരോഹിതന്റെ മേൽനോട്ടത്തിൻ കീഴിൽ ഉള്ള പ്രദേശം- എന്നു വിളിച്ചു. അമിതാധ്വാനത്താൽ വലഞ്ഞിരുന്ന കർഷകർ ഈ വിശുദ്ധ ദിനങ്ങളെ/അവധിദിനങ്ങളെ സ്വാഗതം ചെയ്തു. കാരണം ഈ ദിനങ്ങൾ ഒഴിവുദിനങ്ങളായിരുന്നു. ഈ ദിനങ്ങൾ പ്രാർഥനയ്ക്കു വേണ്ടിയുള്ളവയായിരുന്നു. ജനങ്ങൾ ആ ദിവസങ്ങളിൽ കൂടുതൽ സമയവും ഉല്ലാസങ്ങൾക്കും വിരുന്നുസൽക്കാരങ്ങൾക്കുമായി ചെലവഴിച്ചു.


തീർഥാടനം ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ സുപ്രധാന ഭാഗമായിരുന്നു. ആയതിനാൽ ധാരാളം പേർ പ്രശസ്തമായ പള്ളികളിലേക്കും രക്തസാക്ഷികളായ വിശുദ്ധരുടെ പുണ്യസങ്കേതങ്ങളിലേക്കും ദീർഘയാത്രകൾ നടത്തി.

ഏപ്രിലിൽ മധുമഴ പൊഴിയുമ്പോൾ
അത് മാർച്ചിന്റെ വരണ്ട വേരുകളിൽ തുളച്ചു കയറുമ്പോൾ
ചെറുകിളികൾ ഈണമുതിർക്കുമ്പോൾ
തുറന്ന മിഴികളോടെ അവ നിദ്രയിലാണ്ടു രാവുതാണ്ടുമ്പോൾ...
(പ്രകൃതി അങ്ങനെ അവരെ മുറിവേൽപ്പിക്കുകയും അവരുടെ ഹൃദയങ്ങളെ വ്യാപരിപ്പിക്കുകയും ചെയ്തു).
അപ്പോൾ ലോകർ തീർഥാടനങ്ങൾക്കായഭിലഷിച്ചു,
വിഭിന്ന ദേശങ്ങളിൽ ആദരിക്കപ്പെടുന്ന വിദൂര വിശുദ്ധരുടെ പുണ്യസങ്കേതങ്ങൾ പൂകാൻ
വിദൂരഗാമികളായ സന്യാസിമാർ അഭിലഷിച്ചു.
ഇംഗ്ലണ്ടിന്റെ ഗ്രാമങ്ങളോരോന്നിൽ നിന്നും നീളുന്ന യാത്രാപഥങ്ങൾ അവരെ സവിശേഷമായും കാന്റർബറിയിലേക്കു നയിച്ചു.

– ജെഫ്രി ചോസർ (സി.1340–1400), *കാന്റർബറി ടെയ്ൽസ്,* മധ്യകാല ഇംഗ്ലീഷിലെഴുതപ്പെട്ട ശ്ലോകത്തിന്റെ ഭാഷാന്തരമാണിത്.

## മൂന്നാം വിഭാഗം : കർഷകർ, സ്വതന്ത്രരും അസ്വതന്ത്രരും (The Third Order : Peasants, Free and Unfree)

ഇനി നമുക്ക് ഒന്നും രണ്ടും വിഭാഗങ്ങളെ നിലനിർത്തിയിരുന്ന വലിയ ജനവിഭാഗമായ കർഷകരിലേക്ക് തിരിയാം. സ്വതന്ത്ര കർഷകർ, അടിയാന്മാർ എന്നിങ്ങനെ രണ്ടുതരം കർഷകർ ഉണ്ടായിരുന്നു.




ഒരു ഇംഗ്ലീഷ് ഉഴവുകാരൻ: പതിനാറാം നൂറ്റാണ്ടിലെ രേഖാചിത്രം.

സ്വതന്ത്ര കർഷകർ യജമാനന്റെ കുടിയാൻമാർ എന്ന നിലയിലാണ് ഭൂമി കൈവശം വച്ചിരുന്നത്. പുരുഷ കർഷകർ വർഷത്തിൽ ചുരുങ്ങിയത് നാല്പത് ദിവസം പ്രഭുവിനുവേണ്ടി സൈനികസേവനം നടത്തണമായിരുന്നു. ആഴ്ചയിൽ മൂന്നോ അതിൽ കൂടുതലോ ദിവസം കർഷകകുടുംബം പ്രഭുവിന്റെ എസ്റ്റേറ്റിൽ പോയി പണിയെടുക്കണമായിരുന്നു. ലേബർ റെന്റ് എന്നറിയപ്പെട്ടിരുന്ന അത്തരം തൊഴിലിന്റെ ഫലം പൂർണമായി പ്രഭുവിനാണ് ലഭിച്ചിരുന്നത്. ഇതുകൂടാതെ കിടങ്ങുകൾ കുഴിക്കുക, വിറക് ശേഖരിക്കുക, വേലി കെട്ടുക, റോഡുകളും കെട്ടിടങ്ങളും നവീകരിക്കുക തുടങ്ങിയ പ്രതിഫലമില്ലാത്ത ജോലികളും അവർ ചെയ്യേണ്ടിയിരുന്നു. വയൽ പണിയിൽ സഹായിക്കുക, നൂൽ നൂൽക്കുക, വസ്ത്രം നെയ്യുക, മെഴുകുതിരി നിർമ്മിക്കുക, വീഞ്ഞുണ്ടാക്കാൻ മുന്തിരി പിഴിയുക തുടങ്ങിയ പ്രഭുവിന് ആവശ്യമുള്ള പണികളിൽ സ്ത്രീകളും കുട്ടികളും ഏർപ്പെട്ടിരുന്നു. രാജാവ് കർഷകരുടെ മേൽ നേരിട്ട് ചുമത്തിയിരുന്ന നികുതി 'തൈലെ' ('taille' ) എന്നറിയപ്പെട്ടു. പുരോഹിത-പ്രഭു വിഭാഗക്കാർ ഈ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.

അടിയാളർ പ്രഭുവിന്റെ ഭൂമിയിലാണ് കൃഷി ചെയ്തിരുന്നത്. അവർക്ക് സ്വന്തമായി കൃഷിഭൂമി ഉണ്ടായിരുന്നില്ല. ഇതിലെ ഉൽപ്പാദനത്തിന്റെ സിംഹഭാഗവും പ്രഭുവിന് നൽകേണ്ടിവന്നു. പ്രഭുവിന് മാത്രം അവകാശപ്പെട്ട സ്വകാര്യഭൂമിയിലും അവർ പണിയെടുക്കേണ്ടിവന്നു. അവർക്ക് പ്രതിഫലം ലഭിച്ചിരുന്നില്ല. കൂടാതെ യജമാനന്റെ അനുവാദം ഇല്ലാതെ എസ്റ്റേറ്റ് വിട്ടുപോകാനും കഴിയുമായിരുന്നില്ല. തന്റെ അടിയാളരുടെ ചെലവിൽ പ്രഭു ചില കുത്തകാവകാശങ്ങൾ അനുഭവിച്ചിരുന്നു. അടിയാളർക്ക് തങ്ങളുടെ ധാന്യം പ്രഭുവിന്റെ മില്ലിൽ മാത്രമേ പൊടിക്കാൻ കഴിയുമായിരുന്നുള്ളൂ. ബ്രഡ്ഡ് നിർമ്മാണത്തിന് പ്രഭുവിന്റെ ഓവനും, വീഞ്ഞുണ്ടാക്കാൻ പ്രഭുവിന്റെ വീഞ്ഞു നിർമ്മാണശാലയും മാത്രമേ അടിയാളർ ഉപയോഗിക്കാൻ പാടുണ്ടായിരുന്നുള്ളൂ. അടിയാളർ ആരെ വിവാഹം കഴിക്കണമെന്ന് തീരുമാനിച്ചിരുന്നതും പ്രഭുവായിരുന്നു. അടിയാളന്റെ ഇഷ്ടത്തിനുള്ള വിവാഹത്തിന് അനുവാദം നൽകുന്നതിനായി പ്രഭു പ്രതിഫലം ഈടാക്കിയിരുന്നു.

## ഇംഗ്ലണ്ട് (England)

പതിനൊന്നാം നൂറ്റാണ്ട് മുതലാണ് ഇംഗ്ലണ്ടിൽ ഫ്യൂഡലിസം വികാസം പ്രാപിച്ചത്.

മധ്യ യൂറോപ്പിലെ ആംഗ്ൾസും, സാക്സണുകളും ആറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ താമസമുറപ്പിച്ചിരുന്നു. ഇംഗ്ലണ്ട് എന്ന രാജ്യനാമം 'ആംഗിൾ ലാന്റി'ൽ നിന്നുണ്ടായ

*ഇംഗ്ലണ്ടിലെ നിലവിലെ രാജ്ഞി വില്യം ഒന്നാമന്റെ പിൻതുടർച്ചക്കാരിയാണ്.

താണ്. നോർമണ്ടിയിലെ ഡ്യൂക്കായ വില്യം രാജകുമാരൻ* പതിനൊന്നാം നൂറ്റാണ്ടിൽ തന്റെ സൈനികരുമായി ഇംഗ്ലീഷ് ചാനൽ കടന്ന് ഇംഗ്ലണ്ടിലെ സാക്സൺ രാജാവിനെ പരാജയപ്പെടുത്തി. ഈ ആക്രമണം മുതൽ ഫ്രാൻസും ഇംഗ്ലണ്ടും ശത്രുക്കൾ ആകുകയും, പ്രദേശത്തിനും വ്യാപാരത്തിനും വേണ്ടി നിരന്തരം യുദ്ധങ്ങളിൽ ഏർപ്പെടുകയും ചെയ്തു.



*പതിമൂന്നാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ ഹെവെർ കോട്ടമന്ദിരം.*

വില്യം ഒന്നാമൻ രാജ്യത്തിന്റെ ഭൂപടം തയാറാക്കുകയും വിവിധ ഭാഗങ്ങളായി രാജ്യത്തെ തിരിച്ച് അദ്ദേഹത്തോടൊപ്പം കുടിയേറിയ 180 നോർമൻ പ്രഭുക്കന്മാർക്ക് വിതരണം ചെയ്യുകയും ചെയ്തു. ഈ പ്രഭുക്കന്മാർ രാജാവിന്റെ മുഖ്യ കുടിയാന്മാരായി മാറി. ആവശ്യം വരുമ്പോൾ അവർ രാജാവിന് സൈനിക സേവനം നൽകേണ്ടതുണ്ടായിരുന്നു. പ്രഭുക്കൻമാർ രാജാവിന് നിശ്ചിത എണ്ണം യോദ്ധാക്കളെ നൽകണമായിരുന്നു. തുടർന്ന് പ്രഭുക്കന്മാർ തങ്ങളുടെ സ്വന്തം ഭൂമിയുടെ നിശ്ചിത ഭാഗം നൈറ്റുകൾക്ക് നൽകുകയും, പ്രഭുക്കന്മാർ രാജാവിന് നൽകിയ അതേ സേവനങ്ങൾ നൈറ്റുകൾ പ്രഭുക്കൾക്കും നൽകണമെന്ന രീതി ഉണ്ടാവുകയും ചെയ്തു. എന്നാൽ പ്രഭുക്കൻമാർക്ക് തങ്ങളുടെ സ്വകാര്യ യുദ്ധങ്ങൾക്ക് നൈറ്റുകളെ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. ഇംഗ്ലണ്ടിൽ ഇത്തരം സ്വകാര്യയുദ്ധങ്ങൾ നടത്തുന്നത് നിഷിധമായിരുന്നു. ആംഗ്ലോ-സാക്സൺ കർഷകർ പലതട്ടിലുള്ള ഭൂവുടമകളുടേയും കുടിയാന്മാരായി തീർന്നു.

## സാമൂഹിക സാമ്പത്തിക ബന്ധങ്ങളെ ബാധിക്കുന്ന ഘടകങ്ങൾ (Factors Affecting Social and Economic Relations)

ഒന്നും രണ്ടും വിഭാഗങ്ങൾ ഫ്യൂഡൽ സാമൂഹിക വ്യവസ്ഥയെ സ്ഥിരതയുള്ളതും മാറ്റമില്ലാത്തതും ആയി വീക്ഷിച്ചപ്പോൾത്തന്നെ ഈ സംവിധാനം നിരവധി മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരുന്നു. ഈ മാറ്റങ്ങളിൽ ചിലത്, ഉദാഹരണത്തിന് പരിസ്ഥിതിയിൽ വന്ന മാറ്റങ്ങൾ, അതി സൂക്ഷ്മവും ക്രമാനുഗതവുമായിരുന്നപ്പോൾ കാർഷിക സാങ്കേതിക വിദ്യയിലും ഭൂമിയുടെ ഉപയോഗത്തിലും വന്ന മാറ്റങ്ങൾ നാടകീയമായിരുന്നു. പ്രഭുവും കുടിയാനും തമ്മിലുള്ള സാമൂഹിക സാമ്പത്തിക ബന്ധങ്ങളെപ്പോലും ഈ മാറ്റങ്ങൾ രൂപപ്പെടുത്തുകയും സ്വാധീനിക്കുകയും ചെയ്തു. നമുക്ക് ഈ മാറ്റങ്ങൾ ഓരോന്നായി പരിശോധിക്കാം.

## പരിസ്ഥിതി (The Environment)

അഞ്ചാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടുവരെ യൂറോപ്പിന്റെ ഭൂരിഭാഗം പ്രദേശവും വിസ്തൃതമായ വനങ്ങളായിരുന്നു. ആയതിനാൽ കൃഷിക്ക് ലഭ്യമായ ഭൂമി വളരെ പരിമിതമായിരുന്നു. കടുത്ത അടിച്ചമർത്തലിൽ അസംതൃപ്തരാകുമ്പോൾ കർഷകർ വനങ്ങളിലേക്ക് ഓടിപ്പോയി അഭയം പ്രാപിക്കുമായിരുന്നു. ഈ കാലയളവിൽ യൂറോപ്പ് അസഹനീയമായ ശൈത്യത്തിന്റെ പിടിയിലായിരുന്നു. ഈ കൊടും ശൈത്യം കൃഷിയെയും വിളവിനെയും സാരമായി ബാധിക്കുകയും ഉൽപ്പാദനം ഗണ്യമായി കുറയുകയും ചെയ്തു.

പതിനൊന്നാം നൂറ്റാണ്ടുമുതൽ യൂറോപ്പിലെ കാലാവസ്ഥ കൂടുതൽ ഊഷ്മളമായിത്തീർന്നു. ശരാശരി താപനില വർധിക്കുകയും ഇത് കാർഷികരംഗത്ത് പ്രകടമായ മാറ്റം ഉണ്ടാക്കുകയും ചെയ്തു. മഞ്ഞിന്റെ അഭാവത്തിൽ നിലം ഉഴുതു മറിക്കാനും കൂടുതൽ കാലം മെച്ചപ്പെട്ട വിളവിറക്കാനും കർഷകർക്ക് കഴിഞ്ഞു. യൂറോപ്പിൽ മിക്കയിടങ്ങളിലും വനമേഖല ഗണ്യമായ തോതിൽ കുറഞ്ഞു വന്നതായി പാരിസ്ഥിതിക ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ കൃഷിയിടങ്ങളുടെ വ്യാപ്തി ഗണ്യമായി വർധിപ്പിക്കാനും കഴിഞ്ഞു.

## ഭൂമിയുടെ ഉപയോഗം (Land Use)

വളരെ പ്രാകൃതമായ കാർഷിക സാങ്കേതിക വിദ്യയാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. കാളകൾ വലിച്ചിരുന്ന തടിക്കലപ്പയാണ് കൃഷിയിൽ കർഷകരെ സഹായിക്കാൻ ഉണ്ടായിരുന്ന ഏകയന്ത്രം. ഇതാകട്ടെ, മണ്ണിന്റെ ഉപരിതലം മാത്രമേ ഇളക്കി മറിച്ചിരുന്നുള്ളു. അതിനാൽത്തന്നെ കൃഷിയിലൂടെ മണ്ണിന്റെ പരമാവധി ഉൽപ്പാദനക്ഷമത ചൂഷണം ചെയ്തെടുക്കാൻ കർഷകർക്ക് കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് കൃഷി കൂടുതൽ മനുഷ്യാധ്വാന കേന്ദ്രീകൃതമായിരുന്നു. കൃഷിഭൂമി മിക്കവാറും നാലു വർഷത്തിലൊരിക്കൽ കിളച്ചുമറിക്കണമായിരുന്നു. അതിന് വൻതോതിൽ കായികാധ്വാനം ആവശ്യമായിരുന്നു.

ഫലപ്രദമല്ലാത്ത രീതിയിലുള്ള വിളമാറ്റ കൃഷിരീതി (crop rotation) നിലവിലുണ്ടായിരുന്നു. ഭൂമിയെ രണ്ടു ഭാഗങ്ങളായിത്തിരിക്കുകയും ഒരുഭാഗത്ത് ശരത്കാലത്ത് ശൈത്യകാല ഗോതമ്പ് (winter wheat) കൃഷിചെയ്യുകയും മറുഭാഗം തരിശിടുകയും ചെയ്തു. പിറ്റേവർഷം ആദ്യം തരിശിട്ട ഭാഗത്ത് വരക് അഥവാ കമ്പ് (റൈ/Rye) എന്ന ധാന്യം കൃഷിചെയ്യുകയും ആദ്യം കൃഷി ചെയ്ത ഭാഗം തരിശിടുകയും ചെയ്തു. ഈ സമ്പ്രദായത്തിൽ മണ്ണിന്റെ ഫലപുഷ്ടി ക്രമേണ നഷ്ടപ്പെട്ടു. വിനാശകരമായ ക്ഷാമങ്ങളും പോഷകാഹാരക്കുറവും സാധാരണക്കാരന്റെ ജീവിതം ദുരിതത്തിലാക്കി.

ഈ ദുരിതങ്ങൾക്കിടയിലും പ്രഭുക്കന്മാർ ശ്രദ്ധിച്ചിരുന്നത് അവരുടെ വരുമാനം വർധിപ്പിക്കുന്നതിനായിരുന്നു. കൃഷിഭൂമിയിൽ നിന്ന് ഉൽപ്പാദനം വർധിപ്പിക്കാൻ കഴിയാതെ വന്നതോടെ മനോറിയൽ എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയിലും കൃഷി ചെയ്യുവാനായി അവർ കർഷകരെ നിർബന്ധിതരാക്കി. കൂടാതെ നിയമപ്രകാരം ഉള്ളതിനേക്കാൾ കൂടുതൽ സമയം പണിയെടുക്കുവാൻ അവർ കർഷകരെ നിർബന്ധിച്ചു. ഈ പീഡനങ്ങൾ നിശ്ശബ്ദമായി സഹിക്കാൻ കർഷകർ ഒരുക്കമായിരുന്നില്ല. പരസ്യമായി പ്രതിഷേധിക്കാൻ കഴിയാത്തതിനാൽ അവർ പരോക്ഷമായ ചെറുത്തുനിൽപ്പുരീതികൾ സ്വീകരിച്ചു. അവർ കൂടുതൽ സമയം തങ്ങളുടെ സ്വന്തം കൃഷിഭൂമിയിൽ പണിയെടുത്തു. അതിൽ നിന്നുള്ള ഉൽപ്പന്നം സ്വന്തമാക്കിയെടുത്ത് പ്രതിഷേധിച്ചു. കൂലിയില്ലാതെ പ്രഭുക്കൻമാർക്ക്വേണ്ടി ജോലി ചെയ്യുന്നതിൽ നിന്ന് അവർ ഒഴിഞ്ഞു നിന്നു. മേച്ചിൽപ്പുറങ്ങൾ, വനഭൂമികൾ എന്നിവയെച്ചൊല്ലി അവർ പ്രഭുക്കന്മാരോട് കലഹിച്ചു. ഇവ സമൂഹത്തിന്റെ പൊതുവായ സ്വത്തായി കർഷകർ വീക്ഷിച്ചു. എന്നാൽ, ഇവ തങ്ങളുടെ സ്വകാര്യ സ്വത്തായാണ് പ്രഭുക്കൾ കരുതിയിരുന്നത്.

## പുതിയ കാർഷിക സാങ്കേതികവിദ്യ (New Agricultural Technology)

11-ാം നൂറ്റാണ്ടോടെ യൂറോപ്പിലെ കാർഷികരംഗത്ത് സാങ്കേതികവിദ്യയുടെ സ്വാധീനം പലവിധത്തിൽ ദൃശ്യമായിത്തുടങ്ങി. പഴയ തടിക്കലപ്പകളുടെ സ്ഥാനത്ത് ഇരുമ്പിന്റെ കൊഴു ഘടിപ്പിച്ച ഭാരമേറിയ കലപ്പകൾ ഉപയോഗിച്ച് മണ്ണ് ആഴത്തിൽ ഉഴുതു മറിക്കാനും ബോർഡിൽ ഘടിപ്പിച്ച കലപ്പകളുപയോഗിച്ച് അവ നിരത്താനും കഴിഞ്ഞു. ഇതോടെ മണ്ണിലെ പോഷക ഘടകങ്ങൾ നന്നായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു.

മൃഗങ്ങളെ കലപ്പയോട് ബന്ധിക്കുന്ന രീതികളും മെച്ചപ്പെട്ടു. കഴുത്തുപട്ടയ്ക്ക് പകരം തോൾപ്പട്ട നിലവിൽ വന്നു. ഇതോടെ മൃഗങ്ങൾക്ക് കൂടുതൽ ശക്തി ഉപയോഗിക്കാൻ കഴിഞ്ഞു. കുതിരകൾക്ക് ഇരുമ്പുലാടങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതോടെ അവയുടെ പാദങ്ങളുടെ തേയ്മാനം കുറയ്ക്കാൻ കഴിഞ്ഞു. കാർഷികരംഗത്ത് വൻതോതിൽ കാറ്റിന്റെയും ജലത്തിന്റെയും ഊർജം ഉപയോഗിക്കാൻ തുടങ്ങി. ധാന്യം പൊടിക്കുന്നതിനും മുന്തിരി പിഴിഞ്ഞ് വീഞ്ഞ് ഉണ്ടാക്കുന്നതിനുമായി കാറ്റിന്റെയും ജലത്തിന്റെയും ശക്തികൊണ്ട് പ്രവർത്തിക്കുന്ന മില്ലുകൾ യൂറോപ്പിലാകമാനം നിലവിൽ വന്നു.

ഭൂമിയുടെ ഉപയോഗത്തിലും വലിയ മാറ്റങ്ങൾ വന്നു. ഇതിൽ വിപ്ലവകരമായ മാറ്റം രണ്ടു നിലങ്ങളിൽ ഇടവിട്ട് നടത്തുന്ന കൃഷി സമ്പ്രദായത്തിൽ നിന്ന് മൂന്നു നിലങ്ങളിൽ ഇടവിട്ട് കൃഷി ചെയ്യുന്ന സമ്പ്രദായത്തിലേക്കുള്ള മാറ്റമായിരുന്നു. ഈ സമ്പ്രദായത്തിൽ കർഷകർക്ക് ഒരു കൃഷിഭൂമി മൂന്നു വർഷത്തിനിടയിൽ രണ്ടുവർഷം കൃഷി ചെയ്യാൻ കഴിഞ്ഞിരുന്നു. ശരത്കാലത്ത് ഒരുവിള കൃഷിചെയ്യാനും ഒന്നരവർഷം കഴിഞ്ഞ് വസന്തകാലത്ത് മറ്റൊരു വിളയിറക്കാനും കഴിഞ്ഞു. ചുരുക്കത്തിൽ കർഷകർ തങ്ങളുടെ ഭൂമിയെ മൂന്നു ഭാഗങ്ങളായി തിരിച്ച് കൃഷി ചെയ്യാനാരംഭിച്ചു. ഒന്നിൽ ഗോതമ്പോ വരകോ മനുഷ്യന്റെ ഉപയോഗത്തിനായി ശരത്കാലത്ത് കൃഷിചെയ്തു. അടുത്ത ഭാഗത്ത് വസന്തകാലത്ത് പയർ വർഗങ്ങളോ ബീൻസോ മനുഷ്യന്റെ ആവശ്യത്തിനുവേണ്ടിയും, ഓട്സോ, ബാർലിയോ കുതിരകളുടെ ആവശ്യത്തിനായും കൃഷി ചെയ്തു. മൂന്നാം ഭാഗം തരിശ്ശിട്ടു. ഓരോ വർഷവും ഈ മൂന്നു ഭാഗങ്ങളും കർഷകർ വിള മാറിമാറി കൃഷി ചെയ്തു.

ഈ ഗുണകരമായ മാറ്റങ്ങൾ വന്നതോടെ ഓരോ യൂണിറ്റ് ഭൂമിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഭക്ഷണത്തിന്റെ അളവ് ഗണ്യമായി വർധിച്ചു. ഭക്ഷ്യലഭ്യത ഏതാണ്ട് ഇരട്ടിയായി. പയറുവർഗങ്ങളും ബീൻസും കൂടുതൽ ഉപയോഗിക്കാൻ തുടങ്ങിയതോടെ ശരാശരി യൂറോപ്യന്മാരുടെ ആഹാരക്രമത്തിൽ പ്രോട്ടീന്റെ അളവ് വർധിച്ചു. കൂടാതെ ഇവയിൽ നിന്ന് കാലിത്തീറ്റയും ലഭ്യമായി. ഈ മാറ്റങ്ങൾ കർഷകർക്ക് പുതിയ അവസരങ്ങൾ ഒരുക്കി. കുറച്ചു ഭൂമിയിൽ നിന്ന് അവർക്ക് കൂടുതൽ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. ശരാശരി 100 ഏക്കർ ഉണ്ടായിരുന്ന കർഷകന്റെ കൃഷിഭൂമി ഇരുപതോ മുപ്പതോ ഏക്കർ ആയിട്ട് പതിമൂന്നാം നൂറ്റാണ്ടോടെ ചുരുങ്ങി. ചെറിയ കൃഷിഭൂമികളിൽ കൂടുതൽ ഫലപ്രദമായി കൃഷി ചെയ്യാൻ കഴിഞ്ഞു. കൂടാതെ അധ്വാനത്തിന്റെ അളവ് കുറയ്ക്കാനും കർഷകർക്ക് സാധിച്ചു. അതിലൂടെ അവന് മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അധികസമയം ലഭിച്ചു.

എന്നാൽ ഈ സാങ്കേതിക മാറ്റങ്ങളിൽ പലതും പണച്ചെലവ് ഉള്ളവയായിരുന്നു. വാട്ടർ മില്ലുകളും, കാറ്റാടി മില്ലുകളും സ്ഥാപിക്കാനുള്ള ധനശേഷി കർഷകന് ഉണ്ടായിരുന്നില്ല. അതിനാൽ ഇത്തരം പ്രവൃത്തികൾക്ക് മുൻകൈയെടുത്തത് പ്രഭുവായിരുന്നു. എന്നാൽ മറ്റു ചില മേഖലകളിൽ കർഷകർക്ക് മുൻകൈ എടുക്കാൻ സാധിച്ചു. കൂടുതൽ തരിശുഭൂമികൾ കൃഷിക്ക് അനുയോജ്യമാക്കാൻ അവർക്ക് കഴിഞ്ഞു. വർഷത്തിൽ മൂന്നു പ്രാവശ്യം വിളവിറക്കുന്ന വിളപരിവൃത്തിക്കൃഷിസമ്പ്രദായത്തിലേക്ക് (three-field rotation of crops) മാറാനും, വിള മാറ്റക്കൃഷി ചെയ്യാനും അവർക്ക് കഴിഞ്ഞു. കൂടാതെ അവർ ഗ്രാമങ്ങളിൽ ആലകളും, ഉലകളും സ്ഥാപിച്ചു. അവിടെ അവർ ഇരുമ്പു കൊഴുകളും, കുതിര ലാടങ്ങളും നിർമ്മിക്കുകയും കുറഞ്ഞ നിരക്കിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു.

സാമ്പത്തിക കൈമാറ്റങ്ങൾ കൂടുതൽ പണാധിഷ്ഠിതമായി മാറിയതോടെ പതിനൊന്നാം നൂറ്റാണ്ടു മുതൽ ഫ്യൂഡലിസത്തിന്റെ അടിസ്ഥാനമായിരുന്ന വ്യക്തിപരമായ കെട്ടുപാടുകൾ ദുർബലമാകാൻ തുടങ്ങി. പ്രഭുക്കൻമാർ തങ്ങൾക്ക് ലഭിക്കേണ്ട പാട്ടം സേവനത്തിനു പകരം പണമായി പിരിക്കുന്നത് കൂടുതൽ സൗകര്യമായി കണ്ടു. കർഷകർ ഉൽപ്പന്നം കൈമാറുന്നതിനു പകരം തങ്ങളുടെ ഉൽപ്പന്നം പണത്തിന് വ്യാപാരികൾക്ക് വിൽക്കാനും തുടങ്ങി. വ്യാപാരികൾ ഈ ഉൽപ്പന്നങ്ങൾ നഗരങ്ങളിൽ വിറ്റഴിച്ചു. പണത്തിന്റെ ഉപയോഗം വർധിച്ചതോടെ സാധനങ്ങളുടെ വില നിലവാരത്തെയും അത് ബാധിക്കാൻ തുടങ്ങി. വിള മോശമാകുമ്പോൾ വില വളരെ വർധിച്ചിരുന്നു. ഉദാഹരണത്തിന്, ഇംഗ്ലണ്ടിൽ 1270 കൾക്കും 1320 കൾക്കും ഇടയ്ക്ക് കാർഷികോൽപ്പന്നങ്ങളുടെ വില ഇരട്ടിയായി വർധിച്ചു.

## ഒരു നാലാം വിഭാഗം? പുതിയ പട്ടണങ്ങളും പട്ടണജനതയും (A Fourth Order? New Towns and Townspeople)

കാർഷിക രംഗത്തുണ്ടായ വർധനവ് മൂന്ന് അനുബന്ധ മേഖലകളിൽ വളർച്ചയുണ്ടാക്കി. ജനസംഖ്യ, വ്യാപാരം, പട്ടണങ്ങൾ എന്നിവയാണ് ഈ മൂന്നു മേഖലകൾ. സി.ഇ. 1000 – ൽ ഏകദേശം 42 ദശലക്ഷമായിരുന്ന യൂറോപ്പിന്റെ ജനസംഖ്യ 1200 ആയപ്പോൾ 62 ദശലക്ഷമായും, 1300 ൽ 73 ദശലക്ഷമായും വർധിച്ചു. മേന്മയേറിയ ആഹാരപദാർഥങ്ങൾ ആയുർദൈർഘ്യം വർധിപ്പിച്ചു. പതിമൂന്നാം നൂറ്റാണ്ട് ആയപ്പോഴേക്കും ഒരു ശരാശരി യൂറോപ്യൻ എട്ടാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതിനേക്കാൾ പത്തുവർഷം അധികം ജീവിച്ചിരിക്കുന്ന അവസ്ഥയായി. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ആയുർദൈർഘ്യം, മെച്ചപ്പെട്ട ആഹാരം കഴിക്കുന്ന പുരുഷന്മാരുടേതിനേക്കാൾ കുറവായിരുന്നു.

റോമാ സാമ്രാജ്യ കാലത്തുണ്ടായിരുന്ന പട്ടണങ്ങൾ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുശേഷം നശിക്കുകയോ വിജനമാക്കപ്പെടുകയോ ചെയ്തിരുന്നു. എന്നാൽ പതിനൊന്നാം നൂറ്റാണ്ടുമുതൽ കൃഷി വർധിക്കുകയും വർധിച്ച ജനസംഖ്യയെ തീറ്റിപ്പോറ്റാൻ കാർഷികമേഖലയ്ക്ക് കഴിയുകയും ചെയ്തതോടെ പട്ടണങ്ങൾ വീണ്ടും ഉയർത്തെഴുന്നേൽക്കാൻ തുടങ്ങി. മിച്ചോൽപ്പാദനം നടത്തിയ കർഷകർക്ക് അവ വിറ്റഴിക്കാനും, തങ്ങൾക്കാവശ്യമായ പണിയായുധങ്ങളും തുണിത്തരങ്ങളും വാങ്ങുന്നതിനും പറ്റിയ ഒരു ഇടം ആവശ്യമായിരുന്നു. ഇത് ചെറിയ ചന്തകളും നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുന്ന വ്യാപാരമേളകളും വികസിക്കുന്നതിന് കാരണമായി. ഇവ ക്രമേണ നഗരങ്ങളായി രൂപാന്തരം പ്രാപിച്ചു. ഒരു നഗരചത്വരം, ഒരു പള്ളി, കച്ചവടക്കാരുടെ കടകളും വീടുകളും സ്ഥിതിചെയ്യുന്ന റോഡുകൾ, നഗരത്തിന്റെ ഭരണാധികാരികൾ കണ്ടുമുട്ടുന്ന ഒരു ഓഫീസ് എന്നിവയെല്ലാം നഗരങ്ങളുടെ സവിശേഷതകളായിരുന്നു. മറ്റുചില സ്ഥലങ്ങളിൽ ആകട്ടെ നഗരങ്ങൾ വളർന്നത് പ്രഭുക്കൻമാരുടെ വലിയ കോട്ടമന്ദിരങ്ങൾക്കും ബിഷപ്പിന്റെ എസ്റ്റേറ്റുകൾക്കും വലിയ പള്ളികൾക്കും ചുറ്റുമായിരുന്നു.



*ഫ്രഞ്ച് കത്തീഡ്രൽ പട്ടണമായ 'റീംസ്' (Reims), പതിനേഴാം നൂറ്റാണ്ടിലെ ഭൂപടം.*

**പ്രവർത്തനം 3**

തന്നിരിക്കുന്ന ഭൂപടവും അതിലുള്ള ഒരു പട്ടണത്തിന്റെ രൂപരേഖയും സശ്രദ്ധം നിരീക്ഷിക്കുക. മധ്യകാല പട്ടണങ്ങളുടെ സവിശേഷതകളായി എന്തൊക്കെയാണ് നിങ്ങൾക്ക് കാണാൻ കഴിയുന്നത്? മറ്റു സ്ഥലങ്ങളിലെയും മറ്റു കാലഘട്ടങ്ങളിലെയും പട്ടണങ്ങളിൽ നിന്ന് അവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

പട്ടണത്തിലെ ഭൂമിയുടെ ഉടമസ്ഥനായ പ്രഭുവിന് നികുതി സേവനമായി നൽകുന്ന പതിവു നിർത്തി പണമായി നൽകിത്തുടങ്ങി. നഗരങ്ങളിൽ ചെയ്യുന്ന ജോലിക്ക് പ്രതിഫലമായി കൂലി ലഭിച്ചതും ജന്മിയുടെ നിയന്ത്രണത്തിൽനിന്നും സ്വാതന്ത്ര്യം ലഭിച്ചതും കർഷക കുടുംബത്തിലെ യുവാക്കൾക്ക് പ്രത്യാശ നൽകി.

'നഗരാന്തരീക്ഷം മനുഷ്യനെ സ്വതന്ത്രനാക്കുന്നു' ('town air makes free') എന്നത് പ്രസിദ്ധമായ ഒരു പഴഞ്ചൊല്ലാണ്. സ്വാതന്ത്ര്യം കൊതിച്ച് ധാരാളം അടിയാളർ ഗ്രാമങ്ങളിൽ നിന്ന് ഓടിപ്പോയി പട്ടണങ്ങളിൽ ഒളിച്ചു താമസിച്ചു. പ്രഭുവിന്റെ കണ്ണിൽപ്പെടാതെ ഒരു അടിമ ഒരു വർഷവും ഒരു ദിവസവും താമസിച്ചാൽ അയാൾ സ്വതന്ത്രനാക്കപ്പെട്ടിരുന്നു. നഗരങ്ങളിലെ ജനങ്ങളിൽ നല്ലൊരു ഭാഗം സ്വതന്ത്ര കർഷകരോ രക്ഷപ്പെട്ടുവന്ന അടിയാളരോ ആയിരുന്നു. ഇവർ അത്ര വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിലുകൾ ചെയ്ത് പട്ടണത്തിൽ കഴിഞ്ഞു. ധാരാളം വ്യാപാരികളും കടയുടമകളും ഉണ്ടായിരുന്നു. എന്നാൽ പിന്നീട് ബാങ്കർമാരെയും വക്കീലന്മാരെയും പോലെ പ്രത്യേക വൈദഗ്ധ്യമുള്ള ആളുകളെ ആവശ്യമായി വന്നു. വലിയ പട്ടണങ്ങളിൽ മുപ്പതിനായിരത്തോളം ആളുകൾ താമസിച്ചിരുന്നു. ഇവരെയാണ് ഒരു 'നാലാം' വിഭാഗമായി കണക്കാക്കപ്പെടുന്നത്.

സാമ്പത്തിക സംഘടനയുടെ അടിസ്ഥാനം ഗിൽഡുകൾ (guilds) ആയിരുന്നു. ഓരോ കൈത്തൊഴിലിനും അഥവാ വ്യവസായത്തിനും ഒരു ഗിൽഡ് ഉണ്ടായിരുന്നു. ഈ ഗിൽഡുകൾ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ, അവയുടെ വില, വിപണനം എന്നിവയെ നിയന്ത്രിച്ചിരുന്നു. 'ഗിൽഡ് ഹാൾ' ഓരോ പട്ടണത്തിന്റേയും പ്രത്യേകതയായിരുന്നു. ഔപചാരിക ചടങ്ങുകൾക്കുള്ള കെട്ടിടമായിരുന്നു ഇത്, കൂടാതെ എല്ലാ ഗിൽഡുകളുടെയും തലവന്മാർ ഔപചാരികമായി കണ്ടുമുട്ടിയിരുന്നത് ഇവിടെ വച്ചായിരുന്നു. നഗരങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് കാവൽക്കാർ ഉണ്ടായിരുന്നു. വിരുന്ന് സൽക്കാരങ്ങൾക്കും പൗര ഘോഷയാത്രയ്ക്കും കൊഴുപ്പു കൂട്ടാൻ സംഗീതജ്ഞൻമാരെ കൊണ്ടുവന്നിരുന്നു. സഞ്ചാരികളുടെ കാര്യങ്ങൾ നോക്കിയിരുന്നത് സത്രം കാവൽക്കാർ ആയിരുന്നു.


പതിനൊന്നാം നൂറ്റാണ്ടോടെ പടിഞ്ഞാറൻ ഏഷ്യയിലേക്കുള്ള പുതിയ വ്യാപാര പാതകൾ വികസിച്ചുതുടങ്ങി. (പ്രമേയം 5 കാണുക.) സ്കാൻഡിനേവിയൻ കച്ചവടക്കാർ തുണിക്ക് പകരം കമ്പിളിയും പ്രാപ്പിടിയൻമാരെയും കൈമാറ്റം ചെയ്യുന്നതിനായി വടക്കൻ സമുദ്രഭാഗത്ത് നിന്ന് തെക്കൻ ഭാഗത്തേക്ക് യാത്ര ചെയ്തിരുന്നു. വെളുത്തീയം കച്ചവടം നടത്തുവാൻ ഇംഗ്ലീഷ് വ്യാപാരികളും എത്തി. പന്ത്രണ്ടാം നൂറ്റാണ്ടോടെ ഫ്രാൻസിൽ വ്യാപാരവും കൈത്തൊഴിലും വളർച്ച പ്രാപിച്ചു. മുൻകാലങ്ങളിൽ 'മാനറു'കളിൽ നിന്നും 'മാനറു'കളിലേക്ക് ഉപജീവനത്തിനായി സഞ്ചരിച്ചിരുന്ന കൈത്തൊഴിലുകാർ, ഒരു സ്ഥലത്ത് താമസിച്ച് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നത് എളുപ്പമായിക്കണ്ടു. പട്ടണങ്ങളുടെ എണ്ണം വർധിക്കുകയും വ്യാപാരം ഗണ്യമായി കൂടുകയും ചെയ്തതോടെ പട്ടണത്തിലെ വ്യാപാരികൾ സമ്പന്നരും പ്രബലരും ആയിത്തീർന്നു. പ്രഭുക്കൻമാരുടെ അധികാരത്തെ വെല്ലുവിളിക്കാൻ അതോടെ അവർ പ്രാപ്തരായി.

## കത്തീഡ്രൽ (ഭദ്രാസന) നഗരങ്ങൾ (Cathedral-towns)

ധനികരായ വ്യാപാരികൾ തങ്ങളുടെ പണം ചെലവഴിച്ചിരുന്ന പ്രധാന മാർഗങ്ങളിലൊന്ന് പള്ളികൾക്ക് സംഭാവന നൽകുകയായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ വലിയ പള്ളികൾ അഥവാ കത്തീഡ്രൽ പള്ളികൾ (ഭദ്രാസന പള്ളി) ഫ്രാൻസിൽ നിർമ്മിച്ചുതുടങ്ങി. ഇവയുടെ ഉടമസ്ഥത സന്യാസി മഠങ്ങൾക്കായിരുന്നുവെങ്കിലും ഇവയുടെ നിർമ്മാണത്തിനായി വിവിധ വിഭാഗം ആളുകൾ അധ്വാനമായും സാധനങ്ങളായും പണമായും സംഭാവനകൾ നൽകിയിരുന്നു. ശിലകൾ കൊണ്ട് വളരെ വർഷത്തെ പരിശ്രമത്തി

ന് ശേഷമാണ് ഭദ്രാസനപ്പള്ളികളുടെ പണി പൂർത്തീകരിച്ചത്. പള്ളികൾ പണി കഴിക്കപ്പെട്ടപ്പോൾ അവയ്ക്കു ചുറ്റുമുള്ള പ്രദേശം ജനനിബിഡമായി മാറുകയും, പണി പൂർത്തീകരിച്ചപ്പോൾ അവ തീർഥാടന കേന്ദ്രങ്ങളായി മാറുകയും ചെയ്തു. തുടർന്ന് ഇത്തരം പ്രധാന ദേവാലയങ്ങൾക്ക് ചുറ്റും ചെറു നഗരങ്ങൾ വളർന്നുവന്നു.

പള്ളിക്കകത്ത് തിങ്ങിക്കൂടുന്ന ആൾക്കൂട്ടത്തിന് പുരോഹിതന്റെ ശബ്ദം വ്യക്തമായി കേൾക്കത്തക്ക രീതിയിലാണ് പള്ളികളുടെ രൂപകൽപ്പന നടത്തിയിരുന്നത്. കൂടാതെ പള്ളികളുടെ രൂപകല്പന നടത്തുമ്പോൾ സന്യാസിമാരുടെ പ്രാർഥനാ ഗീതങ്ങൾ മനോഹരമായി മുഴങ്ങത്തക്ക രീതിയിലും, വിശ്വാസികളെ പ്രാർഥനയ്ക്കായി വിളിച്ചുവരുത്തുന്ന മണിനാദം വിദൂരതകളിൽ പോലും കേൾക്കാൻ പര്യാപ്തമായ രീതിയിലും വേണ്ട ക്രമീകരണങ്ങൾ ചെയ്തിരുന്നു. ചിത്രപ്പണിയുള്ള ജനൽ ചില്ലുകൾ ആണ് പള്ളികൾക്കുണ്ടായിരുന്നത്. പകൽസമയത്ത് ജനൽച്ചില്ലിലൂടെ കടന്നുവരുന്ന സൂര്യപ്രകാശം പള്ളിക്കകത്ത് നിൽക്കുന്നവർക്ക് ഈ ചിത്രങ്ങൾ ദൃശ്യമാക്കി. വൈകിട്ടാകട്ടെ പള്ളിക്കകത്ത് കത്തിച്ചുവയ്ക്കുന്ന മെഴുകുതിരി നാളങ്ങൾ പുറത്തുള്ളവർക്കും ഈ ദൃശ്യാനുഭവം പകർന്നു നൽകി. പള്ളികളിലെ ചായമടിച്ച ജനൽച്ചില്ലുകളിലെ ചിത്രങ്ങൾ ബൈബിൾ കഥകൾ വിവരിക്കുന്നതാണ്. അവ നിരക്ഷരർക്കും മനസ്സിലാകത്തക്ക രീതിയിലായിരുന്നു.



*സാലിസ്ബറി കത്തീഡ്രൽ, ഇംഗ്ലണ്ട്*



*പെയിന്റ് ചെയ്ത ജാലകച്ചില്ല് – കാർട്രെസ് കത്തീഡ്രൽ, ഫ്രാൻസ്, 15–ാം നൂറ്റാണ്ട്.*

'തിരുനാൾ ദിവസങ്ങളിൽ ഞങ്ങൾക്ക് അനുഭവപ്പെടുന്ന അപര്യാപ്തത നിമിത്തം, സ്ഥലം ഇടുങ്ങിയതായതിനാൽ, മനപ്പീഡയോടും ബഹളത്തോടും കൂടി സ്ത്രീകൾ പുരുഷൻമാർക്കു മുമ്പേ അൾത്താര ലക്ഷ്യമാക്കി ഓടേണ്ടി വരുന്നതിനാൽ, ഈ മഹാ ദൈവാലയം വലുതാക്കി വിസ്തൃതി വർധിപ്പിക്കാൻ ഞങ്ങൾ നിശ്ചയിച്ചു...

വിവിധ ദേശങ്ങളിൽ നിന്നുള്ള വിദഗ്ധ ഹസ്തങ്ങളാൽ പുതിയ ജാലകങ്ങളിൽ വിവിധ രീതികളിൽ ഞങ്ങൾ ചിത്രപ്പണി നടത്തിച്ചു...

അത്ഭുതകരമായ നിർമ്മാണത്താലും ഇന്ദ്രനീലസ്ഫടികത്തിന്റെയും ചിത്രപ്പണി ചെയ്ത സ്ഫടികത്തിന്റെയും ധാരാളിത്തത്താലും അമൂല്യമാണ് ഈ ജാലകങ്ങൾ എന്നതിനാൽ അവയുടെ സംരക്ഷണാർഥം ഞങ്ങൾ ഒരു കരകൗശലവിദഗ്ധനെയും സ്വർണപ്പണിക്കാരനെയും നിയമിച്ചു.... അൾത്താരയിൽ നിന്നുള്ള നാണയങ്ങളും സഹോദരരുടെ പൊതുക്കലവറയിൽ നിന്നുള്ള ധാന്യപ്പൊടിയും അവർ പ്രതിഫലമായി സ്വീകരിക്കും, ഈ കലാ വസ്തുക്കളെ പരിരക്ഷിക്കുക എന്ന തങ്ങളുടെ ദൗത്യം അവർ ഒരിക്കലും അവഗണിക്കുകയുമില്ല.'

– പാരീസിനടുത്തുള്ള സെയിന്റ് ഡെനിസിലെ മഠത്തെക്കുറിച്ച് ആബട്ട് സുജർ (1081–1151).

## പതിനാലാം നൂറ്റാണ്ടിലെ പ്രതിസന്ധി (The Crisis of the Fourteenth Century)

പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ യൂറോപ്പിന്റെ സാമ്പത്തികവികസനം മന്ദീഭവിച്ചു. ഇതിന് പ്രധാനമായും മൂന്ന് കാരണങ്ങളാണുണ്ടായിരുന്നത്.

പതിമൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ വടക്കൻയൂറോപ്പിലെ കാലാവസ്ഥയിൽ വലിയ മാറ്റങ്ങളുണ്ടായി. കഴിഞ്ഞ മുന്നൂറു വർഷത്തെ ഊഷ്മളമായ കാലാവസ്ഥ കൊടുംശൈത്യത്തിന് വഴിമാറി. കാലാവസ്ഥാമാറ്റത്തിന്റെ ഫലമായി കൃഷിക്ക് യോജ്യമായി വർഷത്തിൽ ഒരു മാസം മാത്രം ലഭിക്കുന്ന സ്ഥിതിയുണ്ടായി. കൊടും ശൈത്യത്തെ തുടർന്ന് ഉയർന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ പറ്റാത്ത സാഹചര്യവുമുണ്ടായി. കൊടുങ്കാറ്റും കടലിൽ നിന്നുണ്ടാകുന്ന വെള്ളപ്പൊക്കവും കൃഷിയിടങ്ങളെ നശിപ്പിച്ചു. ഇതേത്തുടർന്ന് ഗവൺമെന്റിന്റെ നികുതി വരുമാനത്തിൽ വൻ ഇടിവുണ്ടായി. പതിമൂന്നാം നൂറ്റാണ്ടിന് മുമ്പുണ്ടായിരുന്ന അനുകൂല കാലാവസ്ഥാസാഹചര്യങ്ങൾ മുതലെടുത്ത് കർഷകർ വൻതോതിൽ കാടും പുൽമേടുകളും കൃഷി നിലങ്ങളാക്കി മാറ്റിയിരുന്നു. എന്നാൽ ആഴത്തിൽ ഉഴുതു മറിച്ച് നടത്തിയ തുടർച്ചയായ കൃഷി, മണ്ണിന്റെ ഫലപുഷ്ടി കുറച്ചു. മൂന്ന് നിലങ്ങളിൽ ഇടവിട്ടുള്ള വിളമാറ്റ കൃഷി സമ്പ്രദായം ഉണ്ടായിട്ടുപോലും ഇത് തടയാൻ കഴിഞ്ഞില്ല. കാരണം ആവശ്യമായ മണ്ണ് സംരക്ഷണ നടപടികൾ അവർ കൈക്കൊണ്ടിരുന്നില്ല. പുൽമേടുകളിൽ വന്ന കുറവ് കാലിസമ്പത്ത് കുറയുന്നതിന് ഇടയാക്കി. വിഭവങ്ങളുടെ ലഭ്യതയേക്കാൾ ജനസംഖ്യാപ്പെരുപ്പം ഉണ്ടായി. ഇതിന്റെയെല്ലാം പെട്ടെന്നുള്ള ഫലം കടുത്ത ക്ഷാമമമായിരുന്നു. 1315 നും 1317 നുമിടയിൽ യൂറോപ്പിൽ കടുത്ത ക്ഷാമങ്ങൾ നടമാടി. തുടർന്ന് 1320 കളിൽ കന്നുകാലികൾ കൂട്ടത്തോടെ ചത്തൊടുങ്ങി.

ഇതുകൂടാതെ, ഈ സമയത്ത് വ്യാപാരത്തകർച്ചയും ഉണ്ടായി. നാണയങ്ങളിൽ ഉണ്ടായ കടുത്ത ക്ഷാമമമാണ് വ്യാപാരത്തെ ബാധിച്ചത്. ഓസ്ട്രിയ, സെർബിയ എന്നിവിടങ്ങളിലെ ഖനികളിലെ വെള്ളി ഉൽപ്പാദനത്തിലുണ്ടായ കുറവാണ് ഇതിനു പ്രധാന കാരണം. ഇതേത്തുടർന്ന് നാണയങ്ങളിലെ വെള്ളിയുടെ അംശം കുറയ്ക്കുന്നതിനും മറ്റു വിലകുറഞ്ഞ ലോഹങ്ങൾ ചേർക്കുന്നതിനും ഗവൺമെന്റുകൾ നിർബന്ധിതരായി.

വരാനിരുന്നത് ഏറ്റവും ഭയാനകമായിരുന്നു. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ വ്യാപാരം വർധിച്ചതിനെത്തുടർന്ന് വിദൂരപ്രദേശങ്ങളിൽ നിന്ന് ചരക്കുകളുമായി ധാരാളം കപ്പലുകൾ യൂറോപ്യൻ തുറമുഖങ്ങളിൽ എത്താൻ തുടങ്ങിയിരുന്നു. ഈ കപ്പലുകളിൽ ബ്യൂബോ ണിക് പ്ലേഗ് വാഹകരായ ('Black Death') ധാരാളം എലികൾ ഉണ്ടായിരുന്നു. മുൻ നൂറ്റാണ്ടുകളിൽ താരതമ്യേന ഒറ്റപ്പെട്ട് നിന്നിരുന്ന പടിഞ്ഞാറൻ യൂറോപ്പ്

ആകമാനം 1347– നും 1350 –നുമിടയിൽ ഈ മഹാമാരിയുടെ പിടിയിലകപ്പെട്ടു. യൂറോപ്പിനെ പിടിച്ചുലച്ച ഈ പകർച്ചവ്യാധി അതിന്റെ ആകെ ജനസംഖ്യയുടെ 20 ശതമാനം പേരുടെ ജീവൻ അപഹരിച്ചു. ചിലയിടങ്ങളിൽ അവിടത്തെ ജനസംഖ്യയുടെ 40 ശതമാനത്തോളം പേർ മരണപ്പെട്ടു.

'എത്രയെത്ര ധീരന്മാർ, എത്രയോ സൗന്ദര്യവതികൾ, പ്രഭാത ഭക്ഷണം തങ്ങളുടെ ബന്ധുക്കൾക്കൊപ്പം കഴിച്ച അതേ ദിവസം രാത്രി പരലോകത്തെത്തി പൂർവപിതാക്കൾക്കൊപ്പം അത്താഴമുണ്ടിരിക്കുന്നു! ജനങ്ങളുടെ അവസ്ഥ കണ്ടുനിൽക്കാനാവാത്ത വിധം ശോചനീയമായിരുന്നു. ദിവസേന ആയിരങ്ങൾ രോഗബാധിതരാകുകയും സഹായവും പരിചരണവും ലഭിക്കാതെ മരണമടയുകയും ചെയ്തു. അനേകർ തെരുവീഥികളിൽ മരിച്ചുവീണു, മറ്റു ചിലർ വീട്ടകങ്ങളിലാണ് മരിച്ചുവീണത്. ശരീരം അഴുകിയ ഗന്ധം മൂലമാണ് അത് പുറം ലോകം അറിഞ്ഞത്. പവിത്രീകരിക്കപ്പെട്ട പള്ളിപ്പരിസരങ്ങൾ ഈ അനേകമായ ശവശരീരങ്ങൾ അടക്കം ചെയ്യാൻ അപര്യാപ്തമായിരുന്നു, അവ കപ്പലിൽ ചരക്കുകളെന്ന പോലെ വലിയ കുഴികളിൽ നൂറുകണക്കിന് എണ്ണം ഒന്നിച്ച് കൂനകൂട്ടപ്പെട്ടു, അല്പം മണ്ണുമാത്രം അവയ്ക്കു മീതെ വീണു.'

– ജിയോവനി ബൊക്കാച്ചിയോ (Giovanni Boccaccio, 1313-75), ഇറ്റാലിയാൻ എഴുത്തുകാരൻ.

വ്യാപാര കേന്ദ്രങ്ങൾ എന്ന നിലയിൽ നഗരങ്ങളെയാണ് പ്ലേഗ് ഏറ്റവും കൂടുതൽ ബാധിച്ചത്. കെട്ടിയടയ്ക്കപ്പെട്ട സന്യാസിമഠങ്ങളിലും, കന്യാസ്ത്രീ മഠങ്ങളിലും ഒരാൾക്ക് പ്ലേഗ് ബാധിച്ചാൽ പെട്ടെന്ന് തന്നെ മറ്റെല്ലാവരിലേക്കും ഇത് പരന്നിരുന്നു. മിക്കവാറും എല്ലായിടത്തും ഒരാളും അവശേഷിച്ചില്ല. ശിശുക്കൾ, യുവാക്കൾ, വയോധികർ എന്നിവരെയാണ് പ്ലേഗ് ഏറ്റവും രൂക്ഷമായി ബാധിച്ചത്. 1360–കളിലും 1370–കളിലും താരതമ്യേന ചെറിയ രീതിയിലുള്ള പ്ലേഗ്ബാധയും യൂറോപ്പിലുണ്ടായി. ഇതുമൂലം 1300–ൽ എഴുപത്തി മൂന്ന് ദശലക്ഷമായിരുന്ന യൂറോപ്പിന്റെ ജനസംഖ്യ 1400 ആയപ്പോഴേക്കും നാൽപ്പത്തഞ്ച് ദശലക്ഷം ആയി കുറഞ്ഞു.

ഈ മഹാമാരിയും അതോടൊപ്പം ഉണ്ടായ സാമ്പത്തികപ്രതിസന്ധിയും യൂറോപ്പിൽ ധാരാളം സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമായി. ജനസംഖ്യയിലുണ്ടായ വലിയ കുറവ് തൊഴിലാളി ക്ഷാമത്തിന് കാരണമായി. കാർഷിക മേഖലയും നിർമ്മാണ മേഖലയും തമ്മിൽ വലിയ അസന്തുലിതാവസ്ഥ നിലവിൽ വന്നു. എന്തുകൊണ്ടെന്നാൽ രണ്ടുമേഖകളിലും പണിയെടുക്കാൻ ആവശ്യത്തിനാളുകൾ ഉണ്ടായിരുന്നില്ല. വാങ്ങാൻ ആളുകൾ കുറവായതിനാൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു. തൊഴിലാളികളുടെ എണ്ണത്തിൽ വൻ കുറവ് ഉണ്ടായതിനെത്തുടർന്ന് കൂലി, പ്രത്യേകിച്ചും കൃഷിപണിക്കാരുടെ കൂലി, ഗണ്യമായി വർധിച്ചു. ഇംഗ്ലണ്ടിൽ കറുത്ത മരണത്തിന് (Black Death) ശേഷം 250 ശതമാനത്തിലധികം കൂലി വർദ്ധനവുണ്ടായി. മരണത്തെ അതിജീവിച്ച തൊഴിലാളികൾ അവരുടെ കൂലി ഇരട്ടിയായി ആവശ്യപ്പെടാൻ തുടങ്ങി.

## സാമൂഹ്യ അസ്വസ്ഥത (Social Unrest)

പ്രഭുക്കന്മാരുടെ വരുമാനം പ്ലേഗിനു ശേഷം കുത്തനെ ഇടിഞ്ഞു. കാർഷികോൽപ്പന്നങ്ങളുടെ വില ഇടിഞ്ഞതും കൂലി ഗണ്യമായി കൂടിയതും ഇതിന് കാരണങ്ങളായി. നിരാശരായ പ്രഭുക്കന്മാർ പണക്കരാറുകൾ ഉപേക്ഷിച്ച് സേവനസമ്പ്രദായം പുനസ്ഥാപിക്കാൻ ശ്രമിച്ചു. കർഷകർ – പ്രത്യേകിച്ചും നല്ല വിദ്യാഭ്യാസവും അത്യാവശ്യം സമ്പത്തുമുള്ള കർഷകർ – ഇതിനെ ശക്തമായി എതിർത്തു. തുടർന്ന് 1323–ൽ ഫ്ളാൻഡേഴ്സിലും 1358–ൽ ഫ്രാൻസിലും 1381–ൽ ഇംഗ്ലണ്ടിലും കർഷക കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

ഈ കലാപങ്ങൾ നിഷ്കരുണം അടിച്ചമർത്തപ്പെട്ടെങ്കിലും കഴിഞ്ഞ നൂറ്റാണ്ടുകളിൽ, സാമ്പത്തികമായി അനുകൂലസാഹചര്യം ഉണ്ടായിരുന്ന പ്രദേശങ്ങളിൽ, തങ്ങൾ

നേടിയ നേട്ടങ്ങൾ ഒന്നും ഉപേക്ഷിക്കാൻ കർഷകർ തയാറല്ലെന്ന് ബോധ്യപ്പെടുത്തി ക്കൊടുക്കാൻ ഈ കലാപങ്ങൾക്ക് കഴിഞ്ഞു. കടുത്ത അടിച്ചമർത്തലിനിടയിലും, പഴയ ഫ്യൂഡൽ ബന്ധങ്ങൾ അടിച്ചേൽപ്പിക്കാൻ കഴിയില്ലെന്ന് കർഷകസമരങ്ങളുടെ തീവ്രത ബോധ്യപ്പെടുത്തി. തിരിച്ചുപോകാൻ കഴിയാത്ത വിധം പണസമ്പദ്‌വ്യവസ്ഥ അത്രമേൽ മുന്നേറിയിരുന്നു. ആയതിനാൽത്തന്നെ സമരങ്ങൾ അടിച്ചമർത്താൻ പ്രഭുകൾക്ക് കഴി ഞ്ഞെങ്കിലും ഭൂതകാലത്തെ ഫ്യൂഡൽ അധികാരങ്ങൾ തിരിച്ചുവരുന്നില്ല എന്നുറപ്പാക്കാൻ കർഷകർക്കും കഴിഞ്ഞു.

**പ്രവർത്തനം 4**

തന്നിരിക്കുന്ന സംഭവങ്ങളും പ്രക്രിയകളും അവയുടെ തീയതികളും മനസ്സിലാക്കി അവയെ ഒരു വിവരണാത്മക കുറിപ്പാക്കി മാറ്റുക.

| പതിനൊന്ന് മുതൽ പതിനാലാം നൂറ്റാണ്ടുവരെ (Eleventh to Fourteenth Centuries) | |
|---|---|
| 1066 | നോർമൻസ് ആംഗ്ലോ സാക്സൺസിനെ പരാജയപ്പെടുത്തി ഇംഗ്ലണ്ട് പിടിച്ചെടുക്കുന്നു |
| 1100 മുതൽ | ഫ്രാൻസിൽ കത്തീഡ്രൽ പള്ളികൾ നിർമ്മിക്കപ്പെടുന്നു |
| 1315–17 | യൂറോപ്പിലെ കൊടിയ ക്ഷാമം |
| 1347–50 | കറുത്ത മരണം |
| 1338–1461 | ഇംഗ്ലണ്ടും ഫ്രാൻസും തമ്മിലുള്ള നൂറ്റാണ്ട് യുദ്ധം |
| 1381 | കർഷക കലാപങ്ങൾ |

## രാഷ്ട്രീയ മാറ്റങ്ങൾ (Political Changes)

രാഷ്ട്രീയ മാറ്റങ്ങളും സാമൂഹിക പ്രക്രിയകളും സമാന്തരമായി മുന്നേറി. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ യൂറോപ്പിൽ രാജാക്കന്മാർ തങ്ങളുടെ സൈനിക സാമ്പ ത്തികാധികാരങ്ങൾ വർധിപ്പിച്ചു. യൂറോപ്പിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക മാ റ്റങ്ങളോടൊപ്പം തന്നെ പ്രധാനപ്പെട്ടതായിരുന്നു ഈ രാജാക്കന്മാർ സ്ഥാപിച്ച ശക്തമാ യ പുതിയ രാഷ്ട്രങ്ങൾ. അതിനാൽ തന്നെ ചരിത്രകാരന്മാർ ഇവരെ 'പുതിയ ഏകാധി പതികൾ' (new monarchs) എന്നു വിളിച്ചു. ഫ്രാൻസിലെ ലൂയി പതിനൊന്നാമൻ, ആസ് ട്രിയയിലെ മാക്സിമില്യൻ, ഇംഗ്ലണ്ടിലെ ഹെൻട്രി ഏഴാമൻ, സ്പെയിനിലെ ഇസബെ ല്ല, ഫെർഡിനാൻഡ് എന്നിവരൊക്കെ ഇത്തരത്തിലുള്ള സർവാധിപതികളായിരുന്നു. ഇവർ ഒരു സ്ഥിരം സൈന്യം കെട്ടിപ്പെടുക്കുകയും സ്ഥിരം ഉദ്യോഗസ്ഥവൃന്ദത്തെ രൂപ പ്പെടുത്തുകയും, ദേശീയ നികുതിസമ്പ്രദായം കൊണ്ടുവരികയും ചെയ്തു. സ്പെയി നിലെയും പോർച്ചുഗലിലേയും രാജാക്കൻമാരാകട്ടെ കടലിനക്കരേക്ക് സാമ്രാജ്യ വിസ് തൃതി വർധിപ്പിക്കാനും ശ്രമിച്ചു (പ്രമേയം 8 കാണുക).

പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ സംഭവിച്ച സാമൂഹ്യ മാറ്റങ്ങളാണ് ഈ ഏകാധിപതികളുടെ വിജയത്തിന്റെ ഒരു പ്രധാനകാരണം. യജമാന – അടിയാള ബന്ധ ത്തിലധിഷ്ഠിതമായുള്ള ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ചയും മന്ദഗതിയിലുള്ള സാമ്പ ത്തിക വളർച്ചയും തങ്ങളുടെ ശക്തരും, അശക്തരുമായ പ്രജകളുടെമേൽ നിയന്ത്രണം സ്ഥാപിക്കാൻ രാജാക്കന്മാർക്ക് ആദ്യത്തെ അവസരമൊരുക്കി. കൂടാതെ സൈന്യത്തി ന്റെ 'ഫ്യൂഡൽ ലെവി' സമ്പ്രദായം നിർത്തലാക്കുകയും ചിട്ടയായ പരിശീലനവും തോ ക്കുകൾ ഉൾപ്പെടെയുള്ള ആധുനിക ആയുധങ്ങളും നൽകി, ഒരു സ്ഥിരം സൈന്യത്തിന് രൂപം നൽകുകയും, രാജാവിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ കൊണ്ടുവരുകയും ചെയ്തു (പ്രമേയം 5 കാണുക). വെടിമരുന്നിന്റെ ശക്തികൊണ്ട് സജ്ജരായ രാജകീയ സൈന്യത്തിനു മുൻപിൽ ഫ്യൂഡൽ പ്രഭുക്കന്മാരുടെ പ്രതിരോധം തകർന്നടിഞ്ഞു.

| പുതിയ ഏകാധിപത്യം (The New Monarchy) | |
|---|---|
| 1461–1559 | ഫ്രാൻസിൽ പുതിയ ഏകാധിപതികൾ |
| 1474–1556 | സ്പെയിനിൽ പുതിയ ഏകാധിപതികൾ |
| 1485–1547 | ഇംഗ്ലണ്ടിൽ പുതിയ ഏകാധിപതികൾ |

*ഇംഗ്ലണ്ടിലെ എലിസബെത്ത് I രാജ്ഞി ഒരു ഉല്ലാസ യാത്രക്കിടയിൽ. പതിനാറാം നൂറ്റാണ്ടിന്റെ ഉത്തരാർധം*



നികുതി വർധനവിലൂടെ വലിയ സൈന്യത്തെ നിലനിർത്താനും, അതിലൂടെ അതിർത്തി പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും, അതിരുകളുടെ വ്യാപ്തി വർധിപ്പിക്കുന്നതിനും, രാജാവിന് എതിരെയുള്ള ആഭ്യന്തര കലാപങ്ങളെ അതിജീവിക്കുന്നതിനും പരാജയപ്പെടുത്തുന്നതിനും ആവശ്യമായ പണം രാജാക്കന്മാർ കണ്ടെത്തി. എന്നാൽ ഈ കേന്ദ്രീകൃത ഭരണത്തെ ഫ്യൂഡൽ പ്രഭുക്കന്മാർ എതിർക്കാതിരുന്നില്ല. രാജാക്കന്മാർക്ക് എതിരെയുള്ള പ്രതിഷേധങ്ങളിലെല്ലാം ഉയർത്തപ്പെട്ട ഒരു പൊതുപ്രശ്നം അനിയന്ത്രിത നികുതി വർധനവ് ആയിരുന്നു. 1497, 1536, 1547, 1549, 1553 എന്നീ വർഷങ്ങളിൽ ഇംഗ്ലണ്ടിൽ കലാപങ്ങൾ ഉണ്ടാവുകയും അടിച്ചമർത്തപ്പെടുകയും ചെയ്തു. ഫ്രാൻസിൽ ലൂയി പതിനൊന്നാമന് (1461– 83) പ്രഭുക്കന്മാരുമായും രാജകുമാരൻമാരുമായും നീണ്ട യുദ്ധം നടത്തേണ്ടിവന്നു. പ്രാദേശിക അസംബ്ലികളിൽ അംഗങ്ങളായിരുന്ന ചെറിയ പ്രഭുക്കന്മാരും, രാജാവ് തങ്ങളുടെ അധികാരം കയ്യാളുന്നതിനെ എതിർത്തു. പതിനാറാം നൂറ്റാണ്ടിൽ ഫ്രാൻസിൽ നടന്ന 'മത'യുദ്ധങ്ങൾ ഒരു പരിധിവരെ രാജകീയ അവകാശങ്ങളും പ്രാദേശിക സ്വാതന്ത്ര്യങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകളുടെ ഭാഗമായിരുന്നു.

എന്നാൽ പ്രഭുക്കന്മാർ തങ്ങളുടെ നിലനിൽപ്പിനായി തന്ത്രപരമായ ഒരു നയംമാറ്റം നടത്തുകയുണ്ടായി. പുതിയ രാജാക്കന്മാരുടെ എതിരാളികൾ എന്ന നിലയിൽനിന്നും അവരുടെ അനുയായികളായി ഇവർ ചുവടുമാറ്റി. അതിനാലാണ് രാജകീയ സ്വേഛാധിപത്യത്തെ ഫ്യൂഡലിസത്തിന്റെ പരിഷ്കരിച്ച പതിപ്പായി വിശേഷിപ്പിക്കുന്നത്. അങ്ങനെ ഫ്യൂഡൽ വ്യവസ്ഥയിൽ എന്നപോലെതന്നെ പ്രഭുക്കന്മാർക്ക് പുതിയ രാഷ്ട്രീയ സംവിധാനത്തിൻ കീഴിലും മേധാവിത്വം പുലർത്താൻ കഴിഞ്ഞു. ഭരണ സംവിധാനത്തിൽ അവർക്ക് സ്ഥിരം പദവികൾ ലഭിച്ചു. എന്നാൽ പുതിയ രാജവാഴ്ച പല പ്രധാന കാര്യങ്ങളിലും വ്യത്യസ്തമായിരുന്നു.

*നിമൂഴ്സ് കോട്ട മന്ദിരം (Nemours Castle) ഫ്രാൻസ്, പതിനഞ്ചാം നൂറ്റാണ്ട്.*



വിശ്വസ്തതയിലും വിധേയത്വത്തിലും അധിഷ്ഠിതമായ പരസ്പര ബന്ധങ്ങളാൽ രൂപീകൃതമായ പിരമിഡ് രൂപത്തിലുള്ള സമൂഹത്തിന്റെ

കേന്ദ്രബിന്ദുവായിരുന്നു ഫ്യൂഡൽകാലത്ത് രാജാവ്. എന്നാൽ രാജവാഴ്ചക്കാലത്ത് അദ്ദേഹം ഒരു വിശാലമായ ആശ്രിതസമൂഹത്തിന്റെ കേന്ദ്രബിന്ദുവും രക്ഷാധികാരി–സംരക്ഷിത ബന്ധങ്ങളുടെ (patron-client relation) കേന്ദ്രസ്ഥാനവുമായി മാറി. എല്ലാ രാജാധിപത്യങ്ങൾക്കും – ദുർബലമോ ശക്തമോ ആകട്ടെ – ശക്തിയും അധികാരവും ഉള്ളവരുടെ പിന്തുണ ആവശ്യമായിരുന്നു. രക്ഷാധികാരം (patronage) ഈ സഹകരണം ഉറപ്പിക്കുന്നതിനുള്ള ഒരു ഉപാധിയായി മാറി. രക്ഷാധികാരം നേടിയെടുത്തിരുന്നത് അല്ലെങ്കിൽ നൽകിയിരുന്നത്, പണം അടിസ്ഥാനമാക്കിയാണ്. അങ്ങനെ പ്രഭുക്കന്മാരല്ലാത്ത വ്യാപാരികൾക്കും ബാങ്കർമാർക്കും കൊട്ടാരവുമായി ബന്ധപ്പെടാനുള്ള ഒരുപാധിയായി പണം മാറി. അവർ രാജാവിന് പണം കടം കൊടുക്കുകയും അദ്ദേഹം അത് പട്ടാളക്കാർക്ക് ശമ്പളം നൽകാൻ ഉപയോഗിക്കുകയും ചെയ്തു. അങ്ങനെ രാജാക്കന്മാർ ഫ്യൂഡലിതര ഘടകങ്ങൾക്ക് ഭരണവ്യവസ്ഥയിൽ ഇടം നൽകി.

അധികാരഘടനയിൽ വന്ന ഈ മാറ്റങ്ങളാണ് പിൽക്കാല ഫ്രാൻസിന്റെയും ഇംഗ്ലണ്ടിന്റെയും ചരിത്രം രൂപപ്പെടുത്തിയത്. 1614 ൽ ബാലനായിരുന്ന രാജാവ് ലൂയി പതിമൂന്നാമന്റെ കാലത്താണ് ഫ്രാൻസിലെ അസംബ്ലിയായ എസ്റ്റേറ്റ് ജനറലിന്റെ (മൂന്ന് എസ്റ്റേറ്റുകളെ/വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന മൂന്നു സഭകൾ – പുരോഹിതന്മാർ, പ്രഭുക്കന്മാർ, മറ്റുള്ളവർ) യോഗം ചേർന്നത്. അതിന്ശേഷം 1789 വരെ ഏതാണ്ട് രണ്ടു നൂറ്റാണ്ടുകാലത്തോളം അസംബ്ലി വിളിച്ചുചേർത്തതേയില്ല. കാരണം രാജാവിന് മൂന്ന് വിഭാഗങ്ങളുമായി അധികാരം പങ്കുവയ്ക്കാൻ താൽപ്പര്യമില്ലായിരുന്നു.

ഇംഗ്ലണ്ടിൽ സംഭവിച്ചത് തികച്ചും വ്യത്യസ്തമായിരുന്നു. നോർമൻ ആക്രമണത്തിന് മുൻപുതന്നെ ആംഗ്ലോ–സാക്സൻമാർക്ക് ഗ്രേറ്റ് കൗൺസിൽ (Great Council) എന്നൊരു സഭയുണ്ടായിരുന്നു. രാജാവ് ഏത് നികുതി ചുമത്തുന്നതിന് മുൻപും ഈ സഭയുമായി കൂടിയാലോചിക്കണമായിരുന്നു. ഇതാണ് പിന്നീട് ബ്രിട്ടീഷ് പാർലമെന്റായി വളർന്നത്. പാർലമെന്റിന് പ്രഭുക്കന്മാരും പുരോഹിതന്മാരും അംഗങ്ങളായുള്ള ഹൗസ് ഓഫ് ലോർഡ്സ് (House of Lords) എന്നും, ഗ്രാമങ്ങളിലെയും പട്ടണത്തിലെയും ജനപ്രതിനിധികൾ അടങ്ങുന്ന ഹൗസ് ഓഫ് കോമൺസ് (House of Commons) എന്നും രണ്ട് സഭകളാണുണ്ടായിരുന്നത്. ചാൾസ് ഒന്നാമൻ രാജാവ് പതിനൊന്ന് വർഷക്കാലം പാർലമെന്റ് വിളിച്ചുകൂട്ടാതെ രാജ്യം ഭരിച്ചു (1629 –1640). അദ്ദേഹത്തിന് പണം ആവശ്യമായി വന്നപ്പോൾ പാർലമെന്റ് വിളിച്ചുകൂട്ടാൻ നിർബന്ധിതനായി. ആ സമയം ഒരു വിഭാഗം പാർലമെന്റ് അംഗങ്ങൾ അദ്ദേഹത്തിനെതിരെ യുദ്ധം ചെയ്യാൻ തീരുമാനിക്കുകയും തുടർന്ന് അദ്ദേഹത്തെ വധിച്ച് ഇംഗ്ലണ്ടിനെ ഒരു റിപ്പബ്ലിക്ക് ആയി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഇത് അധികകാലം നീണ്ടു നിന്നില്ല. പാർലമെന്റ് മുടക്കമില്ലാതെ വിളിച്ചു കൂട്ടണമെന്ന വ്യവസ്ഥയിൽ വീണ്ടും രാജഭരണം പുനസ്ഥാപിക്കപ്പെട്ടു.

ഇന്ന് ഫ്രാൻസിൽ ഒരു റിപ്പബ്ലിക്കൻ ഭരണകൂടവും ഇംഗ്ലണ്ടിൽ രാജവാഴ്ചയും ആണ് നിലനിൽക്കുന്നത്. പതിനേഴാം നൂറ്റാണ്ടിനു ശേഷം ഇരുരാജ്യങ്ങളുടെയും ചരിത്രങ്ങൾ സ്വീകരിച്ച വ്യത്യസ്ത സമീപനങ്ങൾ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്.

# അഭ്യാസങ്ങൾ (Exercises)

## ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1 ഫ്രാൻസിലെ ആദ്യകാല ഫ്യൂഡൽ സമൂഹത്തിന്റെ ഏതെങ്കിലും രണ്ടു സവിശേഷതകൾ എഴുതുക.

2. ജനസംഖ്യയിലുള്ള ദീർഘകാല മാറ്റങ്ങൾ എങ്ങനെയാണ് യൂറോപ്പിന്റെ സമ്പദ് വ്യവസ്ഥയെയും സമൂഹത്തെയും ബാധിച്ചത്?

3 നൈറ്റുകൾ എന്തുകൊണ്ടാണ് ഒരു സവിശേഷ വിഭാഗമായി മാറിയത്? എന്നാണ് അവർ അധപ്പതിച്ചത്?

4 മധ്യകാല സന്യാസിമഠങ്ങളുടെ ധർമ്മങ്ങൾ എന്തെല്ലാമായിരുന്നു?

## ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

5. മധ്യകാല ഫ്രഞ്ച് പട്ടണത്തിലെ ഒരു കൈത്തൊഴിൽകാരന്റെ ജീവിതത്തിലെ ഒരു ദിനം സങ്കൽപ്പിച്ച് വിശദീകരിക്കുക.

6 ഒരു ഫ്രഞ്ച് കുടിയാന്റെയും ഒരു റോമൻ അടിമയുടെയും ജീവിതസാഹചര്യങ്ങൾ താരതമ്യം ചെയ്യുക.

പ്രമേയം

7

# മാറുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ
## (CHANGING CULTURAL TRADITIONS)

F9P7Y7

*പതിനാലാം നൂറ്റാണ്ടു മുതൽ പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യം വരെ യൂറോപ്പിലെ പല രാജ്യങ്ങളിലും പട്ടണങ്ങൾ വളർന്നുകൊണ്ടിരുന്നു. സവിശേഷമായൊരു 'നാഗരിക സംസ്ക്കാരവും' ഇതോടൊപ്പം വളർന്നുവന്നു. ഗ്രാമീണ ജനതയേക്കാൾ കൂടുതൽ സംസ്ക്കാരമുള്ളവരാണ് തങ്ങളെന്ന് പട്ടണവാസികൾ ചിന്തിക്കുവാൻ തുടങ്ങി. നഗരങ്ങൾ, വിശിഷ്യാ ഫ്ളോറൻസ്, വെനീസ്, റോം തുടങ്ങിയവ, കലയുടെയും വിജ്ഞാനത്തിന്റെയും കേന്ദ്രങ്ങളായിത്തീർന്നു. ഈ കാലഘട്ടത്തിൽ സമ്പന്നരും കുലീന വർഗത്തിൽപ്പെട്ടവരും കലാകാരന്മാരെയും എഴുത്തുകാരെയും പ്രോത്സാഹിപ്പിച്ചിരുന്നു. അച്ചടിവിദ്യയുടെ കണ്ടുപിടിത്തം വിദൂര നഗരങ്ങളിലും രാജ്യങ്ങളിലും അധിവസിച്ചിരുന്നവരുൾപ്പെടെ ധാരാളം ആളുകൾക്ക് പുസ്തകങ്ങൾ ലഭ്യമാകാൻ സഹായകമായി. യൂറോപ്പിലാകമാനം ഒരു ചരിത്രബോധം ഉയർന്നുവരുകയും ജനങ്ങൾ തങ്ങളുടെ 'ആധുനിക' ലോകത്തെ ഗ്രീക്ക്-റോമാ പ്രാചീനതയുമായി താരതമ്യം ചെയ്യുവാൻ തുടങ്ങുകയും ചെയ്തു.*

*ഈ കാലഘട്ടത്തിൽ മതം എന്നത് ഓരോ വ്യക്തിയും സ്വയം തിരഞ്ഞെടുക്കേണ്ട ഒരു കാര്യമായി കരുതപ്പെടാൻ തുടങ്ങി. സൗരയൂഥത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കിത്തുടങ്ങിയ ശാസ്ത്രജ്ഞർ ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്ന മതസ്ഥാപനങ്ങളുടെ വിശ്വാസത്തെ കീഴ്മേൽ മറിച്ചു. പുതിയ ഭൂമിശാസ്ത്ര വിജ്ഞാനം, മെഡിറ്ററേനിയൻ കടലാണ് ലോക കേന്ദ്രമെന്ന യൂറോപ്പ് കേന്ദ്രീകൃത വീക്ഷണത്തെയും തകിടം മറിച്ചു (പ്രമേയം 8 കാണുക).*

പതിനാലാം നൂറ്റാണ്ടു മുതലുള്ള യൂറോപ്പിന്റെ ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കാനായി ധാരാളം സാമഗ്രികൾ ലഭ്യമായിട്ടുണ്ട്. പ്രമാണങ്ങൾ, അച്ചടിച്ച ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ, ശിൽപ്പങ്ങൾ, കെട്ടിടങ്ങൾ, തുണിത്തരങ്ങൾ തുടങ്ങിയവ ഇതിൽപ്പെടും. ഇവയിൽ മിക്കതും യൂറോപ്പിലെയും അമേരിക്കയിലെയും പുരാരേഖാശേഖരങ്ങൾ, ഗ്രന്ഥപ്പുരകൾ, ചിത്രശാലകൾ, മ്യൂസിയങ്ങൾ എന്നിവയിൽ ശ്രദ്ധാപൂർവം സൂക്ഷിച്ചിരിക്കുന്നു.

ഈ കാലഘട്ടത്തിലെ സാംസ്കാരിക മാറ്റങ്ങൾ വിവരിക്കാൻ പത്തൊമ്പതാം നൂറ്റാണ്ടുമുതൽ ചരിത്രകാരർ 'നവോത്ഥാനം' '(Renaissance,' ശബ്ദാർഥപ്രകാരം 'പുനർജന്മം') എന്ന പദം ഉപയോഗിച്ചു. സ്വിറ്റ്സർലണ്ടിലെ ബേസിൽ സർവകലാശാലയിലെ സ്വിസ് പണ്ഡിതനായ ജേക്കബ് ബർക്ക്ഹാർഡ് (Jacob Burckhardt, 1818 -97) ആയിരുന്നു ഇതിന് കൂടുതൽ ഊന്നൽ നൽകിയ ചരിത്രകാരൻ. ജർമ്മൻ ചരിത്രകാരനായ ലിയോപോൾഡ് വോൻ റാങ്കെ (Leopold Von Ranke, 1795 -1886) യുടെ ശിഷ്യനായിരുന്നു അദ്ദേഹം. ഗവൺമെന്റ് വകുപ്പുകളിൽ നിന്ന് ലഭ്യമാകുന്ന രേഖകളും, വിവരസമാഹാരങ്ങളും ഉപയോഗപ്പെടുത്തി രാഷ്ട്രത്തെയും, രാഷ്ട്രതന്ത്രത്തെയും കുറിച്ച് എഴുതുകയാണ് ഒരു ചരിത്രകാരന്റെ മുഖ്യപരിഗണനയെന്ന് റാങ്കെ അദ്ദേഹത്തെ പഠിപ്പിച്ചിരുന്നു. എന്നാൽ തന്റെ ഗുരു നിർദേശിച്ച ഈ പരിമിത ലക്ഷ്യത്തോട് ബർക്ക്ഹാർഡ് വിയോജിച്ചു. ചരിത്രരചനയുടെ ആത്യന്തികലക്ഷ്യം രാഷ്ട്രതന്ത്രമല്ലെന്ന് അദ്ദേഹം വാദിച്ചു. രാഷ്ട്രതന്ത്രത്തോടൊപ്പം സംസ്കാരത്തിന് ചരിത്രത്തിൽ പ്രാധാന്യം നൽകണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം.

1860-ൽ അദ്ദേഹം *'ദി സിവിലിസേഷൻ ഓഫ് ദി റിനൈസൻസ് ഇൻ ഇറ്റലി'* *(The Civilization of the Renaissance in Italy)* എന്ന ഗ്രന്ഥമെഴുതി. പതിനാലാം നൂറ്റാണ്ടു

മുതൽ പതിനേഴാം നൂറ്റാണ്ടു വരെ എങ്ങനെയാണ് ഒരു പുതിയ മാനവികസംസ്കാരം ഇറ്റലിയിലെ നഗരങ്ങളിൽ പുഷ്പിച്ചതെന്ന് വിശദീകരിക്കുന്നതിനായി സാഹിത്യം, വാസ്തുശില്പകല, ചിത്രകല എന്നീ വിഷയങ്ങളിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഈ ഗ്രന്ഥത്തിലൂടെ അദ്ദേഹം ഉദ്യമിച്ചത്. ഈ സംസ്കാരത്തിന്റെ മുഖ്യ സവിശേഷത ഒരു പുതിയ വിശ്വാസമായിരുന്നുവെന്ന് അദ്ദേഹം എഴുതി - ഒരു വ്യക്തി എന്ന നിലയിൽ മനുഷ്യന് സ്വന്തം തീരുമാനങ്ങളെടുക്കാനും സ്വന്തം നൈപുണികൾ വികസിപ്പിച്ചെടുക്കാനും കഴിയുമെന്ന വിശ്വാസം. മതസ്ഥാപനങ്ങളാൽ നിയന്ത്രിക്കപ്പെട്ട ചിന്താധാരകൾ ഉണ്ടായിരുന്ന മധ്യകാല മനുഷ്യനിൽ നിന്ന് വ്യത്യസ്തമായി അവൻ 'ആധുനിക'നായിരുന്നു.

## ഇറ്റാലിയൻ നഗരങ്ങളുടെ പുനരുത്ഥാനം (The Revival of Italian Cities)

പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം സാംസ്കാരിക രാഷ്ട്രീയ കേന്ദ്രങ്ങളായിരുന്ന ഇറ്റലിയിലെ പല നഗരങ്ങളും നശിച്ചു തുടങ്ങി. ഏകീകൃതമായ ഒരു ഭരണസംവിധാനം (ഗവൺമെന്റ്) ഇവിടെ നിലവിലില്ലായിരുന്നു. റോമിലെ മാർപ്പാപ്പയാകട്ടെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ പരമാധികാരിയായിരുന്നെങ്കിലും ശക്തമായൊരു രാഷ്ട്രീയ വ്യക്തിത്വമായിരുന്നില്ല.

ഇക്കാലത്ത് പടിഞ്ഞാറൻ യൂറോപ്പ് ഫ്യൂഡൽ കെട്ടുപാടുകളാൽ പുനർരൂപകൽപ്പിതമാകുകയും ലത്തീൻ സഭയുടെ കീഴിൽ ഏകീകരിക്കപ്പെടുകയും ചെയ്തു. കിഴക്കൻ യൂറോപ്പാകട്ടെ ബൈസാന്റൈൻ സാമ്രാജ്യത്തിനു കീഴിൽ ഒന്നായിത്തീർന്നു. ഇസ്ലാം മതം കൂടുതൽ പടിഞ്ഞാറേക്ക് ഒരു പൊതുസംസ്കാരം രൂപപ്പെടുത്തിക്കൊ




ഭൂപടം 1: ഇറ്റാലിയൻ രാഷ്ട്രങ്ങൾ

ണ്ടിരിക്കുകയായിരുന്നു. എന്നാൽ ഇറ്റലിയാകട്ടെ ദുർബലവും ഛിന്നഭിന്നവുമായി ത്തീർന്നു. എന്നിരുന്നാലും ഈ സംഭവ വികാസങ്ങൾ ഇറ്റാലിയൻ സംസ്കാരത്തിന്റെ പുനരുത്ഥാനത്തിന് വഴി തെളിച്ചു.

ബൈസാന്റൈൻ സാമ്രാജ്യവും ഇസ്ലാമിക രാഷ്ട്രങ്ങളും തമ്മിലുള്ള വ്യാപാരബന്ധം വിപുലമായതോടെ ഇറ്റാലിയൻ തീരപ്രദേശത്തെ തുറമുഖങ്ങൾ പുനരുദ്ധരിക്കപ്പെട്ടു. പന്ത്രണ്ടാം നൂറ്റാണ്ട് മുതൽ പട്ടുപാത (Silk Route) വഴി മംഗോളിയർ ചൈനയുമായി വ്യാപാരബന്ധം ആരംഭിക്കുകയും (പ്രമേയം 5 കാണുക) പടിഞ്ഞാറേ യൂറോപ്യൻ രാജ്യങ്ങളുമായുള്ള വ്യാപാരം വർധിക്കുകയും ചെയ്തതോടെ ഇറ്റലിയിലെ നഗരങ്ങൾ ഈ വ്യാപാരത്തിൽ മുഖ്യപങ്കു വഹിക്കുവാൻ തുടങ്ങി. അവർ തങ്ങളെ ശക്തമായൊരു സാമ്രാജ്യത്തിന്റെ ഭാഗമായല്ല മറിച്ച് സ്വതന്ത്രമായ നഗരരാഷ്ട്രങ്ങളായിട്ടാണ് കണ്ടത്. ഇവയിൽ ഫ്ളോറൻസും വെനീസും റിപ്പബ്ലിക്കുകളും മറ്റുള്ളവയിൽ പലതും ചെറുരാജാക്കന്മാർ ഭരിക്കുന്ന കൊട്ടാര നഗരങ്ങളും ആയിരുന്നു.

ഏറ്റവും സജീവ നഗരങ്ങളിലൊന്ന് വെനീസും മറ്റൊന്ന് ജെനോവയുമായിരുന്നു. ഈ നഗരങ്ങളിൽ ശക്തമായ പ്രഭുവർഗമോ പുരോഹിതവർഗത്തിന്റെ രാഷ്ട്രീയ മേൽക്കോയ്മയോ ഇല്ലായിരുന്നു. നഗരഭരണം നിർവഹിക്കുന്നതിൽ സമ്പന്നരായ കച്ചവടക്കാരും ബാങ്കർമാരും മുഖ്യ പങ്ക് വഹിച്ചിരുന്നു. ഈ രണ്ട് നഗരങ്ങളും യൂറോപ്പിലെ മറ്റ് പ്രദേശങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. ഇത് പൗരത്വം എന്ന ആശയം ആഴത്തിൽ വേരുറപ്പിക്കുന്നതിന് സഹായകമായി. സൈനികമേധാവികൾ ഈ നഗരങ്ങളിൽ ഭരണം നടത്തിയിട്ടുപോലും പൗരന്മാർ എന്ന നിലയിലുള്ള നഗരവാസികളുടെ അഭിമാനബോധത്തിന് യാതൊരു കോട്ടവും സംഭവിച്ചില്ല.

### നഗരരാഷ്ട്രം (The City-State)

*'കോമൺവെൽത്തും വെനീസിലെ ഭരണകൂടവും' (The Common Wealth and Government of Venice [1543])* എന്ന ഗ്രന്ഥത്തിൽ കാർഡിനൽ ഗാസ്പറോ കോണ്ടാറിനി (Cardinal Gasparo Contarini) തന്റെ നഗരരാഷ്ട്രത്തിലെ ജനാധിപത്യ ഭരണകൂടത്തെക്കുറിച്ച് എഴുതുന്നു.

'...നമ്മുടെ വെനീഷ്യൻ കോമൺവെൽത്ത് എന്ന സ്ഥാപനത്തിന്റെ കാര്യത്തിലേക്കു വരുമ്പോൾ... നഗരത്തിന്റെ മുഴുവൻ അധികാരവും കൗൺസിലിനാണ്... പട്ടണത്തിലെ 25 വയസ്സു തികഞ്ഞ മുഴുവൻ മാന്യന്മാരെയും ആ കൗൺസിലിൽ അംഗമാക്കുന്നു...



*1370 ൽ നടന്ന ഒരു സംഭവത്തിന്റെ ഓർമ്മയ്ക്കായി 15-ാം നൂറ്റാണ്ടിലെ വെനീസിന്റെ പശ്ചാത്തലത്തിൽ 1500 ൽ ജി. ബെല്ലിനി വരച്ച 'ദി റിക്കവറി ഓഫ് ദി റെലിക് ഓഫ് ദി ഹോളി ക്രോസ്' ('The Recovery of the Relic of the Holy Cross') എന്ന ചിത്രം*

എന്ത് ബുദ്ധി വൈഭവത്തിന്റെ അടിസ്ഥാനത്തിലായിരുന്നു നമ്മുടെ പൂർവികർ ഇത്തരമൊരു സങ്കൽപ്പത്തിലെത്തിച്ചേർന്നതെന്ന് ഞാൻ ആദ്യമേ നിങ്ങളോട് പങ്കുവയ്ക്കാം. പൗരന്മാരുടെ സമിതിയിൽ സാധാരണക്കാരെ പ്രവേശിപ്പിച്ചിരുന്നില്ല എന്നതിൽ നിന്നും ആരിലായിരുന്നു ഈ സ്വതന്ത്രരാഷ്ട്രസമിതിയുടെ പരിപൂർണ അധികാരം നിക്ഷിപ്തമായിരുന്നത് എന്നത് വ്യക്തമാണ്... കാരണം ഈ നഗരങ്ങളിൽ വളരെയധികം പ്രശ്നങ്ങളും ബഹുജനപ്രക്ഷോഭങ്ങളും പൊട്ടിപ്പുറപ്പെട്ടപ്പോഴെല്ലാം അവിടത്തെ ഭരണകൂടങ്ങൾ സാധാരണക്കാരുടെ സ്വാധീനത്തിലായിരുന്നു. പലതും വിരുദ്ധ അഭിപ്രായങ്ങളായിരുന്നു, നല്ലതാണെന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ളവയായിരുന്നു പലതും. ഇത്തരത്തിൽ കോമൺവെൽത്തിന്റെ ഭരണനിർവഹണം കഴിവിന്റെയും സമ്പത്തിന്റെയും അടിസ്ഥാനത്തിലായാൽ കൂടുതൽ മെച്ചപ്പെടുമെന്ന് ചിലർ അഭിപ്രായപ്പെട്ടു. എന്നാൽ ഇതിന് വിപരീതമായി സത്യസന്ധരായ പൗരന്മാരിൽ പലരും ഉദാരതയോടെ വളർത്തപ്പെട്ടവരും ദാരിദ്ര്യത്തിലേക്ക് വീണുകൊണ്ടിരുന്നു... അതിനാൽ ബുദ്ധിമാന്മാരും സൂക്ഷ്മമായി ചിന്തിക്കുന്നവരുമായ നമ്മുടെ മുൻഗാമികൾ... പൊതു നിയമാവലിയെക്കുറിച്ചുള്ള ഈ നിർവചനങ്ങൾ സമ്പത്തിനേക്കാൾ പ്രഭുക്കന്മാരുടെ വംശപാരമ്പര്യങ്ങളെ കണക്കാക്കണമെന്ന് കല്പിച്ചു. പ്രഭുക്കന്മാരിലെ ഉന്നതരുടെയും മുഖ്യന്മാരുടെയും മാത്രം ഭരണമല്ല നിലവിലുണ്ടായിരുന്നത് (അങ്ങനെയായാൽ കോമൺവെൽത്തിന്റെ അധികാരം ഏതാനും കൈകളിൽ ഒതുങ്ങുകയാവും ഫലം). തരംതാണവരായി ജനിക്കാത്ത മറ്റു പൗരന്മാരും – അതായത്, പ്രഭുകുടുംബങ്ങളിൽ ജനിച്ചവർക്കും സത്പ്രവൃത്തികളിലൂടെ കുലീനത കൈവരിച്ചവർക്കും, ഭരിക്കുവാൻ അവകാശം ലഭിച്ചിരുന്നു.'

| പതിനാലും പതിനഞ്ചും നൂറ്റാണ്ടുകൾ | |
|---|---|
| 1300 | ഇറ്റലിയിലെ പാദുവ സർവകലാശാലയിൽ മാനവികത പഠിപ്പിക്കാൻ തുടങ്ങി |
| 1341 | റോമിൽ പെട്രാർക്കിന് 'ആസ്ഥാന കവി' '(Poet Laureate)' എന്ന പദവി നൽകപ്പെട്ടു |
| 1349 | ഫ്ളോറൻസിൽ സർവകലാശാല സ്ഥാപിച്ചു |
| 1390 | ജോഫ്രി ചോസറിന്റെ *'കാന്റർബറി ടെയ്ൽസ്' (Canterbury Tales)* പ്രസിദ്ധീകരിച്ചു |
| 1436 | ബ്രൂണലേഷി ഫ്ളോറൻസിൽ *ഡ്യൂമോ (Duomo)* രൂപകൽപ്പന ചെയ്യുന്നു |
| 1453 | ഓട്ടോമാൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിളിലെ ബൈസാന്റെൻ ഭരണാധികാരിയെ പരാജയപ്പെടുത്തുന്നു |
| 1454 | ഗുട്ടൻബർഗ് ടൈപ്പ്റൈറ്റർ ഉപയോഗിച്ച് ബൈബിൾ അച്ചടിക്കുന്നു |
| 1484 | പോർട്ടുഗീസ് ഗണിതശാസ്ത്രജ്ഞർ സൂര്യനെ നിരീക്ഷിച്ച് അക്ഷാംശം കണക്കാക്കുന്നു |
| 1492 | കൊളംബസ് അമേരിക്കയിൽ എത്തിച്ചേരുന്നു |
| 1495 | ലിയാനാർഡോ ഡാവിഞ്ചി *'അന്ത്യ അത്താഴം' (The Last Supper)* എന്ന ചിത്രം വരക്കുന്നു |
| 1512 | മൈക്കലാഞ്ചലോ സിസ്റ്റൈൻ ചാപ്പലിന്റെ മച്ചിൽ ചിത്രം വരക്കുന്നു |

## സർവകലാശാലകളും മാനവികതയും (Universities and Humanism)

യൂറോപ്പിലെ ഏറ്റവും ആദ്യകാല സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടത് ഇറ്റലിയിലെ നഗരങ്ങളിലായിരുന്നു. പതിനൊന്നാം നൂറ്റാണ്ട് മുതൽ പാദുവ, ബൊളോന സർവകലാശാലകൾ നിയമപഠനത്തിന്റെ കേന്ദ്രങ്ങളായിരുന്നു. നഗരത്തിലെ പ്രധാന പ്രവർത്തനം വാണിജ്യമായതിനാൽ അഭിഭാഷകരും നോട്ടറിമാരും (സോളിസിറ്റർമാരും രേഖകൾ സൂക്ഷിക്കുന്നവരും) നിയമങ്ങൾ തയാറാക്കാനും, വ്യാഖ്യാനിക്കാനും, ഉടമ്പടികൾ എഴുതിയുണ്ടാക്കാനും അവശ്യഘടകങ്ങളായിരുന്നു. ഇവരെക്കൂടാതെ വൻതോതിലുള്ള വ്യാപാരം അസാധ്യമായിരുന്നു. നിയമം ഒരു ജനപ്രിയ പാഠ്യവിഷയമായിത്തീർന്നു എങ്കിലും ഇത് ഊന്നൽ നൽകിയ മേഖലയിൽ മാറ്റമുണ്ടായി. നിയമം ആദ്യകാല റോമൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കപ്പെട്ടു. ഈ മാറ്റത്തിന്റെ പ്രതിനിധിയായിരുന്നു ഫ്രാൻസിസ്കോ പെട്രാർക്ക് (Francesco Petrarch, 1304-78). പൗരാണികത എന്നത് തികച്ചും സവിശേഷമായ ഒരു നാഗരികതയാണെന്നും പുരാതന ഗ്രീക്കുകാരുടെയും റോമാക്കാരുടെയും വാക്കുകളിലൂടെ മാത്രമേ അതിനെ നന്നായി മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ എന്നും പെട്രാർക്ക് അഭിപ്രായപ്പെട്ടു. പ്രാചീന ഗ്രന്ഥകാരൻമാരുടെ കൃതികൾ ആഴത്തിൽ പഠിക്കുന്നതിന് പെട്രാർക്ക് കൂടുതൽ പ്രാധാന്യം നൽകി.

**പ്രവർത്തനം 1**

ഇറ്റലിയുടെ ഭൂപടത്തിൽ വെനീസിന്റെ സ്ഥാനം കണ്ടെത്തുക. പേജ് 148 ൽ കൊടുത്തിരിക്കുന്ന ചിത്രം ശ്രദ്ധാപൂർവം പരിശോധിക്കുക. ഈ നഗരത്തെ എങ്ങനെയാണ് നിങ്ങൾ വിശേഷിപ്പിക്കുന്നത്? ഭദ്രാസനപ്പള്ളി – നഗരങ്ങളിൽ നിന്ന് ഇത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?


ഈ വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് മതപഠനത്തിലൂടെ സാധിക്കുന്നതിലുമപ്പുറം വളരെയധികം കാര്യങ്ങൾ പഠിക്കേണ്ടതുണ്ട്. ഈ സംസ്ക്കാരത്തെയായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിലെ ചരിത്രകാരന്മാർ *'മാനവികത' ('humanism ')* എന്ന് നാമകരണം ചെയ്തത്. വ്യാകരണം, പ്രസംഗകല, കാവ്യം, ചരിത്രം, ധാർമ്മികത, തത്വചിന്ത എന്നീ വിഷയങ്ങളിൽ ആധികാരിക ജ്ഞാനമുള്ളവരെയാണ് പതിനഞ്ചാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ *'മാനവികതാവാദി' ('humanist')* എന്ന പദം ഉപയോഗിച്ച് വിശേഷിപ്പിച്ചിരുന്നത്. *'ഹ്യൂമാനിറ്റസ്' ('humanitas')* എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് *'ഹ്യൂമാനിറ്റീസ്'('humanities')* എന്ന വാക്ക് രൂപം കൊണ്ടത്. ജൂലിയസ് സീസറിന്റെ

സമകാലികനും, റോമൻ നിയമജ്ഞനും ഉപന്യാസകാരനുമായ സിസറോ (Cicero, ബി.സി.ഇ. 106–43) വളരെ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ സംസ്കാരത്തെ സൂചിപ്പിക്കാൻ ഈ പദം ('ഹ്യൂമാനിറ്റസ്') ഉപയോഗിച്ചിരുന്നു. ഈ വിഷയങ്ങൾ മതവുമായി ബന്ധമുള്ളതോ അവയിൽ നിന്ന് രൂപപ്പെട്ടതോ ആയിരുന്നില്ല. ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും വ്യക്തികൾ രൂപപ്പെടുത്തിയ നൈപുണ്യത്തിന് ആണ് ഇവ പ്രാധാന്യം നൽകിയത്.

ഫ്ളോറൻസിലെ ഒരു മാനവികതാവാദിയായിരുന്ന ജിയോവനി പിക്കോ ഡെല്ലാ മിരാൻഡോള (*Giovanni Pico della Mirandola*) [1463-94]) *'ഓൺ ദി ഡിഗ്നിറ്റി ഓഫ് മാൻ' (On the Dignity of Man,* [1486]) എന്ന തന്റെ ഗ്രന്ഥത്തിൽ സംവാദത്തിന്റെ പ്രാധാന്യത്തെക്കുറിച്ചെഴുതി.

'തങ്ങൾ അന്വേഷിക്കുന്ന സത്യത്തെക്കുറിച്ചുള്ള അറിവ് സ്വായത്തമാക്കുവാൻ, സാധ്യമാകുമ്പോഴൊക്കെ സംവാദം എന്ന അഭ്യാസത്തിൽ ഏർപ്പെടുന്നതിനെക്കാൾ മികച്ച ഒരു മാർഗവും ഇല്ലെന്ന് പ്ലേറ്റോയ്ക്കും അരിസ്റ്റോട്ടിലിനും നിശ്ചയമുണ്ടായിരുന്നു. കായികാഭ്യാസത്തിലൂടെ ശാരീരികാരോഗ്യം പുഷ്ടിപ്പെടുന്ന പോലെ, അക്ഷരങ്ങളുടെ ഈ അഭ്യാസത്തിൽ മാനസികാരോഗ്യം ശക്തിപ്പെടുകയും കൂടുതൽ ഊർജ്ജസ്വലമാകുകയും ചെയ്യുമെന്ന് സംശയലേശമന്യേ പറയാം'.

ഇത്തരം വിപ്ലവകരമായ ആശയങ്ങൾ മറ്റ് സർവകലാശാലകളുടെയും ശ്രദ്ധ ആകർഷിച്ചു, വിശേഷിച്ചും പെട്രാർക്കിന്റെ ജന്മനാടായ ഫ്ളോറൻസിൽ സ്ഥാപിച്ച പുതിയ സർവകലാശാലയിൽ. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനം വരെ ഈ നഗരം




*1470 ൽ വരച്ച ഫ്ളോറൻസിന്റെ ഒരു ചിത്രം*

ഒരു വ്യാപാരകേന്ദ്രമെന്ന നിലയ്ക്കോ പഠനകേന്ദ്രമെന്ന നിലയ്ക്കോ അറിയപ്പെട്ടിരുന്നില്ല. പതിനഞ്ചാം നൂറ്റാണ്ടോടുകൂടി കാര്യങ്ങളിൽ നാടകീയ മാറ്റങ്ങളുണ്ടായി. സമ്പത്തുകൊണ്ടെന്ന പോലെതന്നെ മഹാന്മാരായ പൗരന്മാരെക്കൊണ്ടും നഗരങ്ങൾ അറിയപ്പെട്ടു. ഉദാഹരണമായി മതപരമായ പ്രമേയങ്ങളിൽ രചനകൾ നിർവഹിച്ച സാധാരണക്കാരനായ ദാന്തെ അലിഗീരി (Dante Alighieri, 1265 - 1321), മുൻകാലങ്ങളിൽ കലാകാരന്മാരുടെ ചിത്രരചനാ ശൈലികളിൽ നിന്നും വ്യത്യസ്തമായി, ജീവൻ തുടിക്കുന്ന രേഖാചിത്രങ്ങൾ വരച്ച ജിയോട്ടോ (Giotto, 1267-1337) എന്നിവരിലൂടെ ഫ്ളോറൻസ് നഗരം അറിയപ്പെട്ടു. അങ്ങനെ ഫ്ളോറൻസ് ഇറ്റലിയിലെ ഏറ്റവും ധൈഷണിക നഗരമായും സർഗാത്മക കലയുടെ കേന്ദ്രമായും വികസിച്ചു. പലതരത്തിലുള്ള കഴിവുകളും നൈപുണികളും ഉള്ളയാളുകളെ സൂചിപ്പിക്കുവാൻ 'നവോത്ഥാന മനുഷ്യൻ' ('Renaissance Man') എന്ന പദം സാധാരണഗതിയിൽ ഉപയോഗിച്ചിരുന്നു. കാരണം ഒട്ടനവധി മേഖലകളിൽ കഴിവും പ്രാവീണ്യവും തെളിയിച്ചവരായിരുന്നു ഈ കാലഘട്ടത്തിൽ പ്രശസ്തരായ പലരും. അവർ ഒരേ സമയം പണ്ഡിതൻ, നയതന്ത്രജ്ഞൻ, ദൈവശാസ്ത്രജ്ഞൻ, കലാകാരൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ബഹുമുഖ പ്രതിഭകളായിരുന്നു.

*ജിയോട്ടോ വരച്ച ശിശുവായ ഈശോയുടെ ചിത്രം, അസ്സിസ്സി, ഇറ്റലി.*



## ചരിത്രത്തിന്റെ മാനവിക വീക്ഷണം (The Humanist View of History)

റോമാസാമ്രാജ്യത്തിന്റെ അധഃപ്പതനത്തിനുശേഷം ഒരു 'ഇരുണ്ട യുഗം' രൂപംകൊണ്ടുവെന്നും നൂറ്റാണ്ടുകൾ നീണ്ട അന്ധകാരത്തിനുശേഷം 'ശരിയായ സംസ്കാരം' തങ്ങൾ വീണ്ടെടുക്കുകയാണെന്നും മാനവികതാവാദികൾ വിശ്വസിച്ചു. അതേത്തുടർന്ന് പതിനാലാം നൂറ്റാണ്ട് മുതൽ യൂറോപ്പിൽ ഒരു 'പുതുയുഗം' രൂപം കൊണ്ടെന്ന് പിൽക്കാല പണ്ഡിതന്മാർ ഖണ്ഡിതമായി വിശ്വസിച്ചു. റോമിന്റെ പതനത്തിനുശേഷമുള്ള ആയിരം വർഷത്തെ സൂചിപ്പിക്കുവാനായി 'മധ്യയുഗം'/'മധ്യകാലഘട്ടം' എന്നീ പദങ്ങൾ ഉപയോഗിച്ചു. 'മധ്യയുഗ'ത്തിൽ മനുഷ്യ മനസ്സുകളെ പൂർണമായും നിയന്ത്രിച്ചിരുന്നത് സഭയായിരുന്നുവെന്നും, ഗ്രീക്കുകാരുടെയും റോമാക്കാരുടെയും വിജ്ഞാന സമ്പ്രദായങ്ങളെയെല്ലാം ഇത് ഇല്ലായ്മ ചെയ്തു എന്നും ഇവർ വാദിച്ചു. പതിനഞ്ചാം നൂറ്റാണ്ടു മുതലുള്ള കാലഘട്ടത്തെ സൂചിപ്പിക്കാൻ മാനവികതാവാദികൾ 'ആധുനികം' എന്ന പദം ഉപയോഗിച്ചു.

മാനവികതാവാദികളും പിൽക്കാല പണ്ഡിതന്മാരും ഉപയോഗിച്ചിരുന്ന കാലനിർണയം

| | |
|---|---|
| 5 മുതൽ 14-ാം നൂറ്റാണ്ട് വരെ | മധ്യയുഗം |
| 5 മുതൽ 9-ാം നൂറ്റാണ്ട് വരെ | ഇരുണ്ട യുഗം |
| 9 മുതൽ 11-ാം നൂറ്റാണ്ട് വരെ | ആദിമ മധ്യയുഗം |
| 11 മുതൽ 14-ാം നൂറ്റാണ്ട് വരെ | പിൽക്കാല മധ്യയുഗം |
| 15 -ാം നൂറ്റാണ്ട് മുതൽ | ആധുനിക യുഗം |

അടുത്തിടെയായി ചരിത്രകാരൻമാർ ഈ വിഭജനത്തെ ചോദ്യം ചെയ്യുകയുണ്ടായി. ഈ കാലഘട്ടത്തിലെ യൂറോപ്പിനെക്കുറിച്ച് കൂടുതൽ ഗവേഷണങ്ങൾ നടക്കുകയും കൂടുതൽ കണ്ടെത്തലുകൾ ഉണ്ടാവുകയും ചെയ്തതോടെ സാംസ്കാരികമായി ചലനാത്മകമാണോ അല്ലയോ എന്നതിന്റെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകളെ ഖണ്ഡങ്ങളായി തിരിക്കുന്നതിനെ പണ്ഡിതന്മാർ എതിർത്തു. ഏതെങ്കിലും കാലഘട്ടത്തെ ഇരുണ്ടയുഗമായി മുദ്രകുത്തുന്നത് ശരിയല്ലെന്ന് ഇവർ വാദിച്ചു.

## ശാസ്ത്രവും തത്വചിന്തയും : അറബികളുടെ സംഭാവന (Science and Philosophy : The Arabs' Contribution)

മധ്യയുഗത്തിലുടനീളം സന്യാസിമാർക്കും വൈദികർക്കും ഗ്രീക്കുകാരുടെയും റോമാക്കാരുടെയും രചനകൾ സുപരിചിതമായിരുന്നെങ്കിലും ഇവ പരക്കെ അറിയപ്പെട്ടിരുന്നില്ല. 14-ാം നൂറ്റാണ്ടിൽ പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ ഗ്രീക്ക് രചയിതാക്കളുടെ പരിഭാഷപ്പെടുത്തിയ കൃതികൾ പല പണ്ഡിതന്മാരും പുരോഹിതന്മാരും വായിക്കാൻ തുടങ്ങി. തങ്ങളുടെ പണ്ഡിതന്മാരോടല്ല മറിച്ച് അറബി പരിഭാഷകരോടാണ് ഇതിന് അവർ കടപ്പെട്ടിരിക്കുന്നത്. കാരണം പ്രാചീന കൈയെഴുത്ത് പ്രതികൾ ശ്രദ്ധാപൂർവം സൂക്ഷിക്കുകയും പരിഭാഷപ്പെടുത്തുകയും ചെയ്തത് അറബികളാണ്. (പ്ലേറ്റോ 'അഫ്ളാതുൻ' (Aflatun) എന്നും അരിസ്റ്റോട്ടിൽ 'അരിസ്റ്റു' (Aristu) എന്നുമാണ് അറബിയിൽ അറിയപ്പെട്ടിരുന്നത്).

അറബി പരിഭാഷയിലൂടെയാണ് കൂറേ യൂറോപ്യൻ പണ്ഡിതന്മാർക്ക് ഗ്രീക്ക് കൃതികൾ വായിക്കുവാൻ കഴിഞ്ഞത്. അതേ സമയം ഗ്രീക്കുകാർ പരിഭാഷപ്പെടുത്തിയ അറബി പേർഷ്യൻ പണ്ഡിതന്മാരുടെ കൃതികൾ കൂടുതൽ യൂറോപ്യർക്കിടയിൽ പ്രചരിക്കാൻ സഹായിച്ചു. ഇവ പ്രകൃതിശാസ്ത്രം, ഗണിതം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, രസതന്ത്രം എന്നിവയെക്കുറിച്ചുള്ള കൃതികളായിരുന്നു. ടോളമി എഴുതിയ 'അൽമജസ്റ്റ്' (Almagest) എന്ന ഗ്രന്ഥത്തിന്റെ പേരിലെ 'അൽ' ശബ്ദം അറബിബന്ധത്തെ

ഈ കാലഘട്ടത്തിലെ സ്കൂളുകൾ ആൺകുട്ടികൾക്ക് വേണ്ടി മാത്രമുള്ളവയായിരുന്നു.

സൂചിപ്പിക്കുന്നു. സി. ഇ. 140 ന് മുമ്പ് ഗ്രീക്കു ഭാഷയിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥം പിന്നീട് അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഇറ്റാലിയൻ ലോകത്ത് പണ്ഡിതരായി കണക്കാക്കപ്പെട്ടിരുന്ന മുസ്ലീം എഴുത്തുകാരായിരുന്നു മധ്യേഷ്യയിലെ, ബുഖാറയിലെ അറബി ഭിഷഗ്വരനും തത്വചിന്തകനുമായിരുന്ന ഇബ്നീൻ സിന (Ibn Sina)* (ലത്തീൻ ഭാഷയിൽ അവിസെന്ന (Avicenna), 980–1037), വൈദ്യശാസ്ത്ര വിജ്ഞാന കോശത്തിന്റെ കർത്താവായ അൽ-റാസി (al-Razi) (റാസെസ്) എന്നിവർ. മതവിശ്വാസവും ദാർശനിക ജ്ഞാനവും (ഫെയ്ലാസഫ്) തമ്മിലുള്ള ആശയ സംഘർഷങ്ങൾ പരിഹരിക്കാൻ ശ്രമിച്ച സ്പെയിനിലെ അറബി തത്വചിന്തകനായിരുന്നു ഇബ്നീൻ റഷ്ദ് (Ibn Rushd) (ലാറ്റിൻ ഭാഷയിൽ അവിറോസ്, 1126–98). ക്രൈസ്തവ ചിന്തകർ അദ്ദേഹത്തിന്റെ രീതി പിൻതുടരുകയുണ്ടായി.

*ഈ വ്യക്തികളുടെ പേരുകളിലെ യൂറോപ്യൻ അക്ഷര വിന്യാസം പിൽക്കാല തലമുറയെ ഇവർ യൂറോപ്യൻമാരായായിരുന്നു എന്ന് ചിന്തിക്കുന്നതിന് പ്രേരിപ്പിച്ചു.

മാനവികതാവാദികൾ പല വിധത്തിലായിരുന്നു ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് യൂറോപ്പിലെ സർവകലാശാലകളിലെ പാഠ്യപദ്ധതിയിൽ മേധാവിത്വം പുലർത്തിയിരുന്നത് നിയമം, വൈദ്യശാസ്ത്രം, ദൈവശാസ്ത്രം എന്നിവയായിരുന്നുവെങ്കിലും കാലക്രമേണ ഇറ്റലിയിൽ മാത്രമല്ല മറ്റ് യൂറോപ്യൻ രാജ്യങ്ങളിലെയും സ്കൂളുകളിൽ മാനവിക വിഷയങ്ങൾ പഠിപ്പിക്കുവാൻ തുടങ്ങി.

## കലാകാരന്മാരും റിയലിസവും (Artists and Realism)

ഔപചാരിക വിദ്യാഭ്യാസത്തിലൂടെ മാത്രമായിരുന്നില്ല മാനവികതാവാദികൾ അവരുടെ കാലഘട്ടത്തിന്റെ ചിന്താഗതിയെ രൂപപ്പെടുത്തിയത്. കല, വാസ്തുവിദ്യ, പുസ്തകങ്ങൾ തുടങ്ങിയവ മാനവിക ആശയങ്ങൾ ഫലപ്രദമായി പ്രചരിപ്പിക്കുന്നതിൽ അൽഭുതാവഹമായ പങ്കുവഹിച്ചു.



*പ്രാർത്ഥിക്കുന്ന കരങ്ങൾ, ആൽബ്രെഷ്ട് ഡ്യൂറെർ വരച്ച ചിത്രം, 1508.*

' "കല" പ്രകൃതിയോട് ഇഴ ചേർന്ന് നിൽക്കുന്ന ഒന്നാണ്, വേർപിരിച്ചെടുക്കാൻ കഴിവുള്ളവന് അത് സ്വന്തമാക്കാം... അതിലുപരി ക്ഷേത്രഗണിതത്തിലൂടെ ഭൂരിഭാഗം പ്രവർത്തനങ്ങളും നിങ്ങൾക്ക് തെളിയിക്കാം. ജീവനെ അതിന്റെ യഥാർഥരൂപത്തിൽ കൂടുതൽ അടുത്തറിഞ്ഞു പ്രവർത്തിച്ചാൽ അത് കൂടുതൽ നന്നായി കാണപ്പെടും... ജീവിതത്തിൽ നിന്ന് പകർത്തിയ അനുഭവങ്ങൾ സ്വന്തം മനസ്സിൽ നന്നായി ശേഖരിച്ച് വച്ചിട്ടുള്ളവർക്കല്ലാതെ സ്വന്തം ഭാവനയിൽനിന്ന് ആർക്കും ഒരു മനോഹരരൂപവും സൃഷ്ടിക്കുവാൻ കഴിയില്ല'.

– ആൽബ്രെട്ട് ഡ്യൂറെർ (1471 – 1528)

പതിനാറാം നൂറ്റാണ്ടിലെ ഇറ്റാലിയൻ സംസ്കാരത്തെക്കുറിച്ച് അവബോധം നൽകുന്ന ഒന്നാണ് ഡ്യൂറെറിന്റെ ചിത്രക്കുറിപ്പ് (പ്രാർത്ഥിക്കുന്ന കരങ്ങൾ). അന്ന് ജനങ്ങൾ അടിയുറച്ച മതവിശ്വാസികളായിരുന്നെങ്കിലും മനുഷ്യന്റെ കഴിവുകളിൽ ഇവർ തികഞ്ഞ ആത്മവിശ്വാസം പുലർത്തിയിരുന്നു. ഈ ലോകത്തും പ്രപഞ്ചത്തിലും നിലനിൽക്കുന്ന നിഗൂഢതകളെ മറികടന്ന് പരിപൂർണതയ്ക്കരികിലെത്താൻ അവന് കഴിയുമെന്ന് അവർ കരുതി.

ഭൂതകാലത്തെ സൃഷ്ടികളുടെ പഠനത്തിലൂടെ കലാകാരന്മാർ ഏറെ പ്രചോദിതരായി. പൗരാണിക ഗ്രന്ഥങ്ങളെ അന്വേഷിച്ച അതേ ആവേശത്തോടെ അവർ റോമൻ സംസ്കാരത്തിന്റെ ഭൗതിക അവശിഷ്ടങ്ങൾ തേടിച്ചെന്നു. റോമിന്റെ പതനത്തിന് ആയിരം വർഷങ്ങൾക്കുശേഷം റോമിൽ നിന്നും ജനവാസമില്ലാതായ മറ്റു നഗരങ്ങളിൽ നിന്നും കലകളുടെ അവശിഷ്ടങ്ങൾ കണ്ടെടുത്തു. നൂറ്റാണ്ടുകൾക്ക് മുമ്പ് കൊത്തിവച്ച 'സമ്പൂർണ' അനുപാതത്തിലുള്ള സ്ത്രീപുരുഷ രൂപങ്ങളെ അവർ പ്രശംസിച്ചു.

ഇത് ഇറ്റാലിയൻ ശില്പികളെ ഈ പാരമ്പര്യം തുടരാൻ പ്രേരിപ്പിച്ചു. 1416-ൽ ജീവൻ തുടിക്കുന്ന പ്രതിമകൾ നിർമ്മിച്ച് ഡൊണാടെല്ലോ (Donatello, 1386-1466) ഈ മേഖലയിൽ പുതിയ തുടക്കം കുറിച്ചു.

പൂർണതയ്ക്കുവേണ്ടിയുള്ള കലാകാരന്മാരുടെ അഭിവാഞ്ഛയെ ശാസ്ത്രജ്ഞൻമാരുടെ പ്രവർത്തനങ്ങൾ ഏറെ സഹായിച്ചു. അസ്ഥികളുടെ ഘടന മനസ്സിലാക്കുന്നതിനായി കലാകാരന്മാർ മെഡിക്കൽസ്കൂളുകളിലെ ലബോറട്ടറികൾ സന്ദർശിച്ചു. പാദുവ സർവകലാശാലയിലെ ബൽജിയൻ വൈദ്യശാസ്ത്ര അധ്യാപകൻ ആൻഡ്രിയസ് വെസേലിയസ്സായിരുന്നു (Andreas Vesalius 1514 -64) മനുഷ്യ ശരീരത്തെ ആദ്യമായി കീറിമുറിച്ച് പരിശോധിച്ചത്. ആധുനിക ശരീരശാസ്ത്രത്തിന്റെ (physiology) തുടക്കം ഇതായിരുന്നു.




യേശുവിന്റെ ശരീരവുമായിരിക്കുന്ന മറിയത്തിന്റെ രൂപം ചിത്രീകരിച്ചിരിക്കുന്ന മൈക്കലാഞ്ചലോവിന്റെ പിയാത്ത (Pieta).

മാതൃകയായി ഉപയോഗിക്കാൻ കഴിയുന്ന പഴയ സൃഷ്ടികളൊന്നും ചിത്രകാരന്മാർക്ക് ലഭ്യമായിരുന്നില്ല. ശില്പികളെപ്പോലെ തന്നെ ചിത്രകാരൻമാരും സാധ്യമാകുന്നിടത്തോളം യഥാർഥ രൂപത്തിലുള്ള ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. ക്ഷേത്രഗണിതത്തെ (geometry) ക്കുറിച്ചുള്ള അറിവാണ് ഇതിനവരെ സഹായിച്ചത്. പ്രകാശത്തിന്റെ തോതിൽ മാറ്റം വരുത്തി ചിത്രങ്ങൾക്ക് ത്രിമാന സ്വഭാവം നൽകാൻ അവർക്ക് കഴിഞ്ഞു. ചിത്രരചനാമാധ്യമം എന്ന നിലയിലുള്ള എണ്ണയുടെ ഉപയോഗം ചിത്രങ്ങളിലെ നിറങ്ങൾക്ക് മുമ്പത്തേക്കാൾ കൂടുതൽ മിഴിവേകി. അവരുടെ പല ചിത്രങ്ങളിലെ നിറത്തിലും വസ്ത്രാലങ്കാരത്തിലും ചൈനീസ്-പേർഷ്യൻ കലാസ്വാധീനം പ്രകടമായിരുന്നു. മംഗോളിയരിൽ നിന്നാണ് ഇതവർക്ക് ലഭ്യമായത്. (പ്രമേയം 5 കാണുക)

സസ്യശാസ്ത്രം മുതൽ ശരീരഘടനാശാസ്ത്രം വരെയും ഗണിതശാസ്ത്രം മുതൽ കല വരെയുമുള്ള വ്യത്യസ്ത മേഖലകളിലെല്ലാം വിസ്മയകരമാം വിധം നിറഞ്ഞുനിന്ന ലിയൊനാർഡൊ ഡാവിഞ്ചി (Leonardo da Vinci, 1452-1519) യുടെ സൃഷ്ടിയാണ് ഈ സ്വരേഖാചിത്രം (self portrait). *'മോണാലിസ'*, *'അന്ത്യ അത്താഴം'*, എന്നീ ചിത്രങ്ങൾ വരച്ചത് അദ്ദേഹമാണ്.

പറക്കാൻ കഴിയുക എന്നത് അദ്ദേഹത്തിന്റെ വലിയൊരു സ്വപ്നമായിരുന്നു. പറക്കുന്ന പക്ഷികളെ ദീർഘകാലം നിരീക്ഷിച്ച് അദ്ദേഹം ഒരു പറക്കൽ യന്ത്രത്തിന് രൂപകല്പന നൽകി.

'ലിയൊനാർഡൊ ഡാവിഞ്ചി, പരീക്ഷണങ്ങളുടെ ശിഷ്യൻ' എന്നാണ് അദ്ദേഹം പേരെഴുതി ഒപ്പുവച്ചിരുന്നത്.



**പ്രവർത്തനം 2**

പതിനാറാം നൂറ്റാണ്ടിലെ ഇറ്റാലിയൻ കലാകാരന്മാരുടെ സൃഷ്ടികളിൽ ഉണ്ടായിരുന്ന വ്യത്യസ്ത ശാസ്ത്രീയ ഘടകങ്ങൾ വിശദീകരിക്കുക.

ശരീരഘടനാശാസ്ത്രം, ക്ഷേത്രഗണിതം, ഭൗതികശാസ്ത്രം എന്നിവയ്ക്കൊപ്പം മനോഹാരിതയെക്കുറിച്ചുള്ള അവരുടെ ശക്തമായ ബോധവും ഇറ്റാലിയൻ കലയ്ക്ക് ഒരു പുത്തൻ ഗുണമേന്മ നൽകി. റിയലിസം എന്നുവിളിക്കപ്പെട്ട ഈ ശൈലി പത്തൊമ്പതാം നൂറ്റാണ്ടു വരെ നിലനിന്നിരുന്നു.

## വാസ്തു ശില്പകല (Architecture)

റോമാ സാമ്രാജ്യകാലത്തെ കെട്ടിടങ്ങളുടെ പല സവിശേഷതകളും പകർത്തിയ ഒന്നായിരുന്നു പതിനാറാം നൂറ്റാണ്ടിലെ ഇറ്റാലിയൻ വാസ്തു ശില്പകല.

പതിനഞ്ചാം നൂറ്റാണ്ടിൽ റോമാനഗരം നയനമനോഹരമായി പുനരുജ്ജീവിക്കപ്പെട്ടു. 1417 മുതൽ മാർപ്പാപ്പമാർ രാഷ്ട്രീയമായി കരുത്താർജിക്കാൻ തുടങ്ങി. 1378 നുശേഷം ഒരേ സമയം പ്രതിയോഗികളായ രണ്ടു മാർപ്പാപ്പമാർ തിരഞ്ഞെടുക്കപ്പെടാൻ തുടങ്ങിയതോടെ ഉടലെടുത്ത ദൗർബല്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞതായിരുന്നു ഇതിനു കാരണം. റോമിന്റെ ചരിത്രപഠനത്തെ ഇവർ ശക്തമായി പ്രോത്സാഹിപ്പിച്ചു. പുരാവസ്തുശാസ്ത്രജ്ഞർ (പുരാവസ്തുശാസ്ത്രം പുതിയൊരു നൈപുണിയായിരുന്നു) റോമിന്റെ അവശിഷ്ടങ്ങൾ ശ്രദ്ധാപൂർവം ഉൽഖനനം ചെയ്തു. വാസ്തുശില്പകലയിൽ ഇതൊരു പുതിയ ശൈലിക്ക് തുടക്കമിട്ടു. രാജകീയ റോമൻ ശൈലിയുടെ പുനരുത്ഥാനമായ ഈ ശൈലി 'ക്ലാസ്സിക്കൽ' എന്നറിയപ്പെടുന്നു. മാർപ്പാപ്പമാർ, സമ്പന്നരായ വ്യാപാരികൾ, കുലീനർ തുടങ്ങിയവർ ക്ലാസ്സിക്കൽ ശില്പകലയിൽ പരിചിതരായ വാസ്തുശില്പികളെ നിയമിക്കുവാൻ തുടങ്ങി. ചിത്രങ്ങൾ, ശില്പങ്ങൾ, പ്രതലത്തിൽ നിന്ന് ഉന്തി നിൽക്കുന്ന ചിത്രങ്ങൾ എന്നിവ കൊണ്ട് കെട്ടിടങ്ങളെ മോടിപിടിപ്പിക്കുവാൻ കലാകാരൻമാരെയും ശില്പികളെയും നിയോഗിച്ചു.



ചിത്രകല, ശില്പകല, വാസ്തുശില്പകല എന്നിവയിൽ ഒരേ സമയം പ്രാവീണ്യമുള്ള ചില വ്യക്തികളും ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. ഇതിൽ ഏറ്റവും പ്രമുഖനായ വ്യക്തിയായിരുന്നു മൈക്കലാഞ്ചലോ ബുണറോട്ടി (Michelangelo Buonarroti, 1475-1564). മാർപ്പാപ്പയ്ക്കുവേണ്ടി സിസ്റ്റൈൻ ചാപ്പലിന്റെ മച്ചിൽ വരച്ച ചിത്രങ്ങൾ, 'പിയാത്ത' ('The Pieta') എന്ന ശില്പം, സെന്റ് പീറ്റേഴ്സ് പള്ളിയുടെ താഴികക്കുടത്തിന്റെ രൂപകല്പന എന്നിവ അദ്ദേഹത്തെ അനശ്വരനാക്കി. ഇവയെല്ലാം സ്ഥിതിചെയ്യുന്നത് റോമിലാണ്. ഫ്ളോറൻസിലെ ശ്രദ്ധേയമായ ഡ്യൂമോ (Duomo) യുടെ രൂപ കല്പന ചെയ്ത വാസ്തു ശിലാവിദഗ്ധനായ ഫിലിപ്പോ ബ്രൂണലേഷി (Filippo Brunelleschi, 1337-1445) തന്റെ ജീവിതം ആരംഭിച്ചത് ഒരു ശില്പിയായിട്ടായിരുന്നു.

കലാകാരൻമാർ ഓരോരുത്തരും അവരവരുടെ പേരിൽത്തന്നെ അറിയപ്പെടാൻ തുടങ്ങിയത് ഈ കാലഘട്ടത്തിലെ ഒരു സുപ്രധാന മാറ്റമായിരുന്നു. മുൻകാലങ്ങളിൽ ഇവർ ഒരു സംഘത്തിലെ അല്ലെങ്കിൽ ഗിൽഡിലെ (guild) അംഗങ്ങളെന്ന നിലയിലായിരുന്നു അറിയപ്പെട്ടിരുന്നത്.

## ആദ്യം അച്ചടിച്ച ഗ്രന്ഥങ്ങൾ (The First Printed Books)

മഹാന്മാരായ കലാകാരന്മാർ നിർമ്മിച്ച ചിത്രങ്ങൾ, ശില്പങ്ങൾ, കെട്ടിടങ്ങൾ എന്നിവ കാണണമെങ്കിൽ മറ്റുരാജ്യങ്ങളിലെ ആളുകൾക്ക് ഇറ്റലിയിലേക്ക് യാത്ര ചെയ്യേണ്ടി വന്നിരുന്നു. എന്നാൽ എഴുത്തിന്റെ കാര്യത്തിൽ ഇറ്റാലിയൻ ഭാഷയിൽ എന്താണോ രചിക്കപ്പെട്ടത്, അവയെല്ലാം ലോക രാജ്യങ്ങളിലേക്ക് സഞ്ചരിച്ചെത്തി. പതിനാറാം നൂറ്റാണ്ടിലുണ്ടായ ഏറ്റവും മഹത്തരമായ വിപ്ലവമായ അച്ചടി സാങ്കേതികവിദ്യയിലുള്ള ആധികാരിക ജ്ഞാനമാണ് ഇതിനു കാരണമായത്. ഇതിന് യൂറോപ്യൻമാർ മറ്റ് പ്രദേശങ്ങ

ളിലെ ജനതകളോട് കടപ്പെട്ടിരിക്കുന്നു. അച്ചടി സാങ്കേതികവിദ്യ ചൈനക്കാരിൽ നിന്നാണ് അവർക്ക് ലഭിച്ചത്. യൂറോപ്യൻ വ്യാപാരികളും, നയതന്ത്രജ്ഞരും മംഗോളിയയിലെ രാജാക്കന്മാരുടെ കൊട്ടാര സദസ്സുകൾ സന്ദർശിച്ചപ്പോഴാണ് അതിന്റെ പ്രായോഗികത പരിചയപ്പെടാൻ കഴിഞ്ഞത്. (മറ്റ് മൂന്ന് പ്രധാന കണ്ടുപിടുത്തങ്ങളായ വെടിക്കോപ്പ്, വടക്ക് നോക്കി യന്ത്രം, അബാക്കസ് എന്നിവയെക്കുറിച്ചുള്ള അറിവും യൂറോപ്യൻമാർക്ക് ലഭിച്ചത് ഇപ്രകാരമാണ്.)

മുൻകാലങ്ങളിൽ പുസ്തകങ്ങൾ ചുരുക്കം ചില കൈയെഴുത്തുപ്രതികളുടെ രൂപത്തിലാണ് നിലനിന്നിരുന്നത്. 1455-ൽ, ആദ്യത്തെ അച്ചടിശാല സ്ഥാപിച്ച ജർമ്മൻകാരനായ ഗുട്ടൻബർഗ് (1400–1458) ബൈബിളിന്റെ 150 പകർപ്പുകൾ അച്ചടിച്ചു. മുൻകാലങ്ങളിൽ ബൈബിളിന്റെ ഒരു പകർപ്പ് എഴുതിത്തയാറാക്കുവാൻ ഒരു സന്യാസിക്കുവേണ്ടിയിരുന്ന സമയം കൊണ്ടാണ് ഇത്രയും പകർപ്പുകൾ അദ്ദേഹം അച്ചടിച്ചത്!

1500 ആയപ്പോഴേക്കും ധാരാളം ക്ലാസിക്കൽ ഗ്രന്ഥങ്ങൾ ഇറ്റലിയിൽ അച്ചടിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഇതിൽ മിക്കതും ലത്തീൻ ഭാഷയിൽ ആയിരുന്നു. അച്ചടിച്ച ഗ്രന്ഥങ്ങൾ ലഭ്യമായതോടെ, പ്രസംഗക്കുറിപ്പുകളെ മാത്രം ആശ്രയിക്കാതെ വിദ്യാർഥികൾക്ക് പുസ്തകങ്ങൾ വാങ്ങി ഉപയോഗിക്കാൻ സാധിച്ചു. ഇതുമൂലം ആശയങ്ങൾ, അഭിപ്രായങ്ങൾ, വിവരങ്ങൾ തുടങ്ങിയവ മുൻപത്തേക്കാളും വേഗത്തിൽ പ്രചരിക്കുവാൻ തുടങ്ങി. പുതിയ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അച്ചടിച്ച ഒരു ഗ്രന്ഥം വളരെ വേഗത്തിൽ നൂറുകണക്കിന് വായനക്കാരിലേക്ക് എത്തിക്കുവാൻ കഴിഞ്ഞു. ഓരോരുത്തർക്കും സ്വന്തമായിത്തന്നെ പുസ്തകങ്ങളുടെ പകർപ്പുകൾ വാങ്ങാൻ കഴിഞ്ഞതിനാൽ വ്യക്തികൾക്ക് കൂടുതൽ പുസ്തകങ്ങൾ വായിക്കുവാൻ സാധിച്ചു. ഇത് ജനങ്ങൾക്കിടയിൽ വായനാശീലം വളർത്തി.

പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ, ഇറ്റലിയിലെ മാനവികസംസ്കാരം ആൽപ്സ് കടന്ന് വേഗത്തിൽ വ്യാപിക്കുവാൻ പ്രധാനകാരണം അച്ചടിച്ച ഗ്രന്ഥങ്ങളുടെ പ്രചാരമായിരുന്നു. മുൻകാലങ്ങളിലെ ബൗധിക പ്രസ്ഥാനങ്ങൾ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമായി എന്തുകൊണ്ട് പരിമിതപ്പെട്ടുപോയി എന്നും ഇതു വ്യക്തമാക്കുന്നു.



*ഡ്യൂമൊ, ബ്രൂണെല്ലേഷി രൂപകല്പന ചെയ്ത ഫ്ളോറൻസിലെ ഭദ്രാസനപ്പള്ളിയുടെ താഴികക്കുടം*

കലാസിദ്ധാന്തം, വാസ്തു ശില്പകല എന്നിവയെക്കുറിച്ച് ലിയോൺ ബാറ്റിസ്റ്റ ആൽബെർട്ടി (Leon Batista Alberti, 1404-72) എഴുതി. 'എല്ലാ സൃഷ്ടികളും ആസൂത്രണം ചെയ്യാനും പൂർത്തിയാക്കാനും കഴിവുള്ള ഒരാളായി ഒരു വാസ്തു ശില്പിയെ ഞാൻ കാണുന്നു. വലിയ ഭാരമുള്ള വസ്തുക്കളുടെ ചലനം, വസ്തുക്കളുടെ സംയോജനവും ചിട്ടയും, ഏറ്റവും മികച്ച സൗന്ദര്യം തുടങ്ങിയവയെല്ലാം ഇത്തരം ശില്പിക്ക് മനുഷ്യവർഗത്തിനായി ഉപയോഗിക്കാൻ കഴിയും.'

## മനുഷ്യരെക്കുറിച്ചുള്ള ഒരു പുത്തൻ ആശയം (A New Concept of Human Beings)

മതത്തിന് മനുഷ്യ ജീവിതത്തിനുമേലുണ്ടായിരുന്ന നിയന്ത്രണം ലഘൂകരിക്കാൻ കഴിഞ്ഞതാണ് മാനവിക സംസ്ക്കാരത്തിന്റെ ഒരു സവിശേഷത. ഇറ്റലിക്കാർ ഭൗതിക സമ്പത്ത്, അധികാരം, യശസ്സ് എന്നിവയിലേക്ക് ഏറെ ആകർഷിക്കപ്പെട്ടുവെങ്കിലും അവർ പൂർണമായും മതരഹിതർ ആയിരുന്നില്ല. വെനീസിലിലെ ഒരു മാനവികതാവാദിയായ ഫ്രാൻസിസ്കോ ബാർബറോ (Francesco Barbaro,1390–1454) സ്വത്ത് സമ്പാദനത്തെ ഒരു നന്മയായി അവതരിപ്പിച്ചുകൊണ്ട് അതിന് അനുകൂലമായി ഒരു ലഘുലേഖ എഴുതി. ചരിത്രപഠനം മനുഷ്യനെ പരിപൂർണതയിലേക്ക് നയിക്കുമെന്ന് വിശ്വസിച്ച ലോറൻസൊ വാല്ല (Lorenzo Valla,1406–1457) തന്റെ '*ഓൺ പ്ലെഷർ*' *(On Pleasure)* എന്ന പുസ്തകത്തിൽ സുഖലോലുപതയ്ക്കെതിരെയുള്ള ക്രിസ്തീയ

വിലക്കിനെ ശക്തമായി എതിർത്തു. ഒരാൾ എങ്ങനെ വിനയത്തോടെ സംസാരിക്കണം, എങ്ങനെ ശരിയായി വസ്ത്രധാരണം നടത്തണം, സംസ്കാരസമ്പന്നനായ ഒരാൾ ഏതെല്ലാം കഴിവുകൾ ആർജിക്കണം തുടങ്ങിയ നല്ല പെരുമാറ്റ രീതികൾക്ക് ഈ കാലഘട്ടത്തിൽ കൂടുതൽ ഗൗരവം കൈവന്നു.

അധികാരം, ധനം എന്നിവയ്ക്കു പിന്നാലെ പായാതെ തന്നെ ഇതര മാർഗങ്ങളിലൂടെ സ്വന്തം ജീവിതം രൂപപ്പെടുത്താൻ കഴിവുള്ളവരാണ് മനുഷ്യരെന്ന് മാനവികതാവാദം വ്യക്തമാക്കി. മനുഷ്യപ്രകൃതത്തിന് പല വശങ്ങളുണ്ടെന്ന വിശ്വാസത്തോട് ഈ ആശയം ഏറെ ബന്ധപ്പെട്ടിരിക്കുന്നു. മൂന്ന് സാമൂഹിക വിഭാഗങ്ങൾ മാത്രമുണ്ടായിരുന്ന ഫ്യൂഡൽ സാമൂഹിക ക്രമത്തിനു വിരുദ്ധമായിരുന്നു, മനുഷ്യസ്വഭാവം ബഹുമുഖമാണ് എന്ന ധാരണയിലധിഷ്ഠിതമായ ഈ പുത്തൻ ആദർശം.

> നിക്കോളോ മാക്യവെല്ലി (Niccolo Machiavelli) *'ദി പ്രിൻസ്' (The Prince*, 1513*)* എന്ന ഗ്രന്ഥത്തിലെ പതിനഞ്ചാം അധ്യായത്തിൽ മനുഷ്യ പ്രകൃതത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തി:
> 'അതിനാൽ സാങ്കല്പിക കാര്യങ്ങളെ മാറ്റി നിർത്തി യഥാർഥത്തിൽ നിലനിൽക്കുന്നതിനെക്കുറിച്ച് മാത്രം പരാമർശിച്ചാൽ, ഞാൻ പറയുന്നു, മനുഷ്യരെക്കുറിച്ച്, വിശിഷ്യാ–കൂടുതൽ ശ്രദ്ധയാകർഷിക്കപ്പെടുന്നവരായ രാജാക്കന്മാരെക്കുറിച്ച്, എപ്പോഴെല്ലാം ചർച്ചചെയ്യുന്നുവോ അപ്പോഴെല്ലാം പ്രശംസയ്ക്കോ നിന്ദയ്ക്കോ കാരണങ്ങളാകുന്ന അവരുടെ വ്യത്യസ്തസ്വഭാവങ്ങളെയാണ് നാം ശ്രദ്ധിക്കാറുള്ളത്. ഉദാഹരണമായി ചിലരെ ഉദാരമനസ്കരായും മറ്റുചിലരെ പിശുക്കരായും കാണുന്നു. ചിലർ ധർമ്മിഷ്ഠരും, മറ്റു ചിലർ പിടിച്ച്പറിക്കാരുമാകും, ചിലർ ക്രൂരന്മാരും മറ്റു ചിലർ ദയാലുക്കളുമാകും; ഒരാൾ വിശ്വാസ വഞ്ചകനും മറ്റൊരാൾ വിശ്വസ്തനുമാകും; ഒരാൾ ബലഹീനനോ ഭീരുവോ ആകാം, മറ്റൊരാൾ ശക്തനും ധൈര്യശാലിയുമാകും; ഒരാൾ മര്യാദയുള്ളവനും മറ്റു ചിലർ അഹന്ത നിറഞ്ഞവരുമാകും; ഒരാൾ വിദ്വേഷാലുവാണെങ്കിൽ മറ്റൊരാൾ പരിശുദ്ധനായിരിക്കും; ഒരാൾ നിഷ്ക്കളങ്കനും, മറ്റൊരാൾ തന്ത്രജ്ഞനുമാകും; ഒരാൾ ശാഠ്യക്കാരനെങ്കിൽ മറ്റൊരാൾ അയവുള്ളവനാകും, ഒരാൾ ഉത്ക്കണ്ഠാകുലനും മറ്റൊരാൾ അചഞ്ചലനുമാകും; ഒരാൾ സന്ദേഹവാദിയും മറ്റൊരാൾ മതവിശ്വാസിയുമാകും; ഇതിങ്ങനെ തുടരുന്നു.'
> 'എല്ലാ മനുഷ്യരും ചീത്തയാണെന്നും തങ്ങളുടെ ക്രൂരത പ്രകടിപ്പിക്കാൻ എപ്പോഴും തയാറുള്ളവരാണെന്നും' മാക്യവെല്ലി വിശ്വസിച്ചു. 'കാരണം മനുഷ്യന്റെ ആഗ്രഹങ്ങൾ ഒരിക്കലും അവസാനിക്കാത്തതും അടങ്ങാത്തതുമാണ്.' മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തമായ അടിസ്ഥാന ചോദന സ്വാർഥ താൽപ്പര്യങ്ങളാണെന്ന് മാക്യവെല്ലി കരുതി.

## സ്ത്രീകളുടെ ആഗ്രഹങ്ങൾ (The Aspirations of Women)

വ്യക്തിത്വം, പൗരത്വം എന്നീ പുത്തൻ ആശയങ്ങളിൽ നിന്ന് സ്ത്രീകളെ ഒഴിവാക്കിയിരുന്നു. പൊതുജീവിതത്തിൽ മേധാവിത്വം പുലർത്തിയിരുന്നത് കുലീന കുടുംബങ്ങളിലെ പുരുഷന്മാരായിരുന്നു. കുടുംബങ്ങളിൽ തീരുമാനങ്ങളെടുത്തിരുന്നതും അവരായിരുന്നു. പൊതുജീവിതത്തിലും കുടുംബ വ്യാപാരങ്ങളിലും തങ്ങളുടെ സ്ഥാനം ഏറ്റെടുക്കാൻ അവർ ആൺമക്കളെ പഠിപ്പിച്ചു. ചില സമയങ്ങളിൽ അവർ തങ്ങളുടെ ഇളയ ആൺമക്കളെ തിരുസഭയിൽ ചേർത്തു. സ്ത്രീധനം കുടുംബ വ്യാപാരങ്ങളിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും ഭർത്താക്കൻമാർ നടത്തുന്ന കച്ചവട രീതിയെക്കുറിച്ച് അഭിപ്രായം പറയാനുള്ള അവകാശം സ്ത്രീകൾക്കില്ലായിരുന്നു. പലപ്പോഴും വിവാഹത്തിന്റെ ഉദ്ദേശ്യം തന്നെ വ്യാപാര സഖ്യങ്ങൾ ശക്തിപ്പെടുത്തുകയായിരുന്നു. മതിയായ സ്ത്രീധനം കണ്ടെത്താൻ കഴിയാതെ വന്നത് ചിലരെ സന്യാസ ജീവിതത്തിലേക്കെത്തിച്ചു. വീട്ടു

കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരായി മാത്രം കണ്ടിരുന്ന സ്ത്രീകളുടെ പൊതുജീവിതത്തിലുള്ള പങ്ക് വളരെ പരിമിതമായിരുന്നു.

എന്നിരുന്നാലും, കച്ചവടക്കാരുടെ കുടുംബങ്ങളിൽ സ്ത്രീകളുടെ സ്ഥാനമാനങ്ങൾക്ക് ചില വ്യത്യാസങ്ങളുണ്ടായിരുന്നു. കടകൾ നടത്തുന്നതിന് കടയുടമകളെ മിക്കപ്പോഴും അവരുടെ ഭാര്യമാർ സഹായിച്ചിരുന്നു. കച്ചവടക്കാരുടെയും ബാങ്കർമാരുടെയും കുടുംബങ്ങളിൽ പുരുഷൻമാർ ജോലിസംബന്ധമായ കാര്യങ്ങൾക്കായി ദൂരസ്ഥലങ്ങളിൽ പോകുമ്പോൾ കച്ചവടം നോക്കിനടത്തിയിരുന്നത് ഭാര്യമാരായിരുന്നു. കുലീന കുടുംബങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഒരു വ്യാപാരിയുടെ അകാലമരണം അദ്ദേഹത്തിന്റെ വിധവയെ പൊതുകാര്യങ്ങളിൽ പ്രധാന പങ്ക് വഹിക്കാൻ പ്രേരിപ്പിച്ചു.



ഇസബെല്ല ദെസ്തെ

മാനവിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ പ്രതിഭാശാലികളും സർഗവൈഭവമുള്ളവരുമായ കുറച്ച് സ്ത്രീകൾ ഈ കാലഘട്ടത്തിലുണ്ടായിരുന്നു. 'വിദ്യാഭ്യാസം, സ്ത്രീകൾക്ക് പ്രതിഫലമോ മാന്യതയോ നൽകുന്നില്ല എങ്കിൽപ്പോലും ഓരോ സ്ത്രീയും ഈ പഠനത്തിലൂടെ കടന്ന് പോകണ'മെന്ന് വെനീഷ്യൻ എഴുത്തുകാരിയായ കാസാൻദ്ര ഫെദെൽ (Cassandra Fedele, 1465 - 1558) എഴുതി. ഒരു മാനവിക പണ്ഡിതന്റെ ഗുണങ്ങൾ നേടിയെടുക്കാൻ സ്ത്രീകൾക്ക് കഴിയില്ലെന്ന ആശയത്തെ ചോദ്യം ചെയ്ത വിരലിലെണ്ണാവുന്ന സ്ത്രീകളിൽ ഒരാളായിരുന്നു അവർ. ഗ്രീക്ക് ഭാഷയിലും ലത്തീൻ ഭാഷയിലും പാണ്ഡിത്യമുണ്ടായിരുന്ന ഫെദെലിനെ പ്രഭാഷണങ്ങൾ നടത്തുന്നതിനായി പാദുവ സർവകലാശാലയിലേക്ക് ക്ഷണിച്ചിരുന്നു.

**പ്രവർത്തനം 3**

ഒരു സ്ത്രീയും (ഫെദെൽ) ഒരു പുരുഷനും (കാസ്റ്റിഗ്ലിയോൺ) സ്ത്രീകളുടെ ആഗ്രഹങ്ങളെക്കുറിച്ച് പ്രകടിപ്പിച്ച വാദങ്ങൾ താരതമ്യംചെയ്യുക. ഒരു പ്രത്യേക വർഗത്തിൽപ്പെട്ട സ്ത്രീകൾ മാത്രമായിരുന്നോ ഇവരുടെ മനസ്സിൽ ഉണ്ടായിരുന്നത്?

വിദ്യാഭ്യാസത്തിന് ഈ കാലഘട്ടത്തിൽ നൽകിയിരുന്ന പൊതുവായ പരിഗണനയിലേക്കാണ് ഫെദെലിന്റെ രചനകൾ വെളിച്ചം വീശുന്നത്. 'സ്ത്രീകളുടേതിനേക്കാൾ കൂടുതൽ പുരുഷന്റെ ആഗ്രഹങ്ങൾക്ക് പ്രാധാന്യം നൽകി 'സ്വാതന്ത്ര്യത്തെക്കുറിച്ച് പരിമിതമായ നിർവചനം നൽകിയ' റിപ്പബ്ലിക്കിനെ വിമർശിച്ച നിരവധി വെനീഷ്യൻ സ്ത്രീ എഴുത്തുകാരിൽ ഒരാളായിരുന്നു ഫെദെൽ. മാന്തുവായിലെ മാർച്ചെസ് ആയിരുന്ന ഇസബെല്ല ദെസ്തെ (Isabella d'Este, 1474 -1539) ഈ കാലഘട്ടത്തിലെ മറ്റൊരു പ്രമുഖ വനിതയായിരുന്നു. ഭർത്താവിന്റെ അഭാവത്തിൽ അവരായിരുന്നു രാജ്യത്തിന്റെ ഭരണം നിർവഹിച്ചിരുന്നത്. ഒരു ചെറിയ രാഷ്ട്രമായ മാന്തുവയിലെ കൊട്ടാര സദസ് അതിന്റെ ബൗദ്ധിക ശോഭയാൽ പ്രശസ്തമായിരുന്നു. പുരുഷമേൽക്കോയ്മയുടെ ഒരു ലോകത്ത് സാമ്പത്തിക ശക്തിയും, സ്വത്തുവകകളും,

എഴുത്തുകാരനും നയതന്ത്രജ്ഞനുമായ ബാൽത്തസാർ കാസ്റ്റിഗ്ലിയോൺ (Balthasar Castiglione) *ദി കോർട്ടിയർ (The Courtier, 1528)* എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതി:

'ആചാരങ്ങൾ, രീതികൾ, വാക്കുകൾ, അംഗചേഷ്ടകൾ, പെരുമാറ്റം, നടത്തരീതികൾ എന്നിവയിൽ ഒരു സ്ത്രീക്ക് ഒരിക്കലും ഒരു പുരുഷനുമായി സാദൃശ്യമുണ്ടാകരുതെന്ന് ഞാൻ കരുതുന്നു. കരുത്തുറ്റതും ദൃഢതയാർന്നതുമായ പൗരുഷമാണ് ഒരു പുരുഷന് യോജിക്കുന്നത്. മൃദുലമായ ആർദ്രതയാണ് ഒരു സ്ത്രീക്ക് അനുയോജ്യം. അവളുടെ ഓരോ ചലനത്തിലും സ്ത്രീത്വത്തിന്റെ മാധുര്യമുണ്ടാകും. വാക്കുകളിലും അവളുടെ ഓരോ പ്രവർത്തനത്തിലും ഇതുണ്ടാകും. ഈ രീതികളാണ് അവളെ പുരുഷനുമായി യാതൊരുവിധ സാമ്യവുമില്ലാത്ത ഒരു സ്ത്രീയാക്കി മാറ്റുന്നത്. മാന്യന്മാരായ പുരുഷന്മാർ ഇക്കാര്യങ്ങൾ നിയമാവലികളിൽ കൂട്ടിച്ചേർത്ത് കൊട്ടാരവാസികളെ പഠിപ്പിച്ചിരുന്നെങ്കിൽ ഇവയിൽ പലതും അവൾക്ക് ഉപയോഗിക്കുവാൻ കഴിവുണ്ടാവുകയും മികച്ച നേട്ടങ്ങളാൽ അവൾ സ്വയം അലങ്കരിക്കപ്പെടുകയും ചെയ്യുമായിരുന്നു... കപടതയിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ; സ്വാഭാവിക ലാളിത്യമുണ്ടാകാൻ; പെരുമാറ്റ മര്യാദയും ബുദ്ധിയും വിവേകവുമുണ്ടാകാൻ; അഹങ്കാരവും ദുർഭാഷണവും പൊങ്ങച്ചവും ഒഴിവാക്കാൻ; സ്ത്രീകൾക്ക് യോജിച്ച പ്രവൃത്തികൾ ഭംഗിയായും ലളിതമായും ചെയ്യുന്നതിന്... പുരുഷനും കുടുംബത്തിനും എന്നതുപോലെ സ്ത്രീക്കും മനസ്സിന്റെ നന്മകൾ അനിവാര്യമാണെന്ന് ഞാൻ കരുതുന്നു.'

വിദ്യാഭ്യാസവും ഉണ്ടെങ്കിൽ മാത്രമേ സ്ത്രീകൾക്ക് സ്വന്തമായൊരു വ്യക്തിത്വം നേടിയെടുക്കാൻ കഴിയൂ എന്ന അവരുടെ ദൃഢവിശ്വാസത്തെ ഈ കാലഘട്ടത്തിലെ സ്ത്രീപക്ഷ രചനകൾ വെളിവാക്കുന്നു.

## ക്രിസ്തുമതത്തിനുള്ളിലെ സംവാദങ്ങൾ (Debates within Christianity)

വ്യാപാരവും സഞ്ചാരവും, സൈനിക കീഴടക്കലും നയതന്ത്ര ബന്ധങ്ങളും ഇറ്റലിയിലെ നഗരങ്ങളെയും കൊട്ടാരങ്ങളെയും വിദൂരലോകവുമായി ബന്ധിപ്പിച്ചു. വിദ്യാസമ്പന്നരും ധനികരുമായ ആളുകൾ ഈ പുതിയ സംസ്കാരത്തെ പുകഴ്ത്തുകയും അനുകരിക്കുകയും ചെയ്തു. ഈ പുതിയ ആശയങ്ങളിൽ വളരെക്കുറച്ച് മാത്രമേ എഴുത്തും വായനയും അറിയാത്ത സാധാരണക്കാരിലേക്ക് എത്തിച്ചേർന്നുള്ളൂ.

പതിനഞ്ചാം നൂറ്റാണ്ടിലും പതിനാറാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിലും വടക്കൻ യൂറോപ്പിലെ സർവകലാശാലകളിലെ പല പണ്ഡിതന്മാരും മാനവിക ആശയങ്ങളിലേക്ക് ആകർഷിക്കപ്പെട്ടു. അവരും ഇറ്റലിയിലെ തങ്ങളുടെ സഹപ്രവർത്തകരെപ്പോലെ ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥത്തോടൊപ്പം തന്നെ ഗ്രീസിലെയും റോമിലെയും ക്ലാസ്സിക്കൽ കൃതികളിലും ശ്രദ്ധകേന്ദ്രീകരിച്ചു. ഇറ്റലിയിൽ പണ്ഡിതരായിരുന്നു മാനവികതാ പ്രസ്ഥാനത്തിൽ മേധാവിത്തം പുലർത്തിയതെങ്കിൽ അതിന് വിഭിന്നമായി വടക്കൻ യൂറോപ്പിൽ ക്രിസ്തീയ സഭയിലെ ധാരാളം അംഗങ്ങൾ മാനവികാശയങ്ങളിൽ ആകൃഷ്ടരായി. ലളിതമായ ഒരു മതത്തിലേക്ക് പിൽക്കാലങ്ങളിൽ കടന്നുവന്ന അനാവശ്യമായ അനുഷ്ഠാനങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് പ്രാചീനഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്ന മത ജീവിതത്തിലേക്കു മടങ്ങാൻ അവർ സഭാംഗങ്ങളെ ആഹ്വാനം ചെയ്തു. മനുഷ്യൻ സ്വതന്ത്രനും യുക്തിചിന്തയുടെ പ്രതിനിധിയുമാണെന്ന വിപ്ലവകരമായ പുതിയ ആശയമായിരുന്നു അവരുടേത്. പിന്നീട് വന്ന ദാർശനികന്മാർ ഈ വീക്ഷണങ്ങൾ ആവർത്തിച്ചു. വിദൂരത്തുള്ള ഒരു ദൈവമാണ് മനുഷ്യന്റെ സ്രഷ്ടാവ് എന്നും സ്വതന്ത്രമായി ജീവിക്കാനും ഇഹലോകത്തിൽ സന്തോഷിക്കാനും ദൈവം അനുവദിച്ചു എന്നുമുള്ള വിശ്വാസത്തിൽ നിന്നും അവർ പ്രചോദനം ഉൾക്കൊണ്ടു.

ഇംഗ്ലണ്ടിലെ തോമസ് മൂർ (Thomas More, 1478 – 1535) ഹോളണ്ടിലെ ഇറാസ്മസ് (Erasmus,1466 – 1536) മുതലായ ക്രിസ്തീയ മാനവികതാ വാദികൾക്ക് മതസ്ഥാപനം അത്യാഗ്രഹം നിറഞ്ഞതാണെന്നും അത് സാധാരണക്കാരിൽ നിന്ന് സ്വേച്ഛാനുസൃതം പണപ്പിരിവ് നടത്തുന്നുവെന്നും തോന്നി. എതിർപ്പുണ്ടാക്കിയ മറ്റൊരു പ്രവൃത്തി പാപവിമോചന പത്രികയുടെ വിൽപ്പനയായിരുന്നു. ഇത് ഒരു പ്രമാണമായിരുന്നു. ഇത് വാങ്ങുന്നവർ തങ്ങളുടെ പാപഭാരത്തിൽ നിന്നു മോചിതരാകുന്നു എന്ന തോന്നലുളവാക്കിയിരുന്നു. പ്രാദേശികഭാഷകളിൽ അച്ചടിച്ചിറങ്ങിയ ബൈബിളിന്റെ പരിഭാഷകളിൽ നിന്ന് ഇത്തരം ആചാരങ്ങൾ പിന്തുടരുവാൻ തങ്ങളുടെ മതം അനുവദിക്കുന്നില്ലെന്ന് ക്രൈസ്തവർ തിരിച്ചറിയാൻ തുടങ്ങി.

അക്കാലത്തെ സഭ ഏർപ്പെടുത്തിയ നികുതികൾക്കെതിരെ യൂറോപ്പിൽ മിക്കവാറും എല്ലായിടത്തും കർഷകർ കലാപമുയർത്താൻ തുടങ്ങി. പുരോഹിതൻമാരുടെ നിർബന്ധിത വിഭവ സമാഹരണത്തിനെതിരെ സാധാരണക്കാരായ ആളുകൾ പ്രതിഷേധിച്ചപ്പോൾ തങ്ങളുടെ ഭരണകാര്യങ്ങളിൽ സഭ ഇടപെടുന്നതിൽ രാജാക്കന്മാരും അതൃപ്തരായിരുന്നു. റോമിലെ ആദ്യത്തെ ക്രിസ്തീയ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ പുറപ്പെടുവിച്ചു എന്ന് കരുതപ്പെടുന്ന 'കോൺസ്റ്റന്റൈന്റെ ദാനം' (Donation of Constantine) എന്ന രേഖയാണ് പുരോഹിതന്മാർക്ക് നിയമപരവും ധനകാര്യപരവുമായ അധികാരങ്ങൾ അവകാശപ്പെടാൻ ആധാരമായതെന്ന് മാനവികതാ

വാദികൾ ചൂണ്ടിക്കാട്ടിയപ്പോൾ ഇവർ സന്തുഷ്ടരായി. പിൽക്കാലത്ത് കെട്ടിച്ചമയ്ക്കപ്പെട്ട ഒരു രേഖയാണിതെന്ന് തെളിയിക്കുവാനും മാനവികതാവാദികൾക്ക് കഴിഞ്ഞു.

1517-ൽ, ജർമ്മനിയിലെ ഒരു യുവസന്യാസിയായിരുന്ന മാർട്ടിൻ ലൂഥർ (Martin Luther, 1483-1546) കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ പ്രചാരണം ആരംഭിച്ചു. ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിന് ഒരാൾക്ക് പുരോഹിതന്മാരുടെ ആവശ്യമില്ലെന്ന് അദ്ദേഹം വാദിച്ചു. ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കാൻ അദ്ദേഹം തന്റെ അനുയായികളോട് ആഹ്വാനം ചെയ്തു. യഥാർഥ വിശ്വാസത്തിലൂടെ മാത്രമേ ശരിയായ ജീവിതം നയിക്കാനും സ്വർഗത്തിലെത്തിച്ചേരാനും കഴിയൂ എന്ന് അദ്ദേഹം പറഞ്ഞു. പ്രൊട്ടസ്റ്റന്റ് മതനവീകരണം (Protestant Reformation) എന്നായിരുന്നു ഈ പ്രസ്ഥാനം അറിയപ്പെട്ടത്. ഇതിന്റെ ഫലമായി ജർമ്മനിയിലെയും സ്വിറ്റ്സർലന്റിലെയും പള്ളികൾ കത്തോലിക്കാസഭയുമായും മാർപ്പാപ്പയുമായുമുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചു. ലൂഥറിന്റെ ആശയങ്ങൾ സ്വിറ്റ്സർലന്റിൽ ജനഹൃദയങ്ങളിലെത്തിച്ചത് ഉൾറിച്ച് സ്വിംഗ്ളി (Ulrich Zwingli, 1484 -1531) യും പിന്നീട് ജീൻ കാൽവിനുമായിരുന്നു (Jean Calvin, 1509 - 64). വ്യാപാരികളുടെ പിന്തുണ ലഭിച്ചിരുന്നതിനാൽ നഗരപ്രദേശങ്ങളിൽ പരിഷ്ക്കരണവാദികൾക്ക് വലിയ ജനപിന്തുണയുണ്ടായിരുന്നു. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ കത്തോലിക്കാ സഭയ്ക്ക് അതിന്റെ സ്വാധീനം നിലനിർത്തുവാൻ കഴിഞ്ഞു. ജർമ്മനിയിലെ മറ്റ് പരിഷ്ക്കരണവാദികളിൽ അനബാപ്റ്റിസ്റ്റുകളെപ്പോലുള്ളവർ (Anabaptists) സമൂലപരിഷ്കരണവാദികൾ ആയിരുന്നു. മോക്ഷം എന്ന ആശയത്തെ എല്ലാവിധ സാമൂഹ്യ അടിച്ചമർത്തലുകളും അവസാനിപ്പിക്കുന്നതുമായി അവർ കൂട്ടിയിണക്കി. ദൈവം എല്ലാ ജനങ്ങളെയും തുല്യരായി സൃഷ്ടിച്ചിരിക്കുന്നതിനാൽ അവർ നികുതി കൊടുക്കാൻ ബാധ്യസ്ഥരല്ലെന്നും സ്വന്തം പുരോഹിതൻമാരെ തിരഞ്ഞെടുക്കാൻ അവകാശമുണ്ടെന്നും അവർ വാദിച്ചു. ഫ്യൂഡലിസത്തിന്റെ അടിച്ചമർത്തലുകൾ അനുഭവിച്ചിരുന്ന കർഷകരെ ഇത്തരം ആശയങ്ങൾ ആകർഷിച്ചു.

ക്രിസ്തുവിന്റെ ജീവിതം, പ്രബോധനം, അദ്ദേഹത്തിന്റെ ആദ്യകാല അനുയായികൾ എന്നിവയെക്കുറിച്ച് വിവരിക്കുന്ന ബൈബിളിന്റെ ഒരു ഭാഗമാണ് പുതിയ നിയമം (The New Testament)

1506-ൽ ബൈബിൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത, ഇംഗ്ലണ്ടുകാരനായ ലൂഥറൻ, വില്യം റ്റിൻഡേൽ (William Tyndale, 1494-1536) പ്രൊട്ടസ്റ്റന്റ് വിശ്വാസത്തെ പ്രതിരോധിച്ചത് ഇങ്ങനെയായിരുന്നു.

'ഇതിൽ എല്ലാവരും സമ്മതിക്കുന്നു, തിരുവെഴുത്തിന്റെ അറിവിൽ നിന്നും നിങ്ങളെ ആട്ടിയോടിക്കുന്നതിൽ, ആ തിരുവെഴുത്തുകൾ നിങ്ങൾക്ക് മാതൃഭാഷയിൽ ലഭിക്കരുതെന്ന് ശഠിക്കുന്നതിൽ, ലോകത്തെ എപ്പോഴും ഇരുണ്ടതായി നിലനിർത്തി, ജനമനസ്സുകളിൽ തങ്ങളെ പ്രതിഷ്ഠിക്കാനുദ്ദേശിച്ച്, അന്ധവിശ്വാസത്തിലൂടെയും തെറ്റായ നിയമാവലികളിലൂടെയും അവസാനിക്കാത്ത പൊരുത്തക്കേടുകളെയും ദുരഭിമാനങ്ങളെയും തൃപ്തിപ്പെടുത്തിയും ചക്രവർത്തിക്കും രാജാക്കന്മാർക്കും മീതെ തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചും, ദൈവത്തിനു മുകളിൽ പോലും... പുതിയ നിയമം മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്താൻ ഇതെല്ലാമാണ് എന്നെ പ്രേരിപ്പിച്ചത്. എന്തുകൊണ്ടെന്നാൽ, തിരുവചനങ്ങൾ സാധാരണക്കാരുടെ മുമ്പിൽ അവരുടെ മാതൃഭാഷയിൽ ലളിതമായി ലഭ്യമാക്കിയല്ലാതെ, അവർക്ക് ആ തിരുവെഴുത്തിലെ പ്രക്രിയയും ക്രമവും അർഥവും മനസ്സിലാക്കാനോ, അവരെ സത്യത്തിൽ ഉറപ്പിക്കാനോ കഴിയില്ലെന്ന് അനുഭവം കൊണ്ട് ഞാൻ മനസ്സിലാക്കിയിരിക്കുന്നു.'

സമൂലപരിഷ്ക്കരണവാദത്തെ ലൂഥർ അനുകൂലിച്ചിരുന്നില്ല. കർഷകകലാപങ്ങൾ അടിച്ചമർത്താൻ അദ്ദേഹം ജർമ്മൻ ഭരണാധികാരികളോട് ആഹ്വാനംചെയ്തു. അതിനെത്തുടർന്ന് 1525-ൽ അവർ കലാപങ്ങൾ അടിച്ചമർത്തി. എന്നാൽ സമൂലപരിഷ്ക്കരണവാദം ഈ അടിച്ചമർത്തലുകളെ അതിജീവിച്ചു. ഫ്രാൻസിൽ അത്

പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരുടെ പ്രതിഷേധവുമായി ലയിച്ചു ചേർന്നു. കത്തോലിക്കാ ഭരണാധികാരികളാൽ പീഡിപ്പിക്കപ്പെട്ട ഫ്രഞ്ചു പ്രൊട്ടസ്റ്റന്റുകാർ ഭരണാധികാരിയെ പുറത്താക്കാനും തങ്ങൾക്ക് ഇഷ്ടപ്പെട്ട ഭരണാധികാരിയെ തിരഞ്ഞെടുക്കാനും അവകാശമുണ്ടെന്ന് വാദിച്ചു . അവസാനം ഫ്രാൻസിലും മറ്റു പല യൂറോപ്യൻ രാജ്യങ്ങളിലും കത്തോലിക്കാസഭ സ്വന്തം ഇഷ്ടപ്രകാരം ആരാധന നടത്താൻ പ്രൊട്ടസ്റ്റന്റുകാരെ അനുവദിച്ചു. ഇംഗ്ലണ്ടിലെ ഭരണാധികാരികൾ മാർപ്പാപ്പയുമായുള്ള എല്ലാ ബന്ധവും അവസാനിപ്പിച്ചു. ഇതിനെത്തുടർന്ന് ഇംഗ്ലണ്ടിലെ രാജാവ് അല്ലെങ്കിൽ രാജ്ഞി ഇംഗ്ലീഷ് സഭയുടെ തലവനായി മാറി.

ഈ ആശയങ്ങളുടെ സ്വാധീനത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കാൻ കത്തോലിക്കാസഭയ്ക്ക് സാധ്യമായിരുന്നില്ല. അവർ സ്വയം നവീകരണ പ്രവർത്തനങ്ങളാരംഭിച്ചു. സ്പെയിനിലെയും ഇറ്റലിയിലെയും സഭാപ്രവർത്തകർ ലളിതജീവിതത്തിന്റെയും, ദരിദ്രസേവനത്തിന്റെയും ആവശ്യകത ഉയർത്തിക്കാട്ടി. സ്പെയിനിൽ, 1540-ൽ ഇഗ്നേഷ്യസ് ലയോള (Ignatius Loyola) പ്രൊട്ടസ്റ്റന്റ് ആശയങ്ങളെ നേരിടുന്നതിനായി 'ഈശോസഭ' (Society of Jesus) സ്ഥാപിച്ചു. അദ്ദേഹത്തിന്റെ അനുയായികൾ ജെസ്യൂട്ടുകൾ (Jesuits) എന്ന് വിളിക്കപ്പെടുന്നു. ദരിദ്രരെ സേവിക്കുക, മറ്റു സംസ്കാരങ്ങളെക്കുറിച്ചുള്ള അറിവ് വിപുലീകരിക്കുക എന്നിവയായിരുന്നു ജെസ്യൂട്ടുകളുടെ ദൗത്യം.

**പ്രവർത്തനം 4**

എന്തെല്ലാം വിഷയങ്ങൾ ചൂണ്ടിക്കാട്ടിയാണ് പ്രൊട്ടസ്റ്റന്റുകാർ കത്തോലിക്കാസഭയെ വിമർശിച്ചത്?

| പതിനാറും പതിനേഴും നൂറ്റാണ്ടുകൾ (The Sixteenth and Seventeenth Centuries) | |
|---|---|
| 1516 | തോമസ് മൂറിന്റെ *'ഉട്ടോപ്യ'* പ്രസിദ്ധീകരിച്ചു |
| 1517 | മാർട്ടിൻ ലൂഥർ 95 വാദപ്രസ്താവങ്ങൾ തയാറാക്കുന്നു |
| 1522 | ലൂഥർ ബൈബിൾ ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നു |
| 1525 | ജർമ്മനിയിലെ കർഷകകലാപം |
| 1543 | ആൻഡ്രിയസ് വെസാലിയസ് *'ഓൺ അനാട്ടമി' (On Anatomy)* എന്ന ഗ്രന്ഥം രചിക്കുന്നു |
| 1559 | രാജാവിനെ/രാജ്ഞിയെ തലവനാക്കിക്കൊണ്ട് ഇംഗ്ലണ്ടിൽ ആംഗ്ലിക്കൻ സഭ സ്ഥാപിച്ചു |
| 1569 | ജെഹാർഡസ് മെർക്കേറ്റർ ഭൂമിയുടെ സിലിണ്ടർ ആകൃതിയിലുള്ള ഭൂപടം തയാറാക്കുന്നു |
| 1582 | പോപ്പ് ഗ്രിഗറി പതിമൂന്നാമൻ ഗ്രിഗോറിയൻ കലണ്ടർ അവതരിപ്പിച്ചു |
| 1628 | വില്യം ഹാർവി ഹൃദയത്തെ രക്തചംക്രമണവുമായി ബന്ധിപ്പിക്കുന്നു |
| 1673 | പാരീസിൽ സയൻസ് അക്കാദമി സ്ഥാപിക്കപ്പെടുന്നു |
| 1687 | ഐസക് ന്യൂട്ടന്റെ *പ്രിൻസിപ്പിയ മാത്തമാറ്റിക്ക* പ്രസിദ്ധീകരിച്ചു |

## കോപ്പർനിക്കൻ വിപ്ലവം (The Copernican Revolution)

മനുഷ്യൻ പാപിയാണെന്ന ക്രിസ്തീയ സങ്കൽപ്പം തികച്ചും വ്യത്യസ്തമായ മറ്റൊരു കോണിൽ നിന്നും വിമർശനം നേരിട്ടു. ശാസ്ത്രജ്ഞരാണ് ആ വിമർശനം ഉയർത്തിയത്. മാർട്ടിൻ ലൂഥറിന്റെ സമകാലികനായിരുന്ന കോപ്പർനിക്കസിന്റെ (Copernicus, 1473-1543) രചനകളിലൂടെയാണ് യൂറോപ്യൻ ശാസ്ത്രത്തിനൊരു വഴിത്തിരിവുണ്ടായത്. ഭൂമി പാപപങ്കിലമായ ഒരു സ്ഥലമാണെന്നും കനത്ത പാപഭാരത്താൽ അത് നിശ്ചലമാണെന്നും അക്കാലത്ത് ക്രൈസ്തവർ വിശ്വസിച്ചിരുന്നു. പ്രപഞ്ചകേന്ദ്രം ഭൂമിയാണെന്നും ജ്യോതിർ ഗ്രഹങ്ങളെല്ലാം (celestial planets) അതിനെ വലം വയ്ക്കുന്നുവെന്നും അവർ വിശ്വസിച്ചിരുന്നു.

ദൈവികം അഥവാ സ്വർഗീയം എന്നാണ് സെലസ്റ്റിയൽ (celestial) എന്ന വാക്കിനർഥം. എന്നാൽ ലൗകിക ഗുണങ്ങളെ സൂചിപ്പിക്കാനാണ് ടെറസ്ട്രിയൽ (terrestrial) എന്ന വാക്കുപയോഗിക്കുന്നത്.

ഭൂമിയുൾപ്പെടെയുള്ള എല്ലാ ഗ്രഹങ്ങളും സൂര്യനെ വലം വയ്ക്കുന്നുവെന്ന് കോപ്പർനിക്കസ് സ്ഥിരീകരിച്ചു. ഒരു അടിയുറച്ച ക്രിസ്തുമത വിശ്വാസിയായിരുന്ന കോപ്പർനിക്കസ് തന്റെ സിദ്ധാന്തത്തോട് യാഥാസ്ഥിതികരിൽ നിന്നുണ്ടാകുന്ന പ്രതികരണങ്ങളെ ഭയപ്പെട്ടിരുന്നു. ഇക്കാരണത്താൽ *'ദി റെവല്യൂഷനിബസ്' (De revolutionibus* [ഭ്രമണം]) എന്ന തന്റെ ഗ്രന്ഥത്തിന്റെ കൈയെഴുത്ത് പ്രതി അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. മരണക്കിടക്കയിൽ വച്ച് അദ്ദേഹം തന്റെ പുസ്തകത്തിന്റെ കയ്യെഴുത്തു പ്രതി അനുയായിയായ ജൊവാകിം റെറ്റിക്കസിനെ (Joachim Rheticus) ഏൽപ്പിച്ചു. കോപ്പർ നിക്കസിന്റെ ആശയങ്ങൾ ജനങ്ങൾ അംഗീകരിക്കുവാൻ ഏറെക്കാലമെടുത്തു. പിന്നീട് അരനൂറ്റാണ്ടിലേറെ വർഷങ്ങൾക്കുശേഷം ജോഹാന്നസ് കെപ്ലറും (Johannes Kepler, 1571–1630) ഗലീലിയോ ഗലീലിയും (Galileo Galilei,1564-1642) പോലെയുള്ള ജ്യോതിശാസ്ത്രജ്ഞൻമാർ തങ്ങളുടെ രചനകളിലൂടെ 'സ്വർഗവും' ഭൂമിയും തമ്മിലുള്ള അകലത്തെ ബന്ധിപ്പിച്ചു. സൗരകേന്ദ്രീകൃത വ്യവസ്ഥയുടെ (Sun-centred system) ഒരു ഭാഗമാണ് ഭൂമി എന്ന സിദ്ധാന്തത്തെ *'കോസ്മോഗ്രാഫിക്കൽ മിസ്റ്ററി' (Cosmographical Mystery)* എന്ന തന്റെ ഗ്രന്ഥത്തിലൂടെ കെപ്ലർ പ്രശസ്തമാക്കി. ഗ്രഹങ്ങൾ സൂര്യനെ വലംവയ്ക്കുന്നത് വൃത്താകൃതിയിലല്ല, ദീർഘവൃത്താകൃതിയിലാണെന്ന് അദ്ദേഹം സമർഥിച്ചു. 'ചലനാത്മകമായ ലോകം' എന്ന ധാരണയെ ഗലീലിയോ *'ദി മോഷൻ' (The Motion)* എന്ന തന്റെ ഗ്രന്ഥത്തിലൂടെ സ്ഥിരീകരിച്ചു. ശാസ്ത്രരംഗത്തുണ്ടായ വിപ്ലവം അതിന്റെ പരമോന്നതിയിലെത്തിയത് ഐസക് ന്യൂട്ടന്റെ (Isaac Newton) ഗുരുത്വാകർഷണ സിദ്ധാന്തത്തോടെയാണ്.



*കോപ്പർനിക്കസിന്റെ സ്വരൂപചിത്രം*

## പ്രപഞ്ചത്തെ മനസ്സിലാക്കുമ്പോൾ (Reading the Universe)

സ്വർഗപാതയിലേക്ക് വെളിച്ചം വീശുന്ന ബൈബിൾ സ്വർഗം എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നതിനെപ്പറ്റി ഒന്നും പറയുന്നില്ലെന്ന് ഗലീലിയോ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. വിശ്വാസങ്ങളിൽ നിന്ന് വിഭിന്നമായി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ലഭിക്കുന്നതാണ് അറിവെന്ന് ഈ ചിന്തകന്മാരുടെ പ്രവർത്തനങ്ങൾ തെളിയിച്ചു. ഈ ശാസ്ത്രജ്ഞൻമാർ ഒരിക്കൽ വഴികാട്ടിത്തന്നതോടെ പരീക്ഷണ നിരീക്ഷണങ്ങളുടെ

അടിസ്ഥാനത്തിൽ ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ അതിവേഗം വികാസം പ്രാപിച്ചു. മനുഷ്യൻ, പ്രകൃതി എന്നിവയെ മനസ്സിലാക്കാനുള്ള ഈ പുതിയ സമീപനത്തെ ചരിത്രകാരന്മാർ ശാസ്ത്രരംഗത്തെ വിപ്ലവം (Scientific Revolution) എന്നു വിളിച്ചു.

അനന്തരഫലമായി അജ്ഞേയവാദികളും (sceptics), നാസ്തികരും (non-believers) തങ്ങളുടെ മനസുകളിൽ ദൈവത്തിന്റെ സ്ഥാനത്ത് പ്രകൃതിയെ സൃഷ്ടിയുടെ സ്രോതസ്സായി പകരം വയ്ക്കുവാൻ തുടങ്ങി. ദൈവവിശ്വാസം നിലനിർത്തിയവർ പോലും ദൈവത്തെക്കുറിച്ച് ഭൗതിക ജീവിതത്തെ നേരിട്ട് നിയന്ത്രിക്കാത്ത ഒരു വിദൂരസ്ഥൻ എന്ന നിലയ്ക്ക് സംസാരിച്ചുതുടങ്ങി. പൊതുജീവിതത്തിൽ ഒരു പുതിയ ശാസ്ത്രസംസ്കാരം കെട്ടിപ്പടുത്തു. ഇത്തരം ആശയങ്ങൾക്ക് പൊതുസമൂഹത്തിൽ പ്രചാരം ലഭിച്ചത് ശാസ്ത്രസംഘങ്ങളിലൂടെയാണ്. 1670-ൽ രൂപീകരിച്ച പാരീസ് അക്കാദമിയും പ്രകൃതിവിജ്ഞാനം പ്രോത്സാഹിപ്പിക്കുവാനായി 1662-ൽ സ്ഥാപിതമായ ലണ്ടൻ റോയൽ സൊസൈറ്റിയും ധാരാളം പ്രഭാഷണങ്ങളും, പൊതുജനങ്ങൾക്ക് കാണുവാനായി അനേകം പരീക്ഷണങ്ങളും സംഘടിപ്പിച്ചു.

## പതിനാലാം നൂറ്റാണ്ടിൽ ഒരു യൂറോപ്യൻ നവോത്ഥാനം ഉണ്ടായിരുന്നോ?

## (Was there a European 'Renaissance' in the Fourteenth Century?)

ഇനി 'നവോത്ഥാനം' എന്ന ആശയത്തെക്കുറിച്ച് നമുക്കൊന്ന് പുനരാലോചിക്കാം. ഭൂതകാലത്തിൽ നിന്ന് പൂർണമായി വേർതിരിക്കപ്പെട്ടതായോ, ഗ്രീക്ക്കാരുടേയോ - റോമാക്കാരുടേയോ പാരമ്പര്യാശയങ്ങളുടെ പുനർജന്മമായോ ഈ കാലഘട്ടത്തെ നമുക്ക് കാണാൻ കഴിയുമോ? ഇതിനുമുമ്പുള്ള കാലഘട്ടം (പന്ത്രണ്ട്, പതിമൂന്ന് നൂറ്റാണ്ടുകൾ) ഇരുണ്ട യുഗമായിരുന്നോ?

'നവോത്ഥാനം' എന്ന പദത്തിന്റെ പ്രയോഗത്തിലൂടെ ഈ കാലഘട്ടവും അതിനുതൊട്ടു മുമ്പുണ്ടായിരുന്ന കാലഘട്ടങ്ങളും തമ്മിലുള്ള വ്യത്യാസത്തെ ബർക്ക്ഹാർഡിനെ (Burckhardt) പ്പോലുള്ള ചരിത്രകാരൻമാർ പെരുപ്പിച്ച് കാണിക്കുകയാണുണ്ടായതെന്ന് ഇംഗ്ലണ്ടിലെ പീറ്റർ ബർക്കിനെ (Peter Burke) പ്പോലുള്ള സമകാലീന എഴുത്തുകാർ അഭിപ്രായപ്പെട്ടു. കാരണം, ഇതുകൊണ്ട് അർത്ഥമാക്കുന്നത് രണ്ടു കാര്യങ്ങളാണ്. ഗ്രീക്ക്, റോമൻ സംസ്കാരങ്ങൾക്ക് 'പുനർജന്മം' ഉണ്ടായെന്നും, ഇക്കാലത്തെ പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും ക്രിസ്ത്യൻ ലോകവീക്ഷണത്തെ മാറ്റി അതിനു മുമ്പത്തെ ലോകവീക്ഷണത്തെ പുനഃപ്രതിഷ്ഠിച്ചുവെന്നുമുള്ളതാണ് ആ രണ്ടു നിഗമനങ്ങൾ. ഈ രണ്ട് വാദമുഖങ്ങളും പെരുപ്പിച്ച് കാട്ടിയവയാണ്. മുൻകാല നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന പണ്ഡിതന്മാർക്കും ഗ്രീക്ക്, റോമൻ സംസ്കാരങ്ങൾ സുപരിചിതമായിരുന്നു. ജനങ്ങളുടെ ജീവിതത്തിൽ മതം ഒരു സുപ്രധാന ഭാഗമായി തുടരുകയും ചെയ്തിരുന്നു.

നവോത്ഥാനത്തെ ചലനാത്മകതയുടെയും സർഗാത്മകതയുടെയും കലാപരമായ കാലഘട്ടമായും മധ്യയുഗത്തെ മങ്ങിയതും വികസനരഹിതവുമായ കാലഘട്ടമായും കണക്കാക്കിയത് അമിത ലളിതവൽക്കരണമാണ്. ഇറ്റലിയിൽ രൂപംകൊണ്ട നവോത്ഥാനത്തിന്റെ പലഘടകങ്ങളുടെയും വേരുകൾ പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ കാണാൻ കഴിയും. നവോത്ഥാന കാലത്തേതുപോലെ ഒമ്പതാം നൂറ്റാണ്ടിൽ ഫ്രാൻസിൽ സാഹിത്യവും കലയും പുഷ്പിച്ചിരുന്നു എന്ന് ചില ചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നു.

യൂറോപ്പിൽ ഈ കാലഘട്ടത്തിലുണ്ടായ സാംസ്ക്കാരിക മാറ്റങ്ങളെ രൂപപ്പെടുത്തിയത് റോമിലെയും ഗ്രീസിലെയും ക്ലാസ്സിക്കൽ സംസ്ക്കാരം മാത്രമായിരുന്നില്ല. റോമൻ സംസ്ക്കാരത്തിന്റെ പുരാവസ്തുക്കളുടെയും സാഹിത്യശേഖരങ്ങളുടെയും വീണ്ടെടുക്കൽ ആ സംസ്ക്കാരത്തെക്കുറിച്ച് വലിയ ആരാധന സൃഷ്ടിക്കുവാൻ കാരണമായി. എന്നാൽ ഏഷ്യയിലെ സാങ്കേതിക വിദ്യകളും വൈദഗ്ധ്യങ്ങളും ഗ്രീക്കുകാരുടെയും റോമാക്കാരുടെയും അറിവിനെക്കാൾ ഏറെ മുന്നോട്ട് പോയിരുന്നു. നാവികരംഗത്തെ പുത്തൻ സങ്കേതങ്ങളിലൂടെ (പ്രമേയം 8 കാണുക) മുൻകാലങ്ങളെക്കാൾ കൂടുതൽ കപ്പൽയാത്രകൾ നടത്താൻ ജനങ്ങൾക്ക് കഴിയുകയും ലോകം കൂടുതൽ കൂട്ടിയിണക്കപ്പെടുകയും ചെയ്തു. ഇസ്ലാം മതത്തിന്റെ വികാസവും മംഗോളിയൻ ആക്രമണങ്ങളും ഏഷ്യയെയും വടക്കേ ആഫ്രിക്കയെയും യൂറോപ്പുമായി ബന്ധിപ്പിച്ചു. ഇത് രാഷ്ട്രീയമായി അല്ല, മറിച്ച് വ്യാപാരകാര്യങ്ങളിലും പഠനവൈദഗ്ധ്യങ്ങളിലും ആയിരുന്നു. യൂറോപ്യൻമാർ ഗ്രീക്കുകാരിൽനിന്നും റോമാക്കാരിൽ നിന്നും മാത്രമല്ല മറിച്ച് ഇന്ത്യ, അറേബ്യ, ഇറാൻ, മധ്യേഷ്യ, ചൈന എന്നിവിടങ്ങളിൽ നിന്നെല്ലാം ധാരാളം കാര്യങ്ങൾ പഠിച്ചു. ഏറെ കാലത്തോളം ഈ സംഭാവനകൾ അംഗീകരിക്കപ്പെടാതെപോയി. കാരണം, ചരിത്രകാരൻമാർ ഈ കാലഘട്ടത്തിലെ ചരിത്രം രേഖപ്പെടുത്താൻ തുടങ്ങിയപ്പോൾ അവർ അതൊരു യൂറോപ്പ് കേന്ദ്രീകൃതവീക്ഷണത്തോടെയാണ് നോക്കിക്കണ്ടത്.

ഇക്കാലഘട്ടത്തിൽ സംഭവിച്ച ഒരു സുപ്രധാന മാറ്റം 'സ്വകാര്യ'-'പൊതു' ജീവിതമണ്ഡലങ്ങൾ തമ്മിലുണ്ടായ വേർപിരിയൽ ആയിരുന്നു. ഭരണകൂടം, ഔപചാരിക മതം എന്നീ മേഖലകളായിരുന്നു 'പൊതുമണ്ഡലം' എന്നതുകൊണ്ടർഥമാക്കിയത്. കുടുംബം, വ്യക്തിപരമായ മതം എന്നിവയാണ് 'സ്വകാര്യ മണ്ഡല'ത്തിൽ ഉൾപ്പെട്ടത്. ഒരു വ്യക്തിക്ക് സ്വകാര്യവും പൊതുവുമായ ധർമ്മങ്ങൾ നിർവഹിക്കാനുണ്ട്. ഒരു വ്യക്തി 'മൂന്നു വിഭാഗങ്ങളിൽ' (three orders) ഒന്നിലെ ഒരംഗം മാത്രമായിരുന്നില്ല. സ്വന്തംനിലയിൽ തന്നെ ഒരു വ്യക്തി കൂടിയാണയാൾ. ഒരു കലാകാരൻ ഒരു ഗിൽഡിലെ (guild) അംഗം മാത്രമല്ല, അയാൾ തനതായ വ്യക്തിത്വത്തിൽ കൂടിയും അറിയപ്പെട്ടു. എല്ലാ വ്യക്തികൾക്കും തുല്യമായ രാഷ്ട്രീയാവകാശങ്ങളുണ്ടെന്ന വിശ്വാസത്തിൽ പതിനെട്ടാം നൂറ്റാണ്ടിൽ ഈ വ്യക്തിബോധം ഒരു രാഷ്ട്രീയ രൂപത്തിൽ അവതരിപ്പിക്കപ്പെട്ടു.

യൂറോപ്പിലെ വിവിധ പ്രദേശങ്ങളിൽ ഭാഷയെ അടിസ്ഥാനമാക്കി വേറിട്ടൊരു സ്വത്വബോധം വളർന്നു വന്നത് ഈ കാലഘട്ടത്തിലെ മറ്റൊരു പ്രധാന സവിശേഷതയായിരുന്നു. യൂറോപ്പിന്റെ മിക്കഭാഗങ്ങളെയും മുൻകാലങ്ങളിൽ ഒന്നിപ്പിച്ച് നിർത്തിയിരുന്നത് റോമാസാമ്രാജ്യവും പിന്നീട് ലത്തീൻ ഭാഷയും ക്രിസ്തുമതവുമായിരുന്നുവെങ്കിലും ഇപ്പോൾ യൂറോപ്പ് അനേകം രാഷ്ട്രങ്ങളായി വിഭജിക്കപ്പെടുകയായിരുന്നു. ഓരോന്നും ഒരു പൊതുഭാഷയുടെ അടിസ്ഥാനത്തിലാണ് ഒന്നായത്.

# അഭ്യാസങ്ങൾ (Exercises)

## ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1. പതിനാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ ഗ്രീക്ക്, റോമൻ സംസ്കാരങ്ങളുടെ ഏതെല്ലാം ഘടകങ്ങളാണ് പുനരുജ്ജീവിക്കപ്പെട്ടത്?
2. ഈ കാലഘട്ടത്തിലെ ഇറ്റാലിയൻ വാസ്തു ശില്പകലയുടെയും ഇസ്ലാമിക വാസ്തു ശില്പകലയുടെയും വിശദാംശങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.
3. മാനവികാശയങ്ങൾ ആദ്യം അനുഭവവേദ്യമായത് ഇറ്റലിയിലെ നഗരങ്ങളിൽ ആയിരുന്നു. എന്തുകൊണ്ട്?
4. സൽഭരണം എന്ന വെനീഷ്യൻ ആശയത്തെ സമകാലീന ഫ്രാൻസിലേതുമായി താരതമ്യപ്പെടുത്തുക.

## ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

5. മാനവിക ചിന്താഗതിയുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
6. പതിനേഴാം നൂറ്റാണ്ടിലെ യൂറോപ്യൻമാർക്ക് ലോകം എങ്ങനെയാണ് വ്യത്യസ്ത മായി കാണപ്പെട്ടത് എന്നതിനെ കുറിച്ച് ശ്രദ്ധാപൂർവം ഒരു വിവരണം എഴുതുക.

പ്രമേയം

8

# സംസ്കാരങ്ങളുടെ ഏറ്റുമുട്ടൽ

## (CONFRONTATION OF CULTURES)

S6B2N3

*യൂറോപ്യരും അമേരിക്കകളിലെ ജനതയും തമ്മിൽ പതിനഞ്ചു മുതൽ പതിനേഴുവരെ നൂറ്റാണ്ടുകളിൽ നടന്ന അഭിമുഖീകരണങ്ങളുടെ ചില പ്രത്യേകതകളാണ് ഈ അധ്യായത്തിൽ വിശകലനം ചെയ്യുന്നത്. സുഗന്ധദ്രവ്യങ്ങളും വെള്ളിയും ലഭിക്കുന്ന സ്ഥലങ്ങളിലേക്കുള്ള എളുപ്പവഴികൾ കണ്ടുപിടിക്കുന്നതിനായി ഒരു മുൻപരിചയവുമില്ലാത്ത സമുദ്രങ്ങളിലൂടെ യാത്രചെയ്യുവാൻ ചില യൂറോപ്യർ ധൈര്യം കാട്ടി. സ്പെയിൻകാരും പോർച്ചുഗീസുകാരുമായിരുന്നു ഈ ശ്രമങ്ങൾ തുടങ്ങി വച്ചത്. അവർ കണ്ടെത്തിയേക്കാവുന്ന ഏത് പ്രദേശത്തിന്റെയും അധികാരം അവർക്ക് മാത്രമായി നൽകുന്നതിന് അവർ മാർപ്പാപ്പയെ പ്രേരിപ്പിച്ചു. 1492-ൽ ഇറ്റാലിയൻ നാവികനായ ക്രിസ്റ്റഫർ കൊളംബസ്, സ്പെയിനിലെ ഭരണാധികാരികളുടെ സഹായത്തോടെ സമുദ്രമാർഗം പടിഞ്ഞാറ് ദിശയിൽ സഞ്ചരിച്ചു. താൻ എത്തിച്ചേർന്ന പ്രദേശങ്ങൾ 'ഇൻഡീസ്' (the Indies) (മാർക്കോ പോളയുടെ യാത്രാവിവരണങ്ങളിലൂടെ വായിച്ചറിഞ്ഞ ഇന്ത്യയും അതിന് കിഴക്കുമുള്ള രാജ്യങ്ങൾ) ആണെന്ന് അദ്ദേഹം കരുതി.*

*ഈ 'പുതിയ ലോകത്തിലെ ഇന്ത്യക്കാർ' യഥാർഥത്തിൽ വിവിധ സാംസ്കാരിക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണെന്നും, ഏഷ്യയുടെ ഭാഗമേയല്ലെന്നും പിൽക്കാല പര്യവേഷണങ്ങൾ സൂചിപ്പിച്ചു. അമേരിക്കയിൽ രണ്ടുതരത്തിലുള്ള സംസ്കാരങ്ങളാണ് കാണപ്പെട്ടിരുന്നത്. ജീവസന്ധാരണത്തിനാവശ്യമായ ചെറിയ തോതിലുള്ള സമ്പദ്വ്യവസ്ഥകളായിരുന്നു കരീബിയൻ പ്രദേശങ്ങളിലും ബ്രസീലിലും നിലനിന്നിരുന്നത്. എന്നാൽ വളരെ വികസിതമായ കാർഷികവൃത്തിയേയും ഖനനത്തേയും ആശ്രയിച്ചുള്ള ശക്തമായ രാജവാഴ്ചകളും അവിടെ ഉണ്ടായിരുന്നു. മധ്യഅമേരിക്കയിലെ ആസ്ടെക്കുകളെയും മായന്മാരെയും പെറുവിലെ ഇൻകാകളെയും പോലെ ഇവർക്കും സ്മാരക നിർമ്മാണ ശൈലി ഉണ്ടായിരുന്നു.*

*തെക്കേ അമേരിക്കയിലേക്കുള്ള പര്യവേക്ഷണ യാത്രകളും, തുടർന്നുണ്ടായ അധിവാസവും, തദ്ദേശീയ ജനതയ്ക്കും അവരുടെ സംസ്കാരത്തിനുംമേൽ വിനാശകരമായ ആഘാതം ഏൽപ്പിച്ചു. അടിമ വ്യാപാരത്തിന്റെ ആരംഭത്തിനും ഇതു കാരണമായി. അമേരിക്കകളിലെ ഖനികളിലും, വൻകിടത്തോട്ടങ്ങളിലും ജോലി ചെയ്യുന്നതിന് യൂറോപ്യർ ആഫ്രിക്കയിൽ നിന്നുമുള്ള അടിമകളെ വിൽക്കുന്ന സമ്പ്രദായം ഇതോടെ ആരംഭിച്ചു.*

യൂറോപ്യർ അമേരിക്കക്കാരെ കീഴടക്കുന്നതിനൊപ്പം തദ്ദേശീയ ജനതയുടെ മഹത്തായ കൈയെഴുത്തു പ്രതികളും, സ്മാരകങ്ങളും നിർദാക്ഷിണ്യം നശിപ്പിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ മാത്രമാണ് നരവംശശാസ്ത്രജ്ഞർ ഈ സംസ്കാരങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ആരംഭിച്ചത്. അതിനുശേഷം പുരാവസ്തു ഗവേഷകർ ഇതുമായി ബന്ധപ്പെട്ട അവശിഷ്ടങ്ങൾ കണ്ടെത്തി. 1911-ൽ ഇൻകാ നഗരമായ 'മാച്ചുപിച്ചു' കണ്ടെടുക്കപ്പെട്ടു. വനങ്ങളാൽ മൂടപ്പെട്ടുകിടക്കുന്ന ഇത്തരം നിരവധി നഗരങ്ങളുടെ ആകാശ ചിത്രങ്ങൾ ഈ അടുത്തകാലത്തായി ലഭ്യമായിട്ടുണ്ട്.

എന്നാൽ ഈ കടന്നുകയറ്റത്തെക്കുറിച്ചുള്ള വിശദമായ യൂറോപ്യൻ പക്ഷ വിവരണങ്ങൾ യൂറോപ്യൻ സ്രോതസ്സുകളിൽ നിന്നും ലഭ്യമാണ്. അമേരിക്കകളിലേക്കുപോയ യൂറോപ്യർ തങ്ങളുടെ സഞ്ചാരത്തെക്കുറിച്ചുള്ള വിവരണങ്ങളടങ്ങിയ ലോഗ്ബുക്കുകളും

(log-books) ഡയറിക്കുറിപ്പുകളും സൂക്ഷിച്ചിരുന്നു. കൂടാതെ ജസ്യൂട്ട് മിഷനറിമാരും, ഉദ്യോഗസ്ഥന്മാരും രേഖപ്പെടുത്തിയ വിവരങ്ങളുമുണ്ട് (പ്രമേയം 7 കാണുക). യൂറോപ്യർ, തങ്ങൾ 'അമേരിക്കകൾ കണ്ടെത്തിയതിനെ' കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അമേരിക്കയിലെ രാജ്യങ്ങളുടെ ചരിത്രം തയ്യാറാക്കിയപ്പോൾ, തദ്ദേശീയ ജനതയെ പരാമർശിക്കാതെ, *യൂറോപ്യൻ* അധിനിവേശ പ്രദേശങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടാണ് രചിക്കപ്പെട്ടത്.

സഹസ്രാബ്ദങ്ങളായി ഉത്തര-ദക്ഷിണ അമേരിക്കകളും, സമീപ ദ്വീപുകളും ജനവാസ കേന്ദ്രങ്ങളായിരുന്നു. ഏഷ്യയിൽ നിന്നും, ദക്ഷിണ സമുദ്രമേഖലാ ദ്വീപുകളിൽ നിന്നും നിരവധി കുടിയേറ്റങ്ങൾ കാലാന്തരത്തിൽ ഈ പ്രദേശങ്ങളിലേക്ക് ഉണ്ടായിട്ടുണ്ട്. തെക്കേ അമേരിക്കയിൽ (ഇപ്പോഴും ചില ഭാഗങ്ങളിൽ) നിബിഡവനങ്ങളും, പർവതപ്രദേശങ്ങളുമായിരുന്നു. ഈ ഇടതൂർന്ന വനങ്ങളിലൂടെയാണ് ലോകത്തിലെ ഏറ്റവും വലിയ നദിയായ ആമസോൺ ദീർഘദൂരം ഒഴുകുന്നത്. മധ്യ അമേരിക്കയിലെ മെക്സിക്കോയിൽ തീരദേശങ്ങളിലും സമതല പ്രദേശങ്ങളിലും ജനങ്ങൾ തിങ്ങിപ്പാർത്തിരുന്നു. എന്നാൽ മറ്റിടങ്ങളിൽ ഗ്രാമങ്ങൾ വനമേഖലകളിലായി ചിതറിക്കിടക്കുകയായിരുന്നു.

## കരീബിയയിലേയും ബ്രസീലിലേയും സമൂഹങ്ങൾ (Communities of the Caribbean and Brazil)

ബഹാമാസ് (Bahamas) ഗ്രേറ്റർ ആന്റില്ലസ് (Greater Antilles) എന്നീ പേരുകളിൽ ഇന്നറിയപ്പെടുന്ന പ്രദേശം കരീബിയൻ സമുദ്രത്തിലെ നൂറുകണക്കായ ചെറുദ്വീപസമൂഹങ്ങൾ ചേർന്നതാണ്. അരാവാക്കിയൻ ലൂക്കായോസ് (Arawakian Lucayos) അഥവാ അരാവാക്കുകൾ (Arawaks) എന്ന വിഭാഗമാണ് ഇവിടെ വസിച്ചിരുന്നത്. കരിബുകൾ (Caribs) എന്ന ക്രൂരന്മാരായ ഗോത്രവർഗക്കാർ അരാവാക്കുകളെ ലെസ്സർ ആന്റില്ലസ്സിൽ (Lesser Antilles) നിന്ന് പുറത്താക്കിയിരുന്നു. എന്നാൽ അരാവാക്കുകളാകട്ടെ, സംഘട്ട




ഭൂപടം 1: മദ്ധ്യ അമേരിക്കയും കരീബിയൻ ദ്വീപുകളും

നത്തേക്കാൾ സന്ധി ചെയ്യുന്നതാണ് ഇഷ്ടപ്പെട്ടിരുന്നത്. ബോട്ട് നിർമ്മാണത്തിൽ വിദഗ്ധരായ അരാവാക്കുകൾ, ഒറ്റത്തടി വള്ളത്തിൽ (dugout canoes) കടലിൽ സഞ്ചരിച്ചിരുന്നു. നായാട്ട്, മത്സ്യബന്ധനം, കാർഷികവൃത്തി എന്നിവയായിരുന്നു അവരുടെ മുഖ്യ തൊഴിലുകൾ. മധുരക്കിഴങ്ങ്, ചോളം, മരച്ചീനി തുടങ്ങി വിവിധങ്ങളായ കിഴങ്ങു വർഗങ്ങളും അവർ ഉൽപ്പാദിപ്പിച്ചിരുന്നു.

എല്ലാവരും ഒത്തുചേർന്നുള്ള ഭക്ഷ്യോൽപ്പാദനവും സമൂഹത്തിലെ എല്ലാവർക്കും ഭക്ഷണം നൽകലുമായിരുന്നു ഈ ജനതയുടെ പ്രധാനപ്പെട്ട സാംസ്കാരിക മൂല്യങ്ങളിലൊന്ന്. അവർ കുലത്തിലെ മുതിർന്നവരുടെ കീഴിൽ സംഘടിപ്പിക്കപ്പെട്ടിരുന്നു. ബഹുഭാര്യാത്വം സർവ സാധാരണമായിരുന്നു. അരാവാക്കുകൾ അചരവസ്തുക്കളിൽപ്പോലും ആത്മചൈതന്യമുണ്ടെന്നു വിശ്വസിച്ച സർവ ജീവത്വവാദികൾ (animists) ആയിരുന്നു. മറ്റുപല സമൂഹങ്ങളിലുമെന്നതുപോലെ, ഷമാൻമാർ (shamans) വൈദ്യന്മാരായും ഇഹലോകത്തിനും പരലോകത്തിനും ഇടയിലുള്ള മധ്യവർത്തികളായും ഇവർക്കിടയിൽ പ്രധാന പങ്കു വഹിച്ചിരുന്നു.

ആധുനിക ശാസ്ത്രം 'അചേതനം' എന്നു കരുതുന്ന വസ്തുക്കൾക്കു പോലും ജീവനും ആത്മാവുമുണ്ടെന്ന് വിശ്വസിക്കുന്നവരാണ് അനിമിസ്റ്റുകൾ.

അരാവാക്കുകൾ സ്വർണം ആഭരണമായി ഉപയോഗിച്ചിരുന്നെങ്കിലും ഈ ലോഹത്തിന് യൂറോപ്യർ കൊടുത്തിരുന്ന മൂല്യം അവർ കൽപ്പിച്ചിരുന്നില്ല. അതുകൊണ്ടു തന്നെ യൂറോപ്യർ കൊണ്ടുവന്ന സ്ഫടിക മുത്തുകൾക്ക് പകരമായി അവർ സ്വർണം കൈമാറ്റം ചെയ്തത് അളവറ്റ സന്തോഷത്തോടെയാണ്. സ്വർണത്തേക്കാൾ അതി സുന്ദരമായ സ്ഫടികത്തിലാണ് അവർ ആകർഷിക്കപ്പെട്ടത്. നെയ്ത്തുകലയിൽ വിദഗ്ധരായിരുന്നു അരാവാക്കുകൾ നിർമ്മിച്ചിരുന്ന തൂക്കു മഞ്ചങ്ങൾ (hammocks) അവരുടെ ഒരു സവിശേഷതയായിരുന്നു. യൂറോപ്യരുടെ ശ്രദ്ധയെ ആകർഷിച്ച ഒന്നായിരുന്നു ഇത്.

**പ്രവർത്തനം 1**

അരവാക്കുകളും സ്പെയിൻകാരും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് ചർച്ചചെയ്യുക. ഇതിൽ ഏതു വ്യത്യാസങ്ങളാണ് ഏറ്റവും പ്രാധാന്യമുള്ളതായി നിങ്ങൾ കരുതുന്നത്? എന്തുകൊണ്ട്?

ഉദാരമനസ്കരായിരുന്ന അരാവാക്കുകൾ വളരെ സന്തോഷത്തോടെ സ്പെയിൻകാരുടെ സ്വർണത്തിനു വേണ്ടിയുള്ള അന്വേഷണങ്ങളിൽ സഹകരിച്ചു. എന്നാൽ സ്പെയിൻകാരുടെ നയങ്ങൾ ക്രൂരമായപ്പോൾ, അതിനെതിരെ പ്രതികരിക്കാൻ അവർ നിർബന്ധിതരായി. പക്ഷേ, ഇതിന്റെ പ്രത്യാഘാതം അവർക്ക് ഏറെ വിനാശകരമായിത്തീർന്നു. ഇരുപത്തഞ്ചുവർഷത്തെ സ്പെയിൻകാരുമായുള്ള ബന്ധത്തോടെ അരാവാക്കുകളും അവരുടെ ജീവിതരീതിയും തന്നെ ഇല്ലാതായിത്തീർന്നെന്നു പറയാം.

തെക്കേ അമേരിക്കയുടെ കിഴക്കൻ തീരപ്രദേശങ്ങളിലും കാട്ടിനകത്തുള്ള ഗ്രാമങ്ങളിലുമാണ് തുപിനമ്പ (Tupinamba) എന്ന ജനത വസിച്ചിരുന്നത്. ഈ പ്രദേശമാണ് ഇപ്പോൾ ബ്രസീൽ (ബ്രസീൽവുഡ് എന്ന മരത്തിൽ നിന്നാണ് 'ബ്രസീൽ' എന്ന പേരുണ്ടായത്) എന്നറിയപ്പെടുന്നത്. ഇരുമ്പിനെക്കുറിച്ച് അറിവില്ലാതിരുന്നതിനാൽ, നിബിഡവനങ്ങൾ വെട്ടിത്തെളിച്ചു കൃഷിചെയ്യാൻ അവർക്കു കഴിഞ്ഞിരുന്നില്ല. എന്നാൽ പഴങ്ങളും പച്ചക്കറികളും മത്സ്യവും സുലഭമായിരുന്നതിനാൽ, അവർക്ക് കൃഷിയെ ആശ്രയിക്കേണ്ട ആവശ്യമില്ലായിരുന്നു. രാജാവോ, സൈന്യമോ, മതസ്ഥാപനങ്ങളോ, നിയന്ത്രിക്കാനില്ലാത്ത, സന്തോഷവും സ്വാതന്ത്ര്യവും നിറഞ്ഞ അവരുടെ ജീവിതം, യൂറോപ്യരെ അസൂയാലുക്കളാക്കി.

## മധ്യ-തെക്കേ അമേരിക്കയിലെ രാഷ്ട്ര സമ്പ്രദായങ്ങൾ (The State Systems of Central and South America)

ബ്രസീൽ, കരീബിയൻ എന്നീപ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി, മധ്യ അമേരിക്കയിൽ സുസംഘടിതമായ രാഷ്ട്രങ്ങൾ നിലനിന്നിരുന്നു. ചോളത്തിന്റെ സമൃദ്ധമായ മിച്ചോൽപ്പാദനമായിരുന്നു ഇവിടെ ആസ്ടെക്കുകളുടെയും (Aztecs), മായൻമാരുടെയും (Mayas), ഇൻകാകളുടെയും (Incas) നാഗരിക സംസ്കാരങ്ങളുടെ അടിത്തറയായി വർത്തിച്ചത്. ഈ നഗരങ്ങളിൽ അവശേഷിക്കുന്ന സ്മാരക വാസ്തുശില്പാവശിഷ്ടങ്ങൾ ഇന്നും സന്ദർശകരെ വിസ്മയിപ്പിക്കുന്നുണ്ട്.

## ആസ്ടെക്കുകൾ (The Aztecs)

*തീയതി രേഖപ്പെടുത്തിയ ഗായൻമാരുടെ ബാൾ-കോർട്ട് മാർക്കർ, ചിയാപ്പാസ്, 6-ാം നൂറ്റാണ്ട്.*

പന്ത്രണ്ടാം നൂറ്റാണ്ടിൽ, മെക്സിക്കോയിലെ (മെക്സിറ്റ്ലി (Mexitli) എന്ന അവരുടെ ദേവന്റെ പേരിൽനിന്ന് ഉത്ഭവിച്ചത്) മധ്യതാഴ്‌വാരത്തിലേക്ക് വടക്കുനിന്നും കുടിയേറിയവരാണ് ആസ്ടെക്കുകൾ. അവർ വിവിധ ഗോത്രങ്ങളെ കീഴ്പ്പെടുത്തി സാമ്രാജ്യം വിപുലീകരിക്കുകയും, പരാജിതരിൽനിന്ന് കപ്പം ഈടാക്കുകയും ചെയ്തു.

അധികാരശ്രേണിയിൽ അധിഷ്ഠിതമായിരുന്നു ആസ്ടെക് സമൂഹം. ജന്മനാ പ്രഭുക്കന്മാരായിരുന്നവർ, പുരോഹിതന്മാർ, ഉന്നതമായ പദവികൾ ലഭിച്ചവർ എന്നിവരെല്ലാം ഉൾപ്പെട്ടതായിരുന്നു കുലീനവർഗം. ഇവരിൽ, പൈതൃകമായി കുലീനത്തം ലഭിച്ചവർ ചെറിയ ന്യൂനപക്ഷമായിരുന്നെങ്കിലും ഭരണം, സൈന്യം, പൗരോഹിത്യം എന്നീ മേഖലകളിലെ പ്രധാന സ്ഥാനങ്ങൾ അവരാണ് വഹിച്ചിരുന്നത്. കുലീന വർഗം അവർക്കിടയിൽ നിന്ന് ഒരു അതി ശ്രേഷ്ഠനേതാവിനെ കണ്ടെത്തുകയും, അയാൾ മരിക്കുന്നതുവരെ ഭരണം നിർവഹിച്ചു പോരുകയും ചെയ്തു. രാജാവ് ഭൂമിയിലെ സൂര്യന്റെ പ്രതിനിധിയായി കണക്കാക്കപ്പെട്ടിരുന്നു. യോദ്ധാക്കൾ, പുരോഹിതർ, പ്രഭുക്കന്മാർ എന്നിവരായിരുന്നു സമൂഹത്തിൽ ഏറ്റവും ബഹുമാനിക്കപ്പെട്ടിരുന്ന വിഭാഗങ്ങൾ. എന്നാൽ വ്യാപാരികളും പല ആനുകൂല്യങ്ങളും അനുഭവിച്ചിരുന്നു. ചില സമയങ്ങളിൽ നയതന്ത്ര പ്രതിനിധികളായും ചാരന്മാരായും അവർ പ്രവർത്തിച്ചിരുന്നു. പ്രതിഭാധനരായ കൈവേലക്കാർ, ഭിഷഗ്വരർ, ജ്ഞാനികളായ അധ്യാപകർ തുടങ്ങിയവരെല്ലാം ആദരിക്കപ്പെട്ടിരുന്നു.



ഭൂമി പരിമിതമായിരുന്നതിനാൽ, ആസ്ടെക്കുകൾ ഭൂമി വീണ്ടെടുത്ത് (reclamations) കൃഷിക്കുപയുക്തമാക്കുന്ന രീതി അവലംബിച്ചിരുന്നു. ഇതിനായി അവർ മെക്സിക്കോ തടാകത്തിൽ *ചിനമ്പകൾ* (*chinampas*) അഥവാ കൃത്രിമ ദ്വീപുകൾ നിർമ്മിച്ചു. വലിയ ഈറ്റപ്പായകളുണ്ടാക്കിയശേഷം ചെളികൊണ്ടു മൂടി അതിനുമേൽ ചെടികൾ വച്ചുപിടിപ്പിച്ചാണ് ഇതു സാധ്യമാക്കിയത്. ഇങ്ങനെ നിർമ്മിക്കപ്പെട്ട, അസാധാരണമായ ഫലപുഷ്ടിയുള്ളതുമായ ഈ ദ്വീപുകൾക്കിടയിൽ കനാലുകളും 1325-ൽ തലസ്ഥാനനഗരമായ ടെനോച്ടിട്‌ലാനും (Tenochtitlan) നിർമ്മിച്ചു. അവരുടെ കൊട്ടാരങ്ങളും, പിരമിഡുകളും ഈ തടാകത്തിൽ നാടകീയതയോടെ ഉയർന്നുനിന്നു. ആസ്ടെക്കുകൾ നിരന്തരം യുദ്ധങ്ങളിൽ ഏർപ്പെട്ടിരുന്നവരായിരുന്നതിനാൽ, ഇവരുടെ ഏറ്റവും ആകർഷകമായ ക്ഷേത്രങ്ങളെല്ലാം യുദ്ധദേവന്മാർക്കും സൂര്യനുമാണ് സമർപ്പിക്കപ്പെട്ടിരുന്നത്.

റിക്ലമേഷൻ (reclamation)-പാഴ്നിലങ്ങളെ കൃഷിക്കും ജനവാസത്തിനും അനുയോജ്യമായ തരത്തിൽ വീണ്ടെടുക്കുന്ന സമ്പ്രദായം

ഗ്രാമീണമായ അടിത്തറയിലാണ് സാമ്രാജ്യം നിലനിന്നിരുന്നത്. ചോളം, ബീൻസ്, കുമ്പളങ്ങ, മത്തങ്ങ, മരിച്ചീനി, ഉരുളക്കിഴങ്ങ് തുടങ്ങി നിരവധി വിളകൾ അവർ കൃഷി ചെയ്തിരുന്നു. ഭൂമിയുടെ അവകാശം വ്യക്തികൾക്കായിരുന്നില്ല, കുലത്തിനായിരുന്നു. പൊതു നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും കുലത്തിൽ നിക്ഷിപ്തമായിരുന്നു. യൂറോപ്പിലെ കുടിയാന്മാരെപ്പോലെ, കർഷകരെ കുലീനവർഗത്തിന്റെ ഭൂമിയുമായി ബന്ധിപ്പിച്ചിരുന്നു. കൃഷി ചെയ്യുന്നതിന്റെ പ്രതിഫലമായി ഉൽപ്പാദനത്തിന്റെ ഒരു ഭാഗം കർഷകർക്കു ലഭിച്ചിരുന്നു. ദരിദ്രർ ചിലപ്പോൾ അവരുടെ കുട്ടികളെ അടിമകളായി വിൽക്കുക പതിവായിരുന്നു. എന്നാൽ, സാധാരണയായി പരിമിത കാലത്തേക്കായിരുന്നു ഈ വിൽപന. കൂടാതെ അടിമകൾക്ക് തങ്ങളുടെ സ്വാതന്ത്ര്യം മടക്കിവാങ്ങാനും കഴിയുമായിരുന്നു.

എല്ലാ കുട്ടികളെയും വിദ്യാലയത്തിലയക്കുന്നുവെന്ന് ആസ്ടെക്കുകൾ ഉറപ്പു വരുത്തിയിരുന്നു. കുലീന കുടുംബങ്ങളിലെ കുട്ടികൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ *കാൽമേകാക്* (*calmecac*) എന്നറിയപ്പെട്ടു. സൈനിക നേതാവോ, മതനേതാവോ ആകുന്നതിനുള്ള പരിശീലനമാണ് ഇവിടെ നൽകിയിരുന്നത്. സമുദായത്തിലെ മറ്റെല്ലാ വിഭാഗങ്ങൾക്കും പ്രവേശനമുണ്ടായിരുന്ന *ടെപ്പോച്കല്ലി* (*Tepochcalli*) യിൽ ചരിത്രം, ഐതിഹ്യങ്ങൾ, മതം, ആചാരസംബന്ധമായ ഗാനങ്ങൾ മുതലായവയാണ് പഠിപ്പിച്ചിരുന്നത്. ആൺകുട്ടികൾക്ക് സൈനിക പരിശീലനത്തിനു പുറമേ, കൃഷി, വ്യാപാരം, എന്നിവയിലും, പെൺകുട്ടികൾക്ക് ഗാർഹിക ജോലികളിലുമാണ് പരിശീലനം നൽകിയിരുന്നത്.

പതിനാറാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആസ്ടെക് സാമ്രാജ്യം തകർച്ചയുടെ ലക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങി. ആസ്ടെക്കുകൾ കീഴടക്കിയ പ്രദേശങ്ങളിലെ ജനങ്ങളുടെ അസംതൃപ്തിയും കേന്ദ്ര നിയന്ത്രണങ്ങളിൽ നിന്നും മോചനം നേടാനുള്ള അവസരങ്ങൾ തേടിയതുമാണ് ഇതിന്റെ പ്രധാനകാരണം.

## മായന്മാർ (The Mayas)

മെക്സിക്കോയിലെ മായൻ സംസ്കാരം സവിശേഷമായ പുരോഗതി നേടിയത് പതിനൊന്നും, പതിനാലും നൂറ്റാണ്ടുകൾക്കിടയിലാണ്. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ ആസ്ടെക്കുകളേക്കാൾ കുറഞ്ഞ രാഷ്ട്രീയ അധികാരമേ അവർക്കുണ്ടായിരുന്നുള്ളൂ. ചോളം കൃഷിയായിരുന്നു അവരുടെ സംസ്കാരത്തിന്റെ കേന്ദ്രബിന്ദു. ചോളം നടുന്ന സമയത്തും, വളർച്ചയുടെ ഓരോ ഘട്ടത്തിലും, വിളവെടുപ്പിന്റെ സമയത്തുമെല്ലാം നിരവധി മതപരമായ ആചാരങ്ങളും, ചടങ്ങുകളും നിലവിലുണ്ടായിരുന്നു. ഫലപ്രദമായ കൃഷിരീതികൾ മിച്ചോൽപ്പാദനം സൃഷ്ടിക്കുകയും, ഇതുപയോഗിച്ച് ഭരണവർഗങ്ങളും, പുരോഹിതന്മാരും, മുഖ്യന്മാരും വാസ്തുശില്പ നിർമ്മാണം നടത്തുകയും ചെയ്തു. കൂടാതെ വാനനിരീക്ഷണശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ മേഖലകളുടെ വികാസത്തിനും ഉപയോഗപ്പെടുത്തി. മായന്മാർ രൂപം കൊടുത്ത ചിത്ര ലിപി രൂപത്തിലുള്ള എഴുത്തു വിദ്യ ഭാഗികമായി മാത്രമേ വായിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ.



*മായൻ ക്ഷേത്രം, തിക്കാൽ, ഗ്വാട്ടിമല, എട്ടാം നൂറ്റാണ്ട്.*

## പെറുവിലെ ഇൻകാകൾ (The Incas of Peru)

തെക്കേ അമേരിക്കയിലെ തദ്ദേശീയ സംസ്കാരങ്ങളിൽ ഏറ്റവും ബൃഹത്തായത് പെറുവിലെ കെച്ച്വാ (Quechuas) അഥവാ ഇൻകാ സംസ്കാരമാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ആദ്യത്തെ ഇൻകായായ മാൻകോ കപാക് (Manco Capac) കുസ്കോ (Cuzco) യിൽ തന്റെ തലസ്ഥാന നഗരം സ്ഥാപിച്ചു. സാമ്രാജ്യത്തിന്റെ വികാസം ആരംഭിക്കുന്നത് ഒമ്പതാമത്തെ ഇൻകായുടെ കാലത്താണ്. അതിന്റെ വളർച്ചയുടെ ഉച്ചസ്ഥായിയിൽ ഇക്വഡോർ മുതൽ ചിലിവരെ 3000 മൈൽ വ്യാപിച്ചു കിടക്കുന്നതായിരുന്നു ഇൻകാ സാമ്രാജ്യം.

സാമ്രാജ്യം അങ്ങേയറ്റം കേന്ദ്രീകൃതമായിരുന്നു. ഭരണ സംവിധാനത്തിൽ, രാജാവ് തന്നെയായിരുന്നു പരമാധികാരി. പുതിയതായി കീഴടക്കുന്ന ഗോത്രങ്ങളെ ഫലപ്രദമായി സാമ്രാജ്യത്തിൽ ലയിപ്പിച്ചിരുന്നു. എല്ലാ പ്രജകളും കൊട്ടാര ഭാഷയായ 'കെച്ച്വാ' (Quechua) സംസാരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഓരോ ഗോത്രവും ഭരിച്ചിരുന്നത്, മുതിർന്നവരുടെ സ്വതന്ത്രസമിതികളായിരുന്നു. എന്നാൽ ഗോത്രങ്ങൾ പൊതുവിൽ രാജാവിനോട് കൂറ് പുലർത്തേണ്ടിയിരുന്നു. അതേസമയം, പ്രാദേശിക ഭരണാധികാരികൾക്ക് അവർ ചെയ്യുന്ന സൈനിക സഹകരണത്തിന് പ്രതിഫലം നൽകിയിരുന്നു. അപ്രകാരം ഇൻകാ സാമ്രാജ്യം, ആസ്ടെക് സാമ്രാജ്യത്തെപ്പോലെ തന്നെ, ഇൻകാകളുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഒരു രാഷ്ട്ര സഖ്യം (confedaracy) ആയിരുന്നു. ജനസംഖ്യയുടെ കൃത്യമായ കണക്കുകൾ ഇല്ലെങ്കിലും, ഏകദേശം ഒരു ദശലക്ഷത്തിലധികം ജനങ്ങൾ ഉണ്ടായിരുന്നുവെന്ന് കരുതപ്പെടുന്നു.

ഭൂപടം 2: തെക്കേ അമേരിക്ക




ആസ്ടെക്കുകളെപ്പോലെ, ഇൻകാകളും വിസ്മയകരമായ കെട്ടിട നിർമ്മാതാക്കളായിരുന്നു. ഇക്വഡോർ മുതൽ ചിലിവരെയുള്ള പർവതനിരകളിലൂടെ അവർ റോഡുകൾ നിർമ്മിച്ചിരുന്നു. കോട്ടകൾ നിർമ്മിക്കാനാവശ്യമായ കൽപ്പാളികൾ കൃത്യമായി വെട്ടിയെടുത്തിരുന്നതിനാൽ, കുമ്മായക്കൂട്ട് ഇടുന്നതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. സമീപ പ്രദേശങ്ങളിൽ നിന്നും അടർത്തിയെടുക്കുന്ന കൽപ്പാളികൾ കൊത്തിയെടുക്കുന്നതിനും കൊണ്ടുപോകുന്നതിനുമെല്ലാം മനുഷ്യ പ്രയത്നത്തെ തന്നെയാണ് ആശ്രയിച്ചിരുന്നത്. കൽപ്പണിക്കാർ കൽപ്പാളികൾ ലളിതവും ഫലപ്രദവുമായ മാർഗത്തിൽ രൂപപ്പെടുത്തിയെടുക്കുന്ന 'ഫ്ളേക്കിംഗ്' (flaking) എന്ന രീതിയാണ് അവലംബിച്ചിരുന്നത്. നൂറ് മെട്രിക് ടണ്ണിലധികം ഭാരമുള്ള കല്ലുകളുണ്ടായിരുന്നെങ്കിലും, ഇത് കൊണ്ടുപോകുന്നതിന് ചക്രമുള്ള വണ്ടികളൊന്നും അവർക്കുണ്ടായിരുന്നില്ല. സുസംഘടിതമായ, കർശനമായി നിയന്ത്രിക്കപ്പെട്ട, മനുഷ്യാധ്വാനമായിരുന്നു ഇതിനുപയോഗിച്ചത്.


ഇൻകാ സംസ്കാരത്തിന്റെ അടിസ്ഥാനം കൃഷിയായിരുന്നു. ഭൂമി വേണ്ടത്ര ഫലഭൂയിഷ്ടമല്ലാതിരുന്നതിനാൽ കുന്നിൻ ചരിവുകളിൽ തട്ടുതട്ടായാണ് കൃഷി ചെയ്തി

രുന്നത്. ജലനിർഗമന സംവിധാനങ്ങളും, ജലസേചന സൗകര്യങ്ങളും വികസിപ്പിക്കുകയും ചെയ്തിരുന്നു. ആൻഡിയൻ (Andean) മലമ്പ്രദേശങ്ങളിൽ, സി.ഇ. 1500-ൽ ഇന്നത്തേക്കാൾ മെച്ചപ്പെട്ട രീതിയിൽ കൃഷി ഉണ്ടായിരുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ചോളവും ഉരുളക്കിഴങ്ങുമായിരുന്നു പ്രധാന വിളകൾ. കൂടാതെ ഭക്ഷണത്തിനും, ജോലിക്കുമായി ഒട്ടകം പോലുള്ള മൃഗ (ഇലാമ) ങ്ങളെയും വളർത്തിയിരുന്നു.

അവരുടെ നെയ്ത്തുവിദ്യയും, മൺപാത്ര നിർമ്മാണവും ഉയർന്ന നിലവാരത്തിലുള്ളതായിരുന്നു. എഴുത്തുവിദ്യ അവർ വികസിപ്പിച്ചെടുത്തിരുന്നില്ല. എങ്കിലും, പ്രത്യേക രീതിയിലുള്ള *ക്യൂപ്പു (quipu)* എന്ന കണക്ക് രേഖപ്പെടുത്തൽ സമ്പ്രദായം നിലനിന്നിരുന്നു. ചരടിൽ പ്രത്യേക ഗണിതയൂണിറ്റുകൾ സൂചിപ്പിക്കുന്ന കെട്ടുകളിട്ടാണ് ഇത് സാധിച്ചത്. ഇത്തരം ചരടുകളിൽ ഒരു പ്രത്യേകതരം രഹസ്യ ഭാഷാ സംവിധാനവും അവർ വികസിപ്പിച്ചിരുന്നതായി ചില പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

മിക്ക സന്ദർശകരും ഇന്ന് ഇൻകാകളുടെ കലാവൈദഗ്ധ്യം കണ്ട് വിസ്മയിക്കുന്നു. എന്നാൽ ചിലിയൻ കവി നെരുദയെപ്പോലെ ചിലർ ഓർക്കുന്നത് എത്ര ആയിരം മനുഷ്യരുടെ എത്ര മണിക്കൂർ നേരത്തെ കഠിനാധ്വാനമാണ് ഇതിനെല്ലാം കൂടി വേണ്ടിവന്നിരിക്കുക; ദുഷ്കരമായ ഈ ചുറ്റുപാടിൽ അത്രയും കൂടിയ അളവിലുള്ള കാർഷികോൽപ്പാദനവും ശ്രദ്ധേയമായ വാസ്തുവിദ്യയും, ഉത്കൃഷ്ടമായ കൈവേലകളും നേടിയെടുക്കാൻ വേണ്ടിവന്നിരിക്കുക-എന്നാണ്.

മാച്ചുപിച്ചുവിലെ ഹിൽടോപ്പ് പട്ടണം. സ്പെയിൻകാരുടെ ശ്രദ്ധയിൽ നിന്നും രക്ഷപ്പെട്ടതിനാൽ ഇത് നശിപ്പിക്കപ്പെട്ടില്ല.



'മണ്ണിന്നാഴത്തിൽ നിന്നെ നീ നോക്കൂ ഉഴവുകാരാ,
നെയ്ത്തുകാരാ, നാവെടുക്കാത്ത ആട്ടിടയാ,
...
ചതിക്കുന്ന ചട്ടക്കൂടിന്റെ മേലറ്റത്തിരിക്കുന്ന മരയാശാരീ,
ആൻഡീസിന്റെ കണ്ണീരു ചുമക്കുന്നോനേ,
വിരലുകൾ തകർന്ന സ്വർണപ്പണിക്കാരാ,
വിതച്ച വിത്തുകൾക്കിടയിൽ ഉൽക്കണ്ഠാകുലനായ കൃഷിക്കാരാ,
ചെളിയിൽ തുലഞ്ഞ കുംഭാരാ -
പുതുജീവന്റെ ഈ കോപ്പയിലേക്ക് പകരൂ
പണ്ടേ കുഴിച്ചിട്ട നിന്റെ ദുഃഖങ്ങൾ
നിന്റെ ചോരയും ചാലും എനിക്കു കാട്ടിത്തരൂ;
എന്നോടു പറയൂ!
എന്നെ ചാട്ട കൊണ്ടടിച്ചതിവിടെ,
ഒരു രത്നക്കല്ലിനു തിളക്കം പോരായിരുന്നുവത്രേ,
ചോളത്തിന്റെ, രത്നത്തിന്റെ
പാട്ടം കൊടുക്കാൻ മണ്ണൊന്നു വൈകിയത്രേ.'

– പാബ്ലോ നെരൂദ (1904–73), *ദി ഹൈറ്റ്സ് ഓഫ് മാച്ചുപിച്ചു* 1943.

ഇൻകാ സാമ്രാജ്യത്തിന്റെ ഘടന ഒരു പിരമിഡിന്റെ രൂപത്തിലായിരുന്നു. ഇത് സൂചിപ്പിക്കുന്നത് ഒരു ഇൻകാ ഭരണാധികാരി കീഴടക്കപ്പെട്ടാൽ, ഉടൻ തന്നെ അധികാര ശൃംഖലയിലെ ഓരോ കണ്ണിയും പെട്ടെന്ന് വേർപെട്ടുപോകുമായിരുന്നു എന്നാണ്. സ്പെയിൻ ഇവരെ ആക്രമിക്കാൻ തീരുമാനിച്ചപ്പോഴും കൃത്യമായും ഇതുതന്നെയാണ് സംഭവിച്ചത്.

ആസ്ടെക് – ഇൻകാ സംസ്കാരങ്ങൾക്ക് ചില പൊതുസവിശേഷതകൾ ഉണ്ടായിരുന്നു. എന്നാൽ ഇവ യൂറോപ്യൻ സംസ്കാരത്തിൽനിന്ന് തികച്ചും വിഭിന്നമായിരുന്നു. സമൂഹത്തിൽ അധികാര ശ്രേണികൾ ഉണ്ടായിരുന്നു. എന്നാൽ യൂറോപ്പിലെപ്പോലെ

വിഭവങ്ങളെല്ലാം ഏതാനും പേരുടെ സ്വകാര്യ ഉടമസ്ഥതയിലായിരുന്നില്ല. പുരോഹിതന്മാരും, ഷമാന്മാരും ഏറെ ആദരിക്കപ്പെട്ടിരുന്നുവെങ്കിലും, വലിയ ക്ഷേത്രങ്ങളുണ്ടാക്കുകയും, ആചാരങ്ങളിൽ സ്വർണം ഉപയോഗിക്കുകയും ചെയ്തിരുന്നുവെങ്കിലും, സ്വർണത്തിനോ, വെള്ളിക്കോ അവർ വലിയ മൂല്യം കൽപ്പിച്ചിരുന്നില്ല. ഇക്കാര്യത്തിലും ഇവർ സമകാലീന യൂറോപ്യൻ സമൂഹത്തിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു.

**പ്രവർത്തനം 2**

തെക്കേ അമേരിക്കയുടെ ഭൂപ്രകൃതി വിശദമാക്കുന്ന ഭൂപടം പരിശോധിക്കുക. ഭൂമിശാസ്ത്രം ഇൻകാ സാമ്രാജ്യത്തിന്റെ വികാസത്തിൽ ഏത്ര മാത്രം പങ്കുവഹിച്ചുവെന്നാണ് നിങ്ങൾ കരുതുന്നത്?

## യൂറോപ്യരുടെ സമുദ്ര പര്യവേഷണങ്ങൾ (Voyages of Exploration by Europeans)

തെക്കേ അമേരിക്കയിലെയും, കരീബിയനിലെയും ജനങ്ങൾ, യൂറോപ്യരെ കുറിച്ചറിയുന്നത് അവർ അറ്റ്ലാന്റിക് സമുദ്രം മുറിച്ചു കടക്കാനാരംഭിച്ചതോടെയാണ്. കൃത്യമായി ദിശ നിർണയിക്കാൻ കഴിയുന്ന വടക്കുനോക്കി യന്ത്രം 1380-മുതൽ തന്നെ പരിചിതമായിരുന്നുവെങ്കിലും, അജ്ഞാത ദേശങ്ങളിലേക്കുള്ള സമുദ്രയാത്രകളിൽ ഇത് വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയത് പതിനഞ്ചാം നൂറ്റാണ്ടിൽ മാത്രമാണ്. അപ്പോഴേക്കും യൂറോപ്പിലെ കപ്പൽ നിർമ്മാണ രംഗത്ത് ഗുണപരമായ നിരവധി മാറ്റങ്ങൾ സംഭവിച്ചിരുന്നു. വലിയ കപ്പലുകൾ നിർമ്മിക്കാൻ തുടങ്ങി. വൻതോതിൽ ചരക്കുകൾ കൊണ്ടുപോകുന്നതിനും ഒപ്പംതന്നെ ശത്രുക്കപ്പലുകളുടെ ആക്രമണങ്ങളിൽ നിന്നും രക്ഷതേടുന്നതിനുള്ള ആയുധങ്ങൾ കരുതുന്നതിനും സൗകര്യമുള്ളവയായിരുന്നു ഇവ. സഞ്ചാരസാഹിത്യത്തിന്റെയും, പ്രപഞ്ചവിവരണ ശാസ്ത്രവും (cosmography) ഭൂമിശാസ്ത്രവും പ്രതിപാദിക്കുന്ന പുസ്തകങ്ങളുടെയും പ്രചാരവും പതിനഞ്ചാം നൂറ്റാണ്ടിൽ സമുദ്രയാത്രകളോടുള്ള താൽപ്പര്യം വർധിക്കുന്നതിനു കാരണമായി.

പ്രപഞ്ച വിവരണ ശാസ്ത്രം (cosmography) എന്നതുകൊണ്ട് അർഥമാക്കിയിരുന്നത് പ്രപഞ്ചത്തിന്റെ രേഖാചിത്രം തയാറാക്കുന്ന ശാസ്ത്രം എന്നാണ്. ഇത് ഭൂമിയെയും സ്വർഗത്തെയും വിശദീകരിച്ചിരുന്നു. എന്നാൽ ഭൂമിശാസ്ത്രത്തിൽ നിന്നും ജ്യോതിശ്ശാസ്ത്രത്തിൽ നിന്നും ഇത് വിഭിന്നമായിരുന്നു.

1477-ൽ ടോളമിയുടെ *ജ്യോഗ്രഫി* (*Geography*, 1300 വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ടത്) എന്ന ഗ്രന്ഥത്തിന്റെ അച്ചടിച്ച പ്രതികൾ ലഭ്യമാവുകയും (പ്രമേയം 7 കാണുക) വ്യാപകമായി വായിക്കപ്പെടുകയും ചെയ്തു. ലോകത്തിലെ എല്ലാ പ്രദേശങ്ങളും, അക്ഷാംശങ്ങളായും (latitudes) രേഖാംശങ്ങളായും (longitudes) ക്രമീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് ഈജിപ്തുകാരനായ ടോളമി അഭിപ്രായപ്പെട്ടു. ഈ പുസ്തകങ്ങൾ വായിച്ചതിലൂടെ യൂറോപ്യർക്ക് ലോകത്തെക്കുറിച്ച് ചില അറിവുകൾ ലഭിച്ചു. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ മൂന്ന് വൻകരകളാണുള്ളതെന്ന് അവർ മനസ്സിലാക്കി. ഭൂമി ഗോളാകൃതിയിലാണെന്ന് ചൂണ്ടിക്കാണിച്ചുവെങ്കിലും, സമുദ്രങ്ങളുടെ വിസ്തൃതി മനസ്സിലാക്കുന്നതിൽ ടോളമി പരാജയപ്പെട്ടു. കരയിലെത്തിച്ചേരാൻ അറ്റ്ലാന്റിക് സമുദ്രത്തിലൂടെ സഞ്ചരിക്കേണ്ട ദൂരത്തെക്കുറിച്ച് യൂറോപ്യർക്ക് അറിവില്ലായിരുന്നു. ഹ്രസ്വദൂരമേയുള്ളൂ എന്ന സങ്കൽപ്പത്തിൽ നിരവധിപേർ ഒരു തയാറെടുപ്പുമില്ലാതെ അവർക്കറിയുന്ന കടലുകൾക്കപ്പുറത്തേക്കായി യാത്ര പുറപ്പെട്ടു.

പതിനഞ്ചാം നൂറ്റാണ്ടിലെ സമുദ്ര പര്യവേഷണങ്ങൾക്ക് മുൻകൈയെടുത്തത് ഐബീരിയൻ ഉപദ്വീപിലെ രാജ്യങ്ങളായ സ്പെയിനും, പോർച്ചുഗലുമാണ്. 'കണ്ടെത്തലുകൾക്കായുള്ള സമുദ്ര പര്യവേഷണങ്ങൾ' ('voyages of discovery') എന്നാണ് ഈ യാത്രകൾ ദീർഘകാലം അറിയപ്പെട്ടത്. എന്നാൽ 'പഴയലോകത്തുനിന്നും' അറിയപ്പെടാത്ത നാടുകളിലേക്ക് നടത്തിയ ആദ്യത്തെ യാത്രകൾ അല്ല ഇവയെന്ന് പിൽക്കാല ചരിത്രകാരന്മാർ വാദിക്കുന്നു. അറബികളും, ചൈനക്കാരും, ഇന്ത്യക്കാരും ഇവർക്ക് മുമ്പേ വലിയതോതിൽ സമുദ്രയാത്രകൾ നടത്തിയിട്ടുണ്ട്. പസഫിക് ദ്വീപുകളിലെ നാവികരും (പോളിനേഷ്യക്കാരും (Polynesians) മൈക്രോനേഷ്യക്കാരും (Micronesians)) ഇവർക്കു മുമ്പേ പ്രധാന സമുദ്രങ്ങൾക്കു കുറുകെ സഞ്ചരിച്ചിട്ടുണ്ട്. പതിനൊന്നാം നൂറ്റാണ്ടിൽത്തന്നെ നോർവേയിലെ വൈകിങ്ങുകൾ (Vikings) വടക്കേ അമേരിക്കയിൽ എത്തിച്ചേർന്നിരുന്നു.

എന്തുകൊണ്ടാണ് സ്പെയിനിലെയും പോർച്ചുഗലിലെയും ഭരണാധികാരികൾ സമുദ്ര പര്യവേക്ഷണയാത്രകളെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിച്ചത്? സ്വർണം, സമ്പത്ത്, പ്രശസ്തി, സ്ഥാനമാനങ്ങൾ എന്നിവയ്ക്കായുള്ള അഭിനിവേശമായിരുന്നോ ഇതിനു പിന്നിൽ? സമുദ്രപര്യവേഷണ യാത്രകൾക്ക്, സാമ്പത്തികം, മതപരം, രാഷ്ട്രീയം എന്നിങ്ങനെ മൂന്നു ലക്ഷ്യങ്ങളുണ്ടായിരുന്നു എന്നതാണ് ഇതിനുള്ള ഉത്തരം.

പതിനാലാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ളകാലത്ത് യൂറോപ്യൻ സമ്പദ്വ്യവസ്ഥ തകർച്ചയെ നേരിടുകയായിരുന്നു (പ്രമേയം 6 കാണുക). യുദ്ധങ്ങളും പ്ലേഗും യൂറോപ്പിലെ വിവിധ ഭാഗങ്ങളിലെ ജനസംഖ്യയിൽ ഗണ്യമായ കുറവുണ്ടാക്കി. ഇത് വ്യാപാരത്തെ മന്ദീഭവിപ്പിക്കുകയും, യൂറോപ്പിലെ നാണയ നിർമ്മാണത്തിനുള്ള സ്വർണത്തിന്റെയും വെള്ളിയുടെയും ലഭ്യത കുറയ്ക്കുകയും ചെയ്തു. ഇത് തൊട്ടുമുമ്പുള്ള കാലഘട്ടത്തിൽ നിന്നും (പതിനൊന്നാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യം വരെ) തീർത്തും വിപരീതമായിരുന്നു. അന്ന് വ്യാപാര രംഗത്തുണ്ടായ വളർച്ച ഇറ്റലിയിലെ നഗര രാഷ്ട്രങ്ങളെ മൂലധന സമാഹരണത്തിന് ഏറെ സഹായിച്ചിരുന്നു. പതിനാലാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ ദീർഘദൂര വ്യാപാരം അധപ്പതിച്ചു. 1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയതോടു കൂടി ഈ വ്യാപാര പ്രതിസന്ധി രൂക്ഷമായി. ഇറ്റലിക്കാർ തുർക്കികളുമായി വ്യാപാരം തുടരാൻ ശ്രമിച്ചെങ്കിലും, കനത്ത വ്യാപാര നികുതി നൽകേണ്ടി വന്നു.

കൂടുതൽ പേരെ ക്രിസ്തുമതത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന സാധ്യത മുന്നിൽക്കണ്ട് ധാരാളം യൂറോപ്യൻ ക്രൈസ്തവ വിശ്വാസികളും ഇത്തരം സാഹസിക യാത്രയ്ക്ക് ഇറങ്ങിത്തിരിച്ചു.

തുർക്കികൾക്കെതിരെ നടന്ന 'കുരിശുയുദ്ധങ്ങൾ' (പ്രമേയം 4 കാണുക) ആരംഭിച്ചത് മതപരമായിട്ടായിരുന്നുവെങ്കിലും, യൂറോപ്പും ഏഷ്യയും തമ്മിലുള്ള വ്യാപാരബന്ധങ്ങൾ വർധിപ്പിക്കുന്നതിന് അവ കാരണമായി. കൂടാതെ ഏഷ്യയിൽ നിന്നുള്ള സാധന സാമഗ്രികൾക്ക്, പ്രത്യേകിച്ച് സുഗന്ധ വ്യഞ്ജനങ്ങൾക്ക്, യൂറോപ്യൻ കമ്പോളത്തിൽ വലിയ സ്വീകാര്യതലഭിച്ചു. വ്യാപാരത്തിന് പിന്നാലെ, രാഷ്ട്രീയ നിയന്ത്രണവും, ചൂട് കാലാവസ്ഥയുള്ള മേഖലകളിൽ യൂറോപ്യൻ രാജ്യങ്ങളുടെ 'കോളനി' രൂപീകരണവും കൂടി സാധ്യമായാൽ യൂറോപ്പിന് നിരവധി നേട്ടങ്ങൾ ഉണ്ടാകുമെന്ന് അവർ കണക്കുകൂട്ടി.

സ്വർണത്തിന്റെയും, സുഗന്ധവ്യഞ്ജനങ്ങളുടെയും ലഭ്യതയുള്ള പുതിയ പ്രദേശങ്ങളെക്കുറിച്ചാലോചിച്ചപ്പോൾ, ഒരു സാധ്യത പശ്ചിമാഫ്രിക്കയായിരുന്നു. അവിടെ യൂറോപ്യർ അതുവരെ നേരിട്ട് വ്യാപാരം നടത്തിയിരുന്നില്ല. 1139-ൽ സ്പെയിനിൽ നിന്ന് സ്വാതന്ത്ര്യം നേടിയ പോർച്ചുഗൽ എന്ന ചെറിയ രാജ്യം ഈ വ്യാപാരശ്രമങ്ങൾക്ക് മുൻകൈയെടുത്തു. അവർ മത്സ്യബന്ധനത്തിലും, സമുദ്രയാത്രയിലും നിപുണരായിരുന്നു. പോർച്ചുഗലിലെ ഹെൻറി രാജകുമാരൻ (കപ്പിത്താൻ എന്നാണദ്ദേഹം അറിയപ്പെട്ടത്) പശ്ചിമാഫ്രിക്കൻ തീരങ്ങൾ കൈവശപ്പെടുത്തുകയും, 1415-ൽ ക്യൂട്ട (Ceuta) ആക്രമിക്കുകയും ചെയ്തു. ഇതേത്തുടർന്ന്, നിരവധി ആക്രമണങ്ങൾക്ക് പോർച്ചുഗൽ നേതൃത്വം നൽകുകയും, ആഫ്രിക്കയിലെ ബൊജാദോർ മുനമ്പിൽ (Cape Bojador) ഒരു വ്യാപാരകേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. ആഫ്രിക്കൻ ജനതയെ പിടികൂടി അടിമകളാക്കി മാറ്റുകയും, വിലപിടിപ്പുള്ള ലോഹമായ സ്വർണത്തിന്റെ ഖനനം ആരംഭിക്കുകയും ചെയ്തു.

*റീകോൺകിസ്റ്റ (Reconquista)*: 1492-ൽ അറബികളിൽ നിന്നും ഐബീരിയൻ ഉപദ്വീപ് വീണ്ടെടുത്ത ക്രൈസ്തവ രാജാക്കൻമാരുടെ നേതൃത്വത്തിലുണ്ടായ സൈനിക ആക്രമണം.

സാമ്പത്തികമായ കാരണങ്ങളുടെ പ്രചോദനത്താൽ, സ്പെയിനിൽ വ്യക്തികൾ കടൽ മേധാവിത്വത്തിനുള്ള പരിശ്രമങ്ങളിലേർപ്പെട്ടു. കുരിശുയുദ്ധങ്ങളുടെ ഓർമ്മകളും *റീകോൺകിസ്റ്റ*യുടെ (*Reconquista*) വിജയവും അവരുടെ സ്വകാര്യമോഹങ്ങളെ


ഉത്തേജിപ്പിക്കുകയും, *ക്യാപ്പിച്ചുലേഷൻസ്* (*capitulaciones*) എന്നറിയപ്പെട്ട ഉടമ്പടികൾക്ക് വഴി വയ്ക്കുകയും ചെയ്തു. ഈ ഉടമ്പടികൾ പ്രകാരം, പുതുതായി പിടിച്ചെടുക്കപ്പെട്ട പ്രദേശങ്ങളുടെ മേൽ സ്പെയിനിലെ ഭരണാധികാരി പരമാധികാരം അവകാശപ്പെട്ടു. കൂടാതെ ആക്രമണങ്ങൾക്ക് നേതൃത്വം നൽകിയവർക്ക് പദവികളും, പ്രതിഫലവും, കീഴടക്കപ്പെട്ട പ്രദേശങ്ങളുടെ ഭരണച്ചുമതലയും നൽകി.

## അറ്റ്ലാന്റിക് മുറിച്ച് കടക്കുന്നു (The Atlantic Crossing)

സാഹസികതയും പ്രശസ്തിയും തേടിനടന്ന ഒരു സ്വയാർജ്ജിത വ്യക്തിത്വമായിരുന്നു ക്രിസ്റ്റഫർ കൊളംബസ് (Christopher Columbus, 1451-1506). പ്രവചനങ്ങളിൽ വിശ്വസിച്ചിരുന്ന അദ്ദേഹം പടിഞ്ഞാറോട്ട് സഞ്ചരിച്ച് പൗരസ്ത്യദേശത്തേക്കുള്ള ('the Indies') വഴി കണ്ടെത്തുകയാണ് തന്റെ ദൗത്യമെന്ന് ഉറച്ച് വിശ്വസിച്ചിരുന്നു. 1410-ൽ കർദിനാൾ പിയറി ഡി എയ്‌ലി (Cardinal Pierre d'Ailly) എഴുതിയ ഭൂമിശാസ്ത്രവും, ജ്യോതിശ്ശാസ്ത്രവും പ്രതിപാദിക്കുന്ന *ഇമാഗോ മുണ്ടി* (*Imago Mundi*) എന്ന പുസ്തകം അദ്ദേഹത്തെ ഏറെ പ്രചോദിപ്പിച്ചു. സമുദ്രാന്തര യാത്രകളെക്കുറിച്ചുള്ള തന്റെ വിശദമായ പദ്ധതി പോർച്ചുഗീസ് രാജാവിനു മുന്നിൽ അവതരിപ്പിച്ചുവെങ്കിലും, നിരാകരിക്കപ്പെട്ടു. എന്നാൽ സ്പെയിനിലെ ഭരണാധികാരികൾ യാത്രയ്ക്കു വേണ്ട അത്യാവശ്യ സഹായങ്ങൾ നൽകാൻ തയാറായി. 1492 ആഗസ്റ്റ് 3-ന് പാലോസ് (Palos) തുറമുഖത്ത് നിന്ന് കൊളംബസ് യാത്ര തുടങ്ങി.

*നാവോ (Nao)* എന്നാൽ വലിയ കപ്പൽ എന്നാണ് സ്പാനിഷ് ഭാഷയിൽ അർഥമാക്കുന്നത്. അറബി ഭാഷയിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. 1492 വരെ ഈ പ്രദേശം അറബികളുടെ കീഴിലായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

ദൈർഘ്യമേറിയ ആ അറ്റ്ലാന്റിക് മുറിച്ച് കടക്കൽ എത്തരത്തിലായിരിക്കുമെന്നോ, അവരെ കാത്തിരിക്കുന്ന ലക്ഷ്യസ്ഥാനം എന്തായിരിക്കുമെന്നോ ഉള്ള ഒരു ധാരണയും കൊളംബസിനും അദ്ദേഹത്തിന്റെ നാവിക സംഘത്തിനും ഉണ്ടായിരുന്നില്ല. കൊളംബസിന്റെ നാവികവ്യൂഹം ചെറുതായിരുന്നു. ഇതിൽ *സാന്റാ മരിയ* (*Santa Maria*) എന്ന *നാവോ* (*nao*) അഥവാ താരതമ്യേന ചെറിയ കപ്പലും, കൂടാതെ *പിന്റ* (*Pinta*), *നൈന* (*Nina*) എന്നിങ്ങനെ പേരുള്ള രണ്ട് ചെറിയ കാരവലുകളും (ചെറിയ കപ്പലുകൾ) ഉൾപ്പെട്ടിരുന്നു. വിദഗ്ധരായ 40 നാവികരോടൊപ്പം, കൊളംബസ് തന്നെയാണ് *സാന്റാ മരിയ*യെ നയിച്ചത്. ഈ യാത്രയിൽ, വാണിജ്യവാതങ്ങളുടെ സഹായവും അവർക്ക് ലഭിച്ചെങ്കിലും യാത്ര ദൈർഘ്യമേറിയതായിരുന്നു. മുപ്പത്തിമൂന്ന് ദിവസത്തെ യാത്രയ്ക്കിടയിൽ ആകാശവും കടലുമല്ലാതെ യാതൊന്നിനെയും അവർ കണ്ടിരുന്നില്ല. ഇതിനിടയിൽ, അസ്വസ്ഥരായ ചില സംഘാംഗങ്ങൾ മടങ്ങിപ്പോകണമെന്നു പോലും ആവശ്യപ്പെട്ടിരുന്നു.



*സാന്റാ മരിയ*

1492, ഒക്ടോബർ 12-ന് കൊളംബസ്സും സംഘവും കര കണ്ടു. ഇന്ത്യയെന്ന് കൊളംബസ് കരുതിയ ഈ പ്രദേശം യഥാർഥത്തിൽ ബഹാമാസിലെ ഗ്വാനാഹാനി (Guanahani) എന്ന ദ്വീപായിരുന്നു. (ആഴം കുറഞ്ഞ കടലിനാൽ ചുറ്റപ്പെട്ട പ്രദേശം എന്നർഥം വരുന്ന '*ബാജാമർ*' (*bajamar*) എന്ന സ്പാനിഷ് വാക്കിൽ നിന്നും, ബഹാമാസ് എന്ന് ഈ ദ്വീപിന് നാമകരണം ചെയ്തത് കൊളംബസ് ആണെന്നു പറയപ്പെടുന്നു.) അവിടെ ഉണ്ടായിരുന്ന അരാവാക്കുകൾ അവരെ സ്വീകരിക്കുകയും, സന്തോഷപൂർവം ഭക്ഷണവും, താമസസൗകര്യങ്ങളും നൽകുകയും ചെയ്തു. അവരുടെ മഹാമനസ്കതയിൽ ആകൃഷ്ടനായി കൊളംബസ് തന്റെ ലോഗ്ബുക്കിൽ ഇങ്ങനെ രേഖപ്പെടുത്തി. 'അനുഭവത്തിലൂടെയല്ലാതെ വിശ്വസിക്കാൻ പ്രയാസമുള്ളത്രയും നിഷ്കളങ്കരും, സ്വന്തമായുള്ളതെല്ലാം ഉദാരമായി നൽകാൻ മനസ്സുള്ളവരുമായിരുന്നു അവർ. എന്താവശ്യപ്പെട്ടാലും ഇല്ലെന്നു പറയാനറിയാത്തവരും, കൈവശമുള്ളത് ക്ഷണിച്ചു നൽകുന്ന സ്നേഹസമ്പന്നരുമായിരുന്നു അവർ.'

കൊളംബസ്, ഗ്വാനാഹാനി (Guanahani) ദ്വീപിൽ ഒരു സ്പാനിഷ് പതാക നാട്ടുകയും, ആ പ്രദേശത്തെ സാൻ സാൽവദോർ (San Salvador) എന്ന് പുനർനാമകരണം

ചെയ്യുകയും ചെയ്തു. അദേഹം ഒരു പ്രാർഥനാ യോഗം വിളിക്കുകയും തദ്ദേശിയ ജനതയുമായി ആലോചിക്കുക പോലും ചെയ്യാതെ വൈസ്രോയിയായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. കൂടുതൽ വിശാലമായ ക്യൂബനസ്കൻ (Cubanascan (ക്യൂബ, ഈ പ്രദേശം ജപ്പാനാണെന്നായിരുന്നു കൊളംബസ് കരുതിയത് !) കിസ്കേയ (Kiskeya) (ഇപ്പോൾ ഹെയ്തി, ഡൊമിനിക്കൻ റിപ്പബ്ലിക് എന്നീ രണ്ടു രാജ്യങ്ങൾക്കിടയിൽ വിഭജിച്ചു കിടക്കുന്ന ഈ പ്രദേശത്തെ ഹിസ്പാനിയോല (Hispaniola) എന്നു പുനർനാമകരണം ചെയ്തു) തുടങ്ങിയ ദ്വീപുകളിലേക്ക് പോകുന്നതിന് പ്രദേശവാസികളുടെ സഹകരണം അദേഹം ഉറപ്പാക്കി. സ്വർണം പെട്ടെന്ന് ലഭ്യമായിരുന്നില്ലെങ്കിലും ഹിസ്പാനിയോലയുടെ ഉൾപ്രദേശങ്ങളിലുള്ള പർവതങ്ങളിലെ അരുവികളിൽ സ്വർണശേഖരം കണ്ടെത്താൻ കഴിയുമെന്ന് അവർ കേട്ടറിഞ്ഞിരുന്നു.

‘വൈസ്രോയ്’ ('viceroy') എന്നാൽ രാജാവിന്റെ സ്ഥാനത്ത് എന്നർഥം. (ഇവിടെ സ്പെയിനിലെ രാജാവ്)



യൂറോപ്യർ അമേരിക്കയിലെ തദ്ദേശിയരെ കണ്ടുമുട്ടുന്ന പതിനാറാം നൂറ്റാണ്ടിലെ ഒരു യൂറോപ്യൻ ചിത്രം. തുണിയിൽ പ്രത്യേക രീതിയിൽ തയാറാക്കിയത് (wood block print).

എന്നാൽ ഏറെ മുമ്പോട്ടു പോകുന്നതിനു മുമ്പ്, കിരാതരായ കരീബ് (Carib) ഗോത്രങ്ങളുടെ ശത്രുതയും, മറ്റപകടങ്ങളും അവർക്ക് നേരിടേണ്ടി വന്നു. സംഘാംഗങ്ങൾ പലരും മടങ്ങിപ്പോകാൻ മുറവിളി കൂട്ടി. മടക്കയാത്ര ഏറെ പ്രയാസം നിറഞ്ഞതായിരുന്നു. കപ്പലുകൾക്കുണ്ടായ കേടുപാടുകളും, ക്ഷീണിതരായ നാവികരുടെ വർധിച്ച ഗൃഹാതുരത്വവും യാത്ര കൂടുതൽ ദുഷ്കരമാക്കിത്തീർത്തു. യാത്രയുടെ ആകെ ദൈർഘ്യം 32 ആഴ്ചയായിരുന്നു. ഇതിനു ശേഷം മൂന്ന് യാത്രകൾ കൂടി കൊളംബസ് നടത്തി. ബഹാമാസ്, ഗ്രേറ്റർ ആന്റില്ലസ്, തെക്കേ അമേരിക്കയുടെ മധ്യഭാഗങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിലെ തന്റെ പര്യവേക്ഷണങ്ങൾ കൊളംബസ് പൂർത്തിയാക്കി. സ്പെയിൻകാർ കണ്ടെത്തിയത് ‘ഇൻഡീസ്’ അല്ലെന്നും ഒരു പുതിയ ഭൂഖണ്ഡമാണെന്നും പിന്നീടുണ്ടായ യാത്രകളിലൂടെ വെളിപ്പെട്ടു.

അനന്തമായ സമുദ്രത്തിന്റെ മറുകര കണ്ടെത്താൻ കഴിഞ്ഞു എന്നതാണ് കൊളംബസിന്റെ യാത്രകളുടെ സുപ്രധാന നേട്ടം. വാണിജ്യവാതത്തോടൊപ്പം അഞ്ചാഴ്ച യാത്ര ചെയ്താൽ ഭൂഗോളത്തിന്റെ മറുകരയെത്താമെന്ന് അദ്ദേഹം തെളിയിച്ചു. വ്യക്തികളുടെ പേരിലാണ് പലപ്പോഴും സ്ഥലങ്ങൾ അറിയപ്പെടുന്നത് എന്നിരിക്കേ, അമേരിക്കൻ ഐക്യനാടുകളിലെ ഒരു ചെറിയ ജില്ലയിലൂടെയും തെക്കേ അമേരി

ക്കയുടെ വടക്കു പടിഞ്ഞാറു ഭാഗത്തുള്ള രാജ്യമായ കൊളംബിയയിലൂടെയും, മാത്ര മാണ് കൊളംബസ് ഓർമ്മിക്കപ്പെടുന്നത് എന്നത് വിസ്മയകരമാണ്. ഈ രണ്ടിടത്തും കൊളംബസ് എത്തിയിട്ടുമില്ല! ഫ്ളോറൻസിലെ ഭൂമിശാസ്ത്രജ്ഞനായ അമേരിഗോ വെസ്പൂച്ചിയുടെ (Amerigo Vespucci) പേരിലാണ് രണ്ട് അമേരിക്കൻ വൻകരകളും അറി യപ്പെട്ടത്. അദ്ദേഹം ഈ വൻകരകളുടെ വ്യാപ്തി മനസ്സിലാക്കി 'പുതിയലോകം' എന്നു വിശേഷിപ്പിച്ചു. 1507 – ൽ ഒരു ജർമ്മൻ പ്രസാധകനാണ് 'അമേരിക്ക' എന്ന പേര് ആദ്യ മായി ഉപയോഗിച്ചത്.

**പ്രവർത്തനം 3**

വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ജനങ്ങൾ 'സമുദ്രപര്യ വേക്ഷണ'മെന്ന സാഹ സത്തിന് തുനിഞ്ഞിറ ങ്ങാനുള്ള കാരണങ്ങൾ നിങ്ങ ളുടെ അഭിപ്രായത്തിൽ എന്തൊക്കെയാണ്?

| യൂറോപ്യരുടെ പര്യവേഷണയാത്രകൾ (Voyages by Europeans) | |
|---|---|
| 1492 | കൊളംബസ് ബഹാമാ ദ്വീപുകളിലും ക്യൂബയിലും സ്പെയിനിന്റെ അവകാശം ഉന്നയിക്കുന്നു |
| 1494 | 'കണ്ടെത്തപ്പെടാത്ത ലോകം' സ്പെയിനും പോർച്ചുഗലും പങ്കിട്ടെടുക്കുന്നു |
| 1497 | ഇംഗ്ലീഷുകാരനായ ജോൺ കാബട്ട് വടക്കേ അമേരിക്കൻ തീരത്ത് പര്യവേ ഷണം നടത്തുന്നു |
| 1498 | വാസ്കോ ഡ ഗാമ കോഴിക്കോട് എത്തുന്നു |
| 1499 | അമേരിഗോ വെസ്പൂച്ചി തെക്കേ അമേരിക്കയുടെ തീരത്തെത്തുന്നു |
| 1500 | കബ്രാൾ ബ്രസീലിന്മേൽ പോർച്ചുഗലിന്റെ അവകാശം ഉന്നയിക്കുന്നു |
| 1513 | പനാമാ ഇസ്തമസിനു കുറുകെ സഞ്ചരിച്ച് ബൽബോവ പസഫിക് സമുദ്രത്തി ലെത്തുന്നു |
| 1521 | കോർട്ടസ് ആസ്ടെക്കുകളെ പരാജയപ്പെടുത്തുന്നു |
| 1522 | മെഗല്ലൻ ഭൂമിയെ വലംവയ്ക്കുന്നു |
| 1532 | പിസ്സാറോ ഇൻകാ സാമ്രാജ്യം കീഴടക്കുന്നു |
| 1571 | സ്പെയിൻ ഫിലിപ്പൈൻസ് കീഴടക്കുന്നു |
| 1600 | ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിക്കുന്നു |
| 1602 | ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിക്കുന്നു |

## സ്പെയിൻ അമേരിക്കയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നു (Spain Establishes an Empire in America)

സ്പെയിനിന്റെ അധികാരവ്യാപനത്തിന് അടിസ്ഥാനമായത് വെടിമരുന്നും, കുതിരകളും ഉപയോഗിച്ചുള്ള സൈനിക ശക്തിയായിരുന്നു. തദ്ദേശവാസികളായ ജനങ്ങൾ, സ്വർണം, വെള്ളി ഖനികളിൽ ജോലി ചെയ്യുന്നതിനോ, കപ്പം കൊടുക്കുന്നതിനോ നിർബന്ധിത രായി. ഒരു ചെറിയ അധിവാസകേന്ദ്രമാണ് 'പുതിയ ലോകത്തിൽ' സ്പെയിൻ ആദ്യം സ്ഥാപിച്ചത്. പ്രദേശവാസികളുടെ തൊഴിലിടങ്ങളിൽ മേൽനോട്ടം വഹിക്കാനായി കുറെ സ്പെയിൻകാരെ നിയോഗിച്ചു. സ്വർണ നിക്ഷേപമുണ്ടാകുമെന്ന പ്രതീക്ഷയിൽ പുതിയ സ്ഥലങ്ങൾ കണ്ടെത്താൻ പ്രാദേശിക മുഖ്യന്മാരെയും ചുമതലയേൽപ്പിച്ചു. സ്വർണ ത്തോടുള്ള അവരുടെ ആർത്തി, പലപ്പോഴും പ്രദേശവാസികളുമായുള്ള കടുത്ത സംഘർഷങ്ങൾക്ക് കാരണമായി. സ്പെയിൻകാർ പലപ്പോഴും അവരുടെ വാളിന്റെ മൂർച്ച

പരിശോധിച്ചത് അരവാക്കുകളുടെ പച്ചമാംസത്തിലായിരുന്നുവെന്ന് സ്പാനിഷ് ആക്രമണകാരികളുടെ കടുത്ത വിമർശകനായിരുന്ന സ്പാനിഷ് സന്ന്യാസി ബർത്തലോമി ഡി ലാസ് കാസസ് (Bartolome de las Casas) നിരീക്ഷിച്ചിട്ടുണ്ട്.

സൈനിക അടിച്ചമർത്തലുകൾക്കും, നിർബന്ധിത ജോലികൾക്കും പുറമെ പകർച്ച വ്യാധികളും പ്രാദേശിക ജനതയുടെ ജീവിതം നരക തുല്ല്യമാക്കിത്തീർത്തു. വസൂരിപോലുള്ള പഴയ ലോകത്തെ രോഗങ്ങൾ, പ്രത്യേകിച്ചും അരാവാക്കുകളുടെ ഇടയിൽ ദുരിതം വിതച്ചു. താരതമ്യേന കുറഞ്ഞ രോഗപ്രതിരോധശേഷിയാണ് വലിയ തോതിലുള്ള മരണനിരക്കിന് കാരണമായി. തങ്ങളെ ആക്രമിക്കാനായി സ്പെയിൻകാർ ഉപയോഗിക്കുന്ന 'അദൃശ്യമായ വെടിയുണ്ടകളാണ്' ഇത്തരം രോഗങ്ങൾക്ക് കാരണമെന്ന് പ്രാദേശിക ജനത സങ്കൽപ്പിച്ചു. അരാവാക്കുകളുടെ വംശനാശവും, അവരുടെ ജീവിത രീതികളുടെ പൂർണമായ തുടച്ചുനീക്കലും സപെയിൻകാരുമായുള്ള ദുരന്തപര്യവസായിയായ സംഘർഷങ്ങളുടെ നിശ്ശബ്ദ ശേഷിപ്പുകളാണ്.

കൊളംബസിന്റെ പര്യവേക്ഷണങ്ങളെ തുടർന്ന്, സ്ഥിരവും വിജയകരവുമായ നിരവധി യാത്രകളാണ് പിന്നീട് മധ്യ-തെക്കൻ അമേരിക്കയിലേക്കുണ്ടായത്. അര നൂറ്റാണ്ടിനിടയിൽ പശ്ചിമാർധഗോളത്തിന്റെ വിസ്തൃതമായ പ്രദേശങ്ങളിൽ സ്പെയിൻകാർ പര്യവേക്ഷണങ്ങൾ നടത്തുകയും അവകാശമുന്നയിക്കുകയും ചെയ്തു കഴിഞ്ഞിരുന്നു. ഏകദേശം അക്ഷാംശം 40° വടക്ക് മുതൽ 40° തെക്ക് വരെയുള്ള പ്രദേശങ്ങളിൽ അവരെ വെല്ലാൻ ആരും ഉണ്ടായിരുന്നില്ല.

ഇതിനുമുമ്പുതന്നെ ഇവിടത്തെ രണ്ടു വലിയ സാമ്രാജ്യങ്ങളുടെ പ്രദേശങ്ങൾ സ്പെയിൻകാർ കീഴടക്കിക്കഴിഞ്ഞിരുന്നു. പ്രധാനമായും ഹെർനൻ കോർട്ടസ് (Hernan Cortes, 1488 - 1547) ഫ്രാൻസിസ്കോ പിസ്സാറോ (Francisco Pizarro, 1478-1541 ) എന്നീ രണ്ടു വ്യക്തികളുടെ പ്രയത്നമാണ് ഇത് സാധ്യമാക്കിയത്. ഇവരുടെ പര്യവേഷണ യാത്രകൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകിയത് സ്പെയിനിലെ ഭൂവുടമ വർഗവും ഉദ്യോഗസ്ഥരും കുലീനരുമായിരുന്നു. ആക്രമണങ്ങളിൽ നിന്ന് ലഭിക്കുന്ന കൊള്ളമുതലിന്റെ പങ്കുപറ്റാമെന്ന മോഹത്തിൽ, പര്യവേക്ഷണ യാത്രകളിൽ കൂടെപ്പോകുന്നവർ അവരുടെ കൈവശമുള്ള ഉപകരണങ്ങളെല്ലാം നൽകി സഹായിച്ചു.

ബർണാഡ് ഡയസ് എഴുതുന്നു:

'വെള്ളത്തിനുമുകളിൽ പണിത ആ നഗരങ്ങളും ഗ്രാമങ്ങളും, കരപ്രദേശത്തെ മറ്റു പട്ടണങ്ങളും, മെക്സിക്കോ നഗരത്തിലേക്ക് ഒരേ നിരപ്പിൽ നീണ്ടുകിടക്കുന്ന ആ പാലവും കണ്ടപ്പോൾ ഞങ്ങൾ അത്ഭുതസ്തബ്ധരായിപ്പോയി. ആ മഹാനഗരങ്ങളും വെള്ളത്തിൽ ഉയർന്ന് നിൽക്കുന്ന ആ കൽക്കെട്ടിടങ്ങളും അമാദിസ് എന്ന കഥയിലെ മായിക ദൃശ്യങ്ങൾ പോലെ ഞങ്ങൾക്ക് തോന്നി. ഒരു സ്വപ്നമാണോ ഈ കാണുന്നതെന്ന് ഞങ്ങളുടെ ചില പട്ടാളക്കാർ ചോദിക്കുക കൂടി ചെയ്തു.'


## കോർട്ടസ്സും ആസ്ടെക്കുകളും (Cortes and the Aztecs)

ദ്രുതഗതിയിലുള്ള നിഷ്കരുണമായ മുന്നേറ്റത്തിലൂടെയാണ് കോർട്ടസ്സും പടയാളികളും (*കോൺക്വിസ്റ്റഡോർസ്* (*conquistadores*) എന്നാണിവരറിയപ്പെട്ടത്) ചേർന്ന് മെക്സിക്കോ കീഴ്പെടുത്തിയത്. 1519-ൽ ക്യൂബയിൽ നിന്ന് കോർട്ടസ് മെക്സിക്കോയിലേക്ക് പുറപ്പെട്ടു. ആസ്ടെക് ഭരണത്തിൽ നിന്ന് മോചനം നേടാനാഗ്രഹിച്ച 'ടോടോനാക്സ്' (Totonacs) എന്ന സംഘവുമായി അദ്ദേഹം സൗഹൃദം സ്ഥാപിച്ചു. ആസ്ടെക് രാജാവായ മോണ്ടിസുമ (Montezuma) കോർട്ടസ്സുമായുള്ള സംഭാഷണത്തിനായി ഒരുദ്യോഗസ്ഥനെ നിയോഗിച്ചു. എന്നാൽ സ്പെയിൻകാരുടെ ആക്രമണസ്വഭാവവും, വെടിമരുന്നും, കുതിരകളും അദ്ദേഹത്തെ ഭയചകിതനാക്കി. മോണ്ടിസുമ സ്വയം ധരിച്ചത്, തന്നോട് പ്രതികാരം ചെയ്യാൻ വന്ന ഏതോ നാടുകടത്തപ്പെട്ട ദൈവത്തിന്റെ പുനരവതാരമാണ് കോർട്ടസ് എന്നാണ്.

## ഡോണ മരീന (Dona Marina)

ടബാസ്കോയിലെ (Tabasco) ജനങ്ങൾ കോർട്ടസ്സിന് ഡോണ മരീന എന്നുപേരായ ഒരു പരിചാരികയെ നൽകിയതായി ബർണാഡ് ഡയസ് ഡെൽ കാസ്റ്റില്ലോ (Bernard Diaz del Castillo, 1495-1584) തന്റെ *ട്രു ഹിസ്റ്ററി ഓഫ് ദി കോൺക്വസ്റ്റ് ഓഫ് മെക്സിക്കോ* (*True History of the Conquest of Mexico*) എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. അവർക്ക് മൂന്ന് പ്രാദേശികഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്നു. കോർട്ടസ്സിന്റെ ദ്വിഭാഷി എന്ന നിലയിൽ അവർ നിർണായകമായ പങ്ക് വഹിക്കുകയും ചെയ്തിരുന്നു. 'ഞങ്ങളുടെ കീഴടക്കലുകളുടെ തുടക്കം ഇതായിരുന്നു. ഡോണമരീന ഇല്ലായിരുന്നെങ്കിൽ ന്യൂ സ്പെയിനിലെയും മെക്സികോയിലേയും ഭാഷകൾ ഞങ്ങൾക്കു മനസ്സിലാകുമായിരുന്നില്ല.'

ഡയസ് കരുതിയിരുന്നത് അവർ ഒരു രാജകുമാരി ആണെന്നാണ്. എന്നാൽ മെക്സിക്കോക്കാർ അവരെ വിളിച്ചിരുന്നത് 'മാലിഞ്ചെ' എന്നാണ്. വഞ്ചന എന്നാണാവാക്കിന്റെ അർഥം. *മലിഞ്ചിഷ്ട* (*Malinchista*) എന്ന വാക്കുകൊണ്ടർഥമാക്കുന്നത് മറ്റൊരു ജനതയുടെ ഭാഷയും വേഷവും അടിമകളെപ്പോലെ സ്വീകരിക്കുന്ന ഒരാളെയാണ്.




മുകളിൽ : പതിനാറാം നൂറ്റാണ്ടിലെ ടെനോച്ടിട്ലാൻ നഗരത്തിന്റെ യൂറോപ്യൻ രേഖാചിത്രം.

താഴെ : ടെനോച്ടിട്ലാൻ നഗര മധ്യത്തിലെ ക്ഷേത്രത്തിലേക്കുള്ള വലിയ ചവിട്ടു പടികൾ. (ഇന്ന് മെക്സിക്കോ നഗരത്തിലെ പുരാവസ്തു അവശിഷ്ടങ്ങൾ)

സ്പെയിൻകാരുടെ അടുത്ത ഇര, പരാക്രമശാലികളായ ത്ലാക്സ്കലൻസ് (Tlaxcalans) ആയിരുന്നു. കടുത്ത ചെറുത്തുനിൽപ്പിനൊടുവിലാണ് അവർ കീഴടങ്ങിയത്. ഇതേത്തുടർന്ന് സ്പെയിൻകാർ അതിക്രൂരമായി അവരെ കൂട്ടക്കൊല ചെയ്തു. അതിനുശേഷം ടെനോച്ടിട്ലാനിലേക്ക് മുന്നേറ്റം ആരംഭിക്കുകയും 1519 നവംബർ 8-ന് അവിടെയെത്തിച്ചേരുകയും ചെയ്തു.

സ്പാനിഷ് ആക്രമണകാരികൾ ഈ നഗരം കണ്ട് അത്ഭുതസ്തബ്ധരായി. കാരണം മാഡ്രിഡിനേക്കാൾ അഞ്ചിരട്ടി വലുപ്പമുള്ളതും, ഒരു ലക്ഷത്തോളം ജനങ്ങൾ അധിവസിക്കുന്നതും, സ്പെയിനിലെ ഏറ്റവും വലിയ നഗരമായ സെവില്ലയെക്കാൾ ഇരട്ടി ജനങ്ങളെ ഉൾക്കൊണ്ടിരുന്നതുമായിരുന്നു ടെനോച്ടിട്ലാൻ.

മോണ്ടിസുമ കോർട്ടസ്സിനെ ഹൃദ്യമായി സ്വീകരിച്ചു. ആസ്ടെക്കുകൾ സ്പെയിൻകാരെ നഗര ഹൃദയത്തിലേക്ക് കൊണ്ടു പോകുകയും ചക്രവർത്തി അവർക്ക് അളവറ്റ ഉപഹാരങ്ങൾ നൽകുകയും ചെയ്തു. ത്ലാക്സ്കലൻസിലെ (Tlaxcalans) കൂട്ടക്കൊലകളെക്കുറിച്ച് കേട്ടറിവുള്ള ആസ്ടെക്കുകൾ ആശങ്കാകുലരായിരുന്നു. ഈ സാഹചര്യത്തെക്കുറിച്ചുള്ള ഒരു ആസ്ടെക്ക് വിവരണം ഇങ്ങനെയാണ് : 'ഒരു ചെകുത്താന് അഭയം നൽകിയ അവസ്ഥയായിപ്പോയി ടെനോച്ടിട്ലാന്റേത്. മയക്കിക്കിടത്തുന്ന കൂൺ കഴിച്ചതുപോലായി ജനങ്ങളുടെ അവസ്ഥ... ഭയപ്പെടുത്തുന്ന എന്തോ കണ്ടതുപോലെ, ഒരു തരം ഭീതി എല്ലാവരെയും കീഴ്പ്പെടുത്തി. തങ്ങൾക്കു മുന്നിൽ ലോകം നെടുകെ പിളരുന്ന പോലെ.... എല്ലാവരും ഭീതിയുടെ മയക്കത്തിലാണ്ടുപോയി.'

ആസ്ടെക്കുകളുടെ ഭയം അസ്ഥാനത്തായിരുന്നില്ല. വിശദീകരണങ്ങളൊന്നുമില്ലാതെ കോർട്ടസ്, ചക്രവർത്തിയെ വീട്ടുതടങ്കലിലാക്കി. അദ്ദേഹത്തിന്റെ പേരിൽ ഭരണം നടത്താനൊരുങ്ങി. സ്പെയിനിനു മുന്നിൽ, ചക്രവർത്തിയുടെ കീഴടങ്ങലിന്റെ ഔദ്യോഗിക സ്ഥിരീകരണമെന്നോണം ആസ്ടെക് ക്ഷേത്രങ്ങളിൽ കോർട്ടസ് ക്രൈസ്തവ രൂപങ്ങളെ പ്രതിഷ്ഠിച്ചു. ഒടുവിൽ മോണ്ടിസുമ മുമ്പോട്ടുവച്ച ഒത്തുതീർപ്പു പ്രകാരം ആസ്ടെക് - ക്രൈസ്തവരൂപങ്ങൾ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു.

ഈ സന്ദർഭത്തിൽ, തന്റെ പ്രതിനിധിയെ ചുമതലയേൽപ്പിച്ച് കോർട്ടസ്സിന് തിടുക്കത്തിൽ ക്യൂബയിലേക്ക് മടങ്ങേണ്ടിവന്നു. സ്പാനിഷ് അധിനിവേശത്തിന്റെ അതിപ്രസരവും, സ്വർണത്തിനുവേണ്ടിയുള്ള അവരുടെ തുടർച്ചയായുള്ള ആവശ്യങ്ങളും ഒരു പൊതു കലാപത്തിലേക്ക് നയിച്ചു. ആസ്ടെക്കുകളുടെ വസന്തകാലോത്സവ സമയത്ത് (ആസ്ടെക് മതത്തിലെ പ്രധാന ദേവതകളിൽ ഒന്നായ ഹ്യൂസിൽപോച്ച്റ്റലി (Huizilpochtli) യുടെ ഉത്സവമാണിത്.) അവരെ കൂട്ടക്കൊല ചെയ്യുന്നതിന് അൽവറാഡോ (Alvarado) ഉത്തരവിട്ടു. 1520 ജൂൺ 25-ന് കോർട്ടസ് തിരിച്ചെത്തിയപ്പോൾ നിരവധി പ്രശ്നങ്ങളാണ് അദ്ദേഹത്തെ എതിരേറ്റത്. നടപ്പാതകളും റോഡുകളും പാലങ്ങളുമെല്ലാം നശിപ്പിക്കപ്പെട്ടിരുന്നു. സ്പെയിൻകാർക്ക് ഭക്ഷണത്തിനും കുടിവെള്ളത്തിനും കടുത്ത ക്ഷാമം നേരിട്ടു. ഇതേത്തുടർന്ന് കോർട്ടസ് അവിടെ നിന്ന് പിൻവാങ്ങുവാൻ നിർബന്ധിതനായി.

ഈ സമയത്തു തന്നെയാണ് തികച്ചും ദുരൂഹമായ സാഹചര്യത്തിൽ മോണ്ടിസുമ മരണമടയുന്നത്. സ്പെയിൻകാർക്കെതിരായ ആസ്ടെക്കുകളുടെ പോരാട്ടം തുടർന്നു കൊണ്ടിരുന്നു. 600 കോൺക്വിസ്റ്റഡോർമാരും (conquistadores) അവരുടെ സഖ്യസൈനികരായ ത്‌ലാക്സ്കലൻസുകളും വധിക്കപ്പെട്ടു. 'കണ്ണീരിന്റെ രാത്രി' (Night of Tears) എന്നാണ് ഈ സംഭവം അറിയപ്പെടുന്നത്. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട രാജാവായ ക്വാട്ടെമോക് (Cautemoc) ന് എതിരായുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനായി താൽക്കാലികമായി ത്‌ലാക്സകലാനിലേക്ക് പിൻവാങ്ങാൻ കോർട്ടസ് നിർബന്ധിതനായി. ഇതേസമയം യൂറോപ്യന്മാർക്കൊപ്പം വന്ന മാരകമായ വസൂരി രോഗം ബാധിച്ച് നിരവധി ആസ്ടെക്കുകൾ മരണത്തിനു കീഴ്പെടുകയായിരുന്നു. കേവലം 180 സൈനികരും, 30 കുതിരകളുമായാണ് കോർട്ടസ് അന്തിമയുദ്ധത്തിന് തയാറെടുക്കുന്ന ആസ്ടെക്കുകൾക്കെതിരെ ടെനോച്ടിട്ലാനിലേക്ക് നീങ്ങിയത്. തങ്ങളുടെ അന്ത്യം അടുത്തുവരുന്നു എന്നതിന്റെ നിമിത്തങ്ങൾ കണ്ടു തുടങ്ങിയെന്ന വിശ്വാസത്തിൽ ആസ്ടെക് രാജാവ് ജീവത്യാഗം ചെയ്തു.

മെക്സിക്കോ പൂർണമായും കീഴടക്കാൻ രണ്ടു വർഷമെടുത്തു. മെക്സിക്കോയിലെ പുതിയ സ്പെയിനിന്റെ (New Spain) ക്യാപ്റ്റൻ ജനറലായി കോർട്ടസ് അവരോധിതനായി. സ്പെയിനിലെ ചാൾസ് അഞ്ചാമൻ, കോർട്ടസ്സിനെ ബഹുമതികൾ നൽകി ആദരിച്ചു. മെക്സിക്കോയിൽ നിന്നും ഗ്വാട്ടിമാല, നിക്കരാഗ്വ, ഹോണ്ടുറാസ് എന്നിവിടങ്ങളിലേക്കും സ്പെയിൻകാർ അവരുടെ ആധിപത്യം വ്യാപിപ്പിച്ചു.



പെറുവിൽനിന്ന് കണ്ടെത്തിയ സ്വർണം കൊണ്ടുള്ള ഒരു സ്ത്രീയുടെ പ്രതിമ. ഒരു കല്ലറയ്ക്കുള്ളിൽ നിന്നാണ് ഇതു കണ്ടെത്തിയത്. സ്പെയിൻകാർ കാണാതെ പോയതിനാൽ ഇത് ഉരുക്കി സ്വർണ്ണമാക്കി മാറ്റിയില്ല.

## പിസ്സാറോയും ഇൻകാകളും (Pizarro and the Incas)

കോർട്ടസ്സിനെ പോലെയായിരുന്നില്ല, ദരിദ്രനും നിരക്ഷരനുമായിരുന്നു പിസ്സാറോ. സൈന്യത്തിൽ ചേർന്ന പിസ്സാറോ, 1502-ൽ കരീബിയൻ ദ്വീപുകളിലെത്തി. സ്വർണത്തിന്റെയും വെള്ളിയുടെയും നാട് (*El-dor-ado*) എന്നുള്ള ഇൻകാ രാജ്യത്തെക്കുറിച്ചുള്ള കഥകൾ അദ്ദേഹം കേട്ടറിഞ്ഞിരുന്നു. പസഫിക്കിൽനിന്ന് അവിടെയെത്താൻ അദ്ദേഹം നിരവധി ശ്രമങ്ങൾ നടത്തി. സ്വദേശത്തേക്കുള്ള മടക്കയാത്രകളിലൊന്നിൽ, പിസ്സാറോ സ്പാനിഷ് രാജാവിനെ കണ്ടുമുട്ടുകയും, ഇൻകാകൾ അവരുടെ കരവിരുതിനാൽ മനോഹരമായി രൂപകൽപ്പന ചെയ്ത സ്വർണഭരണികൾ അദ്ദേഹത്തെ കാണിക്കുകയും ചെയ്തു. ആർത്തിപൂണ്ട രാജാവ്, ഇൻകാ രാജ്യം കീഴടക്കുകയാണെങ്കിൽ, പിസ്സാറോയെ ഗവർണറാക്കാമെന്ന് വാഗ്ദാനം ചെയ്തു. കോർട്ടസ്സിന്റെ മാർഗം അവലംബിക്കാൻ പിസ്സാറോ പദ്ധതിയിട്ടെങ്കിലും, ഇൻകാ രാജ്യത്തെ സാഹചര്യം വ്യത്യസ്തമാണെന്ന് തിരിച്ചറിഞ്ഞ് നിരാശനായി.

1532-ൽ ഒരു ആഭ്യന്തരയുദ്ധത്തെത്തുടർന്ന് അതാഹവൽപ്പ (Atahualpa) ഇൻകാ സാമ്രാജ്യത്തിന്റെ ഭരണം പിടിച്ചെടുത്തു. അനുകൂലസാഹചര്യം മനസ്സിലാക്കിയ പിസ്സാറോ, അവിടെയെത്തി രാജാവിനെ കെണിയിൽപ്പെടുത്തി കീഴടക്കി. തന്നെ മോചിപ്പിക്കുകയാണെങ്കിൽ ഒരു മുറിനിറയെ സ്വർണം നൽകാമെന്നായിരുന്നു രാജാവിന്റെ വാഗ്ദാനം. ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ മോചനദ്രവ്യമാണിതെന്ന് കരുതപ്പെടുന്നു. എന്നാൽ പിസ്സാറോ ഈ വാഗ്ദാനം സ്വീകരിച്ചില്ല. എന്നുമാത്രമല്ല, രാജാവിനെ വധിക്കുകയും അദ്ദേഹത്തിന്റെ അനുയായികൾ നാടുമുഴുവൻ കൊള്ളയടിക്കുകയും, മദിച്ചുല്ലസിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി രാജ്യം പൂർണമായും കീഴ്പ്പെടുത്തി. ആക്രമണകാരികളുടെ ക്രൂരതകൾ, 1534-ൽ ഒരു കലാപത്തിനു കാരണമായി. രണ്ടുവർഷം നീണ്ടുനിന്ന കലാപത്തിലും, പകർച്ചവ്യാധികളിലുമായി ആയിരക്കണക്കിനു മനുഷ്യർ മരണമടഞ്ഞു.

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ പൊട്ടോസിയിലുള്ള (Potosi) (ഇപ്പോൾ ബൊളീവിയ എന്നറിയപ്പെടുന്ന പ്രദേശം) വെള്ളി ഖനികൾ സ്പെയിൻകാർ കണ്ടെത്തുകയും, അവിടെ പണിയെടുപ്പിക്കുന്നതിനായി ഇൻകാ ജനതയെ അടിമകളാക്കി മാറ്റുകയും ചെയ്തു.

## കബ്രാളും ബ്രസീലും (Cabral and Brazil)

ബ്രസീലിലെ പോർച്ചുഗീസ് അധിനിവേശം തികച്ചും ആകസ്മികമായിരുന്നു. 1500-ൽ, പെഡ്രോ അൽവാരസ് കബ്രാളിന്റെ (Pedro Alvares Cabral) നേതൃത്വത്തിൽ ബൃഹത്തായൊരു കപ്പൽവ്യൂഹം പോർച്ചുഗലിൽനിന്ന് ഇന്ത്യയിലേക്ക് പുറപ്പെട്ടു. കടൽക്ഷോഭം ഒഴിവാക്കുന്നതിനായി പശ്ചിമാഫ്രിക്കയെ ചുറ്റി യാത്ര തുടർന്ന കബ്രാൾ തീരെ യാദൃശ്ചികമായാണ് ഇന്ന് ബ്രസീൽ എന്നറിയപ്പെടുന്ന പ്രദേശത്ത് എത്തിച്ചേർന്നത്. തെക്കേ അമേരിക്കയുടെ കിഴക്ക് ഭാഗത്തുള്ള ഈ പ്രദേശം മാർപ്പാപ്പ പോർച്ചുഗീസുകാർക്കായി ഭൂപടത്തിൽ അനുവദിച്ചിരുന്ന ഭാഗത്ത് ഉൾപ്പെട്ടിരുന്നു. അതുകൊണ്ടു തന്നെ ഈ പ്രദേശം തർക്കമെന്യേ, തങ്ങൾക്കവകാശപ്പെട്ടതാണെന്ന് കബ്രാൾ കരുതുകയും ചെയ്തു.

പോർച്ചുഗലിന് ബ്രസീലിനേക്കാൾ പശ്ചിമേന്ത്യയുമായുള്ള വ്യാപാരത്തിലായിരുന്നു കൂടുതൽ താൽപ്പര്യം. കാരണം ബ്രസീലിൽ സ്വർണ ലഭ്യത ഇല്ലായിരുന്നു. എന്നാൽ പ്രകൃതി ദത്തമായ മറ്റൊരു വസ്തു അവിടെയുണ്ടായിരുന്നത് അവർ ചൂഷണം ചെയ്തു. ബ്രസീൽവുഡ് എന്ന മരമായിരുന്നു അത്. ഈ മരത്തിന്റെ പേരിൽ നിന്നാണ് യൂറോപ്യർ ഈ പ്രദേശത്തെ ബ്രസീൽ എന്നു നാമകരണം ചെയ്തത്. ഒരു തരം ചുവന്ന ചായം (red dye) ഉണ്ടാക്കാൻ പറ്റുന്നതായിരുന്നു ഈ മരം. തദ്ദേശീയർക്ക് വിശിഷ്ടമായി തോന്നിയ ഇരുമ്പു കത്തികൾക്കും വാളുകൾക്കും പകരമായി മരം മുറിച്ച് കപ്പലുകളിൽ കയറ്റിക്കൊടുക്കുവാൻ അവർ തയാറായി. ('ഒരു അരിവാൾ, കത്തി അല്ലെങ്കിൽ ഒരു ചീർപ്പിന് പകരമായി ഇഷ്ടംപോലെ കോഴികൾ, കുരങ്ങുകൾ, തത്തകൾ, തേൻ, മെഴുക്, പരുത്തിനൂല് എന്നിങ്ങനെ ഈ ദരിദ്രർ അവർക്ക് സാധ്യമായതെന്തും). ഇത്തരത്തിൽ തങ്ങളുടെ വിഭവങ്ങളെല്ലാം സന്തോഷത്തോടെ നൽകാൻ നിഷ്കളങ്കരായ ആ ജനത തയാറാവുകയായിരുന്നു.

ഒരിക്കൽ ഒരു പ്രദേശവാസി, ഒരു ഫ്രഞ്ചു പുരോഹിതനോട് ഇങ്ങനെ ചോദിച്ചു 'നിങ്ങൾ പോർച്ചുഗീസുകാരും ഫ്രഞ്ചുകാരും മരങ്ങൾ തേടി ഇത്രയും ദൂരം സഞ്ചരിക്കുന്നതെന്തിനാണ്? നിങ്ങളുടെ രാജ്യത്ത് തടികൾ ലഭ്യമല്ലേ?' സംഭാഷണത്തിനൊടുവിൽ അയാൾ ഇങ്ങനെ പറഞ്ഞു 'ഞാൻ കണ്ടതിൽ വച്ചേറ്റവും ഭ്രാന്തന്മാരാണു നിങ്ങൾ. നിരവധി പ്രയാസങ്ങൾ താണ്ടി, കടൽ കടന്ന്, കഠിനാധ്വാനം ചെയ്ത് നിങ്ങളുടെ കുഞ്ഞുങ്ങൾക്കായി സമ്പാദിക്കുന്നു. നിങ്ങളെ പോറ്റിയനാടിന്, അവരെക്കൂടി സംരക്ഷിക്കുവാനുള്ള വിഭവങ്ങളില്ലേ? ഞങ്ങൾക്ക്, ഞങ്ങൾ സ്നേഹിക്കുന്ന അച്ഛനും അമ്മയും മക്കളും

എല്ലാവരുമുണ്ട്. പക്ഷേ ഞങ്ങൾക്കുറപ്പുണ്ട്, ഞങ്ങളുടെ മരണശേഷവും, ഞങ്ങളെ പോറ്റിയ നാട്, ഞങ്ങളുടെ വരുംതലമുറകളെയും സംരക്ഷിക്കുമെന്ന്. അതുകൊണ്ടു തന്നെ നിങ്ങളെപ്പോലെ അക്ഷമരാകാതെ, ഭാവിയെക്കുറിച്ച് ആകുലതകളില്ലാതെ ഞങ്ങൾ ജീവിക്കുന്നു.'

തടിവ്യാപാരത്തെച്ചൊല്ലിയുള്ള തർക്കങ്ങൾ, ഫ്രാൻസും പോർച്ചുഗലും തമ്മിൽ നിരവധി യുദ്ധങ്ങൾക്ക് കാരണമായി. ഇതിൽ വിജയം വരിച്ചത് പോർച്ചുഗലായിരുന്നു, കാരണം അവർ ഈ പ്രദേശത്ത് സ്ഥിരവാസമുറപ്പിക്കാൻ/കോളനിവൽക്കരിക്കാൻ തീരുമാനിച്ചിരുന്നു. 1534-ൽ പോർച്ചുഗീസ് രാജാവ് ബ്രസീൽ തീരത്തെ പതിനാല് പരമ്പരാഗത 'ക്യാപ്റ്റൻസി'കളായി (captaincies) വിഭജിച്ചു. അവിടെ സ്ഥിരവാസമുറപ്പിക്കാൻ തീരുമാനിച്ച പോർച്ചുഗീസുകാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശവും തദ്ദേശവാസികളെ അടിമകളാക്കാനുള്ള അധികാരവും നൽകി. പോർച്ചുഗീസ് കുടിയേറ്റക്കാരിൽ പലരും ഇന്ത്യയിലെ ഗോവയിൽ യുദ്ധങ്ങളിൽ പങ്കെടുത്ത് അനുഭവജ്ഞാനമുള്ളവരായിരുന്നു അവർ പ്രദേശവാസികളോട് ക്രൂരമായി പെരുമാറിയിരുന്നു.

1540 കളിൽ പോർച്ചുഗീസുകാർ ബ്രസീലിൽ വലിയ കരിമ്പിൻ തോട്ടങ്ങൾ സ്ഥാപിക്കുകയും പഞ്ചസാര ഫാക്ടറികൾ ആരംഭിക്കുകയും ചെയ്തു. യൂറോപ്പായിരുന്നു പ്രധാന കമ്പോളം. ബ്രസീലിലെ ചൂടും ഈർപ്പവും നിറഞ്ഞ കാലാവസ്ഥയിൽ, പഞ്ചസാര ഫാക്ടറികളിലെ ജോലികൾക്ക് പ്രദേശവാസികളെ ആശ്രയിക്കേണ്ടിവന്നു. അവശതയുളവാക്കുന്നതും ശാരീരികപ്രയത്നം കൂടുതൽ ആവശ്യമുള്ളതുമായ ഈ ജോലി ചെയ്യാൻ തദ്ദേശവാസികൾ വിസമ്മതിച്ചപ്പോൾ മില്ലുടമകൾ അവരെ തട്ടിക്കൊണ്ടുപോയി അടിമകളാക്കി പണിയെടുപ്പിച്ചു.

ഇങ്ങനെ 'അടിമകളാക്കുന്നതിൽ' നിന്നും രക്ഷ നേടാനായി, തദ്ദേശവാസികൾ വനത്തിനുള്ളിലേക്ക് പിൻവാങ്ങാൻ തുടങ്ങി. ക്രമേണ ഈ തീരദേശത്തുനിന്ന് തദ്ദേശീയ ഗ്രാമങ്ങൾ അപ്രത്യക്ഷമാവുകയും അവയെല്ലാം സുസജ്ജമായ യൂറോപ്യൻ പട്ടണങ്ങളായി മാറുകയും ചെയ്തു. അങ്ങനെ വന്നപ്പോൾ തോട്ടമുടമകൾ അടിമകൾക്കായി പശ്ചിമാഫ്രിക്കയെ ആശ്രയിക്കാൻ നിർബന്ധിതരായി. ഇത് സ്പാനിഷ് കോളനികളിൽ നിന്നും തികച്ചും വ്യത്യസ്തമായ അവസ്ഥ സൃഷ്ടിച്ചു. ആസ്ടെക് - ഇൻകാ സാമ്രാജ്യങ്ങളിലെ ജനസംഖ്യയുടെ വലിയൊരു ശതമാനത്തെ ഖനികളിലും നിലങ്ങളിലും ജോലിക്കു നിയോഗിച്ചിരുന്നു. അതുകൊണ്ട് സ്പെയിൻകാർക്ക് അവരെ ഔപചാരികമായി അടിമകളാക്കുകയോ മറ്റു സ്ഥലങ്ങളിൽ നിന്ന് അടിമകളെ കണ്ടെത്തുകയോ ചെയ്യേണ്ടി വന്നില്ല

1549-ൽ ബഹിയ/സാൽവഡോർ തലസ്ഥാനമായി പോർച്ചുഗീസ് രാജാവിന്റെ അധീനതയിൽ ഔപചാരിക ഭരണ സംവിധാനം സ്ഥാപിക്കപ്പെട്ടു. അന്നുമുതൽ ജസ്യൂട്ടുകൾ (Jesuits) ബ്രസീലിലേക്ക് വരാനാരംഭിച്ചു. എന്നാൽ യൂറോപ്യൻ കുടിയേറ്റക്കാർക്ക് ഇവരെ തീരെ ഇഷ്ടമില്ലായിരുന്നു. കാരണം തദ്ദേശവാസികളോട് മനുഷ്യത്വപരമായി ഇടപെടണമെന്ന് അവർ വാദിച്ചിരുന്നു. ജസ്യൂട്ടുകൾ ഗ്രാമങ്ങളിൽ താമസിക്കുകയും വനങ്ങളിലേക്ക് പിൻവാങ്ങിയ തദ്ദേശിയരെ ക്രിസ്തുമതം ഒരു ആഹ്ലാദകരമായ മതമാണെന്നു പഠിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. എല്ലാറ്റിനുമുപരി, ജസ്യൂട്ടുകൾ അടിമത്തത്തെ നിശിതമായി വിമർശിച്ചു.

## കീഴടക്കൽ, കോളനികൾ, അടിമ വ്യാപാരം
## (Conquest, Colonies and the Slave Trade)

തികച്ചും അനിശ്ചിതമായ യാത്രകളെന്ന നിലയിലാരംഭിച്ച പര്യവേഷണ യാത്രകൾ, യൂറോപ്പ്, അമേരിക്കകൾ, ആഫ്രിക്ക എന്നിവിടങ്ങളിൽ അനന്തമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു.

**പ്രവർത്തനം 4**


യൂറോപ്യൻമാരുമായുള്ള ഇടപഴകൽ തെക്കേ അമേരിക്കയിലെ ജനതയിലുണ്ടാക്കിയ സ്വാധീനം വിശകലനം ചെയ്യുക. കുടിയേറ്റക്കാരോടും ജസ്യൂട്ട് പാതിരിമാരോടുമുള്ള അവരുടെ പ്രതികരണം എങ്ങനെ ആയിരുന്നുവെന്ന് വിശദീകരിക്കുക.

'അന്യരുടെ വിയർപ്പിൽ അന്യായമായി ആശ്രയിക്കുക എന്നതിനേക്കാൾ വലിയ ഒരു ശാപം ഒരുവീടിനോ കുടുംബത്തിനോ വരാനില്ല!'

'അന്യരുടെ സ്വാതന്ത്ര്യം അപഹരിക്കുന്ന, ആ സ്വാതന്ത്ര്യം തിരിച്ചു കൊടുക്കാൻ കഴിവുണ്ടായിട്ടും ചെയ്യാതിരിക്കുന്ന ഏതൊരാളും കുറ്റക്കാരനാണ്'

- അന്റോണിയോ വിയേറ, ബ്രസീലിലെ ജസ്യൂട്ട് പാതിരി, 1640കൾ.

പതിനഞ്ചാം നൂറ്റാണ്ടു മുതൽ തന്നെ യൂറോപ്പിലെ സമുദ്രയാത്രാപദ്ധതികൾ, സമുദ്രങ്ങളെ തമ്മിൽ ബന്ധപ്പെടുത്തുന്ന ജലപാതകളെക്കുറിച്ചുള്ള അറിവുകൾ നൽകിയിരുന്നു. ഇതിനുമുമ്പ് ഈ സമുദ്ര മാർഗങ്ങളിൽ മിക്കവയും യൂറോപ്യർക്ക് അജ്ഞാതമായിരുന്നു. ചിലതിനെക്കുറിച്ച് ആർക്കുമറിയില്ലായിരുന്നു. കരീബിയനിലേക്കോ അമേരിക്കയിലേക്കോ ഒരു കപ്പൽ പോലും എത്തപ്പെട്ടിരുന്നില്ല. ദക്ഷിണ അറ്റ്ലാന്റിക്കിൽ ഒരു കപ്പൽ പോലും പര്യവേക്ഷണം നടത്തുകയോ പ്രവേശിക്കുകയോ ചെയ്തിരുന്നില്ല. അന്നുവരേക്കും ആരും തന്നെ അറ്റ്ലാന്റിക് മുറിച്ചു കടക്കുകയോ, ഇന്ത്യൻ സമുദ്രത്തിലേക്കോ, പസഫിക്കിലേക്കോ യാത്ര നടത്തുകയോ ചെയ്തിരുന്നില്ല. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിലും, പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി ഈ സാഹസിക കൃത്യങ്ങളെല്ലാം നിർവഹിക്കപ്പെട്ടു.



തെക്കേ അമേരിക്കയിലെ ഒരു തനി സ്പാനിഷ് പട്ടണത്തിന്റെ രേഖാചിത്രം.

യൂറോപ്പിനെ സംബന്ധിച്ചിടത്തോളം അമേരിക്കയുടെ 'കണ്ടെത്തൽ' ആദ്യകാല സഞ്ചാരികളിൽ മാത്രമല്ല, മറ്റുള്ളവരിലും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. സ്വർണത്തിന്റെയും, വെള്ളിയുടെയും പ്രവാഹം അന്തർദേശീയ വ്യാപാരത്തിനും, വ്യവസായവൽക്കരണത്തിനും കൂടുതൽ വ്യാപ്തി നൽകി. 1560-നും 1600-നും ഇടയിൽ ഓരോ വർഷവും നൂറു കപ്പലുകളാണ് തെക്കേ അമേരിക്കയിലെ ഖനികളിൽനിന്ന് വെള്ളിയുമായി സ്പെയിനിൽ എത്തിച്ചേർന്നിരുന്നത്. എന്നാൽ ഇതുകൊണ്ട് സ്പെയിനിനും പോർച്ചുഗലിനും അല്ല നേട്ടങ്ങളുണ്ടായത്. കാരണം അവർ ഈ സമ്പത്ത് കൂടുതൽ വ്യാപാര മേഖലകളിൽ നിക്ഷേപിക്കുകയോ, ഒരു നാവിക വ്യൂഹം (merchant navy) ഉണ്ടാക്കുകയോ ചെയ്തില്ല. മറിച്ച് അറ്റ്ലാന്റിക്കിന്റെ തീരത്തുള്ള ഇംഗ്ലണ്ട്, ഫ്രാൻസ്, ബൽജിയം, ഹോളണ്ട് മുതലായ രാജ്യങ്ങളാണ് ഈ 'കണ്ടെത്തലുകളിൽ' നിന്ന് വലിയ നേട്ടമുണ്ടാക്കിയത്. ഈ രാജ്യങ്ങളിലെ കച്ചവടക്കാർ കൂട്ടുസംരംഭകത്വമുള്ള കമ്പനികൾ (joint stock companics) രൂപീകരിക്കുകയും വ്യാപാര പര്യടനങ്ങൾ സംഘടിപ്പിക്കുകയും കോളനികൾ സ്ഥാപിക്കുകയും ചെയ്തു. പുതിയ ലോകത്തിലെ ഉൽപ്പന്നങ്ങളായ പുകയില, ഉരുളക്കിഴങ്ങ്, പഞ്ചസാര, കൊക്കോ, റബർ മുതലായവ അവർ യൂറോപ്പിൽ പരിചയപ്പെടുത്തി. അമേരിക്കയിൽ നിന്നുള്ള പുതിയ വിളകൾ, പ്രത്യകിച്ചും ഉരുളക്കിഴങ്ങും മുളകും, യൂറോപ്പിൽ സുപരിചിതമായിത്തീർന്നു. പിന്നീട് ഇന്ത്യപോലുള്ള മറ്റുരാജ്യങ്ങളിൽ യൂറോപ്യർ ഇവ പ്രചരിപ്പിച്ചു.

അമേരിക്കയിലെ യൂറോപ്യൻ അധിനിവേശം, തദ്ദേശിയരെ സംബന്ധിച്ചിടത്തോളം വലിയ ദുരന്തമായിരുന്നു. അവരെ ഒരുജനത എന്നനിലയ്ക്ക് ഇല്ലായ്മ ചെയ്തതോടൊപ്പം അവരുടെ സംസ്കാരവും, ജീവിതരീതികളും നശിപ്പിക്കുകയും തോട്ടങ്ങളിലും മില്ലുകളിലും ഖനികളിലും ജോലി ചെയ്യുന്നതിന് വേണ്ടി അവരെ അടിമകളാക്കി മാറ്റുകയും ചെയ്തു.

കണക്കുകൾ സൂചിപ്പിക്കുന്നത്, യൂറോപ്യൻ അധിനിവേശത്തിനു മുമ്പുള്ള മെക്സിക്കോയിൽ 30 ദശലക്ഷത്തിനും 37.5 ദശലക്ഷത്തിനും ഇടയിൽ ജനസംഖ്യയുണ്ടായിരുന്നു എന്നാണ്. ആൻഡിയൻ മേഖലയിലും ഏകദേശം ഇതുതന്നെയായിരുന്നു അവസ്ഥ. മധ്യ അമേരിക്കയിൽ ഇത് 10 ദശലക്ഷത്തിനും 13 ദശലക്ഷത്തിനും മധ്യേ ആയിരുന്നു. യൂറോപ്യൻ അധിനിവേശത്തിനു തൊട്ടുമുമ്പ് ഏകദേശം 70 ദശലക്ഷം തദ്ദേശവാസികളുണ്ടായിരുന്നു. എന്നാൽ ഒന്നര നൂറ്റാണ്ട് പിന്നിട്ടപ്പോൾ ഇത് 3.5 ദശലക്ഷമായി കുറഞ്ഞു. യുദ്ധവും പകർച്ചവ്യാധികളുമാണ് ഇതിനു പ്രധാനമായും കാരണമായത്.

ആസ്ടെക് - ഇൻകാ എന്നീ രണ്ട് അമേരിക്കൻ സംസ്കാരങ്ങളുടെ പെട്ടെന്നുള്ള തകർച്ച, പരസ്പരം പോരാടുന്ന രണ്ടു സംസ്കാരങ്ങൾ തമ്മിലുള്ള വൈരുധ്യം ഉയർത്തിക്കാട്ടുന്നു. ആസ്ടെക്കുകളെയും ഇൻകകളെയും സംബന്ധിച്ചിടത്തോളം അവരെ മാനസികമായും ശാരീരികമായും അത്യന്തം ഭയപ്പെടുത്തുന്നതിൽ യുദ്ധ രീതികളുടെ സ്വഭാവം നിർണായക പങ്കാണ് വഹിച്ചത്. ഇരുവിഭാഗങ്ങളുടെയും മൂല്യങ്ങളിലുള്ള അടിസ്ഥാന വൈരുധ്യങ്ങളും ഈ കലഹങ്ങളിൽ വെളിപ്പെട്ടു. സ്വർണത്തിനും വെള്ളിക്കും വേണ്ടി സ്പെയിൻകാർ കാണിച്ച ആർത്തി തദ്ദേശവാസികളെ സംബന്ധിച്ചിടത്തോളം ഒരിക്കലും മനസ്സിലാക്കാൻ പറ്റാത്തതായിരുന്നു.

ഉൽപ്പാദന വിതരണോപാധികൾ വ്യക്തികളുടെയോ കോർപ്പറേറ്റുകളുടെയോ ഉടമസ്ഥതയിലായിരിക്കുകയും, ഒരു സ്വതന്ത്ര കമ്പോളത്തിൽ പരസ്പരം മത്സരിക്കുന്നവർ പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസ്ഥയാണ് മുതലാളിത്ത ഉൽപാദന സമ്പ്രദായം (capitalist system of production).


ഏറ്റുമുട്ടലിന്റെ കൊടും ക്രൂരത ഓർമ്മപ്പെടുത്തുന്നതായിരുന്നു അമേരിക്കൻ ജനതയുടെ അടിമത്തം. അടിമത്തം പുതിയ ആശയമായിരുന്നില്ല എങ്കിലും, തെക്കേ അമേരിക്കയിലെ അനുഭവം പുതിയതായിരുന്നു. കാരണം അതൊരു പുതിയ മുതലാളിത്ത ഉൽപ്പാദന സമ്പ്രദായത്തിനൊപ്പം വന്നതാണ്. തൊഴിൽ സാഹചര്യങ്ങൾ ഭീകരമായിരുന്നു. എങ്കിലും, തങ്ങളുടെ സാമ്പത്തിക നേട്ടത്തിന് ഈ ചൂഷണം അനിവാര്യമാണെന്നായിരുന്നു സ്പെയിൻകാരുടെ നിലപാട്.

1550-കളിലാണ് പെറുവിലെ വെള്ളി ഖനികൾ പ്രവർത്തനം തുടങ്ങിയത്. ഡൊമിനിഗോ ഡി സാന്റോ ടൊമാസ് (Dominigo de Santo Tomas ) എന്ന സന്ന്യാസി ഇൻഡീസ് കൗൺസിലിനെ (Council of the Indies) അറിയിച്ചത് പൊട്ടോസി ഒരു നരക കവാടമാണെന്നും അത് ഓരോവർഷവും ആയിരക്കണക്കിന് ഇന്ത്യാക്കാരെ വിഴുങ്ങുകയാണെന്നും ആർത്തിപൂണ്ട ഖനിമുതലാളിമാർ അവരെ അലഞ്ഞു തിരിയുന്ന മൃഗങ്ങളെയെന്നപോലെയാണ് കൈകാര്യം ചെയ്യുന്നതെന്നുമാണ്.

1601-ൽ സ്പെയിനിലെ ഫിലിപ്പ് രണ്ടാമൻ നിർബന്ധിതതൊഴിൽ പരസ്യമായി നിരോധിച്ചുവെങ്കിലും, ഇതുതുടർന്നു പോകുന്നതിനുള്ള നടപടികൾ ഒരു രഹസ്യ ഉത്തരവിലൂടെ ഏർപ്പെടുത്തുകയും ചെയ്തു. ഒടുവിൽ 1609-ലെ നിയമം പ്രദേശവാസികൾക്ക് പൂർണ സ്വാതന്ത്ര്യം അനുവദിച്ചു നൽകി (ക്രൈസ്തവർക്കും, അക്രൈസ്തവർക്കും ഒരുപോലെ). എന്നാൽ ഇതിൽ പ്രകോപിതരായ യൂറോപ്യർ, രണ്ടു വർഷത്തിനുള്ളിൽ ശക്തമായ സമർദത്തിലൂടെ ഈ നിയമം പിൻവലിപ്പിക്കുകയും അടിമത്തം തിരികെ കൊണ്ടു വരുകയും ചെയ്തു.

പുതിയ സാമ്പത്തിക പ്രവർത്തനങ്ങൾ - കാടുവെട്ടിത്തെളിച്ചുണ്ടാക്കിയ സ്ഥലത്തെ കന്നുകാലിവളർത്തലും 1700 -ൽ സ്വർണം കണ്ടുപിടിക്കപ്പെട്ട ശേഷമുള്ള ഖനനവും - തുടങ്ങിയതോടെ കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്നവരുടെ ആവശ്യകത വർധിച്ചു. പ്രദേശവാസികൾ അടിമത്തത്തെ എതിർക്കുമെന്നുള്ളത് വ്യക്തമായിരുന്നു. ആഫ്രിക്കയിലേക്ക് തിരിയുകയായിരുന്നു പോംവഴി. 1550-കൾക്കും 1880-കൾക്കും ഇടയിൽ (ബ്രസീലിൽ അടിമത്തം നിരോധിക്കുന്നതുവരെ) 36 ലക്ഷത്തിൽപ്പരം അടിമകളെയാണ് ആഫ്രിക്കയിൽനിന്നും ബ്രസീലിലേക്ക് കൊണ്ടുവന്നത്. അമേരിക്കയിലേക്ക് കൊണ്ടുവന്ന ആഫ്രിക്കൻ അടിമകളുടെ ഏതാണ്ട് പകുതിയോളം വരുമിത്. 1750-ൽ ആയിരത്തിലധികം അടിമകൾ സ്വന്തമായുള്ള വ്യക്തികൾ ഉണ്ടായിരുന്നു.

1780-കളിൽ അടിമത്ത നിരോധനത്തെച്ചൊല്ലിയുള്ള ആദ്യകാല സംവാദങ്ങൾ മുതൽ, യൂറോപ്യൻ ആഗമനത്തിനു മുമ്പുതന്നെ ആഫ്രിക്കയിൽ അടിമത്തം നിലനിന്നിരുന്നു എന്നു വാദിക്കുന്നവരുണ്ട്. പതിനഞ്ചാം നൂറ്റാണ്ടു മുതൽ ആഫ്രിക്കയിൽ രൂപം കൊണ്ട രാഷ്ട്രങ്ങളിലെല്ലാം തൊഴിൽശക്തിയിൽ ഭൂരിഭാഗവും അടിമകളായിരുന്നു എന്നാണ് ഇവരുടെ വാദം. യൂറോപ്യർക്ക് ആഫ്രിക്കൻ യുവാക്കളെയും യുവതികളെയും അടിമകളായി പിടിച്ചു നൽകാൻ ആഫ്രിക്കക്കാർ തന്നെ സഹായിച്ചിരുന്നുവെന്ന് ഈ വിഭാഗം ചൂണ്ടിക്കാണിക്കുന്നു. തെക്കേ അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്തിരുന്ന വിളകളായ ചോളം, മരച്ചീനി മുതലായവ ലഭിക്കുന്നതിനു പകരമായാണത്രേ അവർ ഇത് ചെയ്തിരുന്നത്. (ഇവ അവരുടെ മുഖ്യ ഭക്ഷ്യ വിഭവങ്ങളായിത്തീർന്നു.) അടിമത്തത്തിൽ നിന്നും മോചിതനായ ഒലോദാ ഇക്വാനോ (Olaudah Equiano), 1789-ൽ പുറ




ഭൂപടം : 3 ആഫ്രിക്ക. അടിമകളെ പിടിച്ചെടുത്തത് ഏത് പ്രദേശങ്ങളിൽ നിന്നാണ് എന്നു സൂചിപ്പിക്കുന്നു.

ത്തിറക്കിയ തന്റെ ആത്മകഥയിൽ ഈ വാദങ്ങളെ നിരാകരിക്കുന്നു. ആഫ്രിക്കയിൽ അടിമകളെ സ്വന്തം കുടുംബാംഗങ്ങളേപ്പോലെയാണ് പരിഗണിച്ചിരുന്നതെന്ന്, ഇതിനു മറുപടിയായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. 1940 കളിൽ, '*ക്യാപ്പിറ്റലിസം ആന്റ് സ്ലേവറി*' (*Capitalism and Slavery*) എന്ന തന്റെ ഗ്രന്ഥത്തിലൂടെ എറിക് വില്ല്യംസ് (Eric Williams) അടിമകളുടെ ദുരിതപൂർണമായ ജീവിതത്തെ ഒരു പുനരവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഈ ദൗത്യം ഏറ്റെടുത്ത ആദ്യ ആധുനിക ചരിത്രകാരിൽ ഒരാളാണ് അദ്ദേഹം

## ഉപസംഹാരം (Epilogue)

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തെക്കേ അമേരിക്കൻ കോളനികളിലെ യൂറോപ്യൻ കുടിയേറ്റക്കാർ തങ്ങളുടെ മാതൃരാജ്യങ്ങളായ സ്പെയിനിനും പോർച്ചുഗലിനുമെതിരെ പോരാടുകയും സ്വാതന്ത്ര്യം നേടുകയും ചെയ്തു. 1776–ൽ വടക്കേ അമേരിക്കയിലെ പതിമൂന്ന് കോളനികൾ അവരുടെ മാതൃരാജ്യമായ ബ്രിട്ടനിൽ നിന്നും മോചനംനേടി അമേരിക്കൻ ഐക്യനാടുകൾ രൂപികരിച്ചതുപോലെയായിരുന്നു ഇത്.

തെക്കേ അമേരിക്ക ഇന്ന് 'ലാറ്റിനമേരിക്ക' എന്നപേരിലും അറയപ്പെടുന്നു. യൂറോപ്യൻ വൻകരയിലെ രണ്ടു മുഖ്യഭാഷകളായ സ്പാനിഷും പോർച്ചുഗീസും, ലത്തീൻ ഭാഷാ കുടുംബത്തിന്റെ ഭാഗമാണെന്നതാണ് ഇതിനു കാരണം. തദ്ദേശിയരായ യൂറോപ്യർ (ക്രിയോളുകൾ), യൂറോപ്യർ, ആഫ്രിക്കക്കാർ എന്നിവരുൾപ്പെടുന്നതാണ് ഇവിടുത്തെ ജനസംഖ്യയിൽ ഭൂരിഭാഗവും. ഇതിൽത്തന്നെ അധികവും കത്തോലിക്കരാണ്. തദ്ദേശീയ - യൂറോപ്യൻ പാരമ്പര്യങ്ങൾ ഇടകലർന്ന ഒരു മിശ്രസംസ്കാരമാണ് ഇവിടെ നിലവിലുള്ളത്.

## അഭ്യാസങ്ങൾ (Exercises)

### ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1. ആസ്ടെക് നാഗരികതയെ മെസൊപ്പൊട്ടേമിയൻ നാഗരികതയുമായി താരതമ്യം ചെയ്യുക.
2. പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്യൻ നാവികവിദ്യയെ സഹായിച്ച പുതിയ സംഭവവികാസങ്ങൾ എന്തെല്ലാമായിരുന്നു?
3. പതിനഞ്ചാം നൂറ്റാണ്ടിൽ അത്‌ലാന്റിക് സമുദ്രം മുറിച്ചുകടന്ന ആദ്യരാജ്യങ്ങളാകാൻ സ്പെയിനിനും പോർച്ചുഗലിനും സാധിച്ചതിന്റെ കാരണങ്ങൾ എന്തെല്ലാം?
4. തെക്കേ അമേരിക്കയിൽനിന്ന് ലോകത്തിന്റെ ഇതര ഭാഗങ്ങളിലേക്ക് പുതുതായി കൊണ്ടുവരപ്പെട്ട ഭക്ഷ്യവിഭവങ്ങൾ എന്തെല്ലാം?

### ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

5. ആഫ്രിക്കയിൽനിന്നും അടിമയായി പിടിക്കപ്പെട്ട് ബ്രസീലിലേക്ക് കൊണ്ടുപോയ ഒരു പതിനേഴുകാരന്റെ യാത്രയെക്കുറിച്ച് ഒരു വിവരണം തയാറാക്കുക.
6. തെക്കെ അമേരിക്കയുടെ 'കണ്ടെത്തൽ' എങ്ങനെയാണ് യൂറോപ്യൻ കോളനിവൽക്കരണത്തിന്റെ വികാസത്തിലേക്ക് നയിച്ചത്?

# IV

# ആധുനികവൽക്കരണത്തിലേക്ക്

## (TOWARDS MODERNISATION)

**വ്യാവസായിക വിപ്ലവം**

**(The Industrial Revolution)**

**തദ്ദേശീയ ജനതയുടെ സ്ഥാനഭ്രംശം**

**(Displacing Indigenous Peoples)**

**ആധുനികവൽക്കരണത്തിലേക്കുള്ള പാതകൾ**

**(Paths to Modernisation)**



# ആധുനികവൽക്കരണത്തിലേക്ക്
# (TOWARDS MODERNISATION)

മധ്യകാലഘട്ടത്തിലും ആധുനികകാലഘട്ടത്തിന്റെ ആദ്യ ഭാഗങ്ങളിലും ലോകത്താകമാനം നടന്ന നിർണായകമായ പല സംഭവ വികാസങ്ങളെക്കുറിച്ച് – ഫ്യൂഡലിസം, യൂറോപ്യൻ 'നവോത്ഥാനം', യൂറോപ്യന്മാരും അമേരിക്കയിലെ തദ്ദേശീയജനവിഭാഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ–കഴിഞ്ഞ ഭാഗങ്ങളിൽ നിങ്ങൾ വായിച്ചുവല്ലോ. നിങ്ങൾ മനസ്സിലാക്കിയതുപോലെ തന്നെ, ആധുനികലോകത്തിന്റെ സൃഷ്ടിക്ക് സഹായകമായ നിരവധി പ്രതിഭാസങ്ങൾ ഈ കാലഘട്ടത്തിൽ രൂപംകൊണ്ടവയാണ്, പ്രത്യേകിച്ചും പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യം മുതൽ. 'ആധുനികവൽക്കരണം' എന്നു വിളിക്കുന്നതിനു കാരണമായ രണ്ട് സംഭവങ്ങൾ കൂടി ലോകചരിത്രത്തിലുണ്ട്. വ്യാവസായിക വിപ്ലവവും അമേരിക്കൻ വിപ്ലവ (1776–81) ത്തിലും ഫ്രഞ്ചുവിപ്ലവത്തിലും (1789–94) ആരംഭിച്ച് കേവലം 'പ്രജകളായി'രുന്നവരെ 'പൗരന്മാരാക്കി' രൂപാന്തരപ്പെടുത്തിയ നിരവധി രാഷ്ട്രീയവിപ്ലവപരമ്പരകളും ആയിരുന്നു അവ.

ലോകത്തിലെ ആദ്യത്തെ വ്യവസായവൽക്കൃത രാജ്യം ബ്രിട്ടനാണെന്നും, അതെങ്ങനെ സംഭവിച്ചുവെന്നും 9–ാമത്തെ പ്രമേയത്തിൽ നിങ്ങൾക്ക് കാണാൻ കഴിയും. ബ്രിട്ടീഷ് വ്യാവസായവൽക്കരണമാണ് ലോകത്തിന്റെ ഇതരഭാഗങ്ങളിലെ വ്യാവസായവൽക്കരണത്തിന് മാതൃകയായതെന്നായിരുന്നു ഏറെ നാളത്തെ ധാരണ. വ്യാവസായിക വിപ്ലവത്തെക്കുറിച്ച് നേരത്തേയുള്ള ചില ധാരണകൾ എങ്ങനെയാണ് ചരിത്രകാരന്മാർ ചോദ്യം ചെയ്തതെന്നും പ്രമേയം – 9 ലെ തന്നെ സംവാദത്തിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാക്കാനാകും. ഏതെങ്കിലും ഒരു മാതൃക പുനരുൽപ്പാദിപ്പിക്കാതെ തന്നെ ഓരോ രാജ്യവും മറ്റ് രാജ്യങ്ങളുടെ അനുഭവങ്ങൾ സ്വീകരിച്ചിരുന്നു; ഉദാഹരണത്തിന്, ബ്രിട്ടനിൽ കൽക്കരി, പരുത്തി വസ്ത്രവ്യവസായം എന്നിവ വ്യവസായവൽക്കരണത്തിന്റെ ഒന്നാം ഘട്ടത്തിലാണ് വികാസം പ്രാപിച്ചത്. എന്നാൽ റെയിൽവേയുടെ കണ്ടുപിടുത്തമാണ് അവിടെ ഈ പ്രക്രിയയുടെ രണ്ടാം ഘട്ടത്തിന് കാരണമായത്. വ്യാവസായവൽക്കരണം ഏറെ വൈകി ആരംഭിച്ച റഷ്യയെപ്പോലുള്ള മറ്റു രാജ്യങ്ങളിൽ (പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ), റെയിൽവേയും മറ്റു ഘനവ്യവസായങ്ങളും വ്യാവസായവൽക്കരണത്തിന്റെ പ്രഥമഘട്ടത്തിൽ ത്തന്നെ ഉദയം ചെയ്തു. അതുപോലെതന്നെ വ്യാവസായവൽക്കരണത്തിൽ, രാഷ്ട്രത്തിന്റെയും ബാങ്കുകളുടെയും പങ്കും ഓരോരോ രാജ്യങ്ങളിലും വ്യത്യസ്തമായിരുന്നു. ഒൻപതാമത്തെ പ്രമേയത്തിൽ, ബ്രിട്ടനിലെ സ്ഥിതിഗതികൾ കൈകാര്യം ചെയ്ത രീതി ലോകത്തിലെ മറ്റു രണ്ട് പ്രധാന വ്യാവസായശക്തികളായ ജർമ്മനിയിലെയും യു.എസ്. എയിലെയും വ്യവസായവൽക്കരണത്തിന്റെ സഞ്ചാരപഥങ്ങളെകുറിച്ച് അറിയുവാനുള്ള ജിജ്ഞാസ നിങ്ങളിൽ വർധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബ്രിട്ടൻ അതിന്റെ വ്യവസായവൽക്കരണത്തിനുവേണ്ടി മനുഷ്യജീവനായും, വസ്തുക്കളായും നൽകേണ്ട വിലയെക്കുറിച്ചും പ്രമേയം 9–ൽ ഊന്നൽ നൽകുന്നുണ്ട്. വ്യാവസായശാലകളിലെ തൊഴിലാളികളുടെ, പ്രത്യേകിച്ചും കുട്ടികളുടെ ദുരന്തപൂർണമായ ജീവിതം, പാരിസ്ഥിതിക നാശം, തത്ഫലമായുണ്ടായ കോളറയും ക്ഷയവും പോലുള്ള പകർച്ചവ്യാധികൾ തുടങ്ങിയവയെല്ലാം ബ്രിട്ടന് നേരിടേണ്ടി വന്ന ദുരന്തങ്ങളായിരുന്നു. അതുപോലെതന്നെ, ജപ്പാനിൽ എങ്ങനെ വ്യാവസായിക മലിനീകരണവും, കാഡ്മിയം, മെർക്കുറി വിഷബാധയും, വിവേചനരഹിതമായ വ്യാവസായവൽക്കരണത്തിനെതിരായ ബഹുജന മുന്നേറ്റങ്ങൾക്ക് കാരണമായി എന്ന് പ്രമേയം 11–ൽ നിങ്ങൾക്ക് വായിക്കാനാകും.

ലോകം കണ്ണിചേർക്കപ്പെടുമ്പോൾ 1927–ൽ ചാൾസ് ലിൻഡ്ബെർഗ് എന്ന ഇരുപത്തിയഞ്ചുകാരൻ, ഒറ്റ എഞ്ചിൻ ഘടിപ്പിച്ച വിമാനത്തിൽ പാരിസിൽ നിന്നും ന്യൂയോർക്കിലേക്ക് അറ്റ്ലാന്റിക് സമുദ്രത്തിന് മുകളിലൂടെ പറന്നു.



വ്യാവസായവിപ്ലവത്തിന് മുമ്പുതന്നെ യൂറോപ്യൻ ശക്തികൾ അമേരിക്ക, ഏഷ്യ തുടങ്ങിയ വൻകരകളുടെ വിവിധ ഭാഗങ്ങളിലും ദക്ഷിണാഫ്രിക്കയിലും കോളനിവൽക്കരണം ആരംഭിച്ചു കഴിഞ്ഞിരുന്നു. യൂറോപ്യൻ കുടിയേറ്റക്കാർ അമേരിക്കയിലെയും, ആസ്ത്രേലിയയിലെയും തദ്ദേശവാസികളോട് ചെയ്തതെന്തെന്ന് പ്രമേയം 10 നിങ്ങളോട് വിശദീകരിക്കുന്നുണ്ട്. കുടിയേറ്റക്കാരുടെ ബൂർഷ്വാ മനോഭാവം മണ്ണും വെള്ളവും ഉൾപ്പെടെ

എന്തിനെയും വാങ്ങുവാനും വിൽക്കുവാനും അവരെ പ്രേരിപ്പിച്ചു. എന്നാൽ യൂറോപ്യൻ അമേരിക്കക്കാർ അപരിഷ്കൃതരായി മാത്രം കണ്ട തദ്ദേശീയർ ചോദിച്ചത്, 'വായുവിന്റെ ശുദ്ധിയും തിളങ്ങുന്ന വെള്ളത്തിന്റെ തെളിമയും സ്വന്തമല്ലാത്ത നിങ്ങളെങ്ങനെ ഇതെല്ലാം വിലകൊടുത്തു വാങ്ങും?' തദ്ദേശീയരെ സംബന്ധിച്ചിടത്തോളം, മണ്ണും മത്സ്യവും മൃഗങ്ങളുമൊന്നും സ്വന്തമാക്കേണ്ട വസ്തുക്കളല്ലായിരുന്നു. അവർക്കാവശ്യമുള്ള വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെട്ടത് കേവലം *ഉപഭോഗവസ്തുക്കൾ* എന്ന നിലയ്ക്കല്ല, മറിച്ച് *സമ്മാനങ്ങളാ*യിട്ടായിരുന്നു. ഇതിൽ നിന്ന് വ്യക്തമാകുന്നത്, യൂറോപ്യന്മാരും തദ്ദേശവാസികളും പ്രതിനിധാനം ചെയ്തത് സംസ്കാരത്തിന്റെ രണ്ടു വിരുദ്ധ ധ്രുവങ്ങളെയാണ് എന്നാണ്. തങ്ങളുടെ സംസ്കാരത്തെ തുടച്ചു നീക്കുവാനുള്ള യൂറോപ്യന്മാരുടെ ശ്രമങ്ങളെ തദ്ദേശവാസികൾ ഒരിക്കലും അംഗീകരിച്ചിരുന്നില്ല. യു.എസ്.എ. യിലെയും, കാനഡയിലെയും, ഭരണകൂടങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തദ്ദേശവാസികളെ 'മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള' നിരവധി ശ്രമങ്ങൾ നടത്തിയിരുന്നു. ആസ്ത്രേലിയൻ ഭരണകൂടമാകട്ടെ തദ്ദേശീയരുടെ സംസ്കാരത്തെയും പാരമ്പര്യങ്ങളെയും സാധാരണമട്ടിൽ അവഗണിക്കുന്ന സമീപനമാണ് കൈക്കൊണ്ടിരുന്നത്. 'മുഖ്യധാര' എന്നതുകൊണ്ട് എന്താണർഥമാക്കുന്നതെന്ന് ഒരാൾ അത്ഭുതപ്പെട്ടേക്കാം. 'മുഖ്യധാരാ സംസ്കാരം' രൂപപ്പെടുത്തിയെടുക്കുന്നതിനെ സാമ്പത്തിക - രാഷ്ട്രീയാധികാരം എങ്ങനെയാണ് സ്വാധീനിക്കുന്നത്?

പാശ്ചാത്യ മുതലാളിത്തങ്ങളും - വാണിജ്യ-വ്യാവസായിക-ധനകാര്യ- ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുള്ള ജാപ്പനീസ് മുതലാളിത്തവും മൂന്നാം ലോക രാജ്യങ്ങളുടെ വിവിധ ഭാഗങ്ങളിൽ കോളനികൾ സ്ഥാപിച്ചിരുന്നു. ഇവയിൽ ചിലത് കുടിയേറ്റക്കോളനികളായിരുന്നു. മറ്റുള്ളവ, ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം പോലെ നേരിട്ടുള്ള സാമ്രാജ്യത്വ ഭരണത്തിനുദാഹരണങ്ങളായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലും, ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ചൈനയിലുണ്ടായിരുന്ന സാമ്രാജ്യത്വം മൂന്നാമതൊരു ഗണത്തിൽപ്പെട്ടതായിരുന്നു. ചൈനയിൽ ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, ജർമ്മനി, അമേരിക്ക, ജപ്പാൻ എന്നീ രാജ്യങ്ങൾ നേരിട്ട് രാജ്യാധികാരം ഏറ്റെടുക്കാതെ ഭരണനിർവഹണത്തിൽ ഇടപെടുന്ന ഒരു രീതിയാണ് അവലംബിച്ചിരുന്നത്. ഈ രാജ്യങ്ങളുടെ താൽപ്പര്യത്തിനനുസരിച്ച് ചൈനയുടെ വിഭവങ്ങൾ ചൂഷണം ചെയ്യുകയും, രാജ്യത്തിന്റെ പരമാധികാരത്തെത്തന്നെ ഇല്ലായ്മ ചെയ്ത് ഒരു അർധ-കോളനി എന്ന പദവിയിലേക്ക് ചൈനയെ പരിമിതപ്പെടുത്തുകയും ചെയ്തു.

ഏറെക്കുറെ എല്ലായിടത്തും, കൊളോണിയൽ ചൂഷണങ്ങൾക്ക് വെല്ലുവിളിയുയർത്തിയത് ശക്തമായ ദേശീയപ്രസ്ഥാനങ്ങളാണ്. എന്നിരുന്നാലും ദേശീയതകൾ, പാശ്ചാത്യ രാജ്യങ്ങളിലെയും, ജപ്പാനിലെയും പോലെ ഒരു കൊളോണിയൽ സാഹചര്യവുമില്ലാതെയും ഉയർന്നുവന്നു. എല്ലാ ദേശീയതകളും ജനകീയ പരമാധികാര സിദ്ധാന്തത്തിലധിഷ്ഠിതമാണ്. രാഷ്ട്രീയാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കണമെന്നാണ് എല്ലാ ദേശീയ പ്രസ്ഥാനങ്ങളും വിശ്വസിക്കുന്നത്. ഇതാണ് ദേശീയതയെ ഒരു ആധുനികാശയമാക്കി മാറ്റുന്നതും. പൗരബോധത്തിലധിഷ്ഠിതമായ ദേശീയതയെ, പരമാധികാരത്തെ ഭാഷ, വംശം, മതം, ലിംഗം എന്നിവയ്ക്കതീതമായി സർവജനങ്ങളിലും നിക്ഷിപ്തമാക്കുന്നു. അവകാശങ്ങൾ പ്രയോഗിക്കാൻ കഴിവുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് അതിന്റെ ലക്ഷ്യം. 'പൗരത്വത്തിന്റെ' അടിസ്ഥാനത്തിലാണ് ദേശീയതയെ നിർവചിക്കുന്നത്, അല്ലാതെ മതത്തിന്റെയോ വംശത്തിന്റെയോ അടിസ്ഥാനത്തിലല്ല. വംശം, മതം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ദേശീയത, ഭാഷ, മതം, ഒരുകൂട്ടം പാരമ്പര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ദേശീയ ഐക്യം കെട്ടിപ്പടുക്കുന്നത്. പൊതുവായ പൗരത്വത്തിന്റെ പേരിലല്ല, മറിച്ച് വംശീയതയുടെ അടിസ്ഥാനത്തിലാണ് ജനതയെ നിർവചിക്കുന്നത്. ബഹുവംശീയത നിലവിലുള്ള ഒരു രാജ്യത്ത് വംശീയവാദികൾ, ന്യൂനപക്ഷസമുദായങ്ങളെക്കാൾ ഉയർന്നവരാണ് തങ്ങളെന്നു കരുതുന്ന ഒരു പ്രത്യേക വിഭാഗത്തിലേക്ക് പരമാധികാരത്തിന്റെ പ്രയോഗത്തെ പരിമിതപ്പെടുത്തിയേക്കാം. ഇന്ന് മിക്കവാറും പാശ്ചാത്യ രാജ്യങ്ങളെല്ലാം ദേശീയതയെ നിർവചിക്കുന്നത് പൊതുവായ പൗരത്വത്തിന്റെ അടിസ്ഥാനത്തിലാണ്, വംശീയതയുടെ അടിസ്ഥാനത്തിലല്ല. ഇതിനൊരപവാദം എന്നു പറയാവുന്നത്



*ലോകം കണ്ണിചേർക്കപ്പെടുമ്പോൾ - 1920 കളിൽ ജെ.ലിപ്ചിറ്റ്സ് കൊത്തിയെടുത്ത മധ്യ ആഫ്രിക്കൻ ശില്പ നിർമ്മാണത്തിന്റെ സ്വാധീനം വ്യക്തമാക്കുന്ന ഒരു ശില്പം.*

*ലോകം കണ്ണിചേർക്കപ്പെടുമ്പോൾ- ഇതുപോലുള്ള ജാപ്പനീസ് സെൻ ചിത്രങ്ങൾ പാശ്ചാത്യ കലാകാരന്മാർ ആരാധനയോടെ കണ്ടിരുന്നു. 1920 കളിൽ അമേരിക്കൻ ഐക്യനാടുകളിലെ 'അബ്സ്ട്രാക്റ്റ് എക്സ്പ്രഷനിസ്റ്റ്' ശൈലിയെ ഇത് സ്വാധീനിച്ചു.*



ജർമ്മനിയാണ്. അവിടെ വംശീയാടിസ്ഥാനത്തിലുള്ള ദേശീയതയ്ക്ക് സുദീർഘവും ഏറെ സങ്കീർണവുമായ ഒരു ചരിത്രമുണ്ട്. 1806 –ൽ ജർമ്മൻ സ്റ്റേറ്റുകളിലേക്കുള്ള ഫ്രഞ്ച് സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തോടുള്ള പ്രതിഷേധത്തോളം പഴക്കമുണ്ടതിന്. ലോകത്താകമാനം പൗരബോധത്തിലധിഷ്ഠിതമായ ദേശബോധ ആദർശങ്ങൾ വംശീയതയും മതവും അടിസ്ഥാനമാക്കിയുള്ള ദേശീയതയുമായി മത്സരിച്ചിട്ടുണ്ട്. ആധുനിക ഇന്ത്യയിലും, ചൈനയിലും, ജപ്പാനിലുമെല്ലാം അത് അങ്ങനെതന്നെയാണ്.

വ്യാവസായവൽക്കരണത്തിന്റേത്പോലെതന്നെയാണ് ആധുനികതയിലേക്കുള്ള പാതകളും. വ്യത്യസ്തങ്ങളായ സമൂഹങ്ങൾ അവരുടേതായ രീതിയിൽ സവിശേഷമായ 'ആധുനികതകൾ' രൂപപ്പെടുത്തിയിട്ടുണ്ട്. ജപ്പാന്റെയും ചൈനയുടെയും മാതൃകകൾ ഏറെ വിജ്ഞാനപ്രദമാണ്. കൊളോണിയൽ നിയന്ത്രണത്തിന് വിധേയമാകാതിരിക്കുന്നതിൽ വിജയിച്ചതിനോടൊപ്പം, ഇരുപതാം നൂറ്റാണ്ടിലുടനീളം സാമ്പത്തിക – വ്യാവസായിക പുരോഗതിയിൽ അതിവേഗത്തിലുള്ള വളർച്ചയാണ് ജപ്പാൻ നേടിയത്. രണ്ടാം ലോകയുദ്ധത്തിലെ അപമാനകരമായ പരാജയത്തിനു ശേഷം ജപ്പാൻ അതിന്റെ സമ്പദ്വ്യവസ്ഥയെ പുനസ്സംഘടിപ്പിച്ചത് കേവലം യുദ്ധാനന്തര വിസ്മയം എന്ന നിലയിൽ മാത്രം കാണാവുന്നതല്ല. പ്രമേയം 11–ൽ കാണുന്നതുപോലെ പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും അവർ സ്വായത്തമാക്കിയിരുന്ന ചില നേട്ടങ്ങളുടെ പ്രതിഫലനം കൂടിയാണിത്. ഉദാഹരണത്തിന്, 1910 ഓടെ ജപ്പാനിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഫീസ് നിർത്തലാക്കുകയും, സ്കൂൾ പ്രവേശനം സാർവത്രികമാക്കുകയും ചെയ്തിരുന്നു എന്നത് നിങ്ങൾക്കറിയാമോ? ആധുനികതയിലേക്കുള്ള ജപ്പാന്റെ പ്രയാണം മറ്റേതൊരു രാജ്യത്തെയും പോലെ ഏറെ സംഘർഷം നിറഞ്ഞതായിരുന്നു; ജനാധിപത്യവും സൈനികവാഴ്ചയും തമ്മിൽ, വംശീയദേശീയതയും പൗരബോധത്തിലധിഷ്ഠിതമായ ദേശനിർമ്മിതിയും തമ്മിൽ കൂടാതെ, കുറെ ജപ്പാൻകാർ വിശദീകരിക്കുന്നതുപോലെ, 'പാരമ്പര്യവും' 'പാശ്ചാത്യവൽക്കരണവും' തമ്മിൽ.


ചൈനക്കാർ കൊളോണിയൽ ചൂഷണങ്ങളെയും, സ്വന്തം ഉദ്യോഗസ്ഥ ഭൂപ്രഭുമേധാവിത്വത്തെയും എതിർത്തത്, കർഷക കലാപങ്ങൾ, പരിഷ്കരണം, വിപ്ലവം എന്നിവയുടെ സംയോജനത്തിലൂടെയാണ്. 1930 കളുടെ തുടക്കത്തിൽ കർഷകരെ സംഘടിപ്പിച്ചുകൊണ്ട് ശക്തി സംഭരിച്ച ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി, സാമ്രാജ്യത്വ ശക്തികളെയും, രാജ്യത്തിനകത്തെ ഉപരിവർഗത്തെ പ്രതിനിധാനം ചെയ്യുന്ന നാഷണലിസ്റ്റുകളെയും ഒരേപോലെ എതിർക്കാൻ തുടങ്ങി. രാജ്യത്തിനകത്തെ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ അവർ സ്വന്തം ആശയങ്ങൾ നടപ്പാക്കാനും തുടങ്ങിയിരുന്നു. വ്യക്തിസമത്വസിദ്ധാന്തവും, ഭൂപരിഷ്കരണത്തിനു നൽകിയ ഊന്നലും, സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധവും 1949–ൽ വിദേശ സാമ്രാജ്യത്വത്തെയും ദേശീയവാദികളെയും കടപുഴക്കി എറിയുന്നതിന് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സഹായകമായി. അധികാരത്തിലെത്തിയപ്പോൾ അസമത്വങ്ങൾ കുറയ്ക്കുന്നതിലും, വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിലും, രാഷ്ട്രീയാവബോധം സൃഷ്ടിക്കുന്നതിലും അവർ വിജയം കണ്ടു. ഇങ്ങനെയൊക്കെയാണെങ്കിലും, രാജ്യത്തെ ഏകകക്ഷിസംവിധാനവും, ഭരണകൂടത്തിന്റെ അടിച്ചമർത്തൽ നയവും, 1960 കളുടെ മധ്യത്തിൽ ജനങ്ങളിൽ നിലവിലെ രാഷ്ട്രീയ സംവിധാനത്തോടുള്ള കടുത്ത അതൃപ്തി ജനിപ്പിച്ചു. എന്നാൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ അധികാരം നിലനിർത്തുന്നതിൽ വലിയ തോതിൽ വിജയിച്ചു. എന്തുകൊണ്ടെന്നാൽ കമ്പോളത്തിന്റെ പുതിയ തത്വങ്ങളേയും സാധ്യതകളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വയം പരിവർത്തനത്തിനു വിധേയമായതിനൊപ്പം, ചൈനയെ വൻസാമ്പത്തിക ശക്തിയാക്കി മാറ്റിത്തീർക്കുന്നതിന്നും അവർക്ക് കഴിഞ്ഞു.

ഓരോരോ രാജ്യവും അവരുടെതായ ചുറ്റുപാടുകളുടെയും ആദർശങ്ങളുടെയും പശ്ചാത്തലത്തിൽ, 'ആധുനികതയെ' അറിയുന്നതിനും അത് സ്വായത്തമാക്കുന്നതിനും സ്വീകരിച്ച വ്യത്യസ്ത മാർഗങ്ങൾ അത്ഭുതം ഉളവാക്കുന്ന ഒരു കഥയാണ്. ആ കഥയുടെ ചില സവിശേഷതകളാണ് ഈ ഭാഗത്ത് നിങ്ങളെ പരിചയപ്പെടുത്തുന്നത്.

[redacted]




# കാലരേഖ IV (TIMELINE IV)


## (C. 1700 TO 2000)




കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകൾക്കിടയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എന്തൊക്കെ സംഭവിച്ചു എന്നതിനെക്കുറിച്ചും ആധുനികലോകം രൂപപ്പെടുത്തുന്നതിൽ വ്യത്യസ്തരാജ്യങ്ങളിലെ ജനങ്ങൾ ഏതൊക്കെ തരത്തിൽ സംഭാവന നൽകിയെന്നും ഈ കാലരേഖ നിങ്ങൾക്ക് ഒരു ധാരണ നൽകും. ആഫ്രിക്കയിലെ അടിമക്കച്ചവടം, ദക്ഷിണാഫ്രിക്കയിലെ വർണ വിവേചന ഭരണകൂടത്തിന്റെ സ്ഥാപനം എന്നിവയെക്കുറിച്ചും യുറോപ്പിലെ സാമൂഹ്യപ്രസ്ഥാനങ്ങളെയും, ദേശരാഷ്ട്രങ്ങളുടെ രൂപീകരണത്തെയും കുറിച്ചും, സാമ്രാജ്യത്വ ശക്തികളുടെ വ്യാപനത്തെയും കോളനിവൽക്കരണത്തെയും കുറിച്ചും, ജനാധിപത്യ-കോളനി വിരുദ്ധ പ്രസ്ഥാനങ്ങളും അവ കഴിഞ്ഞ നൂറ്റാണ്ടിൽ ലോകമാകമാനം വ്യാപിച്ചതുമെല്ലാം ഇത് നിങ്ങളോട് പറയുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായ കണ്ടുപിടിത്തങ്ങളെയും, സാങ്കേതിക വികാസങ്ങളെയും കുറിച്ചുള്ള വിവരങ്ങളും ഇതിലൂടെ ലഭിക്കുന്നു.

എല്ലാ കാലരേഖകളേയും പോലെ ഇതും കുറച്ചു തീയതികളിലാണ് ഊന്നുന്നത്. പ്രാധാന്യമുള്ളത് വേറേയുമുണ്ടാകാം. ഒരു കാലരേഖയിൽ കുറേ തീയതികൾ കാണുമ്പോൾ അവ മാത്രമാണ് നിങ്ങൾ മനസ്സിലാക്കേണ്ടവ എന്നു ധരിക്കരുത്. എന്തുകൊണ്ടാണ് വ്യത്യസ്ത കാലരേഖകൾ വ്യത്യസ്തങ്ങളായ തീയതികൾക്ക് പ്രാധാന്യം നൽകുന്നതെന്നും, അവ നമ്മോടെന്തു പറയുന്നുവെന്നും കണ്ടെത്തുക.

| തിയതി | ആഫ്രിക്ക | യൂറോപ്പ് |
| --- | --- | --- |
| 1720-30 | പശ്ചിമാഫ്രിക്കയിലെ ദഹോമെയിലെ രാജാവായ അഖാജ (1724-34) അടിമക്കച്ചവടം നിർത്തലാക്കി*; 1740-ൽ ഇത് പുനസ്ഥാപിക്കപ്പെട്ടു | |
| 1730-40 |  | കരോളസ് ലിന്നയസ് (Carolus Linnaeus) സസ്യങ്ങളെയും മൃഗങ്ങളെയും വേർതിരിക്കുന്നതിന് ഒരു വർഗീകരണ രീതി* (taxonomic system) കണ്ടുപിടിച്ചു (1735)  |
| 1740-50 | | |
| 1750-60 | ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിൽ നാവികരിലൂടെ എത്തിയ വസൂരിരോഗം ആദ്യമായി പൊട്ടിപ്പുറപ്പെടുന്നു (1775) | |
| 1760-70 | | |
| 1770-80 | അന്താരാഷ്ട്ര അടിമക്കച്ചവടം മൂർധന്യത്തിലെത്തുകയും, എല്ലാ കൊളോണിയൽ ശക്തികളും ഇതിൽ ഏർപ്പെടുകയും ചെയ്തു. ലക്ഷക്കണക്കിന് ആഫ്രിക്കൻ കറുത്തവർഗക്കാർ ഓരോ വർഷവും അറ്റ്ലാന്റിക്കിലൂടെ കടത്തപ്പെട്ടു. ഇവരിൽ മൂന്നിൽ രണ്ടു ഭാഗവും കടൽയാത്രയ്ക്കിടെത്തന്നെ മരണമടഞ്ഞിരുന്നു | എമലിയൻ പുഗാചേവ് (Emelian Pugachev) റഷ്യയിലാകമാനം ബാധിച്ച ഒരു കർഷക മുന്നേറ്റത്തിന് നേതൃത്വം നൽകി (1773-75) |
| 1780-90 | | ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭം* (1789) |
| 1790-1800 | |  |
| 1800-10 | മുഹമ്മദലി ഈജിപ്ത് ഭരിക്കുന്നു, (1805-48); ഓട്ടോമൻ സാമ്രാജ്യത്തിൽ നിന്നും ഈജിപ്ത് പുറത്ത് പോകുന്നു | |
| 1810-20 | | |
| 1820-30 | സ്വതന്ത്രരാകുന്ന അടിമകൾക്കുള്ള സ്ഥലം എന്ന നിലയിൽ പശ്ചിമാഫ്രിക്കയിൽ ലൈബീരിയ സ്ഥാപിക്കപ്പെടുന്നു (1822) | ലൂയി ബ്രയ്ൽ (Louis Braille) കൈവിരൽ ഉപയോഗിച്ചുള്ള വായനരീതി വികസിപ്പിച്ചു* (1823). ഇംഗ്ലണ്ടിൽ യാത്രാട്രെയിനുകൾ ഓടിത്തുടങ്ങി (1825) |
| 1830-40 | അൾജീരിയയിലെ ഫ്രഞ്ച് സാന്നിധ്യത്തിനെതിരെ അബ്ദുൾഖാദറിന്റെ നേതൃത്വത്തിൽ അറബ് പ്രതിരോധം (1832-47) |  |
| 1840-50 | | നിരവധി യൂറോപ്യൻ രാജ്യങ്ങളിൽ ലിബറൽ-സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ (1848) |
| 1850-60 | | |

| തിയതി | ആഫ്രിക്ക | യൂറോപ്പ് |
|---|---|---|
| 1860-70 | ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യപാതയായ സൂയസ് കനാൽ* തുറക്കുന്നു (1869)  | റഷ്യൻ സെർഫുകൾ (Serfs) മോചിതരായി (1861) |
| 1870-80 | | ജർമ്മനിയും ഇറ്റലിയും ഏകീകൃത ദേശരാഷ്ട്രങ്ങളായി ഉദയം ചെയ്യുന്നു |
| 1880-90 | 'ആഫ്രിക്കയ്ക്കുവേണ്ടിയുള്ള യൂറോപ്യൻ മത്സരത്തിന്റെ' തുടക്കം | |
| 1890-1900 |  | ആദ്യ സിനിമയുടെ നിർമ്മാണം (1895); ആധുനിക ഒളിമ്പിക്സിന് ഏഥൻസിൽ തുടക്കമാകുന്നു (1896) |
| 1900-1910 | മഹാത്മാഗാന്ധി* വംശീയനിയമങ്ങളെ പ്രതിരോധിക്കാൻ സത്യഗ്രഹ സമരം മുന്നോട്ട് വയ്ക്കുന്നു (1906) | |
| 1910-1920 | ദക്ഷിണാഫ്രിക്കയിൽ 87% ഭൂമിയും വെള്ളക്കാർക്ക് സംവരണം ചെയ്തു കൊണ്ടുള്ള നിയമം നടപ്പിലാക്കുന്നു (1913) | ഒന്നാം ലോക യുദ്ധം (1914 – 18); റഷ്യൻ വിപ്ലവം (1917) |
| 1920-30 | | മുസ്തഫാ കമാലിന്റെ കീഴിൽ തുർക്കി ഒരു റിപ്പബ്ളിക്ക് ആകുന്നു (1923). |
| 1930-40 | അങ്കോള മുതൽ മൊസാംബിക് വരെയുള്ള വിശാല ആഫ്രിക്കൻ റെയിൽപ്പാത പൂർത്തിയാകുന്നു (1931) | ഹിറ്റ്ലർ ജർമ്മനിയിൽ അധികാരം പിടിച്ചെടുക്കുന്നു (1933); രണ്ടാം ലോക യുദ്ധം (1939 – 45) |
| 1940-50 | ദക്ഷിണാഫ്രിക്കയിൽ ആഫ്രിക്കൻ നാഷണൽ പാർട്ടി അധികാരത്തിലെത്തുന്നു (1948). വർണവിവേചനം (Apartheid) നടപ്പിലാക്കുന്നു | ബ്രിട്ടൻ അയർലന്റിന്റെ സ്വാതന്ത്ര്യം അംഗീകരിക്കുന്നു (1949) |
| 1950-60 | ഘാന ഉപ - സഹാറൻ ആഫ്രിക്കയിലെ സ്വാതന്ത്ര്യം നേടുന്ന ആദ്യ രാജ്യമാകുന്നു (1957) | ഡി.എൻ.എ. യുടെ കണ്ടുപിടുത്തം; റഷ്യ സ്പുട്നിക് എന്ന ബഹിരാകാശ വാഹനം വിക്ഷേപിക്കുന്നു (1957) |
| 1960-70 | ആഫ്രിക്കൻ ഐക്യസംഘടന (OAU) രൂപീകൃതമാകുന്നു (1963) | യൂറോപ്പിൽ പ്രതിഷേധപ്രസ്ഥാനങ്ങൾ (1968) |
| 1970-80 |  | |
| 1980-90 | | മിഖായേൽ ഗൊർബച്ചേവ് യു.എസ്.എസ്.ആർ. ന്റെ നേതൃത്വത്തിൽ (1985); ലോകവ്യാപകമായി വെബ്സൈറ്റുകൾ ആരംഭിക്കുന്നു (1989) |
| 1990-2000 | ദക്ഷിണാഫ്രിക്കയിൽ നെൽസൺ മണ്ടേല* ജയിൽ മോചിതനാകുന്നു (1990); വർണവിവേചനത്തിന്റെ അന്ത്യം കുറിക്കുന്നതിനുള്ള നടപടികളുടെ തുടക്കം | ശാസ്ത്രജ്ഞർ ക്ലോണിങ്ങിലൂടെ ഡോളി എന്ന ആട്ടിൻകുട്ടിക്ക് ജന്മം നൽകുന്നു (1997); ജനിതക സാങ്കേതിക വിദ്യയുടെ പരിമിതികളെ കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കമാകുന്നു |

| തിയതി | ഏഷ്യ | ദക്ഷിണേഷ്യ |
|---|---|---|
| 1720-30 | ചൈനയിലെ മാഞ്ചു ഭരണാധികാരിയായ കാങ്സി, അന്നുവരെ പ്രസിദ്ധീകൃതമായതിൽ വച്ചേറ്റവും വലിയ വിജ്ഞാന കോശം - *ഗുജിൻ തുഷു ജിച്ചേങ്ങ്* * (*Gujin Tushu Jicheng*) - പ്രസിദ്ധീകരിക്കുന്നു  | |
| 1730-40 | | |
| 1740-50 | | ഉത്തരേന്ത്യയിലേക്ക് മറാത്തകൾ നിയന്ത്രണം വ്യാപിപ്പിക്കുന്നു |
| 1750-60 | അയോക്കി കോനിയോ എന്ന ജപ്പാൻ പണ്ഡിതൻ ഒരു ഡച്ച് - ജാപ്പനീസ് നിഘണ്ടു തയാറാക്കുന്നു (1758) | പ്ലാസി യുദ്ധത്തിൽ ബംഗാൾ നവാബായ സിറാജ് - ഉദ് - ദൗളയെ റോബർട്ട് ക്ലൈവ്* പരാജയപ്പെടുത്തുന്നു (1757) |
| 1760-70 | |  |
| 1770-80 | | |
| 1780-90 | ഇന്ത്യയിൽ നിന്ന് ചൈനയിലേക്കുള്ള ബ്രിട്ടന്റെ കറുപ്പ് കയറ്റുമതി* നാടകീയമാം വിധം വർധിക്കുന്നു | |
| 1790-1800 |  | രഞ്ജിത്ത് സിങ്* പഞ്ചാബിൽ സിഖ് രാജ്യം സ്ഥാപിക്കുന്നു (1799)  |
| 1800-10 | | |
| 1810-20 | | |
| 1820-30 | ഡച്ചുകാർക്കെതിരെയുള്ള ജാവൻ വിപ്ലവം (1825-30) | സതി നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്നു (1829) |
| 1830-40 | ഓട്ടോമൻ സുൽത്താനായ അബ്ദുൾ മജീദ് ആധുനിക വൽക്കരണ പരിപാടി ആരംഭിക്കുന്നു (1839) | |
| 1840-50 | | |
| 1850-60 | രാമ IV-ാമൻ തായ്‌ലന്റ് ഭരിക്കുന്നു, വിദേശ വ്യാപാരത്തിനായി രാജ്യം തുറന്ന് കൊടുക്കുന്നു (1853) | കമ്പിത്തപാൽ, റെയിൽവേ എന്നീ സംവിധാനങ്ങൾ ആരംഭിക്കുന്നു (1853); മഹത്തായ വിപ്ലവം* (1857)  |
| 1860-70 | ഫ്രഞ്ചുകാർ ഇൻഡോ - ചൈന (ദക്ഷിണ-പൂർവേഷ്യ) കീഴടക്കാൻ തുടങ്ങുന്നു (1862) | |
| 1870-80 | ടോക്യോ മുതൽ യോക്കോഹാമ വരെയുള്ള ആദ്യ ജാപ്പനീസ് റെയിൽപ്പാത ആരംഭിക്കുന്നു (1872) | ഡക്കാനിലെയും ദക്ഷിണേന്ത്യയിലെയും ക്ഷാമങ്ങളിൽ 5 ദശലക്ഷത്തോളം മനുഷ്യർ മരിക്കുന്നു (1876-78) |
| 1880-90 | ബ്രിട്ടൻ ബർമ്മ (മ്യാൻമർ) പിടിച്ചെടുക്കുന്നു (1885-86) | ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണം* (1885) |
| 1890-1900 | |  The First Indian National Congress, 1885 |
| | | |

| തിയതി | ഏഷ്യ | ദക്ഷിണേഷ്യ |
|---|---|---|
| 1900-10 | ജപ്പാൻ നാവികസേന റഷ്യൻ നാവികപ്പടയെ പരാജയപ്പെടുത്തുന്നു (1905) | |
| 1910-20 | ബാൽഫോർ പ്രഖ്യാപനം യഹൂദർക്ക് പാലസ്തീനിൽ ജന്മനാട് വാഗ്ദാനം ചെയ്യുന്നു (1917) | |
| 1920-30 | | ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നു (1921); തമിഴ്നാട്ടിൽ ഇ. വി. രാമസ്വാമി നായ്ക്കർ സ്വാഭിമാന പ്രസ്ഥാനം തുടങ്ങുന്നു (1925) |
| 1930-40 | ഇറാഖ് മുതൽ സിറിയ വരെ ബ്രട്ടീഷ് എണ്ണ പൈപ്പ്ലൈൻ ആരംഭിക്കുന്നു (1934) | ആർദേശീർ ഇറാനിയുടെ ആലം ആര എന്ന ആദ്യ ഇന്ത്യൻ ശബ്ദചിത്രം (1931) |
| 1940-50 | അമേരിക്ക ജപ്പാനിലെ ഹിരോഷിമ, നാഗസാക്കി* എന്നീ നഗരങ്ങളിൽ അണുബോംബ് വർഷിക്കുകയും ഏകദേശം 1,20,000 ത്തോളം മനുഷ്യരുടെ മരണത്തിന് കാരണമാവുകയും ചെയ്യുന്നു (1945). തുടർന്നുള്ള വർഷങ്ങളിൽ ആണവ വികിരണത്തെ തുടർന്ന് നിരവധി പേർ മരണത്തിനിരയാകുന്നു. പീപ്പിൾസ് റിപ്പബ്ളിക്ക് ഓഫ് ചൈനയുടെ രൂപീകരണം (1949) | ക്വിറ്റിന്ത്യ പ്രസ്ഥാനം (1942); ഇന്ത്യയും പാകിസ്താനും സ്വാതന്ത്ര്യം നേടുന്നു (1947) |
| 1950-60 | ബാന്തൂങ്ങ് സമ്മേളനം (1955) ചേരിചേരാ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നു | ഇന്ത്യ റിപ്പബ്ളിക്കാകുന്നു* (1950) |
| 1960-70 | പാലസ്തീൻ അഭയാർഥികളെ ഏകോപിപ്പിക്കുന്നതിനായി പാലസ്തീൻ വിമോചന സംഘടനയുടെ (PLO) രൂപീകരണം (1964); വിയറ്റ്നാം യുദ്ധം (1965 – 73) | സിരിമാവോ ബണ്ഡാരനായകെ ലോകത്തിലെ ആദ്യ വനിതാപ്രധാനമന്ത്രിയാകുന്നു (1960)  |
| 1970-80 | ഇറാനിലെ ഷായെ അധികാരത്തിൽ നിന്ന് പുറത്താക്കുന്നു (1979) | ബംഗ്ലാദേശ് സ്വതന്ത്ര രാജ്യമാകുന്നു (1971) |
| 1980-90 | ചൈനയിൽ ബീജിങ്ങിലെ ടിയാനൻമെൻ സ്ക്വയറിൽ ജനാധിപത്യത്തിനുവേണ്ടിയുള്ള ജനകീയ പ്രകടനം (1989) | ഭോപ്പാലിലെ യൂണിയൻ കാർബൈഡ് കീടനാശിനി ഫാക്ടറിയിലുണ്ടായ വാതകച്ചോർച്ച (1984), ചരിത്രത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തത്തിന് കാരണമായിത്തീർന്നു. ആയിരങ്ങൾ മരണപ്പെടുന്നു |
| 1990-2000 | ഇറാഖ്, കുവൈറ്റ്, യു.എസ്.എ. എന്നിവ തമ്മിലുള്ള ഗൾഫ് യുദ്ധം | ഇന്ത്യയും പാകിസ്താനും ആണവപരീക്ഷണങ്ങൾ നടത്തുന്നു (1998) |
| |  |  |

| തിയതി | അമേരിക്കകൾ | ആസ്ത്രേലിയ/പസഫിക് ദ്വീപുകൾ |
|---|---|---|
| 1720-30 | പോർച്ചുഗീസുകാർ ബ്രസീലിൽ കോഫി പരിചയപ്പെടുത്തുന്നു (1727) | ഡച്ച് നാവികനായ റോഗേവിൻ സമോവ ദ്വീപുകളിലും പസഫിക്കിലെ ഈസ്റ്റർ ദ്വീപുകളിലും എത്തിച്ചേരുന്നു (1722) |
| 1730-40 | ജമ്മി എന്ന സാക്ഷരനായ അടിമയുടെ നേതൃത്വത്തിൽ സ്റ്റോണോ സ്ലേവ് കലാപം (1739) |   |
| 1740-50 | ജ്വാൻ സാൻഡോസ് (അതാഹുൽപ-II) ന്റെ നേതൃത്വത്തിൽ പെറുവിലെ തദ്ദേശീയരുടെ പരാജയപ്പെട്ട കലാപം (1742) | |
| 1750-60 | | |
| 1760-70 | ഒട്ടാവാ ഗോത്രത്തിലെ മുഖ്യനായ പോണ്ടിയാക്കിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെയുള്ള പ്രതിഷേധം (1763) | ക്യാപ്റ്റൻ ജെയിംസ് കുക്കിന്റെ നേതൃത്വത്തിൽ പസഫിക്കിലേക്ക് നടത്തിയ മൂന്ന് സമുദ്രയാത്രകളിൽ ആദ്യത്തേത്* (1768 – 71) |
| 1770-80 | അമേരിക്കൻ ഐക്യനാടുകളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം (1776) | |
| 1780-90 | യു.എസ്. ഭരണഘടന തയാറാക്കപ്പെടുന്നു; ഡോളർ അമേരിക്കൻ കറൻസിയായി ആദ്യമായി ഉപയോഗിക്കുന്നു (1787) | ആസ്ട്രേലിയയിലെ ബോട്ടണി ബേയിലേക്ക് ബ്രിട്ടീഷ് കുറ്റവാളികളെ ആദ്യമായി നാടുകടത്തുന്നു (1788) |
| 1790-1800 | | |
| 1800-10 | | മാത്യൂ ഫ്ളിന്റേഴ്സ് കടൽമാർഗം ചുറ്റി സഞ്ചരിക്കുന്നു, ആസ്ത്രേലിയ എന്ന പേര് നൽകുന്നു (1801 – 03); 'തെക്കുള്ളത്' എന്നാണിതിനർഥം |
| 1810-20 | | |
| 1820-30 | സൈമൺ ബൊളീവർ* വെനിസ്വെലയെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു (1821) | |
| 1830-40 | 'കണ്ണീരിന്റെ പാത'; പതിനായിരക്കണക്കിന് കിഴക്കൻ അമേരിക്കൻ തദ്ദേശീയർ പടിഞ്ഞാറോട്ട് പലായാനം ചെയ്യാൻ നിർബന്ധിതരാവുകയും, യാത്രാമധ്യേ തന്നെ ബഹുഭൂരിപക്ഷവും മരണത്തിന് കീഴടങ്ങുകയും ചെയ്യുന്നു (1838) | ചാൾസ് ഡാർവിന്റെ നേതൃത്വത്തിൽ പസഫിക്കിലെ ഗാലപ്പഗോസ് ദ്വീപിലേക്കുള്ള സമുദ്രയാത്ര (1831), പരിണാമസിദ്ധാന്തിന്റെ കണ്ടെത്തലിന് കാരണമാകുന്നു |
| 1840-50 | ന്യൂയോർക്കിലെ സെനേകാ ഫാൾസ് സമ്മേളനം അമേരിക്കയിലെ സ്ത്രീകൾക്ക് തുല്യാവകാശം ആവശ്യപ്പെടുന്നു (1848) | ബ്രിട്ടനും ന്യൂസിലാന്റിലെ മാവോറിസും വൈറ്റാൻഗി സന്ധിയിൽ ഏർപ്പെടുന്നു (1840). ഇതിനെത്തുടർന്ന് നിരവധി മാവോറി കലാപങ്ങൾ നടക്കുന്നു (1844 – 88) |
| 1850-60 |  | ആസ്ത്രേലിയയ്ക്കും ഇംഗ്ലണ്ടിനുമിടയിൽ ആദ്യത്തെ സ്ഥിര ആവിയന്ത്രക്കപ്പൽ സർവീസിന് തുടക്കം (1856) |

| തിയതി | അമേരിക്കൻ വൻകരകൾ | ആസ്ത്രേലിയ/പസഫിക് ദ്വീപുകൾ |
|---|---|---|
| 1860-70 | യു.എസ്.എ.യിലെ ആഭ്യന്തരയുദ്ധം (1861- 65); ഭരണഘടനയുടെ 13-ാം ഭേദഗതിപ്രകാരം അടിമത്തം നിയമവിരുദ്ധമാക്കുന്നു. | ബ്രിട്ടനിൽ നിന്ന് ആസ്ത്രേലിയയിലേക്ക് തടവുപുള്ളികളെ അയയ്ക്കുന്നത് അവസാനിക്കുന്നു (1868) |
| 1870-80 | ടെലഫോൺ, റെക്കോർഡ് പ്ളെയർ, ഇലക്ട്രിക് ബൾബ് എന്നിവയുടെ കണ്ടുപിടുത്തം | |
| 1880-90 | കൊക്കക്കോള കണ്ടുപിടിക്കുന്നു* (1886)  | |
| 1890-1900 | | ന്യൂസിലാന്റിൽ സ്ത്രീകൾക്ക് വോട്ടവകാശം (1893) |
| 1900-1910 | റൈറ്റ് ബ്രദേഴ്സ് വിമാനം കണ്ടുപിടിക്കുന്നു (1903) | |
| 1910-1920 | ഹെൻറി ഫോർഡ് കാർ നിർമ്മാണം ആരംഭിക്കുന്നു (1913); അറ്റ്ലാന്റിക്കിനെയും പസഫിക്കിനെയും ബന്ധിപ്പിക്കുന്ന പനാമാ കനാൽ തുറക്കുന്നു (1914) | പടിഞ്ഞാറൻ സമോവായിൽ പകർച്ചപ്പനി ജനസംഖ്യയുടെ അഞ്ചിലൊന്നിനെ കൊന്നൊടുക്കുന്നു (1918) |
| 1920-30 | യു.എസ്. വാൾസ്ട്രീറ്റ് സ്റ്റോക്ക് എക്സ്ചേഞ്ച് തകരുന്നു (1929); വൻ സാമ്പത്തിക തകർച്ചയെ തുടർന്ന് 1932 ൽ 12 ദശലക്ഷത്തോളം ജനങ്ങൾ തൊഴിൽ രഹിതരാകുന്നു | സമോവായിലെ 'മോ'കളുടെ നേതൃത്വത്തിൽ ന്യൂസിലാന്റ് ഭരണത്തിനെതിരെയുള്ള പ്രക്ഷോഭം (1929) |
| 1930-40 | | |
| 1940-50 | അമേരിക്ക രണ്ടാം ലോകയുദ്ധത്തിൽ പ്രവേശിക്കുന്നു | |
| 1950-60 | ക്യൂബൻ വിപ്ലവത്തെ തുടർന്ന് ഫിദൽ കാസ്ട്രോ അധികാരത്തിലെത്തുന്നു (1958) | |
| 1960-70 | യു.എസ്.എ. യിലെ പൗരാവകാശ പ്രസ്ഥാനം* (1963); യു.എസ്. പൗരാവകാശ നിയമം (1964) വംശീയ വിവേചനം നിരോധിക്കുന്നു. പൗരാവകാശ നേതാവ് മാർട്ടിൻ ലൂഥർ കിങ് വധിക്കപ്പെടുന്നു (1968); അമേരിക്കൻ ബഹിരാകാശ സഞ്ചാരികൾ ചന്ദ്രനിൽ എത്തുന്നു (1969) | |
| 1970-80 | സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങളെ തുടർന്ന് യു.എസ്. കോൺഗ്രസ്സ് തുല്യ അവസര നിയമം പാസ്സാക്കുന്നു (1972) | തോംഗാ, ഫിജി എന്നീ രാജ്യങ്ങൾ ബ്രിട്ടനിൽനിന്ന് സ്വാതന്ത്ര്യം നേടുന്നു (1970); പാപ്വാ ന്യൂ ഗിനിയ ആസ്ത്രേലിയയിൽനിന്ന് സ്വാതന്ത്ര്യം നേടുന്നു (1975) |
| 1980-90 |  | ന്യൂസിലാന്റ് ആണവ നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നു (1984); രരോട്ടോങ്ക ഉടമ്പടി പ്രകാരം ദക്ഷിണ പസഫിക് ആണവ നിരോധിത മേഖലയാകുന്നു (1986) |
| 1990-2000 | | |

## പ്രവർത്തനം

പുസ്തകത്തിൽ തന്നിരിക്കുന്ന നാല് കാലരേഖകൾ താരതമ്യം ചെയ്യുമ്പോൾ ഇടതുഭാഗത്തുള്ള കാലഗണനാ സൂചകങ്ങൾ വ്യത്യസ്തമാണെന്നു നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. എന്താണിതിനു കാരണമെന്ന് നിങ്ങൾക്ക് ചിന്തിക്കാനാകുമോ? ഒരു കാലരേഖ തയാറാക്കുകയും, നിങ്ങൾ തിരഞ്ഞെടുത്ത സൂചകങ്ങൾ എന്തുകൊണ്ടാണെന്നു വ്യക്തമാക്കുകയും ചെയ്യുക.

പ്രമേയം
9

# വ്യാവസായിക വിപ്ലവം
## (THE INDUSTRIAL REVOLUTION)

*1780 കൾക്കും 1850 കൾക്കും ഇടയിൽ ബ്രിട്ടനിലെ സാമ്പത്തിക വ്യാവസായിക രംഗത്തുണ്ടായ പരിവർത്തനം 'ഒന്നാം വ്യാവസായിക വിപ്ലവം'* എന്നറിയപ്പെടുന്നു. ഇത് ബ്രിട്ടനിൽ ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കി. പിന്നീട് യൂറോപ്യൻ രാജ്യങ്ങളിലും യു.എസ്.എ.യിലും സമാനമായ മാറ്റങ്ങൾ സംഭവിച്ചു. ഈ മാറ്റങ്ങളുണ്ടായ രാജ്യങ്ങളുടെയും പിന്നീട് ലോകത്താകമാനവും സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വലിയ സ്വാധീനമുണ്ടാക്കാൻ ഈ പരിവർത്തനങ്ങൾക്ക് കഴിഞ്ഞു.*

*ബ്രിട്ടനിലെ വ്യാവസായിക വികസനത്തിന്റെ ഈഘട്ടം പുതിയ യന്ത്രങ്ങളോടും സാങ്കേതിക വിദ്യകളോടും ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് പഴയ കരകൗശല-കൈത്തറി വ്യവസായങ്ങളെ അപേക്ഷിച്ച് വൻതോതിലുള്ള ചരക്കുൽപാദനം സാധ്യമാക്കി. പരുത്തി, ഇരുമ്പ് എന്നീ വ്യവസായങ്ങളിലുണ്ടായ മാറ്റങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. ബ്രിട്ടന്റെ വ്യവസായശാലകളിൽ ആവിശക്തി ഒരു പ്രധാന പുതിയ ഊർജസ്രോതസ്സായി വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. ഇതോടെ കപ്പലുകളും, റെയിൽവെയും പോലെയുള്ള വേഗതയേറിയ ഗതാഗത സംവിധാനങ്ങൾ വളർന്നു വന്നു. ഈ മാറ്റങ്ങൾക്ക് കാരണക്കാരായ കണ്ടുപിടിത്തക്കാരിലും കച്ചവടക്കാരിലും പലരും ധനികരോ, ഭൗതികശാസ്ത്രം, രസതന്ത്രം മുതലായ അടിസ്ഥാന ശാസ്ത്ര ശാഖകളിൽ വിദ്യാഭ്യാസം നേടിയവരോ ആയിരുന്നില്ല. അവരിൽ ചിലരുടെ പശ്ചാത്തലത്തിലേക്കുള്ള ഒരെത്തിനോട്ടം ഇതു വ്യക്തമാക്കും.*

*വ്യാവസായികവൽക്കരണം കുറച്ചുപേരെ സമ്പന്നരാക്കി. എന്നാൽ ആദ്യകാലത്ത് സ്ത്രീകളും കുട്ടികളുമടക്കം ദശലക്ഷക്കണക്കിനാളുകളുടെ മോശം തൊഴിൽ ജീവിതസാഹചര്യത്തിനും ഇതിടയാക്കി. ഇതു പ്രതിഷേധങ്ങൾക്കു തിരികൊളുത്തി. തൊഴിൽസാഹചര്യങ്ങൾ ക്രമപ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണം നടത്താൻ ഗവൺമെന്റിനെ ഈ പ്രതിഷേധങ്ങൾ നിർബന്ധിതരാക്കി.*

**1850-ന് ശേഷം ആരംഭിച്ച രണ്ടാം വ്യാവസായിക വിപ്ലവകാലത്ത് കെമിക്കൽ, ഇലക്ട്രിക്കൽ വ്യാവസായിക രംഗത്ത് വികാസമുണ്ടായി. ഈ കാലഘട്ടത്തിൽ ബ്രിട്ടനെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളിക്കൊണ്ട് ജർമ്മനിയും യു.എസ്.എ യും മുൻനിര വ്യാവസായിക ശക്തികളായി മാറി.*

V5G9U2

ഫ്രാൻസിലെ ജോർജസ് മിഷ്‌ലറ്റ് (Georges Michelet), ജർമനിയിലെ ഫ്രഡറിക് ഏംഗൽസ് (Friedrich Engels) എന്നീ യൂറോപ്യൻ പണ്ഡിതൻമാരാണ് 'വ്യാവസായിക വിപ്ലവം' എന്ന പദം ഉപയോഗിച്ചത്. 1760-നും 1820-നും ഇടയിൽ ബ്രിട്ടീഷ് വ്യാവസായിക രംഗത്തുണ്ടായ മാറ്റങ്ങൾ സൂചിപ്പിക്കുന്നതിനായി, പ്രശസ്ത തത്വചിന്തകനും സാമ്പത്തിക ശാസ്ത്രജ്ഞനുമായ ആർനോൾഡ് ടോയൻബി (Arnold Toynbee, 1852-83) യാണ് ഇംഗ്ലീഷിൽ ഈ പദം ആദ്യമായി ഉപയോഗിച്ചത്. മുകളിൽ പ്രസ്താവിച്ച കാലയളവിലാണ് ജോർജ് മൂന്നാമൻ ഇംഗ്ലണ്ട് ഭരിച്ചിരുന്നത്. ഈ കാലഘട്ടത്തെക്കുറിച്ച് ടോയൻബി ഓക്സ്ഫോർഡ് സർവകലാശാലയിൽ ഒരു പ്രഭാഷണപരമ്പര നടത്തി. അദ്ദേഹത്തിന്റെ അകാല നിര്യാണത്തിന് ശേഷം 1884-ലാണ് ഈ പ്രസംഗങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത്. ഈ പുസ്തകത്തിന്റെ പേര്, *ഇംഗ്ലണ്ടിലെ വ്യാവസായിക വിപ്ലവത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ : പൊതു പ്രഭാഷണങ്ങൾ, കുറിപ്പുകൾ, അപൂർണക്കുറിപ്പുകൾ (Lectures on the Industrial Revolution in England: Popular Addresses, Notes and other Fragments)* എന്നായിരുന്നു.

റ്റി.എസ്. ആഷ്ടൺ (T.S.Ashton), പോൾ മാൻറ്റോക്സ് (Paul Mantoux), എറിക് ഹോബ്സ്ബാം (Eric Hobsbawm) തുടങ്ങിയ പിൽക്കാല ചരിത്രകാരൻമാർ ടോയൻബിയുടെ അഭിപ്രായത്തോട് പൊതുവേ യോജിച്ചു. 1780-കൾ മുതൽ 1820 വരെ പരുത്തി, ഇരുമ്പ് വ്യവസായം, കൽക്കരി ഖനനം, റോഡ്, കനാൽ നിർമ്മാണം, വിദേശ വ്യാപാരം എന്നീ രംഗങ്ങളിൽ ഗണ്യമായ സാമ്പത്തിക പുരോഗതിയുണ്ടായി. ഇംഗ്ലണ്ട് 'യന്ത്രങ്ങളുടെ കുത്തൊഴുക്കിൽ'പ്പെട്ടിരുന്ന കാലത്ത് ആഷ്ടൺ (1889-1968) വ്യാവസായിക വിപ്ലവത്തെ പ്രകീർത്തിച്ചിരുന്നു.

## എന്തുകൊണ്ട് ബ്രിട്ടൻ? (Why Britain?)

ആധുനിക വ്യാവസായികവൽക്കരണം ആദ്യമായി അനുഭവപ്പെട്ടത് ബ്രിട്ടനിലാണ്. ഒരു രാജവാഴ്ചയ്ക്കു കീഴിൽ ഇംഗ്ലണ്ടും വെയ്ൽസും സ്കോട്ട്‌ലൻഡും ഏകീകരിക്കപ്പെട്ടതോടെ പതിനേഴാം നൂറ്റാണ്ടുമുതൽ ബ്രിട്ടൻ രാഷ്ട്രീയ സുസ്ഥിരത കൈവരിച്ചിരുന്നു. ഇതിന്റെ അർഥം ബ്രിട്ടന് പൊതുനിയമങ്ങൾ, ഒരൊറ്റ നാണയ വ്യവസ്ഥ, പ്രാദേശികമായി വിഭജിക്കപ്പെടാത്ത പൊതുകമ്പോളം എന്നിവയുണ്ടായിരുന്നു എന്നാണ്. (പ്രാദേശിക ഭരണാധികാരികളുടെ കീഴിൽ വിഭജിക്കപ്പെടുന്ന കമ്പോളത്തിൽ ഓരോരുത്തരും വെവ്വേറെ നികുതി ഏർപ്പെടുത്തുകയും സാധനവില വർധിപ്പിക്കുകയും ചെയ്യുന്നു.) പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പണം ഒരു പ്രധാന കൈമാറ്റ ഉപാധിയായി വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ഈ സമയമായപ്പോഴേക്കും വലിയൊരു വിഭാഗം തൊഴിലാളികളുടെയും വരുമാനം സാധനങ്ങൾക്ക് പകരം വേതനമായും, ശമ്പളമായും ലഭിക്കാൻ തുടങ്ങിയിരുന്നു. ഇതോടെ ജനങ്ങൾക്ക് അവരുടെ വരുമാനം ചെലവിടാൻ വിവിധ മാർഗങ്ങൾ തെളിഞ്ഞുവന്നു. കൂടാതെ ചരക്കുകളുടെ വിൽപ്പനയ്ക്ക് കമ്പോളം വിപുലീകരിക്കുന്നതിനുമിടയായി.

പിൽക്കാലത്ത് 'കാർഷികവിപ്ലവം' എന്ന് വിശേഷിപ്പിക്കപ്പെട്ട പ്രധാനപ്പെട്ട സാമ്പത്തിക മാറ്റങ്ങളിലൂടെയാണ്, പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ട് കടന്നുപോയത്. വലിയ ഭൂവുടമകൾ തങ്ങളുടെ ഭൂസ്വത്തിന് സമീപത്തുള്ള ചെറിയ കൃഷിഭൂമികൾ വാങ്ങിക്കൂട്ടി. ഗ്രാമങ്ങളിലെ പൊതുയിടങ്ങൾ കൂട്ടിവളച്ചുകെട്ടി വലിയ കൃഷിയിടങ്ങളാക്കി മാറ്റുകയും അതിലൂടെ ഭക്ഷ്യോൽപ്പാദനം വർധിപ്പിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് ഭൂമി നഷ്ടപ്പെട്ട കർഷകരും പൊതുയിടങ്ങളിൽ കാലി മേച്ചു ജീവിച്ചിരുന്ന ജനങ്ങളും തൊഴിലന്വേഷിച്ച് മറ്റിടങ്ങളിലേക്ക് പോകാൻ നിർബന്ധിതരായി. ഭൂരിഭാഗംപേരും അടുത്തുള്ള പട്ടണങ്ങളിലേക്ക് ചേക്കേറി.

> 'ഏതൊരുവൻ പണവും പ്രതാപവും കയ്യാളുന്നുവോ, അവൻ പാവങ്ങളുടെ ഇടം കവരുന്നു; അവന്റെ തടാകങ്ങൾക്കും അവന്റെ പൂങ്കാവനങ്ങളുടെ വിപുലമായ അതിരുകൾക്കും വേണ്ട ഇടങ്ങൾ, അവന്റെ കുതിരയ്ക്കും പരിവാരത്തിനും വേട്ടനായ്ക്കൾക്കുമുള്ള ഇടങ്ങൾ; അവന്റെ അംഗങ്ങളെ ചുറ്റിയിരിക്കുന്ന പട്ടുടയാടകൾ അയൽ നിലങ്ങളിലെ വിളവിൽ പാതിയും കവർന്നിരിക്കുന്നു.
>
> – ഒളിവർ ഗോൾഡ്സ്മിത്ത് (1728-74), *ദി ഡെസേർട്ടഡ് വില്ലേജ്*

## പട്ടണങ്ങൾ, വ്യാപാരം, ധനം (Towns, Trade and Finance)

പതിനെട്ടാം നൂറ്റാണ്ടുമുതൽ യൂറോപ്പിലെ ധാരാളം പട്ടണങ്ങൾ വിസ്തൃതിയിലും ജനസംഖ്യയിലും ഗണ്യമായ വളർച്ച കൈവരിച്ചു. 1750–നും 1800– നും ഇടയ്ക്ക് ജനസംഖ്യ ഇരട്ടിച്ച പത്തൊമ്പതു യൂറോപ്യൻ പട്ടണങ്ങളിൽ പതിനൊന്നും ബ്രിട്ടനിലായിരുന്നു. അതിൽ ഏറ്റവും വലുത് ലണ്ടനായിരുന്നു. രാജ്യത്തെ കമ്പോളങ്ങളുടെ കേന്ദ്രമായിരുന്നു ലണ്ടൻ. മറ്റുള്ള വലിയ പട്ടണങ്ങൾ ലണ്ടനു സമീപത്തായിരുന്നു.

ഇതുകൂടാതെ ലണ്ടൻ ഒരു ആഗോള പ്രാധാന്യവും കൈവരിച്ചിരുന്നു. പതിനെട്ടാം നൂറ്റാണ്ടോടുകൂടി മെഡിറ്ററേനിയൻ തീരത്തുള്ള ഇറ്റലിയിലെയും ഫ്രാൻസിലെയും തുറമുഖങ്ങൾക്ക് ആഗോള വ്യാപാരത്തിന്റെ കേന്ദ്രം എന്ന സ്ഥാനം നഷ്ടമാവുകയും ഹോളണ്ടിലെയും ബ്രിട്ടനിലെയും അറ്റ്ലാന്റിക് തുറമുഖങ്ങൾ ഈ സ്ഥാനം സ്വന്തമാക്കുകയും ചെയ്തു. പിന്നീട് അന്താരാഷ്ട്രവ്യാപാരത്തിന്റെ പ്രധാന വായ്പാകേന്ദ്രം എന്ന ആംസ്റ്റർഡാമിന്റെ സ്ഥാനം ലണ്ടൻ നേടിയെടുത്തു. ഇതുകൂടാതെ ഇംഗ്ലണ്ട്, ആഫ്രിക്ക, വെസ്റ്റിൻഡീസ് എന്നിവയടങ്ങുന്ന ത്രികോണ വ്യാപാര ശൃംഖലയുടെ കേന്ദ്രബിന്ദുവായും ലണ്ടൻ മാറി. അമേരിക്കയിലും ഏഷ്യയിലും വ്യാപാരം നടത്തുന്ന കമ്പനികൾക്കും ലണ്ടനിൽ ഓഫീസുകളുണ്ടായിരുന്നു. ഉള്ളിലേക്ക് കയറിയ ശാന്തമായ ഉൾക്കടൽ, ഇടമുറിഞ്ഞതും സുരക്ഷിതവുമായ കടൽത്തീരം, പരസ്പരം ബന്ധിപ്പിക്കപ്പെട്ട നദികൾ എന്നിവ ഇംഗ്ലണ്ടിലെ കമ്പോളങ്ങൾക്കിടയിലുള്ള ചരക്കുനീക്കം ഏറെ സുഗമമാക്കി. റെയിൽവെയുടെ വ്യാപനത്തിന് മുൻപുവരെ കരമാർഗത്തേക്കാൾ ജലപാതയായിരുന്നു ചെലവ് ചുരുങ്ങിയതും വേഗതയേറിയതുമായ മാർഗം. 1724 ആയപ്പോഴേക്കുതന്നെ ഇംഗ്ലണ്ടിലെ നദികളിലായി

1,160 മൈൽ ജലപാത നിലനിന്നിരുന്നു. പർവത പ്രദേശങ്ങൾ ഒഴിച്ചാൽ രാജ്യത്തിന്റെ മിക്കഭാഗങ്ങളും ഏതെങ്കിലുമൊരു നദിയിൽനിന്ന് 15 മൈലിൽ കുറഞ്ഞ ദൂരത്തിലാണ് സ്ഥിതി ചെയ്തിരുന്നത്. ഈ നദീജലപാതകൾ എല്ലാംതന്നെ കടലിലേക്ക് എത്തിയിരുന്നതിനാൽ അവയിലൂടെ കൊണ്ടുപോകുന്ന ചരക്കുകൾ എളുപ്പത്തിൽ 'കോസ്റ്റേഴ്സ്' എന്നു വിളിക്കുന്ന തീരദേശ കപ്പലുകളിലേക്ക് മാറ്റുവാൻ കഴിയുമായിരുന്നു. 1800–ഓടെ കുറഞ്ഞത് 100,000 നാവികരെങ്കിലും ഇത്തരം കപ്പലുകളിൽ പണിയെടുത്തിരുന്നു.

**പ്രവർത്തനം 1**

ബ്രിട്ടന്റെ വ്യാവസായിക വൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പതിനെട്ടാം നൂറ്റാണ്ടിൽ ബ്രിട്ടനിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലുമുണ്ടായ സംഭവവികാസങ്ങൾ ചർച്ച ചെയ്യുക.

രാജ്യത്തിന്റെ സാമ്പത്തിക സംവിധാനത്തിന്റെ കേന്ദ്രം 1694–ൽ സ്ഥാപിതമായ 'ബാങ്ക് ഓഫ് ഇംഗ്ലണ്ട്' ആയിരുന്നു. 1784–ഓടെ ഇംഗ്ലണ്ടിൽ നൂറിലധികം പ്രവിശ്യാബാങ്കുകൾ നിലവിൽ വന്നു. അടുത്ത പത്തുവർഷംകൊണ്ട് അവയുടെ എണ്ണം മൂന്നിരട്ടിയായി വർധിച്ചു. 1820–കൾ ആയപ്പോൾ ഇംഗ്ലണ്ടിൽ വിവിധ പ്രവിശ്യകളിലായി അറുനൂറിലധികം ബാങ്കുകൾ നിലവിൽ വന്നു. ലണ്ടൻ നഗരത്തിൽ മാത്രം നൂറിലധികം ബാങ്കുകൾ ഉണ്ടായിരുന്നു. വലിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനുമുള്ള സാമ്പത്തികാവശ്യങ്ങൾ ഈ ബാങ്കുകളാണ് നിറവേറ്റിയിരുന്നത്.

മേൽപ്പറഞ്ഞ ഘടകങ്ങൾ 1780–കൾ മുതൽ 1850–കൾ വരെ ഇംഗ്ലണ്ടിൽ നടന്ന വ്യാവസായികവൽക്കരണത്തിന്റെ കാരണങ്ങളെ ഭാഗികമായെങ്കിലും വിശദീകരിക്കുന്നു. പട്ടണങ്ങളിൽ പണിയെടുക്കുന്നതിനായി ദരിദ്രരായ ഗ്രാമവാസികളെ ലഭ്യമായിരുന്നു. വലിയ വ്യവസായശാലകൾ ആരംഭിക്കുന്നതിനാവശ്യമായ പണം വായ്പയായി നൽകാൻ ബാങ്കുകൾക്ക് കഴിഞ്ഞു. മികച്ച ഗതാഗതശൃംഖലയും നിലവിലുണ്ടായിരുന്നു.

ഇവയ്ക്കു പുറമേയുള്ള രണ്ടു പുതിയ ഘടകങ്ങളെക്കുറിച്ചാണ് ഇനി പരാമർശിക്കുന്നത്; ഉൽപ്പാദനം നാടകീയമായിത്തന്നെ വർധിപ്പിച്ച സാങ്കേതികമാറ്റങ്ങളും, റെയിൽവേയുടെ സ്ഥാപനത്തോടെ ലഭ്യമായ പുതിയ ഗതാഗത ശൃംഖലയും. ഇവ രണ്ടിന്റെയും കാലഘട്ടം സശ്രദ്ധം വീക്ഷിച്ചാൽ, ഇവയുടെ ആവിർഭാവവും സാർവത്രിക ഉപയോഗവും തമ്മിൽ ഏതാനും ദശകങ്ങളുടെ ഇടവേളയുണ്ടെന്ന് നമുക്കു കാണാൻ കഴിയും. പുതുതായി കണ്ടുപിടിക്കപ്പെടുന്ന ഒരു സാങ്കേതികവിദ്യ ഉടനടി വ്യവസായ രംഗത്ത് ഉപയോഗിച്ചതായി നാം ധരിക്കരുത്.

പതിനെട്ടാം നൂറ്റാണ്ടിൽ രേഖപ്പെടുത്തപ്പെട്ട 26,000–ത്തോളം കണ്ടുപിടിത്തങ്ങളിൽ പകുതിയിലേറെയും 1782–1800 കാലഘട്ടത്തിലാണ് സംഭവിച്ചത്. ഈ കണ്ടുപിടിത്തങ്ങൾ ധാരാളം മാറ്റങ്ങൾക്ക് വഴിതെളിച്ചു. അവയിൽ പ്രധാനപ്പെട്ട നാലെണ്ണം നമുക്ക് ചർച്ച ചെയ്യാം. ഇരുമ്പു വ്യവസായത്തിൽ വന്ന പരിവർത്തനം, പരുത്തി നൂൽനൂൽപ്പിലും നെയ്ത്തിലും വന്ന മാറ്റം, 'ആവിശക്തി'യുടെ വികാസം, റെയിൽവേയുടെ ആവിർഭാവം എന്നിവയാണ് അവ.



കോൾബ്രൂക്ക്ഡെയ്ൽ : ബ്ലാസ്റ്റ്-ഫർണസും (ഇടത്തും മധ്യത്തിലും) മരക്കരി അടുപ്പുകളും (വലത്) എഫ്. വിവാറസ് (F.Vivares 1758) വരച്ച ചിത്രം

## കൽക്കരിയും ഇരുമ്പും (Coal and Iron)




കോൾബ്രൂക്ക് ഡെയ്ലിനടുത്തുള്ള ഇരുമ്പുപാലം, 1780-ൽ വില്യം വില്യംസ് വരച്ച ചിത്രം.

ഭാഗ്യവശാൽ യന്ത്രവൽക്കരണത്തിനുള്ള മുഖ്യവസ്തുക്കളായ കൽക്കരി, ഇരുമ്പയിര് എന്നിവയും വ്യവസായങ്ങളിൽ ഉപയോഗിച്ചിരുന്ന കറുത്തീയം, ചെമ്പ്, വെളുത്തീയം എന്നീ ധാതുക്കളും ഇംഗ്ലണ്ടിൽ സുലഭമായിരുന്നു. എന്നിരുന്നാലും, പതിനെട്ടാം നൂറ്റാണ്ടുവരെ *ഉപയോഗയോഗ്യമായ ഇരുമ്പിന്* ദൗർലഭ്യമുണ്ടായിരുന്നു. സ്ഫുടമാക്കൽ പ്രക്രിയയിലൂടെ (smelting) അയിരിൽനിന്നു ദ്രവലോഹമായിട്ടാണ് ഇരുമ്പു വേർതിരിച്ചെടുക്കുന്നത്. ഇത്തരത്തിൽ ഇരുമ്പ് ഉരുക്കിയെടുക്കുന്നതിന് നൂറ്റാണ്ടുകളായി ഉപയോഗിച്ചിരുന്നത് മരക്കരിയായിരുന്നു. ഇതിന് നിരവധി പരിമിതികളുണ്ടായിരുന്നു. വിദൂരപ്രദേശങ്ങളിലേക്ക് മരക്കരി എന്ന ഉറപ്പില്ലാത്ത പദാർഥം കൊണ്ടുപോവുക പ്രയാസമായിരുന്നു. മരക്കരിയിലെ മാലിന്യങ്ങൾ കലർന്ന് ഗുണനിലവാരം കുറഞ്ഞ ഇരുമ്പാണ് ലഭിച്ചിരുന്നത്. വിറകിനായി വനങ്ങൾ വെട്ടി നശിപ്പിച്ചതിനാൽ മരക്കരിയുടെ ലഭ്യതക്കുറവ് ഒരു പ്രശ്നമായിരുന്നു. കൂടാതെ മരക്കരിക്ക് ഉയർന്ന താപം ഉൽപ്പാദിപ്പിക്കാൻ കഴിയില്ലെന്ന പോരായ്മയും ഉണ്ടായിരുന്നു.

വർഷങ്ങളോളം നിലനിന്ന ഈ പ്രശ്നത്തിന് ഒടുവിൽ പരിഹാരം കണ്ടുപിടിച്ചത് ഇരുമ്പു പണിയിൽ വിദഗ്ധരായ ഷ്രോപ്ഷെയറിലെ ഡാർബി കുടുംബമാണ്. ഈ കുടുംബത്തിലെ മൂന്നുതലമുറയിലെ അംഗങ്ങൾ - അപ്പൂപ്പൻ, അച്ഛൻ, മകൻ - അരനൂറ്റാണ്ടു കാലയളവിൽ ലോഹസംസ്കരണ വ്യവസായ രംഗത്ത് വിപ്ലവം സൃഷ്ടിച്ചു. മൂവരുടെയും പേര് ഏബ്രഹാം ഡാർബി എന്നായിരുന്നു. 1709 ൽ ഒന്നാമത്തെ എബ്രഹാം ഡാർബി (Abraham Darby, 1677-1717) യായിരുന്നു കണ്ടുപിടിത്തങ്ങൾക്ക് തുടക്കം കുറിച്ചത്. ഒരു ലോഹച്ചൂളയാണ് (blast furnace) അദ്ദേഹം കണ്ടുപിടിച്ചത്. ഈ ചൂളയിൽ മരക്കരിയിൽ നിന്ന് സൾഫറും മാലിന്യങ്ങളും നീക്കം ചെയ്ത് ശുദ്ധീകരിച്ച കൽക്കരിയാണ് (കോക്ക്) ഇന്ധനമായി ഉപയോഗിച്ചത്. 'കോക്കിന്' വളരെ ഉയർന്ന താപം സൃഷ്ടിക്കാൻ കഴിഞ്ഞു. അങ്ങനെ ചൂളകൾ മരക്കരിയെ ആശ്രയിക്കുന്ന രീതി അവസാനിച്ചു. ഈ പുതിയ ചൂളയിൽ ഉരുക്കിയെടുത്ത ഇരുമ്പുകൊണ്ട് കൂടുതൽ ഗുണമേൻമയുള്ള ധാരാളം ഉൽപ്പന്നങ്ങൾ വാർത്തെടുക്കാൻ കഴിഞ്ഞു.

കൂടുതൽ കണ്ടുപിടിത്തങ്ങൾ ഉണ്ടായതോടെ ഈ പ്രക്രിയ കൂടുതൽ മെച്ചപ്പെട്ടു. ഡാർബി രണ്ടാമൻ (1711-68) കാരിരുമ്പിൽ (pig iron) നിന്ന് അത്രയെളുപ്പത്തിൽ പൊട്ടിപ്പോകാത്ത പച്ചിരുമ്പ് (wrought iron) ഉണ്ടാക്കിയെടുത്തു. ഹെൻട്രി കോർട്ട് (1740-1823) മാലിന്യമുക്തമായ ദ്രവയിരുമ്പ് ലഭിക്കുന്ന പുഡ്ലിങ്ങ് ഫർണസും (puddling furnace), റോളിങ്ങ് മില്ലും (rolling mill) കണ്ടുപിടിച്ചു. ആവിശക്തി കൊണ്ടു പ്രവർത്തിച്ചിരുന്ന റോളിംഗ് മിൽ ശുദ്ധീകരിച്ച ഇരുമ്പിനെ ദണ്ഡുകളാക്കി മാറ്റി. അതോടെ ഇരുമ്പിന്റെ പലതരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞു. നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കുന്നതിനും യന്ത്രഭാഗങ്ങൾ ഉണ്ടാക്കുന്നതിനും തടിയെക്കാൾ ഏറെ ഈട് നിൽക്കുന്നു എന്നത് ഇരുമ്പിന് മികവ് നൽകി. പെട്ടെന്ന് കത്തിപ്പോവുകയും മുറിഞ്ഞു പോവുകയും ചെയ്യുന്ന തടിയെക്കാൾ ഇരുമ്പിന്റെ ഭൗതിക-രാസ സ്വഭാവം നിയന്ത്രണവിധേയവുമാണ്. 1770-കളിൽ ജോൺ വിൽക്കിൻസൺ (John Wilkinson, 1728-1808) ആദ്യത്തെ ഇരുമ്പുകസേരകളും ഇരുമ്പുതൊട്ടികളും നിർമ്മിച്ചു. ഈ തൊട്ടികൾ മദ്യ നിർമ്മാണശാലകളിൽ ഉപയോഗിച്ചു. കൂടാതെ എല്ലാ വലുപ്പത്തിലുമുള്ള ഇരുമ്പു പൈപ്പുകളും ഇദ്ദേഹം ഉണ്ടാക്കി. 1779-ൽ ഡാർബി മൂന്നാമൻ (1750-91) ലോകത്തിലെ ആദ്യത്തെ ഇരുമ്പുപാലം നിർമ്മിച്ചു. സെവേൺ (Severn) നദിക്കു കുറുകെ കോൾബ്രൂക്ക്ഡെയ്ലിൽ (Coalbrookdale) നിർമ്മിച്ച പാലമായിരുന്നു അത്*. വിൽക്കിൻസൺ (Wilkinson) ആണ് വാട്ടർ പൈപ്പുകൾ നിർമ്മിക്കാൻ ആദ്യമായി കാസ്റ്റ്

*പിന്നീട് ഈ സ്ഥലം അയൺ ബ്രിഡ്ജ് എന്ന പേരുള്ള ഒരു ഗ്രാമമായി വളർന്നു.




ഭൂപടം 1 : ബ്രിട്ടൻ : ഇരുമ്പ് വ്യവസായം

അയൺ (cast iron) ഉപയോഗിച്ചത്. (പാരീസിൽ ജലവിതരണത്തിന് 40 മൈലുകളിൽ ഈ പൈപ്പ് ഉപയോഗിച്ചിട്ടുണ്ട്).

ഇരുമ്പു വ്യവസായം, തുടർന്ന് ചില പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് വളരാൻ തുടങ്ങി. കൽക്കരി ഖനനത്തിന്റെയും ഇരുമ്പുരുക്കലിന്റെയും സംയുക്ത മേഖലകളായി ഇവ പ്രവർത്തിച്ചു. ഒരേതടത്തിൽ അഥവാ ഒരേ സ്ഥലത്ത് മികച്ച കൽക്കരിയും മുന്തിയ ഇനം ഇരുമ്പും ലഭ്യമായത്, ബ്രിട്ടന്റെ ഭാഗ്യമായിരുന്നു. ഇത്തരം കേന്ദ്രങ്ങൾ തുറമുഖങ്ങൾക്ക് സമീപവുമായിരുന്നു. തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കപ്പലിലേക്ക് എത്തിക്കാൻ കഴിയുന്ന അഞ്ചു കടലോര കൽക്കരിപ്പാടങ്ങൾ ബ്രിട്ടനുണ്ടായിരുന്നു. കടലോര കൽക്കരിപ്പാടങ്ങൾ കപ്പൽ നിർമ്മാണത്തെയും കപ്പൽ വ്യാപാരത്തെയും ത്വരിതപ്പെടുത്തി.

1800-നും 1830-നുമിടയിൽ ബ്രിട്ടീഷ് ഇരുമ്പ് വ്യവസായം അതിന്റെ ഉൽപ്പാദനം നാലുമടങ്ങ് വർധിപ്പിച്ചു. ബ്രിട്ടീഷ് ഉൽപ്പന്നങ്ങളായിരുന്നു യൂറോപ്പിൽ ഏറ്റവും വിലക്കുറവുണ്ടായിരുന്നത്. 1820-ൽ ഒരു ടൺ കാരിരുമ്പുണ്ടാക്കാൻ എട്ടു ടൺ കൽക്കരി വേണമായിരുന്നു. എന്നാൽ 1850 ആയപ്പോഴേക്കും ഇതിന് രണ്ടുടൺ കൽക്കരി മാത്രംമതി എന്നുവന്നു. 1848-ൽ ലോകത്തെ ഇതരഭാഗങ്ങളിലെ ആകെ ഇരുമ്പുൽപ്പാദനത്തെക്കാളേറെ ബ്രിട്ടനിൽ ഉൽപ്പാദിപ്പിച്ചിരുന്നു.

**പ്രവർത്തനം 2**

അയൺ ബ്രിഡ്ജ് ഗോർജ് ഇന്ന് ഒരു പ്രധാന 'പൈതൃക കേന്ദ്ര'മാണ്. എന്തുകൊണ്ടെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ?


## പരുത്തിനൂൽനൂൽപ്പും നെയ്ത്തും (Cotton Spinning and Weaving)

ബ്രിട്ടീഷുകാർ എല്ലായ്പ്പോഴും വസ്ത്രങ്ങൾ നെയ്തിരുന്നത് കമ്പിളിയിൽനിന്നും ചണത്തിൽ നിന്നുമായിരുന്നു (ലിനൻ ഉണ്ടാക്കാൻ). പതിനേഴാം നൂറ്റാണ്ട് മുതൽ ബ്രിട്ടൻ ഇന്ത്യയിൽനിന്ന് ഉയർന്ന വിലയ്ക്ക് പരുത്തിത്തുണികൾ വൻതോതിൽ ഇറക്കുമതി ചെയ്തുകൊണ്ടിരുന്നു. ഇന്ത്യയിൽ ഈസ്റ്റിന്ത്യാ കമ്പനി രാഷ്ട്രീയാധിപത്യം ഉറപ്പിച്ചതോടെ പരുത്തിത്തുണിക്കൊപ്പം അസംസ്കൃത പരുത്തിയും ഇറക്കുമതി ചെയ്യാൻ തുടങ്ങി. ഇങ്ങനെ ഇറക്കുമതി ചെയ്യുന്ന അസംസ്കൃത പരുത്തി ഇംഗ്ലണ്ടിലെ നെയ്ത്തുശാലകളിൽ തുണിയായി നെയ്തെടുത്തു.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യകാലം വരെ നൂൽനൂൽപ്പ് വളരെ മന്ദഗതിയിലും കഠിനപരിശ്രമം ആവശ്യമുള്ളതുമായിരുന്നു. സ്ത്രീകളാണ് ഈ ജോലിയിൽ കൂടുതലും ഏർപ്പെട്ടിരുന്നത്. (അതിനാലാണ് 'spinster' (അവിവാഹിത) എന്ന വാക്കുണ്ടായത്) പത്ത് നൂൽനൂൽപ്പുകാർ കഠിനാധ്വാനം ചെയ്താലാണ് ഒരു നെയ്ത്തുകാരന് ആവശ്യമുള്ളത്ര നൂലുണ്ടാക്കാൻ കഴിഞ്ഞിരുന്നത്. അതിനാൽ നൂൽനൂൽപ്പുകാർക്ക് ദിനംമുഴുവൻ പണിയെടുക്കേണ്ടതായും നെയ്ത്തുകാർക്ക് നൂലിനുവേണ്ടി വെറുതെ കാത്തിരിക്കേണ്ടതായും വന്നു. എന്നാൽ സാങ്കേതിക രംഗത്തുണ്ടായ തുടർച്ചയായ കണ്ടുപിടിത്തങ്ങൾ നൂൽനൂൽപ്പുകാരുടെയും നെയ്ത്തുകാരുടെയും ജോലികളുടെ വേഗതകൾ തമ്മിലുള്ള വിടവിന്റെ അകലം കുറയ്ക്കുന്നതിന് കാരണമായി. ഈ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദനം നൂൽനൂൽപ്പുകാരുടെയും നെയ്ത്തുകാരുടെയും ഭവനങ്ങളിൽ നിന്ന് ക്രമേണ ഫാക്ടറികളിലേക്ക് മാറ്റപ്പെട്ടു.

1780-കൾ മുതൽ ബ്രിട്ടീഷ് വ്യാവസായികവൽക്കരണത്തിന്റെ പ്രതീകമായി നിലകൊണ്ടത് പലതരത്തിലും പരുത്തി വ്യവസായമായിരുന്നു. മറ്റുവ്യവസായങ്ങൾക്കെന്നപോലെ ഇതിനും രണ്ടു സവിശേഷതകൾ ഉണ്ടായിരുന്നു.

അസംസ്കൃത പരുത്തി ഏകദേശം പൂർണമായും ഇറക്കുമതി ചെയ്യേണ്ടി വന്നിരുന്നു. ഉൽപ്പന്നങ്ങളുടെ ഭൂരിഭാഗവും കയറ്റുമതി ചെയ്യുകയും ചെയ്തു. ഇത് കോളനിവൽക്കരണ പ്രക്രിയയെ ദീർഘകാലം നിലനിർത്തി. അതുകൊണ്ട് തന്നെ ബ്രിട്ടന് അസംസ്കൃത പരുത്തിയിൻമേലും കമ്പോളങ്ങൾക്കുമേലും നിയന്ത്രണം തുടരാനും സാധിച്ചു.



*പഞ്ഞി അമർത്തി കെട്ടുകളാക്കുന്ന യന്ത്രം. മനുഷ്യാധ്വാനം (ചിത്രത്തിൽ സ്ത്രീശക്തി) കൊണ്ട് പ്രവർത്തിപ്പിക്കുന്നു.*

പരുത്തി വ്യവസായം വലിയൊരളവുവരെ ഫാക്ടറികളിലെ സ്ത്രീകളുടെയും കുട്ടികളുടെയും അധ്വാനശേഷിയെ ആശ്രയിച്ചാണ് നിലനിന്നിരുന്നത്. ആദ്യകാല വ്യാവസായിക വിപ്ലവത്തിന്റെ വികൃതമുഖത്തെ താഴെ വിവരിക്കുന്നതുപോലെ ഇത് ദൃഷ്ടാന്തീകരിക്കുന്നു.

[redacted]

[redacted]

ഭൂപടം 2
ബ്രിട്ടൻ : പരുത്തിത്തുണി വ്യവസായം




## ആവിശക്തി (Steam Power)

ആവിയിൽനിന്ന് ശക്തിയേറിയ ഊർജം ഉൽപ്പാദിപ്പിക്കാൻ കഴിയും എന്ന തിരിച്ചറിവ് വൻകിട വ്യാവസായികവൽക്കരണത്തെ സംബന്ധിച്ച് നിർണായകമായിരുന്നു. നൂറ്റാണ്ടുകളോളം ജലശക്തിയായിരുന്നു ഊർജത്തിന്റെ പ്രധാന ഉറവിടം. എന്നാൽ ഈ ഊർജം ചില മേഖലകളിലും കാലങ്ങളിലും ജലത്തിന്റെ ഒഴുക്കനുസരിച്ചും പരിമിതപ്പെട്ടിരുന്നു. ഇപ്പോൾ അത് വ്യത്യസ്തരീതിയിൽ ഉപയോഗിക്കപ്പെടുവാൻ തുടങ്ങി. ആവിശക്തി ഉയർന്ന ഊഷ്മാവിലുള്ള മർദം നൽകുന്നു. ഇതുപയോഗിച്ച് യന്ത്രങ്ങളുടെ ഒരു വലിയ ശ്രേണി തന്നെ പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞു. യന്ത്രങ്ങൾ തന്നെ നിർമ്മിക്കുവാൻ ആശ്രയിക്കാവുന്നതും ചെലവുകുറഞ്ഞതുമായ ഒരേയൊരു ഊർജ ഉറവിടം ആവിശക്തിയാണെന്ന് വന്നു.


ഖനനവ്യവസായത്തിലാണ് ആവിശക്തി ആദ്യമായി ഉപയോഗിക്കപ്പെട്ടത്. കൽക്കരിയുടെയും ലോഹങ്ങളുടെയും ആവശ്യം വർധിച്ചതോടെ കൂടുതൽ ആഴമുള്ള ഖനികളിൽ നിന്ന് അവ കുഴിച്ചെടുക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂടി. ഖനികളിലുണ്ടാകുന്ന വെള്ളപ്പൊക്കം ഒരു പ്രധാന പ്രശ്നമായിരുന്നു. തോമസ് സാവെറി (Thomas Savery, 1650-1715) 1698-ൽ ഖനികളിലെ വെള്ളം വറ്റിക്കുന്നതിനായി മൈനേഴ്സ് ഫ്രണ്ട് (Miner's Friend) എന്ന പേരിൽ ഒരു മാതൃകാ ആവിയന്ത്രം വികസിപ്പിച്ചു. എന്നാൽ ഈ യന്ത്രം ആഴം കുറഞ്ഞ ഖനികളിൽ മാത്രമേ ഉപയോഗിക്കാൻ കഴിയുമായിരുന്നുള്ളൂ. അതു വളരെ സാവധാനമാണ് പ്രവർത്തിച്ചിരുന്നതും. കൂടാതെ മർദം വർധിച്ച് ബോയ്ലർ പൊട്ടിത്തെറിക്കുന്നത് ഇതിന്റെ ഒരു പോരായ്മയായിരുന്നു.

1712-ൽ തോമസ് ന്യൂകോമൻ (Thomas Newcomen, 1663-1729) മറ്റൊരു ആവിയന്ത്രം നിർമ്മിച്ചു. സാന്ദ്രീകരണ സിലിണ്ടറിന്റെ നിരന്തര ശീതീകരണം മൂലം വലിയ ഊർജനഷ്ടം ഉണ്ടാകുന്നു എന്നതായിരുന്നു ഇതിന്റെ പ്രധാന പോരായ്മ.

1769- ൽ ജെയിംസ് വാട്ട് (James Watt, 1736-1819) തന്റെ യന്ത്രം വികസിപ്പിച്ചെടുക്കുന്നതു വരെ ആവിയന്ത്രങ്ങൾ കൽക്കരി ഖനികളിൽ മാത്രമാണ് ഉപയോഗിച്ചിരുന്നത്. വാട്ടിന്റെ കണ്ടുപിടിത്തത്തോടെ വെറുമൊരു പമ്പ് എന്ന നിലയിൽ നിന്നും ആവിയന്ത്രം ഫാക്ടറികളിലെ യന്ത്രങ്ങൾക്കാവശ്യമായ ഊർജം നൽകുന്ന 'മുഖ്യ ചാലകശക്തി' (prime mover) എന്നനിലയിലേക്ക് മാറ്റപ്പെട്ടു. 1775-ൽ മാത്യു ബോൾട്ടൺ (Matthew Boulton, 1728-1809) എന്ന ധനികനായ ഉൽപ്പാദകന്റെ പിന്തുണയോടെ വാട്ട് ബർമ്മിങ് ഹാമിലെ സോഹോയിൽ ലോഹവാർപ്പുശാല സ്ഥാപിച്ചു. ഈ ലോഹവാർപ്പുശാലയിൽ നിന്ന് വാട്ടിന്റെ ആവിയന്ത്രം ധാരാളമായി നിർമ്മിച്ചു നൽകി. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ജലശക്തിക്ക് പകരം വാട്ടിന്റെ ആവിയന്ത്രം പൂർണമായ തോതിൽ ഉപയോഗിക്കാൻ തുടങ്ങി.

1800-ന് ശേഷം ആവിയന്ത്ര സാങ്കേതികവിദ്യ കൂടുതൽ വികസിപ്പിക്കപ്പെട്ടു. ഭാരം കുറഞ്ഞതും, എന്നാൽ ശക്തിയേറിയതുമായ ലോഹങ്ങളുടെ ഉപയോഗം, കൂടുതൽ കൃത്യതയുള്ള യന്ത്രോപകരണങ്ങളുടെ നിർമ്മിതി, ശാസ്ത്രീയമായ അറിവിന്റെ വികാസം എന്നിവയാണ് ഇതിനു കാരണം. 1840-ൽ യൂറോപ്പിലാകെ ഉപയോഗിച്ച ഊർജത്തിന്റെ 70 ശതമാനവും ബ്രിട്ടനിലെ ആവിയന്ത്രങ്ങളാണ് ഉൽപ്പാദിപ്പിച്ചിരുന്നത്.

വാട്ടിന്റെ കണ്ടുപിടിത്തങ്ങൾ ആവിയന്ത്രത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. രേഖകൾ പകർത്തുന്നതിന് അദ്ദേഹം ഒരു രാസപ്രക്രിയ കണ്ടുപിടിച്ചു. യാന്ത്രികോർജത്തെ, മുൻകാലങ്ങളിൽ സാർവത്രികമായി അംഗീകരിക്കപ്പെട്ട ഊർജ ഉറവിടമായ കുതിരയുമായി താരതമ്യപ്പെടുത്തിക്കൊണ്ട് പുതിയൊരു അളവ് ഏകകവും അദ്ദേഹം കണ്ടുപിടിച്ചു. വാട്ടിന്റെ ഈ അളവ് ഏകകമായ കുതിരശക്തി (horsepower) എന്നത് ഒരു മിനിട്ടിൽ ഒരു കുതിരയ്ക്ക് ഒരടി ഉയർത്താവുന്ന 33,000 പൗണ്ടിന് (14,969 കി.ഗ്രാമിന്) തുല്യമായിരുന്നു. യാന്ത്രികോർജത്തിന്റെ സൂചികയായി ഇന്നും കുതിരശക്തി സാർവത്രികമായി നിലനിൽക്കുന്നു.



*ലോഹങ്ങൾ പൊടിക്കുന്നതിനുള്ള ചക്രം തിരിക്കാൻ കുതിരകളെ ഉപയോഗിക്കുന്നു. ആവിശക്തിയുടെ ഉപയോഗം മനുഷ്യാധ്വാനത്തിലും കുതിരയുടെ അധ്വാനത്തിലുമുള്ള ആശ്രയത്വം ഗണ്യമായി കുറച്ചു.*

## കനാലുകളും റെയിൽവേയും (Canals and Railways)

നഗരങ്ങളിലേക്ക് കൽക്കരി കൊണ്ടുപോകുന്നതിനായിരുന്നു കനാലുകൾ ആദ്യം നിർമ്മിക്കപ്പെട്ടത്. കൽക്കരിയുടെ ബാഹുല്യവും ഭാരവും മൂലം അത് റോഡുമാർഗം കൊണ്ടുപോകുന്നത് വളരെ കാലതാമസവും കൂടുതൽ പണച്ചെലവും വരുത്തി. അതിനാലാണിത് ചങ്ങാടങ്ങളിൽ കനാൽമാർഗം കൊണ്ടുപോയിരുന്നത്. വ്യാവസായിക ഇന്ധനം എന്നനിലയിലും, നഗരങ്ങളിലെ വീടുകളിലെ വെളിച്ചത്തിന്റെയും ചൂടിന്റെയും ഉറവിടം എന്ന നിലയിലും കൽക്കരിയുടെ ആവശ്യകത വർധിച്ചുവന്നു. 1761-ൽ ജെയിംസ് ബ്രിൻഡ്‌ലി (James Brindley, 1716-72) ആദ്യത്തെ ഇംഗ്ലീഷ് കനാലായ വഴ്സ്‌ലി കനാൽ (Worsley Canal) നിർമ്മിച്ചു. ഇതിന്റെ പ്രധാനലക്ഷ്യം മാഞ്ചസ്റ്ററിനടുത്തുള്ള വഴ്സ്‌ലിയിലെ കൽക്കരിപ്പാടങ്ങളിൽ നിന്നുള്ള കൽക്കരി ആ നഗരത്തിലേക്ക് എത്തിക്കുക എന്നത് മാത്രമായിരുന്നു. കനാലിന്റെ പണി പൂർത്തിയായതോടെ കൽക്കരിയുടെ വില പകുതിയായി കുറഞ്ഞു.

തങ്ങളുടെ ഭൂമിയിലെ ഖനികൾ, പാറമടകൾ, വനങ്ങൾ എന്നിവയുടെ മൂല്യം വർധിപ്പിക്കുന്നതിന് വേണ്ടി വൻ ഭൂവുടമകളാണ് സാധാരണയായി കനാലുകൾ നിർമ്മിച്ചിരുന്നത്. കനാലുകളുടെ സംഗമം പുതിയ പട്ടണങ്ങളിൽ കച്ചവടകേന്ദ്രങ്ങൾ സൃഷ്ടിച്ചു. ഉദാഹരണ



*വഴ്സ്‌ലി കനാൽ*

ത്തിന്, ബ്രിസ്റ്റൽ തോട്, മെഴ്സി, ഹംബർ നദികൾ എന്നിവയെയും ലണ്ടനെയും ബന്ധിപ്പിക്കുന്ന കനാൽ സംവിധാനത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നതിനാലാണ് ബർമ്മിങ്ഹാം നഗരം ഇത്രയധികം ഉയർച്ച പ്രാപിച്ചത്. 1760–നും 1790–നും ഇടയിൽ 25 പുതിയ കനാൽ നിർമ്മാണ പദ്ധതികൾ ആരംഭിച്ചു. 'കനാൽ മാനിയ' എന്നറിയപ്പെട്ട 1788 മുതൽ 1796 വരെയുള്ള കാലഘട്ടത്തിൽ 46 പുതിയ കനാൽ പദ്ധതികൾ ആരംഭിച്ചു. അടുത്ത 60 വർഷം കൊണ്ട് നാലായിരം മൈലിലധികം കനാലുകൾ നിർമ്മിക്കപ്പെട്ടു.

1814–ൽ ആവിശക്തി കൊണ്ടു പ്രവർത്തിക്കുന്ന 'സ്റ്റീഫൻസൺസ് റോക്കറ്റ്' (Stephenson's Rocket) എന്ന ആദ്യ തീവണ്ടി എഞ്ചിൻ പുറത്തിറങ്ങി. വർഷത്തിലുടനീളം പ്രവർത്തനക്ഷമമായതും യാത്രക്കാരെയും വസ്തുക്കളെയും കുറഞ്ഞ ചെലവിലും കൂടിയ വേഗത്തിലും കൊണ്ടുപോകുന്നതിനുള്ള ഒരു പുതിയ ഉപാധിയായി റെയിൽവേ ഉയർന്നു വന്നു. രണ്ട് കണ്ടുപിടിത്തങ്ങൾ റെയിൽവേയുടെ പുരോഗതിക്കായി സംയോജിപ്പിക്കപ്പെട്ടു. 1760–കളിൽ തടിപ്പാളത്തിന് പകരം ഇരുമ്പുപാളങ്ങൾ നിലവിൽ വന്നു. ആവിയന്ത്രം നിലവിൽ വന്നതോടെ ഭാരം വലിക്കുന്നതിനുള്ള എഞ്ചിന്റെ കരുത്തും വർധിച്ചു.

റെയിൽവേയുടെ കണ്ടുപിടിത്തം വ്യാവസായികവൽക്കരണ പ്രക്രിയയെ രണ്ടാം ഘട്ടത്തിലേക്ക് നയിച്ചു. 1801–ൽ റിച്ചാർഡ് ട്രെവിത്തിക് (Richard Trevithick,1771-1833) 'പഫിംഗ് ഡെവിൾ' (Puffing Devil) എന്ന എഞ്ചിൻ കണ്ടുപിടിച്ചു. കോൺവാളിൽ (Cornwall) അദ്ദേഹം പണിയെടുത്തിരുന്ന ഖനിക്ക് ചുറ്റും ചരക്കുവണ്ടികൾ വലിച്ചുകൊണ്ടുപോകുന്നതിന് ഈ എഞ്ചിൻ ഉപയോഗിച്ചു. 1814–ൽ റെയിൽവേ എഞ്ചിനീയറായിരുന്ന ജോർജ് സ്റ്റീഫൻസൺ (George Stephenson, 1781-1848] 'ദി ബ്ലച്ചർ' (The Blutcher) എന്ന തീവണ്ടി എഞ്ചിൻ കണ്ടുപിടിച്ചു. ഇതിന് 30 ടൺ ഭാരം മണിക്കൂറിൽ നാല് മൈൽ വേഗത്തിൽ കുന്നിൻമുകളിലേക്ക് വലിച്ചുകയറ്റാൻ കഴിവുണ്ടായിരുന്നു.1825–ൽ സ്റ്റോക്ടൺ (Stockton), ഡാർലിംഗ്ടൺ (Darlington) എന്നീ നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ആദ്യത്തെ റെയിൽവേപ്പാത നിലവിൽ വന്നു. 9 മൈൽ നീളം വരുന്ന ഈ പാതയിൽ 2 മണിക്കൂർ സമയം കൊണ്ട് എഞ്ചിൻ ഓടിയെത്തി. മണിക്കൂറിൽ 24 കി.മീ. (15 mph) വരെ വേഗത കൈവരിക്കാൻ ഈ എഞ്ചിനു കഴിയുമായിരുന്നു. 1830–ൽ ലിവർപൂളിനെയും മാഞ്ചസ്റ്ററിനെയും ബന്ധിപ്പിച്ചുകൊണ്ട് അടുത്ത റെയിൽവേപ്പാത നിലവിൽ വന്നു. അടുത്ത ഇരുപതു വർഷങ്ങൾക്കുള്ളിൽ, മണിക്കൂറിൽ 30 മുതൽ 50 വരെ മൈൽ വേഗത സാധാരണയായി മാറി.

1830–കളിൽ കനാലുകളുടെ ഉപയോഗം നിരവധി പ്രശ്നങ്ങൾ വെളിവാക്കി. ജലയാനങ്ങളുടെ ബാഹുല്യംമൂലം ചിലയിടങ്ങളിൽ ഗതാഗതത്തിന്റെ വേഗത കുറഞ്ഞു. മഞ്ഞും വെള്ളപ്പൊക്കവും വരൾച്ചയുമെല്ലാം ജലഗതാഗതത്തെ ചില സമയത്തേക്ക് മാത്രമായി പരിമിതപ്പെടുത്തി. ഈ സമയത്താണ് റെയിൽവേ സൗകര്യപ്രദമായ ഒരു ബദലായി രൂപപ്പെടുന്നത്. 1830–നും 1850–നുമിടയിൽ ഏകദേശം ആറായിരം മൈൽ റെയിൽവേപ്പാതകൾ ബ്രിട്ടനിൽ ഗതാഗതയോഗ്യമായി. റെയിൽവേ വികസനത്തിന്റെ സിംഹഭാഗവും രണ്ടു ഘട്ടങ്ങളിലായാണ് നടന്നത്. 'ലിറ്റിൽ റെയിൽവേ മാനിയ' (little railway mania) യുടെ കാലത്ത് (1833–37) 1400 മൈൽ റെയിൽവേ ലൈനുകൾ നിർമ്മിക്കപ്പെട്ടു. 'ബിഗർ മാനിയ' (bigger mania) കാലഘട്ടത്തിൽ (1844 - 47) 9500 മൈൽ റെയിൽപ്പാതയും അനുവദിക്കപ്പെട്ടു. വലിയതോതിൽ കൽക്കരിയും ഇരുമ്പും റെയിൽവേയിൽ ഉപയോഗിക്കപ്പെട്ടു. ധാരാളം തൊഴിലാളികൾ ഇതിൽ പണിയെടുത്തു. റെയിൽവേയുടെ വികാസം പൊതുമരാമത്ത് വ്യവസായത്തെയും നിർമ്മാണ പ്രവർത്തനങ്ങളെയും ത്വരിതപ്പെടുത്തി. 1850–ഓടെ ഇംഗ്ലണ്ടിന്റെ ഭൂരിഭാഗം പ്രദേശങ്ങളും റെയിൽവേപ്പാതകളാൽ ബന്ധിപ്പിക്കപ്പെട്ടു.

## കണ്ടുപിടിച്ചവർ ആരായിരുന്നു? (Who were the inventors?)

ഇത്തരം മാറ്റങ്ങളുടെ പിന്നിൽ പ്രവർത്തിച്ച വ്യക്തികളെക്കുറിച്ച് അന്വേഷിക്കുന്നത് കൗതുകകരമാണ്. അവരിൽ പരിശീലനം സിദ്ധിച്ച ശാസ്ത്രജ്ഞന്മാർ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടം വരെയും, മുകളിൽ വിവരിച്ച സാങ്കേതിക കണ്ടുപിടിത്തങ്ങൾക്ക് ശേഷവും, ഭൗതിക ശാസ്ത്രം, രസതന്ത്രം എന്നീ അടിസ്ഥാന ശാസ്ത്രങ്ങളിലുള്ള വിദ്യാഭ്യാസം അങ്ങേയറ്റം പരിമിതമായിരുന്നു. ഈ കണ്ടുപിടിത്തങ്ങൾക്ക് പിന്നിൽ ഭൗതികശാസ്ത്രത്തിന്റെയോ, രസതന്ത്രത്തിന്റെയോ നിയമങ്ങളെക്കുറിച്ചുള്ള പരിപൂർണമായ അറിവായിരുന്നില്ല. നല്ല അവബോധമുള്ള ചിന്തകരും, നിരന്തര പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നവരുമാണ് ഈ മുന്നേറ്റങ്ങൾക്ക് പിന്നിൽ. മറ്റ് യൂറോപ്യൻ രാജ്യങ്ങളിലില്ലാത്ത ചില അനുകൂലമായ സാഹചര്യങ്ങൾ അവർക്ക് ഇംഗ്ലണ്ടിൽ ലഭ്യമായിരുന്നു. 1760–നും 1800–നും ഇടയിൽ ശാസ്ത്ര സംഘങ്ങൾ (scientific societies) പ്രസിദ്ധീകരിച്ച ഡസൻ കണക്കിന് ശാസ്ത്ര ആനുകാലികങ്ങളും, പ്രബന്ധങ്ങളും ഇംഗ്ലണ്ടിൽ ലഭ്യമായിരുന്നു. അക്കാലത്ത് ചെറു നഗരങ്ങളിലെ ജനങ്ങൾക്കിടയിൽ പോലും അറിവിനു വേണ്ടിയുള്ള തീവ്രവും വ്യാപകവുമായ ദാഹമുണ്ടായിരുന്നു. 1754–ൽ സ്ഥാപിതമായ സൊസൈറ്റി ഓഫ് ആർട്ട്സിന്റെ പ്രവർത്തനങ്ങളിലൂടെയും, യാത്രികരായ അധ്യാപകരിലൂടെയും, പതിനെട്ടാം നൂറ്റാണ്ടിൽ വ്യാപകമായി ഉയർന്നു വന്ന 'കോഫി ഹൗസു'കളിലൂടെയുമാണ് ഈ വിജ്ഞാനദാഹം ശമിപ്പിച്ചത്.

ശാസ്ത്രീയമായ അറിവുകളുടെ പ്രയോഗത്തെക്കാൾ മിക്ക കണ്ടുപിടിത്തങ്ങളുടെയും പിന്നിൽ പ്രവർത്തിച്ചിരുന്നത് നിശ്ചയദാർഢ്യവും താൽപ്പര്യവും ജിജ്ഞാസയും ചില അവസരങ്ങളിൽ ഭാഗ്യവുമായിരുന്നു. പരുത്തി വ്യവസായത്തിലെ ചില കണ്ടുപിടിത്തങ്ങൾ നടത്തിയ ജോൺ കേയും, ജെയിംസ് ഹാർഗ്രീവ്സും നെയ്ത്തിലും ആശാരിപ്പണിയിലും പരിചയസമ്പത്തുള്ളവരായിരുന്നു. അതേസമയം, റിച്ചാർഡ് ആർക്ക്റൈറ്റ് ഒരു ക്ഷുരകനും, വിഗ് നിർമ്മാതാവുമായിരുന്നു. ഒരു സാങ്കേതിക പരിജ്ഞാനവും ഇല്ലാത്ത ആളായിരുന്നു സാമുവൽ ക്രോംപ്ടൺ. യന്ത്രശാസ്ത്രത്തെക്കുറിച്ച് ഒരു ഗ്രാഹ്യവുമില്ലാത്ത എഡ്മണ്ട് കാർട്ട്റൈറ്റ് സാഹിത്യവും, വൈദ്യശാസ്ത്രവും, കൃഷിയുമാണ് പഠിച്ചത്. പുരോഹിതനാകാനാണ് തുടക്കത്തിൽ അദ്ദേഹം ആഗ്രഹിച്ചത്.

ആവിയന്ത്രത്തിന്റെ മേഖലയിൽ പ്രവർത്തിച്ചിരുന്നവർ ഇതിൽനിന്ന് വ്യത്യസ്തമായിരുന്നു. തോമസ് സാവെറി ഒരു സൈനികോദ്യോഗസ്ഥനായിരുന്നു. തോമസ് ന്യൂകോമനാകട്ടെ കൊല്ലപ്പണിക്കാരനും, താഴ് (പൂട്ട്) നിർമ്മാതാവുമായിരുന്നു. അതുപോലെ ജെയിംസ് വാട്ട് യന്ത്രനിർമ്മാണത്തിൽ അതീവ തൽപ്പരനായിരുന്നു. ഇവർക്കെല്ലാം തങ്ങളുടെ കണ്ടുപിടിത്തങ്ങളുടെ മേഖലയിൽ പ്രസക്തമായ അറിവുള്ളവരായിരുന്നു. റോഡുകൾക്കായി ഉപരിതലങ്ങൾ സർവ്വേ ചെയ്ത്, ആസൂത്രണം നടത്തിയ ജോൺ മെറ്റ്കാഫ് എന്ന റോഡ് നിർമ്മാതാവ് അന്ധനായിരുന്നു. കനാൽ നിർമ്മാതാവായ ജെയിംസ് ബ്രിൻഡ്ലി ഏതാണ്ട് നിരക്ഷരനായിരുന്നു. 'നാവിഗേഷൻ' (navigataion) എന്ന പദത്തിന്റെ സ്പെല്ലിംഗ് (ലിപി വിന്യാസം) ഒരിക്കൽപോലും ശരിയായി എഴുതാനറിയാത്ത അദ്ദേഹത്തിന് അതിശയിപ്പിക്കുന്ന ഓർമ്മശക്തിയും ഭാവനാശേഷിയും ഏകാഗ്രതയും ഉണ്ടായിരുന്നു.

## മാറിയ ജീവിതങ്ങൾ (Changed Lives)

ഈ കാലഘട്ടത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ പ്രതിഭയുള്ള വ്യക്തികൾക്ക് സാധിക്കുമായിരുന്നു. അതുപോലെതന്നെ, ലാഭംനേടാം എന്നും തങ്ങളുടെ പണം 'ഇരട്ടിക്കും' എന്നുമുള്ള പ്രത്യാശയോടെ, നഷ്ടസാധ്യതകൾ നോക്കാതെ വ്യവസായങ്ങളിൽ പണം നിക്ഷേപിച്ച സമ്പന്നരായ വ്യക്തികളുമുണ്ടായിരുന്നു. മിക്ക സംഭവങ്ങളിലും ഈ പണം – മൂലധനം – വർധിക്കുകയും ചെയ്തു. സാധനങ്ങൾ, വരുമാനങ്ങൾ, സേവനങ്ങൾ, അറിവ്, ഉൽപ്പാദനക്ഷമത എന്നീ രൂപങ്ങളിൽ സമ്പത്ത് നാടകീയമായി വർധിച്ചു. അവിടെ, അതേസമയം, മനുഷ്യജീവിതത്തിന് വലിയ വിലകൊടുക്കേണ്ടിയും വന്നു. തകർന്ന കുടുംബങ്ങൾ, പുതിയ വിലാസങ്ങൾ, നിലവാരമില്ലാത്ത നഗരങ്ങൾ, ഫാക്ടറികളിലെ ഭീതിപ്പെടുത്തുന്ന തൊഴിൽ സാഹചര്യങ്ങൾ തുടങ്ങിയ അവസ്ഥകളിൽനിന്ന് ഇതു വ്യക്തമാണ്. 1750–ൽ ഇംഗ്ലണ്ടിൽ 50,000–ൽ അധികം ജനസംഖ്യയുള്ള




*ഇടത്ത് ആദ്യം : കോൾബ്രൂക്ഡേലിലെ കാർപെന്റേഴ്സ് റോ, 1783-ൽ കമ്പനിത്തൊഴി ലാളികൾക്കായി നിർമ്മിച്ച കുടിലുകൾ.*
*ഇടത്ത് : ഡർബിമാരുടെ വീടുകൾ : 1835-ൽ വില്യം വെസ്റ്റ്വുഡ് വരച്ച ചിത്രം.*

രണ്ടു നഗരങ്ങളാണുണ്ടായിരുന്നത്. 1850-ൽ ഇത് 29 ആയി വർധിച്ചു. വളർച്ചയുടെ ഈ വേഗത പക്ഷേ, നഗരജനതയുടെ ജീവിത സൗകര്യങ്ങളുമായി പൊരുത്തപ്പെട്ടില്ല. ദ്രുതഗതിയിൽ വളരുന്ന നഗരജനസംഖ്യക്കാവശ്യമായ വസതികളോ, ശുചീകരണ പ്രവർത്തനമോ, ശുദ്ധജലമോ പ്രദാനം ചെയ്യാൻ സാധിച്ചില്ല. പുതുതായി നഗരങ്ങളിൽ എത്തിയവർ ഫാക്ടറികൾക്കു സമീപമുള്ള പട്ടണങ്ങളുടെ പ്രധാന പ്രദേശങ്ങളിലെ തിങ്ങി നിറഞ്ഞ ചേരികളിൽ ജീവിക്കുവാൻ നിർബന്ധിതരായി. എന്നാൽ സമ്പന്നരായ നഗരവാസികൾ അവിടെനിന്നു രക്ഷപ്പെട്ട്, യഥേഷ്ടം ശുദ്ധവായുവും ശുദ്ധജലവും ലഭിക്കുന്ന നഗരപ്രാന്തങ്ങളിലെ വീടുകളിലേക്കു ചേക്കേറി.

'ഇൻ എ മാനുഫാക്ചറിങ് ടൗൺ' (In a Manufacturing Town) എന്ന കവിതയിൽ അത്തരം നഗരങ്ങളെക്കുറിച്ച് 1881-ൽ എഡ്വേർഡ് കാർപ്പെന്റർ (Edward Carpenter) വാചാലനാകുന്നു.

'അവിശ്രമം, നിസ്സംഗമായ് ഞാനാ ഇരുണ്ട നഗരത്തിലൂടെ നടക്കുമ്പോൾ,

ആകാംക്ഷരായ് അവർ അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥമായി നീങ്ങുന്നതും കണ്ടു ഞാൻ - ഗന്ധകായ നരകത്തിലെ പ്രേതങ്ങളെപ്പോലെ-

ഉയർന്നുയർന്നപോകുന്ന പുകക്കുഴൽക്കൂട്ടം കണ്ടു, പുകപടലം സൂര്യനെ മറയ്ക്കുന്നതും ഭൂമിയെ ഗ്രസിക്കുന്നതും അത് നിലംപറ്റെ വ്യാപിക്കുന്നതും ഞാൻ കണ്ടു-

കുട്ടികൾ എന്തോ പെറുക്കിയെടുക്കുന്ന, ഉരുകുന്ന, വൻ ചവറുകൂനകളും കണ്ടു, പാതിമേൽക്കൂരമാത്രമുള്ള, പുക കൊണ്ടു കറുത്ത, ഭയപ്പെടുത്തുന്ന വീടുകൾ, താഴെ ഒഴുകുന്ന കറുത്ത നദിയും,-

ഇവയൊക്കെ കണ്ട ഞാൻ, അങ്ങ് വിദൂരതയിൽ മുതലാളിമാരുടെ വാസസ്ഥലങ്ങളും കണ്ടു, വില്ലകളായ പാർപ്പിടങ്ങളും, അവയിലെ ഉയർന്ന ഭിത്തികളോടൊത്ത രാമങ്ങളും സുസജ്ജമായ വാഹന വിശ്രമകേന്ദ്രങ്ങളും, അതവരെ സമ്പന്നരാക്കിയ കടുത്ത ദാരിദ്ര്യത്തിനു നേരെ മുഖം തിരിച്ചു നിൽക്കുന്ന പോലെ,...

ഞാൻ വല്ലാതെ വിറകൊണ്ടു'.

## തൊഴിലാളികൾ (The Workers)

1842 -ലെ ഒരു സർവേയിൽ, തൊഴിലാളികളുടെ ശരാശരി ആയുർദൈർഘ്യം നഗരങ്ങളിലെ മറ്റേതു സാമൂഹിക വിഭാഗങ്ങളിൽ നിന്നു തുലോം കുറവാണെന്ന് വെളിപ്പെട്ടു. ഇത് ബർമിങ്ഹാമിൽ 15 വയസ്സും, മാഞ്ചസ്റ്ററിൽ 17 ഉം, ഡർബിയിൽ 21 ഉം ആയിരുന്നു. അവർ വന്ന ഗ്രാമങ്ങളെ അപേക്ഷിച്ച്, പുതിയ വ്യാവസായിക പട്ടണങ്ങളിൽ താമസിച്ചിരുന്ന അധികം പേരും ചെറുപ്രായത്തിൽ തന്നെ മരണപ്പെട്ടു. പകുതി കുട്ടികളും അഞ്ചു വയസ്സിന് അപ്പുറം ജീവിച്ചിരുന്നില്ല. അവിടെ മുമ്പ് താമസിച്ചിരുന്ന കുടുംബങ്ങളിൽ കുട്ടികളുടെ ജനനനിരക്ക് വർധിച്ചതു കൊണ്ടല്ല, മറിച്ച് കുടിയേറ്റമായിരുന്നു നഗര ജനസംഖ്യ വർധിക്കാനുള്ള കാരണം.

മരണങ്ങളുടെ പ്രാഥമിക കാരണം സാംക്രമിക രോഗങ്ങളായിരുന്നു. ജലമലിനീകരണത്തിലൂടെ പടർന്നു പിടിച്ച കോളറയും ടൈഫോയിഡും അന്തരീക്ഷ വായുവിലൂടെ പടർന്ന ക്ഷയവും അനേകം പേരുടെ ജീവൻ അപഹരിച്ചു. 1832-ൽ പൊട്ടിപ്പുറപ്പെട്ട കോളറയിൽ 31,000 ത്തിലധികം ജനങ്ങൾ മരണപ്പെട്ടു. ഇത്തരം അപകടകരമായ ജീവിത സാഹചര്യങ്ങളെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം വരെ മുനിസിപ്പൽ അധികാരികൾ അവഗണിച്ചു. മാത്രമല്ല, ഈ രോഗങ്ങളെ മനസ്സിലാക്കാനും, ചികിത്സിച്ചു ഭേദമാക്കുവാനുമുള്ള വൈദ്യജ്ഞാനവും അന്ന് ഉണ്ടായിരുന്നില്ല.

## സ്ത്രീകളും കുട്ടികളും വ്യവസായവൽക്കരണവും (Women, Children and Industrialisation)

വ്യവസായിക വിപ്ലവം സ്ത്രീകളുടെയും കുട്ടികളുടെയും തൊഴിൽ സാഹചര്യങ്ങളിൽ വലിയ മാറ്റങ്ങൾക്കിടയാക്കി. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ കർശന മേൽനോട്ടത്തിൻ കീഴിൽ, ഗ്രാമപ്രദേശങ്ങളിലെ ദരിദ്രരായ കുട്ടികൾ മുൻകാലങ്ങളിലും വീട്ടിലും കൃഷിസ്ഥലത്തും പണിയെടുത്തിരുന്നു. പകൽ സമയങ്ങളിലോ ഋതുക്കൾക്കിടയിലോ ആയിരുന്നു അവർ ഇത് ചെയ്തിരുന്നത്. അതുപോലെതന്നെ, ഗ്രാമങ്ങളിലെ സ്ത്രീകളും കാർഷിക വൃത്തിയിൽ സജീവമായി പങ്കെടുത്തിരുന്നു. അവർ കന്നുകാലികളെ വളർത്തുകയും വിറക് ശേഖരിക്കുകയും വീടുകളിൽ ഇരുന്ന് ചർക്കകളിൽ നൂൽ നൂൽക്കുകയും ചെയ്തിരുന്നു.

*കൽക്കരി ഖനികളിലെ കുട്ടികളുടെ അവസ്ഥ*



ഫാക്ടറികളിലെ തൊഴിൽസാഹചര്യം തികച്ചും വ്യത്യസ്തമായിരുന്നു. അവിടെ കടുത്ത അച്ചടക്കത്തിനും ശിക്ഷകൾക്കും കീഴിൽ ദീർഘനേരം തുടർച്ചയായി ഒരേ ജോലി തന്നെ അവർക്ക് ചെയ്യേണ്ടി വന്നു. പുരുഷന്മാരുടെ തുച്ഛമായ വേതനത്തിന്റെ കുറവു നികത്തുവാൻ സ്ത്രീകളുടെയും കുട്ടികളുടെയും സമ്പാദ്യം ആവശ്യമായിരുന്നു. യന്ത്രങ്ങളുടെ ഉപയോഗം വ്യാപിക്കുകയും, ആവശ്യമായ തൊഴിലാളികളുടെ എണ്ണം കുറയുകയും ചെയ്തപ്പോൾ സ്ത്രീകളെയും കുട്ടിക



*ബർമ്മിങ് ഹാമിലെ അലങ്കാര ബട്ടൺ നിർമ്മാണ ഫാക്ടറിയിൽ പണിയെടുക്കുന്ന സ്ത്രീ. 1850-കളിൽ ബട്ടൺ വ്യവസായ രംഗത്തെ തൊഴിലാളികളിൽ മൂന്നിൽ രണ്ടും സ്ത്രീകളും കുട്ടികളുമായിരുന്നു. ഒരേ ജോലിക്ക് ഒരാഴ്ചയിൽ പുരുഷന് 25 ഷില്ലിങ്ങും, സ്ത്രീക്ക് 7 ഷില്ലിങ്ങും കുട്ടിക്ക് ഒരു ഷില്ലിങ്ങുമായിരുന്നു കൂലി.*

ളെയും ജോലിക്ക് നിയമിക്കുന്നതിനാണ് വ്യവസായികൾ താൽപ്പര്യപ്പെട്ടിരുന്നത്. കാരണം, പുരുഷന്മാരേക്കാൾ കുറഞ്ഞ വേതനത്തിന് അവരെക്കൊണ്ട് പണിയെടുപ്പിക്കാം, എന്നു മാത്രമല്ല, മോശം തൊഴിൽ സാഹചര്യത്തിനെതിരെ അവർ പ്രക്ഷോഭം നടത്താനുള്ള സാധ്യതയും കുറവായിരുന്നു.

ലങ്കാഷെയറിലേയും, യോർക്ക്ഷയറിലേയും പരുത്തിത്തുണി വ്യവസായങ്ങളിൽ സ്ത്രീകളെയും കുട്ടികളെയും ധാരാളമായി പണിയെടുപ്പിച്ചിരുന്നു. പട്ട് നിർമ്മാണം, റേന്ത (കസവ്) പിടിപ്പിക്കുക, തുന്നൽ എന്നീ വ്യവസായങ്ങളിൽ സ്ത്രീകളായിരുന്നു പ്രധാനമായും ജോലി ചെയ്തിരുന്നത് . ബർമ്മിങ്ഹാമിലെ ലോഹവ്യവസായത്തിലും (കുട്ടികളോടൊപ്പം) സ്ത്രീകൾ പണിയെടുത്തിരുന്നു. ചെറിയ ശരീരവും, ചുറുചുറുക്കാർന്ന വിരലുകളുമുള്ള കുട്ടികളെക്കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന തരത്തിലാണ് സ്പിന്നിംഗ് ജെന്നി പോലുള്ള യന്ത്രങ്ങൾ രൂപകല്പന ചെയ്തിരുന്നത്. തിങ്ങി നിറഞ്ഞ യന്ത്രങ്ങൾക്കിടയിലൂടെ സഞ്ചരിക്കുവാൻ ചെറിയ ശരീരമുള്ള കുട്ടികൾക്ക് എളുപ്പമായിരുന്നതിനാൽ തുണി ഫാക്ടറികളിൽ അവരെ നിയമിക്കുന്നത് സാധാരണമായിരുന്നു. ദൈർഘ്യമേറിയ തൊഴിൽസമയം (യന്ത്രങ്ങൾ വൃത്തിയാക്കാൻ ഞായറാഴ്ചകളുൾപ്പെടെ), അവർക്ക് ശുദ്ധവായുവും, വ്യായാമവും നിഷേധിച്ചു. കുട്ടികളുടെ മുടി യന്ത്രങ്ങളിൽ കുടുങ്ങിയും, കൈകൾ ചതഞ്ഞരഞ്ഞും അപകടം സംഭവിക്കുന്നതിനു പുറമെ ചിലർ കടുത്ത ക്ഷീണത്താൽ തളർന്നുറങ്ങി യന്ത്രങ്ങളിലേക്ക് വീണ് മരണപ്പെടാറുമുണ്ടായിരുന്നു.

*ലണ്ടനിലെ ദരിദ്രരുടെ പാർപ്പിട മേഖലയിലെ തെരുവ്. ഫ്രഞ്ച് കലാകാരനായ ഡോറിന്റെ (Dore) സൃഷ്ടി.*



അപകടകരമായ തൊഴിൽ സ്ഥലങ്ങളായിരുന്നു കൽക്കരി ഖനികളും. മേൽക്കൂരകൾ തകർന്നും സ്ഫോടനങ്ങളിലും മുറിവുകൾ പറ്റുന്നത് സാധാരണമായിരുന്നു. മുതിർന്നവർക്ക് എത്തിപ്പെടാൻ കഴിയാത്ത ഇടുങ്ങിയ പ്രവേശന പാതകളിലും ആഴത്തിലുള്ള കൽക്കരി മുഖങ്ങളിലും കുട്ടികളെയാണ് കൽക്കരി ഖനിയുടമകൾ ഉപയോഗിച്ചിരുന്നത്. കൽക്കരി വാഗണുകൾ ഖനികളിലൂടെ സഞ്ചരിക്കുമ്പോൾ വാതിലുകൾ തുറക്കാനും അടയ്ക്കാനും കുട്ടികളെയാണ് ഉപയോഗിച്ചിരുന്നത്. ഭാരം കൂടിയ കൽക്കരി ചാക്കുകൾ ചുമക്കുന്ന 'കൽക്കരി ചുമട്ടുകാരായും' അവർ പ്രവർത്തിച്ചിരുന്നു.

ഭാവിയിലുള്ള ഫാക്ടറി ജോലിക്കുള്ള പ്രധാന പരിശീലനമാണ് ബാലവേല എന്ന് ഫാക്ടറി മാനേജർമാർ കരുതിയിരുന്നു. ഫാക്ടറിത്തൊഴിലാളികളിൽ പകുതിയോളം പേർ പത്തുവയസ്സിനു മുൻപേയും, 28% പേർ 14 വയസ്സിനു മുൻപേയുമാണ് പണിയെടുക്കാൻ ആരംഭിച്ചതെന്ന് ബ്രിട്ടീഷ് ഫാക്ടറികളിൽ നിന്നുകിട്ടിയ രേഖകളിലെ തെളിവുകൾ വെളിപ്പെടുത്തുന്നു. സ്ത്രീകൾ തങ്ങളുടെ തൊഴിലുകളിൽനിന്ന് ആത്മാഭിമാനവും വർധിത സാമ്പത്തിക സ്വാതന്ത്ര്യവും നേടിയിരിക്കാം. എന്നാൽ തൊഴിലിടങ്ങളിലെ അപമാനകരമായ വ്യവസ്ഥകൾ, ജനനസമയത്തോ, ശൈശവത്തിന്റെ പ്രാരംഭദശയിലോ അവർക്ക് നഷ്ടപ്പെട്ട കുട്ടികൾ, ഫാക്ടറി ജോലി അവരെ ജീവിക്കാൻ നിർബന്ധിതമാക്കിയ മരവിച്ച നഗരചേരികൾ എന്നിവ അവരുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും ആത്മാഭിമാനത്തിന്റെയും തിളക്കം നഷ്ടപ്പെടുത്തി.

*'ഹാർഡ് ടൈംസ്'* (Hard Times) എന്ന തന്റെ നോവലിൽ ചാൾസ് ഡിക്കൻസ് (Charles Dickens, 1812 -1870), വ്യാവസായിക വിപ്ലവത്തിന്റെ മാനുഷിക ഭീകരതകൾ വരച്ചു കാട്ടുന്നുണ്ട്. വ്യാവസായിക വിപ്ലവത്തിന്റെ ഏറ്റവും കടുത്ത സമകാലീന വിമർശകനായ അദ്ദേഹം അതിൽ കോക്ക്ടൗൺ (Coketown) എന്ന് സ്വയം സൃഷ്ടിച്ച സാങ്കല്പിക വ്യവസായ നഗരത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. 'ചുവന്ന ഇഷ്ടിക കൊണ്ട് പണിത ഒരു നഗരമായിരുന്നു അത്, അഥവാ അന്തരീക്ഷത്തിലെ പുകയും ചാരവും അനുവദിച്ചിരുന്നെങ്കിൽ ഈ ഇഷ്ടികകൾ ചുവന്നിരിക്കുമായിരുന്നു. എന്നാൽ, അസാധാരണമായ ചുവപ്പും കറുപ്പും കലർന്ന്, ചായം തേച്ച കിരാതമുഖം പോലെ കാണപ്പെട്ട ഒരു നഗരമായിരുന്നു അത്. യന്ത്രങ്ങളുടെയും, ഉയരം കൂടിയ പുകക്കുഴലുകളുടെയും നഗരമായിരുന്നു അത്, കുഴലുകളിൽ നിന്ന് അണമുറിയാത്തവണ്ണം പുകസർപ്പങ്ങൾ വമിച്ചുകൊണ്ടേയിരുന്നു. ഒരു കറുത്ത കനാൽ ആ നഗരത്തിലുണ്ടായിരുന്നു; അതോടൊപ്പം ഊത വർണത്തിലുള്ള, ചായക്കൂട്ടുകളുടെ ദുർഗന്ധം വമിക്കുന്ന, ഒരു നദിയും ഒഴുകിയിരുന്നു. ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന ശബ്ദകോലാഹലങ്ങൾക്കു നടുവിൽ അനേകം ജാലകങ്ങളോടുകൂടിയ കെട്ടിട സമുച്ചയങ്ങളും സ്ഥിതി ചെയ്യുന്നു. കാഴ്ചയിൽ ഉന്മാദം പിടിപെട്ട ആനയുടെ ശിരസ്സുപോലെ ആവി എഞ്ചിന്റെ പിസ്റ്റൺ ഒരേ പ്രകാരം മുകളിലേക്കും താഴേക്കും ചലിച്ചു കൊണ്ടേയിരുന്നു' .

**പ്രവർത്തനം 3**

ആദ്യകാല വ്യാവസായവൽക്കരണം ബ്രിട്ടീഷ് നഗരങ്ങളിലും, ഗ്രാമങ്ങളിലും ഉണ്ടാക്കിയ ഫലങ്ങൾ എന്തൊക്കെയെന്ന് ചർച്ച ചെയ്യുക. ഇന്ത്യയിലെ സമാന സാഹചര്യങ്ങളുമായി ഇവയെ താരതമ്യപ്പെടുത്തുക.

ബ്രിട്ടീഷ് ഉപന്യാസകാരനും, നോവലിസ്റ്റുമായിരുന്ന ഡി.എച്ച്.ലോറൻസ് (D.H.Lawarence, 1885-1930), ചാൾസ് ഡിക്കൻസിന് 70 വർഷങ്ങൾക്ക് ശേഷം, കൽക്കരി മേഖലയിലുള്ള ഒരു ഗ്രാമത്തിലെ മാറ്റങ്ങളെക്കുറിച്ച് വിവരിക്കുന്നു. അദ്ദേഹത്തിനു നേരിട്ട് അനുഭവമില്ലാത്ത ഈ മാറ്റത്തെക്കുറിച്ച് പഴമക്കാരുടെ കേട്ടറിവിൽ നിന്നാണ് ഈ വിവരണം നടത്തിയിരിക്കുന്നത്.

'ഈസ്റ്റ് വുഡ്... പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഒരു ചെറിയ ഗ്രാമമായിരുന്നിരിക്കണം. കോട്ടേജുകളും ഖനിത്തൊഴിലാളികളുടെ നാലു മുറി വീടുകളും പഴയകാല ഖനിത്തൊഴിലാളികളുടെ താമസസ്ഥലങ്ങളുമടങ്ങിയ ഒരു ചെറിയ പ്രദേശം. എന്നാൽ 1820-കളോടെ കമ്പനി ഈ ഗ്രാമത്തിൽ ആദ്യയന്ത്രങ്ങൾ സ്ഥാപിക്കുകയും ആദ്യത്തെ യന്ത്രവൽക്കൃത കൽക്കരി ഖനി സ്ഥാപിക്കുകയും ചെയ്തിരിക്കാം... നീണ്ട നിരകളായി സ്ഥിതി ചെയ്തിരുന്ന ഭൂരിപക്ഷം കുടിലുകളും ഇടിച്ചു നിരത്തി. നോട്ടിങ്ഹാമിലെ റോഡുകളുടെ വശങ്ങളിൽ പകിട്ടില്ലാത്ത ധാരാളം ചെറിയ കടകൾ ഉയർന്നു തുടങ്ങി. അതേസമയം, താഴേക്കുള്ള ചരിവിൽ... പുതിയ കെട്ടിടങ്ങൾ എന്ന് ഇപ്പോഴും അറിയപ്പെടുന്ന സമുച്ചയങ്ങൾ കമ്പനി പണി കഴിപ്പിച്ചു... ശൂന്യമായ തെരുവുകൾക്ക് അഭിമുഖമായി നിൽക്കുന്ന നാലുമുറി വീടുകൾ, പിന്നിലേക്കു നോക്കിയാൽ ശൂന്യമായ ചത്വരം, പട്ടാള ക്യാമ്പു പോലെ അടച്ചുകെട്ടിയ വളരെ വിചിത്രമായ നിർമ്മിതികൾ.'

## പ്രതിഷേധ പ്രസ്ഥാനങ്ങൾ (Protest Movements)

വ്യാവസായവൽക്കരണം നടന്ന ആദ്യ പതിറ്റാണ്ടുകളിൽത്തന്നെയാണ് ഫ്രഞ്ചു വിപ്ലവം (1789-94) മുന്നോട്ടുവച്ച പുത്തൻ രാഷ്ട്രീയാശയങ്ങളും പ്രചരിച്ചു തുടങ്ങിയത്. 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്നിവയ്ക്കായുള്ള മുന്നേറ്റങ്ങൾ സംഘടിത ബഹുജനപ്രസ്ഥാനങ്ങളുടെ സാധ്യതകൾ കാണിച്ചു തന്നു. 1790-കളിലെ ഫ്രഞ്ച് നാഷണൽ അസംബ്ലി പോലുള്ള ജനാധിപത്യ സ്ഥാപനങ്ങളുടെ സൃഷ്ടിക്കും ഭക്ഷണമടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് യുദ്ധത്തിന്റെ കഷ്ടതകൾ

കുറയ്ക്കുന്നതിനും ഇതു കാരണമായി. ഫാക്ടറികളിലെ കഠിനമായ തൊഴിൽ സാഹചര്യങ്ങൾക്കെതിരെ ഇംഗ്ലണ്ടിൽ രാഷ്ട്രീയ പ്രതിഷേധങ്ങൾ വർധിച്ചു കൊണ്ടിരുന്നു. വോട്ടു ചെയ്യാനുള്ള അവകാശത്തിനു വേണ്ടി അധ്വാനിക്കുന്ന ജനസമൂഹം പ്രക്ഷോഭം ആരംഭിച്ചു. പ്രതിഷേധിക്കാനുള്ള അവകാശം ജനങ്ങൾക്ക് നിഷേധിച്ചുകൊണ്ടുള്ള നിയമങ്ങൾ പാസ്സാക്കിയും, പ്രതിഷേധങ്ങളെ അടിച്ചമർത്തിയും ഗവൺമെന്റ് ഇതിനെതിരെ പ്രതികരിച്ചു.

1792 മുതൽ 1815 വരെ ദീർഘകാലം ഇംഗ്ലണ്ട്, ഫ്രാൻസുമായി നിരന്തര യുദ്ധങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇംഗ്ലണ്ടും യൂറോപ്പും തമ്മിലുള്ള കച്ചവടബന്ധം തടസ്സപ്പെട്ടു. ഫാക്ടറികൾ അടച്ചുപൂട്ടാൻ നിർബന്ധിതമായി. തൊഴിലില്ലായ്മ വർധിക്കുകയും അവശ്യ സാധനങ്ങളായ റൊട്ടി, മാംസം എന്നിവയുടെ വില ശരാശരി വേതനക്കാർക്ക് താങ്ങാനാവുന്നതിനുമപ്പുറം ഉയരുകയും ചെയ്തു.

1795–ൽ പാർലമെന്റ് രണ്ട് കോമ്പിനേഷൻ നിയമങ്ങൾ പാസ്സാക്കി. 'രാജാവിനോ, ഭരണഘടനയ്ക്കോ, ഗവൺമെന്റിനോ എതിരെ വെറുപ്പോ, അവജ്ഞയോ ജനങ്ങളിൽ പ്രചരിപ്പിക്കുന്ന പ്രസംഗമോ, രചനകളോ' നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. അമ്പതുപേരിൽക്കൂടുതൽ പങ്കെടുക്കുന്ന അംഗീകാരമില്ലാത്ത പൊതുസമ്മേളനങ്ങൾ നിരോധിക്കപ്പെട്ടു. എന്നിരുന്നാലും, 'പഴയ അഴിമതിക്കെതിരെയുള്ള' പ്രതിഷേധം തുടർന്നു. രാജാവും പാർലമെന്റുമായി ബന്ധപ്പെട്ടിരിക്കുന്ന വിശേഷാധികാരങ്ങളെ സൂചിപ്പിക്കാനാണ് 'പഴയ അഴിമതി' എന്ന പദം ഉപയോഗിച്ചിരുന്നത്. പാർലമെന്റംഗങ്ങളായ ഭൂവുടമകളും ഉൽപ്പാദകരും പ്രൊഫഷണലുകളും അധ്വാനിക്കുന്ന ജനസമൂഹത്തിന് വോട്ടവകാശം നൽകുന്നതിന് എതിരായിരുന്നു. ബ്രിട്ടനിൽ സാധനങ്ങളുടെ വില ഒരു നിശ്ചിത തലത്തിൽ ഉയരുന്നതുവരെ, വിലക്കുറവുള്ള ഭക്ഷണം ഇറക്കുമതി ചെയ്യുന്നത് തടയുന്ന കോൺ നിയമങ്ങളെ (Corn Laws) അവർ പിന്തുണച്ചു.

നഗരങ്ങളിലും, ഫാക്ടറികളിലും നിറഞ്ഞു നിന്നിരുന്ന തൊഴിലാളികൾ പലരൂപത്തിലുള്ള പ്രതിഷേധങ്ങളിലൂടെ തങ്ങളുടെ കോപവും നിരാശയും പ്രകടിപ്പിക്കുവാൻ തുടങ്ങി. 1790–കൾ മുതൽ രാജ്യത്തെമ്പാടും റൊട്ടി ലഹളകൾ അഥവാ ഭക്ഷ്യ ലഹളകൾ പൊട്ടിപുറപ്പെട്ടു. പാവപ്പെട്ടവരുടെ പ്രധാന ആഹാരം റൊട്ടിയായിരുന്നു. അതിന്റെ വില അവരുടെ ജീവിത നിലവാരത്തെ നിയന്ത്രിച്ചിരുന്നു. ജനങ്ങൾ റൊട്ടിയുടെ ശേഖരം പിടിച്ചെടുക്കുകയും ലാഭക്കൊതിയന്മാരായ കച്ചവടക്കാരിൽ നിന്ന് വ്യത്യസ്തമായി, താങ്ങാവുന്ന വിലയ്ക്ക്, അവരുടെ ധാർമ്മികതയ്ക്കനുസരിച്ച് വിറ്റഴിക്കുകയും ചെയ്തു. 1795–ലെ ഏറ്റവും മോശമായ യുദ്ധകാലഘട്ടത്തിൽ അത്തരം ലഹളകൾ രാജ്യത്ത് അടിക്കടി ഉണ്ടായി. എന്നാൽ 1840–കൾ വരെ അവ തുടരുകയും ചെയ്തു.

ശക്തരായ ഭൂവുടമകൾ തങ്ങളുടെ ഭൂമിയോടൊപ്പം സ്ഥിതി ചെയ്തിരുന്ന നൂറുകണക്കിന് തുണ്ടുഭൂമികൾ കൂട്ടിച്ചേർത്ത് 1770–കളിൽ ആരംഭിച്ച 'സമാഹരണ' പ്രസ്ഥാനമാണ് (enclosure) കർഷകരുടെ കഷ്ടതയ്ക്കുള്ള മറ്റൊരു കാരണം. ഗ്രാമീണ ദരിദ്ര കുടുംബങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുകയും അവർ വ്യവസായിക തൊഴിലുകൾ തേടി പോകുകയും ചെയ്തു. എന്നാൽ പരുത്തി വ്യവസായത്തിൽ യന്ത്രങ്ങളുടെ കടന്നുവരവ് ആയിരക്കണക്കിന് കൈത്തറി നെയ്ത്തുകാരെ തൊഴിൽരഹിതരാക്കുകയും നിത്യ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയും ചെയ്തു. യന്ത്രങ്ങളോട് കിടപിടിച്ചു നിൽക്കാൻതക്ക വേഗത അവരുടെ അധ്വാനത്തിന് ഇല്ലായിരുന്നു. 1790–കൾ മുതൽ ഈ നെയ്ത്തുകാർ നിയമപരമായ കുറഞ്ഞ വേതനം (legal minimum wages) ആവശ്യപ്പെടാൻ തുടങ്ങിയെങ്കിലും, പാർലമെന്റ് ഈ ആവശ്യം നിരാകരിച്ചു. ഇതിനെതിരെ അവർ സമരം ചെയ്തപ്പോൾ അവരെ പിരിച്ചുവിട്ടു. ലങ്കാഷയറിലെ നിരാശരായ പരുത്തി നെയ്ത്തുകാർ തങ്ങളുടെ ഉപജീവനമാർഗം ഇല്ലാതാക്കിയത് യന്ത്രങ്ങളാണെന്ന് വിശ്വസിക്കുകയും, യന്ത്രത്തറികൾ നശിപ്പിക്കുകയും ചെയ്തു. നോട്ടിങ്ഹാമിലെ കമ്പിളി

നെയ്ത്തു വ്യവസായത്തിൽ യന്ത്രങ്ങളുടെ വരവിനെതിരെയും ശക്തമായ ചെറുത്തു നിൽപ്പുണ്ടായി. സമാന പ്രതിഷേധങ്ങൾ ലെയ്സെസ്റ്റർഷയർ, ഡർബിഷയർ എന്നിവിടങ്ങളിലും ഉണ്ടായി.

യോർക്ക്ഷയറിൽ പരമ്പരാഗതമായി ചെമ്മരിയാടുകളുടെ രോമം കൈകൊണ്ടു മുറിച്ചെടുത്തിരുന്നവർ ഇതിനായി കൊണ്ടു വന്ന 'ഷിയറിങ്ങ് ഫ്രെയിംസ് '(shearing-frames) എന്ന യന്ത്രങ്ങൾ നശിപ്പിച്ചു. 1830–ലെ ലഹളകളിൽ, പുറംന്തോടിൽ നിന്ന് ധാന്യങ്ങൾ വേർതിരിക്കാൻ ഉപയോഗിക്കുന്ന മെതിയന്ത്രങ്ങൾ തങ്ങളുടെ തൊഴിലിന് ഭീഷണിയാണെന്ന് കരുതിയ കർഷകർ അവ തല്ലിത്തകർത്തു. ഇവരിൽ ഒമ്പതുപേരെ തൂക്കിലേറ്റുകയും, 450 പേരെ കുറ്റവാളികളായി വിധിച്ച് ആസ്ത്രേലിയയിലേക്ക് നാടുകടത്തുകയും ചെയ്തു (പ്രമേയം 10 കാണുക).

വേറിട്ടുനിന്ന മറ്റൊരു പ്രക്ഷോഭം ജനറൽ നെഡ് ലുഡ്ഡിന്റെ (General Ned Ludd) നേതൃത്വത്തിൽ ആരംഭിച്ച ലുഡ്ഡിസം (Luddism, 1811-17) എന്ന പ്രസ്ഥാനമാണ്. ലുഡ്ഡിസം കേവലം യന്ത്രങ്ങളെ ആക്രമിക്കുകയും തകർക്കുകയും ചെയ്യുന്ന ഒരു പിന്തിരിപ്പൻ പ്രസ്ഥാനമായിരുന്നില്ല. അതിൽ പങ്കെടുത്തുവർ മിനിമം വേതനം, സ്ത്രീകളുടെയും കുട്ടികളുടെയും തൊഴിലിൻമേൽ നിയന്ത്രണം, യന്ത്രങ്ങളുടെ വരവോടെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ, നിയമപരമായി ആവശ്യങ്ങൾ ഉന്നയിക്കാൻ തൊഴിലാളി സംഘടനകളുടെ രൂപീകരണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു.

വ്യാവസായവൽക്കരണത്തിന്റെ പ്രാരംഭ വർഷങ്ങളിൽ, തങ്ങളുടെ ജീവിതത്തെ തകിടം മറിച്ച കഠിനമായ സാഹചര്യങ്ങളോടുള്ള രോഷം പ്രകടമാക്കുന്നതിനുള്ള നിയമപരമായ മാർഗങ്ങളോ, വോട്ടവകാശമോ അധ്വാനിക്കുന്ന ജനസമൂഹത്തിനില്ലായിരുന്നു. 1819 ആഗസ്റ്റിൽ, മാഞ്ചസ്റ്ററിലെ സെന്റ് പീറ്റേഴ്സ് ഫീൽഡിൽ 80,000 ത്തോളം ജനങ്ങൾ സമാധാനപരമായി ഒന്നിച്ചുകൂടി. ജനാധിപത്യാവകാശങ്ങളായ രാഷ്ട്രീയ സംഘടനാ രൂപീകരണം, പൊതുയോഗങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം, മാധ്യമ സ്വാതന്ത്ര്യം എന്നിവ ആവശ്യപ്പെട്ടായിരുന്നു സമ്മേളനം. എന്നാൽ ഈ സമ്മേളനത്തെ ഗവൺമെന്റ് മൃഗീയമായി അടിച്ചമർത്തി. ഈ സംഭവം 'പീറ്റർലൂ* കൂട്ടക്കൊല' എന്ന പേരിൽ അറിയപ്പെടുന്നു. പ്രക്ഷോഭകാരികളുടെ ആവശ്യങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് അതേവർഷം തന്നെ പാർലമെന്റ് 'ആറു നിയമങ്ങൾ' (Six Acts) പാസ്സാക്കുകയുണ്ടായി. 1795–ലെ രണ്ട് 'കോമ്പിനേഷൻ നിയമങ്ങൾ' (Combination Acts) വഴി രാഷ്ട്രീയ പ്രവർത്തനത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്കുകൾ ഈ നിയമം വിപുലീകരിച്ചു. എന്നാൽ ചില നേട്ടങ്ങളും ഉണ്ടായി. പീറ്റർലൂവിനുശേഷം, ഹൗസ് ഓഫ് കോമൺസിന്റെ (House of Commons) പ്രാതിനിധ്യം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത ലിബറൽ ചിന്താഗതിക്കാരായ രാഷ്ട്രീയക്കാർ അംഗീകരിച്ചു. കൂടാതെ, 1824–25– ൽ 'കോമ്പിനേഷൻ നിയമങ്ങൾ' പിൻവലിക്കുകയും ചെയ്തു.

* 'വാട്ടർലൂ' എന്ന സ്ഥലപ്പേരിന് അനുപ്രാസമായാണ് ഈ പേര് രൂപീകരിച്ചത്. 1815–ൽ 'വാട്ടർലൂ'വിൽ വച്ച് ഫ്രഞ്ച് സൈന്യം പരാജയപ്പെട്ടിരുന്നു.

## നിയമങ്ങളിലൂടെയുള്ള പരിഷ്കാരങ്ങൾ (Reforms through Laws)

സ്ത്രീകളുടെയും കുട്ടികളുടെയും തൊഴിൽ സാഹചര്യങ്ങളിൽ ഗവൺമെന്റ് എത്രത്തോളം ശ്രദ്ധാലുക്കളായിരുന്നു? ഫാക്ടറികളിൽ 9 വയസ്സിന് താഴെയുള്ള കുട്ടികളെ പണിയെടുപ്പിക്കുന്നത് നിരോധിച്ചു കൊണ്ട് 1819–ൽ നിയമങ്ങൾ പാസ്സാക്കപ്പെട്ടു. അതോടൊപ്പം 9 വയസ്സിനും 16 വയസ്സിനുമിടയിലുള്ള കുട്ടികളുടെ ജോലി സമയം ദിവസം 12 മണിക്കൂറായി പരിമിതപ്പെടുത്തി. എന്നാൽ ഇവ ഫലപ്രദമായി നടപ്പിലാക്കാനുള്ള അധികാരങ്ങൾ ഈ നിയമത്തിനില്ലായിരുന്നു. ഇംഗ്ലണ്ടിലെ വടക്കൻ പ്രദേശങ്ങളിലാകമാനം തൊഴിലാളികൾ നടത്തിയ തീവ്രമായ പ്രക്ഷോഭത്തിനുശേഷമാണ് 1833–ൽ മറ്റൊരു നിയമം പാസ്സാക്കിയത്. ഇതിൻ പ്രകാരം 9 വയസ്സിനു താഴെയുള്ള കുട്ടികളെ പട്ടു ഫാക്ട

റികളിൽ മാത്രം പണിയെടുപ്പിക്കാൻ അനുവാദം നൽകുകയും, മുതിർന്ന കുട്ടികളുടെ ജോലി സമയം പരിമിതപ്പെടുത്തുകയും ചെയ്തു. മാത്രമല്ല ഈ നിയമം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഫാക്ടറി ഇൻസ്പെക്ടർമാരെ നിയമിക്കണമെന്നും വ്യവസ്ഥ ചെയ്തു. ഒടുവിൽ, മൂന്ന് പതിറ്റാണ്ടുകളിലേറെ നീണ്ട പ്രക്ഷോഭങ്ങൾക്കുശേഷം 1847-ൽ 'ടെൻ അവേഴ്സ് ബിൽ' (Ten Hours' Bill) പാസ്സാക്കപ്പെട്ടു. ഇത് സ്ത്രീകളുടെയും യുവാക്കളുടെയും തൊഴിൽ സമയം പരിമിതപ്പെടുത്തുകയും, പുരുഷന്മാരായ തൊഴിലാളികളുടെ ജോലിസമയം ദിവസത്തിൽ 10 മണിക്കൂറാക്കി നിജപ്പെടുത്തുകയും ചെയ്തു.

ഈ നിയമങ്ങളെല്ലാം പ്രാബല്യത്തിൽ വന്നത് തുണി വ്യവസായത്തിലാണ്, ഖനന വ്യവസായത്തിലല്ല. 1842-ൽ ഗവൺമെന്റ് ഒരു മൈൻസ് കമ്മീഷനെ നിയമിച്ചു. 1833-ലെ നിയമത്തിനുശേഷം കൂടുതൽ കുട്ടികളെ കൽക്കരി ഖനികളിൽ പണിയെടുപ്പിച്ചിരുന്നതിനാൽ, ഖനികളിലെ തൊഴിൽ സാഹചര്യങ്ങൾ അങ്ങേയറ്റം മോശമാണെന്ന് കമ്മീഷൻ വെളിപ്പെടുത്തി. 1842-ൽ പാസ്സാക്കിയ മൈൻസ് ആന്റ് കൊലിയറീസ് ആക്റ്റ് (Mines and Collieries Act) പ്രകാരം പത്തുവയസ്സിനു താഴെയുള്ള കുട്ടികളെയും, സ്ത്രീകളെയും ഖനിയുടെ ഉൾഭാഗത്ത് പണിയെടുപ്പിക്കുന്നത് നിരോധിച്ചു. 1847-ൽ നിലവിൽ വന്ന ഫീൽഡേഴ്സ് ഫാക്ടറി നിയമപ്രകാരം (Fielder's Factory Act) 18 വയസ്സിൽ താഴെയുള്ള കുട്ടികളെയും സ്ത്രീകളെയും ഒരു ദിവസം 10 മണിക്കൂറിൽ കൂടുതൽ പണിയെടുപ്പിക്കരുതെന്ന് വ്യവസ്ഥ ചെയ്തു. ഈ നിയമങ്ങൾ എല്ലാം നടപ്പിലാക്കേണ്ട ചുമതല ഫാക്ടറി ഇൻസ്പെക്ടർമാർക്കായിരുന്നെങ്കിലും ഇതു പ്രാബല്യത്തിൽ വരുത്താൻ ബുദ്ധിമുട്ടായിരുന്നു. ഇൻസ്പെക്ടർമാർക്ക് ലഭിച്ചിരുന്ന പ്രതിഫലം കുറവായതിനാൽ ഫാക്ടറി മാനേജർമാർ അവരെ സ്വാധീനിച്ചു കൈക്കൂലി നൽകി. അതേ സമയം, കുടുംബ വരുമാനത്തിൽ കുറവുണ്ടാകുമെന്ന് ഭയന്ന് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ യഥാർഥ പ്രായം മറച്ചു വയ്ക്കുകയും അവരെ ജോലിക്ക് അയയ്ക്കുകയും ചെയ്തു.

**പ്രവർത്തനം 4**

വ്യവസായശാലകളിലെ തൊഴിൽ സാഹചര്യങ്ങളിൽ ഗവൺമെന്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെക്കുറിച്ചു അനുകൂലമായും, പ്രതികൂലമായും വാദിക്കുക.

## വ്യാവസായിക വിപ്ലവത്തെക്കുറിച്ചുള്ള സംവാദം (The Debate on the 'Industrial Revolution')

1780-കൾ മുതൽ 1820-കൾ വരെ ബ്രിട്ടനിൽ സംഭവിച്ച മാറ്റങ്ങൾ സൂചിപ്പിക്കാനാണ് 1970-കൾ വരെ ചരിത്രകാരർ 'വ്യാവസായിക വിപ്ലവം' എന്ന പദം ഉപയോഗിച്ചത്. അന്നു മുതൽ പല കാരണങ്ങൾ കൊണ്ട് ഈ ആശയം ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി.

യഥാർഥത്തിൽ വ്യാവസായികവൽക്കരണത്തിന്റെ വളർച്ച വളരെ ക്രമാനുഗതമായിരുന്നതിനാൽ ഇതിനെ 'വിപ്ലവമായി' കണക്കാക്കാൻ സാധ്യമല്ല. മുമ്പ് നിലനിന്നിരുന്ന പ്രക്രിയകളുടെ തുടർച്ചയായി വന്ന മാറ്റങ്ങളാണ് ഇവിടെ സംഭവിച്ചത്. അങ്ങനെ, ഫാക്ടറികളിൽ താരതമ്യേന കൂടുതൽ തൊഴിലാളികളുടെ കേന്ദ്രീകരണം ഉണ്ടാകുകയും പണത്തിന്റെ ഉപയോഗം കൂടുതൽ വ്യാപകമാവുകയും ചെയ്തു.

പത്തൊൻപതാം നൂറ്റാണ്ടായശേഷവും, ഇംഗ്ലണ്ടിലെ വലിയൊരുഭാഗം പ്രദേശങ്ങളിലും ഫാക്ടറികളോ ഖനികളോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ 'വ്യാവസായിക വിപ്ലവ'മെന്ന പദം തന്നെ ഉപയോഗിക്കുന്നത് ശരിയല്ല. ചില മുഖ്യനഗരങ്ങളായ ലണ്ടൻ, മാഞ്ചസ്റ്റർ, ബർമ്മിങ്ഹാം, ന്യൂകാസിൽ തുടങ്ങിയവ കേന്ദ്രീകരിച്ചാണ് മാറ്റങ്ങൾ നടന്നത്. അതുകൊണ്ടുതന്നെ ഇംഗ്ലണ്ടിലെ വ്യാവസായവൽക്കരണം *പ്രാദേശിക*മായാണ് സംഭവിച്ചത്, രാജ്യത്തിലുടനീളമല്ല.

1780-കൾ മുതൽ 1820-കൾ വരെ പരുത്തി, ഇരുമ്പ് വ്യവസായത്തിലും വിദേശ വ്യാപാരത്തിലും ഉണ്ടായ വളർച്ച വിപ്ലവകരമെന്ന് വിശേഷിപ്പിക്കാൻ സാധിക്കുമോ? പുതിയ യന്ത്രങ്ങൾ അടിസ്ഥാനമാക്കിയുള്ള പരുത്തിത്തുണി വ്യവസായത്തിന്റെ ശ്രദ്ധേ

യമായ വളർച്ചയ്ക്കു പിന്നിൽ മറ്റു ഘടകങ്ങളാണ് പ്രവർത്തിച്ചിരുന്നത്. ബ്രിട്ടീഷിതര അസംസ്കൃത വസ്തുക്കൾ, വിദേശവിപണനം (പ്രത്യേകിച്ച് ഇന്ത്യയിൽ), ലോഹേതര യന്ത്രങ്ങൾ തുടങ്ങിയ ഘടകങ്ങളാണ് ആ വ്യവസായത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനമായത്. മറ്റു വ്യവസായങ്ങളുമായി ഇതിന് ബന്ധമുണ്ടായിരുന്നില്ല. ലോഹയന്ത്രങ്ങളും ആവി ശക്തിയും പത്തൊൻപതാം നൂറ്റാണ്ടിന്റെ ഏറെക്കുറെ അന്ത്യം വരെ ബ്രിട്ടനിൽ അപൂർവമായിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യസമരം കാരണം തടസ്സപ്പെട്ടു കിടന്ന വടക്കേ അമേരിക്കയുമായുള്ള കച്ചവടബന്ധം പുനരാരംഭിച്ചതാണ് 1780-കളിൽ ബ്രിട്ടീഷ് കയറ്റുമതിയുടെയും ഇറക്കുമതിയുടെയും രംഗത്തുണ്ടായ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കു കാരണം. തടസ്സപ്പെട്ടു കിടന്ന കാലത്തെ താഴ്ന്ന നിരക്കിൽ നിന്ന് വർധിച്ചതിനാൽ മാത്രമാണ് ഈ വളർച്ചയെ ഉയർന്ന വളർച്ചയായി രേഖപ്പെടുത്തിയിരിക്കുന്നത്.

1815–20 കാലഘട്ടങ്ങൾക്ക് മുമ്പും പിമ്പും സംഭവിച്ച സാമ്പത്തിക മാറ്റങ്ങളുടെ സൂചകങ്ങൾ നിർദേശിക്കുന്നത്, സുസ്ഥിരമായ വ്യാവസായവൽക്കരണം കാണാൻ കഴിയുന്നത് ഈ കാലഘട്ടത്തിനുശേഷമാണെന്നാണ്. 1793-നു ശേഷമുള്ള പതിറ്റാണ്ടുകളിൽ ഫ്രഞ്ചു വിപ്ലവത്തിന്റെയും നെപ്പോളിയൻ ആക്രമണങ്ങളുടെയും പ്രത്യാഘാതങ്ങൾ അനുഭവപ്പെടുകയുണ്ടായി. വർധിച്ചു കൊണ്ടിരിക്കുന്ന നിക്ഷേപത്തിലൂടെ രാജ്യത്തിന്റെ മൂലധന രൂപീകരണം, അടിസ്ഥാന സൗകര്യ വികസനം, പുതിയ യന്ത്രങ്ങളുടെ സ്ഥാപനം, ഈ സൗകര്യങ്ങളുടെ കാര്യക്ഷമമായ ഉപയോഗം വർധിപ്പിക്കൽ, ഉൽപ്പാദനക്ഷമത വർധിപ്പിക്കൽ എന്നിവയാണ് വ്യാവസായവൽക്കരണവുമായി ബന്ധപ്പെട്ടിരിക്കുന്നത്. ഈ അർഥത്തിൽ നോക്കുകയാണെങ്കിൽ ഉൽപ്പാദനപരമായ നിക്ഷേപം സ്ഥിരമായി വളർന്നത് 1820-നുശേഷമാണെന്ന് കാണാൻ കഴിയും. അതുപോലെതന്നെ ഉൽപ്പാദനക്ഷമതയും. 1840-കൾ വരെ പരുത്തി, ഇരുമ്പ്, എഞ്ചിനീയറിംഗ് വ്യവസായങ്ങളിലെ ഉൽപ്പാദനം ആകെ വ്യവസായ ഉൽപ്പാദനത്തിന്റെ പകുതി മാത്രമായിരുന്നു. സാങ്കേതിക പുരോഗതി ഈ ശാഖകളിൽ മാത്രമായി പരിമിതപ്പെട്ടിരുന്നില്ല, മറിച്ച് കാർഷിക സംസ്കരണത്തിലും, കളിമൺ പാത്രനിർമ്മാണം പോലുള്ള മേഖലകളിലും ദൃശ്യമായിരുന്നു.

എന്തുകൊണ്ട് 1815-നു ശേഷം ബ്രിട്ടന്റെ വളർച്ച മുൻപുണ്ടായിരുന്നതിനേക്കാൾ വേഗത്തിലായി എന്നതിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ ചരിത്രകാരർ ചൂണ്ടിക്കാട്ടുന്ന വസ്തുത എന്തെന്നാൽ, 1760-കൾ മുതൽ 1815 വരെ ബ്രിട്ടൻ ഒരേ സമയം രണ്ടു കാര്യങ്ങൾ ചെയ്യാനാണ് ശ്രമിച്ചത്. വ്യവസായവൽക്കരണം നടപ്പിലാക്കാനും യൂറോപ്പ്, വടക്കേ അമേരിക്ക, ഇന്ത്യ എന്നിവിടങ്ങളിൽ യുദ്ധങ്ങൾ നടത്താനും. ഒരുപക്ഷേ, ഇതിൽ ഒന്നു മാത്രം ചെയ്തെങ്കിൽ ബ്രിട്ടൻ പരാജയപ്പെടുമായിരുന്നു. 1760 മുതലുള്ള 60 വർഷത്തിനുള്ളിൽ 36 വർഷങ്ങളിലും ബ്രിട്ടൻ യുദ്ധങ്ങളിൽ ഏർപ്പെട്ടു. കടം വാങ്ങിയിരുന്ന മൂലധനം, നിക്ഷേപമാക്കുന്നതിനെക്കാൾ യുദ്ധങ്ങളെ നേരിടാനാണ് ഉപയോഗിച്ചിരുന്നത്. ജനങ്ങളുടെ വരുമാനത്തിൽനിന്ന് നികുതി പിരിച്ചാണ് യുദ്ധച്ചെലവിന്റെ 35 ശതമാനവും സംഭരിച്ചത്. തൊഴിലാളികളെ ഫാക്ടറികളിൽനിന്നും, കൃഷിസ്ഥലങ്ങളിൽനിന്നും സൈന്യത്തിലേക്കു മാറ്റി. ഭക്ഷ്യസാധനങ്ങളുടെ വില കുത്തനെ ഉയർന്നതിനാൽ ഉപഭോഗവസ്തുക്കൾ വാങ്ങാൻ ദരിദ്രർക്ക് പണമില്ലാതായി. നെപ്പോളിയന്റെ ഉപരോധനയവും അതിനെതിരെയുള്ള ബ്രിട്ടന്റെ പ്രതികരണങ്ങളും ബ്രിട്ടീഷ് കയറ്റുമതിയിൽ പകുതിയിലധികവും ചെന്നിരുന്ന യൂറോപ്യൻ ഭൂഖണ്ഡം ബ്രിട്ടീഷ് കച്ചവടക്കാർക്കു മുന്നിൽ കൊട്ടിയടയ്ക്കപ്പെടാൻ കാരണമായി.

'വിപ്ലവം' എന്ന പദത്തോടൊപ്പം ചേർത്ത 'വ്യാവസായികം' എന്ന വാക്ക് തീർത്തും പരിമിതമാണ്. ഇത്തരം മാറ്റങ്ങൾ സാമ്പത്തിക-വ്യാവസായിക മേഖലകളിൽ മാത്രമായി ഒതുങ്ങി നിന്നിരുന്നില്ല. മറിച്ച്, സമൂഹത്തിലും അതിന്റെ പ്രതിഫലനം ഉണ്ടായി. സമൂഹത്തിൽ രണ്ടു വർഗങ്ങൾക്ക് പ്രാധാന്യം കൈവന്നു; മുതലാളി വർഗവും നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും തൊഴിലാളി വർഗവും.

*1851-ലെ മഹാപ്രദർശനം "എല്ലാ രാജ്യങ്ങളിലെയും വ്യവസായ പ്രവർത്തനങ്ങൾ", വിശിഷ്യ ബ്രിട്ടന്റെ കണ്ണഞ്ചിപ്പിക്കുന്ന പുരോഗതി പ്രദർശിപ്പിച്ചു. ബർമ്മിങ്ഹാമിൽ നിർമ്മിച്ച ഇരുമ്പു തൂണുകളിൽ ഘടിപ്പിച്ച ഗ്ലാസ് പാളികൾ കൊണ്ടുള്ള, ലണ്ടനിലെ സ്ഫടിക കൊട്ടാരത്തിലെ ഹൈഡെ പാർക്കിലാണ് ഈ പ്രദർശനം നടന്നത്.*



1851-ൽ ലണ്ടനിൽ പ്രത്യേകം നിർമ്മിച്ച ക്രിസ്റ്റൽ കൊട്ടാരത്തിൽ ബ്രിട്ടീഷ് വ്യവസായങ്ങളുടെ നേട്ടങ്ങൾ ആസ്പദമാക്കി നടന്ന മഹാപ്രദർശനം കാണാൻ സന്ദർശകർ ആവേശഭരിതരായി എത്തിച്ചേർന്നു. ആ കാലഘട്ടത്തിൽ ജനസംഖ്യയിൽ പകുതിയോളം പേർ ജീവിച്ചിരുന്നത് നഗരങ്ങളിലാണ്. എന്നാൽ നഗരങ്ങളിലെ തൊഴിലാളികളിൽ ഫാക്ടറിത്തൊഴിലാളികളുടെയത്രതന്നെ കരകൗശല തൊഴിലാളികളുമുണ്ടായിരുന്നു. 1850-കൾ മുതൽ നഗരപ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങളുടെ അനുപാതം നാടകീയമായി വർധിച്ചു. ഇവയിൽ ഭൂരിഭാഗംപേരും വ്യവസായ മേഖലയിലെ തൊഴിലാളികളായിരുന്നു-അതായത് തൊഴിലാളി വർഗം. ബ്രിട്ടനിലെ തൊഴിലാളി ശക്തിയുടെ 20% മാത്രമേ അപ്പോൾ ഗ്രാമീണ മേഖലയിൽ ജീവിച്ചിരുന്നുള്ളൂ. മറ്റ് യൂറോപ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് ബ്രിട്ടന്റെ വ്യവസായവൽക്കരണത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയാണ് ഈ നിരക്ക് കാണിക്കുന്നത്. ബ്രിട്ടന്റെ വ്യവസായങ്ങളെക്കുറിച്ച് വിശദമായി പഠിച്ച എ.ഇ.മസ്സൺ (A. E. Musson) എന്ന ചരിത്രകാരന്റെ അഭിപ്രായത്തിൽ ''1850 – 1914 കാലഘട്ടത്തിലാണ് യഥാർഥത്തിൽ വ്യാവസായ വിപ്ലവം സംഭവിച്ചതെന്ന് കരുതാൻ മതിയായ കാരണങ്ങൾ ഉണ്ട്. വലിയ അളവിൽ മുൻകാല മാറ്റങ്ങളെക്കാൾ വളരെ വ്യാപകമായും ആഴത്തിലും മുഴുവൻ സമ്പദ്വ്യാവസ്ഥയെയും സമൂഹത്തെയും മാറ്റിമറിക്കുന്നതായിരുന്നു ഇക്കാലയളവിലെ മാറ്റങ്ങൾ.''

## അഭ്യാസം (Exercises)

### ഉത്തരം ചുരുക്കിയെഴുതുക (ANSWER IN BRIEF)

1. 1793 മുതൽ 1815 വരെ ബ്രിട്ടൻ യുദ്ധങ്ങളിൽ മുഴുകിയത് ബ്രിട്ടീഷ് വ്യവസായത്തെ എങ്ങനെ ബാധിച്ചു?
2. കനാൽ, റെയിൽവേ ഗതാഗതങ്ങളുടെ ആപേക്ഷികമായ നേട്ടങ്ങൾ എന്തെല്ലാമായിരുന്നു?
3. വ്യാവസായിക വിപ്ലവകാലഘട്ടത്തിലെ 'കണ്ടുപിടിത്ത'ങ്ങളുടെ കൗതുകകരമായ സവിശേഷതകൾ എന്തെല്ലാം?
4. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ബ്രിട്ടീഷ് വ്യാവസായവൽക്കരണത്തിന്റെ സ്വഭാവത്തെ എങ്ങനെ ബാധിച്ചുവെന്ന് സൂചിപ്പിക്കുക

### ലഘു ഉപന്യാസമായി എഴുതുക (ANSWER IN A SHORT ESSAY)

5. വ്യാവസായികവിപ്ലവം വ്യത്യസ്തവിഭാഗം ബ്രിട്ടീഷ്സ്ത്രീകളെ എങ്ങനെ ബാധിച്ചു?
6. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ റെയിൽവേയുടെ വരവിന്റെ ഫലങ്ങൾ താരതമ്യം ചെയ്യുക.

പ്രമേയം 10

# തദ്ദേശീയ ജനതയുടെ സ്ഥാനഭ്രംശം

# (DISPLACING INDIGENOUS PEOPLES)

A4V7E1

*അമേരിക്കയിലെയും ആസ്ത്രേലിയയിലെയും തദ്ദേശവാസികളുടെ ചരിത്രങ്ങളുടെ ചില പ്രത്യേകതകളാണ് ഈ പാഠഭാഗത്തിൽ വിശദീകരിക്കുന്നത്. തെക്കേ അമേരിക്കയിലെ സ്പാനിഷ്, പോർച്ചുഗീസ് അധിനിവേശത്തെക്കുറിച്ച് പ്രമേയം 8–ൽ വിവരിക്കുന്നുണ്ടല്ലോ. പതിനെട്ടാം നൂറ്റാണ്ടുമുതൽ യൂറോപ്യൻ കുടിയേറ്റക്കാർ ദക്ഷിണ-മധ്യ-ഉത്തര അമേരിക്കകൾ, ദക്ഷിണാഫ്രിക്ക, ആസ്ത്രേലിയ, ന്യൂസിലാന്റ് എന്നിവടങ്ങളിലെ കൂടുതൽ പ്രദേശങ്ങളിലേക്ക് തങ്ങളുടെ അധിവാസം വ്യാപിപ്പിച്ചു. ഇത് നിരവധി തദ്ദേശീയ ജനസമൂഹങ്ങളെ സ്വദേശം വിട്ട് മറ്റു പ്രദേശങ്ങളിലേക്ക് പോകാൻ നിർബന്ധിതരാക്കി. യൂറോപ്യൻ അധിവാസങ്ങളെ 'കോളനികൾ' എന്ന പേരിലാണറിയപ്പെട്ടത്. കോളനികളിലെ യൂറോപ്യൻ കുടിയേറ്റക്കാർ തങ്ങളുടെ 'മാതൃരാജ്യങ്ങളിൽ' നിന്ന് സ്വാതന്ത്ര്യം നേടിയപ്പോൾ ഈ പ്രദേശങ്ങളെല്ലാം രാജ്യങ്ങൾ അഥവാ രാഷ്ട്രങ്ങൾ (states or countries) ആയിമാറി.*

*പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ ഏഷ്യയിൽനിന്നും നിരവധിപേർ ഇവയിൽ ചില രാജ്യങ്ങളിലേക്ക് കുടിയേറുകയുണ്ടായി. ഇന്ന് ഇവിടത്തെ ജനസംഖ്യയിൽ ഭൂരിഭാഗവും ഇങ്ങനെ കുടിയേറിയ യൂറോപ്യന്മാരും ഏഷ്യക്കാരുമാണ്. അതേസമയം തദ്ദേശീയ ജനതയുടെ അംഗസംഖ്യ വളരെക്കുറവുമാണ്. നഗരങ്ങളിൽ അവരെ കാണുന്നതുതന്നെ അപൂർവമായാണ്. ഒരിക്കൽ ഈ രാജ്യങ്ങളുടെ ഭൂരിഭാഗവും അവരുടേതായിരുന്നുവെന്ന കാര്യംപോലും ജനങ്ങൾ മറന്നിരിക്കുന്നു. അമേരിക്കയിലെ പല നഗരങ്ങളുടെയും നദികളുടെയും പേരുകൾ ഉത്ഭവിച്ചിരിക്കുന്നത് പ്രാദേശിക നാമങ്ങളിൽ നിന്നാണ് എന്നതും വിസ്മൃതമായിരിക്കുന്നു. (അമേരിക്കയിലെ ഒഹിയോ (Ohio), മിസ്സിസിപ്പി (Mississippi), സിയാറ്റിൽ (Seattle), കാനഡയിലെ സാസ്കാച്വാൻ (Saskatchewan), ആസ്ത്രേലിയയിലെ വോളൻഗോങ് (Wollongong), പാരമാട്ട (Paramatta) എന്നിവ ഇതിനുദാഹരണങ്ങളാണ്).*

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഘട്ടംവരെ, അമേരിക്കയിലെയും ആസ്ത്രേലിയയിലെയും ചരിത്രപാഠപുസ്തകങ്ങൾ യൂറോപ്യന്മാർ ഈ പ്രദേശങ്ങൾ 'കണ്ടുപിടിച്ചതെങ്ങിനെ' എന്നു വിശദീകരിക്കുക പതിവായിരുന്നു. യൂറോപ്യന്മാരോട് തദ്ദേശീയജനത ശത്രുത കാട്ടി എന്നു സൂചിപ്പിക്കുന്നതല്ലാതെ അവരെപ്പറ്റി യാതൊരു പരാമർശവുമുണ്ടായിരുന്നില്ല. എന്നാൽ 1840 കളിൽ അമേരിക്കയിലെ നരവംശ ശാസ്ത്രജ്ഞർ തദ്ദേശീയരെക്കുറിച്ചുള്ള പഠനങ്ങൾക്കു തുടക്കം കുറിച്ചു. പിൽക്കാലത്ത് 1960 കളിൽ തദ്ദേശീയ ജനതയെ സ്വന്തം ചരിത്രം എഴുതാനോ, പറഞ്ഞെഴുതിക്കാനോ, (ഇത് വാമൊഴി ചരിത്രം -Oral history- എന്നറിയപ്പെടുന്നു) പ്രോത്സാഹിപ്പിച്ചു തുടങ്ങി.

തദ്ദേശവാസികൾ തന്നെ എഴുതിയ ചരിത്രരചനകളും സാഹിത്യസൃഷ്ടികളുമെല്ലാം ഇപ്പോൾ ലഭ്യമാണ്. ഇവിടത്തെ മ്യൂസിയങ്ങൾ തദ്ദേശീയകലകളെയും പ്രാക്തന ജീവിതരീതികളെയും സന്ദർശകർക്കു മുന്നിൽ തുറന്നു വയ്ക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ, (USA) അമേരിക്കൻ ഇന്ത്യക്കാരുടെ പുതിയ ദേശീയ മ്യൂസിയത്തിന്റെ (National Museum of the American Indians) ചുമതലക്കാർ അമേരിക്കൻ ഇന്ത്യക്കാർ തന്നെയാണ്.

## യൂറോപ്യൻ സാമ്രാജ്യത്വം (European Imperialism)

അമേരിക്കയിലെ സ്പെയിൻ, പോർച്ചുഗീസ് സാമ്രാജ്യങ്ങൾ പതിനേഴാംനൂറ്റാണ്ടിനു ശേഷം വികാസം പ്രാപിച്ചില്ല (പ്രമേയം 8 കാണുക). അക്കാലംമുതൽ ഫ്രാൻസ്, ബ്രിട്ടൻ, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങൾ അവരുടെ വ്യാപാരപ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അമേരിക്ക, ഏഷ്യ, ആഫ്രിക്ക തുടങ്ങിയ പ്രദേശങ്ങളിൽ കോളനികൾ സ്ഥാപിക്കാൻ ആരംഭിക്കുകയും ചെയ്തു. ഭൂവുടമകളിൽ അധികവും ബ്രിട്ടീഷ് കുടിയേറ്റക്കാരായിരുന്നതിനാൽ അയർലന്റും ഫലത്തിൽ ഒരു ബ്രിട്ടീഷ് കോളനിയായിരുന്നു.

കോളനികൾ സ്ഥാപിക്കുന്നതിനു പിന്നിലുള്ള പ്രധാന പ്രേരണ ലാഭമുണ്ടാക്കുക എന്നതായിരുന്നുവെങ്കിലും അവിടങ്ങളിൽ സ്ഥാപിക്കപ്പെട്ട അധികാരത്തിന്റെ സ്വഭാവത്തിൽ കാര്യമായ വ്യത്യാസങ്ങളുണ്ടെന്ന് പതിനെട്ടാം നൂറ്റാണ്ടുമുതൽ വ്യക്തമായി.

ഈസ്റ്റിന്ത്യാക്കമ്പനിപോലുള്ള കച്ചവടകമ്പനികൾ ദക്ഷിണേഷ്യയിൽ രാഷ്ട്രീയ ശക്തികളായി മാറി. അവർ പ്രാദേശിക ഭരണാധികാരികളെ പരാജയപ്പെടുത്തി പ്രദേശങ്ങൾ പിടിച്ചെടുത്തു. സുസജ്ജമായ പഴയ ഭരണസംവിധാനത്തെ നിലനിർത്തിയതോടൊപ്പം ഭൂവുടമകളിൽനിന്ന് നികുതി പിരിച്ചെടുക്കുകയും ചെയ്തു. പിന്നീട് വ്യാപാരം സുഗമമാക്കുന്നതിന്റെ ഭാഗമായി റെയിൽവേ പണികഴിപ്പിക്കുകയും ഖനികളും വലിയ തോട്ടങ്ങളും സമ്പാദിക്കുകയും ചെയ്തു.

ആഫ്രിക്കയിൽ ദക്ഷിണാഫ്രിക്ക ഒഴികെ മറ്റെല്ലായിടത്തും യൂറോപ്യർ തീരദേശത്താണ് വ്യാപാരം നടത്തിയത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി മാത്രമേ, ആഫ്രിക്കയുടെ ഉൾഭാഗങ്ങളിലേക്ക് ഇവർ പ്രവേശിച്ചുള്ളൂ. അതിനുശേഷം ചില യൂറോപ്യൻ രാജ്യങ്ങൾ ആഫ്രിക്കയെ തങ്ങൾക്കുള്ള കോളനികളായി പങ്കിട്ടെടുക്കുന്നതിനുള്ള ഒരു ഉടമ്പടിയിലേർപ്പെട്ടു.

ദക്ഷിണാഫ്രിക്കയിലെ ഡച്ചുകാരെയും അയർലന്റ്, ന്യൂസിലന്റ്, ആസ്ത്രേലിയ എന്നിവടങ്ങളിലെ ബ്രിട്ടീഷുകാരെയും അമേരിക്കയിലെ യൂറോപ്യരെയും വിശേഷിപ്പിക്കുന്നതിനാണ് 'കുടിയേറ്റക്കാർ' ('settlers') എന്ന പദം ഉപയോഗിക്കുന്നത്. ഈ കോളനികളിലെല്ലാം ഔദ്യോഗികഭാഷ ഇംഗ്ലീഷ് ആയിരുന്നു. (കാനഡയിൽ ഫ്രഞ്ചും ഔദ്യോഗിക ഭാഷയാണ്.)

**'പുതിയ ലോകത്തെ' രാജ്യങ്ങൾക്ക് യൂറോപ്യന്മാർ നൽകിയ പേരുകൾ**
**(Names given by Europeans to countries of the 'New World')**

| | |
|---|---|
| 'അമേരിക്ക' | അമേരിഗോ വെസ്പൂച്ചിയുടെ യാത്രകളെക്കുറിച്ചുള്ള പ്രസിദ്ധീകരണത്തിനു ശേഷമാണ് ഈ പദം (1451 - 1512) ആദ്യമായി ഉപയോഗിച്ചത്. |
| 'കാനഡ' | ഹ്യൂറോൺ – ഇറോക്വിയോയിസ് (Huron – Iroquois) ഭാഷയിൽ 'ഗ്രാമം' എന്നർഥം വരുന്ന *കാനറ്റ (Kanata)* എന്ന പദത്തിൽ നിന്നാണ് ഇത് ഉത്ഭവിച്ചത്. 1535 ൽ ജാക്കാർട്ടിയർ (Jacques Cartier) എന്ന പര്യവേക്ഷകൻ കേട്ടതാണ് ഈ വാക്ക്. |
| 'ആസ്ത്രേലിയ' | ദക്ഷിണ മഹാസമുദ്രത്തിലെ ഭൂവിഭാഗം എന്നതിന് പതിനാറാം നൂറ്റാണ്ടിലെ പേര്. (ലാറ്റിൻ ഭാഷയിൽ *ഓസ്ട്രൽ (Austral)* എന്ന വാക്കിന് 'തെക്ക്' എന്നാണർഥം.) |
| 'ന്യൂസിലാന്റ്' | 1642-ൽ ഈ ദ്വീപ് ആദ്യമായി കണ്ട ഹോളണ്ടുകാരൻ ടാസ്മാൻ (Tasman) ആണ് ഈ പേര് നൽകിയത്. (ഡച്ച് ഭാഷയിൽ സീ *(zee)* എന്നാൽ 'കടൽ' എന്നർഥം.) |

*ജ്യോഗ്രഫിക്കൽ ഡിക്ഷണറി (Geographical Dictionary*, pp.805-22), അമേരിക്കകളിലെയും ആസ്ത്രേലിയയിലെയും ന്യൂ എന്ന വാക്കുകൊണ്ടാരംഭിക്കുന്ന നൂറിലേറെ സ്ഥലനാമങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

## വടക്കേ അമേരിക്ക (NORTH AMERICA)

വടക്കേ അമേരിക്ക എന്ന വൻകര ആർട്ടിക് വൃത്തം മുതൽ (Arctic Circle) ഉത്തരായന രേഖ വരെയും (Tropic of Cancer) പസഫിക് മുതൽ അറ്റ്ലാന്റിക് സമുദ്രം വരെയും വ്യാപിച്ചു കിടക്കുന്നു. റോക്കി പർവതനിരകൾക്കു പടിഞ്ഞാറുഭാഗം നെവാദ – അരിസോണ മരുഭൂമികളും അതിനും പടിഞ്ഞാറായി സിയാറ – നെവാദാ പർവതങ്ങളും സ്ഥിതി ചെയ്യുന്നു. കിഴക്കുഭാഗത്ത് വിശാലമായ സമതലങ്ങളും വൻതടാകങ്ങളും മിസ്സിസിപ്പി, ഒഹായോ താഴ്‌വരകളും അപ്പലേച്ചിയൻ മലനിരകളും സ്ഥിതി ചെയ്യുന്നു. തെക്കു ഭാഗത്ത് മെക്സിക്കോയാണ്. കാനഡയുടെ നാല്പതു ശതമാനവും വനമാണ്. പല പ്രദേശങ്ങളും എണ്ണ, വാതകം, ധാതുവിഭവങ്ങൾ എന്നിവയാൽ സമൃദ്ധമാണ്. യു.എസ്.എ. യിലും കാനഡയിലും വൻകിട വ്യവസായങ്ങളുടെ വളർച്ചയുടെ പ്രധാന കാരണം ഇതാണ്. ഇന്ന് കാനഡയിൽ ഗോതമ്പും ഫലസസ്യങ്ങളും ചോളവും വ്യാപകമായി കൃഷി ചെയ്യുന്നതോടൊപ്പം മത്സ്യബന്ധനം ഒരു പ്രധാന വ്യവസായമാണ്.

യൂറോപ്പ്, ആഫ്രിക്ക, ചൈന തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരുടെ വരവിനുശേഷമാണ് വടക്കേ അമേരിക്കയിൽ ഖനികളും വ്യവസായങ്ങളും, കൃഷിയും വ്യാപകമാവുന്നത്. ഏകദേശം 200 വർഷത്തെ ചരിത്രമേ ഇതിനുള്ളു. എന്നാൽ യൂറോപ്യന്മാർക്ക് വടക്കേ അമേരിക്കയെക്കുറിച്ചുള്ള അറിവു ലഭിക്കുന്നതിനും ആയിരക്കണക്കിനു വർഷം മുൻപുതന്നെ ഇവിടെ ഒരു ജനത ജീവിച്ചിരുന്നു.

'തദ്ദേശവാസി' ('Native') എന്നതുകൊണ്ടർഥമാക്കുന്നത് താമസിക്കുന്ന സ്ഥലത്തു തന്നെ ജനിച്ചു വളർന്നയാൾ എന്നാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരെയും യൂറോപ്യർ ഈ പദം ഉപയോഗിച്ചിരുന്നത് തങ്ങൾ കോളനികളാക്കിയ പ്രദേശങ്ങളിലെ ആദിമനിവാസികളെ സൂചിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു.


## തദ്ദേശീയ ജനത (The Native Peoples)

വടക്കേ അമേരിക്കയിലെ ആദിമനിവാസികൾ ഏകദേശം 30,000 വർഷങ്ങൾക്കുമുൻപ് ബെറിംഗ് കടലിടുക്കിനു (Bering Straits) കുറുകെയുള്ള മൺതിട്ട (land-bridge) കടന്ന് ഏഷ്യയിൽനിന്നു വന്നവരാണ്. അവസാന ഹിമയുഗത്തിൽ, ഏകദേശം 10,000 വർഷങ്ങൾക്കുമുൻപ്, അവർ വീണ്ടും തെക്കു ഭാഗത്തേക്കു നീങ്ങി. അമേരിക്കയിൽ നിന്നു കണ്ടെടുത്ത ഏറ്റവും പഴക്കമുള്ള മനുഷ്യനിർമ്മിത വസ്തുവായ (artefact) ഒരു 'അമ്പിന്റെ അഗ്ര'ഭാഗത്തിന് 11,000 വർഷത്തെ പഴക്കമുണ്ട്. ഏകദേശം 5,000 വർഷങ്ങൾക്കുമുൻപ് കാലാവസ്ഥ കൂടുതൽ സ്ഥിരത കൈവരിച്ചതോടെയാണ് ഇവിടെ ജനസംഖ്യ വർധിക്കാൻ തുടങ്ങിയത്.

> 'മുൻ അമേരിക്കയിലെ (എന്നു പറഞ്ഞാൽ യൂറോപ്യന്മാർ ഇവിടെയെത്തി ഈ ഭൂഖണ്ഡത്തിന് ആ പേര് കൊടുക്കുന്നുതിനു മുൻപ്), ഓരോ ദിവസത്തെ അസ്തമയവും വൈവിധ്യം നിറഞ്ഞതായിരുന്നു. ആളുകൾ നൂറിലധികം ഭാഷകൾ സംസാരിച്ചിരുന്നു. അവർ ഉപജീവനത്തിനായി നായാട്ടും മീൻപിടിത്തവും ഭക്ഷണശേഖരണവും ഉദ്യാനപരിപാലനവും കൃഷിയും നടത്തിയിരുന്നു. എങ്ങനെ ജീവിക്കണമെന്ന അവരുടെ തിരഞ്ഞെടുക്കലിനെ നിർണയിച്ചിരുന്നത് മണ്ണിന്റെ ഗുണവും അതിനെ പരിപാലിക്കാൻ വേണ്ട പ്രയത്നവുമായിരുന്നു. സാംസ്കാരികവും സാമൂഹികവുമായ പക്ഷപാതിത്വങ്ങൾ മറ്റുള്ളവയെ നിർണയിച്ചു. മത്സ്യം, ധാന്യം, തോട്ടവിളകൾ, മാംസം എന്നിവയുടെ അധിക ഉൽപ്പാദനം ചിലയിടത്ത് ശക്തവും ശ്രേണീബദ്ധവുമായ സമൂഹങ്ങൾ സൃഷ്ടിച്ചു. ചില സംസ്കാരങ്ങൾ സഹസ്രാബ്ദങ്ങൾ നിലനിന്നു...'
>
> –വില്യം മക്‌ളീഷ്, *ദി ഡേ ബിഫോർ അമേരിക്ക.*

നദീ തീരങ്ങളിലെ ഗ്രാമങ്ങളിൽ സംഘങ്ങളായാണ് ജനങ്ങൾ താമസിച്ചിരുന്നത്. ഭക്ഷണത്തിനായി ചോളവും പച്ചക്കറികളും കൃഷിചെയ്യുന്നതോടൊപ്പം മത്സ്യവും മാംസവും യഥേഷ്ടം ഉപയോഗിച്ചിരുന്നു. മാംസം തേടി അവർ ചിലപ്പോൾ ദീർഘദൂരം സഞ്ചരിച്ചിരുന്നു. പുൽമേടുകളിൽ അലയുന്ന കാട്ടുപോത്തുകളായിരുന്നു പലപ്പോഴും ഈ യാത്രകളിലെ ലക്ഷ്യം. (പതിനേഴാം നൂറ്റാണ്ടോടെ കുതിരസവാരി ശീലിച്ചപ്പോൾ ഈ പ്രവൃത്തി എളുപ്പമായിത്തീർന്നു. സ്പാനിഷ് കുടിയേറ്റക്കാരിൽ നിന്നാണ് അവർക്ക് കുതിരകളെ ലഭിച്ചിരുന്നത്.) എന്നാൽ ഭക്ഷണത്തിനാവശ്യമായ മൃഗങ്ങളെ മാത്രമേ അവർ വേട്ടയാടിയിരുന്നുള്ളൂ.

അവർ വ്യാപകമായ രീതിയിൽ കൃഷി ചെയ്തിരുന്നില്ല. മിച്ചോൽപ്പാദനം ഇല്ലായിരുന്നതിനാൽ അവർ മധ്യ-ദക്ഷിണ അമേരിക്കയിലേതുപോലെ രാജ്യങ്ങളോ, സാമ്രാജ്യങ്ങളോ വികസിപ്പിച്ചില്ല. ഭൂമിയെച്ചൊല്ലി ഗോത്രങ്ങൾക്കിടയിൽ തർക്കങ്ങൾ ഉണ്ടാകുമായിരുന്നുവെങ്കിലും ഭൂമിയുടെ മേലുള്ള നിയന്ത്രണം ഒരു പ്രധാന പ്രശ്നമേ അല്ലായിരുന്നു. ഭൂമിയിൽ ഉള്ള ഭക്ഷണവും, വാസസ്ഥലവും കൊണ്ട് അവർ തൃപ്തരായിരുന്നു. അവ സ്വന്തമാക്കേണ്ട ആവശ്യകത അവർക്കനുഭവപ്പെട്ടില്ല. ഔപചാരികമായ സഖ്യങ്ങളും സൗഹൃദവും സ്ഥാപിക്കുക, സമ്മാനങ്ങൾ കൈമാറുക എന്നിവ അവരുടെ പാരമ്പര്യത്തിന്റെ പ്രധാന സവിശേഷതകളായിരുന്നു. സാധനങ്ങൾ വിലകൊടുത്ത് വാങ്ങിയല്ല, മറിച്ച് സമ്മാനങ്ങളായി ലഭിച്ചവയാണ് അവർ ഉപയോഗിച്ചിരുന്നത്.



*നിറംകൊടുത്ത ഷെല്ലുകൾ ചേർത്തു നിർമ്മിച്ച വാംപം ബെൽറ്റുകൾ (Wampum Belts) അമേരിക്കയിലെ തദ്ദേശീയ ഗോത്രങ്ങൾ ഒരു ഉടമ്പടിയെ തുടർന്ന് കൈമാറ്റത്തിനുപയോഗിച്ചു.*

വടക്കേ അമേരിക്കയിൽ നിരവധി ഭാഷകൾ സംസാരിച്ചിരുന്നു. എങ്കിലും അവയൊന്നും എഴുത്തുഭാഷകളായിരുന്നില്ല. സമയം ചാക്രികമായാണ് നീങ്ങുന്നത് എന്നവർ വിശ്വസിച്ചു. ഓരോ ഗോത്രവും അവരുടെ ഉൽഭവത്തെക്കുറിച്ചും ആദ്യകാല ചരിത്രത്തെക്കുറിച്ചുമുള്ള അറിവുകൾ സൂക്ഷിച്ചിരുന്നു. അവ വരുംതലമുറകളിലേക്ക് പകർന്ന് നൽകിയിരുന്നു. കരകൗശല വിദഗ്ധരും മനോഹരമായി വസ്ത്രങ്ങൾ നെയ്യുന്നവരുമായിരുന്നു അവർ. അവർക്കു ഭൂമിയെ വായിക്കാൻ കഴിയുമായിരുന്നു-സാക്ഷരർ പുസ്തകം വായിക്കുന്നതു പോലെ അവർ ഭൂപ്രകൃതി സവിശേഷതകളും കാലാവസ്ഥയും മനസ്സിലാക്കിയിരുന്നു.

തദ്ദേശവാസികളുടെ ഗോത്രങ്ങളുടെ പേരുകൾ അവരുമായി ഒരു ബന്ധവുമില്ലാത്ത വസ്തുക്കൾക്ക് പലപ്പോഴും നൽകിയിട്ടുണ്ട്. ഉദാഹരണത്തിന് :-
ഡക്കോഡ (Dakota) : വിമാനം
ചെരോകി (Cherokee) : ജീപ്പ്
പോൺടിയാക് (Pontiac):കാർ
മോഹോക് (Mohawk) : തലമുടി വെട്ടുന്ന രീതി!

## യൂറോപ്യന്മാരുമായുള്ള ഏറ്റുമുട്ടലുകൾ (Encounters with Europeans)

'പുതിയ ലോകത്തെ' തദ്ദേശീയ ജനതയെ വിശേഷിപ്പിക്കുന്നതിന് വിവിധ ഇംഗ്ലീഷ് പദങ്ങൾ ഉപയോഗിക്കുന്നു.

*അബോറിജിൻ (Aborigine)*: ആസ്ത്രേലിയയിലെ തദ്ദേശീയ വാസികൾ, (ലാറ്റിൻ ഭാഷയിൽ 'ab' എന്നതിന് 'മുതൽ' എന്നും 'origine' എന്നതിന്ന് 'തുടക്കം' എന്നുമാണ് അർഥം)

*അബോറിജിനൽ (Aboriginal)* : ഒരു വിശേഷണ പദമാണ്. പലപ്പോഴും തെറ്റിച്ച് നാമപദമായി ഉപയോഗിക്കുന്നു

*അമേരിക്കൻ ഇൻഡ്യൻ/അമറിൻഡ്/അമേരിൻഡ്യൻ (AmericanIndian/Amerind/Amerindian)*: വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, കരീബിയൻ എന്നിവടങ്ങളിലെ തദ്ദേശീയ നിവാസികളെ സൂചിപ്പിക്കുന്ന പദങ്ങൾ

ഫസ്റ്റ് നേഷൻസ് പീപ്പിൾസ് (*First Nations Peoples)* :കനേഡിയൻ ഗവൺമെന്റ് അംഗീകരിച്ച സംഘടിത തദ്ദേശീയ സംഘങ്ങൾ. (1867 ലെ ഇൻഡ്യൻ നിയമം (Indians Act) 'സംഘം' (band) എന്ന പദമാണ് ഉപയോഗിച്ചിരുന്നതെങ്കിൽ 1980 മുതൽ 'ദേശങ്ങൾ' ('nations') എന്നാണ് ഉപയോഗിക്കുന്നത്)



*വിസ്കോൺസിനിലെ വിന്നെബാഗോ ഗോത്രത്തിലെ ഒരു സ്ത്രീ. 1860 കളിൽ ഈ ഗോത്രജനത നെബ്രാസ്കയിലേക്ക് അയയ്ക്കപ്പെട്ടു*

*തദ്ദേശീയ ജനത (indigenous peoples)* : ഒരു പ്രദേശവുമായി സ്വാഭാവികമായി ബന്ധമുള്ളവർ

*നേറ്റീവ് അമേരിക്കൻ (native American)* : അമേരിക്കകളിലെ ആദിമ നിവാസികൾ (ഇപ്പോൾ ഈ പദമാണ് വ്യാപകമായി ഉപയോഗിക്കുന്നത്)

*'റെഡ് ഇൻഡ്യൻ' ('Red Indian')* : കൊളംബസ് ഇന്ത്യയെന്ന് തെറ്റിധരിച്ച നാട്ടിലെ തവിട്ടുനിറമുള്ള മനുഷ്യർ

'ഹോപ്പികളുടെ* കൈവശമുണ്ടായിരുന്ന ശിലാഫലകങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നത്, അവരുടെ അടുത്തേക്ക് മറുകരയിൽനിന്ന് മടങ്ങിവരുന്ന മുതിർന്ന സഹോദരി സഹോദരൻമാർ ആമകളായി വരുമെന്നാണ്. അവർ മനുഷ്യജീവികൾ തന്നെ, പക്ഷേ അവർ വരുന്നത് കടലാമകളായിട്ടായിരിക്കും. അങ്ങനെ അതിനുള്ള സമയം അടുത്തപ്പോൾ ഹോപ്പികൾ കരയിലേക്ക് വരുന്ന കടലാമകളെ വരവേൽക്കാനായി ഒരു പ്രത്യേക ഗ്രാമത്തിൽ അവയുടെ വരവ് കാത്തിരുന്നു. അതിരാവിലെ എഴുന്നേറ്റ് അവർ സൂര്യനുദിക്കുന്ന ദിക്കിലേക്ക് നോക്കി. മരുഭൂമിക്ക് കുറുകെ നോക്കിയപ്പോൾ അവർ കണ്ടത് സ്പാനിഷ് പടയാളികളെയാണ്, കവചം ധരിച്ച അവർ ദൂരക്കാഴ്ചയിൽ, കരകയറിവരുന്ന കടലാമകളെപ്പോലെ ആയിരുന്നു. തങ്ങൾ കാത്തിരുന്നവർ ഇവർ തന്നെയെന്ന് ഹോപ്പികൾ കരുതി. അവർ മുന്നോട്ട് ചെന്ന് ഹസ്തദാനത്തിനായി സ്പെയിൻകാർക്ക് നേരെ കൈനീട്ടി. എന്നാൽ പ്രതീക്ഷിച്ച ഹസ്തദാനത്തിനുപകരം വിലങ്ങു റഞ്ഞ ഒരു ആഭരണമാണ് അവരുടെ കൈകളിലേക്ക് ഇട്ടുകൊടുത്തത്. അതോടെ വടക്കേ അമേരിക്കയിലാകെ കഷ്ടകാലമാണ് വരാൻ പോകുന്നതെന്നും ചില സഹോദരീ സഹോദരന്മാർ വസ്തുക്കളുടെ പവിത്രത മറന്നു പോയതാകാമെന്നും അതിന്റെ ഫലം ഭൂമിയിലുള്ള എല്ലാ മനുഷ്യരും അനുഭവിക്കാൻ പോവുകയാണെന്നും ഒരു ശ്രുതി പരന്നു.'

– ലീ ബ്രൗണിന്റെ (Lee Brown) ഒരു പ്രസംഗത്തിൽ നിന്ന്, 1986

*ഇപ്പോൾ കാലിഫോർണിയയിൽ താമസിക്കുന്ന ഒരു തദ്ദേശ ഗോത്രമാണ് ഹോപ്പികൾ (Hopis)

പതിനേഴാം നൂറ്റാണ്ടിൽ രണ്ടുമാസത്തോളം നീണ്ടുനിന്ന ദുർഘടമായ സമുദ്രയാത്രയ്ക്കു ശേഷം വടക്കേ അമേരിക്കയുടെ വടക്കൻ തീരത്തെത്തിയ യൂറോപ്യൻ കച്ചവടക്കാർക്ക് തദ്ദേശിയർ നൽകിയ ഊഷ്മളമായ സ്വീകരണം അവർക്ക് ആശ്വാസമായിത്തീർന്നു. സ്പെയിൻകാർ ദക്ഷിണ അമേരിക്കയിലെത്തിയത് സ്വർണ നിക്ഷേപം തേടിയായിരുന്നുവെങ്കിൽ മത്സ്യം, തുകൽ എന്നിവയുടെ വ്യാപാരത്തിനുവേണ്ടിയായിരുന്നു ഈ യൂറോപ്യർ വടക്കേ അമേരിക്കയിൽ എത്തിയത്. അവർക്ക്, വേട്ടയാടലിൽ വിദഗ്ധരായിരുന്ന തദ്ദേശീയരുടെ അകമഴിഞ്ഞ പിന്തുണയും ലഭിച്ചു.

തെക്ക് മിസ്സിസിപ്പി നദിയുടെ തീരത്ത് തദ്ദേശീയർ കൃത്യമായി ഒത്തുകൂടുന്നതും അവരുടെ ഗോത്രങ്ങൾ നിർമ്മിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ കൈമാറ്റം നടത്തുന്നതും ഫ്രഞ്ചുകാരുടെ ശ്രദ്ധയിൽപ്പെട്ടു. മറ്റുപ്രദേശങ്ങളിൽ ലഭ്യമല്ലാത്ത ഭക്ഷ്യോൽപ്പന്നങ്ങളും അവിടെ ലഭ്യമായിരുന്നു. പ്രാദേശിക ഉൽപ്പന്നങ്ങൾക്കു പകരം ഫ്രഞ്ചുകാർ അവർക്ക് പുതപ്പുകൾ, ഇരുമ്പുപാത്രങ്ങൾ (അവരുടെ മൺപാത്രങ്ങൾക്കു പകരമായി ഇത് ഉപയോഗിച്ചിരുന്നു), തോക്ക് (മൃഗങ്ങളെ വേട്ടയാടുന്നതിന് അമ്പിനും വില്ലിനും പകരമെന്നോണം ഉപയോഗിച്ചു), മദ്യം എന്നിവ നൽകി. മദ്യം ഒരുപക്ഷേ അവർക്കപരിചിതമായ ഒന്നായിരുന്നു. അതുകൊണ്ടുതന്നെ അവർ അതിൽ ആസക്തരായത് യൂറോപ്യർക്ക് വലിയ അനുഗ്രഹമായിത്തീർന്നു. കാരണം ലഹരിക്കടിമപ്പെട്ട തദ്ദേശീയരുടെ മേൽ പുതിയ വ്യാപാരവ്യവസ്ഥകൾ അടിച്ചേൽപ്പിക്കാൻ അവർക്ക് എളുപ്പം സാധിച്ചു. (ഇതിന്റെയൊരു മറുവശമെന്നോണം യൂറോപ്യന്മാർക്ക് പുകയിലയോടുള്ള ആസക്തി തദ്ദേശീയരിൽനിന്നാണ് ലഭിച്ചത്.)

| | ക്യൂബെക് (Quebec) | | അമേരിക്കൻ കോളനികൾ (American colonies) |
|---|---|---|---|
| 1497 | ജോൺ കാബട്ട് ന്യൂഫൗണ്ട് ലാന്റിൽ എത്തിച്ചേരുന്നു | 1507 | അമേരിഗോ വെസ്പൂച്ചിയുടെ *ട്രാവൽസ്* പ്രസിദ്ധീകരിച്ചു |
| 1534 | ജാക് കാർട്ടിയർ സെന്റ് ലോറൻസ് നദി വരെ സഞ്ചരിച്ച് തദ്ദേശീയരെ കണ്ടുമുട്ടുന്നു | | |
| 1608 | ഫ്രഞ്ചുകാർ ക്യൂബെക് കോളനി സ്ഥാപിച്ചു | 1607 | ബ്രിട്ടീഷുകാർ വിർജീനിയ കോളനി സ്ഥാപിച്ചു |
| | | 1620 | ബ്രിട്ടീഷുകാർ മസാച്യൂസെറ്റ്സിൽ പ്ലിമത്ത് (Plymouth) കോളനി സ്ഥാപിച്ചു |

## പരസ്പര കാഴ്ചപ്പാടുകൾ (Mutual Perceptions)

പതിനെട്ടാം നൂറ്റാണ്ടിൽ പശ്ചിമയൂറോപ്യർ 'പരിഷ്കൃത ജനത'യെ ('civilized') നിർവചിച്ചത് സാക്ഷരത, സംഘടിത മതവിശ്വാസം, നാഗരികത എന്നിവയയുടെ അടിസ്ഥാനത്തിലാണ്. അവരെ സംബന്ധിച്ചിടത്തോളം അമേരിക്കയിലെ തദ്ദേശീയർ 'അപരിഷ്കൃതരായിരുന്നു' ('uncivilized'). എന്നാൽ ഫ്രഞ്ച് ചിന്തകനായ റൂസ്സോയെ (Jean-Jacques Rousseau) പോലുള്ളവരുടെ അഭിപ്രായത്തിൽ അപരിഷ്കൃതർ എന്നു വിളിക്കുന്ന ഈ ജനതയാണ് യഥാർഥത്തിൽ പ്രശംസിക്കപ്പെടേണ്ടവർ; കാരണം സംസ്കാരത്തിന്റെ ജീർണത തീരെ ബാധിച്ചിട്ടില്ലാത്തവരാണ് അവർ. 'കുലീനരായ കിരാതർ' (noble savage) എന്ന പദമാണ് അവർക്ക് അനുയോജ്യം എന്നു കരുതുന്നവരും ഉണ്ട്. വിഖ്യാത ഇംഗ്ലീഷ് കവി വില്യം വേർഡ്സ്വർത്തിന്റെ (William Wordsworth) ഒരു കവിതയിലെ ഏതാനും വരികൾ മറ്റൊരു കാഴ്ചപ്പാട് സൂചിപ്പിക്കുന്നു. റൂസ്സോയോ വേർഡ്സ്വർത്തോ ഒരു അമേരിക്കൻ തദ്ദേശീയനെ നേരിൽ കണ്ടിട്ടില്ലായിരുന്നു. വേർഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ വന്യതയ്ക്കിടയിൽ ജീവിക്കുന്നവർക്ക് ഭാവനയെയും വികാരത്തെയും കൂടുതൽ സുന്ദരമാക്കുവാൻ പരിമിതികളുണ്ടായിരുന്നുവത്രെ !

> അമേരിക്കൻ ഐക്യനാടുകളുടെ മൂന്നാമത്തെ പ്രസിഡന്റും, വേർഡ്സ്വർത്തിന്റെ സമകാലികനുമായ തോമസ് ജെഫേഴ്സൺ തദ്ദേശീയരെ കുറിച്ചു പറഞ്ഞ വാക്കുകൾ ഇന്നാണെങ്കിൽ വലിയ പ്രതിഷേധത്തിന് ഇട നൽകുമായിരുന്നു:
>
> 'എത്രയോ ശ്രമപ്പെട്ട് നാം പരിഷ്കൃതമാക്കാൻ ശ്രമിക്കുന്ന ഭാഗ്യംകെട്ട ഈ വർഗ്ഗം... തുടച്ചുനീക്കപ്പെടാൻ അർഹത നേടിയിരിക്കുന്നു.'

> അമേരിക്കൻ തദ്ദേശവാസികളെ നേരിട്ടു കണ്ടിട്ടുണ്ടായിരുന്ന മറ്റൊരു എഴുത്തുകാരൻ, വേർഡ്സ്വർത്തിനെക്കാൾ ചെറുപ്പക്കാരനായിരുന്ന വാഷിങ്ടൺ ഇർവിങ് (Washington Irving) അമേരിക്കൻ ഇന്ത്യക്കാരെ വിവരിക്കുന്നത് തികച്ചും വ്യത്യസ്തമായാണ്.
>
> 'യഥാർഥ ജീവിതത്തിൽ എനിക്കു നേരിട്ടുകാണാൻ അവസരം ലഭിച്ച ഇന്ത്യക്കാർ കവിതയിൽ വർണിച്ചിരിക്കുന്നതിനെക്കാൾ വളരെ വ്യത്യസ്തരാണ്. വെള്ളക്കാരുടെ കൂട്ടത്തിലായിരിക്കുമ്പോൾ അവർ മിണ്ടാട്ടമില്ലാത്തവരാണ് എന്നതു സത്യംതന്നെ. അതിനു കാരണം വെള്ളക്കാരുടെ ഉദ്ദേശശുദ്ധിയെ അവർക്ക് വിശ്വാസം ഇല്ല എന്നതും, അവരുടെ ഭാഷ മനസ്സിലാകില്ല എന്നതുമാണ്. സമാനമായ ചുറ്റുപാടിൽ വെള്ളക്കാരന്റെയും പെരുമാറ്റം ഈവിധം തന്നെയായിരിക്കും. സ്വന്തം ആളുകൾക്കിടയിൽ ഇരിക്കുമ്പോൾ റെഡ് ഇന്ത്യക്കാർ വലിയ ഹാസ്യാനുകരണക്കാരാണ്. വെള്ളക്കാരെ അവർ കാര്യമായിത്തന്നെ കളിയാക്കി രസിക്കും. വെള്ളക്കാരാകട്ടെ സ്വയം കരുതുന്നത് തങ്ങളുടെ ഗാംഭീര്യവും ആഭിജാത്യവും കൊണ്ട് അവർ ഇന്ത്യക്കാരുടെ ബഹുമാനം പിടിച്ചുപറ്റി എന്നുമായിരിക്കും. വെള്ളക്കാർ (ഞാനതിന് ദൃക്സാക്ഷിയാണ്) പാവപ്പെട്ട ഇന്ത്യക്കാരോട് പെരുമാറുന്നത് മൃഗങ്ങളോട് എന്നതിനേക്കാൾ ഒട്ടും മെച്ചമായല്ല.'

തദ്ദേശീയരെ സംബന്ധിച്ചിടത്തോളം തങ്ങൾ യൂറോപ്യർക്ക് കൈമാറ്റം ചെയ്യുന്ന സാധനങ്ങൾ സൗഹൃദത്തെ സൂചിപ്പിക്കുന്ന സമ്മാനങ്ങളായിരുന്നു. എന്നാൽ സമ്പന്നരാകുന്നത് സ്വപ്നം കണ്ടിരുന്ന യൂറോപ്യർക്ക് ഈ മത്സ്യവും തുകലുമെല്ലാം ലാഭത്തിനായി യൂറോപ്പിൽ വിൽക്കുന്നതിനുള്ള ചരക്കുകൾ മാത്രമായിരുന്നു. യൂറോപ്യർ കച്ചവടം നടത്തിയിരുന്ന സാധനങ്ങളുടെ വില വർഷാവർഷം അതിന്റെ ലഭ്യതയ്ക്കനുസരിച്ച് മാറിയിരുന്നു. ദൂരെയുള്ള യൂറോപ്യൻ കമ്പോളങ്ങളെക്കുറിച്ച് അജ്ഞരായിരുന്ന തദ്ദേശീയർക്ക് ഇതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. തദ്ദേശീയരുടെ ഉൽപ്പന്നങ്ങൾക്കു പകരമായി യൂറോപ്യർ ചില സമയങ്ങളിൽ കൂടുതൽ സാധനങ്ങൾ നൽകിയതും മറ്റു ചിലപ്പോൾ വളരെക്കുറച്ചു നൽകിയതും അവരെ ആശയക്കുഴപ്പത്തിലാക്കി. യൂറോപ്യർ കാണിക്കുന്ന ആർത്തി* പലപ്പോഴും അവരെ ദുഃഖിതരാക്കി. തുകൽ ലഭിക്കുന്നതിനുള്ള അത്യാർത്തിയിൽ യൂറോപ്യർ നൂറുകണക്കിന് നീർനായ്ക്കളെയാണ് കൊന്നൊടുക്കിയത്. ഈ കൂട്ടക്കശാപ്പിന് ഒരിക്കൽ മൃഗങ്ങൾ തങ്ങളോട് പകവീട്ടുമെന്ന് തദ്ദേശീയർ ഭയപ്പെട്ടിരുന്നു.

ആദ്യകാലത്തെത്തിയ യൂറോപ്യൻ വ്യാപാരികളെ പിന്തുടർന്ന് അമേരിക്കയിലെത്തിയത് 'കുടിയേറ്റക്കാർ' ആയിരുന്നു. പതിനേഴാം നൂറ്റാണ്ടുമുതൽ നിരവധി യൂറോപ്യൻ സംഘങ്ങളാണ് മതപീഡനത്തിന്റെ ഭാഗമായി യൂറോപ്പിൽനിന്ന് അമേരിക്കയിലെ

* തദ്ദേശീയരുടെ നാടോടി കഥകളിൽ യൂറോപ്യന്മാർ പരാമർശിക്കപ്പെടുന്നത് ആർത്തിയുള്ളവരും വഞ്ചകരുമായാണ്. എന്നാൽ ഇതെല്ലാം സാങ്കല്പിക കഥകളായി ആവിഷ്കരിക്കപ്പെട്ടതിനാൽ കാലങ്ങൾക്കുശേഷമാണ് യൂറോപ്യർക്ക് ഇതിന്റെ സാരാംശം മനസ്സിലായത്.


ത്തിയത്. കത്തോലിക്കർക്ക് ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ പ്രൊട്ടസ്റ്റന്റുകളും, പ്രൊട്ടസ്റ്റന്റുകൾക്ക് മേധാവിത്വമുള്ള സ്ഥലങ്ങളിൽ കത്തോലിക്കരും പീഡിപ്പിക്കപ്പെട്ടിരുന്നു. അവരിൽ പലരും പുതിയൊരു ജീവിതം ആരംഭിക്കുന്നതിനാണ് യൂറോപ്പുവിട്ട് അമേരിക്കയിലേക്കു പോയത്. ധാരാളം ഭൂമി ലഭ്യമായിരുന്നപ്പോൾ ഇതൊരു പ്രശ്നമായിരുന്നില്ല. എന്നാൽ ഈ ലഭ്യത കുറഞ്ഞപ്പോൾ യൂറോപ്യർ ക്രമേണ ഉൾനാടുകളിലെ ഗ്രാമങ്ങളിലേക്ക് നീങ്ങുവാൻ തുടങ്ങി. ഇരുമ്പായുധങ്ങൾ ഉപയോഗിച്ച് വനം വെട്ടിത്തെളിച്ച് കൃഷിഭൂമി രൂപപ്പെടുത്തുകയും ചെയ്തു.

തദ്ദേശീയരുടെയും യൂറോപ്യരുടെയും കാടിനെക്കുറിച്ചുള്ള വീക്ഷണം തികച്ചും വ്യത്യസ്തമായിരുന്നു. വനത്തിൽ യൂറോപ്യർക്ക് അപരിചിതമായിരുന്ന സഞ്ചാരപാതകൾ തെളിയിച്ചു കൊടുത്തത് തദ്ദേശീയരായിരുന്നു. വിശാലമായ വനഭൂമിയെ കൃഷിയിടങ്ങളാക്കി മാറ്റി അവിടെ ചോളം കൃഷി ചെയ്യുന്നതിനെ കുറിച്ചായിരുന്നു യൂറോപ്യർ സങ്കല്പിച്ചിരുന്നത്. യൂറോപ്യരുടെ ചെറിയ കൃഷിയിടങ്ങൾ നിറഞ്ഞ ഒരു അമേരിക്കയായിരുന്നു ജെഫേഴ്സൺ 'സ്വപ്നം' കണ്ടിരുന്നത്. തദ്ദേശീയരെ സംബന്ധിച്ചിടത്തോളം കൃഷി എന്നത് സ്വന്തം ആവശ്യത്തിനുള്ളത് മാത്രമായിരുന്നു. അത് കച്ചവടത്തിനോ ലാഭമുണ്ടാക്കുന്നതിനോ ഉള്ള മാർഗമായിരുന്നില്ല. ഭൂമി 'സ്വന്തമാക്കുന്നത്' പാപമായാണ് അവർ കണ്ടിരുന്നത്. ഇക്കാരണങ്ങളാലാണ് ജെഫേഴ്സൺന്റെ വീക്ഷണത്തിൽ അവർ 'അപരിഷ്കൃത'രായത്.

**പ്രവർത്തനം 1**

യൂറോപ്യന്മാരും തദ്ദേശീയരും പരസ്പരം വീക്ഷിച്ചിരുന്നതെങ്ങനെ? പ്രകൃതിയോടുള്ള അവരുടെ സമീപനങ്ങളിലുള്ള വ്യത്യാസത്തെക്കുറിച്ച് ചർച്ച ചെയ്യുക.

| കാനഡ (Canada) | അമേരിക്കൻ ഐക്യനാടുകൾ (USA) |
|---|---|
| 1701 ക്യൂബെക്കിലെ തദ്ദേശീയരുമായുള്ള ഫ്രഞ്ച് ഉടമ്പടി<br>1763 ബ്രിട്ടൻ ക്യൂബെക്കിനെ കീഴടക്കുന്നു.<br>1774 ക്യൂബെക് നിയമം<br>1791 കാനഡ ഭരണഘടനാ നിയമം | 1781 യു.എസ്.എ. യെ ഒരു സ്വതന്ത്ര രാഷ്ട്രമായി ബ്രിട്ടൻ അംഗീകരിക്കുന്നു<br>1783 മധ്യപടിഞ്ഞാറുഭാഗം ബ്രിട്ടൻ യു.എസ്.എ. ക്ക് നൽകുന്നു |




ഭൂപടം 1 : അമേരിക്കൻ ഐക്യനാടുകളുടെ വ്യാപനം

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് കാനഡയും, അമേരിക്കൻ ഐക്യ നാടുകളും (USA) രൂപം കൊള്ളുന്നത്. ഇന്നു കാണുന്ന വിസ്തൃതിയുടെ ചെറിയൊരു ഭാഗം മാത്രമേ ഈ രാജ്യങ്ങൾക്ക് രൂപീകരണഘട്ടത്തിൽ ഉണ്ടായിരുന്നുള്ളു. തുടർന്നുവന്ന ഒരുനൂറ്റാണ്ടിനുള്ളിൽ ഈ രാജ്യങ്ങൾ അവയുടെ നിയന്ത്രണം കൂടുതൽ ഭൂപ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ച് ഇന്നത്തെ വലുപ്പത്തിൽ എത്തിച്ചേർന്നു. യു.എസ്.എ. അതിന്റെ ഒട്ടേറെ ഭൂപ്രദേശങ്ങൾ വിലകൊടുത്ത് വാങ്ങിയതാണ്. തെക്ക് ലൂസിയാന ഫ്രഞ്ചുകാരിൽ നിന്നും ('ലൂസിയാന വിലയ്ക്കു വാങ്ങൽ' - 'Luisiana Purchase'), അലാസ്ക, റഷ്യയിൽ നിന്നും വിലയ്ക്കു വാങ്ങി. യു.എസ്.എ. യുടെ തെക്ക് ഭാഗത്തിൽ അധികവും മെക്സിക്കോയിൽ നിന്നും യുദ്ധത്തിലൂടെ പിടിച്ചെടുത്തതാണ്. അതിർത്തി വികസിപ്പിക്കുമ്പോൾ അവിടങ്ങളിലെ തദ്ദേശീയരുടെ അനുമതി വാങ്ങണമെന്ന് ആർക്കും തോന്നിയതേ ഇല്ല. യു.എസ്.എ. യുടെ പടിഞ്ഞാറൻ 'അതിർത്തി ' തുടർച്ചയായി വികസിച്ചുകൊണ്ടിരുന്ന ഒന്നായിരുന്നു. അതിരുകൾ വികസിക്കുംതോറും അവിടുത്തെ തദ്ദേശവാസികൾ പിൻവാങ്ങാൻ നിർബന്ധിതരായി.

| കാനഡ (Canada) | | യു.എസ്.എ. (USA) | |
|---|---|---|---|
| | | 1803 | ഫ്രാൻസിൽ നിന്നും ലൂസിയാന വാങ്ങുന്നു |
| | | 1825–58 | യു.എസ്.എ. യിലെ തദ്ദേശീയർ വനങ്ങളിലേക്ക് പിൻവാങ്ങുന്നു |
| 1837 | ഫ്രഞ്ച് - കനേഡിയൻ കലാപം | 1832 | ജസ്റ്റീസ് മാർഷലിന്റെ വിധി പ്രഖ്യാപനം |
| 1840 | അപ്പർ കാനഡയും ലോവർ കാനഡയും ലയിക്കുന്നു | 1849 | അമേരിക്കയിലെ സ്വർണത്തിനായുള്ള ഇരച്ചുകയറ്റം (Gold rush) |
| 1859 | കാനഡയിലെ സ്വർണത്തിനായുള്ള ഇരച്ചുകയറ്റം (Goldrush) | 1861 -65 | അമേരിക്കൻ ആഭ്യന്തരയുദ്ധം |
| 1867 | കാനഡ ഐക്യരാജ്യത്തിന്റെ രൂപീകരണം. | 1865 - 90 | അമേരിക്കൻ - ഇന്ത്യൻ യുദ്ധങ്ങൾ |
| 1869 - 85 | കാനഡയിലെ മെറ്റിസുകളുടെ (Metis) ചുവപ്പ് നദി (Red river) വിപ്ലവം | 1870 | ഭൂഖണ്ഡാന്തര റെയിൽവെ |
| 1876 | കാനഡ - ഇന്ത്യൻസ് നിയമം | 1890 | അമേരിക്കയിൽ കാട്ടുപോത്തുകളുടെ സമൂലനാശം |
| 1885 | കിഴക്ക് - പടിഞ്ഞാറൻ തീരദേശങ്ങളെ ബന്ധിപ്പിക്കുന്ന ഭൂഖണ്ഡാന്തര റെയിൽപ്പാത | 1892 | അമേരിക്കൻ അതിർത്തിയുടെ (Frontier) 'അവസാനം' |

പത്തൊൻപതാം നൂറ്റാണ്ടിൽ അമേരിക്കയുടെ ഭൂപ്രകൃതിയിൽ കാതലായ മാറ്റം സംഭവിച്ചു. തദ്ദേശീയരിൽനിന്ന് വ്യത്യസ്തമായാണ് യൂറോപ്യന്മാർ ഭൂമിയെ സമീപിച്ചത്. ബ്രിട്ടനിൽ നിന്നും ഫ്രാൻസിൽ നിന്നുമുള്ള ചില യുവകുടിയേറ്റക്കാർക്ക് സ്വന്തമായി പിതൃസ്വത്ത് ലഭിച്ചിരുന്നില്ല. അവർ അമേരിക്കയിൽ ഭൂമി സമ്പാദിക്കുന്നതിന് വലിയ താൽപ്പര്യം കാണിച്ചു. പിൽക്കാലത്ത് ജർമ്മനി, ഇറ്റലി, സ്വീഡൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നും വൻതോതിലുള്ള കുടിയേറ്റങ്ങൾ നടന്നു. സ്വദേശത്തുണ്ടായിരുന്ന തങ്ങളുടെ ഭൂമി വൻകിട ഭൂവുടമകൾ സ്വന്തമാക്കിയതിനെ തുടർന്ന് അമേരിക്കയിൽ ഭൂമി സ്വന്തമാക്കാൻ ശ്രമിച്ചവരായിരുന്നു ഇവർ. അമേരിക്കയിലെ പ്രെയറി (Prairie) പുൽമേടുകളിൽ ജോലി ചെയ്യുന്നതിന് പോളണ്ടിൽനിന്ന് വന്നവർക്ക് വലിയ താൽപ്പര്യമായിരുന്നു. കാരണം സ്വന്തം നാട്ടിലെ പുൽമേടുകളെ (steppe) ഓർമ്മിപ്പിക്കുന്നതായിരുന്നു ഇവ. കൂടാതെ ചെറിയ വിലയ്ക്ക് ധാരാളം ഭൂമി വാങ്ങാൻ കഴിയുമെന്നത് അവരെ ആവേശം കൊള്ളിച്ചു. അവർ കാട് വെട്ടിത്തെളിച്ച് കൃഷി വികസിപ്പിച്ചു. യൂറോപ്പിൽ കൃഷി ചെയ്യാനാവാത്ത അരിയും പരുത്തിയും പോലുള്ള

വിഭവങ്ങളുടെ കൃഷി അവർ അമേരിക്കയിൽ പരിചയപ്പെടുത്തി. ഈ വിഭവങ്ങൾക്ക് യൂറോപ്പിൽ ഉയർന്ന വില ലഭിക്കുമായിരുന്നു. സിംഹവും ചെന്നായും പോലുള്ള വന്യമൃഗങ്ങളിൽ നിന്നും തങ്ങളുടെ തോട്ടങ്ങളെ സംരക്ഷിക്കാനായി അവയെ കൂട്ടത്തോടെ കൊന്നൊടുക്കിയത്



*കൊളറാഡോയിലെ ഒരു മേച്ചിൽ പ്രദേശം*

ഇത്തരം ജീവികളുടെ വംശനാശത്തിനു തന്നെ കാരണമായി. 1873-ൽ മുള്ളുകമ്പിവേലി കണ്ടുപിടിച്ചപ്പോൾ മാത്രമാണ് ഈ കർഷകർക്ക് പൂർണ സുരക്ഷിതത്വം അനുഭവപ്പെട്ടത്.

തെക്കൻ പ്രദേശങ്ങളിലെ കാലാവസ്ഥ യൂറോപ്യന്മാർക്ക് പുറംപണികൾ ചെയ്യാൻ കഴിയാത്തത്ര ചൂടുകൂടിയതായിരുന്നു. തെക്കേ അമേരിക്കൻ കോളനികളിൽ അടിമകളാക്കപ്പെട്ട തദ്ദേശീയർ കൂട്ടത്തോടെ മരിച്ചു പോകുന്നതും പതിവായിരുന്നു. ഈ സാഹചര്യത്തിലാണ് തോട്ടം ഉടമകൾ ആഫ്രിക്കയിൽനിന്നും അടിമകളെ വാങ്ങിക്കൊണ്ടുവന്നത്. അടിമത്ത വിരുദ്ധപ്രസ്ഥാനങ്ങളുടെ പ്രതിഷേധങ്ങൾ അടിമക്കച്ചവടം നിരോധിക്കുന്നതിലേക്കു നയിച്ചു എങ്കിലും യു.എസ്.എ.യിലുണ്ടായിരുന്ന ആഫ്രിക്കൻ അടിമകളും അവരുടെ മക്കളും അടിമകളായിത്തന്നെ തുടർന്നു.

യു.എസ്.എ. യിലെ വടക്കൻ സംസ്ഥാനങ്ങളിലെ സമ്പദ്‌വ്യവസ്ഥ തോട്ടങ്ങളെ ആശ്രയിച്ചുള്ളതായിരുന്നില്ല. അതുകൊണ്ടുതന്നെ അവർക്ക് അടിമകളെ ആവശ്യമുണ്ടായിരുന്നില്ല. ഈ സംസ്ഥാനങ്ങൾ അടിമത്ത സമ്പ്രദായത്തെ മനുഷ്യത്വവിരുദ്ധമെന്ന് വിശേഷിപ്പിക്കുകയും അത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 1861-65 കാലഘട്ടത്തിൽ അടിമത്തത്തെ അനുകൂലിക്കുന്ന സംസ്ഥാനങ്ങളും എതിർക്കുന്ന സംസ്ഥാനങ്ങളും തമ്മിൽ ഒരു യുദ്ധമുണ്ടായി. എതിർത്തവരാണ് വിജയിച്ചത്. അടിമത്തം നിരോധിക്കപ്പെട്ടു. എന്നാൽ ആഫ്രിക്കൻ അടിമകൾക്ക് പൗരാവകാശം ലഭ്യമായതും 'വെളുത്തവരും' 'കറുത്തവരും' തമ്മിൽ വിദ്യാലയങ്ങളിലും പൊതുഗതാഗതരംഗത്തുമുണ്ടായിരുന്ന വിവേചനങ്ങൾ അവസാനിച്ചതും ഇരുപതാംനൂറ്റാണ്ടിൽ മാത്രമാണ്.

ദീർഘകാലമായി പരിഹരിക്കാൻ കഴിയാതിരുന്നൊരു പ്രശ്നം കനേഡിയൻ ഭരണകൂടത്തിനുണ്ടായിരുന്നു. ഇത് തദ്ദേശവാസികളുടെ പ്രശ്നത്തെക്കാൾ അടിയന്തിരവുമായിരുന്നു. 1763-ൽ ഫ്രാൻസിനെ യുദ്ധത്തിൽ തോൽപ്പിച്ചാണ് ബ്രിട്ടൻ കാനഡ സ്വന്തമാക്കിയത്. ഫ്രഞ്ചുകുടിയേറ്റക്കാർ തങ്ങൾക്ക് സ്വയംഭരണം വേണമെന്ന് സ്ഥിരമായി ആവശ്യപ്പെട്ടു. 1867-ൽ സ്വയം ഭരണാവകാശമുള്ള സംസ്ഥാനങ്ങളുടെ ഒരു സഖ്യമായി (confederation) കാനഡ പുനസ്സംഘടിപ്പിക്കപ്പെട്ടപ്പോൾ മാത്രമാണ് ഈ പ്രശ്നം പരിഹരിക്കപ്പെട്ടത്.

## തദ്ദേശീയ ജനതയ്ക്ക് അവരുടെ ഭൂമി നഷ്ടമാകുന്നു (The Native Peoples Lose their Land)

അമേരിക്കൻ ഐക്യനാടുകളിൽ (യു.എസ്.എ.) കുടിയേറ്റങ്ങൾ പെരുകിയപ്പോൾ തദ്ദേശവാസികൾ പിൻവാങ്ങേണ്ടിവരുകയോ ഭൂമി വിൽക്കുവാനുള്ള ഉടമ്പടികളിൽ ഏർപ്പെടേണ്ടിവരുകയോ ചെയ്തു. വളരെക്കുറഞ്ഞ തുകയാണ് അവർക്ക് വിലയായി ലഭിച്ചത്. വാഗ്ദാനം ചെയ്ത തുകപോലും നൽകാതെ അമേരിക്കക്കാരാൽ (യു.എസ്.എ. യിലെ യൂറോപ്യൻ കുടിയേറ്റക്കാരെ സൂചിപ്പിക്കുന്ന പദം) തദ്ദേശവാസികൾ വഞ്ചിക്കപ്പെട്ട സന്ദർഭങ്ങളും നിരവധിയാണ്. ഉടമ്പടിയിൽ പറഞ്ഞതിനെക്കാൾ അധികം ഭൂമി സ്വന്തമാക്കുന്നതും പതിവായിരുന്നു.

തദ്ദേശീയരുടെ ഭൂമി നഷ്ടപ്പെടുന്നതിൽ അമേരിക്കയിലെ ഉന്നത ഉദ്യോഗസ്ഥൻമാർ പോലും യാതൊരു തെറ്റും കണ്ടില്ല. യു.എസ്.എ. യിലെ ജോർജിയ സംസ്ഥാനത്തു നടന്ന ഒരുസംഭവം ഇതു വ്യക്തമാക്കുന്നുണ്ട്. ചെരോക്കി (Cherokee)ഗോത്രം രാജ്യത്തെ നിയമങ്ങളാൽ ഭരിക്കപ്പെടുന്നവരാണെങ്കിലും പൗരാവകാശങ്ങൾ അവർക്കു ബാധകമല്ലെന്നായിരുന്നു ഉദ്യോഗസ്ഥൻമാർ വാദിച്ചിരുന്നത്. (അമേരിക്കയിലെ തദ്ദേശീയ ജനവിഭാഗങ്ങളിൽ ഇംഗ്ലീഷ് പഠിക്കുന്നതിനും അമേരിക്കൻ ജീവിതരീതികൾ സ്വായത്തമാക്കുന്നതിനും ഏറ്റവുമധികം ശ്രമം നടത്തിയ ഗോത്രം ചെരോക്കികളുടേതായിരുന്നു എന്ന യാഥാർഥ്യം നിലനിൽക്കെയായിരുന്നു ഈ സമീപനം. പൗരാവകാശങ്ങൾപോലും അവർക്ക് നിഷേധിക്കപ്പെട്ടു.)

1832–ൽ യു.എസ്. ചീഫ് ജസ്റ്റിസ്സായ ജോൺ മാർഷൽ സുപ്രധാനമായ ഒരു വിധി പ്രഖ്യാപനം നടത്തുകയുണ്ടായി. 'ചെരോക്കി ഗോത്രം അവരുടെ സ്വന്തം ഭൂപ്രദേശങ്ങളിൽ ജീവിച്ചുവരുന്ന ഒരു പ്രത്യേക വിഭാഗമാണെന്നും അതുകൊണ്ടുതന്നെ ജോർജിയയിലെ നിയമങ്ങൾ അവർക്ക് ബാധകമല്ലെന്നും' ചില കാര്യങ്ങളിൽ അവർക്കും പരമാധികാരമുണ്ടെന്നും അദ്ദേഹം വിധിച്ചു. അമേരിക്കൻ പ്രസിഡണ്ടായിരുന്ന ആൻഡ്രൂ ജാക്സൺ (Andrew Jackson) സാമ്പത്തികവും രാഷ്ട്രീയവുമായ പ്രത്യേകാവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ പ്രശസ്തനായിരുന്നു. എന്നാൽ ഇന്ത്യക്കാരുടെ കാര്യം വന്നപ്പോൾ അദ്ദേഹവും വ്യത്യസ്തനായി. ചീഫ് ജസ്റ്റിസ് ജോൺ മാർഷലിന്റെ വിധി പ്രഖ്യാപനത്തെ അദ്ദേഹം സ്വീകരിച്ചില്ല എന്നുമാത്രമല്ല ചെരോക്കി ഗോത്രജനതയെ അവരുടെ മണ്ണിൽനിന്നും ഒഴിപ്പിച്ച് ഗ്രേറ്റ് അമേരിക്കൻ മരുഭൂമിയിലേക്ക് (Great American Desert) തുരത്തുവാൻ യു.എസ്. സൈന്യത്തിന് നിർദേശം നൽകുകയും ചെയ്തു. ഇങ്ങനെ നിർബന്ധപൂർവം ഒഴിപ്പിക്കപ്പെട്ട 15000–ൽ പരം മനുഷ്യരിൽ നാലിലൊരു ഭാഗത്തോളം 'ട്രയൽ ഓഫ് ടിയേഴ്സ്' (Trial of Tears) എന്നറിയപ്പെട്ട ആ യാത്രയിൽ മരണത്തിന് കീഴടങ്ങി.

ഭൂമി ശരിയാംവിധം ഉപയോഗിക്കാനറിയാത്തവർ അതർഹിക്കുന്നില്ല എന്നു പറഞ്ഞാണ് ഗോത്രജനതയുടെ ഭൂമി കൈവശപ്പെടുത്തിയവർ തങ്ങളുടെ പ്രവൃത്തിയെ ന്യായീകരിച്ചത്. അവർ ഗോത്രജനതയെ മടിയൻമാർ എന്നും തങ്ങളുടെ കരവിരുതിലൂടെ കമ്പോളത്തിലേക്കാവശ്യമായവ ഉൽപ്പാദിപ്പിക്കാത്തവർ എന്നും വിമർശിച്ചു. ഇംഗ്ലീഷ് പഠിക്കുന്നതിന് താൽപ്പര്യമില്ലാത്തവരെന്നും, 'ശരിയായ രീതിയിൽ' (യൂറോപ്യരെപോലെ) വസ്ത്രം ധരിക്കാനറിയാത്തവരെന്നും അധിക്ഷേപിച്ചു .'വംശനാശം' അവർ അർഹിക്കുന്നു എന്നാ

**പ്രവർത്തനം 2**

താഴെ തന്നിരിക്കുന്ന ജനസംഖ്യാ കണക്കുകളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക

| | *യു.എസ്.എ. : 1820* | *സ്പാനിഷ് അമേരിക്ക : 1800* |
|---|---|---|
| തദ്ദേശീയർ | 0.6 ദശലക്ഷം | 7.5 ദശലക്ഷം |
| വെള്ളക്കാർ | 9.0 ദശലക്ഷം | 3.3 ദശലക്ഷം |
| മിശ്ര യൂറോപ്യർ | 0.1 ദശലക്ഷം | 5.3 ദശലക്ഷം |
| കറുത്തവർ | 1.9 ദശലക്ഷം | 0.8 ദശലക്ഷം |
| **ആകെ** | **11.6 ദശലക്ഷം** | **16.9 ദശലക്ഷം** |

യിരുന്നു കുടിയേറ്റക്കാരുടെ വാദം. അവർ പുൽമേടുകൾ വെട്ടിത്തെളിച്ച് കൃഷിഭൂമിയാക്കി മാറ്റി. കാട്ടുപോത്തുകളെ കൊന്നൊടുക്കി. ഒരു ഫ്രഞ്ചു സഞ്ചാരി എഴുതി – 'പ്രാചീന മൃഗങ്ങളോടൊപ്പം പ്രാകൃതമനുഷ്യനും അപ്രത്യക്ഷമാകും'.

ഇക്കാലമത്രയും തദ്ദേശീയരെ പശ്ചിമഭാഗത്തേക്ക് തള്ളിനീക്കിക്കൊണ്ടേയിരുന്നു. അതിനിടയിൽ അവർക്ക് ചിലയിടങ്ങളിൽ ഭൂമി അനുവദിച്ചിരുന്നു. 'എന്നത്തേക്കും അവരുടേത്' (theirs in perpetuity) എന്നുപറഞ്ഞാണ് ഭൂമി നൽകിയത്. പക്ഷേ അവിടങ്ങളിൽ സ്വർണമോ ഈയമോ ധാതുക്കളോ കണ്ടെത്തിയാൽ വീണ്ടും ആ പ്രദേശം വിട്ടുപോകാൻ അവർ നിർബന്ധിതരായിരുന്നു. ഒരു ഗോത്രത്തിന്റെ സ്വന്തമായിരുന്ന ഭൂമി മറ്റുഗോത്രങ്ങളുമായി നിർബന്ധപൂർവം പങ്കുവയ്ക്കേണ്ടിവന്നത് ഗോത്രങ്ങൾ തമ്മിലുള്ള കലഹങ്ങൾക്ക് കാരണമായിത്തീർന്നു. ഗോത്രങ്ങൾക്കായി നീക്കിവച്ചിരുന്ന ചെറിയ പ്രദേശങ്ങൾ 'പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടത്' (reservations) എന്നാണറിയപ്പെട്ടത്. ഈ പ്രദേശങ്ങളിൽ അവർ പൂട്ടപ്പെട്ടു. ഇങ്ങനെ ലഭിച്ചിരുന്ന സ്ഥലങ്ങൾ പലപ്പോഴും അവർക്ക് യാതൊരു മുൻപരിചയവുമില്ലാത്തതായിരുന്നു. കടുത്ത ഏറ്റുമുട്ടലുകൾക്കൊടുവിൽ മാത്രമേ അവർ കീഴടങ്ങിയിരുന്നുള്ളൂ. 1865-നും 1890-നും ഇടയിൽ നിരവധി കലാപങ്ങളാണ് യു.എസ്. സൈന്യം അടിച്ചമർത്തിയത്. കാനഡയിൽ 1869-നും 1885-നും ഇടയിൽ മെറ്റിസുകൾ (സ്വദേശി യൂറോപ്യൻ സംഘര വംശജരുടെ പിൻമുറക്കാർ) നിരവധി തവണ സായുധ കലാപങ്ങൾ നടത്തുകയുണ്ടായി. പിന്നീട് അവർ അതുപേക്ഷിച്ചു.

1854 – ൽ അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റിന് തദ്ദേശീയരുടെ നേതാവായ സിയാറ്റിൽ മൂപ്പനിൽ (Chief Seattle) നിന്ന് ഒരു കത്ത് കിട്ടി. തങ്ങൾ താമസിച്ചുവരുന്ന ഭൂമിയുടെ വലിയൊരു ഭാഗം അമേരിക്കൻ സർക്കാരിന് എഴുതികൊടുക്കുന്ന ഉടമ്പടി ഒപ്പുവയ്ക്കാൻ പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു. അതിന് മൂപ്പന്റെ മറുപടി ഇങ്ങനെയായിരുന്നു :


'ആകാശത്തെയോ മണ്ണിന്റെ ഊഷ്മളതയെയോ നിങ്ങൾ എങ്ങനെ വാങ്ങുകയോ വിൽക്കുകയോ ചെയ്യും? ഞങ്ങൾക്കു പരിചയമില്ലാത്ത ഒരാശയമാണത്. കാറ്റിന്റെ ശുദ്ധതയും വെള്ളത്തിന്റെ തിളക്കവും നിങ്ങളുടെ സ്വന്തമല്ലെങ്കിൽ പിന്നെങ്ങനെ ഒരാൾക്ക് അത് വാങ്ങുവാൻ കഴിയും? ഈ ഭൂമിയുടെ ഓരോ ഭാഗവും എന്റെ ജനതയ്ക്കു പവിത്രമാണ്. ഓരോ പൈൻ ഇലയും ഓരോ മണൽത്തീരവും ഇടതൂർന്ന കാടുകളിലെ മൂടൽമഞ്ഞും ഓരോ വെളിയിടവും മൂളുന്ന ഓരോ പ്രാണിയും എന്റെ ജനങ്ങളുടെ ഓർമ്മയിലും അനുഭവത്തിലും പവിത്രമായി നിൽക്കുന്നതാണ്. മരങ്ങളിലൂടെ ഇരച്ചുകയറുന്ന മരനീരിനൊപ്പം ചുവന്ന മനുഷ്യന്റെ ഓർമ്മകളുമുണ്ട്...

അതിനാൽ ഞങ്ങളുടെ നാടു വാങ്ങാൻ തനിക്കാഗ്രഹമുണ്ടെന്ന് വാഷിംഗ്ടണിലെ വലിയ മുഖ്യൻ പറയുമ്പോൾ, കുറച്ചൊന്നുമല്ല അദ്ദേഹം ഞങ്ങളോട് ചോദിക്കുന്നത്. ഞങ്ങൾക്കു സുഖമായി പാർക്കാൻ കുറച്ചു സ്ഥലം മാറ്റിവയ്ക്കാമെന്ന് വലിയ മുഖ്യൻ പറഞ്ഞയയ്ക്കുന്നു. അദ്ദേഹം ഞങ്ങളുടെ പിതാവും ഞങ്ങൾ അദ്ദേഹത്തിന്റെ മക്കളുമായിരിക്കുമത്രേ. അതിനാൽ ഞങ്ങളുടെ ഭൂമി വാങ്ങാമെന്നുള്ള നിങ്ങളുടെ ആഗ്രഹം ഞങ്ങൾ പരിഗണിക്കാം. പക്ഷേ, അത് എളുപ്പമല്ല. കാരണം, ഈ നാട് ഞങ്ങൾക്കു പവിത്രമാണ്. അരുവികളിലും പുഴകളിലുമൊഴുകുന്ന തിളങ്ങുന്ന വെള്ളം വെറും വെള്ളമല്ല, ഞങ്ങളുടെ പൂർവികരുടെ ചോരയാണ്. ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിൽക്കുകയാണെങ്കിൽ, അതേറെ വിശുദ്ധമായിരുന്നുവെന്ന് നിങ്ങളോർക്കണം, നിങ്ങൾ നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കണം, ഈ തെളിനീരിൽ കാണുന്ന ഭീതിജനകമായ പ്രതിബിംബങ്ങൾ, എന്റെ ജനതയുടെ ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകളും സംഭവങ്ങളുമാണ് പറയുന്നതെന്ന്. ഈ ജലമർമ്മരം എന്റെ പിതാമഹന്റെ ശബ്ദമാണ്...'

നരവംശശാസ്ത്രം

(Anthropology)y

1840-കളിലാണ് വടക്കേ അമേരിക്കയിൽ 'നരവംശശാസ്ത്രം', (ഫ്രാൻസിലാണ് ഈ പഠനശാഖ വികാസം പ്രാപിച്ചത്.) തദ്ദേശീയ 'പ്രാകൃത' സമൂഹങ്ങളും യൂറോപ്പിലെ 'പരിഷ്കൃത' സമൂഹങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെപ്പറ്റി പഠിക്കുന്നതിന് ഉപയോഗിച്ചു തുടങ്ങിയത് എന്ന വസ്തുത പ്രധാനമാണ്. യൂറോപ്പിൽ 'പ്രാകൃത' ജനതയെ കാണാനാകില്ല എന്നതു പോലെ തന്നെ അമേരിക്കയിലെ തദ്ദേശീയരും 'വംശമറ്റ്' പോകുമെന്ന് ചില നരവംശശാസ്ത്രജ്ഞർ വാദിച്ചു.



*ഒരു തദ്ദേശീയ വാസസ്ഥലം, 1862. പുരാവസ്തു ഗവേഷകർ ഖനിതലങ്ങളിൽനിന്നും വ്യോമിങ് (Wyoming) മ്യൂസിയത്തിലേക്ക് മാറ്റി സ്ഥാപിച്ചത്.*

## സ്വർണത്തിനായുള്ള ഇരച്ചുകയറ്റവും വ്യവസായങ്ങളുടെ വളർച്ചയും (The Gold Rush and the Growth of Industries)



സ്വർണത്തിനായുള്ള ഇരച്ചുകയറ്റത്തിന്റെ ഭാഗമായി കാലിഫോർണിയയിലേക്കുണ്ടായ കുടിയേറ്റത്തിന്റെ ചിത്രം.

വടക്കേ അമേരിക്കയിൽ സ്വർണ നിക്ഷേപമുണ്ടെന്ന പ്രതീക്ഷ എക്കാലത്തുമുണ്ടായിരുന്നു. 1840-കളിൽ യു.എസ്.എ. യിലെ കാലിഫോർണിയയിൽ സ്വർണ നിക്ഷേപത്തിന്റെ ലക്ഷണങ്ങൾ കണ്ടെത്തി. ഇതേത്തുടർന്ന്, പെട്ടന്നു സമ്പന്നരാകാമെന്ന മോഹവും പേറി ആയിരക്കണക്കിനു യൂറോപ്യരാണ് അമേരിക്കയിലേക്ക് 'സ്വർണത്തിനായി ഇരച്ചുകയറിയത്' ('Gold Rush'). വൻകരയിലുടനീളം റെയിൽപ്പാതകൾ നിർമ്മിക്കപ്പെടുകയും ആയിരക്കണക്കിന് ചൈനക്കാരായ തൊഴിലാളികൾ ഇതിനായി നിയോഗിക്കപ്പെടുകയും ചെയ്തു. 1870-ൽ യു.എസ്.എ. യിലെയും 1885-ഓടെ കാനഡയിലെയും റെയിൽവേ നിർമ്മാണം പൂർത്തിയായി. 'പഴയ രാജ്യങ്ങൾ ഒച്ചിന്റെ വേഗത്തിൽ ഇഴയുമ്പോൾ, റിപ്പബ്ലിക്ക് ഇടിമിന്നലിന്റെ വേഗത്തിൽ കുതിക്കുന്നു'-എന്നാണ് സ്കോട്ട്ലാന്റിൽ നിന്ന് ഒരു ദരിദ്ര കുടിയേറ്റക്കാരനായി വന്ന് അമേരിക്കയിലെ ആദ്യ വ്യവസായ കോടീശ്വരന്മാരിൽ ഒരാളായിത്തീർന്ന ആൻഡ്രൂ കർണേഗി (Andrew Carnegi) അഭിപ്രായപ്പെട്ടത്.



ബ്രിട്ടനിൽ വ്യാവസായ വിപ്ലവം ഉണ്ടായതിന്റെ ഒരു കാരണം, ചെറുകിട കർഷകരുടെ ഭൂമി വൻകിട കൃഷിക്കാരുടെ കൈകളിലെത്തുകയും അവർ തൊഴിലിനായി നഗരങ്ങളിലെ ഫാക്ടറികളിലേക്ക് കുടിയേറുകയും ചെയ്തതാണ് (പ്രമേയം 9 കാണുക). എന്നാൽ, വടക്കേ അമേരിക്കയിലെ വ്യാവസായിക വികസനം നടന്നത് തികച്ചും വ്യത്യസ്തമായ കാരണങ്ങളാലാണ്. ദൂരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റയിൽവേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനും കാർഷിക മേഖലയുടെ യന്ത്രവൽക്കരണത്തിലൂടെ വൻകിട ഉൽപ്പാദനം എളുപ്പമാക്കുന്നതിനു വേണ്ടിയുമായിരുന്നു ഇത്. ഇതേത്തുടർന്ന് കാനഡയിലും യു.എസ്.എ. യിലും വ്യാവസായിക നഗരങ്ങളും ഫാക്ടറികളും വൻതോതിൽ വർധിച്ചു. 1860-ൽ യു.എസ്.എ. ഒരു അവികസിത രാജ്യമായിരുന്നെങ്കിൽ 1890-ൽ ഇത് ലോകത്തിലെ മുൻനിര വ്യാവസായിക രാഷ്ട്രമായി മാറി.



മുകളിൽ : അമേരിക്കൻ ഐക്യനാടുകളിലേക്കുള്ള കുടിയേറ്റക്കാരെ സ്വീകരിക്കുന്നതിന്റെ ചിത്രം, 1909.
താഴെ : പുൽമേട്ടിലെ ഒരു ഇടയസങ്കേതം. സാധാരണക്കാരായ കുടിയേറ്റക്കാരുടെ സ്വപ്നമായിരുന്നു ഇത്തരം പ്രദേശങ്ങൾ, (ചിത്രം)

വൻകിട കൃഷിയും ഇതോടൊപ്പം വികസിച്ചു. പുതിയ പ്രദേശങ്ങൾ വെട്ടിത്തെളിച്ച് കൃഷിയിടങ്ങളായി വിഭജിച്ചെടുത്തു. 1890-ഓടെ കാട്ടുപോത്തുകൾക്ക് ഏതാണ്ട് സർവനാശമുണ്ടായി. അതോടെ, നൂറ്റാണ്ടുകളായുള്ള തദ്ദേശീയ ജനതയുടെ വേട്ടയാടിയുള്ള ജീവിതരീതിയും അവസാനിച്ചു. 1892-ൽ യു.എസ്.എ. യുടെ വൻകരയിലെ വ്യാപനം (continental expansion) പൂർത്തിയായി. പസഫിക് മുതൽ അറ്റ്ലാന്റിക് സമുദ്രം വരെയുള്ള പ്രദേശങ്ങൾ വിഭജിച്ച് പല സംസ്ഥാനങ്ങളാക്കി മാറ്റി. ദശാബ്ദങ്ങളായി യൂറോപ്യൻ കുടിയേറ്റക്കാരെ പശ്ചിമ ദിക്കിലേക്ക് നയിച്ചിരുന്ന 'അതിർത്തി' എന്നത്തേക്കുമായി ഇല്ലാതായി. ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ ഹവായ്ലും (Hawaii), ഫിലിപ്പൈൻസിലും (Philippines) സ്വന്തമായി കോളനികൾ സ്ഥാപിച്ചു കൊണ്ട് യു.എസ്.എ. ഒരു സാമ്രാജ്യത്വശക്തിയായി മാറി.

## ഭരണഘടനാപരമായ അവകാശങ്ങൾ (Constitutional Rights)

1770-കളിലെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ, കുടിയേറ്റക്കാരെ ഒന്നിപ്പിച്ചു നിറുത്തിയത് 'ജനാധിപത്യബോധമായിരുന്നു' (democractic spirit). 'പഴയ ലോകത്തിലെ' രാജഭരണത്തിനും പ്രഭുത്വത്തിനുമെതിരെയുള്ള അമേരിക്കയുടെ സവിശേഷ വ്യക്തിത്വത്തെ രൂപപ്പെടുത്തിയതും ഈ ജനാധിപത്യബോധമായിരുന്നു. വ്യക്തികളുടെ 'സ്വത്തവകാശത്തെ' (right to property) ഭരണഘടനയിൽ ഉൾപ്പെടുത്തി എന്നതും അവർക്ക് പ്രധാനമായിരുന്നു. ഈ അവകാശം നിഷേധിക്കാൻ രാഷ്ട്രത്തിന് കഴിയുമായിരുന്നില്ല.

എന്നാൽ ജനാധിപത്യ അവകാശങ്ങളും (അമേരിക്കൻ കോൺഗ്രസിലേക്കുള്ള പ്രതിനിധികളെയും, പ്രസിഡന്റിനെയും തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടവകാശം) സ്വത്തവകാശവും വെള്ളക്കാർക്കുവേണ്ടി മാത്രമുള്ളതായിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെയും ഫ്രഞ്ചുവിപ്ലവത്തിന്റെയും കാലത്ത് ജനാധിപത്യത്തിന്റെ ദാർശനിക ജേതാവായിരുന്ന തോമസ് പെയിൻ (Thomas Paine), 'ഒരു സമൂഹം എങ്ങനെ സംഘടിപ്പിക്കണം എന്നതിനുള്ള മാതൃകകളായി കണ്ടത് അമേരിക്കയിലെ ഇന്ത്യക്കാരെയാണ്' എന്ന് 2000 ൽ കാനഡക്കാരനായ ഡാനിയൽ പോൾ ചൂണ്ടിക്കാട്ടി. 'യൂറോപ്യൻ ജനതയുടെ സുദീർഘമായ ജനാധിപത്യമുന്നേറ്റത്തിന്റെ വിത്തുകൾ അമേരിക്കയിലെ തദ്ദേശവാസികൾ തങ്ങളുടെ മാതൃകയാൽ വിതച്ചതാണ്' എന്ന് വാദിക്കാനാണ് അദ്ദേഹമിത് ചൂണ്ടിക്കാട്ടിയത്. (*വി വെയർ നോട്ട് ദി സാവേജസ്*, പേജ് 333)

മഹാനായ ജർമ്മൻ തത്വചിന്തകൻ കാൾമാർക്സ് (1818-83) - അമേരിക്കൻ ഫ്രോണ്ടിയറിനെ (ആദ്യകാലത്ത് യൂറോപ്യന്മാർ കുടിയേറ്റം നടത്തിയ അറ്റ്ലാന്റിക് തീരം) നിർവചിച്ചത് ഇങ്ങനെയാണ്.

'മുതലാളിത്തത്തിന്റെ സാങ്കൽപ്പിക സ്വർഗ്ഗങ്ങളിൽ അവസാനത്തേത്.... ലാഭത്തിനായുള്ള പരിധിയറ്റ ദാഹത്തിന് യോജിച്ച രീതിയിൽ പരിധിയറ്റു പരന്നു കിടക്കുന്ന സ്ഥലവും പ്രകൃതിയും...' 'Bastiat and Carey'Grundrisse (കാൾ മാർക്സിന്റെ സുദീർഘവും പൂർത്തിയാകാത്തതുമായ ഒരു പുസ്തകം)

## മാറ്റത്തിന്റെ കാറ്റ്... (The Winds of Change...)

1920-കൾ വരെയും കാനഡയിലെയും യു.എസ്.എ. യിലെയും തദ്ദേശീയ ജനതയുടെ ജീവിത സാഹചര്യങ്ങളിൽ കാര്യമായ പുരോഗതിയൊന്നും സംഭവിച്ചിരുന്നില്ല. 1928 - ൽ സാമൂഹ്യ ശാസ്ത്രജ്ഞനായ ലെവിസ് മെറിയം (Lewis Meriam) '*ദി പ്രോബ്ലം ഓഫ് ഇന്ത്യൻ അഡ്മിനിസ്ട്രേഷൻ*' ('*The Problem of Indian Administration*') എന്ന പഠനം പ്രസിദ്ധീകരിച്ചു. യു.എസ്.എ. യിലെ ഏറെക്കുറെ മുഴുവൻ ജനങ്ങളുടെയും ജീവിതത്തെ സാരമായി ബാധിച്ച വൻ സാമ്പത്തികമാന്ദ്യത്തിന് (economic depression) അൽപം മുമ്പായിരുന്നു ഇത്. പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട പ്രദേശങ്ങളിൽ (reservations) താമസിച്ചിരുന്ന തദ്ദേശീയർക്കു ലഭിച്ചിരുന്ന പരിതാപകരമായ ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഇതിലൂടെ പുറത്തു വന്നു.

പൗരത്വത്തിന്റെ അനുകൂല്യങ്ങളെല്ലാം തന്നെ നിഷേധിക്കപ്പെട്ടതോടൊപ്പം, തങ്ങളുടെ സാംസ്കാരികത്തനിമ നിലനിർത്താൻപോലും സാധിക്കാതെവന്ന തദ്ദേശീയരുടെ ദൈന്യജീവിതം വെള്ളക്കാരിലും സഹതാപമുണർത്തി. ഇത് അമേരിക്കൻ ചരിത്രത്തിലെ നാഴികക്കല്ലായ 1934 ലെ ഇന്ത്യാ പുനസംഘടനാ നിയമ (Indian Reorganisation Act of 1934) ത്തിലേക്ക് നയിച്ചു. ഈ നിയമമനുസരിച്ച് 'പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട' പ്രദേശങ്ങളിലെ തദ്ദേശീയർക്ക് ഭൂമി വാങ്ങുന്നതിനും വായ്പ എടുക്കുന്നതിനുമുള്ള അകാശം ലഭിച്ചു.

1950–കളിലും 1960–കളിലും തദ്ദേശീയ ജനത യൂറോപ്യൻ സംസ്കാരം സ്വീകരിച്ച് മുഖ്യ ധാരയിലേക്ക് വരുമെന്ന പ്രതീക്ഷയിൽ അവർക്കുള്ള എല്ലാ പ്രത്യേക വ്യവസ്ഥകളും അവസാനിപ്പിക്കുന്നതിനുള്ള ആലോചനകൾ കാനഡയിലും യു.എസ്.എ.യിലും നടക്കുകയുണ്ടായി. എന്നാൽ തദ്ദേശിയർക്ക് ഇത് സ്വീകാര്യമായിരുന്നില്ല. 1954–ൽ 'ഇന്ത്യൻ അവകാശങ്ങളുടെ പ്രഖ്യാപനം' (The Declaration of Indian Rights) അവർ തന്നെ തയാറാക്കുകയും ചെയ്തു. തങ്ങളുടെ പാരമ്പര്യങ്ങളിൽ ഇടപെടുകയില്ലെന്നും, 'പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട പ്രദേശങ്ങളിൽ' (reservations) നിന്ന് കുടിയൊഴിപ്പിക്കപ്പെടുകയില്ല എന്നുമുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നിരവധി തദ്ദേശവാസികൾ യു.എസ്. പൗരത്വം സ്വീകരിച്ചു. ഇതിനു സമാനമായ സംഭവങ്ങൾ കാനഡയിലുമുണ്ടായി. 1969–ൽ 'ആദിമനിവാസികളുടെ അവകാശങ്ങൾ' ('abroginal rights') അംഗീകരിക്കില്ലെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. പ്രകടനങ്ങളുടെയും, സംവാദങ്ങളുടെയും ഒരു പരമ്പര തന്നെ സംഘടിപ്പിച്ചുകൊണ്ടാണ് തദ്ദേശീയർ ആ പ്രഖ്യാപനത്തെ നേരിട്ടത്. 1982–ൽ തദ്ദേശവാസികളുടെ, ആദിമനിവാസികളെന്ന നിലയ്ക്കുള്ളതും ഉടമ്പടികൾ വഴിയുള്ളതുമായ അവകാശങ്ങളെല്ലാം ഭരണഘടനാ നിയമത്താൽ അംഗീകരിക്കപ്പെടുന്നതുവരെ മാത്രമേ ഈ പ്രശ്നം പരിഹരിക്കപ്പെട്ടില്ല. ഇനിയും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു. 1880–കളിൽ തങ്ങളുടെ പൂർവ്വികർക്ക് ചെയ്യാൻ കഴിയാത്ത പലതും നേടിയെടുക്കാൻ ഈ രണ്ടു രാജ്യങ്ങളിലെയും തദ്ദേശീയ ജനതയ്ക്ക് ഇന്ന് സാധിച്ചിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതിനേക്കാൾ എണ്ണത്തിൽ കാര്യമായ കുറവു സംഭവിച്ചെങ്കിലും, അവരുടെ പുണ്യഭൂമിയിൽ തങ്ങളുടെ സംസ്കാരത്തെയും, അവകാശങ്ങളെയും സംരക്ഷിക്കുന്നതിന് ഇന്നവർക്ക് കഴിയുന്നുണ്ട്, പ്രത്യേകിച്ചും കാനഡയിൽ.

**പ്രവർത്തനം 3**

'തദ്ദേശീയരെ സംബന്ധിച്ചിടത്തോളം അമേരിക്കൻ വിപ്ലവത്തിന്റെ ഫലം കുടിയേറ്റക്കാരുടേതിന് നേർവിപരീതമായിരുന്നു- അവർക്ക് വ്യാപനം സങ്കോചിക്കലായും, ജനാധിപത്യം നിഷ്ഠൂര വാഴ്ചയായും, അഭിവൃദ്ധി ദാരിദ്ര്യമായും, സ്വാതന്ത്ര്യം ബന്ധനമായും മാറി'. അമേരിക്കൻ ചരിത്രകാരനായ ഹവാഡ് സ്പൊഡേക്കിന്റെ (Howard Spodek) ഈ പ്രസ്താവനയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

| | |
|---|---|
| ഇന്ത്യക്കാർ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ | ഏകപക്ഷീയമായി നികുതി നിശ്ചയിച്ചു; തുല്യരായി കണ്ടില്ല |
| | (യുക്തി-പ്രാതിനിധ്യ ഭരണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറായിരുന്നില്ല) |
| അമേരിക്കയിലെയും ആസ്ത്രേലിയയിലെയും തദ്ദേശീയർ | പൗരന്മാരായി കണക്കാക്കിയില്ല; തുല്യരായിരുന്നില്ല (യുക്തി-ഒന്നിലും ഉറച്ചു നിൽക്കാത്ത പ്രാകൃതർ-സ്ഥിരവാസ കൃഷിയില്ലാത്ത, ഭാവിക്കുവേണ്ടി, പട്ടണങ്ങൾക്ക് വേണ്ടി ഒന്നും കരുതാത്തവർ) |
| അമേരിക്കയിലെ ആഫ്രിക്കൻ അടിമകൾ | വ്യക്തി സ്വാതന്ത്ര്യം നിഷേധിച്ചു; തുല്യരായിരുന്നില്ല (യുക്തി - 'അടിമത്തം എന്നത് അവരുടെ തന്നെ സാമൂഹ്യ വ്യവസ്ഥിതിയുടെ ഭാഗം', കറുത്തവർ അധമരാണ്) |

## ആസ്ത്രേലിയ (AUSTRALIA)

അമേരിക്കൻ വൻകരകളിലേതുപോലെ, ആസ്ത്രേലിയയിലും മനുഷ്യവാസത്തിന് ദീർഘകാലത്തെ ചരിത്രമുണ്ട്. ഏകദേശം 40000 വർഷങ്ങൾക്ക് (ഒരുപക്ഷേ അതിനും മുൻപ്) മുൻപാണ് 'ആദിമനിവാസികൾ' ('aborigines') വ്യത്യസ്തമായ ആദിമ സമൂഹങ്ങളെ സൂചിപ്പിക്കുന്നതിന് പൊതുവിൽ ഉപയോഗിക്കുന്ന പദം) ഈ വൻകരയിലെത്തിച്ചേർന്നത്. ന്യൂ ഗിനിയയിൽ നിന്ന് (New Guinea) ആസ്ട്രേലിയയെ ബന്ധിപ്പിക്കുന്ന മൺതിട്ടയിലൂടെയാണ് (land bridge) ഇവരെത്തിയത്. തദ്ദേശീയരുടെ പാരമ്പര്യങ്ങളനു


സരിച്ച് അവർ പുറമെനിന്നു വന്നവരല്ല, ആസ്ത്രേലിയയിൽത്തന്നെ ഉള്ളവരായിരുന്നു. ഇവർ ഭൂതകാലത്തെ 'സ്വപ്നകാലം'(Dreamtime) എന്നാണ് വിളിച്ചിരുന്നത്. ഇത് മനസ്സിലാക്കാൻ യൂറോപ്യന്മാർക്ക് ബുദ്ധിമുട്ടായിരുന്നു. കാരണം ഇവിടെ ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള വ്യത്യാസം അവ്യക്തമായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ആസ്ത്രേലിയയിൽ ഏകദേശം 350 നും 750 നും ഇടയിൽ തദ്ദേശീയ ജനസമൂഹങ്ങളുണ്ടായിരുന്നു. അവയ്ക്കോരോന്നിനും തനതായ ഭാഷകളും ഉണ്ടായിരുന്നു. (ഇപ്പോഴും ഇതിൽ 200-ൽ അധികം ഭാഷകൾ ഇവിടെ സംസാരിക്കുന്നുണ്ട്. ആസ്ത്രേലിയയുടെ വടക്കേഭാഗത്തു ജീവിക്കുന്ന മറ്റൊരു വലിയ തദ്ദേശീയ ജനവിഭാഗമാണ് ടോറസ് സ്ട്രെയ്റ്റ് ദ്വീപ് നിവാസികൾ (Torres Strait Islanders)). ഇതര ദേശങ്ങളിൽനിന്ന് കുടിയേറിയവരും വ്യത്യസ്ത വംശങ്ങളിൽപ്പെട്ടവരുമാണെന്ന് കരുതുന്നതിനാൽ ഈ വിഭാഗത്തെ ആദിമനിവാസികളുടെ ഗണത്തിൽ പെടുത്തിയിട്ടില്ല. 2005-ൽ തദ്ദേശവാസികൾ ആസ്ത്രേലിയയിലെ മൊത്തം ജനസംഖ്യയുടെ 2.4 ശതമാനം വരുമായിരുന്നു.

ആസ്ത്രേലിയയിൽ ജനസംഖ്യ വളരെക്കുറവാണ്. ഇവിടത്തെ പട്ടണങ്ങളിൽ അധികവും തീരപ്രദേശങ്ങളിൽ (1770-ൽ ബ്രിട്ടീഷുകാർ ഇവിടെയാണ് ആദ്യം എത്തിയത്) ആണ് സ്ഥിതി ചെയ്യുന്നത്. കാരണം ഭൂഖണ്ഡത്തിന്റെ മധ്യഭാഗം വരണ്ട മരുഭൂമിയാണ്.

**ആസ്ത്രേലിയയിലേക്കുള്ള യൂറോപ്യരുടെ കടന്നുവരവ്**
**(The Europeans Reach Australia)**

| | |
|---|---|
| 1606 | ഡച്ച് സഞ്ചാരികൾ ആസ്ത്രേലിയ കണ്ടെത്തുന്നു |
| 1642 | ടാസ്മാൻ (Tasman) ഒരു ദ്വീപിലെത്തുന്നു. പിന്നീട് ഇവിടം ടാസ്മാനിയ (Tasmania) എന്ന പേരിലറിയപ്പെട്ടു |
| 1770 | ജയിംസ് കുക്ക് (James Cook) 'ബോട്ടണി ബേ'യിലെത്തുകയും (Botany Bay), ന്യൂ സൗത്ത് വെയ്ൽസ് (New South Wales) എന്ന പേര് നൽകുകയും ചെയ്യുന്നു |
| 1788 | ബ്രിട്ടൻ നാടുകടത്തുന്നവരുടെ കോളനി (penal colony) രൂപീകരിക്കുന്നു. സിഡ്നി (Sydney) സ്ഥാപിക്കുന്നു. |




ഭൂപടം : 2
ആസ്ത്രേലിയ

അമേരിക്കയിലെ കുടിയേറ്റത്തിന് മുന്നൂറു വർഷങ്ങൾക്കു ശേഷമാണ് ആസ്ത്രേലിയയിലേക്കുള്ള കുടിയേറ്റം ആരംഭിച്ചതെങ്കിലും, കുടിയേറ്റക്കാരും തദ്ദേശീയരും ഭൂമിയും തമ്മിലുള്ള ഇടപഴകലിന്റെ കഥയ്ക്ക് നിരവധി സമാനതകളുണ്ട്. ക്യാപ്റ്റൻ കുക്കും സംഘവും തദ്ദേശീയരുമായുള്ള കണ്ടുമുട്ടലുകളെക്കുറിച്ച് നൽകുന്ന ആദ്യത്തെ വിവരണങ്ങളിൽ അവരുടെ സൗഹൃദത്തെക്കുറിച്ച് ആവേശപൂർവമാണ് പ്രതിപാദിക്കുന്നത്. എന്നാൽ കുക്ക് ഒരു തദ്ദേശീയനാൽ (ആസ്ത്രേലിയയിലല്ല, ഹവായിയിൽ) കൊല്ലപ്പെട്ടതോടെ ബ്രിട്ടീഷുകാരുടെ ഈ വികാരം നേർവിപരീതമായിത്തീർന്നു. പലപ്പോഴും സംഭവിക്കാറുള്ളതുപോലെ, ഈ ഒറ്റപ്പെട്ട സംഭവത്തെ പിന്നീട് കോളനി മേധാവികൾ തദ്ദേശീയ ജനതയുടെമേലുള്ള തങ്ങളുടെ അതിക്രമങ്ങളെ ന്യായീകരിക്കാൻ ഉപയോഗിച്ചു.

**1790–ലെ സിഡ്നി പ്രദേശത്തെക്കുറിച്ച് ഒരു വിവരണം**
**(A Description of the Sydney Area in 1790)**

ആദിമനിവാസികൾക്ക് പരിചിതമായ ഉൽപ്പാദനരീതി ബ്രിട്ടീഷുകാരുടെ സാന്നിധ്യം കൊണ്ട് നാടകീയമായി തകർന്നു. ഒരായിരം വിശന്ന വയറുകൾ ആദ്യം വന്നു, തുടർന്ന് നൂറുകണക്കിന് വേറെയും, ഇത് ആ പ്രദേശത്തെ ഭക്ഷ്യ വിഭവശേഖരത്തിനുമേൽ മുമ്പെങ്ങുമില്ലാത്തത്ര സമ്മർദമുണ്ടാക്കി.

ഇതിനെക്കുറിച്ച് ദാരുക്ക് (Daruk) ജനത എന്താണു കരുതിയിട്ടുണ്ടാവുക? തങ്ങൾ പവിത്രമെന്നു കരുതുന്ന സ്ഥലങ്ങളുടെ വൻതോതിലുള്ള നശീകരണവും, തങ്ങളുടെ നാടിനോടുള്ള വിചിത്രവും ഹിംസാത്മകവുമായ ഈ പെരുമാറ്റവും അവർക്ക് മനസ്സിലാകുന്നതായിരുന്നില്ല. പുതുതായി വന്നവർ മരങ്ങൾ വെട്ടിവീഴ്ത്തുന്നത് ഒരു കാരണവുമില്ലാതെയാണെന്ന് അവർക്ക് തോന്നി, കാരണം അവർ തോണികൾ ഉണ്ടാക്കുന്നില്ല, കാട്ടുതേൻ ശേഖരിക്കുന്നില്ല, അവർ മൃഗങ്ങളെ കെണിവെച്ചു പിടിക്കുന്നുമില്ല. അവർ കല്ലുകൾ ഒരിടത്തുനിന്നു പെറുക്കി മറ്റൊരിടത്ത് അടുക്കിവയ്ക്കുന്നു, കളിമണ്ണ് കുഴിച്ചെടുത്ത് രൂപപ്പെടുത്തി ചുട്ടെടുക്കുന്നു, മണ്ണിൽ കുഴികളെടുക്കുന്നു, വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നു. ആദ്യമൊക്കെ ആ ആദിമ നിവാസികൾക്ക് തോന്നിയത് ഇവർ പുതിയൊരു പവിത്രസ്ഥാനം നിർമ്മിക്കാനായിരിക്കാം കാടുവെട്ടിത്തെളിക്കുന്നത് എന്നാണ്. വലിയൊരു അനുഷ്ഠാനത്തിനുള്ള ചടങ്ങുകളായിരിക്കാം ഇതൊക്കെ. ആ അപകടത്തിൽ നിന്ന് മാറിനിൽക്കുന്നതാണ് നല്ലത് എന്നവർ ചിന്തിച്ചിരിക്കാം. ദാരുക്കുകൾ പിന്നീട് ആ വാസസ്ഥലങ്ങൾ ഉപേക്ഷിച്ചുപോയി എന്നതിൽ ഒരു സംശയവുമില്ല. സർക്കാർ തലത്തിലുള്ള ഒരു ബലപ്രയോഗം മാത്രമായിരുന്നു അവരെ തിരികെ കൊണ്ടുവരുന്നതിനുള്ള വഴി.'

– (പി.ഗ്രിംഷാ, എം.ലേക്ക്, എ.മക്ഗ്രത്ത്, എം.കോർട്ട്ലി, *ക്രിയേറ്റിംഗ് എ നേഷൻ*)

പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ, പകർച്ചവ്യാധികളാലും വിഭവങ്ങളും ഭൂമിയും നഷ്ടപ്പെട്ടും കുടിയേറ്റക്കാർക്കെതിരായ യുദ്ധങ്ങളിലൂടെയും തങ്ങളുടെ ജനസംഖ്യയുടെ 90 ശതമാനവും ഇല്ലായ്മ ചെയ്യപ്പെടുമെന്ന് ആ ജനത ഒരിക്കലും ചിന്തിച്ചിട്ടുണ്ടാകില്ല. പോർച്ചുഗീസ് കുറ്റവാളികളെ ബ്രസീലിൽ സ്ഥിരതാമസത്തിന് അയയ്ക്കുന്നതിനുള്ള പരീക്ഷണം, അവരുടെ ആക്രമണ സ്വഭാവത്തെ തുടർന്നുണ്ടായ തദ്ദേശീയരുടെ കടുത്ത എതിർപ്പ് കാരണം ഉപേക്ഷിക്കേണ്ടി വന്നു. അമേരിക്കൻ കോളനികൾ സ്വാതന്ത്ര്യം നേടുന്നതുവരെ ഇതേ നയം തന്നെയാണ് ബ്രിട്ടൻ അവിടെയും നടപ്പാക്കിയത്. ഇതേ നയം തന്നെ അവർ ആസ്ത്രേലിയയിലും തുടർന്നുപോന്നു. ആദ്യകാല കുടിയേറ്റക്കാരിൽ ഭൂരിഭാഗവും ബ്രിട്ടനിൽനിന്ന് കുറ്റവാളികളായി നാടുകടത്തപ്പെട്ട് എത്തിയവരായിരുന്നു. ജയിൽവാസം പൂർത്തിയാക്കിയശേഷം ഇനിയൊരിക്കലും ഇംഗ്ലണ്ടിലേക്ക് തിരിച്ചുവരില്ല എന്ന വ്യവസ്ഥയിൽ അവരെ സ്വതന്ത്ര മനുഷ്യരാക്കി ആസ്ത്രേലിയയിൽ ജീവിതം തുടരാൻ അനുവദിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ

തങ്ങളുടേതായ പുതിയൊരു ജീവിതം കണ്ടെത്തുന്നതിന് തദ്ദേശവാസികളെ അവരുടെ മണ്ണിൽ നിന്നും തുരത്തി ഓടിച്ച് കൃഷി ആരംഭിക്കുന്നതിന് അവർക്ക് യാതൊരു മടിയും ഉണ്ടായിരുന്നില്ല.

## ആസ്ത്രേലിയയുടെ വികാസം (The Development of Australia)

| | |
|---|---|
| 1850 | ആസ്ത്രേലിയൻ കോളനികൾക്ക് സ്വയം ഭരണം അനുവദിച്ചു |
| 1851 | ചൈനയിൽനിന്ന് തൊഴിലാളികളുടെ കുടിയേറ്റം. 1855-ൽ ഇത് നിയമം മൂലം നിരോധിച്ചു |
| 1851-1961 | സ്വർണത്തിനായുള്ള ഇരച്ചുകയറൽ (Gold rushes) |
| 1901 | ആറുസംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ആസ്ത്രേലിയൻ ഫെഡറേഷന്റെ രൂപീകരണം |
| 1911 | തലസ്ഥാനമായി കാൻബറ സ്ഥാപിക്കപ്പെടുന്നു |
| 1948-75 | രണ്ടു ദശലക്ഷം യൂറോപ്യന്മാർ ആസ്ത്രേലിയയിലേക്കു കുടിയേറുന്നു |


**പ്രവർത്തനം 4**

1911-ൽ ന്യൂഡൽഹിയും, കാൻബറയും യഥാക്രമം ഇന്ത്യയുടേയും, ആസ്ത്രേലിയൻ കോമൺവെൽത്തിന്റേയും തലസ്ഥാനങ്ങളായി പ്രഖ്യാപിക്കപ്പെട്ടു. ഈ രാജ്യങ്ങളിൽ അക്കാലത്ത് നിലനിന്നിരുന്ന രാഷ്ട്രീയ സാഹചര്യങ്ങളെകുറിച്ച് താരതമ്യപഠനം നടത്തുക.

യൂറോപ്യൻ അധിനിവേശത്തിൻ കീഴിൽ ആസ്ത്രേലിയയുടെ സാമ്പത്തിക വികസനം അമേരിക്കയുടേതുപോലെ വൈവിധ്യമാർന്നതായിരുന്നില്ല. വിശാലമായ ആടു വളർത്തൽ കേന്ദ്രങ്ങളും ഖനി മേഖലകളും വലിയ അധ്വാനത്തിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടു. ഒപ്പം മുന്തിരിത്തോട്ടങ്ങളും ഗോതമ്പുകൃഷിയും വികസിച്ചു. രാജ്യത്തിന്റെ അഭിവൃദ്ധിയുടെ അടിസ്ഥാനം ഇതായിരുന്നു. സംസ്ഥാനങ്ങളുടെ ഏകീകരണത്തിനുശേഷം 1911-ൽ ഒരു തലസ്ഥാന നഗരത്തെക്കുറിച്ചുള്ള ആലോചനയിൽ അതിന് ആദ്യം നിർദേശിക്കപ്പെട്ട ഒരു പേര് വൂൾവീറ്റ്ഗോൾഡ് (Woolwheatgold) എന്നായിരുന്നു. ചർച്ചകൾക്കൊടുവിൽ കാൻബറ (Canberra) എന്ന പേര് തീരുമാനിക്കുകയായിരുന്നു. (Kamberra എന്ന പ്രാദേശികപദത്തിന്റെ അർഥം 'സംഗമസ്ഥാനം' (Meeting Place) എന്നാണ്.)

വയലുകളിൽ ജോലി ചെയ്തിരുന്ന തദ്ദേശീയരുടെ തൊഴിൽസാഹചര്യം അടിമകളുടേതിൽനിന്ന് വിഭിന്നമായിരുന്നില്ല. പിൽക്കാലത്ത്, കാലിഫോർണിയയിലേതുപോലെ ചൈനയിൽനിന്നുള്ള തൊഴിലാളികൾ കുറഞ്ഞ വേതനത്തിൽ എത്തിത്തുടങ്ങി. എന്നാൽ വെള്ളക്കാരല്ലാത്തവരുടെ മേലുള്ള അമിതാശ്രയം ഉണ്ടാക്കുന്ന ഭവിഷ്യത്തുകൾ കരുതി, ഇരുരാജ്യങ്ങളും ചൈനയിൽനിന്നുള്ള കുടിയേറ്റം നിരോധിച്ചു. 1974 വരെയും ദക്ഷിണേഷ്യയിൽ നിന്നും, ദക്ഷിണ-പൂർവ്വേഷ്യൻ രാജ്യങ്ങളിൽ നിന്നുമുള്ള വൻതോതിലുള്ള 'കറുത്ത' വരുടെ കുടിയേറ്റത്തെക്കുറിച്ച് വെള്ളക്കാർക്കിടയിൽ ആശങ്ക നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ വെള്ളക്കാരല്ലാത്തവരെ ആസ്ത്രേലിയയിൽ പ്രവേശിപ്പിക്കാതിരിക്കുക എന്നത് കുറേക്കാലം ഗവൺമെന്റ് നയമായിരുന്നു.

## മാറ്റത്തിന്റെ കാറ്റ് ... (The Winds of Change...)


ഡബ്ല്യൂ.ഇ.എച്ച്. സ്റ്റാനർ

1968-ൽ ഡബ്ല്യൂ.ഇ.എച്ച്. സ്റ്റാനർ (W.E.H. Stanner) എന്ന നരവംശശാസ്ത്രജ്ഞൻ, 'മഹത്തായ ആസ്ത്രേലിയൻ നിശ്ശബ്ദത' ('The Great Australian Silence') എന്ന പേരിൽ നടത്തിയ ഒരു പ്രഭാഷണം ജനങ്ങളെ ആവേശഭരിതരാക്കി. ആദിമനിവാസികളുടെ കാര്യത്തിലുള്ള ചരിത്രകാരന്മാരുടെ നിശ്ശബ്ദതയെക്കുറിച്ചായിരുന്നു ഈ പ്രഭാഷണം. 1970-കൾ മുതൽ വടക്കേ അമേരിക്കയിൽ സംഭവിച്ചിരുന്നതുപോലെ ആദിമനിവാസികളെ 'നരവംശശാസ്ത്ര കൗതുകങ്ങൾ' എന്ന നിലയ്ക്ക് നോക്കിക്കാണുന്ന രീതി മാറി, വ്യത്യസ്തമായ സംസ്കാരത്തോടുകൂടിയ ജനസമൂഹം, പ്രകൃതിയെയും കാലാവസ്ഥയെയും അറിയാൻ തനതു വഴികളുള്ളവർ, കഥകളോടുകൂടിയ സാമൂഹിക ബോധമുള്ളവർ, തുണി നെയ്ത്തിലും ചിത്ര, ശില്പ കലകളിലും വിദഗ്ധർ എന്നിങ്ങനെയെല്ലാം രേഖപ്പെടുത്തുകയും മനസ്സിലാക്കപ്പെടുകയും ചെയ്യേണ്ടവർ എന്ന ഒരു രീതിയുണ്ടായി. ഇവയെല്ലാം ഊന്നിപ്പറഞ്ഞുകൊണ്ട്, എന്തുകൊണ്ട് നമ്മുടെ ചരിത്രം ഇതുവരെയും പറയപ്പെട്ടില്ല എന്ന അടിയന്തരമായ ചോദ്യം *വൈ വേറിന്റ് വി ടോൾഡ് (Why Weren't We Told)* എന്ന തന്റെ ശക്തമായ ഗ്രന്ഥത്തിലൂടെ ഹെൻറി റെയ്നോൾഡ്സ് (Henry Reynolds) ഉന്നയിക്കുന്നു. ക്യാപ്റ്റൻ കുക്കിന്റെ (Captain Cook) 'കണ്ടുപിടുത്ത'ത്തോടുകൂടിയാണ് ആസ്ത്രേലിയൻ ചരിത്രം ആരംഭിക്കുന്നത് എന്ന ചരിത്ര രചനാരീതിയെ അദ്ദേഹം ശക്തമായി അപലപിച്ചു.

അന്നുമുതൽ പ്രാദേശിക സംസ്കാരങ്ങളെക്കുറിച്ചു പഠിക്കുന്നതിന് സർവകലാശാലകളിൽ പ്രത്യേകം വകുപ്പുകൾ സ്ഥാപിതമാവുകയും ആർട്ട് ഗാലറികളിൽ തദ്ദേശീയരുടെ കലാസൃഷ്ടികൾ സ്ഥാനം പിടിക്കുകയും പ്രാദേശിക സംസ്കാരത്തെ ഭാവനാത്മകമായി വിശദീകരിക്കുന്ന ചിത്രശേഖരങ്ങൾ മ്യൂസിയത്തിൽ ഉൾപ്പെടുത്തുകയും തദ്ദേശീയർ സ്വയം അവരുടെ ചരിത്രത്തെ രേഖപ്പെടുത്താനാരംഭിക്കുകയും ചെയ്തു. വിസ്മയകരമായ പ്രയത്നമായിരുന്നു ഇത്. ഏറെ നിർണായകമായ ഒരു സന്ദർഭത്തിലാണ് ഇതാരംഭിച്ചത്. കാരണം തദ്ദേശീയസംസ്കാരങ്ങൾ സംരക്ഷിക്കുവാനുള്ള ശ്രമം നടന്നിരുന്നില്ലെങ്കിൽ, അവയെല്ലാം ഇതിനകം വിസ്മൃതിയിലാണ്ടു പോകുമായിരുന്നു. 1974 മുതൽ 'ബഹുസാംസ്കാരികത' (multiculturalism) ആസ്ത്രേലിയയുടെ ഔദ്യോഗിക നയമാണ്. ഇതനുസരിച്ച് തദ്ദേശീയരുടെയും യൂറോപ്പിൽ നിന്നും ഏഷ്യയിൽ നിന്നുമുള്ള കുടിയേറ്റക്കാരുടെയും സംസ്കാരങ്ങൾക്ക് തുല്യമായ ആദരവ് നൽകപ്പെട്ടു.

കാത്തീ, ഹൃദയം നുറുങ്ങിയ എന്റെ സോദരീ,
അറിയില്ലെനിക്ക്, നിന്നോടെങ്ങനെ നന്ദി ചൊല്ലണമെന്ന് –
വൃക്ഷപത്രങ്ങളിലെഴുതിയ,
ദുഃഖവും രോഷവും തുളുമ്പുന്ന നിന്റെ 'സ്വപ്നകാല' കഥകൾക്ക്.
നിറം തെറ്റിപ്പോയവർ, നദീതടവാസികൾ –
ആ കറുത്ത കുട്ടികളിലൊന്നു നീ;
കിട്ടിയില്ലെനിക്കനുമതി നിനക്കൊപ്പം കളിക്കുവാൻ
(നിന്നെ വെളുപ്പാക്കാൻ എനിക്കാകുമായിരുന്നില്ല)
അതിനാൽ ഞാൻ നിന്നെ കണ്ടുമുട്ടാൻ വൈകി
വൈകി ഞാൻ, നിന്നെയറിഞ്ഞു തുടങ്ങാൻ
ഞാൻ സ്നേഹിക്കുന്ന നാട് നിന്നിൽ നിന്ന്
കവർന്നതാണെന്ന് അവരെന്നോട് പറഞ്ഞിരുന്നില്ല.
-'Two Dreamtimes', written for Oodgeroo Noonuccal)

ജൂഡിത്ത് റൈറ്റ് (Judith Wright –1915 –2000), ആസ്ത്രേലിയയിലെ ആദിമനിവാസികളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയ എഴുത്തുകാരി. കറുത്തവരെയും വെളുത്തവരെയും തമ്മിൽ ഇടപഴകാൻ അനുവദിക്കാതിരുന്നതുകൊണ്ടുള്ള നഷ്ടങ്ങളെക്കുറിച്ച് ഹൃദയസ്പർശിയായ നിരവധി കവിതകളെഴുതിയിട്ടുണ്ട്.

1970 കൾ മുതൽ 'മനുഷ്യാവകാശങ്ങൾ' എന്ന വാക്ക് ഐക്യരാഷ്ട്രസംഘടന പോലുള്ള അന്താരാഷ്ട്ര ഏജൻസികളുടെ യോഗങ്ങളിൽ നിരന്തരം കേട്ടുതുടങ്ങി. ന്യൂസിലാന്റ്, കാനഡ, യു.എസ്.എ. എന്നിവിടങ്ങളിൽനിന്ന് വ്യത്യസ്തമായി ആസ്ത്രേലിയയിൽ തദ്ദേശീയരിൽനിന്നും യൂറോപ്യർ പിടിച്ചെടുത്ത ഭൂമി നിയമവിധേയമാക്കുന്ന ഉടമ്പടികൾ ഒന്നുംതന്നെ ഇല്ലായിരുന്നുവെന്ന യാഥാർഥ്യം ആശങ്കയോടെയാണ് ആസ്ത്രേലിയൻ ജനത തിരിച്ചറിഞ്ഞത്. ആസ്ത്രേലിയൻ ഗവൺമെന്റ് ഭൂമിയെ നിർവചിച്ചിരിക്കുന്നത് '*ടെറാ നള്ളിയസ്*' (*Terra Nullius*) അതായത് ആരുടേതുമല്ല എന്ന നിലയിലാണ്. മിശ്രരക്തത്തിൽപ്പെട്ട (നേറ്റീവ് യൂറോപ്യൻ) കുട്ടികളെ നിർബന്ധപൂർവം അവരുടെ തദ്ദേശീയരായ ബന്ധുക്കളിൽ നിന്നും വേർപെടുത്തിയിരുന്നതിന്റെ സുദീർഘവും വേദനാജനകവുമായ ഒരു ചരിത്രംകൂടി അവിടെയുണ്ടായിരുന്നു.

ഇത്തരം പ്രശ്നങ്ങൾ മുൻനിർത്തി ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ, തുടർന്ന് അന്വേഷണങ്ങൾക്കും സുപ്രധാനമായ രണ്ടു തീരുമാനങ്ങൾക്കും വഴിയൊരുക്കി. ഒന്നാമതായി തദ്ദേശീയ ജനതയ്ക്ക് അവർ 'വിശുദ്ധമെന്ന്' കരുതുന്ന മണ്ണിനോടുള്ള ചരിത്രപരമായ ബന്ധം ബഹുമാനിക്കപ്പെടേണ്ടതാണെന്ന് അംഗീകരിച്ചു. രണ്ടാമതായി, കഴിഞ്ഞകാല പ്രവൃത്തികൾ തിരിച്ചെടുക്കാൻ കഴിയാത്തതിനാൽ കുട്ടികളെ 'കറുത്തവരും' 'വെളുത്തവരു'മായി വേർതിരിച്ച അനീതിക്കെതിരെ പരസ്യമായി ഖേദം രേഖപ്പെടുത്താനും തീരുമാനിച്ചു.

| | |
|---|---|
| 1974 | 'വെളുത്തവരുടെ ആസ്ത്രേലിയ' നയം അവസാനിച്ചു. ഏഷ്യൻ കുടിയേറ്റക്കാർക്ക് പ്രവേശനാനുമതി നൽകി |
| 1992 | '*ടെറാനള്ളിയസ്*' എന്നത് നിയമപരമായി നിലനിൽക്കില്ലെന്ന് ആസ്ത്രേലിയൻ ഹൈക്കോടതിയുടെ വിധി (മാബോ കേസിൽ). 1770 ന് മുമ്പുള്ള ഭൂമിയിൽ തദ്ദേശീയരുടെ അവകാശവാദം അംഗീകരിച്ചു |
| 1995 | ആദിമനിവാസികളുടെയും (Aborigines) ടോറസ് സ്ട്രെയ്റ്റ് (Torres Strait) ഐലൻന്റേർസിന്റേയും കുട്ടികളെ അവരുടെ കുടുംബങ്ങളിൽ നിന്ന് വേർതിരിച്ചതിനെക്കുറിച്ച് ദേശീയതലത്തിൽ അന്വേഷണം |
| 1999 | (26 മെയ്) 'ദേശീയക്ഷമാദിനം' (National Sorry Day)1820-നും 1970-നും ഇടയിൽ 'നഷ്ടപ്പെട്ടുപോയ' കുട്ടികളോടുള്ള ക്ഷമാപണം |

## അഭ്യാസങ്ങൾ (Exercises)

### ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1. ഉത്തര - ദക്ഷിണ അമേരിക്കയിലെ തദ്ദേശീയ ജനതയ്ക്കിടയിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും വൈരുധ്യങ്ങളെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തുക.
2. പത്തൊൻപതാം നൂറ്റാണ്ടിലെ അമേരിക്കൻ ഐക്യനാടുകളിൽ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗത്തിനുപുറമേ സാമ്പത്തിക-സാമൂഹിക ജീവിതത്തിൽ എന്ത് ഇംഗ്ലീഷ് സ്വാധീനമാണ് നിങ്ങൾക്ക് കാണാൻ കഴിയുന്നത്?

3. അമേരിക്കക്കാരെ സംബന്ധിച്ചിടത്തോളം 'അതിരുകൾ' (Frontier) എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?
4. ആസ്ട്രേലിയയിലെ തദ്ദേശീയ ജനതയുടെ ചരിത്രം എന്തുകൊണ്ടാണ് ചരിത്ര പാഠപുസ്തകങ്ങളിൽ തമസ്കരിക്കപ്പെട്ടത്?

## ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

5. ഒരു ജനതയുടെ സംസ്കാരത്തെ വിശദീകരിക്കുന്ന ഒരു മ്യൂസിയത്തിലെ പ്രദർശനം എത്രമാത്രം തൃപ്തികരമാണ്? മ്യൂസിയത്തിൽനിന്നുള്ള നിങ്ങളുടെ സ്വന്തം അനുഭവത്തിന്റെ ഉദാഹരണങ്ങൾ നൽകുക.
6. 1880-ലെ കാലിഫോർണിയയിൽ ഒരു മുൻ ആഫ്രിക്കൻ അടിമ, ഒരു ചൈനീസ് തൊഴിലാളി, സ്വർണത്തിന്റെ ഇരച്ചുകയറ്റത്തിൽ കടന്നുവന്ന ഒരു ജർമ്മൻകാരൻ, ഹോപ്പി ഗോത്രത്തിലെ ഒരു തദ്ദേശീയൻ എന്നിങ്ങനെ നാലുപേർ തമ്മിൽ കണ്ടുമുട്ടുമ്പോൾ അവർക്കിടയിൽ നടക്കുന്ന സംഭാഷണം സങ്കൽപിച്ചെഴുതുക.

പ്രമേയം

11

# ആധുനികവൽക്കരണത്തിലേക്കുള്ള പാതകൾ

## (PATHS TO MODERNISATION)

A6Y9S7

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കിഴക്കൻ ഏഷ്യയിൽ ആധിപത്യം പുലർത്തിയിരുന്നത് ചൈനയാണ്. സുദീർഘമായ പാരമ്പര്യത്തിന്റെ പിൻഗാമികളായ കിംങ് (Quing) രാജവംശം അവരുടെ അധികാരം സുരക്ഷിതമാക്കിയപ്പോൾ, ഒരു ചെറു ദ്വീപുരാഷ്ട്രമായിരുന്ന ജപ്പാനാകട്ടെ ഏതാണ്ട് ഒറ്റപ്പെട്ട് കിടക്കുകയായിരുന്നു. എന്നാൽ ഏതാനും ദശകങ്ങൾക്കുള്ളിൽത്തന്നെ കൊളോണിയൽ വെല്ലുവിളികൾ നേരിടാനാകാതെ ചൈന പ്രശ്നങ്ങളിൽ അകപ്പെട്ടു. ഭരണകൂടത്തിന് അതിന്റെ രാഷ്ട്രീയനിയന്ത്രണം നഷ്ടപ്പെടുകയും ഫലപ്രദമായി പരിഷ്ക്കാരങ്ങൾ നടത്താൻ കഴിയാതെ രാജ്യം ആഭ്യന്തരയുദ്ധത്താൽ കലങ്ങുകയും ചെയ്തു. അതേ സമയം ജപ്പാൻ ഒരു ആധുനികദേശരാഷ്ട്രം രൂപീകരിക്കുന്നതിൽ വിജയിക്കുകയും ഒരു വ്യാവസായിക സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുകയും തായ്‌വാനെയും (1895) കൊറിയയെയും (1910) പിടിച്ചടക്കിക്കൊണ്ട് ഒരു കൊളോണിയൽ സാമ്രാജ്യം സ്ഥാപിക്കുകയും ചെയ്തു. തങ്ങളുടെ സംസ്ക്കാരത്തിന്റെയും ആദർശങ്ങളുടെയും ഉറവിടമായ ചൈനയെ 1894-ലും യൂറോപ്യൻ ശക്തിയായ റഷ്യയെ 1905-ലും ജപ്പാൻ പരാജയപ്പെടുത്തി.

ചൈനക്കാർ വളരെ സാവധാനമാണ് പ്രതികരിച്ചത്. ആധുനിക ലോകവുമായി പൊരുത്തപ്പെടാൻ പാകത്തിൽ തങ്ങളുടെ പാരമ്പര്യങ്ങളെ പുനർനിർവചിക്കാൻ ശ്രമിച്ചപ്പോഴും പാശ്ചാത്യരുടെയും ജപ്പാന്റെയും ആധിപത്യത്തിൽ നിന്ന് സ്വതന്ത്രരാകുവാനും ദേശീയശക്തി പുനർനിർമ്മിക്കുവാനും ശ്രമിച്ചപ്പോഴും ചൈന ധാരാളം വെല്ലുവിളികൾ നേരിട്ടു. അസമത്വങ്ങൾ ഇല്ലാതാക്കുക, രാജ്യത്തെ പുനർനിർമ്മിക്കുക എന്നീ രണ്ട് ലക്ഷ്യങ്ങളും നേടിയെടുക്കാൻ വിപ്ലവത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ എന്ന് അവർ മനസ്സിലാക്കി. 1949-ലെ ആഭ്യന്തര യുദ്ധത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി വിജയം നേടി ഉയർന്നു വന്നു. എന്നാൽ, പ്രത്യയശാസ്ത്രവ്യവസ്ഥ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെയും വികാസത്തെയും തടസ്സപ്പെടുത്തുകയാണെന്ന് 1970-കളുടെ അവസാനത്തിൽ ചൈനീസ് നേതാക്കൾ മനസ്സിലാക്കി. ഇത് സമ്പദ്‌വ്യവസ്ഥയുടെ വ്യാപകമായ പരിഷ്ക്കാരങ്ങൾക്ക് വഴിതെളിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരം നിലനിർത്തുമ്പോൾത്തന്നെ മുതലാളിത്തവും സ്വതന്ത്രകമ്പോളവ്യവസ്ഥയും തിരികെക്കൊണ്ടു വന്നു.

ജപ്പാനാകട്ടെ ഒരു വികസിത വ്യാവസായിക രാഷ്ട്രമായി മാറിയെങ്കിലും സാമ്രാജ്യത്തിനുവേണ്ടിയുള്ള അവരുടെ ശ്രമങ്ങൾ യുദ്ധത്തിലേക്കും തുടർന്ന് ആംഗ്ലോ-അമേരിക്കൻ ശക്തികളുടെ കൈകളിൽ നിന്നുള്ള പരാജയത്തിലേക്കും നയിച്ചു. അമേരിക്കൻ അധിനിവേശം ജപ്പാനിൽ കൂടുതൽ ജനാധിപത്യപരമായ രാഷ്ട്രീയവ്യവസ്ഥയുടെ രൂപീകരണത്തിന് തുടക്കം കുറിക്കുകയും സമ്പദ്‌വ്യവസ്ഥയെ പുനർനിർമ്മിച്ചുകൊണ്ട് 1970-കളിൽ ഒരു പ്രധാന സാമ്പത്തിക ശക്തിയായി ജപ്പാൻ ഉയർന്നുവരുകയും ചെയ്തു.

ആധുനികവൽക്കരണത്തിലേക്കുള്ള ജപ്പാന്റെ പാത കെട്ടിപ്പടുത്തത് മുതലാളിത്ത തത്വങ്ങളിൽ അധിഷ്ഠിതമായാണ്. അത് സാധ്യമായതാകട്ടെ പാശ്ചാത്യ കോളനിവൽക്കരണം ആധിപത്യം പുലർത്തുന്ന ഒരു ലോകത്തിനുള്ളിലും. പാശ്ചാത്യ മേൽക്കോയ്മയെ ചെറുത്ത് ഏഷ്യയെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ പേരിൽ ജപ്പാന്റെ വിപുലീകരണം ന്യായീകരിക്കപ്പെട്ടു. ത്വരിതവികസനം, ജാപ്പനീസ് സ്ഥാപനങ്ങളിലും സമൂഹത്തിലും പാരമ്പര്യത്തിനുള്ള ശക്തിയെയും കാര്യങ്ങൾ പെട്ടെന്ന് ഗ്രഹിക്കുന്നതിനുള്ള അവരുടെ ശേഷിയെയും ദേശീയതയുടെ കരുത്തിനെയും അടിവരയിട്ടു കാണിച്ചു.

ഭരണാധികാരികൾക്ക് ചരിത്രം ഒരു പ്രധാന വഴികാട്ടിയായിരുന്നു. അതിനാൽത്തന്നെ ചൈനയുടെയും ജപ്പാന്റെയും ചരിത്രരചനകൾക്ക് സുദീർഘമായ പാരമ്പര്യം ഉണ്ടായിരുന്നു. തങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത് ഭൂതകാലം നൽകുന്ന മാനദണ്ഡങ്ങൾ ആസ്പദമാക്കിയാണെന്ന് അവർ വിശ്വസിച്ചിരുന്നതുകൊണ്ട് ഭരണാധികാരികൾ രേഖകൾ സൂക്ഷിക്കുവാനും വംശാവലി ചരിത്രം എഴുതുവാനും ഔദ്യോഗിക വകുപ്പുകൾ സ്ഥാപിച്ചു. സിമ ഖിയാൻ (Sima Qian, ബി.സി.ഇ. 145-90) പ്രാചീന ചൈനയിലെ ഏറ്റവും മഹാനായ ചരിത്രകാരൻ ആയി കരുതപ്പെടുന്നു. ചൈനയുടെ സാംസ്ക്കാരിക സ്വാധീനത്താൽ ജപ്പാനും ചരിത്രത്തിന് സമാനമായ പ്രാധാന്യം നൽകി. മെയ്ജി ഗവൺമെന്റിന്റെ ആദ്യത്തെ പ്രവൃത്തികളിൽ ഒന്ന് 1869-ൽ രേഖകൾ ശേഖരിക്കുന്നതിനും രേഖപ്പെടുത്തുന്നതിനുമുള്ള ഒരു കാര്യാലയം സ്ഥാപിക്കുകയായിരുന്നു. മെയ്ജി ഭരണ പുനസ്ഥാപനത്തിന്റെ വിജയ വ്യാഖ്യാനം രേഖപ്പെടുത്തുകയായിരുന്നു ലക്ഷ്യം. എഴുത്തിനും സാഹിത്യ പ്രവർത്തനത്തിനും ആദരവും ഉയർന്ന മൂല്യവും കൽപ്പിച്ചിരുന്നു. തൽഫലമായി ഔദ്യോഗികചരിത്രങ്ങൾ, പണ്ഡിതരചനകൾ, ജനകീയ സാഹിത്യങ്ങൾ, മതഗ്രന്ഥങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള ലിഖിത രേഖകൾ ലഭ്യമായിരുന്നു. ആധുനിക പൂർവകാലത്തെ രണ്ട് സുപ്രധാന വ്യവസായങ്ങളായിരുന്നു അച്ചടിയും പ്രസിദ്ധീകരണവും. അതുകൊണ്ടുതന്നെ പതിനെട്ടാം നൂറ്റാണ്ടിൽ ചൈനയിലോ ജപ്പാനിലോ നടന്ന ഒരു പുസ്തക വിതരണം പോലും നമുക്ക് കണ്ടുപിടിക്കുവാൻ സാധിക്കും. ആധുനിക ചരിത്രകാരന്മാർ ഇത്തരം സാമഗ്രികൾ നവീനവും വ്യത്യസ്തവുമായ രീതിയിൽ ഉപയോഗിച്ചു.

ലിയാങ് കിച്ചാവോ (Liang Qichao) യെപ്പോലെയുള്ള ചൈനീസ് ധിഷണാശാലികളുടെയോ അല്ലെങ്കിൽ ജപ്പാന്റെ ആധുനിക ചരിത്ര രചനയുടെ പ്രാരംഭകരിൽ ഒരാളായ കുമെ കുനിതകെ (Kume Kunitake, 1839-1931) യുടേയോ ഗ്രന്ഥങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഈ രാജ്യങ്ങളുടെ ആധുനികചരിത്രപാണ്ഡിത്യം പടുത്തുയർത്തിയിരിക്കുന്നത്. യൂറോപ്യൻ സഞ്ചാരികളും ഈ രാജ്യങ്ങളെക്കുറിച്ച് വിലപ്പെട്ട വിവരങ്ങൾ നൽകുന്നു. ഇറ്റാലിക്കാരനായ മാർക്കോ പോളോ (Marco Polo, 1254-1324) 1274 മുതൽ 1290 വരെ ചൈന സന്ദർശിച്ചിരുന്നു. ജസ്യൂട്ട് പാതിരിമാരായ മെറ്റിയോ റിച്ചി (Mateo Ricci, 1552-1610), ചൈനയും ലൂയി ഫ്രോയ്സ് (Luis Frois, 1532-97) ജപ്പാനും സന്ദർശിച്ച് ഈ രാജ്യങ്ങളെക്കുറിച്ച് വിലപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിലെ ക്രൈസ്തവ മിഷണറിമാരുടെ രചനകളും ഈ രാജ്യങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള വളരെ വിലപ്പെട്ട വിവരങ്ങൾ നൽകുന്നു.

ഇംഗ്ലീഷ് ചരിത്ര പണ്ഡിതന്മാരായ ജോസഫ് നീഥം (Joseph Needham) എഴുതിയ ചൈനീസ് സംസ്ക്കാരത്തിലെ ശാസ്ത്രത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള മഹത്തായ കൃതിയും ജോർജ് സാൻസം (George Sansom) എഴുതിയ ജപ്പാന്റെ ചരിത്രത്തെയും സംസ്കാരത്തെയും കുറിച്ചുള്ള കൃതിയും പ്രധാനപ്പെട്ടവയാണ്. ഇതുകൂടാതെ വളരെ വിജ്ഞാനപ്രദമായ വിവരശേഖരമാണ് ഇന്ന് നമുക്ക് ലഭ്യമാകുന്നത്. അടുത്തകാലത്തായി ചൈനീസ്-ജാപ്പനീസ് പണ്ഡിതരുടെ കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അവരിൽ ചിലർ വിദേശങ്ങളിൽ പഠിപ്പിക്കുകയും ഇംഗ്ലീഷിൽ രചനകൾ നടത്തുകയും ചെയ്തവരാണ്. 1980-കൾ മുതൽ ധാരാളം ചൈനീസ് പണ്ഡിതർ ജപ്പാനിൽ ജോലി ചെയ്യുകയും ജാപ്പനീസ് ഭാഷയിൽ കൃതികൾ രചിക്കുകയും ചെയ്യുന്നുണ്ട്. ചൈനയെക്കുറിച്ചും ജപ്പാനെക്കുറിച്ചും വ്യക്തമായ ഒരു ചിത്രം നമുക്കു ലഭിക്കുന്ന തരത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ധാരാളം പണ്ഡിതരുടെ രചനകൾ ഉണ്ട് എന്നാതാണ് ഇത് അർത്ഥമാക്കുന്നത്.

നെയ്റ്റോ കോനാൻ* (Naito Konan, 1866-1934)

ചൈനയിലെ ഒരു പ്രമുഖ ജാപ്പനീസ് പണ്ഡിതനായ നെയ്റ്റോ കോനാന്റെ രചനകൾ ലോകമെമ്പാടുമുള്ള പണ്ഡിതരെ സ്വാധീനിച്ചിട്ടുണ്ട്. കോനാൻ പാശ്ചാത്യചരിത്ര രചനാശാസ്ത്രത്തിന്റെ നൂതന ഉപാധികൾ ഉപയോഗിച്ചുകൊണ്ട് ചൈനയെപ്പറ്റിയുള്ള പഠനത്തിന്റെ ഒരു സുദീർഘ പാരമ്പര്യം തന്നെ പടുത്തുയർത്തി. ഒപ്പം അവിടെ പത്ര പ്രവർത്തകൻ എന്ന നിലയിലുള്ള തന്റെ അനുഭവസമ്പത്തിനെയും തുറന്നു കാണിച്ചു. 1907-ൽ ക്യോട്ടോ സർവകലാശാലയിൽ പൗരസ്ത്യപഠനവകുപ്പ് (Department of Oriental Studies) സ്ഥാപിക്കുന്നതിന് സഹായിച്ചതും നെയ്റ്റോ കോനാനാണ്. *ഷിനാരോൺ (Shinaron) [On China* -1914]) എന്ന ഗ്രന്ഥത്തിൽ സുങ് (Sung) രാജവംശം (960-1279) മുതൽ നിലനിന്നിരുന്ന കുലീനവർഗ മേധാവിത്വത്തെയും കേന്ദ്രീകൃതാധികാരത്തെയും അവസാനിപ്പിക്കുന്നതിന് റിപ്പബ്ലിക്കൻ ഗവൺമെന്റ് ചൈനക്കാർക്ക് മുൻപിൽ ഒരു വഴി കാണിച്ചുകൊടുത്തുവെന്ന് അദ്ദേഹം വാദിച്ചു. പരിഷ്കാരങ്ങൾ ആരംഭിക്കേണ്ട പ്രാദേശികസമൂഹത്തെ പുനരുജ്ജീവിപ്പിക്കാനുള്ള വഴിയായിരുന്നു അത്. ചൈനയെ ആധുനികവും ജനാധിപത്യപരവുമാക്കാൻ സഹായകമായ ശക്തികൾ ചൈനയുടെ ചരിത്രത്തിൽത്തന്നെ അദ്ദേഹം കണ്ടെത്തി. ജപ്പാന് ചൈനയിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയും എന്നദ്ദേഹം കരുതി. എന്നാൽ ചൈനീസ് ദേശീയതയുടെ ശക്തിയെ അദ്ദേഹം വിലകുറച്ചു കണ്ടു.

* ജപ്പാനിൽ കുടുംബപ്പേരാണ് ആദ്യം എഴുതിയിരുന്നത്

## ആമുഖം (Introduction)

ചൈനയും ജപ്പാനും തമ്മിൽ വ്യക്തമായ ഭൗതിക വൈരുധ്യങ്ങളുണ്ട്. വിവിധ കാലാവസ്ഥാ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന വിശാലമായൊരു ഭൂഖണ്ഡസമാനമായ രാജ്യമാണ് ചൈന. അതിന്റെ ഹൃദയഭാഗം മഞ്ഞനദി (ഹുവാങ് ഹെ/Huang He), യാങ്സെ നദി (Chang Jiang- ലോകത്തിലെ ഏറ്റവും നീളം കൂടിയ മൂന്നാമത്തെ നദി), പേൾനദി (Pearl River) എന്നീ മൂന്ന് പ്രധാന നദികൾ ചേർന്നതാണ്. രാജ്യത്തിന്റെ വലിയൊരു ഭാഗവും പർവതപ്രദേശമാണ്.

ചൈനയിലെ പ്രമുഖരായ വംശം ഹാൻ (Han) ആണ്. പ്രധാന ഭാഷ ചൈനീസും (പുതോങ് ഹുവ). എന്നാൽ യുഗർ (Uighur), ഹുയി (Hui), മാഞ്ചു (Manchu), ടിബറ്റൻ (Tibetan) തുടങ്ങിയ മറ്റ് പല ദേശീയ വിഭാഗങ്ങളും ഇവിടെയുണ്ട്. കന്റോണീസ് (യൂയി/Yue), ഷാങ്ഹൈനസ് (വൂ/Wu) എന്നീ സംസാരഭാഷകളെക്കൂടാതെ മറ്റ് പല ന്യൂനപക്ഷ ഭാഷകളും ഇവിടത്തെ ജനങ്ങൾ സംസാരിക്കുന്നുണ്ട്.

ചൈനീസ് ഭക്ഷണം അവരുടെ പ്രാദേശിക വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്നു. ചുരുങ്ങിയത് നാല് വ്യത്യസ്ത തരത്തിലുള്ള ഭക്ഷണരീതികളെങ്കിലും അവിടെയുണ്ടെന്ന് കാണാം. തെക്കൻ അഥവാ കന്റോണീസ് (Cantonese) പാചക രീതിയാണ് ഇതിൽ ഏറ്റവും അറിയപ്പെടുന്നത്. കാരണം, കൂടുതൽ വിദേശ ചൈനക്കാരും കാന്റൺ മേഖലയിൽ നിന്ന് കുടിയേറിയവരാണ്. ഉദാഹരണം, ഡിം സം (dim sum), (സാഹിത്യപരമായി, നിങ്ങളുടെ ഹൃദയങ്ങളിൽ തൊടുക എന്നർഥം). വടക്കൻ ഭാഗത്ത് ഗോതമ്പ് തന്നെയാണ് മുഖ്യ ഭക്ഷണം. സെച്ചുവാൻ (Szechuan) പ്രദേശത്ത്, പ്രാചീനകാലത്ത് പട്ടുപാതയിലൂടെ ബൗദ്ധ സന്യാസിമാർ വഴി വന്നെത്തിയ സുഗന്ധദ്രവ്യങ്ങളും പതിനഞ്ചാം നൂറ്റാണ്ടിൽ പോർട്ടുഗീസ് വ്യാപാരികൾ കൊണ്ടുവന്ന മുളകും ചേർത്ത എരിവുള്ള ഭക്ഷണമാണ് ഉപയോഗിക്കുന്നത്. കിഴക്കൻ ചൈനയിൽ അരിയും ഗോതമ്പും ഭക്ഷിക്കുന്നു.

ഭൂപടം 1 : പൂർവ്വേഷ്യ




ചൈനയിൽ നിന്ന് വ്യത്യസ്തമായി, ജപ്പാൻ ഒരു ദ്വീപ്ശൃംഖലയാണ്. ഹോൻഷു (Honshu), ക്യുഷു (Kyushu), ഷിക്കോകു (Shikoku), ഹോക്കായിഡോ (Hokkaido) എന്നീ നാല് ദ്വീപുകളാണ് ഇവയിൽ പ്രധാനം. ബഹാമാസ് ദ്വീപുകളുടെ സമാന അക്ഷാംശത്തിൽ സ്ഥിതിചെയ്യുന്ന ഒക്കിനാവൻ (Okinawan) ശൃംഖലയാണ് തെക്കേ അറ്റത്തുള്ളത്. പ്രധാന ദ്വീപുകളുടെ കരപ്രദേശത്തിന്റെ പകുതിയിലധികവും പർവതപ്രദേശമാണ്. സജീവ ഭൂകമ്പ സാധ്യതാ മേഖലയിലാണ് ജപ്പാൻ സ്ഥിതിചെയ്യുന്നത്. ഭൂമിശാസ്ത്രപരമായ ഇത്തരം സവിശേഷതകൾ അവരുടെ വാസ്തുശില്പകലയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ജനങ്ങളിൽ ഭൂരിഭാഗവും ജാപ്പനീസ് വംശജരാണ്. എന്നാൽ ചെറിയൊരു വിഭാഗം എയ്നു (Ainu) വംശജരും, കൊറിയ ജപ്പാന്റെ കോളനിയായിരുന്നപ്പോൾ അടിമകളാക്കി കൊണ്ടുവന്ന കൊറിയൻ വംശജരും ന്യൂനപക്ഷമായി അവിടെയുണ്ട്.

ജപ്പാൻകാർ മൃഗപരിപാലന പാരമ്പര്യമുള്ളവരല്ല. അരിയാണ് അവരുടെ മുഖ്യ ഭക്ഷണം. പോഷകാഹാരം എന്ന നിലയ്ക്ക് മത്സ്യം ഉപയോഗിക്കുന്നു. ആരോഗ്യത്തിന് ഗുണകരമായതിനാൽ അസംസ്കൃത മത്സ്യം (ഷഷിമി /സുഷി) ഇന്ന് ലോകമെമ്പാടും ജനപ്രിയ ഭക്ഷണ വിഭവമായി അറിയപ്പെടുന്നു.

# ജപ്പാൻ (JAPAN)

## രാഷ്ട്രീയ വ്യവസ്ഥ (The Political System)

ചക്രവർത്തിമാരാണ് ക്യോട്ടോ (Kyoto) കേന്ദ്രമാക്കി ജപ്പാൻ ഭരിച്ചിരുന്നത്. എന്നാൽ പന്ത്രണ്ടാം നൂറ്റാണ്ടോടെ സാമ്രാജ്യത്തിന്റെ ഭരണാധികാരം ചക്രവർത്തിമാരുടെ കൈക

ളിൽ നിന്ന് ഷോഗൺമാർ (Shoguns) എന്നറിയപ്പെട്ടിരുന്ന സൈനിക മേധാവികളുടെ കൈകളിൽ എത്തിച്ചേർന്നു. രാഷ്ട്രീയ അധികാരം നഷ്ടപ്പെട്ട് നാമമാത്രമായ ഭരണാധികാരിയായിത്തീർന്ന ചക്രവർത്തിയുടെ പേരിൽ ഷോഗൺമാർ ഭരണം നടത്തി. തൊക്കുഗാവ (Tokugawa) കുടുംബത്തിലെ അംഗങ്ങളാണ് 1603 മുതൽ 1867 വരെ ജപ്പാനിൽ ഷോഗൺ പദവി കൈവശം വച്ചിരുന്നത്. ജപ്പാനെ 250-ലധികം പ്രാദേശിക മേഖലകളാക്കി വിഭജിക്കുകയും അവ ഡെയ്മിയോ *(daimyo)* എന്ന് വിളിക്കപ്പെടുന്ന പ്രഭുക്കന്മാരുടെ നിയന്ത്രണത്തിൻ കീഴിലാക്കുകയും ചെയ്തിരുന്നു. ഈ പ്രാദേശിക പ്രഭുക്കന്മാരുടെ മേൽ ഷോഗൺ ശക്തമായ അധികാരങ്ങൾ നിലനിർത്തുകയും ചെയ്തു. ഒരിക്കലും തങ്ങളുടെ അധികാരത്തിന് ഭീഷണി ആകാതിരിക്കാൻ അവരെ തലസ്ഥാനമായ എദോ (Edo-ഇന്നത്തെ ടോക്കിയോ) യിൽ തന്നെ ദീർഘകാലം താമസിക്കുവാൻ ഉത്തരവിടുകയും ചെയ്തു. പ്രധാന നഗരങ്ങളെയും ഖനികളെയും നിയന്ത്രിച്ചിരുന്നതും ഷോഗൺ ആയിരുന്നു. വരേണ്യ ഭരണ വിഭാഗവും യോദ്ധാക്കളുമായിരുന്ന സാമുറായ് (samurai), ഷോഗൺമാരെയും *ഡെയ്മിയോ*മാരെയും സേവിച്ചിരുന്നു.

പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തിൽ നടപ്പിലാക്കിയ മൂന്ന് പ്രധാന പരിഷ്കാരങ്ങൾ ജപ്പാന്റെ ഭാവി വികസനത്തിന് അടിത്തറ പാകി. ഒന്നാമതായി കർഷകസമൂഹത്തെ നിരായുധീകരിക്കുകയും വാൾ കൊണ്ടുനടക്കുവാനുള്ള അധികാരം സാമുറായ് വർഗത്തിനുമാത്രം നൽകുകയും ചെയ്തു. ഇതിലൂടെ കഴിഞ്ഞുപോയ നൂറ്റാണ്ടിൽ രാജ്യത്ത് ഇടയ്ക്കിടെ നടന്നുകൊണ്ടിരുന്ന യുദ്ധങ്ങൾ അവസാനിപ്പിക്കാനും സമാധാനം ഉറപ്പുവരുത്താനും കഴിഞ്ഞു. രണ്ടാമതായി, ഡെയ്മിയോമാരോട് അവരുടെ പ്രദേശങ്ങളുടെ തലസ്ഥാനങ്ങളിൽ താമസിക്കുവാൻ ആവശ്യപ്പെടുകയും അവർക്ക് കൂടുതൽ സ്വയംഭരണാധികാരങ്ങൾ നൽകുകയും ചെയ്തു. മൂന്നാമതായി, സുസ്ഥിരമായ നികുതി വരുമാനാടിത്തറ ഉറപ്പുവരുത്തുന്നതിനായി ഭൂസർവേ നടത്തി ഉടമകളെയും നികുതിദായകരെയും കണ്ടെത്തുകയും ഉൽപ്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ ഭൂമി തരംതിരിക്കുകയും ചെയ്തു.

*ഡെയ്മിയോ*മാരുടെ തലസ്ഥാനങ്ങൾ കൂടുതൽ വിശാലമായിത്തീർന്നു. അങ്ങനെ പതിനേഴാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ജപ്പാനിൽ ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നഗരമായ ഏദോ (Edo) യെക്കൂടാതെ ഒസാക്ക (Osaka) ക്യോട്ടോ (Kyoto) എന്നീ രണ്ട് വൻ നഗരങ്ങളും 50,000-ത്തിലേറെ ജനസംഖ്യയുള്ള അരഡസനോളം കോട്ട നഗരങ്ങളും ഉണ്ടായി. (അതേ സമയം അക്കാലത്തെ മിക്ക യൂറോപ്യൻ രാജ്യങ്ങളിലും ഒരു വൻനഗരം മാത്രമേ ഉണ്ടായിരുന്നുള്ളൂ). ഇത് ഒരു വാണിജ്യ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിലേക്ക് നയിക്കുകയും ധനകാര്യ-വായ്പാ സമ്പ്രദായത്തിന് രൂപം നൽകുകയും ചെയ്തു. ഒരു വ്യക്തിയുടെ പദവിയെക്കാൾ അയാളുടെ അറിവിനും യോഗ്യതയ്ക്കും കൂടുതൽ മൂല്യം കല്പിക്കുവാൻ തുടങ്ങി. ഊർജിതമായൊരു സംസ്ക്കാരം നഗരങ്ങളിൽ വികാസം പ്രാപിക്കുകയും അവിടെ അതിവേഗം വളർന്ന വ്യാപാരി വർഗം നാടകം ഉൾപ്പെടെയുള്ള കലകളെയെല്ലാം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ജനങ്ങൾ വായന ആസ്വദിച്ചിരുന്നതിനാൽ അനുഗൃഹീതരായ എഴുത്തുകാർക്ക് അവരുടെ സാഹിത്യ രചനകൾകൊണ്ട് മാത്രം ജീവിക്കാൻ സാധിച്ചു. എദോയിൽ ഒരു പാത്രം നൂഡിൽസിന്റെ വിലയ്ക്ക് ഒരു പുസ്തകം 'വാടക'യ്ക്ക് എടുക്കാൻ കഴിയുമായിരുന്നു. ഇത് വായന എത്രമാത്രം ജനകീയമായിരുന്നു എന്നും അച്ചടി* യുടെ തോത് എത്രത്തോളമായിരുന്നുവെന്നും സൂചിപ്പിക്കുന്നു.

* മരക്കട്ടകൾ ഉപയോഗിച്ചാണ് അച്ചടി നടത്തിയിരുന്നത്. യൂറോപ്യൻ അച്ചടിയുടെ കൃത്യത ജപ്പാൻകാർ ഇഷ്ടപ്പെട്ടിരുന്നില്ല.

ജപ്പാൻ ഒരു സമ്പന്ന രാഷ്ട്രമായി കണക്കാക്കപ്പെട്ടിരുന്നു; കാരണം, അവർ ചൈനയിൽ നിന്ന് പട്ടും, അതുപോലെയുള്ള ആഡംബര വസ്തുക്കളും ഇന്ത്യയിൽ നിന്ന് തുണിത്തരങ്ങളും ഇറക്കുമതി ചെയ്തിരുന്നു. ഇറക്കുമതിക്ക് പകരമായി സ്വർണവും വെള്ളിയും നൽകിക്കൊണ്ടിരുന്നത് സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുകയും ഈ വിലപിടിപ്പുള്ള ലോഹങ്ങളുടെ കയറ്റുമതിക്കുമേൽ നിയന്ത്രണമേർപ്പെടുത്താൻ

ഷോഗൺ ഭരണാധികാരികളെ (തൊക്കുഗാവ) പ്രേരിപ്പിക്കുകയും ചെയ്തു. കൂടാതെ, പട്ടിന്റെ ഇറക്കുമതി കുറയ്ക്കുന്നതിനായി ക്യോട്ടോയിലെ നിഷിജിനിൽ (Nishijin) പട്ട് വ്യവസായം വികസിപ്പിക്കുന്നതിനുള്ള നടപടികളും അവർ കൈക്കൊണ്ടു. പിൽക്കാലത്ത് നിഷിജിനിലെ പട്ട് ലോകത്തെ ഏറ്റവും മികച്ചതായി അറിയപ്പെട്ടു. പണത്തിന്റെ വർധിച്ച ഉപയോഗവും അരിയുടെ വ്യാപാരത്തിനായി ഒരു സ്റ്റോക്ക് മാർക്കറ്റ് രൂപീകരിച്ചതും പോലുള്ള മറ്റ് വികസനങ്ങൾ, ജപ്പാന്റെ സമ്പദ്ഘടന പുതിയ മാർഗങ്ങളിലൂടെ വികാസം പ്രാപിക്കുകയാണെന്ന് തെളിയിച്ചു.

പുരാതന ജാപ്പനീസ് സാഹിത്യപഠനം പോലെയുള്ള സാമൂഹിക-ബൗദ്ധിക മാറ്റങ്ങൾ ചൈനയുടെ സ്വാധീനത്തിന്റെ അളവിനെ ചോദ്യംചെയ്യുവാനും ചൈനയുമായുള്ള സമ്പർക്കത്തിന് വളരെ മുൻപേതന്നെ ജാപ്പനീസ് സ്വത്വം (essence of being Japanese) നിലനിന്നിരുന്നെന്ന് വാദിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു. *'ജെഞ്ചിയുടെ കഥ' (Tale of the Genji)* പോലെയുള്ള ആദ്യകാല ക്ലാസിക്കുകളിലും, ജപ്പാന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങളിലും, ജാപ്പനീസ് ദ്വീപുകൾ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്നും, ചക്രവർത്തി സൂര്യദേവതയുടെ പിൻഗാമിയാണെന്നും പ്രസ്താവങ്ങളുണ്ടായിരുന്നു.

### ജെഞ്ചിയുടെ കഥ (Tale of the Genji)


മുരാസാക്കി ഷിക്കിബു (Murasaki Shikibu) എഴുതിയ ഹിയാൻ (Heian) സദസ്സിനെക്കുറിച്ചുള്ള കല്പനാസൃഷ്ടിയായ 'ജെഞ്ചിയുടെ കഥ' ജാപ്പനീസ് കഥാ സാഹിത്യത്തിലെ കേന്ദ്രസൃഷ്ടിയായിരുന്നു. ആ കാലഘട്ടത്തിൽ മുരാസാക്കിയെപ്പോലുള്ള നിരവധി സ്ത്രീ എഴുത്തുകാരുടെ ഉദയമുണ്ടായി. സ്ത്രീ എഴുത്തുകാർ ജാപ്പനീസ് ലിപിയിലാണ് രചനകൾ നടത്തിയിരുന്നത്. പുരുഷന്മാരാകട്ടെ വിദ്യാഭ്യാസത്തിനും ഗവൺമെന്റും ഉപയോഗിക്കുന്ന ചൈനീസ് ഭാഷയാണ് ഉപയോഗിച്ചിരുന്നത്. ജെഞ്ചി രാജകുമാരന്റെ പ്രണയ ജീവിതം ചിത്രീകരിച്ചിരിക്കുന്ന ഈ കൃതിയിൽ കുലീനവർഗ സ്വാധീനമുള്ള ഹിയാൻ സദസ്സിന്റെ ശ്രദ്ധേയമായ വിവരണങ്ങളും അടങ്ങിയിരിക്കുന്നു. ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുന്നതിലും തങ്ങളുടെ ഇഷ്ടാനുസരണം ജീവിക്കുന്നതിലും സ്ത്രീകൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ ഈ കൃതി ചൂണ്ടികാണിക്കുന്നു.

## മെയ്ജി പുനസ്ഥാപനം (The Meiji Restoration)

ആഭ്യന്തര അസന്തുഷ്ടികളും മറ്റു രാജ്യങ്ങളുമായി വ്യാപാര-നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതകളും ജപ്പാന് ഒന്നിച്ച് അഭിമുഖീകരിക്കേണ്ടി വന്നു. 1853-ൽ കമ്മോഡോർ മാത്യു പെറിയെ (Commodore Matthew Perry, 1794-1858) അമേരിക്ക ജപ്പാനിലേക്ക് അയച്ചു. വ്യാപാരത്തിന് അനുമതി നൽകുന്നതിനും നയതന്ത്രബന്ധം ആരംഭിക്കുന്നതിനും വേണ്ടിയുള്ള ഒരു ഉടമ്പടി ഒപ്പുവയ്ക്കുന്നതിന് ജപ്പാനോട് ആവശ്യപ്പെടുക എന്നതായിരുന്നു ലക്ഷ്യം. തൊട്ടടുത്ത വർഷം ഇതു സാധ്യമാക്കപ്പെട്ടു. അമേരിക്ക ഒരു പ്രമുഖ വിപണിയായി കണ്ടിരുന്ന ചൈനയിലേക്കുള്ള പാതയിലായിരുന്നു ജപ്പാൻ സ്ഥിതി ചെയ്തിരുന്നത്. കൂടാതെ, പസഫിക് സമുദ്രത്തിലെ അവരുടെ തിമിംഗല വേട്ടക്കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കാനൊരിടം ആവശ്യമായിരുന്നു. അക്കാലത്ത് ജപ്പാനുമായി വ്യാപാരം നടത്തിയിരുന്ന ഒരേ ഒരു പാശ്ചാത്യ രാജ്യം ഹോളണ്ട് മാത്രമായിരുന്നു.

പെറിയുടെ ആഗമനം ജപ്പാന്റെ രാഷ്ട്രീയത്തിൽ സുപ്രധാന ഫലം ഉളവാക്കി. അന്നുവരെ യാതൊരു രാഷ്ട്രീയാധികാരവുമില്ലാതിരുന്ന ചക്രവർത്തി സുപ്രധാന അധികാര കേന്ദ്രമായി തിരിച്ചു വന്നു. 1868-ൽ നടന്ന ഒരു നീക്കത്തിലൂടെ ഷോഗൺമാർ അധികാ

ക്യോട്ടോയിലെ ഒരു പ്രദേശമാണ് നിഷിജിൻ. പതിനാറാം നൂറ്റാണ്ടിൽ അവിടെ 31 കുടുംബങ്ങൾ ചേർന്ന നെയ്ത്തുകാരുടെ ഒരു സംഘമുണ്ടായിരുന്നു (weavers's guild). പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടമാകുമ്പോഴേക്കും അവരുടെ ജനസംഖ്യ 70,000 കവിഞ്ഞു. പട്ടുനൂൽപ്പുഴു വളർത്തൽ വ്യാപിക്കുകയും സ്വദേശീയ പട്ടുനൂൽ മാത്രമേ ഉപയോഗിക്കാവൂ എന്ന 1713-ൽ പുറത്തിറക്കിയ ഒരു ഉത്തരവ് അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നിഷിജിൻ വിലയേറിയ ഉൽപ്പന്നങ്ങളുടെ മാത്രം കേന്ദ്രമായി മാറി. പട്ടിന്റെ ഉൽപ്പാദനം പ്രാദേശിക വ്യവസായ സംരംഭകരെന്ന ഒരു വർഗത്തിന്റെ തന്നെ വളർച്ചയ്ക്ക് കാരണമായി. അവർ തൊക്കുഗാവ ഉത്തരവിനെ വെല്ലുവിളിച്ചു. 1859-ൽ വിദേശവ്യാപാരം ആരംഭിച്ചപ്പോൾ പാശ്ചാത്യരുടെ ഉൽപ്പന്നങ്ങളുമായി മത്സരിക്കാൻ പ്രയാസപ്പെട്ടിരുന്ന ജപ്പാന് തങ്ങളുടെ പട്ടുകയറ്റുമതി സമ്പദ്‌വ്യവസ്ഥയുടെ ലാഭത്തിന്റെ മുഖ്യ ഉറവിടമായി മാറി.



*പെറിയുടെ കപ്പൽ : ഒരു ജാപ്പനീസ് മരയോട്ടിലുള്ള മുദ്രണം*

‘ജപ്പാൻകാർ കറുത്തകപ്പൽ’ (black ship) (മരത്തടിയുടെ ചേർപ്പുകൾ ഒട്ടിക്കുവാൻ ടാർ ഉപയോഗിച്ചിരുന്നു) എന്ന് വിളിച്ചിരുന്നവയെ അപരിചിതരായ വിദേശിക ളെയും അവരുടെ ശീലങ്ങ ളെയും കാണിക്കുന്ന ചിത്ര രചനകളിലും കാർട്ടൂണുക ളിലുമായി ചിത്രീകരിച്ചിരി ക്കുന്നു. ഇത് ജപ്പാന്റെ ‘തുറക്കൽ’ (opening) എന്നതിന്റെ ഒരു ശക്തമായ പ്രതീകമായി മാറി. (ജപ്പാൻ ഒരിക്കലും ‘അടഞ്ഞത്’ (closed) ആയിരുന്നില്ലെന്നും, ജപ്പാൻകാർ കിഴക്കനേഷ്യൻ വ്യാപാരത്തിൽ ഏർപ്പെട്ടിരു ന്നുവെന്നും ഡച്ചുകാരും ചൈനക്കാരുമായുള്ള ബന്ധത്തിലൂടെ വിശാലമായ ലോകത്തെക്കുറിച്ചുള്ള അറിവ് അവർ നേടിയിരുന്നു വെന്നും ഇന്ന് പണ്ഡിതർ വാദിക്കുന്നു).

രത്തിൽ നിന്ന് ബലമായി പുറത്താക്കപ്പെടുകയും ചക്രവർത്തിയെ എദോയിലേക്ക് കൊണ്ടുവരുകയും ചെയ്തു. എദോ-യെ തലസ്ഥാനമായി പ്രഖ്യാപിക്കുകയും ടോക്കിയോ (Tokyo) എന്ന് പുനർനാമകരണം നടത്തുകയും ചെയ്തു. (ടോക്കിയോ എന്ന വാക്കിന്റെ അർഥം കിഴക്കൻ തലസ്ഥാനം എന്നാണ്.) മെയ്ജി പുനസ്ഥാപനം എന്ന് ഇത് അറിയപ്പെടുന്നു.

യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിലും മറ്റ് രാജ്യങ്ങളിലും അധിനിവേശ സാമ്രാജ്യ ങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ജപ്പാനിലെ ഭരണാധികാരികൾക്കും ജനങ്ങൾക്കും അറിവുണ്ടായിരുന്നു. ബ്രിട്ടീഷുകാർ ചൈനയെ പരാജയപ്പെടുത്തിയ വാർത്ത (പേജ് 244 കാണുക) പ്രചരിക്കുകയും അവ ജനപ്രീതിയാർജിച്ച നാടകങ്ങളിൽ പോലും ചിത്രീ കരിക്കപ്പെടുകയും ചെയ്തു. ഇതുവഴി ജപ്പാനെ വിദേശരാജ്യങ്ങൾ കോളനിയാക്കി മാറ്റുമോ എന്ന ഭയം ജനിച്ചു. ചൈനക്കാർ ചെയ്തതുപോലെ യൂറോപ്യൻ ആശയങ്ങ ളെയും ചിന്തകളെയും പാടെ തള്ളിക്കളയാതെ യുറോപ്പിലെ പുത്തൻ ആശയങ്ങൾ പഠിക്കുവാൻ ധാരാളം പണ്ഡിതരും നേതാക്കന്മാരും മുൻകൈയെടുത്തു. എന്നാൽ, അവർ വാഗ്ദാനം ചെയ്യുന്ന നൂതന സാങ്കേതികവിദ്യ സ്വീകരിക്കാൻ തയാറാകുമ്പോഴും യൂറോ പ്യരെ അകറ്റി നിർത്തണമെന്ന് മറ്റൊരു വിഭാഗം വാദിച്ചു. അതേ സമയം മൂന്നാമതൊരു വിഭാഗം പുറം ലോകവുമായി ക്രമേണയും പരിമിതവുമായ ‘തുറക്കൽ’ ആകാം എന്ന് അഭിപ്രായപ്പെട്ടു.



*കമ്മോഡോർ പെറി ജപ്പാൻ കാരുടെ ദൃഷ്ടിയിൽ*

*ഫുക്കോകു ക്യോഹി* (*fukoku kyohei* - സമ്പന്നരാജ്യം ശക്തമായ സൈന്യം) എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടുള്ള ഒരു പുതിയ നയത്തിന് ജപ്പാൻ ഗവൺമെന്റ് തുടക്കം കുറിച്ചു. സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കേണ്ടതിന്റെയും ശക്തമായ സൈന്യത്തെ രൂപപ്പെടുത്തേണ്ടതിന്റെയും ആവശ്യകത അവർ മനസ്സിലാക്കി. അല്ലെങ്കിൽ ഇന്ത്യയെ പ്പോലെ തങ്ങളും മറ്റുള്ളവർക്ക് കീഴടങ്ങേണ്ടി വരുമെന്ന് അവർ കരുതി. അതിനായി ജനങ്ങൾക്കിടയിൽ ദേശീയതാബോധം വളർത്തിയെടുക്കേണ്ടതും ജനങ്ങളെ രാഷ്ട്ര പൗരന്മാരാക്കി മാറ്റിയെടുക്കേണ്ടതും ആവശ്യമായിരുന്നു.

**പ്രവർത്തനം 1**

യുറോപ്യരുമായുള്ള ജപ്പാൻകാരുടെയും ആസ്ടെക്കുകളുടെയും നേരിടലിനെ താരതമ്യ പ്പെടുത്തുക.

അതേസമയം പുതിയ ഗവൺമെന്റ് ‘ചക്രവർത്തി സമ്പ്രദായം’ ('emperor system') രൂപപ്പെടുത്താനും ശ്രമിച്ചു. (അധികാരം കൈയാളിയിരുന്ന സൈനികർ, ഉദ്യോഗസ്ഥർ

എന്നിവരോടൊപ്പം ചക്രവർത്തിയും ഒരു സമ്പ്രദായത്തിന്റെ ഭാഗമാണെന്ന രീതിയിലാണ് ജപ്പാനിലെ പണ്ഡിതർ 'ചക്രവർത്തി സമ്പ്രദായം' എന്ന പദം ഉപയോഗിക്കുന്നത്). യൂറോപ്യൻ രാജവാഴ്ചയെക്കുറിച്ച് പഠിക്കുന്നതിനായി ഉദ്യോഗസ്ഥരെ വിദേശങ്ങളിലേക്ക് അയച്ചു. അതനുസരിച്ച് തങ്ങളുടെ സ്വന്തം ഭരണക്രമം രൂപപ്പെടുത്താൻ അവർ പദ്ധതിയിടുകയും ചെയ്തു. ചക്രവർത്തി സൂര്യദേവതയുടെ നേരിട്ടുള്ള പിൻഗാമിയായി കണക്കാക്കപ്പെട്ടിരുന്നതിനാൽ ജനങ്ങൾ അദ്ദേഹത്തോട് ഭയഭക്തി ബഹുമാനത്തോടെ പെരുമാറേണ്ടതാണ്. അതേസമയം അദ്ദേഹത്തെ പാശ്ചാത്യവൽക്കരണത്തിന്റെ നേതാവായും ചിത്രീകരിച്ചിരുന്നു. ചക്രവർത്തിയുടെ ജന്മദിനം ദേശീയ ഒഴിവുദിനമായി മാറി. അദ്ദേഹം പാശ്ചാത്യരീതിയിലുള്ള സൈനിക യൂണിഫോം ധരിക്കുകയും ആധുനിക സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി അദ്ദേഹത്തിന്റെ പേരിൽ ഉത്തരവുകൾ (ശാസനങ്ങൾ) പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 1890-ലെ രാജകീയ വിദ്യാഭ്യാസ വിളംബരം (Imperial Rescript on Education) വിദ്യാഭ്യാസ പുരോഗതിക്കായി പ്രയത്നിക്കാനും, പൊതുനന്മയും പൊതുതാൽപര്യങ്ങളും മെച്ചപ്പെടുത്താനും ജനങ്ങളെ പ്രേരിപ്പിച്ചു.

1870-കൾ മുതൽ ഒരു പുതിയ വിദ്യാലയ സമ്പ്രദായം ജപ്പാനിൽ ആരംഭിച്ചു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം നിർബന്ധമാക്കി. 1910-ൽ വിദ്യാഭ്യാസം ഏതാണ്ട് സാർവത്രികമായി മാറി. ട്യൂഷൻ ഫീസ് ഏറ്റവും കുറഞ്ഞ നിരക്കിലായിരുന്നു. പാശ്ചാത്യ മാതൃകകൾ അടിസ്ഥാനമാക്കിയുള്ള ഒരു പാഠ്യപദ്ധതി രൂപപ്പെടുത്തി. എന്നാൽ 1870-കളിൽ ആധുനികാശയങ്ങൾക്ക് പ്രാമുഖ്യം നൽകിയപ്പോഴും രാജ്യത്തോടുള്ള കൂറിനും ജാപ്പനീസ് ചരിത്രത്തെക്കുറിച്ചുള്ള പഠനത്തിനും അവർ ഊന്നൽ നൽകി. പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിലും, അധ്യാപക പരിശീലനത്തിലും വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിയന്ത്രണമുണ്ടായിരുന്നു. 'ധാർമ്മിക സംസ്കാരം' ('moral culture') വളർത്തുന്നതിന് ധാർമ്മിക വിദ്യാഭ്യാസത്തിനും അവർ ഊന്നൽ നൽകി. കുട്ടികൾ മാതാപിതാക്കളെ ബഹുമാനിക്കുവാനും രാഷ്ട്രത്തോട് വിശ്വസ്തരായിരിക്കുവാനും നല്ല പൗരന്മാരാകുവാനും പാഠപുസ്തകങ്ങൾ പ്രചോദനം നൽകി.




*ജാപ്പാനീസ് എഴുതുന്നത്: ക്യാൻജി (ചൈനീസ് ചിഹ്നങ്ങൾ) - ചുവപ്പ്; കടഗാന - നീല; ഹിരഗാന - പച്ച.*

ജപ്പാൻകാർ അവരുടെ ലിപി ആറാം നൂറ്റാണ്ടിൽ ചൈനീസ് ഭാഷയിൽ നിന്ന് കടമെടുത്തതായിരുന്നു. എന്നിരുന്നാലും, അവരുടെ ഭാഷ ചൈനീസ് ഭാഷയെക്കാൾ വളരെയേറെ വ്യത്യസ്തമായിരുന്നതിനാൽ രണ്ട് സ്വര സൂചക ലിപികൾ (phonetic alphabets) അവർ വികസിപ്പിച്ചു. ഹിരഗാന, കടഗാന (Hiragana, Katagana) എന്നിവയായിരുന്നു അവ. ഹിരഗാനയെ സ്ത്രൈണ ലിപിയായി കണക്കാക്കിയിരുന്നു. കാരണം ഹിയാൻ കാലഘട്ടത്തിൽ മുരാസാക്കിയെപ്പോലെ മിക്ക സ്ത്രീ എഴുത്തുകാരും ഈ ലിപിയാണ് ഉപയോഗിച്ചിരുന്നത്. ചൈനീസ് പ്രതീകങ്ങളും സ്വരസൂചകങ്ങളും ചേർത്ത മിശ്രിതമായാണ് ഇത് എഴുതുന്നത്. അതിനാൽ വാക്കിന്റെ പ്രധാനഭാഗം ഒരു പ്രതീകം ഉപയോഗിച്ച് എഴുതുന്നു. ഉദാഹരണമായി 'going'-ൽ 'go' ഒരു 'പ്രതീക'മായും 'ing' സ്വര സൂചകമായുമാണ് എഴുതുന്നത്.

ഒരു സ്വരസൂചകത്തിന്റെ നിലനിൽപ് സൂചിപ്പിക്കുന്നത് വരേണ്യവർഗത്തിൽ നിന്ന് അറിവ് വിശാലമായ പൊതുസമൂഹത്തിലേക്ക് വളരെ വേഗത്തിൽ വ്യാപിച്ചിരുന്നു എന്നാണ്. 1880-കളിൽ, ജപ്പാൻകാർ ഒരു സമ്പൂർണ സ്വരസൂചക ലിപി വികസിപ്പിച്ചെടുക്കുകയോ ഒരു യൂറോപ്യൻ ഭാഷ സ്വീകരിക്കുകയോ വേണം എന്ന് നിർദേശിക്കപ്പെട്ടു. എന്നാൽ ഇത് രണ്ടും സംഭവിച്ചില്ല.

രാജ്യത്തെ ഏകീകരിക്കാൻ വേണ്ടി പഴയ ഗ്രാമ-പ്രാദേശിക അതിർത്തികളിൽ മാറ്റം വരുത്തിക്കൊണ്ട് മെയ്ജി ഗവൺമെന്റ് ഒരു പുതിയ ഭരണനിർവഹണ സമ്പ്രദായം ഏർപ്പെടുത്തി. ഓരോ പ്രാദേശിക ഘടകത്തിലും സ്കൂളുകളും ആശുപത്രികളും പ്രവർത്തിപ്പിക്കാനാവശ്യമായ നികുതി വരുമാനം ഉണ്ടായിരിക്കണം. കൂടാതെ ഈ പ്രാദേ

ശിക ഘടകങ്ങൾ സൈന്യത്തിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്ന ഏജൻസിയായും പ്രവർത്തിക്കണം. ഇരുപത് വയസ്സ് തികഞ്ഞ എല്ലാ യുവാക്കളും ഒരു നിശ്ചിത കാലയളവ് സൈനികസേവനം നടത്തണമായിരുന്നു. ആധുനിക രീതിയിലുള്ള ഒരു സൈന്യത്തെ അവർ വികസിപ്പിച്ചെടുത്തു. രാഷ്ട്രീയപ്പാർട്ടികളുടെ രൂപീകരണത്തെ ചിട്ടയിലാക്കാനും പൊതുയോഗങ്ങൾ നിയന്ത്രിക്കാനും കർശനമായ സെൻസർഷിപ്പ് ഏർപ്പെടുത്താനുമുള്ള നിയമസംവിധാനം ഒരുക്കി. സൈന്യത്തെയും ഉദ്യോഗസ്ഥവൃന്ദത്തെയും ചക്രവർത്തിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലാക്കി. ഭരണഘടന രൂപീകരിച്ചതിന് ശേഷവും ഈ രണ്ട് വിഭാഗങ്ങളും ഗവൺമെന്റിന്റെ നിയന്ത്രണത്തിന് പുറത്തായിരുന്നു എന്നാണ് ഇതർഥമാക്കുന്നത്. ഈ നടപടികളിലെല്ലാം തന്നെ ഗവൺമെന്റിന് ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നു.

ജപ്പാന്റെ ജനാധിപത്യ ഭരണഘടനയും ആധുനിക സൈന്യവും പ്രതിനിധീകരിച്ചിരുന്ന വ്യത്യസ്താ ആശയങ്ങൾ തമ്മിലുള്ള സംഘർഷം ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി. കൂടുതൽ പ്രദേശങ്ങൾ പിടിച്ചെടുക്കുന്നതിനായി ആക്രമണോത്സുകമായൊരു വിദേശനയത്തിന് സൈന്യം സമ്മർദ്ദം ചെലുത്തി. ഇത് ചൈനയുമായും റഷ്യയുമായുമുള്ള യുദ്ധത്തിൽ കലാശിച്ചു. ഈ രണ്ട് യുദ്ധങ്ങളിലും ജപ്പാൻ വിജയിച്ചു. ശക്തമായ ജനാധിപത്യത്തിന് വേണ്ടിയുള്ള ജനങ്ങളുടെ ആവശ്യങ്ങൾ മിക്കപ്പോഴും ഗവൺമെന്റിന്റെ ആക്രമണോത്സുക നയങ്ങൾക്ക് എതിരായിരുന്നു. ജപ്പാൻ സാമ്പത്തികമായി വികാസം പ്രാപിക്കുകയും ഒരു കൊളോണിയൽ സാമ്രാജ്യം സ്ഥാപിക്കുകയും ചെയ്തു. ഇത് രാജ്യത്തിനകത്തെ ജനാധിപത്യത്തിന്റെ വ്യാപനം അടിച്ചമർത്തുകയും കോളനിവൽക്കരിക്കപ്പെട്ട ജനങ്ങളുമായുള്ള സംഘർഷത്തിലേക്ക് നയിക്കുകയും ചെയ്തു.

## സമ്പദ്‌വ്യവസ്ഥയുടെ ആധുനികവൽക്കരണം (Modernising the Economy)

മെയ്ജി പരിഷ്ക്കാരങ്ങളുടെ മറ്റൊരു പ്രധാന ഘടകമായിരുന്നു സമ്പദ്‌വ്യവസ്ഥയുടെ ആധുനികവൽക്കരണം. കാർഷിക നികുതി ചുമത്തുക വഴി മൂലധനം സ്വരൂപിച്ചു. ജപ്പാനിലെ ആദ്യ റെയിൽവേപ്പാത 1870–72 ൽ ടോക്കിയോയ്ക്കും യോക്കോഹാമ (Yokohama) തുറമുഖത്തിനും ഇടയിൽ നിർമ്മിക്കപ്പെട്ടു. തുണിനെയ്ത്ത് യന്ത്രങ്ങൾ യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്തു. തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനും സ്കൂളുകളിലും സർവകലാശാലകളിലും പഠിപ്പിക്കുന്നതിനുമായി വിദേശ സാങ്കേതികവിദഗ്ധരെ നിയോഗിച്ചു. ജപ്പാനിലെ വിദ്യാർഥികളെ വിദേശങ്ങളിലേക്ക് അയച്ച് പഠിപ്പിക്കുകയും ചെയ്തു. 1872–ൽ ആധുനിക ബാങ്കിംഗ് സ്ഥാപനങ്ങൾ ജപ്പാനിൽ ആരംഭിച്ചു. മിത്സുബിഷി (Mitsubishi) സുമിതോമോ (Sumitomo) പോലുള്ള കമ്പനികൾക്ക് സബ്സിഡികളും നികുതി ഇളവുകളും നൽകി വൻ കപ്പൽനിർമ്മാതാക്കളാകാൻ സഹായിച്ചു. ജപ്പാന്റെ വ്യാപാരം അവരുടെ സ്വന്തം കപ്പലുകൾ ഉപയോഗിച്ചുതന്നെ നടത്താൻ ഇത് സഹായകമായി. വ്യക്തിഗത കുടുംബങ്ങൾ നിയന്ത്രിച്ചിരുന്ന വൻകിട ബിസിനസ് സംരംഭങ്ങളായ സെയ്ബറ്റ്സു (Zaibatsu), രണ്ടാം ലോകയുദ്ധത്തിന് ശേഷംവരെയും ജപ്പാന്റെ സാമ്പത്തിക മേഖലയിൽ ആധിപത്യം സ്ഥാപിച്ചിരുന്നു.

1872–ൽ 35 ദശലക്ഷമായിരുന്ന ജനസംഖ്യ 1920–ൽ 55 ദശലക്ഷമായി ഉയർന്നു. ജനസംഖ്യാ സമ്മർദം കുറയ്ക്കാനായി ഗവൺമെന്റ് കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചു. ആദ്യം വടക്കൻ ദ്വീപായ ഹൊക്കെയ്ദോയിലേക്കും (ഐനു എന്ന് വിളിക്കുന്ന തദ്ദേശീയരായ ജനങ്ങൾ താമസിക്കുന്ന വലിയൊരു സ്വയംഭരണ പ്രദേശം) പിന്നീട് ഹവായ്, ബ്രസീൽ എന്നിവിടങ്ങളിലേക്കും, കൂടാതെ ജപ്പാന്റെ വളർന്നുവരുന്ന കൊളോണിയൽ സാമ്രാജ്യത്തിലെ മറ്റ് പ്രദേശങ്ങളിലേക്കും കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചു. വ്യവ


സായങ്ങൾ വികാസം പ്രാപിച്ചപ്പോൾ ജപ്പാന്റെയുള്ളിൽത്തന്നെ, പട്ടണങ്ങളിലേക്ക് ജനങ്ങളുടെ കുടിയേറ്റമുണ്ടായി. 1925 ആകുമ്പോഴേക്കും ജനസംഖ്യയുടെ 21 ശതമാനവും നഗരങ്ങളിലായിരുന്നു. 1935 ആയപ്പോഴേക്കും അത് 32 ശതമാനമായി (22.5 ദശലക്ഷം) ഉയർന്നു.

## വ്യാവസായിക തൊഴിലാളികൾ (Industrial Workers)

ഉൽപാദനരംഗത്തെ തൊഴിലാളികളുടെ എണ്ണം 1870-ൽ ഏഴ് ലക്ഷം ആയിരുന്നു. 1913-ൽ ഇത് നാല് ദശലക്ഷം ആയി വർധിച്ചു. അഞ്ചുപേരിൽ താഴെ മാത്രം പണിയെടുത്തിരുന്ന, യന്ത്രങ്ങളോ വൈദ്യുതിയോ ഉപയോഗിക്കാത്ത യൂണിറ്റുകളിലാണ് ഇവരിൽ ഭൂരിഭാഗവും ജോലി ചെയ്തിരുന്നത്. ആധുനിക വ്യവസായശാലകളിൽ പണിയെടുത്തിരുന്നവരിൽ പകുതിയിലേറെപ്പേരും സ്ത്രീകളായിരുന്നു. 1886-ൽ ആദ്യത്തെ ആധുനിക രീതിയിലുള്ള പണിമുടക്ക് സംഘടിപ്പിച്ചതും സ്ത്രീകളായിരുന്നു. 1900-ത്തിനു ശേഷം പുരുഷ തൊഴിലാളികളുടെ എണ്ണം വർധിച്ചു തുടങ്ങി. എന്നാൽ 1930-കളിൽ മാത്രമാണ് അവർ സ്ത്രീ തൊഴിലാളികളുടെ എണ്ണത്തെ മറികടന്നത്.

ക്രമേണ വ്യവസായശാലകളുടെ വലുപ്പവും വർധിക്കാൻ തുടങ്ങി. നൂറിൽ കൂടുതൽ തൊഴിലാളികളെ പണിയെടുപ്പിക്കുന്ന വെറും ആയിരത്തിനു മുകളിൽ ഫാക്ടറികൾ മാത്രമാണ് 1909-ൽ ജപ്പാനിൽ ഉണ്ടായിരുന്നത്. എന്നാൽ അത് 1920-ൽ 2000 ആയും 1930 കളിൽ 4000 ആയും ഉയർന്നു; എങ്കിലും 1940-ൽ അഞ്ചിൽ താഴെ തൊഴിലാളികൾ പണിയെടുത്തിരുന്ന ഏതാണ്ട് 5,50,000-ൽ അധികം തൊഴിൽ ശാലകൾ ജപ്പാനിലുണ്ടായിരുന്നു. കുടുംബത്തലവനെപ്പോലുള്ള ഒരു ചക്രവർത്തിയുടെ കീഴിൽ ശക്തമായ പുരുഷമേധാവിത്വ സമ്പ്രദായം ദേശീയതയെ നിലനിർത്തുംപോലെ ഇത് ഒരു കുടുംബ കേന്ദ്രീകൃത പ്രത്യയശാസ്ത്രത്തെ നിലനിർത്തി.

*ഒരു തുണിമില്ലിലെ തൊഴിലാളികൾ*



വ്യവസായത്തിന്റെ ത്വരിതവും അനിയന്ത്രിതവുമായ വളർച്ചയും, തടി മുതലായ പ്രകൃതി വിഭവങ്ങളുടെ അമിതമായ ആവശ്യകതയും പരിസ്ഥിതിയുടെ നശീകരണത്തിലേക്ക് വഴിതെളിച്ചു. ജപ്പാനിലെ ആദ്യത്തെ ജനപ്രതിനിധി സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട തനാക ഷോസോ (Tanaka Shozo) 1897-ൽ വ്യാവസായിക മലിനീകരണത്തിനെതിരെ 800 ഗ്രാമീണരെ അണിനിരത്തിക്കൊണ്ട് ആദ്യ പ്രതിഷേധ സമരം നടത്തി. ശക്തമായ ഈ ജനകീയ സമരം വ്യാവസായിക മലിനീകരണത്തിനെതിരെ നടപടിയെടുക്കാൻ ഗവൺമെന്റിനെ നിർബന്ധിതമാക്കി.

## ആക്രമണോത്സുക ദേശീയത (Aggressive Nationalism)

മെയ്ജി ഭരണഘടന നിയന്ത്രിത വോട്ടവകാശത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. പരിമിതമായ അധികാരമുള്ള ഡയറ്റ് (Diet) എന്നൊരു പാർലമെന്റും അവർ രൂപീകരിച്ചു. (ജർമ്മൻ നിയമ ആശയങ്ങളുടെ സ്വാധീനംകൊണ്ട് പാർലമെന്റിന് അവർ ജർമ്മൻ പദം ഉപയോഗിച്ചു) സാമ്രാജ്യത്തെ (മെയ്ജി ഭരണം) പുനസ്ഥാപിച്ച നേതാക്കന്മാർ

തന്നെ അധികാരം കൈകാര്യം ചെയ്യുകയും രാഷ്ട്രീയപ്പാർട്ടികൾ പോലും രൂപീകരിക്കുകയും ചെയ്തു. ജനങ്ങൾ തിരഞ്ഞെടുത്ത പ്രധാനമന്ത്രിമാരാണ് 1918–നും 1931–നുമിടയിൽ ജപ്പാനിൽ മന്ത്രിസഭകൾ രൂപീകരിച്ചിരുന്നത്. എന്നാൽ പിന്നീടവർക്ക് ഭരണാധികാരം നഷ്ടപ്പെട്ടു. കാരണം പാർട്ടി സമ്പ്രദായ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ദേശീയ ഐക്യമന്ത്രിസഭകൾ അധികാരം ഏറ്റെടുത്തു. ചക്രവർത്തി സർവസേനകളുടെയും സൈന്യാധിപൻ ആയിരുന്നു. 1890 മുതൽ സൈന്യത്തിനും നാവികപ്പടയ്ക്കും സ്വതന്ത്രനിയന്ത്രണമാണുള്ളത് എന്ന അർഥത്തിൽ ഇത് വ്യാഖ്യാനിക്കപ്പെട്ടു. 1899–ൽ നിലവിൽ സേവനത്തിലുള്ള ജനറൽമാർക്കും അഡ്മിറൽമാർക്കും മാത്രമേ മന്ത്രിമാരാകാൻ സാധിക്കുകയുള്ളൂ എന്ന് പ്രധാനമന്ത്രി ഉത്തരവിട്ടു. ജപ്പാൻ പാശ്ചാത്യ ശക്തികളുടെ കാരുണ്യത്തിലാണോ എന്ന ഭീതിയുമായി ബന്ധപ്പെട്ടാണ് ജപ്പാന്റെ സൈനികശക്തി വികസനവും കൊളോണിയൽ സാമ്രാജ്യത്തിന്റെ വ്യാപനവും നടന്നത്. സൈനിക വിപുലീകരണത്തിനെതിരായും സായുധ സൈന്യത്തിന് മൂലധനം സ്വരൂപിക്കുന്നതിനായി നികുതി വർധിപ്പിച്ചതിനെതിരായും ഉയർന്ന പ്രതിഷേധങ്ങളെ നിശ്ശബ്ദമാക്കാൻ ഈ ഭയം അവർ ഉപയോഗപ്പെടുത്തി.








*രാജ്യത്തിനു വേണ്ടി പോരാടാൻ യുവാക്കൾ ആഹ്വാനം ചെയ്യപ്പെടുന്നു: ഒരു മാസികയുടെ പുറം ചട്ട: വിദ്യാർഥിപ്പടയാളികൾ; ചിത്രങ്ങൾ.*

## 'പാശ്ചാത്യവൽക്കരണവും' 'പാരമ്പര്യവും' ['Westernisation' and 'Tradition']

ജപ്പാനിലെ ബുദ്ധിജീവികളുടെ ഓരോ തലമുറയ്ക്കും മറ്റ് രാജ്യങ്ങളുമായുള്ള ജപ്പാന്റെ ബന്ധത്തെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. അമേരിക്കയും പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളും സാംസ്കാരികതയുടെ കാര്യത്തിൽ ഏറ്റവും ഉന്നതിയിൽ നിൽക്കുന്നവരാണ്. ജപ്പാൻ അവരെ മാതൃകയാക്കണം എന്ന് അവരിൽ ചിലർ അഭിപ്രായപ്പെട്ടു. ഒരു പ്രഗത്ഭ മെയ്ജി ബുദ്ധിജീവിയായ ഫുക്കുസവ യുകിചി (Fukuzawa Yukichi), ജപ്പാൻ നിർബന്ധമായും 'ഏഷ്യയെ പുറന്തള്ളണം' (expel Asia) എന്ന ആഹ്വാനത്തി

തനാക ഷോസോ (Tanaka Shozo, 1841-1913), ജപ്പാനിലെ ഒരു സാധാരണ കർഷകന്റെ മകനായിരുന്നു. സ്വപ്രയത്നത്താൽ ഒരു പ്രധാന രാഷ്ട്രീയ നേതാവായി അദ്ദേഹം ഉയർന്നുവന്നു. 1880–കളിൽ ജപ്പാനിൽ ഒരു ഭരണഘടനാനുസൃത ഗവൺമെന്റ് സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് നടന്ന ജനകീയ അവകാശ പ്രക്ഷോഭത്തിൽ (Popular Rights Movement) അദ്ദേഹം പങ്കെടുത്തു. ജപ്പാനിൽ രൂപീകൃതമായ ആദ്യത്തെ ഡയറ്റിലേക്ക് (Diet - ജപ്പാന്റെ പാർലമെന്റ്) അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. വ്യാവസായിക പുരോഗതിക്കായി സാധാരണ ജനങ്ങളെ ബലിയാടാക്കേണ്ടതില്ല എന്ന് അദ്ദേഹം വിശ്വസിച്ചു. അഷിയോ (Ashio) ഖനി വാട്ടരസേ (Watarase) നദിയെ മലിനപ്പെടുത്തിക്കൊണ്ട് നൂറു ചതുരശ്രമൈൽ സ്ഥലത്തെ കൃഷി ഭൂമി നശിപ്പിക്കുകയും ആയിരം കുടുംബങ്ങളെ വഴിയാധാരമാക്കുകയും ചെയ്തു. ഷോസോയുടെ നേതൃത്വത്തിൽ നടത്തിയ ശക്തമായ പ്രക്ഷോഭം കമ്പനിയെ മലിനീകരണ നിയന്ത്രണ നടപടികളെടുക്കാൻ നിർബന്ധിതരാക്കി. അങ്ങനെ 1904 ആയപ്പോഴേക്കും വിളവ് സാധാരണ നിലയിലേക്ക് എത്തുകയും ചെയ്തു.

ലൂടെ ഇക്കാര്യം സ്പഷ്ടമായി പറയുകയും ചെയ്തു. ജപ്പാൻ അതിന്റെ 'ഏഷ്യൻ' സവിശേഷതകൾ ഒഴിവാക്കുകയും പാശ്ചാത്യ രീതികളുടെ ഭാഗമായിത്തീരുകയും വേണമെന്നാണ് അദ്ദേഹം അർഥമാക്കിയത്.

**ഫുക്കുസവ യുകിചി (Fukuzawa Yukichi, 1835-1901)**

ദരിദ്രമായ ഒരു സാമുറായ് കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. നാഗസാക്കിയിലും ഒസാക്കയിലും പഠിച്ച അദ്ദേഹം ഡച്ചും പശ്ചാത്യശാസ്ത്രങ്ങളും പിന്നീട് ഇംഗ്ലീഷും പഠിച്ചു. 1860-ൽ അദ്ദേഹം അമേരിക്കയിലെ ആദ്യത്തെ ജാപ്പനീസ് എംബസിയിൽ പരിഭാഷകനായി. ഇത് പാശ്ചാത്യ ലോകത്തെക്കുറിച്ച് ഒരു പുസ്തകം എഴുതാനാവശ്യമായ വിവരങ്ങൾ യുകിചിക്ക് ലഭ്യമാക്കി. ക്ലാസിക്കൽ ശൈലിക്കു പകരം പ്രസിദ്ധമായ സംഭാഷണശൈലിയിൽ എഴുതപ്പെട്ട ഈ പുസ്തകം വലിയ ജനപ്രീതി നേടി. അദ്ദേഹം സ്ഥാപിച്ച ഒരു സ്കൂൾ ആണ് ഇന്നത്തെ കിയോ (Keio) സർവകലാശാലയായിത്തീർന്നത്. പാശ്ചാത്യ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന ഒരു കൂട്ടായ്മയായിരുന്ന മീറോകുഷ (Meirokusha) യുടെ പ്രധാന അംഗങ്ങളിൽ ഒരാളായിരുന്നു അദ്ദേഹം.

*ദി എൻകറേജ്മെന്റ് ടു ലേണിംഗ് (Gakumon no Susume,* 1872-76) എന്ന ഗ്രന്ഥത്തിൽ ജാപ്പനീസ് വിജ്ഞാനത്തെ യുകിചി ശക്തമായി വിമർശിച്ചു. 'പ്രകൃതി ദൃശ്യങ്ങൾ മാത്രമാണ് ജപ്പാന് ആകെ അഭിമാനിക്കാനുള്ളത്' എന്നദ്ദേഹം അഭിപ്രയപ്പെട്ടു. പാശ്ചാത്യരുടെ ആധുനിക വ്യവസായശാലകളും സ്ഥാപനങ്ങളും മാത്രമല്ല അവരുടെ സാംസ്ക്കാരിക സത്തയെ-നാഗരികതയുടെ ആത്മാവിനെയും സ്വീകരിക്കണമെന്ന് അദ്ദേഹം വാദിച്ചു. ഈ സത്തയുടെ സ്വാംശീകരണത്തിലൂടെ ഒരു പുതിയ പൗരനെ സൃഷ്ടിക്കാനാകും എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 'സ്വർഗം മനുഷ്യരെ മനുഷ്യർക്ക് മുകളിലോ, മനുഷ്യരെ മനുഷ്യർക്ക് കീഴിലോ സൃഷ്ടിച്ചിട്ടില്ല' എന്നതായിരുന്നു അദ്ദേഹത്തിന്റെ തത്വം.

അടുത്ത തലമുറ പാശ്ചാത്യ ആശയങ്ങളുടെ ഈ പൂർണമായ സ്വീകരണത്തെ ചോദ്യം ചെയ്യുകയും ദേശാഭിമാനം തദ്ദേശീയ മൂല്യങ്ങളുടെ അടിത്തറയിലാണ് കെട്ടിപ്പടുക്കേണ്ടത് എന്ന് ആവശ്യപ്പെടുകയും ചെയ്തു. തത്വചിന്തകനായ മിയാകേ സെറ്റ്സൂരെ (Miyake Setsurei, 1860-1945) ഓരോ രാഷ്ട്രവും ലോകസംസ്ക്കാരത്തിന്റെ താൽപ്പര്യത്തിനുവേണ്ടി തങ്ങളുടെ പ്രത്യേക കഴിവുകൾ വികസിപ്പിക്കേണ്ടതാണെന്ന് വാദിച്ചു. 'ഒരാൾ സ്വന്തം രാഷ്ട്രത്തിന് സ്വയം സമർപ്പിക്കുക എന്നത് ഒരാൾ സ്വയം ലോകത്തിന് സമർപ്പിക്കുക എന്നതുപോലെയാണ്' എന്നദ്ദേഹം അഭിപ്രയപ്പെട്ടു. എന്നാൽ ഇതിനു വിപരീതമായി പലബുദ്ധിജീവികളും പാശ്ചാത്യ ഉദാരവൽക്കരണത്തിലേക്ക് ആകർഷിക്കപ്പെടുകയും, സൈനികതയിലല്ലാതെ ജനാധിപത്യത്തിലൂന്നിയ ഒരു ജപ്പാൻ ആണ് വേണ്ടതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ജനകീയാവകാശ പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന യുക്കി എമോറി (Ueki Emori, 1857-1892) ജപ്പാനിൽ ഒരു ഭരണഘടനാനുസൃതമായ ഗവൺമെന്റ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ഫ്രഞ്ചു വിപ്ലവത്തിന്റെ തത്വങ്ങളായ മനുഷ്യന്റെ സ്വാഭാവികാവകാശങ്ങൾ (Natural Rights), ജനകീയ പരമാധികാരം (Popular Sovereignty) എന്നിവയെ അദ്ദേഹം പ്രശംസിക്കുകയും ചെയ്തു. ഓരോ വ്യക്തിയുടെയും വികസനത്തിനുതകുന്ന ഉദാര വിദ്യാഭ്യാസത്തിന് വേണ്ടി അദ്ദേഹം നിലകൊണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'ക്രമസമാധാനത്തേക്കാൾ വിലപിടിച്ചതാണ് സ്വാതന്ത്ര്യം'. മറ്റു ചിലർ സ്ത്രീകളുടെ വോട്ടു ചെയ്യാനുള്ള അവകാശത്തിനു വേണ്ടിപ്പോലും വാദിച്ചു. ഈ സമ്മർദങ്ങൾ ഗവൺമെന്റിനെ ഒരു ഭരണഘടനയ്ക്കായുള്ള പ്രഖ്യാപനത്തിന് പ്രേരിപ്പിച്ചു.

## ദൈനംദിന ജീവിതം (Daily Life)



ആധുനിക സമൂഹത്തിലേക്കുള്ള ജപ്പാന്റെ രൂപാന്തരണം ദൈനംദിന ജീവിതത്തിലുള്ള മാറ്റങ്ങളിലും കാണാം. പിതൃദായക ക്രമത്തെ അടിസ്ഥാനമാക്കിയുള്ള, കുടുംബ ത്തലവന്റെ നിയന്ത്രണത്തിൻ കീഴിൽ പല തലമുറകൾ ഒന്നിച്ച് ജീവിക്കുന്ന കൂട്ടുകുടുംബ പാരമ്പര്യമാണ് ജപ്പാനിൽ നിലനിന്നിരുന്നത്. എന്നാൽ കൂടുതൽ ആളുകൾ സമ്പന്നരായതോടു കൂടി കുടുംബത്തെക്കുറിച്ചുള്ള പുതിയ ആശയങ്ങൾ പ്രചരിക്കുവാൻ തുടങ്ങി. പുതിയ കുടുംബം (ജപ്പാൻ ഭാഷയിൽ ഇംഗ്ലീഷ് പദം ഉപയോഗിച്ചുകൊണ്ട് ഹോമു) അണു കുടുംബമായിരുന്നു. അവിടെ ഭർത്താവ് കുടുംബം പുലർത്തുന്നയാളും ഭാര്യ വീട്ടമ്മയുമായിരുന്നു. കുടുംബത്തിന്റെ ആഭ്യന്തരഘടനയിലുണ്ടായ ഈ പുതിയ ആശയം പുതിയതരം വീട്ടുസാധനങ്ങൾ, പുതിയ തരം കുടുംബ വിനോദങ്ങൾ, പുതിയ രൂപത്തിലുള്ള വീടുകൾ എന്നിവയുടെ ആവശ്യം സൃഷ്ടിച്ചു. 1920-കളിൽ നിർമ്മാണക്കമ്പനികൾ ചെലവുകുറഞ്ഞ വീടുകൾ തവണ വ്യവസ്ഥയിൽ നിർമ്മിച്ചു നൽകുവാൻ തുടങ്ങി. ആദ്യ ഗഡുവായി 200 യെൻ അടച്ചശേഷം പ്രതിമാസം 12 യെൻ വീതം 10 വർഷം തവണകളായി അടയ്ക്കുന്ന പദ്ധതികൾ ലഭ്യമായിരുന്നു. അന്ന് ഒരു ബാങ്ക് ജീവനക്കാരന്റെ (ഉന്നത വിദ്യാഭ്യാസം നേടിയ ഒരു വ്യക്തിയുടെ) ശമ്പളം പ്രതിമാസം 40 യെൻ ആയിരുന്നു.





*പുതിയ വൈദ്യുതോപകരണങ്ങൾ: ഒരു റൈസ് കുക്കർ, ഒരു അമേരിക്കൻ ഗ്രിൽ, ഒരു ടോസ്റ്റർ*

### കാർ - ക്ലബ്ബ് (CAR-CLUB)

മോഗ (Moga) : 'ആധുനിക പെൺകുട്ടി' എന്നതിന്റെ ചുരുക്കെഴുത്ത്. ഇരുപതാം നൂറ്റാണ്ടിൽ കടന്നുവന്ന ആശയങ്ങളായ ലിംഗസമത്വം, സാർവലൗകികസംസ്കാരം, വികസിത സമ്പദ്വ്യവസ്ഥ എന്നിവയെയാണ് ഇത് പ്രതിനിധാനം ചെയ്തത്. പുതിയ മധ്യവർഗ കുടുംബങ്ങൾ യാത്രയുടെയും വിനോദത്തിന്റെയും നവീന മാതൃകകൾ ആസ്വദിച്ചു. വൈദ്യുതി ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ നഗരങ്ങളിൽ ഗതാഗത സൗകര്യങ്ങൾ വർധിപ്പിച്ചു. 1878-മുതൽ പൊതു ഉദ്യാനങ്ങൾ നിർമ്മിക്കപ്പെട്ടു. ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ തുറക്കപ്പെട്ടു. ടോക്കിയോയിലെ ജിൻസ (Ginza) എന്ന പ്രദേശം *ജിൻബുറയ്ക്ക് (Ginbura)* പ്രശസ്തമായ പ്രദേശമായി മാറി. 'Ginza', 'burbura' എന്നീ പദങ്ങൾ ചേർന്നാണ് *ജിൻബുറ* എന്ന വാക്കുണ്ടായത്. (ലക്ഷ്യമില്ലാതെ നടക്കുക എന്നാണ് ഇതിനർഥം). 1925-ൽ ആദ്യത്തെ റേഡിയോ സ്റ്റേഷനുകൾ ആരംഭിച്ചു. നോർവീജിയൻ എഴുത്തുകാരനായ ഇബ്സൻ (Ibsen) ന്റെ '*എ ഡോൾസ് ഹൗസ്*' (*A Doll's House*) എന്ന നാടകത്തിൽ നോറയുടെ വേഷം അവതരിപ്പിച്ച നടിയായ മത്സുയി സുമാകൊ (Matsui Sumako) ദേശീയ താരമായി മാറി. 1899 മുതൽ സിനിമകൾ നിർമ്മിക്കാൻ തുടങ്ങി. പെട്ടെന്ന് തന്നെ നൂറുകണക്കിന് സിനിമകൾ നിർമ്മിച്ചു കൊണ്ട് ഒരു ഡസൻ കമ്പനികൾ ഉയർന്നു വന്നു. സാമൂഹികവും രാഷ്ട്രീയവുമായ പ്രവർത്തന രീതികളിലെ പരമ്പരാഗത മാനദണ്ഡങ്ങളെയെല്ലാം ചോദ്യം ചെയ്യുന്ന ഊർജവത്തായ ഒരു പ്രധാനപ്പെട്ട കാലഘട്ടമായിരുന്നു ഇത്.



*സ്ത്രീകളുടെ ഒന്നിച്ചുള്ള കാർ യാത്ര*

## ആധുനികതയെ തരണം ചെയ്യുന്നു ('Overcoming Modernity')

ജപ്പാനിൽ ഉയർന്നുവന്ന രാഷ്ട്രകേന്ദ്രീകൃതമായ ദേശീയത പൂർണമായി പ്രകടിപ്പിക്കപ്പെട്ടത് 1930 കളിലും 1940 കളിലും ജപ്പാൻ തങ്ങളുടെ സാമ്രാജ്യം ചൈനയിലേക്കും മറ്റ് ഏഷ്യൻ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാൻ വേണ്ടി യുദ്ധങ്ങൾ നടത്തിയപ്പോഴാണ്. ഇത് ഒടുവിൽ ജപ്പാനെ അമേരിക്കയുടെ പേൾ ഹാർബർ ആക്രമിക്കുന്നതിലേക്കും അതുമൂലം രണ്ടാം ലോകയുദ്ധത്തിൽ പങ്കെടുക്കുന്നതിലും എത്തിച്ചു. സമൂഹത്തിൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനും ഭിന്നാഭിപ്രായക്കാരെ അടിച്ചമർത്തുകയും തടവിലാക്കുകയും ചെയ്യുന്നതിനും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. അതോടൊപ്പം യുദ്ധത്തെ പിൻതാങ്ങുവാനുള്ള രാജ്യസ്നേഹസംഘങ്ങളുടെ (patriotic societies) രൂപീകരണത്തിനും വഴിവച്ചു. അവയിൽ മിക്കവയും വനിതാസംഘടനകളായിരുന്നു.

1943-ൽ 'ആധുനികതയെ തരണം ചെയ്യുക' എന്ന വിഷയത്തെക്കുറിച്ച് വലിയ സ്വാധീനം ചെലുത്തിയ ഒരു സിമ്പോസിയം നടന്നു. അതിൽ ആധുനികത നിലനിർത്തിക്കൊണ്ടു തന്നെ എങ്ങനെ പാശ്ചാത്യലോകത്തോട് പൊരുതും എന്ന ജപ്പാന്റെ ധർമ്മസങ്കടവും ചർച്ച ചെയ്യപ്പെട്ടു. സംഗീതജ്ഞനായ മൊറോയി സാബുറോ (Moroi Saburo) സംഗീതത്തെ വെറുമൊരു ഇന്ദ്രിയോദ്ദീപനകലയിൽ നിന്ന് എങ്ങനെ ആത്മാവിന്റെ കലയാക്കി വീണ്ടെടുക്കാം എന്ന ചോദ്യമുയർത്തി. പാശ്ചാത്യ സംഗീതത്തെ അദ്ദേഹം തളളിക്കളയുകയല്ല, മറിച്ച് ജാപ്പനീസ് സംഗീതത്തെ കേവലം പാശ്ചാത്യ ഉപകരണങ്ങൾ ഉപയോഗിച്ച് വായിക്കുക മാത്രം ചെയ്യുന്നതിനെ മറികടക്കാനുള്ള വഴികണ്ടെത്താൻ ശ്രമിക്കുകയായിരുന്നു. തത്വചിന്തകനായ നിഷിതാനി കെയ്ജി (Nishitani Keiji) പാശ്ചാത്യ ചിന്തയുടെ മൂന്ന് ധാരകളുടെ ഐക്യം എന്ന നിലയിലാണ് 'ആധുനികത'യെ നിർവചിച്ചത്. നവോത്ഥാനം, പ്രൊട്ടസ്റ്റന്റ് മത നവീകരണം, പ്രകൃതിശാസ്ത്രങ്ങളുടെ വളർച്ച എന്നിവയായിരുന്നു ആ മൂന്ന് ധാരകൾ. ജപ്പാന്റെ 'ധാർമ്മികോർജം' (moral energy - ജർമ്മൻ തത്വചിന്തകനായ റാങ്കേയിൽ നിന്ന് കടമെടുത്ത പദം) ആണ് അതിനെ കോളനിവൽക്കരണത്തിൽ നിന്ന് രക്ഷിച്ചതെന്നും ഒരു പുതിയ ലോകക്രമം, ഒരു മഹാപൂർവേഷ്യ (Greater East Asia) സ്ഥാപിക്കേണ്ടത് ജപ്പാന്റെ കടമയാണെന്നും അദ്ദേഹം വാദിച്ചു. ഇതിന് ശാസ്ത്രവും മതവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ കാഴ്ചപ്പാട് ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**പ്രവർത്തനം 2**

ആധുനികതയെക്കുറിച്ചുള്ള നിഷിതാനിയുടെ നിർവചനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

## പരാജയത്തിനുശേഷം: ആഗോള സാമ്പത്തികശക്തിയായി പുനരാവിർഭവിക്കുന്നു (After Defeat: Re-emerging as a Global Economic Power)

ഒരു കോളനി സാമ്രാജ്യം കെട്ടിപ്പടുക്കാനുള്ള ജപ്പാന്റെ ശ്രമങ്ങൾ സഖ്യശക്തികളുടെ കൈകളിൽ നിന്നുമേറ്റ പരാജയത്തോടെ അവസാനിച്ചു. യുദ്ധം പെട്ടെന്ന് അവസാനിപ്പിക്കാനാണ് ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബുകൾ വർഷിച്ചതെന്ന് വാദിക്കപ്പെടുന്നുണ്ട്. എന്നാൽ അതിന്റെ ഫലമായുണ്ടായ അതിഭീകരമായ നാശനഷ്ടങ്ങളും കഷ്ടപ്പാടുകളും അനാവശ്യമായിരുന്നു എന്ന് ചിന്തിക്കുന്നവരുണ്ട്. യുദ്ധാനന്തരം അമേരിക്ക നയിച്ച അധിനിവേശത്തോടെ (1945-47), ജപ്പാന്റെ സൈന്യത്തെ പിരിച്ചുവിടുകയും ഒരു പുതിയ ഭരണഘടന നടപ്പിൽ വരുത്തുകയും ചെയ്തു. പുതിയ ഭരണഘടനയിലെ ആർട്ടിക്കിൾ 9-ൽ യുദ്ധത്തിന്റെ ഉപയോഗം ഭരണകൂടത്തിന്റെ ഒരു ആയുധമായി കരുതുന്നതിനെ തള്ളിപ്പറയുന്ന 'യുദ്ധമില്ലാവ്യവസ്ഥ' ഉണ്ടായിരുന്നു. കാർഷിക പരിഷ്ക്കാരങ്ങൾ, ട്രേഡ് യൂണിയനുകളുടെ പുനസ്ഥാപനം, ജപ്പാന്റെ സാമ്പത്തികവ്യവസ്ഥയിൽ ആധിപത്യം പുലർത്തിയിരുന്ന *സെയ്ബത്സു* (*zaibatsu*) അഥവാ കുത്തക വാണിജ്യ കുടുംബങ്ങളുടെ മേൽക്കോയ്മയെ ഇല്ലാതാക്കൽ എന്നിവയും നട

പ്പിലാക്കപ്പെട്ടു. രാഷ്ട്രീയപ്പാർട്ടികളെ പുനരുജ്ജീവിപ്പിക്കുകയും ആദ്യത്തെ യുദ്ധാനന്തര തിരഞ്ഞെടുപ്പ് 1946-ൽ നടത്തുകയും ചെയ്തു. ഈ തിരഞ്ഞെടുപ്പിൽ ജപ്പാനിലെ വനിതകൾ ആദ്യമായി വോട്ട് ചെയ്തു.





*ടോക്കിയോ രണ്ടാം ലോക യുദ്ധത്തിന് മുൻപും ശേഷവും*

രണ്ടാം ലോകമഹായുദ്ധത്തിലെ പരാജയത്തിൽ തകർന്നുവീണ ജപ്പാന്റെ സമ്പദ്‌വ്യവസ്ഥയുടെ അതിവേഗത്തിലുള്ള പുനർനിർമ്മാണം 'യുദ്ധാനന്തര വിസ്മയം' എന്ന് വിശേഷിപ്പിച്ചു. എന്നാൽ അതിനേക്കാളുപരി ജപ്പാന്റെ വളർച്ചയുടെ വേരുകൾ അവരുടെ സുദീർഘമായ ചരിത്രത്തിൽ ത്തന്നെയുണ്ട്. ഭരണഘടന ജനാധിപത്യവൽക്കരിക്കപ്പെട്ടത് രണ്ടാം ലോകമഹായുദ്ധാനന്തരമാണെങ്കിലും ജനകീയ സമരങ്ങളുടെയും രാഷ്ട്രീയ പ്രാതിനിധ്യം വർധിപ്പിക്കാനുള്ള ബൗദ്ധിക ഇടപെടലുകളുടെയും പാരമ്പര്യം ജപ്പാനുണ്ടായിരുന്നു. യുദ്ധകാലത്തിന് മുമ്പുള്ള സാമൂഹിക കെട്ടുറപ്പ് ഒന്നുകൂടെ ശക്തിപ്പെടുകയും ഗവൺമെന്റും ഉദ്യോഗസ്ഥവൃന്ദവും, വ്യവസായവും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിന് ഇത് സഹായകമാവുകയും ചെയ്തു. അമേരിക്കൻ പിന്തുണയും കൊറിയൻ-വിയറ്റ്നാം യുദ്ധങ്ങൾ സൃഷ്ടിച്ച ആവശ്യങ്ങളും ജാപ്പനീസ് സമ്പദ് വ്യവസ്ഥയുടെ വളർച്ചയെ സഹായിച്ചു.

1964-ൽ ടോക്കിയോയിൽ നടന്ന ഒളിമ്പിക്സ് ഒരു പുതുയുഗത്തിന്റെ പ്രതീകാത്മക തുടക്കമായിരുന്നു. അതുപോലെ തന്നെ 1964-ൽ തുടക്കം കുറിച്ച മണിക്കൂറിൽ 200 മൈൽ വേഗതയിൽ വരെ ഓടുന്ന (ഇന്ന് അത് മണിക്കൂറിൽ 300 മൈൽ വേഗതയിൽ വരെ) അതിവേഗ *ഷിൻകാൻസെൻ (Shinkansen)* അഥവാ ബുള്ളറ്റ് ട്രയിൻ ശൃംഖല നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് മികച്ചതും ചെലവ് കുറഞ്ഞതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള ജപ്പാന്റെ കഴിവ് ലോകത്തിന് കാണിച്ചുകൊടുത്തു.

ജപ്പാനിലെ വ്യാവസായവൽക്കരണം നിരവധി ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചു. ആരോഗ്യത്തെയും പരിസ്ഥിതിയെയും ഒരുതരത്തിലും പരിഗണിക്കാതെ തുടർന്ന ജപ്പാനിലെ വ്യാവസായവൽക്കരണം 1960 കളിൽ പൗരസമൂഹപ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് വഴിയൊരുക്കി. അതീവ വേദനയുണ്ടാക്കുന്ന രോഗത്തിന് കാരണമായ കാഡ്മിയം വിഷബാധ ഒരു സൂചനയായിരുന്നു. 1960 കളിലെ മിനമാത (Minamata) മെർക്കുറി വിഷബാധയും 1970 കളുടെ തുടക്കത്തിൽ വായുമലിനീകരണം കൊണ്ടുണ്ടായ പ്രശ്നങ്ങളും ഇതിന്റെ തുടർച്ചയായിരുന്നു. അടിസ്ഥാന വർഗങ്ങൾക്കിടയിൽ നിന്ന് ഉയർന്നു വന്ന സമ്മർദ്ദഗ്രൂപ്പുകൾ ഈ പ്രശ്നങ്ങൾ ഗവൺമെന്റ് തിരിച്ചറിയണമെന്നും ഇരകൾക്ക് നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെടുവാൻ തുടങ്ങി. തുടർന്നുണ്ടായ ഗവൺമെന്റ് നടപടികളും അവർ കൊണ്ടുവന്ന പുതിയ നിയമ നിയന്ത്രണങ്ങളും സ്ഥിതിഗതികൾ മെച്ചപ്പെടുത്താൻ സഹായിച്ചു. ലോകത്തിലെ തന്നെ ഏറ്റവും കർശനമായ പരിസ്ഥിതി നിയന്ത്രണങ്ങൾ ജപ്പാൻ കൊണ്ടുവന്നതിലൂടെ 1980 കളുടെ മധ്യത്തോടെ പാരിസ്ഥിതിക പ്രശ്നങ്ങളിലുള്ള അമിതാവേശം കെട്ടടങ്ങാൻ തുടങ്ങി. ഒരു വികസിതരാജ്യം എന്ന നിലയിൽ രാഷ്ടീയവും സാങ്കേതികവുമായ കഴിവുകൾ ഉപയോഗിച്ച് എങ്ങനെ ലോകത്തെ പ്രമുഖ ശക്തി എന്ന സ്ഥാനം നിലനിർത്താം എന്നതാണ് ജപ്പാൻ ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളി.

## ചൈന (CHINA)

ആധുനിക ചൈനയുടെ ചരിത്രം കേന്ദ്രീകരിച്ചിരിക്കുന്നത് എങ്ങനെ പരമാധികാരം വീണ്ടെടുക്കാം, വിദേശാധിപത്യത്തിന്റെ നാണക്കേട് എങ്ങനെ അവസാനിപ്പിക്കാം, എങ്ങനെ സമത്വവും വികസനവും കൊണ്ടുവരാം എന്നീ ചോദ്യങ്ങളെ ആസ്പദമാക്കിയാണ്. മൂന്ന് വ്യത്യസ്ത വീക്ഷണങ്ങളാണ് ഇതിനെക്കുറിച്ചുള്ള ചൈനീസ് സംവാദങ്ങളിൽ തെളിഞ്ഞു കണ്ടത്. ആദ്യകാല പരിഷ്കർത്താക്കളായ കാങ് യുവി (Kang Youwei, 1858-1927), ലിയാങ് കിച്ചാവോ (Liang Qichao, 1873-1929) തുടങ്ങിയവർ പാശ്ചാത്യർ ഉയർത്തിയ വെല്ലുവിളികളെ നേരിടാൻ പരമ്പരാഗതാശയങ്ങളെ പുതിയതും വ്യത്യസ്തവുമായ രീതിയിൽ ഉപയോഗിക്കാൻ ശ്രമിച്ചു. രണ്ടാമതായി, ചൈനീസ് റിപ്പബ്ലിക്കിന്റെ ആദ്യ പ്രസിഡന്റായ സൺ യാത്-സെന്നിനെ (SunuYat -Sen) പോലെയുള്ള റിപ്പബ്ലിക്കൻ വിപ്ലവകാരികൾ ജപ്പാനിൽ നിന്നും പാശ്ചാത്യരിൽ നിന്നുമുള്ള ആശയങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു. മൂന്നാമതായി, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി (CCP) കാലപ്പഴക്കം ചെന്ന അസമത്വങ്ങൾ അവസാനിപ്പിക്കാനും വിദേശികളെ പുറത്താക്കാനും ആവശ്യപ്പെട്ടു.

*കറുപ്പ് വ്യാപാരം: ഒരു യൂറോപ്യൻ ചിത്രം*



**കറുപ്പ് വ്യാപാരം (THE OPIUM TRADE)**

ചൈനീസ് ഉൽപ്പന്നങ്ങളായ തേയില, പട്ട്, ചീനപ്പിഞ്ഞാണം തുടങ്ങിയവയ്ക്ക് പാശ്ചാത്യ കമ്പോളങ്ങളിലുണ്ടായിരുന്ന വലിയ ആവശ്യകത ഗുരുതരമായ 'മിച്ചവ്യാപാര പ്രശ്നം' (balance of trade problem) സൃഷ്ടിച്ചു. പാശ്ചാത്യ ഉൽപ്പന്നങ്ങൾക്ക് ചൈനയിൽ മാർക്കറ്റ് കണ്ടെത്താനും കഴിഞ്ഞില്ല. അതിനാൽ ചൈനക്കാരുടെ കൈയിൽ നിന്ന് വാങ്ങുന്ന സാധനത്തിന് വിലയായി വെള്ളി നൽകാൻ അവർ നിർബന്ധിതരായി. ഇത് മറികടക്കാൻ ഈസ്റ്റിന്ത്യാ കമ്പനി (East India Company) ഒരു തന്ത്രം കണ്ടെത്തി- ഇന്ത്യയിൽ വളർന്നിരുന്ന കറുപ്പ്. അങ്ങനെ അവർ ചൈനയിൽ കറുപ്പ് വിറ്റ് വെള്ളി സമ്പാദിക്കുകയും അതിനെ കാന്റണിലെ കമ്പനി ഏജന്റുമാർക്ക് കൊടുത്ത് പകരമായി ലെറ്റേഴ്സ് ഓഫ് ക്രെഡിറ്റ് നേടുകയും ചെയ്തു. അതുപയോഗിച്ച് തേയിലയും, പട്ടും, ചീനപ്പിഞ്ഞാണവും വാങ്ങി ബ്രിട്ടനിൽ വിറ്റഴിച്ചു. ഇതിനെയാണ് ബ്രിട്ടനും ഇന്ത്യയും ചൈനയും തമ്മിലുള്ള 'ത്രികോണ വ്യാപാരം' ('triangular trade') എന്ന് വിളിക്കുന്നത്.

**പ്രവർത്തനം 3**

ഈ ചിത്രം കറുപ്പ് യുദ്ധത്തെക്കുറിച്ച് ഒരു വ്യക്തമായ ധാരണ നിങ്ങൾക്ക് നൽകുന്നുണ്ടോ?

പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ, പശ്ചിമദിക്കുമായുള്ള ആദ്യത്തെ ഇടപെടൽ ആരംഭിക്കുന്നതുമുതൽ ആധുനിക ചൈനയുടെ തുടക്കം കാണുവാൻ സാധിക്കും. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ജസ്യൂട്ട് മിഷണറിമാർ ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ പാശ്ചാത്യ ശാസ്ത്രശാഖകളെ പരിചയപ്പെടുത്തുമ്പോഴാണ് ചൈന ആദ്യമായി പാശ്ചാത്യരുമായി നേർക്കുനേർ ഇടപെടുന്നത്. പെട്ടെന്നു തന്നെ ഫലങ്ങളൊന്നും കണ്ടില്ലെങ്കിലും, അത് പത്തൊൻപതാം നൂറ്റാണ്ടോടെ വേഗതയാർജിച്ച ചില സംഭവങ്ങൾക്ക് തുടക്കം കുറിച്ചു. ബ്രിട്ടീഷുകാർ തങ്ങളുടെ ലാഭകരമായ കറുപ്പ് വ്യാപാരത്തെ ബലപ്രയോഗത്തിലൂടെ വിപുലപ്പെടുത്തുവാൻ ശ്രമിച്ചു. ഇത് ഒന്നാം കറുപ്പ് യുദ്ധത്തിലേക്ക് (First Opium War, 1839-42) നയിച്ചു. ഇത് ക്വിങ് (Quing) രാജവംശത്തെ ദുർബലപ്പെടുത്തുകയും പരിഷ്കാരങ്ങൾക്കും മാറ്റങ്ങൾക്കും വേണ്ടിയുള്ള മുറവിളികൾക്ക് ശക്തി പകരുകയും ചെയ്തു.

കാങ് യുവി (Kang Youwei) യെയും ലിയാങ് കിച്ചാവോ (Liang Qichao) യെയും പോലുള്ള ക്വിങ് (Qing) പരിഷ്കർത്താക്കൾ ഭരണസംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞു. അതിനായി അവർ ആധുനിക ഭരണനിർവഹണ സംവിധാനവും പുതിയ സൈന്യവും വിദ്യാഭ്യാസ സംവിധാനവും കെട്ടിപ്പടുക്കുന്നതിനുള്ള നയങ്ങൾ ആവിഷ്ക്കരിച്ചു. ഒരു ഭരണഘടനാനുസൃത ഗവൺമെന്റ് സ്ഥാപിക്കുന്നതിനു വേണ്ടി പ്രാദേശിക അസംബ്ലികൾ സ്ഥാപിക്കാനായി അവർ പ്രവർത്തിച്ചു. കോളനിവൽക്കരണത്തിൽ നിന്ന് ചൈനയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത അവർ മുന്നിൽ കണ്ടു.

കോളനികളാക്കി മാറ്റപ്പെട്ട രാജ്യങ്ങളുടെ ദുരവസ്ഥയുടെ ഉദാഹരണങ്ങൾ ചൈനീസ് ചിന്തകൻമാരെ വളരെയധികം സ്വാധീനിച്ചു. പതിനെട്ടാം നൂറ്റാണ്ടിലെ പോളണ്ടിന്റെ വിഭജനം ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു ഉദാഹരണമായിരുന്നു. 1890 കളുടെ അവസാനത്തിൽ *'ഞങ്ങളെ പോളണ്ടാക്കാൻ' ('to Poland us') (bolan wo)* എന്ന പ്രയോഗം തന്നെ ഉപയോഗത്തിലുണ്ടായിരുന്നു. ഇന്ത്യയായിരുന്നു അവരുടെ മുന്നിലെ മറ്റൊരുദാഹരണം. ചൈന ഒരു രാഷ്ട്രമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലൂടെ മാത്രമേ പാശ്ചാത്യരെ ചെറുക്കാൻ അവർക്ക് സാധിക്കുകയുള്ളൂ എന്ന് ലിയാങ് കിച്ചാവോ വിശ്വസിച്ചു. 'ഇന്ത്യ എന്ന രാജ്യത്തെ നശിപ്പിച്ചത് ഒരു രാജ്യമല്ല, മറിച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി എന്ന ഒരു കമ്പനിയാണ്' എന്ന് 1903-ൽ അദ്ദേഹം എഴുതി. സ്വന്തം ജനങ്ങളോട് ക്രൂരത കാണിക്കുകയും ബ്രിട്ടീഷുകാരോട് വിധേയത്വം പുലർത്തുകയും ചെയ്യുന്നതിന് ഇന്ത്യക്കാരെ അദ്ദേഹം വിമർശിച്ചു. ചൈനയ്ക്കെതിരായ യുദ്ധങ്ങളിൽ ബ്രിട്ടീഷുകാർ ഇന്ത്യൻ പടയാളികളെ ഉപയോഗിച്ചു എന്ന് സാധാരണക്കാരായ ചൈനക്കാർക്ക് വ്യക്തമായതിനാൽ ഇത്തരം വാദങ്ങൾക്ക് ശക്തമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞു.

എല്ലാത്തിനുമുപരി പരമ്പരാഗത ചിന്താഗതിക്ക് മാറ്റം വരേണ്ടതുണ്ടെന്ന് പലരും മനസ്സിലാക്കി. കൺഫ്യൂഷ്യസിന്റെയും (Confucius, ബി.സി.ഇ. 551-479) അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെയും തത്വങ്ങളിൽ നിന്നും ഉടലെടുത്ത കൺഫ്യൂഷ്യനിസം (Confucianism) സൽ സ്വഭാവം, പ്രായോഗികജ്ഞാനം, ഉചിതമായ സാമൂഹിക ബന്ധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഉദ്ബോധിപ്പിച്ചിരുന്നത്. ഇത് ജീവിതത്തോടുള്ള ചൈനക്കാരുടെ മനോഭാവത്തെ സ്വാധീനിക്കുകയും സാമൂഹ്യ നിലവാരങ്ങൾ നിശ്ചയിക്കുകയും രാഷ്ട്രീയ സിദ്ധാന്തങ്ങൾക്കും സ്ഥാപനങ്ങൾക്കും അടിത്തറ പാകുകയും ചെയ്തു. എന്നാൽ ഇപ്പോൾ പുതിയ ആശയങ്ങളുടെയും സ്ഥാപനങ്ങളുടെയും വളർച്ചയ്ക്ക് വലിയ തടസ്സമായി കൺഫ്യൂഷ്യനിസത്തെ ചൈനക്കാർ കാണാൻ തുടങ്ങി.

ആധുനിക വിഷയങ്ങൾ പരിശീലിപ്പിക്കുന്നതിനും പുതിയ ആശയങ്ങളോടെ മടങ്ങിവരുവാനുമായി വിദ്യാർഥികളെ ജപ്പാനിലും ബ്രിട്ടനിലും ഫ്രാൻസിലും അയച്ചു. 1890 കളിൽ ധാരാളം ചൈനീസ് വിദ്യാർഥികൾ ജപ്പാനിലേക്ക് പോയി. അവർ തിരികെ പുത്തൻ ആശയങ്ങൾ കൊണ്ടു വരുക മാത്രമല്ല പലരും പ്രമുഖ റിപ്പബ്ലിക്കന്മാരായിത്തീരുകയും ചെയ്തു. യൂറോപ്യൻ പദങ്ങളായ നീതി (justice) അവകാശങ്ങൾ (rights) വിപ്ലവം (revolution) എന്നിവയുടെ ജാപ്പനീസ് പരിഭാഷകൾ പോലും ചൈനക്കാർ കടമെടുത്തു. കാരണം പരമ്പരാഗത ബന്ധങ്ങൾക്ക് നേരേ വിപരീതമായി ചിന്തിക്കുന്ന അതേ ആശയലിപി (ideographic script) യാണ് ജപ്പാൻകാർ ഉപയോഗിച്ചിരുന്നത്. 1905-ൽ നടന്ന റഷ്യ-ജപ്പാൻ യുദ്ധത്തിന് (ചൈനയുടെ മണ്ണിൽ ചൈനീസ് പ്രദേശങ്ങൾക്കായി നടന്ന യുദ്ധം) തൊട്ടുപിന്നാലെ ഉയർന്ന ഭരണവർഗത്തിലേക്കുള്ള പ്രവേശനത്തിനായി നടത്തിയിരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ചൈനീസ് പരീക്ഷാ സമ്പ്രദായം നിർത്തലാക്കി.

### പരീക്ഷാ സമ്പ്രദായം (The Examination System)

ഉയർന്ന ഭരണവർഗത്തിലേക്കുള്ള (1850 വരെ 1.1 ദശലക്ഷം) പ്രവേശനം പ്രധാനമായും ഒരു പരീക്ഷയുടെ അടിസ്ഥാനത്തിലായിരുന്നു. ക്ലാസിക്കൽ ചൈനീസ് ഭാഷയിൽ ഒരു നിശ്ചിത മാതൃകയിൽ ഒരു ലേഖനം എഴുതേണ്ടത് ഇതിന് ആവശ്യമായിരുന്നു. (എട്ടു വിഭാഗമുള്ള ഉപന്യാസം (eight legged essay/പാ കു വെൻ) ഓരോ മൂന്ന് വർഷത്തിലും രണ്ട് തവണകളിൽ പല ഘട്ടങ്ങളിലായി ഈ പരീക്ഷ നടത്തിയിരുന്നു. ഈ പരീക്ഷ എഴുതിയിരുന്നവരിൽ 1-2 ശതമാനം പേർ മാത്രമേ ഒന്നാംഘട്ടം വിജയിച്ചിരുന്നുള്ളൂ. സാധാരണഗതിയിൽ 24 വയസ്സ് ആകുമ്പോഴേക്കും ഈ ഘട്ടങ്ങളെല്ലാം കടക്കുന്നയാൾ 'അതുല്യ പ്രതിഭ' ('beautiful talents') എന്ന് വിളിക്കപ്പെടുമായിരുന്നു. 1850-ന് മുൻപ് ഏത് സമയത്തും ഏതാണ്ട് 5,26,869 സിവിൽ ബിരുദധാരികളും 2,12,330 സൈനിക ബിരുദധാരികളും (ഷെങ്-യുവാൻ) ചൈനയിൽ ഉണ്ടായിരുന്നു. 27000 ഉദ്യോഗസ്ഥ പദവികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതുകൊണ്ട് താഴ്ന്ന ബിരുദമുള്ള ഒരുപാടു പേർക്ക് അവിടെ ജോലി ലഭിച്ചിരുന്നില്ല. സാഹിത്യ പരിജ്ഞാനം മാത്രം ആവശ്യമായിരുന്ന ചൈനയിലെ പരീക്ഷാ സമ്പ്രദായം അവിടത്തെ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പുരോഗതിക്ക് വിഘാതമായി നിന്നു. പരമ്പരാഗത ചൈനീസ് പഠനം മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ഈ പരീക്ഷാസമ്പ്രദായത്തിന് ആധുനികലോകത്തിൽ യാതൊരു പ്രസക്തിയുമില്ല എന്ന് മനസ്സിലാക്കികൊണ്ട് 1905-ൽ ഈ പരീക്ഷാ സമ്പ്രദായം ചൈന നിർത്തലാക്കി.

## റിപ്പബ്ലിക് സ്ഥാപിക്കുന്നു (Establishing the Republic)

1911-ൽ സൺ യാത്-സെൻ-ന്റെ (Sun Yat-sen, 1866-1925) നേതൃത്വത്തിൽ നടന്ന വിപ്ലവത്തിൽ മഞ്ചു സാമ്രാജ്യം അട്ടിമറിക്കപ്പെടുകയും ചൈനയിൽ ഒരു റിപ്പബ്ലിക് സ്ഥാപിക്കപ്പെടുകയും ചെയ്തു. ആധുനിക ചൈനയുടെ സ്ഥാപകനായി സൺ യാത്-സെൻ അറിയപ്പെടുന്നു. ഒരു ദരിദ്രകുടുംബത്തിൽ നിന്നുവന്ന അദ്ദേഹം മിഷണറി സ്കൂളുകളിൽ വിദ്യാഭ്യാസം നേടുകയും അവിടെ വച്ച് ജനാധിപത്യത്തെയും ക്രിസ്തുമതത്തെയും പരിചയപ്പെടുകയും ചെയ്തു. വൈദ്യശാസ്ത്രമാണ് പഠിച്ചതെങ്കിലും അദ്ദേഹം ചൈനയുടെ ഭാവിയെക്കുറിച്ച് ഉൽക്കണ്ഠാകുലനായിരുന്നു. ചൈനയുടെ മാറ്റത്തിനായി അദ്ദേഹം അവതരിപ്പിച്ച പരിപാടിയെ മൂന്ന് തത്വങ്ങൾ (*Three Principles*) അഥവാ *സാൻ മിൻ ചുയി* എന്ന് അറിയപ്പെടുന്നു. ഒരു വിദേശരാജവംശമായി കണക്കാക്കപ്പെട്ടിരുന്ന മഞ്ചു ഭരണത്തെയും അതുപോലെ മറ്റു സാമ്രാജ്യത്വ ശക്തികളെയും അട്ടിമറിക്കുകയായിരുന്നു 'ദേശീയത' എന്ന ആശയംകൊണ്ട് സൺ യാത് -സെൻ ഉദ്ദേശിച്ചത്. 'ജനാധിപത്യം' അഥവാ ജനാധിപത്യ ഗവൺമെന്റ് സ്ഥാപിക്കുക എന്നതായിരുന്നു രണ്ടാമത്തെ തത്വം. മൂലധനം നിയന്ത്രിക്കുകയും ഭൂവുടമസ്ഥത തുല്യപ്പെടുത്തുകയും ചെയ്യുന്ന 'സോഷ്യലിസം' ആയിരുന്നു മൂന്നാമത്തെ തത്വം.

ചൈനയിൽ 1911–ൽ ഒരു റിപ്പബ്ലിക് സ്ഥാപിക്കപ്പെട്ടുവെങ്കിലും രാജ്യത്തെ സാമൂഹ്യ –രാഷ്ട്രീയ സാഹചര്യങ്ങൾ അസ്ഥിരമായിത്തന്നെ തുടർന്നു. 1919 മേയ് 4–ന് യുദ്ധാനന്തര സമാധാന സമ്മേളനത്തിന്റെ (post-war peace conference) തീരുമാനങ്ങൾക്കെതിരെ പ്രതിഷേധിച്ചുകൊണ്ട് ബെയ്ജിങ്ങിൽ ഒരു പ്രകടനം നടന്നു. ഒന്നാം ലോകയുദ്ധത്തിൽ ബ്രിട്ടൻ നയിച്ച വിജയസഖ്യകക്ഷികളോടൊപ്പമായിരുന്നു ചൈന എങ്കിലും തങ്ങളുടെ രാജ്യത്തിൽ നിന്ന് പിടിച്ചെടുത്ത പ്രദേശങ്ങൾ ഒന്നും രാജ്യത്തിന് തിരികെ ലഭിച്ചില്ല. ഇതിനെതിരെ നടന്ന ഈ പ്രതിഷേധം ഒരു പ്രസ്ഥാനമായി വളർന്നു (മേയ് നാല് പ്രസ്ഥാനം). പാരമ്പര്യത്തെ തകർത്തെറിഞ്ഞുകൊണ്ട് ആധുനിക ശാസ്ത്രം, ജനാധിപത്യം, ദേശീയത എന്നിവയിലൂടെ ചൈനയെ രക്ഷിക്കാൻ ഈ പ്രസ്ഥാനം ഒരു തലമുറയെ മുഴുവൻ ആഹ്വാനം ചെയ്തു. രാജ്യത്തെ വിഭവങ്ങളെ നിയന്ത്രിക്കുന്ന വിദേശികളെ പുറത്താക്കാനും അസമത്വം ഇല്ലാതാക്കാനും ദാരിദ്ര്യം കുറയ്ക്കാനും ഈ കലാപകാരികൾ ആവശ്യപ്പെട്ടു. എഴുതാൻ ലളിതമായ ഭാഷ ഉപയോഗിക്കുക, സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്ന കാൽപ്പാദം പൊതിഞ്ഞുകെട്ടൽ, അടിമത്തം എന്നിവ അവസാനിപ്പിക്കുക, വിവാഹത്തിൽ സമത്വം നടപ്പാക്കുക, ദാരിദ്ര്യനിർമ്മാർജനത്തിനായി സാമ്പത്തിക വികസനം കൊണ്ടുവരുക തുടങ്ങിയ പരിഷ്ക്കാരങ്ങൾക്കായി അവർ വാദിച്ചു. റിപ്പബ്ലിക്കൻ വിപ്ലവത്തിനുശേഷം രാജ്യം പ്രശ്നസങ്കീർണതകളുടെ ഒരു കാലഘട്ടത്തിലേക്ക് കടന്നു. രാജ്യത്തെ ഏകീകരിക്കാനും സുസ്ഥിരതകൈവരിക്കാനും പ്രയത്നിക്കുന്ന പ്രധാന ശക്തികളായി കുമിന്താങ്ങുകളും (നാഷണൽ പീപ്പിൾസ് പാർട്ടി) ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും (CCP) ഉയർന്നുവന്നു.


*സൺ യാത്–സെൻ*

സൺ യാത്–സെന്നിന്റെ ആശയങ്ങൾ കുമിന്താങ്ങുകളുടെ രാഷ്ട്രീയ തത്വശാസ്ത്രത്തിന്റെ അടിസ്ഥാനമായി മാറി. വസ്ത്രം, ആഹാരം, പാർപ്പിടം, ഗതാഗതം എന്നീ നാല് സുപ്രധാന ആവശ്യങ്ങൾ അവർ തിരിച്ചറിഞ്ഞു. സൺ യാത്–സെന്നിന്റെ മരണ ശേഷം ചിയാങ് കൈഷക് (Chiang Kaishek, 1887 - 1975) കുമിന്താങ് പാർട്ടിയുടെ തലവനായി മാറി. 'യുദ്ധപ്രഭുക്കന്മാരെയും' അധികാരത്തിൽ കയറിയിരിക്കുന്ന പ്രാദേശിക നേതാക്കന്മാരെയും നിയന്ത്രിക്കാനും കമ്മ്യൂണിസ്റ്റുകളെ ഉന്മൂലനം ചെയ്യുവാനുമായി ചിയാങ് കൈഷക് ഒരു സൈനികപര്യടനം നടത്തി. മതനിരപേക്ഷവും യുക്തിസഹവുമായ ഒരു 'ഇഹലോക' (this worldly) കൺഫ്യൂഷ്യനിസത്തിനായി അദ്ദേഹം മുന്നോട്ടു വന്നു. അതേ സമയം രാജ്യത്തെ സൈനികവൽക്കരിക്കാനും അദ്ദേഹം വഴികൾ തേടി. 'ഏകീകൃത സ്വഭാവത്തിനായുള്ള ശീലങ്ങളും ജന്മവാസനയും' ജനങ്ങൾ വളർത്തേണ്ടതാണെന്ന് അദ്ദേഹം നിർദേശിച്ചു. ചാരിത്രശുദ്ധി, വേഷം, സംഭാഷണം, ജോലി എന്നീ നാല് സദ്ഗുണങ്ങൾ വളർത്തിയെടുക്കാനും കുടുംബത്തിനുള്ളിൽ ഒതുങ്ങിനിൽക്കുന്ന അവരുടെ പങ്ക് തിരിച്ചറിയാനും സ്ത്രീകളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. അവരുടെ വസ്ത്രത്തിന്റെ താഴ്ഭാഗത്തിന്റെ നീളം പോലും അദ്ദേഹം നിർദേശിച്ചു.

കുമിന്താങ്ങുകളുടെ സാമൂഹികാടിത്തറ നഗരപ്രദേശങ്ങളിലായിരുന്നു. വ്യാവസായിക വളർച്ച മന്ദഗതിയിലുള്ളതും നിയന്ത്രിതവുമായിരുന്നു. ഷാങ്ഹായ് പോലെയുള്ള നഗരങ്ങൾ ആധുനിക വളർച്ചയുടെ കേന്ദ്രമായിത്തീർന്നു. 1919–ൽ അവിടെ ഏതാണ്ട് 5,00,000–ത്തോളം വരുന്ന ഒരു വ്യാവസായികത്തൊഴിലാളി വർഗം തന്നെ ഉയർന്നുവന്നു. എന്നാൽ ഇതിൽ ചെറിയൊരു ശതമാനം തൊഴിലാളികൾ മാത്രമേ കപ്പൽ നിർമ്മാണം പോലുള്ള ആധുനിക വ്യവസായങ്ങളിൽ തൊഴിൽ ചെയ്തിരുന്നുള്ളൂ. ഭൂരിഭാഗം പേരും വെറും പട്ടണക്കാരും (സിയാവോ ഷിമിൻ), കച്ചവടക്കാരും കടയുടമകളുമായിരുന്നു. നഗരത്തിലെ തൊഴിലാളികൾ പ്രത്യേകിച്ച് സ്ത്രീകൾ വളരെ തുച്ഛമായ വേതനമാണ് നേടിയിരുന്നത്. ജോലി സമയം ദൈർഘ്യമേറിയതും തൊഴിൽ സാഹചര്യങ്ങൾ വളരെ മോശവുമായിരുന്നു. വ്യക്തിമാഹാത്മ്യവാദം (Individualism) വികസിച്ചതോടെ സ്ത്രീകളുടെ അവകാശങ്ങൾ, കുടുംബം കെട്ടിപ്പടുക്കുന്നതിനുള്ള വഴികൾ, എന്നിവയെക്കുറിച്ചുള്ള ഉൽക്കണ്ഠയും പ്രണയത്തെക്കുറിച്ചുള്ള ചർച്ചകളും ഉയർന്നു വന്നു.

സ്കൂളുകളും സർവകലാശാലകളും വ്യാപകമായത് ചൈനയിലെ സാമൂഹിക-സാംസ്ക്കാരിക മാറ്റങ്ങളെ സഹായിച്ചു (1902-ൽ പീക്കിങ് സർവകലാശാല സ്ഥാപിതമായി). വളർന്നുവന്ന പുതിയ ചിന്തകൾ പ്രതിഫലിപ്പിച്ചുകൊണ്ട് പത്രപ്രവർത്തനവും പുരോഗതി നേടി. സാവോ താവോഫെൻ (Zao Taofen, 1895-1944) എഡിറ്റ് ചെയ്തിരുന്ന പ്രശസ്തമായ *ലൈഫ് വീക്കിലി (Life Weekly)* ഈ പുതിയ പ്രവണതയുടെ വക്താവായിരുന്നു. ഇത് പുതിയ ആശയങ്ങളെയും മഹാത്മാഗാന്ധി (Mahatma Gandhi), ആധുനിക തുർക്കിയുടെ നായകനായ കമാൽ അതാതുർക്ക് (Kemal Ataturk) തുടങ്ങിയ നേതാക്കന്മാരെയും വായനക്കാർക്ക് പരിചയപ്പെടുത്തി. 1926-ൽ വെറും 2000 മാത്രമായിരുന്ന ഇതിന്റെ പ്രചാരം 1930-ൽ 2,00,000 ആയി അതിവേഗം വർധിച്ചു.

**പ്രവർത്തനം 4**

**വിവേചനത്തിന്റെ ഒരു വികാരം ജനങ്ങളെ ഒന്നിപ്പിക്കുന്നത് എങ്ങനെ?**


ഷാങ്ഹായ് 1935-ൽ : ബക്ക് ക്ലെയ്റ്റൺ (Buck Clayton) എന്ന കറുത്ത അമേരിക്കക്കാരനായ ട്രംപറ്റ് വായനക്കാരൻ ഷാങ്ഹായിൽ തന്റെ ജാസ് ഓർക്കസ്ട്രയുമായി സുഖകരമായ പ്രവാസ ജീവിതം നയിക്കുകയായിരുന്നു. എന്നാൽ അദ്ദേഹം കറുത്തവർഗക്കാരനായതിനാൽ വെളുത്ത അമേരിക്കക്കാർ ഒരിക്കൽ അദ്ദേഹത്തെയും ഓർക്കസ്ട്രയിലെ അംഗങ്ങളെയും ആക്രമിക്കുകയും അവർ പരിപാടി അവതരിപ്പിച്ചുകൊണ്ടിരുന്ന ഹോട്ടലിൽ നിന്ന് അവരെ പിടിച്ച് പുറത്താക്കുകയും ചെയ്തു. അങ്ങനെ, അമേരിക്കക്കാരനായിരുന്നുവെങ്കിലും, സ്വയം വംശീയ വിവേചനത്തിന്റെ ഇരയായ അദ്ദേഹത്തിന് ചൈനക്കാരുടെ വിധിയെക്കുറിച്ച് വളരെ സഹതാപം ഉണ്ടായിരുന്നു. വെളുത്ത അമേരിക്കക്കാർക്കെതിരെയുള്ള പോരാട്ടത്തിൽ വിജയം നേടിയ കറുത്തവർഗക്കാരെക്കുറിച്ച് അദ്ദേഹം എഴുതി. 'അവർ എപ്പോഴും ചെയ്യാൻ ആഗ്രഹിച്ചിരുന്ന കാര്യം ഞങ്ങൾ ചെയ്തതുപോലെ ചൈനക്കാർ ഞങ്ങളെക്കണ്ടു. വിജയികളായ ഫുട്ബോൾ ടീമിനെ എതിരേൽക്കുംപോലെ വീട്ടിലേക്കുള്ള വഴി നീളെ ആർപ്പുവിളികളോടെ അവർ ഞങ്ങളെ പിൻതുടർന്നു.' ചൈനക്കാരുടെ ദരിദ്രവും കഠിനവുമായ ജീവിതത്തെക്കുറിച്ച് ക്ലെയ്റ്റൺ ഇപ്രകാരം എഴുതിയിരിക്കുന്നു. 'അമേരിക്കയിൽ ഒരു ട്രക്കോ കുതിരയോ വലിക്കുന്ന വലിയ ഭാരമുള്ള വണ്ടികൾ ഇവിടെ ചിലപ്പോൾ ഇരുപതോ മുപ്പതോ കൂലിത്തൊഴിലാളികൾ ചേർന്ന് വലിച്ചുകൊണ്ട് പോകുന്നത് എനിക്ക് കാണാൻ സാധിച്ചു. ഈ ആളുകൾ വെറും മനുഷ്യക്കുതിരകളല്ലാതെ മറ്റൊന്നുമായി തോന്നുന്നില്ല. ഒരു ദിവസത്തെ അധ്വാനത്തിന്റെ അവസാനം അവർക്ക് കിട്ടുന്നതോ, രണ്ട് കപ്പ് അരിയും കിടക്കാനൊരിടവും മാത്രമായിരുന്നു. അവർ അത് എങ്ങനെ ചെയ്തുവെന്ന് എനിക്കറിയില്ല.'




*റിക്ഷ വലിക്കുന്നവൻ Rickshaw Puller), ലാൻ ജിയ (Lan Jia) മരക്കട്ടയിൽ കൊത്തിയ ചിത്രം. ലാവോ ഷി (Lao she) എഴുതിയ 'റിക്ഷ' എന്ന നോവൽ മഹാസാഹിത്യ കൃതിയായി മാറി.*

കുമിന്താങ്ങുകൾ രാജ്യത്തെ ഏകീകരിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നുവെങ്കിലും ചുരുങ്ങിയ സാമൂഹികാടിത്തറയും നിയന്ത്രിതമായ രാഷ്ട്രീയ കാഴ്ചപ്പാടും കാരണം അവർ പരാജയപ്പെട്ടു. സൺ യാത്-സെന്നിന്റെ കർമ്മപരിപാടികളിലെ പ്രധാന പ്രഖ്യാപനമായിരുന്ന 'മൂലധനം നിയന്ത്രിക്കുക ഭൂമി തുല്ല്യമാക്കുക' എന്ന ആശയം ഒരിക്കലും അവർ നടപ്പിലാക്കിയില്ല. കാരണം, കർഷകരെയും വളർന്നുകൊണ്ടിരുന്ന സാമൂഹികാസമത്വങ്ങളെയും പാർട്ടി അവഗണിച്ചു. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പകരം സൈനിക നടപടികൾ അടിച്ചേൽപ്പിക്കാനാണ് അവർ ശ്രമിച്ചത്.

*വില വർധനവിന്റെ കഥ*



## കാലരേഖ [Timeline]

| ജപ്പാൻ | | ചൈന | |
|---|---|---|---|
| 1603 | തൊക്കുഗാവ ഇയേയാസു ഏദോ ഷോഗണേറ്റ് സ്ഥാപിക്കുന്നു. | 1644 - 1911 | ക്വിങ് രാജവംശം |
| 1630 | ഡച്ചുകാരുമായുള്ള നിയന്ത്രിത വാണിജ്യത്തിനൊഴിച്ച് മറ്റെല്ലാ പാശ്ചാത്യരാജ്യങ്ങൾക്കെതിരെയും ജപ്പാൻ വാതിൽ അടയ്ക്കുന്നു | 1839 - 60 | രണ്ട് കറുപ്പ് യുദ്ധങ്ങൾ |
| 1854 | ജപ്പാൻ ഒറ്റപ്പെടൽ അവസാനിപ്പിച്ചുകൊണ്ട് അമേരിക്കയുമായി ഒരു സമാധാന കരാർ ഒപ്പിടുന്നു | | |
| 1868 | മെയ്ജി പുനസ്ഥാപനം | | |
| 1872 | നിർബന്ധിത വിദ്യാഭ്യാസ സമ്പ്രദായം, ആദ്യ റെയിൽവേപ്പാത (ടോക്കിയോ മുതൽ യോക്കോഹാമ വരെ) | | |
| 1889 | മെയ്ജി ഭരണഘടന നടപ്പിലാക്കുന്നു | | |
| 1894 - 95 | ജപ്പാൻ-ചൈന യുദ്ധം | | |
| 1904 - 05 | ജപ്പാൻ- റഷ്യ യുദ്ധം | | |
| 1910 | കൊറിയ പിടിച്ചെടുക്കുന്നു, 1945 വരെ കോളനിയാക്കി നിലനിർത്തുന്നു. | 1912 | സൺ യാത് -സെൻ കുമിന്താങ് സ്ഥാപിക്കുന്നു |
| 1914 --18 | ഒന്നാം ലോക യുദ്ധം | 1919 | മെയ് നാല് പ്രസ്ഥാനം |
| 1925 | സാർവത്രിക പുരുഷ വോട്ടവകാശം | 1921 | CCP സ്ഥാപിക്കുന്നു |
| 1931 | ജപ്പാൻ ചൈനയെ ആക്രമിക്കുന്നു | 1926 - 49 | ചൈനയിലെ ആഭ്യന്തര യുദ്ധങ്ങൾ |
| 1941 - 45 | പസഫിക് യുദ്ധം | 1934 | ലോങ് മാർച്ച് |
| 1945 | ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബ് വർഷിക്കുന്നു | 1945 | |
| 1946 - 52 | അമേരിക്കയുടെ നേതൃത്വത്തിലുള്ള ജപ്പാൻ അധിനിവേശം; ജനാധിപത്യവൽക്കരിക്കാനും സൈന്യത്തെ പിരിച്ചുവിടാനുമുള്ള പരിഷ്ക്കാരങ്ങൾ | 1949 | ചൈനീസ് ജനകീയ റിപ്പബ്ലിക് സ്ഥാപിക്കുന്നു. ചിയാങ് കൈഷക് തൈവാനിൽ ചൈനീസ് റിപ്പബ്ലിക് സ്ഥാപിക്കുന്നു |
| 1956 | ജപ്പാൻ ഐക്യരാഷ്ട്ര സഭയിൽ അംഗമാകുന്നു | 1962 | അതിർത്തിത്തർക്കത്തിൽ ചൈന ഇന്ത്യയെ ആക്രമിക്കുന്നു |
| 1964 | ഏഷ്യയിൽ ആദ്യമായി- ടോക്കിയോയിൽ - ഒളിമ്പിക്സ് നടക്കുന്നു | 1966 | സാംസ്ക്കാരിക വിപ്ലവം |
| | | 1976 | മാവോ സെ തുങ്ങ്, ചൗ-എൻ-ലായ് എന്നിവരുടെ മരണം |
| | | 1997 | ബ്രിട്ടൻ ചൈനയ്ക്ക് ഹോങ്ങ് കോങ് തിരിച്ച് നൽകുന്നു |

## ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉയർച്ച (The Rise of the Communist Party of China)

1937-ൽ ജപ്പാൻ ചൈനയെ ആക്രമിച്ചപ്പോൾ എതിർത്ത് നിൽക്കുന്നതിന് പകരം കുമിന്താങ്ങുകൾ പിൻവാങ്ങുകയാണുണ്ടായത്. ദീർഘവും വിനാശകരവുമായിരുന്ന യുദ്ധം ചൈനയെ ദുർബലപ്പെടുത്തി. 1945 നും 1949 നും മധ്യേ സാധനങ്ങളുടെ വില ഓരോ മാസവും 30 ശതമാനം വീതം ഉയരുകയും ഇത് സാധാരണ ജനങ്ങളുടെ ജീവിതത്തെത്തന്നെ നശിപ്പിക്കുകയും ചെയ്തു. ഗ്രാമീണ ചൈന അക്കാലത്ത് രണ്ട് പ്രതിസന്ധികൾ നേരിട്ടു. ഒന്ന് മണ്ണിന്റെ ശോഷണവും, വന നശീകരണവും, വെള്ളപ്പൊക്കവും കൊണ്ടുണ്ടായ പാരിസ്ഥിതിക പ്രതിസന്ധിയായിരുന്നു. ചൂഷണാത്മക ഭൂവ്യവസ്ഥയും, കടബാധ്യതയും, പ്രാചീന സാങ്കേതികവിദ്യയും, മോശപ്പെട്ട ആശയവിനിമയ സംവിധാനവും മൂലമുണ്ടായ സാമൂഹിക-സാമ്പത്തിക പ്രതിസന്ധിയായിരുന്നു രണ്ടാമത്തേത്.

റഷ്യൻ വിപ്ലവത്തിനുശേഷം അധികം താമസിയാതെ, 1921-ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെട്ടു. റഷ്യൻ വിപ്ലവത്തിന്റെ വിജയം ലോകമെമ്പാടും ശക്തമായ സ്വാധീനം ചെലുത്തി. ചൂഷണം അവസാനിപ്പിക്കാനായി ഒരു ലോകഗവൺമെന്റ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടി ലെനിൻ, ട്രോട്സ്കി (Trotsky) തുടങ്ങിയ നേതാക്കൾ 1918 മാർച്ചിൽ 'കോമിന്റേൺ' (Comintern) അഥവാ മൂന്നാം ഇന്റർനാഷണൽ (Third International) സ്ഥാപിച്ചു. കോമിന്റേണും സോവിയറ്റ് യൂണിയനും (USSR) ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളെ പിന്തുണച്ചുവെങ്കിലും നഗരങ്ങളിലെ തൊഴിലാളി വർഗം വിപ്ലവം കൊണ്ടുവരും എന്ന പരമ്പരാഗത മാർക്സിസ്റ്റ് വീക്ഷണമാണ് അവർ വച്ചുപുലർത്തിയിരുന്നത്. രാജ്യാതിർത്തികൾ കടന്നുള്ള ഇതിന്റെ (കോമിന്റേണിന്റെ) ആദ്യകാല ആകർഷണം അതിവിപുലമായിരുന്നെങ്കിലും സോവിയറ്റ് താൽപ്പര്യങ്ങളുടെ ഒരു ഉപകരണമായി പെട്ടെന്ന് ഇത് മാറുകയും 1943-ൽ പിരിച്ചുവിടപ്പെടുകയും ചെയ്തു. CCP യുടെ പ്രമുഖ നേതാവായി ഉയർന്നുവന്ന മാവോ സെ തുങ്ങ് (Mao Zedong, 1893-1976) കർഷകരെ മുൻനിർത്തിയുള്ള വിപ്ലവ പരിപാടികൾ അടിസ്ഥാനമാക്കിക്കൊണ്ടുള്ള വ്യത്യസ്തമായൊരു പാത സ്വീകരിച്ചു. മാവോയുടെ വിജയം CCP യെ കുമിന്താങ്ങുകളെ പരാജയപ്പെടുത്തിക്കൊണ്ട് കരുത്തുറ്റ ഒരു രാഷ്ട്രീയ ശക്തിയാക്കി മാറ്റി.



*മാവോ സെ തുങ്ങ് ലോങ് മാർച്ചിൽ*

മാവോ സെ തുങ്ങിന്റെ തീവ്രസമീപനം ജിയാങ്സി (Jiangxi) മലനിരകളിൽ കാണാം. കുമിന്താങ്ങ് ആക്രമണത്തിൽ നിന്ന് രക്ഷ തേടി മാവോയും അനുയായികളും 1928 മുതൽ 1934 വരെ ഈ മലനിരകളിൽ തമ്പടിച്ചിരുന്നു. അവിടെ അദ്ദേഹം കരുത്തുറ്റ ഒരു കർഷക സമിതി (സോവിയറ്റ്) സ്ഥാപിച്ചു. ഭൂമി കണ്ടുകെട്ടിയും പുനർവിതരണം ചെയ്തും അതിനെ ഒറ്റക്കെട്ടാക്കി നിലനിർത്തി. മറ്റ് നേതാക്കളിൽ നിന്ന് വ്യത്യസ്തമായി, മാവോ ഒരു സ്വതന്ത്രഗവൺമെന്റിന്റെയും സൈന്യത്തിന്റെയും ആവശ്യകതയ്ക്ക് ഊന്നൽകൊടുത്തു. സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. ഗ്രാമീണ വനിതാസംഘടനകളുടെ രൂപീകരണത്തെ അദ്ദേഹം പിൻതുണച്ചു. മുറപ്രകാരം പറ

1930-ൽ സുൻവു (Xunwu) വിൽ നടത്തിയ സർവേയിൽ മാവോ സെ തുങ്ങ് ചൂഷണത്തിന്റെ വിവിധതലങ്ങളെ പരിശോധിക്കുന്നതിനായി ദൈനംദിന ഉപഭോഗവസ്തുക്കളായ ഉപ്പ്, സോയബീൻ തുടങ്ങിയവയെയും പ്രാദേശിക സംഘടനകളുടെ ആപേക്ഷികശക്തിയെയും ചെറുകിട വ്യാപാരികൾ, കരവേലക്കാർ, കൊല്ലന്മാർ, വേശ്യകൾ തുടങ്ങിയവരെയും, മത സംഘടനകളുടെ ശക്തിയെയും കുറിച്ച് പഠനം നടത്തി. കുട്ടികളെ വിറ്റ കർഷകരുടെ എണ്ണം, എത്ര തുകയാണ് അവർക്ക് ലഭിച്ചത് എന്നതിന്റെയൊക്കെ സ്ഥിതിവിവരക്കണക്കുകൾ അദ്ദേഹം ശേഖരിച്ചു. 100 മുതൽ 200 വരെ യുവാൻ വിലയ്ക്കാണ് ആൺകുട്ടികളെ വിറ്റിരുന്നത്. എന്നാൽ പെൺകുട്ടികളെ അങ്ങനെ വിറ്റതിന് ദൃഷ്ടാന്തങ്ങൾ ഒന്നും തന്നെയില്ല. കാരണം ഈ കച്ചവടത്തിന്റെ ലക്ഷ്യം ലൈംഗിക ചൂഷണമായിരുന്നില്ല മറിച്ച് കഠിന ജോലികൾ ചെയ്യാനുള്ള തൊഴിലാളികളുടെ ആവശ്യം ആയിരുന്നു. സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വഴികൾ അദ്ദേഹം മുന്നോട്ട് വച്ചത് ഈ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഞ്ഞുറപ്പിച്ച വിവാഹം നിരോധിച്ചുകൊണ്ടും വിവാഹ ഉടമ്പടികൾ വാങ്ങുന്നതും വിൽക്കുന്നതും അവസാനിപ്പിച്ചുകൊണ്ടും വിവാഹമോചനം ലളിതമാക്കിക്കൊണ്ടുമുള്ള ഒരു പുതിയ വിവാഹ നിയമം അദ്ദേഹം പ്രഖ്യാപിച്ചു.

കുമിന്താങ്ങുകൾ കമ്മ്യൂണിസ്റ്റുകളുടെ സോവിയറ്റുകളെ ഉപരോധിച്ചത് പാർട്ടിയെ മറ്റൊരു താവളം തേടുവാൻ നിർബന്ധിച്ചു. അതീവ ദുർഘടമായ 6000 മൈൽ താണ്ടി ഷാൻസി (Shanxi) യിലേക്ക് പോകാൻ അത് അവരെ പ്രേരിപ്പിച്ചു. ചൈനീസ് ചരിത്രത്തിൽ ഇത് ലോങ് മാർച്ച് (Long March, 1934-35) എന്നറിയപ്പെടുന്നു. യെനാനിലെ (Yanan) തങ്ങളുടെ പുതിയ താവളത്തിൽ കമ്മ്യൂണിസ്റ്റുകൾ യുദ്ധപ്രഭുത്വം അവസാനിപ്പിക്കാനും ഭൂപരിഷ്ക്കരണങ്ങൾ നടപ്പിലാക്കാനും വിദേശ സാമ്രാജ്യത്വത്തിനെതിരെ പോരാടുന്നതിനും പ്രാധാന്യം നൽകിക്കൊണ്ട് അവരുടെ പ്രവർത്തന പരിപാടികൾ വിപുലപ്പെടുത്തി. ഇത് അവർക്ക് ശക്തമായൊരു സാമൂഹ്യാടിത്തറ നേടിക്കൊടുത്തു. യുദ്ധത്തിന്റെ ക്ലേശകരമായ വർഷങ്ങളിൽ കമ്മ്യൂണിസ്റ്റുകളും കുമിന്താങ്ങുകളും ഒത്തുചേർന്ന് പ്രവർത്തിച്ചു. എന്നാൽ യുദ്ധാനന്തരം ബന്ധം തകരുകയും കുമിന്താങ്ങുകളെ പരാജയപ്പെടുത്തിക്കൊണ്ട് കമ്മ്യൂണിസ്റ്റുകൾ ചൈനയിൽ അധികാരം സ്ഥാപിക്കുകയും ചെയ്തു.




ഭൂപടം 2 : ലോങ് മാർച്ച്



*ലോങ് മാർച്ചിലെ സൈനികർ ഉപയോഗശൂന്യമായ ഭൂമി കൃഷിയോഗ്യമാക്കുന്ന ചിത്രം, 1941.*

## നവീന ജനാധിപത്യം സ്ഥാപിക്കുന്നു : 1949-65 (Establishing the New Democracy: 1949-65)

1949-ൽ ജനകീയ ചൈനാറിപ്പബ്ലിക് (Peple's Republic of China) സ്ഥാപിതമായി. സോവിയറ്റ് യൂണിയൻ സ്ഥാപിച്ചു എന്നു പറയുന്ന 'തൊഴിലാളി വർഗ സർവാധിപത്യ'* ത്തിൽ നിന്ന് വ്യത്യസ്തമായി എല്ലാ സാമൂഹിക വിഭാഗങ്ങളുടെയും സഖ്യം എന്ന 'നവീന ജനാധിപത്യ' തത്വത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ഇത്. സമ്പദ്ഘടനയിലെ നിർണായക മേഖലകൾ ഗവൺമെന്റിന്റെ നിയന്ത്രണത്തിലാക്കി. സ്വകാര്യ സംരംഭങ്ങൾ, സ്വകാര്യ ഭൂവുടമസ്ഥാവകാശം എന്നിവ ക്രമേണ നിർത്തലാക്കി. 1953-ൽ, സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ ഒരു പുതിയ പദ്ധതി ആരംഭിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുന്നതുവരെ ഈ പദ്ധതി തുടർന്നു. അതിവേഗം വ്യാവസായവൽക്കരിക്കു

*സമ്പന്ന വർഗത്തിന്റെ അടിച്ചമർത്തൽ സ്വഭാവമുള്ള ഭരണകൂടത്തെ മാറ്റി തൊഴിലാളി വർഗം തങ്ങളുടെ വിപ്ലവ ഭരണകൂടം സ്ഥാപിക്കും എന്നതിന് ഊന്നൽ നൽകാനാണ് കാറൽ മാർക്സ് (Karl Marx) ഈ പദം ഉപയോഗിച്ചത്. അല്ലാതെ ഏകാധിപത്യം എന്ന ഇന്നത്തെ അർഥത്തിലല്ല.

വാൻ രാജ്യത്തെ തയാറാക്കാനായി മാവോ 1958 ൽ മഹത്തായ കുതിച്ചുചാട്ടം (Great Leap Forward) എന്നൊരു പ്രസ്ഥാനം നടപ്പിലാക്കി. വീട്ടുവളപ്പിൽത്തന്നെ ഉരുക്കു ചൂളകൾ സ്ഥാപിക്കാൻ അദ്ദേഹം ജനങ്ങളെ പ്രോത്സാഹിപ്പിച്ചു. ഗ്രാമീണ മേഖലകളിൽ ജനങ്ങളുടെ കാർഷികഗ്രാമസംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. (അവിടെ ഭൂമിയുടെ മേൽ കൂട്ടുത്തരവാദിത്വവും കൂട്ടുകൃഷിയും നടപ്പിലാക്കിയിരുന്നു). 1958 ആയപ്പോഴേക്കും 98 ശതമാനം കർഷകജനതയെ ഉൾക്കൊള്ളുന്ന വളരെ വലിയ 26,000 ജനകീയ സമിതികൾ (കമ്മ്യൂണുകൾ) അവിടെ ഉണ്ടായിരുന്നു.

പാർട്ടി മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലേക്കായി ജനങ്ങളെ സംഘടിപ്പിക്കാൻ മാവോയ്ക്ക് കഴിഞ്ഞു. പിതൃഭൂമി, ജനങ്ങൾ, അധ്വാനം, ശാസ്ത്രം, പൊതുസ്വത്ത് എന്നീ അഞ്ച് താൽപ്പര്യങ്ങളുള്ള ഒരു സോഷ്യലിസ്റ്റ് മനുഷ്യനെ സൃഷ്ടിക്കുക ആയിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. കർഷകർക്കും സ്ത്രീകൾക്കും വിദ്യാർഥികൾക്കും മറ്റു ജനവിഭാഗങ്ങൽക്കും വേണ്ടി ജനകീയ സംഘടനകൾക്ക് രൂപം നൽകി. 76 ദശലക്ഷം അംഗങ്ങൾ ഉണ്ടായിരുന്ന ആൾ ചൈന ഡെമോക്രാറ്റിക് വിമെൻസ് ഫെഡറേഷൻ (All China Democratic Women's Federation), 3.29 ദശലക്ഷം അംഗങ്ങൾ ഉണ്ടായിരുന്ന ആൾ ചൈന സ്റ്റുഡൻസ് ഫെഡറേഷൻ (All China Students Federation) എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. മാവോയുടെ ഈ ലക്ഷ്യങ്ങളും രീതികളും പാർട്ടിയിലെ എല്ലാവർക്കും സ്വീകാര്യമായിരുന്നില്ല. 1953–54 ൽ പാർട്ടിയിലെ ഒരു വിഭാഗം വ്യവസായ സംഘടനകൾക്കും സാമ്പത്തിക വളർച്ചയ്ക്കും കൂടുതൽ ഊന്നൽ നൽകണമെന്ന് ആവശ്യപ്പെട്ടു. കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാൽ കാർഷികഗ്രാമസമുദായ (കമ്മ്യൂൺ) സമ്പ്രദായത്തിൽ മാറ്റം വരുത്തി പരിഷ്കരിക്കാൻ ലിയു ഷാവോചി (Liu Shaochi, 1896-1969) ഡെങ് സിയാവോപിങ് (Deng Xiavoping, 1904-1997) എന്നിവർ ശ്രമിച്ചു. വീട്ടുവളപ്പിലെ ചൂളകളിൽ ഉൽപ്പാദിപ്പിച്ചിരുന്ന ഉരുക്ക് വ്യാവസായികമായി ഉപയോഗിക്കാനാവാത്തവയായിരുന്നു.

## പരസ്പര വിരുദ്ധമായ വീക്ഷണങ്ങൾ: 1965-78 (Conflicting Visions: 1965-78)

'സോഷ്യലിസ്റ്റ് മനുഷ്യനെ' സൃഷ്ടിക്കുക എന്ന മാവോയുടെ ആശയത്തെയും, വൈദഗ്ധ്യത്തെക്കാളുപരി പ്രത്യയശാസ്ത്രത്തിന് ഊന്നൽ നൽകുന്നതിനെയും പാർട്ടിയിലെ ഒരു വിഭാഗം ശക്തമായി എതിർത്തു. ഈ വിമർശകരെ നേരിടുന്നതിനായി മാവോ 1965–ൽ മഹത്തായ തൊഴിലാളിവർഗ സാംസ്ക്കാരിക വിപ്ലവം (Great Proletarian Cultural Revolution) ആരംഭിച്ചു. പ്രാചീന സംസ്ക്കാരത്തിനും ആചാരങ്ങൾക്കും രീതികൾക്കും എതിരെ പ്രചാരണം നടത്തുന്നതിനായി വിദ്യാർഥികളും സൈനികരുമടങ്ങുന്ന റെഡ് ഗാർഡ് (Red Guards) നെ ഉപയോഗപ്പെടുത്തി. ജനങ്ങളുടെ പ്രതികരണം മനസ്സിലാക്കുന്നതിനായി വിദ്യാർഥികളെയും ഉദ്യോഗസ്ഥരെയും നാട്ടിൻപുറങ്ങളിലേക്കയച്ചു. പ്രത്യയശാസ്ത്രം (കമ്മ്യൂണിസ്റ്റ് ആയിരിക്കുക) ആയിരുന്നു വൈദഗ്ധ്യത്തെക്കാൾ പ്രധാനം. യുക്തിപരമായ സംവാദങ്ങളുടെയും ചർച്ചകളുടേയും സ്ഥാനത്ത് ദുരാരോപണങ്ങളും മുദ്രാവാക്യങ്ങളും ഇടം നേടി.

സാംസ്ക്കാരിക വിപ്ലവം പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിന് തുടക്കം കുറിച്ചു. ഇത് പാർട്ടിയെ ദുർബലപ്പെടുത്തുകയും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും വിദ്യാഭ്യാസ സമ്പ്രദായത്തെയും ഗുരുതരമായി ബാധിക്കുകയും ചെയ്തു. എന്നാൽ 1960 കളുടെ അവസാനത്തോടെ ഗതി മാറുവാൻ തുടങ്ങി. 1975–ൽ പാർട്ടി വീണ്ടും വലിയ സാമൂഹ്യ അച്ചടക്കത്തിനും ഒരു വ്യാവസായിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പെടുക്കേണ്ടതിന്റെ ആവശ്യകതയ്ക്കും ഊന്നൽ നൽകാൻ തുടങ്ങി. അങ്ങനെ നൂറ്റാണ്ടിന്റെ അവസാനത്തിനു മുമ്പ് ചൈന ഒരു ശക്തിയായിത്തീരുകയും ചെയ്തു.

## 1978 മുതലുള്ള പരിഷ്കാരങ്ങൾ (Reforms from 1978)

സാംസ്കാരിക വിപ്ലവത്തെത്തുടർന്ന് വന്നത് രാഷ്ട്രീയ തന്ത്രങ്ങളുടെ ഒരു കാലഘട്ടമായിരുന്നു. ഡെങ് സിയോവോപിങ് പാർട്ടിയുടെ നിയന്ത്രണം ശക്തമാക്കുകയും ഒരു സോഷ്യലിസ്റ്റ് കമ്പോളവ്യവസ്ഥ അവതരിപ്പിക്കുകയും ചെയ്തു. 1978-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ശാസ്ത്രം, വ്യവസായം, കൃഷി, പ്രതിരോധം എന്നിവ വികസിപ്പിക്കുതിനായി 'നാല് നവീകരണങ്ങൾ' (Four Modernisations) എന്ന അവരുടെ ലക്ഷ്യം പ്രഖ്യാപിച്ചു. പാർട്ടിയെ ചോദ്യം ചെയ്യാത്ത കാലത്തോളം സംവാദങ്ങൾ അനുവദിക്കുകയും ചെയ്തു.



1978 – ലെ പരിഷ്ക്കാരങ്ങൾക്ക് ശേഷം ചൈനക്കാർക്ക് ഉപഭോഗ വസ്തുക്കൾ സ്വതന്ത്രമായി വാങ്ങുവാൻ കഴിഞ്ഞു.

നവീനവും സ്വതന്ത്രവുമായ ഈ ചുറ്റുപാടിൽ, അറുപത് വർഷങ്ങൾക്കു മുൻപ് മേയ് നാല് പ്രസ്ഥാനത്തിന്റെ കാലത്തേതുപോലെ പുതിയ ആശയങ്ങളുടെ ഒരു വിസ്ഫോടനം തന്നെ ഉണ്ടായി. 1978 ഡിസംബർ 5-ാം തീയതി പ്രത്യക്ഷപ്പെട്ട 'അഞ്ചാം നവീകരണം' (The Fifth Modernisation) എന്ന ഒരു ചുമർപ്പരസ്യം ജനാധിപത്യമില്ലാതെ മറ്റ് ആധുനികവൽക്കരണങ്ങളൊന്നും അർഥപൂർണമാകില്ലെന്ന് പ്രഖ്യാപിച്ചു. ദാരിദ്ര്യമെന്ന പ്രശ്നം പരിഹരിക്കാത്തതിനും, ലൈംഗിക ചൂഷണം അവസാനിപ്പിക്കാത്തതിനും, പാർട്ടിക്കകത്തുതന്നെ നടക്കുന്ന അത്തരം അപമാനകരമായ കേസുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിമർശിക്കാനാണ് അത് ശ്രമിച്ചത്.

ഇത്തരം ആവശ്യങ്ങൾ അടിച്ചമർത്തപ്പെട്ടു. എങ്കിലും 1989-ൽ മേയ് നാല് പ്രസ്ഥാനത്തിന്റെ എഴുപതാം വാർഷികത്തിൽ നിരവധി ബുദ്ധിജീവികൾ കൂടുതൽ തുറന്ന സമീപനം വേണമെന്നും ദൃഢസിദ്ധാന്തങ്ങൾ (സു ഷാവോസി) അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ഈ ആവശ്യങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് ബീജിങ്ങിലെ ടിയാനെൻമെൻ സ്ക്വയറിൽ നടന്ന വിദ്യാർഥി പ്രകടനം മൃഗീയമായി അടിച്ചമർത്തപ്പെട്ടു. ലോകം മുഴുവൻ ഈ ക്രൂരതയെ ശക്തമായി അപലപിച്ചു.

പരിഷ്ക്കരണാനന്തര കാലഘട്ടം ചൈനയെ വികസിപ്പിക്കാനുള്ള മാർഗങ്ങളെപ്പറ്റിയുള്ള സംവാദങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ശക്തമായ രാഷ്ട്രീയ നിയന്ത്രണവും, സാമ്പത്തിക ഉദാരവൽക്കരണവും ആഗോള വിപണിയുമായുള്ള സംയോജിക്കൽ എന്നിവ അടിസ്ഥാനമാക്കിയുള്ള വീക്ഷണമാണ് പാർട്ടി പിന്തുണച്ച പ്രധാന അഭിപ്രായം. സാമൂഹികവിഭാഗങ്ങൾ തമ്മിലും പ്രദേശങ്ങൾതമ്മിലും സ്ത്രീപുരുഷന്മാർ തമ്മിലുമുള്ള വർധിച്ചുവരുന്ന അസമത്വം സാമൂഹിക സംഘർഷങ്ങൾ വർധിപ്പിക്കുന്നു എന്ന് വിമർശകർ വാദിച്ചു. വിപണിക്ക് നൽകുന്ന അമിത പ്രാധാന്യത്തെയും അവർ ചോദ്യം ചെയ്തു. പരമ്പരാഗതാശയങ്ങളെന്ന് വിളിക്കപ്പെടുന്ന കൺഫ്യൂഷ്യനിസം പോലുള്ള ആശയങ്ങൾക്ക് പുനർജീവനം ഉണ്ടായി. അതുകൊണ്ട് പാശ്ചാത്യരിൽ നിന്ന് പകർത്തുന്നതിനു പകരം സ്വന്തം പാരമ്പര്യങ്ങൾ പിൻതുടർന്നു തന്നെ ചൈനയ്ക്ക് ഒരു ആധുനിക സമൂഹം സൃഷ്ടിക്കാൻ കഴിയുമെന്നും അവർ വാദിച്ചു.

## തായ്‌വാന്റെ കഥ (The Story of Taiwan)

CCP യോട് പരാജയപ്പെട്ട് ചിയാങ് കൈഷക്ക് 300 മില്യൺ ഡോളർ കരുതൽ സ്വർണവും വിലമതിക്കാനാകാത്ത കലാശേഖരങ്ങളുമായി തായ്‌വാനിലേക്ക് പലായനം ചെയ്യുകയും അവിടെ ഒരു ചൈനീസ് റിപ്പബ്ലിക് (Republic of China) സ്ഥാപിക്കുകയും ചെയ്തു. ജപ്പാനുമായുള്ള 1894–95–ലെ യുദ്ധത്തിന് ശേഷം ചൈന ജപ്പാന് കൈമാറിയ തായ്‌വാൻ, ജപ്പാന്റെ കോളനിയായിരുന്നു. കെയ്റോ പ്രഖ്യാപനം (Cairo Declaration, 1943) പോട്ട്സ്ഡാം വിളംബരം (Potsdam Proclamation, 1949) എന്നിവ തായ്‌വാനുമേലെയുള്ള ചൈനയുടെ പരമാധികാരം പുനസ്ഥാപിച്ചു.

1947 ഫെബ്രുവരിയിൽ നടന്ന വമ്പിച്ച പ്രകടനങ്ങൾ ആ കാലഘട്ടത്തിലെ പ്രമുഖ നേതാക്കൻമാരെ മുഴുവൻ ക്രൂരമായി കൊലചെയ്യുവാൻ GMD യെ (കുമിന്താങ് എന്നതിന്റെ ചുരുക്കെഴുത്ത്) പ്രേരിപ്പിച്ചിരുന്നു. ചിയാങ് കൈഷക്കിന്റെ നേതൃത്വത്തിലുള്ള GMD സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങളെയും രാഷ്ട്രീയ പ്രതിപക്ഷത്തെയും അവഗണിക്കുകയും പ്രാദേശിക ജനതയെ അധികാരത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തുകൊണ്ട് ഒരു അടിച്ചമർത്തൽ ഗവൺമെന്റിന് രൂപം നൽകി. എന്നിരുന്നാലും, അവർ ഭൂരിപരിഷ്കരണം നടപ്പിലാക്കിയതിലൂടെ കാർഷിക ഉൽപ്പാദനക്ഷമത വർധിക്കുകയും സാമ്പത്തിക വ്യവസ്ഥയെ ആധുനികവൽക്കരിക്കുകയും ചെയ്തു. അങ്ങനെ 1973 ആകുമ്പോഴേക്കും തായ്‌വാൻ മൊത്തം ദേശീയോൽപ്പാദനത്തിൽ (GNP- Gross National Product) ഏഷ്യയിൽ ജപ്പാനു പിന്നിൽ രണ്ടാം സ്ഥാനത്തെത്തി. കൂടുതലും വ്യാപാരത്തെ അടിസ്ഥാനമാക്കിയുള്ള തായ്‌വാന്റെ സമ്പദ്‌വ്യവസ്ഥ അതിവേഗം വികസിക്കുകയായിരുന്നു. എന്നാൽ പണക്കാരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരം ക്രമേണ കുറയുകയായിരുന്നു എന്നതായിരുന്നു അതിലേറെ പ്രധാനം.

ഇതിനേക്കാൾ അതിശയകരമായത് തായ്‌വാന്റെ ജനാധിപത്യത്തിലേക്കുള്ള പരിവർത്തനമായിരുന്നു. 1975–ൽ ചിയാങ് കൈഷക്കിന്റെ മരണശേഷം സാവധാനത്തിൽ ആരംഭിച്ച ഈ പരിവർത്തനം 1987–ൽ സൈനികനിയമം എടുത്തുകളഞ്ഞതോടെയും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനത്തിന് നിയമസാധുത ലഭിച്ചതോടെയും വേഗത കൈവരിച്ചു. തുടർന്നു നടന്ന ആദ്യ സ്വതന്ത്ര തിരഞ്ഞെടുപ്പിലൂടെ തായ്‌വാനിലെ പ്രാദേശിക ജനങ്ങളെ അധികാരത്തിലേറ്റുവാൻ തുടങ്ങി. നയതന്ത്രപരമായി മിക്ക രാജ്യങ്ങൾക്കും തായ്‌വാനുമായി വ്യാപാരദൗത്യങ്ങൾ മാത്രമാണുണ്ടായിരുന്നത്. തായ്‌വാനെ ചൈനയുടെ പ്രദേശമായി കണക്കാക്കിയിരുന്നതിനാൽ പൂർണ നയതന്ത്രബന്ധം സാധ്യമായിരുന്നില്ല.

ചൈനയുമായുള്ള കൂടിച്ചേരൽ ഒരു വിവാദവിഷയമായി തുടർന്നുപോരുന്നു. എങ്കിലും ഇവർ തമ്മിലുള്ള (ചൈനയും തായ്‌വാനും) ബന്ധം (Cross Straight) മെച്ചപ്പെടുകയായിരുന്നു. കൂടാതെ തായ്‌വാന്റെ ചൈനയുമായുള്ള വൻതോതിലുള്ള വ്യാപാരവും നിക്ഷേപവും വർധിക്കുകയും ഇരു രാജ്യങ്ങൾക്കുമിടയിലുള്ള യാത്ര എളുപ്പമായിത്തീരുകയും ചെയ്തു. സമ്പൂർണ സ്വാതന്ത്ര്യം നേടാനുള്ള പുതിയ ശ്രമങ്ങൾ നടത്താത്തിടത്തോളം കാലം അർധ സ്വയംഭരണമുള്ള തായ്‌വാനെ അംഗീകരിക്കാൻ ചൈന തയാറായിരിക്കും എന്ന് വേണം കരുതാൻ.

## ആധുനികതയിലേക്കുള്ള രണ്ട് പാതകൾ (Two Roads to Modernisation)

വ്യാവസായിക സമൂഹങ്ങളായ ജപ്പാനും ചൈനയും പരസ്പരം സാദൃശ്യം ഉണ്ടാക്കാതെ തന്നെ ആധുനികവൽക്കരണത്തിന്റെ സ്വന്തം പാതകൾ കണ്ടെത്തിയിരിക്കുന്നു. വിഭിന്നമായ വഴികളിലൂടെ സ്വതന്ത്രവും ആധുനികവുമായ രാഷ്ട്രങ്ങൾ കെട്ടിപ്പടുക്കുന്നതിൽ വ്യത്യസ്തങ്ങളായ ചരിത്രസാഹചര്യങ്ങൾ എങ്ങനെ വഴിയൊരുക്കി എന്ന് ജപ്പാന്റെയും ചൈനയുടെയും ചരിത്രം വ്യക്തമാക്കുന്നു. തങ്ങളുടെ സ്വാതന്ത്ര്യം നിലനിർത്തുന്നതിലും പരമ്പരാഗത കഴിവുകളും സമ്പ്രദായങ്ങളും പുതിയ രീതിയിൽ ഉപയോഗിക്കുന്നതിലും ജപ്പാൻ വിജയിച്ചു. എന്നിരുന്നാലും വരേണ്യവർഗം നയിച്ച അതിന്റെ ആധുനികവൽക്കരണം ആക്രമണോത്സുകദേശീയതയുടെ രൂപീകരണത്തിന് വഴിയൊരുക്കി. പ്രതിഷേധങ്ങളും ജനാധിപത്യത്തിനു വേണ്ടിയുള്ള ആവശ്യങ്ങളും അടിച്ചമർത്തുന്ന ഒരു ഭരണകൂടത്തെ നിലനിർത്താൻ അത് അവരെ സഹായിച്ചു. അത് ആ പ്രദേശത്ത് വിദ്വേഷത്തിന്റെ പാരമ്പര്യവും വികലമായ ആഭ്യന്തര സംഭവവികാസങ്ങളും അവശേഷിപ്പിച്ച ഒരു കോളനിസാമ്രാജ്യം സ്ഥാപിക്കുവാൻ കാരണമാവുകയും ചെയ്തു.

ജപ്പാന്റെ ആധുനികവൽക്കരണ പരിപാടികൾ പശ്ചാത്യ സാമ്രാജ്യത്വ ശക്തികൾക്ക് ആധിപത്യമുള്ള ഒരു ചുറ്റുപാടിലാണ് നടത്തിയിരുന്നത്. എന്നാൽ പാശ്ചാത്യരെ അനുകരിക്കുമ്പോൾത്തന്നെ അവർ സ്വന്തമായി പരിഹാരങ്ങൾ കണ്ടെത്താനും ശ്രമിച്ചിരുന്നു. ജാപ്പനീസ് ദേശീയതയിൽ ഈ രണ്ട് വ്യത്യസ്ത സന്ദർഭങ്ങളും മുഴച്ചു നിന്നു. അനേകം ജപ്പാൻകാർ ഏഷ്യയെ പാശ്ചാത്യലോകത്തിന്റെ ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ മറ്റു ചിലർ ഈ ആശയങ്ങൾ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ സഹായകമായി എന്നതിന് ന്യായീകരിച്ചു.

സാമൂഹിക-രാഷ്ട്രീയ സ്ഥാപനങ്ങളുടെയും ദൈനംദിന ജീവിതത്തിലെയും മാറ്റങ്ങൾ എന്നത് പാരമ്പര്യങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതും ദൃഢമായി അവ സംരക്ഷിക്കുന്നതും മാത്രമായിരുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ, പുതിയതും വ്യത്യസ്തവുമായ രീതിയിൽ ക്രിയാത്മകമായി അവ ഉപയോഗിക്കുക എന്നതായിരുന്നു ഇവിടെ ഏറ്റവും പ്രധാനം. ഉദാഹരണത്തിന്, പാശ്ചാത്യരുടെയും അമേരിക്കക്കാരുടെയും രീതികൾ മാതൃകയാക്കി നടപ്പിലാക്കിയ മെയ്ജി സ്കൂൾ സമ്പ്രദായം പുതിയ വിഷയങ്ങളെ ജപ്പാനിലെ ജനങ്ങൾക്കിടയിൽ അവതരിപ്പിച്ചു. എന്നാൽ പാഠ്യപദ്ധതിയുടെ പ്രധാന ലക്ഷ്യം വിശ്വസ്തരായ പൗരന്മാരെ സൃഷ്ടിക്കുക എന്നതായിരുന്നു. ചക്രവർത്തിയോടുള്ള വിശ്വസ്തതയ്ക്ക് ഊന്നൽ നൽകുന്ന ധാർമ്മികതയെപ്പറ്റിയുള്ള ഒരു പാഠ്യക്രമം അവിടെ നിർബന്ധമായിരുന്നു. അതുപോലെ കുടുംബത്തിലോ അല്ലെങ്കിൽ ദൈനംദിന ജീവിത്തിലോ വന്ന മാറ്റങ്ങൾ എങ്ങനെയാണ് വിദേശീയവും സ്വദേശീയവുമായ ആശയങ്ങൾ കൂടിച്ചേർന്ന് പുതിയൊരു ആശയം ഉണ്ടായതെന്ന് കാണിക്കുകയും ചെയ്യുന്നു.

ആധുനികവൽക്കരണത്തിലേക്കുള്ള ചൈനയുടെ പാത വളരെ വ്യത്യസ്തമായിരുന്നു. പാശ്ചാത്യരും ജപ്പാനും ഉൾപ്പെടെയുള്ള വിദേശ സാമ്രാജ്യത്വവും ധൈര്യമില്ലാത്ത ദുർബലമായ ക്വിങ് രാജവംശവും ചേർന്ന് സർക്കാർ നിയന്ത്രണത്തെ ദുർബലപ്പെടുത്തി. ഇത് രാഷ്ട്രീയ സാമൂഹിക ക്രമങ്ങളുടെ തകർച്ചയിലേക്ക് എത്തുകയും ജനങ്ങളെ കടുത്ത ദുരിതത്തിലേക്ക് നയിക്കുകയും ചെയ്തു. യുദ്ധപ്രഭുത്വം, കവർച്ച, ആഭ്യന്തര യുദ്ധം എന്നിവ ജപ്പാൻ അധിനിവേശത്തിന്റെ ദുരിതത്തെപ്പോലെ തന്നെ ചൈനയുടെ ജനങ്ങളുടെ ജീവിതത്തിൽ കനത്ത ദുരിതം വിതച്ചു. പ്രകൃതി ദുരന്തങ്ങൾ അവരുടെ ദുരിതഭാരം വർധിപ്പിച്ചു.

പാരമ്പര്യത്തെ തള്ളിക്കളയാനും ദേശീയ ഐക്യവും ശക്തിയും കെട്ടിപ്പടുക്കുവാനുമുള്ള മാർഗങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾക്കും പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകൾ സാക്ഷ്യം വഹിച്ചു. ജനങ്ങളെ ദാരിദ്രത്തിൽ തളയ്ക്കുന്നതും സ്ത്രീകളെ അടിമപ്പെടുത്തിയതും രാജ്യം അവികസിതമാക്കിയതും ചൈനയുടെ പഴകിയ പാരമ്പര്യങ്ങളാണെന്ന് CCP-യും അനുയായികളും വിശ്വസിച്ചു. അധികാരം ജനങ്ങളിലേക്ക് എന്ന് ആഹ്വാനം ചെയ്യുമ്പോഴും അതിശക്തമായ കേന്ദ്രീകൃത ഭരണമാണ് ചൈനയിൽ രൂപീകരിക്കപ്പെട്ടത്. കമ്മ്യൂണിസ്റ്റ് കർമ്മപരിപാടികളുടെ വിജയം ജനങ്ങൾക്ക് പ്രതീക്ഷയേകി. പക്ഷേ, ഇതിന്റെ മർദനപരമായ രാഷ്ട്രീയ സംവിധാനം സ്വാതന്ത്ര്യം, സമത്വം തുടങ്ങിയ ആശയങ്ങൾ ജനങ്ങളെ സ്വാധീനിക്കുവാനുള്ള വെറും മുദ്രാവാക്യങ്ങളാക്കി മാറ്റി. എന്നിരുന്നാലും നൂറ്റാണ്ടുകളുടെ പഴക്കമുണ്ടായിരുന്ന അസമത്വം ഇല്ലാതാക്കാനും വിദ്യാഭ്യാസം വ്യാപിപ്പിക്കാനും ജനങ്ങൾക്കിടയിൽ ഒരു അവബോധം സൃഷ്ടിക്കാനും കമ്മ്യൂണിസ്റ്റുകൾക്ക് കഴിഞ്ഞു.

പാർട്ടി ഇപ്പോൾ അതിന്റെ കമ്പോള പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു; ചൈനയെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിൽ അത് വിജയിക്കുകയും ചെയ്തു. എന്നാൽ അതിന്റെ രാഷ്ട്രീയ സംവിധാനം ഇപ്പോഴും കർശനമായി നിയന്ത്രിക്കപ്പെട്ട ഒന്നായി തുടരുന്നു. കൂടിവരുന്ന അസമത്വങ്ങളും ദീർഘകാലം അടിച്ചമർത്തപ്പെട്ടുകിടന്നിരുന്ന പാരമ്പര്യങ്ങളുടെ മടങ്ങി വരവും ചൈനീസ് സമൂഹം ഇന്ന് അഭിമുഖീകരിക്കുന്നു. ഈ പുതിയ സാഹചര്യം, 'പാരമ്പര്യത്തെ നിലനിർത്തിക്കൊണ്ട് എങ്ങനെ ചൈനയ്ക്ക് വികസിക്കാൻ കഴിയും 'എന്ന ചോദ്യം വീണ്ടും ഉയർത്തുന്നു.

## അഭ്യാസങ്ങൾ (Exercises)

### ചുരുക്കി ഉത്തരം എഴുതുക (ANSWER IN BRIEF)

1 അതിവേഗത്തിൽ ആധുനികവൽക്കരണം സാധ്യമാക്കാൻ ജപ്പാനെ സഹായിച്ച മെയ്ജി പുനസ്ഥാപനത്തിനു മുൻപുള്ള പ്രധാന സംഭവവികാസങ്ങൾ എന്തൊക്കെയായിരുന്നു?

2 ജപ്പാൻ വികസിതമായപ്പോൾ ദൈനംദിന ജീവിതം എങ്ങനെ മാറ്റിമറിക്കപ്പെട്ടു എന്ന് ചർച്ച ചെയ്യുക.

3 പാശ്ചാത്യശക്തികൾ ഉയർത്തിയ വെല്ലുവിളികളെ ക്വിങ് രാജവംശം എങ്ങനെയാണ് നേരിടാൻ ശ്രമിച്ചത്?

4 സൺ യാത് സെൻ-ന്റെ മൂന്ന് തത്വങ്ങൾ എന്തെല്ലാമായിരുന്നു?

### ലഘു ഉപന്യാസം എഴുതുക (ANSWER IN A SHORT ESSAY)

5. ജപ്പാന്റെ ദ്രുതഗതിയിലുള്ള വ്യാവസായവൽക്കരണം അയൽരാജ്യങ്ങളുമായുള്ള യുദ്ധങ്ങളിലേക്കും പരിസ്ഥിതിയുടെ നാശത്തിലേക്കും വഴിതെളിച്ചുവോ?

6 മാവോ സെ തുങ്ങും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ചൈനയെ സ്വതന്ത്രമാക്കുന്നതിൽ വിജയിക്കുകയും അതിന്റെ ഇപ്പോഴത്തെ വിജയത്തിന് അടിത്തറയിടുകയും ചെയ്തു എന്ന് നിങ്ങൾ കരുതുന്നുണ്ടോ?

# ഉപസംഹാരം
## (CONCLUSION)

**ലോ**കചരിത്രത്തിലെ പ്രമേയങ്ങൾ എന്ന ഈ പുസ്തകം പുരാതന, മധ്യ ആധുനിക ഘട്ടങ്ങളുടെ വിശാലമായ കാലഘട്ടങ്ങളിലൂടെ നിങ്ങളെ കൂട്ടിക്കൊണ്ടുപോയി. മനുഷ്യപരിണാമത്തെയും വികാസത്തെയും കുറിച്ചുള്ള കൂടുതൽ പ്രമുഖമായ ചില പ്രമേയങ്ങളിൽ ഇത് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിലെ ഓരോ ഭാഗവും താഴെപ്പറയുന്ന ചുരുക്കിപ്പറഞ്ഞിരിക്കുന്ന ഘട്ടങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

I ഏകദേശം 6 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് - 400 ബി.സി.ഇ.

II ബി.സി.ഇ. 400 - 1300 സി.ഇ.

III 800 - 1700 സി.ഇ.

IV 1700 - 2000 സി.ഇ.

ചരിത്രകാരൻമാർ പലപ്പോഴും പ്രാചീന, മധ്യ, ആധുനിക കാലഘട്ടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിക്കാറുണ്ടെങ്കിലും ചരിത്രകാരന്റെ സൃഷ്ടികൾ ചില പൊതു സവിശേഷതകളെയും വിഷമാവസ്ഥകളെയും വെളിപ്പെടുത്തുന്നുണ്ട്. ചരിത്രം എഴുതപ്പെട്ടതും ചർച്ച ചെയ്യപ്പെട്ടതും എങ്ങനെയെന്ന് കാണിക്കുന്നതിനും ആധുനികകാലത്തിന് ഒരുപാട് പുറകിലേക്കു പോകുന്ന നമ്മുടെ മാനവ ചരിത്രത്തെ പൂർണമായി ഗ്രഹിക്കാൻ നിങ്ങളെ സജ്ജരാക്കുന്നതിനുമായി പുരാതനം–മധ്യം–ആധുനികം എന്നിങ്ങനെയുള്ള വിഭജന വ്യത്യാസം ഒഴിവാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

ആഫ്രിക്ക, പടിഞ്ഞാറൻ– മധ്യേഷ്യ, കിഴക്കൻ ഏഷ്യ, ആസ്ത്രേലിയ, വടക്ക് – തെക്കെ അമേരിക്ക, യുണൈറ്റഡ് കിംഗ്ഡം (United Kingdom) ഉൾപ്പെടെയുള്ള യൂറോപ്പ് എന്നിവയുടെ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം നടത്താൻ ഈ പുസ്തകം നിങ്ങളെ സഹായിച്ചിട്ടുണ്ടായിരിക്കും. 'കേസ് സ്റ്റഡി' എന്ന് വിളിക്കപ്പെടുന്ന ചരിത്രപഠന രീതി നിങ്ങൾക്ക് പരിചയപ്പെടുവാൻ കഴിഞ്ഞിട്ടുണ്ടാവും. ഈ പ്രദേശങ്ങളെക്കുറിച്ചുള്ള ചരിത്രം അതിബൃഹത്തായി വിശദീകരിച്ച് നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതിന് പകരം ചില അപൂർവ പ്രതിഭാസങ്ങൾ മാത്രം വിശദമായി ചിത്രീകരിക്കുന്നത് നന്നായിരിക്കും എന്ന് ഞങ്ങൾക്ക് തോന്നി.

ലോകചരിത്രം പല രീതിയിൽ എഴുതാൻ സാധിക്കും. ഇവയിൽ ഒന്നാമത്തേത്, ഒരു പക്ഷേ ഏറ്റവും പഴക്കം ചെന്ന രീതി, സംസ്കാരങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം ഊന്നിപ്പറയുന്നതിനും ലോകചരിത്രത്തിലെ മാറ്റങ്ങളിലെ ബഹുവിധമാനങ്ങൾ സമഗ്രമായി പഠനം നടത്തുന്നതിനുമായി ജനങ്ങൾ തമ്മിലുള്ള സമ്പർക്കത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ള രീതിയായിരുന്നു. ഇതിനൊരു ബദൽ എന്നത് താരതമ്യേന സ്വയം പര്യാപ്തമായ – എന്നാൽ വികസിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക വിനിമയം നടത്തുന്നതും, ചില രൂപത്തിലുള്ള സംസ്കാരവും അധികാരവും നിലനിൽക്കുന്നതുമായ മേഖലകൾ കണ്ടെത്തുക എന്നതാണ്. മൂന്നാമത്തെ രീതി രാജ്യങ്ങളുടെയും പ്രദേശങ്ങളുടെയും വ്യതിരിക്തമായ സവിശേഷതകൾ ഉയർത്തിക്കാട്ടാനായി അവരുടെ ചരിത്രപരമായ അനുഭവങ്ങളിലെ വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുന്നതിന് ഊന്നൽ നൽകുന്നു. ഈ ഓരോ സമീപനത്തിന്റെയും മാതൃകകൾ ഈ പുസ്തകത്തിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴി

ഞ്ഞിട്ടുണ്ടാവും. എന്നാൽ സമൂഹങ്ങൾ (വ്യക്തികളും) തമ്മിലെ വ്യത്യാസങ്ങൾ, സമാനതകളുമായി കൈകോർത്ത് നീങ്ങുന്നു. മനുഷ്യ സമൂഹങ്ങൾ തമ്മിലുള്ള കണ്ണിചേർക്കലുകളും പരസ്പരബന്ധങ്ങളും സമാനതകളും എല്ലായ്പ്പോഴും നിലനിന്നിരുന്നു. ഈ പുസ്തകത്തിൽ നിന്ന് നിങ്ങൾ ശേഖരിച്ചേക്കാവുന്ന ആഗോളവും പ്രാദേശികവും ('ലോകം ഒരു മണൽത്തരിയിൽ') 'മുഖ്യധാര'യും 'പ്രാന്തസ്ഥമായതും' പൊതുവായതും' പ്രത്യേകമായതും തമ്മിലുള്ള പരസ്പര പ്രവർത്തനം ചരിത്രപഠനത്തിന്റെ ഒരു ആകർഷകമായ വശമാണ്.

നമ്മുടെ വിവരണം ആരംഭിച്ചത് ആഫ്രിക്കയിലും ഏഷ്യയിലും യൂറോപ്പിലുമായി ചിതറിക്കിടക്കുന്ന അധിവാസ കേന്ദ്രങ്ങളിൽ നിന്നാണ്. അവിടെ നിന്ന് നമ്മൾ മെസപ്പൊട്ടേമിയയിലെ നഗരജീവിതത്തിലേക്ക് നീങ്ങി. ആദ്യകാല സാമ്രാജ്യങ്ങൾ രൂപീകരിക്കപ്പെട്ടത് മെസൊപ്പൊട്ടേമിയ, ഈജിപ്ത്, ചൈന, പേർഷ്യ, ഇന്ത്യ എന്നിവിടങ്ങളിലെ നഗരങ്ങളെ ചുറ്റിപ്പറ്റിയായിരുന്നു. ഗ്രീക്ക് (മാസിഡോണിയൻ), റോമൻ, അറബ് പിന്നെ (1200 കൾ മുതൽ) മംഗോൾ എന്നീ വിശാലമായ സാമ്രാജ്യങ്ങൾ അവരെ പിന്തുടർന്നു രൂപംകൊണ്ടു. വാണിജ്യ പ്രവർത്തനങ്ങൾ, സാങ്കേതിക വിദ്യ, ഭരണ സംവിധാനം എന്നിവ മിക്കപ്പോഴും സാമ്രാജ്യങ്ങളിൽ വളരെ സങ്കീർണമായിരുന്നു. മിക്കപ്പോഴും അവ ഒരു എഴുത്തുഭാഷയുടെ ഫലപ്രദമായ ഉപയോഗത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു.

സി.ഇ. രണ്ടാം സഹസ്രാബ്ദത്തിന്റെ മധ്യത്തിൽ (1400 കൾ മുതൽ) പടിഞ്ഞാറൻ യൂറോപ്പിൽ സംഭവിച്ച ഒരു കൂട്ടം സാങ്കേതികവും സംഘടനാപരവുമായ മാറ്റങ്ങളുടെ അനന്തരഫലമായി മാനവ ചരിത്രത്തിൽ ഒരു പുതിയ കാലഘട്ടം രൂപം കൊണ്ടു. ഇവ 'നവോത്ഥാനം' അല്ലെങ്കിൽ സംസ്കാരത്തിന്റെ 'പുനർജന്മ'വുമായി ബന്ധപ്പെട്ടിരിക്കുന്നു. വടക്കൻ ഇറ്റലിയിലെ നഗരങ്ങളിലാണ് ഇതിന്റെ ശക്തമായ സ്വാധീനത്തിന് പ്രാരംഭംകുറിച്ചത്. എന്നാൽ അവയുടെ സ്വാധീനം യൂറോപ്പിലാകെ അതിവേഗം വ്യാപിക്കുകയുണ്ടായി. ഈ നവോത്ഥാനം ആ പ്രദേശത്തിലെ നഗരജീവിതത്തിന്റെയും, ബൈസാന്റിയവുമായും മെഡിറ്ററേനിയനിലെ മുസ്ലിം ലോകവുമായുള്ള അവരുടെ വിപുലമായ ബന്ധത്തിന്റെ (വിനിമയത്തിന്റെ) യും ഉൽപ്പന്നമായിരുന്നു. കാലക്രമേണ, സി.ഇ. പതിനാറാം നൂറ്റാണ്ടിൽ ഈ ആശയങ്ങളും കണ്ടുപിടിത്തങ്ങളും പര്യവേക്ഷകരും അധിനിവേശക്കാരും അമേരിക്കൻ കരകളിലേക്ക് എത്തിച്ചു. ഈ ആശയങ്ങളിൽ ചിലത് പിൽക്കാലത്ത് ജപ്പാനിലേക്കും, ഇന്ത്യയിലേക്കും ലോകത്തിന്റെ മറ്റെല്ലായിടങ്ങളിലേക്കും എത്തിക്കപ്പെട്ടു.

ആഗോള വ്യാപാരത്തിലും രാഷ്ട്രീയത്തിലും സംസ്കാരത്തിലുമുള്ള യൂറോപ്യൻ പ്രാമുഖ്യം ഈ സമയത്ത് നിലവിൽ വന്നിരുന്നില്ല. വ്യാവസായ വിപ്ലവം ബ്രിട്ടനിൽ ആരംഭിക്കുകയും യൂറോപ്പിലേക്ക് വ്യാപിക്കുകയും ചെയ്ത പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിലാണ് ഈ സവിശേഷതയുണ്ടാകുന്നത്. ബ്രിട്ടൻ, ഫ്രാൻസ്, ജർമനി എന്നീ രാജ്യങ്ങൾക്ക് ആഫ്രിക്കയുടെയും ഏഷ്യയുടെയും ഭാഗങ്ങളെ തങ്ങളുടെ കൊളോണിയൽ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരാൻ സാധിച്ചു. മുൻകാല സാമ്രാജ്യങ്ങളെക്കാൾ കൂടുതൽ തീവ്രവും ശക്തവുമായ സമ്പ്രദായമായിരുന്നു ഇത്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഒരിക്കൽ യൂറോപ്യൻ രാജ്യങ്ങളെ ശക്തമാക്കിയ സാങ്കേതിക വിദ്യ, സാമ്പത്തിക ജീവിതം, സംസ്കാരം എന്നിവ ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ പുനപ്രവർത്തനം നടത്തുകയും അവ ആധുനിക ജീവിതത്തിന് അടിത്തറ സൃഷ്ടിക്കുകയും ചെയ്തു.

ഈ പുസ്തകത്തിലെ വിവിധ ഭാഗങ്ങളിൽ ഖണ്ഡികകൾ ഉദ്ധരിച്ചിരിക്കുന്നതായി നിങ്ങൾ ശ്രദ്ധിച്ചിരിക്കും. അവയിൽ പലതും ചരിത്രകാരന്മാർ പറയുന്ന പ്രാഥമിക സ്രോതസ്സുകളിൽ നിന്നുള്ള സത്താണ്. അത്തരം സ്രോതസ്സുക

ളിൽ നിന്നുള്ള വസ്തുതകൾ ശേഖരിച്ചുകൊണ്ടാണ് പണ്ഡിതൻമാർ ചരിത്ര നിർമ്മാണം നടത്തുന്നത്. അവർ ഈ സാമഗ്രികളെ വിമർശനാത്മകമായി വില യിരുത്തുകയും അവയിലെ അവ്യക്തമായ ഘടകങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തു കയും ചെയ്യുന്നു. വ്യത്യസ്ത ചരിത്രകാരന്മാർ ചരിത്ര സംഭവങ്ങളെക്കുറിച്ചുള്ള വളരെ വ്യത്യസ്തവും, വിരുധംപോലുമായ വാദഗതികൾ മുന്നോട്ട് വയ്ക്കാൻ ഒരേ സ്രോതസ്സിനെത്തന്നെ ഉപയോഗിച്ചേക്കാം. മറ്റ് മാനവിക ശാസ്ത്രങ്ങളെ പ്പോലെ വ്യത്യസ്തമായ ശബ്ദങ്ങളിൽ നമ്മോട് സംവദിക്കാൻ ചരിത്രത്തിന് കഴിയും. ചരിത്രകാരന്റെ യുക്തിപരമായ വിചാരങ്ങളും ചരിത്രവസ്തുതകളും തമ്മിലുള്ള സങ്കീർണമായ ബന്ധമാണ് ഇതിന് കാരണം.

സ്കൂളിൽ നിങ്ങളുടെ അവസാനവർഷം ഹാരപ്പൻ കാലഘട്ടം മുതൽ ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണം വരെയുള്ള ഇന്ത്യൻ (അല്ലെങ്കിൽ ദക്ഷി ണേഷ്യൻ) ചരിത്രത്തിന്റെ ഭാഗങ്ങൾ നിങ്ങൾ പഠിക്കുന്നതായിരിക്കും. അവിടെയും, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക ചരിത്രത്തിന്റെ നീതിയു ക്തമായ മിശ്രണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള 'കേസ് സ്റ്റഡി' രീതി ഉപ യോഗിച്ച്കൊണ്ട് തിരഞ്ഞെടുക്കപ്പെട്ട പ്രതിപാദ്യവിഷയങ്ങളുമായി ഇടപഴകാൻ നിങ്ങളെ ക്ഷണിക്കുന്നു. നിരവധി ചോദ്യങ്ങൾക്ക് സ്വയം ഉത്തരങ്ങൾ കണ്ടെ ത്താൻ, എല്ലാറ്റിനുമുപരിയായി 'എന്തിന് ചരിത്രം പഠിക്കണം?' എന്ന ചോദ്യ ത്തിന് ഉത്തരം കണ്ടെത്താൻ ഈ പുസ്തകങ്ങൾ നിങ്ങളെ സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങൾക്കറിയാമോ, അനുഗ്രഹീത ചരിത്രകാരനായ മാർക് ബ്ലോക്ക് (March Bloch, രണ്ടാം ലോകമഹായുദ്ധകാലത്ത് കിടങ്ങി നുള്ളിൽ വച്ച് എഴുതിയ *ദി ഹിസ്റ്റോറിയൻസ് ക്രാഫ്റ്റ്* (*The Historian's Craft*) എന്ന പുസ്തകം തുടങ്ങുന്നത് ഒരു കൊച്ചു കുട്ടിയുടെ ചോദ്യം അനുസ്മരിച്ചുകൊണ്ടാണ്, 'പറയൂ ഡാഡീ, ചരിത്രത്തിന്റെ ഉപയോഗം എന്താണ്?'

## വായനയ്ക്കായി നിർദേശിക്കപ്പെട്ടവ


പ്രമേയം ഒന്ന്

- Conroy, Glenn C. 1997. *Reconstructing Human Origin: A Modern Synthesis*. Norton. New York.
- Howells, W. W. 1993. *Getting Here: The Story of Human Evolution*. Compass Press. Washington, DC.
- Lewin, Roger, 1992. *Human Evolution: An Illustrated Introduction*. Freeman. New York.
- Wolpoff, Milford. 1996. *Human Evolution*. McGraw-Hill. New York.

പ്രമേയം രണ്ട്

- Postgate, J.N. 1994. *Early Mesopotamia: Society and Economy at the Dawn of History*. Routledge. London.
- Mieroop, Marc van de. 1999.*The Ancient Mesopotamian City*. Oxford University Press. London.
- *Scientific American* Vol. 5. No. 1 1994 (New York). Special issue on Ancient Cities.
- Pollock, Susan. 1999. *Ancient Mesopotamia*, Cambridge University Press. Cambridge.

പ്രമേയം മൂന്ന്

- Millar, Fergus. 1981. *The Roman Empire and Its Neighbours*, London. Duckworth.
- Colin, M. Wells. 1995. *The Roman Empire,* Harvard: University Press. Harvard.
- Wacher, John S. 1987. *The Roman Empire.* London.
- Brown, Peter. 1997. *The World of Late Antiquity A.D. 150-750.* Thames and Hudson. London.

പ്രമേയം നാല്

- Kennedy, Hugh. 2004. *The Prophet and the Age of the Caliphates*. Pearson. Longman. England.
- Tyerman, Christopher. 2004. *The Crusades: A Very Short Introduction,* Oxford University Press. Oxford.
- Lapidus, Ira. 2002. *A History of Islamic Societies*. Cambridge University Press. Cambridge.
- Robinson, Francis. (ed) 1996. *The Cambridge Illustrated History of the Islamic World,* Cambridge University Press, Cambridge.

പ്രമേയം അഞ്ച്

- Arthur, Waley. 1963. *The Secret History of the Mongols and Other Pieces.* Barnes and Noble. New York.
- Latham, R.E. (trans.). 1958. *The Travels of Marco Polo,* Penguin Classics. London.
- Boyle, J.A. (trans.). 1958. *Juvaini's History of the World Conqueror.* Vol. 1, pp. 23-34. Manchester University Press. Manchester.
- Weatherford, Jack. 2004. *Genghis Khan and the Making of the Modern World.* Three Rivers Press. New York.

പ്രമേയം ആറ്

- Frankforter, Daniel A. 2003. *The Medieval Millennium: An Introduction.* Prentice Hall.
- Duby, Georges. *Rural Economy and Country Life in the Medieval West.* Philadelphia. 1998.
- Postan, M.M. 1975. *The Medieval Economy and Society.* Penguin.
- Cipolla, Carlo M. 1973. *The Fontana Economic History of Europe.* Vol.1: *The Middle Ages.*

പ്രമേയം ഏഴ്

- Burke, Peter. 1987. *The Renaissance.* Macmillan. London.
- Johnson, Paul. 2001. *The Renaissance*, London
- Plumb, John. 2000. *The Penguin Book of the Renaissance.* London and New York.
- Nauert, C.G. Jr. 1995. *Humanism and the Culture of Renaissance Europe,* Cambridge
- Henry, J. 1997. *The Scientific Revolution and the Origins of Modern Science*, New York.

പ്രമേയം എട്ട്

- Parry, J.H. 1974. *The Discovery of the Sea.*
- *The Cambridge History of Latin America* Vol. I. 1997.
- Rouse, Irving. *The Tainos.*
- Prescott, William Hickling. *History of the Conquest of Peru.*

പ്രമേയം ഒൻപത്

- Hobsbawm, E. J. *Industry and Empire. Volume 3: From 1750 to the Present.* Penguin Books. Harmondsworth.
- -do- *Age of Revolution.*
- Daunton, M.J. 1995. *Progress and Poverty: An Economic and Social History of Britain 1700-1850.* Oxford University Press. Oxford.
- Hudson, Pat.1992. *The Industrial Revolution.* Edward Arnold. London

പ്രമേയം പത്ത്

- Trigger, Bruce G. and Wilcomb E.Washburn (eds). 1996. *The Cambridge History of the Native Peoples of the Americas* Vol. 1. North America (in two parts). Cambridge University Press. Cambridge.
- Attwood, Bain. 2005. *Telling the Truth about Aboriginal History.* Allen and Unwin. Australia.
- Reynolds, Henry. 1999. *Why Weren't we told?* Penguin. Australia.

പ്രമേയം പതിനൊന്ന്

- McClain, James L. 2002. *A Modern History of Japan*, New York: W.W.Norton & Co.),
- Daikichi, Irokawa. 1995. *The Age of Hirohito: In Search of Modern Japan.* Trans Mikiso Hane and John K. Urda. Free Press. New York.
- Hsu, Immanuel. 1983. *The Rise of Modern China.* Oxford University Press. London
- Spence, Jonathan. 1990. *In Search of Modern China.* Hutchinson. London.

# NOTES

# NOTES